# ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ

(ലേഖനങ്ങൾ)

ഇ. ഹരികുമാർ



# ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ

(ലേഖനങ്ങൾ)

ഇ. ഹരികുമാർ

അച്ഛനെക്കുറിച്ചുള്ള ഓർമ്മകൾ
എന്റെ സാഹിത്യം
കല, സംസ്കാരം, ശാസ്ത്രം

# ഇ. ഹരികുമാർ

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 16 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966-1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ, ഉമ്മുക്കുൽസൂന്റെ വീട്.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി + അവൾ പറഞ്ഞു, ഇരുളും വരെ കാക്കൂ, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും, ഇ. ഹരികുമാറിന്റെ ലേഖനങ്ങൾ (സമ്പൂർണ്ണ സമാഹാരം)

**നാടകം, തിരക്കഥകൾ:**

ഇ. ഹരികുമാറിന്റെ നാടകവും തിരക്കഥകളും

**വിലാസം:** 5-ബി, അവന്യൂ ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യൂ റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 6282437044

**ഇ-മെയിൽ:** e.harikumar.novelist@gmail.com
**website:** www.e-harikumar.com

# ഉള്ളടക്കം

**അച്ഛനെക്കുറിച്ചുള്ള ഓർമ്മകൾ**

1. ഇടശ്ശേരിയുടെ പൂതപ്പാട്ട് വീണ്ടും 8
2. എന്റെ മാത്രം അച്ഛൻ 14
3. അച്ഛൻ 20
4. ഞങ്ങളുടെ അച്ഛൻ 23
5. അച്ഛന്റെ ഓർമ്മയിൽ 30
6. ഒരു മകന്റെ ഓർമ്മകൾ 36
7. ഉമിത്തീയിൽ കിടന്ന മനുഷ്യൻ 40
8. ഇടശ്ശേരി ഞങ്ങളുടെ അച്ഛൻ 44
9, അച്ഛൻ, സ്വപ്നം, സമയം 53
10. അച്ഛന്റെ 'പണിപ്പുര'യെപ്പറ്റി 55
11. അക്കിത്തം, ഇടശ്ശേരിയിലൂടെ 57
12. ഇടശ്ശേരി, കുടുംബത്തിൽ 64

**എന്റെ സാഹിത്യം 71**

1. ഞാനും എന്റെ കഥയും **72**
2. എന്റെ കഥയെക്കുറിച്ച് 77
3. എന്റെ പ്രവാസജീവിതവും സാഹിത്യവും 80
4. കഥാപീഠം പുരസ്കാരം 89
5. ഒരു തേങ്ങലോടെ മാത്രം 91
6. ഒരു ദിവസത്തിന്റെ അന്ത്യം 93
7. എനിക്കു കള്ളിച്ചെടി ഇഷ്ടമല്ല 98
8. നന്ദി (തിരഞ്ഞെടുത്ത കഥകൾ - ആമുഖം) 104
9. അവൾ ഇന്നും എന്റെ കണ്ണുകൾ ഈറനാക്കുന്നു 106
10. കഥയുടെ പൈതൃകം 109
11. ഒരെഴുത്തുകാരന്റെ സൃഷ്ടി തിരുത്തപ്പെടാമോ? 116
12. വാക്കും വരയും (ആർട്ടിസ്റ്റ് നമ്പൂതിരിയോടൊപ്പം) 121
13. സമകാലിക മലയാള ചെറുകഥ 127
14. വായനക്കാർക്ക് ഒരു സമ്മാനം 134
15. ഉമ്മുക്കുൽസൂന്റെ വീടിനെപ്പറ്റി 139
16. എന്റെ വേരുകൾ 145
17. സാഹിത്യത്തിൽ എറ്റവുമധികം സന്തോഷം..... 147
18. അമ്മ വായിച്ചിട്ടില്ലാത്ത രണ്ടു കഥകൾ 151
19. ഈ കഥ ഉൽപ്രേക്ഷയിൽ പെടില്ല 153
20. എന്റെ ആദ്യകഥകൾ 157
21. എന്റെ ആദ്യകഥകളിൽ ചിത്ര-ശില്പ കലയുടെ സ്വാധീനം 159
22. അറിയാത്തലങ്ങളിലേക്ക് ഒരു കവാടം 164
23. നഗരവാസിയായ ഒരു കുട്ടി - കഥാസമാഹാരത്തിന് ആമുഖം 166

24. സുൽത്താന്റെ മകൾ എന്ന കഥയെപ്പറ്റി 169
25. വെള്ളിത്തിരയിലെന്നപോലെ - കഥാസമാഹാരത്തിന് ആമുഖം 172
26. ഒരു കഥ എങ്ങിനെ ജനിക്കുന്നു 174
27. മാതൃഭൂമി നിരസിച്ച കഥ 177
28. ആസക്തിയുടെ അഗ്നിനാളങ്ങൾ - ഒരു വായനക്കാരി പറഞ്ഞത് 179
29 കൊച്ചമ്പ്രാട്ടി എന്ന നോവലിന്റെ ആമുഖം 183

**കല, സംസ്കാരം** **186**
1. ഇഷ്ടപ്പെടാത്ത അതിഥികൾ 187
2. മരണത്തിന് ആദരാഞ്ജലി 201
3. മുന്നൂറു തികയുന്ന കൽക്കത്ത 204
4. പങ്കെടുക്കാൻ പറ്റാതിരുന്ന വിവാഹം 211
5. ജന്മാന്തരങ്ങൾക്കപ്പുറത്തുനിന്ന് ഒരു വിളി 213
6. ഗുരുപൂജ 215
7. തൃശ്ശൂരിലേക്കു വീണ്ടും 218
8. ഇളംതെന്നൽപോലെ ഈ ജീവിതബന്ധം 222
9. സി.വി. ശ്രീരാമനെപ്പറ്റി 226
10. മനസ്സിൽ ഇന്നും ആ ചെറുപ്പക്കാരൻ 228
11. കാണുമ്പോഴെല്ലാം അപരിചിതർ (എം.ടി.യെപ്പറ്റി) 230
12. ഇത്തിരി നന്ദി പ്രവാസികളോടുമാവാം 233
13. തൂക്കിയിട്ട തിരശ്ശീലക്കിരുവശത്തും (എം. മുകുന്ദനെപ്പറ്റി) 238
14. പൊന്നാനിയിൽ ഒരു സാസ്കാരിക നവോത്ഥാനം 244
15. സുന്ദരികൾ മാത്രമല്ല, ശക്തരും 247
16. സംഭവാമി യുഗെ, യുഗേ........ 253
17. പ്രപഞ്ചത്തെപ്പറ്റി അല്പം വിചാരം 262
18. അല്പം ചൂടും കുറേ പുകയും 266
19. ശീ ബാലകൃഷ്ണമാരാരുടെ കണ്ണീരിന്റെ മാധുര്യം 272
20. ഭൂമിയുടെ മറുഭാഗത്തുനിന്ന് മലയാളിത്തമുള്ള 222
21. കാലം മായ്ച്ചിട്ടില്ലാത്ത കാൽപ്പാടുകൾ 279
22. ഗാന്ധിജി, മൂന്നു തലമുറകളിൽ 281
23. എന്റെ കാവ്യാസ്വാദനം 286
24. മലയാള സാഹിത്യവും നവമാധ്യമങ്ങളും 293
25. ഒരസാധാരണ നോവൽ (ഗോമന്തകം നോവൽ അവതാരിക) 298
26. സ്വാമിജിയുടെ അനുഗ്രഹം ലഭിച്ച നിമിഷം 300
27. എന്റെ വായനയുടെ തുടക്കവും (ഒടുക്കവും?) 302
28. അവിചാരിതം - റീനി മമ്പലത്തിന്റെ കഥാസമാഹാരം - അവതാരിക 307
29. എല്ലാം തിരിച്ചുതന്ന നഗരം 309

# 1

# അച്ഛനെക്കുറിച്ചുള്ള ഓർമ്മകൾ

# ഇടശ്ശേരിയുടെ പൂതപ്പാട്ട് വീണ്ടും

ഓർമ്മ വെച്ച നാൾ തൊട്ട് വീട്ടിലെ അന്തരീക്ഷം കവിതാമയമായിരുന്നു. ബീഡിയും പുകച്ച് മേശവിളക്കിന്റെ വെളിച്ചത്തിൽ അച്ഛൻ രാത്രി വളരെ വൈകുവോളം കവിതകൾ എഴുതാറുണ്ട്. രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ ഞങ്ങൾ കാണുക അച്ഛന്റെ മുറി നിറയെ ബീഡിക്കുറ്റികളും ചെറുതായി കീറിയിട്ട കടലാസ്സുകഷണങ്ങളുമായിരുന്നു. മേശമേൽ നിറയെ എഴുതിയ കടലാസ്സുകൾ ചിതറികിടന്നിരുന്നു. അച്ഛന്റെ കവിതകൾ, അമ്മ ഒരീണത്തോടെ മനോഹരമായി പാടാറുണ്ട്.

'ആരേ പോയ പുകിൽക്കിപ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടൂ?

അച്ഛൻ കവിത എഴുതിക്കഴിഞ്ഞാൽ അത് വായിച്ചു കേൾപ്പിക്കേണ്ടത് അമ്മയുടെ ചുമതലയായിരുന്നു. അതവർ വളരെ ഭംഗിയായി ചെയ്തു. അതു കേട്ട് ഞങ്ങൾ കുട്ടികളും പാടാറുണ്ട്. താഴെയുള്ള അനുജന്മാർ ചുക്കു മണിയും കാണിച്ച് നടക്കുമ്പോൾ പാടാറുണ്ട്-

പൊന്നുണ്ണി, പൂങ്കരളെ
പോന്നണയും പൊൻകതിരേ

അച്ഛന്റെ കവിതകളിൽ മിക്കവയുടെയും താളം ഞങ്ങളുടെ മനസ്സിൽ പതിഞ്ഞിരുന്നു. പലതും മനപ്പാഠമായിരുന്നു.

പൂതപ്പാട്ട് സംഗീതാവിഷ്ക്കരണം ചെയ്ത് കാസറ്റിലാക്കാനുള്ള ശ്രമത്തിൽ ആദ്യം വിലങ്ങുതടിയായി നിന്നതും ഈ മുൻവിധിയായിരുന്നു. ഞങ്ങൾക്കു പരിചയമില്ലാത്ത ഒരീണത്തിൽ അച്ഛന്റെ കവിതകൾ പാടുന്നത് കേൾക്കാൻ ഞങ്ങളുടെ മനസ്സ് വിസമ്മതിച്ചു. അത് ആരഭിയായാലും അമിർ കല്യാണിയാ യാലും. പല ഇടശ്ശേരിക്കവിതകളുടെയും സംഗീതാവിഷ്ക്കാരം ഞാൻ കേട്ടിട്ടുണ്ട്. അതെല്ലാംതന്നെ നിരാശാവഹമായിരുന്നു. പലതും അച്ഛനുതന്നെ ഇഷ്ടമാകാറില്ല. കവിതയുടെ ആത്മാവ് സംഗീതത്തിന്റെ വളക്കാൻ പ്രയാസ മായ പേശികളിൽത്തട്ടി നശിച്ചുപോയി. ഇതിനൊരപവാദം ശ്രീമതി ലീലാ ഓംചേരി മാത്രമായിരുന്നു.

അവർ ചെയ്ത സംഗീതാവിഷ്ക്കാരം കവിതയുടെ ആത്മാവിനെ ഉൾക്കൊണ്ടു കവിതയെ ആസ്വാദനത്തിന്റെ ഉയർന്ന തലങ്ങളിലേക്കെത്തിച്ചു. 'കാവിലെപാട്ട്' എന്ന കവിത ശ്രീമതി ലീലാ ഓംചേരി സംഗീതാവിഷ്കരണം ചെയ്തത് അച്ഛന് വളരെ ഇഷ്ടപ്പെട്ടതായിരുന്നു. പതിനഞ്ചുകൊല്ലം മുമ്പ് കേട്ട ആ ഗാനമാധുരിയെപ്പറ്റി അമ്മ ഇന്നും ഓർമ്മിക്കുന്നുണ്ട്.

ആദ്യത്തെ പ്രശ്നം, സംഗീതാവിഷ്ക്കാരം ആരെക്കൊണ്ട് ചെയ്യിക്കാ മെന്നതായിരുന്നു. പൂതപ്പാട്ടാണ് ആദ്യത്തെ സംരംഭമായി തിരഞ്ഞെടുത്തത്. പല കാരണങ്ങളുമുണ്ട്. ഇടശ്ശേരിക്കവിതകളിൽ ഏറ്റവുമധികം സംഗീതാംശ മുള്ളതും, സംഗീതാവിഷ്ക്കാരത്തിന് വളരെയധികം സാദ്ധ്യതകളുള്ളതു മാണ് പൂതപ്പാട്ട്. അതുകൊണ്ടുതന്നെ പൂതപ്പാട്ട് പല സ്റ്റേജുകളിലും വിവിധ

രൂപത്തിൽ അവതരിക്കപ്പെട്ടു. പലരും കവിത സംഗീതം കൊടുത്തു ചൊല്ലി. ചിലർ അത് ബാലെ രൂപത്തിലും ചിലർ നിഴൽ നാടകമായും അവതരിപ്പിച്ചു. പൂതപ്പാട്ടിൽ സംഗീതമുണ്ട്, നാടകമുണ്ട്. ഉദ്വേഗം വളർത്തുന്ന സസ്പെൻസുണ്ട്. ഇതെല്ലാം കാരണം ഈ കവിത മുതിർന്നവർക്കെന്നല്ല, കൊച്ചു കുട്ടികൾക്കുകൂടി പ്രിയംകരമായി. അങ്ങിനെയാണ് ആദ്യസംരഭമായി പൂതപ്പാട്ടു തന്നെ തിരഞ്ഞെടുത്തത്.

ആരെക്കൊണ്ടു ചെയ്യിക്കും എന്ന ചോദ്യം ഞാൻ അനുജൻ ഡോ. ദിവാകരനോടു ചോദിച്ചു. കേരളത്തിലെ കലാസാംസ്കാരികരംഗം വളരെ അടുത്തു നിന്നു നിരീക്ഷിക്കുന്ന ഒരാളാണ് ഡോക്ടർ. സാംസ്കാരിക രംഗത്ത് ഞാൻ വളരെ പിന്നിലാണ്. അതുകൊണ്ടുതന്നെ സാംസ്കാരിക രംഗത്തെ ഹുയിസ്ഹു എനിക്കപരിചിതവുമായിരുന്നു. ദിവാകരന്റെ മറുപടി പെട്ടെന്നായിരുന്നു.

'നമുക്ക് ഡോ. രമേശിന്റെ അടുത്തു പോകാം അദ്ദേഹം ചെയ്യുമെങ്കിൽ അതായിരിക്കും ഏറ്റവും നല്ലത്.

പിന്നെയാണ് ഞാനോർത്തത്. ഞാൻ ഒരു പത്തു പ്രശ്നങ്ങളുമായി ദിവാകരനെ സമീപിച്ചാൽ അതിൽ എട്ടെണ്ണത്തിനും അയാളുടെ പ്രതിവിധി ഡോ. രമേശ് എന്നായിരിക്കും.

ഡോ. എസ്. പി. രമേശ് ഒരത്ഭുതമനുഷ്യനാണ്. ഒരു മികച്ച സൈക്ക്യാട്രിസ്റ്റ് എന്നതിനു പുറമേ സംഗീത, സാഹിത്യ കലാരംഗങ്ങളിലും മറ്റനേകം സാം സ്കാരിക മേഖലകളിലും അദ്ദേഹം മിഴിവും അസാധാരണവ്യക്തിത്വവും വെച്ചു പുലർത്തി. സൃഷ്ടിക്കുമ്പോൾ ദൈവം ഏറ്റവും പുതിയ ജനറേഷൻ കംപ്യൂട്ടറാണ് അദ്ദേഹത്തിന്റെ തലയിൽ ഫിറ്റു ചെയ്തിട്ടുള്ളത്. അസാമാന്യ ഓർമ്മ ശക്തി, ആരേയും അനുകരിച്ചഭിനയിക്കാനുള്ള കഴിവ്, ഒറ്റനോട്ടത്തിൽ എന്തിനേയും ഉൾക്കൊള്ളാനുള്ള കഴിവ്, എല്ലാറ്റിനും പുറമെ അതുല്യമായ സർഗ്ഗപ്രതിഭ, ഇതെല്ലാം ഡോ. രമേശിനെ തികച്ചും ഒരത്ഭുതമനുഷ്യനാക്കിയിരിക്കുന്നു. അദ്ദേഹം സംഗീതം പഠിച്ചിട്ടില്ല, പക്ഷെ സ്വന്തമായി സംഗീതം ആവിഷ്ക്കരിക്കാൻ കഴിയും. വളരെ നന്നായി പാടുവാൻ കഴിയും, മധുര ഗംഭീരമായ ഒരു ശബ്ദത്തിന്റെ ഉടമ കൂടിയാണ് ഡോ. രമേശ്. ചെമ്പൈതൊട്ട് ബഡെ ഗുലാമലിഖാൻ വരെയുള്ളവരുടെ ശൈലി അദ്ദേഹത്തിനറിയാം. ഓരോരുത്തരെയും അനുകരിച്ച് അവരുടെ ശബ്ദത്തിൽ പാടാനും കഴിയും ശ്രീ എം. ഗോവിന്ദന്റെ നോക്കുകുത്തി എന്ന സിനിമയ്ക്ക് സംഗീതം പകർന്നത് ഇദ്ദേഹമാണ്. എം. ഗോവിന്ദനെപ്പോലുള്ള ഒരു കണിശക്കാരനെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞുവെങ്കിൽ അതൊരു വലിയ നേട്ടമാണ്. അധികമാർക്കും അതവ കാശപ്പെടാൻ പറ്റില്ല.

പ്രശ്നം അദ്ദേഹത്തിന് കഴിയുമോ എന്നതായിരുന്നില്ല, ചെയ്യുമോ എന്നതായിരുന്നു.

ഞാനും ദിവാകരനും കൂടി ഡോക്ടർ രമേശിനെ പോയി കണ്ടു, പ്രശ്നം അവതരിപ്പിച്ചു. ലോകത്തിലുള്ള മറ്റേതു വിഷയങ്ങളെപ്പറ്റിയുമെന്നപോലെ പൂതപ്പാട്ടിനെപ്പറ്റിയും ഡോക്ടർക്കു പറയാനുണ്ട്. പൂതപ്പാട്ട് മനഃപ്പാഠമാണെന്നതിനുപുറമേ, ഈ കവിത ആരെല്ലാം എങ്ങിനെയൊക്കെ സ്റ്റേജിൽ ചൊല്ലിയെന്നതും അദ്ദേഹം അനുകരിച്ചു കാട്ടി. ഞാൻ പൂതപ്പാട്ട് സ്റ്റേജിൽ അവതരിപ്പിച്ചതും പാടിയതും കേട്ടിട്ടുണ്ടായിരുന്നില്ല. ഇരുപതു കൊല്ലത്തോളം കേരള

ത്തിനുപുറത്ത് താമസിച്ചതുകൊണ്ടുണ്ടായ പല നഷ്ടങ്ങളിലൊന്ന്.

രണ്ടു മണിക്കൂർ നേരത്തെ സംഭാഷണത്തിനിടയിൽ ഡോക്ടർക്ക് ഞങ്ങളുടെ മുൻവിധിയും ഭയങ്ങളും മനസ്സിലായി. അദ്ദേഹം പറഞ്ഞു.

ഞാൻ ഒരാളെ പറഞ്ഞുതരാം. കൊല്ലം വരെ ഒന്നു പോകാമോ?

അങ്ങിനെയാണ് ശ്രീ. വി. കെ. ശശിധരനെ പരിചയപ്പെടുന്നത്. ഫോണിൽ അറിയിച്ചിരുന്നതു കൊണ്ട് അദ്ദേഹം എന്നെയും ഡോ.രമേശിനേയും പ്രതീക്ഷിച്ചിരുന്നു.

സ്നേഹമുള്ള പെരുമാറ്റം നമ്മെ പെട്ടെന്ന് അദ്ദേഹത്തോടടുപ്പിക്കുന്നു.

ദേശാഭിമാനി തീയറ്റേഴ്സിനുവേണ്ടി സംഗീതസംവിധായകനായിട്ടുണ്ട് ശ്രീ. ശശിധരൻ. അടൂർ ഗോപാലകൃഷ്ണന്റെ ആദ്യകാല സിനിമകളിലൊന്നായ 'കാമുകി'യ്ക്ക് സംഗീതം പകർന്നതും ഇദ്ദേഹം ആയിരുന്നു. അദ്ദേഹം കൊല്ലം എസ്. എൻ. പോളിടെക്നിക്കിൽ പഠിപ്പിക്കുന്നു. ഒപ്പം തന്നെ കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. നിസ്സ്വാർത്ഥമായ ഈ പൊതുജനസേവനങ്ങൾക്കിടയിൽ ശശിക്കു സമയമുണ്ടാകുമോ എന്ന കാര്യവും സംശയമായിരുന്നു.

ഞങ്ങൾക്കു പറയാനുള്ളതു മുഴുവൻ കേട്ടശേഷം അദ്ദേഹം പറഞ്ഞു.

എനിയ്ക്കു കഴിയുമോ എന്നറിയില്ല. നോക്കട്ടെ. കഴിയുമെങ്കിലും ഇല്ലെങ്കിലും ഞാൻ അറിയിക്കാം.

ശശിയുടെ ഭാര്യ ബേബി (അവർ കോളേജിൽ ലക്ചററാണ്) നല്ല ഭക്ഷണം ഒരുക്കിയിരുന്നു. ഊണുകഴിഞ്ഞ് സ്റ്റേഷനിലേക്ക് തിരിക്കുമ്പോൾ ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു. ശശിധരൻ മാഷ്ക്ക് ഇതു ചെയ്യാൻ കഴിയും. പക്ഷെ അദ്ദേഹം ചെയ്യുമോ, അതിനുള്ള സമയമുണ്ടാകുമോ എന്നതിൽ ഭയമുണ്ടായിരുന്നു.

ഒരു മാസം കാത്തിരുന്നു. ഒടുവിൽ ഡോക്ടർ രമേശിന്റെ ഫോൺ വന്നു. ശശിക്ക് ചെയ്യാൻ പറ്റില്ലെന്നാണ് പറയുന്നത്.

ശശിക്ക് പല പ്രശ്നങ്ങളുമുണ്ടായിരുന്നു. ഒന്നാമതായി ശാസ്ത്രസാഹിത്യ പരിഷത്ത് അദ്ദേഹത്തിന്റെ ഒഴിവുസമയങ്ങൾ മുഴുവൻ അപഹരിച്ചിരുന്നു. പിന്നെ പറവൂർകാരൻ ശശിക്ക് പൊന്നാനി താലൂക്കിൽ മാത്രം ഒതുങ്ങിക്കഴിയുന്ന ഒരു പാവം പൂതത്തെപ്പറ്റി ഒന്നുമറിഞ്ഞുകൂടാ. പൊന്നാനിക്കാർക്കു തന്നെ പൂതത്തിൻെറ ഉത്ഭവത്തെപ്പറ്റി ഒന്നുമറിഞ്ഞു കൂടാ. ഒരു കഥയും അതിനെ ചുറ്റി പ്രചരിച്ചിരുന്നില്ല. ഇടശ്ശേരി ചെയ്തതാകട്ടെ അധികം അറിയപ്പെടാതിരുന്ന ഒരു നാടൻകലയുടെ പ്രധാന നടിയായ പൂതത്തെ ചുറ്റി ഒരു മിത്ത് നെയ്തെടുത്ത് അതിന് ഒരു അസ്തിത്വമുണ്ടാക്കുകയായിരുന്നു. തെക്കൻമാർക്ക് ഈ പൂതത്തെപ്പറ്റി ഒന്നുമറിയില്ല. അവർക്ക് ഭൂതമേയുള്ളു. ഞാൻ കളിയായി ഡോ.രമേശിനോട് പറഞ്ഞു. നിങ്ങൾ തെക്കൻമാർ സാംസ്കാരികമായി ഞങ്ങളേക്കാൾ ഒരു പടി താഴെയാണ് നിൽക്കുന്നത്.

കോട്ടയത്തുകാരനായ ഡോക്ടർ ചൊടിക്കുമെന്നാണ് ഞാൻ കരുതിയത്. അദ്ദേഹം ചിരിച്ചു കൊണ്ടു പറഞ്ഞു.

ശരിയാണത്. ഞാൻ ഈ വിഷയത്തെപ്പറ്റി ഒരു ലേഖനം തന്നെ എഴുതിയിട്ടുണ്ട്. നിങ്ങളുടെ നാട്ടിലെ തെയ്യവും, പൂതം കളിയും ഒന്നും ഞങ്ങൾക്കറിയാൻ മേല.

അപ്പോൾ അതാണ് പ്രശ്നം. ഈ പൂതം കളിയെന്നാലെന്താണെന്ന് ശശിക്കറിയില്ല. അതിന്റെ അകമ്പടി വാദ്യം കേട്ടിട്ടില്ല, ചമയങ്ങൾ അറിയില്ല. പൂതപ്പാട്ട് സംഗീതാവിഷ്ക്കാരത്തിന് അതു വളരെ പ്രധാനമാണ്. ഡോ. രമേശ് പക്ഷെ പൂതംകളി കണ്ടിട്ടുണ്ട്, അതിന്റെ വാദ്യവിശേഷങ്ങൾ കേട്ടിട്ടുണ്ട്. എം. ഗോവിന്ദന്റെ 'നോക്കുകുത്തി'ക്ക് സംഗീതം കൊടുക്കുന്നതിനിടയിൽ അദ്ദേഹം ഇതെല്ലാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. പൂതത്തിന്റെ 'മിടിക്കും കരളിൻ താള ക്കുത്തിനു' കൊടുത്ത തുടിയും 'തേങ്ങലിനൊത്ത കുഴൽവിളി'യും അദ്ദേഹം വായ കൊണ്ടുണ്ടാക്കി കാണിച്ചുതന്നു.

ശശിയെ ഞാൻ ഒന്നുകൂടി നിർബ്ബന്ധിക്കട്ടെ. ഡോക്ടർ പറഞ്ഞു.

ഓരോ പ്രാവശ്യവും ശശി പറഞ്ഞു. എനിയ്ക്ക് പറ്റുമെന്നു തോന്നുന്നില്ല. പക്ഷെ ഡോക്ടർ അത്ര എളുപ്പം വിട്ടുകൊടുക്കുന്ന പ്രകൃതക്കാരനായിരുന്നില്ല. വീണ്ടും വീണ്ടും നിർബ്ബന്ധിച്ചു. മാത്രമല്ല, അവർ തമ്മിലുള്ള സ്നേഹബന്ധം കാരണം പറ്റില്ലെന്നു തറപ്പിച്ചു പറയാനും ശശിക്ക് വിഷമമായിരുന്നു. അവ സാനം ഒരു ദിവസം ഡോക്ടറുടെ ഫോൺ വന്നു.

ശശി സമ്മതിച്ചിരിക്കുന്നു. അടുത്ത ആഴ്ച ശശി തൃശൂരിൽ വരുന്നുണ്ട്. ഹരിക്കു വരാൻ പറ്റുമോ? അപ്പോൾ ഒരു ഏകദേശരൂപം കിട്ടും.

തൃശൂരിൽ ഞങ്ങളുടെ വീട്ടിൽ ഭാര്യയുടെയും മകളുടെയും ഒപ്പം ശശി വന്നു. ഒരു ഖദർ ജൂബ്ബയും പാന്റ്സും വേഷം. തോളിൽ തൂങ്ങുന്ന തുണിസഞ്ചി. ഒപ്പം ഡോ: രമേശുമുണ്ടായിരുന്നു.

ചായ കുടിച്ചശേഷം ശശി 'പൂതപ്പാട്ട്' പുസ്തകം തുറന്നു. ഞങ്ങൾ ശശി യുടെ മുമ്പിലിരുന്നു. അമ്മ, ഞാൻ, അനുജത്തി, ഗിരിജ, അനുജന്മാർ ഡോ. ദിവാകരൻ, അശോകൻ. അഞ്ചുജോടി കണ്ണുകൾ ശശിയെ ശത്രുതയോടെ നോക്കി ഇതാ ഒരാൾ അച്ഛന്റെ കവിത തൊട്ടുകളിക്കാൻ വന്നിരിക്കുന്നു! അങ്ങിനെ 'സംഗീത വിരോധികൾ' ആക്രമണത്തിനു തയ്യാറായിരിക്കെ ശശി പാടിത്തുടങ്ങി.

കേട്ടിട്ടില്ലെ തുടികൊട്ടും കലർ-
ന്നോട്ടു ചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ വരവമ്പിളി പൂങ്കല
മെയ്യിലണിഞ്ഞ കരിമ്പൂതം.

പൂതത്തെപ്പറ്റിയുള്ള വിവരണം തുടർന്നു. എവിടെ നിന്നാണീ പൂതം വരുന്നത്?

പറയന്റെ കുന്നിന്റെയങ്ങെച്ചെരിവിലെ -
പ്പാറക്കെട്ടിന്നടിയിൽ
കിളിവാതിലിൽക്കൂടിത്തുറുകണ്ണും പായിച്ചു
പകലൊക്കെപ്പാർക്കുന്നു പൂതം

ശശിയുടെ സ്വരത്തിൽ ഉദ്വേഗമുണ്ട്, അപകടസൂചനയുണ്ട്. അത് നമുക്ക് എന്തെന്നില്ലാത്തൊരു ഉദ്വേഗം സൃഷ്ടിക്കുന്നു.

മകനെ തിരഞ്ഞുകൊണ്ട് നങ്ങേലിയുടെ യാത്ര. പിന്നെ പൂതവുമായുള്ള ഏറ്റുമുട്ടൽ. പൂതം പല അടവുകളും എടുക്കുന്നു. ആദ്യം പേടിപ്പിച്ചോടിക്കാൻ നോക്കി. അമ്മ പേടിക്കാതെ നിന്നു.

കാറ്റിൻ ചുഴലിയായ് ചെന്നു പൂതം
കുറ്റി കണക്കങ്ങു നിന്നാളമ്മ

കാട്ടുതീയായിട്ടും ചെന്നു പൂതം
കണ്ണീരാലൊക്കെ കെടുത്താളമ്മ
നരിയായും പുലിയായും ചെന്നു പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ.

ഇതുകൊണ്ടൊന്നും വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ പൂതം മറ്റൊരടവെടുത്തു. പൊന്നും മണികളും കിഴികെട്ടി തന്നീടാം പുന്നാരമോനെ ഞാനെടുക്കട്ടെ എന്നു ചോദിച്ചു. അതിനു മറുപടിയായി അമ്മ ചെയ്തത് സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്ത് പൂതത്തിന് കൊടുക്കുകയാണ്. ഇതിലും വലിയതാണ് എന്റെ പൊന്നോമന, അതിനെ തരിക. ഇതെല്ലാം ശശി പാടുമ്പോൾ നമ്മുടെ കണ്ണുകൾ ഈറനാവുന്നു.

കണ്ണില്ലാതായപ്പോൾ തെച്ചിക്കോലു പറിച്ച് മന്ത്രം ജപിച്ച് വേറൊരു ഉണ്ണിയെ ഉണ്ടാക്കി, അമ്മയെ വഞ്ചിക്കാൻ പൂതം ശ്രമിച്ചു. അതാവട്ടെ ഒരവസാനത്തെ തിരിച്ചടിയിൽ കലാശിക്കുകയും ചെയ്തു. പൂതത്തിനു തോറ്റു മടങ്ങേണ്ടിവന്നു. അമ്മയുടെ ശക്തിക്കു മുമ്പിൽ നിസ്തേജയാവുന്ന പൂതം ഉണ്ണിയെ തിരിച്ചു കൊടുക്കുന്നു. അമ്മയുടെ കണ്ണുകൾ വീണ്ടും കാണാറായി.

അമ്മ മിഴിക്കും കണ്ണന്മുമ്പിലൊ-
രുണ്മയിൽ നിന്നു തിങ്കളൊളിപ്പൂ
പ്പുഞ്ചിരിപ്പെയ്തു കുളുർപ്പിച്ചും കൊ-
ണ്ടഞ്ചിത ശോഭം പൊന്നുണ്ണി

ആവൂ എന്ന് ദീർഘശ്വാസം വിടുന്നു. പിരിമുറുക്കം അയഞ്ഞുവന്നു. ഉണ്ണിയെ വേർപിരിയുമ്പാൾ പൂതത്തിനുള്ള സങ്കടം ശശിയുടെ ശബ്ദത്തിൽ വളരെ ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു. പൂതത്തിന്റെ തേങ്ങലുകൾ വളരെ ഭംഗിയായി ആവിഷ്ക്കരിച്ചു.

എല്ലാം കഴിഞ്ഞപ്പോൾ ശശി പറഞ്ഞു. വിചാരിച്ചമാതിരി ശരിയായിട്ടില്ല. കുറച്ചുകൂടി ശരിയാക്കാനുണ്ട്.

വളരെ വിനയശീലനാണ് ശശി. കാസറ്റിന്റെ കവറിൽ ചേർക്കാൻ ഒരു ഫോട്ടോ വേണമെന്നു പറഞ്ഞപ്പോൾ അദ്ദേഹം തീരെ സമ്മതിച്ചില്ല.

അതു വേണ്ട. ഇടശ്ശേരിയുടെ ചിത്രത്തിന്റെ അടുത്തുവെക്കാൻ മാത്രം യോഗ്യതയൊന്നും എന്റെ ചിത്രത്തിനില്ല.

വാദ്യോപകരണങ്ങൾ സംഘടിപ്പിക്കേണ്ടതും അത് സംവിധാനം ചെയ്ത് നടത്തേണ്ടതും ഡോ. രമേശിന്റെ ചുമതലയായിരുന്നു. ചെയ്യുന്നതെന്തും ആധികാരികവും ബോദ്ധ്യപ്പെടുത്തുന്നതുമാവണമെന്ന് നിഷ്ക്കർഷയുള്ള ആളാണ് ഡോക്ടർ. അദ്ദേഹം പി.കെ.എ. റഹിമിനെയും കൂട്ടി പൊന്നാനിവരെ പോയി, പൂതം കെട്ടുന്ന ഒരു സഹോദരന്മാരെ കണ്ടുപിടിച്ചു. ബാലൻ വൈദ്യരും, നാരായണൻ വൈദ്യരും. ചെറുവായ്ക്കരക്കാരാണ്. അവർ തുടി കൊട്ടാറുമുണ്ട്. ചെണ്ട, വലൻതല, കുഴൽ മുതലായവ ഉപയോഗിക്കുന്ന ആൾക്കാരെ ഏലൂരിൽനിന്ന് ജ്യേഷ്ഠൻ സംഘടിപ്പിച്ചു. സതീശേട്ടനോട് എന്തുകാര്യം വേണമെങ്കിലും പറഞ്ഞോളു. അതു ശരിയാക്കും. അമ്പിളി മാമനെ പിടിച്ചു തരാൻ പറഞ്ഞാൽകൂടി മൂപ്പരതിനു ശ്രമിക്കും. പിന്നെ പറയുകയും ചെയ്യും. വെളുത്ത വാവുവരെ കാക്കാമോ, അപ്പോൾ അത് കുറച്ചുകൂടി അടു ത്തു വരും. അപ്പോൾ പിടിച്ചു തരാം. ആശ ഒരിക്കലും വിടില്ല. അങ്ങിനെയുള്ള ഒരത്ഭുത മനുഷ്യന് ഈ കാര്യം വളരെ നിസ്സാരമായിരുന്നു.

കവിതയുടെ അവതരണം ആധികാരികമാക്കാൻ സാഹിത്യ സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന വളരെയധികം പേരുമായി ഡോ. രമേശ് സംസാരിച്ചു.

കാസറ്റിന്റെ ആദ്യത്തെ രണ്ടു മിനിറ്റുനേരം പൂതംകളി വാദ്യം ആണ് റെക്കോർഡ് ചെയ്തത്. വീട്ടിനു മുമ്പിൽ പൂതം വന്ന് കളിക്കുന്ന പ്രതീതി ഉണ്ടാക്കത്തക്ക വിധത്തിലാണതു സംവിധാനം ചെയ്തത്. തുടി, ചെണ്ട, വലൻതല, ഇലത്താളം, കുഴൽ എന്നിവയുടെ ശബ്ദത്തോടൊപ്പം അരമണിയുടെയും ചിലമ്പിന്റെയും ശബ്ദം കൂട്ടിച്ചേർത്തു. ശരിയ്ക്കും ഒരു പൂതം കളി കാണുന്ന പ്രതീതിയുണ്ടാക്കി. എങ്ങിനെയാണ് കുഴലിന്റെ ശബ്ദം വേണ്ടതെന്ന് കുഴൽ വിളിക്കുന്ന ആൾക്ക് ഡോക്ടർ രമേശ് വായകൊണ്ട് ശബ്ദമുണ്ടാക്കി ക്കൊടുത്തു. തേങ്ങലിനൊത്ത കുഴൽവിളി യഥാതഥമാക്കാൻ അതു വളരെ സഹായകമായി.

കഷ്ടിച്ചു രണ്ടു മിനിറ്റു നീണ്ടുനിന്നതും ഒരു ഗ്രാമീണാന്തരീക്ഷം ഉണ്ടാക്കാൻ പര്യാപ്തവുമായ ഈ വാദ്യാഘോഷങ്ങൾ അകന്നകന്നു പോകുന്നതിനിടയിൽ ശശിയുടെ ശബ്ദം കേൾക്കുന്നു.

വിളക്കു വെച്ചു, സന്ധ്യാനാമവും കഴിഞ്ഞു ഉറക്കം തൂങ്ങിക്കൊണ്ട് ഗുണ കോഷ്ഠവും ഉരുവിട്ടു. ഇനിയും ഉണ്ണാറായിട്ടില്ലല്ലൊ. ഉറങ്ങണ്ട. പൂതത്തെപ്പറ്റി ഒരു പാട്ടു കേട്ടോളു.

കവിതയോടൊപ്പം വായിക്കാൻ ഒരു ഡോൽ ആണ് ആദ്യം ഉദ്ദേശിച്ചത്. ഡോക്ടർ രമേശു തന്നെ അത് പ്രയോഗിക്കുകയും ചെയ്തു. കാര്യമായ അകമ്പടി പക്ഷെ ഉടുക്കായിരുന്നു. ഹണിയെന്ന ചെറുപ്പക്കാരനെ അതിനായി കണ്ടുപിടിച്ചു. അത് അവസാനനിമിഷത്തിലായിരുന്നു. പക്ഷെ വളരെ കുറച്ചു റിഹേഴ്സലുകൾ കൊണ്ടുമാത്രം ആ ചെറുപ്പക്കാരൻ ശശിയുടെ സംഗീതം വളരെ വേഗം ഉൾക്കൊണ്ടു. ഫലം അത്ഭുതാവഹമായിരുന്നു. ശശിയുടെ ശബ്ദത്തിന്റെ ഗാംഭീരതയ്ക്ക് ഈ പ്രാചീന ഉപകരണം മാറ്റുകൂട്ടി. പ്രാചീനമായ ഒരു കഥയ്ക്ക് ഉടുക്ക് നല്ല ഒരു പാശ്ചാത്തലമായിരുന്നു. പൂതങ്ങളും, പൊട്ടിച്ചൂട്ടുകളും, യക്ഷികളും വിഹരിക്കുന്ന അഭൗമമായ ഒരു ലോകത്തേക്ക് അനിയന്ത്രിതമെന്ന് തോന്നിക്കുന്ന ഈ ഡുംകാരം നമ്മെ നയിച്ചു.

നിശ്ശൂന്യത നടമാടും പാതിരതൻ മച്ചുകളിൽ
നിരനിരയായ് കത്തിക്കും മായാദീപം

എന്നു തുടങ്ങുന്ന വരികൾക്കിടയിൽ ഉടുക്കും, ഡോലും കുഴിത്താളവും ഇല്ല. പശ്ചാത്തലം നിശ്ശബ്ദം. അതിനിടയിൽ വളരെ ചെറുതായി ചിലമ്പിന്റെയും അരമണിയുടെയും ശബ്ദം മാത്രം കൊടുത്തു. ആൾപാർപ്പില്ലാത്ത ഏതോ പ്രാചീനമായൊരു പടുകൂറ്റൻ കെട്ടിടത്തിന്റെ അകത്തളങ്ങളിൽ നിന്നു കേൾക്കുന്ന പോലെ.

കവിതയുടെ അവസാനം കേട്ടിട്ടില്ലെ തുടികൊട്ടും കലർന്നോട്ടു ചിലമ്പിൻ കലമ്പലുകൾ എന്ന വരികൾ അവസാനിയ്ക്കുമ്പോഴേയ്ക്കും മറ്റു വാദ്യ ഘോഷങ്ങൾ വീണ്ടും കൂട്ടിച്ചേർത്തു. പിന്നെ കുറച്ചു സമയം പൂതംകളി വാദ്യം ഇതിന് അനുബന്ധമായി തുടർന്നു. തുടക്കത്തിലും അവസാനത്തിലും ചേർത്ത കാരണം ഈ വാദ്യവിശേഷം കവിത ചൊല്ലുമ്പോഴൊക്കെ പശ്ചാത്തലത്തിൽ ഉണ്ടായിരുന്നുവെന്ന തോന്നൽ അനുവാചകരിൽ ഉളവാക്കുന്നു.

റെക്കോർഡിംഗ് കഴിഞ്ഞ് ടേപ്പ് വെച്ച് കേട്ടപ്പോൾ ഞങ്ങൾ ആഹ്ലാദഭരിതരായി. ഉദ്ദേശിച്ചതിലുമധികം നന്നായിരിക്കുന്നു.

വളരെയധികം പേർ ഈ സംരംഭത്തിന്റെ അണിയറിയിൽ പ്രവർത്തിച്ചിട്ടുണ്ട്. അതിൽ പല വിഭാഗക്കാരും പെടും, സാഹിത്യകാരന്മാർ, അദ്ധ്യാപകർ തുടങ്ങി ജീവിതത്തിന്റെ പല തുറകളിൽ പെട്ടവർ. അവർക്കെല്ലാം പൊതുവായ ഒരു താൽപര്യമാണുണ്ടായിരുന്നത്. ഇടശ്ശേരിക്കവിതയോടുള്ള സ്നേഹാദരങ്ങൾ. അതുകൊണ്ട് ഇടശ്ശേരിക്കവിതയുടെ ആത്മാവിന് ഒരു പോറലെങ്കിലും ഏൽപിക്കുന്നത് അവർ സഹിക്കില്ല. അവരെല്ലാം നിസ്സ്വാർത്ഥ സേവനമാണ് അനുഷ്ഠിച്ചത്. യാത്രക്കൂലി കൂടി സ്വന്തം പോക്കറ്റിൽ നിന്നെടുത്താണ് പലരും ഈ സംരംഭത്തിന്റെ വിജയത്തിനായി ശ്രമിച്ചിരുന്നത്. എല്ലാം കഴിഞ്ഞ് ഒരു നന്ദി എന്ന വാക്കുകൂടി ആർക്കും ആരോടും പറയാൻ വയ്യാത്ത സ്ഥിതിയായി. ആര് ആർക്കു നന്ദിപറയും?

ശ്രീ എം. ഗോവിന്ദന് ഞാൻ പൂതപ്പാട്ട് കേൾപ്പിച്ചു കൊടുത്തു. ഒരു മണിക്കൂർ നേരം ശ്രദ്ധാപൂർവ്വം അതു കേട്ടശേഷം അദ്ദേഹം പറഞ്ഞു.

ഇടശ്ശേരിയുടെ പൂതപ്പാട്ടിന്റെ പലപുതിയ മാനങ്ങളും പുറത്തുവരുന്നത് ഇപ്പോഴാണ്. വായിക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കാത്ത പല വാക്കുകളും പ്രയോഗ ങ്ങളും ഭാവങ്ങളും നമ്മൾ ശ്രദ്ധിക്കുന്നതും പല പുതിയ അനുഭൂതികളും നമുക്കുണ്ടാവുന്നതും ശശിയെപ്പോലെ ഒരാൾ പാടി കേൾപ്പിക്കുമ്പോഴാണ്. പൂതപ്പാട്ട് തികച്ചും ശ്രേഷ്ഠമായ ഒരു കവിത തന്നെയാണ്.

പ്രൊഫസ്സർ എം. കെ. സാനു പറഞ്ഞു. 'സംഗീതത്തെപ്പറ്റി വളരെ അറിവുണ്ടെന്ന് ഞാൻ ഭാവിക്കുന്നില്ല. പക്ഷെ പൂതപ്പാട്ടിലെ കവിതാംശം സംഗീതാവിഷ്ക്കരണത്തിൽ എവിടെയെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഞാൻ അതു കണ്ടുപിടിക്കും. ശശിധരൻമാഷുടെ സംഗീതാവിഷ്ക്കരണത്തിൽ കവിതയ്ക്ക് ഒരു പോറൽപോലുമേറ്റിട്ടില്ല, എന്നു മാത്രമല്ല ഇതു വീണ്ടും വീണ്ടും കേൾക്കാനുള്ള താൽപര്യം വളർത്തും വിധം നന്നായിട്ടുമുണ്ട്.' അദ്ദേഹം തുടർന്നു.

'ഇടശ്ശേരിക്കവിതയുടെ ഒരു സവിശേഷതയെന്താണെന്നാൽ അത് വീണ്ടും വീണ്ടും വായിക്കുമ്പോൾ നമുക്ക് പുതിയ അർത്ഥങ്ങളും പുതിയ ഭാവങ്ങളും നൽകി നമ്മെ സംവേദനത്തിന്റെയും അവബോധത്തിന്റെയും പല പുതിയ മേഖലകളിലേക്കുയർത്തിക്കൊണ്ടു വരുന്നു. ഈ സംഗീതാവിഷ്ക്കരണം കാസറ്റിലാക്കിയത് ഞാൻ വളരെയധികം പ്രാവശ്യം കേട്ടു. ഇടശ്ശേരിക്കവിത പോലെ തന്നെ അതിന്റെ സംഗീതവും കേൾക്കുംതോറും നമുക്ക് കൂടുതൽ കൂടുതൽ ഇഷ്ടമായിവരുന്നു.'

കേൾപ്പിച്ചു കൊടുത്തവരുടെയെല്ലാം അഭിപ്രായം ഇതുതന്നെയായിരുന്നു. അവരിൽ സി. രാധാകൃഷ്ണൻ, പ്രൊഫസ്സർ എം. തോമസ്സ് മാത്യു, സേതു എന്നിവർപെടും. പൂതപ്പാട്ടിന്റെ സംഗീതാവിഷ്ക്കരണത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ സഹൃദയർക്കും സംതൃപ്തി നൽകുന്നതായിരുന്നു ഈ അഭിപ്രായങ്ങൾ.

*കലാകൗമുദി, ജനുവരി 26, 1986*

BACK TO INDEX

# എന്റെ മാത്രം അച്ഛൻ

ഇല്ല, അച്ഛനെ ഞാൻ ആരുമായും പങ്കുവെയ്ക്കാൻ സമ്മതിക്കില്ല. സഹോദരങ്ങളോടുകൂടിയും. ഇതു ഞാൻ വളരെ കുട്ടിക്കാലത്ത് തീർച്ചയാക്കിയതാണ്. പക്ഷേ ഞാൻ മാത്രം തീർച്ചയാക്കിയാൽ പോരല്ലൊ. ഈരണ്ടു കൊല്ലം കൂടുമ്പോൾ അമ്മയുടെ അമ്മിഞ്ഞയിൽ കുത്തകാവകാശം സ്ഥാപിച്ചുകൊണ്ട് എനിക്കു താഴെ കടന്നുവരുന്ന സഹോദരങ്ങളെ കാണുമ്പോൾ മനസ്സിലാകുന്നു എന്റെ തീരുമാനം വിലപ്പോവില്ലെന്ന്. എന്റെ കുറുമ്പിനു കാരണമതാണെന്നു തോന്നുന്നു. അച്ഛന് എല്ലാ മക്കളും ഒരുപോലെയായിരുന്നു. ഓരോ മക്കളോടു ചോദിച്ചാലും അവർ പറയും 'എന്നെയായിരുന്നു അച്ഛന് കൂടുതൽ ഇഷ്ടം.' ഇത് അസാമാന്യമായ ഒരു കഴിവാണ്. സ്നേഹം പ്രകടിപ്പിക്കുന്ന കാര്യത്തിൽ അച്ഛൻ പക്ഷെ പിന്നിലായിരുന്നു. വളരെ കുട്ടിക്കാലത്തു മാത്രമേ ലാളനയേറ്റ ഓർമ്മയുള്ളൂ. ഒരു രണ്ടോ മൂന്നോ വയസ്സുവരെ. അതിനുശേഷം അച്ഛന്റെ സ്നേഹവാത്സല്യങ്ങൾ പ്രകടനാത്മകതയിൽനിന്ന് ഉൾവലിയുകയും മനസ്സിന്റെ, എളുപ്പം എടുക്കാൻ പറ്റുന്ന ഏതോ കോണിൽ നിതാന്ത ജാഗ്രത പുലർത്തിക്കൊണ്ട് താമസമാക്കുകയും ചെയ്തു. അച്ഛൻ ഒന്നും രണ്ടും വയസ്സുള്ള മക്കളെ എടുത്ത് കൊഞ്ചിക്കുമ്പോൾ മുതിർന്നവർ അല്പം അസൂയയോടെ നോക്കിനിൽക്കും. പക്ഷേ അവർക്കറിയാം അവരുടെ പങ്ക് നേരത്തെ കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്ന്. പെൺമക്കളെ മാത്രം കുറച്ച് കൂടുതൽ (ആവശ്യത്തിലധികമെന്ന് ഞങ്ങൾ ആൺമക്കൾ പറയും) കൊഞ്ചിക്കാറുണ്ട്. എറ്റവും താഴെയുള്ള ഉഷ കൊഞ്ചുന്ന കാര്യത്തിൽ മിടുക്കിയായിരുന്നു. അവൾ അച്ഛന്റെ അടുത്തേയ്ക്ക് പോകുന്നതു കണ്ടാൽ അവളുടെ തൊട്ടു മീതെയുള്ള അശോകനും ദിവാകരനും പറയും. 'ഇതാ പെണ്ണ് ചുണ്ട് കൂർപ്പിച്ച് ചെല്ല്ണ്ണ്ട്'. ഞാൻ ജോലിയായി കൽക്കത്തയിൽ പോയി ലീവിൽ വരുമ്പോൾ അവളുടെ കൊഞ്ചലുകൾ കാണാറുണ്ട്. അന്നവൾക്ക് അഞ്ചെട്ടു വയസ്സു പ്രായമായിട്ടുണ്ടാവും. ഏട്ടന്മാരുമായി അടികൂടി കരഞ്ഞുകൊണ്ട് അച്ഛന്റെ അടുത്തേയ്ക്കോടും. അച്ഛൻ അവളെ എടുത്ത് നടന്ന് ആശ്വസിപ്പിക്കും. ഞാൻ പറയും. 'അച്ഛാ, അവളുടെ കാൽ നിലത്തു മുട്ടുന്നു.' തനിക്കു ശേഷം വീട്ടിൽ കുറേക്കാലത്തേയ്ക്ക് കുട്ടികളൊന്നുമുണ്ടായിരുന്നില്ല എന്ന കാര്യം അവൾ ശരിക്കും മുതലാക്കിയിട്ടുണ്ട്. ഉഷയ്ക്കുശേഷം അച്ഛൻ ഇത്രയധികം വാത്സല്യം ചൊരിഞ്ഞിരുന്നത് എന്റെ നേരെ താഴെയുള്ള അനുജത്തി ഗിരിജയുടെ മക്കളോടാണ്. പ്രസവത്തിന് അമ്മയുടെ അടുത്തെത്തുന്ന അവൾ, മക്കൾക്ക് ഏതാനും മാസം പ്രായമാവുമ്പോൾ അവരെയും പെറുക്കി ഭർത്താവിന്റെ അടുത്തേയ്ക്കു തിരിച്ചുപോകുമ്പോൾ അച്ഛന് വളരെയധികം വിഷമമുണ്ടാകാറുണ്ട്. 'ഇനി വരട്ടെ' എന്ന ശുണ്ഠി പിടിച്ചെഴുതിയ കവിത ഈ ശൂന്യതാബോധത്തെപ്പറ്റിയാണ്.

എന്റെ ഏറ്റവും പഴയ ഓർമ്മ മടിയിലിരുന്ന് അച്ഛൻ എഴുതുന്നത് നോക്കിക്കൊണ്ടിരുന്നതാണ്. രണ്ടോ മൂന്നോ വയസ്സേ ആയിട്ടുണ്ടാവൂ. വായുവിൽ കവി

തയും ബീഡിപ്പുകയുടെ മണവുമുണ്ടാവും. അച്ഛൻ എഴുതുമ്പോൾ കാൽ വിറപ്പിച്ചുകൊണ്ടിരിക്കും. രസമുള്ള ആ ചലനവും അന്തരീക്ഷവും ആസ്വദിച്ചു കൊണ്ട് ഞാൻ ഇരിക്കും. മേശവിളക്കിന്റെ തെളിഞ്ഞ വെളിച്ചത്തിലിരുന്ന് അച്ഛൻ എഴുതും. ഇടയ്ക്ക് ഉറങ്ങിപ്പോയ എന്നെ 'ജാനൂ, ഇവനെ കൊണ്ടു പോയി കിടത്തു' എന്നു പറഞ്ഞ് അമ്മയെ ഏല്പിച്ച് എഴുത്ത് തുടർന്നിട്ടുണ്ടാവും. രാവിലെ എഴുന്നേറ്റ് ഉമ്മറത്തു വന്നു നോക്കിയാൽ അച്ഛന്റെ മേശക്കു ചുറ്റും ചിതറിക്കിടക്കുന്ന കടലാസ്സു കഷ്ണങ്ങൾ കാണാം. ഒരു കവിത ജനിച്ചിരിക്കും. അമ്മയെപ്പറ്റി നാല്പത്തിയാറിൽ എഴുതിയ 'ഗൃഹച്ഛിദ്രം' എന്ന കവിതയാവാനാണ് സാദ്ധ്യത.

മുതിർന്ന ശേഷം അച്ഛൻ കവിതയെഴുതുകയാണെന്നു കണ്ടാൽ ഞങ്ങൾ ശബ്ദമുണ്ടാക്കാറില്ല. സാധാരണ ഉണ്ടാകാറുള്ള ബഹളങ്ങളൊന്നും അപ്പോഴുണ്ടാവില്ല. എന്ത് ചെറിയ ശബ്ദവും അപ്പോൾ അച്ഛനെ അലോസരപ്പെടുത്തും. എന്തുകൊണ്ടോ അച്ഛന്റെ കവിതയെഴുത്ത് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് കുട്ടികൾക്ക് വളരെ ചെറുപ്പത്തിലേ മനസ്സിലായിരുന്നു. ഏറ്റവും താഴെയുള്ളവരെ മുതിർന്നവർ പുറത്തേയ്ക്കു കൊണ്ടുപോയി ഒപ്പം കളിക്കാൻ ചേർക്കും. അച്ഛൻ പുത്തില്ലത്തെ തെക്കെ മുറിയിൽ ഒരു മൂലയിലിട്ട മേശയ്ക്കു മുമ്പിലിരുന്നുകൊണ്ട് എഴുതുന്നുണ്ടാവും.

ക്രമേണ അച്ഛൻ അപ്രാപ്യനായി വരുന്ന തോന്നൽ ഞങ്ങൾക്കുണ്ടായി. അച്ഛനെ നാട്ടുകാർക്ക് കൂടുതൽ കൂടുതൽ ആവശ്യം വരികയും അച്ഛന് ഞങ്ങളോടൊപ്പം ചെലവാക്കാനുള്ള സമയം കുറഞ്ഞു വരികയും ചെയ്തു. ഇത് എന്നെ പ്രത്യേകിച്ചും വിഷമിപ്പിച്ചിരുന്നു. 'പ്രാകൃതനായ തോട്ടക്കാരൻ' എന്ന കഥയെഴുതുമ്പോൾ അച്ഛന്റെ ഈ പ്രത്യേക സ്ഥിതിവിശേഷം അബോധപൂർവ്വമായെങ്കിലും എന്നെ സ്വാധീനിച്ചിട്ടുണ്ടാകണം. ഇടിയും മഴയുള്ള എത്രയോ സന്ധ്യകളിൽ അച്ഛന്റെ വരവും പ്രതീക്ഷിച്ച് പടിക്കലേയ്ക്കു നോക്കി ടെൻഷനോടെ ഇരിക്കാറുള്ളത് ഇപ്പോഴും ഓർമ്മ വരുന്നു. മഴക്കാലത്ത് അപകടമരണങ്ങളെപ്പറ്റിയും വെള്ളപ്പൊക്കത്തിന്റെ കെടുതികളെക്കുറിച്ചും പേടിപ്പിക്കുന്ന വാർത്തകൾ പുറത്തുപോയി വരുന്നവരിൽനിന്നും കിട്ടും. അച്ഛന് എന്തെങ്കിലും പറ്റുമോ എന്ന ഭയമുണ്ടായിരുന്നു എനിക്ക്. അച്ഛൻ രാത്രി വീട്ടിലെത്തിയാൽ മാത്രമേ സമാധാനമാവാറുള്ളൂ.

വേനലവധിയിൽ ഞങ്ങൾ, കുറച്ചു മുതിർന്ന കുട്ടികൾ കോഴിക്കോട് പി.സി. മ്മാവന്റെ അടുത്തും പൂനൂരിൽ അമ്മാവന്റെ അടുത്തും പോകാറുണ്ട്. ഗിരിജയും ഉണ്ണിയും മധുവും അമ്മയുടെ അടുത്തുനിന്ന് വിട്ടുനിൽക്കാറായിട്ടില്ല. ഞാനും സതീശേട്ടനും കൂടിയാണ് പോകാറ്. ആരെങ്കിലും കോഴിക്കോടുവരെ കൊണ്ടുപോയാക്കും. ഞങ്ങളുടെ ജ്യേഷ്ഠനെപ്പോലെയായിരുന്ന കടവനാട് കുട്ടികൃഷ്ണന് അന്ന് കോഴിക്കോടായിരുന്നു ജോലി. ഒന്നു രണ്ടു പ്രാവശ്യം അദ്ദേഹമാണ് കൊണ്ടുപോയാക്കിയത്. ചിലപ്പോൾ പി.സി.മ്മാവന്റെ ഒപ്പം പോകും. ഒരിക്കൽ അവധി കഴിഞ്ഞ് തിരിച്ചു വരുമ്പോൾ വണ്ടിയിൽ വച്ച് ഒരു ഭിക്ഷക്കാരനെ കണ്ടു. അയാൾ നിലത്ത് ഒരിടത്ത് എന്തോ ആലോചിച്ചുകൊണ്ട് ഇരിക്കയാണ്. കീറിയ വസ്ത്രങ്ങൾ, ദേഹമാസകലം ചെളിയും മണ്ണും. ആയാളുടെ മുഖത്ത് നോക്കിയപ്പോൾ എനിക്ക് ഞെട്ടലുണ്ടായി. അച്ഛന്റെ നല്ല ഛായ. അത് അച്ഛനായിരിക്കുമോ? നോക്കുംതോറും ആ സംശയം ഉറച്ചുവന്നു. മനസ്സ് അസ്വസ്ഥമായി. തൊട്ടടുത്തിരുന്ന സതീശേട്ടന് അതു മനസ്സിലായില്ലെന്നത്

എന്നെ അദ്ഭുതപ്പെടുത്തി. എനിക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ഒരു മാസം കൊണ്ട് അച്ഛന് ഇങ്ങിനെ ഒരവസ്ഥ വന്നുവല്ലോ. എന്തിനു പറയുന്നു, വീട്ടിലെത്തി അച്ഛനെ കണ്ടപ്പോഴുണ്ടായ സന്തോഷം ജീവിതത്തിൽ അധികമൊന്നും അനുഭവിച്ചിട്ടില്ല. അന്നെനിയ്ക്ക് ആറോ എഴോ വയസ്സേ കാണൂ. ഇപ്പോഴും അതോർക്കുമ്പോൾ എന്റെ വിഡ്ഢിത്തമോർത്ത് ചിരിക്കാനല്ല തോന്നുന്നത്.

അച്ഛന് സാമ്പത്തികമായി വളരെ പ്രശ്നങ്ങളുണ്ടായിരുന്നു. എട്ടു മക്കളെ പോറ്റിയുണ്ടാക്കുക എളുപ്പമുള്ള കാര്യമായിരുന്നില്ല. കുടുതൽ സമയം ജോലിയെടുക്കേണ്ടി വന്നു. ഒപ്പം തന്നെ കലാസമിതി പ്രവർത്തനങ്ങളും. അച്ഛൻ കോടതിയിൽ നിന്ന് വരുന്നതും കാത്ത് ഒരു പറ്റം സഹൃദയർ കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിൽ കാത്തിരിക്കുന്നുണ്ടാവും. അവരെ നിരാശരാക്കാൻ വയ്യ. നാടക റിഹേഴ്സലുകൾ ഉണ്ടാവും. അച്ഛന്റെ എല്ലാ നാടകങ്ങളും അവതരിപ്പിച്ചിരുന്നത് ഈ സുഹൃദ്സംഘമായിരുന്നു. പൊതുപ്രവർത്തനം പോക്കറ്റ് കാലിയാക്കുന്ന പരിപാടിയായിരുന്നു. ഓരോ സമ്മേളനവും നാടകോത്സവവും കഴിഞ്ഞാലും കുറേ നഷ്ടങ്ങളുണ്ടാവും. സഹപ്രവർത്തകരുടെ കാര്യവും തഥൈവ. ഒരിക്കൽ എ.വി. ഹൈസ്കൂളിൽ വച്ച് ഒരു നാടകോത്സവം അരങ്ങേറി. ടിക്കറ്റുവച്ചായിരുന്നു പ്രവേശനം. അച്ഛന്റെ സ്വഭാവമറിയാമായിരുന്ന സ്നേഹിതൻ വള്ളത്തോൾ ബാലചന്ദ്രമേനോൻ മാസ്റ്റർ(എ.വി. ഹൈസ്കൂൾ) പണത്തിന്റെ കാര്യങ്ങൾ മുഴുവൻ ഏറ്റെടുത്തു. അദ്ദേഹം പണത്തിന്റെ കാര്യത്തിൽ വളരെ കണിശമുള്ള ആളായിരുന്നു. ഒരു പൈസ കിട്ടിയാലും ചെലവാക്കിയാലും കണക്കുവയ്ക്കും. നാടകത്തിനു തൊട്ടുമുമ്പ് അച്ഛന്റെ ഒരു മരുമകൻ കുറ്റിപ്പുറത്തുനിന്ന് വന്ന് നാടകം കാണണമെന്ന് ആവശ്യപ്പെട്ടു. അച്ഛൻ ഉടനെ പോക്കറ്റിൽനിന്ന് പണമെടുത്ത് മുമ്പിലിരിക്കുന്ന ബാലചന്ദ്രമേനോൻ മാസ്റ്ററുടെ കയ്യിൽ കൊടുത്ത് ടിക്കറ്റ് ആവശ്യപ്പെട്ടു. മാസ്റ്റർ ഒന്നും പറയാതെ ടിക്കറ്റ് മുറിച്ചുകൊടുക്കുകയും ചെയ്തു. മാസ്റ്റർക്ക് വേണമെങ്കിൽ പറയാമായിരുന്നു, സ്വന്തം ആളല്ലെ ടിക്കറ്റില്ലാതെ അകത്തു കയറി ഇരുന്നോട്ടെ എന്ന്. ഒരു തെറ്റ് കൂടുതൽ തെറ്റുകൾക്ക് കടന്നുവരാനുള്ള വാതിൽ തുറക്കുമെന്ന് അച്ഛനെപ്പോലെ നന്നായി അറിയാവുന്ന ധർമ്മിഷ്ഠനായ ബാലചന്ദ്രമേനോൻ മാസ്റ്റർ പണം വാങ്ങി ടിക്കറ്റു മുറിച്ചുകൊടുത്തു. നാടകോത്സവം കഴിഞ്ഞ ശേഷം അച്ഛൻ പറയുകയുണ്ടായി, കയ്യിൽനിന്ന് പണം നഷ്ടമാവാതെ ജീവിതത്തിൽ ആദ്യമായി ഒരു പരിപാടി നടത്തിയത് ബാലചന്ദ്രമേനോൻ മാസ്റ്റർ കാരണമാണെന്ന്.

അധാർമ്മികമായ ഒന്നും ചെയ്തുപോകരുത് എന്ന നിർബ്ബന്ധമുണ്ടായിരുന്നു അച്ഛന്. വളരെക്കാലം മുമ്പാണ്, ഒരിക്കൽ കോഴിക്കോട്ടുനിന്ന് തിരിച്ചു വരുമ്പോൾ പ്ലാറ്റുഫോമിൽ വണ്ടി പോകാൻ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. ടിക്കറ്റെടുക്കാൻ സമയമില്ല. അന്ന് വളരെ കുറച്ചു വണ്ടികളെ ഉള്ളൂ. അടുത്ത വണ്ടിക്ക് കാത്തുനിന്നാൽ മണിക്കൂറുകൾതന്നെ പോകും. കുറ്റിപ്പുറത്ത് ഇറങ്ങി സ്റ്റേഷൻ മാസ്റ്ററോടൊ ടി.ടി.യാറിനോടൊ പറഞ്ഞ് യാത്രാക്കൂലി കൊടുക്കാമെന്നു കരുതി വണ്ടിയിൽ കയറി. അച്ഛന് നല്ല ഭയമുണ്ടായിരുന്നു. കുറ്റിപ്പുറത്തെത്തിയപ്പോൾ പ്ലാറ്റുഫോമിനു പുറത്തേയ്ക്കുള്ള വാതിലിന്നരികിൽ, യാത്രക്കാരുടെ തിരക്ക് കഴിയാൻ അച്ഛൻ കാത്തുനിന്നു. കുറ്റിപ്പുറത്തുകാരനായ അച്ഛന് ആ വാതിലിലൂടെയല്ലാതെ പുറത്തു കടക്കാനുള്ള വഴികൾ

അറിഞ്ഞിരിക്കണം. അതു ശരിയല്ലല്ലോ. തിരക്കൊഴിഞ്ഞപ്പോൾ അദ്ദേഹം ടി.ടി.യാറിനെ സമീപിച്ചു പറഞ്ഞു. 'നോക്കു ഞാൻ കോഴിക്കോട്ടുനിന്ന് വരവാണ്. ടിക്കറ്റെടുത്തിട്ടില്ല.' ടി.ടി.യാർ മറുപടിയൊന്നും പറഞ്ഞില്ല. അച്ഛൻ വീണ്ടും വീണ്ടും തന്റെ പ്രസ്താവന ആവർത്തിച്ചു. ടി.ടി.യാർ മറുപടിയൊന്നും പറയുന്നില്ല. നാലാമത്തെ തവണ അച്ഛനതു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. 'നിങ്ങൾ ടിക്കറ്റെടുത്തിട്ടില്ല ശരി, അതിനു ഞാനെന്തു വേണം? അങ്ങട്ട് പൊയ്ക്കൂടെ?' അതും പറഞ്ഞ് ടി.ടി.യാർ പരിശോധന മതിയാക്കി ഓഫീസിലേയ്ക്കു നടന്നു. മുമ്പിൽ പ്രതിബന്ധമൊന്നുമില്ലാതെ ഒഴിഞ്ഞുകിടന്ന കൂറ്റൻ വാതിൽ അച്ഛനിൽ എന്തൊക്കെ വികാരങ്ങളാണുണ്ടാക്കിയിട്ടുണ്ടാവുക?

അച്ഛന്റെ മക്കളെല്ലാം അഞ്ചാം വയസ്സിൽ പൊന്നാനി ന്യൂ എൽ.പി. സ്കൂളിൽ ചേരുകയും അഞ്ചാം ക്ലാസ്സു കഴിഞ്ഞാൽ സ്വാഭാവികമായും തൊട്ടടുത്തുള്ള എ.വി. ഹൈസ്കൂളിൽ ചേർന്ന് പഠിത്തം തുടരുകയും ചെയ്തവരാണ്. ഇത് സതീശേട്ടൻതൊട്ട് ഉഷവരെ വളരെ കണിശമായി കൊണ്ടുനടന്നിട്ടുള്ളതാണ്. രാവിലെ സ്കൂളിൽ പോയി വൈകുന്നേരം തിരിച്ചെത്തുന്നതുവരെ അവർ ഗുരുനാഥന്മാരുടെ അടുത്ത് സുരക്ഷിതരാണെന്ന വിശ്വാസമുണ്ടായിരുന്നു അച്ഛന്. പകൽ മുഴുവൻ മനസ്സമാധാനത്തോടെ ഓഫീസിലിരുന്ന് ജോലിയെടുക്കാ ൻ ആ വിശ്വാസം അദ്ദേഹത്തെ സഹായിച്ചു. അച്ഛനമ്മമാർ കഴിഞ്ഞാൽ ഏറ്റവും അധികം ബഹുമാനിക്കേണ്ടതും സ്നേഹിക്കേണ്ടതും ഗുരുനാഥനെയാണെന്നദ്ദേഹം ഉപദേശിച്ചിരുന്നു. ഗുരുനാഥൻ അമ്മയെപ്പോലെയാണെന്ന് 'ചൂരലിന്റെ മുമ്പിൽ' എന്ന കവിതയിൽ അദ്ദേഹം പറയുന്നു.

'ജിജ്ഞാസാപൂർണ്ണമാം മുഖങ്ങൾക്കെതിർനിന്നു
വിജ്ഞാനം വാരിക്കോരിക്കൊടുക്കാൻ കഴിയുമ്പോൾ
ചുരന്ന മുല ചോരിവായിൽച്ചേർത്തെല്ലാം മറ-
ന്നിരിക്കും പെറ്റമ്മയെ തോൽപ്പിപ്പൂ ഗുരുനാഥൻ.'

പെറ്റമ്മ കുഞ്ഞിന് മുലകൊടുക്കുന്നപോലെയാണ് ഗുരുനാഥൻ ശിഷ്യന്മാർക്ക് വിജ്ഞാനം കോരിക്കൊടുക്കുന്നത് എന്നാണ് അച്ഛൻ പറയുന്നത്. അതുകൊണ്ട് ഗുരുനാഥനെ ധിക്കരിക്കുന്ന ഒരു കാര്യവും അച്ഛൻ സഹിച്ചിരുന്നില്ല. എന്റെ കുറുമ്പിനെപ്പറ്റി പറഞ്ഞുവല്ലൊ. ഞാനൊരിക്കൽ എന്റെ അദ്ധ്യാപകന്റെ അടുത്ത് കുറുമ്പു കാട്ടി, ഒപ്പം ധിക്കാരവും. സിക്സ്ത് ഫോമിൽ ഞങ്ങൾ സാഹിത്യത്തിൽ താല്പര്യമുള്ള നാലഞ്ചു പേരാണ് ഏറ്റവും മുമ്പിലുള്ള ബഞ്ചിലിരുന്നത്. നന്നായി കവിതയെഴുതിയിരുന്ന എ.കെ. വേണുഗോപാൽ, സേതുമാധവൻ, ടി. ഗോപാലക്കുറുപ്പിന്റെ മകൻ രാജു, കെ. ബാലകൃഷ്ണൻ (അദ്ദേഹം ഇപ്പോൾ തൃശ്ശൂരിൽ ഡോക്ടറായി പ്രാക്ടീസു ചെയ്യുന്നു). ഞങ്ങൾ ക്ലാസ്സ് മാസികയിറക്കാറുണ്ട്. മാതൃഭൂമിയിൽ അക്കാലത്താണ് പിസിമ്മാവന്റെ (ഉറൂബ്) 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ തുടർച്ചയായി വന്നിരുന്നത്. ഓരോ ആഴ്ചയും വരുന്ന അദ്ധ്യായങ്ങൾ ഞങ്ങൾ താല്പര്യത്തോടെ വായിക്കുകയും അതിനെപ്പറ്റി സംസാരിക്കുകയും ചെയ്യും. ഇംഗ്ലീഷ് ക്ലാസ്സെടുക്കുന്ന പി. കൃഷ്ണവാരിയർ മാസ്റ്റർ (അദ്ദേഹം ഇപ്പോൾ ഇടശ്ശേരി സ്മാരകസമിതിയുടെ സെക്രട്ടറിയാണ്) ഞങ്ങളുടെ സംസാരം കണ്ടുപിടിച്ചു, അതു നിർത്താൻ ആവശ്യപ്പെട്ടു. ഒന്നു രണ്ടു താക്കീതുകൾകൊണ്ട് ഫലമുണ്ടായില്ലെന്നു കണ്ട മാസ്റ്റർ സംസാരത്തിന്റെ ഉറവിടം ഞാനാണെന്നു മനസ്സിലാക്കി എന്നോട് മറ്റൊരു സീറ്റിൽ പോയി ഇരിക്കാൻ ആവശ്യപ്പെട്ടു. അതാകട്ടെ

പെൺകുട്ടികളുടെ ബെഞ്ചുകളുടെ തൊട്ടടുത്തായിരുന്നു. ഞാനത് ഇഷ്ടപ്പെട്ടില്ല. എനിക്ക് അന്നും ഇന്നും പെൺകുട്ടികളുടെ അടുത്തിരിക്കുന്നത് ഇഷ്ടമായിരുന്നില്ല. (നിങ്ങൾ വിശ്വസിച്ചാലും ശരി, ഇല്ലെങ്കിലും ശരി.) അപ്പോഴാണ് ഞാൻ കുറുമ്പു കാണിക്കാൻ തുടങ്ങിയത്. മാസ്റ്റർ ക്ലാസ്സിലേയ്ക്കു കടന്നാൽ മാത്രം ഞാൻ ആദ്യമിരുന്ന സീറ്റിൽനിന്ന് എഴുന്നേറ്റ് പുസ്തകങ്ങളുമായി പുതിയ സീറ്റിലേയ്ക്ക് പോകും. ശരിക്കും മാസ്റ്ററെ ധിക്കരിക്കൽതന്നെയായിരുന്നു എന്റെ ഉദ്ദേശ്യം. ഒന്നു രണ്ടു ദിവസം മാസ്റ്റർ അതു സഹിച്ചു, പിന്നെയും ഞാനതു തുടർന്നപ്പോൾ എന്നെ ക്ലാസ്സിൽനിന്നു പുറത്താക്കി. അച്ഛനെ വിളിച്ചുകൊണ്ടു വന്നിട്ടു ക്ലാസ്സിൽ കയറിയാൽ മതിയെന്നും പറഞ്ഞു. ഞാൻ വിഷമത്തിലായി. അച്ഛനോട് പറയാതിരിക്കാൻ വയ്യാത്തൊരവസ്ഥ. ഞാൻ കാര്യങ്ങൾ മുഴുവൻ അച്ഛനോട് പറഞ്ഞു. എനിക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു. മുഴുവൻ കേട്ടശേഷം അച്ഛൻ പറഞ്ഞു. 'നീ ചെയ്തത് തെറ്റുതന്നെയാണ്. എന്തു വിഷയത്തെപ്പറ്റിയാലും ശരി, അദ്ധ്യാപകൻ ക്ലാസ്സെടുക്കുമ്പോൾ സംസാരിക്കുന്നത് കുറ്റകരമാണ്. അതിനു ശേഷം നീ അദ്ദേഹത്തെ ധിക്കരിച്ചതാകട്ടെ പൊറുക്കാനാവാത്ത അപരാധവും. നീ രാവിലെത്തന്നെ പോയി മാസ്റ്ററെ കണ്ട് മാപ്പു പറയണം, ഇനി ഈ തെറ്റ് ആവർത്തിക്കില്ലെന്നു ഉറപ്പു കൊടുക്കണം.' ഞാൻ അങ്ങിനെ ചെയ്തു, കൃഷ്ണവാരിയർ മാസ്റ്റർ സുമനസ്സോടെ എനിക്കു മാപ്പു തരികയും ചെയ്തു, ഒരു കറയും ബാക്കിവയ്ക്കാതെത്തന്നെ. സ്കൂളിൽ വച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട മൂന്നദ്ധ്യാപകരിൽ ഒരാളായി മാസ്റ്റർ തുടരുകയും ചെയ്തു.

കൃഷ്ണവാരിയർ മാസ്റ്റർ അച്ഛന്റെ വളരെ അടുത്ത സുഹൃത്തായിരുന്നു. അവസാന കാലത്തു പ്രത്യേകിച്ചും സന്തതസഹചാരിയെന്നു വേണമെങ്കിൽ പറയാം. ഇപ്പോൾ അദ്ദേഹം 'ഇടശ്ശേരി'യെപ്പറ്റി വാതോരാതെ സംസാരിക്കുന്നതു കാണുമ്പോൾ ഞാൻ ഓർക്കാറുണ്ട്, എനിക്ക് അച്ഛനെപ്പറ്റി എത്ര കുറച്ചേ അറിയൂ. അച്ഛന്റെ ഒപ്പം എന്നേക്കാൾ കൂടുതൽ സമയം ചെലവാക്കാനുള്ള ഭാഗ്യം കിട്ടിയവരോടൊക്കെ, പതിനേഴാം വയസ്സിൽ അച്ഛനെ വേർപിരിഞ്ഞ് നാടു വിടേണ്ടി വന്ന എനിക്ക് കലശലായ അസൂയയുണ്ടാവുന്നു.

ഞാൻ ഇനിയും കുറുമ്പുകൾ കാട്ടിക്കൂടെന്നില്ല.

*മലയാള മനോരമ, ഞായറാഴ്ച 10.10.2004*

BACK TO INDEX

# അച്ഛൻ

അച്ഛൻ ഞങ്ങളോട് സ്വന്തം കവിതയെപ്പറ്റി സംസാരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നാടകങ്ങളിൽ പലതിലും പങ്കെടുക്കാൻ എനിയ്ക്ക് അവസരം തന്നു എന്നതൊഴിച്ചാൽ അദ്ദേഹത്തിന്റെ സാഹിത്യം ഞങ്ങളിൽനിന്ന് വളരെ ഉയർന്ന നിലയിൽ, ഞങ്ങൾക്ക് അപ്രാപ്യമായി നിലകൊണ്ടു. ഒരു കവിത ജനിച്ചാലുടൻ അമ്മയെ കേൾപ്പിയ്ക്കാറുള്ള അച്ഛന്റെ ഈ നിലപാടുകൊണ്ട് ഞങ്ങൾക്ക് വളരെ നഷ്ടങ്ങളുണ്ടായിട്ടുണ്ട്. വലുതായപ്പോൾ എനിയ്ക്കു മനസ്സിലായി ഒരു പരിധിവരെ അതു ഞങ്ങളുടെ പരിമിതി കാരണമാണെന്ന്. അച്ഛന്റെ കവിതകളെപ്പറ്റി സംസാരിക്കാനുള്ള നിലവാരത്തിൽ ഞങ്ങൾ എത്തിയിരുന്നില്ല. ഞാൻ കൽക്കത്തയിൽ നിന്ന് ഒരിക്കൽ ലീവിൽ വന്നപ്പോഴാണ് ആദ്യമായി അദ്ദേഹം സ്വന്തം കൃതിയെപ്പറ്റി സംസാരിച്ചത്. അതാകട്ടെ ഒരു നാടകത്തെപ്പറ്റിയായിരുന്നു. 'ഞെടിയിൽ പടരാത്ത മുല്ല' എന്ന നാടകത്തെപ്പറ്റി. ബർണാഡ്ഷായുടെ പിഗമാലിയൻ അദ്ദേഹത്തിന് ഇഷ്ടപ്പെട്ട നാടകമായിരുന്നു. ആ കൃതിയിലെ എലൈസ ഡൂലിറ്റിലും നമ്മുടെ പുരാണത്തിലെ കുബ്ജയും മനസ്സിൽ കലാപം നടത്തിയപ്പോഴാണ് അച്ഛൻ 'വരദാനം' എന്ന കവിതയെഴുതിയത്. അതിന്റെ ആധുനിക കാലത്തെ അവതരണമായിരുന്നു 'ഞെടിയിൽ പടരാത്ത മുല്ല'. ആ നാടകത്തിൽ മദ്രാസ് നഗരത്തിലെ ഒരു സമ്പന്ന കുടുംബമായിരുന്നു പശ്ചാത്തലം. നഗരജീവിതത്തെക്കുറിച്ച് അച്ഛന് സ്വാഭാവികമായും വലിയ പിടിപാടുണ്ടായിരുന്നില്ല. അതുകൊണ്ട് നഗരജീവിതം നാടകത്തിൽ ചിത്രീകരിച്ചത് ശരിയായിട്ടുണ്ടോ എന്ന സംശയമുണ്ടായിരുന്നു അച്ഛന്. ജീവിതചിത്രീകരണം നന്നായിട്ടുണ്ടെന്നും, വേണമെങ്കിൽ അതിലെ ചില സംഭാഷണങ്ങൾ വളരെ ഔപചാരികമായത് മാറ്റി കുറേക്കൂടി സ്വാഭാവികമാക്കാമെന്നു ഞാൻ പറഞ്ഞു. ശരിക്കു പറഞ്ഞാൽ അതുമാത്രമെ ഒരു പോരായ്മയായി ഞാൻ കണ്ടുള്ളു. സംസാരിക്കുമ്പോൾ സ്നേഹിതന്മാരെ മിസ്റ്റർ എന്നുചേർത്തു വിളിക്കേണ്ട ആവശ്യമില്ലല്ലൊ. നഗരജീവിതം ഔപചാരികതകൾ നിറഞ്ഞതാണെന്ന ധാരണയായിരുന്നു അതിനു പിന്നിൽ. പക്ഷെ മാറ്റമൊന്നും വരുത്തുകയുണ്ടായില്ല. (പിന്നീടൊരിക്കൽ അച്ഛൻ കൽക്കത്തയിൽ വന്നപ്പോൾ 'മൈ ഫെയർ ലേഡി' കാണിച്ചുകൊടുക്കാൻ നോക്കിയപ്പോഴേയ്ക്ക് അതു മാറി 'സൗണ്ട് ഓഫ് മ്യൂസിക്' ആയിരുന്നു. അച്ഛന് ആ മ്യൂസിക്കൽ വളരെയധികം ഇഷ്ടപ്പെട്ടു. പക്ഷെ 'മൈ ഫെയർ ലേഡി' മൂവി കാണിച്ചുകൊടുക്കാൻ പറ്റാത്തതിന്റെ ഇച്ഛാഭംഗം ഇപ്പോഴുമെനിയ്ക്കുണ്ട്.)

മറിച്ച് മറ്റു പല വിഷയങ്ങളെപ്പറ്റിയും അച്ഛൻ സംസാരിക്കാറുണ്ട്. പ്രാധാനമായും ശാസ്ത്രവിഷയങ്ങളെപ്പറ്റി. വളരെ ചെറുപ്പംതൊട്ടേ ഞങ്ങൾ കുട്ടികളെല്ലാവരും, അച്ഛന്റെ ഒഴിവുസമയങ്ങളിൽ ചുറ്റും കൂടുകയും എന്തെങ്കിലും സംശയം ചോദിക്കുകയും ചെയ്തിരുന്നു. അതിന്റെ മറുപടി ഒരു വലിയ ചർച്ചയിലേയ്ക്കു വഴുതിവീഴും. രാത്രി ഊണു കഴിഞ്ഞ് മുറ്റത്തിരുന്ന് നക്ഷത്രാവൃതമായ ആകാശത്തേയ്ക്കു നോക്കി പ്രപഞ്ചസൗന്ദര്യമാസ്വദിക്കുന്ന

ഞങ്ങൾക്ക് ആ സൗന്ദര്യത്തിനു പിന്നിൽ നടക്കുന്ന ഭീകരമായ പ്രക്രിയകൾ പറഞ്ഞു തന്നിരുന്നു അദ്ദേഹം. സൃഷ്ടിയുടെ ഉദ്ഭവം ഗോപ്യമാണെങ്കിലും മനുഷ്യൻ അതിൽ പഴുതുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കയാണെന്ന് പറയും. ബിഗ് ബാങ്ങിനെപ്പറ്റി പറഞ്ഞുതന്നത് അച്ഛനായിരുന്നു. കോടാനകോടി ഗ്യാലക്സികളുണ്ടെന്നും ഒരോ ഗ്യാലക്സിയിലും കോടാനകോടി നക്ഷത്രങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞുതന്നു. ഞങ്ങൾ കുട്ടികൾ ശ്വാസം വിടാതെ ഒരു യക്ഷിക്കഥ കേൾക്കുന്നപോലെ അതെല്ലാം ശ്രദ്ധിച്ചുകേൾക്കും. പ്രപഞ്ചം ആലീസ് ഇൻ വണ്ടർലാന്റി ലെ ചെഷയർ പൂച്ചയുടെ ചിരിപോലെയാണെന്ന് സി.ഇ.എം. ജോഡ് എന്ന ചിന്തകൻ എഴുതിയിട്ടുള്ളതിനെപ്പറ്റി പറയും. അച്ഛന്റെ ഷെൽഫിൽനിന്ന് പിന്നീട് ഞാനാ പുസ്തകം എടുത്തു വായിച്ചിട്ടുണ്ട്. പ്രപഞ്ചത്തിൽ ഇന്നു കാണുന്ന നക്ഷത്രങ്ങളൊന്നും അവ നിൽക്കുന്ന സ്ഥാനത്തല്ല നിൽക്കുന്നതെന്നും പലതും നശിച്ചു പോയിട്ടുതന്നെയുണ്ടാകുമെന്നും, അവയിൽനിന്നുള്ള അവസാനത്തെ രശ്മികൾ കൂടി കോടികോടി വർഷങ്ങൾ യാത്രചെയ്ത് ഭൂമിയിൽ എത്തുന്നതുവരെ മാത്രമെ നമുക്കവയെ കാണാൻ പറ്റുമെന്നും അദ്ദേഹം പറഞ്ഞുതന്നു. ഈ പ്രപഞ്ചംതന്നെ ചിലപ്പോൾ ഇല്ലാതായിട്ടുണ്ടാകുമെന്നും നാമിപ്പോൾ കാണുന്നത് ആലീസിന്റെ ചെഷയർ പൂച്ച ഇട്ടുപോയ പുഞ്ചിരിപോലെത്തന്നെ പ്രപഞ്ചമിട്ടുപോയ രശ്മികൾ മാത്രമാണെന്നുമുള്ള ജോഡിന്റെ സങ്കല്പം അച്ഛന് ഇഷ്ടമായിരുന്നു. ഇതു ഞാൻ എന്റെ 'ഷ്രോഡിങറുടെ പൂച്ച' (ദൂരെ ഒരു നഗരത്തിൽ) എന്ന കഥയിൽ ഉപയോഗിച്ചിട്ടുണ്ട്. എന്റെ ശാസ്ത്രത്വരയെ ഉണർത്തിയതും വളർത്തിക്കൊണ്ടുവന്നതും ഈ ചർച്ചകളായിരുന്നു. അച്ഛന്റെ ബുദ്ധി അപാരമായിരുന്നു. കണക്ക് വെറും കുട്ടിക്കളി മാത്രം. ഇവ രണ്ടും പക്ഷെ ഹെക്ടറുകളുടെയും ലിങ്ക് ചെയ്നിന്റെ കണ്ണികളുടെയും ഇടയിൽ ഒടുങ്ങേണ്ടി വന്നത് ഒരു വലിയ നഷ്ടമായി എനിക്കു തോന്നാറുണ്ട്. ഒരുപക്ഷെ അച്ഛന്റെ സാഹിത്യത്തിന് ഇവരണ്ടും മുതൽക്കൂട്ടായിട്ടുണ്ടാകണം. എവിടെയെങ്കിലും ഒരു സമീകരണാവസ്ഥ നിലനിൽക്കുന്നുണ്ടാവില്ലെ?

ഇന്ന് മാധ്യമങ്ങളുടെ കുത്തൊഴുക്ക്, ആധുനിക ശാസത്രമടക്കം മനുഷ്യരാശിയുടെ അറിവുമുഴുവൻ നമ്മുടെ സ്വീകരണമുറിയിൽ എത്തിക്കുന്നുണ്ട്. പക്ഷെ നാല്പതുകളിലും അമ്പതുകളിലും വിവരസാങ്കേതിക വിദ്യ പിറക്കാനിരിക്കുന്നതേയുള്ളു. നല്ല ശാസ്ത്രഗ്രന്ഥങ്ങൾ കിട്ടുന്ന ഗ്രന്ഥശാലകൾ ആ പരിസരത്തെങ്ങും ഉണ്ടായിരുന്നില്ല. അക്കാലത്ത് തികച്ചും ഗ്രാമീണനായ അച്ഛൻ ശാസ്ത്രത്തിന്റെ പുതുപുത്തൻ ആശയങ്ങളുമായി അപ്പപ്പോൾ പരിചയപ്പെടുന്നത് അദ്ഭുതമുണ്ടാക്കുന്നു. പൊന്നാനിപോലുള്ള ഒരു നാട്ടിൻപുറത്ത് തളച്ചിട്ട ആ മനുഷ്യന് ആധുനികതയുടെ ആന്ദോലനങ്ങളെ പിടിച്ചെടുക്കാനുള്ള സ്പർശിനികളുണ്ടായിരിക്കണം.

ശാസ്ത്രത്തോട് ഇത്ര അടുത്ത ആ മനുഷ്യന്റെ ദൈവവിശ്വാസമെന്തായിരുന്നു? അമ്പലങ്ങളിൽ പോയിട്ടുണ്ടെങ്കിൽ അത് മറ്റുള്ളവർക്കു വേണ്ടിയായിരിക്കണം. അച്ഛൻ ഞങ്ങളോട് ഒരിക്കലും പ്രാർത്ഥിക്കാനായി അമ്പലത്തിൽ പോകാൻ ആവശ്യപ്പെട്ടിട്ടില്ല. പക്ഷെ ദീപാരാധന സമയത്ത് അമ്പലനടയിലുണ്ടാകുന്ന അന്തരീക്ഷം മനസ്സിനെ ശുദ്ധീകരിക്കാൻ ഉതകുമെന്ന് പറയാറുണ്ട്. അദ്ദേഹം വിശ്വസിച്ചിരുന്നത് നമ്മുടെ ജീവിതത്തിൽ വിധിയ്ക്കുള്ള അനിഷേധ്യമായ സ്വാധീനമായിരുന്നു. സ്വന്തം ജീവിതാനുഭവങ്ങളിൽനിന്ന് പഠിച്ചതാ

യിരിക്കണം അത്. പക്ഷെ ജീവിതം വിധിയ്ക്കു വിട്ടുകൊടുക്കാതെ അവനവൻ ഉണ്ടാക്കേണ്ടതാണെന്നും അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ കർമ്മങ്ങളെല്ലാം ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇത് അച്ഛനിൽ ഉൾക്കൊള്ളുന്ന വൈരുദ്ധ്യമായിട്ടാണ് എനിയ്ക്ക് തോന്നിയിട്ടുള്ളത്. ഒരു പക്ഷെ അച്ഛന്റെ കവിതകൾ പോലെ വിശ്വാസപ്രമാണങ്ങളും എനിയ്ക്കു മുഴുവൻ മനസ്സിലാവാഞ്ഞിട്ടായിരിക്കണം. മുഴുവൻ മനസ്സിലായെന്ന് ആർക്കെങ്കിലും തറപ്പിച്ചു പറയാൻ കഴിയുമെന്നും എനിയ്ക്കു തോന്നുന്നില്ല.

*എതിർദിശ, ഒക്ടോബർ 2005*

BACK TO INDEX

# ഞങ്ങളുടെ അച്ഛൻ

അച്ഛനോടൊപ്പമുള്ള ഏറ്റവും പഴയ ഓർമ്മ എനിയ്ക്ക് രണ്ടോ മൂന്നോ വയസ്സുള്ളപ്പോഴായിരുന്നു. അന്നു ഞങ്ങൾ പുത്തില്ലത്തുനിന്ന് മാറി കുറേ ദൂരത്ത് ഒരൊറ്റവീട്ടിലായിരുന്നു താമസിച്ചിരുന്നത്. വീടിന്റെ പരിസരങ്ങൾ എനിക്കോർമ്മയുണ്ട്. ചെറിയ ചതുരൻ ഉമ്മറമാണുണ്ടായിരുന്നത്. അവിടെ ഇട്ട മേശക്കുമുമ്പിൽ ഇരുന്നെഴുതുന്ന അച്ഛന്റെ മടിയിൽ ഇരുന്ന് മുമ്പിൽ കത്തിച്ചുവെച്ച മേശവിളക്കിന്റെ വെളിച്ചത്തിൽ അച്ഛൻ എഴുതുന്നതും നോക്കിയിരിക്കാറുണ്ട്. എഴുതുമ്പോൾ അച്ഛൻ കാലുകൾ വിറപ്പിച്ചുകൊണ്ടിരിക്കും. അതിന്റെ താളത്തിൽ ഞാൻ സാവധാനത്തിൽ ഉറക്കമാവും. രാവിലെ എഴുന്നേറ്റ് ഉമ്മറത്തു വന്ന് നോക്കുമ്പോൾ നിലത്തു ചിതറിക്കിടക്കുന്ന കടലാസുകഷ്ണങ്ങൾ കാണാറുള്ളത് ഇപ്പോഴും ഓർമ്മയുണ്ട്.

ഓർമ്മയിലുള്ള ചിത്രങ്ങൾ പലതാണ്. മേശക്കു മുമ്പിലിരുന്ന് ആഴ്ചപ്പതിപ്പുകാർ ആവശ്യപ്പെട്ട കവിത എഴുതിയുണ്ടാക്കാൻ പാടുപെടുന്ന അച്ഛൻ, മക്കളോടൊപ്പം തോട്ടത്തിലിരുന്ന് ചെടികളെ ശുശ്രൂഷിക്കുന്നത്. ഈ കാഴ്ച അപൂർവ്വമായിരുന്നു, കാരണം അച്ഛൻ വീട്ടിലുണ്ടാകുന്ന സന്ദർഭങ്ങൾ വിരളമാണെന്നതുകൊണ്ടുതന്നെ. ഒരു കെട്ട് ആധാരവും കക്ഷത്തിറുക്കി രാവിലെ കോടതിയ്ക്കു നടന്നുപോകുന്ന അച്ഛൻ, വൈകുന്നേരം ക്ഷീണിതനായി നടന്നു വരുമ്പോൾ കൃഷ്ണപ്പണിക്കർ വായനശാലയുടെ മുകളിലെ വരാന്തയിൽ അച്ഛനെ കാത്തുനിൽക്കുന്ന യുവാക്കളെ നോക്കി ചിരിക്കുന്നത്. ഖദർമുണ്ടിന്റെ കരയപ്പാടെ ടാറിടാത്ത റോഡിലെ ചെമ്മണ്ണിന്റെ കരയായിട്ടുണ്ടാവും. വന്ന ഉടനെ അച്ഛൻ പറയും. 'രാമ്മാഷെ ഒരു ചായ വേണം.' രാമൻ മാസ്റ്റർ അച്ഛന് മകനെപ്പോലെയാണ്. അച്ഛന്റെ ഏറ്റവും ഉറ്റ സുഹൃത്തും അച്ഛനെ അസൂയപ്പെടുത്തുമാറ് നല്ല കവിതകളെഴുതുകയും വളരെ ചെറുപ്പത്തിൽ അന്തരിക്കുകയും ചെയ്ത ഇ. നാരായണന്റെ അനുജനാണ് രാമൻ മാസ്റ്റർ. (ഇ. നാരായണന്റെ 'ഇടയന്റെ നിക്ഷേപം' എന്ന കവിതാസമാഹാരം മാത്രമെ അദ്ദേഹം ഓർമ്മയ്ക്കായി ബാക്കിവെച്ചിട്ടുള്ളൂ.) നിമിഷങ്ങൾക്കുള്ളിൽ എതിർവശത്തുള്ള ചായക്കടയിൽനിന്ന് എല്ലാവർക്കും ചായയെത്തും. എ.വി. ഹൈസ്കൂളിലെ പി. കൃഷ്ണവാരിയർ മാസ്റ്ററും ദേവസ്സി മാസ്റ്ററും നേരത്തെ എത്തിയിട്ടുണ്ടാവും. പിന്നെ എല്ലാവരും കൂടി നാടകറിഹേഴ്സലിനായി എ.വി. ഹൈസ്കൂളിലേയ്ക്കോ മിഷ്യൻ സ്കൂളിലേയ്ക്കോ യാത്രയാവാൻ അധികം സമയമുണ്ടാവില്ല. ഞങ്ങൾ കുറുപ്പേട്ടനെന്നു വിളിക്കുന്ന ടി. ഗോപാലക്കുറുപ്പും അച്ഛനുമാണ് നാടക ത്തിന്റെ സംവിധായകർ. ഓരോ നടനും എങ്ങിനെയാണ് സ്റ്റേജിൽ നിൽക്കേണ്ടത്, ഇരിക്കേണ്ടത്, പെരുമാറേണ്ടത്, സംസാരിക്കേണ്ടത് എന്നെല്ലാം അവർ കാണിച്ചുതരും. കുറുപ്പേട്ടൻ നല്ലൊരു നടനുമായിരുന്നു. അച്ഛന്റെ പല നാടകങ്ങളും അദ്ദേഹത്തിന്റെ അഭിനയചാതുരി കൊണ്ട് പ്രശംസിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിനു പുറമെ പി.കെ. ഗോപാലമേനോൻ, കെ. വി. ഡേവിഡ്, (ഒരു സിവിൽ എഞ്ചിനീയറായിരുന്ന ഡേവിഡ്, വൈകായ്

ഡാമിന്റെ നിർമ്മിതിയ്ക്കിടെ അപകടത്തിൽ മരിച്ചു.) എൻ.പി. കുമാരൻ, കെ. വി. ജോർജ്ജ്, വടക്കത്ത് ഭാസ്കരൻ, തുടങ്ങിയവർ. എനിയ്ക്കും ഭാസ്കരനും സ്ഥിരം സ്ത്രീവേഷമായിരുന്നു. അച്ഛൻ ആദ്യം രചിച്ച നാടകം 'നൂലാമാല'യായിരുന്നെങ്കിലും 'കൂട്ടുകൃഷി'യാണ് മലബാറിൽ പരക്കെ അരങ്ങേറിയത് – അതായത് നാല്പതുകളുടെ അന്ത്യത്തിലും, അമ്പതുകളുടെ തുടക്കത്തിലും. അന്ന് അഭിനയിച്ചിരുന്നവരാകട്ടെ മഹാരഥന്മാരുമായിരുന്നു. ഉറൂബ്, അക്കിത്തം, ടി. ഗോപാലക്കുറുപ്പ്, ഇ. ഹരിദാസ് തുടങ്ങിയവർ. കൂട്ടുകൃഷിയുമായി നാടുചുറ്റിയിരുന്ന കാലത്ത് എഴുതിയ 'സങ്കല്പത്തിലെ പെൺകിടാവ്' എന്ന കവിതയ്ക്കു ചേർത്ത കുറിപ്പിൽ അച്ഛൻ എഴുതുന്നു...

> *'കൂട്ടുകൃഷി' എഴുതിയതിനെത്തുടർന്ന് ഒരു സുഹൃൽസംഘം നാടകസെറ്റും ചുമന്ന് ഏറെക്കാലം നടക്കുകയുണ്ടായി, അവിസ്മരണീയങ്ങളായ പല രംഗങ്ങളും സൃഷ്ടിച്ചുകൊണ്ട്. പരസ്പരം പ്രേമബദ്ധരായ ഒരു കൂട്ടം കാമുകന്മാരെ സങ്കല്പിക്കാമെങ്കിൽ, അതാവും ആ സഹൃദയസംഘടന. കവികൾ, കാഥികന്മാർ, അധ്യാപകന്മാർ, രാഷ്ട്രീയക്കാർ – ഇങ്ങനെ പലവർഗ്ഗത്തിലും പെട്ടവർ. നാടകം കഴിഞ്ഞ് ഉറക്കമൊഴിച്ച് കനപ്പിച്ച കൺപോളകളോടെ ബസ്സും കാത്തിരുന്ന ഒരു പ്രഭാതത്തിന്റെ സ്വല്പം സ്വതന്ത്രമായ ഒരാവിഷ്കരണം.*

തൊള്ളായിരത്തി അമ്പത്തൊന്നിലോ മറ്റോ ആണ് ഈ കവിതയെഴുതിയത്, ('സങ്കല്പത്തിലെ പെൺകിടാവ്'). എനിയ്ക്ക് ഏഴോ എട്ടോ വയസ്സു പ്രായം. പിന്നീട് നാലഞ്ചു കൊല്ലം കഴിഞ്ഞപ്പോൾ ഒന്നു രണ്ടു പ്രാവശ്യം കൂട്ടുകൃഷി എ.വി. ഹൈസ്കൂളിലെ ലോങ്ഹാളിൽ അരങ്ങേറിയത് ഓർമ്മയുണ്ട്. അച്ഛന്റെ നാടകം കണ്ടതിന്റെ ഏറ്റവും പഴയ ഓർമ്മ അതാണ്. അന്ന് ആയിഷയായി അഭിനയിച്ച ദാസേട്ടൻ (ഇ. ഹരിദാസ്) സ്റ്റേജിന്റെ പിന്നിലേയ്ക്ക് ഇറങ്ങുമ്പോൾ വീണു. അബൂബക്കറായി അഭിനയിച്ച പി.സി.മാമ (ഉറൂബ്), 'അയ്യോ ന്റെ മോള് ബീണാ' എന്നു പെട്ടെന്നു പ്രതികരിച്ചത് നാടകത്തിൽത്തന്നെയുള്ള സംഭാഷണമാണെന്ന് കാണികൾ കരുതി. ഇ. ഹരിദാസിനു ശേഷം സി. ഹരിദാസും വടക്കത്ത് ഭാസ്കരനും ആയിഷയായി വേഷമിട്ടിട്ടുണ്ട്. സുകുമാരനായി വേഷമിട്ട ഡേവിഡിന്റെ അകാലമരണത്തിനു ശേഷം അനുജൻ ജോർജ്ജാണ് ആ വേഷമണിഞ്ഞിരുന്നത്. അച്ഛനായിരുന്നു സ്ഥിരം പ്രോംപ്റ്റർ. അദ്ദേഹം കർട്ടനു പിന്നിൽ ഓരോ കഥാപാത്രവും നിൽക്കുന്നിടത്തേയ്ക്കു ഓടിച്ചെന്ന് അവർക്കു പറയാനുള്ള ഡയലോഗ് പറഞ്ഞുകൊടുക്കാറുള്ളത് ഞാൻ കണ്ടിട്ടുണ്ട്. (ഒരിക്കൽ പി.സി.മാമയ്ക്ക് അച്ഛൻ പ്രോംപ്റ്റ് ചെയ്യുന്നത് കേൾക്കാനില്ലായിരുന്നു. എന്താണ് പറയേണ്ടതെന്നറിയാതെ ഒരു നിമിഷം പകച്ചുനിന്ന ശേഷം അദ്ദേഹം പറഞ്ഞു. 'പടച്ചോനെ എന്താ പറേണ്ടത്ന്ന് എനിക്കറീല്ല്യ.' പിന്നിൽ പ്രോംപ്റ്റ് ചെയ്യുന്ന നാടകകൃത്ത് തന്റെ നാടകത്തിലില്ലാത്ത സംഭാഷണം അബൂബക്കർ പറയുന്നതു കേട്ട് അമ്പരന്നെങ്കിലും ഉടൻ കാര്യം മനസ്സിലാക്കി പി.സി.മാമ ഇരിക്കുന്നിടത്തേയ്ക്ക് നീങ്ങി സംഭാഷണം പറഞ്ഞുകൊടുത്തു.) മുതിർന്നശേഷം നാടകത്തിൽ എനിയ്ക്ക് ഭാഗമൊന്നുമില്ലെങ്കിലും അച്ഛനെ ചുറ്റിപ്പറ്റി നിൽക്കാനുള്ള അമിതാവേശം കൊണ്ട് ഞാൻ അവിടെയൊക്കെ ചുറ്റിപ്പറ്റി നിൽക്കാറുണ്ട്, ചിലപ്പോഴത് ദുരന്തമാവുകയും ചെയ്യും. ഒരിക്കൽ നാടകം അവസാനിക്കുന്നതിനു തൊട്ടുമുമ്പ് കർട്ടൻ വീഴാനുള്ള വിസിൽ കൊടുത്തു. സ്റ്റേജിൽ കുറുപ്പേട്ടന് ഒരു വാചകം

കൂടി പറയാനുണ്ടായിരുന്നപ്പോഴാണ് ഞാൻ വിസിലടിച്ചതും കർട്ടൻ പെട്ടെന്നു വീഴുകയും ചെയ്തത്. അത് ആ നാടകത്തിന്റെ ഭംഗി കളഞ്ഞു. ഞാൻ അച്ഛനെ ക്ഷമാപണത്തോടെ വാടിയ മുഖത്തോടെ നോക്കി. അച്ഛന്റെ ശകാര മുണ്ടാകുമെന്നാണ് ഞാൻ കരുതിയത്. അച്ഛൻ പക്ഷെ ഇടതുകയ്യിൽ പുസ്തകവും പിടിച്ച് വലതുകയ്യിന്റെ വിരൽ കടിച്ച് എന്നെ നോക്കി അയ്യത്തടാ എന്ന മട്ടിൽ ഒരു വല്ലാത്ത ചിരിയും ചിരിച്ചു നിൽക്കുകയായിരുന്നു. ഞാൻ ഇത്രയും വിഷമിച്ച സന്ദർഭങ്ങൾ കുറവാണ്. ഞങ്ങൾ കുറച്ചു മുതിർന്നപ്പോഴെയ്ക്കും അച്ഛൻ കലാസമിതി പ്രവർത്തനങ്ങളിൽ ആമഗ്നനായിരുന്നു. അതും മറ്റു പൊതുപ്രവർത്തനങ്ങളും കഴിയുമ്പോൾ മക്കളോടൊപ്പം അധികസമയം ചെലവാക്കാൻ അച്ഛന് പറ്റിയിരുന്നില്ല. അതുകൊണ്ട് അവരിലോരോരുത്തരും അച്ഛന്റെ ശ്രദ്ധ പിടിച്ചു പറ്റാനും അച്ഛന്റെ ഒപ്പം കഴിയുന്നത്ര സമയം ചെലവഴിക്കാനും കുറുക്കുവഴികൾ തേടിയിരുന്നു. അതിൽ ഞാൻ തിരഞ്ഞെടുത്തതായിരിക്കണം സാഹിത്യരചനയും നാടകാഭിനയവും.

ഉറൂബും അക്കിത്തവും ജോലിയായി പൊന്നാനി വിട്ട ശേഷം രണ്ടോ നാലോ കൊല്ലം പൊന്നാനിയിലെ നാടകക്കളരി അത്ര സജീവമായിരുന്നില്ല. പിന്നീട് അമ്പതുകളുടെ അന്ത്യത്തിലാണ് പുതിയ ചെറുപ്പക്കാർ മുന്നോട്ടു വന്നതും അച്ഛന്റെ നാടകങ്ങൾ ഓരോന്നോരോന്നായി അരങ്ങേറാൻ തുടങ്ങിയതും. ആ കാലത്തുതന്നെയാണ് ഉറൂബിന്റെ 'തീകൊണ്ടു കളിക്കരുത്' എം. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്' എന്നീ നാടകങ്ങളും അരങ്ങേറിയത്. ഒരുപക്ഷെ നഷ്ടപ്പെട്ടുവെന്നു കരുതിയ ഒരു ലോകം വീണ്ടെടുത്തപോലെ അച്ഛനു തോന്നിയിട്ടുണ്ടാകണം. എ. മാധവൻ മാസ്റ്ററും കെ.വി. പോളും മേക്കപ്പിൽ മിടുക്കന്മാരായിരുന്നു. അവർ അണിയറയിൽ നടന്മാരെ കഷ്ടപ്പെട്ട് നടികളാക്കി മാറ്റുമ്പോൾ സംഘാടക ചുമതലയുള്ള രാമൻ മാസ്റ്റർ പിരിമുറുക്കത്തോടെ ഓടിനടക്കുന്നത് എനിക്കിപ്പോഴും ഓർമ്മയുണ്ട്. എനിയ്ക്ക് സ്ഥിരം സ്ത്രീവേഷമാണ് കിട്ടിയിരുന്നത്. അതിനും വലിയ ആയുസ്സുണ്ടായില്ല. ഞാൻ അറുപതിൽ കൽക്കത്തയ്ക്കു വണ്ടി കയറി.

കൃഷ്ണപ്പണിക്കർ വായനശാലയിലും ഞങ്ങളുടെ തറവാടായ പുത്തില്ലത്തും നടന്നിരുന്ന സാഹിത്യസല്ലാപത്തിൽ പങ്കെടുത്തിരുന്നത് കുട്ടികൃഷ്ണ മാരാര്, ഉറൂബ്, ഇ. നാരായണൻ, അക്കിത്തം, കടവനാട് കുട്ടികൃഷ്ണൻ, പി. നാരായണൻ വൈദ്യർ, ടി.വി. ശൂലപാണിവാരിയർ, ഇ. കുമാരൻ തുടങ്ങിയവരായിരുന്നു. പൊന്നാനിക്കളരി എന്നറിയപ്പെട്ടിരുന്ന ഈ സാഹിത്യസദസ്സിൽ ഒരു സാഹിത്യവിദ്യാർത്ഥിനിയും താല്പര്യത്തോടെ എല്ലാം ശ്രദ്ധിച്ചുകൊണ്ട് ഒപ്പമുണ്ടായിരുന്നു.

ഇടക്കണ്ടി തറവാട്ടിലെ രാഘവൻ നായരാണ് താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെട്ടിരുന്ന ഇടശ്ശേരിയെ പുത്തില്ലത്തേയ്ക്ക് കൊണ്ടുവന്നത് - മരുമകൾ ജാനകിയ്ക്ക് ട്യൂഷനു വേണ്ടിയായിരുന്നു. (*ബോധപൂർവ്വം യാതൊന്നും പഠിച്ചില്ല. വ്യവസായശീലം ഉണ്ടായിരുന്നില്ല. ഇത്രത്തോളമായ സ്ഥിതിക്ക് കുറച്ചു വ്യാകരണം പഠിച്ചാൽക്കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ, ചൊല്ലിത്തരാനുള്ള ഒരു ഗുരുവിനെയല്ല കിട്ടിയത്, ചൊല്ലിക്കൊടുക്കാനുള്ള ഒരു ശിഷ്യയെയാണ് - നന്നായി. അതിന്നുവേണ്ടിയെങ്കിലും ഏതാനും പാഠങ്ങൾ മനസ്സിരുത്തി വായിക്കുവാൻ തരമായി. - 'കവിത എന്റെ ജീവിതത്തിൽ - ഇടശ്ശേരി.'*)

ഗുരുശിഷ്യകളായീ തെല്ലിട, ഞാനെന്മുന്നി-
ലിരുന്നു വായിച്ചു നീ 'രാജാധിരാജൻ' തൻ ഗ്രന്ഥം.
എന്തൊക്കെപ്പഠിപ്പിച്ചെന്നെന്നുള്ളിൽ വരുന്നീലി-
ന്നെങ്കിലും ചിരിച്ചു പോകുന്നു ഞാനൊന്നോർക്കുമ്പോൾ
ഇടയ്ക്കു പരസ്പരം നാം 'തൊട്ടു തലയിൽ വെ-
ച്ചിടു'വാനിടയാംമട്ടറിയാതറിയാതെ
കാലുകൾ മുട്ടിപ്പോമ്മാറത്രയും വീതികുറ-
വേലുമമ്മരമേശ; എങ്ങുപോയതു പിന്നെ?
(അശോകമഞ്ജരി)

ഈ ശിഷ്യയാകട്ടെ ഇഷ്ടപ്പെട്ട കവിതകളെല്ലാം അച്ചടികോപ്പി കയ്യിലുണ്ടെങ്കിലും ഒരു നോട്ടുപുസ്തകത്തിൽ പകർത്തിവെയ്ക്കാൻമാത്രം കവിതാഭ്രാന്തുള്ളവളും.

*'കവിത എനിക്ക് എന്റേതായ ഒരു കുടുംബത്തെയും ഉണ്ടാക്കിത്തന്നു. ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ പുഷ്പബാണവിലാസത്തിന് ഞാൻ കുത്തിക്കുറിച്ചിട്ടിരുന്ന പരിഭാഷവരെയുള്ള നിരവധി കൃതികൾ പദ്യരൂപത്തിലാണെന്നുള്ള ഒരേ കാരണംകൊണ്ട് ഒരേ നോട്ടുപുസ്തകത്തിൽ പകർത്തുവെയ്ക്കാൻ മാത്രം കവിതക്കമ്പവും വിഡ്ഢിത്തവുമായി ഒരു വധുവിനെ എനിക്കു വേണ്ടിത്തന്നെ യാവണം ബ്രഹ്മാവു കരുതിവെച്ചിരുന്നത്.'*

കുമാരനാശാന്റെ കാവ്യങ്ങളെല്ലാം തന്നെ ഇങ്ങിനെ നോട്ടുപുസ്തകത്തിൽ എഴുതിവച്ചത് വീട്ടിലുണ്ട്. രാഘവമ്മാമ കാൻസർ പിടിച്ച് അവശനായി പൊന്നാനി ജനറൽ ആശുപത്രിയിൽ കിടക്കുമ്പോൾ അച്ഛനാണ് പരിചരിച്ചിരുന്നത്. അച്ഛൻ നെഞ്ഞിൽ തലോടിക്കൊടുക്കുമ്പോൾ വേദന മാറുന്നുവെന്ന് അദ്ദേഹം പറയാറുണ്ട്. ഞങ്ങൾക്ക് ഓർമ്മവെച്ചു തുടങ്ങിയപ്പോഴേയ്ക്ക് പൊന്നാനിക്കളരി എന്നറിയപ്പെട്ടിരുന്ന സാഹിത്യസദസ്സ് നേർത്ത് ഇല്ലാതായിരുന്നു. കുട്ടികൃഷ്ണമാരാരും ഉറൂബും അക്കിത്തവും കടവനാടനും ജോലിയായി കോഴിക്കോട്ടു പോയി. കവിയായ ഇ. നാരായണനും ചെറുകഥാകൃത്തായ ഇ. കുമാരനും ചെറുപ്പത്തിലേ മരിച്ചു. അച്ഛന് വളരെ ഏകാന്തത തോന്നിയിട്ടുണ്ടാകണം. അതിൽനിന്ന് അല്പം ആശ്വാസം ലഭിച്ചിരുന്നത് കലാസമിതി പ്രവർത്തനങ്ങൾ കൊണ്ടായിരിക്കണം.

പുത്തില്ലത്ത് ഒരു കാലത്ത് ധാരാളം അംഗങ്ങളുള്ള കൂട്ടുകുടുംബമായിരുന്നു. സ്വാഭാവികമായും ഇടയ്ക്ക് അപസ്വരങ്ങൾ ഉയരും. അത് വഴക്കായി മാറും, പ്രത്യേകിച്ച് ചെറുപ്പക്കാരുടെ ഇടയിൽ. അച്ഛൻ വൈകുന്നേരം കോടതിയിൽനിന്ന് വന്നാൽ പല ദിവസങ്ങളിലും അവരെ മേശക്കു ചുറ്റും ഇരുത്തി സംസാരിച്ച് വഴക്കു തീർക്കാറുണ്ട്. നല്ലൊരു നീതിമാനായിരുന്നതുകൊണ്ട് അച്ഛന്റെ മാദ്ധ്യസ്ഥ്യം വീട്ടിലെന്നല്ല നാട്ടിൽത്തന്നെ പരക്കെ സ്വീകാര്യമായിരുന്നു. അതുപോലെ ശരിയായിട്ടുള്ള കാര്യങ്ങളേ ചെയ്യാൻ പാടു എന്ന നിർബ്ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. തല്ക്കാലത്തേയ്ക്കുള്ള ലാഭമല്ല സ്ഥിരമായിട്ടുള്ള നൈതികതയാണ് അദ്ദേഹത്തിന് അഭികാമ്യം. ഒരിക്കൽ ഞങ്ങളുടെ ഒരു ബന്ധു ജോലിയെടുത്തിരുന്ന സ്കൂളിൽ നിന്ന് ഒരു ടിൻ പാൽപ്പൊടി വീട്ടാവശ്യത്തിനായി എടുത്തു കൊണ്ടുവന്നു. സ്കൂളിൽ അമേരിക്കക്കാർ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി സൗജന്യമായി വിതരണം ചെയ്തി

രുന്ന പാലാണത്. അത് എടുത്തുകൊണ്ടുവരുന്നത് മോഷണത്തിനു തുല്യമാണെന്നും അത് പിറ്റെ ദിവസം തന്നെ തിരിച്ചുകൊടുക്കണമെന്നും അച്ഛൻ നിർദ്ദേശിച്ചു. സ്കൂളുകളിൽ ഇതു സാധാരണ നടക്കുന്ന കാര്യമായതിനാൽ ബന്ധുവിനതിൽ അപാകതയൊന്നും തോന്നിയില്ല. അച്ഛൻ കുറേ നേരം ശരിതെറ്റുകളെപ്പറ്റി പറഞ്ഞുകൊടുത്ത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി.

അച്ഛൻ ഇടയ്ക്കിടക്ക് പുത്തില്ലത്തുനിന്ന് അമ്മയെയും മക്കളെയും കൂട്ടി മാറിത്താമസിക്കാറുണ്ടായിരുന്നു. പിന്നീട് കൂട്ടുകുടുംബം ഭാഗംവെച്ച് പിരിഞ്ഞു. ഞങ്ങൾ മാത്രമായി ആ വീട്ടിൽ. ഒരിക്കൽ അനുജത്തി ഗിരിജയ്ക്കു പെൻസിൽ വാങ്ങാൻ തന്ന അരയണ ഞാൻ പോക്കറ്റിലിട്ടു മറന്നു. വീട്ടിൽ എത്തിയ ഉടനെ ട്രൗസറഴിച്ച് തിരുമ്പാൻ ഇട്ടതുകൊണ്ട് ആ പണം എവിടെയാണെന്നു മറന്നിരുന്നു. അച്ഛൻ ചോദിച്ചപ്പോൾ പെൻസിൽ വാങ്ങാൻ മറന്നുവെന്നു പറഞ്ഞു, പക്ഷെ പണമെവിടെയാണെന്ന് പറയാൻ എനിയ്ക്കു പറ്റിയതുമില്ല. ഞാൻ ആ പണമെടുത്ത് എന്തോ വാങ്ങിത്തിന്ന് അച്ഛനോട് നുണ പറയുകയാണെന്നു കരുതി അച്ഛൻ എന്നെ വല്ലാതെ ശിക്ഷിച്ചു. അടിയുടെ വേദനയും ചെയ്യാത്തൊരു കുറ്റത്തിനാണ് ശിക്ഷിക്കപ്പെടുന്നത് എന്നതിലുള്ള രോഷവും സഹിക്കവയ്യാതായപ്പോൾ ഞാനൊരു നുണ പറഞ്ഞു. 'ആ പണം കൊണ്ട് ഞാൻ മിട്ടായി വാങ്ങിത്തിന്നു.' അതോടെ അച്ഛൻ അടി നിർത്തി. ആ അരയണ പിറ്റേന്ന് ട്രൗസർ തിരുമ്പുമ്പോൾ അമ്മയ്ക്ക് പോക്കറ്റിൽ നിന്ന് കിട്ടി. ആ സംഭവം കുറെക്കാലം എന്റെ മനസ്സിൽ കിടന്നു. സത്യം പറഞ്ഞതിന് കടുത്ത ശിക്ഷ ലഭിച്ച് ചെയ്യാത്ത കുറ്റം ചെയ്തുവെന്ന് നുണ പറയേണ്ടി വന്നത് ഒരു വിരോധാഭാസമായി എനിയ്ക്കു തോന്നി. അപൂർവ്വമായെ അച്ഛൻ അടിച്ചിട്ടുള്ളു. ശിക്ഷിച്ചാൽ അന്ന് വൈകുന്നേരം എന്തെങ്കിലും തിന്നാൻ വാങ്ങിക്കൊണ്ടുവരാറുണ്ട്. അത് എല്ലാവരും, എന്നെ ഒറ്റിക്കൊടുത്ത അനുജത്തിയടക്കം തിന്നുന്നത് അത്ര സുഖമുള്ള ഏർപ്പാടായിരുന്നില്ല. എന്തു ചെയ്യാം.

തിരക്കുകൾക്കിടയിലും അച്ഛൻ മക്കളുടെ കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ഞാനും സതീശേട്ടനും വായനയിൽ കൂട്ടുകാരായിരുന്നു. രണ്ടു വയസ്സിന്റെ വ്യത്യാസമേ ഉള്ളുവെങ്കിലും ജ്യേഷ്ഠന് എന്നേക്കാൾ ലോകവിവരമുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ച് ലൈബ്രറിയിൽ പോകും എടുക്കേണ്ട പുസ്തകത്തെപ്പറ്റി സംസാരിക്കും. ഒരിക്കൽ എമിലി സോളെയുടെ ഒരു പുസ്തകം (നാന എന്നാണ് എന്റെ ഓർമ്മ) എടുത്തു കൊണ്ടുവന്നപ്പോൾ അച്ഛൻ പറഞ്ഞു, നിങ്ങൾക്കതു വായിക്കാറായിട്ടില്ല. കുറച്ചുകൂടി വലുതായിട്ട് വായിച്ചാൽമതി എന്ന്. ഭാസ്കരാചാര്യരുടെ 'ലീലാവതി' എടുത്തുകൊണ്ടുവന്നപ്പോൾ അച്ഛൻ ചോദിച്ചു. 'അതൊരു നോവലാണെന്നു കരുതി എടുത്തതാണോ?' അതു ഗണിതശാസ്ത്രഗ്രന്ഥമാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങളുടെ വായനയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്കൂൾ ലൈബ്രറിയിൽനിന്ന് നിത്യേനെ എടുത്തുകൊണ്ടുവരുന്ന ഡിറ്റക്ടീവ് നോവലുകളെപ്പറ്റി അദ്ദേഹം ഒന്നും പറയാറില്ല.

അപൂർവ്വമായി കിട്ടുന്ന ഒഴിവുസമയങ്ങളിൽ അച്ഛൻ ഞങ്ങളോട് പല വിഷയങ്ങളെപ്പറ്റിയും സംസാരിക്കാറുണ്ട്. പ്രാധാനമായും ശാസ്ത്രവിഷയങ്ങളെപ്പറ്റി. ഞങ്ങൾ കുട്ടികളെല്ലാവരും, അച്ഛന്റെ ചുറ്റും കൂടുകയും എന്തെങ്കിലും സംശയം ചോദിക്കുകയും ചെയ്തിരുന്നു. രാത്രി ഊണു കഴിഞ്ഞ് മുറ്റത്തിരുന്ന്

നക്ഷത്രാവൃതമായ ആകാശത്തേയ്ക്കു നോക്കി പ്രപഞ്ചസൗന്ദര്യമാസ്വദിക്കുന്ന ഞങ്ങൾക്ക് ആ സൗന്ദര്യത്തിനു പിന്നിൽ നടക്കുന്ന ഭീകരമായ പ്രക്രിയകൾ പറഞ്ഞു തന്നിരുന്നു അദ്ദേഹം. (*ഇതിനെപ്പറ്റി മുമ്പ് കൊടുത്ത ലേഖനത്തിൽ പറഞ്ഞതുകൊണ്ട് ഇതിൽനിന്ന് നീക്കിയിരിക്കുന്നു.*)

ഞാനും സതീശേട്ടനും കൽക്കത്തയിൽ ജോലിയെടുത്തിരുന്ന കാലത്ത് അച്ഛന്റെ കത്തുകൾ ഇടവിടാതെ വന്നിരുന്നു. സതീശേട്ടൻ തന്റെ പ്രശ്നങ്ങൾ അച്ഛനെ അറിയിക്കാറുണ്ട്. ജോലി സ്ഥിരമാവാത്തതിനെപ്പറ്റി, ഒപ്പം താമസിക്കുന്നവരുമായുണ്ടാകുന്ന പ്രശ്നങ്ങൾ, അപ്പപ്പോൾ വായിക്കുന്ന പുസ്തകങ്ങളെപ്പറ്റി സംശയങ്ങൾ, അങ്ങിനെ ഓരോന്ന്. ഹാർപ്പർ ലീയുടെ 'ടു കിൽ എ മോക്കിങ് ബേഡ്' എന്ന പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ ഏട്ടൻ അതിലെ കഥാപാത്രങ്ങളെപ്പറ്റി, നോവലിന്റെ പല സന്ദർഭങ്ങളെപ്പറ്റി അച്ഛന് നീണ്ട കത്തുകൾ എഴുതാറുണ്ട്. അച്ഛൻ ഓരോ കത്തിനും മറുപടി എഴുതും. ഏകദേശം ഒന്ന് ഒന്നര മാസത്തോളം അച്ഛനും സതീശേട്ടനും തമ്മിൽ ഒരു സംവാദം നടന്നപോലെയായിരുന്നു. ഞാനാകട്ടെ ആ നോവൽ വായിച്ചു, ഇഷ്ടപ്പെട്ടു. അത്രമാത്രം. എന്താണതിനിത്ര സംസാരിക്കാനെന്ന മട്ടിൽ നിൽക്കുകയായിരുന്നു.

ദൂരെ താമസിക്കുന്ന മക്കളോട് അച്ഛനുണ്ടായിരുന്ന ഉൽക്കണ്ഠ വളരെ പ്രകടമായിരുന്നു. ഞാൻ കല്യാണം കഴിഞ്ഞ് ദില്ലിയിലേയ്ക്കു പോയത് വിന്ററിന്റെ അവസാനത്തിലായിരുന്നു. വിന്റർ കഴിഞ്ഞതോടെ ചൂട് കൂടിവന്നു. ഞങ്ങൾ താമസിച്ചിരുന്നത് സൗത് എക്സ്റ്റൻഷനിൽ ഒരു ബർസാത്തി(കെട്ടിടത്തിന്റെ ടെറസ്സിലുള്ള മുറി)യിലായിരുന്നു. ലളിതയ്ക്ക് ചൂടു താങ്ങാനായില്ല. അതറിഞ്ഞപ്പോൾ ചൂടിനെ ചെറുക്കാൻ നല്ലതാണെന്ന് പറഞ്ഞ് അച്ഛൻ കുറെ കൂവപ്പൊടി കൊടുത്തയക്കുകയുണ്ടായി. അതുപോലെ അവളെ രണ്ടുമാസത്തേയ്ക്ക് അടുക്കളയിൽ കയറ്റേണ്ടെന്നും ഹോട്ടലിൽനിന്ന് ഭക്ഷണം വരുത്തിയാൽ മതി യെന്നും എഴുതി. പിന്നെ രണ്ടു മാസം അവൾക്കു സുഖവാസമായിരുന്നു.

അച്ഛനും അമ്മയ്ക്കും മൃഗങ്ങളോട് പ്രത്യേക വാത്സല്യമുണ്ടായിരുന്നു. പാവം മിണ്ടാപ്രാണികളാണ്, അവയെ ഉപദ്രവിക്കരുത് എന്നു പറയാറുണ്ട്. വൈകുന്നേരം കോടതിയിൽനിന്ന് വീട്ടിലെത്തിയാൽ പശുവിനെ കെട്ടിയിട്ടയിടത്ത് പോയി അതിനോട് വാത്സല്യത്തോടെ സംസാരിക്കാറുണ്ട്. 'എന്താ മോളെ വയറു നിറഞ്ഞില്ലേ?.....' അതിന്റെ മേലൊക്കെ തലാടും, മുഖം ചൊറിഞ്ഞുകൊടുക്കും. ഒരിക്കൽ ഞാൻ ഒരു ചെറിയ കണ്ടത്തിൽ ചോളം നട്ടിരുന്നു. നല്ല ആരോഗ്യമുള്ള ചെടികൾ, ഏകദേശം ഒരടി ഉയരത്തിൽ പച്ചപ്പു സൃഷ്ടിച്ചുകൊണ്ട് അതു കാറ്റിലാടുന്നതു കാണാൻ നല്ല ഭംഗിയായിരുന്നു. വൈകുന്നേരം പറമ്പിൽ കെട്ടിയിട്ടിടത്തുനിന്ന് അഴിച്ചാൽ പശുവിന് ഒരോട്ടമുണ്ട്. പിടിച്ചാൽ കിട്ടുകയില്ല. അന്ന് അതോടി വന്നു നിന്നത് എന്റെ ചോളവയലിനു മുമ്പിലാണ്. പിന്നെ ഒന്നും ആലോചിക്കാതെ അവൾ നിമിഷനേരംകൊണ്ട് അതു മുഴുവൻ അകത്താക്കി. ഞാൻ ചെന്നപ്പോൾ കാണുന്നത് വെറും കുറ്റികൾ മാത്രം. എനിയ്ക്കു വല്ലാതെ ദേഷ്യം വന്നു, ഞാനതിനെ കുറേ ചീത്ത പറഞ്ഞു, അടിച്ചു. അമ്മ വന്ന് തടുത്തുവെങ്കിലും എന്റെ രോഷം അടങ്ങിയിരുന്നില്ല. അച്ഛൻ വന്നപ്പോൾ കുട്ടികളാരോ ഇതു പറഞ്ഞു കൊടുത്തു. അദ്ദേഹം ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. 'നന്നായി ഒരു ദിവസമെ

ങ്കിലും അവളുടെ വയർ നിറഞ്ഞല്ലൊ.' ശരിക്കു പറഞ്ഞാൽ അച്ഛനും ദിവസേന രാവിലെ എന്റെ ചോളകൃഷി കണ്ട് ആസ്വദിക്കാറുള്ളതാണ്. അതു പൂവിട്ട് കായ്ക്കുന്നതും സ്വപ്നം കണ്ടിട്ടുണ്ടാവണം. പക്ഷെ പാവം മിണ്ടാപ്രാണിയായ പശു അതു തിന്ന് വയർ നിറച്ചപ്പോൾ അച്ഛന് സന്തോഷമാവുകയാണുണ്ടായത്.

ഒരിക്കൽ പക്ഷെ, അടുത്തെവിടെയോ ഉള്ള കാടൻ പൂച്ച അടുക്കളയിൽ വന്ന് പാൽ കട്ടുകുടിക്കുന്നത് സ്വഭാവമാക്കിയപ്പോൾ അച്ഛന് സഹിച്ചില്ല. കുട്ടികൾക്ക് കുടിയ്ക്കേണ്ട പാലാണ് അതു വന്ന് കുടിക്കുന്നത്. ഒരു ദിവസം പെട്ടെന്നുണ്ടായ കോപത്തിൽ അച്ഛൻ ഒരു കൊള്ളിയെടുത്ത് ആ പൂച്ചയെ എറിഞ്ഞു. അങ്ങിനെയൊന്നും പതിവില്ലാത്തതാണ്. ഏറുകൊണ്ട് പൂച്ച പിടയാൻ തുടങ്ങി, വല്ലാതെ കരയാനും. അച്ഛൻ ഓടിച്ചെന്ന് അതിനെ ശുശ്രൂഷിച്ചു. അര മണിക്കൂർകൊണ്ട് അതിന്റെ അസ്വാസ്ഥ്യമെല്ലാം മാറി. അന്നുതൊട്ട് അത് അച്ഛനോട് വല്ലാത്ത ലോഗ്യം കാണിക്കാൻ തുടങ്ങി. അച്ഛൻ ഞങ്ങളോടു പറഞ്ഞു. നോക്കൂ, ഇതാണ് മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം. അതിനെ നമ്മൾ ഉപദ്രവിച്ചത് അതോർമ്മിയ്ക്കുന്നില്ല. അതിന്റെ മനസ്സിൽ നമ്മൾ അതിനോടു കാണിച്ച സ്നേഹം മാത്രമേയുള്ളു. ഓരോ സംഭവത്തിൽനിന്നും അദ്ദേഹം ഒരു ജീവിതസത്യം പഠിക്കുകയും അത് മക്കളോടു പറയുകയും ചെയ്തു,

ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ കവിതയും. അച്ഛൻ സ്വന്തം കവിതയെപ്പറ്റി മക്കളോടു സംസാരിച്ചിരുന്നില്ല. മറിച്ച് ഓരോ കവിതയും തിരക്കിനിടയിലും അമ്മയോട് ചൊല്ലിക്കേൾപ്പിക്കാൻ ആവശ്യപ്പെടാറുണ്ട്. അമ്മയുടെ അഭിപ്രായവും ശ്രദ്ധിക്കാറുണ്ട്. പക്ഷെ വ്യത്യാസമുണ്ട് സാഹിത്യത്തെപ്പറ്റിയുള്ള അറിവിൽ അമ്മയുടെ നാലയലത്തുപോലും മക്കൾ നിന്നിരുന്നില്ല. അമ്മ വിവാഹത്തിനു മുമ്പ് കവിതയും കഥയും എഴുതിയിരുന്നു. അവരുടെ രചനകൾ മാതൃഭൂമിയിൽ പതിവായി വന്നിരുന്നു. ടാഗോറിന്റെയും കെ.എ. അബ്ബാസിന്റെയും കൃതികൾ മൊഴിമാറ്റം നടത്തിയിരുന്നു. കുട്ടികൃഷ്ണമാരാര്, ഉറൂബ്, അക്കിത്തം, എം. ഗോവിന്ദൻ, അന്ന് വിവാഹത്തെപ്പറ്റി ആലോചിക്കുക പോലും ചെയ്യാത്ത ഇടശ്ശേരി തുടങ്ങിയ മഹാരഥന്മാരുടെ സംസാരം ഇരുപതാം വയസ്സിൽ കേട്ടാസ്വദിക്കാനും ഇടയ്ക്ക് അവരുടെ ഉയർന്ന നിലവാരത്തിലുള്ള നർമ്മസംഭാഷണങ്ങളിൽ പങ്കുചേരാനും കഴിവുമുണ്ടായിരുന്ന അമ്മ എനിയ്ക്ക് എന്നും അസൂയയുണ്ടാക്കിയിരുന്നു. അച്ഛന്റെ വിവാഹം കഴിഞ്ഞത് തൊള്ളായിരത്തി മുപ്പത്തെട്ടിലാണ്. വിവാഹത്തിനു ശേഷം സ്വന്തം സാഹിത്യശ്രമങ്ങൾ ഉപേക്ഷിക്കുകയാണ് അമ്മ ചെയ്തത്. ഒരു വലിയ മനുഷ്യന്റെ ഉയർച്ചയ്ക്കു വേണ്ടി വളമായി മാറാൻ സ്വയം തീരുമാനിയ്ക്കുക! അതൊരു വലിയ ത്യാഗമായിരുന്നു. പക്ഷെ സ്വന്തം ജീവിതം തന്നെ മറ്റുള്ളവർക്കു വേണ്ടി ഉഴിഞ്ഞിട്ട ഒരു വലിയ മനുഷ്യന്റെ മുമ്പിൽ സ്വന്തം ത്യാഗത്തിന്റെ പ്രഭ മങ്ങുന്നതായി അമ്മ യ്ക്കു തോന്നിയിട്ടുണ്ടാവണം.

*ഇന്ദീവരം, 2011 ജൂലൈ, ആഗസ്റ്റ്*

BACK TO INDEX

# അച്ഛന്റെ ഓർമ്മയിൽ

ഞാൻ വളരെ ചെറുപ്പത്തിൽ ജോലിയന്വേഷിച്ച് കൽക്കത്തയിലേയ്ക്കു പോയി. ആദ്യത്തെ പ്രാവശ്യം നാട്ടിൽ വന്നത് രണ്ടു കൊല്ലത്തിനു ശേഷമാണ്. ഒരു മാസം മുമ്പുതന്നെ അതിനുള്ള ഒരുക്കൂട്ടൽ തുടങ്ങി. ഓരോരുത്തർക്കും എന്തു വാങ്ങണമെന്ന് ആലോചിച്ചു കണ്ടുപിടിച്ചു. സഹോദരന്മാർക്ക് തുണിത്തരങ്ങളാണ് ആവശ്യം. അമ്മയ്ക്കും അതുതന്നെയാവും വേണ്ടതെന്നറിയാം. അതെല്ലാം വാങ്ങിവച്ചു. ഏറ്റവും അവസാനം അച്ഛന് എന്താണ് വാങ്ങുക എന്ന് ആലോചിക്കുകയായിരുന്നു. അമ്മയ്ക്ക് എഴുതി ചോദിക്കാൻ പറ്റില്ല. 'നീ ഒന്നും വാങ്ങണ്ട, ഒന്ന് വേഗം വന്നാൽ മാത്രം മതിയെന്നായിരിക്കും മറുപടി. രണ്ടുകൊല്ലത്തെ വേർപാട് അമ്മയെ വല്ലാതെ തളർത്തിയിരുന്നു. അവസാനം അച്ഛനും രണ്ട് മുണ്ടും ഷർട്ടിനുള്ള തുണിയും വാങ്ങാമെന്നു കരുതി ഒരു ഖാദി സ്റ്റോറിൽ കയറി. മുതിർന്നതിനുശേഷം ഖദറല്ലാതെ മറ്റൊരു വസ്ത്രവും ധരിച്ചിട്ടില്ല അച്ഛൻ. അതും ചാക്കുപോലെ പരുപരുത്ത വസ്ത്രങ്ങൾ മാത്രം. അമ്മ എന്നെങ്കിലും വിവാഹമോചനത്തിന്നുള്ള അപേക്ഷയുമായി രജിസ്ട്രാറുടെ ഓഫീസ് കയറിയിട്ടുണ്ടെങ്കിൽ അത് കട്ടിയുള്ള ആ ഖദർ മുണ്ടും ഷർട്ടും തിരുമ്പി കഷ്ടപ്പെട്ടിട്ടാവണം. അങ്ങിനെ കയറിയിറങ്ങിയതായി ചരിത്രമൊന്നുമില്ല, പക്ഷെ.

ഞാൻ നോക്കിയപ്പോൾ ഖദറുതന്നെ കുറെക്കൂടി നല്ല ഇനങ്ങളുണ്ട് എന്നു മനസ്സിലായി. കട്ടി കുറഞ്ഞ് മിനുസമുള്ള, കുറെക്കൂടി മനുഷ്യത്വമുള്ള ഇനങ്ങൾ. എനിയ്ക്കു സന്തോഷമായി. ഞാൻ എറ്റവും നല്ല ഇനം നോക്കി രണ്ടു ജോടി വാങ്ങി. വിലയൊന്നും നോക്കിയില്ല. ആദ്യമായി അച്ഛന് ഒരു സാധനം കൊടുക്കുകയാണ്, ഞാൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണം കൊണ്ട്. ഉദാത്തമായൊരനുഭൂതിയാണത്.

പക്ഷെ രണ്ടു ദിവസത്തെ വണ്ടിയാത്ര കഴിഞ്ഞ് നാട്ടിലെത്തി ഈ ഉപഹാരം അച്ഛനു സമർപ്പിച്ചപ്പോൾ ഉണ്ടായ പ്രതികരണം ഞാൻ തീരെ പ്രതീക്ഷിക്കാത്തതായിരുന്നു. അച്ഛൻ ദ്വേഷ്യപ്പെടുകയാണുണ്ടായത്. രണ്ടു കാരണങ്ങൾ. ഒന്നാമതായി അച്ഛനു ഇപ്പോൾ മുണ്ടും ഷർട്ടും ആവശ്യമില്ല. രണ്ടാമതായി അച്ഛൻ ഇത്ര മിനുസമുള്ള വസ്ത്രങ്ങൾ ധരിക്കില്ല. കൂടാതെ അച്ഛൻ പറയാത്ത ഒരു കാര്യം കൂടിയുണ്ടെന്ന് എനിയ്ക്കു മനസ്സിലായി. ഞാൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണം അച്ഛനുവേണ്ടി ചെലവാക്കിയെന്നത്. അച്ഛൻ ആദ്യം പറഞ്ഞ കാര്യം, അതായത് ഇപ്പോൾ മുണ്ടും ഷർട്ടും ആവശ്യമില്ല എന്നത് ശരിയല്ലെന്ന് പിന്നീട് അമ്മ പറഞ്ഞു. ഇപ്പോൾ ഉടുക്കുന്ന മുണ്ടും ഷർട്ടും കുറേ മുമ്പ് വാങ്ങിയതാണ്. അതെല്ലാം പിന്നിത്തുടങ്ങി. രണ്ടാമത്തെ കാര്യം അച്ഛന്റെ ഇഷ്ടമാണ്. ചാക്കുപോലെയുള്ള ഷർട്ടും മുണ്ടും ഒരിക്കൽ ഇസ്തിരിയിട്ടതിന്തന്നെ അമ്മയ്ക്ക് ധാരാളം ശകാരം കേൾക്കേണ്ടി വന്നിട്ടുണ്ട്. അതിനുശേഷം ഇസ്തിരിപ്പെട്ടിയുമായി അമ്മ അച്ഛന്റെ അടുത്തൊന്നും പോയിട്ടില്ല. പരുക്കൻ സ്വഭാവം തന്റെ സാഹിത്യത്തിൽ മാത്രമല്ല താൻ ധരിക്കുന്ന

വസ്ത്രത്തിലും വേണമെന്ന് ശാഠ്യമുണ്ടായിരുന്നു അച്ഛന്. ഭാരതത്തിലെ എല്ലാ നിർദ്ധനരും വസ്ത്രം ധരിച്ചാലെ താനും സാധാരണ വസ്ത്രങ്ങൾ ധരിക്കുകയുള്ളു എന്നു ശഠിച്ച ഒരു മഹാത്മാവിന്റെ അനുയായിയിൽ നിന്ന് ഇതല്ലെ പ്രതീക്ഷിക്കാവൂ.

എന്തായാലും എനിയ്ക്ക് വളരെ വിഷമമായി. അതു തിരിച്ചുകൊണ്ടു പോയി കുറേക്കൂടി പരുക്കൻ വസ്ത്രങ്ങൾ വാങ്ങിയെന്നാണ് എന്റെ ഓർമ്മ. പക്ഷെ തിരിച്ചു കൊണ്ടുപോകുന്നതിനു മുമ്പ് അച്ഛൻ ആ വസ്ത്രങ്ങൾ തൊട്ടു നോക്കിയിട്ടുണ്ടാകണം. മകന്റെ കുട്ടിക്കാലത്തെ ഓർമ്മ അദ്ദേഹത്തിന്റെ മനസ്സിൽ വന്നിട്ടുണ്ടാകണം. ആദർശത്തിന്റെ പേരിൽ മകൻ കൊണ്ടുവന്ന വസ്ത്രങ്ങൾ ഉപയോഗിക്കാൻ പറ്റാഞ്ഞതിൽ അദ്ദേഹം ഖേദിച്ചിട്ടുണ്ടാവും. വളരെ കുട്ടിക്കാലത്ത്, എനിയ്ക്ക് ഒരു വയസ്സോ മറ്റൊ ആയിട്ടെ ഉള്ളു. ഒരിക്കൽ എനിയ്ക്ക് എന്തോ അസുഖം വന്നപ്പോൾ നിരന്തരം വാശിപിടിച്ച് കരഞ്ഞ എന്നെയുമെടുത്ത് അച്ഛൻ രാത്രി മുഴുവൻ നടന്നിട്ടുണ്ടെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. ഒരു രാത്രിയല്ല, തുടർച്ചയായ രാത്രികൾ. വല്ലാതെ ഉറക്കം വന്ന് കണ്ണുകളടഞ്ഞുപോകുമ്പോൾ അച്ഛൻ എന്നെയുമെടുത്ത് ചുമരിൽ തലചായ്ച്, നിന്നുകൊണ്ട് ഉറങ്ങിയിട്ടുണ്ടത്രെ.

ഖാദി ഒരു വസ്ത്രധാരണം മാത്രമല്ല, അതൊരു തത്വശാസ്ത്രവും അനുകരിക്കപ്പെടേണ്ട ഒരാദർശവും കൂടിയാണെന്ന് അച്ഛൻ ഞങ്ങളോട് പറയാറുണ്ട്. കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാവുന്ന പ്രായമായ എന്നോടും സതീശേട്ടനോടുമായിരുന്നു അതെല്ലാം പറഞ്ഞിരുന്നത്. സ്വന്തം ഉടുവസ്ത്രത്തിന്നാവശ്യമുള്ള നൂൽ അവനവൻതന്നെ നൂറ്റുണ്ടാക്കുക എന്നതാണ് കാമ്യമെന്നദ്ദേഹം പറഞ്ഞു. ഞങ്ങൾക്ക് നൂൽക്കുവാൻ രണ്ടു ചർക്കകളും വാങ്ങിത്തന്നിരുന്നു. ഒന്നുരണ്ടു കൊല്ലക്കാലം ഞങ്ങൾ അതു മുടക്കാതെ കൊണ്ടുനടന്നു. പാവപ്പെട്ടവരുടെ കാമധേനുവാണ് ചർക്കയെന്ന് 'ഋഷിയുടെ ധേനു' എന്ന കവിതയിൽ അച്ഛൻ പറയുന്നുണ്ട്. ഞങ്ങളോട് ഖദറുടുക്കുവാൻ പറഞ്ഞത് മാത്രം ഞങ്ങൾ സമ്മതിച്ചില്ല. സഹപാഠികളിൽനിന്ന് വേറിട്ടു നിൽക്കുമെന്ന ഭയം കൊണ്ടോ അവരുടെ പരിഹാസപാത്രമാവുമെന്ന മിഥ്യാബോധം കൊണ്ടോ എന്നറിയില്ല. വസ്ത്രധാരണത്തിലുള്ള പരുക്കൻ സ്വഭാവം പക്ഷെ പെരുമാറ്റത്തിലില്ല. അദ്ദേഹം വളരെ സൗമ്യനായിരുന്നു, സ്നേഹസമ്പന്നനും. വീട്ടിലെന്നല്ല പൂറത്തും അദ്ദേഹം ഒരുപോലെയായിരുന്നു. അതുകൊണ്ടായിരിക്കണം നാട്ടുകാർ മുഴുവനും അദ്ദേഹത്തെ സ്വന്തം ഗോയിന്നേട്ടനായി, അല്ലെങ്കിൽഗോയിന്നായരായി കരുതിയതും അവരുടെ എന്തു പ്രശ്നങ്ങൾക്കും അച്ഛനെ സമൂപിച്ചിരുന്നതും. ചെറുപ്പക്കാരായ സാഹിത്യകാരന്മാർക്കും മറ്റു സഹൃദയർക്കും അച്ഛൻ ഇടശ്ശേരിയായിരുന്നു. ഏതു ചെറുപ്പക്കാരുമായും അച്ഛൻ ഒത്തുചേരും.

യന്ത്രവൽക്കരണത്തെ അച്ഛൻ ഏതു കാലത്തും സംശയദൃഷ്ടിയോടെ മാത്രമേ വീക്ഷിച്ചിട്ടുള്ളു. അച്ഛന്റെ പല കവിതകളിലും അതു പ്രതിഫലിച്ചിട്ടുണ്ട്. കട്ടി കുറഞ്ഞു നനുത്ത ഖദർ അംബർ ചർക്കയിൽ നൂറ്റെടുത്ത നൂലുകൊണ്ടുണ്ടാക്കിയതാണെന്നും, ആ ഉപകരണത്തിൽ യന്ത്രവൽക്കരണത്തിന്റെ ആദ്യപടി ഒളിഞ്ഞിരിക്കാമെന്ന അപകടസാദ്ധ്യതയുണ്ടെന്നും അദ്ദേഹം കരുതിയിട്ടുണ്ടാകണം. അതുകൊണ്ടുകൂടിയായിരിക്കണം അദ്ദേഹം നേരിയ ഖദർ ധരിക്കുന്നില്ലെന്ന് തീരുമാനിച്ചിട്ടുണ്ടാവുക. ആ മഹത്തായ എളിയ ജീവിതം

എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്.

എന്റെ സാഹിത്യത്തിൽ അച്ഛന്റെ സ്വാധീനം ഉണ്ടോ, ഉണ്ടെങ്കിൽ അത് ഏത്രത്തോളം എന്ന് ഞാൻ ആലോചിച്ചു നോക്കിയിട്ടുണ്ട്. സത്യം പറഞ്ഞാൽ ഇടശ്ശേരിക്കവിതയുമായി എന്റെ ബന്ധം തുടങ്ങിയിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളു. പതിനേഴാം വയസ്സിൽ നാടു വിടുന്നതുവരെ അച്ഛന്റെ കവിതകൾ മനസ്സിലാക്കാനുള്ള മാനസികമായ തയ്യാറെടുപ്പോ, അറിവോ എനിക്കുണ്ടായിരുന്നില്ല. അങ്ങിനെയൊന്ന് ആവശ്യമുണ്ട് എന്നോ, അതിനു പറ്റിയ വായനക്കാരനാണ് ഞാനെന്നോ അച്ഛനും കരുതിയിരുന്നില്ല. കുറച്ചുകൂടി മുതിർന്നാൽ മകനുതന്നെ അങ്ങിനെ ഒരാവശ്യം വരികയാണെങ്കിൽ അവ വായിച്ചു പഠിച്ചുകൊള്ളും എന്നദ്ദേഹം ധരിച്ചുകാണും. അതുവരെ താളനിബദ്ധമായ കവിതകൾ, 'കേട്ടിട്ടില്ലെ തുടികൊട്ടും കലർന്നോട്ടുചിലമ്പിൻ കലമ്പലുകൾ', 'ചേച്ചീ പോവുക നാമിവിടംവിട്ടെന്നോമനയാമനുജൻ തേങ്ങി' എന്നീ കവിതകൾ അല്പം ഉറക്കെ പാടി സായൂജ്യം തേടുകയായിരുന്നു ഞാൻ. കവിതകൾ വായിച്ചു പഠിക്കേണ്ട കാലത്താണ് ഞാൻ വീടുവിട്ട് ഒരു പ്രവാസിയായി കൽക്കത്തയിൽ താമസിച്ചത് എന്നത് എനിയ്ക്കു പറ്റിയ പല നഷ്ടങ്ങളിലൊന്നാണ്.

അതെന്തെങ്കിലുമാവട്ടെ ഞാൻ ഇടശ്ശേരിക്കവിതകളുമായി കൂടുതൽ പരിചയപ്പെട്ടത് തൊണ്ണൂറുകളിൽ അച്ഛന്റെ കവിതകളുടെ സമ്പൂർണ്ണ സമാഹാരം ഇറക്കിയപ്പോഴാണ്. മുന്നൂറിൽപരം കവിതകൾ മുഴുവൻ രണ്ടുവട്ടം വായിച്ചത് അക്കാലത്താണ്. അതും പ്രൂഫ് വായിച്ചു തിരുത്താൻ. വളരെ ക്ലേശകരമായ ഒരു ദൗത്യമായിരുന്നു അത്. പലപ്പോഴും രണ്ടു ടെക്സ്റ്റുകൾ തമ്മിലുള്ള, അതായത് ആദ്യം ഒറ്റയൊറ്റ പുസ്തകമായി പ്രസിദ്ധീകരിച്ചവയും പിന്നീട് വള്ളത്തോൾ വിദ്യാപീഠം സമ്പൂർണ്ണ സമാഹാരമായി പ്രസിദ്ധീകരിച്ചവയുമായി, ഉണ്ടായിരുന്ന വ്യത്യാസം കുഴക്കുന്നതായിരുന്നു. കവിതയുടെ അർത്ഥം മുഴുവനറിയാതെ തിരുത്താൻ കഴിയില്ല. സംശയനിവാരണത്തിന്നായി മഹാകവി അക്കിത്തത്തിനെയും, കെ.പി. ശങ്കരൻ മാസ്റ്ററെയും ലീലാവതിടീച്ചറെയും പ്രൊഫ. കെ. ഗോപാലകൃഷ്ണനെയും പി. കൃഷ്ണവാരിയർ മാസ്റ്ററെയും മറ്റും സമീപിച്ചു. എന്റെ വിദ്യാഭ്യാസം തുടങ്ങുന്നത് അവിടെനിന്നാണ്. അച്ഛന്റെ, നിരുപദ്രവമെന്നു ഞാൻ കരുതിയിരുന്ന പല പദപ്രയോഗങ്ങൾക്കും വളരെ ആഴമേറിയ അർത്ഥതലങ്ങളുണ്ടെന്ന് മനസ്സിലാക്കിയത് അപ്പോഴാണ്. കൂടാതെ അച്ഛന്റെ കവിതകൾ മനോഹരമായി ആലപിച്ച ഡോ. എസ്.പി. രമേശും മാങ്ങോട്ട് കൃഷ്ണകുമാറും എഴുതിയ ലേഖനങ്ങളും എന്നെ വളരെയധികം സഹായിച്ചു. എന്നിട്ടും ആ മഹാസാഗരത്തിന്റെ ഒരു ചെറിയ അംശം മാത്രമേ എനിയ്ക്ക് തരണം ചെയ്യാൻ കഴിഞ്ഞുള്ളൂ.

ഞാൻ പറയാനുദ്ദേശിച്ചത് അച്ഛന്റെ സ്വാധീനം എന്റെ സാഹിത്യത്തിൽ എത്രത്തോളമുണ്ടായിരുന്നു എന്നതാണ്. ഒരു ചോദ്യം ചോദിക്കാം. സ്വാധീനിച്ചിട്ടുണ്ടോ? അച്ഛന്റെ ജീവിതം എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഒരു മനുഷ്യജീവിതം എങ്ങിനെയായിരിക്കണം എന്നതിന് ഉദാത്തമായൊരു ദൃഷ്ടാന്തമായി ഞാൻ കണ്ടിട്ടുള്ളത് അച്ഛന്റെ ജീവിതമാണ്. ജീവിതവും കവിതയും രണ്ടല്ല ഒന്നുതന്നെയാണെന്നു അടിയുറച്ചു വിശ്വസിച്ച ഒരാൾക്കെ മുഖംമൂടിയില്ലാതെ ജീവിക്കാൻ പറ്റൂ. അങ്ങിനെയൊരു ജീവിതം അച്ഛനെപ്പോലെ എനിക്ക് ഉണ്ടായിരുന്നോ എന്ന് സംശയമാണ്. രണ്ടുപേരും ജീവിച്ചുപോന്ന കാലഘട്ടത്തിന്റെയും ഒപ്പം പെരുമാറേണ്ടിവന്ന ജനങ്ങളുടെയും ജീവിതപരിസരങ്ങളുടെയും

വ്യത്യാസമായിരിക്കണം കാരണം. പക്ഷെ ഈ ഘടകങ്ങളുടെ അകൽച്ച എത്രതന്നെ വ്യാപ്തമായിരുന്നെങ്കിലും അടിസ്ഥാനപരമായി ഞങ്ങൾ തമ്മി ലുണ്ടായിരുന്ന മാനസികബന്ധവും അടുപ്പവും കാരണം അച്ഛന്റെ മാറാപ്പ് കുറേയേറെ ചുമക്കുവാൻ ഞാനും വിധിക്കപ്പെട്ടവനായി. എന്റെ ചില കഥ കൾക്ക് അച്ഛന്റെ കവിതകളുമായി അടുത്ത ബന്ധം പുലർത്തേണ്ടി വന്നിട്ടുണ്ട്. ഉദാഹരണമായി 'ഒരു കങ്ഫൂഫൈറ്റർ' എന്ന കഥ അച്ഛന്റെ 'ഇസ്ലാമിലെ വൻമല' എന്ന കവിതയോട് വളരെ അടുത്തു നിൽക്കുന്നു. അതുപോലെ 'ഒരു ദിവസത്തിന്റെ മരണം' എന്ന കഥ അച്ഛന്റെ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യുമായി സാമ്യം കാണിക്കുന്നു. കവിത 1954ലാണ് എഴുതിയതെങ്കിൽ ചെറുകഥ പുറത്തുവന്നത് 25 കൊല്ലത്തിനുശേഷം 1979ലാണ് എന്നു മാത്രം വ്യത്യാസം. പാറുവിന്റെ കഥ നടന്നത് നഗരമായി മാറാൻ തുനിയുന്ന ഒരു നാട്ടിൻപുറത്താണെങ്കിൽ എന്റെ കഥ നടന്നത് മുംബെയെപ്പോലുള്ള ഒരു മഹാനഗരത്തിലാണ്. എവിടെ എപ്പോൾ നടന്നതായാലും കാതലായിട്ടുള്ള കാര്യം യന്ത്രവൽക്കരണം സ്ത്രീകളുടെ ജോലിയില്ലാതാക്കുകയും അവരെ ആശ്രയിച്ചു കഴിയുന്ന കുടുംബം പട്ടിണിയാവുകയും ചെയ്യുന്നു എന്നതാണ്. നാട്ടിൻപുറത്തുനിന്ന് നഗരത്തിലെത്തുമ്പോഴും, ഇരുപത്തഞ്ചു വർഷത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കു ശേഷവും കാര്യങ്ങളുടെ കിടപ്പിന് മാറ്റമൊന്നു മില്ല. പട്ടിണി അന്നും ഇന്നും പട്ടിണിയാണ്. പട്ടിണി ഒഴിവാക്കാൻ ചെയ്യേണ്ട കാര്യങ്ങളിൽ ഒരു സ്ത്രീയ്ക്ക് വളരെയധികം തെരഞ്ഞെടുപ്പൊന്നുമില്ല. അരി മില്ലുവന്ന് ജോലി പോയപ്പോൾ നെല്ലുകുത്തുകാരി പാറു ആശ്രയിച്ചത് ഒരി ക്കൽ തന്റെ അരിക്കിഴി തട്ടിയെടുത്ത മനുഷ്യന്റെ (അരിക്കിഴിയായിരുന്നില്ല അയാളുടെ ലക്ഷ്യം) മാറിൽത്തന്നെയാണ്. മറിച്ച് 'ഒരു ദിവസത്തിന്റെ മരണം' എന്ന എന്റെ കഥയിൽ യന്ത്രവൽക്കരണം കാരണം ജോലി നഷ്ടപ്പെടുമെന്നു കണ്ടപ്പോൾ, അതു നിലനിർത്താൻ കൗസല്യയ്ക്ക് സ്വന്തം ചാരിത്ര്യം മുതലാ ളിയ്ക്ക് അടിയറ വെയ്ക്കേണ്ടി വന്നു. യന്ത്രവൽക്കരണം സ്ത്രീകളുടെ ജോലി നഷ്ടപ്പെടുത്തുന്നത് ഇന്നും നമ്മുടെ കൺമുമ്പിൽ വെച്ച് സംഭവിക്കുന്ന ഒരു കാര്യമാണ്. വീട്ടിലെ അടുക്കളയിൽ ഉപയോഗിക്കുന്ന മിക്സിയും വാഷിങ് മെഷിനും തൊട്ട് ഇന്നത്തെ കെട്ടിടനിർമ്മാണത്തിൽ ഉപയോഗിക്കുന്ന ഭീമാകാ രയന്ത്രങ്ങൾ വരെ കത്തിവെയ്ക്കുന്നത് സ്ത്രീകളുടെ ജോലിയിലാണ്. ഇന്ന് അവിദഗ്ദതൊഴിൽ രംഗത്തെ ആശ്രയിച്ചു കഴിയുന്നത് ഏറെയും സ്ത്രീകളാ ണ്. അവരുടെ ജോലിയാണ് പടുകൂറ്റൻ മണ്ണുമാന്തികളും മൊബൈൽ കോൺക്രീറ്റ് മിക്സ്ചറുകളും തട്ടിമാറ്റുന്നത്. അച്ഛൻ ഇതെല്ലാം വളരെ നേർത്തെ കണ്ടിരിക്കുന്നുവെന്നെ പറയാനുള്ളു.

'ഒരു കങ്ഫൂഫൈറ്റർ' എന്ന എന്റെ കഥയും അച്ഛന്റെ 'ഇസ്ലാമിലെ വൻമല' എന്ന കവിതയും തമ്മിലുള്ള സാമ്യം അതിലെ കുട്ടികളുടെ സഹാ നുഭൂതിയും അതിനു പാത്രമായ പാവം കുട്ടിയോടുള്ള ദയ പുറത്തു പറയാതെ മനസ്സിൽ ത്തന്നെ സ്വകാര്യമായി വെച്ചതുമാണ്. 'ഇസ്ലാമിലെ വൻമല' വളരെ ഭാവ, അർത്ഥതലങ്ങളുള്ള ഒരു മഹത്തായ കവിതയാണ്. നമ്മുടെ മതസൗ ഹാർദ്ദം ഏതുവിധത്തിലാണ് വേണ്ടതെന്നു പ്രത്യക്ഷമായും ഏതുവിധത്തിലാ വാൻ പാടില്ലെന്ന് പരോക്ഷമായും നിർദ്ദേശിക്കുന്ന ഒരു കവിത. ഇന്നത്തെ സാമുദായികാന്തരീക്ഷത്തിൽ വളരെ പ്രസക്തമായ ഒരു കവിത.

അച്ഛന്റെ ജീവിതത്തിൽനിന്ന് ഞാനറിയാതെത്തന്നെ പ്രചോദനം കിട്ടി എഴു

തിയ കഥയാണ് 'പ്രാകൃതനായ തോട്ടക്കാരൻ'. കഥയെഴുതുമ്പോൾ ആ തോട്ടക്കാരൻ അച്ഛന്റെ പ്രതീകമാവുമെന്നൊന്നും ഞാൻ കരുതിയിരുന്നില്ല. തോട്ടത്തിനോടും അതിലെ ചെടികളോടും, പാഴ്ചെടികളടക്കം, ആത്മാർത്ഥത പുലർത്തിയിരുന്ന ഒരാളായിരുന്നു അതിലെ തോട്ടക്കാരൻ. ഒരിക്കൽ അയാളെ തോട്ടമുണ്ടാക്കാൻ ഏല്പിച്ച പ്രഭു തന്റെ സ്വപ്നങ്ങളിലുള്ള പനിനീർപ്പൂക്കൾക്കും സൂര്യകാന്തികൾക്കും പാരിജാതങ്ങൾക്കും വേണ്ടി തോട്ടത്തിൽ വന്നുനോക്കി. അദ്ദേഹത്തിനു കാണാൻ കഴിഞ്ഞത് വെറും കളകൾ മാത്രമായിരുന്നു. കള്ളിച്ചെടികളും, അപ്പച്ചെടികളും തലയുയർത്തിനിൽക്കുന്ന തോട്ടം. താൻ കൊടുത്ത പണംകൊണ്ട് വളം വാങ്ങി വിതറുന്നുണ്ടെന്ന് അദ്ദേഹത്തിനറിയാം, അതുപോലെ നിത്യേന വെള്ളം കോരി നനയക്കുന്നുണ്ടെന്നും. തോട്ടക്കാരൻ സത്യസന്ധനാണെന്ന് പ്രഭുവിന്നറിയാം. പിന്നെ എന്താണ് തന്റെ തോട്ടം ഉയർന്നുവരാത്തതെന്ന് അദ്ദേഹം അദ്ഭുതപ്പെടുകയാണ്. തോട്ടക്കാരന് അതിനെപ്പറ്റി ഒന്നും പറയാനില്ല. പ്രഭു സ്വാഭാവികമായും തോട്ടക്കാരനെ പിരിച്ചുവിടുന്നു. തോട്ടക്കാരന്റെ കുടുംബം പട്ടിണിയാവുമെന്ന് പ്രഭുവിന്നറിയാം, കാരണം ജോലിചെയ്തിരുന്ന മറ്റു സ്ഥലങ്ങളിലെ പണി അയാൾക്ക് നേരത്തെ നഷ്ടപ്പെട്ടിരുന്നു. പക്ഷെ തന്റെ മരണത്തിനുമുമ്പ് നല്ലൊരു തോട്ടമുണ്ടായിക്കാണാൻ ഇതേ വഴിയുള്ളു. മാളികയുടെ മുമ്പിൽനിന്നുകൊണ്ട് പ്രഭു പറയുന്നത് ദുഃഖത്തോടെ കേട്ട തോട്ടക്കാരൻ അവസാനം പറയുകയാണ്. 'ശരിയാണ് അങ്ങ് പറയുന്നത്. ഈ ജോലിയും പോയാൽ പകുതി പട്ടിണിയിലായ എന്റെ കുടുംബം മുഴുപ്പട്ടിണിയിലാവും. അതു സാരമില്ല, എന്റെ മക്കൾ എങ്ങിനെയെങ്കിലും വളർന്നുകൊള്ളട്ടെ. എനിക്ക് ശമ്പളം തന്നില്ലെങ്കിലും വേണ്ടില്ല, എന്നെ പറഞ്ഞയക്കരുത്. ഞാൻ ഈ തോട്ടത്തിൽ ജോലിയെടുത്തോട്ടെ.'

എഴുതി പ്രസിദ്ധീകരിച്ചുവന്നപ്പോഴാണ് എനിയ്ക്കു തോന്നിയത്, ഈ തോട്ടം അച്ഛന്റെ കാവ്യലോകമല്ലെ, അല്ലെങ്കിൽ കലാലോകമല്ലെ? ഈ തോട്ടക്കാരൻ അച്ഛനും? ആരോഗ്യമുള്ളതെന്തും വളർത്തുന്ന ഒരു തോട്ടമായിട്ടേ അച്ഛന്റെ കവിതാലോകത്തെ എനിയ്ക്ക് കാണാൻ കഴിയുന്നുള്ളു. എല്ലാം ആരോഗ്യമുള്ള ചെടികൾ മാത്രം. അതിൽ കളകളുണ്ടാവാം, പാഴ്ചെടികളുണ്ടാവാം. നിങ്ങളുദ്ദേശിക്കുന്ന തരത്തിലുള്ള സൗന്ദര്യമോ സുഗന്ധമോ അവിടെ കണ്ടുവെന്ന് വരില്ല. ആ ചെടികളുടെ സൗന്ദര്യം കാണാൻ പ്രത്യേക കണ്ണുകൾ വേണം, വാടിയ അപ്പച്ചെടികളുടെ ഇലകൾ പൊഴിക്കുന്ന മണം സുഗന്ധമായി ആസ്വദിക്കാൻ പുതിയൊരു സൗന്ദര്യദർശനം വേണം. പാഴ്ചെടികളെപ്പറ്റിയല്ല പടുമുളകളെപ്പറ്റി അച്ഛന്റെ ഒരു കവിതയുണ്ട്. പടുമുളകൾ പിഴുതുകളയാൻ വരട്ടെ, ആ ചെടികളിൽനിന്നായിരിക്കും മനുഷ്യസമുദായത്തെ രക്ഷിക്കാനുതകുന്ന മഹത്തായ വൃക്ഷങ്ങൾ ഉണ്ടാകുന്നത്. അദ്ദേഹം ഉദാഹരണമായി കാണിക്കുന്നത് വ്യാസനെയും തുഞ്ചത്തെഴുത്തച്ഛനെയുമാണ്.

ഈ കഥയെഴുതുമ്പോൾ എന്റെ അബോധമനസ്സിലുണ്ടായിരുന്ന വികാരം കാത്തുനിൽപ്പിന്റേതായിരിക്കണം. വൈകുന്നേരം അച്ഛനുവേണ്ടിയുള്ള കാത്തിരിപ്പ്. നേരം വൈകുംതോറും മനസ്സിലുണ്ടാകുന്ന വേവലാതി എനിക്കിപ്പോഴും അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ച് കാറ്റും മഴയും ഇടിമിന്നലുമുള്ള സന്ധ്യകളിൽ. അച്ഛൻ കോടതിയിൽനിന്ന് പുറപ്പെട്ടാൽ കാറ്റത്തിട്ട മാതിരിയാ

ണ്. എ.വി. ഹൈസ്കൂൾ പരിസരത്തും അതിന്നടുത്തുള്ള കൃഷ്ണപ്പണിക്കർ വായനശാലയിലും അച്ഛനെക്കാത്ത് നിൽക്കുന്ന സുഹൃത്തുക്കളുടെ അടുത്തേയ്ക്ക് നടക്കുന്നതിനിടയിൽ ഒരുപാട് നാട്ടുകാർ എന്തെങ്കിലും ലോഗ്യത്തിനായി, അല്ലെങ്കിൽ അവരുടെ പ്രശ്നങ്ങളുമായി തടഞ്ഞുനിർത്തും. എല്ലാം കഴിഞ്ഞ് വായനശാലയിലെത്താൻതന്നെ നേരം വൈകും. അവിടെ ക്ഷമയോടെ കാത്തുനിൽക്കുന്ന സഹൃദയരുമായി കുറച്ചുനേരം സംസാരിച്ച് അവരുടെ ഒപ്പം എ.വി. ഹൈസ്കൂളിലേയ്ക്കോ മിഷ്യൻ ഹൈസ്കൂളിലേയ്ക്കോ നാടക റിഹേഴ്സലിനായി പോകുന്നു. എല്ലാം കഴിഞ്ഞ് വീട്ടിലെത്തുമ്പോഴേയ്ക്ക് മക്കൾ ഉറക്കമായിട്ടുണ്ടാവും അല്ലെങ്കിൽ ഉറക്കപ്പിച്ചിലാവും. അതുകാരണം അച്ഛനുമായുള്ള സമ്പർക്കം കുറവായിരുന്നു. പക്ഷെ അതിനവസരം കിട്ടുന്ന അവസരങ്ങളിലാകട്ടെ അച്ഛന്റെ സ്നേഹം വല്ലാത്തൊരു തീവ്രതയോടെ ഞങ്ങളിലേയ്ക്കൊഴുകുന്നതായാണ് അനുഭവം.

*മെയ് 18, 2006, സമസ്തകേരള സാഹിത്യപരിഷത്*

BACK TO INDEX

# ഒരു മകന്റെ ഓർമ്മകൾ

ഈ വർഷം ഇടശ്ശേരിയുടെ ജന്മശതാബ്ദി ആഘോഷിക്കുകയാണ്. അച്ഛനെക്കുറിച്ചുള്ള ഏതാനും ഓർമ്മകൾ ഞാനിവിടെ നിങ്ങളുമായി പങ്കുവെയ്ക്കട്ടെ. ഒരു മകന് അച്ഛനെക്കുറിച്ച് വാതോരാതെ പറയാനുണ്ടാവും. അതൊന്നും വിശദമായി പറയാനുള്ള സമയമില്ല ഇവിടെ. അതുകൊണ്ട് ഏതാനും സ്കെച്ചുകൾ മാത്രം വരച്ച് ഞാൻ തൃപ്തിപ്പെടുകയാണ്. ജീവിത ചിത്രത്തിൽ ഒരു ഗൃഹനാഥൻ എന്ന ഫ്രെയിമിൽ മാത്രമായി അച്ഛനെ ചുരുക്കിക്കൊണ്ടുവരാൻ പറ്റുമെന്ന് തോന്നുന്നില്ല. അത് അദ്ദേഹത്തിന്റെ ബഹുമുഖ ജീവിതത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു. വീട്ടുകാര്യങ്ങൾ മാത്രം നോക്കി അച്ഛനെ തളച്ചിടാൻ പറ്റില്ലെന്ന് അമ്മയും പിന്നീട് വളർച്ചയുടെ ഓരോ ഘട്ടങ്ങളിലായി മക്കളിലോരോരുത്തരും മനസ്സിലാക്കിയിരുന്നു. അദ്ഭുതകരമായ കാര്യം തിരക്കുകൾക്കിടയിലും ഞങ്ങളിലോരോരുത്തരെയും എത്ര ശ്രദ്ധയോടെയാണ് അദ്ദേഹം വളർത്തിക്കൊണ്ടുവന്നത് എന്നതായിരുന്നു. 'എൻകുഞ്ഞുറങ്ങുകൊൾ കെൻകുഞ്ഞുറങ്ങുകൊൾ...' എന്ന താരാട്ടു പാടി ഏറ്റവും താഴെയുള്ള കുട്ടിയെ മാറത്തു ചാച്ചു കിടത്തി രാത്രി ഉമ്മറത്തോ, മുറ്റത്തോ ഉലാത്തുന്ന അച്ഛനെ നോക്കി 'എന്തേതിന്നലെ വരെയാസ്വർഗ്ഗം!' എന്ന മട്ടിൽ അസൂയയോടെ നോക്കിനിൽക്കാറുള്ള മുതിർന്നവർ എന്റെ കുട്ടിക്കാലത്തെ ഓർമ്മയാണ്. ഞാൻ എന്തായാലും അങ്ങിനെ നോക്കിനിന്നിട്ടുണ്ട്. വീട്ടിൽ എന്നും കുട്ടികളുണ്ടാവാറുണ്ട്. ഞങ്ങൾ എട്ടു മക്കളാണ്. അമ്മ പതിനൊന്നു പ്രസവിച്ചെങ്കിലും മൂന്നു കുട്ടികൾ, ഒരു പെൺകുട്ടിയും രണ്ടാൺകുട്ടികളും നേരത്തെ യാത്രയാവുകയാണുണ്ടായത്. മൂന്നാമതു യാത്രയായ കുട്ടിയെപ്പറ്റി എനിയ്ക്ക് ഓർമ്മയുണ്ട്. ഒരു വയസ്സു തികഞ്ഞിട്ടുണ്ടായിരുന്നില്ല അവന്. തലേന്നുവരെ അസുഖം കാരണം അസ്വസ്ഥനായിരുന്ന അവൻ രാവിലെ നോക്കിയപ്പോൾ ഉറങ്ങിയപോലെ കിടക്കുന്നു. ഉറങ്ങുകയാണെന്നാണ് ഞങ്ങൾ കുട്ടികൾ ആദ്യം കരുതിയത്. അടുത്ത മുറിയിൽ നിലത്ത് വിരിച്ച പായിൽ അമ്മ ബോധമില്ലാതെ കിടക്കുകയാണ്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് അച്ഛൻ 'പൂജാപുഷ്പം' എന്ന കവിതയെഴുതിയത്. '....പെറ്റവളസ്തപ്രജ്ഞമെൻകാൽക്കൽ ഇടിയേറ്റ കാട്ടുവള്ളിയെപ്പോലെ തളർന്നു കിടക്കവേ, കാരിരുമ്പാക്കിത്തീർത്ത കരളോടെ ഞാൻ നിന്നു കാണവേ.......' എനിയ്ക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോഴാണതു സംഭവിച്ചത്.

'ഗൃഹച്ഛിദ്രം' എന്ന കവിത എഴുതിയത് നാൽപ്പത്താറിലാണെന്നു തോന്നുന്നു. അന്നെനിയ്ക്ക് മൂന്നു വയസ്സായി. അച്ഛനെക്കുറിച്ചുള്ള എറ്റവും പഴയ ഓർമ്മ ആ കാലത്താണ്. ഒന്നുരണ്ടു ചിത്രങ്ങൾ മാത്രം. എന്നെ മടിയിലിരുത്തി ഉമ്മറത്തെ മേശയ്ക്കു മുമ്പിലിരുന്ന് ഒരു തടിച്ച മേശവിളക്കിന്റെ വെളിച്ചത്തിൽ കവിതയെഴുതിയിരുന്നത്. 'ഗൃഹച്ഛിദ്രം' അച്ഛന്റെ നർമ്മബോധം ഉൾക്കൊള്ളുന്ന കവിതയാണ്. കവിതയ്ക്ക് അച്ഛൻതന്നെ എഴുതിയ കുറിപ്പിൽ ഇപ്രകാരം പറയുന്നു.

'സ്വന്തം പോരായ്മകളുടെ ഉത്തരവാദിത്തം കുടുംബിനിയിൽ ആരോപിച്ച് കലശൽ കൂട്ടുക എന്ന 'രസ'ത്തിൽനിന്ന് ഉടലെടുത്തത്.'

അമ്മയും അച്ഛനും തമ്മിലുള്ള ബന്ധം വളരെ മനോഹരമായിരുന്നു. ബൗദ്ധികമായി നോക്കുകയാണെങ്കിൽ അമ്മ അച്ഛന് തുല്യയല്ലെങ്കിലും അച്ഛനോടൊപ്പം അപകർഷതാബോധമില്ലാതെ ജീവിക്കാൻ മാത്രമുള്ള കഴിവും അറിവുമാർജ്ജിച്ചിരുന്നു. അമ്മയും വിവാഹത്തിനുമുമ്പ് തൊള്ളായിരത്തി മുപ്പതുകളിൽ കവിതയും ചെറുകഥകളുമെഴുതി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു. കല്യാണം കഴിഞ്ഞശേഷം അമ്മ എഴുത്തു തീരെ നിർത്തി . അമ്മ എഴുത്തു നിർത്തിയത് അച്ഛൻ ആവശ്യപ്പെട്ടിട്ടല്ല, പക്ഷെ അച്ഛനെ അതു വളരെയധികം സഹായിച്ചുവെന്നത് യാഥാർത്ഥ്യമാണ്. അതൊരു വലിയ ത്യാഗമായിരുന്നു. അമ്മയെക്കുറിച്ച് അച്ഛന്റെ കവിതകളിലും ലേഖനങ്ങളിലുമായി ധാരാളം പരാമർശമുണ്ട്. അതിൽനിന്നെല്ലാം അവർ തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ ചിത്രങ്ങൾ കാണാൻ കഴിയും. 'ഗൃഹഛിദ്രം', 'അശോകമഞ്ജരി', 'മകന്റെ വാശി' 'പൂജാപുഷ്പം' 'ഒരമ്മ പാടുന്നു' തുടങ്ങിയ കവിതകളിലും, 'കവിത എന്റെ ജീവിതത്തിൽ', 'തുടികൊട്ടും ചിലമ്പൊലിയും', 'എന്റെ പണിപ്പുര' എന്നീ ലേഖനങ്ങളിലും ആ ബന്ധത്തെപ്പറ്റി നേരിട്ടോ പരോക്ഷമായോ സൂചിപ്പിക്കുന്നുണ്ട്.

അച്ഛൻ ബന്ധുക്കളടക്കം പല പാവപ്പെട്ടവരെയും സഹായിച്ചിരുന്നു. സ്വയം സാമ്പത്തികമായി തളർന്നിരുന്നപ്പോഴാണത്. മക്കളുടെ ആവശ്യങ്ങൾകൂടി മാറ്റി വച്ചിട്ടാണ് പലപ്പോഴും അച്ഛൻ ഇതു ചെയ്യാറ്. സ്വാഭാവികമായും അച്ഛന്റെ വിശാലമനസ്കത മുഴുവനും ഉൾക്കൊള്ളാൻ (പ്രത്യേകിച്ച് മക്കളുടെ ആവശ്യങ്ങൾ ബലികൊടുക്കുന്ന കാര്യത്തിൽ) കഴിയാതിരുന്ന അമ്മയ്ക്കതിൽ പ്രതിഷേധമുണ്ടായിരുന്നു. അമ്മ പക്ഷെ ആ പ്രതിഷേധം വളരെ സൗമ്യമായ വാക്കുകളിൽ ഞങ്ങളെ അറിയിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. അച്ഛനോട് മറുത്തൊരു വാക്കും പറഞ്ഞിരുന്നില്ല. ഇപ്പോൾ ആലോചിക്കുമ്പോൾ തോന്നുന്നു, അച്ഛൻ ചെയ്തതല്ലെ ശരി? മക്കളുടെ ഭക്ഷണത്തിന് ഒരു കാലത്തും ക്ഷാമമുണ്ടായിരുന്നില്ല. അതിനച്ഛൻ ഒരിക്കലും ഇടയാക്കിയിരുന്നില്ല. രാത്രി പഠിക്കുവാനായി കത്തിക്കുന്ന വിളക്കിനു വേണ്ട മണ്ണെണ്ണ ഒരിക്കലും ഇല്ലാതെ വന്നിട്ടില്ല. സ്കൂളിൽ പിഴയോടുകൂടിയിട്ടാണെങ്കിലും എല്ലാ മാസവും ഫീസു കൊടുത്തിരുന്നു. രണ്ടു ജോഡി ഷർട്ടും ട്രൗസറുകളും ഞങ്ങൾക്കുണ്ടായിരുന്നു, അത്ര മികച്ചതൊന്നുമല്ലെങ്കിലും. പിന്നീട് കുറച്ചുകൂടി വലുതായപ്പോൾ എനിക്കു മനസ്സിലായി, അച്ഛൻ സഹായിച്ചിരുന്നത് ഞങ്ങളോളമല്ല ഒട്ടുംതന്നെ ഗതിയില്ലാത്തവരെയാണെന്ന്. അച്ഛന്റെ വിശാലമനസ്കതയ്ക്കു മുമ്പിൽ ഞാൻ നമസ്കരിക്കുകയാണ്.

അച്ഛൻ ഞങ്ങൾ മക്കളോട് എങ്ങിനെ ജീവിക്കണം എന്തായിത്തീരണം എന്ന് ഒരിക്കലും പറഞ്ഞിരുന്നില്ല. പക്ഷെ സ്വന്തം ജീവിതംകൊണ്ട് അദ്ദേഹം ഓരോ നിമിഷവും ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു. ജീവകാരുണ്യം മനുഷ്യരിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് അദ്ദേഹം കാണിച്ചുതന്നു. കോടതിയിൽനിന്ന് ക്ഷീണിച്ച് വീട്ടിലെത്തി അമ്മ കൊടുത്ത ചൂടുള്ള ചായ കുടിക്കുമ്പോൾ അമ്മയോടു ചോദിക്കും. 'എടോ, നമ്മടെ മക്കൾക്ക് ഇന്ന് വല്ലതും തിന്നാൻ കിട്ടിയോ?' അച്ഛൻ ഞങ്ങളെയാണ് ഉദ്ദേശിക്കുന്നത് എന്നു കരുതിയോ. അല്ലേയല്ല. ഞങ്ങളുടെ വയർ അമ്മ നിറയ്ക്കുമെന്ന് അച്ഛനറിയാമായി

രുന്നു. പശുവിനെയും കുട്ടിയെയുമാണ് അച്ഛൻ ഉദ്ദേശിച്ചിരുന്നത്. അമ്മ അടുക്കളയിൽനിന്ന് ഒരശരീരിപോലെ പറയും. 'അവളെ കൊണ്ടന്ന് കെട്ടിയിട്ടില്ല.' അച്ഛൻ ചായകുടി കഴിഞ്ഞാലുടൻ എഴുന്നേൽക്കും. പറമ്പിലെവിടെയെങ്കിലും കെട്ടിയിട്ട സ്ഥലത്തെ പുല്ല് മുഴുവൻ തിന്ന് വിഷണ്ണയായി നിൽക്കുന്ന പശുവിനെ അഴിച്ച് അടുത്ത കണ്ടത്തിലേയ്ക്കു നയിക്കും. അവൾ ആർത്തിയോടെ പുല്ലു തിന്നുമ്പോൾ താട ചൊറിഞ്ഞു കൊടുത്ത് അതിനോട് സംസാരിക്കാൻ തുടങ്ങും. 'എന്താ മോളെ ഇന്ന് വയറ് നെറഞ്ഞില്ലേ?' ആ പാവം പശുവിനെ നേരത്തെ മാറ്റിക്കെട്ടാത്തതിലുള്ള പശ്ചാത്താപത്തോടെ ഞങ്ങൾ ചുറ്റിപ്പറ്റി നിൽക്കും. അച്ഛൻ പക്ഷെ ഞങ്ങളെ കുറ്റപ്പെടുത്താറില്ല.

അച്ഛന് അമ്മയെ വളരെ സ്നേഹമായിരുന്നു. അതു പ്രകടിപ്പിക്കാൻ ഒട്ടും ലോഭം കാട്ടിയിരുന്നുമില്ല. നിസ്സാര വഴക്കുകളും സൗന്ദര്യപ്പിണക്കങ്ങളുമുണ്ടായാൽ അതു വെച്ചുകൊണ്ടിരിക്കാതെ ലോഗ്യം കൂടാറുണ്ട് അച്ഛൻ. പിന്നെ കുറച്ചുനേരം അമ്മയെ കൊഞ്ചിക്കലും തമാശ പറയലുമൊക്കയാണ്. സ്നേഹത്തിന്റെ ബാലപാഠങ്ങൾ ഞങ്ങൾ പഠിച്ചത് അവരുടെയടുത്തുനിന്നായിരുന്നു. അമ്മയുടെ ആരോഗ്യം പിന്നീട് ക്ഷയിച്ചു വന്നു. ചിലപ്പോൾ അച്ഛൻ വൈകുന്നേരം വരുമ്പോൾ കാണുക പകലത്തെ ജോലി കാരണം തളർന്നു കിടക്കുന്ന അമ്മയെയായിരിക്കും. അച്ഛനും വല്ലാതെ ക്ഷീണിതനായിട്ടാവും വരുന്നതെങ്കിലും ചായയുണ്ടാക്കാനായി എഴുന്നേൽക്കാൻ ശ്രമിക്കുന്ന അമ്മയെ നിർബ്ബന്ധപൂർവ്വം വിലക്കി അടുത്തിരുന്ന് അമ്മയുടെ പുറം തലോടിക്കൊണ്ട് ചോദിക്കും. 'എന്താ ജാനൂ, വയ്യേ?'

അച്ഛൻ എല്ലാ മക്കളേയും ഒരേപോലെ സ്നേഹിച്ചിരുന്നു. പക്ഷെ പെൺമക്കളോട് കുറച്ചധികം സ്നേഹമുണ്ടായിരുന്നു എന്നെനിയ്ക്കു തോന്നാറുണ്ട്. 'അനിമൽ ഫാമി'ൽ മാറ്റിയെഴുതിയ നിയമം പോലെ 'ആൾ ആനിമൽസ് ആർ ഈക്വൽ, ബട് സം ആനിമൽസ് ആർ മോർ ഈക്വൽ ദാൻ അദേഴ്സ്'. ആർക്കും പക്ഷെ പ്രത്യേക അവസരങ്ങളൊന്നും കൊടുത്തിരുന്നില്ല. വളർന്നു വലുതാകുമ്പോൾ ആരാകണമെന്ന് ആരെയും ഉപദേശിക്കാറുമില്ല. ഞാൻ വളരെ ചെറുപ്പത്തിൽ എഴുതാൻ തുടങ്ങി. എഴുതിയതെല്ലാം അദ്ദേഹത്തെ കാണിക്കും. അച്ഛൻ വേണ്ട തിരുത്തലുകൾ നിർദ്ദേശിക്കും. ചിലപ്പോൾ കഥയുടെ ഗതി മാറ്റിയാൽ അത് എങ്ങിനെ കുറച്ചുകൂടി നന്നാവുമെന്നും പറഞ്ഞു തരും. കഥകൾകൊണ്ട് ബാലപംക്തിയിലേയ്ക്കോ ആഴ്ചപ്പതിപ്പുകളിലേയ്ക്കോ ഓടാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നില്ല. ഞെക്കിപ്പഴുപ്പിക്കുന്നതു ശരിയല്ലെന്നും വലുതാവാൻ വിധിച്ചത് താനേ വലുതായിക്കോളുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ.

അച്ഛനെ അപൂർവ്വം അടുത്തു കിട്ടുന്ന സന്ദർഭങ്ങൾ മക്കൾ പരമാവധി ആസ്വദിക്കാറുണ്ട്. അത് തോട്ടപ്പണിയായാലും, വെറുതെ വെടി പറച്ചിലായാലും, അല്ലെങ്കിൽ ഗൗരവമേറിയ ശാസ്ത്രവിഷയങ്ങളെപ്പറ്റിയുള്ള സംസാരമായാലും ഞങ്ങൾ ഓരോ നിമിഷവും ആസ്വദിക്കും. ചില ദിവസങ്ങളിൽ രാത്രി ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അച്ഛനോടൊപ്പം മുറ്റത്ത് ഉലാത്തുകയോ കസേലകളിട്ട് തെളിഞ്ഞ ആകാശത്തെ നക്ഷത്രങ്ങളെ നോക്കി ഇരിക്കുകയോ ചെയ്യാറുണ്ട്. നക്ഷത്രങ്ങളെക്കുറിച്ച് അച്ഛൻ സംസാരിക്കും. അതിൽ ശാസ്ത്രമുണ്ടാവും, പുരാണങ്ങളുണ്ടാവും, ഐതിഹ്യങ്ങളുണ്ടാവും. പലപ്പോഴും ശാസ്ത്രവും കലയും സാഹിത്യവും കൂടിക്കുഴയും. ഞങ്ങൾ ഏറ്റവും ആസ്വ

ദിച്ചിട്ടുള്ളത് ഈ സന്ദർഭങ്ങളാണ്. അച്ഛനെ അടുത്തു കിട്ടുക എന്നതു മാത്രമാണ് വിഷമം പിടിച്ച കാര്യം. ജോലി, അതു കഴിഞ്ഞ് കലാസമിതി പ്രവർത്തനങ്ങൾ, അല്പം പൊതു കാര്യം, എല്ലാം കഴിഞ്ഞ് അച്ഛൻ വീട്ടിലെത്തുമ്പോഴേയ്ക്ക് മക്കൾക്ക് ഉറങ്ങേണ്ട സമയമായിട്ടുണ്ടാവും. വൈകുന്നേരം ഞങ്ങൾ ഭക്ഷണം കഴിക്കുന്നതിനു മുമ്പ് എത്തുന്ന ദിവസങ്ങളിൽ ഞങ്ങൾ ഊണു കഴിക്കുന്നത് നോക്കിയിരിക്കും. ഓരോരുത്തർക്കും ഭക്ഷണം മതിയാവുന്നില്ലേ എന്നു നോക്കും.

ഞങ്ങളുടെ അമ്മമ്മയെ വളരെ ബഹുമാനവും സ്നേഹവുമായിരുന്നു അച്ഛന്. സ്വന്തം അമ്മയ്ക്കായി ഒന്നും ചെയ്യാൻ പറ്റാതിരുന്ന ഖേദം മാറ്റിയത് അമ്മമ്മയുടെ കാര്യങ്ങൾ ഭംഗിയായി നോക്കിയിട്ടാവണം.

അവർക്കു കുളിരുനു കമ്പിളിനേടി-
പ്പിന്നീടെന്നോ ഞാൻ ചെല്കെ,
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ:
വീടാക്കടമേ മമജന്മം – ബിംബിസാരന്റെ ഇടയനിൽ പറയുന്നത് സ്വന്തം അമ്മയെക്കുറിച്ചായിരുന്നു.

ഒരു കാര്യം തീർച്ചയാണ്, അച്ഛൻ കലാകാരന്മാർക്ക് വേണ്ടപ്പെട്ടവനായിരുന്നു, സാഹിത്യകാരന്മാർക്ക് വേണ്ടപ്പെട്ടവനായിരുന്നു, ജാതി, മത ഭേദമില്ലാതെ നാട്ടുകാരുടെയെല്ലാം സ്വന്തം ഗോയിന്നായരായിരുന്നു അല്ലെങ്കിൽ ഗോയിന്നേട്ടനായിരുന്നു അതുമല്ലെങ്കിൽ ഇടശ്ശേരിയായിരുന്നു. അച്ഛന്റെ മരുമക്കൾക്ക് സ്നേഹമുള്ള കുട്ടിമ്മാമയും. ഒപ്പംതന്നെ സ്നേഹമുള്ള ഭർത്താവും നല്ലൊരച്ഛനുമായിരുന്നു. ഇതൊരദ്ഭുതമാണ്.

*ആകാശവാണി – 20.2.2006*

BACK TO INDEX

# ഉമിത്തീയിൽ കിടന്ന മനുഷ്യൻ

അറുപത്തി രണ്ടിലോ മൂന്നിലോ, ഞാൻ ഒരിക്കൽ കൽക്കത്തയിൽ നിന്നു ലീവിൽ വന്നപ്പോൾ അച്ഛനെ കാണാൻ ധൃതിയായി കോടതിയിൽ പോയി. ഏകദേശം പതിനൊന്നു മണിയായിട്ടുണ്ടാകും. കോടതിയുടെ എതിർവശത്തുള്ള ഇരുനിലകെട്ടിടത്തിന്റെ മുകളിലെ നിലയിലാണ് അച്ഛന്റെ മുറി. പുരാതനമായ മരക്കോണി ചവിട്ടിക്കയറി മുകളിലെ വരാന്തയിലെത്തി. അച്ഛന്റെ മുറിയുടെ വാതിൽ തുറന്നു കിടക്കുകയാണ്. വാതിലിനു തൊട്ടടുത്തുള്ള മേശക്കു പിന്നിൽ അച്ഛനിരിക്കുന്നു. മുമ്പിലിട്ട ബെഞ്ചിൽ രണ്ടു കക്ഷികൾ ഇരിക്കുന്നുണ്ട്. അവർക്കു വേണ്ടി എന്തോ ധൃതിയിൽ എഴുതിയുണ്ടാക്കുകയാണ് അച്ഛൻ. കവിതയല്ല, എന്തോ പ്രമാണമാണ്. മറുവശത്തിട്ട രണ്ടു മേശക്കു പിന്നിൽ അച്ഛന്റെ അസിസ്റ്റന്റുകളായ ശങ്കരേട്ടനും ചന്ദ്രേട്ടനും ഇരിക്കുന്നുണ്ട്. ഞാൻ മുറിയിൽ കടന്ന ഉടനെ അവർ എന്നെ നോക്കി ചിരിച്ചു.

'എപ്പഴാ വന്നത്?'

'ഇന്നു രാവിലെ.'

കൽക്കത്തയിൽനിന്ന് മദ്രാസിലേയ്ക്ക് രണ്ടു രാത്രിയും ഒരു പകലും, അവിടെനിന്ന് മംഗലാപുരം വണ്ടിയിൽ ഒരു രാത്രി കുറ്റിപ്പുറം വരെയുമുള്ള യാത്രയുടെ ആട്ടം എന്റെ മനസ്സിൽനിന്ന് പോയിട്ടുണ്ടായിരുന്നില്ല. ഞാൻ അച്ഛന്റെ മേശക്കു മുമ്പിൽ പോയി നിന്നു. അച്ഛൻ കടലാസിൽനിന്ന് മുഖമുയർത്താതെ എഴുതുകയാണ്. മുമ്പിലിരുന്ന മാപ്പിളമാർ എന്നെ നോക്കി ചിരിച്ചു, വീണ്ടും അച്ഛനെ നോക്കിയിരുപ്പായി. പിന്നിൽനിന്ന് ശങ്കരേട്ടൻ വിളിച്ചു പറഞ്ഞു.

'ഗോയ്ന്നേട്ടാ, ആരാ വന്നിരിക്കണ്ത്ന്ന് നോക്കു.'

അച്ഛൻ തലയുയർത്തി എന്നെ നോക്കി. മുഖത്ത് പരിചയഭാവമൊന്നുമില്ല. ഏതോ കക്ഷി വല്ല ഡോക്കുമെന്റും കൊടുത്തയക്കാൻ വേണ്ടി പറഞ്ഞയച്ച പയ്യനാണെന്നേ അച്ഛൻ വിചാരിച്ചിട്ടുണ്ടാവു. ഞാൻ വല്ലാതായി. 'ആരാ?' എന്ന ചോദ്യഭാവത്തിൽ അച്ഛൻ വീണ്ടും എന്നെ നോക്കുകയാണ്. എനിക്കു കൂടുതൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഞാൻ വിളിച്ചു.

'അച്ഛാ.....'

അതേ സമയത്തുതന്നെയാണ് ശങ്കരേട്ടൻ വിളിച്ചു പറഞ്ഞത്. 'അത് ഹരിയാണ്, എന്താ ഗോയ്ന്നേട്ടന് മനസ്സിലായില്ലേ?'

മുറിയുടെ ചുമരുകളിൽ പൊടി നിറഞ്ഞിരുന്നു. മുകളിൽ നിറയെ മാറാലകളും. അച്ഛൻ മറ്റേതോ ലോകത്തിലെത്തിപ്പെട്ട പോലെയാണ് എനിയ്ക്കു തോന്നിയത്. ഓർമ്മ വന്നത് ഡിക്കൻസിന്റെ ഒരു കഥാപാത്രത്തെയാണ്. മാനറ്റ് എന്ന തടവുകാരൻ. വർഷങ്ങളായി സൂക്ഷിച്ചുവച്ച ഒരു സ്വർണ്ണത്തലമുടിയിഴ വീണ്ടുമെടുത്തു മുമ്പിലിരിക്കുന്ന പെൺകുട്ടിയുടെ തലമുടിയുമായി ഒത്തുനോക്കുകയാണ്. എന്നോ നഷ്ടപ്പെട്ട ഒരു ഓർമ്മയുടെ തലനാരിഴ പിടിച്ചുകൊണ്ട് പാരീസിലെ ഇരുട്ടറയിലൊന്നിൽ തപ്പിനടക്കുന്ന വൃദ്ധൻ. എനിയ്ക്കു സങ്കടം

വന്നു. ഒരു കൊല്ലം മുമ്പ് ഞാൻ നാട്ടിൽ വന്നു പോയിട്ടേയുള്ളു. ഇത്ര വേഗം അച്ഛനെന്നെ മറന്നുവോ? അന്നെനിയ്ക്ക് പത്തൊമ്പത്, ഇരുപതു വയസ്സേ ആയിരുന്നുള്ളു.

അക്കാലത്തു നടന്ന മറ്റൊരു സംഭവവും എന്നെ വിഷമിപ്പിച്ചു. ഒരിക്കൽ നാട്ടിൽ വന്നപ്പോഴാണ് ഞാൻ ശ്രദ്ധിക്കുന്നത്. ഉമ്മറത്തേയ്ക്കു കയറാനുള്ള ചവിട്ടുപടിയുടെ വശത്തായി മുറ്റത്ത് നട്ട റോസ് ചെടി പടർന്നു വലുതാകുക യല്ലാതെ പൂവിട്ടിരുന്നില്ല. ഓരോ വർഷവും ഞാൻ നാട്ടിൽ വരുമ്പോൾ അതിനെപ്പറ്റി അന്വേഷിക്കാറുണ്ട്. 'എന്താണാവോ, അതിൽ പൂവൊന്നുണ്ടാവ്ണ്ല്ല്യ' എന്ന മറുപടിയാണ് അനുജന്മാരിൽനിന്നു കിട്ടാറ്. അങ്ങിനെ രണ്ടുമൂന്നു വർഷം കഴിഞ്ഞു. ഒരിക്കൽ എനിക്കൊരു ഭൂതോദയമുണ്ടായി. 'ആ ചെടിയ്ക്ക് പാവം പൂവ്ണ്ടാവാന്ള്ള ചോപ്പ് നെറംണ്ടാവില്ല്യ.' ഞാൻ അനുജന്മാരോടു പറഞ്ഞു. 'നമുക്കൊരു കാര്യം ചെയ്യാം, ചോപ്പ് പൂക്കള് കൊണ്ടന്ന്ട്ട് അതിന്റെ കടയ്ക്കലിട്ട് മൂടാം. ഒന്നുകില് അതിന് പൂവ്ണ്ടാക്കാനാവശ്യള്ള ചോപ്പു നെറം കിട്ടും, അല്ലെങ്കില് അത് നാണിച്ച് പൂവിടാൻ തുടങ്ങും.'

അനുജന്മാർക്ക് ആ നിർദ്ദേശം സ്വീകാര്യമായി തോന്നി. അവർ ഓടിപ്പോയി ചെമ്പരത്തിയുടെയും റോസിന്റെയും പൂക്കൾ അറുത്തു കൊണ്ടുവന്നു, ആ ചെടിയുടെ കട തുരന്ന് നിക്ഷേപിച്ചു. അച്ഛൻ വൈകുന്നേരം വന്നപ്പോൾ ഈ കാര്യം പറഞ്ഞു. പരീക്ഷണങ്ങളെ എപ്പോഴും ഇഷ്ടപ്പെട്ടിരുന്ന അച്ഛന് അതിഷ്ടമായി. ഒരാഴ്ച്യ്ക്കുള്ളിൽ ലീവു കഴിഞ്ഞ് ഞാൻ കൽക്കത്തയ്ക്കു തിരിച്ചു പോകയും ചെയ്തു. രണ്ടു മാസം തികച്ചു കഴിഞ്ഞില്ല എനിക്ക് അനുജന്മാരുടെ കത്തു കിട്ടി, ആ റോസ് മൊട്ടിട്ടുവെന്നു പറഞ്ഞുകൊണ്ട്, താമസിയാതെ അതിൽ നിറയെ പൂക്കൾ വിരിഞ്ഞു. ഞാൻ അച്ഛന് എഴുതി, ആ റോസ് അഹല്യയാണെന്നും ഒരു അഭിനവരാമനെ കാത്തു കിടക്കുകയായിരുന്നെന്നും. ഒരിക്കൽ ഞാൻ വന്നു തൊട്ടപ്പോഴോൾ അവൾ പുഷ്പിണിയായി.

അച്ഛന്റെ തമാശയുള്ള കത്തു കിട്ടാനായി ഞാൻ കാത്തിരുന്നു. സാധാരണ എന്റെ ഈ വക കത്തുകൾക്ക് അച്ഛൻ നർമ്മത്തോടെ പ്രതികരിക്കാറുണ്ടായിരുന്നു. ഏതു വിഷമഘട്ടത്തിലും അച്ഛൻ നർമ്മം വെടിഞ്ഞിരുന്നില്ല. അച്ഛന്റെ കത്തു കിട്ടുകയുണ്ടായില്ല. എനിയ്ക്ക് വിഷമമായി. പല സംശയങ്ങളുമുണ്ടായി. എന്റെ കത്തിൽ എന്നെ സ്വയം ശ്രീരാമനായി ഉപമിച്ചത് അച്ഛന് ഇഷ്ടപ്പെട്ടില്ലേ? മകൻ തമാശ പറയുമ്പോഴും വിനയം കൈവെടിയരുതെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടാവും. അല്ലെങ്കിൽ വേറെ എന്താണ് കാരണം?

പിന്നീടാണ് എനിയ്ക്കു മനസ്സിലാവുന്നത്, അച്ഛൻ കടന്നുപോന്ന ആ കാലത്തെപ്പറ്റി. സഹിച്ചുപോന്ന കഷ്ടപ്പാടുകളെപ്പറ്റി, നേരിടേണ്ടി വന്ന അപമാനങ്ങളെപ്പറ്റി, മോശമായിരുന്ന ആരോഗ്യത്തെപ്പറ്റി. മനസ്സാക്ഷിയെ വീട്ടിലടച്ചു പൂട്ടി പുറത്തിറങ്ങിയാൽ ഇതൊന്നും വേണ്ടിവരില്ലായിരുന്നു അച്ഛന്. ധാരാളം പണമുണ്ടാക്കാൻ പറ്റിയിരുന്ന ഒരു ജോലിയായിരുന്നു അച്ഛന്റേത്. ശരിയാണെന്ന് തനിയ്ക്കു തോന്നുന്ന കാര്യങ്ങളേ ചെയ്യൂ എന്നും ചെയ്യുന്നതെന്തും മറ്റുള്ളവർക്കുകൂടി നന്മ വരുത്തുന്നതാകണമെന്നുമുള്ള ആ പഴയ ഗാന്ധിയന്റെ വാശി. വൈകുന്നേരം കടയിൽ പോയി സാധനങ്ങൾ വാങ്ങാനായി അമ്മ ആവശ്യപ്പെടുമ്പോൾ ഞങ്ങൾ പണത്തിനായി അച്ഛൻ ഊരിയിട്ട ഷർട്ടു തപ്പാറുണ്ട്. അച്ഛൻ നേരത്തെ വീട്ടിലെത്തുന്ന ദിവസങ്ങളിൽ ഷർട്ടൂരി ചുവരിൽ തൂക്കാറുണ്ട്. പക്ഷെ അതിൽ കുറച്ചു ചില്ലറയോ, രണ്ടോ മൂന്നോ രൂപയോ മാത്രമേ പല

പ്പോഴും കാണുകയുള്ളു. ചിലപ്പോൾ അതുമുണ്ടായില്ലെന്നു വരും. ഒരു പക്ഷെ അന്നു കിട്ടിയ കാശ്, യൂസഫലി കേച്ചേരി സാർ ഇടശ്ശേരിയെപ്പറ്റി മരണാനന്തരം എഴുതിയ ഒരു കവിതയിൽ പറഞ്ഞതുപോലെ, തീരെ ഗതിയില്ലാത്ത വല്ലവരുടെയും വീട്ടിൽ അരി വാങ്ങാനോ മരുന്നു വാങ്ങാനോ വേണ്ടി ദാനം ചെയ്തിട്ടുണ്ടാവും. അച്ഛന്റെ കഷ്ടപ്പാടുകളെപ്പറ്റിയൊന്നും ഞങ്ങൾ മക്കൾക്ക് അറിയില്ലായിരുന്നുവെന്ന് പറയുന്നത് ശരിയല്ല. പക്ഷെ അതെത്രത്തോളം ഭീകരമായിരുന്നു എന്നത് വളരെ പിന്നീടാണ് അറിയുന്നത്. ഇപ്പോഴും അതിന്റെ മുഴുവൻ വ്യാപ്തിയും അറിയുമോ എന്നു സംശയമാണ്. സാമ്പത്തിക പ്രശ്നങ്ങൾക്കു പുറമെ സാഹിത്യലോകത്തിന്റെ അവഗണനയും അച്ഛനെ വല്ലാതെ അലട്ടിയിരുന്നു. താനെഴുതുന്നതിന്റെ ഗുണമെന്താണെന്ന് അദ്ദേഹത്തിനു നല്ല വണ്ണം അറിയാമായിരുന്നു. അത് അവഗണന അർഹിക്കുന്നില്ലെന്ന അറിവ് അദ്ദേഹത്തെ വേദനിപ്പിച്ചു.

ഞങ്ങൾക്ക് തുണിത്തരങ്ങൾ വാങ്ങാനുള്ളപ്പോൾ ടൗണിലുള്ള ഒരു കടയിൽനിന്നായിരുന്നു വാങ്ങിയിരുന്നത്. കടമായിട്ട്. പണം കിട്ടുന്നതനുസരിച്ച് കോടതിയിൽനിന്നു വരുന്ന വഴി അച്ഛൻ ആ കടം കൊടുത്തു തീർക്കാറുണ്ടായിരുന്നു. ഒരിക്കൽ കടയുടമ അച്ഛനെ വഴിയിൽ തടഞ്ഞുനിർത്തി വളരെയധികം ശകാരിച്ചു. എത്രയോ കാലമായുള്ള കടം വീട്ടാത്തതിനെപ്പറ്റി. അച്ഛന് മനസ്സിലായില്ല, കാരണം പണം കിട്ടുന്നതിനനുസരിച്ച് അച്ഛൻ അയാളുടെ കടം വീട്ടാറുണ്ടായിരുന്നു. ഏതു കടവും ഒരു മാസമോ പരമാവധി രണ്ടു മാസമോ മാത്രമേ നിൽക്കാറുള്ളു. കണക്കു നോക്കിയപ്പോൾ കാര്യമിങ്ങനെയാണ് കണ്ടത്. അച്ഛൻ കൊടുക്കുന്ന പണമെല്ലാം അയാൾ ഏറ്റവും പുതിയ ബില്ലിനെതിരെ കണക്കു വയ്ക്കും. പുതിയ ബില്ലുകളൊന്നും ബാക്കിയില്ല, പഴയത് അങ്ങിനെ കിടക്കുന്നു. മറിച്ചാണ് വേണ്ടത്. എന്തായാലും എവിടെനിന്നോ കടം വാങ്ങി ഈ കടക്കാരനു കൊടുക്കാനുള്ള പണമെല്ലാം കൊടുത്തു പുറത്തിറങ്ങിയപ്പോൾ അച്ഛൻ ഒരു തീരുമാനമെടുത്തു. ഇനി കടമായി സാധനങ്ങൾ വാങ്ങില്ല.

ഈ കഥയൊന്നുമറിയാത്ത ഞങ്ങൾ അടുത്ത പ്രാവശ്യവും ആ കടയിൽനിന്നുതന്നെ സാധനങ്ങൾ വാങ്ങി, പണം റൊക്കമായി കൊടുത്തിട്ടുതന്നെ. പക്ഷെ അച്ഛന് അതിഷ്ടപ്പെട്ടില്ല. തന്നെ നടുറോഡിൽ വെച്ച് എല്ലാ പരിചയക്കാരുടെയും മുമ്പിൽവച്ച് അപമാനിച്ച ആളുടെ കടയിൽനിന്നുതന്നെ മക്കൾ പോയി വാങ്ങേണ്ടിയിരുന്നില്ല. അച്ഛന്റെ അതൃപ്തി അമ്മയോടു മാത്രമേ പറഞ്ഞുള്ളൂ. അമ്മയാണ് അതു ഞങ്ങളോടു പറഞ്ഞത്. അങ്ങിനെ എത്രയെത്ര അപമാനങ്ങൾ സഹിച്ചിട്ടുണ്ടാവണം ആ വലിയ മനുഷ്യൻ! അതിനിടയ്ക്ക് എന്റെ ചെറിയ പ്രശ്നങ്ങൾ എത്ര നിസ്സാരങ്ങളാണ്? ഒരു പനിനീർചെടി പൂത്തതിന്റെ പേരിൽ എന്നെ അഭിനന്ദിച്ചില്ലെന്നോ? ആ ചെടി പൂക്കേണ്ട സമയമാകുന്നേ ഉണ്ടാവൂ. ഞാൻ ചെടിയുടെ കടയ്ക്കൽ പുക്കൾ കുഴിച്ചിട്ടതേ ആയിരിക്കില്ല അതു പൂക്കാൻ കാരണം. ഞാൻ എത്ര ചെറുതായിരുന്നു എന്ന് എനിയ്ക്കിപ്പോൾ മനസ്സിലാവുന്നു.

"ദാരിദ്ര്യം പെറ്റുകൂട്ടും പലപല പരിഹാ-
സ്യങ്ങൾ പാപങ്ങൾ തിങ്ങി-
ക്കൂരയ്ക്കൊക്കുന്ന മജ്ജീവിത, മനുനിമിഷം
ഹന്ത, ശബ്ദായമാനം......

എന്നു തുടങ്ങുന്ന ഒരു ശ്ലോകത്തിൽ അച്ഛൻ പറയുന്നു. 'ഹേ ലക്ഷ്മീദേവി, കാൽത്താർകളിലടിയനിതാ വീണിരക്കുന്നു നീയും കേറിക്കൂടൊല്ല നിന്നോമ നദുരിതശതം കൂടിയും പെറ്റുകൂട്ടാൻ' എന്ന്. ശതങ്ങളൊന്നും വേണ്ട, ഒരു പത്ത്, അല്ലെങ്കിൽ ഇരുപതുമായി ലക്ഷ്മീദേവിയ്ക്ക് ഒന്നെത്തിനോക്കാമായി രുന്നു. അച്ഛൻ ഒരുപക്ഷെ ഒരു 'പൂതപ്പാട്ടോ' 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യോ 'ചകിരിക്കുഴിക'ളോ എഴുതുമായിരുന്നില്ല. പോട്ടെ, ഇപ്പോൾ എന്താ ണുണ്ടായത്? ഞങ്ങളുടെ അച്ഛൻ; അദ്ദേഹം ജീവിതം മുഴുവൻ നരകിച്ചു. മക്കളെ പട്ടിണിയ്ക്കിടാതെ നോക്കാൻ സ്വയം പട്ടിണി വരിച്ചു, അപമാനങ്ങൾ മൗനത്തോടെ സഹിച്ചു. ഒരു മനുഷ്യൻ ഉമിത്തീയിൽ കിടന്നു നീറിയാലെ നല്ല കവിതയുണ്ടാവൂ എങ്കിൽ എന്തിനാണ് നമുക്ക് അങ്ങിനത്തെ കവിത?

*കലാകൗമുദി, 8 ജനുവരി 2006*

BACK TO INDEX

# ഇടശ്ശേരി ഞങ്ങളുടെ അച്ഛൻ

ഇടശ്ശേരിയെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് ഇടനാഴിയിലെ മങ്ങിയ വെളിച്ചത്തിൽ വച്ചിരുന്ന അലമാറിയിൽവച്ചായിരുന്നു. എനിക്ക് ആറോ ഏഴോ വയസ്സു പ്രായമുണ്ടാവും. ഉച്ചഭക്ഷണം കഴിഞ്ഞാൽ പറമ്പിൽ ഓടിക്കളിക്കാൻ വേനൽച്ചൂട് സമ്മതിക്കാത്ത ദിവസങ്ങളിൽ ഞാൻ അലമാറി തുറന്ന് അതിലെ പുസ്തകങ്ങൾ പരതാറുണ്ട്. മരംകൊണ്ടുള്ള ആ അലമാറിയുടെ പുസ്തകഗന്ധം ശ്വസിച്ചുകൊണ്ട് ഞാൻ മണിക്കൂറുകളോളം വിരസത മറന്ന് പുസ്തകങ്ങളുടെ അദ്ഭുതലോകത്തിൽ ലയിച്ച് ഇരിക്കാറുണ്ട്. ഒപ്പം സതീശേട്ടനുമുണ്ടാവും. ഓരോ പുസ്തകവും ഓരോ ലോകമാണ്. പുറം ചട്ടയിലെ ചിത്രം തൊട്ട് അവസാനപേജുവരെ, പിന്നെ പുറം ചട്ടയിൽ കൊടുത്തിട്ടുള്ള വിവരണങ്ങൾ വരെ മറിച്ചുനോക്കും. നോക്കുംതോറും ആ പുസ്തകങ്ങൾ രചിച്ചവരോടുള്ള ആദരവുകൊണ്ട് മനസ്സു നിറയും. അന്ന് എന്റെ വായന തുടങ്ങിയിട്ടുണ്ടായിരുന്നില്ല. പിന്നീടെപ്പോഴൊ സതീശേട്ടനാണ് എന്നെ വായനയിലേയ്ക്ക് കൊണ്ടുവന്നത്.

അങ്ങിനെ പരതുന്നതിനിടയിലാണ് ഞങ്ങൾ 'അളകാവലി' കാണുന്നത്. മുകളിലെ തട്ടിൽ പിന്നിലായി ഒളിപ്പിച്ചു വച്ച മട്ടിൽ രണ്ടട്ടിയായി പുതിയ പുസ്തകങ്ങൾ. 'അളകാവലി'യുടെ കോപ്പികൾ. രണ്ടു നിറത്തിലുള്ള പുറം ചട്ടയാണുണ്ടായിരുന്നത്. ഇളം നീലയും ഇളം ചുവപ്പും. മുകളിൽ അളകാവലി എന്നെഴുതിയിട്ടുണ്ട്. നടുവിലായി ഒരു പുവിന്റെ ചിത്രം വളരെ ചെറുതായി കൊടുത്തിരിക്കുന്നു. ഏറ്റവും താഴെ ഇടശ്ശേരി എന്ന പേര്. അന്നുമുതൽ ഇടശ്ശേരി എന്ന പേര് എനിക്ക് ആദരസൂചകമായി. ഞങ്ങൾ ഓരോ കോപ്പി ഉടനെ എടുക്കുകയും സ്വന്തമാക്കുകയും ചെയ്തു. അന്ന് സതീശേട്ടൻ പേരും പഠിക്കുന്ന ക്ലാസ്സും സ്കൂളും ആദ്യത്തെ പേജിൽ എഴുതി സ്വന്തമാക്കിയ പുസ്തകം ഇപ്പോൾ എന്റെ കയ്യിലുണ്ട്. സാഹിത്യകാരന്മാർ ആദരിക്കപ്പെടേണ്ടവരാണെന്ന വിശ്വാസം വന്നത് അച്ഛനെയും അച്ഛന്റെ സ്നേഹിതന്മാരായ എഴുത്തുകാരെയും കണ്ടപ്പോഴാണ്. വളരെ സംശുദ്ധമായ ജീവിതം നയിക്കുന്നവരായിരുന്നു അവരെല്ലാം. വി.ടി.ഭട്ടതിരിപ്പാട്, പി.സി.മ്മാമ (ഉറൂബ്), അക്കിത്തം, കടവനാട് കുട്ടികൃഷ്ണൻ, എം. ഗോവിന്ദൻ, എൻ. ദാമോദരൻ, തുടങ്ങിയ എഴുത്തുകാരെല്ലാവരും മാതൃകാജീവിതമാണ് നയിച്ചിരുന്നത്. അങ്ങിനെയല്ലാത്തവരുമുണ്ടായിരുന്നു. പക്ഷേ അവരുടെ ജീവിതത്തിന്റെ ചീത്ത വശം ഞങ്ങൾ ശ്രദ്ധിച്ചിരുന്നില്ല, അല്ലെങ്കിൽ അതു മനസ്സിലാവാൻ മാത്രം ഞങ്ങൾ വളർന്നിരുന്നുമില്ല. 'അളകാവലി'യുടെ ഇത്രയധികം കോപ്പികൾ അലമാറിയിലിരിക്കുന്നത് ഒരിക്കൽ ചൂണ്ടിക്കാട്ടിയപ്പോൾ അച്ഛൻ നിശ്ശബ്ദനായി. എന്തോ വേദനിപ്പിക്കുന്ന ഒരോർമ്മ അദ്ദേഹത്തെ അലട്ടിയപോലെ തോന്നി. അതെന്താണെന്ന് വളരെ പിന്നീടാണ് മനസ്സിലായത്. തിക്തമായൊരനുഭവത്തിന്റെ ഓർമ്മയായിരുന്നു അത്. അച്ഛന്റെ ആദ്യസമാഹാരമാണ് അളകാവലി. വളരെയധികം മോഹിച്ച്, സ്നേഹിതന്മാരുടെ പ്രോത്സാഹനത്തോടെയാണ്

ആ പുസ്തകം മാതൃഭൂമിയിൽ അച്ചടിക്കാൻ കൊടുത്തത്. അച്ഛന്റെ ഭാഷയിൽത്തന്നെ പറയട്ടെ.

*.......അതേവരെ എഴുതിയിരുന്ന ഖണ്ഡകവിതകളിൽനിന്ന് തെരഞ്ഞെടുത്ത കുറെ കൃതികൾ 'അളകാവലി' എന്ന പേരിൽ പുസ്തകമാക്കി. അതേവരെയും പിന്നീടു മുഖ്യമായും എന്റെ കവിതകൾ പ്രസിദ്ധപ്പെടുത്തിയിരുന്ന മാതൃഭൂമി യാണ് അച്ചടി നിർവ്വഹിക്കുന്നത്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ചേർക്കുന്ന കവിതകൾക്ക് ചുരുങ്ങിയ തോതിലെങ്കിലും പ്രതിഫലം തരാൻ തുടങ്ങിയിരു ന്നു. അങ്ങനെ ഈട്ടംകൂടിയിരുന്ന കാശും അന്നന്നു ഹരജികൾ എഴുതിക്കൊടു ത്തു കിട്ടിയ കാശുംകൊണ്ട് അച്ചടി കൂലി തീരാതെ വളരെക്കാലം ആ പുസ്തകങ്ങൾ പ്രസ്സിലെ ഗർഭഗൃഹത്തിൽ കിടന്നു. മാനേജർ ശ്രീ കൃഷ്ണൻ നായർ സദയം വിട്ടുതന്ന 25 കോപ്പികൾ കേരളത്തിലെ പ്രമുഖ കവികൾക്കും എന്റെ ചില സുഹൃത്തുക്കൾക്കും അയച്ചുകൊടുത്തു ഞാൻ കവിപ്രതിഷ്ഠ നേടി, ഭാവിഭാഗ്യങ്ങളെ സ്വപ്നം കാണാനുള്ള അർഹത സമ്പാദിച്ചു. എന്റെ ഒരു മിത്രം, ശ്രീ. ഇ. പി. സുമിത്രൻ (മാസ്റ്റർ) ഇതിലിടയ്ക്ക് മാനേജരെ സമീപിച്ച് 100 കോപ്പിയെങ്കിലും വിട്ടുതരാനപേക്ഷിച്ചു. അതു വിറ്റ് അച്ചടിക്കൂലി തീർത്ത് ബാക്കി പുസ്തകങ്ങൾ കൈക്കലാക്കാമെന്നായിരുന്നു പ്ലാൻ. സത്യത്തിന്നു നേരുനീക്കം വരുത്താത്ത മാനേജർ സാനുഭാവം അന്വേഷിച്ചു.*

*'മാസ്റ്ററുടെ കൈയിൽ എത്ര സംഖ്യയുണ്ട്?'*

*'തല്ക്കാലം ഒമ്പതുറുപ്പിക'*

*'എന്നാൽ അതടച്ചു തല്ക്കാലം 12 പുസ്തകം വാങ്ങിക്കോളൂ. അതു വിറ്റ വില 9 ക. വീണ്ടും അടച്ചാൽ 12 പുസ്തകം കൂടി എടുക്കാം. അങ്ങനെ ക്രമേണ എല്ലാ പുസ്തങ്ങളും വിട്ടെടുക്കാമല്ലോ.'*

*മാസ്റ്റർ ആ സൗമനസ്യവും 12 പുസ്തകങ്ങളും വാങ്ങിപ്പോന്നു. പിന്നീടൊരിക്കൽ ശ്രീ. എസ്.കെ. പൊറ്റക്കാട്ട് ഈ വിവരമറിഞ്ഞു പ്രസ്സിൽ പോയി എന്റെ കടം വീട്ടിയപ്പോഴേക്ക് ഏറെക്കാലം കഴിഞ്ഞിരുന്നുവെങ്കിലും മാനേജർ പലിശ വസൂലാക്കിയില്ല!.....*

അതായിരുന്നു 'അളകാവലി'യുടെ വ്യസനകരമായ കഥ. തൊള്ളായിരത്തിനാല്പ്പതിൽ മുപ്പത്തിമൂന്നാം വയസ്സിൽ

'മർത്ത്യൻ സുന്ദരനാണ്, കാരണമുയിർ-
കൊള്ളും വികാരങ്ങൾതൻ
നൃത്യത്തിന്നുമുതിർക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ'

എന്നെഴുതാൻമാത്രം വളർന്ന കവി, ആ കവിത 'സൗന്ദര്യാരാധന' ഉൾക്കൊള്ളുന്ന തന്റെ ആദ്യത്തെ പുസ്തകം അച്ചടിക്കാനും വിൽക്കാനും നടത്തിയ ശ്രമങ്ങളും അദ്ധ്വാനവും ഒരുപക്ഷേ ആരും അറിഞ്ഞിട്ടുണ്ടാവില്ല. അനുഭവിച്ച പീഡനങ്ങളുടെ കഥകളൊന്നും അദ്ദേഹം മക്കളോട് പറഞ്ഞിട്ടില്ല. അവയെപ്പറ്റി കുറെയൊക്കെ അറിയുമായിരുന്ന അമ്മയും ഒന്നും പറയുകയുണ്ടായില്ല. അതിന്റെ ശേഷപത്രമായിരുന്നു അലമാറിയിൽ കണ്ട കോപ്പികൾ. വളരെ പ്രതികൂലമായ സാഹചര്യങ്ങളും നർമ്മത്തോടെ നേരിടാനുള്ള അച്ഛന്റെ കഴിവിന്റെ ഒരുദാഹരണമാണ് ഇത്.

അളകാവലിയുടെ കണ്ടുപിടുത്തത്തിനു ശേഷം എന്റെ ജീവിതവീക്ഷണം

പാടെ മാറിയിരുന്നു. ഇടശ്ശേരി എന്നത് ആദരവർഹിക്കുന്ന ഒരു പേരാണെന്നും അതിനു കളങ്കം വരുത്തുന്ന ഒരു കാര്യവും ചെയ്യരുതെന്നും എന്റെ മനസ്സിൽ ഉറച്ചത് അതിനുശേഷമാണ്. ആ പവിത്രമായ ഓർമ്മ അധാർമ്മികമായ ഒന്നും ചെയ്യാതിരിക്കാൻ ഇന്നും എന്നെ ഉദ്ബോധിപ്പിക്കുന്നുണ്ട്. എന്തു കാര്യം ചെയ്യുമ്പോഴും ഞാൻ ആദ്യം ഓർക്കുന്നത് അച്ഛനെയാണ്. നല്ല കാര്യം ചെയ്താലും ചീത്ത പേർ കിട്ടുമെന്ന് ഇന്ന് എനിക്കനുഭവമാണ്. ആത്മാർത്ഥ തയില്ലാത്ത ചിലർ തല്ക്കാല ലാഭം കൊയ്യാനോ എന്നോടുള്ള ദേഷ്യം തീർക്കാനോ ഒന്നുമല്ലെങ്കിൽ പത്രങ്ങളിൽക്കൂടി അല്പം പേരെടുക്കാനോ വേണ്ടി എനിക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, വേദനയുണ്ടെ ങ്കിലും ഞാൻ സമാധാനിക്കുന്നത് ‘അയാൾക്കെന്തെങ്കിലും പ്രശ്നമുണ്ടാവു ’മെന്നോർത്താണ്. എന്റെ പല കഥാപാത്രങ്ങളും ആവർത്തിച്ചു പറയുന്ന ഒരു വാചകമാണ്. ‘അയാൾക്കെന്തെങ്കിലും പ്രശ്നമുണ്ടാവു’മെന്നത്. ഈ മനോ ഭാവം എനിക്കു കിട്ടിയത് അച്ഛനിൽനിന്നാണ്. നമ്മെ ഒരു കാരണവുമില്ലാതെ കുത്തി വേദനിപ്പിക്കുന്നവരെപ്പോലും സഹാനുഭൂതിയോടെ കാണുക.

അച്ഛന്റെ സുഹൃത്തുക്കളായ ധാരാളം സാഹിത്യകാരന്മാർ വീട്ടിൽ വന്നിരു ന്നെങ്കിലും ഞങ്ങൾക്ക് ഓർമ്മവച്ച കാലം തൊട്ട് ആദ്യമുണ്ടായിരുന്ന സാഹി ത്യസമാജങ്ങൾ നടന്നിരുന്നില്ല. കുട്ടികൃഷ്ണമാരാരും മറ്റും പുത്തില്ലത്ത് സ്ഥിരം വന്നിരുന്ന ഒരു കാലത്തെപ്പറ്റി ഞങ്ങൾക്ക് കേട്ടറിവേയുള്ളൂ. പല സാഹിത്യകാരന്മാരെയും ഞാൻ കണ്ടിട്ടുള്ളത് അച്ഛന്റെ അതിഥികളായിട്ടാണ്. വി.ടി.ഭട്ടതിരിപ്പാടിന്റെ കുലുങ്ങിച്ചിരി ഇന്നും എന്റെ ഓർമ്മയിലുണ്ട്. അവർ സംസാരിക്കുമ്പോൾ ഞങ്ങൾ ദൂരെ മാറിനിന്നു നോക്കും. രാത്രിഭക്ഷണം കഴി ഞ്ഞാലും അവരുടെ സംസാരം തുടരും. പിറ്റേന്നു രാവിലെ എഴുന്നേറ്റു നോക്കു മ്പോൾ ഉമ്മറത്ത് ചിതറിക്കിടക്കുന്ന ബീഡിക്കുറ്റികളും തീപ്പെട്ടിക്കോലുകളും വെറ്റിലഞെട്ടിയും അവരുടെ രാത്രി സമ്മേളനത്തിന്റെ ഭീകരത വെളിപ്പെടു ത്തും. ചിലപ്പോൾ രാത്രി പോകാൻ പറ്റാതിരുന്നവർ ഉമ്മറത്തിട്ടിരുന്ന നീണ്ട മേശമേലോ ബെഞ്ചിലോ മൂടിപ്പുതച്ചു കിടന്നുറങ്ങുന്നുണ്ടാവും.

അച്ഛൻ നാട്ടുകാരുമായി പങ്കുവെക്കേണ്ട ഒരു പൊതുസ്വത്താണെന്ന് വളരെ ചെറുപ്പത്തിലേ മക്കൾക്ക് മനസ്സിലായിരുന്നു എന്ന് എന്റെ അനുജൻ മാധവൻ ഒരു ലേഖനത്തിൽ പറയുന്നുണ്ട്. കാര്യം ശരിയായിരുന്നു. അതു മനസ്സിലാ ക്കിയപ്പോഴായിരിക്കണം ഞാൻ സാഹിത്യരചന തുടങ്ങിയത്. അച്ഛന്റെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള ഒരുപാധിയായി, ഒരു കലയായി ഞാനതിനെ വളർത്തിയെ ടുത്തു. കഥയെഴുതി അച്ഛനെ കാണിക്കുക, അച്ഛന്റെ നിർദ്ദേശങ്ങൾക്കനുസ രിച്ച് അതു തിരുത്തുകയോ മാറ്റി എഴുതുകയോ ചെയ്തു വീണ്ടും വായിച്ചു കേൾപ്പിക്കുക. ഇങ്ങിനെ അച്ഛനുമായി ഇടപഴകാൻ മറ്റു മക്കൾക്ക് ലഭിക്കുന്ന തിനേക്കാൾ അവസരം ലഭിക്കുക. എന്റെ ഉദ്ദേശ്യം മറ്റുള്ളവർ മണത്ത റിഞ്ഞെന്നു തോന്നുന്നു. അവർ എന്റെ സാഹിത്യരചന ഒരു ദേശീയദുരന്ത മായി പ്രഖ്യാപിച്ചു, അതിൽ പങ്കാളികളായി. അങ്ങിനെ അച്ഛനിൽനിന്ന് എനി ക്കുമാത്രം കിട്ടുമായിരുന്ന സൗഭാഗ്യം എന്റെ സഹോദരങ്ങളുമായി പങ്കിടേണ്ടി വന്നു. അതുകൊണ്ടുകൂടിയായിരിക്കണം അച്ഛന്റെ മക്കളിൽ ഒരാൾമാത്രം എഴുത്തുകാരനായത്. ഞാൻ എഴുതിത്തുടങ്ങിയ കാലത്ത് രണ്ടോ മൂന്നോ വയ സ്സുമാത്രം പ്രായമുണ്ടായിരുന്ന ഏറ്റവും താഴെയുള്ള അനുജത്തി ഉഷ മാത്രം ഇപ്പോൾ കഥയെഴുതാൻ ധൈര്യം കാണിക്കുന്നുണ്ട്. സാഹിത്യരചനമാത്രമല്ല

അച്ഛന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ ഞാ ൻ ഉപയോഗിച്ചത്. നാടകാഭിനയവും. അതെന്റെ രണ്ടാമത്തെ തുരുപ്പുചീട്ടായിരുന്നു. 'കൂട്ടുകൃഷി'യിൽ അഭിനയിക്കാൻ എനിക്ക് അവസരം കിട്ടിയിട്ടില്ല. പക്ഷെ മറ്റു പല നാടകങ്ങളിലും എനിക്ക് സ്ത്രീകഥാപാത്രങ്ങളുടെ ഭാഗം അഭിനയിക്കാൻ കിട്ടിയിട്ടുണ്ട്. നാടകാഭിനയത്തേക്കാൾ എനിക്കിഷ്ടമായത് റിഹേഴ്സൽ സമയമാണ്. അച്ഛനും കുറുപ്പേട്ടനെന്നു ഞങ്ങൾ വിളിക്കുന്ന ടി. ഗോപാലക്കുറുപ്പുമാണ് ഡയറക്ടർമാർ. തൃപ്തിപ്പെടുത്താൻ വളരെ വിഷമമായ കണിശക്കാർ. ഓരോ നടനും എങ്ങിനെയാണ് സ്റ്റേജിൽ നിൽക്കേണ്ടത്, ഇരിക്കേണ്ടത്, പെരുമാറേണ്ടത്, സംസാരിക്കേണ്ടത് എന്നെല്ലാം അവർ കാണിച്ചുതരും. കുറുപ്പേട്ടൻ നല്ലൊരു നടനുമായിരുന്നു. അച്ഛന്റെ പല നാടകങ്ങളും അദ്ദേഹത്തിന്റെ അഭിനയചാതുരി കൊണ്ട് പ്രശംസിപ്പിക്കപ്പെട്ടിരുന്നു.

സ്കൂൾ വിട്ടാൽ വീട്ടിലെത്തി കുളിച്ച് ചായ കുടിച്ച് ഞാനും സതീശേട്ടനും കൃഷ്ണപ്പണിക്കർ വായനശാലയിലേയ്ക്കോടും. അവിടെ ഞങ്ങളെപ്പോലെ താല്പര്യമുള്ള ചെറുപ്പക്കാർ അച്ഛനേയും കുറുപ്പേട്ടനെയും കാത്തുനിൽക്കുന്നുണ്ടാവും. ഇ. രാമൻ മാസ്റ്റർ, പി. കൃഷ്ണവാരിയർ മാസ്റ്റർ, മാധവൻ മാസ്റ്റർ, ദേവസ്സി മാസ്റ്റർ, എൻ. പി. കുമാരൻ, പി.കെ. ഗോപാലമേനോൻ, വടക്കത്ത് ഭാസ്കരൻ, മിഷ്യൻ സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന വർഗ്ഗീസ് മാസ്റ്ററുടെ മക്കൾ. ചിലപ്പോൾ അച്ഛന്റെ സഹചാരിയായിരുന്ന നാരായണൻ വൈദ്യരും വരും. എത്തിയ ഉടനെ അച്ഛൻ പറയും. 'രാമ്മാഷെ ഒരു ചായ വേണം.' രാമൻ മാസ്റ്റർ അച്ഛന് മകനെപ്പോലെയാണ്. അച്ഛന്റെ ഏറ്റവും ഉറ്റ സുഹൃത്തും അച്ഛനെ അസൂയപ്പെടുത്തുമാറ് നല്ല കവിതകളെഴുതുകയും വളരെ ചെറുപ്പത്തിൽ അന്തരിക്കുകയും ചെയ്ത ഇ. നാരായണന്റെ അനുജനാണ് രാമൻ മാസ്റ്റർ. (ഇ. നാരായണന്റെ 'ഇടയന്റെ നിക്ഷേപം' എന്ന കവിതാസമാഹാരം മാത്രമെ അദ്ദേഹം ഓർമ്മയ്ക്കായി ബാക്കിവെച്ചിട്ടുള്ളൂ.) നിമിഷങ്ങൾക്കുള്ളിൽ എതിർവശത്തുള്ള ചായക്കടയിൽനിന്ന് എല്ലാവർക്കും ചായയെത്തും. കുറുപ്പേട്ടനുമെത്തിയാൽ അന്നന്നത്തെ മൂഡനുസരിച്ച് ഒന്നുകിൽ എ.വി.ഹൈസ്കൂളിലോ, മിഷ്യൻ സ്കൂളിലോ റിഹേഴ്സലിനായി പോകുന്നു. സംവിധായകരായ അച്ഛന്റെയും കുറുപ്പേട്ടന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ച് ഉയരാൻ അഭിനേതാക്കളായ ഞങ്ങൾ പാടുപെട്ട് റിഹേഴ്സൽ നടന്നുകൊണ്ടിരിക്കെ വീണ്ടും ചായ വരുന്നു. ഒറ്റയ്ക്കല്ല, ഒന്നുകിൽ പപ്പടവട, അല്ലെങ്കിൽ പരിപ്പുവടയുടെ അകമ്പടിയോടെ. സത്യം പറയട്ടെ, ഈ ചായയും ഒപ്പംവരുന്ന 'കടി'യുമായിരുന്നു റിഹേഴ്സലുകളുടെ കാതലായ ചൈതന്യം.

ഈ തിരക്കിനിടയിലും മക്കളോടൊത്ത് കുറച്ചു സമയമെങ്കിലും ചെലവാക്കാൻ അച്ഛൻ ശ്രദ്ധിക്കാറുണ്ട്. അവധിദിനങ്ങളിലോ, അതിരാവിലെ മറ്റു പ്രാരാബ്ധങ്ങൾ അലട്ടാത്ത ദിവസങ്ങളിലോ അച്ഛൻ ഞങ്ങളോടൊപ്പം തോട്ടപ്പണിയ്ക്കു ചേരാറുണ്ട്. പറമ്പിന്റെ ഏതോ കാണാമൂലയിൽനിന്ന് ഞാൻ പറിച്ചെടുത്ത പാഴ്ചെടികൾ തോട്ടത്തിൽ നട്ടത് സാനുഭാവം വീക്ഷിച്ച്, ആരോഗ്യമുണ്ട് എന്ന ഒരേയോരു കാരണത്താൽ അതിൽനിന്ന് പൂവോ കായോ പ്രതീക്ഷിക്കുന്ന എന്നെ 'ഓ വങ്കാ!' എന്ന ഭാവത്തിൽ അച്ഛൻ നോക്കും. അന്നു ഞാൻ 'മുള്ളൻചീര' എന്ന കവിത വായിച്ചിട്ടില്ല. വായിച്ചിട്ടുണ്ടെങ്കിൽത്തന്നെ, 'വിജയിക്ക മേല്ക്കുമേൽ ക്രൗര്യമേ, സംസ്കാര വിഭവത്തിലെന്നുടെ പൈതൃകം നീ' എന്ന് പാടാനുള്ള അവസരം അച്ഛൻ തന്നില്ല. അദ്ദേഹം ആ

ചെടികൾ പറിച്ചുകളയാറില്ല.

എതിർദിശയിൽ വ്യാപരിച്ചിരുന്ന രണ്ട് വ്യക്തികൾ അച്ഛന്റെ സ്നേഹിതന്മാരായി ഉണ്ടായിരുന്നു. ഒന്ന് യുക്തിവാദിയായ എം.സി. ജോസഫ്. മറ്റേത് പ്രഗത്ഭനായ ജ്യോതിഷി ശ്രീ ടി.വി. ശൂലപാണിവാരിയർ. എം.സി. ജോസഫ് ഒന്നിലധികം തവണ വീട്ടിൽ വന്ന് താമസിച്ചത് എനിക്കോർമ്മയുണ്ട്. ഒരിക്കൽ അദ്ദേഹം വെളിച്ചപ്പാടിന് എങ്ങിനെ കലി വരുന്നു എന്ന് അഭിനയിച്ചു കാണിച്ചത് ഞാനോർക്കുന്നു. എല്ലാം ശരിതന്നെ, പക്ഷെ അച്ഛന് യുക്തിവാദികളോട് അധികം യോജിക്കാൻ കഴിഞ്ഞിരുന്നില്ല. നമുക്കു ചുറ്റും കാണുന്ന പ്രതിഭാസങ്ങളെ നമുക്കു മനസ്സിലാവുന്നില്ല എന്നതുകൊണ്ട് മാത്രം അന്ധവിശ്വാസമായി തള്ളുന്നതിനോട് അച്ഛന് യോജിപ്പുണ്ടായിരുന്നില്ല. അതിന്റെ ഹേതു കണ്ടുപിടിക്കുകയാണ് വേണ്ടത്. 'എനിക്ക് യുക്തി മനസ്സിലാവും, പക്ഷേ യുക്തിവാദം മനസ്സിലാവില്ല' എന്ന് അച്ഛൻ പറയാറുണ്ട്. യുക്തിവാദം ഒരുതരം അന്ധവിശ്വാസമാണെന്നദ്ദേഹം പറയും. മറിച്ചാണ് ശ്രീ. ശൂലപാണിവാരിയർ. അദ്ദേഹത്തോട് സംസാരിക്കുക ഒരനുഭവമാണ്. ഞങ്ങളുടെ വാദങ്ങളെ അദ്ദേഹം ശ്രദ്ധയോടെ കേൾക്കും, പിന്നീട് സ്വന്തം മക്കളോടെന്നപോലെ വാത്സല്യത്തോടെ കാര്യകാരണങ്ങൾ പറഞ്ഞു തന്ന് ഞങ്ങളെ ബോധ്യപ്പെടുത്തും. ഒരുതരം അന്ധവിശ്വാസവുമില്ലാത്ത മനുഷ്യനാണ് ശ്രീ ശൂലപാണി വാരിയർ. ജ്യോതിഷം ഒരു ശാസ്ത്രമാണെന്നും അതിനെ ശരിക്കുള്ള വീക്ഷണത്തിൽ അപഗ്രഥിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചു. ഒട്ടുമുക്കാലും കടന്നുകഴിഞ്ഞ എന്റെ ജീവിതത്തിലേയ്ക്ക് ഞാൻ നോക്കുന്നു. ശ്രീ ശൂലപാണിവാരിയർ എഴുതിയ ജാതകം അമ്മയുടെ കയ്യിലിരിക്കെ ഞാൻ അതു കാണാതെതന്നെ, അറിയാതെ അതൊരു തിരക്കഥയായി എടുത്ത് എന്റെ ജീവിതം നയിക്കുകയാണ് ചെയ്തത്. മറിച്ചു പറയുകയാണെങ്കിൽ എന്റെ ജീവിതം ഉണ്ടായിട്ടുള്ളത് വാരരമ്മാവൻ പണ്ട് എഴുതിവച്ച ജാതകത്തിന്റെ അടിസ്ഥാനത്തിലാണെന്ന്. മുപ്പത്തിനാലാം വയസ്സിൽ എന്റെ ജിവിതത്തിൽ ഒരു വലിയ പ്രതിസന്ധിയുണ്ടാകുമെന്നും ആ സമയത്ത് എന്നെ താങ്ങേണ്ടിവരുമെന്നും അച്ഛൻ എന്റെ ഏറ്റവും താഴെയുള്ള അനുജൻ അശോകനോട് പറഞ്ഞിരുന്നത്രെ. എല്ലാം സംഭവിച്ചുകഴിഞ്ഞ ശേഷമാണ് അശോകൻ എന്നോടതു പറയുന്നത്. അങ്ങിനെ ഒരു പ്രതിസന്ധി ശരിക്കുമുണ്ടായി. അതിനെപ്പറ്റി ഞാൻ മറ്റൊരിടത്ത് എഴുതിയിട്ടുണ്ട്. 'ദിനോസറിന്റെ കുട്ടി', 'ഒരു വിശ്വാസി' എന്നീ കഥകൾ ഈ അനുഭവങ്ങളെ ആസ്പദമാക്കിയാണ് എഴുതിയിട്ടുള്ളത്. ഈ രണ്ടു കഥകളും പ്രസിദ്ധീകരിച്ചത് കലാകൗമുദി വാരികയിലാണ്.

തിരക്കിനിടയിലും മക്കളിൽ ഓരോരുത്തരുടെയും കാര്യങ്ങൾ അന്വേഷിക്കാൻ അച്ഛൻ സമയം കണ്ടെത്തിയിരുന്നുവെന്നത് എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. അച്ഛൻ ഞങ്ങളുടെ കാര്യമൊന്നും ശ്രദ്ധിക്കാറില്ല എന്ന ധാരണയുണ്ടായിരുന്നു എനിക്ക്. പക്ഷേ മക്കളുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നുവെന്നു മാത്രമല്ല അവരുടെ കാര്യത്തിൽ വളരെയധികം മാനസിക സംഘർഷം അനുഭവിച്ചിരുന്നുവെന്നും ഞങ്ങൾക്കു പിന്നീട് മനസ്സിലായി. ഒരിക്കൽ തിരുനാവാ സർവ്വോദയമേളയ്ക്കു പോയതായിരുന്നു ഞാനും സതീശേട്ടനും. മേളയിൽ അച്ഛനുമുണ്ടായിരുന്നു. എന്തുകൊണ്ടോ പ്രസംഗം കഴിഞ്ഞപ്പോൾ അച്ഛൻ തിരിച്ചുപോയി. ഞങ്ങൾ രാമൻമാസ്റ്ററുടെയും മറ്റും ഒപ്പം എത്തി

ച്ചേരാമെന്ന് പറഞ്ഞു. രാമൻമാസ്റ്ററും വർഗ്ഗീസ് മാസ്റ്ററുടെ മക്കളായ ജോണും പോളും ഞങ്ങളുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുകയും ചെയ്തു. രാത്രി മുഴുവൻ പരിപാടിയുണ്ടായിരുന്നു. രാത്രി ഒമ്പതു മണിയായപ്പോൾ ഞങ്ങൾ പോകുന്ന കാര്യം സൂചിപ്പിച്ചു. അപ്പോഴേയ്ക്ക് അവസാനത്തെ ബസ്സും പോയിരുന്നു. ഇനി കലാപരിപാടികൾ മുഴുവൻ കണ്ട് പോകാമെന്ന് അവർ സമാധാനിപ്പിച്ചു.

രാവിലെ ആദ്യത്തെ ബസ്സ് പിടിച്ച് വീട്ടിലെത്തിയപ്പോൾ അമ്മ പരിഭ്രമിച്ചുകൊണ്ട് ചോദിച്ചു. 'എന്തേ ഇന്നലെത്തന്നെ വരാതിരുന്നത്?' ഞങ്ങൾ കാര്യം പറഞ്ഞു. അമ്മ തുടർന്നു. 'അച്ഛൻ ദേഷ്യം പിടിച്ച് ഇരിക്ക്യാണ്. രാത്രി മുഴുവൻ ഉറങ്ങാതെ ഇരിക്ക്യായിരുന്നു. വേഗം പോയി നിങ്ങള് വന്നൂന്ന് പറയൂ.'

അച്ഛൻ മുകളിൽ കസേലയിലിരിക്കുകയായിരുന്നു. രാമൻ മാസ്റ്ററും മറ്റും നിർബ്ബന്ധിച്ചതുകൊണ്ടാണ് ഞങ്ങൾ വരാതിരുന്നത് എന്ന ന്യായമൊന്നും വിലപ്പോയില്ല. ചെകിടത്ത് രണ്ടടി കിട്ടിയപ്പോഴേയ്ക്കും വേദനയും, ഉറക്കമൊഴിച്ചതിന്റെ ക്ഷീണവും കൂടി ഞാനവിടെ നിലത്തു കുഴഞ്ഞു വീണു. സതീശേട്ടനും അതേ സമ്മാനം കിട്ടിയിട്ടുണ്ടാകുമെന്ന അറിവ് എന്റെ വേദന ഒട്ടും കുറച്ചില്ല. വർഷങ്ങൾക്കു ശേഷം ഒരച്ഛനായപ്പോഴാണ് അന്ന് അദ്ദേഹം അനുഭവിച്ച മനക്ലേശം എന്താണെന്ന് എനിക്കു മനസ്സിലാവുന്നത്. അന്നു കിട്ടിയ ശിക്ഷ ഒട്ടും അധികമായിരുന്നില്ല. രാത്രി ഞങ്ങൾ ഊണുകഴിക്കുന്നിടത്ത് അച്ഛൻ വന്നിരിക്കാറുണ്ട്. ഞങ്ങൾ നിലത്തിരുന്നാണ് ഉണ്ണാറ്. ഓരോരുത്തരേയും അച്ഛൻ പ്രത്യേകം ശ്രദ്ധിക്കും. ഭക്ഷണം മതിയാകാത്ത എന്നെ നോക്കി അച്ഛൻ പറയും, 'ജാനു എന്റെ ഭീമസേനന് മതിയായിട്ടില്ലാന്ന് തോന്നുണു, കുറച്ചുകൂടി ചോറു വിളമ്പിക്കൊടുക്കു.' ചില ദിവസങ്ങളിൽ ഞങ്ങളുടെ ഊണു കഴിഞ്ഞാൽ അച്ഛന്റെ വക ഓരോ ഉരുളയും കിട്ടും.

അമ്മമ്മയുടെ എന്ത് ആഗ്രഹങ്ങളും ഒരു ആജ്ഞപോലെ എടുത്ത് നിറവേറ്റുന്നതിൽ അച്ഛൻ ഉത്സാഹം കാണിച്ചിരുന്നു. ഞങ്ങളുടെ വീട് തട്ടിട്ടതായിരുന്നെങ്കിലും ഓലമേഞ്ഞതായിരുന്നു. പുതിയ തൊഴുത്തുണ്ടാക്കിയപ്പോൾ മേഞ്ഞ ഓടിന്റെ ചുവപ്പുനിറം നോക്കി അമ്മമ്മ നെടുവീർപ്പിടും. വീട് ഓടുമേയുന്നതിനെപ്പറ്റി സൂചിപ്പിക്കും അതുമതി. ഒരു മാസത്തിനുള്ളിൽ കല്ലിറക്കുകയും കൽപ്പണിക്കാർ വന്ന് വീടിന്റെ മുകൾഭാഗം ഉയർത്താനുള്ള ജോലി തുടങ്ങുകയും ചെയ്യും. ഏതാനും മാസങ്ങൾക്കുള്ളിൽ വീട് ഉയർത്തി വീണ്ടുമൊരു തട്ടിട്ട് ഓടു മേഞ്ഞിരിക്കും. കല്യാണത്തിനുമുമ്പുള്ള ഏതാനും വർഷങ്ങൾ അച്ഛൻ പുത്തില്ലത്തായിരുന്നു താമസിച്ചിരുന്നത്. അക്കാലത്ത് അച്ഛന് വസൂരി വന്നപ്പോൾ അമ്മമ്മയാണ് ശുശ്രൂഷിച്ചിരുന്നത്.

ഞാൻ കല്യാണം കഴിഞ്ഞ് ദില്ലിയിലേയ്ക്കു പോയത് വിന്ററിന്റെ അവസാനത്തിലായിരുന്നു. വിന്റർ കഴിഞ്ഞതോടെ ചൂട് കൂടിവന്നു. ഞങ്ങൾ താമസിച്ചിരുന്നത് സൗത് എക്സ്റ്റൻഷനിൽ ഒരു ബർസാത്തി(കെട്ടിടത്തിന്റെ ടെറസ്സിലുള്ള മുറി)യിലായിരുന്നു. ലളിതയ്ക്ക് ചൂടു താങ്ങാനായില്ല. അതറിഞ്ഞപ്പോൾ ചൂടിനെ ചെറുക്കാൻ നല്ലതാണെന്ന് പറഞ്ഞ് അച്ഛൻ കുറെ കൂവപ്പൊടി കൊടുത്തയക്കുകയുണ്ടായി. അതുപോലെ അവളെ രണ്ടുമാസത്തേയ്ക്ക് അടുക്കളയിൽ കയറ്റേണ്ടെന്നും ഹോട്ടലിൽനിന്ന് ഭക്ഷണം വരുത്തിയാൽ മതിയെന്നും എഴുതി. വല്ലാത്തൊരു അമ്മായച്ഛൻ! കൃഷ്ണൻനായരുടെ ഹോട്ടലിൽനിന്ന് വരുത്തിയ ഭക്ഷണം കഴിച്ച ആ രണ്ടു മാസങ്ങളാണ് അവളുടെ ജീവിതത്തിലെ

സുവർണ്ണകാലമെന്ന് ലളിത ഇപ്പോഴും കരുതുന്നു.

അച്ഛന്റെ കവിതകൾ ഇടയ്ക്ക് ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യാറുണ്ടായിരുന്നു. ആദ്യമൊക്കെ വീട്ടിൽ റേഡിയോ ഇല്ലാതിരുന്നതു കൊണ്ട് ഞങ്ങൾക്കതു കേൾക്കാൻ കഴിഞ്ഞിരുന്നില്ല. അതിനിടയ്ക്ക് ആരോ പറഞ്ഞു എ.വി. ഹൈസ്കൂളിൽ റേഡിയോ ഉണ്ട് ഹെഡ്മാസ്റ്റർ ശേഖരവാരി യരോട് പറഞ്ഞാൽ അദ്ദേഹം അവിടെ പോയി കേൾക്കാൻ അനുവദിക്കും എന്ന്. മറ്റുള്ളവരെ ഒരു വിധത്തിലും ബുദ്ധിമുട്ടിക്കുന്നത് ഇഷ്ടമില്ലാതിരുന്ന അച്ഛൻ ആ സൗമനസ്യം വേണ്ടെന്നു വയ്ക്കുകയാണുണ്ടായത്. സ്കൂളിന്റെ മാനേജർ കൂടിയായിരുന്ന മാസ്റ്റർ രാത്രി എട്ടു മണിവരെ ജോലിയെടുക്കാറുള്ള താണ്. പക്ഷേ ശേഖരവാരിയർ മാസ്റ്റർ ഒരിക്കൽ ഇതറിയാനിടവരികയും അച്ഛനെ നിർബ്ബന്ധിക്കുകയും ചെയ്തു. തനിക്ക് ഒരു വിധത്തിലും ശല്യമാവി ല്ലെന്നും, ഇനി അങ്ങിനെ എന്തെങ്കിലും ഭയമുണ്ടെങ്കിൽ അതു മാറ്റിത്തരാ മെന്നും പറഞ്ഞ് ഒരു നീണ്ട വയർ ഉപയോഗിച്ച് അടുത്ത വിങ്ങിലെ വരാന്തയി ലേയ്ക്ക് സ്പീക്കർ വച്ചുകൊടുക്കുകയും കസേലകളൊരുക്കുകയും ചെയ്തു. അവിടെ ഇരുന്ന് അച്ഛനും അമ്മയും വൈകുന്നേരം കവിത കേട്ടിരുന്നത് എനി ക്കോർമ്മയുണ്ട്.

വീട്ടിൽ കവിതയുടെ അന്തരീക്ഷമുണ്ടാക്കാൻ പ്രധാനകാരണം അമ്മയ ായിരുന്നു. അച്ഛന്റെ കവിതകൾ നല്ല ഈണത്തിൽ ചൊല്ലുന്നതു കേട്ടാണ് ഞങ്ങൾ എഴുന്നേൽക്കാറ്. രാത്രിമുഴുവൻ ഇരുന്ന് അച്ഛൻ എഴുതിയ കവിതയാ യിരിക്കുമത്. അമ്മയുടെ നാവിലൂടെ തന്റെ സൃഷ്ടി പുറത്തുവരുന്നതു കേട്ടാലെ അച്ഛനു സ്വന്തം കവിതയെപ്പറ്റി വിശ്വാസം വരൂ. രാത്രി അച്ഛന് വേണ്ട പ്പൊഴൊക്കെ എഴുന്നേറ്റ് ചായയുണ്ടാക്കിക്കൊടുക്കുകയും അടുത്തിരുന്ന് എഴു തിയ വരികളെപ്പറ്റി അഭിപ്രായം പറയുകയും ചെയ്ത് അമ്മ നൽകിയിരുന്ന പ്രോത്സാഹനമായിരിക്കണം അച്ഛന്റെ വിജയരഹസ്യം. അച്ഛന്റെ ഒരു കവിത പിറന്നാൽ അടുത്തതു വരുന്നവരെ ആ കവിത എല്ലാവരുടെയും ചുണ്ടിലുണ്ടാ വും. അമ്മയുടെ ചെറിയമ്മയുടെ (ലക്ഷ്മി വല്ല്യമ്മ - അമ്മയുടെ എച്ചുവേട ത്തി. അമ്മ ചെറിയമ്മമാരെ ഏടത്തിയെന്നാണ് വിളിക്കാറ്) മക്കൾ നന്നായി അച്ഛന്റെ കവിതകൾ ആലപിച്ചിരുന്നു. ഒരു കാലത്ത് എ.വി.ഹൈസ്കൂളിൽ പഠിക്കാനായി അവർ പുത്തില്ലത്ത് താമസിച്ചിരുന്നു. അവരിൽ ദാസേട്ടൻ (ഇ. ഹരിദാസ്) പൊന്നാനി വിട്ടുപോകുന്നതുവരെ 'കൂട്ടുകൃഷി'യിലെ സ്ഥിരം ആയി ഷയായിരുന്നു. സുകുമാരനായി ഡേവിഡ്ഡും. അടുത്ത തലമുറയിൽ വടക്കത്ത് ഭാസ്കരനും ജോർജ്ജും, ആയിഷയുടെയും സുകുമാരന്റെയും വേഷമിട്ടു. സി. ഹരിദാസ്, എക്സ്. എം.പി.യും ഒരുകാലത്ത് ആയിഷയുടെ റോൾ എടുത്ത വരിൽപ്പെടും. പലപ്പോഴും എനിക്ക് റോളില്ലെങ്കിൽക്കൂടി നാടകങ്ങളുടെ റിഹേ ഴ്സലുകൾക്ക് ഞാൻ പോകാറുണ്ട്. അച്ഛന്റെ സാമിപ്യത്തിന് അങ്ങിനെ അവ സരം സൃഷ്ടിക്കുകയായിരുന്നു ഞാൻ.

അച്ഛന് സാമ്പത്തികമായി വളരെയധികം പ്രശ്നങ്ങളുണ്ടായിരുന്നു. എട്ടു മക്കളെ പോറ്റിയുണ്ടാക്കുക എളുപ്പമുള്ള കാര്യമായിരുന്നില്ല. കുടുതൽ സമയം ജോലിയെടുക്കേണ്ടി വന്നു. ഒപ്പം തന്നെ കലാസമിതി പ്രവർത്തനങ്ങളും. അച്ഛൻ കോടതിയിൽ നിന്ന് വരുന്നതും കാത്ത് ഒരു പറ്റം സഹൃദയർ കൃഷ്ണ പ്പണിക്കർ വായനശാലയുടെ വരാന്തയിൽ കാത്തിരിക്കുന്നുണ്ടാവും. അവരെ നിരാശരാക്കാൻ വയ്യ. നാടക റിഹേഴ്സലുകൾ ഉണ്ടാവും. അച്ഛന്റെ എല്ലാ നാട

കങ്ങളും അവതരിപ്പിച്ചിരുന്നത് ഈ സുഹൃദ്സംഘമായിരുന്നു. പൊതുപ്രവർത്തനം പോക്കറ്റ് കാലിയാക്കുന്ന പരിപാടിയായിരുന്നു. ഓരോ സമ്മേളനവും നാടകോത്സവവും കഴിഞ്ഞാലും കുറേ നഷ്ടങ്ങളുണ്ടാവും. സഹപ്രവർത്തകരുടെ കാര്യവും തദൈവ. ഒരിക്കൽ എ.വി. ഹൈസ്കൂളിൽ വച്ച് ഒരു നാടകോത്സവം അരങ്ങേറി. ടിക്കറ്റുവച്ചായിരുന്നു പ്രവേശനം. അച്ഛന്റെ സ്വഭാവമറിയാമായിരുന്ന സ്നേഹിതൻ വള്ളത്തോൾ ബാലചന്ദ്രമേനോൻ മാസ്റ്റർ(എ.വി. ഹൈസ്കൂൾ) പണത്തിന്റെ കാര്യങ്ങൾ മുഴുവൻ ഏറ്റെടുത്തു. അദ്ദേഹം പണത്തിന്റെ കാര്യത്തിൽ വളരെ കണിശമുള്ള ആളായിരുന്നു. ഒരു പൈസ കിട്ടിയാലും ചെലവാക്കിയാലും കണക്കുവയ്ക്കും. നാടകത്തിനു തൊട്ടുമുമ്പ് അച്ഛന്റെ ഒരു മരുമകൻ കുറ്റിപ്പുറത്തുനിന്ന് വന്ന് നാടകം കാണണമെന്ന് ആവശ്യപ്പെട്ടു. അച്ഛൻ ഉടനെ പോക്കറ്റിൽനിന്ന് പണമെടുത്ത് മുമ്പിലിരിക്കുന്ന ബാലചന്ദ്രമേനോൻ മാസ്റ്ററുടെ കയ്യിൽ കൊടുത്ത് ടിക്കറ്റ് ആവശ്യപ്പെട്ടു. മാസ്റ്റർ ഒന്നും പറയാതെ ടിക്കറ്റ് മുറിച്ചുകൊടുക്കുകയും ചെയ്തു. മാസ്റ്റർക്ക് വേണമെങ്കിൽ പറയാമായിരുന്നു, സ്വന്തം ആളല്ലെ ടിക്കറ്റില്ലാതെ അകത്തു കയറി ഇരുന്നോട്ടെ എന്ന്. ഒരു തെറ്റ് കൂടുതൽ തെറ്റുകൾക്ക് കടന്നുവരാനുള്ള വാതിൽ തുറക്കുമെന്ന് അച്ഛനെപ്പോലെ നന്നായി അറിയാവുന്ന ധർമ്മിഷ്ഠനായ ബാലചന്ദ്രമേനോൻ മാസ്റ്റർ പണം വാങ്ങി ടിക്കറ്റു മുറിച്ചുകൊടുത്തു. നാടകോത്സവം കഴിഞ്ഞ ശേഷം അച്ഛൻ പറയുകയുണ്ടായി, കയ്യിൽനിന്ന് പണം നഷ്ടമാവാതെ ജീവിതത്തിൽ ആദ്യമായി ഒരു പരിപാടി നടത്തിയത് ബാലചന്ദ്രമേനോൻ മാസ്റ്റർ കാരണമാണെന്ന്.

അച്ഛൻ എന്നോട് സാഹിത്യത്തെപ്പറ്റി സംസാരിക്കുന്നത് അപൂർവ്വമായതിനു കാരണം ഒരുപക്ഷേ ഞാൻ വളരെ ചെറുപ്പത്തിൽ, സാഹിത്യം സംസാരിക്കാൻ മാത്രം വളരുന്നതിനുമുമ്പ് നാടുവിട്ടതുകൊണ്ടായിരിക്കണം. ഞാൻ കൊല്ലത്തിലൊരിക്കൽ വരുമ്പോൾ അച്ഛൻ എന്റെ അനുജന്മാരുമായി സാഹിത്യത്തെപ്പറ്റി സംസാരിക്കുന്നത് കേൾക്കാറുണ്ട്. ഒരിക്കൽ കോഴിക്കോട് ദേവഗിരി കോളേ ജിൽ പഠിച്ചിരുന്ന അനുജൻ ഉണ്ണി വന്നപ്പോൾ എൻ.എൻ. കക്കാടിന്റെ 'ലോറിക്കടിയിൽപ്പെട്ടു ചതഞ്ഞ തവളകളെപ്പോൽ നീങ്ങുന്നു നിമിഷങ്ങൾ' എന്ന വരിയുദ്ധരിച്ച് ആധുനിക കവിതയെപ്പറ്റി ചർച്ച നടത്തുന്നത് കേട്ടിട്ടുണ്ട്. അച്ഛന്റെ നാടകങ്ങളിൽ പലതിലും പങ്കെടുക്കാൻ എനിയ്ക്ക് അവസരം തന്നു എന്നതൊഴിച്ചാൽ അദ്ദേഹത്തിന്റെ സാഹിത്യം ഞങ്ങളിൽനിന്ന് വളരെ ഉയർന്ന നിലയിൽ, ഞങ്ങൾക്ക് അപ്രാപ്യമായി നിലകൊണ്ടു. ഒരു കവിത ജനിച്ചാലുടൻ അമ്മയെ കേൾപ്പിയ്ക്കാറുള്ള അച്ഛന്റെ ഈ നിലപാടു കൊണ്ട് ഞങ്ങൾക്ക് വളരെ നഷ്ടങ്ങളുണ്ടായിട്ടുണ്ട്. വലുതായപ്പോൾ എനിയ്ക്കു മനസ്സിലായി ഒരു പരിധിവരെ അത് ഞങ്ങളുടെ പരിമിതി കാരണമാണെന്ന്. അച്ഛന്റെ കവിതകളെപ്പറ്റി സംസാരിക്കാനുള്ള നിലവാരത്തിൽ ഞങ്ങൾ എത്തിയിരുന്നില്ല. സാഹിത്യത്തെപ്പറ്റിയുള്ള അറിവിൽ അമ്മയുടെ നാലയലത്തുപോലും മക്കൾ നിന്നിരുന്നില്ല. കുട്ടികൃഷ്ണമാരാര്, ഉറൂബ്, അക്കിത്തം, എം. ഗോവിന്ദൻ, അന്ന് വിവാഹത്തെപ്പറ്റി ആലോചിക്കുകപോലും ചെയ്യാത്ത ഇടശ്ശേരി തുടങ്ങിയ മഹാരഥന്മാരുടെ സംസാരം ഇരുപതാം വയസ്സിൽ കേട്ടാസ്വദിക്കാനും ഇടയ്ക്ക് അവരുടെ ഉയർന്ന നിലവാരത്തിലുള്ള നർമ്മസംഭാഷണങ്ങളിൽ പങ്കുചേരാനും കഴിവുമുണ്ടായിരുന്ന അമ്മ എനിയ്ക്ക് എന്നും അസൂയയുണ്ടാക്കിയിരുന്നു. അച്ഛന്റെ വിവാഹം കഴിഞ്ഞത്

തൊള്ളായിരത്തി മുപ്പത്തെട്ടിലാണ്. വിവാഹത്തിനു ശേഷം സ്വന്തം സാഹിത്യശ്രമങ്ങൾ ഉപേക്ഷിക്കുകയാണ് അമ്മ ചെയ്തത്. അതിനെപ്പറ്റി പിന്നീട് വിശദമായി എഴുതാം.

അച്ഛനെക്കുറിച്ചാലോചിക്കുമ്പോൾ മനസ്സിൽ ഉയർന്നു വരുന്ന ചിത്രം ഒരു മാതൃകാഗൃഹനാഥന്റേതാണോ? അറിയില്ല. ജീവിതചിത്രത്തിൽ ഒരു ഗൃഹനാഥൻ എന്ന ഫ്രെയിമിൽ മാത്രമായി അച്ഛനെ ചുരുക്കിക്കൊണ്ടുവരാൻ പറ്റുമെന്ന് തോന്നുന്നില്ല. അത് അദ്ദേഹത്തിന്റെ ബഹുമുഖ ജീവിതത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു. വീട്ടുകാര്യങ്ങൾ മാത്രം നോക്കി അച്ഛനെ തളച്ചിടാൻ പറ്റില്ലെന്ന് അമ്മയും പിന്നീട് വളർച്ചയുടെ ഓരോ ഘട്ടങ്ങളിലായി മക്കളിലോരോരുത്തരും മനസ്സിലാക്കിയിരുന്നു. അദ്ഭുതകരമായ കാര്യം തിരക്കുകൾക്കിടയിലും ഞങ്ങളിലോരോരുത്തരെയും എത്ര ശ്രദ്ധയോടെയാണ് അദ്ദേഹം വളർത്തിക്കൊണ്ടുവന്നത് എന്നതായിരുന്നു. 'എൻകുഞ്ഞുറങ്ങിക്കൊൾകെൻകുഞ്ഞുറങ്ങി ക്കൊൾ...' എന്ന താരാട്ടു പാടി ഏറ്റവും താഴെയുള്ള കുട്ടിയെ മാറത്തു ചാച്ചു കിടത്തി രാത്രി ഉമ്മറത്തോ, മുറ്റത്തോ ഉലാത്തുന്ന അച്ഛനെ നോക്കി 'എന്റേതിന്നലെവരെയാസ്വർഗ്ഗം!' എന്ന മട്ടിൽ അസൂയയോടെ നോക്കിനിൽക്കാറുള്ള മുതിർന്നവർ എന്റെ കുട്ടിക്കാലത്തെ ഓർമ്മയാണ്. ഞാൻ എന്തായാലും അങ്ങിനെ നോക്കിനിന്നിട്ടുണ്ട്. വീട്ടിൽ എന്നും കുട്ടികളുണ്ടാവാറുണ്ട്. ഞങ്ങൾ എട്ടു മക്കളാണ്. അമ്മ പതിനൊന്നു പ്രസവിച്ചെങ്കിലും മൂന്നു കുട്ടികൾ, ഒരു പെൺകുട്ടിയും രണ്ടാൺകുട്ടികളും നേരത്തെ യാത്രയാവുകയാണുണ്ടായത്. മൂന്നാമതു യാത്രയായ കുട്ടിയെപ്പറ്റി എനിയ്ക്ക് ഓർമ്മയുണ്ട്. ഒരു വയസ്സു തികഞ്ഞിട്ടുണ്ടായിരുന്നില്ല അവന്. തലേന്നുവരെ അസുഖം കാരണം അസ്വസ്ഥനായിരുന്ന അവൻ രാവിലെ നോക്കിയപ്പോൾ ഉറങ്ങിയപോലെ കിടക്കുന്നു. ഉറങ്ങുകയാണെന്നാണ് ഞങ്ങൾ കുട്ടികൾ ആദ്യം കരുതിയത്. അടുത്ത മുറിയിൽ നിലത്ത് വിരിച്ച പായിൽ അമ്മ ബോധമില്ലാതെ കിടക്കുകയാണ്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് അച്ഛൻ 'പൂജാപുഷ്പം' എന്ന കവിതയെഴുതിയത്. '....പെറ്റവളസ്തപ്രജ്ഞമെൻകാൽക്കൽ ഇടിയേറ്റ കാട്ടുവള്ളിയെപ്പോലെ തളർന്നു കിടക്കവേ, കാരിരുമ്പാക്കിത്തീർത്ത കരളോടെ ഞാൻ നിന്നു കാണവേ.......' എനിയ്ക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോഴാണതു സംഭവിച്ചത്.

പൂജാപുഷ്പം എന്ന കവിത ഞാൻ പിന്നീട് കാസറ്റിൽ ചേർത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. എസ്.പി. രമേശാണ് അതിന് സംഗീതം കൊടുത്ത് ആലപിച്ചത്.

BACK TO INDEX

# അച്ഛൻ, സ്വപനം, സമയം

കുട്ടിക്കാലത്ത് ഞാൻ നേരത്തെ ഉറങ്ങാൻ കിടക്കുമായിരുന്നു, അതുപോലെത്തന്നെ വൈകി എഴുന്നേൽക്കുകയും. അതിനെപ്പറ്റി അച്ഛൻ പലപ്പോഴും പറയാറുണ്ട്. നേരത്തെ കിടന്നോളു, പക്ഷെ നേരത്തെ എഴുന്നേൽക്കണം. നമുക്ക് മുമ്പിൽ ചെയ്തു തീർക്കാൻ ധാരാളം കാര്യങ്ങളുണ്ട്. വളരെ കുറച്ചു സമയവും. അപ്പോൾ കിട്ടുന്ന സമയം വേണ്ടുംവിധം ഉപയോഗിക്കണമെന്നാണ് അച്ഛൻ പറയാറ്. ഒരിക്കൽ വല്ലാതെ ഉഴപ്പുന്ന എന്നെയും ജ്യേഷ്ഠനെയും മുറിയിലേയ്ക്ക് വിളിപ്പിച്ചു. മുമ്പിലിട്ട രണ്ടു സ്റ്റൂളുകളിലിരിക്കാൻ ആവശ്യപ്പെട്ടു. എന്തിനാണ് വിളിപ്പിച്ചതെന്നറിയാതെ ഭയപ്പെട്ടുകൊണ്ടിരുന്ന ഞങ്ങളോട് ചുമരിൽ തൂങ്ങുന്ന കലണ്ടർ ചൂട്ടിക്കാട്ടി സംസാരിക്കാൻ തുടങ്ങി.

'ആ കലണ്ടറിലെ ചിത്രം നിങ്ങളോട് എന്താണ് പറയുന്നത്?'

അത് മോബിലോയിലെന്ന എണ്ണക്കമ്പനിയുടെ കലണ്ടറായിരുന്നു. അതിൽ അവരുടെ ലോഗോ ആയ പറക്കും കുതിരയുടെ ചുവപ്പു നിറത്തിലുള്ള ചിത്രമായിരുന്നു. അതിലെന്താണിത്ര പ്രത്യേകത എന്ന മട്ടിൽ ഞങ്ങൾ രണ്ടു പേരും അച്ഛനെ നോക്കി.

'അതു വെറുമൊരു കുതിര പറക്കുന്നതല്ല. ആ കുതിര സമയത്തിന്റെ പ്രതീകമാണ്.' അച്ഛൻ പറഞ്ഞു. 'സമയമാണ് പറക്കുന്നത്. തിരിച്ചു വരവില്ലാത്ത സമയം. ഓരോ നിമിഷവും നഷ്ടപ്പെട്ടാൽ അത് വീണ്ടെടുക്കാനാവില്ല. നമുക്ക് മുമ്പിൽ എത്രയോ ജോലി കിടക്കുന്നു. നിങ്ങൾ ഇപ്പോൾ ചെയ്യുന്നതുപോലെ സമയം നഷ്ടപ്പെടുത്തിയാൽ നിങ്ങൾക്ക് ജീവിതത്തിൽ ഒന്നും നേടാനാവില്ല...........'

ഏകദേശം അര മണിക്കൂർ നേരത്തെ സംസാരത്തിനു ശേഷം ഞങ്ങളോട് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഒട്ടൊരാശ്വാസത്തോടെ ഞങ്ങൾ എഴുന്നേറ്റു പോകയും ചെയ്തു. പകൽ മുഴുവനും കോടതിയിൽ ജോലിയടുക്കുകയും ഒഴിവു കിട്ടുന്ന സമയം കലാ സാംസ്കാരിക മേഖലകളിൽ വ്യാപരിക്കുകയും, രാത്രി വൈകുംവരെ കവിതയോ നാടകമോ എഴുതുകയും ചെയ്തിരുന്ന അച്ഛന്റെ ഉപദേശം എന്തുകൊണ്ടോ എനിക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ല. മടിതന്നെ കാരണം.

ഞാൻ ധാരാളം സമയം പാഴാക്കിയിട്ടുണ്ട്. അതിൽ അധികം സമയവും സ്വപ്നം കാണലായിരുന്നു. ക്ലാസ്സിൽ ഇരിക്കുമ്പോഴും അദ്ധ്യാപകർ പറയുന്നത് ശ്രദ്ധിക്കാനാവില്ല. ഞാൻ ജനലിലൂടെ പുറത്തേയ്ക്ക് നോക്കി സ്വപ്നം കാണുകയായിരിക്കും.

അച്ഛൻ പറയാറുള്ള മറ്റൊരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. ഒരിക്കൽ പരീക്ഷക്കു തിരക്കിട്ടു പഠിക്കുന്ന ഞങ്ങളെ നോക്കി ഇരിക്കയായിരുന്നു അച്ഛൻ. അന്നദ്ദേഹം പറഞ്ഞു.

'നിങ്ങൾക്ക് സ്വപ്നം കാണാനുള്ള സമയം എങ്ങിനെയെങ്കിലും ഉണ്ടാക്കണം, കാരണം മറ്റ് ഏതു തിരക്കിനിടയിലും സ്വപ്നം കാണാനുള്ള സിദ്ധി

നിങ്ങൾക്ക് കൈമോശം വരരുത്.'

ഞാൻ അന്നും സ്വപ്നം കാണാറുണ്ട്. അതൊരു സിദ്ധിയാണെന്ന ബോധം കൊണ്ടല്ല, മറിച്ച് അതെന്റെ സ്വഭാവമായി മാറിയതുകൊണ്ടാണ്. അതുകൊണ്ടുതന്നെയായിരിക്കണം ഞാനൊരെഴുത്തുകാരനായത്. എന്റെ സാഹിത്യ വാസനയെ ഏറെ പ്രോത്സാഹിപ്പിച്ചതും അച്ഛൻ തന്നെയായിരുന്നു. കൽക്കത്തയിൽ പോയപ്പോഴാണ് ആദ്യകഥ പ്രസിദ്ധീകരിച്ചത്. ഒരു കഥയെഴുതിയാൽ ഞാൻ അതിന്റെ ഹാങ്ങോവറിൽത്തന്നെ തങ്ങിനിൽക്കുകയാണ് പതിവ്. പിന്നെ അടുത്ത കഥ ഒരു കൊല്ലം കഴിഞ്ഞേ എഴുതാറുള്ളു. ഓരോ കഥ പ്രസിദ്ധീകരിച്ചു വന്നാലും അച്ഛന്റെ കത്തുണ്ടാവാറുണ്ട്. ഒരു കഥ പ്രസിദ്ധീകരിച്ചാലെ മറ്റൊന്നെഴുതു എന്നുണ്ടെങ്കിൽ അതിനും സമയമായി. പക്ഷെ ഞാൻ എഴുതിയില്ല. ഇവിടെയാണ് അച്ഛൻ പണ്ട് പറഞ്ഞ സമയമെന്ന കുതിര പ്രസക്തമാകുന്നത്. നഷ്ടപ്പെട്ടു പോയ സമയം എനിക്കു തിരിച്ചു കിട്ടില്ല. ഞാനിന്ന് എഴുതിയതിനെക്കാൾ പതിൻ മടങ്ങ് എനിക്കെഴുതാമായിരുന്നു. മനസ്സിൽ കഥയില്ലാഞ്ഞിട്ടല്ല, മടി കാരണം മാത്രം.

അതിൽ ദുഃഖമുണ്ടോ? അറിയില്ല. എന്റെ സ്വപ്നങ്ങളെല്ലാം എന്നോടൊപ്പം ഇല്ലാതാവും, പക്ഷെ ഞാനെഴുതിയതെല്ലാം ഏറെക്കാലം നിലനിൽക്കുമെന്നാണ് പ്രതീക്ഷ.

BACK TO INDEX

# അച്ഛന്റെ 'പണിപ്പുര'യെപ്പറ്റി.

എന്റെ പണിപ്പുര എന്ന ലേഖനത്തിൽ അച്ഛൻ (ഇടശ്ശേരി) പറഞ്ഞ ഒരു കാര്യം വളരെ തെറ്റിദ്ധാരണകൾക്കു കാരണമായിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു. ഈ ലേഖനത്തിൽ അദ്ദേഹം സ്വന്തം പണിപ്പുരയെ ഒരു കരുവാന്റെ ആലയോടാണ് ഉപമിച്ചിട്ടുള്ളത്. ലേഖനത്തിന്റെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

> *ആരാധകന്മാരോ സ്നേഹിതന്മാരോ ഇല്ലാത്ത എന്റെ ഇപ്പോഴത്തെ പണിപ്പുരയ്ക്ക് ഒരു നാട്ടിൻപുറത്തെ കരുവാന്റെ ആലയോടാണ് സാദൃശ്യം. ഞാൻ ശ്രദ്ധാപൂർവ്വം ഒരു പേനക്കത്തി പണിതീർക്കുന്നു. വഴുതിവീണുകൊണ്ടിരിക്കുന്ന കണ്ണട ഇടക്കിടയ്ക്ക് ഉറപ്പിച്ചുകൊണ്ട് പല പാട് ഞാനത് തന്നെത്താൻ പരിശാധിക്കുകയാണെന്ന ഭാവത്തിൽ അതിന്റെ ചന്തം ആസ്വദിക്കുകയായി. പിന്നെ 'നല്ല ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി' എന്നില്ലേ, ഞാൻ തിരിഞ്ഞൊന്നു വിളിക്കും, 'എടോ ഒന്നിങ്ങട്ടു വരൂ'. ഉടുതുണിയിൽ കയ്യും തുടച്ച് എന്റെ കരുവാത്തി പ്രത്യക്ഷപ്പെടും – ഇംഗ്ലീഷ് കട്ലറികളിൽ എവിടെയോ ട്രെയിനിംഗ് കഴിച്ചു വന്ന ആളെപ്പോലെ, ആയമ്മ എന്റെ മനോഹരശില്പമെടുത്ത് തിരിച്ചും മറിച്ചും നോക്കുകയായി. ഒടുവിൽ സംതൃപ്തമായ ഭാവത്തോടെ അതിങ്ങു തിരിച്ചേൽപിക്കും, മിക്കവാറും ഇങ്ങിനെ ഒരഭിപ്രായത്തോടുകൂടി: 'എന്താ ഇത്ര സംശയിക്കാനുള്ളത്? ഇങ്ങിനെത്തന്നെയല്ലേ, ഒരു മടവാള്?'*
>
> *ഞാൻ കുനിഞ്ഞ്, ഒന്നും മിണ്ടാതെ അതിന്മേൽ രണ്ടു തുടക്കൽ കൂടി തുടച്ച് അത് ആവശ്യക്കാർക്കു കൊടുക്കുകയും ചെയ്യും.*

ഇനി തെറ്റിദ്ധാരണകളുടെ കാര്യം പറയാം. ഒരാൾ വർഷങ്ങൾക്കു മുമ്പ് എഴുതിയ ലേഖനം തുടങ്ങുന്നതു തന്നെ ഇങ്ങിനെയാണ്. – 'ഇടശ്ശേരി ഒരു മടവാൾ ഉണ്ടാക്കുന്നു......' മറ്റു ചില ലേഖനങ്ങളിലും ഇതിനു സമാനമായ അർത്ഥം വരുന്നവിധമോ, അല്ലെങ്കിൽ 'ഇടശ്ശേരി ഒരു പേനക്കത്തിയുണ്ടാക്കാൻ തുടങ്ങി അതു മടവാളിൽ കലാശിക്കുന്നു' എന്നർത്ഥത്തിലോ പ്രയോഗിച്ചിട്ടുള്ളത് ഞാൻ വായിച്ചിട്ടുണ്ട്, പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ മുകളിൽ ഉദ്ധരിച്ച വരികൾ കാണിക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്ന് ഇടശ്ശേരി ഉണ്ടാക്കുന്നത് ഒരു മികച്ച പേനക്കത്തി തന്നെയാണ്, സൗന്ദര്യം വഴിയുന്ന ഒരു മാസ്റ്റർപീസ്. രണ്ട് ഇടശ്ശേരിയുടെ വിനയം – അത് ശരിക്കുള്ളതാണെങ്കിലും കപടമാണെങ്കിലും – പല ആശയക്കുഴപ്പങ്ങൾക്കും വഴിവച്ചിട്ടുണ്ട്. സ്വന്തം സൃഷ്ടിയുടെ മഹത്വത്തെപ്പറ്റി, അതിന്റെ പൂർണ്ണതയെപ്പറ്റി നല്ല ഉറപ്പുണ്ടായിരുന്ന ഒരു കവിയായിരുന്നു അച്ഛൻ. വിനയത്തിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നു മാത്രമല്ല അഹങ്കരിക്കാനുള്ള അവ

കാശവുമുണ്ടായിരുന്നു അദ്ദേഹത്തിന്. പിന്നെ എന്തിനീ വിനയം? അവിടെയാണ് 'ഇടശ്ശേരിയുടെ ചിരി'യുടെ പൊരുൾ കണ്ടെത്താനാവുന്നത്. അമ്മയെ (ഇവിടെ കരുവാത്തിയെ) കളിയാക്കുകയെന്നേ അദ്ദേഹത്തിനുദ്ദേശ്യമുണ്ടായിരുന്നുള്ളുവെന്ന് എനിക്കുറപ്പുണ്ട്. അമ്മയെ കളിയാക്കിക്കൊണ്ടുള്ള കവിതകൾ വേറെയുമുണ്ട്; 'ഗൃഹച്ഛിദ്രം', തുടങ്ങിയവ.

ഭർത്താവ് ഒരു മാസ്റ്റർപീസ് കവിത എഴുതിയുണ്ടാക്കി അതു വായിച്ച ശേഷം 'എന്താ സംശയിക്കാനുള്ളത്, ഇങ്ങനെത്തന്നെയല്ലെ ഒരു സിനിമാ നോട്ടീസ്' എന്നു പറയേണ്ട ആവശ്യമില്ലാത്ത വിധം അവർക്ക് സാഹിത്യത്തിൽ പിടിപാടുണ്ടായിരുന്നു. സ്വന്തമായി സാഹിത്യ സൃഷ്ടി നടത്തിയിരുന്ന അവർക്ക് സംസ്കൃതത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും നല്ല പിടിപാടുണ്ടായിരുന്നു. അച്ഛന്റെ ഒപ്പം യാതൊരുവിധത്തിലുള്ള അപകർഷതാബോധവുമില്ലാതെ ജീവിച്ചുപോരാൻ കഴിവുള്ള ഒരാളായിരുന്നു അവർ. അവർക്കു കിട്ടിയിട്ടുള്ള ശിക്ഷണം ഞങ്ങളുടെ തറവാടായ പുത്തില്ലത്തെ ഉമ്മറത്ത് കുട്ടികൃഷ്ണ മാരാരുടെ നേതൃത്വത്തിൽ അച്ഛനും, ഇ. നാരായണനും, ഉറൂബും, അക്കിത്തവും, കടവനാടനും, ഇ. കുമാറും, പി. നാരായണൻ വൈദ്യരും എല്ലാം ചേർന്ന് നടത്തിയിരുന്ന സാഹിത്യ ചർച്ചകളിലൂടെയായിരുന്നു. (ഇ. നാരായണനും, ഇ. കുമാറും വളരെ ചെറുപ്പത്തിൽ മരിച്ചു. ഒരു ചെറുകഥാകൃത്തായിരുന്ന ഇ. കുമാറിന്റെ സഹോദരിയെയാണ് ഉറൂബ് പിന്നീട് കല്യാണം കഴിച്ചത്.)

അച്ഛന്റെ ലേഖനത്തിലെ ഈ പരാമർശത്തെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ടാകാം. 1. എന്താ മടവാള് പേനക്കത്തിയേക്കാൾ മോശമാണോ? 2. വായനക്കാർ എന്ത് ഉൾക്കൊള്ളുന്നുവോ അതാണ് അവരെ സംബന്ധിച്ചേടത്തോളം സത്യം. 3. പേനക്കത്തി കണ്ട് അത് മടവാളായി തോന്നുന്നുവെങ്കിൽ അത് മടവാൾ തന്നെ, ചുരുങ്ങിയത് ആ വായനക്കാരനെ സംബന്ധിച്ചേടത്തോളം.

പേനക്കത്തിക്കില്ലാത്ത സമരോത്സുകത മടവാളിനുണ്ട്. ഒരു വിപ്ലവകാരി പേനക്കത്തിയെ മടവാളായി കാണുമ്പോൾ സൗന്ദര്യോപാസകൻ അത് ഒരു സ്വിസ്സ് ആർമി നൈഫ് ആയേ കാണു. സൗന്ദര്യത്തിലും ഉപയോഗത്തിലും ഈ പേനക്കത്തിയെ വെല്ലാൻ മറ്റൊരു കത്തിയുണ്ടായിട്ടില്ല. ഇവിടെ ആസ്വാദനത്തിന്റെ പ്രശ്നമാണുള്ളത്. ഇതിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നു പറയാൻ പറ്റില്ല. സ്രഷ്ടാവ് ഉദ്ദേശിച്ചതും വായനക്കാരൻ മനസ്സിലാക്കുന്നതും തമ്മിൽ ഇത്രയധികം അന്തരം ഉണ്ടാവേണ്ട കാര്യമില്ല. ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഒന്നുകിൽ സ്രഷ്ടാവിന്റെ കഴിവുകേടാണ്, അല്ലെങ്കിൽ ആസ്വാദകന്റെ.

BACK TO INDEX

# അക്കിത്തം, ഇടശ്ശേരിയിലൂടെ

ഞങ്ങൾ കുട്ടികളായിരിക്കുമ്പോഴേയ്ക്കു തന്നെ കുട്ടികൃഷ്ണമാരാരും ഉറൂബും അക്കിത്തവും കടവനാട് കുട്ടിക്കൃഷ്ണനുമൊക്കെ പങ്കെടുത്തിരുന്ന സാഹിത്യചർച്ചകൾ സ്മരണകളായി തുടങ്ങിയിരുന്നു. അതുകൊണ്ട് ഭാരതപ്പുഴയുടെ തീരത്തു സംഭവിച്ചിരുന്ന സാഹിത്യ ചർച്ചകളെക്കുറിച്ചും അതിൽ പങ്കെടുത്തിരുന്നവരുടെ സാഹിത്യഭ്രമത്തെക്കുറിച്ചും വായിക്കുമ്പോൾ അതു മറ്റൊരു ലോകത്ത്, മറ്റൊരു കാലത്ത് സംഭവിച്ചപോലെ തോന്നുമായിരുന്നു. പലപ്പോഴും വീട്ടിൽ (പുത്തില്ലത്ത്) വരാറുള്ള സാഹിത്യകാരന്മാരെ ആദരപൂർവ്വം സ്വീകരിക്കുകയല്ലാതെ അവരുമായി ഞങ്ങൾ കുട്ടികൾ വളരെ അടുത്ത് ഇടപഴകിയിട്ടില്ല, ഏതാനും പേരൊഴിച്ച്. അതിൽ മഹാകവി അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ, ഉറൂബ് തുടങ്ങിയവരുണ്ട്.

അക്കിത്തത്തെപ്പറ്റി എന്റെ ഏറ്റവും പഴയ ഓർമ്മ തിരുനാവായ സർവ്വോദയമേളയോടു ബന്ധപ്പെട്ടതാണ്. എനിക്കന്ന് എട്ടോ ഒമ്പതോ വയസ്സ് മാത്രം. ഞാനും എന്റെ ജ്യേഷ്ഠനും അനുജത്തിയും ഭാരതപ്പുഴയുടെ തീരത്തു നടക്കാറുള്ള മേളയ്ക്ക് അച്ഛന്റെ കൂടെ പോകാറുണ്ട്. അനുജത്തിയെ അമ്മയുണ്ടെങ്കിലേ കൂടെക്കൊണ്ടു പോകൂ. ഒരിക്കൽ സ്റ്റേജിൽ അച്ഛൻ പ്രസംഗിക്കുന്നതു കണ്ടപ്പോൾ അവൾ 'അച്ഛാ' എന്നു വിളിച്ച് സ്റ്റേജിലേയ്ക്കു കയറി പ്രസംഗം കഴിയുന്നതുവരെ അച്ഛന്റെ കാലും കെട്ടിപ്പിടിച്ച് നിന്നത് എനിക്ക് ഓർമ്മയുണ്ട്. ഒരിക്കൽ ഞാനും ജ്യേഷ്ഠനും പോയപ്പോൾ അച്ഛന്റെ ഒപ്പം അക്കിത്തവും, കടവനാടനും ഇ. നാരായണന്റെ അനുജൻ രാമൻ മാസ്റ്ററും മറ്റുമുണ്ടായിരുന്നു. ബസ്സിറങ്ങി നിളയുടെ മണൽപ്പരപ്പിലേയ്ക്ക് കാൽകുത്തുമ്പോഴതാ അവിടെ ഒരു ബലൂൺ വിൽപ്പനക്കാരൻ! എനിക്കും ജ്യേഷ്ഠനും ബലൂൺ കിട്ടണമെന്നുണ്ട്. പക്ഷെ ഗൗരവമായി സ്നേഹിതരോട് സംസാരിക്കുകയും ഇടയ്ക്കിടയക്ക് പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന അച്ഛനോട് ഇടക്കുകയറി പറയാവുന്നതല്ലല്ലോ വിഷയം. അപ്പോഴാണ് അക്കിത്തം ചോദിച്ചത്, 'എന്താ ബലൂൺ വേണോ?' ഞങ്ങളുടെ കണ്ണുകളിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ അദ്ദേഹം കണ്ടുപിടിച്ചിരുന്നു. കുട്ടികളുടെ ആവശ്യം എന്താണെന്ന് മനസ്സിലാക്കാനുള്ള മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ഞങ്ങൾ തലയാട്ടി. അദ്ദേഹം പോക്കറ്റിൽ നിന്ന് പണമെടുത്ത് രണ്ടു പാമ്പു ബലൂണുകൾ വാങ്ങിത്തരികയും ചെയ്തു. അന്നദ്ദേഹത്തിന് ഇരുപത്തിനാല് ഇരുപത്തഞ്ചു വയസ്സായിട്ടുണ്ടാകും. അന്ന് അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്ന വാത്സല്യം ഇന്നും ഞാനോർക്കുന്നു. ഇന്നുമതെ കാണുമ്പോൾ അദ്ദേഹത്തിന്റെ മുഖത്തുണ്ടാകുന്നത് ഒരു മകനോടുണ്ടാകുന്ന വാത്സല്യമാണ്. പിന്നീട് 'ഈ ഏട്ടത്തി നൊണേ പറയൂ' എന്ന നാടകവും, 'ഉത്സവപ്പിറ്റേന്ന്', 'കണ്ടവരുണ്ടോ', 'അയ്യപ്പൻവിളക്കിന്റെ അല' തുടങ്ങിയ കവിതകളും വായിച്ചപ്പോൾ അദ്ഭുതമൊന്നും തോന്നിയില്ല. ഒരു കുട്ടിയെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരാൾക്കേ ഇതൊക്കെ എഴുതാനാവൂ.

ഒരിക്കൽ അച്ഛന്റെ പുസ്തക ഷെൽഫ് പരതുന്നതിന്നിടയിൽ അക്കിത്തത്തിന്റെ ഒരു പുസ്തകം കിട്ടി. 'ഇടിഞ്ഞു പൊളിഞ്ഞ ലോക'മാണോ അതോ 'മധുവിധുവിനു ശേഷ'മാണോ എന്നോർമ്മയില്ല. അതിൽ അദ്ദേഹം കുറിച്ചുവെച്ചത് വായിച്ചു. 'ബ്രഹ്മശ്രീ ഇടശ്ശേരിയ്ക്ക്, മ.രാ.രാ. അക്കിത്തം.' അതിന്റെ അർത്ഥം അമ്മ പറഞ്ഞുതന്നപ്പോൾ കുറേ ചിരിച്ചു. പിന്നീടതിനെപ്പറ്റി ആലോചിച്ചപ്പോഴാണ് മനസ്സിലാകുന്നത്, അക്കിത്തം അദ്ദേഹത്തിന്റെ ഗുരുവിനെ ഒരു ബ്രഹ്മതേജസ്വിയായിട്ടാണ് കണ്ടിരുന്നതെന്ന്. അതിൽ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ നർമ്മം മുന്നിട്ടുനിന്നിരുന്നു.

തൊള്ളായിരത്തി തൊണ്ണൂറ്റിയാറിലാണ് ഞാൻ 'ഇടശ്ശേരി പബ്ലിക്കേഷൻസ്' എന്നൊരു ബാനറിൽ അച്ഛന്റെ സമ്പൂർണ്ണ സമാഹാരം രണ്ടാമത്തെ പതിപ്പ് ഇറക്കിയത്. പ്രൊഫ. കെ. ഗോപാലകൃഷ്ണൻ ഗവേഷണവും എഡിറ്റിങ്ങും ചെയ്ത ആദ്യ പതിപ്പ് വള്ളത്തോൾ വിദ്യാപീഠമാണ് ഇറക്കിയത്. ആ സമയത്ത് കമ്പ്യൂട്ടർ ടൈപ്പ്സെറ്റിങ്ങുണ്ടായിരുന്നില്ല. വളരെ ക്ലേശിച്ചാണ് അവരാ പുസ്തകം ഇറക്കിയത്. രണ്ടാമത്തെ പതിപ്പ് ഇറക്കാമെന്നു തീരുമാനിച്ചപ്പോഴാണ് ഏറ്റെടുത്ത ചുമതലയുടെ ഭാരവും സങ്കീർണ്ണതയും മനസ്സിലായത്. വലിയൊരു ഗ്രന്ഥം, അതു മുഴുവൻ ടൈപ്പ്സെറ്റ് ചെയ്യണം, പിന്നെ പ്രിന്റ് ചെയ്യണം, എല്ലാം കഴിഞ്ഞ് വില്പനയുടെ കാര്യം നോക്കണം. ഇതിനൊക്കെപ്പുറമെ അച്ചടിക്കാനുള്ള പണമുണ്ടാക്കണം. അധികം ആലോചിച്ചാൽ അത് ചെയ്യലുണ്ടാവില്ലെന്നു മനസ്സിലായി. ഒരു പെൺകുട്ടി ടൈപ്പ്സെറ്റ് ചെയ്യാനുണ്ടായിരുന്നു. പ്രൂഫ് നോക്കാൻ തുടങ്ങിയപ്പോഴാണ് മനസ്സിലാവുന്നത്, എന്റെ പരിമിത ഭാഷാപരിജ്ഞാനം കൊണ്ടൊന്നും അതു കഴിയില്ലെന്ന്. ഞാൻ അക്കിത്തത്തെ ഇടയ്ക്കിടയ്ക്ക് വിളിച്ച് സംശയങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. കത്തെഴുതും. കത്തുകൾക്ക് വളരെ വിശദമായ, എന്റെ സംശയങ്ങൾ നൂറു ശതമാനവും നീക്കത്തക്ക വിധത്തിലുള്ള മറുപടിയും വരും. ഒരു കാര്യം മനസ്സിലായി, അച്ഛന്റെ കവിതകളെ എന്റെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഇഴ പിരിക്കാനും, അങ്ങനെ പാരമ്പര്യത്തെ തൊട്ടറിയാനും എന്നെ പ്രാപ്തനാക്കാനായി, എന്നോട് കാരുണ്യം തോന്നിയ ഏതോ ശക്തിയാണ് എന്റെ മനസ്സിനെ അക്കിത്തത്തിലേക്കുതന്നെ തിരിച്ചുവിട്ടത്. അച്ഛന്റെ ഏതു കവിതയെക്കുറിച്ചും അതിലെ പദാവലിയെക്കുറിച്ചും പ്രയോഗങ്ങളെപ്പറ്റിയും സംശയങ്ങൾ തീർത്തുതരാൻ അദ്ദേഹത്തിന് നിഷ്പ്രയാസം സാധിച്ചു. സമ്പൂർണ്ണ സമാഹാരം കുറേക്കൂടി കുറ്റമറ്റ രൂപത്തിൽ പ്രസാധനം ചെയ്യാൻ ഇത് കുറച്ചൊന്നമല്ല സഹായിച്ചത്. അച്ഛനോടുള്ള അദ്ദേഹത്തിന്റെ വൈകാരികമായ ഐക്യം ആയിരിക്കാം എന്റെ സംശയങ്ങൾ എത്ര നിസ്സാരമാണെങ്കിലും അവ തീർത്തുതരാനുള്ള മഹാമനസ്കത അദ്ദേഹം പ്രകടിപ്പിക്കാനുള്ള ഹേതു.

തൊണ്ണൂറ്റിയെട്ടിലാണ് അക്കിത്തത്തിന്റെ 'പൊന്നാനിക്കളരി' എന്ന ലേഖന സമാഹാരം പ്രസിദ്ധപ്പെടുത്തിയത്. അതിൽത്തന്നെ 'പൊന്നാനിക്കളരി തലമുറകളിലൂടെ' എന്ന ലേഖനം പ്രസിദ്ധപ്പെടുത്തിയത് ഒന്നോ രണ്ടോ കൊല്ലം മുൻപായിരുന്നു. അതിൽ കുറേയേറെ പൊന്നാനി സാഹിത്യകാരന്മാരുടെ പേരുകളുണ്ടായിരുന്നു, പലതും എനിക്കു ശേഷം എഴുതാൻ തുടങ്ങിയവർ. എന്റെ പേരുണ്ടായിരുന്നില്ല. എനിക്കു വളരെ വിഷമമാ

യി. രണ്ടോ മൂന്നോ വർഷങ്ങൾക്കു മുൻപ് ലീലാകൃഷ്ണൻ ആലങ്കോട് 'അറിയപ്പെടുന്ന പൊന്നാനിക്കാർ' എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിലുമതെ എന്നേക്കാൾ വയസ്സു കുറഞ്ഞ കുറേ എഴുത്തുകാരുടെ പേരുകൾകൂടി നിരത്തിയ പട്ടികയിൽ എന്റെ മാത്രം പേരുണ്ടായിരുന്നില്ല. അപ്പോഴും എനിക്കു മനപ്രയാസം തോന്നിയിരുന്നു. പക്ഷെ മഹാകവി അക്കിത്തം എന്നെ മറന്നപ്പോൾ എനിക്ക് വളരെ സങ്കടമായി. ഞാൻ അതിനെപ്പറ്റി എന്റെ 'അറിയപ്പെടാത്ത പൊന്നാനിക്കാരൻ' എന്ന ലേഖനത്തിൽ പരാമർശിച്ചു. ഞാനാ ഭാഗം താഴെ ഉദ്ധരിക്കുന്നു. ഒരിക്കൽ ശ്രീ ശൂലപാണി വാരിയർ വീട്ടിൽ വന്നപ്പോൾ അച്ഛൻ എന്റെ ജാതകം കാണിച്ചു കൊടുത്തു. എനിക്ക് സാഹിത്യത്തിൽ വല്ല ഉദ്ഗതിയുമുണ്ടാകുമോ എന്നാണ് അച്ഛന്നറിയേണ്ടിയിരുന്നത്.

*"............'ഹരിയ്ക്ക് സാഹിത്യത്തിൽ വലിയ പേരൊന്നും ഇതിൽ (എന്റെ ജാതകത്തിൽ) കാണുന്നില്ല. എന്തേ വല്ലതും എഴുതാൻ തുടങ്ങീട്ട്ണ്ടോ?' (അച്ഛന്റെ ചോദ്യത്തിന് മറുപടിയായി പ്രശസ്ത ജ്യോതിഷിയും അച്ഛന്റെ അത്മസുഹൃത്തുമായിരുന്ന ശ്രീ ടി. വി. ശൂലപാണി വാരിയർ ചോദിച്ചു.)*

*............ അച്ഛൻ പറഞ്ഞു.*

*'എഴുതുന്നുണ്ട്, തരക്കേടില്ല.........'*

*വാരരമ്മാമൻ ഒരിക്കൽക്കൂടി ക്ഷമയോടെ ഇരുന്ന് കണക്കുകൂട്ടി, പിന്നെ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഇല്ല്യല്ലൊ, ഞാനൊന്നും കാണ്ണില്ല. വയസ്സാകുമ്പോൾ നേരിയ തോതിൽ പേര് കിട്ടിയെന്നു വരാം. അല്ലാതെ ഒന്നുംല്ല്യ.' അച്ഛൻ സ്വാഭാവികമായും നിരാശനായിട്ടുണ്ടാകണം. സ്വന്തം സാഹിത്യജീവിതത്തിലുണ്ടായിട്ടുള്ള ഇച്ഛാഭംഗങ്ങളും നൈരാശ്യങ്ങളും അവഗണനകളും അച്ഛന്റെ മനസ്സിൽക്കൂടി കടന്നുപോയിട്ടുണ്ടാകും. അന്ന് അച്ഛന് അമ്പത്തൊന്നു വയസ്സായിരുന്നു.*

*വാരരമ്മാമന്റെ പ്രവചനം എത്ര ശരിയായിരുന്നു എന്ന് ജീവിതത്തിൽ ഓരോ മുഹൂർത്തത്തിലും എനിയ്ക്ക് അനുഭവപ്പെട്ടിട്ടുണ്ട്. മലയാള ചെറുകഥകളെപ്പറ്റിയുള്ള ഒരു ലേഖനത്തിലും എന്റെ പേർ പ്രതീക്ഷിക്കരുത്. ഓരോ ലേഖനം വായിക്കുമ്പോഴും ഞാൻ ആലോചിക്കാറുണ്ട് എന്താണ് ഒന്നോ രണ്ടോ കഥകൾ മാത്രമെഴുതിയ തുടക്കക്കാരായ കഥാകൃത്തുക്കളുടെ പേർ കൂടി ഉൾപ്പെടുത്തുമ്പോൾ എന്റെ പേർ ഒഴിവാക്കപ്പെടുന്നത്? ഞാൻ അത്ര മോശക്കാരനാണോ?*

*'പൊന്നാനിക്കളരി തലമുറകളിലൂടെ' എന്ന പ്രമേയത്തിൽ മഹാകവി അക്കിത്തം ഒരു ലേഖനമെഴുതിയിരുന്നു. (അത് പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.) അതിൽ തുഞ്ചത്തെഴുത്തച്ഛൻ മുതൽ ഇന്നോളം നിളയുടെ തീരത്തു ജനിച്ച എല്ലാ സാഹിത്യകാരന്മാരുടേയും പേർ എടുത്തു പറഞ്ഞിരുന്നു. ഒരു പേരൊഴിച്ച്. ഞാൻ വാരരമ്മാമന്റെ പ്രവചനം ഓർക്കുകയും വളരെയധികം ദുഃഖിതനാവുകയും ചെയ്തു. എന്നെ അറിയാത്ത ആളല്ല മഹാകവി അക്കിത്തം. ഞാൻ വള്ളിട്രൗസറിട്ടു നടന്നിരുന്ന കാലം മുതൽ അദ്ദേഹത്തിന് എന്നെ അറിയാം."*

മഹാകവി അക്കിത്തം അതു വായിച്ചു, വല്ലാതെ വ്യസനിക്കുകയും ചെയ്തു. എന്നെ ഫോൺ ചെയ്ത് അതിനെപ്പറ്റി സംസാരിച്ചു. മനപ്പൂർവ്വമല്ല,

അടുത്ത പതിപ്പിൽ ചേർക്കാമെന്നു പറഞ്ഞ് ആശ്വസിപ്പിച്ചു. അപ്പോൾ വിഷമിച്ചത് ഞാനായിരുന്നു. അദ്ദേഹത്തെ വേദനിപ്പിക്കണമെന്ന ഉദ്ദേശ്യമെനിക്കില്ലായിരുന്നു. എഴുത്തുകാരുടെ എന്നോടുള്ള അവഗണന മനപ്പൂർവ്വമല്ല മറിച്ച് ജാതകഫലമാണെന്നു കാണിക്കാനാണ് അതെഴുതിയത്. അക്കിത്തം ഇത്രയധികം വ്യസനിക്കുമെന്നും കരുതിയില്ല. പക്ഷെ അദ്ദേഹം അതു വളരെ കാര്യമായിത്തന്നെ എടുത്തു. രണ്ടാം പതിപ്പിറങ്ങിയപ്പോൾ എന്റെ അനുജൻ മാധവന്റെ കയ്യിൽ ഒരു കോപ്പി എനിക്കായി കൊടുത്തയച്ചു. ഇടശ്ശേരി സ്മാരക സമിതിയുടെ മീറ്റിങ്ങിൽ പങ്കെടുക്കാനായി പോയതായിരുന്നു മാധവൻ. അക്കിത്തവും ആലങ്കോടും അതുപോലെ നിരവധി പേരും എന്റെ പേര് മറന്നുപോകുന്നത് എന്നെച്ചുഴന്നുള്ള വിധിയുടെ നിർമമത്വത്താലാണ്. അതിൽ ആരേയും കുറ്റപ്പെടുത്തേണ്ടതില്ല എന്നൊരു മനോഗതിയിലേക്ക് ഞാൻ എത്തിച്ചേർന്നിരുന്നു. അതുകൊണ്ട് അതിൽ മനസ്താപത്തിന്റെ ആവശ്യമില്ലെന്നും, വേദനപ്പിച്ചതിൽ വളരെ വിഷമമുണ്ടെന്നും ഞാൻ മഹാകവിയെ അറിയിച്ചു. അതിനും മുൻപുതന്നെ ഞാൻ, എന്നെ പൊന്നാനിയുടെ ഓർമ്മകളിൽനിന്ന് ആട്ടിപ്പായിച്ചതിനെപ്പറ്റി 'പൊന്നാനി' എന്ന കഥയെഴുതിയിരുന്നു.

കർമ്മജീവിതത്തിൽ പലപ്പോഴും ശരി എന്തെന്നാലോചിച്ച് ഉഴറുമ്പോൾ അക്കിത്തം വഴികാണിച്ചുതന്ന സന്ദർഭങ്ങൾ അനവധിയാണ്. ജ്യേഷ്ഠന്റെ വിവാഹം തീർച്ചയാക്കിയ അവസരത്തിലാണ് ഞങ്ങളുടെ ഒരു ചെറിയമ്മ (അമ്മമ്മയുടെ അനുജത്തിയുടെ മകൾ) മരിച്ചത്. കല്യാണം നീട്ടിക്കൊണ്ടുപോകാൻ ഞങ്ങൾക്ക് താല്പര്യമുണ്ടായിരുന്നില്ല, എനിക്ക് പ്രത്യേകിച്ചും. പഴയ കാര്യങ്ങളെല്ലാം ഓർമ്മ വന്നിട്ടായിരിക്കണം അച്ഛൻ ഒരു ധർമ്മസങ്കടത്തിലായിരുന്നു. ഏട്ടന്റെ എല്ലാ കാര്യങ്ങൾക്കും എന്തെങ്കിലും പ്രതിബന്ധമുണ്ടാകാറുണ്ട്. ഈ കാര്യത്തിൽ അങ്ങിനെ വരരുതെന്ന് എനിക്കുണ്ടായിരുന്നു. ഇതിനെപ്പറ്റി ഞാൻ അക്കിത്തമ്മാമയ്ക്ക് എഴുതിയിരുന്നു. അദ്ദേഹത്തിന്റെ മറുപടി വേഗം വന്നു. നീട്ടേണ്ട. ഇപ്പോൾ തന്നെ നടക്കട്ടെ. 'ശുഭസ്യ ശീഘ്രം' എന്നല്ലേ. ആ കത്ത് എനിക്ക് ധൈര്യം തന്നു. ഏട്ടന്റെ വിവാഹം തീർച്ചയാക്കിയ സമയത്തുതന്നെ നടക്കുകയും ചെയ്തു.

കവി ശ്രീ എസ്. രമേശൻ നായർ പ്രീതി ബുക്സ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണശാല തുടങ്ങിയിരുന്നു. അതിലേയ്ക്ക് എന്റെ ഒരു കഥാസമാഹാരം കൊടുക്കണമെന്ന് മഹാകവി അക്കിത്തം എനിക്കെഴുതി. പുതിയ സംരംഭമായതുകൊണ്ട് അതു വിജയിക്കുമോ എന്നൊക്കെ എനിക്കു സംശയമുണ്ടായിരുന്നു. എന്റെ സംശയങ്ങൾ മഹാകവിയുമായി പങ്കുവെച്ചപ്പോൾ അദ്ദേഹം പറഞ്ഞു. അതൊക്കെ ശരിയാവും, ഹരി പുസ്തകമയച്ചു കൊടുക്കു. ഞാൻ എന്റെ മൂന്നാമത്തെ കഥാസമാഹാരമായ 'വൃഷഭത്തിന്റെ കണ്ണ്' അയച്ചുകൊടുക്കുകയും ചെയ്തു. അക്കിത്തം വാസുദേവൻ വരച്ച മുഖചിത്രവുമായാണ് ആ പുസ്തകം ഇറങ്ങിയത്. എന്റെ കഥാസമാഹാരങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട മുഖചിത്രമായിരുന്നു അത്. പിന്നീട് ദിനോസറിന്റെ കുട്ടി ഇറങ്ങിയത് ആർട്ടിസ്റ്റ് കലാധരന്റെ പെയ്ന്റിങ്ങുമായാണ്. അതും എനിക്കിഷ്ടപ്പെട്ടു. പക്ഷെ ആ ചിത്രത്തിന്റെ ഭംഗി അച്ചടിയിൽ നഷ്ടപ്പെട്ടു.

അച്ഛനും മഹാകവി അക്കിത്തവും തമ്മിലുണ്ടായിരുന്ന സുഹൃദ്ബന്ധത്തെ എങ്ങിനെ വിവക്ഷിക്കാമെന്നെനിക്കറിയില്ല. അതിനെപ്പറ്റിയൊക്കെ

അക്കിത്തം തന്നെ ധാരാളം എഴുതിയിട്ടുണ്ട്. ഇപ്പോൾ വടക്കുമ്പാട് നാരായണൻ എഴുതിയ അക്കിത്തത്തിന്റെ ജീവചരിത്രത്തിൽ നിന്ന് ഇടശ്ശേരിക്ക് സ്വന്തം ജീവിതത്തിൽ അക്കിത്തം കൽപ്പിച്ച വലിയ സ്ഥാനത്തെപ്പറ്റി മനസ്സിലാക്കാം.

കുട്ടിക്കാലത്ത് കോഴിക്കോട് എന്ന മഹാനഗരിയിൽ പോകുമ്പോഴൊക്കെ പിസിമ്മാവന്റെ മകൻ കരുണാകരനുമായി ആകാശവാണിയിലും പോകാറുണ്ട്. അപ്പോൾ അവിടെ പിസിമ്മാവനും അക്കിത്തവും, തിക്കോടിയനും ഒക്കെ ഉണ്ടാകും. മഹാനഗരി എന്നു പറയുന്നത്, ഞങ്ങൾ പൊന്നാനിക്കാർക്ക് കോഴിക്കോട് സിറ്റി ബസ്സുകളും, പോലീസുകാർ നിയന്ത്രിക്കുന്ന ട്രാഫിക് ഐലന്റുകളും, തിയേറ്ററുകളും, ബീച്ചും ഒക്കെയുള്ള ഒരദ്ഭുത നഗരമായതുകൊണ്ടാണ്. ആകാശവാണി പലപ്പോഴും അച്ഛന്റെ കവിതകൾ, റേഡിയോ നാടകങ്ങൾ എന്നിവ പ്രക്ഷേപണം ചെയ്തിരുന്നു. കവിതാപാരായണം റെക്കോർഡ് ചെയ്യാനായി കോഴിക്കോട് പോകുന്നത് അക്കിത്തമടക്കം സ്നേഹിതരെ കാണാനുള്ള അവസരമാക്കി അച്ഛൻ മാറ്റിയിരുന്നു.അവസാനമായി അച്ഛൻ കോഴ്ക്കോട് റേഡിയോ സ്റ്റേഷനിൽ ഒരു പ്രഭാഷണം ശബ്ദലേഖനം ചെയ്ത അനുഭവം അക്കിത്തം 'എന്റെ ഇടശ്ശേരി' എന്ന ലേഖനത്തിൽ (എം.ടി. വാസുദേവൻ നായർക്കുള്ള കത്ത്) പരാമർശിച്ചിട്ടുണ്ട്. അച്ഛൻ പ്രഭാഷണം റെക്കോർഡ് പെയ്യുന്ന പതിനാല് മിനിട്ട് നേരവും അക്കിത്തം എതിർ വശത്തെ കസേരയിലിരുന്ന് അച്ഛന്റെ മുഖത്തിലെ ചുളിവുകളും കാക്കാപ്പുള്ളികളും എണ്ണിനോക്കുകയായിരുന്നുവത്രേ! കാരണവും അക്കിത്തം വിശദമാക്കുന്നു, 'കടലിനടുത്തെത്തുമ്പോൾ ഭാരതപ്പുഴയ്ക്കുള്ള പ്രശാന്തഗാംഭീര്യം അദ്ദേഹം പ്രകടിപ്പിച്ചുതുടങ്ങിയിരുന്നു. അക്കാരണത്താൽ അദ്ദേഹവുമായി ഇട പഴകാൻ കിട്ടുന്ന ഓരോ സന്ദർഭവും ഒരു മധുരപാനീയം പോലെ കോരിക്കുടിക്കുവാൻ തോന്നുക എന്നതും ഈയ്യിടെ എന്റെ സ്ഥിരമായ അനുഭവമായിത്തീർന്നിരിക്കുന്നു.' അത്രമേൽ ആയിരുന്നു ആ സ്നേഹവിവശത.

അച്ഛൻ മരിച്ചപ്പോൾ മഹാകവി അക്കിത്തം ഇങ്ങനെ എഴുതി:

*'കുമരനെല്ലൂരിൽവെച്ച് നാട്ടുകാർ എനിക്ക് നൽകിയ സ്വീകരണയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രീ ഇടശ്ശേരി ഇടത്തുവശത്തിരിക്കുന്ന എന്റെ നേരെ തലചെരിച്ച് ചിരിച്ചുകൊണ്ട് പറഞ്ഞു: 'തങ്ങളുടെ കവി എത്ര ദുർബലൻ എന്നായിരിക്കും സദസ്സിലുള്ളവർ ഇപ്പോൾ വിചാരിക്കുന്നത്. അപ്പോഴാണ് ഞാനറിഞ്ഞത് എന്റെ രണ്ട് കവിളുകളിലൂടേയും കണ്ണുനീരൊഴുകുന്നുണ്ടായിരുന്നു. 'കവിയുടെ പരാജയം' എന്ന എന്റെ കവിത ഒരു കുട്ടി മൈക്കിലൂടെ ആലപിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ കവിത മികച്ച ഒന്നാണോ എന്ന് ചോദിച്ചാൽ നിശ്ചയമില്ല. പക്ഷേ ആ കവിതയിലെ സത്യം ഇത്ര ശക്തമായി പ്രതികാരം ചെയ്യുമെന്ന് അതെഴുതിയപ്പോൾ വിചാരിച്ചില്ല. അങ്ങനെ ഒന്നെഴുതിയതിൽ ലജ്ജയും പശ്ചാത്താപവും തോന്നിപ്പോയി. സമ്മേളനം കഴിഞ്ഞ് പിരിയുമ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞു. 'ഇടശ്ശേരി ശക്തിയുടെ കോട്ടയാണ്. എനിക്ക് വല്ല ശക്തിയുമുണ്ടെങ്കിൽ അതെന്റെ അശക്തി മാത്രമാണ്.'*

*ഇടശ്ശേരി പൊട്ടിച്ചിരിച്ചു.*

*എന്നാൽ ഇടശ്ശേരിയോട് ഞാൻ പറഞ്ഞത് തെറ്റായിരുന്നു എന്ന്*

*പൊന്നാനിയിലേക്ക് പായുന്ന ബസ്സിലിരുന്ന് വീണ്ടും വീണ്ടും കിതക്കുമ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞ് വഴിയുമ്പോൾ, എനിക്ക് തോന്നി. എനിക്കുള്ള എല്ലാ ശക്തിയും ഇടശ്ശേരി തന്നെ ആയിരുന്നു. പൊന്നാനിയിൽ ചെന്ന്, പുതച്ച് കിടന്ന് അവസാന നിദ്രാസുഖമനുഭവിക്കുന്ന ആ മുഖത്തേക്ക് ഇമ വെട്ടാതെ നോക്കിനിൽക്കാനുള്ള ധീരത അദ്ദേഹം തന്നെയാണ് എനിക്ക് നൽകിയത്.'*

അച്ഛന്റെ മരണവാർത്തയറിഞ്ഞ് ഓടിയെത്തിയ അക്കിത്തം പൊട്ടിക്കരയുകയായിരുന്നു.

ഞങ്ങളുടെ അമ്മയുടെ ചിതക്ക് പ്രദക്ഷിണം വെച്ച് നമസ്കരിച്ചാണ് അക്കിത്തം അവസാനമായി അമ്മയോട് വിട പറഞ്ഞത്. അച്ഛന്റെ ജീവിതത്തിൽ, കവിതയിലും പുറത്തും, അമ്മക്കുണ്ടായിരുന്ന പങ്ക് ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു അദ്ദേഹം.

ഇടശ്ശേരിയുമായുള്ള തന്റെ വ്യക്തി ബന്ധത്തെപ്പറ്റി അക്കിത്തം പലവട്ടം സംസാരിച്ചിട്ടുണ്ട്; എഴുതിയിട്ടുമുണ്ട്. അവയെല്ലാം ഇവിടെ ആവർത്തിക്കുന്നത് അനുചിതമായിരിക്കും. ഒന്നുമാത്രം – ആത്മബന്ധം എന്നൊന്നുണ്ടങ്കിൽ ഇവരുടെ ബന്ധം നിർവചിക്കുന്നത് അതായിരിക്കും.

42 കൊല്ലത്തിന് ശേഷം നവതിയുടെ ധന്യതയിലും മഹാകവിയുടെ മനസ്സ് തന്റെ ഗുരുസ്മരണയിൽ അസാമാന്യമായ സ്ഥൈര്യം പ്രദർശിപ്പിക്കുന്നു. പ്രായമോ ശാരീരികാവസ്ഥയോ ഒന്നും തന്നെ ആ അചഞ്ചലവും അമൂല്യവുമായ മമത്വത്തെ ആഘോഷിക്കുന്നതിന് അദ്ദേഹത്തിന് തടസ്സമല്ല. ഇന്നും ഇടശ്ശേരി സ്മാരക സമിതിയെ നയിക്കുന്നത് മഹാകവി അക്കിത്തം അദ്ധ്യക്ഷസ്ഥാനത്ത് നിന്ന് കാണിച്ചു തന്നുകൊണ്ടിരിക്കുന്ന വെളിച്ചമാണ്. ഓരോ ഇടശ്ശേരി അവാർഡ് വേദിയും അക്കിത്തം സ്വന്തം സാന്നിദ്ധ്യത്താൽ അനുഗ്രഹിക്കുമ്പോൾ അച്ഛനുമായ ബന്ധത്തിന്ന് അടിവരയിടുകയാണ്. അച്ഛനോടുള്ള അക്കിത്തത്തിന്റെ ഭാവം അദ്ദേഹത്തിന്റെ അനവധി ലേഖനങ്ങളിൽ പ്രതിഫലിച്ചു കിടക്കുന്നുണ്ട്. 'ഇടശ്ശേരിയുടെ ജ്യോതിഷവും മന്ത്രവാദവും.' എന്ന ലേഖനത്തിൽ നിന്ന്:

"ഇടശ്ശേരിയും ഞാനും വേറെയല്ലെന്നുവരെ തോന്നിപ്പോകത്തക്ക സംഭവങ്ങൾ പിൽക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ എഴുതി വെക്കാൻ ഉദ്ദേശമില്ല. എങ്കിലും ചില വാചകങ്ങൾ മനസിൽ പൊന്തിക്കിടക്കുന്നു. അതായത്, ഇടശ്ശേരി ആദ്യകാലത്തു തന്ന ഉപദേശങ്ങളിൽ ഒന്നിന്മേൽ 'വിടില്ല ഞാനീ രശ്മി' എന്ന ഭാവത്തിൽ എന്റെ കൈ ഇപ്പോഴും മുറുകി നിൽക്കുന്നു. അതിതാണ്: 'ആത്മാവിന്മേൽ പറ്റിപ്പിടിച്ചു നിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചു നീക്കു, അപ്പോൾ കാണാം, ജന്മനാ ഏതു മനുഷ്യനും നല്ലവനാണ്.' മറ്റൊരുപദേശവും ഏതാണ്ടിത്ര തന്നെ ബലത്തോടു കൂടി ഞാൻ കൈയിൽപ്പിടിച്ചിട്ടുണ്ട്. ഞാൻ തൃശൂരായിരുന്ന കാലത്ത് ഒന്നിൽച്ചിലാനം കൊല്ലം പൊന്നാനിയിൽ ചെല്ലാനിടവരാതെയുണ്ടായി. പിന്നീട് ചെന്നപ്പോൾ ഇടശ്ശേരി പറഞ്ഞു; ആവശ്യത്തിലധികം പിരിമുറുകിയാൽ പൊട്ടുമെന്നോർമ്മ വേണം. ഒരിക്കൽ കൂടി സംഗ്രഹിച്ചു കൊള്ളട്ടെ. അന്യാത്മാക്കളോടു മുഴുവൻ സ്നേഹവും അവനവനോടു ക്രൂരതയും – ഇതാണിടശ്ശേരിക്കവിത എന്നാണ് എപ്പോഴും എനിക്കു തോന്നിയിട്ടുള്ളത്. ഈ ഉദാത്തചേതന മലയാളത്തിൽ

എത്രപേർക്കുണ്ടെന്ന് എണ്ണിനോക്കുവാനപേക്ഷ. വലിയ ആത്മാവിൽ നിന്ന് വലിയ കവിതയുണ്ടായിരിക്കുന്നു എന്നത് വസ്തുസ്ഥിതി മാത്രം.”

കേവലവ്യക്തി ബന്ധത്തിന്റേതായ ആഴത്തിനും അടിയിലേക്കാണ് ഇവരുടെ ആത്മബന്ധത്തിന്റെ വേരുകൾ ഇറങ്ങിയിരിക്കുന്നത് എന്ന് വേണം വിചാരിക്കാൻ.

നവതിയുടെ നിറവിൽ ഋഷിസമാനമായ ചൈതന്യത്തോടെ ജ്വലിച്ചു നിൽക്കുന്ന മഹാകവി അക്കിത്തത്തിന് ഇടശ്ശേരികുടുംബത്തിന്റേയും, ഞങ്ങൾ തുടങ്ങിവെച്ച മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റിന്റേയും വിനയാന്വിതമായ പ്രണാമങ്ങൾ.

BACK TO INDEX

# ഇടശ്ശേരി, കുടുംബത്തിൽ

(തുഞ്ചൻ സ്മാരകം - 3.2.2006)

ഇടശ്ശേരി, കുടുംബത്തിൽ എന്ന പ്രബന്ധമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഒരു മകന് അച്ഛനെക്കുറിച്ച് വാതോരാതെ പറയാനുണ്ടാവും. അതൊന്നും വിശദമായി പറയാനുള്ള സമയമില്ല ഇവിടെ. അതുകൊണ്ട് ഏതാനും സ്കെച്ചുകൾ മാത്രം വരച്ച് ഞാൻ തൃപ്തിപ്പെടുകയാണ്. അച്ഛനെക്കുറിച്ചാലോചിക്കുമ്പോൾ മനസ്സിൽ ഉയർന്നു വരുന്ന ചിത്രം ഒരു മാതൃകാഗൃഹനാഥന്റേതാണോ? അറിയില്ല. ജീവിതചിത്രത്തിൽ ഒരു ഗൃഹനാഥൻ എന്ന ഫ്രെയിമിൽ മാത്രമായി അച്ഛനെ ചുരുക്കിക്കൊണ്ടുവരാൻ പറ്റുമെന്ന് തോന്നുന്നില്ല. അത് അദ്ദേഹത്തിന്റെ ബഹുമുഖ ജീവിതത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു. വീട്ടുകാര്യങ്ങൾ മാത്രം നോക്കി അച്ഛനെ തളച്ചിടാൻ പറ്റില്ലെന്ന് അമ്മയും പിന്നീട് വളർച്ചയുടെ ഓരോ ഘട്ടങ്ങളിലായി മക്കളിലോരോരുത്തരും മനസ്സിലാക്കിയിരുന്നു. അദ്ഭുതകരമായ കാര്യം തിരക്കുകൾക്കിടയിലും ഞങ്ങളിലോരോരുത്തരെയും എത്ര ശ്രദ്ധയോടെയാണ് അദ്ദേഹം വളർത്തിക്കൊണ്ടുവന്നത് എന്നതായിരുന്നു. 'എൻകുഞ്ഞുറങ്ങുകൊൾകെൻകുഞ്ഞുറങ്ങുകൊൾ...' എന്ന താരാട്ടു പാടി ഏറ്റവും താഴെയുള്ള കുട്ടിയെ മാറത്തു ചാച്ചു കിടത്തി രാത്രി ഉമ്മറത്തോ, മുറ്റത്തോ ഉലാത്തുന്ന അച്ഛനെ നോക്കി 'തന്റേതിന്നലെ വരെയാസ്വർഗ്ഗം!' എന്ന മട്ടിൽ അസൂയയോടെ നോക്കിനിൽക്കാറുള്ള മുതിർന്നവർ എന്റെ കുട്ടിക്കാലത്തെ ഓർമ്മയാണ്. ഞാൻ എന്തായാലും അങ്ങിനെ നോക്കിനിന്നിട്ടുണ്ട്. വീട്ടിൽ എന്നും കുട്ടികളുണ്ടാവാറുണ്ട്. ഞങ്ങൾ എട്ടു മക്കളാണ്. അമ്മ പതിനൊന്നു പ്രസവിച്ചെങ്കിലും മൂന്നു കുട്ടികൾ, ഒരു പെൺകുട്ടിയും രണ്ടാൺകുട്ടികളും നേരത്തെ യാത്രയാവുകയാണുണ്ടായത്. മൂന്നാമതു യാത്രയായ കുട്ടിയെപ്പറ്റി എനിയ്ക്ക് ഓർമ്മയുണ്ട്. ഒരു വയസ്സു തികഞ്ഞിട്ടുണ്ടായിരുന്നില്ല അവന്. തലേന്നുവരെ അസുഖം കാരണം അസ്വസ്ഥനായിരുന്ന അവൻ രാവിലെ നോക്കിയപ്പോൾ ഉറങ്ങിയപോലെ കിടക്കുന്നു. ഉറങ്ങുകയാണെന്നാണ് ഞങ്ങൾ കുട്ടികൾ ആദ്യം കരുതിയത്. അടുത്ത മുറിയിൽ നിലത്ത് വിരിച്ച പായിൽ അമ്മ ബോധമില്ലാതെ കിടക്കുകയാണ്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് അച്ഛൻ 'പൂജാപുഷ്പം' എന്ന കവിതയെഴുതിയത്. '....പെറ്റവളസ്തപ്രജ്ഞമെൻകാൽക്കൽ ഇടിയേറ്റ കാട്ടുവള്ളിയെപ്പോലെ തളർന്നു കിടക്കവേ, കാരിരുമ്പാക്കിത്തീർത്ത കരളോടെ ഞാൻ നിന്നു കാണവേ.......' എനിയ്ക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോഴാണതു സംഭവിച്ചത്.

'ഗൃഹച്ഛിദ്രം' എന്ന കവിത എഴുതിയത് നാൽപ്പത്താറിലാണെന്നു തോന്നുന്നു. അന്നെനിയ്ക്ക് മുന്നു വയസ്സായി. അച്ഛനെക്കുറിച്ചുള്ള എറ്റവും പഴയ ഓർമ്മ ആ കാലത്താണ്. ഒന്നുരണ്ടു ചിത്രങ്ങൾ മാത്രം. എന്നെ മടിയിലിരുത്തി ഉമ്മറത്തെ മേശയ്ക്കു മുമ്പിലിരുന്ന് ഒരു തടിച്ച മേശവിളക്കിന്റെ വെളിച്ചത്തിൽ കവിതയെഴുതിയിരുന്നത്. ആ മേശവിളക്കിന് എന്റെ ഓർമ്മയിൽ ഇന്നത്തെ വൈദ്യുത വിളക്കിനേക്കാൾ ശോഭയുണ്ടായിരുന്നു.

എന്റെ ഗൃഹാതുരത്വം കാരണമായിരിക്കണം. 'ഗൃഹച്ഛിദ്രം' അച്ഛന്റെ നർമ്മ ബോധം ഉൾക്കൊള്ളുന്ന കവിതയാണ്. കവിതയ്ക്ക് അച്ഛൻതന്നെ എഴുതിയ കുറിപ്പിൽ ഇപ്രകാരം പറയുന്നു.

'സ്വന്തം പോരായ്മകളുടെ ഉത്തരവാദിത്തം കുടുംബിനിയിൽ ആരോപിച്ച് കലശൽ കൂട്ടുക എന്ന 'രസ'ത്തിൽനിന്ന് ഉടലെടുത്തത്.'

ഒരുപക്ഷെ എന്നെയും മടിയിൽവെച്ച് അന്ന് എഴുതിയ കവിതയായിരിക്കണം അത്. അതിനുശേഷം കുറച്ചുകാലം അമ്മ എന്നെ ദേഷ്യത്തോടെ നോക്കിയിരുന്നെന്നു തോന്നുന്നു. 'നീയും അച്ഛനുംകൂടി എഴുതിയതാണല്ലെ അത്?' എന്ന മട്ടിൽ. അമ്മയും അച്ഛനും തമ്മിലുള്ള ബന്ധം വളരെ മനോഹരമായിരുന്നു. ഒരു പക്ഷെ സ്ത്രീപക്ഷത്തുനിന്നു നോക്കുമ്പോൾ ഒട്ടും തുല്യതയില്ലാത്ത ഒരു ബന്ധമായിരുന്നു അത്. ഞാനുദ്ദേശിക്കുന്നത് ബുദ്ധിപരമായ തുലനതയല്ല, അവസരങ്ങളുടെ ഒട്ടും തൃപ്തികരമല്ലാത്ത അവസ്ഥയാണ്. ബൗദ്ധികമായി നോക്കുകയാണെങ്കിലും അമ്മ അച്ഛന് തുല്യയല്ലെങ്കിലും അച്ഛനോടൊപ്പം അപകർഷതാബോധമില്ലാതെ ജീവിക്കാൻ മാത്രമുള്ള കഴിവും അറിവുമാർജ്ജിച്ചിരുന്നു. മുപ്പതുകളിലെ മെട്രികുലേഷൻ പാസായ അമ്മയ്ക്ക് സംസ്കൃതത്തിൽ നല്ല വ്യുൽപത്തിയുണ്ടായിരുന്നു, കാവ്യങ്ങളും നാടകങ്ങളും പഠിച്ചിരുന്നു. അമ്മയും വിവാഹത്തിനുമുമ്പ് തൊള്ളായിരത്തി മുപ്പതുകളിൽ കവിതയും ചെറുകഥകളുമെഴുതുകയും ഇംഗ്ലീഷിൽനിന്ന് ടാഗോറിന്റെയും കെ.എ. അബ്ബാസിന്റെയും മറ്റും കൃതികൾ മൊഴിമാറ്റം നടത്തുകയും ചെയ്തിട്ടുണ്ട്. ടാഗോറിന്റെ 'ഫ്രൂട് ഗാതറിങ്' എന്ന കാവ്യം 'ഫലാപചയം' എന്ന പേരിൽ തർജ്ജമചെയ്ത് മനോരമയുടെ പ്രസിദ്ധീകരണമായ 'അരുണ'യിൽ തുടർച്ചയായി കൊടുത്തിരുന്നു. ഒരിക്കൽ ഒരദ്ധ്യായത്തിന്റെ ചെറിയൊരു ഭാഗം അവർ പുറംചട്ടയുടെ ഉൾഭാഗത്തു ചേർത്തു. ശേഷം ഇത്രാം പേജിൽ എന്നു പറഞ്ഞ് കൊടുക്കാറില്ലെ? അന്നെല്ലാം അങ്ങിനെ ചെയ്യുന്നത് സാധാരണമായിരുന്നു. അന്നൊന്നും ഇന്നത്തെപ്പോലെ പരസ്യങ്ങളധികമൊന്നുമില്ല. പക്ഷെ അത് അമ്മയ്ക്കിഷ്ടമായില്ല. അമ്മ തർജ്ജമ നിർത്തി. പിന്നീട് കുറേക്കാലത്തിനുശേഷം അതിന്റെ പത്രാധിപരായിരുന്ന വർഗ്ഗീസ് കളത്തിൽ വീട്ടിൽ വന്ന്, അമ്മയുടെ പിണക്കം തീർക്കാനാണെന്നു പറഞ്ഞ് അപ്പോൾ പുതുതായി ഇറങ്ങിയ സ്റ്റെയ്ൻലസ് സ്റ്റീൽ ഗ്ലാസ് രണ്ടെണ്ണം സമ്മാനിച്ചു. അമ്മയുടെ പിണക്കം തീർന്നുവോ എന്നൊന്നും അറിയില്ല. അപ്പോഴേയ്ക്കും അമ്മ എഴുത്തു തീരെ നിർത്തിയിരുന്നു. അമ്മ എഴുത്തു നിർത്തിയത് അച്ഛൻ ആവശ്യപ്പെട്ടിട്ടല്ല, പക്ഷെ അച്ഛനെ അതു വളരെയധികം സഹായിച്ചുവെന്നത് യാഥാർത്ഥ്യമാണ്. അതൊരു വലിയ ത്യാഗമായിരുന്നു. അമ്മയെക്കുറിച്ച് അച്ഛന്റെ കവിതകളിലും ലേഖനങ്ങളിലുമായി ധാരാളം പരാമർശമുണ്ട്. അതിൽനിന്നെല്ലാം അവർ തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ ചിത്രങ്ങൾ കാണാൻ കഴിയും. 'ഗൃഹഛിദ്രം', 'അശോകമഞ്ജരി', 'മകന്റെ വാശി' 'പൂജാപുഷ്പം' 'ഒരമ്മ പാടുന്നു' തുടങ്ങിയ കവിതകളിലും, 'കവിത എന്റെ ജീവിതത്തിൽ', 'തുടികൊട്ടും ചിലമ്പൊലിയും', 'എന്റെ പണിപ്പുര' എന്നീ ലേഖനങ്ങളിലും ആ ബന്ധത്തെപ്പറ്റി നേരിട്ടോ പരോക്ഷമായോ സൂചിപ്പിക്കുന്നുണ്ട്. എനിയ്ക്കു പക്ഷെ അദ്ഭുതകരമായി തോന്നിയിട്ടുള്ളത് അമ്മ ഒരു കാലത്ത്

സാഹിത്യ രചന നടത്തിയിരുന്നതിനെപ്പറ്റിയോ വിവാഹത്തിനു ശേഷം അതു നിർത്തിയതിനെപ്പറ്റിയോ ഒരു പരാമർശവും ഒരിടത്തും കണ്ടിട്ടില്ല എന്ന താണ്. ഒരു പക്ഷെ ത്യാഗം, അത് അമ്മ ചെയ്തതായാലും അച്ഛൻ ചെയ്ത തായാലും ഒരു പോലെയാണെന്നും അതു കൊട്ടിഘോഷിക്കുന്നത് ആ ത്യാഗ ത്തിന്റെ ഫലമില്ലാതാക്കുകയാണെന്നും അദ്ദേഹം കരുതിയിരിക്കണം.

അച്ഛൻ ബന്ധുക്കളടക്കം പല പാവപ്പെട്ടവരെയും സഹായിച്ചിരുന്നു. സ്വയം സാമ്പത്തികമായി തളർന്നിരുന്നപ്പോഴാണത്. മക്കളുടെ ആവശ്യ ങ്ങൾകൂടി മാറ്റി വച്ചിട്ടാണ് പലപ്പോഴും അച്ഛൻ ഇതു ചെയ്യാറ്. സ്വാഭാവിക മായും അച്ഛന്റെ വിശാലമനസ്കത മുഴുവനും ഉൾക്കൊള്ളാൻ (പ്രത്യേകിച്ച് മക്കളുടെ ആവശ്യങ്ങൾ ബലികൊടുക്കുന്ന കാര്യത്തിൽ) കഴിയാതിരുന്ന അമ്മയ്ക്കതിൽ പ്രതിഷേധമുണ്ടായിരുന്നു. അമ്മ പക്ഷെ ആ പ്രതിഷേധം വളരെ സൗമ്യമായ വാക്കുകളിൽ ഞങ്ങളെ അറിയിക്കുക മാത്രമേ ചെയ്തി രുന്നുള്ളു. അച്ഛനോട് മറുത്തൊരു വാക്കും പറഞ്ഞിരുന്നില്ല. ഇപ്പോൾ ആലോ ചിക്കുമ്പോൾ തോന്നുന്നു, അച്ഛൻ ചെയ്തതല്ലെ ശരി? മക്കളുടെ ഭക്ഷണ ത്തിന് ഒരു കാലത്തും ക്ഷാമമുണ്ടായിരുന്നില്ല. അതിനച്ഛൻ ഒരിക്കലും ഇട യാക്കിയിരുന്നില്ല. രാത്രി പഠിക്കുവാനായി കത്തിക്കുന്ന വിളക്കിനു വേണ്ട മണ്ണെണ്ണ ഒരിക്കലും ഇല്ലാതെ വന്നിട്ടില്ല. സ്കൂളിൽ പിഴയോടുകൂടിയിട്ടാ ണെങ്കിലും എല്ലാ മാസവും ഫീസു കൊടുത്തിരുന്നു. രണ്ടു ജോഡി ഷർട്ടും ട്രൗസറുകളും ഞങ്ങൾക്കുണ്ടായിരുന്നു, അത്ര മികച്ചതൊന്നുമല്ലെങ്കിലും. പിന്നീട് കുറച്ചുകൂടി വലുതായപ്പോൾ എനിക്കു മനസ്സിലായി, അച്ഛൻ സഹാ യിച്ചിരുന്നത് ഞങ്ങളോളമല്ല ഒട്ടുംതന്നെ ഗതിയില്ലാത്തവരെയാണെന്ന്. അച്ഛന്റെ വിശാലമനസ്കതയ്ക്കു മുമ്പിൽ നമസ്കരിച്ചുകൊണ്ട് ഞാൻ പ്രാർത്ഥിക്കാറുണ്ട് ഞാനും അച്ഛനെപ്പോലെയാവണേ എന്ന്. എന്റെ കഥക ളിൽ പൊതുവെ കാണുന്ന ദീനാനുകമ്പയും കാരുണ്യവും കിട്ടിയത് അച്ഛന്റെ സ്വാധീനം തന്നെയാവണം. എന്റെ ജീവിതത്തിലും അതൊക്കെയുണ്ടെ ന്നാണ് എന്റെ വിശ്വാസം.

അച്ഛൻ ഞങ്ങൾ മക്കളോട് എങ്ങിനെ ജീവിക്കണം എന്ന് ഒരിക്കലും പറഞ്ഞിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ ജീവിതംകൊണ്ട് ഓരോ നിമിഷവും ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു. ജീവകാരുണ്യം മനുഷ്യരിൽ മാത്രം ഒതു ങ്ങുന്നതല്ലെന്ന് അദ്ദേഹം കാണിച്ചുതന്നു. കോടതിയിൽനിന്ന് ക്ഷീണിച്ച് വീട്ടി ലെത്തി അമ്മ കൊടുത്ത ചൂടുള്ള ചായ കുടിക്കുമ്പോൾ അമ്മയോടു ചോദി ക്കും. 'എടോ, നമ്മടെ മക്കൾക്ക് ഇന്ന് വല്ലതും തിന്നാൻ കിട്ടിയോ?' അച്ഛൻ ഞങ്ങളെയല്ല ഉദ്ദേശിക്കുന്നത്. ഞങ്ങളുടെ വയർ അമ്മ നിറയ്ക്കുമെന്ന് അച്ഛ ന്നറിയാമായിരുന്നു. പശുവിനെയും കുട്ടിയെയുമാണ് അച്ഛൻ ഉദ്ദേശിച്ചിരുന്ന ത്. അമ്മ അടുക്കളയിൽനിന്ന് ഒരശരീരിപോലെ പറയും. 'അവളെ കൊണ്ടന്ന് കെട്ടിയിട്ടില്ല.' അച്ഛൻ ചായകുടി കഴിഞ്ഞാലുടൻ എഴുന്നേൽക്കും. പറമ്പി ലെവിടെയെങ്കിലും കെട്ടിയിട്ട സ്ഥലത്തെ പുല്ല് മുഴുവൻ തിന്ന് വിഷണ്ണയായി നിൽക്കുന്ന പശുവിനെ അഴിച്ച് അടുത്ത കണ്ടത്തിലേയ്ക്കു നയിക്കും. അവൾ ആർത്തിയോടെ പുല്ലു തിന്നുമ്പോൾ താട ചൊറിഞ്ഞു കൊടുത്ത് അതി നോട് സംസാരിക്കാൻ തുടങ്ങും. 'എന്താ മോളെ ഇന്ന് വയറ് നെറഞ്ഞില്ലേ?' ആ പാവം പശുവിനെ നേരത്തെ മാറ്റിക്കെട്ടാത്തതിലുള്ള പശ്ചാത്താപ

ത്തോടെ ഞങ്ങൾ ചുറ്റിപ്പറ്റി നിൽക്കും. അച്ഛൻ പക്ഷെ ഞങ്ങളെ കുറ്റപ്പെടുത്താറില്ല.

അമ്മ വേണ്ട കാര്യങ്ങൾ ഒരിക്കലും തെളിയിച്ചു പറയാറില്ല. അത് ഞങ്ങൾക്ക് വല്ലാത്ത വിഷമമുണ്ടാക്കാറുണ്ട്. കുറച്ചു പഞ്ചസാര വാങ്ങാൻ ഞങ്ങളിലാരെയെങ്കിലും കടയിലേയ്ക്കു പറഞ്ഞയയ്ക്കും. ഞങ്ങൾ പോകാനൊരുങ്ങുമ്പോഴായിരിക്കും അമ്മ ഒരശിരീരിപോലെ പറയുക. 'മൊളകും മഞ്ഞളും വാങ്ങണ്ട സമയായിരിക്കുണു.' ഞങ്ങൾ കടയിൽ പോയി പഞ്ചസാര മാത്രം വാങ്ങിക്കൊണ്ടുവരും. തിരിച്ചുവന്നാലാണ് മനസ്സിലാവുക. അമ്മ അടുക്കളയിലേതെങ്കിലും മൂലയിൽനിന്ന് അശരീരി പോലെ പറഞ്ഞത് കേട്ടു മനസ്സിലാക്കി ഞങ്ങൾ മുളകും മഞ്ഞളും കൂടി വാങ്ങേണ്ടതായിരുന്നു എന്ന്. ഇപ്പോൾ രാത്രി കൂട്ടാൻ വെക്കാൻ ഇതു രണ്ടും അത്യാവശ്യമാണ്. വീണ്ടും ശാപവചനങ്ങൾ ചൊരിഞ്ഞുകൊണ്ട് കടയിലേയ്ക്ക് ഓടുക തന്നെ. അമ്മയെപ്പോലെ വാക്കുകൾക്ക് ഇത്ര പിശുക്കു കാണിക്കുന്ന മറ്റൊരാളെ ഞാനിതുവരെ കണ്ടിട്ടില്ല. അമ്മയുടെ ഈ സ്വഭാവം ആദ്യകാലങ്ങളിൽ വിഷമമുണ്ടാക്കിയിരുന്നുവെന്ന് അച്ഛൻ പറയാറുണ്ട്. അത് പല സൗന്ദര്യപ്പിണക്കങ്ങൾക്കും കാരണമായിട്ടുണ്ടത്രെ.

അച്ഛന് അമ്മയെ വളരെ സ്നേഹമായിരുന്നു. അതു പ്രകടിപ്പിക്കാൻ ഒട്ടും ലോഭം കാട്ടിയിരുന്നുമില്ല. നിസ്സാര വഴക്കുകളും സൗന്ദര്യപ്പിണക്കങ്ങളുമുണ്ടായാൽ അതു വെച്ചുകൊണ്ടിരിക്കാതെ ലോഗ്യം കൂടാറുണ്ട് അച്ഛൻ. പിന്നെ കുറച്ചുനേരം അമ്മയെ കൊഞ്ചിക്കലും തമാശ പറയലുമൊക്കയാണ്. സ്നേഹത്തിന്റെ ബാലപാഠങ്ങൾ ഞങ്ങൾ പഠിച്ചത് അവരുടെയടുത്തുനിന്നായിരുന്നു. അമ്മയുടെ ആരോഗ്യം പിന്നീട് ക്ഷയിച്ചു വന്നു. ചിലപ്പോൾ അച്ഛൻ വൈകുന്നേരം വരുമ്പോൾ കാണുക പകലത്തെ ജോലി കാരണം തളർന്നു കിടക്കുന്ന അമ്മയെയായിരിക്കും. അച്ഛനും വല്ലാതെ ക്ഷീണിതനായിട്ടാവും വരുന്നതെങ്കിലും ചായയുണ്ടാക്കാനായി എഴുന്നേൽക്കാൻ ശ്രമിക്കുന്ന അമ്മയെ നിർബ്ബന്ധപൂർവ്വം വിലക്കി അടുത്തിരുന്ന് അമ്മയുടെ പുറം തലോടിക്കൊണ്ട് ചോദിക്കും. 'എന്താ ജാനൂ, വയ്യേ?' അച്ഛൻ ഗിരിജയോടോ, പിന്നീട് അവൾ വിവാഹിതയായി പോയശേഷം ഞങ്ങളുടെ ഏറ്റവും താഴെയുള്ള അനുജത്തി ഉഷയോടോ ചായയുണ്ടാക്കാൻ പറയും. അമ്മ എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുമ്പോൾ മുറുമുറുക്കുന്ന ഞങ്ങൾ അച്ഛന്റെ ഓരോ ആജ്ഞയും അനുഗ്രഹമായി കരുതിയിരുന്നു. 'ആജ്ഞയല്ലിതനുഗ്രഹമത്രെ നമുക്കു തന്നു ബലരാമൻ....'

അച്ഛൻ എല്ലാ മക്കളേയും ഒരേപോലെ സ്നേഹിച്ചിരുന്നു. പക്ഷെ പെൺമക്കളോട് കുറച്ചധികം സ്നേഹമുണ്ടായിരുന്നു എന്നെനിയ്ക്കു തോന്നാറുണ്ട്. 'അനിമൽ ഫാമി'ൽ മാറ്റിയെഴുതിയ നിയമം പോലെ 'ആൾ ആനിമൽസ് ആർ ഈക്വൽ, ബട് സം ആനിമൽ ആർ മോർ ഈക്വൽ ദാൻ അദേഴ്സ്'. ആർക്കും പക്ഷെ പ്രത്യേക അവസരങ്ങളൊന്നും കൊടുത്തിരുന്നില്ല. വളർന്നു വലുതാകുമ്പോൾ ആരാകണമെന്ന് ആരെയും ഉപദേശിക്കാറുമില്ല. ഞാൻ വളരെ ചെറുപ്പത്തിൽ എഴുതാൻ തുടങ്ങി. അച്ഛന് എന്റെ സാഹിത്യം മനസ്സിലാക്കാറായി എന്ന് തോന്നിയപ്പോൾ അദ്ദേഹത്തെ കാണിച്ചു. അച്ഛൻ വേണ്ട തിരുത്തലുകൾ നിർദ്ദേശിക്കും. ചിലപ്പോൾ കഥയുടെ

ഗതി മാറ്റിയാൽ അത് എങ്ങിനെ കുറച്ചുകൂടി നന്നാവുമെന്നും പറഞ്ഞുതരും. ഒരിക്കൽ മാറ്റിയെഴുതാൻ പറഞ്ഞ കഥ മാറ്റിയെഴുതിയില്ലെങ്കിൽ അദ്ദേഹത്തിനിഷ്ടമാവില്ല. കഥകൾകൊണ്ട് ബാലപംക്തിയിലേയ്ക്കോ ആഴ്ചപ്പതിപ്പുകളിലേയ്ക്കോ ഓടാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നില്ല. ഞെക്കിപ്പഴുപ്പിക്കുന്നതു ശരിയല്ലെന്നും വലുതാവാൻ വിധിച്ചത് താനേ വലുതായിക്കോളുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ. നന്നല്ലെങ്കിൽ അതു മുഖത്തു നോക്കി പറയുകയും ചെയ്യും. ഒരു ഭ്രാന്തന്റെ മനസ്സിലൂടെ നടക്കുന്ന കഥയെഴുതി കാണിച്ചപ്പോൾ പറഞ്ഞു. അത് നന്നാക്കാൻ പറ്റാത്ത വിധം മോശമാണെന്ന്. എം.ടി. അങ്ങിനെയൊരു തീം 'ഇരുട്ടിന്റെ ആത്മാവി'ൽ എങ്ങിനെയാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് വായിച്ചു പഠിക്കാൻ എന്നോട് ആവശ്യപ്പെട്ടു. ആ കഥ ഞാൻ വായിച്ചിരുന്നു. വീണ്ടും വായിച്ചപ്പോൾ അച്ഛൻ പറഞ്ഞതെനിയ്ക്കു ബോധ്യപ്പെട്ടു. എന്റെ കഥ ഞാൻ കീറിക്കളയുകയും ചെയ്തു.

അച്ഛനെ അപൂർവ്വം അടുത്തു കിട്ടുന്ന സന്ദർഭങ്ങൾ മക്കൾ പരമാവധി ആസ്വദിക്കാറുണ്ട്. അത് തോട്ടപ്പണിയായാലും, വെറുതെ വെടി പറച്ചിലായാലും, അല്ലെങ്കിൽ ഗൗരവമേറിയ ശാസ്ത്രവിഷയങ്ങളെപ്പറ്റിയുള്ള സംസാരമായാലും ഞങ്ങൾ ഓരോ നിമിഷവും ആസ്വദിക്കും. ചില ദിവസങ്ങളിൽ രാത്രി ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അച്ഛനോടൊപ്പം മുറ്റത്ത് ഉലാത്തുകയോ കസേലകളിട്ട് തെളിഞ്ഞ ആകാശത്തെ നക്ഷത്രങ്ങളെ നോക്കി ഇരിക്കുകയോ ചെയ്യാറുണ്ട്. നക്ഷത്രങ്ങളെക്കുറിച്ച് അച്ഛൻ സംസാരിക്കും. അതിൽ ശാസ്ത്രമുണ്ടാവും, പുരാണങ്ങളുണ്ടാവും, ഐതിഹ്യങ്ങളുണ്ടാവും. പലപ്പോഴും ശാസ്ത്രവും കലയും സാഹിത്യവും കൂടിക്കുഴയും. ഞങ്ങൾ ഏറ്റവും ആസ്വദിച്ചിട്ടുള്ളത് ഈ സന്ദർഭങ്ങളാണ്. അച്ഛനെ അടുത്തു കിട്ടുക എന്നതു മാത്രമാണ് വിഷമം പിടിച്ച കാര്യം. ജോലി, അതു കഴിഞ്ഞ് കലാസമിതി പ്രവർത്തനങ്ങൾ, അല്പം പൊതു കാര്യം, എല്ലാം കഴിഞ്ഞ് അച്ഛൻ വീട്ടിലെത്തുമ്പോഴേയ്ക്ക് മക്കൾക്ക് ഉറങ്ങേണ്ട സമയമായിട്ടുണ്ടാവും. വൈകുന്നേരം ഞങ്ങൾ ഭക്ഷണം കഴിക്കുന്നതിനു മുമ്പ് എത്തുന്ന ദിവസങ്ങളിൽ ഞങ്ങൾ ഊണു കഴിക്കുന്നത് നോക്കിയിരിക്കും. ഓരോരുത്തർക്കും ഭക്ഷണം മതിയാവുന്നില്ലേ എന്നു നോക്കും. മതിയാവാത്തവർക്ക്, അതു മിക്കവാറും ഞാനായിരിക്കും, കുറച്ചുകൂടി കൊടുക്കാൻ അമ്മയോട് ആവശ്യപ്പെടും. 'എന്റെ ഭീമസേനന് മതിയായിട്ടില്ലാന്ന് തോന്നുണു, ജാനു.'

മക്കളുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ അച്ഛൻ എപ്പോഴും ജാഗരൂകനായിരുന്നു. കുട്ടിക്കാലത്ത് ഞങ്ങൾക്കു വേണ്ടി കോഡ്‌ലിവർ എണ്ണ വാങ്ങിക്കൊണ്ടുവരാറുണ്ട്. അതു കഴിച്ചാലുണ്ടാകുന്ന അരുചി മാറിക്കിട്ടാൻ അച്ഛൻ, കൂട്ടാൻ കൂട്ടിക്കുഴച്ച ചോറ് ഉരുളകളായി പ്ലെയ്റ്റിൽ വച്ചിട്ടുണ്ടാവും. ഒരിക്കൽ കോഡ്‌ലിവറിനു പകരം ഷാർക്‌ലിവർ ഓയിലാണ് വാങ്ങിക്കൊണ്ടുവന്നത്. അതു കഴിക്കാൻ കോഡ്‌ലിവറോയിലിനേക്കാൾ വിഷമമായിരുന്നു. ഞങ്ങളുടെ വിഷമം കണ്ടപ്പോൾ അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു. 'എന്റെ മക്കൾക്കാണെന്നു പറഞ്ഞപ്പോൾ ബാലകൃഷ്ണൻ നായർ എടുത്തുതന്നതാണിത്. അവർ കോഡ്‌ലിവറോയിലൊന്നും കഴിക്കാൻ പാടില്ലത്രെ.' ബാലകൃഷ്ണൻ നായർ അച്ഛന്റെ അടുത്ത സ്നേഹിതനായിരുന്നു. ഒരുപക്ഷെ

ഇറക്കുമതി ചെയ്ത വിലപിടിച്ച മീനെണ്ണയ്ക്കു പകരം അച്ഛനെ സഹായിക്കാൻ വേണ്ടി ഷാർക്‌ലിവറോയിൽ നിർദ്ദേശിച്ചിട്ടുണ്ടാകും. അച്ഛന്റെ ശബ്ദത്തിൽ ശോകഛായയൊന്നുമുണ്ടായിരുന്നില്ല. മീനെണ്ണ പോയിട്ട് രണ്ടു നേരം കഞ്ഞി കുടിക്കാനില്ലാത്ത മക്കളുള്ള വീടുകൾ അച്ഛന്നറിയാം.

ഒരിക്കൽ അച്ഛൻ എന്നെയുംകൊണ്ട് ദൂരെ എവിടെയോ ഉള്ള ഒരു വൈദ്യനെ കാണാൻ പോയത് ഓർമ്മയുണ്ട്. കുറെയേറെ നടക്കേണ്ടി വന്നു. ഞാൻ വേഗം ക്ഷീണിക്കുന്നതിന്റെ കാരണമാരാഞ്ഞ് ഡോക്ടറെ കാണിച്ചപ്പോൾ അദ്ദേഹം എന്റെ 'ഹാർട്ട് വീക്കാണ്' എന്നു പറഞ്ഞതിൽ ഭയപ്പെട്ടിട്ടാണ് വൈദ്യരെ കാണിക്കാൻ കൊണ്ടുപോയത്. ഓരോ മക്കൾക്കും ഇതുപോലെ അച്ഛന്റെ പരിലാളനം ലഭിച്ച അനുഭവമുണ്ടായിട്ടുണ്ടാവും. എന്നാൽത്തന്നെ എല്ലാവർക്കും അതു പോരായിരുന്നുവെന്ന പരാതിയുമുണ്ടാവും. സ്നേഹം, പ്രത്യേകിച്ച് അച്ഛന്റെയും അമ്മയുടെയും, എത്ര കിട്ടിയാലും മതിയാവാത്ത ഒന്നാണ്.

ഞങ്ങളുടെ അമ്മമ്മയെ വളരെ ബഹുമാനവും സ്നേഹവുമായിരുന്നു അച്ഛന്. സ്വന്തം അമ്മയ്ക്കായി ഒന്നും ചെയ്യാൻ പറ്റാതിരുന്ന ഖേദം മാറ്റിയത് അമ്മമ്മയുടെ കാര്യങ്ങൾ ഭംഗിയായി നോക്കിയിട്ടാവണം.

അവർക്കു കുളിരുനു കമ്പിളിനേടി-
പ്പിന്നീടെന്നോ ഞാൻ ചെല്കെ,
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ:

വീടാക്കടമേ മമജന്മം – ബിംബിസാരന്റെ ഇടയനിൽ പറയുന്നത് സ്വന്തം അമ്മയെക്കുറിച്ചായിരുന്നു.

വീട്ടിൽ അച്ഛന്റെ ഒപ്പം വരാറുള്ള കുറേ സഹൃദയരുണ്ട്. പലപ്പോഴും അടുത്ത് അരങ്ങേറാൻ പോകുന്ന നാടകത്തെപ്പറ്റിയുള്ള ചർച്ചയിൽ ലയിച്ച് ഒപ്പം വരുന്നവരായിരിക്കും. ഞങ്ങളെല്ലാം കുറുപ്പേട്ടൻ എന്നു വിളിക്കുന്ന ടി. ഗോപാലക്കുറുപ്പ് (ഇദ്ദേഹത്തെപ്പറ്റി പി.സി.മാമ കുഞ്ഞമ്മയും കൂട്ടുകാരും എന്ന നോവലിൽ എഴുതിയിരിക്കുന്നത് 'ആദ്യം ഖദറിൽ പൊതിഞ്ഞ ഒരു കുടവയറും പിന്നാലെ അതിന്റെ ഉടമസ്ഥനായ ഗോവിന്ദക്കുറുപ്പും വന്നു' എന്നാണ്. ഇടയ്ക്കു പറയട്ടെ ഉറൂബിന്റെ 'കുഞ്ഞമ്മയും കൂട്ടുകാരും' എന്ന നോവലിലെ കഥാപാത്രങ്ങൾ അച്ഛനും സ്നേഹിതരുമാണ്. അതിലെ നായകനായ ഗോപാലൻനായർ ശരിയ്ക്കും ഗോവിന്ദൻനായരാണ്. ഭാര്യ എന്റെ അമ്മതന്നെ, കൂടുബാന്തരീക്ഷവും അതുതന്നെ. അതിലെ ഗോവിന്ദക്കുറുപ്പ് അച്ഛന്റെ ഏറ്റവും അടുത്ത സ്നേഹിതൻ ഗോപാലക്കുറുപ്പാണ്. മഴവെള്ളം തട്ടിയപ്പോൾ ആധാരത്തിന്മേൽ തെളിഞ്ഞുവന്ന 'എല്ലാ അവകാശങ്ങളും നങ്ങേലി അന്തർജനത്തിന്' എന്ന വാചകം അല്പം വാശിയോടെ ഉരുവിടുന്ന അച്യുതൻ നമ്പൂതിരി മഹാകവി അക്കിത്തമാണ്, ഇവരെല്ലാം ജീവിക്കുന്ന കഥാപാത്രങ്ങളാണ്. ജീവിച്ചിരിക്കുന്ന കഥാപാത്രങ്ങളെക്കൊണ്ട് ഒരു സാങ്കല്പിക കഥ നെയ്തെടുക്കുകയാണ് ഉറൂബ് ചെയ്തത്. പിന്നീടെഴുതിയ ഗോപാലൻ നായരുടെ താടി എന്ന കഥയിലും ഇവരൊക്കെത്തന്നെ കഥാപാത്രങ്ങൾ.) പിന്നെ, ജ്യോതിഷി ടി.വി. ശൂലപാണി വാരിയർ, ഇ. രാമൻ മാസ്റ്റർ, പി. നാരായണൻ വൈദ്യർ (ഇദ്ദേഹമായിരുന്നു അച്ഛന് ചതുരംഗം കളിക്കാനുള്ള കൂട്ട്. കോടതി പൂട്ടിയ കാലത്ത് അവർ രാവിലെതൊട്ട് വൈകു

ന്നേരം വരെ തുടർച്ചയായി കളിക്കാറുണ്ട്.), മിഷ്യൻ സ്കൂളിലെ ഹെഡ്മാസ്റ്ററും പുരോഗമനവാദിയുമായിരുന്ന വർഗ്ഗീസ് മാസ്റ്ററുടെ മക്കൾ ഡേവിഡ്, ജോൺ, പോൾ മാസ്റ്റർ, ജോർജ്ജ്, എ.വി. ഹൈസ്കൂളിലെ മാസ്റ്റർമാരായിരുന്ന പി. കൃഷ്ണവാരിയർ (പിന്നീടദ്ദേഹം ഹെഡ്മാസ്റ്ററായി, ഇപ്പോൾ ഇടശ്ശേരി സാഹിത്യ സമിതിയുടെ സെക്രട്ടറിയും.), ദേവസ്സിമാസ്റ്റർ, എൻ.പി. കുമാരൻ, പി.കെ. ഗോപാലമേനോൻ, അങ്ങിനെ പലരും വീട്ടിൽ നിത്യേനെയെന്നോണം വരാറുണ്ട്. ഇനിയും ധാരാളം പേരുകൾ പറയാം. അവരൊക്കെത്തന്നെ ഞങ്ങളുടെ വീട്ടിലെ അംഗങ്ങളെപ്പോലെയാണ് ഞങ്ങൾക്ക് തോന്നിയിട്ടുള്ളത്.

ഒരു കാര്യം തീർച്ചയാണ്, അച്ഛൻ കലാകാരന്മാർക്ക് വേണ്ടപ്പെട്ടവനായിരുന്നു, സാഹിത്യകാരന്മാർക്ക് വേണ്ടപ്പെട്ടവനായിരുന്നു, ജാതി, മത ഭേദമില്ലാതെ നാട്ടുകാരുടെയെല്ലാം സ്വന്തം ഗോയിന്നായരായിരുന്നു അല്ലെങ്കിൽ ഗോയിന്നേട്ടനായിരുന്നു അതുമല്ലെങ്കിൽ ഇടശ്ശേരിയായിരുന്നു. അച്ഛന്റെ മരുമക്കൾക്ക് സ്നേഹമുള്ള കുട്ടിമ്മാമയും. ഒപ്പംതന്നെ സ്നേഹമുള്ള ഭർത്താവും നല്ലൊരച്ഛനുമായിരുന്നു. ഇതൊരദ്ഭുതമാണ്.

BACK TO INDEX

# 2

# എന്റെ സാഹിത്യം

# ഞാനും എന്റെ കഥയും

## കവിതയും ചിത്രവും കഥയും

വളരെ കുട്ടിക്കാലത്ത് ഞാൻ താമസിച്ചിരുന്ന വീട്ടിനുചുറ്റും വയലുകളായിരുന്നു. നീണ്ടു കിടക്കുന്ന വയലുകൾ. അവയ്ക്ക മുകളിൽ ആകാശം. ഈ വയലുകളുടെ പച്ചപ്പും വിശാലതയും ആകാശത്തിന്റെ നീലിമയും ആഴവും എന്റെ മനസ്സിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇവയിൽ കാലാവസ്ഥ വരുത്തുന്ന മാറ്റങ്ങൾ. മഴക്കാലം, കുളങ്ങളും തോടുകളും കവിഞ്ഞൊഴുകി വയലുകൾ മൂടിക്കിടക്കുന്ന ജലപ്പരപ്പ്, വീതികുറഞ്ഞ വരമ്പുകൾക്കിടയിൽ ശക്തിയായി കുത്തിയൊഴുകുന്ന തോടുകൾ. അവയിൽ നീന്തിക്കളിക്കുന്ന പരൽമീനുകൾ. കുട്ടിക്കാലത്ത് സ്ക്കൂളിൽപോകുമ്പോൾ കൊച്ചുകാലുകൾ കൊണ്ട് ചാടിക്കടക്കാൻ പ്രയാസമായ ഈ തോടുകൾ എന്നിലുണ്ടാക്കിയിരുന്ന ഭയവും സംഭ്രമവും ഇന്നും എനിക്കോർമയുണ്ട്. പാടങ്ങൾ ഉഴുമ്പോൾ ഉയർന്നുവന്ന ചെളിഗന്ധം, നെല്ലിൻവിത്തുകൾ മുളപൊട്ടി കൂമ്പുകൾ വരുന്നത്, കാറ്റിൽ ഓളം തല്ലുന്ന പച്ചപ്പ്, മഴക്കു ശേഷം പറമ്പിൽ മുളച്ചു ണ്ടാകുന്നതും സൃഷ്ടിയുടെ അത്ഭുതപ്രതിഭാസമായി എനിക്കു തോന്നിയിട്ടു ള്ളതുമായ അനേകം സസ്യങ്ങൾ, മറ്റു ജീവജാലങ്ങൾ. പ്രകൃതിയായിരുന്നു എന്റെ കൂട്ടുകാരി. അവളുടെ വിശാലതയും സൗന്ദര്യവും എന്നെ ഒരു കവിയാക്കാൻ പോന്ന വയായിരുന്നു.

ഓർമവെച്ചനാൾ മുതൽ വീട്ടിൽ കവിതയുണ്ടായിരുന്നു. കവിതാ പുസ്തകങ്ങൾ, അച്ഛനും അമ്മയും മൂളിപ്പാടിയിരുന്ന കവിതാശകലങ്ങൾ. എന്റെ വല്യമ്മമാരുടെ മക്കൾ അച്ഛന്റെ കവിതകൾ ഉറക്കെ വായിച്ചിരുന്നത് എനിക്കോർമ്മയുണ്ട്. വീട്ടിൽ ജിയുടെയും വൈലോപ്പിള്ളിയുടെയും വള്ളത്തോളിന്റെയും മറ്റു പല കവികളുടെയും കവിതാ പുസ്തകങ്ങളുണ്ടായിരുന്നു. വായിക്കാറായപ്പോൾ അവയിൽ ചില കവിതകൾ വായിക്കുകയും ആ കവിതകൾക്ക് പ്രകൃതിയോടുണ്ടായിരുന്ന അടുപ്പം കണ്ട് അത്ഭുതപ്പെടുകയും ആഹ്ലാദിക്കുകയും ചെയ്തിട്ടുണ്ട്. ഉള്ളൂരിന്റെയും കുമാരനാശാന്റെയും വള്ളത്തോളിന്റെയും കവിതകൾ അമ്മ കുട്ടിയായിരിക്കുമ്പോൾ നോട്ടു പുസ്തകങ്ങളിൽ എഴുതിവെച്ചിരുന്നത് അലമാരിയിൽ പുസ്തക ങ്ങൾക്കു വേണ്ടി പരതുമ്പോൾ ഞാൻ കണ്ടിട്ടുണ്ട്. അമ്മയ്ക്ക് കവിതയോ ടുള്ള അഭിനിവേശം അത്ര കടുത്തതായിരുന്നു. മുപ്പതുകളുടെ അവസാന ത്തിലും നാല്പതുകളിലും അമ്മ കഥകളും കവിതകളും എഴുതിയിരുന്നു. ചില കഥകളും കവിതകളും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കവിത പ്രകൃതിയുടെ ഒരു പ്രതിഫലനമാണെന്നു തോന്നി. ആദ്യമായി പെൻസിലെടുത്ത് ഒരു കവിത എഴുതാനുള്ള പ്രചോദനവും അതുതന്നെയായിരിക്കണം. പക്ഷേ, എന്തുകൊണ്ടോ ഞാൻ കവിതയിൽ ഉറച്ചുനിന്നില്ല. കഥകളെഴുതാനാണ് തുടങ്ങിയത്. വിശ്വസാഹിത്യത്തിന്റെ ഒരു നല്ല ശേഖരവും വീട്ടിലുണ്ടായിരുന്നു. ഒമ്പതിലോ പത്തിലോ പഠിക്കുമ്പോഴാണ് ഞാൻ പാവങ്ങൾ വായിച്ചത്. എന്നെ വളരെയധികം സ്വാധീനിച്ച ഒരു പുസ്തകമായിരുന്നു അത്. വിശ്വസാഹിത്യത്തോടുള്ള അടുപ്പം മാത്രമല്ല

ഗുണനിലവാരത്തെപ്പറ്റി അച്ഛന്റെ കർശനമായ നിയന്ത്രണവും എന്നെ നല്ല സാഹിത്യം രചിക്കുവാൻ പ്രേരിപ്പിച്ചു. കഥയെഴുതിയാൽ അച്ഛനെ കാണിക്കു കയാണ് പതിവ്. അച്ഛൻ കഥകളെ നിശിതമായി വിമർശിച്ചു. എങ്ങിനെ മാറ്റി യാലാണ് കഥ നന്നാവുക എന്ന് നിർദ്ദേശിച്ചു. കഥകൾ ഒന്നിലധികം പ്രാവശ്യം മാറ്റിയെഴുതുകയും അച്ഛനെ കാണിക്കുകയും വേണ്ടിയിരുന്നു. മാറ്റിയെഴുതാൻ പറഞ്ഞ കഥ മാറ്റിയെഴുതാതിരുന്നാൽ അച്ഛന് ഇഷ്ടമാവാറില്ല. കഥയെഴുതി യാൽ അച്ഛനെ കാണിക്കുക എന്ന പതിവ് പതിനെട്ടാം വയസ്സിൽ കൽക്കത്ത യിലേക്കു പോയിട്ടും തുടർന്നു. കഥയെഴുതി അച്ഛനയച്ചുകൊടുത്താൽ മറുപടി കിട്ടുന്നവരെയുള്ള ദിവസങ്ങൾ വളരെ അക്ഷമങ്ങളായിരുന്നു.

ഇത്രയധികം പ്രോത്സാഹനങ്ങൾ കിട്ടിയിട്ടും ഞാൻ വളരെ കുറച്ചു കഥകൾ മാത്രം എഴുതി. കൊല്ലത്തിൽ ഒരു കഥ അല്ലെങ്കിൽ രണ്ട്. ഒരു കഥപോലും എഴുതാത്ത കൊല്ലങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു കഥ വാരികയിൽ പ്രസിദ്ധപ്പെടുത്തിയാൽ അച്ഛന്റെ കത്തുണ്ടാവും. ഒരു കഥ വെളിച്ചം കണ്ടാ ലെ വേറൊരുകഥ എഴുതൂ എന്ന നിർബന്ധമുണ്ടെങ്കിൽകൂടി വേറൊരു കഥ എഴുതേണ്ട സമയമായി, എന്നിട്ടും ഞാൻ എഴുതിയില്ല. കഥ മനസ്സിന്റെ ഉള്ളിൽ നിന്നു വരേണ്ടിയിരുന്നു. പലപ്പോഴും കഥ മുഴുവൻ രൂപത്തിൽ മനസ്സിൽ വന്നാലും ഞാൻ പേനയെടുക്കാറില്ല. കഥ മനസ്സിലുണ്ടാക്കിയ ചിത്രം കണ്ട് ഞാൻ തൃപ്തനായിരുന്നു.

എന്റെ ജീവിതത്തിലെ ഒരു വലിയ ദുരന്തമായി ഞാൻ കണക്കാക്കുന്നത് പതിനേഴാം വയസ്സിൽ ജോലി അന്വേഷിച്ച് നാടുവിടേണ്ടിവന്നതാണ്. പിന്നെ നാടിനോടും അതോടൊപ്പം പ്രകൃതിയോടും തന്നെയുണ്ടായിരുന്ന എല്ലാ ബന്ധവും വിച്ഛേദിക്കേണ്ടിവന്നു. പ്രകൃതി എന്തെന്നറിയുംമുമ്പേ അതിനോട് വിട ചൊല്ലേണ്ടിവന്നു. മുലകുടി നിർത്തുംമുമ്പ് തള്ളമരിച്ചുപോയ കുഞ്ഞിനെ പ്പോലെയായി ഞാൻ. ഞാൻ പോയത് കൽക്കത്തയിലേക്കായിരുന്നു. വളരെ വിശാലവും വൈചിത്ര്യം നിറഞ്ഞതുമായ ആ നഗരത്തിലുള്ള താമസം എന്റെ മനസ്സിനെ വളരെ വിശാലമാക്കി. പ്രകൃതി നഷ്ടപ്പെട്ട എനിക്ക് അറിവിന്റെ വിശാലമായ ലോകം ആ മഹാനഗരം തുറന്നുതന്നു. ഒരു നഷ്ടത്തിന് ഒരു നേട്ടം. പക്ഷേ, ആ നേട്ടം എനിക്കു സംഭവിച്ച കോട്ടംവെച്ചുനോക്കുമ്പോൾ നിസ്സാരമായിരുന്നു. എന്റെ അച്ഛന്റെ വളർന്നുവന്ന വളക്കൂറുള്ള മണ്ണിൽ, ഗ്രാമീണാ ന്തരീക്ഷത്തിൽ, ബുദ്ധിയുറക്കാൻ തുടങ്ങിയ കാലത്തു വളരാനും വികസിക്കാനും എനിക്കു കഴിയാതെ പോയി.

ആരോ പോയ പുകിൽക്കൂ പാട-
ത്തരിമയോടാരിയൻ വിത്തിട്ടു

എന്നീ വരികൾക്കു സമമായ ഒരു വാചകം എഴുതിയുണ്ടാക്കാൻ എന്നെ ക്കൊണ്ടാവില്ലെന്ന ദുഃഖസത്യം അവശേഷിക്കുന്നു. ഞാൻ ഒരു നാഗരീക സാഹിത്യകാരനായി വളർന്നു വരികയായിരുന്നു.

ആയിടയ്ക്കാണ് ഞാൻ ചിത്രകലയുമായി അടുത്തത്. ഞാൻ ഒമ്പതിൽ പഠിക്കുമ്പോഴാണ് ടി. കെ. പത്മിനി എന്ന ഒരു കുട്ടി വീട്ടിൽ താമസിക്കാൻ വരുന്നത്. ശ്രീ, നമ്പൂതിരിയുടെ കീഴിൽ ചിത്രകല പഠിക്കുകയായിരുന്നു ലക്ഷ്യം.

ഞങ്ങൾ പത്മിനിയേട്ത്തി എന്നു വിളിച്ചിരുന്ന ആ കുട്ടിക്ക് എന്തിനാണ് നമ്പൂതിരിയുടെ ശിഷ്യത്വം എന്ന് എനിക്കുതോന്നാറുണ്ടായിരുന്നു. കാരണം അത്രയധികം തന്മയത്വത്തോടു കൂടി അവർ ചിത്രം വരച്ചിരുന്നു. അവർ അനായാസേന വരച്ചിരുന്ന പ്രകൃതിദൃശ്യങ്ങൾ ഞാൻ രഹസ്യമായി കോപ്പി ചെയ്തുനോക്കി. തീരെ തൃപ്തികരവും ആശാവഹവുമല്ലാത്ത ഫലം നോക്കി ഞാൻ വിഷണ്ണനായി ഇരുന്നിട്ടുണ്ട്. ചില ചിത്രങ്ങൾ പത്മിനിയേട്ത്തിയുടെ കൈയിൽ കിട്ടുകയും എന്നെ പ്രോത്സാഹിപ്പിക്കാനായി അവർ നല്ല അഭി പ്രായം പറയുകയും ചെയ്തിട്ടുണ്ടെങ്കിലും ഞാൻ വര തുടങ്ങുകയുണ്ടായില്ല. കേരള ത്തിന് അങ്ങിനെ ഒരു വലിയ ചിത്രകാരൻ നഷ്ടപ്പെട്ടു.

പത്മിനിയേട്ത്തി വഴിക്കാണ് ചിത്രകലാരംഗവുമായി ഞാൻ അടുത്തത്. അവർ മദ്രാസ് കോളേജ് ഓഫ് ആർട്സിൽ പഠിക്കുവാൻ തുടങ്ങി. കൽക്കത്ത യിൽ നിന്ന് ആണ്ടിലൊരിക്കൽ ലീവിൽ വരുമ്പോൾ ഞാൻ കോളേജ് ഓഫ് ആർട്സിൽ ഏതാനും മണിക്കൂറുകൾ തങ്ങാറുണ്ട്. പത്മിനിയേട്ത്തിയുടെ കൂട്ടുകാരനായ കെ. ദാമോദരൻ (പിന്നീട് ഇദ്ദേഹം പത്മിനിയേട്ത്തിയെ വിവാഹം ചെയ്തു) മുത്തുകോയ, സി.എൻ. കരുണാകരൻ, വിശ്വനാഥൻ, ഹരിദാസ്, ജയപാലപണിക്കർ മുതലായവരെ അവിടെവച്ച് പരിചയപ്പെട്ടു. ചിത്രപ്രദർശനങ്ങൾ, ആർട്ട് ഗ്യാലറികൾ എന്നിവ എന്റെ നിത്യസന്ദർശന കേന്ദ്രങ്ങളായി. ആധുനിക ചിത്രങ്ങളുടെ പൊരുൾതേടി ഞാൻ എത്തിയത് കൽക്കത്തയിലെ നാഷണൽ ലൈബ്രറിയിലായിരുന്നു. ഇത്രയും വലിയൊരു ഗ്രന്ഥശേഖരം ഞാൻ മുമ്പു കണ്ടിരുന്നില്ല. അവിടെവെച്ചാണ് ലോകത്തിലെ പല ഉത്തമ ചിത്രകാരന്മാരുടെയും ശില്പികളുടെയും സൃഷ്ടികളുമായി പരിചയപ്പെടാൻ ഇടയായത്. അതൊരു മതിമയക്കുന്ന അനുഭവമായിരുന്നു. ഞാൻ ഉന്മത്തനായി. ഒഴിവുദിവസങ്ങൾ മുഴുവൻ ലൈബ്രറിയിൽ ചെലവഴിച്ചു. അവിടെ മലയാളം വിഭാഗം തലവനായിരുന്ന ശ്രീ കെ.എം. ഗോവിയെ ഞാൻ ഇന്നും നന്ദിപൂർവ്വം ഓർക്കുന്നു.

ചിത്രകലയുമായുള്ള എന്റെ ബന്ധം എന്റെ ആദ്യകാല കഥകളെ വളരെ യധികം സ്വാധീനിച്ചിട്ടുണ്ട്. കൂറകൾ എന്ന സമാഹാരത്തിലെ ഒട്ടുമുക്കാലും കഥകളും ചിത്രകലയോട് അടുത്തു നില്ക്കുന്നവയായിരുന്നു. പ്രത്യേകിച്ചും മധുവിധു എന്ന കഥ. ഒരു ചിത്രം എന്ന നിലയ്ക്കല്ലാതെ ഒരു കഥ എന്ന നിലയ്ക്ക് അതിന്റെ നിലനില്പ് വളരെ അപകടം പിടിച്ചതായിരുന്നു.

ചിത്രകലയുടെ സ്വാധീനത്തിൽ നിന്ന് കുതറിയോടാൻ ഏകദേശം പത്തുകൊല്ലമെടുത്തു. ബോധപൂർവമല്ലാത്ത ആ പലായനത്തിലൂടെ എന്റെ കഥകൾ കൂടുതൽ പൂർണതയെത്തുന്നതായി എനിക്കു തോന്നി. ഒരുപക്ഷേ ഒരു സമ്പൂർണ്ണ ചിത്രം വരയ്ക്കാൻ ഒരുങ്ങുന്ന ചിത്രകാരൻ ആദ്യം വരച്ചു ണ്ടാക്കുന്ന നിരവധി സ്കെച്ചുകൾ പോലെയായിരിക്കണം എന്റെ ആദ്യകാല കഥകൾ.

ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചുവന്നത് മലയാള മനോരമയിലായിരുന്നു. എന്റെ കഥകൾ പ്രസിദ്ധീകരണയോഗ്യമാണെന്നൊന്നും ഞാൻ കരുതിയിരു ന്നില്ല. പിന്നെ അത്ഭുതമെന്നു തോന്നാം കഥകൾ പ്രസിദ്ധപ്പെടുത്തിക്കാണാൻ വലിയ തിടുക്കമോ ആവേശമോ എനിക്ക് അന്നുമുണ്ടായിരുന്നില്ല. പേരെടുത്ത ഒരു കവിയുടെ മകനെന്ന നിലയ്ക്ക് ഇത് കുറച്ച് അസ്വാഭാവികവും അവിശ്വസനീയവുമായി തോന്നിയേയ്ക്കാം.

ഞാൻ തിരുത്താൻ വേണ്ടി അയച്ചുകൊടുത്ത കഥകളിലൊന്ന് അച്ഛൻ പി.സി.യമ്മാവന് (ഉറൂബ്) അയച്ചു കൊടുത്തു. നിലവാരമുള്ള കഥയാണെന്നു തോന്നിയിട്ടായിരിക്കണം, പി.സി.യമ്മാവൻ ഉടനെ അച്ഛന് മറുപടി എഴുതി ഇവനെ കാര്യമായി എടുക്കേണ്ട സമയമായിരിക്കുന്നു. ഞാൻ ഈ കഥ വർഗീസ് കളത്തിലിന് അയച്ചുകൊടുക്കാം. മഴയുള്ള ഒരു രാത്രിയിൽ എന്ന കഥയായിരുന്നു അത്.

എന്റെ സാഹിത്യപരിശ്രമങ്ങളെപ്പറ്റി പി.സി.യമ്മാവന് അറിയാമായിരുന്നു. കഥകളെഴുതി ത്തുടങ്ങിയപ്പോൾ ഞാൻ അത്യാർത്തിയോടെ വായിച്ചിരുന്നത് പി,സി.യമ്മാവന്റെയും ടി.പത്മനാഭന്റെയും കാരൂരിന്റെയും, പൊറ്റെക്കാട്ടി ന്റെയും കോവിലന്റെയും കഥകളായിരുന്നു. എം.ടി.യും മാധവിക്കുട്ടിയും പിന്നീടാണ് വന്നത്. അവർ കൂടി വന്നപ്പോൾ മലയാള ചെറുകഥാരംഗം തികച്ചും സമ്പൂർണമായെന്ന തോന്നൽ എനിക്കുണ്ടായി.

ആയിടയ്ക്ക് ഞാൻ എഴുതിയ ഒരു കഥ അച്ഛൻ നിശിതമായി വിമർശിച്ചു. ഒരു ഭ്രാന്തന്റെ ജല്പനങ്ങളെപ്പറ്റിയായിരുന്നു കഥ. കഥ നന്നായില്ലെന്ന് പറഞ്ഞ് തിരിച്ചയച്ചുകൊണ്ട് അച്ഛൻ പറഞ്ഞു. ഒരു ഭ്രാന്തൻ നമ്മെ ചിരിപ്പി ച്ചെന്നിരിക്കും. പക്ഷെ ഒരു വായനക്കാരന്റെ ഉള്ളിൽ കൊള്ളുന്നത് അയാൾ നമ്മെ കരയി ക്കുന്നതായിരിക്കും. ഇരുട്ടിന്റെ ആത്മാവിൽ എം.ടി. എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഒരു തീം കഥാകൃത്തിന്റെ കൈയിൽ ഉത്തമകലയായി മാറുന്ന അത്ഭുതം നോക്കി പഠിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഒരു കണ്ണീർക്കണം; അതുണ്ടാക്കാൻ കഴിഞ്ഞാലേ സാഹിത്യകാരൻ ജയിക്കൂ. ഇരുട്ടിന്റെ ആത്മാവും എന്റെ ആ കഥയുമായി യാതൊരു താരതമ്യവുമില്ലായിരുന്നു. ഞാനാ കഥ കീറിക്കളഞ്ഞു.

ഉറൂബിന്റെയും ടി.പത്മനാഭന്റെയും എം.ടിയുടെയും മാധവിക്കുട്ടിയുടെയും കഥാപാത്രങ്ങൾ എന്നിൽ മായാതെ കിടക്കുന്നു.

ശ്രീ വർഗീസ് കളത്തിൽ എനിക്ക് നേരിട്ട് കത്തെഴുതി. കഥ വളരെ നന്നാ യെന്നും മനോരമയിൽ കൊടുക്കുന്നതിൽ സന്തോഷമേയുള്ളുവെന്നും. തുടർന്ന് രണ്ട് വർഷങ്ങളിലായി രണ്ട് കഥകൾകൂടി മനോരമയ്ക്കയച്ചു കൊടുത്തു. മാതൃഭൂമിയിൽ ആദ്യമായി കഥ വന്നത് 1965ൽ ആണ്. ഉണക്ക മരങ്ങൾ എന്ന കഥ. കൂറകൾ എന്ന കഥയ്ക്ക് ശേഷമാണ് പരീക്ഷണത്തിന്റെ കാലഘട്ടം തുടങ്ങിയത്. ചിത്രകലയുടെ സ്വാധീനമുണ്ടെന്ന് ഞാൻ അവകാശ പ്പെടുന്ന കഥകൾ. നവീനതയെ പ്രോത്സാഹിപ്പിക്കുന്ന എം.ടി. ആ കഥകൾ മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കാൻ ധൈര്യപ്പെട്ടു.

അറുപതുകളുടെ ആരംഭത്തിലാണ് ഞാൻ ഹെമിംഗ്വേ, ട്രൂമാൻ കപോട്ടി, സ്റ്റിൻബെക്ക്, ഗുന്തർഗ്രസ്സ്, പിരന്തലോ എന്നീ സാഹിത്യകാരന്മാരുടെ കൃതികളുമായി പരിചയപ്പെടുന്നത്. ഇവരിൽ എന്നെ ഏറ്റവും ആകർഷിച്ചത് ഹെമിംഗ്വേ ആയിരുന്നു. ഒരു ചെറുകഥാകൃത്തെന്ന നിലയിൽ അദ്ദേഹത്തി നുള്ള സ്ഥാനം മറ്റാർക്കും കൊടുക്കാൻ കഴിയുന്നില്ല. കഥയിൽ സ്റ്റൈൽ എന്ന മാനം വേണമെന്ന് ഹെമിംഗ്വേ കഥകളാണ് എന്നെ മനസ്സിലാക്കിച്ചത്. അദ്ദേഹത്തിന്റെ മെൻ വിത്തൗട്ട് വിമൻ എന്ന കഥാസമാഹാരം ഒരു ബൈ ബിളായി ഞാൻ കൊണ്ടുനടന്നിരുന്നു.

എന്റെ സ്വന്തം അനുഭവങ്ങൾ മാത്രമല്ല ഞാൻ കഥയാക്കുന്നത്. നേരിട്ട് പരിചയമുള്ളവരുടെ അനുഭവങ്ങൾ, കേട്ട സംഭവങ്ങൾ എല്ലാം കഥയ്ക്ക് വിഷയമാവുന്നു. എന്റേതായിട്ടുള്ള രൂപവും ഭാവവും നല്കുന്നുവെന്നു മാത്രമേയുള്ളൂ. എന്റേതായിട്ടുള്ള ദർശനം കഥാപാത്രങ്ങളിൽ അടിച്ചേല്പി ക്കരുതെന്നുണ്ട് എനിക്ക്. വളരെ ആത്മാംശമുള്ള കഥകളിൽ മുഖ്യകഥാപാത്ര ത്തിന് എന്റെ ജീവിതവീക്ഷണം കിട്ടിക്കൂടെന്നില്ല. അതൊഴിവാക്കാൻ പറ്റാത്തതുമാണ്.

വായനക്കാർ എന്റെ കഥകളെ പൊതുവെ നന്നായി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ പലപ്പോഴും അത് തീരെ ശ്ലാഘനീയമായി തോന്നാത്ത അവസരങ്ങളു ണ്ടായിട്ടുണ്ട്. എന്റെ കഥയുടെ ദ്വന്ദഭാവമാണതിനു കാരണം. ഒപ്പം തന്നെ ആഴത്തിൽ പോകാൻ മടികാണിക്കുന്ന വായനക്കാരന്റെ ഉദാസീനതയും. കഥയുടെ പരപ്പ് കണ്ട് ആഹ്ലാദഭരിതരാവുകയും പരപ്പിൽ നീന്തിക്കളിച്ച് സംതൃപ്തിയടയുകയുമാണ് പലരും ചെയ്യുന്നത്. കഥകളുടെ ആഴത്തി ലേ യ്ക്ക് മുങ്ങാങ്കുളിയിടുകയും അവിടെ ഒളിപ്പിച്ചുവെച്ച മുത്തുകൾ വാരി യെടുക്കുകയും ചെയ്യുന്ന ചുരുക്കം ചിലർ മാത്രമേ എന്റെ കഥകളോട് നീതിപുലർത്തുന്നുള്ളു. എനിക്ക് ആത്മ സംതൃപ്തി നല്കുന്നുള്ളു.

ശ്രീപാർവതിയുടെ പാദം എന്ന കഥയിൽ ഗൃഹാതുരത്വം മാത്രം കണ്ട് പലരും ആസ്വദിച്ചിട്ടുണ്ട്. ഞാൻ ഊന്നൽ കൊടുത്തതാകട്ടെ ഇന്ന് വളരെ അപൂർവമായി കാണുന്നതും ഒരു പക്ഷേ ഒന്നോ രണ്ടോ തലമുറകൾ കൂടു കഴിയുമ്പോഴേയ്ക്ക് തീരെ ഇല്ലാതായേക്കാവുന്നതുമായ സ്നേഹം എന്ന വികാരത്തിനാണ്. സ്നേഹം എന്ന വികാരം എന്നെ വല്ലാതെ ആകർഷി ക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ മാത്രമല്ല, മൃഗങ്ങളോടും ചെടി കളോടും അതായത് പ്രകൃതിയിലെ സകല ചരാചരങ്ങളോടും ഉള്ള സമന്വ യവും സ്നേഹവും .

സാഹിത്യകാരൻ സ്വതന്ത്രനാവണം. അയാൾ രാഷ്ട്രീയപാർട്ടികളുടെയോ പ്രത്യയശാസ്ത്രങ്ങളുടെയോ പ്രചാരകനാകരുത്. പ്രചാരനാകുക എന്നതിനർ ത്ഥം സ്വന്തം യുക്തിയും സ്വാതന്ത്ര്യവും പണംവെയ്ക്കുക എന്നതാണ്. ഇതു രണ്ടും പണയംവെച്ച് ഒരാൾക്ക് നല്ല സാഹിത്യകാരനാകാൻ പറ്റില്ല. ഞാൻ കഥയെഴുതുന്നത് എന്റെ ആത്മസാക്ഷാത്കാരത്തിന് മാത്രമാണ്. സംതൃപ്തി ക്കു വേണ്ടിയാണ്. അല്ലാതെ സമൂഹം നന്നാവാനോ ഒന്നുമല്ല. പക്ഷെ എന്റെ കഥകൾ വായിച്ച് ഒരു മനുഷ്യനെങ്കിലും സംസ്കാരസമ്പന്നനായിട്ടുണ്ടെങ്കിൽ എനിക്ക് സന്തോഷവും സംതൃപ്തിയുമുണ്ടാകും. മറിച്ച് ഒരു മനുഷ്യൻ ചീത്തയായിട്ടുണ്ടെങ്കിൽ അത് വേദനാജനകവുമാകും. അതുകൊണ്ട് ഏതു കഥാബീജം കിട്ടിയാലും കടലാസെടുത്ത് എഴുത്ത് തുടങ്ങുന്നതിന് മുമ്പ് ആ കഥയുടെ ധാർമ്മികനിലനില്പിനെപ്പറ്റി, ആ കഥ സംസ്കൃതിയോ കാട ത്തമോ ഉണ്ടാക്കാൻ പോകുന്നതെന്ന് ഞാൻ അന്വേഷിക്കാറുണ്ട്. കാടത്ത മാണ് ഫലം എന്നറിഞ്ഞാൽ ഞാൻ ആ കഥ എഴുതില്ല. അത്രയും വിവേചന ബുദ്ധി എല്ലാ എഴുത്തുകാർക്കും വേണമെന്നാണ് എന്റെ പക്ഷം.

*മാതൃഭൂമി വാരാന്തപതിപ്പ്. 1991 മെയ് 19 ഞായറാഴ്ച*

BACK TO INDEX

# എന്റെ കഥയെക്കുറിച്ച്

1988ലെ പത്മരാജൻ പുരസ്കാരത്തിന് അർഹമായ 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന എന്റെ കഥയെപ്പറ്റി രണ്ടു വാക്കു പറയാം. അധികം സമ്പന്നമല്ലാത്ത ഒരു വീട്ടിലെ കല്യാണത്തിന് പങ്കെടുക്കാൻ പോയപ്പോഴാണ് ഈ കഥയുടെ ബീജം എനിക്കു ലഭിച്ചത്.

രണ്ടു വശവും കായലിലേക്ക് എത്തിനോക്കുന്ന, മിക്കവാറും തരിശായ ഒരു ചെറിയ പറമ്പിൽവച്ചാണ് ഞാനെന്റെ കഥാപാത്രത്തെ കണ്ടെത്തിയത്. അവളുടെ മുഖം ഗൗരവപൂർണമായിരുന്നു. ഒപ്പം നടക്കുന്ന കൂട്ടുകാരികളുടെ മുഖത്തെ സന്തോഷം എന്തുകൊണ്ടോ അവളുടെ മുഖത്തുണ്ടായിരുന്നില്ല. കല്യാണപ്പെണ്ണിന്റെ ബന്ധുവായിരുന്നു അവൾ. എന്തുകൊണ്ടോ ആ അഞ്ചു വയസ്സുകാരിയും അവളുടെ സ്നേഹിതകളും എന്റെ ശ്രദ്ധയാകർഷിച്ചു. നാലു കുട്ടികൾ, അവർ എന്തോ അന്വേഷിച്ച് നിലത്തുനോക്കി നടക്കുകയായിരുന്നു.

പച്ചപ്പയ്യ് എന്റെ മനസ്സിലേയ്ക്ക് വന്നത് എങ്ങിനെയാണെന്നറിയില്ല. മനസ്സി ന്റെ അസ്വസ്ഥമായ ഒരു കോണിൽ ഒരു പെൺകുട്ടിയും അവൾ അന്വേഷി ക്കുന്ന പച്ചപ്പയ്യുമുണ്ടായിരിക്കണം. അവളുടെ നിരർത്ഥകമായ ജീവിതവും വ്യഥകളും. ആ കുട്ടിയുടെ മനസ്സിലൂടെ കല്യാണപ്പെണ്ണിന്റെ ജീവിതത്തി ലേയ്ക്കും എത്തിനോക്കാൻ അതെന്നെ പ്രേരിപ്പിച്ചു. ആ ജീവിതം ദുരിത പൂർണ്ണമായിരുന്നുവെന്ന് ഞാൻ കണ്ടു. എന്റെ ഭാവനയായിരിക്കണം. പക്ഷേ യാഥാർത്ഥ്യം പലപ്പോഴും ഭാവനയേക്കാൾ കഷ്ടതരമായിരിക്കുമെന്നാണ് എന്റെ അനുഭവം. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഈ പെൺകുട്ടി യുടെ അനുഭവങ്ങൾ എല്ലാ ദരിദ്രകുടുംബങ്ങളിലുമുണ്ട്. താൻ അനുഭവിക്കുന്ന വേദനകൾ കടിച്ചമർത്തി സന്തോഷവതികളാണെന്നുഭാവിച്ചു നടക്കുന്ന കുട്ടികൾ. അവർക്ക് തീർച്ചയായും അവരുടെ കുടുംബങ്ങളിൽനിന്നോ, സമുദായത്തിൽനിന്നോ കുറച്ചുകൂടി നീതി ലഭിക്കേണ്ടതാണ്. സമുദായമെന്നു ഞാൻ ഉദ്ദേശിക്കുന്നത് മനുഷ്യസമുദായമാണ്. ജാതിമതങ്ങളുടെ പേരിൽ സമുദായത്തെ തരംതിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

രണ്ടുതരം സമുദായമേ ഉള്ളൂ. ഉള്ളവരുടെ സമുദായവും ഇല്ലാത്തവരുടെ സമുദായവും. ഈ രണ്ടു സമുദായക്കാർ തമ്മിലുള്ള അന്തരവും. പൊരുത്ത ക്കേടുമാണ് എന്നെ ഏറെ ചിന്തിപ്പിക്കയും ദുഃഖിപ്പിക്കയും ചെയ്യുന്ന സമസ്യ, ഞാൻ അടുത്ത കാലത്തെഴുതിയ പല കഥകളുടെയും ഉള്ളിൽ ഈ പെരുത്ത ക്കേടിന്റെ കാരണങ്ങളെപ്പറ്റിയുള്ള അന്വേഷണമാണുള്ളത്. എഴുപത്തൊമ്പ തിൽ എഴുതിയ 'ഒരു ദിവസത്തിന്റെ മരണം' ആയിരിക്കണം ഈ അന്വേഷണ ത്തിന്റെ തുടക്കം. (ദിനോസറിന്റെ കുട്ടി എന്ന സമാഹാരത്തിൽ). യന്ത്രവൽക്ക രണം കാരണം ജോലി നഷ്ടപ്പെടുന്ന ഒരു സ്ത്രീ മറ്റു മാർഗ്ഗങ്ങളൊന്നും കാണാതിരുന്നപ്പോൾ കുടുംബത്തിലെ പട്ടിണി ഒഴിവാക്കാൻ മുതലാളിയുടെ അഭിലാഷങ്ങൾക്ക് തികച്ചും യാന്ത്രികമായി വഴങ്ങുന്നതാണ് കഥ. ഈ കഥയ്ക്ക് ശേഷം എഴുതിയ പല കഥകളിലും ഈ

അന്വേഷണത്തിന്റെ വഴികൾ കാണാം. വിഷു, താമസി, ഏറ്റവും മഹത്തായ കാഴ്ച, തീരെ പ്രതീ ക്ഷിക്കാത്ത ഒരു ദിവസം, ദേശാടനക്കിളിപോലെ അവൾ, അലക്കുയന്ത്രം, അപാരസാദ്ധ്യതകളുള്ള യന്ത്രം തുടങ്ങിയവ. ഇതിൽ ഒരു പക്ഷേ ഏറ്റവും അവസാനത്തെ കഥകളിലൊന്നാണ് പച്ചപ്പയ്യിനെ പിടിക്കാൻ. വിഷു എന്ന കഥയിൽ ഒരു പാവപ്പെട്ട അച്ഛൻ വിഷുവിന് കടം വാങ്ങിയ തുച്ഛമായ സംഖ്യകൊണ്ട് മകന്നായി കുറച്ചുപടക്കം വാങ്ങുന്നു. വില കുറഞ്ഞ ആ പടക്കങ്ങൾ പൊട്ടുന്നില്ല. മറിച്ച് അയൽപക്കത്തുള്ള ദുബായ്ക്കാരന്റെ വീട്ടിൽ നൂറുകണക്കിന് രൂപയ്ക്ക് വാങ്ങിയ പടക്കങ്ങൾ അതിശക്തിയോടെ പൊട്ടുകയും ചെയ്തു. പിറ്റേന്ന് രാവിലെ അതിനെപ്പറ്റി പറയാൻ കടയിൽ ചെന്ന അയാൾക്ക് കേൾക്കേണ്ടി വന്നത് ഇതാണ്. 'തനിക്ക് കാൽ കാശിന് പടക്കം വേണം. പിന്നെ അതൊക്കെ പൊട്ടുകയും വേണംച്ചാൽ വിഷമമാണ്.' കാതലായിട്ടുള്ള സംഗതി അതുതന്നെയാണ്. പണമില്ലെങ്കിൽ അവന് ജീവിക്കാനുള്ള അർഹതയില്ല. അവന്റെ മാനം രക്ഷിക്കാൻ അർഹതയില്ല. 'തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം' എന്ന കഥയിൽ ഒരു സ്ത്രീ നിസ്വത യുടെ പേരിൽ ആദ്യമായി തെരുവിലിറങ്ങുന്നതും അത്യപൂർവ്വമായി, സഹാനുഭൂതിയുള്ള ഒരാളെ കണ്ടുമുട്ടുന്നതുമാണ് വിഷയം. അയാൾ മറ്റൊരു വിധത്തിൽ ഏകാകിയും തുല്യദുഃഖിതയുമാണ്. അവൾ ആദ്യമായി ഈ ജോലിക്കിറങ്ങിയിരിക്കയാണെന്ന അറിവ് അവളെ പിൻതുടരാനും രക്ഷി ക്കാനും അയാളെ പ്രേരിപ്പിക്കുന്നു.

അലക്കുയന്ത്രം എന്ന കഥയിൽ ഉള്ളവരും ഇല്ലാത്തവരും എന്ന പ്രതി ഭാസം ഒരു പ്രത്യേക തലത്തിലെത്തുന്നു. സമ്പന്ന വീട്ടിലെ മകളുടെ, അവൾ ഏഴെട്ടു വയസ്സുള്ള കുട്ടിയാണ്, നിഷ്കളങ്കതയിൽ അവളേക്കാൾ നാലഞ്ചു വയസ്സു മാത്രം മൂപ്പുള്ളവളാണെങ്കിലും ആ വീട്ടിൽ ജോലിക്കു നിൽക്കുന്ന പെൺകുട്ടി സ്വന്തം പരാധീനകൾ മറക്കുകയും സ്വയം അമ്മയായി മാറി വാത്സല്യം ചൊരികയും ചെയ്യുന്നു.

ഇതൊന്നും പക്ഷേ എന്റെ അന്വേഷണത്തെ എവിടെയും എത്തിക്കുന്നില്ല. അന്വേഷണം തുടരുന്നു. ഒരു പക്ഷേ തൃപ്തികരമായ ഒരു ഉത്തരം കിട്ടിയി ല്ലെന്നു വരും.

സംസ്കാരലോപമാണ് അടുത്തകാലത്ത് എന്നെ സ്പർശിച്ച മറ്റൊരു പ്രശ്നം. ഒരു ദേശത്തിന്റെ അല്ലെങ്കിൽ ഒരു ഭൂവിഭാഗത്തിന്റെ സംസ്കാരം ഒരിക്കലും ഒരു മതത്തിന്റേതു മാത്രമല്ല. അത് ആ ഭൂവിഭാഗത്തിൽ ജനിച്ചു വളർന്നവരുടെയെല്ലാം പൊതുസ്വത്താണ്. മതത്തിന്റെ പേരുപറഞ്ഞ് ആ സംസ്കാരത്തിൽ നിന്ന് മാറി നിൽക്കുന്നത് വിഭാഗീയ ചിന്താഗതിയുണ്ടാ ക്കാനേ ഉതകൂ. ഒരു സംസ്കാരം ഉരുത്തിരിയുവാൻ ആയിരക്കണക്കിന് വർഷ ങ്ങളെടുക്കും. അങ്ങിനെ കെട്ടിപ്പടുത്തുണ്ടാക്കിയ ഒരു സംസ്കാരമാണ് ഭാരതീയ സംസ്കാരം. അതിന്റെ ഒരു കൈവഴിയായി നമുക്ക് സിദ്ധിച്ചിട്ടുള്ള താണ് കേരളസംസ്കാരം അല്ലെങ്കിൽ കേരളത്തനിമ. മതങ്ങൾ ഉദ്ഭവിക്കുന്ന തിനുമുമ്പുതന്നെ സംസ്കാരം ഉടലെടുത്തിരുന്നു. പിന്നെ മതങ്ങൾ ആവിർ ഭവിച്ചപ്പോൾ അവ ഈ സംസ്കാരത്തെ സ്വായത്തമാക്കുകയും ചെയ്യുക യാണുണ്ടായത്. ഒരു ചെറിയ ഉദാഹരണം നമ്മുടെ നിലവിളക്കാണ്. ഒരു മതത്തിന്റെ ആചാരങ്ങൾക്കുവേണ്ടി ഉണ്ടാക്കിയതല്ല നിലവിളക്ക്. ഓരോ നാട്ടിലും തദ്ദേശ കലകൾക്കനുസൃതമായി നിത്യോപകരണങ്ങളുടെ

ആകൃതി യും പ്രകൃതിയും ഉടലെടുക്കുകയാണുണ്ടായത്. നിലവിളക്ക് ദക്ഷിണേന്ത്യൻ തനിമയുടെ നല്ലൊരുദാഹരണമാണ്. പിന്നീട് അത് ഹിന്ദുമതത്തിന്റെ ആചാരക്രമങ്ങളിൽ കടന്നുകൂടിയതുകൊണ്ട് മാത്രം അതിനെ നിഷേധിക്കു ന്നത് നമ്മുടെ പൈതൃകത്തെ നിഷേധിക്കലാണ്. നിലവിളക്ക് പൂജാകർമ്മങ്ങ ളിൽ ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമായത് മിക്കവാറും പൂജാകർമ്മങ്ങൾ നടത്തുന്നത് രാത്രിയിലായതിനാൽ വിളക്കിന്റെ ആവശ്യമുണ്ട് എന്നതു കൊണ്ടു മാത്രമായിരിക്കണം. ആചാരങ്ങളും അനുഷ്ഠാനങ്ങളും കലകളു മായും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ആചാരങ്ങൾക്ക് ഇത്രയധികം വർണ്ണ ശബളിമയുണ്ടായത്.

സംഗീതത്തിന്റെ കാര്യവും മറിച്ചല്ല. ക്ലാസിക്കൽ സംഗീതം ഈശ്വരാരാധനയോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ആ കാരണവും പറഞ്ഞ് ഒരു മതത്തിലെ സംഗീതജ്ഞനും അതിനെ നിഷേധിച്ചതായി അറിവില്ല. അങ്ങിനെ ഓരോന്നായി നിഷേധിക്കാൻ തുടങ്ങിയാൽ അത് ഒരു പ്രത്യേകതരത്തിലുള്ള സംസ്കാരലോപത്തിന് ഇടയാക്കും. വിളക്കിനെ നിഷേധിക്കുന്നത് വെളിച്ചത്തെ നിഷേധിക്കലാണ്. സംസ്കാരത്തെയും അതിന്റെ പ്രായോഗിക തലത്തിലുള്ള ആചാരങ്ങളേയും, സംഗീതത്തേയും മതങ്ങളുടെ പിടിയിൽനിന്ന് രക്ഷപ്പെടുത്തുകയും പൊതുസ്വത്താക്കി മാറ്റുകയും ചെയ്യുകയാണ് ആവശ്യം. ഓണത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം തികച്ചും മതപരമാണ്. പക്ഷേ ഇന്ന് ഓണത്തെ ഒരു ദേശീയോത്സവമാക്കി മാറ്റിയിരിക്കുന്നു. അതു പോലെ സംസ്കാരസമ്പത്ത് ഒരു പ്രത്യേക മതത്തിൽനിന്ന് വേർപെടുത്തി എല്ലാ മതസ്ഥരും കയ്യാളുകയും അവരവരുടേതുകൂടിയാക്കുകയും ചെയ്യുക യാണ് സാംസ്കാരികൈക്യത്തിന് പറ്റിയ വഴി. അതുകൊണ്ട് അവരുടെ സ്വത്വത്തിന് കോട്ടം സംഭവിക്കുമെന്ന വാദത്തിൽ കഴമ്പില്ല. ദൃഢതയല്ല അയവാണ് ആവശ്യം. മൗലികവാദം അപകടം പിടിച്ചതാണ്. ഒരു മൗലിക വാദം അതിലും വലിയതും കൂടുതൽ നിന്ദ്യവുമായ മറ്റൊരു മൗലികവാദത്തിന് ജന്മം നൽകുകയാണ് ചെയ്യുക. അങ്ങിനെ നമുക്ക് മൗലികവാദങ്ങളുടെ ഒരു ചങ്ങലതന്നെയുണ്ടാവുകയും അതിൽ മനുഷ്യനും മനുഷ്യപുരോഗതിയും കെട്ടിയിടപ്പെടുകയും ചെയ്യും. എന്റെ ഏറ്റവും പുതിയ കഥയായ 'ഷ്രോഡിങ്ങറുടെ പൂച്ച' ഇതിന്റെ പശ്ചാത്തലത്തിൽ എഴുതിയതാണ്.

പത്മരാജനും ഞാനും സമപ്രായക്കാരാണ്. ഏകദേശം ഒരേസമയത്താണ് എഴുതാൻ തുടങ്ങിയതും. അറുപതുകളിൽ ആധുനികതയുടെ പേരിൽ പല കള്ളനാണയങ്ങളും ഇറങ്ങിയ അവസരത്തിൽ കൃത്രിമമായി ചമയ്ക്കപ്പെട്ട ദുരൂഹതകളിൽനിന്നും മാറിനിന്ന് തികച്ചും ആധുനികമായി കഥകളെഴുതിയിരുന്ന പത്മരാജനെ എനിക്കിഷ്ടമായിരുന്നു. കഥയിൽ കാമ്പില്ലാതെ വരുമ്പോഴാണ് ദുരൂഹതയുടെ മറവിൽ സൃഷ്ടി നടത്തേണ്ടി വരിക. പത്മരാജന് അതിന്റെ ആവശ്യമില്ലായിരുന്നു. ജീവിതമെന്ന സമസ്യയും അതിനെക്കുറിച്ചുള്ള ദുരൂഹതയും ചിത്രീകരിക്കാൻ അദ്ദേഹം കൃത്രിമമായ ഭാഷയോ ചട്ടക്കൂടോ ഉപയോഗിച്ചില്ലെന്നത് വളരെ ശ്രദ്ധേയമാണ്. പത്മരാജനെ അനശ്വരമാക്കിയതും ഈ സവിശേഷതതന്നെയാണ്. അദ്ദേഹത്തിന്റെ പേരിലുള്ള പുരസ്കാരം എനിക്കു ലഭിച്ചപ്പോൾ വളരെ സന്തോഷം തോന്നി.

BACK TO INDEX

## എന്റെ പ്രവാസജീവിതവും സാഹിത്യവും

### എം. ഗോകുൽദാസ് നടത്തിയ അഭിമുഖസംഭാഷണം

23 കൊല്ലം നീണ്ടുനിന്ന പ്രവാസജീവിതം എന്റെ ലോകത്തെ വലുതാക്കുകയായിരുന്നു. പൊന്നാനിയെപ്പോലെ ഒരു നാട്ടിൻപുറത്തുനിന്ന് കൽക്കത്തപോലുള്ള മഹാനഗരത്തിലേയ്ക്കുള്ള മാറ്റം എന്റെ അനുഭവമണ്ഡലത്തെ സമ്പന്നമാക്കുകയും ജീവിതവീക്ഷണം വികസിപ്പിക്കുകയും ചെയ്തു. നാട്ടിൻപുറത്തെ കൊച്ചുകൊച്ചു കാര്യങ്ങൾക്കപ്പുറത്ത് വിശാലമായൊരു ലോകവും അതിൽ വളരെ സങ്കീർണ്ണമായ ജീവിതങ്ങളും ഉണ്ടെന്ന് മനസ്സിലാവുന്നത് നമ്മൾ ഒരു മഹാനഗരത്തിൽ താമസിക്കുമ്പോൾ മാത്രമാണ്. അതുവരെ നഗരജീവിതത്തെക്കുറിച്ച് നമ്മുടെ ഭാവനയിലുള്ള ചിത്രങ്ങൾ എത്ര അപൂർ ണ്ണവും അവ്യക്തവുമാണെന്ന് മനസ്സിലാവുന്നു. തൊള്ളായിരത്തി അറുപതു മുതൽ തൊള്ളായിരത്തി എഴുപതുവരെ നീണ്ടുനിന്ന കൽക്കത്തയിലെ ജീവിതമാണ് എന്നെ ഞാനാക്കിയത് എന്നു പറയാം. അനുഭവങ്ങളുടെ സമ്പന്നത മാത്രമായിരുന്നില്ല എന്റെ നേട്ടം. നമ്മിലേയ്ക്കിറങ്ങിവരുന്ന സംസ്കാരം. ന്യൂ ആലിപ്പൂരിലെ നാഷനൽ ലൈബ്രറി അറിവിന്റെ ഭണ്ഡാരമായിരുന്നു. എന്റെ വായനയുടെ മുഴുവൻ സ്രോതസ്സ് നാഷനൽ ലൈബ്രറിയായിരുന്നെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. എഴുപതിൽ കൽക്കത്ത വിട്ടപ്പോൾ എനിക്കു നഷ്ടപ്പെട്ടത് എന്റെ വായനയായിരുന്നു. എനിക്കു നഷ്ടപ്പെട്ടത് ലോകസാഹിത്യത്തിലെ ഒരു വലിയ നിരയായിരുന്നു. സാഹിത്യത്തിനു പുറമെ ചിന്തകന്മാരുടെയും കലാവിമർശകരുടെയും മറ്റും വിലമതിക്കാനാവാത്ത ഒരു ശേഖരം നാഷനൽ ലൈബ്രറിയിലുണ്ടായിരുന്നു. ധാരാളം ശാസ്ത്രഗ്രന്ഥങ്ങൾ എനിക്ക് വായിക്കാൻ ഇടവന്നത് നാഷനൽ ലൈബ്രറിയിൽനിന്നാണ്. അവിടെ മലയാളം വകുപ്പിന്റെ മേധാവിയായിരുന്ന ശ്രീ കെ.എം. ഗോവി വളരെയധികം സഹായിച്ചിട്ടുണ്ട്. ചിത്രകലയിലെ ആചാര്യന്മാരെ ഞാൻ പരിചയപ്പെടുന്നത് അവിടെവച്ചാണ്. കാൾ ഗുസ്റ്റവ് യുങ്ങ്, ഫ്രോയ്ഡ്, ഹെർബർട്ട് റീഡ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ എങ്ങിനെ കലയുടെ ആഴങ്ങളിലേയ്ക്കു കടന്നു ചെല്ലാമെന്ന് എന്നെ പഠിപ്പിച്ചു. ഇതിന്റെയൊക്കെ ഫലമായി എന്റെ സർഗ്ഗാത്മകയത്നങ്ങൾക്ക് ആഴവും പരപ്പും ലഭിക്കുകയുണ്ടായി. ചിത്രകലയോടുണ്ടായ അഭിനിവേശം എന്റെ സാഹിത്യത്തെ ഒരു പ്രത്യേക വഴിയ്ക്ക് നയിക്കുകയുണ്ടായി. 'കൂറകൾ' എന്ന ആദ്യസമാഹാരത്തിലെ കഥകൾ ശ്രദ്ധിച്ചാൽ മനസ്സിലാവും മിക്കവാറും കഥകൾ ചിത്രകലയുടെ സ്വാധീനത്തിൻ എഴുതപ്പെട്ടവയാണെന്ന്.

പിന്നീട് ഞാൻ ശൈലി മാറ്റുകയും കൂടുതൽ ജീവിതഗന്ധിയായ കഥകൾ എഴുതുകയും ചെയ്തു. നഗരങ്ങളിലെ ജനജീവിതത്തെ കൂടുതൽ അടുത്തറിയാനും ജനങ്ങളുമായി കൂടുതൽ അടുത്ത് ഇടപഴകാനും അവസരം ലഭിച്ചതും ഇതിനൊരു കാരണമാകാം. രണ്ടുകൊല്ലം മുമ്പ് കൽക്കത്തയുടെ പശ്ചാത്തലത്തിൽ ഒരു നോവൽ (തടാകതീരത്ത്) എഴുതാൻ തുടങ്ങിയപ്പോൾ

കൽക്കത്ത ജീവിതം എന്നിൽ ഇപ്പോഴും പച്ചപിടിച്ചു കിടക്കുകയാണെന്ന് അദ്ഭുതത്തോ ടെ ഞാൻ മനസ്സിലാക്കി. എഴുപതിലാണ് ഞാൻ ദില്ലിയിലെത്തുന്നത്. അവിടെ ധാരാളം മലയാളി സാഹിത്യകാരന്മാരുണ്ടായിരുന്നു. നാഷനൽ ആർട്ട് ഗ്യാലറിയും മറ്റ് സ്വകാര്യ ഗ്യാലറികളും ഉള്ളതുകൊണ്ട് അവിടെ നല്ലൊരു സാസ്കാരിക അന്തരീക്ഷമുണ്ടായിരുന്നുവെന്ന് പറയാം. സാഹിത്യകാരന്മാർക്കു പുറമെ കെ. ദാമോദരൻ, മുത്തുകോയ തുടങ്ങിയ ചിത്രകാരന്മാരുമായി ഞാൻ നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. പക്ഷെ എന്തുകൊണ്ടോ എന്റെ സാഹിത്യം ശരിക്കും വികസിച്ചത്, ഞാൻ ഇന്നത്തെ നിലയിലാവാനുള്ള മാർഗ്ഗം സ്വീകരിച്ചത് മുംബൈയിൽ നിന്നായിരുന്നു. എഴുപത്തിഒന്നിലാണ് ഞാൻ ബോംബെയിലെത്തിയത്. അവിടത്തെ അന്തരീക്ഷം കൽക്കത്തയു മായി താരതമ്യപ്പെടുത്തുമ്പോൾ സാംസ്കാരികമായി താഴെത്തട്ടിലായിരുന്നെങ്കിലും എന്നെ സംബന്ധിച്ചേടത്തോളം എന്തുകൊണ്ടോ വളരെ സൃഷ്ടിപരമായാണ് അനുഭവപ്പെട്ടത്. ധാരാളം അനുഭവങ്ങൾ, അവ പലതും കഥകളായി രൂപം കൊണ്ടു. ശരിയ്ക്കു പറഞ്ഞാൽ ഞാൻ ബോംബെയിൽനിന്നെഴുതിയ മിക്ക കഥകളും അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതിയവയാണ്. ജീവനുള്ള കഥാപാത്രങ്ങൾ, അവ എന്റെ കഥയ്ക്ക് മിഴിവു കൊടുത്തു. പല അനുഭവങ്ങളും വേദനാജനകമായിരുന്നു. പക്ഷെ കഥകൾ എത്രതന്നെ ദുഃഖപര്യവസായിയായാലും ശരി അതിന്നെല്ലാം അപ്പുറത്ത് പ്രത്യാശയുടെ മിന്നൽവെളിച്ചം ഞാൻ കണ്ടിരുന്നു. അതെന്റെ കഥകളെ ഒരു പ്രത്യേകതലത്തിലേയ്ക്ക് ഉയർത്താറുണ്ടെന്നാണ് എന്റെ അനുഭവം. എന്റെ അളവറ്റ ശുഭാപ്തിവിശ്വാസമായിരിക്കണം അതിനു കാരണം.

ദില്ലിയിൽ ധാരാളം സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും കൂട്ടുകെട്ടുണ്ടായിരുന്നുവെങ്കിലും ഞാൻ കാര്യമായ സംഭാവനകളൊന്നും നൽകിയിരുന്നില്ല. ഞാൻ കഥയെഴുത്ത് ഒരു മാതിരി നിർത്തിവച്ചിരുന്നു. മറിച്ചായിരുന്നു ബോംബെജീവിതം. അവിടെ ഞാൻ മലയാളി സമൂഹത്തിൽനിന്ന്, പ്രത്യേകിച്ചും സാഹിത്യകാരന്മാരിൽനിന്ന് അകന്നുള്ള ജീവിതമാണ് നയിച്ചിരുന്നത്. വേണമെന്നുവച്ചിട്ടല്ല. അവസരമുണ്ടായില്ല എന്നുമാത്രം. അവിടെ സ്ഥലങ്ങൾ തമ്മിലുള്ള ദൂരം അപാരമാണ്. ഞാൻ താമസിച്ചിരുന്ന ജുഹുവിൽ മലയാളികൾ വളരെ കുറവായിരുന്നു. പക്ഷെ ഞാൻ ധാരാളം എഴുതാൻ തുടങ്ങി. സാഹിത്യകാരന്മാരുമായുള്ള സംസർഗ്ഗമല്ല മറിച്ച് ജനജീവിതവുമായുള്ള അടുത്ത ബന്ധമാണ് സാഹിത്യസൃഷ്ടിയ്ക്ക് വേണ്ടത് എന്ന് എനിക്കു മനസ്സിലായി. അനുഭവങ്ങളുടെ സമൃദ്ധി മാത്രമായിരുന്നില്ല എഴുതാൻ കാരണം. എഴുപത്തി അഞ്ചിലാണ് കലാകൗമുദി പ്രസിദ്ധീകരണം തുടങ്ങിയത്. രണ്ടാമത്തെ ലക്കത്തിൽത്തന്നെ എന്റെ ‘കുങ്കുമം വിതറിയ വഴികൾ’ എന്ന കഥ പ്രസിദ്ധീകരിച്ചു. പിന്നീട് അതിന്റെ പത്രാധിപന്മാരായിരുന്ന ശ്രീ എം.എസ്. മണിയുടെയും ശ്രീ എസ്. ജയചന്ദൻ നായരുടെയും നിരന്തര പ്രോത്സാഹനവും നിർബ്ബന്ധവും കാരണം മൂന്നു കൊല്ലമായി നിർത്തിവച്ച കഥയെഴുത്ത് വീണ്ടും തുടങ്ങി.

എന്റെ സൗന്ദര്യദർശനത്തെയും ചിന്തയെയും സ്വാധീനിച്ചത് യൂറോപ്യൻ, അമേരിക്കൻ എഴുത്തുകാരായിരുന്നു. പക്ഷെ ഞാൻ എന്റേതായ ഒരു സൗന്ദര്യദർശനം രൂപപ്പെടുത്തിയത് തികച്ചും ഭാരതീയമായ ഒരു പശ്ചാത്തലത്തിലാണ്. നമുക്ക് നമ്മുടെതായ ഒരു സംസ്കൃതിയുണ്ടെന്നും അതിനുമുകളിലേ

നമ്മുടെ ഇഷ്ടികകൾ പടുക്കാൻ പാടുള്ളു എന്നും ഞാൻ മനസ്സിലാക്കി. ഈ മാനസികാവസ്ഥ രൂപപ്പെടുത്തുന്നതിൽ എന്റെ അച്ഛനടക്കം നമ്മുടെ കവികൾ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. കുമാരനാശാന്റെ പേർ പ്രത്യേകം എടുത്തു പറയണം.

എന്റെ രാഷ്ട്രീയ ചിന്താഗതിയെ രൂപപ്പെടുത്തുന്നതിൽ പക്ഷെ യൂറോപ്യൻ അമേരിക്കൻ എഴുത്തുകാരാണ് കാര്യമായ പങ്ക് വഹിച്ചിട്ടുള്ളത്. ജോൺ ഗന്തർ, ഹവാഡ് ഫാസ്റ്റ്, ആർതർ കെസ്റ്റ്ലർ, ബോറീസ് പാസ്റ്റർനാക് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ ഇരുമ്പുമറയെ പിച്ചിച്ചീന്തുന്നതായിരുന്നു. അതുപോലെ ആഗോളതലത്തിലുണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങളും എന്റെ ചിന്താഗതിയെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. ഹങ്കറിയിലെ തൊഴിലാളിസമരം അടിച്ചമർത്താൻ റഷ്യൻ ടാങ്കുകൾ അയച്ചത്, പോളണ്ട്, ചെക്കസ്ളോവാക്യ, ഹങ്കറി തുടങ്ങിയ രാഷ്ട്രങ്ങൾ റഷ്യയുടെ കോളനികളായി മാറിയത്, ചൈന ഇന്ത്യയെ കടന്നാക്രമിച്ചത്, ആ കാലത്ത് ഇന്ത്യൻ ഇടതുപക്ഷത്തിന്റെ രാജ്യദ്രോഹപരമായ നിലപാട്, എല്ലാം എന്നിൽ ആഴമുള്ള ആഘാതമുണ്ടാക്കി. ബെർലിൻ മതിൽ പൊളിക്കാനിടയായ സംഭവവികാസങ്ങളും, കിഴക്കും പടിഞ്ഞാറും ജർമ്മനികൾ തമ്മിലുണ്ടായിരുന്ന അവിശ്വസനീയമായ സാമ്പത്തിക അസമാനതയും പാവപ്പെട്ടവരുടെ ഉന്നതിയ്ക്ക് കമ്യൂണിസമല്ല വേണ്ടതെന്നും, നിസ്വനെ നിസ്വനായിത്തന്നെ നിലനിർത്താനുള്ള ഒരു പ്രത്യയശാസ്ത്രമാണതെന്നും തെളിയിച്ചു. ഞാൻ അമ്പത്തൊമ്പതു മുതൽ വിശ്വസിച്ചു പോന്നതെല്ലാം ശരിയാണെന്ന് പിന്നീട് ആഗോളതലത്തിൽ കമ്യൂണിസത്തിനുണ്ടായ തകർച്ച തെളിയിക്കുകയും ചെയ്തു. ഈ സംഭവങ്ങൾ എന്റെ ചിന്താഗതിയെയും സൗന്ദര്യദർശനത്തെയും സ്വാധീനിച്ചിട്ടുണ്ട്. മാർക്സിസ്റ്റ് സൗന്ദര്യദർശനം ഒരു പുകമറയാണെന്നും അത് സ്വന്തം നിലനിൽപിനുള്ള മുദ്രാവാക്യങ്ങളുടെ തടവറയിലാണെന്നും ഞാൻ മനസ്സിലാക്കി.

ബോംബെയിലെ താമസത്തിനുള്ളിൽ, അത് എഴുപത്തൊന്നുമുതൽ എൺപത്തിമൂന്ന് വരെ നീണ്ടുകിടക്കുന്നു, ധാരാളം അനുഭവങ്ങളുണ്ടായിട്ടുണ്ട്. പലതും അവിസ്മരണീയങ്ങൾതന്നെ. ഞാൻ നേരത്തെ പറഞ്ഞപോലെ ഈ അനുഭവങ്ങൾ എന്റെ കഥകളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പോരാത്തതിന് ഞാൻ അനുഭവക്കുറിപ്പുകൾ തന്നെ ഒരു പരമ്പരയായി വനിത, സ്ത്രീധനം (രാഷ്ട്രദീപിക), ഗൃഹലക്ഷ്മി, കലാകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിട്ടുണ്ട്. അവ താമസിയാതെ 'നീ എവിടെയാണെങ്കിലും' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അനുഭവങ്ങളുടെ വെളിച്ചത്തിലെഴുതപ്പെട്ട കഥകളിൽ പ്രധാനപ്പെട്ടവ 'ദിനോസറിന്റെ കുട്ടി', 'സൂര്യകാന്തിപ്പൂക്കൾ', 'ഒരു കങ്ഫൂഫൈറ്റർ', 'ഒരു വിശ്വാസി' തുടങ്ങിയവയാണ്. ഈ കഥകളിലെല്ലാം തന്നെ നേരത്തെ പറഞ്ഞ ശുഭാപ്തിവിശ്വാസത്തിന്റെ തിരനോട്ടം കാണാം.

ചില അനുഭവങ്ങൾ പക്ഷെ ഹൃദയത്തിൽ വല്ലാത്തൊരു മുറിവ് സമ്മാനിച്ചുകൊണ്ടേ കടന്നു പോകുന്നുള്ളു. ഒരു കാലത്ത് വേദന തന്ന അനുഭവങ്ങളാണെങ്കിലും ഇന്ന് ഞാൻ അതിൽനിന്നെല്ലാം വളരെ ദൂരം സഞ്ചരിച്ചുവെന്ന ആശ്വാസമുണ്ട്. അവയെല്ലാം എന്റെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ സ്ഥിതിയ്ക്ക് ഇപ്പോൾ അതെല്ലാമോർത്ത് ചിരിക്കുക മാത്രമാണ് ചെയ്യുന്നത്.

എന്റെ ജീവിതത്തിന്റെ എറ്റവും വിഷമം പിടിച്ച ഘട്ടം ബോംബെയിലാണുണ്ടായിട്ടുള്ളത്. ആ നഗരത്തിന്റെ കുറ്റമല്ല, ജനങ്ങളുടെ കുറ്റമല്ല, എന്റെ തലയിലെഴുത്തിന്റെ പ്രത്യേകത മാത്രമാണതിനു കാരണം.

ഇരുപത്തിരണ്ടു കൊല്ലം ജോലിയെടുത്തുകൊണ്ടിരുന്ന കമ്പനിയിൽ അതൃപ്തി തോന്നിത്തുടങ്ങിയപ്പോൾ ഞാൻ സ്വന്തമായി ഒരു ബിസിനസ്സ് തുടങ്ങാമെന്നു വെച്ചു. നാലു കൂട്ടുകാരുമൊത്ത് ഒരു കമ്പനി തുടങ്ങി. ഗുജറാത്തിൽ ഒരു വലിയ മൈക്രോബെയറിങ് തുടങ്ങാനുള്ള പ്രൊജക്ടായിരുന്നു അത്. കാലദോഷം കൊണ്ട് അതു നടന്നില്ല. അതിനിടയിൽ പഴയ കമ്പനിയിൽ തൊഴുത്തിൽക്കുത്തുകൾ കാരണം ഞാൻ പുറത്തായിരുന്നു. എനിയ്ക്കു മീതെ ഒരു സർദാറിനെ കമ്പനി മാനേജ്മെന്റ് കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. അയാളുടെ സംശയാസ്പദമായ പ്രവർത്തന രീതിയ്ക്ക് ഞാൻ വിലങ്ങുതടിയാണെന്നു കണ്ട അയാൾ എന്നെ പുകച്ചുചാടിക്കുകയാണുണ്ടായത്. അതിനു ശേഷം ഞാൻ സ്വന്തമായി ഒരു കമ്പനി തുടങ്ങി. അതും വലിയ നഷ്ടത്തിൽ കലാശിച്ചു. ഞാൻ വർഷങ്ങളായി കെട്ടിപ്പടുത്ത എല്ലാം എനിയ്ക്കു നഷ്ടമായി. തിരിച്ച്, കുറേ കടങ്ങളും കൈയ്ക്കുന്ന അനുഭവങ്ങളുടെ ഓർമ്മകളും മാത്രം കൈയ്യിൽവച്ച് ഞാൻ നാട്ടിലേയ്ക്കു വന്നു, ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കാൻ. ഇക്കാലത്തെ എന്റെ ബോംബെ ജീവിതം സംഭവബഹുലമായിരുന്നു. പട്ടിണി എന്തെന്നറിഞ്ഞ നാളുകൾ. ആ കാലത്തും മനുഷ്യനന്മയിൽ ഉണ്ടായിരുന്ന എന്റെ വിശ്വാസം ഊട്ടിയുറപ്പിക്കുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ബിസിനസ്സിനു വേണ്ടി കുറച്ചു പണം അത്യാവശ്യമായി വന്നപ്പോൾ ഞങ്ങൾ താമസിക്കുന്നതിന്റെ താഴത്തെ നിലയിലുള്ള ഒരു പഞ്ചാബി സ്നേഹിതനെ സമീപിച്ചു. മിസ്റ്റർ ചോപ്ര. അദ്ദേഹം ഒരു ചോദ്യവും ചോദിക്കാതെ പണമെടുത്തുതന്നു. ഒരു രസീത് കൊടുക്കാൻ തുനിഞ്ഞ എന്നെ തടഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. 'നിങ്ങൾ മാന്യനാണെങ്കിൽ എനിക്ക് ഒരു രസീതിന്റെ ആവശ്യമില്ല. അല്ലെങ്കിൽ എനിക്കീ രസീതുകൊണ്ടും കാര്യമില്ല. നിങ്ങൾ ഒരു മാന്യനാണെന്ന് എനിക്കറിയുന്നതുകൊണ്ടല്ലെ ഞാൻ ഇത്രയും സംഖ്യ കടമായി തരുന്നത്?'

എനിക്ക് എറ്റവും വേദന തന്ന സംഭവവും അദ്ദേഹത്തോടു ബന്ധപ്പെട്ടായിരുന്നു. അദ്ദേഹത്തിന്റെ അഞ്ചു വയസ്സായ ഏക മകൻ ഒരു സ്കൂട്ടറപകടത്തിൽ മരിച്ചതായിരുന്നു അത്. ചെറിയച്ഛന്റെ സ്കൂട്ടറിന്റെ പിന്നിലിരുന്നു യാത്ര ചെയ്യുകയായിരുന്നു അവൻ. ആ സംഭവത്തെ ഉപജീവിച്ച് എഴുതിയതാണ് 'വൃഷഭത്തിന്റെ കണ്ണ്' എന്ന കഥ. രണ്ടു വയസ്സായ ഞങ്ങളുടെ മകന്റെ ഒപ്പം കളിക്കുവാൻ അവൻ ചേച്ചിമാരുടെ ഒപ്പം കോണി കയറിവരാറുണ്ട്. ഏറ്റവും സന്തോഷം തന്ന നിമിഷം എന്റെ മകനെ ആദ്യമായി കണ്ടപ്പോഴാണ്. നാട്ടിൽവെച്ചായിരുന്നു പ്രസവം. എനിക്കാകട്ടെ നാട്ടിൽ പോകാൻ കഴിഞ്ഞിരുന്നുമില്ല. റെയിൽവേ സ്റ്റേഷനിൽവച്ച് ആദ്യമായി അവനെ കയ്യിലെടുത്ത നിമിഷമാണ് എന്റെ ജീവിതത്തിൽത്തന്നെ ഏറ്റവും ധന്യമായ മുഹൂർത്തം.

ബോംബെ ജീവിതത്തിൽ എനിക്ക് ധാരാളം സന്തോഷവും ഒപ്പംതന്നെ വേദനയും തന്ന ഒരു പ്രണയബന്ധമുണ്ടായിട്ടുണ്ട്. ഭാര്യ ലളിത അതിനെപ്പറ്റി അറിഞ്ഞിരുന്നു. തീവ്രമായിരുന്ന ആ ബന്ധം സ്വാഭാവികമായും ഒരു ദുരന്തമായിരുന്നു. ഞാൻ ഇതിനെപ്പറ്റി മുമ്പൊരിക്കൽ എഴുതിയ ലേഖനത്തിൽനിന്ന്

താഴെ എടുത്തുചേർക്കുന്നു:

'.........എഴുപതുകൾ എന്റെ ജീവിതത്തിന്റെ ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു. ഏറെ സന്തോഷവും ഏറെ സന്താപവും ഒരുമിച്ചനുഭവിക്കേണ്ടി വന്ന കാലം. ധാരാളം സ്നേഹം ലഭിച്ചിട്ടും ഒരിത്തിരി ആശ്വാസത്തിനുവേണ്ടി അലഞ്ഞുനടന്ന നാളുകൾ. ആ കാലത്താണ് ഞാൻ രേവതിയെ (പേര് ശരിക്കുള്ളതല്ല) കണ്ടുമുട്ടുന്നത്. അവളും അങ്ങിനെ ഒരു സ്ഥിതിയിലായിരുന്നു. വളരെ വൈകാരികമായ ഒരു ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ആ ബന്ധത്തിന്റെ മുഴുവൻ പ്രക്ഷുബ്ധതയും ഈ കഥകളിലുണ്ട്. അതിന്റെ പരിസമാപ്തി വളരെ ഹൃദയഭേദകമായിരുന്നു. 'സ്ത്രീഗന്ധമുള്ള മുറി' എന്ന കഥ അതിനെപ്പറ്റിയായിരുന്നു. തന്നെക്കുറിച്ച് ഞാൻ കഥകളെഴുതുന്നുണ്ടെന്ന് രേവതിയ്ക്കറിയാമായിരുന്നു. ഭാഷ അറിയാത്തതുകൊണ്ട് പക്ഷേ വായിക്കാൻ പറ്റിയില്ല. ഇപ്പോൾ എനിക്കു തോന്നുന്നു അവയെല്ലാം അപ്പോൾതന്നെ ഇംഗ്ലീഷിലാക്കി രേവതിയ്ക്ക് വായിക്കാൻ കൊടുക്കേണ്ടതായിരുന്നു എന്ന്. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്ന് അത് പുതിയൊരു മാനം കൊടുക്കുമായിരുന്നു. എല്ലാ കാര്യങ്ങളും അങ്ങിനെയാണ്. രണ്ടാമതൊരവസരം കിട്ടിയാൽ കൂടുതൽ നന്നായി ചെയ്യാമെന്നു കരുതും, പക്ഷേ അങ്ങിനെ ഒരവസരം പിന്നീട് നിങ്ങളെ തേടിവരികയുണ്ടാവില്ല. ലളിതയ്ക്ക് ഈ കാര്യങ്ങളെല്ലാം അറിയാമായിരുന്നു. ഒരസാധാരണ വ്യക്തിത്വമുള്ള അവൾ എപ്പോഴും എന്നെ ആശ്വസിപ്പിക്കാറുണ്ട്. പ്രക്ഷുബ്ധമായ ഈ ബന്ധം അവസാനിച്ചപ്പോഴും ഒരു തകർച്ചയിൽനിന്ന് എന്നെ രക്ഷിച്ചത് അവളുടെ സാന്ത്വനമായിരുന്നു.'

എന്റെ ഹൃദയത്തിന് എറ്റ ഈ മുറിവിന്റെ കഥകളാണ് 'ആശ്വാസം തേടി' (1975), 'നഷ്ടക്കാരി'(1977), 'മേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ' (1977), 'സ്ത്രീഗന്ധമുള്ള മുറി'(1979), 'അവൾ പറഞ്ഞു ഇരുളുംവരെ കാക്കൂ' (1994)എന്നിവ. ഇതിൽ അവസാനത്തെ കഥ മാത്രം ഞാൻ നാട്ടിൽവന്ന ശേഷം എഴുതിയതാണ്.

ബോംബെയിലെ ബിസിനസ്സ് പൊളിയുകയും കനത്ത നഷ്ടമുണ്ടാകുകയും ചെയ്തുവെന്നു പറഞ്ഞല്ലൊ. അതിനെപ്പറ്റി എഴുതിയ കഥയാണ് 'ദിനോസറിന്റെ കുട്ടി'. പ്രക്ഷുബ്ധമായ ആ കാലത്ത് ഞങ്ങൾക്ക് മകന് വേണ്ട കാര്യങ്ങൾകൂടി ശ്രദ്ധിക്കാൻ സമയം കിട്ടാറില്ല, പണവുമുണ്ടായിരുന്നില്ല. പക്ഷെ അവൻ വളരെ സൗമ്യതയോടും അസാധാരണമായ വിവേകത്തോടുംകൂടി പെരുമാറി. സാധാരണ ആ പ്രായത്തിൽ കുട്ടികൾക്കുണ്ടാകാറുള്ള അസംഖ്യം ആവശ്യങ്ങളൊന്നുംതന്നെ അവൻ ഉന്നയിച്ചിരുന്നില്ല. മറിച്ച് കഴിയുന്നത്ര ഞങ്ങളെ സഹായിക്കാൻ സന്നദ്ധത കാട്ടുകയും ചെയ്തിരുന്നു. 'ഒരു കങ്ഫൂഫൈറ്റർ' എന്ന കഥയിൽ അവന്റെ നല്ലൊരു ചിത്രം ഞാൻ വരച്ചിട്ടുണ്ട്. 'ചുമരിൽ ചിത്രമായി മാറിയ അച്ഛൻ', 'ദിനോസറിന്റെ കുട്ടി', 'ഒരു വിശ്വാസി', 'കാനഡയിൽനിന്നൊരു രാജകുമാരി' എന്നീ കഥകളിലെല്ലാം അവനുണ്ട്.

മറ്റു പല അനുഭവങ്ങളും എന്റെ വരാൻ പോകുന്ന പുസ്തകത്തിലുണ്ട്. ബസ്സുകൂലിയില്ലാത്തതുകൊണ്ട് വർത്തമാനക്കടലാസിന്റെ കെട്ടും തൂക്കി ജുഹുവിൽനിന്ന് സാന്താക്രൂസിലേയ്ക്കുള്ള എട്ടു ബസ്സ്റ്റോപ്പു ദൂരം നടന്നിട്ടുണ്ട്. അന്ന് ജുഹുവിൽ റദ്ദിവാലയുടെ കടയുണ്ടായിരുന്നില്ല. അതേ കാല

ത്തുതന്നെ ഒരു പലവ്യഞ്ജനക്കടയ്ക്കു മുമ്പിൽനിന്ന് ഇരുനൂറു രൂപ വീണു കിട്ടിയതും, അതേ കടയിൽ ആകെയുള്ള ഇരുനൂറു രൂപകൊണ്ട് സാധന ങ്ങൾവാങ്ങാൻ വന്ന സ്ത്രീ പണം നഷ്ടപ്പെട്ട് കരഞ്ഞപ്പോൾ, അവർ എടു ത്തുവെച്ചസാധനങ്ങൾക്കിടയിൽ ബേബിഫുഡിന്റെ ടിൻ കണ്ടതും അവരുടെ പണം തിരിച്ചുകൊടുത്തതും, ഖാറിൽ ഒരു വൈകുന്നേരം ലൈംഗികത്തൊഴി ലിൽ ഏർപ്പെട്ട ഒരു സ്ത്രീയുമായി അറിയാതെ സംസാരിച്ചശേഷം അവരുടെ ജോലി മനസ്സിലായപ്പോൾ ഓടുന്ന ബസ്സിൽ ചാടിക്കയറി രക്ഷപ്പെട്ടതും, ആയ നിരവധി സംഭവങ്ങൾ.

ബോംബെ മലയാളികളുമായി ഞങ്ങൾക്ക് അധികമൊന്നും അടുപ്പമുണ്ടാ യിരുന്നില്ല. താമസിക്കുന്ന ഹൗസിങ് സൊസൈറ്റിയിലെ 180 ഫ്ളാറ്റുകളിൽ ഒന്നിൽപ്പോലും മലയാളികളുണ്ടായിരുന്നില്ല എന്നതായിരിക്കണം ഒരു കാര ണം. ഒരിക്കൽ വളരെ സങ്കടകരമായ ഒരനുഭവമുണ്ടായി. അവിടെ ചെന്ന കാല മായിരുന്നു. ബോംബെയുടെ രീതികളെക്കുറിച്ച് പഠിച്ചുവരുന്നേയുള്ളു. ഒരു ടേപ്റെക്കോർഡർ വാങ്ങിയപ്പോൾ പാട്ടുകൾ റിക്കാർഡ് ചെയ്യാനുള്ള കമ്പം വന്നു. ഇല്ലാത്ത പണവുംകൊടുത്ത് രണ്ട് സോണി സി-90 കാസ്സറ്റ് വാങ്ങി. ദാദാഭായ് നവ്റോജി റോഡിലെ മലയാളി പെട്ടിപ്പീടികകളിലൊന്നിൽനിന്നാ ണതു വാങ്ങിയത്. വീട്ടിൽ കൊണ്ടുവന്നു ഉപയോഗിച്ചപ്പോഴാണ് മനസ്സിലാ യത് രണ്ടും വ്യാജനിർമ്മിതമാണെന്നും ഉപയോഗിക്കാൻ കൊള്ളാത്തവ യാണെന്നും. ഒരു സി-90 കാസ്സറ്റിന്റെ വശത്ത് റിക്കാർഡ് ചെയ്യാൻ പറ്റിയത് രണ്ടര, മൂന്നു മിനുറ്റിന്റെ രണ്ടു പാട്ടുകൾ മാത്രം. അതുതന്നെ ശബ്ദം കുറഞ്ഞ് കേൾക്കാൻ പറ്റാത്ത വിധത്തിൽ. ഞാൻ പിറ്റേന്നു രാവിലെത്തന്നെ കാസറ്റുകളുംകൊണ്ട് വാങ്ങിയ പീടിക അന്വേഷിച്ചു നടന്നു. എവിടെ കാണാ നാണ്? പെട്ടിപ്പീടിക എന്നു പറയുന്നത് അന്വർത്ഥമാണ്. ഒരു പീഞ്ഞപ്പെട്ടി യുടെ വലുപ്പമേയുള്ളു ഓരോ കടയ്ക്കും. പിറ്റേന്നു ഞാൻ ചെന്നപ്പോ ഴേയ്ക്കും കടകളെല്ലാം അങ്ങോട്ടുമിങ്ങോട്ടും മാറ്റിയിരിക്കുന്നു. അതുപോലെ ത്തന്നെ ഇന്നലെ കണ്ട വില്പനക്കാരും അപ്രത്യക്ഷമായിരിക്കുന്നു. പകരം പുതിയ ആൾക്കാർ. ഒരു കാലിഡോസ്കോപ്പിലൂടെ നോക്കുമ്പോൾ കാണു ന്നപോലെ. എന്നെ കബളിപ്പിച്ച് ഇല്ലാത്ത എഴുപതു രൂപ അടിച്ചെടുത്ത മല യാളി പീടികക്കാരനെ കണ്ടുപിടിക്കാൻ യാതൊരു വഴിയുമില്ല! എനിയ്ക്കു വളരെ വിഷമമായി. പക്ഷെ അന്ന് ഞാൻ ഒരു പാഠം പഠിച്ചു, മാത്രമല്ല കാസ്സ റ്റുകളെപ്പറ്റി കൂടുതൽ മനസ്സിലാക്കാനുള്ള വാശിയുമുണ്ടായി എനിക്ക്. അതിന്റെ ഫലമായിരിക്കണം പിന്നീട് പതിനായിരക്കണക്കിന് കാസ്സറ്റുകൾ എന്റെ കയ്യിലൂടെ കടന്നുപോയത്. എന്റെ ഏറ്റവും വിഷമം പിടിച്ച ഒരു ഘട്ട ത്തിൽ താങ്ങായി വന്നത് കാസറ്റ് റിക്കാർഡിങ്ങായിരുന്നു. അതുപോലെ ബോംബെയിൽനിന്നു നഷ്ടപ്പെട്ടതെല്ലാം നാട്ടിൽ വന്ന് തിരിച്ചുണ്ടാക്കിയത് ഈ ഒരു ബിസിനസ്സുകൊണ്ടാണ്. എനിക്ക് ഒരിക്കലും നഷ്ടം പറ്റിയിട്ടില്ലാത്ത ഒരു ബിസിനസ്സ്.

പിന്നീട് ഞങ്ങൾ ബോംബെ വിട്ട കാലത്ത് ശിവസേന പ്രവർത്തകർ ആ സ്റ്റാളുകൾ തല്ലിപ്പൊളിച്ചെന്നറിഞ്ഞപ്പോൾ എന്റെ ഉള്ളിലുണ്ടായത് വ്യത്യസ്ത പ്രതികരണങ്ങളാണ്.

**ചോദ്യാവലിയ്ക്കുള്ള ഉത്തരങ്ങൾ**

1. *ചോദ്യം: കേരളസമൂഹം ഭാവിയിൽ രൂപപ്പെട്ടുവരുന്നത് എങ്ങനെയായിരിക്കും?*

വളരെ അപകടമുള്ള ഒരു മാർഗ്ഗത്തിലൂടെയാണ് കേരളസമൂഹം ഇന്ന് സഞ്ചരിക്കുന്നത്. ഒരുപക്ഷേ ഭാവിയിൽ സമൂഹം എങ്ങിനെയാണ് രൂപപ്പെടുന്നത് എന്നതിന്റെ സൂചന നമുക്കതിൽ ദർശിക്കാം. ഒന്നിനോടും പ്രതിബദ്ധതയില്ലാത്ത ഒരു ജനതയായി നാം മാറിക്കൊണ്ടിരിക്കയാണ്. ഒരു പരിധിവരെ രാഷ്ട്രീയ പാർട്ടികൾ ഇതിനുത്തരവാദികളാണ്. നമുക്ക് അവകാശങ്ങൾ മാത്രം, കർത്തവ്യമില്ല എന്നു പഠിപ്പിക്കുന്ന പാർട്ടികൾ സമൂഹത്തിന് വളരെ ദ്രോഹമാണ് ചെയ്യുന്നത്. കഴിഞ്ഞ നാലു ദശാബ്ദമായി മലയാളികളെ പഠിപ്പിക്കുന്നത് ഇതാണ്. എന്നുവച്ചാൽ രണ്ടു തലമുറയായി ഈ പാർട്ടികൾ അവരുടെ ചിന്തയെ, യുക്തിയെ നിയന്ത്രിച്ച് മസ്തിഷ്കപ്രക്ഷാളനം നടത്തി അവരെ സ്വന്തമായി ചിന്തിക്കാൻ കഴിയാത്തവരാക്കി മാറ്റിയിരിക്കുന്നു. ഇത് വളരെ അപകടമുള്ള കാര്യമാണ്. സ്വേഛാധിപത്യത്തിനുള്ള ആദ്യപടിയാണിത്. ഇനി ഒരു പാർട്ടിയ്ക്കോ ഒരു വ്യക്തിയ്ക്കോ സ്വന്തം ഇഛയ്ക്കനുസരിച്ച്, പ്രതിരോധമൊന്നുമില്ലാതെ ഭരിക്കാൻ പറ്റും. അടുത്ത രണ്ടു ദശാബ്ദങ്ങൾക്കുള്ളിൽ ഇതു സംഭവിക്കുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്.

2. *ചോദ്യം: ഭാഷാപരവും സാംസ്കാരികപരവുമായ ഒരന്യവൽക്കരണം പ്രവാസിമലയാളികൾ അനുഭവിക്കുന്നുണ്ടോ?*

ഭാഷാപരവും സാംസ്കാരികവുമായ അന്യവൽക്കരണം പ്രവാസിമലയാളികളുടെ മാത്രം പ്രശ്നമല്ല. കേരളത്തിൽ ഇന്ന് സംഭവിക്കുന്ന ഒന്നുതന്നെയാണത്. ഇതിനു പല കാരണങ്ങളുണ്ട്. നമ്മുടെ ചരിത്രവും സംസ്കാരവും ഭാഷയും തമസ്കരിക്കാനുള്ള മതമൗലികവാദികളുടെയും അവരുടെ പ്രേരണയിൽ രാഷ്ട്രീയ പാർട്ടികളുടെയും ബോധപൂർവ്വമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഏതാനും വർഷങ്ങൾ കഴിഞ്ഞാൽ നമ്മുടെ ചരിത്രം നമ്മുടെ ബോധമണ്ഡലത്തിൽനിന്ന് എന്നെന്നേയ്ക്കുമായി തുടച്ചുനീക്കപ്പെടും. ഒപ്പംതന്നെ ഭാഷയും സംസ്കാരവും. ശരിക്കു പറഞ്ഞാൽ കേരളത്തിനു പുറത്തുള്ളവർ ഇതിൽനിന്നൊഴിവാകുന്നതായാണ് കാണുന്നത്. ഇന്നും മുംബൈ പോലുള്ള ഒരു മഹാനഗരത്തിൽ മലയാളികൾ ഓണം ഓർക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഇവിടെ ഓണം ഒരു ഹർത്താൽകൊണ്ട് കിട്ടുന്ന മറ്റൊരു ഒഴിവുദിവസംപോലെ ആസ്വദിക്കാനുള്ളതാണ്.

3. *ചോദ്യം: മലയാളിയുടെ ബോധമനസ്സ് മതമൗലികതയുടെയും കടുത്ത യഥാസ്ഥിതികയുടെയും കോളനിയായി മാറിയിരിക്കുകയാണല്ലൊ. ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമൊ?*

ഇത് ആഗോളതലത്തിലുള്ള ഒരു പ്രതിഭാസമാണ്. ചരിത്രം ഇങ്ങിനെ പല അനിവാര്യതകളിലൂടെയും ആപൽക്കരമായ ഘട്ടങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. ഇപ്പോൾ നടക്കുന്നത് ആഗോളതലത്തിലുള്ള ഒരു പദ്ധതിയുടെ ഭാഗമായി കാണുന്നതായിരിക്കും യുക്തി. കൂടുതലൊന്നും ഇതിനെപ്പറ്റി പറയാൻ എനിക്കു താല്പര്യമില്ല.

4. *ചോദ്യം: പ്രയോഗതലത്തിലും സൈദ്ധാന്തികതലത്തിലും മാർക്സിസത്തിന് തകർച്ച നേരിടുന്ന സ്ഥിതിയ്ക്ക് മാർക്സിസം പുനർനിർമ്മിക്കേണ്ടതല്ലെ?*

പ്രയോഗതലത്തിലും സൈദ്ധാന്തികതലത്തിലും തകർച്ച നേരിടുന്ന എന്നല്ല പറയേണ്ടത്, തകർന്ന എന്നാണ്. അങ്ങിനെയുള്ള ഒരു പ്രത്യയശാസ്ത്രത്തെ എന്തിനാണ് പുനർനിർമ്മിക്കുന്നത്. ഒരു സിദ്ധാന്തം പ്രായോഗികമല്ല എന്നു കണ്ടാൽ അതിന്റെ പിന്നാലെ പോകാതെ പുതിയ ഒന്നിനെപ്പറ്റി ആലോചിക്കുകയല്ലെ വേണ്ടത്? 'വെളിച്ചം തൂകീടുവോളം പൂജാർഹം താനൊരാശയം, അതിരുണ്ടഴൽചാറുമ്പോൾ പൊട്ടിയാട്ടുകതാൻ വരം – പൊട്ടി പുറത്ത് ശീവോതി അകത്ത് (ഇടശ്ശേരി)'

5. *ചോദ്യം: മതവിശ്വാസത്തിൽ ഊന്നിയിട്ടുള്ള ധാർമ്മികമൂല്യങ്ങൾക്ക് മാത്രമെ സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുള്ളുവെന്ന് വിശ്വസിക്കുന്നുണ്ടോ?*

ഇല്ല, മാത്രമല്ല അതപകടമാണുതാനും, കാരണം ഏറ്റവും എളുപ്പം ദുർവ്യാഖ്യാനം ചെയ്യാവുന്ന ഒന്നാണ് മതം. അവനവനോടു സത്യസന്ധത പുലർ ത്തിയും മറ്റുള്ളവരെ ജീവിക്കാനനുവദിച്ചുകൊണ്ടുമുള്ള ഒരു ജീവിത രീതി സ്വായത്തമാക്കുകയേ ഒരു വഴിയുള്ളു. ഇന്നത്തെ കേരളത്തിന്റെ സ്ഥിതിയിൽ അതു സംഭവിക്കുമെന്നു തോന്നുന്നില്ല.

6. *ചോദ്യം: മലയാളസാഹിത്യത്തിന് സർഗ്ഗാത്മവളർച്ച ഉണ്ടാക്കുന്നതിനും ഭാവുകത്വപരമായ ഒരു പരിണാമം ഉണ്ടാക്കുന്നതിനും പത്രാധിപർ എന്ന നിലയിൽ എം.ടി.യുടെ അർപ്പണബോധത്തെ നമ്മൾ വേണ്ടത്ര വിലയിരുത്തിയിട്ടില്ലെന്ന് തോന്നുന്നു. എന്തു പറയുന്നു?*

എം.ടി. ഒരു ബഹുമുഖപ്രതിഭയാണ്. അദ്ദേഹത്തിന്റെ സർഗ്ഗാത്മജീവിതത്തിന്റെ പല വശങ്ങളും വേണ്ടത്ര വിലയിരുത്തിയിട്ടില്ലെന്നു വേണം പറയാൻ. അതിനു കഴിവുള്ളവർ അദ്ദേഹത്തെ നശിപ്പിക്കാനാണ് ശ്രമിക്കുന്നത്. അറുപതുകളിൽ ഉയർന്നുവന്ന ഞാനടക്കമുള്ള ഒരുമാതിരി എല്ലാ സാഹിത്യകാരന്മാരെയും വളർത്തിക്കൊണ്ടുവന്നത് എം.ടി.യാണെന്ന് സംശയമില്ലാതെ പറയാം. ആവശ്യം കഴിഞ്ഞപ്പോൾ എം.ടി.യെ തള്ളിപ്പറഞ്ഞവരുമുണ്ട് ഇതിൽ.

7. *ചോദ്യം: പ്രതിബദ്ധതയുള്ള എഴുത്തുകാരൻ എന്ന നിലയിൽ ഇതുവരെയുള്ള സാഹിത്യജീവിതത്തെ എങ്ങനെ വിലയിരുത്തുന്നു.*

ഒരു സാഹിത്യകാരൻ എന്ന നില്യ്ക്ക് എന്റെ പ്രതിബദ്ധത ജനങ്ങളോടാണ്, പ്രത്യേകിച്ചും സാമ്പത്തികമായി താഴെത്തട്ടിൽ ജീവിക്കുന്നവരോട്. എന്റെ കഥകൾ അവരുടെ ജീവിതത്തിലെ പൊള്ളുന്ന പ്രശ്നങ്ങൾ വായനക്കാരുടെ മുമ്പിൽ എത്തിക്കാൻ ഉതകുന്നതാണെങ്കിൽ ഞാൻ വിജയിച്ചു എന്നു പറയാം. എന്റെ കഥകൾ ഒരു സമൂഹത്തെ മാറ്റിമറിയ്ക്കുമെന്നൊന്നുമുള്ള മിഥ്യാധാരണകൾ എനിക്കില്ല. പക്ഷെ ഒരു വായനക്കാരനിൽ അലിവിന്റെ ചെറിയൊരു നാമ്പ് മുളക്കാൻ അതു പ്രയോജനപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനായി. കഴിഞ്ഞ നാല്പത്തഞ്ചു കൊല്ലമായി ഞാൻ എഴുതാൻ തുടങ്ങിയിട്ട്. ഇത്രയും കാലം കേരളത്തിലെ നിരൂപകർ എന്നെ കണ്ടില്ലെന്നു നടിച്ചു. ഞാനതിൽ തികച്ചും സന്തുഷ്ടനാണ്, കാരണം ഞങ്ങളാണ് നിങ്ങളെ വളർത്തിക്കൊണ്ടുവന്നത് എന്ന് ഒരു നിരൂപകനും പറയില്ലല്ലൊ. മറിച്ച് എനിക്ക് എന്റേതായിട്ടുള്ള ഒരു ആസ്വാദകവൃത്തംതന്നെയുണ്ട്. എന്റെ കഥകളും നോവലുകളും കാത്തിരിക്കുന്നവർ. അവരെ നിരാശപ്പെടുത്താതെ സൂക്ഷിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ഓരോ വാക്യം എഴുതുമ്പോഴും അവരാണെന്റെ

മുമ്പിൽ. എന്റെ സാഹിത്യജീവിതം ധന്യമാണ്.

8. *ചോദ്യം: താങ്കൾ എഴുതിവരുന്ന പുതിയ രചനയുടെ പ്രത്യേകതകൾ എന്താണ്?*

ഞാൻ എഴുതിവരുന്ന – ഒരുമാതിരി എഴുതിത്തീർത്ത നോവലാണ് കൊച്ചമ്പ്രാട്ടി. എന്റെ ഏതു രചനയുംപോലെ അതും നല്ല സാഹിത്യം ആസ്വദിക്കുന്ന വായനക്കാർക്കുള്ളതാണ്. ഒരുപറ്റം (കപട)ബുദ്ധിജീവികൾക്ക് അവരുടെ ബൗദ്ധികസ്വയംരതി(ശിലേഹഹലരൗമഹ ാമേൗേൃയമശേീ)യ്ക്കുള്ള അവസരം ഒരുക്കാനായി ഞാൻ ഒന്നും എഴുതാറില്ല. അതുകൊണ്ടുതന്നെ അക്കാദമിക് വൃത്തങ്ങളിൽ ഞാനത്ര അഭിമതനുമല്ല. പുതിയ നോവൽ തൊള്ളായിരത്തി അമ്പതുകളുടെ മദ്ധ്യംമുതൽ അറുപതുകളുടെ അന്ത്യംവരെ പൊന്നാനിയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ്. നായർ സമുദായത്തിന്റെ പടിപടിയായുള്ള അധഃപതനവും സാമ്പത്തികമായി താഴെക്കിടയിലുള്ള സമുദായങ്ങളുടെ ഉന്നതിയുമാണ് അതിന്റെ കാതൽ.

രചനയുടെ പ്രത്യേകതയെന്താണെന്നുവച്ചാൽ ഒരു ചെടിയിൽനിന്ന് മറ്റൊരു ചെടിയിലേയ്ക്കു ചാടിച്ചാടി തേൻകുടിക്കുന്ന പൂമ്പാറ്റയെപ്പോലെ ആഖ്യാനം ഒരാളുടെ മനസ്സിൽനിന്ന് മറ്റൊരാളുടെ മനസ്സിലേയ്ക്ക് മാറിമാറിപ്പോകുന്നു. ഒരു കഥാപാത്രത്തിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ഓർമ്മകളുടെ നിരയിൽ മറ്റൊരു കഥാപാത്രം പ്രത്യക്ഷപ്പെടുമ്പോൾ ആ നിമിഷം തൊട്ട് ആദ്യത്തെ കഥാപാത്രം പിന്നിലേയ്ക്കു വഴിമാറിക്കൊടുക്കുകയും മറ്റെ കഥാപാത്രം വേഷം ഏറ്റെടുക്കുകയും ചെയ്യുന്നു. ആ കഥാപാത്രമാകട്ടെ അപ്പോൾ സംഭവിക്കുന്നതോ അല്ലെങ്കിൽ ഓർമ്മയിൽനിന്നെടുത്തതോ ആയ ഒരു സംഭവത്തിന്റെ ലോകത്തായിരിക്കും. അതുപോലെ ചില സംഭവങ്ങൾ വിശദമായി പറഞ്ഞുകഴിഞ്ഞാൽ കാലത്തിന്റെ ഒരു വിടവ് അനുഭവപ്പെടുന്നു. ആ വിടവ് നികത്തുന്നത് പലരുടെയും ഓർമ്മയിൽനിന്നാണ്. ഈ വിടവാകട്ടെ അത്രതന്നെ മൂർത്തമോ സുതാര്യമോ ആകണമെന്നില്ല. ഓർമ്മ നഷ്ടപ്പെട്ട ഒരു വ്യക്തിയുടെ കാര്യമാകുമ്പോൾ പ്രത്യേകിച്ചും. ഇത് പുതുമയുള്ള ഒരു സങ്കേതമാണ്. ഒട്ടും വിരസത അനുഭവപ്പെടാതെ വായന സുഗമമാക്കാൻ ഈ ശൈലി ഉപകരിക്കും. സ്ത്രീസ്വാതന്ത്ര്യം, ദളിതർ, ലൈംഗികത തുടങ്ങിയ വിഷയങ്ങൾക്ക് എന്റേതായ, സാമ്പ്രദായികമല്ലാത്ത ഭാഷ്യങ്ങൾ നിർമ്മിക്കാനും ഞാൻ ഈ നോവലിൽ ശ്രമിച്ചിട്ടുണ്ട്.

*മാതൃഭൂമി – നഗരകാന്താരം, 31 ഡിസംബർ 2005*

BACK TO INDEX

## കഥാപീഠം പുരസ്കാരം 2006

അനിതയുടെ വീട് എന്ന കഥാസമാഹാരത്തിന്

ആലപ്പുഴയിൽനിന്നു കിട്ടുന്ന ഈ പുരസ്കാരത്തിന് എനിയ്ക്ക് വൈകാരികമായൊരു ബന്ധമുണ്ട്. ഏകദേശം എൺപത്തഞ്ചു കൊല്ലം മുമ്പാണ് ഒരു പതിനാലു വയസ്സുകാരൻ പയ്യൻ ഒരകന്ന ബന്ധുവായ ശങ്കരേട്ടന്റെ കൈ പിടിച്ച് ഗുമസ്തപ്പണിയുടെ ആദ്യപാഠങ്ങൾ പഠിയ്ക്കുവാൻ ആലപ്പുഴ എത്തിയത്. പയ്യനാകട്ടെ തന്റെ സഹവാസിയായ മാഞ്ഞൂർ പരമേശ്വരൻപിള്ളയുടെ സഹായത്തോടെ കവിതയുടെ ഹരിശ്രീ കുറിയ്ക്കുകയാണ് ചെയ്തത്. സാഹിത്യത്തിൽ മാത്രമല്ല, ജീവിതത്തിലും എന്റെ പ്രഥമഗുരുവായിരുന്ന എന്റെ അച്ഛനായിരുന്നു അദ്ദേഹം, ഇടശ്ശേരി. അച്ഛൻ ആലപ്പുഴയിൽ അധികകാലമൊന്നും ഉണ്ടായിരുന്നില്ല, ഉണ്ടായിരുന്ന കാലത്തപ്പറ്റിത്തന്നെ ഞങ്ങൾ മക്കൾക്ക് ഒന്നും അറിയുകയുമില്ല.

ഞാൻ മുമ്പൊരിയ്ക്കൽ പറഞ്ഞിട്ടുണ്ട്, അച്ഛനെ ഓർത്തല്ലാതെ ഞാനൊരു വരിപോലും എഴുതിയിട്ടില്ല. അതുകൊണ്ട് ഈ പുരസ്കാരം സ്വീകരിയ്ക്കുമ്പോഴും ഞാൻ ആദ്യം ഓർത്തത് എന്റെ അച്ഛനെയാണ്. സാഹിത്യത്തിൽ എന്റെ ഗുരു അച്ഛനായിരുന്നു, ശരി. പക്ഷെ സാഹിത്യവാസന കിട്ടിയത് അമ്മയുടെ അടുത്തുനിന്നാണെന്നു തോന്നുന്നു. അച്ഛന്റെ അടുത്തുനിന്നായിരുന്നെങ്കിൽ ഞാൻ കഥയ്ക്കും നോവലിനും പകരം കവിതകളെഴുതുമായിരുന്നു. അമ്മ എഴുതിയിരുന്നത് കൂടുതലും കഥയായിരുന്നു.

അമ്മയുടെ അടുത്തുനിന്നുതന്നെ ജീൻവഴി ലഭിച്ചതാണ് എന്റെ രക്തസമ്മർദ്ദവും. കഥാപീഠം പുരസ്കാരം ലഭിച്ച വാർത്ത ഞാൻ അറിഞ്ഞത് ഐ.സി.യു.വിൽ കിടക്കുമ്പോഴാണ്. അതിനുശേഷം ഒരിയ്ക്കൽക്കൂടി ഐ.സി.യു.വിൽ കിടക്കേണ്ടി വന്നു. എനിയ്ക്ക് പൈതൃകമായിട്ടല്ലാതെ സ്വയം ആർജ്ജിച്ച ഒരസുഖവും കൂടി എന്റെ ചിരകാലസുഹൃത്തായി ഒപ്പമുണ്ട്. ട്രൈജമിനൽ നൂറാൽജ്യ, ഇടത്തെ കവിളിനു കഠിനമായ വേദന. ഈ സുഹൃത്ത് ഒന്നോ രണ്ടോ മാസത്തേയ്ക്ക് ഒരു യാത്രയ്ക്കു പോകുന്നു, വീണ്ടും തിരിച്ചു വരാൻ വേണ്ടി മാത്രം. ഇപ്പോൾ അദ്ദേഹം എന്റെ ഒപ്പമുണ്ട്. ഞാനിതൊക്കെ എന്തിനാണ് പറയുന്നതെന്നു വെച്ചാൽ ഇതൊക്കെ കാരണം അധികം സംസാരിയ്ക്കാൻ വയ്യ എനിയ്ക്ക്. കുറച്ചു സംസാരിയ്ക്കുമ്പോഴേയ്ക്ക് ട്രൈജമിനൽ ന്യൂറാൽജ്യ എന്ന സ്നേഹിതൻ എന്നെ ശിക്ഷിക്കുന്നു.

തൊള്ളായിരത്തി അറുപതിൽ എഴുത്തു തുടങ്ങി. ആദ്യമായി ശ്രദ്ധിക്കപ്പെട്ട കഥ 'കൂറകൾ' ആണ്. (നിങ്ങളെല്ലാം പാറ്റകൾ എന്നു പറയുന്നതിനെ ഞങ്ങൾ മലബാറുകാർ 'കൂറകൾ' എന്നാണ് പറയുന്നത്.) അറുപത്തിആറിൽ എഴുതിയ ഈ കഥ ഈയിടെ ദൂരദർശൻ ഒരു ടെലിഫിലിമാക്കി. എം.ടി.യാണ് ഈ കഥ വേണമെന്നു നിർദ്ദേശിച്ചത്. ആറു പേരുടെ കഥകൾ തിരഞ്ഞെടുത്തപ്പോൾ എം.ടി. എന്റെ കാര്യത്തിൽ മാത്രമാണ് ഇന്ന കഥതന്നെ വേണമെന്നു നിഷ്കർഷിച്ചത്. അതെനിയ്ക്കൊരു പുരസ്കാരത്തോളം വലിയ കാര്യമായിരുന്നു. കാരണം എം.ടി.യെപ്പോലുള്ള ഒരു വലിയ എഴുത്തുകാരൻ ഞാൻ നാലപതു വർഷങ്ങൾക്കു മുമ്പ് അറുപത്തിആറിൽ എഴുതിയ 'കൂറ

കൾ' എന്ന കഥ ഓർക്കുകയും അതിന് ഇപ്പോഴും സമകാലീന മൂല്യമുണ്ടെന്നു കണ്ട് അതൊരു ടെലിഫിലിമിനു വേണ്ടി നിർദ്ദേശിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. അതുപോലൊരു സംഭവം കുറച്ചുമുമ്പ് എറണാകുളത്ത് കലാപീഠത്തിൽ കഥ വായിയ്ക്കുമ്പോഴുമുണ്ടായി. ഒരു വായനക്കാരൻ ഞാൻ അറുപത്തഞ്ചിൽ എഴുതിയ 'ഉണക്കമരങ്ങൾ' എന്ന കഥ വായിക്കാനാവശ്യപ്പെട്ടപ്പോൾ. എത്രയോ വർഷങ്ങൾക്കു ശേഷം ഒരു വായനക്കാരൻ എന്റെ കഥ ഓർത്തിരിയ്ക്കുന്നു. (ശ്രീ ബാബു കുഴിമറ്റമായിരുന്നു അതെന്ന് അദ്ദേഹം പിന്നീട് പറയുകയുണ്ടായി) ഈ രണ്ടു കഥകളും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നവയായിരുന്നു, ഉണക്കമരങ്ങൾ 65ലും കൂറകൾ 66ലും.

എഴുതാൻ തുടങ്ങുമ്പോൾ എന്റെ മുമ്പിൽ എപ്പോഴും നിൽക്കുന്നത് വായനക്കാരാണ്. കഥയുടെ അല്ലെങ്കിൽ നോവലിന്റെ നിലവാരത്തെപ്പറ്റി എന്നെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ മുമ്പിൽ നിൽക്കുന്ന ആ വായനക്കാരാണ് എന്നെക്കൊണ്ട് നല്ല കഥകൾ മാത്രം എഴുതിയ്ക്കുന്നത്.

കഥാപീഠം പുരസ്കാരം എനിയ്ക്ക് വളരെ വിലമതിയ്ക്കുന്ന ഒന്നാണ്. അക്കാദമികൾ തരുന്ന പുരസ്കാരങ്ങളേക്കാൾ ഞാൻ ആഗ്രഹിയ്ക്കുന്നത് എന്റെ വായനക്കാർ എന്നിൽ അർപ്പിയ്ക്കുന്ന ഈ വിശ്വാസമാണ്, ഈ ബഹുമതിയാണ്. ഈ പുരസ്കാരത്തിനു പിന്നിലുള്ള സംഘടന, അതായത് റൈറ്റേഴ്സ് ഫോറത്തിനും എന്റെ 'അനിതയുടെ വീട്' എന്ന കഥാസമാഹാരം പുരസ്കാരത്തിന് അർഹമാണെന്നു കണ്ടെത്തിയ ജഡ്ജിങ് കമ്മിറ്റി അംഗങ്ങൾക്കും വളരെയധികം നന്ദി. ഈ പുരസ്കാരം തീർച്ചയാക്കിയ ശേഷം എന്നെ നിരന്തരം ഫോണിൽ വിളിച്ച് കിട്ടാതെ (ഞാൻ ആശുപത്രിയിലായിരുന്നു.) നിരാശനാവാതെ, യാതൊരു അപ്രീതിയും കാണിക്കാതെ എന്നോടു സ്നേഹപൂർവ്വം സംസാരിച്ച റൈറ്റേഴ്സ് ഫോറത്തിന്റെ പ്രസിഡണ്ട് ഡോ. വീട്ടൂരിനും ഞാൻ നന്ദി പറയുന്നു.

*6.5.2007*

BACK TO INDEX

# ഒരു തേങ്ങലോടെ മാത്രം

(എനിയ്ക്കേറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം)

എന്റെ കഥകളിൽ എനിയ്ക്കേറ്റവും ഇഷ്ടപ്പെട്ട കഥാപാത്രമേതാണെന്ന് ഒരാൾ ചോദിച്ചപ്പോൾ പെട്ടെന്ന് ഉത്തരം പറയാൻ കഴിഞ്ഞില്ല. 'ഒരു കങ്ഫൂ ഫൈറ്ററി'ലെ രാജു, 'ശ്രീപാർവ്വതിയുടെ പാദ'ത്തിലെ മാധവി അതുമല്ലെങ്കിൽ ആത്മാംശമുള്ള നിരവധി സ്ത്രീപുരുഷ കഥാപാത്രങ്ങളിൽ ഏതെങ്കിലുമൊന്ന് എന്നൊക്കെ ഒരൊഴുക്കൻ മട്ടിൽ പറഞ്ഞുപോകാം. ശരിയ്ക്കു പറഞ്ഞാൽ എനിയ്ക്ക് ഞാൻ സൃഷ്ടിച്ച കഥാപാത്രങ്ങളിൽ ഓരോന്നും ഇഷ്ടമാണ്. എല്ലാം, തേഞ്ഞു കഴിഞ്ഞ ഒരു പ്രയോഗം കടമെടുത്താൽ 'പേറ്റുനോവെടുത്തു' സൃഷ്ടിച്ചവതന്നെ. പക്ഷെ 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' (അനിതയുടെ വീട്) എന്ന കഥയെഴുതുമ്പോൾ ഞാൻ ശരിക്കും കരയുകയായിരുന്നു. എഴുതിക്കഴിഞ്ഞ ശേഷവും ആ കഥ എത്രയോ ആവർത്തി വായിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും തേങ്ങലോടെയല്ലാതെ അതു വായിച്ചുതീർക്കാൻ പറ്റാറില്ല.

റാണിയെന്ന പേരുള്ള ഒരു കൊച്ചു പെൺകുട്ടിയുടെ കഥയാണ് 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ'. രണ്ടു ദിവസം മുമ്പ് അവളുടെ ഏക ആശ്രയമായിരുന്ന അമ്മ മരിച്ചു. തെരുവിലാണ് അവൾ വളർന്നത്. അമ്മ, സമുദായം തെരുവിലേയ്ക്ക് വലിച്ചെറിഞ്ഞ സ്ത്രീയാണ്. അവൾ ഒരു വേശ്യയാവാം, നാടോടിയാവാം അല്ലെങ്കിൽ വെറുമൊരു തെരുവുതെണ്ടി. മകളുടെ അച്ഛനാരാണെന്ന് ആ സ്ത്രീയ്ക്കുതന്നെ അറിയുന്നുണ്ടാവില്ല. ഒരു തെരുവുതെണ്ടിയുടെ ചാരിത്ര്യത്തെപ്പറ്റി നാം സംസാരിക്കാറില്ല. ഇപ്പോൾ തെരുവിലേയ്ക്ക് ക്രൂരമായി വലിച്ചെറിയപ്പെട്ട ആ ആറു വയസ്സുകാരി ഒരഭയസ്ഥാനത്തിനായി തിരയുകയാണ്.

കഥ പറയുന്ന ആൾ സമ്പന്നനാണ്. ഭാര്യയുടെ അനുജത്തിയുടെ മകളുടെ കല്യാണത്തിൽ പങ്കെടുക്കാൻ ആഭരണങ്ങളും സാരിയും എടുക്കാൻ ഇറങ്ങിയതാണ് അവർ. ജോസ് ജങ്ഷനിലെവിടെയോ കാർ പാർക് ചെയ്ത് അവർ കടകൾ കയറിയിറങ്ങുകയാണ്. റാണി അവരെ പിൻതുടരുന്നു. അയാൾ ഓരോ സമയത്തായി അവളുടെ പശ്ചാത്തലം ചോദിച്ചു മനസ്സിലാക്കുന്നു. വേണമെങ്കിൽ നിസ്സഹായയായ ആ പെൺകുട്ടിയെ രക്ഷിക്കാം, പക്ഷെ താൻ അതു ചെയ്യുന്നില്ലെന്ന ബോധം ആ മനുഷ്യനെ അലട്ടുന്നു. അതിൽനിന്നയാളെ വിലക്കുന്നതെന്താണ്? അയാളുടെ ഭാര്യ, കുടുംബം, സമുദായം. ദിവസത്തിന്റെ അന്ത്യത്തിൽ 'എന്നെ ഒപ്പം കൊണ്ടുപോകുമോ' എന്ന ആ കൊച്ചുകുഞ്ഞിന്റെ അപേക്ഷ തട്ടിമാറ്റി അയാൾ കാറോടിച്ചു പോകുകയാണ്. വീട്ടിലെത്തി ഭാര്യയെ ഇറക്കിയശേഷം അയാൾ കാറിൽനിന്നിറങ്ങാതെ കുറച്ചുനേരം ചിന്തിക്കുന്നു; മനസ്സാക്ഷി വല്ലാതെ കലാപം തുടങ്ങിയപ്പോൾ പെട്രാൾ നിറക്കാനുണ്ടെന്നു പറഞ്ഞ് തിരിച്ച് അവളെ അവസാനം കണ്ടിടത്തേയ്ക്ക് ഓടിച്ചു പോകുന്നു. അയാൾ തീരുമാനങ്ങളെടുത്തിരുന്നു. പക്ഷെ വൈകിപ്പോയി. സഹജീവിയോട് കാരുണ്യം കാണിക്കാനുള്ള അവസരംപോലും അയാൾക്ക് നഷ്പ്പെട്ടിരുന്നു. കഥ അവസാനിക്കുന്നത്

'......അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റീയറിങ് വീലിന്മേൽ കൈവച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു.' എന്നാണ്. പക്ഷെ നഷ്ടപ്പെട്ടതിനേക്കാൾ അയാൾ നേടിയിരുന്നു. അയാളിപ്പോൾ സമ്പന്നമായൊരു ഹൃദയത്തിന്റെ ഉടമയാണ്.

ഈ കഥാപാത്രത്തെ, കഥയിലെ റാണിയെ, ഞാൻ എവിടെയാണ് കണ്ടുമുട്ടിയത്? കുറേനേരത്തെ ആലോചനയ്ക്കു ശേഷം ഉത്തരം കിട്ടി. ഈ കഥാപാത്രം നമ്മുടെ നാട്ടിൽ ഓരോ നിമിഷവും ജനിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ അവരെ കാണുന്നില്ലെന്നു മാത്രം. അങ്ങിനെയുള്ള നിർഭാഗ്യവാന്മാരെ കാരുണ്യത്തിന്റെ കണ്ണുകൾ കൊണ്ട് കാണുവാൻ ഈ കഥ പ്രാപ്തരാക്കിയാൽ എന്റെ കഥ സാർത്ഥകമായി.

*ചിന്ത - ഡിസംബർ 10, 2005*

BACK TO INDEX

# ഒരു ദിവസത്തിന്റെ അന്ത്യം

## ('ഒരു ദിവസത്തിന്റെ മരണം'
## എന്ന കഥയ്ക്കു പിന്നിൽ)

'ഒരു ദിവസത്തിന്റെ മരണം' എന്ന കഥ എഴുതാൻ കാരണക്കാർ ഏതാനും സ്ത്രീകളാണ്. എന്നും വൈകുന്നേരം ബോംബെ വർളി ബസ്സ് സ്റ്റോപ്പിൽ സാന്താക്രൂസിലേയ്ക്കു പോകുന്ന 83, 84 നമ്പർ ബസ്സുകളുടെ ക്യൂവിൽ കാത്തു നിൽക്കുമ്പോൾ അവരെ കാണാറുണ്ട്. അവർ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി സംസാരിക്കുന്നത് കേൾക്കാറുമുണ്ട്. അവർ മറ്റുള്ളവരെ കാത്തുനിൽക്കുകയാണ്, ദാദർ വരെ നടന്നു പോകാൻ. അവർക്ക് സബർബൻ ട്രെയ്ൻ പിടിച്ച് കുറേ ദൂരം പോകേണ്ടതുണ്ട്.

അംഗവിക്ഷേപങ്ങളോടെ അവർ പറഞ്ഞിരുന്നത് അവരുടെ പ്രാരാബ്ധങ്ങളെപ്പറ്റിയാണ്. ഏതോ പാക്കിങ് കമ്പനിയിലാണവരെല്ലാം ജോലിയെടുക്കുന്നത്. രാവിലെ ഒമ്പതു മുതൽ അഞ്ചുവരെ. ദിവസക്കൂലി അഞ്ചു രൂപ. അതു കൊണ്ട് വീട്ടുച്ചിലവുകൾ എങ്ങിനെ കഴിച്ചുകൂട്ടുമെന്നായിരുന്നു അവരുടെ പ്രശ്നം.

എനിയ്ക്കു വളരെ വിഷമമായി. എല്ലാ സ്ത്രീകളുടെയും നെറുകയിൽ കുങ്കുമമുണ്ട്. അതിനർത്ഥം അവർ കല്യാണം കഴിച്ചവരാണ്, ഒരു പക്ഷെ കുട്ടികളുണ്ടാവും, അവരുടെ കാര്യവും നോക്കേണ്ടിവരും എന്നൊക്കെയാണ്. വല്ലാത്ത ജീവിതം. കുറച്ചു ദിവസം അതെന്നെ അലട്ടി. പിന്നെ ജീവിതത്തിന്റെ മറ്റ് അലട്ടുകൾക്കിടയിൽ അതു മറന്നുപോവുകയും ചെയ്തു.

ഒരിയ്ക്കൽ ഫ്ളോറാ ഫൗണ്ടനിന്നടുത്ത് ഒരു കസ്റ്റമറെ കാണാൻ പോകേണ്ടിവന്നു. മൂന്നാം നിലയിലാണ് അയാളുടെ ഓഫീസ്. ഡിസ്കഷനെല്ലാം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ തൊട്ടടുത്ത വാതിൽ കടന്ന് ഒരു സ്ത്രീ പുറത്തു കടന്നു. കുറച്ചു തടിച്ച ദേഹപ്രകൃതി. നല്ല കൂട്ടത്തിലാണെന്നു കണ്ടപ്പോൾ തോന്നി. മുപ്പത് മുപ്പത്തഞ്ച് വയസ്സു പ്രായമേ ഉണ്ടാവൂ. തോളിൽ ഒരു സഞ്ചി തൂക്കിയിട്ടുണ്ട്. എന്തു കൊണ്ടോ അവർ എന്നെ നോക്കിയപ്പോൾ എനിയ്ക്ക് ലോഗ്യഭാവത്തിൽ ചിരിയ്ക്കാൻ തോന്നി. അവരും ചിരിച്ചു. ഞാൻ ചോദിച്ചു.

'എന്ത് ഓഫീസാണത്?'

'ഞാൻ ജോലിയെടുക്കുന്നതോ?'

'അതെ, എന്താണവിടെ ജോലി?' മുമ്പൊരിയ്ക്കൽ അവിടെ വന്നപ്പോൾ വാതിലിലൂടെ കണ്ടത് ഉയരം കുറഞ്ഞ കുറേ മേശകൾ നിരത്തിയിട്ടിരിയ്ക്കുന്നതും അതിനു മുമ്പിലിരുന്ന് കുറേ സ്ത്രീകൾ ജോലിയെടുക്കുന്നതുമായിരുന്നു. എന്തു ജോലിയാണെന്നു മനസ്സിലായില്ല.

'സുപാരി പാകിങാണ് സർ.'

കടകളിൽ തൂക്കിയിട്ടിരിയ്ക്കുന്ന സുപാരി പാക്കറ്റുകൾ കാണുമ്പോൾ ഞാൻ ആലോചിക്കാറുണ്ട് ആ പാക്കറ്റുകൾക്കു പിന്നിൽ പ്രവർത്തിച്ച കുറേ കരങ്ങളുണ്ടാവുമെന്ന്. ഒരു സുപാരി പാക്കിങ് ഷോപ്പ് എന്റെ ഭാവനയിൽ ഉണ്ടായിരുന്നു. ഞാൻ കൂടുതലെന്തോ ചോദിയ്ക്കാൻ ഒരുമ്പെടുമ്പോഴേയ്ക്ക്

അവൾ ഹിന്ദിയിൽ പറഞ്ഞു. 'ഞാൻ ഓടട്ടെ സർ, അഞ്ചേ കാലിന്റെ ട്രെയ്ൻ പിടിയ്ക്കണം. കുറേ ദൂരം പോവാന്ണ്ട്.'

ഒരു കഥ മനസ്സിൽ രൂപപ്പെട്ടു വരികയായിരുന്നു. കഥയിലെ കൗസല്യയുടെ രൂപരേഖ ആ നിമിഷം ഉദിച്ചുവന്നു. അവൾ ഓടിക്കൊണ്ട് കോണിപ്പടികൾ ഇറങ്ങുകയായിരുന്നു. പിന്നിൽനിന്ന് അതു നോക്കിക്കൊണ്ടിരിയ്ക്കെ കാന്തിഭായ് എന്ന കടയുടമയുടെ ചിത്രവും മനസ്സിൽ തെളിഞ്ഞുവന്നു. കൗസല്യയോടുള്ള കാമം മനസ്സിൽ സൂക്ഷിച്ച് അവസരം പാർത്തുനിന്ന സുപാരിക്കാരൻ കാന്തിഭായ്.

വീടണയാനുള്ള അവളുടെ തിടുക്കത്തിൽ നിന്ന് ഞാനവളുടെ കുടുംബം സൃഷ്ടിച്ചു. ദിവസത്തിൽ അഞ്ചുറുപ്പിക കൂലി കിട്ടുന്ന ഒരു ജോലിക്കാരിയുടെ കുടുംബം എങ്ങിനെയാവുമെന്നത് ഭാവനയിൽ കാണുവാൻ എളുപ്പമായിരുന്നു. ഒപ്പംതന്നെ വേദനാജനകവും. കഥയെഴുതിയത് തൊള്ളായിരത്തി എഴുപത്തൊമ്പതിലാണ്. അന്ന് അഞ്ചുറുപ്പികയ്ക്ക് കുറേക്കൂടി വിലയുണ്ടായിരുന്നു. എന്നാലും.......

കഥയിൽ നിന്ന്:

> " ചാളിന്റെ ഒരറ്റത്തെത്തിയപ്പോൾ അവൾ ഭർത്താവിന്റെ ചുമ കേട്ടു. അവരുടെ വീട് ചാളിന്റെ മറ്റേ അറ്റത്തായിരുന്നു.
>
> മകൻ എവിടെ നിന്നോ കിട്ടിയ ഒരു പൊട്ടിയ കളിപ്പാട്ടം കൊണ്ടു കളിയ്ക്കുകയായിരുന്നു. ഭർത്താവ് ചൂടിക്കട്ടിലിൽ കിടക്കുകയും.
>
> 'എനിയ്ക്ക് പനിക്ക്ണ്ണ്ട്.'
>
> അവൾ അയാളുടെ നെറ്റി തൊട്ടുനോക്കി.
>
> 'സാരല്യ നേരിയ പന്യാണ്. നമുക്ക് നാളെ രാവിലെ ഡോക്ടറുടെ അടുത്ത് പോവാം.' "

എന്തായിരിയ്ക്കണം കഥ എന്നതിനെപ്പറ്റി അപ്പോഴും രൂപമുണ്ടായിരുന്നില്ല. അങ്ങിനെയിരിയ്ക്കെ ഒരിയ്ക്കൽ ഒരു മെഷിൻ വില്പനയെപ്പറ്റി സംസാരിയ്ക്കാൻ വാഗ്ളെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഒരു ഫാക്ടറിയിൽ പോയി. അവിടെ ഒരു മെഷിൻ ഇൻസ്പെക്ഷനു വേണ്ടി തയ്യാറാക്കി വച്ചിരുന്നു. ചോദിച്ചപ്പോൾ മനസ്സിലായി അതൊരു സുപാരി പാകിങ് മെഷിനാണെന്ന്. ഒരു പ്രോട്ടോടൈപ്പു മാത്രം. ഇൻസ്പെക്ഷൻ കഴിഞ്ഞ് ലോൺ സാങ്ക്ഷനായാൽ ശരിയ്ക്കുള്ള പ്രൊഡക്ഷൻ തുടങ്ങും.

ഇനി ആരെ പ്രതീക്ഷിച്ചാണ് എന്റെ കഥ കാത്തുനിൽക്കുന്നത്? ഫാക്ടറിയിൽ നിന്നു മടങ്ങുമ്പോൾ ഞാൻ സ്വയം ചോദിച്ചു. ഒരു കഥയുടെ മൂശ ഒരുങ്ങിക്കഴിഞ്ഞു. ഞാൻ വീട്ടിൽ ചെന്ന് എഴുതാൻ തുടങ്ങി. ശാന്തമായി നടന്നുപോയിരുന്ന സുപാരി ഫാക്ടറിയിൽ ഒരു പാക്കിങ് മെഷിൻ എത്തുന്നതോടുകൂടിയാണ് കഥ തുടങ്ങുന്നത്.

കഥയിൽ നിന്ന്:

> ഫാക്ടറി തുറന്നപ്പോൾ അതിനകത്ത് ആ വലിയ പീഞ്ഞപ്പെട്ടി ഉണ്ടായിരുന്നു. ഒരാൾ ഉയരത്തിൽ ഇരുമ്പിന്റെ പട്ടയുമായി അത്

> വാതിലിന്റെ തൊട്ടടുത്ത് ചുമരരുക്കിൽ നിവർന്നു നിന്നു. മുറിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നീണ്ടു കിടക്കുന്ന ഉയരമില്ലാത്ത മേശയ്ക്കു പിന്നിൽ തന്റെ സ്ഥാനത്തു പോയിരുന്ന ശേഷവും കൗസല്യ അതു തന്നെയായിരുന്നു നോക്കിയിരുന്നത്. എന്തായിരിയ്ക്കും അതിനുള്ളിൽ? സുപാരിയുണ്ടാക്കുന്ന ആ ഫാക്ടറിയിൽ അടയ്ക്കയും പെരുംജീരകവും നിറച്ച ചാക്കുകളും സുഗന്ധദ്രവ്യങ്ങൾ നിറച്ച ചെറിയ പെട്ടികളും മാത്രമേ അവൾ കണ്ടിരുന്നുള്ളു.

തുടക്കം കിട്ടിക്കഴിഞ്ഞാൽ കഥയെഴുത്ത് എളുപ്പമാണ്. സംഭവങ്ങൾ സ്വാഭാവികമായി ഒരു ചിട്ടയിൽ പേനത്തുമ്പിൽനിന്ന് പുറത്തു വരുന്നു. പലപ്പോഴും ആ സ്വാഭാവികതയെ ചോദ്യം ചെയ്യുകയോ കഥാകൃത്ത് തന്നെ, എഴുതുന്ന അന്തരീക്ഷത്തിനു പുറത്തു വന്ന് സ്വന്തമായി ആ ഒഴുക്കിനെ ചോദ്യം ചെയ്ത് കഥയുടെ ഗതി മാറ്റുകയോ ചെയ്താൽ അത് കൃത്രിമമാവും. അതുകൊണ്ട് ഞാനതിനു മുതിരാറില്ല. ഇങ്ങിനെ എഴുതുന്നത് രസകരമാണ്, കാരണം പലപ്പോഴും കഥാപാത്രങ്ങൾ തന്നെയാണ് കഥയുണ്ടാക്കുന്നത്. അത് എടുത്തെഴുതുക എന്ന കാര്യം മാത്രമേ കഥാകൃത്തിനുള്ളു.

ആട്ടമാറ്റിക് പാക്കിങ് വന്നതോടുകൂടി പ്രശാന്തമായ ആ ഷാപ്പിന്റെ അന്തരീക്ഷംതന്നെ മാറുന്നു. അവിടെ അനിശ്ചിതാവസ്ഥയും ആകാംക്ഷയും ആ പാവങ്ങളുടെ ജീവിതം തന്നെ വഴി മുട്ടിയ്ക്കുന്നിടത്തെത്തിയ്ക്കുന്നു.

കഥയിൽ നിന്ന്:

> 'എന്തു മെഷിൻ?'
>
> 'പാകിംഗ് മെഷിൻ.' മറിയ തല കുലുക്കിക്കൊണ്ടു പറഞ്ഞു. 'സുപാരി പാക്കു ചെയ്യാൻ കാന്തിഭായി മെഷിൻ വാങ്ങിയിരിയ്ക്കുന്നു.'
>
> ഒരു നല്ല കാര്യമല്ലെ എന്ന മട്ടിൽ എല്ലാവരും 'അതേയോ?' എന്നു പറഞ്ഞു.
>
> 'ഇതിന്റെ അർത്ഥെന്താണെന്നറിയ്യോ?'
>
> വീണ്ടും അപകടസൂചന. എല്ലാവരും മറിയയെ നോക്കി.
>
> 'നമ്മുടെയെല്ലാം ജോലി പോവുംന്നർത്ഥം. ആരും സന്തോഷിക്ക്യാന്നും വേണ്ട.'

കാന്തിഭായ് ഇതൊരവസരമാക്കി മാറ്റുകയാണ്. ശനിയാഴ്ച എല്ലാവർക്കും കൂലി കൊടുക്കുന്നു, ഒരാൾക്കൊഴികെ. അതാകട്ടെ കൗസല്യയ്ക്കാണ്. തിങ്കളാഴ്ച മുതൽ അവളെയും മറ്റു മൂന്നു പേരേയും നിർത്തി ബാക്കിയെല്ലാവരെയും ഒഴിവാക്കാൻ പോകുകയാണ്. മാത്രമല്ല അവളെ സൂപ്പർവൈസറാക്കി മാറ്റി ശമ്പളം കൂട്ടുകയും ചെയ്യുന്നു. ഒന്നും ചെയ്യാൻ കഴിയാനാവാത്ത ഒരു നിസ്സഹായത കൗസല്യയ്ക്കുണ്ടായിരുന്നു. അത് മാറ്റി മറച്ച് പരിതസ്ഥിതികൾ അവൾക്കനുകൂലമാക്കുകയും അതിൽനിന്ന് മുതലെടുക്കുകയുമാണ് കാന്തിഭായ് ചെയ്യുന്നത്.

കഥയിൽ നിന്ന്:

> കാന്തിലാൽ സാവധാനത്തിൽ പുരോഗമിയ്ക്കുന്നുണ്ടായിരുന്നു. ഇടത്തെ കൈകൊണ്ട് കൗസല്യയുടെ കൈ പിടിച്ച് വലത്തെ കൈ അവളുടെ അരക്കെട്ടിലൂടെ ഇട്ട് അയാൾ അവളെ തന്നിലേയ്ക്കടുപ്പിച്ചിരുന്നു. അവൾ അനങ്ങാതെ യാതൊരു ചേഷ്ടകളും കാണിയ്ക്കാതെ ഇരുന്നു. അവൾ ആലോചിയ്ക്കുകയായിരുന്നു. അവൾക്ക് വേണമെങ്കിൽ പ്രതിഷേധിയ്ക്കാം, കുതറി നോക്കാം. ഒരു പക്ഷെ ഓടി രക്ഷപ്പെടാൻ കഴിഞ്ഞെന്നു വരും. അതിനിടയ്ക്ക് അവൾ എപ്പോഴും ചുമച്ചുകൊണ്ടിരിയ്ക്കുന്ന ഭർത്താവിനെ ഓർത്തു. ഇപ്പോൾ കിട്ടുന്ന അഞ്ചുറുപ്പികയും നിന്നാലുള്ള സ്ഥിതി ഓർത്തു. പിന്നെ തന്റെ ദേഹത്തു നടക്കുന്ന കാര്യങ്ങളോടവൾക്ക് ഒരു നിസ്സംഗത തോന്നി. വേറൊരു സ്ത്രീയെയാണ് കാന്തിലാൽ നഗ്നയാക്കുന്നതെന്നവൾക്കു തോന്നി......................... .......................ഒരു സ്വപ്നത്തിൽ കാണുന്ന പോലെ ഒരു തിരശ്ശീലയിൽ കാണുന്ന സിനിമ പോലെ അതവൾ നോക്കിക്കണ്ടു.

യന്ത്രവൽക്കരണം മൂലം ജോലി നഷ്ടപ്പെടുന്നവരെപ്പറ്റിയും, അതേ കാരണം കൊണ്ടുതന്നെ സ്വന്തം മാനം പണയപ്പെടുത്തേണ്ടിവരികയും ചെയ്യുന്ന പാവം സ്ത്രീകളെപ്പറ്റിയും അധികം കഥകൾ മലയാളത്തിലുണ്ടായിട്ടില്ലെന്നു തോന്നുന്നു.

ശമ്പളം കൂട്ടിക്കിട്ടി, ജോലി സ്ഥിരതയായി, പണത്തിന് വലിയ വിഷമമില്ലെന്ന അവസ്ഥ വന്നുചേർന്നു. എത്രയോ കാലമായി ഭർത്താവിനും മകനും വാങ്ങണമെന്നു മോഹിച്ച നൈലോൺ ബനിയൻ വാങ്ങാനും പറ്റി. പക്ഷെ ഇതെല്ലാം കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴേയ്ക്ക് അവൾക്ക് മനസ്സാക്ഷിയുമായി നിരന്തരം പോരാടേണ്ടി വരികയും ചെയ്യുന്നു.

കഥയിൽ നിന്ന്:

> അവൾ അടുക്കളയിൽ പോയി സ്റ്റൗ കൊളുത്തി വെള്ളം വെച്ചു. സഞ്ചിയിൽ വളരെ കുറച്ച് അരിയെ ബാക്കിയുണ്ടായിരുന്നുള്ളു. അതു കഴുകി അടുപ്പത്തിട്ടു. സ്റ്റൗവ്വിന്റെ മുമ്പിൽ നീല തീനാളവും നോക്കിയിരിയ്ക്കെ ഫാക്ടറിയിൽ നിന്ന് സ്റ്റേഷനിലേയ്ക്ക് നടന്നത് അവളുടെ മനസ്സിൽ വന്നു. തനിയ്ക്ക് ആ സമയത്ത് പശ്ചാത്താപമുണ്ടായിരുന്നില്ലെന്നു മാത്രമല്ല സന്തോഷമായിരുന്നുവെന്ന കാര്യം അവളെ വേദനിപ്പിച്ചു. അവൾ സ്വയം വെറുത്തു. കാന്തിലാൽ ചെയ്തതിന് അയാളെ വെറുത്തു. കീറിയ ബനിയൽ തന്നതിന് പീടികക്കാരനേയും. എല്ലാറ്റിനുമുപരി പണം എവിടെ നിന്നു കിട്ടിയെന്ന് അന്വേഷിക്കുക പോലും ചെയ്യാത്ത ഭർത്താവിനേയും അവൾ വെറുത്തു.
>
> പിന്നെ നോക്കി നിൽക്കെ ഒരു ജലപ്രവാഹത്തിൽ തീനാളവും, സ്റ്റൗവ്വും, പാത്രങ്ങളും അപ്രത്യക്ഷമായപ്പോൾ കണ്ണു തുടയ്ക്കാൻ കൂടി മിനക്കെടാതെ അവൾ സ്വയം പറഞ്ഞു.
>
> ഞാൻ ഇതൊന്നും അല്ല പ്രതീക്ഷിച്ചത്.

ഈ കഥയെഴുതിയതിനു ശേഷം ഒരിയ്ക്കൽ എനിയ്ക്ക് അതേ ഓഫീ

സിൽ പോകേണ്ടിവന്നു. തിരിച്ചു വരുമ്പോൾ അടുത്ത വാതിലിനടുത്ത് ഞാൻ ഒരു നിമിഷം നിന്നു. അകത്തേയ്ക്കു നോക്കിയപ്പോൾ കണ്ടത് ഉയരം കുറഞ്ഞ മേശയ്ക്കു പിന്നിൽ ഇരുന്ന് അതീവ ശ്രദ്ധയോടെ ജോലിയെടുത്തു കൊണ്ടിരിയ്ക്കുന്ന സ്ത്രീകളെയാണ്. അതിൽ കൗസല്യയുണ്ടാവണം. വാഗ്ലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഒരു ഫാക്ടറിയിൽ ഞാൻ കണ്ട ആട്ടമാറ്റിക് പാകിങ് മെഷിൻ ഇവിടെ എത്തിയിട്ടില്ല. ആ മെഷിൻ ഈ വഴിയ്ക്കു വരാതിരിയ്ക്കട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു. ഇന്ന് മുപ്പത്താറു കൊല്ലങ്ങൾക്കു ശേഷം ഇപ്പോഴും ഞാൻ ആ പ്രാർത്ഥനയിലാണ്.

*ദേശാഭിമാനി - 19-07-2008*

BACK TO INDEX

# 'കള്ളിച്ചെടി'യെപ്പറ്റി പറഞ്ഞത്

2008 ജൂണിലാണ് 'കള്ളിച്ചെടി' എന്ന കഥയെക്കുറിച്ച് ദേശാഭിമാനിയ്ക്കു വേണ്ടി എഴുതിയത്. 'കള്ളിച്ചെടി' എന്ന കഥയെഴുതിയത് 1990-ൽ 'സരോവരം' മാസികയിൽ. കഥയെഴുതാനുണ്ടായ സാഹചര്യങ്ങൾ, പ്രധാനകഥാപാത്രത്തെ പിന്നീട് കണ്ടപ്പോഴുണ്ടായ അനുഭവം, ഇതൊക്കെയാണ് വിഷയം. ലേഖനം താഴെ കൊടുക്കുന്നു, മാറ്റമൊന്നുമില്ലാതെത്തന്നെ. നിഗൂഹനം ചെയ്ത സ്ത്രൈണലൈംഗികതയാണ് കഥയിൽ, ഒപ്പം തന്നെ മറയിൽ നിൽക്കുന്ന പുരുഷലൈംഗികതയും.

ലേഖനത്തിന്റെ പേര് 'എനിയ്ക്കു കള്ളിച്ചെടികൾ ഇഷ്ടമല്ല' എന്നാണ്.

* * *

സാരിയുടുത്ത് അല്പം തടിച്ച പ്രകൃതക്കാരിയായ ഒരു സ്ത്രീ അടുത്തുവന്ന് ചോദിച്ചു.

'ഞാനിവിടെ ഇരുന്നോട്ടെ?'

എറണാകുളത്ത് ടി.ഡി.എം. ഹാളിൽ അന്ന് തിരക്ക് കുറവായിരുന്നു. വധു തൃശ്ശൂർകാരിയായതുകൊണ്ടായിരിയ്ക്കണം തിരക്ക് കുറഞ്ഞത്. ഇനി വരന്റെ പാർട്ടി വന്നാലാണ് ഹാൾ നിറയുക. ലളിതയുടെ അടുത്ത ബന്ധുവിന്റെ കല്യാണമായതുകൊണ്ട് അവളുടെ വീട്ടുകാർ ഒരുമാതിരി എല്ലാവരും ഉണ്ട്. അതുകൊണ്ട് ലളിത അവരുടെ ഒപ്പം വിലസുകയായിരിയ്ക്കും. ഞാൻ ഒറ്റപ്പെട്ടിരിയ്ക്കയാണ്. സാധാരണ അങ്ങിനെയാണ് പതിവ്. വരൻ എത്താൻ ഇനിയും സമയമുണ്ട്. ഞാൻ ഓരോരുത്തരെ പഠിച്ചുകൊണ്ട് ഹാളിൽ ഒരരുക്കിലെ കസേലയിൽ ഇരിയ്ക്കുകയാണ്. എന്നിലേയ്ക്കുതന്നെ തിരിയുന്ന സന്ദർഭം. അപ്പോഴാണ് അവൾ അടുത്തുവന്ന് ചോദിച്ചത്. 'ഞാനിവിടെ ഇരുന്നോട്ടെ?'

ഹാളിൽ നിറയെ ഒഴിഞ്ഞ കസേലകളുള്ള സ്ഥിതിയ്ക്ക് ആ ചോദ്യം എന്നെ അദ്ഭുതപ്പെടുത്തി. ഞാനവരുടെ മുഖത്തേയ്ക്കു നോക്കി. ആ മുഖം അധികനേരം പഠിയ്ക്കേണ്ടി വന്നില്ല. ഞാൻ പറഞ്ഞു.

'വിമലയ്ക്ക് എന്റെ അടുത്തിരിയ്ക്കാൻ സമ്മതമാവശ്യമില്ല.'

'ഓ..ാ... അപ്പൊ എന്നെ മനസ്സിലായി അല്ലെ?'

അവൾ ചിരിച്ചുകൊണ്ട് എന്റെ അടുത്ത കസേലയിലിരുന്നു.

എനിയ്ക്കുതന്നെ വിശ്വസിയ്ക്കാൻ പറ്റിയില്ല. ഇങ്ങിനെയൊരു മാറ്റമോ? അവളുടെ മാറ്റം പൂർണ്ണമായിരുന്നു. ഒരു പുഴുവിൽനിന്ന് ചിത്രശലഭത്തിലേയ്ക്കുള്ള ദൂരത്തെ അവൾ മറികടന്നിരിയ്ക്കുന്നു. എങ്ങിനെയിതു സംഭവിച്ചു?

'എന്താ ഒറ്റയ്ക്കിരിക്കണത്? ലളിതച്ചേച്ചി എവിടെ?'

'അവള്ടെ വീട്ട്കാർടെ ഒപ്പം കാണും, ഹാളിലെവിടേങ്കിലും.'

'ഓ, ചേച്ചീടെ ബന്ധുക്കാരിയാണല്ലെ വധു? ദിനേശന് വരനായിട്ട് ബന്ധംണ്ട്. അപ്പൊ മൂപ്പര്ടെ ആൾക്കാരെല്ലാം എത്തീട്ട്ണ്ട്. ഇനി ആളെ സദ്യടെ സമയത്ത് നോക്ക്യാ മതി.'

'അപ്പൊ നമ്മള് തുല്യദുഃഖിതരാണല്ലെ?'

അവൾ ചിരിച്ചു. അപ്പോഴും ഞാൻ ആലോചിയ്ക്കുകയായിരുന്നു. എങ്ങിനെ ഈ മാറ്റം സംഭവിച്ചു?'

ഞങ്ങളവളെ കാണുന്നത് പതിനഞ്ചു കൊല്ലം മുമ്പാണ്. ശല്യക്കാരിയായ ഒരയൽക്കാരിയായിട്ട്. ശല്യമെന്നു പറഞ്ഞാൽ കുറച്ചൊരതിശയോക്തിയാവും. ഞങ്ങൾക്കു കാണാൻ താല്പര്യമില്ലാത്ത ഒരു വ്യക്തി, അത്ര മാത്രം. തീരെ പ്രതീക്ഷിയ്ക്കാത്ത അവസരങ്ങളിൽ അവളുടെ വരവുണ്ടാകുന്നു. ഉമ്മറവാതിൽ തുറന്നിട്ടിട്ടുണ്ടെങ്കിൽ ഞങ്ങളെ അന്വേഷിച്ച് കിടപ്പറവരെ എത്തുന്നു.

> *"ഓ ചേട്ടൻണ്ടോ? ഞാനറിഞ്ഞില്ല." അവൾ പറഞ്ഞു. "ഞാൻ വാതിൽക്കൽ മുട്ടി. ആരേയും കണ്ടില്ല. അപ്പോ അകത്തു കടന്നതാ."*
>
> *നുണയാണ്. രമേശനതറിയാം.അവൾ എപ്പോഴും അങ്ങിനെയാണ്. വാതിൽ തുറന്നു കണ്ടാൽ അകത്തു നുഴഞ്ഞു കയറും. കിടപ്പറവരെ എത്തുകയും ചെയ്യും. ഒരിക്കൽ രജനി കുളിച്ചുവന്ന് ബ്രേസിയറിന്റെ ഹുക്ക് ഇട്ടുതരാൻ പറഞ്ഞതായിരുന്നു. അയാൾ ഒരു കുസൃതി ഒപ്പിച്ചു. ഹുക്കിടന്നതിനു പകരം ബ്രേസിയർ തന്നെ അഴിച്ചുമാറ്റി. എന്നിട്ട്....... അപ്പോഴാണ് വിമലയുടെ വരവ്. അവൾ ശബ്ദമുണ്ടാക്കാതെയാണ് വരിക. മുറിയിലെത്തിയാലെ അറിയൂ.*
>
> *സംഭവം നല്ലവണ്ണം ആസ്വദിച്ചതിനു ശേഷമാണ് അവൾ തൊണ്ടയനക്കി ശബ്ദമുണ്ടാക്കിയത്.*

ഞാനും അവളുമായുണ്ടായിരുന്ന ബന്ധം വളരെ വിചിത്രമായ രീതിയിലായിരുന്നു. നേരിട്ടു കാണുമ്പോൾ മുഖത്തു നോക്കില്ല. രണ്ടു വ്യക്തികൾ തമ്മിൽ ഉപയോഗിയ്ക്കാവുന്നതിൽവച്ച് ഏറ്റവും കുറച്ച് വാക്കുകൾ മാത്രം ഉപയോഗിച്ചുള്ള ആശയവിനിമയം. 'ചേച്ചിയില്ലേ?' കാര്യമായി അതു മാത്രം. ഉണ്ടെന്നു പറഞ്ഞാൽ തലയും താഴ്ത്തി അകത്തേയ്ക്കു പോകും. ഇല്ലെന്നു പറഞ്ഞാൽ ഒന്നും മിണ്ടാതെ അതേപടി തിരിച്ചു പോകും. പക്ഷെ ഞാൻ തോട്ടം ശുശ്രൂഷിക്കാനായി പുറത്തിറങ്ങിയാൽ ശ്രദ്ധിക്കാത്തൊരു നിമിഷത്തിൽ അവളുടെ മുറിയുടെ ജനൽ ഒരു ചെറിയ പഴുതുമാത്രം ബാക്കി വച്ച് അടയ്ക്കപ്പെടുന്നു. അതിനു പിന്നിൽ നമ്മെ ശ്രദ്ധിച്ചുകൊണ്ട് ഒരു സ്ത്രീ നിൽക്കുന്നുണ്ടെന്നത് നമുക്ക് വിഷമമുണ്ടാക്കുന്നു.

മുപ്പത്തഞ്ച് മുപ്പത്തെട്ട് വയസ്സു പ്രായമായ ആ അവിവാഹിതയിൽ ആകർഷിക്കപ്പെടാനായി ഒന്നുമുണ്ടായിരുന്നില്ല. ആ ശരീരമോ മുഖമോ ആകർഷകമാക്കാൻ ഒരു ശ്രമവും അവൾ നടത്തിയിരുന്നതുമില്ല. ഒരു പൗഡർ പോലും ആ മുഖത്ത് പൂശിയതായി കണ്ടിട്ടില്ല.

അവർ ഷാരടിമാരായിരുന്നു. ഒരു വരനെ അന്വേഷിക്കാൻ ലളിതയോടാവശ്യപ്പെടുമ്പോഴും അവൾ പറഞ്ഞിരുന്നത് 'നായന്മാരെ ഒക്കെ കല്ല്യാണം കഴിക്കണത് രണ്ടാന്തരായിട്ടാ കണക്കാക്കണത്' എന്നായി

രുന്നു. വർഷങ്ങൾ കൊഴിഞ്ഞുപോയ്ക്കൊണ്ടിരിയ്ക്കെ ക്രമേണ ലളിതയുടെ മുമ്പിൽ തുറക്കാറുള്ള പൊങ്ങച്ചസ്സഞ്ചിയിലെ കോപ്പുകൾ ഒഴിഞ്ഞു വന്നു. നായന്മാരായാലും കുഴപ്പമില്ല എന്ന നിലയിലെത്തി. പിന്നെ അവിടനിന്ന് 'ഭാര്യ മരിച്ചതോ, ഡൈവേഴ്സ് ചെയ്തതോ ആയിട്ടുള്ള ആരെങ്കിലുണ്ടെങ്കിൽ പറയണംട്ടോ. എന്നെപ്പോലെ വയസ്സായ ഒരു പെണ്ണിനെ കെട്ടാൻ ഇനി വയസ്സായ ആരെങ്കിലുമേ വരു' എന്ന നിലയിലെത്തി. അതിനിടയ്ക്ക് ഒരു കള്ളിച്ചെടിയും, അവളുടെ ഭാവന കാടു കയറിയതായിരിയ്ക്കണം ഒരു ചെറുപ്പക്കാരൻ കാമുകനും രംഗത്തെത്തി. 'കള്ളിച്ചെടി' എന്ന എന്റെ കഥ ആ കള്ളിച്ചെടിയെപ്പറ്റിയും, ആ കാമുകനെപ്പറ്റി അവൾ ലളിതയോടു പറയാറുള്ള കഥകളെപ്പറ്റിയുമാണ്.

*എന്തായാലും പുതിയ അനുരാഗം ഇതെല്ലാം മാറ്റി. ഇപ്പോൾ വിമലയുടെ കഥകൾ കേൾക്കാൻ രസമുണ്ടെന്നാണ് രജനി പറയുന്നത്.*

*രമേശൻ ഓഫീസിൽ പോയാൽ വിമല വന്ന് തലേന്നുണ്ടായ സംഭവങ്ങൾ മുഴുവൻ വിവരിച്ചു കൊടുക്കുന്നു.*

*പുതിയ അയൽക്കാരൻ നല്ല റൊമാന്റിക് ആണെന്നാണ് വിമല പറയുന്നത്. ദിവസവും രാവിലെ എഴുന്നേറ്റാൽ വിമല ജനൽ തുറക്കുന്നതുവരെ കാത്തുനിൽക്കുമത്രെ. ഗുഡ്മോണിംഗ് പറഞ്ഞിട്ടേ അയാൾ പ്രഭാത കൃത്യങ്ങൾ നിർവ്വഹിക്കുകയുള്ളൂ.*

*മറ്റൊരാളുടെ സ്നേഹബന്ധങ്ങളെപ്പറ്റി കേൾക്കുക രസമാണ്. നമ്മുടെയൊക്കെ ഒരു ദൗർബ്ബല്യമാണത്. വിമല പെട്ടെന്ന് ആ വീട്ടിൽ സ്വീകാര്യയായി. ഓരോ ദിവ സവും പുതിയ പുതിയ കഥകൾ കേൾക്കാനായി രജനി, രമേശിനെ ഓഫീസിൽ പറഞ്ഞയച്ചശേഷം വിമലയെ കാത്തിരിപ്പായി.*

കാമുകൻ അവളുടെ ഭാവനാസൃഷ്ടിയാണെന്ന് മനസ്സിലായത് വളരെ പിന്നീടാണ്.

ഒരിയ്ക്കൽ മാത്രം അവൾ എന്നോടു ഹൃദയം തുറന്നു സംസാരിച്ചു. അത് ആ കള്ളിച്ചെടി പൂത്തതു കാണാൻ അവളുടെ ടെറസ്സിൽ പോയപ്പോഴായിരുന്നു. വളരെ കുറച്ചു വാക്കുകൾ മാത്രം.

***'ഈ പൂവും എന്നെപ്പോലെയാണ്. വിരിയും. വാസനയില്ലാതെ രണ്ടു ദിവസം നിൽക്കും, പിന്നെ കൊഴിഞ്ഞു പോകും. കായയൊന്നുമുണ്ടാവില്ല.'***

അത്ര മാത്രം, പക്ഷെ ആ വാക്കുകൾക്ക് മൂർച്ചയുണ്ടായിരുന്നു. പിന്നെ, എന്നോടെന്തിനവൾ അതു പറഞ്ഞു?

ഞങ്ങൾ ആ വീടു മാറിയ ശേഷം ഒരിയ്ക്കൽ അവരെ കാണാൻ ചെന്നപ്പോൾ വിമലയുണ്ടായിരുന്നില്ല. കുറച്ചൊരു വിഷമം തോന്നി. പിന്നീട് പത്തു കൊല്ലം കഴിഞ്ഞിട്ടൊരു ദിവസമാണ് ഈ കൂടിക്കാഴ്ച. അതുകൊണ്ട് ഈ കൂടിക്കാഴ്ച തികച്ചും അവിശ്വസനീയമായിരുന്നു. ഇപ്പോൾ അവളെ കണ്ടാൽ ഒരു മുപ്പതു വയസ്സിനു മീതെ തോന്നുകയില്ല. ഒരു കാലത്ത് തീരെ മയമില്ലാതെയിരുന്ന അവളുടെ ചർമ്മം മിനുസപ്പെട്ടിരുന്നു. കണ്ണുകളിൽ പ്രകാശം, തുടുത്ത കവിളുകൾ, ചോര തുടിയ്ക്കുന്ന

ചുണ്ടുകൾ. ഇതിൽ ഒരു ബ്യൂട്ടീഷന്റെ കൈ എത്രത്തോളമുണ്ടെന്നറിയില്ല. പക്ഷെ ഒരു ബ്യൂട്ടീഷന് ഈ നിലയിൽ എത്തിയ്ക്കാൻ മാത്രം പറ്റിയ ദേഹമായിരുന്നില്ല ഞങ്ങൾ പത്തു കൊല്ലം മുമ്പ് പിരിഞ്ഞു പോയപ്പോൾ അവൾക്കുണ്ടായിരുന്നത്.

'എപ്പഴാണ് വിമലേടെ കല്യാണം കഴിഞ്ഞത്?'

'നാലു കൊല്ലായി.'

'കുട്ടികൾ?'

'ഒരു മോനുണ്ട്. അവൻ അച്ഛന്റെ ഒപ്പാണ്..........'

'ദിനേശന്റെ നാട്?'

'ആലപ്പുഴ. പഴേ ഫാമിലിയാണ്. അച്ഛന്റെ ആകെള്ള മോനാണ്.'

'എന്തു ചെയ്യുണു?'

'മൂപ്പര് കൺസ്ട്രക്ഷൻ ബിസിനസ്സിലാണ്. അച്ഛനും അത്തന്ന്യാ ബിസിനസ്സ്. അച്ഛന്റെ ഓഫീസ് ആലപ്പുഴേലാണ്, മോനിവിടെ എറണാകുളത്തും.

അവൾ സംസാരിയ്ക്കുകയായിരുന്നു. ഭർത്താവിനെപ്പറ്റി, മൂന്നു വയസ്സായ മകനെപ്പറ്റി. ഭർത്താവിന്റെ വീട്ടുകാരെപ്പറ്റിയെല്ലാം. ഞാൻ അതെല്ലാം കേട്ടുകൊണ്ടിരിയ്ക്കെത്തന്നെ പഴയ കാര്യങ്ങൾ ഓർക്കുകയായിരുന്നു.

ഇടയ്ക്കൊരിയ്ക്കൽ ഞാൻ ചോദിച്ചു.

'ആ പഴയ കള്ളിച്ചെടി...... അതിപ്പോഴുംണ്ടോ?'

അവൾ ചിരിച്ചു. അവളും ആ കാര്യങ്ങൾ ഓർക്കുകയായിരിക്കണം. ആ പഴയ കള്ളിയുടെ മുഖം തിരിച്ചുവന്നു. അവളെന്റെ കൈ പിടിച്ച് പതുക്കെ അമർത്തി.

'ഉം, അത് എന്റെ അത്ര ഉയരം വെച്ചിരിയ്ക്കുണു. ഇപ്പഴും പൂവിട്ണ്ണ്ട്.'

ഒരിയ്ക്കൽക്കൂടി എന്റെ കൈ പിടിച്ചമർത്തിക്കൊണ്ട് അവൾ പറഞ്ഞു.

'ഞാൻ പോട്ടെ, വരൻ എത്തീന്ന് തോന്നുണു. പോണേന്റെ മുമ്പെ ഞാൻ ദിനേശനെ പരിചയപ്പെടുത്താം.'

പരിചയപ്പെടുത്തലുണ്ടായില്ല. കരുതിക്കൂട്ടിയായിരിയ്ക്കില്ല. അവസരം കിട്ടിയിട്ടുണ്ടാവില്ല, ഞാൻ ലളിതയെ അവൾക്കും ദിനേശന്നും കാണിച്ചു കൊടുക്കാതിരുന്നതുപോലെ.

വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ഞാൻ ആലോചിച്ചിരുന്നത് കൊല്ലത്തിലൊരിയ്ക്കൽ പൂവിട്ടിരുന്ന ഒരു കള്ളിച്ചെടിയെപ്പറ്റിയായിരുന്നു. അതിന്റെ ഉടമയായിരുന്ന കള്ളിയെപ്പറ്റിയും.

ആ കള്ളിച്ചെടി എന്നോട് കൊണ്ടുപോകാൻ പറഞ്ഞിരുന്നതായിരുന്നു. അതെടുക്കാൻ പോയ ദിവസം ഞാൻ ഓർത്തു. ഞാൻ കഥയിൽ നിന്ന് ഉദ്ധരിയ്ക്കാം.

> *അയാൾ വിമലയെ അടുത്തു വിളിച്ച് ആ കള്ളിച്ചെടി കാണിച്ചുകൊടുത്തു. അതിന്റെ ഏണുകളിൽ നേരിയ ചുവപ്പുള്ള മൊട്ടുകൾ മുളയ്ക്കുന്നു.*
>
> *'ഞാൻ അതു കണ്ടിട്ടുണ്ട്.' വിമല പറഞ്ഞു. അവൾ*

*കുമ്പിട്ടു നിൽക്കുകയായിരുന്നു. അയാളുടെ അടുത്ത്, വളരെ അടുത്ത്. ബ്ലൗസിന്റെ മുകൾ ഭാഗത്തുകൂടെ അവളുടെ മാറിടം കാണാം. കാറ്റിൽ കാച്ചിയ വെളിച്ചെണ്ണയുടെ ഗന്ധം. അയാൾ അസ്വസ്ഥനായി പിൻമാറി.*

*'ഇതിൽ നിറയെ മൊട്ടുകളാണ്.' അയാൾ പറഞ്ഞു. 'അതെല്ലാം വിരിയട്ടെ. എന്താണിത്ര ധൃതി. ഞാൻ പിന്നീട് കൊണ്ടു പൊയ്ക്കൊള്ളാം.'*

*അയാൾ തിരിഞ്ഞു നടന്നുകൊണ്ട് പറഞ്ഞു.*

*'പിന്നെ, എനിയ്ക്ക് കള്ളിച്ചെടികൾ അത്രയധികം ഇഷ്ടൊന്നുംല്ല്യ.'*

ഇപ്പോൾ ഞാൻ അദ്ഭുതപ്പെടുകയാണ്, ഞാനെന്തിനതു പറഞ്ഞു. എനിയ്ക്ക് കള്ളിച്ചെടികൾ വളരെ ഇഷ്ടം തന്നെയാണ്. (അതോ കള്ളികളേയോ?)

(*'കള്ളിച്ചെടി' എന്ന കഥ 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. വിമല എന്ന പേര് ശരിയ്ക്കുള്ളതല്ല.*)

BACK TO INDEX

# നന്ദി

നാല്പത്തഞ്ചു കൊല്ലം (1960 മുതൽ 2005 വരെ) ഒരെഴുത്തുകാരന്റെ ജീവിതത്തിൽ വലിയൊരു കാലയളവാണ്. ഒന്ന് തിരിഞ്ഞുനോക്കാൻ പ്രേരിപ്പിക്കുന്ന ഒരവസരമാണത്. സർഗ്ഗജീവിതത്തിൽ തൃപ്തനാണോ എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ട ഘട്ടം.

ഈ കാലയളവിൽ ഞാൻ പതിനൊന്ന് കഥാസമാഹാരങ്ങളും എട്ടു നോവലുകളും എഴുതി. നൂറ്ററുപതു കഥകളും ചെറുതും വലുതുമായി എട്ടു നോവലുകളും. 'കൂറകൾ' എന്ന ആദ്യസമാഹാരത്തിലെ കഥകൾക്കുശേഷം ഏറ്റവും അവസാനം പുറത്തിറക്കിയ 'അനിതയുടെ വീട്' എന്ന സമാഹാരത്തിലെ കഥകൾ വരെ എന്റെ വളർച്ചയുടെ പടികൾ വ്യക്തമാക്കുംവിധം ഒരു തിരഞ്ഞെടുത്ത സമാഹാരം പുറത്തിറക്കാനാണ് ഞാൻ ആദ്യം ഉദ്ദേശിച്ചത്. പിന്നീടത് 'കൂറകൾ' എന്ന കഥ എഴുതിയ വർഷമായ 1966 മുതൽ 1995 വരെയുള്ള മുപ്പതു വർഷത്തെ കഥകളിൽ നിന്നാക്കി തെരഞ്ഞെടുപ്പ്. കാരണം അതിനുശേഷമുള്ള കഥകളെല്ലാം ഇപ്പോഴും ലഭ്യമാണ്. എന്റെ കഥകളെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ ഈ കാലയളവിലെ കഥകൾ വളരെ പ്രയോജനപ്പെടും. തെരഞ്ഞടുപ്പ് വേദനാജനകമായിരുന്നു, കാരണം ഒരു കഥയും ഒഴിവാക്കാൻ പറ്റാത്തവിധം പ്രിയതരമാണ്. ഓരോ കഥയും എഴുതിയിട്ടുള്ളത് സൃഷ്ടിയുടെ പേറ്റുനോവ് അനുഭവിച്ചുകൊണ്ടു തന്നെയാണ്. ആത്മാർത്ഥതയില്ലാതെ ഞാൻ ഒരു കഥപോലും എഴുതിയിട്ടില്ല. ചില കഥകൾ ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഗൗരവം കുറഞ്ഞതാവാം. പക്ഷേ അങ്ങിനെയുള്ള കഥകളുടെ രചനയിൽ പോലും ആത്മാർത്ഥത കാണിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷമായി ഡോ. മിനി പ്രസാദ് അങ്ങിനെ ഒരു സമാഹാരം പുറത്തിറക്കാൻ നിർബ്ബന്ധിക്കുകയായിരുന്നു. ഏതെല്ലാം കഥകൾ ചേർക്കണമെന്നതിന്റെ മാർഗ്ഗനിർദ്ദേശം കൂടി അവർ തന്നിരുന്നു. അവസാനം തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ആ മാനദണ്ഡങ്ങളിൽ നിന്നെല്ലാം വ്യതിചലിച്ചിട്ടുണ്ട്. ചില കഥകളോട് എനിയ്ക്കുള്ള വ്യക്തിപരമായ അടുപ്പവും, ഈ കാര്യങ്ങളിൽ എന്നെ സഹായിക്കുന്ന എന്റെ സഹധർമ്മിണിയുടെ ഇഷ്ടങ്ങളും മേൽക്കോയ്മയും ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിച്ചിട്ടുണ്ട്. (എനിയ്ക്ക് നാളെയും ഈ വീട്ടിൽ താമസിച്ചുകൊണ്ട് കഥകളെഴുതണം!) ഇങ്ങിനെ ഒരു സമാഹാരം പുറത്തിറങ്ങാൻ കാരണക്കാരി പക്ഷെ ഡോ. മിനി പ്രസാദാണ്. മനോഹരമായ ഒരവതാരിക എഴുതിത്തന്നതിന് അവർക്കു നന്ദി.

എന്റെ കഥകളെപ്പറ്റി ധാരാളം പേർ എഴുതിയിട്ടുണ്ട്. എല്ലാം കഥകളുടെ ആഴങ്ങളിലേയ്ക്കു കടന്നുചെന്ന് ആസ്വദിച്ചുകൊണ്ട് എഴുതിയവതന്നെ. എന്റെ ഏറ്റവും കൂടുതൽ കഥകളെ സ്പർശിച്ചുകൊണ്ട് ലേഖനമെഴുതിയത് അഡ്വ. എം. കൃഷ്ണകുമാറാണ്. ഒരു കാലത്ത് ചെറുകഥകളെഴുതിയിരുന്ന അദ്ദേഹം ഇന്ന് സഹൃദയനായ ഒരു നല്ല വായനക്കാരനും സാഹിത്യത്തെയും സംഗീതത്തെയും അപഗ്രഥനബുദ്ധിയോടെ സമീപിയ്ക്കുന്ന ഒരാസ്വാദകനുമാണ്. തൊള്ളായിരത്തി എൺപത്തൊമ്പത് ജൂണിൽ മാതൃഭൂമി വാരികയിൽ വന്ന അദ്ദേഹത്തിന്റെ ലേഖനം 'ഇളവെയിലിന്റെ സാന്ത്വനം' ഈ സമാഹാരത്തിൽ ചേർത്തിട്ടുണ്ട്. മാത്രമല്ല ഇത്രയും കവിതയുള്ള ഒരു പേര് ഈ സമാഹാരത്തിനുതന്നെ കൊടുക്കാനുള്ള പ്രലോഭനങ്ങളിൽ ഞാൻ വീഴുകയും ചെയ്തു. എന്റെ കഥകളെപ്പറ്റി എഴുതിയ ഓരോരുത്തരേയും ഞാൻ ഈ അവ

സരത്തിൽ നന്ദിപൂർവ്വം ഓർമ്മിയ്ക്കുന്നു. പേരെടുത്തു പറയുക ഒരു സാഹസമായിരിക്കും. ആ ലേഖനങ്ങൾ മിക്കവയും ഞാൻ എന്റെ വെബ്ബ് സൈറ്റിൽ ചേർത്തിട്ടുണ്ട്.

എന്നെ ഞാനാക്കിയത് എന്റെ പ്രിയപ്പെട്ട വായനക്കാരാണ്. എന്റെ കഥകൾക്കുവേണ്ടി കാത്തിരിക്കുകയും ഓരോ കഥകളും ഒരനുഭവമാക്കി മനസ്സിൽ കൊണ്ടു നടക്കുകയും, ഞാൻ കഥകളൊന്നും എഴുതാതിരിക്കുമ്പോൾ വ്യസനിക്കുകയും ചെയ്യുന്ന വായനക്കാർ. അവരോടുള്ള കടപ്പാടാണ് ഓരോ കഥയും കൂടുതൽ കൂടുതൽ നന്നാക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്. വായനക്കാർ പുഴുക്കൾ എന്ന മനോഭാവം വെച്ചുപുലർത്തുന്ന ഒരു കാലത്ത് ഞാനൊരു പഴഞ്ചനായി വ്യാഖ്യാനിച്ചേക്കാം. സാരമില്ല ഞാൻ വായനക്കാരുടെ പക്ഷത്തുതന്നെയാണ്. ഞാൻ നന്ദി പറയുന്നില്ല, കാരണം എന്റെ ഓരോ കഥയും നോവലും അവർക്കുള്ള നന്ദിപ്രകാശനമാണ്.

പത്തൊമ്പതാം വയസ്സിൽ 'മഴയുള്ള രാത്രിയിൽ' എന്ന കഥയോടെ എഴുത്തു തുടങ്ങിയപ്പോൾ മുതൽ എന്റെ ഏറ്റവും പുതിയ നോവൽ 'പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ' എഴുതുന്നതുവരെ എന്നെ പ്രോത്സാഹിപ്പിക്കുകയും ഞാൻ കൂടുതൽ അർഹിക്കുന്നുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ഏതാനും പത്രാധിപന്മാരുണ്ട്. വർഗ്ഗീസ് കളത്തിൽ (മലയാള മനോരമ), എം. ടി. വാസുദേവൻ നായർ (മാതൃഭൂമി വാരിക), എം.എസ്. മണി (കലാകൗമുദി), എസ്. ജയചന്ദ്രൻ നായർ (കലാകൗമുദി, ഇപ്പോൾ സമകാലിക മലയാളം), എം. ഗോവിന്ദൻ (സമീക്ഷ, ദന്തഗോപുരം), വി.ബി.സി. നായർ (മലയാളനാട്), മണർകാട് മാത്യു (വനിത, മലയാള മനോരമ ഓണപ്പതിപ്പുകൾ), കെ. സി. നാരായണൻ (ഭാഷാപോഷിണി), സിദ്ധാർത്ഥൻ പരുത്തിക്കാട് (ദേശാഭിമാനി), പ്രസാദ് ലക്ഷ്മൺ, എം.കെ. ഹരികുമാർ (കലാകൗമുദി) സഹദേവൻ (മാതൃഭൂമി), ടോണി ചിറ്റേട്ടുകളം (ദീപിക), ജമാൽ കൊച്ചങ്ങാടി (മാധ്യമം), കമൽറാം സജീവ് (മാതൃഭൂമി), മോൻസി ജോസഫ് (ഗൃഹലക്ഷ്മി), യു.എൻ. ഗോപിനായർ (ജ്വാല)..... അങ്ങിനെ പോകുന്നു. ചില പേരുകൾ വിട്ടുപോയിട്ടുണ്ടാവാം, മനപ്പൂർവ്വമല്ല. ഇതിനു പുറമെ വാരികകളുടെ പത്രാധിപ സമിതിയിലുള്ള അംഗങ്ങളെയും ഈ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവർക്കെല്ലാം നന്ദി പറയട്ടെ.

മുതിർന്ന നിരൂപകന്മാരിൽ എന്നോട് വാത്സല്യവും കാരുണ്യവും കാണിച്ചവരിൽ പ്രൊഫ. എം. കൃഷ്ണൻനായർ, ഡോ. എം. ലീലാവതി, പ്രൊഫ. എം. കെ. സാനു എന്നിവർ ഉൾക്കൊള്ളുന്നു. ഇവർക്കു പിമ്പെ വന്ന ഒട്ടനവധി നിരൂപകർ എന്റെ കഥകളെപ്പറ്റിയും നോവലുകളെപ്പറ്റിയും നല്ല അഭിപ്രായം പറഞ്ഞിട്ടുണ്ട്. എല്ലാവരുടെയും പേരുകൾ എടുത്തുപറയാൻ സ്ഥലം കുറേ വേണ്ടിവരും. മാത്രമല്ല അബദ്ധത്തിൽ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ആ വ്യക്തിയോടു ചെയ്യുന്ന അപരാധമായി പോകയും ചെയ്യും. അതുകൊണ്ട് ആ പേരുകൾ എന്റെ മനസ്സിൽത്തന്നെ കിടക്കട്ടെ. ഒരു കാര്യം എനിയ്ക്ക് അഭിമാനപൂർവ്വം പറയാൻ പറ്റും. എന്റെ സാഹിത്യത്തെപ്പറ്റി ഇതുവരെ ഒരു മോശം വിമർശനം വന്നിട്ടില്ല. വരുംകാലങ്ങളിൽ എന്റെ കഥകളും നോവലുകളും കൂടുതൽ പഠനവിധേയമാകുമ്പോൾ ഒരുപക്ഷെ വിമർശനങ്ങളും വരുമായിരിക്കും. പൂക്കളെ സ്വീകരിച്ച അതേ മനസ്സോടെ ഞാൻ മുള്ളുകളെയും സ്വീകരിക്കും.

ഈ സമാഹാരത്തിലൂടെ നടന്നുപോകുന്നവർ എന്റെ ജീവിതത്തിലൂടെ

നടക്കുകയാണ് ചെയ്യുന്നത്. എന്റെ സാഹിത്യം എന്റെ ജീവിതത്തിന്റെ ഒരു പരിഛേദമാണ്. ജീവിതാനുഭവങ്ങളുടെ ആകത്തുകയാണ്. അനുഭവങ്ങൾ അപ്പടി പകർത്തുകയല്ല ഞാൻ ചെയ്തത്. അനുഭവങ്ങളുടെ കൊടും യാഥാർത്ഥ്യത്തെ കലാപരമായ പരിവേഷം ചാർത്തി അവതരിപ്പിക്കുകയാണ്. അതിൽ അല്പ സ്വല്പം അതിശയോക്തി കലർന്നിട്ടുണ്ടാവാം. സാധാരണ ഒരു പ്രകൃതിദൃശ്യം പോലും കഴിവുള്ള ഒരു ഛായാഗ്രാഹകൻ ക്യാമറയിൽ ഒപ്പിയെടുക്കുമ്പോൾ അല്ലെങ്കിൽ അനുഗ്രഹീതനായ ഒരു ചിത്രകാരൻ കാൻവാസിൽ പകർത്തുമ്പോൾ കൈവരിക്കുന്ന ചാരുത കാണാറില്ലെ. ഒരു ഫ്രെയിമിന്നുള്ളിൽ എന്തൊക്കെ ഉൾപ്പെടുത്തണമെന്ന തീരുമാനമാണ് പ്രധാനം. ആവശ്യമില്ലാത്തത് കളയുകയും പ്രധാനപ്പെട്ടവയ്ക്ക് മിഴിവു നൽകുകയും ചെയ്യുന്ന ഈ പ്രക്രിയ ഞാൻ എന്റെ കഥകളിലും ഉപയോഗിച്ചിട്ടുണ്ട്. ഓരോ കഥയും എന്റെ ജീവിതത്തിന്റെ ഓരോ ഫ്രെയിമാണ്. ഈ കാലയളവിലുള്ള പല കഥകളും ഇതിൽ ചേർത്തിട്ടില്ല. രണ്ടു കാരണങ്ങൾ. ഒന്നാമത് സ്ഥലപരിമിതി. രണ്ടാമത് കുട്ടികൾ കഥാപാത്രങ്ങളായി ഞാൻ എഴുതിയിട്ടുള്ള കഥകളുടെ ഒരു സമാഹാരം അടുത്തുതന്നെ ഇറക്കുന്നുണ്ട്. 'ദിനോസറിന്റെ കുട്ടി' മാത്രം രണ്ടു സമാഹാരങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ട്, കാരണം ആ കഥയില്ലാതെ ഈ സമാഹാരം തികച്ചും അപൂർണ്ണമായേനെ. ഈ രണ്ടു സമാഹാരങ്ങളും കൂട്ടി വായിച്ചാൽ കുറച്ചുകൂടി വ്യക്തമായ ഒരു ചിത്രം ലഭിക്കും.

സാഹിത്യത്തിൽ മാത്രമല്ല, ജീവിതത്തിലും എന്റെ ഗുരുവായിരുന്നു അച്ഛൻ. അച്ഛനെ ഓർമ്മിച്ചുകൊണ്ടല്ലാതെ ഞാൻ ഒരു വാക്ക് ഇതുവരെ എഴുതിയിട്ടില്ല. ആ ഓർമ്മ എനിയ്ക്കു ധൈര്യം പകരുന്നു. ഞാൻ ധാരാളം കഥകളെഴുതണമെന്ന് അച്ഛനോടൊപ്പം അമ്മയ്ക്കും വളരെ മോഹമുണ്ടായിരുന്നു. പാതിയിൽ വച്ച് നിർത്തിയ സ്വന്തം സാഹിത്യശ്രമങ്ങൾക്ക് മകൻ വഴി പൂർത്തീകരണമുണ്ടാകണമെന്ന് അമ്മ ആഗ്രഹിച്ചിട്ടുണ്ടാകും. മുപ്പതുകളിൽ വിവാഹിതയാകുന്നതുവരെ അമ്മ കഥകളും കവിതകളും ലേഖനങ്ങളും എഴുതിയിരുന്നു. ടാഗോറിന്റെ ഫ്രൂട്ട് ഗാദറിങ്, കെ.എ. അബ്ബാസിന്റെ ചെറുകഥകൾ തുടങ്ങിയവ മൊഴിമാറ്റം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവർക്കു രണ്ടു പേർക്കുമായി ഞാൻ ഈ സമാഹാരം സമർപ്പിക്കുകയാണ്. എന്റെ ജീവിതത്തിന്റെ ഒരു നിർണ്ണായകഘട്ടത്തിൽ ഒപ്പം നിന്ന് എന്നെ പ്രോത്സാഹിപ്പിക്കുകയും, എന്റെ എല്ലാ ഭ്രാന്തുകളും സഹിച്ച് എന്നെ ആശ്വസിപ്പിക്കുകയും ചെയ്ത എന്റെ സഹധർമ്മിണി ലളിതയ്ക്ക് നന്ദി പറയണോ എന്നറിയില്ല. അവളില്ലായിരുന്നെങ്കിൽ ഞാനിന്ന് എഴുതിയതിന്റെ പകുതിപോലും എഴുതുകയുണ്ടാവില്ല.

നാല്പത്തഞ്ചു കൊല്ലത്തെ സർഗ്ഗജീവിതത്തിൽ ഞാൻ തൃപ്തനാണോ എന്ന ചോദ്യത്തിന് മറുപടി തരാൻ എനിയ്ക്കു വിഷമമുണ്ടാവും, പക്ഷെ വായനക്കാരുടെ പ്രതികരണത്തിൽ തൃപ്തനാണോ എന്ന ചോദ്യത്തിന് എന്റെ മറുപടി 'അതെ' എന്നായിരിക്കും. അവർ എന്നെ സ്നേഹത്തോടെ സ്വീകരിച്ചിരിക്കുന്നു. എന്റെ പ്രിയപ്പെട്ട വായനക്കാരെ, നന്ദി.

*(ഇളവെയിലിന്റെ സാന്ത്വനം എന്ന സമാഹാരത്തിനെഴുതിയ അവതാരിക)*

BACK TO INDEX

# അവൾ ഇന്നും എന്റെ കണ്ണുകൾ ഈറനാക്കുന്നു

കഴിഞ്ഞ അമ്പതു വർഷങ്ങളായി ഞാൻ സൃഷ്ടിച്ച കഥാപാത്രങ്ങൾ നിരവധിയാണ്. ആദ്യത്തെ കഥയായ 'മഴയുള്ള രാത്രിയിൽ' തൊട്ട് ഏറ്റവും പുതിയ കഥവരെ നിരന്നു നിൽക്കുന്ന കഥാപാത്രങ്ങളിൽ പലതും ഒരു കഥയോടെ സംതൃപ്തരാവുകയാണ് പതിവ്. നമ്മുടെ മനസ്സിൽ ഗതി കിട്ടാതെ അലയുന്ന കഥാപാത്രങ്ങളെ ഒരു കർമ്മിയുടെ കൈവിരുതോടെ അടക്കം ചെയ്യുകയാണ് ഓരോ കഥയിലും. ഒരു കഥയോടെത്തന്നെ അവർ സ്ഥിരമായി ഇരിയ്ക്കാ നൊരിടം കിട്ടിയ സന്തോഷത്തിൽ അടങ്ങുന്നു. എല്ലാ കഥാപാത്രങ്ങളും അങ്ങിനെയല്ല. അവർ കാലാകാലമായി മനസ്സിനെ ഒഴിയാബാധയായി ശല്യം ചെയ്തുകൊണ്ടിരിക്കുന്നു. ആദ്യം അടക്കം ചെയ്ത ഭൂതംതന്നെ മറ്റൊരു രൂപത്തിൽ വന്ന് എന്നെ അലട്ടുന്നു. ദിവസങ്ങളോളം ശല്യം ചെയ്യുന്നു. അതിനെ വീണ്ടും അടക്കാൻ ഞാൻ നിർബ്ബന്ധിതനാകുന്നു. ഇവിടെ കഥാപാത്രങ്ങളുടെ ചുറ്റുപാടുകൾ വ്യത്യസ്തമാണ്, കാലദേശങ്ങളിൽ മാറ്റമുണ്ട്, എങ്കിലും കാതലായിട്ടുള്ള പ്രശ്നങ്ങൾ ഒന്നുതന്നെയാണ്. പതിറ്റാണ്ടുകൾകൊണ്ടും ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിട്ടുണ്ടാവില്ലെന്നർത്ഥം. അല്ലെങ്കിൽ ഏതു പ്രശ്നങ്ങൾക്കാണ് പരിഹാരമുണ്ടായിട്ടുള്ളത്?

തൊള്ളായിരത്തി എഴുപത്തൊമ്പതിലാണ് ഞാൻ 'ഒരു ദിവസത്തിന്റെ മരണം' എന്ന കഥയെഴുതിയത്. (ദിനോസറിന്റെ കുട്ടി', 'എന്റെ സ്ത്രീകൾ' എന്നീ സമാഹാരങ്ങളിൽ). അതിലെ പ്രധാന കഥാപാത്രമായ കൗസല്യ ഒരു സുപാരി പാക്കിംഗ് കമ്പനിയിലെ ജോലിക്കാരിയാണ്. കഥയുടെ തുടക്കം കിട്ടിയത് ബോംബെയിൽ ഓഫീസു വിട്ടു വർളി ബസ്സ്റ്റോപ്പിൽ നിൽക്കുമ്പോൾ രണ്ടുമൂന്നു സ്ത്രീകൾ തമ്മിലുള്ള സംസാരം ശ്രദ്ധിച്ചപ്പോഴാണ്. അവർ ക്യൂവിനുമപ്പുറത്ത് അവരുടെ ഒരു കൂട്ടുകാരിയെ കാത്തുനിൽക്കുമ്പോൾ പ്രാരാബ്ധങ്ങളുടെ കെട്ടഴിക്കുകയായിരുന്നു. തുഛമായ ദിവസക്കൂലിയിൽ അവർ ഏതോ പാക്കിങ് കമ്പനിയിൽ ജോലിയെടുക്കുകയായിരുന്നു. നാലാമത്തെ കൂട്ടുകാരികൂടി വന്നാൽ അവർ ദാദറിലേയ്ക്കു സബർബൻ ട്രെയിൻ പിടിക്കാൻ വേണ്ടി നടക്കും. നടക്കുകയല്ല ഓടും. ദാദർവരെ ബസ്സു പിടിയ്ക്കാനുള്ള കാശില്ല അവരുടെ കയ്യിൽ.

പിന്നെ ദിവസങ്ങൾക്കു ശേഷം യാദൃശ്ചികമായി ഫ്ളോറാ ഫൗണ്ടന്റെ അടുത്ത് ഒരു സുപാരി പാക്കിങ് കമ്പനിയിൽ ജോലിയെടുക്കുന്ന സ്ത്രീയെ പരിചയപ്പെട്ടു. ഏകദേശം മുപ്പത് മുപ്പത്തഞ്ച് വയസ്സു പ്രായമായിട്ടുണ്ടാകും അവൾക്ക്. ഒന്നാം നിലയിൽ ഒരാഫീസിലേയക്ക് ഇടയ്ക്കിടയ്ക്ക് പോകുമ്പോൾ ഞാനാ ഓഫീസ് കാണാറുണ്ട്, പക്ഷെ എന്താണതിനുള്ളിലെന്നറിഞ്ഞിരുന്നില്ല. ആ സ്ത്രീ ജോലി കഴിഞ്ഞ് പുറത്തേയ്ക്കു കടക്കുമ്പോഴാണ് ഞാനും അതുവഴി വന്നത്. അവളിൽനിന്നാണ് അതൊരു സുപാരി പാക്കിങ് കമ്പനിയാണെന്ന് മനസ്സിലായത്. ഒന്നാം നിലയിൽ അവൾ ജോലിയെടുക്കുന്ന കമ്പനിയുടെ വരാന്തയിൽ ഒരു മിനുറ്റു നേരത്തെ സംസാരം മാത്രം. ആ ഒരു മിനുറ്റ് എനിക്ക് ഒരു കഥാപാത്രത്തെ നല്കി. അവൾ വി.ടി. സ്റ്റേഷനിലേയ്ക്ക് ധൃതിപിടിച്ച് പോകുകയായിരുന്നു. ജോലി കഴിഞ്ഞ് ട്രെയിൻ പിടിക്കാനുള്ള അവളുടെ വ്യഗ്രതയിൽനിന്ന് ഞാനവളുടെ കുടുംബം സൃഷ്ടിച്ചു.

'സാബ്, ഞാൻ ഓടട്ടെ, അഞ്ചേകാലിന്റെ കല്യാൺ ട്രെയിൻ കിട്ടണം.' അതും പറഞ്ഞ് അവൾ വാരാന്തയിലൂടെ കോണിയുടെ ഭാഗത്തേയ്ക്ക് ഓടുകയായിരുന്നു. അതു നോക്കിനിന്നപ്പോൾ ഞാൻ കാന്തിഭായ് എന്ന സുപാരി കടയുടമയെയും സൃഷ്ടിക്കുകയായിരുന്നു. ആട്ടമാറ്റിക് പാക്കിങ് മെഷിൻ വാങ്ങിയതിന്റെ പേരിൽ ജോലി നഷ്ടപ്പെടുമോ എന്ന ഭയം മുതലെടുത്ത് കൗസല്യയുടെ ചാരിത്ര്യം കവർന്നെടുത്ത കാന്തിലാൽ.

എല്ലാവരുടെയും ഉള്ളിൽ ഒരു മാലാഖയുണ്ട്, ഒരു ചെകുത്താനും. 'ഓടട്ടെ സാബ്' എന്നു പറഞ്ഞ് വരാന്തയിലൂടെ അല്പം മാംസളമായ ദേഹവും കുലുക്കിക്കൊണ്ട് കൗസല്യ ഓടിപ്പോയ അവസരത്തിൽ ഉള്ളിലുണർന്നത് എന്നിലെ ചെകുത്താനാണോ എന്നെനിക്കറിയില്ല, കാരണം ആ നിമിഷത്തിൽ ഞാൻ സൃഷ്ടിച്ച കഥാപാത്രം, അതായത് സുപാരി കടയുടമയായ കാന്തിലാൽ ഒരു മാലാഖയായിരുന്നില്ല. അതിനിടയ്ക്ക് ഒരു ദിവസം ഞാൻ വാഗ്ലെ ഇന്റസ്ട്രിയൽ എസ്റ്റേറ്റിലെ ഒരു ഫാക്ടറിയിൽ സെയ്ൽസിനു പോയിരുന്നു. അവിടെ വച്ചാണ് ഒരു ആട്ടമാറ്റിക്ക് സുപാരി പാക്കിങ് മെഷിൻ ഉണ്ടാക്കുന്നതു കണ്ടത്. ഞാൻ കൗസല്യയെ ഓർത്തു.

എനിക്കാ കഥയെഴുതാതെ വയ്യെന്നായി. സാധാരണയായി ഒരു കഥാബീജം കിട്ടിയാൽ അതു മനസ്സിൽ കൊണ്ടുനടന്ന് മനസ്സിൽത്തന്നെ കഥാപാത്രങ്ങളും അവരുടെ സ്വഭാവങ്ങളും, പോര, അവരുടെ ജീവിതം തന്നെ തുടിച്ചുനിൽക്കുന്ന ഒരു കഥയുണ്ടാക്കുന്നു. അതിൽ ഞാൻ തൃപ്തനാണ്. കഥ വേണമെന്ന് ആരെങ്കിലും നിർബ്ബന്ധമായി പറഞ്ഞാലല്ലാതെ ആ കഥ കടലാസ്സിലെഴുതാൻ മെനക്കെടാറില്ല. മനസ്സിലുണ്ടാക്കിയ കഥ കണ്ട് ഞാൻ നിർവൃതി നേടാറുണ്ട്. ഈ കഥ അങ്ങിനെയായിരുന്നില്ല. അതിലെ കഥാതന്തു മനസ്സിലുണ്ടാക്കിയ വേദന കുറച്ചൊന്നുമായിരുന്നില്ല. എങ്ങിനെയെങ്കിലും അതെന്റെ മനസ്സിൽ നിന്ന് പുറത്തെടുക്കണം. എഴുതാതെ വയ്യ എന്ന നില വന്നപ്പോഴാണ് എഴുതാൻ തുടങ്ങിയത്. എഴുത്തു തുടങ്ങിയാൽ കഥ എന്റെ കൺമുമ്പിൽ വികസിച്ചു വരുന്നു. അതെടുത്തെഴുതുകയേ വേണ്ടു, വളരെ സ്വാഭാവികമായുണ്ടാകുന്ന ഈ പ്രക്രിയ എന്നെ പലപ്പോഴും അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. അധികം ആലോചിക്കാതെത്തന്നെ വാക്കുകൾ പെന്നിന്റെ തുമ്പിൽ വരുന്നു. സംഭാഷണങ്ങളും സംഭവങ്ങളും ഒന്നിനു പുറകെ ഒന്നായി, എഴുത്തിന് വേഗത പോരാ എന്നു തോന്നിയ്ക്കും വിധം നിരന്തരം വന്നുകൊണ്ടിരിക്കുന്നു. ഓരോ കഥയെഴുതുമ്പോഴും അങ്ങിനെ സംഭവിച്ചാലെത്ര നന്നെന്ന് ഞാൻ ആലോചിക്കും. പക്ഷെ ഇതൊരു അപൂർവ്വതയാണ്.എഴുതിക്കഴിഞ്ഞ് കഥ കലാകൗമുദിയ്ക്കയച്ചുകൊടുത്തിട്ടും അതെന്റെ ഉള്ളിൽ സജീവമായി എന്നെ വേദനിപ്പിച്ചുകൊണ്ട് കിടന്നു. ആട്ടമേഷൻ വന്ന് ഉള്ള ജോലിയും നഷ്ടപ്പെടുമ്പോൾ മുഴുപട്ടിണിയിൽനിന്ന് കരകേറാനായി സ്വന്തം ദേഹത്തെ മലിനമാക്കാൻ നിർബ്ബന്ധിതരാകുന്ന സഹോദരിമാരിൽ ആദ്യത്തെ സ്ത്രീയാവണമെന്നില്ല കൗസല്യ, എങ്കിലും എന്റെ കഥകളിൽ ആദ്യമായാണ് അങ്ങിനെ ഒരു കഥാപാത്രം പ്രത്യക്ഷപ്പെടുന്നത്. അതാകട്ടെ എന്റെ മനസ്സമാധാനം അപഹരിക്കുകയും ചെയ്തു. എന്റെ സ്വന്തം കഥകൾ മറ്റാരുടെയെങ്കിലും കഥകൾ വായിക്കുന്നതുപോലെ വീണ്ടും വീണ്ടും വായിക്കുന്ന ശീലമുണ്ട് എനിയ്ക്ക്. അവ വായിക്കുമ്പോൾ ഞാൻ പരിസരം മറക്കുന്നു. ഒന്നുകിൽ അതെന്റെ കഥകളുടെ മേൻമ കാരണമായിരിക്കാം, അല്ലെങ്കിൽ

ഞാനൊരു നാർസിസസ്സായിരിക്കണം. എന്തായാലും ഇപ്പോഴും ആ കഥ വായിക്കുമ്പോൾ ഞാൻ ഫ്ളോറാ ഫൗണ്ടനിലുള്ള ഓഫീസിന്റെ വരാന്തയിൽ വെച്ച് പരിചയപ്പെട്ട ആ സ്ത്രീയെ ഓർക്കാറുണ്ട്. അവൾക്ക് കഥയിലുള്ള കൗസല്യയുടെ ഗതി വരരുതേയെന്ന് പ്രാർത്ഥിക്കാറുണ്ട്. അവളുടെ നിഷ്കളങ്കമായി ചിരിക്കുന്ന കണ്ണുകളും, 'സാബ് നേരം വൈകുന്നു, ഞാനോടട്ടെ' എന്നു പറയുന്ന ചുണ്ടുകളും ഓർമ്മയിൽ വരുമ്പോൾ എന്റെ കണ്ണുകൾ ഈറനാകുന്നു. ഞാൻ കഥയുടെ അവസാനം വീണ്ടും വായിക്കുന്നു.

*അവൾ അടുക്കളയിൽ പോയി സ്റ്റൗ കൊളുത്തി വെള്ളം വെച്ചു. സഞ്ചിയിൽ വളരെ കുറച്ച് അരിയെ ബാക്കിയുണ്ടായിരുന്നുള്ളു. അതു കഴുകി അടുപ്പത്തിട്ടു. സ്റ്റൗവ്വിന്റെ മുമ്പിൽ നീല തീനാളവും നോക്കിയിരിയ്ക്കെ ഫാക്ടറിയിൽ നിന്ന് സ്റ്റേഷനിലേയ്ക്ക് നടന്നത് അവളുടെ മനസ്സിൽ വന്നു. തനിയ്ക്ക് ആ സമയത്ത് പശ്ചാത്താപമുണ്ടായിരുന്നില്ലെന്നു മാത്രമല്ല സന്തോഷമായിരുന്നുവെന്ന കാര്യം അവളെ വേദനിപ്പിച്ചു. അവൾ സ്വയം വെറുത്തു. കാന്തിലാൽ ചെയ്തതിന് അയാളെ വെറുത്തു. കീറിയ ബനിയൻ തന്നതിന് പീടികക്കാരനേയും. എല്ലാറ്റിനുമുപരി പണം എവിടെ നിന്നു കിട്ടിയെന്ന് അന്വേഷിക്കുക പോലും ചെയ്യാത്ത ഭർത്താവിനേയും അവൾ വെറുത്തു.*
*പിന്നെ നോക്കി നിൽക്കെ ഒരു ജലപ്രവാഹത്തിൽ തീനാളവും, സ്റ്റൗവ്വും, പാത്രങ്ങളും അപ്രത്യക്ഷമായപ്പോൾ കണ്ണു തുടയ്ക്കാൻ കൂടി മിനക്കെടാതെ അവൾ സ്വയം പറഞ്ഞു.*
*ഞാൻ ഇതൊന്നും അല്ല പ്രതീക്ഷിച്ചത്.*

ഈ കഥയെഴുതിക്കഴിഞ്ഞ ശേഷം അങ്ങിനെയുള്ള കഥാപാത്രങ്ങളെ വീണ്ടും കാണുകയോ, പരിചയപ്പെടുകയോ ചെയ്യേണ്ടിവന്നിട്ടുണ്ട്. അവയിൽ ചിലതെല്ലാം കഥകളായി വന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മണ്ണുമാന്തി യന്ത്രങ്ങളും, കെട്ടിടത്തിന്റെ ഉയർന്ന നിലകളിലേയ്ക്കു കൂടി പമ്പു ചെയ്ത് സിമന്റ് കൂട്ട് കയറ്റുന്ന പടുകൂറ്റൻ കോൺക്രീറ്റ് മിക്സറുകളും വന്നതോടെ കെട്ടിടനിർമ്മാണത്തിൽ നിന്ന് അപ്രത്യക്ഷരാവുന്ന സ്ത്രീജോലിക്കാരെക്കുറിച്ചെഴുതിയ 'അമ്മേ, അവര് നമ്മടെ ആകാശം കട്ടെടുത്തു' എന്ന കഥയാണ്. അതും ജോലി നഷ്ടപ്പെട്ടപ്പോൾ സ്വന്തം ശരീരം വിൽക്കേണ്ടിവരുന്ന ഒരമ്മയുടെ കഥയാണ്. മറ്റൊരു കഥയാണ് 'സ്ത്രീ, അവസാന രംഗത്തിൽ മാത്രം പ്രവേശിക്കുന്ന കഥാപാത്രം'.

ഇപ്പോഴും ഈ കഥാപാത്രങ്ങൾ ഇടയ്ക്കിടയ്ക്ക് ഓർമ്മയിൽ വന്ന് എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു.

(ഈ ലേഖനത്തിൽ ഇതിനുമുമ്പു ഇതേ കഥയെപ്പറ്റിത്തന്നെ എഴുതിയ
ഒരു ലേഖനത്തിലെ കുറച്ച് ആവർത്തനങ്ങൾ കാണാം.
ഒഴിവാക്കാൻ പറ്റാത്തതുകൊണ്ട് ചേർക്കുന്നു.
സദയം ക്ഷമിക്കുമല്ലൊ.)

BACK TO INDEX

# കഥയുടെ പൈതൃകം

'സൗന്ദര്യാരാധന' എന്ന കവിതയിൽ, തലങ്ങും വിലങ്ങും നോക്കാതെ സൃഷ്ടി നടത്തിയ ദൈവത്തെപ്പറ്റി ഇടശ്ശേരി പറയുന്നുണ്ട്. അപൂർണമായൊരു പ്രപഞ്ചം സൃഷ്ടിക്കുക എന്ന തന്റെ ദുഷ്കർമ്മത്തിന്റെ പേരിൽ സൃഷ്ടികളിൽ ദണ്ഡനമേൽപ്പിക്കയും തൽഫലമായി വൈരൂപ്യം വരുത്തിക്കൂട്ടുകയും ചെയ്യുക. എങ്കിൽ അങ്ങിനെയുള്ള ഒരീശ്വരൻ... എന്ന് അർദ്ധോക്തിയിൽ നിർത്തിയ ഇടശ്ശേരി, അപകടം പിടിച്ച ആ ചിന്ത നിർത്തി തന്റെ വഴിക്കു തിരിഞ്ഞു നടക്കുന്നു. 'ഞാനോ ക്ഷതത്തിൽ തേനിടുമൻപിനെ തിരകയാം മന്നിന്നെഴും മാൺപിനെ'. ക്ഷതത്തിൽ തേനിടുന്ന അൻപിനെയാണ് ഇടശ്ശേരി തിരയുന്നത്, സൗന്ദര്യമായി കാണുന്നതും സൃഷ്ടിക്കുവാൻ ഉദ്ദേശി ക്കുന്നതും. അനുകരിക്കപ്പെടാൻ മാത്രമൊന്നും ദൈവം ചെയ്തിട്ടില്ലാത്തതു കൊണ്ട് സാഹിത്യകാരൻ, അല്ലെങ്കിൽ കലാകാരൻ സ്വന്തമായി ഒരു ലോകം സൃഷ്ടിക്കുന്നു, കഴിയുന്നത്ര പൂർണമായി. എന്റെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയാണ്. ക്ഷതത്തിൽ തേനിടുന്ന അൻപിനെത്തന്നെയാണ് ഞാനും അന്വേഷിക്കുന്നത്. സാഹിത്യരചന എന്നെ സംബന്ധിച്ചേടത്തോളം ഈ അന്വേഷണമാണ്. ദീർഘകാലമായുള്ള, എവിടെയും എത്തിയിട്ടില്ലാത്ത അന്വേഷണം.

ജന്മാന്തരങ്ങളിൽ ഞാൻ കണ്ടുമുട്ടുകയോ പരിചയപ്പെടുകയോ ചെയ്യുകയും പിന്നീട് മറവിയുടെ ആഴങ്ങളിലെവിടേയോ നഷ്ടപ്പെടുകയും ചെയ്ത സംഭവങ്ങളോ വ്യക്തികളോ ആയിരിക്കണം പിന്നീട് ഒരു കഥാബീജമായും അതിലെ കഥാപാത്രങ്ങളായും എന്റെ മനസ്സിൽ പ്രത്യക്ഷപ്പെടുന്നത്. ക്ഷണിക്കാതെ കടന്നു വന്ന ഈ അതിഥികൾ എന്റെ അബോധമനസ്സിൽ സ്വന്തമായ ഒരു ജീവിതം നയിക്കാൻ തുടങ്ങുകയും മനസ്സിന് അതു താങ്ങാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ ഞാൻ കടലാസും പെന്നുമെടുക്കുന്നു. അപ്പോൾ മാത്രമാണ് അവർക്കിപ്പോൾ സ്വന്തമായ, വ്യക്തമായ രൂപമുണ്ട്, ഭാവമുണ്ട്, സർവ്വോപരി സ്വന്തമായ പ്രശ്നങ്ങളുണ്ട് എന്നു ഞാനറിയുന്നത്. ഈ തിരിച്ചറിവിലൂടെ അവരുടെ ജീവിതം എന്റെ മുമ്പിൽ അനാവരണം ചെയ്യപ്പെടുകയാണ്. നഗ്നമായ ജീവിതം. ആ ജീവിതം കടലാസിലേയ്ക്ക് പകർത്തുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഒരുതരം തപസ്യയാണത്. എന്റെ മനസ്സിലേയ്ക്കു കടന്നുവന്ന കഥാപാത്രങ്ങൾ അവിടെയിരുന്നുകൊണ്ട് ഒരു ജീവിതം നയിക്കുകയാണ്. ആ നിമിഷംതൊട്ട് ഞാൻ ഒരു വെറും കാണി മാത്രമായിത്തിരുന്നു. തുടക്കത്തിൽ ഈ കഥാപാത്രങ്ങളുടെ സ്വഭാവത്തെപ്പറ്റി, കഥയുടെ വികാസപരിണാമങ്ങളെപ്പറ്റി എനിക്ക് സ്രഷ്ടാവെന്ന നിലയിൽ അഹന്തയുണ്ടാവും. അവയുടെ ഭാവിയെപ്പറ്റി, അവയ്ക്ക് കഥയിൽ നൽകാവുന്ന സ്ഥാനത്തെപ്പറ്റിയെല്ലാം ഞാൻ സ്വപ്നം കാണും. ക്രമേണ മനസ്സിലാവും കഥാപാത്രങ്ങൾ എന്റെ വരുതിയിൽ നിൽക്കുന്നില്ല എന്നും, അവരുടെ വിധിയനുസരിച്ചേ നീങ്ങുന്നുള്ളൂ എന്നും. എനിക്ക് അവയുടെ ജീവിതം നിയന്ത്രിക്കാൻ കഴിയില്ല. ചെയ്യാൻ പറ്റുന്ന ഒരു കാര്യം അവരുടെ വിധിക്കനുസരിച്ച് പോവുക മാത്രം. ദൈവത്തിനും ഈ പ്രശ്നമുണ്ടായിരിക്കണമെന്നാണ് എന്റെ അനുമാനം. ഇതൊന്നുമായിരിക്കില്ല അദ്ദേഹം സൃഷ്ടിക്കാനുദ്ദേശിച്ചത്!

ചുരുക്കിപ്പറഞ്ഞാൽ ഞാൻ എന്തെഴുതാനാണ് ആദ്യം ശ്രമിച്ചത് എന്താണ് എഴുതപ്പെട്ടത്, ഇവ തമ്മിൽ വളരെ വ്യത്യാസമുണ്ടാവും. തുടക്കത്തിൽ മനസ്സിലുണ്ടായിരുന്ന കഥയേ ആവണമെന്നില്ല എഴുതിക്കഴിയുമ്പോൾ. കാരണം കഥാപാത്രങ്ങൾ ജീവനുള്ളവയാണ്, അവർക്ക് അവരുടെതായ ഒരു ജീവിതമുണ്ട്. ഒരിക്കൽ എഴുതപ്പെട്ടാൽ അതിനു മാറ്റവുമില്ല (ശ്യൃല്ീരമയഹല). ഞാൻ പറഞ്ഞുവരുന്നതെന്തെന്നാൽ സാഹിത്യകാരന്റെയോ, കലാകാരന്റെയോ സൃഷ്ടി ദൈവത്തോടുള്ള വെല്ലുവിളിയാണ്. അതിൽ ദൈവത്തേക്കാൾ പൂർണത നേടാൻ നമ്മൾ ശ്രമിക്കുന്നു എന്നു മാത്രം. അതിൽ വിജയിക്കണമെന്നില്ല. ശ്രമിക്കുന്നതിൽ എന്താണ് തെറ്റ്?

സർഗ്ഗസൃഷ്ടി നടത്തുന്ന ഏതൊരു എഴുത്തുകാരനും ഈ അനുഭവം ഉണ്ടാവണം. അങ്ങിനെയല്ലാത്ത സൃഷ്ടികൾ വ്യാജനിർമ്മിതങ്ങളാണ്. അവയെ ലേഖനങ്ങളെന്നോ, പത്ര റിപ്പോർട്ടുകളെന്നോ പറയുകയാവും ഭേദം. തന്റെ ഒരു ചായച്ചിത്രം ഒരു വീട്ടിൽ തൂങ്ങുന്നത് കാണിച്ചുകൊടുത്ത സ്നേഹിതനോട് പിക്കാസ്സോ പറഞ്ഞത് ഓർക്കുന്നു. 'അതെ ഞാൻ വരച്ചതു തന്നെയാണത്, പക്ഷേ അതൊരു വ്യാജനാണ്.' പിക്കാസ്സോവിന്റെ ആർജ്ജവം നമ്മുടെ എത്ര എഴുത്തുകാർക്കുണ്ട്?

സൃഷ്ടിയുടെ പിന്നിലെ ഇരുണ്ട അറകൾ ഇരുണ്ടുതന്നെ കിടക്കുന്നു. അതുകൊണ്ടു തന്നെ എന്നെ സംബന്ധിച്ചേടത്തോളം രചന ഒരു ബൗദ്ധികാഭ്യാസമല്ല, മറിച്ച് ഹൃദയത്തോടടുത്തു നില്ക്കുന്ന ഒരു പ്രക്രിയയാണ്. കഥയെഴുതാൻ ഞാൻ ബുദ്ധി ഉപയോഗിക്കുന്നില്ല. ബുദ്ധി വേണ്ടെന്നല്ല പറയുന്നത്. ധിഷണ സർഗ്ഗസൃഷ്ടിക്കാവശ്യമാണ്. ഒരു മൂഢന്ന് സൃഷ്ടി നടത്താൻ കഴിയില്ല. ഞാൻ പരോക്ഷമായി ബുദ്ധി ഉപയോഗിക്കുന്നില്ലെന്നേ അർത്ഥമുള്ളൂ. മനസ്സിന്റെ ആലയിൽ പാത്രസൃഷ്ടിക്കായി അസംസ്കൃതവസ്തുക്കളെ ഉരുക്കുന്നത് ബുദ്ധിയുടെ തീക്ഷ്ണതയിൽത്തന്നെയാണ്. നിത്യജീവിതത്തിൽ ബുദ്ധി കൂടുതൽ യാന്ത്രികമായ കാര്യങ്ങൾക്കായി ഞാൻ ഉപയോഗിക്കുന്നു. ശാസ്ത്രം പഠിക്കാ നോ, ജീവസന്ധാരണത്തിന്നാവശ്യമായ അഭ്യാസങ്ങൾ കാണിക്കാനോ ഒക്കെ. ഈ കാരണം കൊണ്ട് ഞാൻ എനിക്കു മുമ്പു വന്ന തലമുറയോട് കൂടുതൽ അടുത്തു നിൽക്കുന്നു.

ഞാൻ വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ മുമ്പിലുണ്ടായിരുന്നവർ ബഷീറും ഉറൂബും, എസ്.കെ.യും, കാരൂരുമൊക്കെയായിരുന്നു. കഥയെഴുതണമെന്ന ആഗ്രഹമുണ്ടായത് ഇവരുടെ കഥകൾ, പ്രത്യേകിച്ചും ഉറൂബിന്റെ കഥകൾ വായിച്ചപ്പോഴാണ്. ഉറൂബിന്റെ വാടകവീടുകൾ, പൂട്ടിയിട്ട വീടുകൾ, സർവ്വേക്കല്ല്, തുറന്നിട്ട ജാലകം, ഒരു പറ കണ്ണുനീർ എന്നീ കഥകൾ ഞാൻ പലവട്ടം വായിച്ചിട്ടുള്ളതാണ്. ആ കഥകൾ വായിച്ചശേഷം രണ്ടാംതരം കഥകളെഴുതാൻ വിഷമമായിരുന്നു.

എഴുതാൻ തുടങ്ങിയപ്പോൾ പക്ഷേ എന്റെ മുമ്പിലുണ്ടായിരുന്നവർ മറ്റു രണ്ടുപേരായിരുന്നു. ഒന്ന് ടി. പത്മനാഭൻ, രണ്ട് എം.ടി. വാസുദേവൻ നായർ. രണ്ടു മാതൃകകളെന്നു പറയാം. ടി. പത്മനാഭൻ നേരത്തെത്തന്നെ രംഗത്തുണ്ടായിരുന്നു. ഞാൻ എഴുതാൻ തുടങ്ങിയപ്പോൾ ഒരു കൊടുങ്കാറ്റുപോലെ കടന്നു വന്നത് എം.ടി.യായിരുന്നു. ഒരു വാചകത്തിൽ ഒരു കഥയുടെ മൂഡ് സൃഷ്ടിക്കുന്ന അദ്ഭുതകരമായ ടെക്നിക് ഞാൻ എം.ടി.യിൽനിന്നാണ് പഠിച്ചത്. പിന്നീട് വന്ന ഒ.വി. വിജയനും മാധവിക്കുട്ടിയും കഥ പറയുന്നതിലെ ടെക്നിക്

കാരണം എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. കോവിലൻ, എൻ. മോഹനൻ, നന്തനാർ തുടങ്ങിയ പ്രഗല്ഭരുടെ കഥകളും ഞാൻ ആർത്തി പിടിച്ച് വായിച്ചിരുന്നുവെങ്കിലും എന്നെ സ്വാധീനിച്ചുവെന്ന് പറയാവുന്നത് എന്റെ തൊട്ടു മുമ്പുള്ള തലമുറയിലെ ടി. പത്മനാഭനും എം.ടി.യും അതിനും മുമ്പുള്ള തലമുറയിലെ ഉറൂബുമാണ്. ഇതിൽത്തന്നെ ഉറൂബിന്റേയും എം.ടി.യുടേയും സ്വാധീനം ഒരുകാലത്ത് പ്രകടമായിരുന്നു.

സ്വാധീനത്തിൽനിന്ന് കുതറിയോടാനായിരുന്നു പിന്നീടുള്ള ശ്രമം. ബോധപൂർവ്വമായിരുന്നില്ല അത്. എനിക്കുമുമ്പ് നടന്നവർ, അവരുടെ രചനകൾ, എല്ലാം എന്റെ പൈതൃകമായിരുന്നു. എന്റെ വേരുകൾ ആഴത്തിലിറങ്ങിയ പശിമയുള്ള മണ്ണ്. അതിനെ തള്ളിപ്പറയേണ്ട ആവശ്യം എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. അവനവന്റേതായ വ്യക്തിത്വമാർജ്ജിക്കണമെന്ന ഓരോ ജീവജാലങ്ങളുടേയും ആഗ്രഹം മാത്രം. മനുഷ്യനായാലും ശരി മരമായാലും ശരി അവനവന്റെ സ്ഥാനം കണ്ടുപിടിക്കയും അവിടെ പരമാവധി പടർന്നുപിടിക്കാൻ ശ്രമിക്കയും വേണം. ആദ്യകാല കഥകൾ പരീക്ഷണങ്ങളാവാൻ കാരണമതായിരിക്കണം. ആയിടയ്ക്ക് എന്നെ കലശലായി സ്വാധീനിച്ച മറ്റൊരു മാധ്യമവുമുണ്ടായിരുന്നു. ആധുനിക ചിത്രകലയും ശില്പകലയും. ആദ്യകഥകളിലെ അമൂർത്തസ്വഭാവം ഈ രണ്ടു കലാമാധ്യമങ്ങളുമായുള്ള സമ്പർക്കഫലമായിരുന്നു. മനസ്സിലെ ചിത്രങ്ങൾ പുറത്തുകടക്കാൻ വെമ്പൽ കൂട്ടുകയും, അതിനുള്ള മാധ്യമമായി ബ്രഷും കാൻവാസും, അല്ലെങ്കിൽ കല്ലും ഉളിയും വഴങ്ങാതിരിക്കുകയും ചെയ്തപ്പോഴായിരിക്കണം ഞാൻ ചെറുകഥ എന്റെ മാധ്യമമാക്കിയത്. 'കൂറകൾ' എന്ന ആദ്യസമാഹാരത്തിലെ പല കഥകളും, പ്രത്യേകിച്ച് 'മധുവിധു', 'വെള്ളക്കുതിരയുടെ രാജകുമാരൻ' തുടങ്ങിയ കഥകൾ ഒരു ചിത്രത്തെയോ ശില്പത്തെയോ ഓർമ്മപ്പെടുത്തുന്നു. കഥയെന്ന നിലയ്ക്ക് അവയെ സമീപിക്കാൻ വിഷമമാണ്.

ആയിടയ്ക്കാണ് ചെറുകഥയിൽ ആധുനികതയുടെ പേരും പറഞ്ഞ് പല സൃഷ്ടികളും രംഗത്തെത്തിയത്. അറുപതുകളുടെ മധ്യത്തിലായിരുന്നു സംഭവം. ഒരു തലമുറയിലെ എഴുത്തുകാരെല്ലാം ഒറ്റക്കെട്ടായി ഇത്രയും വലിയ ബഹളമുണ്ടാക്കിയ സംഭവം ഇതിനു മുമ്പ് മലയാളത്തിലുണ്ടായിട്ടില്ല. അതിന്റെ പ്രത്യേകതയെന്തെന്നാൽ ചോദനത്തിന്റേയും സംവേദനത്തിന്റേയും ശ്രോതസ്സുകൾ സ്വന്തം മണ്ണിൽനിന്നു മാറി പടിഞ്ഞാറൻ നീരുറവകളിൽ നിന്നായി. തനതു സാഹിത്യത്തിനു പകരം ഒരുതരം സങ്കരസാഹിത്യം ഉടലെടുത്തു. പല പാശ്ചാത്യ കൃതികൾക്കും മലയാളത്തിൽ പാരഡികളുണ്ടായി. അവയെല്ലാം തന്നെ ഉത്തമസാഹിത്യമെന്ന് മുദ്രകുത്തി വിപണിയിലിറക്കുകയും ചെയ്തു. അല്പം ക്രാഫ്റ്റും ഏതെങ്കിലും പാശ്ചാത്യകൃതികൾ വായിക്കാനുള്ള സന്മനസ്സുമുണ്ടായാൽ ഒരു അത്യാധുനിക കഥയെഴുതാം. പിന്നീടുള്ള കാര്യങ്ങൾ നിരൂപകന്മാർ ഏറ്റെടുത്തുകൊള്ളും. ഒറിജിനൽ കഥയും അതിനെപ്പറ്റി പ്രഗല്ഭരായ പാശ്ചാത്യ നിരൂപകർ രചിച്ചിട്ടുള്ള നിരവധി പഠനങ്ങളും കൈമുതലാക്കിയിട്ടുള്ള ഈ നിരൂപകർക്ക് ഒരു തർജ്ജമസാഹിത്യം രചിക്കേണ്ട വിഷമമേ ഉണ്ടാവൂ ഈ കഥകളെ 'അനശ്വര'മാക്കാൻ. ഈ അത്യാധുനികരേക്കാൾ പാശ്ചാത്യകൃതികൾ പരിചയപ്പെട്ട രണ്ടു തലമുറയിലെ എഴുത്തുകാർ സ്വന്തം മണ്ണിൽത്തന്നെ കൃഷിയിറക്കുകയാണ് ചെയ്തിരുന്നത്. അമ്പതുകളുടെ അവസാനത്തിൽ എന്നിലെ വായനക്കാരൻ ഉടലെടുത്തപ്പോൾ എനിക്ക് മാർഗ്ഗ

നിർദ്ദേശം കിട്ടിയിരുന്നത് ഉറൂബിന്റെ പുസ്തകശേഖരവും, എം.ടി.യുടെ പ്രസംഗങ്ങളും ലേഖനങ്ങളുമായിരുന്നു. ട്രൂമാൻ കപോടി, സ്റ്റീൻബെക്ക്, വില്ല്യം ഫോക്നർ, യൂജിൻ ഒനീൽ, ടെന്നസി വില്ല്യംസ്, ഗുന്തർ ഗ്രസ്സ്, പിരന്തലോ, ഹവാർഡ് ഫാസ്റ്റ്, ഹെമിങ്‌വേ, സാർത്ര്, അൽബേർ കമ്യു, ആന്ദ്രെ ഷിദ് തുടങ്ങിയ സാഹിത്യകാരന്മാരെ എനിക്കു പരിചയപ്പെടുത്തിയ ഈ രണ്ടുപേരും സ്വന്തം പാരമ്പര്യത്തിൽനിന്ന് പ്രചോദനംകൊണ്ട് മലയാളത്തനിമയുള്ള കഥകളെഴുതി. എന്റെ മുമ്പിൽ ഒരു പ്രതിസന്ധി വന്നുചേർന്നു. ഭൂരിപക്ഷത്തിന്റെ ഒപ്പം ചേർന്ന് ആധുനികനും അത്യന്താധുനികനും, പിന്നീട് ആധുനികതയ്ക്ക് വന്നു ചേർന്നിടാനിടയുള്ള എല്ലാ വിശേഷണങ്ങളുമുള്ള ഒരു അദ്ഭുതജീവിയാകണോ, അതോ ആത്മാവിനെ വഞ്ചിക്കാതെ സർഗ്ഗസൃഷ്ടി നടത്തണോ എന്ന പ്രശ്നം. അയനസ്കോവിന്റെ 'കണ്ടാമൃഗങ്ങ'ളിലെ കഥാപാത്രത്തിന്റെ ധർമ്മസങ്കടം. മറ്റുള്ളവരുടെ ഒപ്പം ഓടണമോ അതോ സ്വത്വത്തിൽ പിടിച്ചു നിൽക്കണമോ. പിൻതള്ളപ്പെടുമെന്ന ഭയം ഒപ്പം ഓടാൻ പ്രേരിപ്പിക്കുമ്പോൾ മനസ്സാക്ഷി പിറകോട്ടു വലിക്കുന്നു. ഞാൻ മനസ്സാക്ഷിയുടെ ശബ്ദം ശ്രവിച്ചു. എന്റെ കഥകളുടെ സ്വഭാവം മാറി. ക്രമേണ ചിത്ര-ശില്പ കലയുമായുള്ള എന്റെ ബന്ധത്തിനും ശൈഥില്യം വന്നുചേർന്നു. കഥകളുടെ സ്വഭാവം മാറാൻ ഒരു കാരണം അതായിരുന്നു. മാത്രമല്ല പരീക്ഷണങ്ങൾ പരീക്ഷണങ്ങളാണ്. അതു കഴിഞ്ഞ് ഒരു അന്തിമോൽപ്പന്നം (ലിറ ൃ്യീറൗരേ) പുറത്തു വരണമല്ലോ. ജീവിതകാലം മുഴുവനും പരീക്ഷണമായി കഴിയാൻ എനിക്ക് താല്പര്യമില്ലായിരുന്നു.

സാഹിത്യത്തിൽ സംവേദനക്ഷമത ആവശ്യമാണെന്നും സൃഷ്ടിയുടെ ആഴം സംവേദന ക്ഷമത കുറക്കില്ലെന്നും ഞാൻ കണ്ടു. മറിച്ച് ആഴവും പരപ്പും ഇല്ലാത്ത സൃഷ്ടികളുടെ വൈകല്യവും പാപ്പരത്തവും മറച്ചു വയ്ക്കാനേ കൃത്രിമമായി കുത്തിക്കയറ്റിയ ദുരൂഹത സഹായിക്കൂ എന്നും ഞാൻ മനസ്സിലാക്കി. ഒരു അമൂർത്ത ചിത്രമോ ശില്പമോ കണ്ടാസ്വദിക്കുന്നതുപോലെയോ, കേവലസംഗീതം ആസ്വദിക്കുന്നതുപോലെയോ സാഹിത്യത്തെ ആസ്വദിക്കാൻ കഴിയില്ല. ആസ്വാദനത്തിന് പുതിയ സംവേദനതലങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു എന്നതെല്ലാം ശരിതന്നെ. പക്ഷേ ഒരു കഥ ആസ്വദിക്കണമെങ്കിൽ നാം അത് ഒരാവർത്തിയെങ്കിലും വായിക്കണമല്ലോ. ചുരുക്കിപ്പറഞ്ഞാൽ ആദ്യവാചകത്തിനുമപ്പുറത്ത് വായനക്കാരനെ പിടിച്ചു നിർത്തണം. കീറാമുട്ടിയായ വാചകഘടനകളും, ഇംഗ്ലീഷ് മലയാളം നിഘണ്ടുവിന്റെ സഹായത്തോടെ സമ്പാദിച്ച പദസമുച്ചയങ്ങളും കൊണ്ട് വായനക്കാരന്റെ മുമ്പിൽ ഒരു വലിയ മതിൽ കെട്ടിയശേഷം അയാൾ എന്റെ കഥയിലേയ്ക്കു കടക്കുന്നില്ല എന്നു വിലപിക്കുകയോ അല്ലെങ്കിൽ ഇതൊന്നും നിങ്ങളെപ്പോലുള്ള സാധാരണക്കാർക്കുള്ളതല്ലെന്നു ധാർഷ്ട്യത്തോടെ പറയുകയോ ചെയ്യുന്നതിൽ അർത്ഥമില്ല. ഒരു ചിത്രം ഒറ്റ നോട്ടത്തിൽ നമ്മോട് സംവദിക്കുന്നു. ഏറ്റവും അമൂർത്തമായ ചിത്രം പോലും അതിന്റെ കോംപസിഷൻകൊണ്ട്, അതിന്റെ ചായക്കൂട്ടിന്റെ താളലയങ്ങൾ കൊണ്ട് നമുക്ക് ആസ്വദിക്കാൻ പറ്റും. സംവേദനത്തിന്റെ തിരിച്ചറിയലെന്ന രണ്ടാം ഘട്ടത്തിലേയ്ക്ക് നമുക്ക് സാവധാനത്തിൽ കടക്കാം. മറിച്ച് കഥയെസംബന്ധിച്ചേടത്തോളം ഒറ്റനോട്ടത്തിൽ മഷിപുരണ്ട അക്ഷരങ്ങൾ മാത്രമാണ് നാം ദർശിക്കുന്നത്. അച്ചടിയുടെ ഭംഗിയോ അഭംഗിയോ മാത്രം. അതിനുള്ളിൽ എന്താണെന്ന് വായിച്ചറിയുക

തന്നെ വേണം.

ശരിക്കു പറഞ്ഞാൽ എന്റെ കലാപം, ആ വ്യതിയാനത്തെ കലാപമെന്നൊക്കെ പറയാമെങ്കിൽ, ഞാൻ മുൻതലമുറയിൽനിന്ന് എന്റെ ഒപ്പം നടന്നവരുടെ ആത്മാർതയില്ലായ്മയുടെ നേരേയ്ക്കാക്കി. അതിനു കൊടുക്കേണ്ടിവന്ന വില വളരെ വലുതായിരുന്നു. ഇരുപത്തഞ്ചു കൊല്ലത്തെ, ആത്മപീഡനത്തിന്റെ വേദനയുണ്ടാക്കിയ അവഗണന. വിമർശകർ ഒന്നടങ്കം എന്റെ കൃതികളെ അവഗണിച്ചു. എന്റെ കഥകളപ്പറ്റി എഴുതിയവരെല്ലാം നിരുപകവേഷം കെട്ടിയിട്ടില്ലാത്ത വെറും വായനക്കാരായിരുന്നു. എഴുത്ത് തുടരാനുള്ള പ്രേരണ ഇവരിൽനിന്നും, രാഷ്ട്രീയലക്ഷ്യമില്ലാത്ത പത്രാധിപർമാരിൽനിന്നും, അതുപോലെ എന്റെ കഥകൾ ഇഷ്ടപ്പെട്ടിരുന്ന, പേരറിയാത്ത അനേകം വായനക്കാരിൽനിന്നുമായിരുന്നു. എന്നെങ്കിലും എന്റെ കഥകൾ അളക്കാൻ പറ്റിയ അളവുകോൽ ഒരു മലയാളി നിരൂപക തച്ചൻ ഉണ്ടാക്കുന്നതുവരെ ഈ അവഗണന തുടർന്നു കൊണ്ടിരിക്കും.

ഒരു പക്ഷേ വരുംതലമുറ ഈ ഒരു കാര്യത്തിൽ എന്നോട് നന്ദിയുള്ളവരായിരിക്കും. നേരെചൊവ്വേ എഴുതിയാലും സാഹിത്യമാകുമെന്ന് ഞാൻ ധൈര്യപൂർവ്വം കാണിച്ചു കൊടുത്തു. ഭാഷയുടെ കസർത്തിലല്ല ഇതിവൃത്തത്തിന്റെ ആഴത്തിലാണ് സാഹിത്യത്തിന്റെ സൗന്ദര്യം കിടക്കുന്നതെന്ന് പറയാൻ എന്റെ തൊട്ട പിന്നിലുള്ള തലമുറയിൽ എന്നേക്കാൾ പ്രഗൽഭരായ യുവകഥാകൃത്തുകളുമുണ്ടായിരുന്നു. ഞങ്ങൾക്കും പിന്നിൽ വന്ന ഒരു പുതിയ തലമുറ അതൊരനുഗ്രഹമായി കരുതിക്കാണണം.

ഇപ്പോഴും എന്റെ ചില കഥകളിലെ അർത്ഥതലങ്ങൾ സാധാരണ വായനയിൽ അപ്രാപ്യമായെന്നിരിക്കും. ഉദാഹരണമായി 'ആശ്രമം ഉറങ്ങുകയാണ്' (പച്ചപ്പയ്യിനെ പിടിക്കാൻ എന്ന സമാഹാരത്തിൽ). മറിച്ചുമുണ്ട് ചില കഥകൾ. 'നഗരം' (കാനഡയിൽ നിന്നൊരു രാജകുമാരി എന്ന സമാഹാരത്തിൽ). ആ കഥ നേരെച്ചൊവ്വെ വായിച്ചാൽ മാത്രം പോര. രണ്ടു കഥകളുടെ ഇഴപിരിച്ചു കൊണ്ടാണ് ആ കഥ മെനഞ്ഞെടുത്തിട്ടുള്ളത്. അതിന്റെ ആസ്വാദനവും കുറച്ചുകൂടി ഉയർന്ന തലത്തിലാണ് വേണ്ടത്.

എഴുപതുകളിലും എൺപതുകളിലും സവിശേഷസെൻസിബിലിറ്റിയുള്ള വായനക്കാരുണ്ടായിരുന്നുവെന്ന് ഞാൻ കരുതുന്നില്ല. എന്നും അതാതുകാലത്തെ ആധുനികത ഉൾക്കൊള്ളുന്ന വായനക്കാരുണ്ടായിരുന്നു. കാരൂരിന്റെ വായനക്കാർ അത്ര മോശക്കാരായിരുന്നോ. എഴുപതുകളിലും എൺപതുകളിലും അന്തരീക്ഷം കൂടുതൽ ശബ്ദമയമായിരുന്നു. അതിനുകാരണം ഞാൻ നേരത്തെ സൂചിപ്പിച്ച, ഒരുപറ്റം എഴുത്തുകാരും നിരൂപകരും ചേർന്ന കൂട്ടുകൃഷിയായിരുന്നു. അതിന്റെ ഫലമെന്തായിരുന്നു? വാലുണ്ട് കുരങ്ങല്ല, പാലുണ്ട് പശു വല്ല എന്നീ കടങ്കഥപോലുള്ള ചെറുകഥകളുടെ പുറംതോട് പൊട്ടിക്കാൻ ശ്രമിച്ച് പരാജയമടഞ്ഞ് ശരാശരി വായനക്കാരൻ ജനപ്രിയ കഥാസാഹിത്യത്തിലേയ്ക്കു ചേക്കേറാൻ തുടങ്ങി. ശരാശരിക്കു മീതെയുള്ള വായനക്കാരനാകട്ടെ പുറംതോട് പൊട്ടിച്ചു നോക്കിയപ്പോൾ അതിനുള്ളിലെ ശുഷ്കമായ പരിപ്പുകണ്ട് നിരാശരാവുകയും ചെയ്തു. ഇറക്കുമതി ചെയ്ത, കൃത്രിമമായ ഭാഷയ്ക്കും ഉരുക്കുകൊണ്ട് കഷ്ടപ്പെട്ടുണ്ടാക്കിയ ദുരൂഹതയ്ക്കും ഉള്ളിൽ പൈങ്കിളികൾ ലജ്ജിക്കുന്ന തരത്തിലുള്ള ഇക്കിളിപ്രേമവും മറ്റുമാണെന്ന് അവർ കണ്ടെത്തി. പുറംതോടു പൊളിക്കാൻ കഴിയാതിരുന്ന ഒരു ചൈ

ഹപ്പോക്രൈറ്റ് ന്യൂനപക്ഷം ഇതെന്തോ അപാരമായ വസ്തുവാണെന്നമട്ടിൽ അതിനെ വാഴ്ത്തുകയും ചെയ്തു. (ഒരു ക്ലിഷേ പറയാമെങ്കിൽ പഴയ രാജാവിന്റെ ഇല്ലാവസ്ത്രത്തെ പുകഴ്ത്തിയ പോലെ).

പൈങ്കിളി സാഹിത്യത്തിന്ന് രണ്ടുവിധത്തിൽ മഹത്തായ സേവനം ചെയ്തത് ഈ എഴുത്തുകാരായിരുന്നു. ഒന്ന് അവർ സ്വയം പൈങ്കിളി സാഹിത്യമെഴുതി. ദുരൂഹതയുടെ ചട്ടക്കൂട്ടിലാണെങ്കിലും പൈങ്കിളി പൈങ്കിളി തന്നെ. രണ്ടാമതായി നല്ല സാഹിത്യത്തിൽ നിന്ന് അകറ്റി, പൈങ്കിളി വാരികകൾക്ക് ലക്ഷക്കണക്കിന് വായനക്കാരെ ഉണ്ടാക്കിക്കൊടുത്തു. എക്സിസ്റ്റൻഷ്യലിസം, ചരസ്സ് എന്നൊക്കെ പറഞ്ഞ് അറുപതുകളിൽ സാധു വായനക്കാരെ വിരട്ടിയ പല എഴുത്തുകാരും ഇന്ന് മുട്ടത്തുവർക്കിയെ പുകഴ്ത്തുന്നത് യാദൃശ്ചികമാവാൻ വഴിയില്ല.

അറുപതുകളിൽ തുടങ്ങിയ പാശ്ചാത്യ പാദസേവ, അല്ലെങ്കിൽ സാംസ്കാരിക അടിമത്തം ഇന്നും അഭംഗുരം തുടരുന്നു. പുതിയ ഭൂതങ്ങൾ വന്നുകൊണ്ടേയിരിക്കുന്നു. പടിഞ്ഞാറുനിന്നുതന്നെ. പടിഞ്ഞാറുനോക്കി യന്ത്രങ്ങളെ ആശ്രയിച്ചു കഥയും നോവലും രചിക്കുക, അതേ യന്ത്രങ്ങളെ ആശ്രയിച്ച് അവയ്ക്ക് പഠനങ്ങളെഴുതുക, ആ സാഹിത്യകാരന്മാർ മാത്രമാണ് ജീവിക്കാനർഹരെന്ന് വിധിയെഴുതുക തുടങ്ങിയ കസർത്തുകൾ ഇപ്പോഴും നടക്കുന്നു, ഉത്തരാധുനികതയുടെ പേരിൽ. ഭീകരമായ ഒരവസ്ഥയാണത്.

സമൂഹത്തിലെ ഇല്ലായ്മയും ധാരാളിത്തവും എന്നെ വളരെ ചിന്തിപ്പിച്ചിട്ടുള്ള, സ്പർശിച്ചിട്ടുള്ള ഒരു കാര്യമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഞാനെഴുതിയിട്ടുള്ള കഥകളിലെല്ലാം ഈ വൈരുദ്ധ്യം ഒരു നിദാന്തവേദനയായി കടന്നുവന്നിട്ടുണ്ട്. ചില കഥകളിൽ ഈ പൊരുത്തക്കേടിന്റെ കാരണങ്ങളെപ്പറ്റിയുള്ള അന്വേഷണം വളരെ പ്രകടമാണ്. ഉദാഹരണമായി, ഒരു ദിവസത്തിന്റെ മരണം, പച്ചപ്പയ്യിനെ പിടിക്കാൻ, ഏറ്റവും മഹത്തായ കാഴ്ച, തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം, ദേശാടനക്കിളിപോലെ അവൾ, അലക്കുയന്ത്രം, അപാരസാദ്ധ്യതകളുള്ള യന്ത്രം, വിഷു, താമസി തുടങ്ങിയവ.

എഴുപത്തൊമ്പതിൽ എഴുതിയ 'ഒരു ദിവസത്തിന്റെ മരണം' ആയിരിക്കണം ഈ അന്വേഷണത്തിന്റെ തുടക്കം. (ദിനോസറിന്റെ കുട്ടി എന്ന സമാഹാരത്തിൽ). അടക്ക പാക്ക് ചെയ്യുന്ന ചെറിയ ഫാക്ടറിയിൽ ആട്ടമാറ്റിക് മെഷീൻ വരുന്ന കാരണം ജോലി നഷ്ടപ്പെടുന്ന ഒരു പറ്റം സ്ത്രീകളുടെ കഥയാണത്. അവരിൽ കൗസല്യ എന്ന സ്ത്രീയുടെ ഭർത്താവ്, കുറേക്കാലമായി ജോലി ചെയ്തിരുന്ന ഫാക്ടറിയിൽ ലോക്കൗട്ട് കാരണം ജോലിയില്ലാതെ ഇരിക്കയാണ്. പോരാത്തതിന് അയാൾക്ക് അസുഖവുമാണ്. അപ്പോൾ, ജോലി നഷ്ടപ്പെടുമെന്ന ഭയം മുകളിൽ തൂങ്ങിക്കിടക്കേ, ജീവിതം ആകെ കടപുഴങ്ങി വീഴാതിരിക്കാൻ കൗസല്യ മുതലാളിയുടെ അഭിലാഷങ്ങൾക്ക് തികച്ചും യാന്ത്രികമായി വഴങ്ങുന്നു. ഉയർന്നു വരുന്ന ഉപഭോക്തൃ സംസ്കാരത്തിന്റെ സ്വാധീനവുമുണ്ട് ഈ കഥയിൽ. മുതലാളിക്ക് വശംവദയാവുമ്പോഴും അവൾ ആലോചിച്ചിരുന്നത് കിട്ടുന്ന പണം കൊണ്ട് പാതവക്കിൽ വില്പനയ്ക്കു വച്ചിരുന്ന ടീഷർട്ടുകൾ ഭർത്താവിനും മകനും വേണ്ടി വാങ്ങണമെന്നായിരുന്നു. ഈ കഥയ്ക്കു ശേഷം എഴുതിയ പല കഥകളിലും ഈ അന്വേഷണത്തിന്റെ ദുരന്തവഴികൾ കാണാം. 'താമസി' എന്ന കഥയിൽ ഈ പ്രശ്നം രൂക്ഷമാകുന്നുണ്ട്. ഐശ്വര്യം പ്രദാനം ചെയ്യുന്ന ദേവതയായ താമസിയുടെ വാസം പറയന്റെ െ

ചറ്റക്കുടിലിലാണ്. എങ്കിലും താമസിയുടെ ഉപാസകനായ പറയൻ മുഴുപട്ടിണിയിലാണ്. മറ്റുള്ളവർക്ക്, പ്രത്യേകിച്ചും ജന്മിമാർക്ക്, സമ്പത്ത് പ്രദാനം ചെയ്യുന്ന താമസി എന്തേ തന്റെ രക്ഷകനായ പറയനെ നിസ്വനാക്കി നിർത്തിയത്? ഈ ചോദ്യത്തിന് എനിക്ക് മറുപടിയില്ല. 'അപാരസാദ്ധ്യതകളുള്ള യന്ത്രം' എന്ന കഥയിൽ താൻ വിൽക്കുന്ന വാക്വംക്ലീനർ യന്ത്രം കൊണ്ട് ദാരിദ്ര്യത്തെ ഒരു പരവതാനിയിൽ ചിതറിക്കിടക്കുന്ന പൊടിപോലെ തൂത്തുകളയുന്നത് സ്വപ്നം കാണുന്ന ഒരു കഥാപാത്രമുണ്ട്. ഞാനും അതുപോലെയാണ്. അങ്ങിനെ ഒരു യന്ത്രവുമായി എന്നെങ്കിലും ഒരാൾ വരുമെന്നും ലോകത്തെ ദാരിദ്ര്യം മുഴുവൻ തൂത്തുവാരുമെന്നും ഞാൻ വിശ്വസിക്കുന്നു. സാങ്കേതികവിദ്യയുടെ മുന്നേറ്റം വിനാശകരമാകരുതെന്നും മറിച്ച് പാവപ്പെട്ടവർക്ക് അനുഗ്രഹമാകണമെന്നുമുള്ള എന്റെ ആഗ്രഹമായിരിക്കണം ഈ കഥ എഴുതാനുള്ള പ്രേരണ. അങ്ങിനെയൊന്നും ഉദ്ദേശിച്ച് എഴുതിയതല്ലെങ്കിലും പിന്നീട് ഒരു വായനക്കാരനെന്ന നിലയിൽ എന്റെ കഥയെ സമീപിച്ചപ്പോൾ തോന്നിയതാണിത്.

രാഷ്ട്രീയക്കാരും എന്നെ കയ്യൊഴിയുകയാണുണ്ടായത്. 'ഒരു ദിവസത്തിന്റെ മരണം' മലയാളത്തിലുണ്ടായ ഏറ്റവും നല്ല പ്രൊലിറ്റേറിയൻ കഥയാണെന്ന് ഒരാൾ പറഞ്ഞു. പക്ഷേ ഇടതുപക്ഷക്കാർ ആ കഥയെന്നല്ല പൊതുവേ എന്റെ കഥകളെ മുഴുവൻ അവഗണിക്കുകയാണുണ്ടായത്. വലതുപക്ഷക്കാർക്ക് പിന്നെ പാവപ്പെട്ടവരുടെ കഥയെഴുതുന്ന സാഹിത്യകാരനെ വേണോ?

ഒരു പള്ളി പൊളിക്കുമ്പോൾ ഞാൻ കഥയെഴുതിയില്ലെന്നു വരും. പൊളിച്ച കെട്ടിടത്തിന്റെ പൊടിപടലങ്ങൾ താഴുംമുമ്പ് കഥയെഴുതിയാൽ കയ്യടി വാങ്ങാം. അവാർഡുകൾ വാരാം. കയ്യടി വാങ്ങാനും അവർഡുകൾ വാരാനുമായി ഞാൻ ഇതുവരെ ഒരു കഥയെഴുതിയിട്ടില്ല. മറിച്ച് പള്ളിപൊളിച്ചത് സാംസ്കാരികമായ ഒരു ദുരന്തമെന്നതിനപ്പുറത്ത് രാഷ്ട്രീയവത്കരിക്കുകയും ഒരു ന്യൂനസമുദായത്തെ നിരന്തരം പ്രകോപിപ്പിക്കുകയും അതുവഴി അവരെ പീഡനത്തിന്റേയും ആത്മനാശത്തിന്റേയും വഴിയിൽ എത്തിക്കുകും ചെയ്യുമ്പോൾ വേദനിക്കുന്ന, രോഷാകുലമാകുന്ന ഹൃദയം 'ഷ്രോഡിങ്ങറുടെ പൂച്ച' പോലുള്ള കഥയെഴുതിയേക്കാം.

BACK TO INDEX

# ഒരെഴുത്തുകാരന്റെ സൃഷ്ടി തിരുത്തപ്പെടാമോ?

ഒരെഴുത്തുകാരന്റെ സൃഷ്ടി തിരുത്തപ്പെടാമോ? എനിക്കറിയില്ല, സത്യം. പക്ഷെ എന്റെ രണ്ടു മൂന്നു കൃതികൾ മറ്റുള്ളവരുടെ നിർദ്ദേശമനുസരിച്ച് തിരുത്തുകയുണ്ടായിട്ടുണ്ട്. എന്റെ ആദ്യകാല കഥകൾ തിരുത്തിയിരുന്നത് രണ്ടു പേരായിരുന്നു. ഒന്ന് അച്ഛൻ. അദ്ദേഹം നിർദ്ദേശങ്ങൾ തരിക മാത്രമാണ് ചെയിതിരുന്നത്. ഇങ്ങനെയാവുന്നതല്ലെ ഭംഗി, അല്ലെങ്കിൽ വാക്കുകളിലെ തെറ്റുകൾ തിരുത്തുക തുടങ്ങിയവ. എന്റെ 'ശിശിരം' എന്ന കഥയിൽ ഭഗീരഥി എന്നെഴുതിയത് അദ്ദേഹം തിരുത്തി; മാർജിനിൽ ഇങ്ങനെ ഒരു കുറിപ്പു കൊടുക്കുകയും ചെയ്തു. 'ഭഗീരഥന്റെ പുത്രി എന്ന അർത്ഥത്തിൽ ഭാഗീരഥി എന്നാണ്.' മറിച്ച് ഭാഷയിൽ അദ്ദേഹം വെറും നിർദ്ദേശങ്ങൾ മാത്രം. 'ഇങ്ങനെ പോരെ?', തുടങ്ങിയവ.

രണ്ടാമതായി എന്റെ കഥകൾ തിരുത്തിയത് എം.ടി.യായിരുന്നു. ഇതിനെപ്പറ്റി ഞാൻ മുമ്പൊരിക്കൽ എഴുതിയിട്ടുണ്ട്. എന്റെ 'ശിശിരം' എന്ന കഥയിൽ ഞാൻ എഴുതിയത്, 'അവസാനം അവൾ വന്നു, വിജയൻ മുഖമുയർത്തി മൂക്കു വിടർത്തി, കൈകൾ ഉയർത്തി നിന്നു; വടക്കൻ കാറ്റിനെ ആലിംഗനം ചെയ്യാനെന്ന പോലെ,' ആയിരുന്നു. ആ വാചകം ഇങ്ങനെ ആയാൽ പോരെ എന്ന് അച്ഛൻ ചാദിച്ചു.

'.........ഉയർത്തി നിന്നു ആലിംഗനം ചെയ്യാൻ; വടക്കൻ കാറ്റ് ഒരു മൂർത്ത ലാവണ്യമാണെന്ന പോലെ?' (ഇങ്ങിനെയാക്കിയാൽ കൂടുതൽ ഗുണമുണ്ടോ?) എന്ന ചോദ്യവും. (അച്ഛന്റെ തിരുത്തലുകളുള്ള ശിശിരത്തിന്റെ കൈയ്യെഴുത്തു പ്രതി ഞനെന്റെ വെബ് സൈറ്റിൽ ചേർത്തിട്ടുണ്ട്. ഠഠഠ.ലവമൃശസൗാമൃ.ീൃഴ).

ഞാൻ ആ കഥ അച്ഛൻ പറഞ്ഞപോലെ തിരുത്തി എം.ടി.യ്ക്കയച്ചു കൊടുത്തു. എം.ടി.യാകട്ടെ ആ കഥയിൽ ചെയ്ത തിരുത്തുകളിൽ ഈ വാചകവുമുണ്ടായിരുന്നു. 'മൂർത്ത ലാവണ്യ'മെന്നതിനു പകരം 'ലാവണ്യ വിഗ്രഹം' എന്നാക്കി മാറ്റി. മൂർത്ത ലാവണ്യമെന്നത് കുറേ അമൂർത്തമായൊരു പ്രയോഗമാണെന്നും വായനക്കാരിലത് ഏശില്ലെന്നും എം.ടി.ക്കു തോന്നിയിട്ടുണ്ടാകണം. അതാണ് അർത്ഥമൊന്നുതന്നെയാണെങ്കിലും 'ലാവണ്യ വിഗ്രഹം' എന്നദ്ദേഹം മാറ്റിയത്. 'ഞാൻ വരുത്തിയ തിരുത്തലുകൾ ശ്രദ്ധിക്കുമല്ലൊ' എന്ന് ഒരു ഗുരുനാഥൻ ശിഷ്യനോട് പറയും പോലെ എനിക്കെഴുതുകയും ചെയ്തു.

ഇതെല്ലാം എന്റെ ആദ്യകാല കഥകളുടെ കാര്യം. ഇപ്പോൾ ആരെങ്കിലും എന്റെ കഥകൾ തിരുത്തണമെന്നു പറഞ്ഞാലോ? ഉത്തരം ഇതാണ്. ശരിയാണെന്ന് തോന്നിയാൽ ഞാൻ തിരുത്തും. എന്റെ സാഹിത്യം വളയാൻ പ്രയാസമായ ഇരുമ്പുദണ്ഡമാണെന്ന് ഞാൻ കരുതുന്നില്ല. ആർക്കും ഒടിക്കാൻ പറ്റുന്ന മരച്ചില്ലയുമല്ല. എന്റെ രണ്ടു കഥകളും ഒരു നോവലും മറ്റുള്ളവരുടെ നിർദ്ദേശമനുസരിച്ച് തിരുത്തപ്പെട്ടിട്ടുണ്ട്. മൂന്നും കൃതികളുടെ അവസാന ഭാഗം. നിർദ്ദേശങ്ങൾ തന്നവരിൽ രണ്ട് പത്രാധിപന്മാരും ഒരു സഹൃദയനായ വായനക്കാരനുമുണ്ട്. ആദ്യം ഞാൻ വായനക്കാരന്റെ കാര്യം പറയാം, കാരണം ഞാൻ വായനക്കാരുടെ ഭാഗത്താണ്. ഒരെഴുത്തുകാരൻ എന്നതിനേക്കാൾ വലിയ വായനക്കാരൻ. ഇതിൽ മേനി പറയാനൊന്നുമില്ല. ഏതൊരു

മികച്ച എഴുത്തുകാരനും അതിനേക്കാൾ മികച്ച വായനക്കാരനാകണം. എങ്കിലേ നല്ല സാഹിത്യം രചിക്കാനാകു.

'സൂര്യകാന്തി പൂക്കൾ' എന്ന കഥ 1987-ലാണ് കലാകൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയത്. വാരിക കിട്ടിയ ഉടനെ മാങ്ങോട്ട് കൃഷ്ണകുമാർ വീട്ടിൽ വന്നു, ക്ഷോഭിച്ചുകൊണ്ട്. കൃഷ്ണകുമാറിന്റെ വരവ് എപ്പോഴും വളരെ നാടകീയമായാണ്. വരവ് ഒരു കൊടുങ്കാറ്റു പോലെയാണ്, തിരിച്ചു പോക്ക് ഒരിളം കാറ്റിന്റെ കുളിർമ്മ തന്നുകൊണ്ടും. വാതിൽ തുറന്ന ഉടനെ അദ്ദേഹം ഇരച്ചു കയറി, നടന്നുകൊണ്ടു തന്നെ സംസാരിച്ചു.

'നിങ്ങൾ വായനക്കാരെ കൊച്ചാക്കുന്ന പണി നിർത്തണം.'

ഞാൻ ഒന്നും മനസ്സിലാവാതെ നിൽക്കുകയാണ്. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചു.

'നിങ്ങൾ ഒരു നല്ല കഥ കൊണ്ടു പോയി അവസാനം നശിപ്പിച്ചു.'

അപ്പോൾ അതാണ് കാര്യം. കഥയുടെ അവസാനഭാഗം. ശരിയാണ്, ഞാൻ ആ ഖണ്ഡിക എഴുതുന്നതിനുമുമ്പ് നാലു വട്ടം ആലോചിച്ചതാണ്. അതു വേണോ, വേണ്ടേ? കാര്യമിതാണ്. ആ അവസാനത്തെ വാക്യമില്ലെങ്കിൽ എന്റെ കഥയുടെ കാതലായ അംശം വായനക്കാർക്ക് മനസ്സിലാവാതെ പോകുമോ എന്ന ഭയം. ഈ ഭയം ഓരോ കഥയെഴുതുമ്പോഴും എനിക്കുണ്ടാവാറുണ്ട്. വായനക്കാരന് എന്നെ മനസ്സിലാവില്ലേ എന്ന ഭയം. ആവശ്യമില്ലാത്തൊരു തെറ്റിദ്ധാരണയാണത്. എല്ലാ തരത്തിലുള്ള വായനക്കാരനും ആസ്വദിക്കാനുള്ള അംശം എന്റെ കഥകളിലുണ്ട്. അവർ അതെടുത്തുകൊള്ളും, എന്റെ സഹായമില്ലാതെത്തന്നെ. 'സൂര്യകാന്തിപ്പൂക്ക'ളിലെ അവസാന വാക്യം ഇതാണ്:

*'തീവണ്ടിയിൽ വരുമ്പോൾ സഹ്യന്റെ താഴ്‌വരയിൽ സൂര്യകാന്തിപ്പൂക്കൾ വിടർന്നു നിൽക്കുന്നതു കണ്ടതയാൾ ഓർത്തു. വ്യർത്ഥമെന്ന് കരുതിയിരുന്ന തന്റെ കർമ്മങ്ങൾ ഒട്ടു വൃഥാവിലായില്ലെന്നയാൾ കണ്ടു. അതൊരു പുതിയ അറിവിന്റെ ആരംഭമായിരുന്നു. താൻ നടന്നുവന്ന ദുഷ്കരമായ പാതയിലേക്ക് തിരിഞ്ഞു നോക്കാതിരിക്കാൻ അതയാളെ പഠിപ്പിച്ചു.'*

ഞാൻ അല്പനേരം പിടിച്ചുനിൽക്കാൻ ശ്രമിച്ചു. ഞാൻ പറഞ്ഞു.

'ഈ വാക്യം വായിച്ചു കഴിഞ്ഞശേഷം അതിന്റെ ആവശ്യമില്ലെന്ന് പറയാൻ എളുപ്പമാണ്. പക്ഷെ ഈ വാക്യമില്ലായിരുന്നെങ്കിൽ നിങ്ങൾക്കാ കഥ ആസ്വദിക്കാൻ പറ്റിയില്ലെങ്കിലോ?'

'പറ്റും, എന്നെപ്പോലത്തെ ഒരു വായനക്കാരന് ആ ഖണ്ഡികയുടെ ആവശ്യമില്ല. അത് നിങ്ങളുടെ കഥയെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. അത് മാറ്റണം.'

എഴുതുമ്പോൾ എന്റെ മനസ്സിലുണ്ടായിരുന്ന സന്ദേഹങ്ങൾ ഇപ്പോൾ കൃഷ്ണകുമാറിന്റെ രൂപത്തിൽ വന്ന് വേട്ടയാടുകയാണ്. ഞാൻ സമ്മതിച്ചു.

'ശരി, പുസ്തകമാക്കുമ്പോൾ ഞാനതു മാറ്റാം.'

പുസ്തകത്തിൽ 'സൂര്യകാന്തിപ്പൂക്കൾ' അവസാനിക്കുന്നത് *'തീവണ്ടിയിൽ വരുമ്പോൾ സഹ്യന്റെ താഴ്‌വരയിൽ സൂര്യകാന്തിപ്പൂക്കൾ വിടർന്നു നിൽക്കുന്നതു കണ്ടതയാൾ ഓർത്തു.'* എന്നിടത്താണ്. എന്റെ വളരെ നല്ല കഥകളിലൊന്നായ സുര്യകാന്തിപ്പൂക്കളെ രക്ഷിച്ചതിന് കൃഷ്ണകുമാറിന് നന്ദി.

ഇതുപോലെ ഒരു പത്രാധിപർ എന്റെ നല്ലൊരു കഥ രക്ഷിച്ച സന്ദർഭമുണ്ടായിട്ടുണ്ട്. ജമാൽ കൊച്ചങ്ങാടിയാണ് ആ പത്രാധിപർ. 'മാധ്യമം' വാരിക 1997

ൽ ഇറക്കിയ ദശവാർഷികപ്പതിപ്പിന് അദ്ദേഹം കഥ ആവശ്യപ്പെട്ടു. കഥയെഴുതി അയച്ചുകൊടുത്തു. 'സാന്ത്വനത്തിന്റെ താക്കോൽ'. വായിച്ച ഉടനെ അദ്ദേഹം മറുപടി എഴുതി. 'വളരെ മനോഹരമായ കഥ, പക്ഷെ അവസാനം ശരിയായില്ല. ഇതു പറ്റില്ല. ഉടനെ മാറ്റിയെഴുതി അയച്ചു തരു.' ഒരു നല്ല കഥ നശിപ്പിച്ചതിന്റെ സങ്കടത്തിലായിരുന്നു ജമാൽ. ഒരു കഥയെഴുതിക്കഴിഞ്ഞാൽ അതു മാറ്റുക എളുപ്പമല്ല. 'സൂര്യകാന്തിപ്പൂക്ക'ളിൽ അവസാനത്തെ ഖണ്ഡിക മുറിച്ചു കളയുകയേ വേണ്ടിയിരുന്നുള്ള. ഒരു ചെറിയ ഓപ്പറേഷൻ മാത്രം. മറിച്ച് ഇതങ്ങിനെയല്ല. ഞാൻ രണ്ടു മൂന്നു ദിവസം ശരിക്കും ധ്യാനത്തിലായിരുന്നു. എന്റെ കഥാപാത്രങ്ങളുടെ വിധിയെടുത്താണ് ഞാൻ കളിക്കുന്നത്. നല്ലവണ്ണം ആലോചിക്കണം. അവർക്ക് ഇപ്പോഴുള്ളതിനേക്കാൾ നല്ല ജീവിതം കൊടുക്കുകയാണ് വേണ്ടത്. അവരുടെ പ്രതിച്ഛായ നശിപ്പിക്കുകയുമരുത്. എന്താണ് എഴുതേണ്ടതെന്ന് മൂന്നാം ദിവസത്തിന്റെ അന്ത്യത്തിൽ ഒരു ഉൾവിളിയായി എനിക്കു കിട്ടി. അവസാനത്തെ രണ്ടോ മൂന്നോ ഖണ്ഡിക മാറ്റേണ്ടി വന്നു. ഇങ്ങനെയാണ് കഥ അവസാനിക്കുന്നത്:

*'ഈ താക്കോൽ.....' അവൾ നിർത്തി. ആ താക്കോൽ അവളെ സംബന്ധിച്ചേടത്തോളം ഒരു സ്വകാര്യസ്വത്തായി മാറിയിരുന്നു. മുമ്പൊരിക്കലും ആ തോന്നലുണ്ടായിട്ടില്ല. ഹോട്ടലിൽ കാർട്ടേഴ്സ് ആയി കിട്ടുന്ന മുറികളൊന്നും അവളിൽ ഈ വികാരമുണ്ടാക്കിയിരുന്നില്ല. ഈ താക്കോലിൽ അവളാഗ്രഹിച്ചിരുന്ന മമതയുണ്ട്, സ്വകാര്യതയുണ്ട്, സാന്ത്വനമുണ്ട്.*

*'ഈ താക്കോൽ......' അവൾ ചോദിച്ചു. 'ഇതു ഞാൻ കയ്യിൽ വെച്ചോട്ടെ? എന്നെങ്കിലും വല്ലാതെ വിഷമം തോന്നുമ്പോൾ എനിക്കിതാവശ്യമാവും.'*

ഈ വാക്യത്തിൽ ആ കാബറെ നർത്തകിയുടെ തേങ്ങലുണ്ട്. കഥ കിട്ടിയ ഉടനെ ജമാലിന്റെ കത്തു കിട്ടി. 'അഭിനന്ദനങ്ങൾ, കഥ ഇപ്പോൾ മനോഹരമായിരിക്കുന്നു.'

ഞാൻ ജമാൽ കൊച്ചങ്ങാടിയോട് കടപ്പെട്ടിരിക്കുന്നു. ഈ കഥ പ്രസിദ്ധപ്പെടുത്തിയ ഉടനെ സിവിക് ചന്ദ്രന്റെ കത്തുണ്ടായിരുന്നു.

'മാധ്യമത്തിൽ വന്ന കഥ. ഈ ശില്പഭംഗിയുള്ള കഥ എനിക്ക് സിനിമയാക്കണം. അതിനുള്ള അനുവാദം തരണം.'

ചെയ്തുകൊള്ളാൻ ഞാൻ കത്തെഴുതി. അദ്ദേഹം ഇതുവരെ അതു ചെയ്തിട്ടില്ല. ഇനി എന്നെങ്കിലും അദ്ദേഹം അതു ചെയ്യുകയാണെങ്കിൽ എനിക്കു സന്തോഷമേയുള്ളു, കാരണം അതു ചെയ്യുന്നത് സിവിക് ചന്ദ്രൻ ആണെന്നതുകൊണ്ട്.

എന്റെ 'കൊച്ചമ്പ്രാട്ടി' എന്ന നോവൽ രക്ഷിച്ചത് മറ്റൊരു പ്രഗല്ഭനായ പത്രാധിപരായിരുന്നു. എസ്. ജയചന്ദ്രൻ നായർ. മലയാളം വാരികയിൽ തുടർച്ചയായി കൊടുക്കാൻ നല്ലൊരു നോവൽ വേണമെന്ന് അദ്ദേഹം കുറേക്കാലമായി പറയാറുള്ളതാണ്. കൊച്ചമ്പ്രാട്ടി എഴുതിയപ്പോഴാണ് എനിക്കു തോന്നിയത് അത് മലയാളത്തിൽ തുടർച്ചയായി വന്നാൽ നന്നാവുമെന്ന്. നോവൽ ജയചന്ദ്രൻ നായർക്ക് അയച്ചു കൊടുത്തു. ഒരാഴ്ചക്കുള്ളിൽ അദ്ദേഹത്തിന്റെ ഫോൺ വന്നു. 'നോവൽ വായിച്ചു, കുറച്ചു കാര്യങ്ങൾ നേരിൽ പറയാനുണ്ട്, സൗകര്യപ്പെട്ടാൽ ഉടനെ വരു.'

ചെന്നു, കണ്ടു. അദ്ദേഹം പറഞ്ഞു. 'കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ മലയാളത്തിൽ വന്ന നല്ല നോവലുകളിലൊന്നാണ് ഇത്. പക്ഷെ ഹരി അതു നശി

പ്പിച്ചു. എന്താണ് അവസാനം ചെയ്തിരിക്കണത്? ഇങ്ങിനെയൊന്നും അതിലെ കഥാപാത്രങ്ങൾക്ക് പെരുമാറാൻ കഴിയില്ല. ഇങ്ങനെയൊന്നുമല്ല നോവൽ അവസാനിക്കേണ്ടത്. അവസാനത്തെ രണ്ട് അദ്ധ്യായങ്ങൾ മാറ്റിയേ പറ്റൂ. അങ്ങിനെ ചെയ്താൽ അത് മികച്ചൊരു നോവലാവും. ഇതാ കൊണ്ടുപോകു. മാറ്റിക്കൊണ്ടുവരു.'

ശരിയാണ് നോവലിന്റെ അവസാനത്തിൽ ആദർശവാദത്തിന്റെ പേരിൽ ഞാൻ കുറച്ചു കള്ളത്തരം കാണിച്ചു. സാധാരണ ഞാൻ കഥാപാത്രങ്ങളുടെ ഗതിവിഗതികളിൽ ഇടപെടാറില്ല. അവരുടെ ജീവിതം അവർ തന്നെ തിരഞ്ഞെടുക്കുകയാണ്. അതു ഞാൻ കടലാസിലാക്കുന്നുവെന്നേയുള്ളു. ഇവിടെ ഞാൻ കുറച്ചു ബലം പ്രയോഗിച്ചു തന്നെ അവരെ വഴി മാറി നടത്താൻ നോക്കി. അതാണ് ജയചന്ദ്രൻ നായർക്കിഷ്ടമാവാത്തത്. അറുപതുകൾ മുതൽ എന്റെ കഥകൾ വായിക്കുകയും, എഴുപതുകളുടെ മധ്യത്തിൽ സ്വന്തമായി ഒരു വാരികയുടെ (കലാകൗമുദി) ചുമതല ലഭിച്ചപ്പോൾ എന്റെ കഥകൾ അതിൽ വരണമെന്ന് നിർബ്ബന്ധം പിടിക്കുകയും ചെയ്ത ആ മനുഷ്യന് ഞാൻ രചനയിൽ കള്ളം കാണിച്ചപ്പോൾ പെട്ടെന്ന് മനസ്സിലായി, മാത്രമല്ല എന്റെ ആദർശവാദം നോവലിന്റെ സൗന്ദര്യം എങ്ങിനെ നശിപ്പിച്ചുവെന്നതും.

മാറ്റാമെന്നു ഞാൻ സമ്മതിച്ചു. എനിക്ക് ഏകദേശം ഒരു മാസം വേണ്ടിവന്നു അവസാനത്തെ രണ്ട് അദ്ധ്യായങ്ങൾ മാറ്റിയെഴുതാൻ. മാറ്റിയെഴുതിയ അദ്ധ്യായങ്ങൾ ജയചന്ദ്രൻ നായർക്ക് ഇഷ്ടപ്പെട്ടു.

മറ്റൊരു നോവൽ തിരുത്തിയതിനെപ്പറ്റി പറഞ്ഞാലല്ലാതെ ഈ ലേഖനം പൂർണ്ണമാവുകയില്ല. എന്റെ 'തടാകതീരത്ത്' എന്ന നോവലാണത്. ദീപിക വാരാന്ത്യപ്പതിപ്പിലേയ്ക്ക് നോവൽ വേണമെന്ന് ആവശ്യപ്പെട്ടത് പത്രാധിപസമിതിയിലുണ്ടായിരുന്ന ടോണി ചിറ്റേട്ടുകളം ആയിരുന്നു. അറുപതികളിലെ കൽക്കത്തയുടെ പശ്ചാത്തലത്തിൽ ഒരു നോവലെഴുതണമെന്ന് കുറേക്കാലമായി ആഗ്രഹിക്കുന്നു. ശരിക്കു പറഞ്ഞാൽ രണ്ടു മൂന്ന് അദ്ധ്യായങ്ങൾ എഴുതിവെയ്ക്കുകകൂടി ചെയ്തിരുന്നു. ആ നോവൽ മുഴുമിക്കാമെന്നും അത് ദീപികയ്ക്ക് അയക്കാമെന്നും കരുതി. എഴുതിത്തുടങ്ങിയപ്പോഴാണ് ടോണി പറയുന്നത്, നോവൽ വേഗം വേണം; ആയിടത്തോളം അയച്ചു തരു. അവർക്കതു തുടങ്ങാൻ ധൃതിയുണ്ട്. ഞാൻ എഴുതിത്തീർന്ന അഞ്ച് അദ്ധ്യായങ്ങൾ അയച്ചുകൊടുത്തു. ടോണിയ്ക്ക് വളരെ സന്തോഷമായി. മറ്റദ്ധ്യായങ്ങളും വേഗം എഴുതിത്തീർക്കാൻ ആവശ്യപ്പെട്ടു. അഞ്ചദ്ധ്യായങ്ങൾ കഴിഞ്ഞതോടെ എഴുത്തിന്റെ താളം കിട്ടി, തുടർച്ചയായി എഴുതാൻ പറ്റി. പിന്നീട് ഓരോ ആഴ്ചത്തേയ്ക്കുള്ള അദ്ധ്യായം അപ്പപ്പോൾ എഴുതിക്കൊടുക്കുകയെന്ന നില വന്നു. നോവലിനെപ്പറ്റി ടോണി വളരെ നല്ല അഭിപ്രായം പറഞ്ഞു. പക്ഷെ ഇരുപത്തിരണ്ടോ, ഇരുപത്തി മൂന്നോ അദ്ധ്യായം കഴിഞ്ഞപ്പോഴാണ് പ്രശ്നങ്ങൾ തലപൊക്കിയത്. യാഥാസ്ഥികരായ ചില വായനക്കാർ നോവലിനെപ്പറ്റി വളരെ മോശം അഭിപ്രായം പറഞ്ഞു. അവരുടെ അഭിരുചികളോട്, വിശ്വാസപ്രമാണങ്ങളോട് ഒട്ടും തന്നെ ചേരാത്തതാണ് നോവലിന്റെ ഉള്ളടക്കവും രചനയും. അതുകൊണ്ട് പ്രസിദ്ധീകരണം ഉടനെ നിർത്തണമെന്നവർ ആവശ്യപ്പെട്ടു. നോവൽ തീരാൻ മൂന്നോ നാലോ അദ്ധ്യായങ്ങൾ കൂടി ഉള്ളപ്പോഴാണത് സംഭവിച്ചത്. ടോണിയും ഒപ്പം തന്നെ പത്രാധിപസമിതിയിലുള്ള മറ്റൊരെഴുത്തുകാരനും (അദ്ദേഹത്തിന്റെ പേർ ഓർമ്മയില്ല; പത്തു കൊല്ലം മുമ്പു നടന്ന കാര്യമാണ്) ധർമ്മസങ്കടത്തിലായി. കാര്യമെന്താണെന്നറിഞ്ഞപ്പോൾ ഞാനതി

ലേറെ ധർമ്മസങ്കടത്തിലായി. നോവൽ നിർത്താൻ ആവശ്യപ്പെടാം, പക്ഷെ അത് ദീപികയെപ്പോലുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ അന്തസ്സിനു നിരക്കുന്നതായിരിക്കയില്ല. നോവലിന്റെ ഗതി മാറ്റുന്നതിനെപ്പറ്റി ആലോചിക്കാൻ പോലും കഴിയില്ല. അവസാനം ഒരു തീരുമാനമെടുത്തു. രണ്ടദ്ധ്യായങ്ങൾ കൂടി എഴുതി നോവൽ അവസാനിപ്പിച്ചുവെന്ന് തോന്നിക്കുക. പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ മാറ്റി ഞാനുദ്ദേശിച്ച പോലെ അവസാനിപ്പിക്കുകയുമാവാം. രണ്ടദ്ധ്യായം കൂടി എഴുതി നോവലവസാനിപ്പിച്ചു.

പിന്നീട് മാറ്റിയെഴുതുമ്പോഴാണ് മനസ്സിലായത്, വളരെ വിഷമം പിടിച്ച ഒരു കാര്യമാണതെന്ന്. മാറ്റി എഴുതാൻ കുറേ കഷ്ടപ്പെട്ടു. എന്തായാലും മാറ്റിയെഴുതിയ നോവൽ എനിക്കിഷ്ടപ്പെട്ടു. മാത്രമല്ല എന്റെ ഏറ്റവും നല്ല നോവലേതാണെന്ന് ചോദിച്ചാൽ മറുപടി 'തടാകതീരത്ത്' എന്നാണ് താനും, 'കൊച്ചമ്പ്രാട്ടി'യോ 'ആസക്തിയുടെ അഗ്നിനാളങ്ങ'ളോ അല്ല. എറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം അതിലെ ആംഗ്ലോ ഇന്ത്യൻ ഫ്രാങ്കുമാണ്.

ഇതിനോടൊപ്പം ചേർത്തു വായിക്കാൻ ഒരു സംഭവം കൂടിയുണ്ടായി. 2000ത്തിലെ പുതുവത്സരപ്പതിപ്പിനു വേണ്ടി ഒരു പത്രാധിപർ കഥയാവശ്യപ്പെട്ടിരുന്നു. (അദ്ദേഹത്തിനു വിഷമമാവേണ്ട എന്നതുകൊണ്ട് ഞാൻ പേർ പറയുന്നില്ല.) എന്റെ വളരെ അടുത്ത സ്നേഹിതനായിരുന്ന അദ്ദേഹത്തിനു കൊടുക്കാനായി ഞാനൊരു കഥയെഴുതി അയച്ചുകൊടുക്കുകയും ചെയ്തു. രണ്ടാഴ്ചയ്ക്കു ശേഷം അദ്ദേഹത്തിന്റെ കത്തുണ്ടായിരുന്നു, കഥ തനിയ്ക്കിഷ്ടപ്പെട്ടു, പക്ഷെ അതു പ്രസിദ്ധീകരണത്തിൽ ചേർക്കാൻ ഇവിടെ പരക്കെ എതിർപ്പുണ്ട്. ഞാൻ വിഷമത്തിലായിരിക്കയാണ്. അതു കൈവിടാൻ താല്പര്യമില്ല, കൊടുക്കാൻ പറ്റുകയുമില്ല. എന്താണ് വേണ്ടത്? എനിക്കു വിഷമമാവുമെന്നാണദ്ദേഹം കരുതിയത്. എഴുതാൻ സ്വതവേ നല്ല മടിയുള്ള എനിക്ക് അത് ഒരനുഗ്രഹമാവുകയാണുണ്ടായത്. കാരണം മറ്റു പ്രസിദ്ധീകരണങ്ങൾ ഓണപ്പതിപ്പുകൾക്കുള്ള സന്നാഹങ്ങൾ തുടങ്ങാറായിരിക്കുന്നു. മലയാള മനോരമയാണ് ആദ്യം കഥയ്ക്കാവശ്യപ്പെടുക. ശ്രീ. മണാർകാട് മാത്യു മാർച്ചിൽത്തന്നെയോ അതിനു മുമ്പോ കഥ ആവശ്യപ്പെടും. അദ്ദേഹത്തിന് കൊടുക്കാൻ കഥ തയ്യാറായി എന്നർത്ഥം. കഥ പ്രസിദ്ധീകരിക്കാത്തതിൽ എനിക്കൊരു വിഷമവുമില്ല എന്നും ആ കാര്യത്തിൽ അദ്ദേഹത്തിന് മനസ്താപമുണ്ടാവണ്ടാ എന്നും ഞാൻ അറിയിച്ചു.

കഥ ഏതാണെന്നറിയാമോ? 'കറുത്ത തമ്പ്രാട്ടി.' എനിക്ക് ഏറ്റവും കൂടുതൽ നല്ല അഭിപ്രായം കിട്ടിയിട്ടുള്ളത് ഈ കഥയ്ക്കാണ്, നിരൂപകരിൽ നിന്നും വായനക്കാരിൽനിന്നും. പ്രൊഫ. എം. കൃഷ്ണൻ നായർ അദ്ദേഹത്തിന്റെ സാഹിത്യവാരഫലത്തിൽ ഒരു നീണ്ട ഖണ്ഡികയിൽ ഈ കഥയെപ്പറ്റി പറഞ്ഞതിനൊടുവിൽ ഇങ്ങിനെ എഴുതി:

'വജ്രം സ്ഫടികത്തെ കീറുന്നതുപോലെ ഈ കഥാവജ്രം അനുവാചകമനസ്സിനെ കീറുന്നു. ഫ്യൂഡൽ പ്രഭുവിന്റെ സെക്സ് എത്ര ക്രൂരമാണെന്ന് അത് ആഴത്തോളം ചെന്നു സ്പഷ്ടമാക്കിത്തരുന്നു. പണയംവയ്ക്കപ്പെട്ട സ്ത്രീയുടെ മകളുടെ ദുരന്തത്തിന് ഒരു ഗ്രീക്ക് ട്രാജഡിയുടെ പ്രഭാവം ഉണ്ടാകുന്നു. ഹരികുമാർ വായനക്കാരുടെ ബഹുമാനവും സ്നേഹവും നേടുന്നു.'

എന്റെ കഥകളിൽ ഏറ്റവും നല്ലതെന്ന് ഞാൻ കരുതുന്നതും ഈ കഥ തന്നെ. അങ്ങിനെയൊക്കെയാണ് കാര്യങ്ങൾ.

BACK TO INDEX

# വാക്കും വരയും

ആർട്ടിസ്റ്റ് നമ്പൂതിരിയുടെ രേഖാചിത്രത്തോടെ മാതൃഭൂമിയിൽ 1969ൽ പ്രസിദ്ധീകരിച്ച എന്റെ ആദ്യത്തെ കഥയാണ് 'ശിശിരം'. ഒരു സ്വപ്നാടകനായ ചെറുപ്പക്കാരന്റെ കഥയാണത്. കൽക്കത്തയിൽ ദൽഹൗസി സ്‌ക്വയറിലുള്ള ഓഫീസിൽനിന്ന് ഒരു മദ്ധ്യാഹ്നത്തിൽ ദക്ഷിണേശ്വരത്തേയ്ക്കുള്ള ബസ്സ് പിടിക്കാനായി മേലധികാരി അറിയാതെ പുറത്തിറങ്ങുന്ന അയാൾ ദക്ഷിണേശ്വരത്തെ പാലത്തിനു മുകളിൽ കയറി നിൽക്കുകയാണ്, ശിശിരത്തിന്റെ ആദ്യത്തെ കുളിർതെന്നലിനെ സ്വീകരിക്കാനായി. ഒരാഴ്ച പോയിനിന്നതിനുശേഷമാണ് അയാൾക്ക് അതനുഭവിക്കാനുള്ള ഭാഗ്യമുണ്ടായത്. ആ കാറ്റ് അയാളിലുണ്ടാക്കുന്ന അനുഭൂതിയും ആത്മാവിൽ നിറയ്ക്കുന്ന സംഗീതവുമാണ് വിഷയം. ആ നിമിഷത്തെ ശ്രീ നമ്പൂതിരി ശാശ്വതീകരിച്ചിരിക്കുന്നു.

'നോക്കു ഈ ചിത്രം കണ്ടാൽ മാത്രം മതി, ആ കഥ വായിക്കണംന്നില്ല. എന്റെ മനസ്സിലുണ്ടായിരുന്ന മുഴുവൻ അനുഭൂതിയും ആ ഒരു ചിത്രത്തിൽ കാണ്ണ്ണ്ട്.' ടാബ്‌ളറ്റിൽ ആ ചിത്രം വലുതാക്കി കാണിച്ചുകൊടുത്തുകൊണ്ട് ഞാൻ ആർട്ടിസ്റ്റ് നമ്പൂതിരിയോട് പറഞ്ഞു. ഞങ്ങൾ നാലുപേർ – ഞാനും അനുജൻ മാധവനും ഭാര്യമാരായ ലളിതയോടും സുശീലയോടുമൊപ്പം ഈ മാസം 21-ാം തിയ്യതി അദ്ദേഹത്തെ കാണാൻ പോയതായിരുന്നു. എന്റെ നാൽപ്പതോളം ചെറുകഥകൾക്കും മൂന്ന് നോവലുകൾക്കും വേണ്ടി വാരികകളിൽ ചിത്രീകരണം നിർവ്വഹിച്ചത് അദ്ദേഹമായിരുന്നു; പ്രത്യേകിച്ചും കലാകൗമുദിയിൽ വന്ന ദിനോസറിന്റെ കുട്ടി, സൂര്യകാന്തിപ്പൂക്കൾ, ശ്രീപാർവ്വതിയുടെ പാദം, കാനഡയിൽനിന്നൊരു രാജകുമാരി തുടങ്ങിയ കഥകൾ. ആ സ്‌കെച്ചുകൾ ഒറ്റയ്ക്കും, സ്‌കെച്ചുകൾ കഥകളുടെയും നോവലുകളുടെയും ഒപ്പം ചേർത്തതും ഉൾക്കൊള്ളിച്ച് ഒരു സി.ഡി.യുണ്ടാക്കി ആർട്ടിസ്റ്റ് നമ്പൂതിരിയ്ക്ക് സമർപ്പിയ്ക്കാൻ പോയതായിരുന്നു ഞങ്ങൾ.

അദ്ദേഹം മുമ്പിലുള്ള ചിത്രത്തിൽ കുറച്ചുനേരം നോക്കിയിരുന്നു. നാൽപ്പത്തഞ്ചു വയസ്സുമാത്രമുള്ളപ്പോൾ വരച്ച ആ ചിത്രം അദ്ദേഹത്തെ ഓർമ്മകളുടെ ഒട്ടും മങ്ങിയിട്ടില്ലാത്ത പാതയിലൂടെ ബഹുദൂരം പിന്നോക്കം കൊണ്ടുപോയെന്നു തോന്നുന്നു. മാതൃഭൂമിയിൽ അദ്ദേഹം വരച്ചിരുന്ന മേശ, സഹപ്രവർത്തകരായ എ.എസ്സും, എം.വി. ദേവനും, അന്ന് പത്രാധിപരായ എം.ടി.യും മറ്റു സഹപ്രവർത്തകരുമായുള്ള സൗഹൃദം, വി.കെ.എൻ. കഥകൾക്കും മറ്റും ചിത്രീകരണം നടത്തിയിരുന്നത്, അങ്ങിനെ പല ഓർമ്മകൾ അദ്ദേഹം ഞങ്ങളുമായി പങ്കിട്ടു. വി.കെ.എൻ കഥകൾ കിട്ടുമ്പോൾ എം.ടി. അവയുടെ ചിത്രീകരണത്തിനായി നമ്പൂതിരിയ്ക്ക് മാത്രം കൊടുത്തിരുന്നത്, വി.കെ.എന്നിൽനിന്നും കിട്ടിയിരുന്ന നർമ്മം കലർന്ന അഭിനന്ദനങ്ങൾ എല്ലാം ഓർക്കുകയായിരുന്നു അദ്ദേഹം.

'ചിത്രീകരണം നന്നാവണങ്കിൽ കഥയും നന്നാവണം, അതിൽ ധാരാളം ചിത്രങ്ങൾ അടങ്ങിയിട്ടുണ്ടാകണം' തിരുമേനി പറഞ്ഞു. 'അങ്ങിനെള്ള കഥ

കൾക്കും നോവലുകൾക്കും വേണ്ടി വരയ്ക്കണത് സംതൃപ്തി തരും. ചിത്രങ്ങളും നന്നാവും. ചില കഥകളിൽനിന്ന് ആ ചിത്രങ്ങൾ കിട്ടുന്നില്ല. അങ്ങിനെയാകുമ്പോൾ വര വിഷമം പിടിച്ചതാവും. നന്നാവണംന്നൂംല്യ. ഒരിക്കൽ, തൊള്ളായിരത്തി അറുപതിലാണെന്നു തോന്നുണു, തോമസ് മന്റെ 'മാറ്റിവച്ച തലകൾ' (ൗൃമിുീലെറ ഒലമറ യ്യ ഠവീാമ ങമി) എന്ന നോവല്ല എം.ആർ. ചന്ദ്രശേഖരൻ തർജ്ജമ ചെയ്തത് മാതൃഭൂമി പ്രസിദ്ധീകരിച്ചിരുന്നു. അതിനു വേണ്ടി വരയ്ക്കാൻ എം.ടി. എന്നെ ഏൽപിച്ചു. നോവൽ വായിച്ച ശേഷം വരയ്ക്കാൻ പറ്റില്ലെന്നു പറഞ്ഞ് തിരികെ കൊടുക്ക്വാണ്ണ്ടായത്. ദേവനായിരുന്നു പിന്നെ അതിലെ ചിത്രങ്ങൾ വരച്ചത്.'

എം.ടി.യുടെ രണ്ടാമൂഴത്തിലെ രേഖാചിത്രങ്ങളെപ്പറ്റി ഞാൻ ചോദിച്ചു. മനസ്സറിഞ്ഞ്, ആസ്വദിച്ചുകൊണ്ട് വരച്ച ചിത്രങ്ങളായിരുന്നു അവ എന്നു പറഞ്ഞു. പൊതുവേ എം.ടി.യുടെ നോവലുകളിലും കഥകളിലും ധാരാളം ചിത്രങ്ങൾ അന്തർലീനമാണെന്നും അതുകൊണ്ട് വരയ്ക്കാൻ എളുപ്പമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എന്റെ കഥകളുടെ രേഖാചിത്രങ്ങൾ ഓരോന്നായി അദ്ദേഹത്തെ കാണിച്ചു. 'ദിനോസറിന്റെ കുട്ടി'യെപ്പറ്റി അദ്ദേഹം പറഞ്ഞു. ആ കഥയിൽ നല്ലൊരു ചിത്രമുണ്ട്, അതാണദ്ദേഹം വരച്ചത്. ഇരുപതടി ഉയരമുള്ള കുട്ടിദിനോസർ ഒന്നാം നിലയിലുള്ള ആറു വയസ്സുകാരൻ രാജീവിനെ ജാലകത്തിലൂടെ ഉറ്റുനോക്കുന്നത്. ആ കുട്ടി അഴികൾക്കിടയിലൂടെ അതിന്റെ മുഖം തൊടാൻ ശ്രമിക്കുന്നത്. ചിത്രം വലുതാക്കി കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷമായി. അതുപോലെത്തന്നെ 'ശ്രീപാർവ്വതിയുടെ പാദം' 'സൂര്യകാന്തിപ്പൂക്കൾ' തുടങ്ങിയ കഥകളിലെയും 'ആസക്തിയുടെ അഗ്നിനാളങ്ങൾ' 'കൊച്ചമ്പ്രാട്ടി' എന്നീ നോവലുകളിലെയും രേഖാചിത്രങ്ങൾ.

'സൂര്യകാന്തിപ്പൂക്ക'ളിലെ ചിത്രങ്ങൾ, പ്രത്യേകിച്ചും രേണുവിന്റെ മാസങ്ങൾമാത്രം പ്രായമായ മകൾ കസേലയിലിരിക്കുന്ന ദാസന്റെ അടുത്തേയ്ക്ക് കുഞ്ഞിച്ചന്തിയും കാട്ടി മുട്ടുകുത്തിപ്പോകുന്ന രംഗം കണ്ടപ്പോൾ തിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു. 'അതൊരു നല്ല കഥയാണ്.'

ഏതൊരു സാഹിത്യസൃഷ്ടിയും അതു മികച്ചതാണെങ്കിൽ നിറയെ ചിത്രങ്ങളാൽ സമൃദ്ധമായിരിക്കുമെന്നും, താൻ ചെയ്യുന്നത് ആ ചിത്രങ്ങളെ കടലാസിലേയ്ക്കു പകർത്തുക മാത്രമാണെന്നും ശ്രീ. നമ്പൂതിരി പറഞ്ഞു. 'വാക്കുകളെ വരകളാക്കുന്ന മാന്ത്രികവിദ്യ, അല്ലെ,' ഞാൻ പറഞ്ഞു. 'അതു മാത്രം പോര ഈ ചിത്രങ്ങൾ ഒരു ജീനിയസ്സിന്റെ വിരൽത്തുമ്പിലൂടെ മാത്രമേ പുറത്തുവരൂ. തിരുമേനിയ്ക്ക് ആറാമതൊരിന്ദ്രിയമുണ്ട്. അതിലൂടെയാണ് തിരുമേനി എഴുത്തുകാരന്റെ നിഗൂഢവും സർഗ്ഗാത്മകവുമായ മനസ്സിലേയ്ക്ക് യാത്ര ചെയ്യാനും അയാൾ ഉദ്ദേശിച്ച തരത്തിൽത്തന്നെയുള്ള കഥാപാത്രങ്ങൾക്കുയിരേകാനും കഴിയുന്നത്.' എന്റെ 'പ്രാകൃതനായ തോട്ടക്കാരൻ' എന്ന കഥയെപ്പറ്റി ഞാൻ സൂചിപ്പിച്ചു. പ്രഭു തോട്ടം ഏല്പിക്കുമ്പോൾ അതൊരു തരിശുനിലം മാത്രമായിരുന്നു. അതിൽ സൂര്യകാന്തിപ്പൂക്കളും, റോസും, പാരിജാതവുമെല്ലാം ഉണ്ടാക്കണമെന്നും ഏല്പിച്ചതായിരുന്നു. ആവശ്യത്തിന് വിത്തും വളവും വാങ്ങാൻ പണവും കൊടുത്തിരുന്നു. പക്ഷെ രണ്ടുകൊല്ലം കഴിഞ്ഞിട്ടും അതിൽ പൂക്കളുടെ നിറങ്ങളോ സന്ധ്യകളിൽ പാരിജാതത്തിന്റെ വാസനയോ വരുന്നില്ലെന്നു കണ്ടപ്പോൾ ആദ്യമായി മണ

ലിൽ നടക്കുമ്പോഴുണ്ടാകുന്ന വേദന സഹിച്ച് അദ്ദേഹം തോട്ടത്തിൽ പോയി നോക്കുന്നു. കാണുന്നത് കുറേ കളകളും, കള്ളിച്ചെടികളും, അപ്പച്ചെടികളും മാത്രം. അയാൾ സത്യസന്ധനും ആത്മാർത്ഥതയുള്ളവനുമാണെന്ന് പ്രഭുവിന്നറിയാം, പക്ഷെ ഈ നിലയിൽ അയാളെ തുടരാൻ അനുവദിക്കാനാവില്ലെന്നു പറഞ്ഞ് അയാളെ പിരിച്ചുവിടുന്നു. ദിനാന്ത്യത്തിൽ തോട്ടക്കാരൻ പറഞ്ഞു. 'പ്രഭോ! അവിടുന്ന് എന്റെ കുടുംബത്തെപ്പറ്റി പറഞ്ഞതു ശരിയാണ്. എന്റെ കെട്ടിയ വളും മക്കളും ഇപ്പോൾത്തന്നെ പകുതി പട്ടിണിയാണ്. അവിടുന്നു തരുന്ന ശമ്പളവും കിട്ടിയില്ലെങ്കിൽ അവർ മുഴുപ്പട്ടിണിയുമാകും. സാരല്യ. അവരങ്ങ നെ വളരുന്നതിൽ എനിക്കു വിഷമമില്ല. പക്ഷേ, ഈ തോട്ടം വിട്ടുപോണതിൽ എനിക്കു സങ്കടണ്ട്. അങ്ങ് എനിക്കു ശമ്പളം തന്നില്ലെങ്കിലും വേണ്ടില്ല, ഞാൻ ഈ തോട്ടത്തിൽ പണി ചെയ്തോട്ടെ?' ആ കഥ ഞാൻ മാതൃഭൂമിക്കയച്ചുകൊടുത്തു. പിന്നീടതിനെപ്പറ്റി ആലോചിച്ചപ്പോഴാണ് തോന്നിയത് ആ തോട്ടക്കാരൻ എന്റെ അച്ഛൻ തന്നെയല്ലെ? ആ തോട്ടം അച്ഛന്റെ കവിതയല്ലെ എന്ന്. കഥ അച്ചടിച്ചു വന്നപ്പോഴാണ് ഞാൻ കാണുന്നത് തിരുമേനി വരച്ച തോട്ടക്കാരന് അച്ഛന്റെ നല്ല ഛായ. ഏതോ അതീന്ദ്രിയബോധത്തിലൂടെ തിരുമേനി അബോധപൂർവ്വമായിട്ടാണെങ്കിലും എന്റെ മനസ്സ് പിടിച്ചെടുത്തിരുന്നു. ഇതിനെയാണ് ജീനിയസ്സ് എന്നു പറയുന്നത്.

ചിത്രം കാണിച്ചുകൊണ്ട് ഇതു പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചു. മുമ്പ് ഒന്നുരണ്ടു പ്രാവശ്യം അങ്ങിനെയുള്ള അനുഭവങ്ങളുണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. ഒരിയ്ക്കൽ പി. വത്സലയുടെ ഒരു കഥയ്ക്ക് ചിത്രീകരണം നടത്തിയപ്പോഴാണത്. കുട്ടികൾ മരക്കൊമ്പിന്മേലുണ്ടാക്കിയ ഒരേറുമാടത്തിന്റെ (ട്രേലല വീഔലെ) ചിത്രം നമ്പൂതിരി വരച്ചിരുന്നു. ആ കഥ വായിച്ച് ഒരാൾ, സ്വന്തം മകൻ വരച്ച ഒരു ചിത്രവുമായി നമ്പൂതിരിയെ തേടിവന്നു. ആ ചിത്രം മകൻ കുറച്ചുകാലം മുമ്പ് അവന്റെ നോട്ടുപുസ്തകത്തിൽ വരച്ചുവെച്ച ചിത്രമായിരുന്നു. പക്ഷെ വത്സലയുടെ കഥയ്ക്കുവേണ്ടി താൻ വരച്ച ചിത്രംപോലെത്തന്നെ. വിശദാംശങ്ങൾക്കുകൂടി സാമ്യം. തിരുമേനിയ്ക്കും അദ്ഭുതമായി. മറ്റൊരു സന്ദർഭത്തിൽ ഒരെഴുത്തുകാരൻ മോഡലാക്കിയ ഒരു കഥാപാത്രത്തിനുവേണ്ടി തിരുമേനി വരച്ച ചിത്രത്തിന് ദൂരെയേതോ നഗരത്തിൽ കിടക്കുന്ന ആ മനുഷ്യന്റെ മുഖഛായതന്നെ. ആ എഴുത്തുകാരന് അദ്ഭുതമായി.

'എനിക്ക് അദ്ഭുതല്യ,' ഞാൻ പറഞ്ഞു, 'കാരണം നമ്പൂതിരിയെന്ന ജീനിയസിനു മാത്രം ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണത്.

'എന്റെ മനസ്സിൽ കുറേ മനുഷ്യരുണ്ട്,' തിരുമേനി തുടർന്നു, 'അവരുടെ രൂപം, ഭാവം, അംഗവിക്ഷേപങ്ങൾ. കുട്ടിക്കാലംതൊട്ട് മനസ്സിന്റെ ഏതോ സൂക്ഷ്മമായ കോണിൽ കരുതിയതാണവ. ഏതെങ്കിലും കഥ വായിക്കുമ്പോൾ എനിക്കോർമ്മ വരുന്ന മനുഷ്യന്റെ ഛായ ആ ചിത്രത്തിനു വരുന്നുവെന്നു മാത്രം.'

കഴിഞ്ഞ മാസം, അതായത് ആഗസ്റ്റ് 24ന് പൊന്നാനിയിൽ ആർട്ടിസ്റ്റ് നമ്പൂതിരി ഉദ്ഘാടനം ചെയ്ത 'ചാർക്കോൾ' എന്ന കൂട്ടായ്മയുടെ ചിത്രങ്ങൾ ഞാൻ സി.ഡി.യിൽ ഉൾക്കൊള്ളിച്ചിരുന്നു. അതിൽ, ഉദ്ഘാടനസമയത്ത് അദ്ദേഹം വരച്ച സ്കെച്ച് കാണിച്ചുകൊടുത്തു. ഉറൂബിന്റെ ജന്മശതാബ്ദിയാഘോഷങ്ങൾ നടക്കുകയാണ് 2013-14-15 എന്നീ വർഷങ്ങളിൽ. അന്ന് പത്തുമുപ്പത് ചെറുപ്പക്കാരായ ചിത്രകാരന്മാർ ഉറൂബിന്റെ പല കഥാപാത്രങ്ങൾക്കും

വലിയ കാൻവാസ്സിൽ ചിത്രീകരണം നടത്തുകയായിരുന്നു. അതിൽ ലളിത കലാ അക്കാദമി നിർവ്വാഹക സമിതി അംഗമായ ആർട്ടിസ്റ്റ് കെ.യു. കൃഷ്ണ കുമാർ, ഉറൂബിന്റെ മകൻ ആർട്ടിസ്റ്റ് ഇ. സുധാകരൻ എന്നിവരുണ്ട്. ഉറൂബിന്റെ ഉമ്മാച്ചുവിനെ വരച്ചുകൊണ്ടാണ് തിരുമേനി ചാർക്കോളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. വരയ്ക്കുന്നതിനുമുമ്പ് സംസാരിച്ചുകൊണ്ടിരിക്കെ തിരുമേനി എന്നോടു ചോദിച്ചു. 'ഉമ്മാച്ചുവിന്റെ ചെറുപ്പകാലമാവില്ലേ കൂടുതൽ നന്നാവുക?' ഉമ്മാച്ചുവിന്റെ ചെറുപ്പകാലവും ഒട്ടും അപ്രധാനമല്ലെന്നു ഞാൻ പറഞ്ഞു. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ വെള്ളിക്കോല് ബീരാനും മായനും തമ്മിൽ ഉമ്മാച്ചുവിനു വേണ്ടിയുള്ള സ്പർദ്ധ തുടങ്ങിയിരുന്നല്ലൊ. പിന്നീട് ആ നോവലിലെ പ്രധാനകഥാപാത്രമായ ഉമ്മാച്ചുവിന്റെ പ്രക്ഷുബ്ധ മായ ജീവിതത്തിന്റെ അടിത്തറ പാകിയത്, അല്ലെങ്കിൽ ബീജാവാപം നടന്നത് ആ കാലത്തായിരുന്നു. അദ്ദേഹം ചെറുപ്പക്കാരിയായ ഉമ്മാച്ചുവിനെ വരച്ചു. ഒരു പത്തു മിനുറ്റുകൊണ്ട് ഉറൂബിന്റെ എക്കാലത്തുമോർമ്മിക്കുന്ന ആ കഥാ പാത്രം ചൈതന്യത്തോടെ കാൻവാസ്സിൽ പുനർജനിച്ചപ്പോൾ ആ അദ്ഭുതം കാണാനായി ഏറെ കാണികളുണ്ടായിരുന്നുവെന്നത് പൊന്നാനിയിലെ സാംസ്കാരികാന്തരീക്ഷം ഒരുയിർത്തെഴുന്നേൽപ്പിനു തയ്യാറായിരിക്കുന്നുവെ ന്നതിന്റെ സൂചന നൽകി. 'ചാർക്കോളി'ന്റെ ഉദ്ദേശ്യവുമതായിരുന്നു.

ചിത്രം വരക്കുന്നതിനു മുമ്പ് സംസാരത്തിനിടയിൽ, പൊന്നാനിയുടെ സിരാകേന്ദ്രമായ എ.വി. ഹയർ സെക്കന്ററി സ്കൂളിന്റെ അങ്കണത്തിൽ മഹാ കവി ഇടശ്ശേരിയുടെ പൂതപ്പാട്ടിന്റെ ഒരു ശില്പം ഉണ്ടാക്കിവെയ്ക്കുവാനദ്ദേഹ ത്തിന് ആഗ്രഹമുണ്ട് എന്നു പറഞ്ഞു. കവിയും എ.വി.യിലെ അദ്ധ്യാപകനു മായ പി.പി. രാമചന്ദ്രനാണ് അങ്ങിനെയൊരു കാര്യത്തെപ്പറ്റി സൂചന തന്ന തെന്ന് തിരുമേനി പറഞ്ഞു. ഇടശ്ശേരിയുടെ സാംസ്കാരിക ജീവിതം മുഴു വനും ആ സ്കൂളും പരിസരവും കേന്ദ്രീകരിച്ചായതിനാൽ അതു നല്ലൊരു കാര്യമാണെന്ന് ഞാനും പറഞ്ഞു. അതിനുവേണ്ടി സ്കൂൾ മാനേജ്മെന്റു മായി സംസാരിക്കാമെന്നുമേറ്റു.

അപ്പോഴാണ് ഞാൻ സി.ഡി.യിലെ പൂതപ്പാട്ട് രേഖാചിത്രങ്ങൾ തിരുമേ നിയ്ക്ക് കാണിച്ചുകൊടുത്തത്. ആ ചിത്രങ്ങൾ വർഷങ്ങൾക്കമുമ്പ് ഒരു ഇട ശ്ശേരി അനുസ്മരണവേളയിൽ അദ്ദേഹം വരച്ചവയായിരുന്നു മനോഹരങ്ങ ളായ ആ രേഖാചിത്രങ്ങൾ. അതിൽ എനിക്കേറ്റവും ഇഷ്ടമായത് 'ഇത്തിരിക്കു മ്പമേൽ പുള്ളിയിലക്കര മുണ്ടുമുടുപ്പിച്ചു......' എന്ന വരികൾക്കുവേണ്ടി തിരു മേനി വരച്ച ചിത്രമാണ്. അതു ഞാൻ ഒരു സൂവനീയറായി 'ചാർക്കോൾ' ഉദ്ഘാടനവേളയിൽ അദ്ദേഹത്തിനു സമർപ്പിച്ചു. (അനുജത്തി ഗിരിജയാണ് ഇടശ്ശേരിയുടെ മക്കൾക്കുവേണ്ടി അതു കൊടുത്തത്). ഒപ്പം തന്നെ 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്കുവേണ്ടി അദ്ദേഹം വരച്ച സ്കെച്ചും ഞാൻ നൽകി. അദ്ദേഹത്തെ പൊന്നാടയണിയിക്കുക, ഈ ചിത്രങ്ങൾ സമർപ്പിക്കുക എന്നതെല്ലാം ഒരു വലിയ ബഹുമതിയായി കണക്കാക്കു ന്നുവെന്ന് ഞാൻ പറഞ്ഞു.

അച്ഛന്റെ കാര്യം പറഞ്ഞപ്പോൾ പണ്ട് 'കൂട്ടുകൃഷി' അരങ്ങേറിയതിനെപ്പറ്റി അനുജൻ മാധവൻ സംസാരിച്ചു. അതിൽ ഉറൂബ് അബൂബക്കറായും, ഞങ്ങ ളുടെ വല്യമ്മയുടെ മകൻ ഇ. ഹരിദാസ് ആയിഷയായും, മിഷ്യൻ സ്കൂൾ ഹെഡ്മാസ്റ്റർ വർഗ്ഗീസ് മാസ്റ്ററുടെ മകൻ ഡേവിഡ് സുകുമാരനായും അഭി

നയിച്ചിരുന്നുവെന്ന് പറഞ്ഞു. ഒരു ബാലനായി എ.വി. ഹൈസ്കൂളിലെ ലോങ് ഹാളിൽ മുൻനിരയിലിരുന്ന് അനുഗ്രഹീതരായ ഈ നടന്മാർ അരങ്ങു തകർക്കുന്നത് കണ്ട ഓർമ്മ ഞാനും പങ്കുവെച്ചു. നോക്കുമ്പോൾ തിരുമേനി ആ കാര്യത്തിൽ ഒരു പടി മുന്നിലായിരുന്നു. അദ്ദേഹത്തിന് കൂട്ടുകൃഷി ആദ്യ മായി അരങ്ങേറിയിരുന്ന സന്ദർഭങ്ങൾ (അത് തൊള്ളായിരത്തി അമ്പതിനു മുമ്പായിരുന്നു.) നല്ല ഓർമ്മയുണ്ട്, മാത്രമല്ല അദ്ദേഹത്തിന് അതിൽ ഒരഭിനേ താവിന്റെ റോളും കിട്ടിയിരുന്നുവത്രെ. സ്ത്രീവേഷമാണ്, കേട്ടോ. ഒരു ചിരി യോടെ അദ്ദേഹം പറഞ്ഞു. അതിലഭിനയിച്ച മറ്റ് അഭിനേതാക്കളേയും അദ്ദേ ഹത്തിന് ഓർമ്മയുണ്ട്. ഞാൻ മനസ്സിലോർത്തു, പത്തറുപത്തഞ്ചു കൊല്ലം മുമ്പ് മേക്കപ്പിട്ടാൽ അദ്ദേഹം നല്ല സുന്ദരിയായ ഒരു 'പെൺകിടാവുതന്നെയാ യിരിക്കണം'. എന്റെ മനസ്സിലിരിപ്പ് ഊഹിച്ചിട്ടാണോ എന്നറിയില്ല അദ്ദേഹം ഒരു ചെറുചിരിയോടെ കൂട്ടിച്ചേർത്തു 'ഒരമ്മടെ വേഷായിരുന്നു'. 'കൂട്ടുകൃഷി' ആദ്യമായി അരങ്ങേറിയത് എ.വി. ഹൈസ്കൂളിലല്ലെന്നും മറിച്ച് അതിനടു ത്തുള്ള മിഷ്യൻ സ്കൂളിലായിരുന്നെന്നും അദ്ദേഹം പറഞ്ഞു. എനിക്കും മാധ വനും അതൊരു പുതിയ അറിവായിരുന്നു. ആ കാലത്ത് ഹെഡ്മാസ്റ്ററായിരു ന്നത് ശ്രീ. ഇ.പി. സുമിത്രനായിരുന്നു. അദ്ദേഹം അച്ഛന്റെ ആദ്യസമാഹാരമായ 'അളകാവലി'യ്ക്ക് അവതാരിക എഴുതിയിട്ടുണ്ട്. മറ്റൊരവതാരിക ശ്രീ കുട്ടി കൃഷ്ണമാരാരുടേതാണ്. അച്ഛന്റെ പിന്നീടുള്ള നാടകങ്ങളിലും ഉറൂബിന്റെ 'തീകൊണ്ടു കളിക്കരുത്' എം. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്' എന്നീ നാടകങ്ങളിലും സ്ത്രീവേഷം കെട്ടിയിരുന്നതിനെപ്പറ്റി ഞാനും പറ ഞ്ഞു. 'തീ കൊണ്ട് കളിക്കരുത്' എന്ന നാടകത്തിൽ അനുജൻ മാധവൻ എന്റെ മകനായി അഭിനയിച്ചിട്ടുണ്ട്.

'ഒരിക്കൽ എ.വി. ഹൈസ്കൂളിലെ ലോങ് ഹാളിൽ 'കൂട്ടുകൃഷി' അരങ്ങേ റുമ്പോൾ ആയിഷ സ്റ്റേജിൽ തടഞ്ഞുവീണു.' തിരുമേനി പറഞ്ഞു, 'സ്റ്റേജിന്റെ ഒരു ഭാഗത്ത് ഇറങ്ങാനായി ചവിട്ടുപടികളുണ്ട്. വളരെ അപകടം പിടിച്ചവ. ആയിഷ സ്റ്റേജിൽ അഭിനയം തകർക്കുകയായിരുന്നു, അതിനിടയിൽ അവൾ ചവിട്ടുപടികളുടെ അടുത്തെത്തി അറിയാതെ വീണു. 'അയ്യോന്റെ മോള് ബീണാ' എന്നു പറഞ്ഞുകൊണ്ട് അബുബക്കറായി അഭിനയിച്ചുകൊണ്ടി രുന്ന ഉറൂബ് ചാടിയെഴുന്നേറ്റു. കാണികൾ വിചാരിച്ചത് അതെല്ലാം, അതായത് ആ വീഴ്ചയും ബാപ്പയുടെ 'അയ്യോന്റെ മോള് ബീണാ' എന്നു പറഞ്ഞുകൊ ണ്ടുള്ള ചാടിയെഴുന്നേൽക്കലും നാടകത്തിൽത്തന്നെയുള്ളതാണെന്നാ യിരുന്നു.' ഈ സംഭവം വിവരിച്ചുകൊണ്ട് തിരുമേനി പറഞ്ഞു, വളരെ പ്രഗൽഭരായ നടന്മാരായിരുന്നു പി.സി.യും (ഉറൂബ്) ഒപ്പം അഭിനയിച്ചിരുന്ന, ഞങ്ങൾ കുറുപ്പേട്ടനെന്നു വിളിച്ചിരുന്ന, ടി. ഗോപാലക്കുറുപ്പും. (ഇദ്ദേഹം നോവലിസറ്റ് സി. രാധാകൃഷ്ണന്റെ ഭാര്യാപിതാവാണ്). ഉറൂബിന്റെ 'കുഞ്ഞ മ്മയും കൂട്ടുകാരും' എന്ന ചെറുനോവലിലെ ഗോവിന്ദക്കുറുപ്പ് ഇദ്ദേഹമാണ്. ഉറൂബിന്റെ ഭാഷയിൽ, 'ആദ്യം ഖദറിൽ പൊതിഞ്ഞ ഒരു കുടവയറും പിന്നാലെ അതിന്റെ ഉടമസ്ഥനായ ഗോവിന്ദക്കുറുപ്പും...' ഗോപാലൻ നായരുടെ മുറിയിലെത്തി. (ഈ നോവലിൽ ഇടശ്ശേരി ഗോവിന്ദൻ നായരെ ഗോപാലൻ നായരും, ടി. ഗോപാലക്കുറുപ്പിനെ ഗോവിന്ദക്കുറുപ്പുമാക്കിയിരുന്നു. അക്കിത്തത്തിന്റെ പേര് മാറ്റിയിട്ടില്ല, അച്യുതൻ നമ്പൂതിരി തന്നെ.)

ഞാനപ്പോൾ മറ്റൊരു സംഭവം ഓർത്തു പറഞ്ഞു. നാടകങ്ങളിൽ ഇടശ്ശേ

രിയായിരുന്നു സ്ഥിരം പ്രോംപ്റ്റർ. ഒരിക്കൽ അബൂബക്കർക്ക് പിന്നിൽനിന്നുള്ള പ്രോംപ്റ്റിങ് കേൾക്കാനുണ്ടായിരുന്നില്ല. എന്താണ് പറയേണ്ടതെന്നറിയാതെ ആലോചനാമഗ്നനെന്ന ഭാവത്തിൽ രണ്ടു ചാൽ നടന്നശേഷം അദ്ദേഹം കസേലയിലിരുന്ന് തലയിൽ കൈവെച്ചുകൊണ്ട് ആത്മഗതം നടത്തി, 'പടച്ചോനെ എന്താ പറേണ്ടത്ന്ന് എനിക്കറീല്യാലോ.' തന്റെ നാടകത്തിലില്ലാത്ത ഡയലോഗ് ഉറൂബ് കാച്ചുന്നതു കേട്ട പ്രോംപ്റ്റർ ഒരു നിമിഷം പകച്ചു, പക്ഷെ കാര്യം വേഗത്തിൽത്തന്നെ പിടികിട്ടി, അബൂബക്കർക്കു നേരെ പിന്നിൽചെന്ന് ഡയലോഗ് പറഞ്ഞുകൊടുത്തു. ഞാനിതു പറഞ്ഞപ്പോൾ തിരുമേനി കുറേനേരം ചിരിച്ചു. 'ഞാൻ പറഞ്ഞില്ലെ, പി.സി. ഒരനുഗ്രഹീത നടനായിരുന്നു.'

കൂട്ടുകൃഷിയെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കെ ഡോ. ചാത്തനാട്ട് അച്യുതനുണ്ണി ഒന്നു രണ്ടു സ്നേഹിതരുമായി വന്നു. സംസാരത്തിനിടയിൽ എന്റെ '50 വർഷത്തെ സാഹിത്യജീവിതം' എന്ന സി.ഡി. രണ്ടു കോപ്പി ഞാനദ്ദേഹത്തിനു സമ്മാനിച്ചു. ഒരു കോപ്പി ഉണ്ണിമാഷ്ക്കും മറ്റേ കോപ്പി മാഷ്ടെ ശത്രുക്കളാരെങ്കിലുമുണ്ടെങ്കിൽ അവർക്കും കൊടുക്കാമെന്ന് ഞാൻ പറഞ്ഞത് അദ്ദേഹത്തിന് ഇഷ്ടമായെന്നു തോന്നുന്നു. അച്ഛന്റെ 'അമ്പാടിയിലേയ്ക്ക് വീണ്ടും' എന്ന കവിതയിലെ 'വിരോധിമാരെ നിങ്ങൾക്കായാശംസിപ്പൂ ഞാനിവയെ' എന്ന വരികൾ ഓർത്തുകൊണ്ട് ഒരു ഇടശ്ശേരിയനായ അദ്ദേഹം ചിരിച്ചു. 'ഞാനാദ്യം ആരെങ്കിലുമായി കലഹമുണ്ടാക്കാം, ഇതു കൊടുക്കാൻവേണ്ടി'യെന്നു തമാശ പറയുകയും ചെയ്തു.

തിരുമേനിയുടെ പടികടന്ന് കുറേ ബന്ധുക്കൾ വരുന്നതു കണ്ടപ്പോൾ സംസാരം നിർത്താൻ ഞാനും മാധവനും തീരുമാനിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരിയുമായി പങ്കുവച്ച രണ്ടു മണിക്കൂർ പെട്ടെന്നു കഴിഞ്ഞുപോയപോലെ. നമ്മുടെ മനസ്സിനെ ലാഘവപ്പെടുത്തുന്ന, നമുക്ക് സാന്ത്വനമരുളുന്ന എന്തോ ഉണ്ട് അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ, സംസാരത്തിൽ, ചിരിയിൽ.

ഞാൻ കുട്ടിയായിരിക്കുമ്പോൾ അമ്മയോടൊപ്പം കണ്ണൻതൃക്കാവ് അമ്പലക്കുളത്തിൽ കുളിക്കാൻ പോകാറുള്ളതിനെപ്പറ്റിയും വരുന്ന വഴിയ്ക്ക് തൊട്ടടുത്തുള്ള കരുവാട്ടുമനയുടെ മുറ്റത്തുകയറി കണ്ണിമാങ്ങകൾ പെറുക്കിയിരുന്നതിനെപ്പറ്റിയും ഓർത്തു പറഞ്ഞു. അന്ന് ഞങ്ങൾ, ഇന്ന് ഉറൂബ് നഗർ എന്നറിയപ്പെടുന്ന പരിസരത്തായിരുന്നു കുറച്ചുകാലം താമസിച്ചിരുന്നത്.

ആർട്ടിസ്റ്റ് നമ്പൂതിരിയുടെ പത്നിയെക്കണ്ട് നമസ്കരിച്ചു. ഇത്രയും മഹാനായ ഒരു കലാകാരന്റെ ഒപ്പം ജീവിക്കാൻ അവസരം ലഭിച്ച ആ അമ്മ സൗഭാഗ്യവതിയാണെന്ന് ഞാൻ പറഞ്ഞു. തിരുമേനിയോട് വിടപറഞ്ഞ് ഞങ്ങളിറങ്ങി. സുശീലയും ലളിതയും കുറേ ഫോട്ടോകളെടുത്തു. സുശീല 'ഉമ്മക്കുൽസൂവിന്റെ വീടി'ന്റെ ഇപ്പോഴത്തെ ഉടമയാണ്. അവളാണ് കലാകൗമുദി ഓണപ്പതിപ്പിൽ വന്ന കഥയുടെ ബീജം നൽകിയത്. അതിന് പക്ഷെ എം.ജി. റോഡിലെ 'കോപ്പർ സ്പൂണി'ൽ ഒരു ലഞ്ചിന്റെ രൂപത്തിൽ നല്ല വില കൊടുക്കേണ്ടിവന്നുവെന്നത് വേറെ കാര്യം.

*കലാകൗമുദി, 12 ഒക്ടോബർ, 2014*

BACK TO INDEX

# സമകാലിക മലയാള ചെറുകഥ

സമകാലികം എന്നു പറഞ്ഞാൽ കുറച്ച് ആശയക്കുഴപ്പമുണ്ടാക്കുന്ന പ്രസ്താവനയാണ്. ഒരു പ്രസ്ഥാനത്തിന്റെ വയസ്സും അതിന്റെ ഘട്ടംഘട്ടമായുള്ള വളർച്ചയും വച്ചുകൊണ്ടു വേണം കാലപരിധി നിർണയിക്കാൻ. മലയാള ചെറുകഥയ്ക്കു നൂറുവയസ്സു തികഞ്ഞു. മാത്രമല്ല. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അത് ഒരു പ്രത്യേക ഘട്ടത്തിലൂടെ കടന്നുപോകുകയുമാണ്. നാല്പതുകളുടെ തുടക്കത്തിലാണ് മലയാള ചെറുകഥയ്ക്ക് പഴമയിൽനിന്ന് വിടുതൽ കിട്ടി ഒരു നവോന്മേഷം കൈവരിച്ചത്. അതിന് ഉത്തരവാദികളാണ് പ്രമുഖ കഥാകൃത്തുക്കളായ കാരൂർ, ഉറൂബ്, എസ്.കെ. പൊറ്റെക്കാട്, തകഴി തുടങ്ങിയവർ. കെ. സരസ്വതിയമ്മ, ലളിതാംബിക അന്തർജനം, ടാറ്റാപുരം സുകുമാരൻ, നന്തനാർ, ഇ.എം. കോവൂർ, മലയാറ്റൂർ തുടങ്ങിയവരുടെ പേരുകളും വിട്ടുപോകാൻ പാടില്ല. പിന്നീട് ടി. പദ്മനാഭൻ, കോവിലൻ, എം.ടി. വാസുദേവൻനായർ, മാധവിക്കുട്ടി, ഒ.വി. വിജയൻ, എൻ. മോഹനൻ തുടങ്ങിയവരിൽ എത്തിനിൽക്കുന്ന ഒരു ഘട്ടമായിരുന്നു അത്. മലയാള ചെറുകഥയുടെ സുവർണകാലമെന്ന ഒന്നുണ്ടെങ്കിൽ അത് നാല്പതുകളിൽ തുടങ്ങി അറുപതുകളുടെ മദ്ധ്യത്തോടെ അവസാനിച്ച ഈ കാലമാണെന്ന് നിസ്സംശയം പറയാം. മലയാള ചെറുകഥയെ വായനക്കാരുടെ അടുത്തെത്തിക്കാനും വായനക്കാരിൽ വായനയുടേതായ ഒരുതരം അഡിക്ഷൻ തന്നെയുണ്ടാക്കാനും ഈ കാലഘട്ടത്തിലെ ചെറുകഥകൾ ഉപകരിച്ചു. വാരികകളിൽ ഒരു പ്രത്യേക ഉണർവുതന്നെ സൃഷ്ടിക്കാൻ ഈ കഥാകൃത്തുക്കൾക്ക് കഴിഞ്ഞു. അമ്പതുകളിലും അറുപതുകളിലും വാരികകിൽ ഈ എഴുത്തുകാരുടെ രചനയ്ക്കായി വായനക്കാർ കാത്തിരുന്നത് ഞാൻ ഓർക്കുന്നു. കാരൂരിന്റെ പൂവൻപഴം, ഉറൂബിന്റെ രാച്ചിയമ്മ, വാടകവീടുകൾ, ടി. പദ്മനാഭന്റെ കടയനെല്ലൂരിലെ സ്ത്രീ, എം.ടി.യുടെ വിത്തുകൾ, ഇരുട്ടിന്റെ ആത്മാവ്, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, ഒ.വി. വിജയന്റെ ഇരിങ്ങാലക്കുട, എൻ.മോഹനന്റെ നിന്റെ കഥ, എന്റേയും തുടങ്ങിയ നിരവധി കഥകൾ എത്ര വായിച്ചാലും മടുക്കാത്തവയാണ്.

അറുപതുകളിലാണ് പുതിയൊരു ഘട്ടത്തിന്റെ ആരംഭമുണ്ടായത്. പാശ്ചാത്യകഥകളുടെ പെട്ടെന്നുണ്ടായ ഉൾപ്രവാഹവും അതിനോടുള്ള അമിതമായ വിധേയത്വവുമാണ് ഈ ഘട്ടത്തിന്റെ പ്രേരകശക്തിയായി വർത്തിച്ചത്. അളവുകോലുകൾ നമ്മുടെ സംസ്കാരത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും മാറി പാശ്ചാത്യമായി. നമ്മുടെ അളവുകോലുകൾകൊണ്ട് അളക്കാൻ പറ്റുന്നവ പഴഞ്ചനും പാശ്ചാത്യമാതൃകകൾ കൊണ്ട് അളക്കാൻ പറ്റുന്നവ ആധുനികവും സ്വീകാര്യവും എന്ന് മുദ്രകുത്തപ്പെട്ടു. ഈ ജ്വരം മൂത്ത് വായിച്ചാൽ മനസ്സിലാവുന്നവ പഴഞ്ചനും അല്ലാത്തവ ആധുനികവും എന്ന സമവാക്യംവരെയെത്തി. ഇത് സ്വാഭാവികമായും പുതിയ എഴുത്തുകാരിലും പൊതുവെ നല്ല വായനക്കാരിലും അങ്കലാപ്പുണ്ടാക്കി. എഴുത്തുകാരുടെ രചനകൾ ആധുനികമാക്കാനുള്ള ത്വരയിൽ കൃത്രിമമാക്കപ്പെട്ടു. പഴയ രാജാവിന്റെ കഥയില്ലേ? നഗ്നനായ രാജാവിന്റെ? അതുപോലെയായി കാര്യങ്ങൾ. ആധുനികതയുടെ പേരിൽ പടച്ചുവിടുന്ന എന്തും നല്ലതാണെന്ന് പറഞ്ഞില്ലെങ്കിൽ സാഹിത്യസമുദായത്തിൽ നിന്നുതന്നെ നിഷ്കാസിതനാകുമെന്ന ഗതികേടു വന്നു. ബുദ്ധിജീവി പരി

വേഷം എല്ലാവരും ആഗ്രഹിച്ചിരുന്നതാണ്. അതില്ലാതാവുന്നത് സഹിക്കാവുന്നതല്ല. എന്താണ് ആധുനികത എന്ന വിഷയത്തി ൽ ധാരാളം ഗ്രന്ഥങ്ങൾ രചിക്കപ്പെടുകയും ചെയ്തു. കാരണം ആധുനികകഥകൾ എന്ന പേരിൽ വാരികകളിൽ പ്രത്യക്ഷപ്പെടുന്ന സാധനം എന്താണെന്നറിയാൻ സാമാന്യവായനക്കാർക്ക് താല്പര്യമുണ്ടായിരുന്നു. ആ കഥകൾ വായിച്ച് ആസ്വദിക്കണമെന്ന് ആത്മാർത്ഥതമായും അവർ ആഗ്രഹിച്ചിരുന്നു. ആധുനികതയെപ്പററിയുള്ള പുസ്തകങ്ങളിൽ നിക്ഷേപിച്ച പണം നഷ്ടമായെന്ന് ബോദ്ധ്യമായപ്പോൾ അവർ വായനയ്ക്കായി മറ്റു മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ചുപോയി. പൈങ്കിളി വാരികകളുടെ സുവർണകാലം അങ്ങനെയാണ് തുടങ്ങിയത്. നഷ്ടമുണ്ടായത് നല്ല സാഹിത്യത്തിന്നായിരുന്നു. ഒന്നു ചീഞ്ഞാൽ മറ്റൊന്നിന് വളം.

അറുപതുകളിൽ ഈ ബഹളങ്ങൾക്കിടയിൽ എഴുതിത്തുടങ്ങിയ ഒരാളെന്ന നിലയിൽ ഞാൻ ഈ പ്രതിഭാസത്തെ എങ്ങിനെ കണ്ടു എന്നും എങ്ങിനെ നേരിട്ടു എന്നും പറയുന്നത് യുക്തമായിരിക്കും. ചിലപ്പോൾ വളരെ വ്യക്തിപരമായ കാഴ്ചപ്പാടുകളായിരിക്കാം എന്റേത്. പക്ഷേ, വർണശബളമായ ഒരു കാലഘട്ടത്തിന്റെ അവസാനത്തിലും മറ്റൊന്നിന്റെ ശക്തമായ തുടക്കത്തിലും ആദ്യം കാഴ്ചക്കാരനായും പിന്നീട് വേഷക്കാരനായും പ്രത്യക്ഷപ്പെട്ട ഒരാളുടെ അഭിപ്രായങ്ങൾ വ്യക്തിഗതമാണെങ്കിലും സംഗതമെന്ന് ഞാൻ കരുതുന്നു. അറുപതുകളുടെ ആദ്യം മുതൽ അവസാനം വരെ ഏകദേശം എട്ടുവർഷക്കാലം ഞാൻ ഒരു പരീക്ഷണഘട്ടത്തിലായിരുന്നു. പക്ഷേ, ഒരിക്കലും ആധുനികതയുടെ പേരിൽ സാഹിത്യത്തിൽ മായം ചേർക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. രണ്ടോ മൂന്നോ അമൂർത്തകഥകൾ ഇക്കാലത്ത് എഴുതിയിട്ടുണ്ടെങ്കിൽ അവ ചിത്രകലയുടെ സ്വാധീനം കൊണ്ടുമാത്രമാണ്. വളരെ പെട്ടെന്നുതന്നെ ഞാൻ ചിത്രകലയുടെ സ്വാധീനത്തിൽനിന്നു വിട്ടുമാറി. ചിത്രകലയും ചെറുകഥയും രണ്ടും രണ്ടാണെന്നും രണ്ടു വ്യത്യസ്ത മാധ്യമങ്ങളുപയോഗിച്ച് നിർമിക്കുന്ന ഇവയ്ക്ക് അടിസ്ഥാനപരമായി വളരെ വ്യത്യാസമുണ്ടെന്നും ഞാൻ കണ്ടെത്തി. വ്യത്യാസം ആസ്വാദനതലത്തിലാണ്. ഒരു ചിത്രം നമ്മുടെ മുൻപിൽ അതിന്റെ എല്ലാ സൗന്ദര്യവും പ്രദർശിപ്പിച്ചുകൊണ്ട് നിൽക്കുമ്പോൾ ചെറുകഥ, ആസ്വാദനത്തിനായി വായന എന്ന പ്രക്രിയയെ അവലംബിക്കുകയാണ്. ഒരു ചിത്രത്തെ ഒറ്റനോട്ടത്തിൽ നമ്മുടെ മനസ്സിലേക്ക് ആവാഹിക്കാമെങ്കിൽ ഒരു ചെറുകഥ അവസാനത്തെ വാചകംവരെ വായിക്കപ്പെടുകതന്നെ വേണം. അതായത് പാരായണക്ഷമമായിരിക്കണം ഒരു കഥ എന്നർത്ഥം. ആദ്യത്തെ വാചകത്തിൽനിന്ന് ഒരു ഖണ്ഡികയിലേയ്ക്കും പിന്നീട് അടുത്ത ഖണ്ഡികയിലേയ്ക്കും. ഒരു പേജിൽനിന്ന് മററൊരു പേജിലേയ്ക്കും അങ്ങനെ കഥാന്ത്യംവരെ വായനക്കാരനെ കൊണ്ടുനടത്താൻ കഴിഞ്ഞാലേ ഒരു കഥ ആസ്വദിക്കുകയുണ്ടാവൂ. സംവേദനക്ഷമമാകണം എഴുത്ത് എന്നർത്ഥം. മറിച്ച് ആദ്യത്തെ വാചകം. അല്ലെങ്കിൽ ആദ്യത്തെ ഖണ്ഡിക മാത്രം വായിച്ച് നിർത്തുകയാണെങ്കിൽ കഥ ആസ്വദിക്കപ്പെടുകയുണ്ടാവില്ല. നമ്മുടെ കഥയ്ക്ക് എന്തൊക്കെ ആന്തരാർത്ഥങ്ങളുണ്ടെങ്കിലും വായനക്കാരനെക്കൊണ്ട് ഒരാവർത്തിയെങ്കിലും വായിപ്പിക്കാൻ പററിയില്ലെങ്കിൽ നാം ഒരു പരാജയമാണെന്നുറപ്പാണ്. ചിത്രകലയിൽ ആ പ്രശ്നമില്ല. ഒറ്റനോട്ടത്തിൽ ആ ചിത്രം നമ്മുടെ മനസ്സിൽ സ്ഥാനംപിടിക്കുന്നു. നമുക്കാ ചിത്രം ഇഷ്ടപ്പെട്ടാലും ശരി ഇല്ലെങ്കിലും ശരി. ഇഷ്ടപ്പെട്ടാൽ വീണ്ടും വീണ്ടും അതു ദർശിക്കു

കയും ചിത്രത്തിന്റെ ആന്തരാർത്ഥങ്ങൾ ഓരോന്നായി നമ്മുടെ മനസ്സിലേക്ക് കടന്നുവരികയും ചെയ്യും. ഈ തത്ത്വം മനസ്സിലാക്കിയപ്പോഴാണ് എന്റെ രചനയിൽ ഒരു വഴിത്തിരിവുണ്ടായത്. കഥകൾ പാരായണക്ഷമമാകണമെന്ന ശാഠ്യമുണ്ടായത് അങ്ങനെയാണ്. പകുതി എന്റെ മനസ്സിലും പകുതി കടലാസിലുമായി കഥകളെഴുതിയാൽ വായനക്കാരന് ഒന്നും മനസ്സിലാവില്ലെന്നും അയാൾ പകുതിക്കുവച്ച് വായന നിർത്തുമെന്നും എനിക്കു ബോദ്ധ്യമായി. എഴുത്തുകാരൻ എന്നതിനുപരി ഞാൻ ഒരു വായനക്കാരനുമായി. ആധുനികരെന്നു വിളിക്കപ്പെടുന്ന എഴുത്തുകാരിൽ പ്രതിഭയുള്ള ഒന്നോ രണ്ടോ പേരൊഴികെ മറ്റുള്ളവരുടെ രചനകൾ വായനയിൽ ആദ്യഖണ്ഡികയിൽനിന്നുമപ്പുറത്തേയ്ക്കു പോകുന്നില്ലെന്നും ഞാൻ മനസ്സിലാക്കി.

കഥ എന്നല്ല എല്ലാ കലാരൂപങ്ങളും ബുദ്ധിപരമായും സാംസ്കാരികമായും പല തട്ടുകളിലുള്ളവർക്ക് ഒരേ സമയം ആസ്വദിക്കാനുള്ളതാണ്; അല്ലാതെ എന്റെ കഥകൾ കേവലം ബുദ്ധിജീവികൾക്കുള്ളതാണ്. മററുള്ളവരൊന്നും വായിക്കേണ്ട എന്നു പറയുന്നതിൽ അർത്ഥമില്ല. ബുദ്ധിപരമായും സാംസ്കാരികമായും ഏറ്റവും താഴേക്കിടയിലുള്ളവർക്കും മേലേക്കിടയിലുള്ളവർക്കും ഒരേപോലെ ആസ്വദിക്കാൻ കഴിഞ്ഞാൽ അതൊരു വിജയമായി കരുതണം. എഴുപതുകൾ തൊട്ട് എന്റെ സാഹിത്യശ്രമങ്ങളെ സ്വാധീനിച്ചത് ഈ ചിന്തയാണ്. എന്നെപ്പോലെ ചിന്തിച്ച ഏതാനും പേർ കൂടിയുണ്ട്. സി.വി. ശ്രീരാമൻ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, യു.കെ. കുമാരൻ, അഷ്ടമൂർത്തി, ടി.എൻ. പ്രകാശ്, അക്ബർ കക്കട്ടിൽ തുടങ്ങിയവർ. ഇനിയും പേരുകൾ പറയാം. ഏതാനും പേരുകൾ പറഞ്ഞുവെന്നേയുള്ളൂ. പക്ഷേ, മലയാള ചെറുകഥയ്ക്ക് നഷ്ടപ്പെട്ടുപോയ വായനക്കാരനെ തിരിച്ചുകൊണ്ടുവരാൻ ഞങ്ങൾക്ക് കഴിഞ്ഞുവോ എന്നു സംശയമാണ്. കാരണം വായനക്കാരനിലെ, ‘ഇതൊന്നും വായിച്ചാൽ മനസ്സിലാവില്ല’ എന്ന മുൻവിധി അത്രമാത്രം ശക്തമായിരിക്കുന്നു. മാത്രമല്ല, ഇപ്പോൾ ആധുനികതയ്ക്കുശേഷം ഉത്തരാധുനികത എന്ന ഇറക്കുമതിച്ചരക്കിന്റെ പ്രസക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. ഇനി മാനത്തുനിന്ന് എന്ത് ഇടിത്തീയാണ് വീഴാൻ പോകുന്നതെന്ന് ഭയപ്പെട്ടിരിക്കയാണ് സാധാരണ വായനക്കാർ. ഇതിനിടയ്ക്ക് ഏതാനും എഴുത്തുകാർ ഭയപ്പെടേണ്ട. നല്ല കഥകൾ ഇവിടെയുണ്ട്. നോക്കൂ എന്നു പറയുന്നത് പരക്കെ കേൾക്കപ്പെടുന്നില്ല. നല്ല കഥകൾ മലയാളത്തിൽ വരുന്നുണ്ടെന്നുതന്നെയാണ് എന്റെ വിശ്വാസം. ആ കഥകൾ കാലത്തെ അതിജീവിച്ച് തലമുറകൾക്കുശേഷവും വായിക്കപ്പെടുമെന്നും മറിച്ച് കൃത്രിമമായി, വൈദേശികമായ അളവുകോലുകൾക്കനുസരിച്ച് നിർമിതമായ കഥകൾ കാലത്തിന്റെ ചവറ്റുകൊട്ടയിലേക്ക് എറിയപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു. കാരണം കാലം എന്നും ഒറിജിനലുകൾ സൂക്ഷിക്കുന്നതിലേ താല്പര്യം കാണിക്കാറുള്ളൂ. ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത ധാരാളം സ്ത്രീകഥാകൃത്തുക്കൾ രംഗപ്രവേശം ചെയ്തു എന്നതാണ്. അവർ പ്രതിഭാശാലികളാണെന്നും ആശ്വാസം പകരുന്നു. സാറാ ജോസഫ്, നളിനിബേക്കൽ, കെ.ബി. ശ്രീദേവി, മാനസി, ഗ്രേസി, ചന്ദ്രമതി, അഷിത, ഒ.വി. ഉഷ, ഗീതാ ഹിരണ്യൻ, ബി.എം. സുഹറ, പ്രിയ എ.എസ്., ശ്രീകുമാരി രാമചന്ദ്രൻ, കെ.പി. സുധീര, സിതാര എസ്, എം.പി. പവിത്ര തുടങ്ങിയ എഴുത്തുകാരികൾ. ഇവരിൽ ചിലരെങ്കിലും ഉത്തരാധുനികത എന്നൊക്കെ പറഞ്ഞ് ഭീഷണിപ്പെടുത്തുന്നുണ്ടെങ്കിലും അതിൽനിന്നെല്ലാം കാലക്രമത്തിൽ കരകയറുമെന്ന് ആശ്വസിക്കാം.

പടിഞ്ഞാറൻ സാമ്രാജ്യത്തിനെതിരെ വാതോരാതെ സംസാരിക്കുന്നവർ തന്നെയാണ് ഉത്തരാധുനികത എന്നു പറഞ്ഞുനടക്കുന്നത് എന്നത് വലിയൊരു വിരോധാഭാസമാണ്. പാശ്ചാത്യർ നമ്മുടെ പ്രജ്ഞയെ സ്വാധീനിച്ച് അടിമകളാക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്കാരം, നമ്മുടെ പാരമ്പര്യം എല്ലാം തുടച്ചുനീക്കി നമുക്ക് തികച്ചും അപരിചിതമായ ഒരു സംസ്കാരം നമ്മിൽ അടിച്ചേല്പിക്കുകയാണ് കോളനികളുമായി വന്ന പാശ്ചാത്യർ ഒരുകാലത്ത് ചെയ്തിരുന്നത്. അതിനുശേഷം നാം അവരിൽനിന്നെല്ലാം കുതറി സ്വതന്ത്രരായി. പക്ഷേ, സാംസ്കാരികമായി നാം ഇപ്പോഴും അവരോട് വിധേയത്വം കാണിക്കുന്നു എന്നതിന്റെ തെളിവാണ് നമ്മുടെ സാഹിത്യകാരന്മാർ പാശ്ചാത്യമായ ഒരു പ്രസ്ഥാനത്തെ വെള്ളം ചേർക്കാതെ സ്വീകരിക്കുന്നതിൽ കാണുന്നത്. നമ്മുടെ മലയാളഭാഷ തന്നെ അപകടത്തിലാവുന്നത് ഈ പാശ്ചാത്യ വിധേയത്വം കൊണ്ടാണ്. വലിയൊരു പദ്ധതിയുടെ ഭാഗമാണിത്. ഇന്ന് പാശ്ചാത്യർ അവരുടെ സൈന്യത്തെ അയച്ച് ഒരു രാജ്യം കീഴടക്കുന്നില്ല. ഒരു രാജ്യവും അവർക്ക് കീഴടക്കാനുദ്ദേശ്യവുമില്ല. അവർക്ക് വേണ്ടത് വലിയൊരു വിപണിയാണ്. ആ വിപണിക്കുവേണ്ടിയാണ് അവർ ആഗോളവത്കരണം എന്ന പദ്ധതി ഉപയോഗിക്കുന്നത്. ആഗോളവത്കരണം കൊണ്ട് നമുക്ക് നേട്ടങ്ങളുണ്ടാക്കാം. സാങ്കേതികമായ പലതും സ്വീകരിക്കേണ്ടതായി വരും. അല്ലെങ്കിൽ നാം പിന്നിലേയ്ക്കു തള്ളപ്പെടുകയേ ഉള്ളൂ. പക്ഷേ, അങ്ങനെ സ്വീകരിക്കേണ്ട കാര്യങ്ങളിൽ ഒന്നല്ല ഉത്തരാധുനികത എന്ന് ഞാൻ വ്യക്തമാക്കട്ടെ. കാരണം ഭാഷയുമായി ബന്ധപ്പെട്ട എന്തും നമ്മുടെ സത്തയാണ്. നമ്മുടെ സ്വത്വമാണ്. അത് മാറ്റി മറ്റൊന്നു സ്വീകരിക്കുമ്പോൾ നഷ്ടപ്പെടുന്നത് നമ്മുടെ സംസ്കാരമാണ്. പാരമ്പര്യമാണ്. ഇത് ഏററവുമധികം അറിയേണ്ടത് ഭാഷ കൈകാര്യം ചെയ്യുന്ന സാഹിത്യകാരന്മാർതന്നെയാണ്. അവർ ഉത്തരവാദിത്വമില്ലാതെ പെരുമാറരുത്.

മലയാള ചെറുകഥയെ നേരിടുന്ന മറ്റൊരു പ്രശ്നം പ്രസിദ്ധീകരണത്തിന്റേതാണ്. സ്ഥിരപ്രതിഷ്ഠനേടിയ ഏതാനും എഴുത്തുകാർക്കൊഴികെ ഇതൊരു വലിയ പ്രശ്നം തന്നെയാണ്. വാരികകൾ ചെറുകഥകളുടെ എണ്ണം കുറച്ചു. സാഹിത്യത്തിനുള്ള സ്ഥലം രാഷ്ട്രീയത്തിന്നായി മാറ്റിവച്ചു. രണ്ടു കഥകളും കഥകളെപ്പറ്റിയുള്ള പഠനങ്ങളും കൊടുത്തിരുന്ന വാരികകൾ ഇപ്പോൾ കഷ്ടിച്ച് ഒരു കഥ കൊടുത്താലായി എന്ന നിലയിലായിരിക്കുന്നു. പഠനങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഇതൊരു തെറ്റിദ്ധാരണയുടെ ഫലമാണെന്നു തോന്നുന്നു. വായനക്കാർക്ക് രാഷ്ട്രീയമാണ് കൂടുതൽ വേണ്ടതെന്ന തെറ്റിദ്ധാരണ. മറിച്ചാണെന്നാണ് എന്റെ വിശ്വാസം. കാരണം വായനക്കാർക്ക് രാഷ്ട്രീയമാണ് വേണ്ടതെങ്കിൽ മലയാള മനോരമ ആഴ്ചപ്പതിപ്പിന്റേയോ മംഗളത്തിന്റേയോ ഒരൊറ്റ കോപ്പിപോലും വിൽക്കപ്പെടലുണ്ടാവില്ലല്ലോ. വായനക്കാർക്ക് കഥകൾ വേണം. അതും നല്ല കഥകൾ. ഒരുകാലത്ത് നല്ല കഥകളിൽനിന്ന് പൈങ്കിളിയിലേയ്ക്ക് യാത്ര പറഞ്ഞുപോയ വായനക്കാരെ തിരികെ കൊണ്ടുവന്ന് വാരികകളുടെ സർക്കുലേഷൻ കൂട്ടുന്നതിലുള്ള ഉത്തരവാദിത്വം പത്രാധിപന്മാർക്കാണ്. ഈ ധർമ്മം അവർ നിർവഹിക്കുന്നില്ലെന്ന് വ്യസനപൂർവം അറിയിക്കട്ടെ. പുതിയ തലമുറയിൽ നല്ല കഥകൾ എഴുതാൻ പ്രാപ്തരായ ഒട്ടേറെ കഥാകൃത്തുക്കളുണ്ട്. അവരെ പ്രോത്സാഹിപ്പിച്ച് അവരിൽനിന്ന് നല്ല രചനകൾ കറന്നെടുക്കാൻ ഒരു പത്രാധിപർക്കേ കഴിയൂ. അവർ ഇപ്പോഴും അ

റുപതുകളിലെ നായകന്മാരുടെ വീരശൂരതയിൽത്തന്നെ മയങ്ങിക്കിടക്കുകയാണ്.

ഒരുകഥ കേട്ടിട്ടുണ്ട്. പറഞ്ഞുതന്നത് എന്റെ വന്ദ്യഗുരുനാഥനായ പി. കൃഷ്ണവാരിയരാണ്. ഒരാൾ അളിയന് പെണ്ണുകാണാൻ ഒപ്പം പോയി. അളിയന് നല്ല മുണ്ടില്ലാത്തതുകൊണ്ട് തന്റെ മുണ്ട് ഉടുക്കാൻ കൊടുത്തിരുന്നു. പെണ്ണുവീട്ടിലെത്തിയപ്പോൾ അയാൾ അളിയനെ പരിചയപ്പെടുത്തി. ഇത് എന്റെ അളിയനാണ്. ഇത്ര വയസ്സാണ്, ഇന്നതാണ് ജോലി എന്നെല്ലാം. അവസാനം ഒരു വാചകം കൂട്ടിച്ചേർക്കാൻ അയാൾ മറന്നില്ല. 'അളിയൻ ഇട്ട ഷർട്ട് അളിയന്റേതാണ്. പക്ഷേ, ഉടത്തിരിക്കുന്ന മുണ്ട് എന്റേതാണ് കേട്ടോ.' സ്വാഭാവികമായും അളിയന് ഈ പ്രസ്താവന അല്പം ക്ഷീണമുണ്ടാക്കി. അതയാൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ പറയുകയും ചെയ്തു. അയാൾ കാര്യം പറഞ്ഞാൽ മനസ്സിലാവുന്ന തരക്കാരനായിരുന്നു. അടുത്ത പെണ്ണുകാണലിന് പോയപ്പോൾ അയാൾ പറഞ്ഞത് ഇതാണ്. 'അളിയൻ ഉടുത്ത മുണ്ട് അളിയന്റേതു തന്നെയാണ് കേട്ടോ.' ഇതും അളിയന് കുറച്ചു ക്ഷീണമുണ്ടാക്കി. എന്തിനാണ് അങ്ങനെയൊരു പ്രസ്താവന? അയാൾക്കു കാര്യം മനസ്സിലായി. ശരിയാണ്. താൻ അതും പറയാൻ പാടില്ലായിരുന്നു. പെണ്ണുകാണാൻ മൂന്നാമതൊരു വീട്ടിൽ പോയപ്പോൾ അയാൾ ഇനി വിഡ്ഢിത്തമൊന്നും പറയില്ലെന്നു തീർച്ചയാക്കിയിരുന്നു. അയാൾ പറഞ്ഞത് ഇതാണ്. 'അളിയൻ ഉടുത്ത മുണ്ട് എന്റേതുമല്ല അളിയന്റേതുമല്ല.'

ഞാനിതു പറയാൻ കാരണം ഇതാണ്. ചില നിരൂപകർ ഏതെങ്കിലും വിഷയത്തെപ്പററി മലയാളകഥകളിൽ വന്ന പരാമർശത്തെപ്പററി ലേഖനമെഴുതുകയാണെന്നു വയ്ക്കുക. ഉദാഹരണം എലികൾ. ഇപ്പോൾ അങ്ങനെയാണല്ലോ. ഗൗളികൾ ആരുടെയൊക്കെ കഥകളിൽ വന്നിട്ടുണ്ട്. ആനകൾ ആരുടെയൊക്കെ കഥകളിൽ വന്നിട്ടുണ്ട് എന്നൊക്കെയാണ് അന്വേഷണം. ഓരോ കഥാകൃത്തുക്കളുടെ കഥകളിലും എലിയെപ്പറ്റി വന്ന പരാമർശം വിവരിച്ച ശേഷം നമ്മുടെ നിരൂപകൻ തുടരുന്നു. 'പ്രശസ്ത കഥാകൃത്തായ മിസ്റ്റർ എക്സ് അദ്ദേഹത്തിന്റെ ഒരു കഥയിലും എലിയെ കൊണ്ടുവന്നിട്ടില്ല.' മിസ്റ്റർ എക്സിനെപ്പറ്റി ആ അവസരത്തിൽ പറയേണ്ട ആവശ്യമേയില്ല. പക്ഷേ, ആ പേർ പറഞ്ഞില്ലെങ്കിൽ ലേഖനം പൂർണമാവില്ലെന്ന വിശ്വാസമായിരിക്കണം നിരൂപകനെക്കൊണ്ട് ആ വാചകമെഴുതിച്ചത്. ഇത് ഞാൻ നേരത്തെ കഥയിൽ പറഞ്ഞ 'അളിയനുടുത്ത മുണ്ട് സിൻഡ്രോം' തന്നെയാണ്. അല്ലെങ്കിൽ തുടച്ചുനീക്കാൻ വയ്യാത്ത വിധേയത്വം. ഇനി ഒരു പടി കടന്ന് ഈ ലേഖനം അച്ചടിച്ചുവരുമ്പോൾ പത്രാധിപർ കൊടുക്കുന്നത് നിരൂപകൻ ആദ്യം പറഞ്ഞ ലേഖകരിൽ, അതായത് എലിയെ സ്വന്തം കഥകളിൽ പരാമർശിച്ച ആരുടെ ചിത്രവുമല്ല. മറിച്ച് ലേഖനത്തിലെ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത, എലിയെ ഒരു കഥയിലും കൊണ്ടുവന്നിട്ടില്ലാത്ത മിസ്റ്റർ എക്സിന്റേതായിരിക്കും. ആന ചത്താലും പന്തിരായിരം.

മലയാള കഥയുടെ ഇന്നത്തെ നില ആശാവഹമാണോ എന്നു ചോദിച്ചാൽ അതെയെന്നും അല്ലായെന്നും പറയേണ്ടിവരും. നല്ല നാണയങ്ങളുണ്ട്. കള്ളനാണയങ്ങളുമുണ്ട്. പക്ഷേ, കൂടുതൽ സർക്കുലേഷൻ എപ്പോഴും കള്ള നാണയങ്ങൾക്കായിരിക്കും. ആ നാണയങ്ങളുടെ നിറംമങ്ങിത്തുടങ്ങിയാൽ മാത്രമെ നല്ല നാണയങ്ങൾക്ക് പ്രചാരം കിട്ടും.

കള്ളനാണയങ്ങളെപ്പററി പറയുമ്പോൾ ഒരു കാര്യം ഓർമ വരുന്നു. മലയാളകഥയിലെ പുതിയ ഫാഷൻ, കംപ്യൂട്ടറിനോടു ബന്ധപ്പെട്ട കാര്യങ്ങൾ കഥകളിൽ അവിടവിടെയായി പറഞ്ഞു വയ്ക്കുക എന്നതാണ് ഡോട് കോം, ഇ-മെയിൽ, വെബ്സൈറ്റ് (ഒരാൾ പിടിപാടില്ലാതെ എഴുതിയത് വെബ്സെറ്റ് എന്നാണ്). ഡൊമെയ്ൻനെയിം എന്നൊക്കെ എഴുതിയാൽ അതൊരു കംപ്യൂട്ടർ കഥയാകുമെന്ന വിചാരമുണ്ട് എഴുതുന്നവർക്ക്. പക്ഷേ, ഈ കഥകളെപ്പററി എഴുതുന്ന നിരൂപകർക്കും അതേ ചിന്താഗതിയുണ്ടാവുമ്പോൾ എന്താണ് പറയേണ്ടത്? ചക്കിക്കൊത്ത ചങ്കരൻ എന്നോ? നിരൂപണം ഉപകാരസ്മരണയായി മാറുമ്പോഴുണ്ടാകുന്ന കുഴപ്പമാണത്. അല്ലെങ്കിൽ വായനക്കാർ മുഴുവനും അറിവില്ലാത്തവരാണെന്ന മുൻവിധിയോ? എഴുത്തുകാരൻ എപ്പോഴും ഓർക്കേണ്ട ഒരു കാര്യം താൻ എഴുതിയത് വായിക്കുന്ന വായനക്കാരന് തന്നേക്കാൾ വിവരമുണ്ട് എന്നതാണ്. വിവരമില്ലാത്തവരും ഉണ്ടാകാം. പക്ഷേ, നാം മാനദണ്ഡമായി എടുക്കേണ്ടത് ഏറ്റവും അറിവുള്ള വായനക്കാരനെയാണ്. നമ്മൾ വിഡ്ഢിത്തം എഴുതിയാൽ വാപൊത്തിച്ചിരിക്കുന്ന ആ വായനക്കാരനെ അറിവുള്ള മേഖലകൾ മാത്രം സ്പർശിക്കുക. അറിവില്ലാത്തവ പഠിച്ച ശേഷം മാത്രം എഴുതുക. അല്ലാതെ, അയാൾ റോക്കറ്റിൽപോയി ആൾഫാ സെന്റോറി ഗാലക്സിയിലെ ഒരു തമോഗർത്തത്തിലിറങ്ങി അല്പസമയം കഴിഞ്ഞ് തിരിച്ച് പൊങ്ങി ഭൂമിയിൽ എത്തി എന്നൊക്കെ എഴുതിയാൽ സ്വല്പം അറിവുള്ളവർ ഊറിച്ചിരിക്കും. ഉപകാരസ്മരണയുടെ പേരിൽ, അല്ലെങ്കിൽ അറിവില്ലായ്മയുടെ പേരിൽ ഒരു നിരൂപകൻ 'ഇതാ മലയാളത്തിലെ ആദ്യത്തെ സൈ-ഫി' എന്നൊക്കെ ആ കഥയെപ്പററി, അല്ലെങ്കിൽ നോവലിനെപ്പററി പുകഴ്ത്തി എഴുതിയെന്നിരിക്കും.

നമ്മുടെ അറിവിനകത്തും അനുഭവമണ്ഡലങ്ങൾക്കുള്ളിലും മാത്രം വ്യാപരിക്കുക. അനുഭവങ്ങൾ ഉണ്ടാവാൻ ധാരാളം യാത്ര ചെയ്യുക. അനുഭവങ്ങളുടെ കാര്യത്തിൽ ഒരു ബഷീറാകാൻ എല്ലാവർക്കും കഴിഞ്ഞെന്നുവരില്ല. പക്ഷേ, നമുക്കുചുറ്റും പലതട്ടിൽ ജീവിതങ്ങൾ തുടിക്കുന്നുണ്ട്. കൂടുതൽ അനുഭവങ്ങൾ താഴെക്കിടയിലുള്ള ജീവിതങ്ങൾക്കിടയിലാണ്. അവരുടെ ജീവിതങ്ങൾ സാനുഭൂതിയോടെ നോക്കിക്കാണുക. ഒരായുഷ്കാലം മുഴുവൻ എഴുതാനുള്ള കഥകൾ നമുക്കു കിട്ടും. ഇവിടെയും ആത്മാർത്ഥത ഒരു പ്രശ്നമാണ്. അവരുടെ ജീവിതത്തോട് ആത്മാർത്ഥമായ ഒരു സമീപനം ആവശ്യമാണ്. അല്ലെങ്കിൽ എഴുതുന്നതെല്ലാം കാപട്യമാകും. ഇന്നത്തെ എഴുത്തുകാർക്ക് ഇല്ലാതെ പോകുന്നതും ഈ വിധത്തിലുള്ള അനുഭവസമ്പത്താണെന്നു തോന്നുന്നു. എന്തെഴുതണമെന്ന അറിവില്ലായ്മയിൽ പകച്ചുനിൽക്കുന്ന പുത്തൻ എഴുത്തുകാരനെ ഞാൻ കാണുന്നു.

നമുക്കുചുറ്റും നടക്കുന്ന ഭീകരപ്രവർത്തനങ്ങൾ ഒരുപാടു കഥകൾക്കുള്ള ബീജം തന്നു. പക്ഷേ, ഇവിടെ ഒരു ശരാശരി എഴുത്തുകാരൻ, ബുദ്ധിജീവി പരിവേഷം കളയാതിരിക്കാൻ അവയെപ്പററി എഴുതുന്നില്ല. ഭീകരവാദം എന്നൊരു ഭീഷണിയേ ഇല്ലെന്നും ആകെയുള്ള ഭീഷണി അമേരിക്കൻ സാമ്രാജ്യത്വം നയിക്കുന്ന ആഗോളവത്ക്കരണം മാത്രമാണെന്നും അതിനെ ചെറുത്തുനിൽക്കുകയാണ് വേണ്ടതെന്നുമുള്ള ശരാശരി മലയാളി ബുദ്ധിജീവിധാരണയ്ക്കെതിരെ എഴുതാൻ മിനക്കെട്ടാൽ താൻ സ്വയം ഒരു ബുദ്ധിജീവിയല്ലാതാവുമെന്ന ഭയംകൊണ്ട് ഒരു മാതിരി എഴുത്തുകാർ ഭീകരവാദം കഥകളിലോ നോ

വലുകളിലോ വിഷയമാക്കുന്നില്ല. ആ ഭയം ഇല്ലാത്തതുകൊണ്ട് ഭീകരവാദത്തിനെതിരായി ഞാൻ ഒരു കഥ എഴുതിയിട്ടുണ്ട്. 'ഷ്രോഡിങ്ങറുടെ പൂച്ച'. കണികാസിദ്ധാന്തത്തിലെ അനിശ്ചിതത്വം (അൺസേർട്ടന്റി) എന്ന ഘടകവും മുംബൈയിൽ ഭീകരർ നടത്തിയ ഒരു സ്ഫോടനത്തിൽ ഒരു പ്രൊഫസറുടെ മകൻ മരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന അനിശ്ചിതത്വവും കൂട്ടിക്കുഴച്ചാണ് ആ കഥയെഴുതിയത്. മുംബൈ സ്ഫോടനം കഴിഞ്ഞയുടനെയാണ് ആ കഥയെഴുതിയത്.

ആഗോളവത്കരണം ഒരു കൊടുങ്കാറ്റുപോലെ ചുറ്റും അടിക്കുമ്പോൾ അതിൽനിന്ന് എത്രകാലം നമുക്ക് ഒഴിഞ്ഞുനിൽക്കാനാവും? ഒഴിഞ്ഞുനിൽക്കേണ്ട ആവശ്യമുണ്ടോ? ഈ വിഷയങ്ങൾ സാഹിത്യകാരന്റെ വിഷയമാവുന്നത് അപൂർവമാണ്. എന്റെ അഭിപ്രായത്തിൽ നമ്മുടെ സ്വത്വം നഷ്ടപ്പെടാതെ, നല്ലതും, നമുക്ക് സാങ്കേതികമായി ആവശ്യമുള്ളതും മാത്രമെടുത്തുകൊണ്ട് ആഗോളവത്കരണത്തിൽ പങ്കാളിയാവുന്നതിൽ തെറ്റില്ല. മറിച്ച് ആഗോളവത്കരണം കണ്ടില്ലെന്നു നടിച്ചാൽ ഉണ്ടാവാൻ പോകുന്നത് നാം പിന്നിലേയ്ക്ക് തള്ളപ്പെടുകയാണ്. ഒരുകാലത്ത് പാശ്ചാത്യർക്ക് നമ്മെ അടിമകളാക്കാൻ കഴിഞ്ഞത് സാങ്കേതികതലത്തിൽ, പ്രത്യേകിച്ചും ആയുധങ്ങളുടെ കാര്യത്തിൽ നമുക്കുണ്ടായിരുന്ന പിന്നോക്കാവസ്ഥയായിരുന്നു. അവരുടെ തോക്കുകൾക്കുമുൻപിൽ നമ്മുടെ തുരുമ്പുപിടിച്ച വാളുകൾ നിഷ്പ്രഭമായി. ഇനിയും അതു സംഭവിക്കാം. അതുകൊണ്ട് മററു രാജ്യങ്ങളിലെ സാങ്കേതിക പുരോഗതിക്കൊപ്പം നാം എത്തണം എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ള ഒരു വഴി ആഗോളവത്കരണത്തിൽ നമ്മുടെ നില എത്രയും പെട്ടെന്ന് ഉറപ്പിക്കുകയാണ്. ചൈനയാണ് അതിന്റെ നല്ലൊരു ഉദാഹരണം. അവരുടെ സംസ്കാരവും പാരമ്പര്യവും തുടച്ചുനീക്കാൻ അവർ ആരേയും സമ്മതിക്കില്ല. എന്നാൽ, ഉദാരവത്കരണത്തിന്റെ, ആഗോളവത്കരണത്തിന്റെ ഏററവും മികച്ച ഉപഭോക്താവാണുതാനും ചൈന. ആഗോളവത്കരണത്തിൽ ആകെ മുങ്ങിയ ചൈനയുടെ കഴിഞ്ഞ പത്തുവർഷത്തെ ശരാശരി വളർച്ചാനിരക്ക് 8.8 ശതമാനമാണ്. മറിച്ച് ആഗോളവത്കരണമെന്ന മഹാസമുദ്രത്തിൽ കപ്പലിറക്കാൻ മടിച്ചുനിൽക്കുന്ന ഇന്ത്യയുടെ വളർച്ചാനിരക്കോ 3.7 ശതമാനം മാത്രം. നിങ്ങൾ തീർച്ചയാക്കൂ ഒരു പഴയ ഇംഗ്ലീഷ് പാട്ട് ഓർമ വരുന്നു. 'ഐ വുഡ് റാദർ ബി എ ഹാമർ ദാൻ എ നെയ്ൽ' എന്ന്. ഒരു ആണിയേക്കാൾ ഞാൻ ആകാൻ ഇഷ്ടപ്പെടുക ഒരു ചുറ്റികയാണ്.

ഇന്ന് കേരളത്തിലെ എഴുത്തുകാർ അവശ്യം ചെയ്യേണ്ട ഒരു കാര്യമുണ്ട്. കഴിഞ്ഞ നാല്പതോളം വർഷങ്ങളായി ഒരുപററം എഴുത്തുകാരും ചില രാഷ്ട്രീയകക്ഷികളും ചേർന്ന് പാടുപെട്ടുണ്ടാക്കിയ ബുദ്ധിജീവി പരിവേഷത്തിൽനിന്ന് കുതറി പുറത്തുകടക്കുക. നിങ്ങൾക്കു നഷ്ടപ്പെടാനുള്ളത് ഉത്തരാധുനികതയുടെ മാറാലകളും ആധുനികതയുടെ അസ്ഥിപഞ്ജരങ്ങളും മാത്രമാണ്. നേടാനോ ധാരാളം പുതിയ വായനക്കാരും ഒരു പുതിയ സാഹിത്യ സംസ്കാരവും.

*(കൊച്ചി സർവകലാശാല ഹിന്ദിവകുപ്പ്*
*സംഘടിപ്പിച്ച ചർച്ചയിൽ അവതരിപ്പിച്ച പ്രബന്ധം)*

BACK TO INDEX

# വായനക്കാർക്ക് ഒരു സമ്മാനം

എഴുപതാം പിറന്നാൾ അടുത്തുവന്നപ്പോൾ ഞാൻ ആലോചിച്ചത് ഈ പിറന്നാളിന് എന്നെ സ്നേഹിച്ച വായനക്കാർക്ക് എന്തു സമ്മാനം കൊടുക്കുമെന്നായിരുന്നു. തൊള്ളായിരത്തി അറുപത്തിരണ്ടിൽ എഴുതാൻ തുടങ്ങിയതു മുതൽ എന്റെ കഥകളെ സ്നേഹിക്കുകയും ഹൃദയത്തോടടുപ്പിച്ചു നിർത്തുകയും ചെയ്ത എന്റെ വായനക്കാർ നിരവധിയാണ്. 'ആസ്ഥാന നിരൂപകർ' എന്റെ കഥകളെയും നോവലുകളെയും പാടെ തഴഞ്ഞപ്പോൾ എനിക്ക് സാന്ത്വനമായി വന്നത് വായനക്കാരുടെ സ്നേഹവും പ്രോത്സാഹനവുമായിരുന്നു, പിന്നെ എന്റെ കഥകൾ ഇഷ്ടമായിരുന്ന ഏതാനും നിരൂപകരുടെ അഭിപ്രായങ്ങളും. അങ്ങിനെയാണ് അമ്പതു വർഷത്തെ എന്റെ സാഹിത്യജീവിതം വായനക്കാർക്കു സമ്മാനിക്കുക എന്ന ആശയം മനസ്സിലൂന്നിയത്.

വെറുതെ കഥകളും നോവലുകളും ഒരു സി.ഡി.യിലാക്കിയാൽ പോര അതിലെന്തെങ്കിലും പുതുമയും വേണമെന്നു തോന്നി. ഒരു കഥയോ, നോവലോ പുസ്തകമാക്കിയാലുള്ളതിനേക്കാൾ രസം അതൊരു വാരികയിൽ വായിക്കുന്നതാണ്. ഇത് എന്റെ മാത്രം അനുഭവമല്ല. അതിനു പ്രധാന കാരണം അതിലെ രേഖാചിത്രങ്ങളാണെന്നു തോന്നുന്നു. പിന്നെ വായനയുടെ രസം പിടിച്ചുവന്ന ചെറുപ്രായത്തിൽ കഥകൾ വായിച്ചാസ്വദിച്ചിരുന്നത് വാരികകൾ വഴിയായിരുന്നു. അതിൽ ഒരു ഗൃഹാതുരത ഇപ്പോഴുമനുഭവപ്പെടുന്നു. പതിമൂന്ന് പതിനാലു വയസ്സുകാലത്ത് ഉറൂബിന്റെയും ബഷീറിന്റെയും കഥകളും നോവലുകളും എം.വി. ദേവന്റെയും എ.എസ്സിന്റെയും രേഖാചിത്രങ്ങളോടെ വായിച്ചതാണോർമ്മ വരുന്നത്. ആ രേഖാചിത്രങ്ങൾ കഥയുടെ സന്ദർഭങ്ങളോടെ ഇന്നും മനസ്സിൽ പച്ചയായി നിൽക്കുന്നു.

അതേപോലെ, അതായത് വാരികകളിൽ പ്രത്യക്ഷപ്പെട്ടതുപോലെ, എന്റെ കഥകളും നോവലുകളും ഒരു സി.ഡി.യിലാക്കാമെന്ന് കരുതി. എളുപ്പമല്ല കാര്യങ്ങളെന്ന് പെട്ടെന്ന് മനസ്സിലായി. പഴയ ആഴ്ചപ്പതിപ്പുകളിലെ കഥകൾ സ്കാൻ ചെയ്തു നോക്കിയപ്പോൾ അതിന്റെ ഫലം തീരെ തൃപ്തികരമായിരുന്നില്ല. ഒന്നാമതായി കാണാൻ ഭംഗിയില്ല. പിന്നെ അക്ഷരങ്ങളെല്ലാം മങ്ങി സുഗമമായി വായിക്കാൻ പറ്റാത്ത പരുവത്തിലായിരിക്കുന്നു. പഴയ കടലാസ്സിന്റെ മഞ്ഞനിറം കയറിയ പേജുകൾ വെളുപ്പിക്കാൻ കഴിയില്ലെന്നു മനസ്സിലായി. ഗ്രേസ്കെയിലിലാക്കിയാൽക്കൂടി ഇരുണ്ട ഭാഗങ്ങൾ ഇരുണ്ടുതന്നെ കിടന്നു. വെളുപ്പിക്കാൻ ശ്രമിച്ചാൽ അക്ഷരങ്ങൾ മാഞ്ഞുപോകും. ഇനി?

ആദ്യമായി എന്റെ കഥകളും നോവലുകളുമുള്ള വാരികകൾ കൊണ്ടുവരണം. വാരികകളെല്ലാം ഞാൻ ബൈന്റു ചെയ്തുവച്ചിരുന്നു. ഞാൻ എറണാകുളത്തുനിന്ന് 2007ൽ തൃശ്ശൂരിലേയ്ക്കു താമസം മാറ്റിയപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം ഷെൽഫടക്കം സമസ്തകേരള സാഹിത്യ പരിഷത്തിനെ ഏല്പിച്ചിരുന്നു. അതോടൊപ്പം തന്നെ ഈ ബൈന്ററുകളും കൊടുക്കുകയാണുണ്ടായത്. പുസ്തകങ്ങളും ബൈന്ററുകളും

അവിടെ സൂക്ഷിക്കാനുള്ള എന്റെ ആഗ്രഹം സൂചിപ്പിച്ചപ്പോൾ സ്നേഹിതനും പരിഷത്ത് സെക്രട്ടറിയുമായ ശ്രീ. എം.വി. ബെന്നിതന്നെ വീട്ടിൽ വന്ന് അതെല്ലാം കൊണ്ടുപോകുകയാണുണ്ടായത്. ആദ്യത്തെ പടി ആ ബൈന്ററുകളെല്ലാം കൊണ്ടുവരികയാണ്. എന്റെ സാഹിത്യമുള്ള വാരികകൾ ബൈന്റു ചെയ്തവ മുപ്പതിലധികമുണ്ടായിരുന്നു. അതെല്ലാം കൊണ്ടുവന്ന് ഓരോന്നായി ബൈന്റ് പൊളിച്ചെടുത്ത് സ്കാൻ ചെയ്യാൻ തുടങ്ങി. ബൈന്റോടുകൂടി സ്കാൻ ചെയ്യാൻ പറ്റില്ല. സ്കാൻ ചെയ്തശേഷം അവ വീണ്ടും ബൈന്റ് ചെയ്യുകയാണുണ്ടായത്.

അടുത്ത പരിപാടി ഈ പേജുകളിലുള്ള രേഖാചിത്രങ്ങൾ നന്നാക്കിയെടുക്കുകയാണ്. വളരെ സമയം വേണ്ടിവന്നു ഈ ജോലിക്ക്. ഓരോ ചതുരശ്ര ഇഞ്ചും ശ്രദ്ധാപൂർവ്വം എഡിറ്റു ചെയ്യണം. ഫോട്ടോഷോപ്പിലുള്ള ഈ ജോലിയാണ് ഏറെ സമയമെടുത്തത്. ഏറെ രസകരമായിട്ടുള്ളതും. വളരെ പഴയ മാസികകളിൽ വന്ന ചിത്രങ്ങൾ സ്കാൻ ചെയ്തപ്പോൾ പലയിടത്തും വരകൾ മാഞ്ഞുപോയിരുന്നു. അതെല്ലാം ശരിയാക്കൽ മ്യൂസിയത്തിൽ പഴയ പെയ് ന്റിങ് ശരിയാക്കിയെടുക്കുന്നതിനെ (ൃലേീൃമശേീി ീൃസ) ഓർമ്മിപ്പിച്ചു. ചില ചിത്രങ്ങൾ ശരിയാക്കിയെടുക്കാൻ മണിക്കൂറുകളുടെ അദ്ധ്വാനംതന്നെയുണ്ടായിരുന്നു. അതുപോലെ ടൈറ്റിൽ കാലിഗ്രഫിയും ഫോട്ടോഷോപ്പിലിട്ട് നന്നാക്കിയെടുത്തു.

എഴുന്നൂറോളം സ്കെച്ചുകളും മുന്നൂറോളം ടൈറ്റിലുകളും ഈ വിധം ശരിയാക്കിയെടുത്തു. ഇനിയുള്ള ജോലി വാരികകളുടെ കവർ ചിത്രങ്ങൾ നന്നാക്കിയെടുക്കുന്നതാണ്. ഓരോ കഥ ചേർക്കുമ്പോഴും ആ വാരികയുടെ കവർ ചിത്രവും ഒപ്പം കൊടുക്കുന്നുണ്ട്. ഇതും നല്ലൊരു പണിയായിരുന്നു.

ഇനിയാണ് ഏറ്റവും വിഷമം പിടിച്ച ജോലി. അതായത് പേജ് സെറ്റിങ്. സ്കാൻ ചെയ്ത പേജുകൾ അപ്പടി ചേർക്കാൻ പറ്റില്ലെന്നു മനസ്സിലായി. ഇപ്പോൾ ചെയ്തത് നേരത്തെ നന്നാക്കിയെടുത്ത ടൈറ്റിലും സ്കെച്ചുകളും ചേർത്ത് വാരികകളിൽ വന്ന അതേ ഫോർമാറ്റിൽ പേജ് സെറ്റുചെയ്യുകയാണ്. മിക്കവാറും എല്ലാ കഥയും കമ്പ്യൂട്ടറിലുണ്ട്. പക്ഷെ കാര്യമില്ല. ആദ്യത്തെ മിക്കവാറും കഥകൾ മറ്റൊരു ലിപിയിലാണ്. അതാകട്ടെ പി.ഡി.എഫ് ആക്കാൻ പറ്റുന്നുമില്ല. ആക്കാം, പക്ഷെ മറ്റൊരു കമ്പ്യൂട്ടറിൽ അതു വായിക്കണമെങ്കിൽ ആ കമ്പ്യൂട്ടറിലും ഈ ഫോണ്ടുകൾ (ലിപി) വേണമെന്നർത്ഥം. കുറേ ചെയ്തു കഴിഞ്ഞപ്പോഴാണ് ഇതെനിക്കു മനസ്സിലായത്. അതോടെ ആ കഥകളെല്ലാം ഒന്നുകിൽ ഫോണ്ട് കൺവർട് ചെയ്യുക, അങ്ങിനെ ചെയ്യാൻ കഴിയാത്തവ പുതുതായി ടൈപ്സെറ്റ് ചെയ്യുക എന്ന ജോലി തുടങ്ങേണ്ടി വന്നു. ഈ കാര്യത്തിൽ എനിക്ക് സഹായമുണ്ടായിരുന്നു. അച്ഛന്റെ കവിതകളുടെ സമ്പൂർണ്ണ സമാഹാരം ഇറക്കിയപ്പോൾ ടൈപ്സെറ്റ് ചെയ്തുതന്ന കുട്ടിതന്നെ അതും ചെയ്തുതന്നു, വളരെ ഭംഗിയായി. ഇതിനുശേഷമാണ് പേജ് സെറ്റിങ് തുടങ്ങിയത്. ആ ജോലിയും സുഗമമായിരുന്നില്ല. വാരികകളിൽ കഥകൾ, അല്ലെങ്കിൽ നോവലുകൾ പ്രസിദ്ധീകരിച്ച അതേപോലെ പേജുണ്ടാക്കണമെന്നുണ്ടായിരുന്നു. എല്ലാം കഴിഞ്ഞശേഷം ഈ പേജുകൾ പി.ഡി.എഫ് ആക്കാൻ ശ്രമിച്ചപ്പോഴാണ് മറ്റൊരു പ്രശ്നം തലപൊക്കിയത്. കളർ എൻകോഡിങ്ങായിരുന്നു പുതിയ പ്രശ്നം. ഫോട്ടോഷോപ്പിലുണ്ടാക്കിയ, അല്ലെങ്കിൽ നന്നാക്കിയെടുത്ത ഒരു കളർ

സ്കെച്ച് പേജ്മേക്കറിൽ വരുമ്പോൾ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇനി അപ്പോൾ പ്രശ്നമുണ്ടാക്കിയില്ലെങ്കിൽത്തന്നെ പേജ് പി.ഡി.എഫ് ആക്കുമ്പോൾ ശരിയാവുന്നില്ല. എന്താണ് പ്രശ്നമെന്നു മനസ്സിലായാൽ ത്തന്നെ വീണ്ടും ആ പേജ് പുതുതായി സെറ്റുചെയ്താലെ ശരിയാകാറുള്ളു. കൂടുതൽ വിശദാംശങ്ങളിലേയ്ക്കിപ്പോൾ കടക്കുന്നില്ല.

സ്കാൻ കഴിഞ്ഞ് കണക്കെടുത്തപ്പോഴാണ് മനസ്സിലായത് രണ്ടു ബൈന്ററുകൾ നഷ്ടപ്പെട്ടിരിക്കുന്നു. അതും കലാകൗമുദിയുടെ ആദ്യകാല ലക്കങ്ങളുള്ളവ. കലാകൗമുദിയുടെ രണ്ടാമത്തെ ലക്കത്തിൽ എന്റെ 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥ പ്രസിദ്ധീകരിച്ചിരുന്നു. അന്നുതൊട്ട് എനിക്ക് കുറച്ചെങ്കിലും പേർ നേടിത്തന്ന കഥകൾ വന്നിരുന്നത് കലാകൗമുദിയിലായിരുന്നു. എഴുപത്തിനാലുതൊട്ട് എൺപതുകളുടെ ആദ്യംവരെയുള്ള ലക്കങ്ങൾ. എനിക്ക് വളരെ സങ്കടം തോന്നി. ആ രണ്ടു ബൈന്ററുകളും ഞാൻ പ്രത്യേകം സൂക്ഷിച്ചുവച്ചവയായിരുന്നു. ആ കഥകളെല്ലാം എന്റെ കൈവശമുണ്ട്, പക്ഷെ ആ ലക്കങ്ങളുടെ കവർ ചിത്രമോ, സ്കെച്ചുകളോ ടൈറ്റിൽ കാലിഗ്രാഫിയോ ചേർക്കാൻ കഴിയില്ല. അതു വലിയ നഷ്ടമായി തോന്നി എനിക്ക്. ആ ലക്കങ്ങൾക്കു വേണ്ടി ഞാൻ ശ്രമിച്ചു. അക്കാദമിയുടെ അപ്പൻ തമ്പുരാൻ സ്മാരകത്തിൽ വാരികകളുടെ പഴയ ലക്കങ്ങൾ സൂക്ഷിച്ചുവച്ചവയിൽനിന്ന് ഏതാനും ലക്കങ്ങൾ കിട്ടി. പിന്നെ വാരികകളിൽ നഷ്ടപ്പെട്ട ലക്കങ്ങളെക്കുറിച്ച് കുറിപ്പു കൊടുത്തതിൽ നിന്ന് ഒരേയൊരു പ്രതികരണമാണ് കിട്ടിയത്. തിരുവനന്തപുരത്തുനിന്ന് ശ്രീ. സി.ആർ. ബൈജു. അദ്ദേഹം ഫോണിൽ വിളിച്ചു പറഞ്ഞു. 'ബസ്സ് തെറ്റാതിരിക്കാൻ' എന്ന കഥ വന്നത് കലാകൗമുദിയിലല്ല, മറിച്ച് കേരളകൗമുദി ഓണപ്പതിപ്പിലാണ് എന്ന്. മാത്രമല്ല ആ ലക്കം അദ്ദേഹത്തിന്റെ കയ്യിലുണ്ട് അത് അയച്ചുതരാമെന്നും. ആ കഥ കലാകൗമുദിയുടെ ഓണപ്പതിപ്പിലാണ് വന്നതെന്നായിരുന്നു ഞാൻ കരുതിയത്. അപ്പോഴാണ് ശ്രീ. എം.എസ്. മണിയുടെ കത്ത് ഓർത്തത്. കഥ കിട്ടിയപ്പോൾ, അത് ഏകദേശം ജനുവരി മാസമായിരുന്നെന്നാണോർമ്മ അദ്ദേഹം എഴുതി, ഈ കഥ ഞാൻ കേരളകൗമുദി ഓണപ്പതിപ്പിൽ ചേർക്കാനായി എടുത്തുവയ്ക്കട്ടെ എന്ന്. ശ്രീ. എം.എസ്. മണിയും എസ്. ജയചന്ദ്രൻ നായരുമായിരുന്നു ആ കൊല്ലത്തെ (1980) കേരളകൗമുദി ഓണപ്പതിപ്പ് നോക്കിയിരുന്നത്. കേരളകൗമുദി ഓണപ്പതിപ്പിന്റെ ആ ലക്കം കിട്ടിയപ്പോൾ എനിക്കു വളരെ സന്തോഷമായി. ശ്രീ. ബൈജുവിനോട് എനിക്ക് നന്ദിയുണ്ട്, കടപ്പാടുണ്ട്.

ഇനിയും ഏഴോ എട്ടോ ലക്കം കിട്ടാനുണ്ട്. ആ കഥകളെല്ലാം സി.ഡി.യിൽ സ്കെച്ചുകളില്ലാതെ ചേർക്കേണ്ടിവന്നു.

സി.ഡി.യുണ്ടാക്കിയത് എച്ച്.ടി.എം.എല്ലിലായിരുന്നു(വാഹ), കാരണം അതിലെ ഉള്ളടക്കം മുഴുവനായി എന്റെ വെബ്സൈറ്റിലും കൊടുക്കണം. (ംംം.ലവമൃശസൗാമൃ.രീാ).

ഇതിന്റെ ഗുണമെന്തെന്നാൽ ഒരു വെബ്സൈറ്റിലുടെ സഞ്ചരിക്കുന്ന അതേ ലാഘവത്തോടെ വായനക്കാരന് ഈ സി.ഡി.യും കൈകാര്യം ചെയ്യാം. ഓരോ പേജിലേയ്ക്കും ലിങ്കുകൾ കൊടുത്തിട്ടുണ്ട്. ഉദാഹരണമായി ചെറുകഥകൾ വായിക്കാനായി കഥകളുടെ പേജിലേയ്ക്ക് ലിങ്കുണ്ട്. ഓരോ കഥയിലെത്താനും ക്ലിക് ചെയ്താൽ മതി. അതേപോലെത്തന്നെ കഥാസമാഹാരങ്ങൾക്കും വേറൊരു പേജുണ്ട്. നോവലുകൾക്ക്, ഞാനെഴുതിയ ഓരേയൊരു

നാടകത്തിന് അതു പോലെ കഥകളുടെ ഇംഗ്ലീഷ് തർജ്ജമകൾക്ക് ഒക്കെ വെവ്വേറെ ലിങ്കുകൾ ഒരുക്കിയിട്ടുണ്ട്. താഴെ കൊടുത്തിട്ടുള്ളവയാണ് ഇതിന്റെ ഉള്ളടക്കം:

1. ഹോം പേജ്. ഇതിൽ നിന്ന് തുടക്കം.

2. അടുത്ത പേജ് അവതരണത്തിനും സി.ഡി.യെപ്പറ്റിയുള്ള (അല്ലെങ്കിൽ വെബ് പേജുകളെപ്പറ്റിയുള്ള) പൊതു വിവരങ്ങൾക്കും.

3. അച്ഛനെക്കുറിച്ച് ഒരു പേജ്.

4. ബയോഡാറ്റ, (അതിൽ ലഭിച്ച പുരസ്കാരങ്ങളെപ്പറ്റിയും വിവരങ്ങളുണ്ട്).

5. ചെറുകഥകളുടെ പേജ്. ഞാനെഴുതിയ എല്ലാ കഥകളുടെയും പേരുകൾ രണ്ടു പേജുകളിലായി കൊടുത്തിട്ടുണ്ട്. ആ പേരുകൾ അമർത്തിയാൽ അതാത് കഥകൾ വായിക്കുകയോ ഡൗൺലോഡ് ചെയ്യുകയോ ആവാം. എല്ലാം ുറള രൂപത്തിലാക്കിയതുകൊണ്ട് വളരെ എളുപ്പം ഡൗൺലോഡുചെയ്യാം. അതുപോലെ ഏതു കമ്പ്യൂട്ടറിലും (ഘലസെഡീു, ഹമുഡീു, മേയഹലഭ, ാമൃയുവീല) ലിപി പ്രശ്നമില്ലാതെ വായിക്കുകയും ചെയ്യാം.

6. ചെറുകഥാ സമാഹാരങ്ങൾക്ക് ഏതാനും പേജുകൾ. സമാഹാരങ്ങളുടെ പേരുകൾ കൊടുത്തതിൽ ക്ലിക് ചെയ്താൽ അതാത് പുസ്തകങ്ങൾ വായിക്കാം. ഓരോ പുസ്തകത്തിൽത്തന്നെ കഥകളുടെ ഇൻഡക്സിൽ ഓരോ കഥകൾക്കും മീതെ അമർത്തിയാൽ ആ കഥയുടെ പേജിലെത്താം. ഇവതന്നെ സ്കെച്ചുകൾ ചേർത്തതും സ്കെച്ചുകൾ ചെർക്കാത്തതും വെവ്വേറെയുണ്ട്.

7. 9 നോവലുകൾ.

8. നാടകം. (ഞാനെഴുതിയ ഒരേയൊരു നാടകം 'സംവിധായകനെത്തേടി ഒരു കഥാപാത്രം')

9. തർജ്ജമകൾ – കഥകൾ ഇംഗ്ലീഷിലേയ്ക്കും മറ്റ് ഇന്ത്യൻ ഭാഷകളിലേയ്ക്കും മൊഴിമാറ്റം ചെയ്തത്.

10. കഥകളുടെ ശബ്ദലേഖനം. ആകെ 5 കഥകളാണ് അവതരിപ്പിച്ചിട്ടുള്ളത്. ഒരു കങ്ഫൂ ഫൈറ്റർ, ഡോ. ഗുറാമിയുടെ ആശുപത്രി, നഗരവാസിയായ ഒരു കുട്ടി, ദിനോസറിന്റെ കുട്ടി, ഒരു വിശ്വാസി. ആദ്യത്തെ മൂന്നു കഥകൾ എന്റെ ശബ്ദത്തിലും മറ്റു രണ്ടു കഥകൾ ശ്രീ. ആർ. ദാമോദരന്റെ ശബ്ദത്തിലുമാണ്.

11. ഓർമ്മക്കുറിപ്പുകളുള്ള രണ്ടു പുസ്തകങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്.

12. 'എന്റെ സ്ത്രീകൾ' എന്ന കഥാസമാഹാരത്തിന്റെ രണ്ടാം ഭാഗം ആ കഥകളുടെ പശ്ചാത്തലത്തെപ്പറ്റിയുള്ള ലേഖനങ്ങളാണ്. ആ ലേഖനങ്ങൾ ഒരു പുസ്തകരൂപത്തിൽ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. (ഇത് സി.ഡി.യിലില്ല, വെബ്ബിൽ മാത്രമേയുള്ളു.)

13. മൂന്നു കഥകൾ ടെലിഫിലിമാക്കിയിട്ടുണ്ട്. 'കൂറകൾ', 'ശ്രീപാർവ്വതിയുടെ പാദം', 'ഇങ്ങനെയും ഒരു ജീവിതം'. അതുപോലെ എന്റെ 'കളിക്കാലം' എന്ന കഥയെ ആസ്പദമാക്കി ഫിലിം ഡിവിഷൻ നിർമ്മിച്ച ഒരു ചിത്രം. ഇവയുടെ സ്ക്രിപ്റ്റും, കൂടാതെ 'കാനഡയിൽനിന്നൊരു രാജകുമാരി' എന്ന കഥയുടെയും 'ഒരു കുടുംബപുരാണം' എന്ന നോവലിന്റെയും സ്ക്രിപ്റ്റുകളും ചേർത്തിട്ടുണ്ട്.

ഇതിൽ കാനഡയിൽ നിന്നൊരു രാജകുമാരി, ഒരു കുടുംബപുരാണം

എന്നീ സ്ക്രിപ്റ്റുകൾ സിനിമക്കുവേണ്ടി ഉപയോഗിക്കാൻ പാകത്തിലുള്ള വയാണ്.

14. കഥകൾക്കും നോവലുകൾക്കും വന്ന പഠനങ്ങളും റിവ്യുകളും എന്റെ ലേഖനങ്ങളോടൊപ്പം മറ്റൊരു പേജിൽ ചേർത്തിട്ടുണ്ട്.

15. എന്റെ സാഹിത്യ സംരംഭങ്ങളെ ഒറ്റനോട്ടത്തിൽ മനസ്സിലാവാൻ പറ്റി യതാണ്. 'മ േമ ഴഹമിരല' എന്ന പേജ്. എത്ര കഥകൾ, എത്ര നോവലുകൾ..... എന്നിവ.

16. എന്റെ കഥകളിൽനിന്ന് ഭാര്യ ലളിതയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗങ്ങൾ അവൾ തിരഞ്ഞെടുത്തത് സമാഹരിച്ചത് 'ൂൗീമേശേീി' എന്ന പേജിലുണ്ട്. അതുപോലെ കഥകളെപ്പറ്റി പ്രഗൽഭരായ നിരൂപകരും ആസ്വാദകരും എഴു തിയ ലേഖനങ്ങളിൽ നിന്ന് എടുത്ത നിരവധി ഉദ്ധരണികൾ വേറൊരു പേജി ലുണ്ട്; ഇതിനു രണ്ടിനും 'ൂൗീമേശേീി' എന്ന പേജിൽത്തന്നെ ലിങ്കുകളു മുണ്ട്.

17. ഫോട്ടോ ഗ്യാലറിയിൽ ധാരാളം ഫോട്ടോകൾ ചേർത്തിട്ടുണ്ട്. എന്റെ കഥകളെപ്പറ്റി ലേഖനമെഴുതിയിട്ടുള്ള ഒരു മാതിരി എല്ലാവരുടെയും ഫോട്ടോ കൾ ഒരു പേജിൽ കൊടുത്തിട്ടുണ്ട്.

ഇതിൽ പഴയ കഥകളുടെ ടൈപ്സെറ്റിങ് ചെയ്തത് എം.ജെ. സീനയാണ്, പ്രൂഫ് വായിച്ച് തിരുത്തിയത് ലളിതയും. ബാക്കിയുള്ള എല്ലാ ജോലിയും, സി. ഡി. കവർ ഡിസൈനടക്കം ഞാൻതന്നെയാണ് ചെയ്തത്. അതിൽ അഭിമാ നമുണ്ട്, മാത്രമല്ല ഈ ജോലി പുറത്തുകൊടുത്താൽ വരുന്ന വലിയ സാമ്പ ത്തിക ഭാരം ഒഴിവാക്കാനും പറ്റി.

എന്റെ സാഹിത്യം പ്രിയപ്പെട്ട വായനക്കാർക്കായി സമർപ്പിക്കുന്നതിൽ അതീവ സന്തോഷമുണ്ട്.

BACK TO INDEX

## 'ഉമ്മുക്കുൽസുവിന്റെ വീടി'നെപ്പറ്റി

എന്റെ സാഹിത്യജീവിതത്തിൽ രണ്ടു തവണയാണ് മരവിപ്പുണ്ടായിട്ടുള്ളത്. മനം മടുത്ത് ഇനി ഞാനെഴുതില്ല എന്നു തീർച്ചയാക്കിയ, നിറം നന്നേ മങ്ങിയ രണ്ടു വിടവുകൾ. ചാടിക്കടക്കാൻ പറ്റില്ലെന്നു തോന്നിച്ച വിടവുകൾ. ആദ്യത്തേത് എഴുപതുകളുടെ തുടക്കത്തിലാണ്. ആദ്യഘട്ടത്തിൽ, അതായത് 1962 തൊട്ട് 72 വരെയുള്ള കാലത്ത് അവസാനമെഴുതിയ രണ്ടു കഥകൾ ചന്ദ്രിക വിശേഷാൽപ്രതിയിൽ വന്ന 'ഐശ്വര്യത്തിലേയ്ക്ക് വീണ്ടും' അതിനു ശേഷം മലയാളനാടിലെഴുതിയ 'യാത്ര പറയാതെ പോയവളു'ം ആണ്. ഇക്കാലത്താണ് ഞാൻ ദില്ലിയിൽനിന്ന് ബോംബെയിലേയ്ക്ക് മാറിയത്. ആദ്യത്തെ പത്തു കൊല്ലം ഞാനെഴുതിയ കഥകളെപ്പറ്റി ഒരു ന്യായാധിപന്റെ മനസ്സോടെ ഞാൻ വിമർശനം ചെയ്തു. അവയുടെ നിലവാരത്തെപ്പറ്റി, ലഭിച്ച തുഛമായ പ്രതികരണത്തെപ്പറ്റി. നാളെ ആരെങ്കിലും ആ കഥകൾ വായിക്കുമോ എന്ന വലിയ ചോദ്യം ഒരു ഒഴിയാബാധയായി എന്നെ ആവേശിച്ചു. പത്തുകൊല്ലത്തിനുള്ളിൽ ആകെ എഴുതിയത് പതിനൊന്ന് കഥകളാണ്. ഈ കഥകളിൽത്തന്നെ രണ്ടോ നാലോ കഥകൾ മാത്രമേ ഒരു ശരാശരി വായനക്കാരന് ഇഷ്ടമാകു. അതിൽ 'കൂറകൾ', 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ', 'ഉണക്കമരങ്ങൾ', 'നിനക്കു വേണ്ടി' എന്നിവ ഇന്നും വായനക്കാർ ഓർക്കുന്ന കഥകളാണ്.

ഞാനെഴുത്തു നിർത്തി. ആരും അതിൽ പരിതപിച്ചതായി അറിയില്ല. മറിച്ച് പല വായനക്കാരും ഒരാശ്വാസത്തോടെ 'ആവു' എന്നു പറഞ്ഞിട്ടുമുണ്ടാകും. ഇത് കൂടുതൽ എഴുതാനുള്ള പ്രചോദനമായിരുന്നെങ്കിലും ഞാൻ എഴുത്തു പുനരാരംഭിച്ചില്ല. ബോംബെയിൽ ജീവിതം ദില്ലിയിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. ചുറ്റും ഇരമ്പുന്ന ജീവിതത്തിനു നടുവിൽ നമ്മുടെ സ്വന്തം നിലനിൽപ് തീരെ അപ്രസക്തമാകുന്നു, ഒരു പിറന്നാൾ കേക്കിനു മുകളിൽ വന്നിരിക്കുന്ന ഈച്ച പോലെ. ഞാൻ രാവിലെ എഴുന്നേറ്റ് ഓഫീസിൽ പോകുന്നു. വർലിയിലാണ് ഓഫീസെന്നതുകൊണ്ട് ബി.ഇ.എസ്.ടി. ബസ്സിലാണ് യാത്ര. ആ യാത്രകളിലൊന്നിലാണ് 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥയിലെ നായിക സംഗീതയെന്ന എഴു വയസ്സുകാരി കഥാപാത്രത്തെ കിട്ടുന്നത്. ഓഫീസിൽനിന്ന് തിരിച്ചു വരുന്ന വഴി, എന്റെ അടുത്ത് അരികിലുള്ള സീറ്റിൽ അലുമിനിയത്തിന്റെ സ്കൂൾ പെട്ടിയുമായി അവളിരിക്കുകയായിരുന്നു. അവളേതു ക്ലാസ്സിലാണ്, എന്താണ് പേര് എന്നു ചോദിച്ചതിനെല്ലാം മറുപടി പറഞ്ഞു. ഈ മിടുക്കി എന്റെ മനസ്സിൽ കിടന്നു കളിച്ചു, പക്ഷെ അവളെ കടലാസിലേയ്ക്കു പകർത്താൻ കഴിഞ്ഞില്ല.

അപ്പോഴാണ് ശ്രീ എം.എസ്. മണിയുടെ കത്തു കിട്ടുന്നത്. അദ്ദേഹം കലാകൗമുദിയെന്ന പേരിൽ ഒരു വാരിക തുടങ്ങുകയാണ്. അതിലേയ്ക്ക് കഥ വേണം, പറ്റുമെങ്കിൽ ആദ്യത്തെ ലക്കത്തിൽത്തന്നെ ചേർക്കാനാണ്. എസ്. ജയചന്ദ്രൻ നായരാണ് ഇതിന്റെ പിന്നിൽ നിർബ്ബന്ധം ചെലുത്തിയതെന്നു

തോന്നുന്നു. ഒരു കാലത്ത് കഥകളെഴുതിയിരുന്ന അദ്ദേഹം തുടക്കം മുതലേ എന്റെ കഥകൾ ശ്രദ്ധിച്ചിരുന്നു. ഒരു മാസത്തിനുള്ളിൽ കഥ അയച്ചുകൊടുത്തു. മണിസാറിന് കഥ വളരെ ഇഷ്ടമായി, സാധാരണ സ്കെച്ചുകൾക്കു പകരം ഖജുരാഹോവിലെ ശില്പങ്ങളുടെ ചിത്രങ്ങളാണ് കൊടുക്കുന്നതെന്നും എഴുതി. രണ്ടാമത്തെ ലക്കത്തിലാണ് കഥ വന്നത്. അതിനു ശേഷം മണിസാറിന്റെ കത്തുകൾ ഇടയ്ക്കിടയ്ക്കു വന്നു, കഥയ്ക്കു വേണ്ടി. അങ്ങിനെയാണ് തീരെ നിന്നുപോയ എഴുത്ത് വീണ്ടും തുടങ്ങിയത്.

ഇതൊക്കെ ഇപ്പോൾ പറയാൻ കാരണമെന്തെന്നാൽ രണ്ടാമത്തെ തവണയും എന്റെ മൗനം നിർത്തിയത് കലാകൗമുദിതന്നെയായിരുന്നു. ശ്രീ. വി.ഡി. സെൽവരാജാണ് ഇത്തവണ പ്രതി. കഴിഞ്ഞ മൂന്നു കൊല്ലമായി അദ്ദേഹത്തോട് ഓരോ ഒഴിവുകഴിവു പറയുകയാണ്. ഒരു വിധത്തിൽ ശരിയാണ്, ഞാൻ എന്റെ 50 വർഷത്തെ സാഹിത്യജീവിതം എന്ന സി.ഡി. യുടെ ജോലിയിലായിരുന്നു. അതു കഴിഞ്ഞിട്ട് ഏകദേശം ഒരു വർഷമാകാൻ പോകുന്നു. എഴുത്ത് ഇപ്പോഴും മടിച്ചു നിൽക്കുകയാണ്. ഇക്കൊല്ലം എങ്ങിനെയെങ്കിലും ഒരു കഥയെഴുതണമെന്ന മോഹം മോഹമായിത്തന്നെ കിടന്നു. അതിനിടയ്ക്ക് ഞാൻ വർഷങ്ങളായി അവഗണിച്ചിരുന്ന ഫേസ്ബുക്കിൽ വീണ്ടും സജീവമായി. എന്നെ സംബന്ധിച്ചേടത്തോളം സജീവമാകുക എന്നതിനർത്ഥം അതിൽ ആസകലം മുഴുകുകയാണ്. അത് കാസറ്റ് റെക്കോർഡിങ് ആയാലും വേണ്ടില്ല, മീൻ വളർത്തലായാലും വേണ്ടില്ല, ഫേസ്ബുക്കിലെ അഭ്യാസങ്ങളായാലും വേണ്ടില്ല. പാട്ടു കേൾക്കാൻ വേണ്ടി, അതും നല്ല ശബ്ദത്തിൽ കേൾക്കാനായിരുന്നു ഞാൻ റെക്കോർഡ് പ്ലെയറും വലിയ ആംപ്ലിഫയറും സ്പീക്കറുകളും, സോണിയുടെ കാസറ്റ് ഡെക്കും വാങ്ങിയത്. അതെന്നെ എവിടെ കൊണ്ടു ചെന്നെത്തിച്ചു? എറണാകുളത്ത് ആദ്യം താമസിച്ചത് കൊടുങ്ങല്ലൂരിലെ ഒരു തമ്പുരാന്റെ കൊട്ടാരത്തിന്റെ ഊട്ടുപുരയിലായിരുന്നു. അവിടെ ഒരു ഗ്ലാസ് ടാങ്കിൽ മീൻ വളർത്താൻ തുടങ്ങി. ഒരു കൊല്ലത്തിനകം നാലു ഗ്ലാസ് ടാങ്കുകൾ പോരാതെ മുറ്റത്ത് സിമന്റിന്റെ വലിയൊരു ടാങ്കു കെട്ടിയുണ്ടാക്കി അതിലും മീൻ സംഖ്യ പെരുകാൻ തുടങ്ങി.

ഫേസ് ബുക്കിലെ യാത്ര ഞാൻ ആസ്വദിച്ചു. കാലിക പ്രസക്തിയുള്ള, രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾ തൊട്ട് പ്രപഞ്ചത്തിന്റെ ഉൽപത്തി തൊട്ട് ദൈവമുണ്ടോ ഇല്ലയോ എന്ന സംവാദം വരെ സജീവമായി പിൻ തുടരുന്ന, സജീവമായിത്തന്നെ പ്രതികരിക്കുന്ന, പലപ്പോഴും വളരെ ശക്തമായ ഭാഷയിൽത്തന്നെ, ഒരു കൂട്ടം സഹൃദയരുണ്ടായിരുന്നു. മറിച്ച്, 'സുഖമാണോ?' എന്ന ഒറ്റ ചോദ്യം കൊണ്ട് നമ്മെ നിലം പരിശാക്കുന്നവരുമുണ്ടായിരുന്നു. അതിലെ പ്രപഞ്ചോൽപത്തിയും ദൈവത്തിന്റെ അസ്തിത്വവും എന്ന വിഷയത്തിനാണ് ഏറെ അഭിപ്രായങ്ങൾ വന്നത്. അതിൽ ജ്യോതിഷവും മറ്റു ഘടകങ്ങളും ഒപ്പമുണ്ടായിരുന്നു. അദ്ഭുതകരമായി തോന്നിയത് എനിക്ക് വീണ്ടും എഴുതാൻ കഴിയുമെന്ന അറിവാണ്. പൂണെയിൽ നിന്നിറങ്ങുന്ന പ്രവാസി ശബ്ദം എന്ന മാസികയുടെ എഡിറ്റർ എം.ജി. രാധാകൃഷ്ണൻ എന്റെ ഫേസ്ബുക് സ്നേഹിതനും സ്ഥിരം എന്റെ പോസ്റ്റുകളിൽ പ്രതികരിക്കുന്ന സഹൃദയനുമായിരുന്നു. (ഇടക്കൊരു കാര്യം പറയട്ടെ, അദ്ദേഹം നല്ലൊരു കഥാകൃത്താണെന്ന് നല്ല വായനക്കാർക്കറിയാം. മുമ്പെല്ലാം എം.ജി. രാധാകൃഷ്ണന്റെ കഥ വായിക്കുമ്പോൾ, ഇതേതു എം.

ജി. രാധാകൃഷ്ണനാണ് എന്ന സംശയം വരാറുണ്ട്. മൂന്ന് എം.ജി. രാധാകൃഷ്ണൻമാരാണ് രംഗത്തുണ്ടായിരുന്നത്. മൂന്നു പേരും മൂന്നു വഴികളിൽ പ്രശസ്തർ. എം.ജി. രാധാകൃഷ്ണന്റെ പുതിയ കഥാസമാഹാരം 'പുനം കഥകൾ' ഇറങ്ങിയിട്ടുണ്ട്. സ്വകാര്യമായി പറയട്ടെ ആ കഥകൾ വായിച്ചപ്പോൾ എനിക്ക് കലശലായ അസൂയ തോന്നി. രാധാകൃഷ്ണൻ ചോദിച്ചു. 'ഞാനീ ഫേസ്ബുക് പോസ്റ്റുകൾ 'പ്രവാസി ശബ്ദ'ത്തിൽ ചേർക്കട്ടെ?' ഫേസ്ബുക്ക് തുറന്ന് അപ്പപ്പോൾ എഴുതിയ ആ പോസ്റ്റുകൾക്ക് വേണ്ടത്ര ഏകാഗ്രതയില്ലാത്തതുകൊണ്ട് ഞാനതൊരു ലേഖനമാക്കി അയച്ചുതരാമെന്നു പറഞ്ഞു.

എഴുതാൻ തുടങ്ങിയപ്പോഴാണ് മനസ്സിലായത് എനിക്ക് എഴുതാം. രണ്ടര കൊല്ലം കൊണ്ട് എന്റെ എഴുതാനുള്ള കഴിവിനു തുരുമ്പു പിടിച്ചിട്ടില്ല. ഞാൻ 'പ്രപഞ്ചത്തെപ്പറ്റി' എന്ന ലേഖനം എഴുതി പ്രവാസി ശബ്ദത്തിന് അയച്ചു. പ്രപഞ്ചത്തിന്റെ സ്ഥിതിയെപ്പറ്റി എന്റേതായ ചില ചിന്തകളാണ്. ഞാൻ വീണ്ടും എഴുത്തു തുടങ്ങി. ഇക്കൊല്ലം കലാകൗമുദിയ്ക്ക് കഥ കൊടുക്കണമെന്നു തീർച്ചയാക്കി. എന്തെഴുതുമെന്ന സംശയമുണ്ടായില്ല. എല്ലാം യാദൃശ്ചികമാണ്. അല്ലെങ്കിൽ യാദൃശ്ചികമെന്ന് നമുക്ക് തോന്നുന്നതെല്ലാം ഒതുക്കും ചിട്ടയോടുംകൂടി നമ്മുടെ വിധി ഒരുക്കിവച്ചതല്ലെ? (സോറി, ഞാൻ ഫേസ്ബുക്കിലല്ലാ ഉള്ളതെന്ന് ഓർത്തില്ല.)

എന്റെ അനുജൻ മാധവൻ അയ്യന്തോളിൽ ഒരു വീടു വാങ്ങിയത് പതിനഞ്ചു കൊല്ലം മുമ്പാണ്. നല്ല വീട്, ആരോ സ്വന്തമായി താമസിക്കാനായിത്തന്നെയുണ്ടാക്കിയ വീടാണതെന്ന് കണ്ടാലറിയും. പിന്നെയാണ് അനുജന്റെ ഭാര്യ സുശീല സംസാരത്തിനിടയിൽ പറഞ്ഞത്. 'അത് ഏതോ ഒരുപ്പ അദ്ദേഹത്തിന്റെ മോൾ ഉമ്മുക്കുൽസൂന് വേണ്ടി ഉണ്ടാക്കീതാത്രെ. ഈ അറിവ്, ഒരു സുന്ദരസ്വപ്നംപോലെ വളരെക്കാലം എന്റെമനസ്സിൽ കിടന്നു കളിച്ചു. അതിൽനിന്ന് ഒരു കഥ ഉരുത്തിരിഞ്ഞില്ല, കാരണം കഥയ്ക്കു വേണ്ട പല ഘടകങ്ങളും അതിലുണ്ടായിരുന്നില്ല. പിന്നെ തികച്ചും യാദൃശ്ചികമായി ആ കഥ മനസ്സിലേയ്ക്ക് ഒരു കൊടുങ്കാറ്റായി കടന്നുവന്നു.

സുശീല തൃശ്ശൂരിലെ പെയിൻ ഏന്റ് പാല്യേറ്റീവ് കെയറിലെ വളണ്ടിയറാണ്. അവിടെ രോഗികൾക്കും, അവരുടെ ഉറ്റവർക്കും വേണ്ടി കൗൺസലിങ്ങ് നടത്തുകയാണവൾ. 'സുശീലയോട് ഒരര മണിക്കൂർ സംസാരിച്ചാൽ ഞങ്ങളുടെ വിഷമങ്ങളെല്ലാം മാറിക്കിട്ടും' എന്ന് പലരും പറയാറുണ്ട്. അവിടെത്തന്നെ മറ്റൊരു വളണ്ടിയറുണ്ട്. സുശീലയെപ്പോലെത്തന്നെ രസകരമായി സംസാരിക്കുന്ന മെഹ്റുന്നീസ. അവർ തമ്മിലുള്ള സംസാരം കേട്ടിരിക്കാൻ രസമാണെന്ന് മറ്റ് വളണ്ടിയർമാർ സാക്ഷ്യപ്പെടുത്തുന്നു.

അവർ തമ്മിലുള്ള സംസാരത്തിനിടയിൽ സുശീല പറഞ്ഞു, 'എന്റെ വീട് ഒരുപ്പ മോൾ ഉമ്മുക്കുൽസൂന് വേണ്ടിണ്ടാക്കീതാ.....'

സുശീല താമസിക്കുന്ന സ്ഥലത്തിനെപ്പറ്റിയെല്ലാം മെഹ്റുന്നീസ ചോദിച്ചു മനസ്സിലാക്കി. പെട്ടെന്നവൾ ചോദിച്ചു: 'ഇങ്ങക്ക് ആ ഉപ്പാനെ കാണണോ?'

ഈ സംഭാഷണ ശകലം ഭാര്യവഴി എന്റെ ചെവിയിലെത്തി. വളരെ റൊമാന്റിക്കായ ഒരു സങ്കല്പം. 'ഈ വീട് ഏതോ ഒരുപ്പ മോൾ ഉമ്മുക്കുൽസൂന് വേണ്ടി ഉണ്ടാക്ക്യതാണ്' എന്ന വാചകത്തിനും മെഹ്റുന്നീസയുടെ 'ഇങ്ങക്കാ ആ ഉപ്പാനെ കാണണോ?' എന്ന ചോദ്യത്തിനുമിടയിൽ

ഏതാനും മനുഷ്യരുണ്ട്, അവരുടെ സ്വപ്നങ്ങളുണ്ട്, സ്നേഹമുണ്ട്, വാത്സല്യമുണ്ട്, എല്ലാറ്റിനും പുറമെ നല്ലൊരു ജിവിതവുമുണ്ട്. ഒരുൾവിളിയോടെ അതെല്ലാം എന്റെ മനസ്സിൽ ഇരച്ചു കയറി. പിന്നെ താമസമുണ്ടായില്ല ഞാനെന്റെ കീബോർഡിലേയ്ക്ക് തിരിഞ്ഞു. കഥ സാങ്കല്പികമാണ്. ഇതിൽ കഥാപാത്രങ്ങളായ എന്റെ അനുജനും ഭാര്യയുമല്ലാതെ മറ്റു കഥാപാത്രങ്ങളെയൊന്നും ഞാൻ നേരിൽ കണ്ടിട്ടില്ല, സംസാരിച്ചിട്ടുമില്ല. പക്ഷെ എന്റെ സങ്കല്പത്തിൽ ഇരച്ചു കയറിയ ആ കഥാപാത്രങ്ങളെ ഞാനിഷ്ടപ്പെടുകതന്നെ ചെയ്തു. കഥയെഴുത്ത് രസകരമായിരുന്നു. ആ കഥയക്ക് ഇത്രയധികം നല്ല പ്രതികരണം വായനക്കാരിൽനിന്നുണ്ടാകുമെന്ന് പ്രതീക്ഷയുണ്ടായിരുന്നില്ല. വായനക്കാർക്ക് ഏറെ ഇഷ്ടമായത് അതിന്റെ അവസാനത്തെ അപ്രതീക്ഷിതമായ ട്വിസ്റ്റാണ്. കഥയ്ക്ക് ഇനിയുണ്ടാകാനിടയുള്ള വായനക്കാരുടെ രസം കൊല്ലാതിരിക്കാൻ അതു ഞാൻ വെളിപ്പെടുത്തുന്നില്ല. കഥയെഴുതി പ്രസിദ്ധപ്പെടുത്തിയശേഷം ഞാൻ എന്റെ കഥാപാത്രങ്ങളെ നേരിൽ കണ്ടു. അവർക്ക് ഈ കഥ വളരെ ഇഷ്ടമായി. ഇതിലും കുറേ യാദൃശ്ചികതകളുണ്ട്, സമാനതകളുമുണ്ട്. അതൊക്കെ പിന്നെ പറയാം. ഒരു മാസത്തിനുള്ളിൽ ത്തന്നെ മറ്റൊരു കഥകൂടി എഴുതാൻ പറ്റി, 'ഉന്നൈ കാണാത കണ്ണും'.

അഭിപ്രായങ്ങളിൽ ഞാനേറ്റവും വിലമതിച്ചത് ചെന്നൈയിൽ നിന്ന് പ്രശസ്ത ഫിലിം ഡയറക്ടർ ശ്രീ. കെ.എസ്. സേതുമാധവൻ സാറിന്റേതായിരുന്നു. അദ്ദേഹം പറഞ്ഞു, 'നന്മയെപ്പറ്റിയുള്ള കഥകൾ ഇപ്പോൾ കാണാറേയില്ല. കലാകൗമുദിയിൽ വന്ന 'ഉന്നൈ കാണാത കണ്ണും' എന്ന കഥയാണദ്ദേഹം ആദ്യം വായിച്ചത്. പിന്നീടാണ് അതിനു രണ്ടാഴ്ച മുമ്പ് കലാകൗമുദി ഓണപ്പതിപ്പിൽ വന്ന 'ഉമ്മുക്കുൽസൂന്റെ വീട്' വായിച്ചത്. അതു വായിച്ച ഉടനെ അദ്ദേഹം വീണ്ടും വിളിച്ചു, കുറേ നേരം ഈ രണ്ടു കഥകളെപ്പറ്റിയും സംസാരിച്ചു. ഏകദേശം അര മണിക്കൂർ നേരത്തെ സംസാരത്തിന്റെ അന്ത്യത്തിൽ അദ്ദേഹം പറഞ്ഞു. 'നമുക്ക് വളരെ നേരത്തെ തന്നെ പരിചയപ്പെടേണ്ടതായിരുന്നു.' അദ്ദേഹത്തിന്റെ വാക്കുകളാൽ ഞാൻ ബഹുമാനിതനാവുകയാണ്. ഇത്രയും വലിയ ഒരു മഹാൻ, മലയാള സിനിമയെ അര നൂറ്റാണ്ടു കാലം അസൂയാർഹമാം വിധം നയിച്ച ഒരു വലിയ സംവിധായകൻ എന്റെ കഥകളെപ്പറ്റി ഇത്രയും നല്ല അഭിപ്രായം പറഞ്ഞപ്പോൾ ഞാൻ അനുഗ്രഹീതനായി.

'ഉന്നൈ കാണാത കണ്ണും' എന്ന കഥയെപ്പറ്റി കലാകൗമുദിയിൽ മനോഹരമായ വാക്കുകളാൽ പ്രശംസിച്ച സണ്ണി ജോസഫ് എന്ന തിരക്കഥാകൃത്തും എന്റെ ആത്മവിശ്വാസം വളരെ ഉയരങ്ങളിലെത്തിച്ചു. അഭിപ്രായം പറഞ്ഞ എല്ലാവരുടെയും പേരുകൾ പറയാൻ ഇവിടെ കഴിയാത്തതിൽ വ്യസനമുണ്ട്. മറ്റൊരാശ്വാസം ഈ രണ്ടു കഥകളും രണ്ട് രണ്ടര കൊല്ലത്തെ വിടവിനു ശേഷമെഴുതിയവയാണ് എന്നതുകൊണ്ട് ഒരു കാലത്ത് വായനക്കാർക്കിഷ്ടപ്പെട്ടിരുന്ന എന്റെ കഥകളുടെ സ്വഭാവവും വായനക്കാരനെ തൃപ്തിപ്പെടുത്തുന്ന ഭാഷയും നഷ്ടപ്പെട്ടിട്ടില്ല എന്ന അറിവാണ്. 2013 അവസാനമാണ് ഞാൻ 1962 മുതൽ എഴുതിയ എല്ലാം കൂട്ടിച്ചേർത്ത് ഒരു സി.ഡി.യുണ്ടാക്കിയത്. വളരെയധികം ഏകാഗ്രത വേണ്ടിവന്ന ഒരു ജോലിയായിരുന്നു അത്. സ്വാഭാവികമായും ആ കാലത്ത് എഴുത്തിലെ വിടവ് വന്നതിൽ അതിശയിക്കാനില്ല.

കഥയെപ്പറ്റി അഭിപ്രായം പറഞ്ഞവരിൽ ഡോ. സി.ആർ. സുശീലാദേവി പറഞ്ഞതിങ്ങിനെയാണ്. സ്നേഹത്തെപ്പറ്റിയുള്ള ഒരു കഥ, അല്ലെങ്കിൽ സ്നേഹം തുളുമ്പി നിൽക്കുന്ന ഒരു കഥ വായിച്ചിട്ടേറെ നാളുകളായി. ഇപ്പോൾ എഴുത്തുകാർ ആരോടൊക്കെയോ പക പോക്കാൻ, അല്ലെങ്കിൽ ദേഷ്യം തീർക്കാൻ എന്ന മട്ടിലാണ് കഥകളെഴുതുന്നത്.

ധാരാളം വായനക്കാർ ഈ കഥകളെപ്പറ്റി നല്ല അഭിപ്രായം, ചിലതെല്ലാം മഴവില്ലിന്റെ സപ്തവർണ്ണങ്ങളിൽത്തന്നെ അറിയിക്കുകയുണ്ടായി. (ഈ കമ്പ്യൂട്ടർ യുഗത്തിൽ 16 മില്യൻ നിറങ്ങൾ എന്നു പറയേണ്ടി വരും.) അവർക്കെല്ലാം നന്ദി പറയട്ടെ.

ഈ കഥകളെല്ലാം ചേർത്ത് 'ഉമ്മക്കുൽസൂന്റെ വീട്' എന്ന പേരിൽ സൈകതം ബുക്സ് ഒരു സമാഹാരമിറക്കുകയാണ് ഈ മാസം 22-ാം തിയ്യതി. പ്രൊഫ. എം.കെ. സാനുമാസ്റ്ററാണ് അത് പ്രകാശനം ചെയ്യുന്നത്. എന്റെ പുസ്തകത്തോടൊപ്പം തന്നെ മറ്റ് അഞ്ച് എഴുത്തുകാരുടെ പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിക്കുന്നുണ്ട്. സി.ആർ. നിലകണ്ഠന്റെ 'ഹരിതവർത്തമാനങ്ങൾ', വി.എം. ഗിരിജയുടെ 'ഇരുപക്ഷംപെടുമിന്ദുവല്ല ഞാൻ', പ്രിയ എ. എസ്സിന്റെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ?', മീര രമേഷിന്റെ 'ഇലവീട്', അനീഷ് പുതുവലിലിന്റെ 'നിഴലുകളുടെ ചുരുക്കെഴുത്ത്.'

ഈ സമാഹാരത്തിലെ മറ്റു കഥകളും പ്രസിദ്ധപ്പെടുത്തിയ കാലത്ത് ധാരാളം നല്ല അഭിപ്രായങ്ങൾ ഏറ്റു വാങ്ങിയവയാണ്. 'തുള്ളിക്കൊരു കുടം' എന്ന കഥയിൽ ഒരു പാവപ്പെട്ട കുട്ടിയും സമ്പന്നനായ സഹപാഠിയും കൂടിയുള്ള സ്നേഹമാണ് വിഷയം. സമ്പന്നൻ തന്റെ സമ്പന്നത ഒരു ഭാരമായി കണക്കാക്കുകയാണ്, അതുകൊണ്ട് അവൻ സ്നേഹിതനുമായി ഒരു തുല്യനിലയിലുള്ള ബന്ധമാണ് കാംക്ഷിക്കുന്നത്. പാവപ്പെട്ട കുട്ടിയ്ക്കത് വലിയൊരു സാന്ത്വനമായി അനുഭവപ്പെടുകയാണ്. 'ഓടിക്കപ്പെടുന്ന ബാല്യം' ഉത്തരേന്ത്യയിൽനിന്നു കേരളത്തിൽ കൂലിപ്പണി ചെയ്യാനായി എത്തിപ്പെട്ട ഒരു കുടുംബത്തിലെ രണ്ടു പെൺകുട്ടികളുടെ കഥയാണ്. കഥാനായകൻ സമ്പന്നനാണ്, അത്ര മോശമല്ലാത്ത ആൾ. പക്ഷെ സംഭവങ്ങളുടെ ഗതി എങ്ങിനേയോ അയാൾക്ക് പ്രതികൂലമാകുകയും അയാൾ കുട്ടികളോട് മോശമായി പെരുമാറാൻ നിർബ്ബന്ധിതനാകുകയും ചെയ്യുന്നു. നന്മ ചെയ്യാനുള്ള ഒരവസരം അയാളിൽ ആകസ്മികമായി നഷ്ടപ്പെട്ടുപോകുന്നതാണ് കഥ. 'ക്രൂരത്വത്താലുയർത്തപ്പെടുക' എന്ന കഥയിൽ മഹാനായ ഗസൽ ഗായകനായ മെഹ്ദി ഹസ്സനും മഹാനായ കവി ഇടശ്ശേരിയും കഥാപാത്രങ്ങളാവുകയാണ്.

ഒരു കാവൽക്കാരന്റെ അസാധാരണ ജീവിതമാണ് 'ഒരു നടത്തിപ്പുകാരന്റെ ജീവിതം' എന്ന കഥയിൽ അനാവരണം ചെയ്യുന്നത്. അയാളുടെ കയ്യിൽ നിന്ന് സ്നേഹമടക്കം എല്ലാം വഴുതിപ്പോകന്നതാണ് ഈ കഥ. സങ്കടകരമായൊരു ജീവിതം.

'എപ്പോഴും സ്തുതിയായിരിക്കട്ടെ' എന്ന നോവലെറ്റ് പെൺകുട്ടികൾ മാത്രം അന്തേവാസികളായ ഒരു അനാഥാലയത്തിന്റെ കഥയാണ്. മനുഷ്യത്വമില്ലാത്ത ഒരു വാർഡൻ കാരണം ചിരിക്കാനുള്ള സിദ്ധി നഷ്ടപ്പെട്ട ആ കുട്ടികൾക്ക് പുതുതായി വന്ന ചെറുപ്പക്കാരൻ വാർഡൻ പുതുജീവിതം നൽകുന്നു. അവർ വീണ്ടും പ്രസരിപ്പും പ്രതീക്ഷകളുമുള്ള കുട്ടികളായി മാറുന്ന കാഴ്ച വായനക്കാർക്ക് ഇഷ്ടപ്പെട്ടു. പുതിയ വാർഡന് ആദ്യ രാത്രിതന്നെ

പഴയ വാർഡനെപ്പറ്റി ലഭിക്കുന്ന അറിവ് ഞെട്ടലുണ്ടാക്കുന്നതായിരുന്നു. ഈ നോവലെറ്റിലെ ഏറ്റവും നല്ല കഥാപാത്രം ഒരു പാതിരിയാണ്. ആത്മാവുള്ള ഈ മനുഷ്യന്റെ പല പ്രവൃത്തികളും പുതിയ വാർഡനും കൂടി മനസ്സിലാക്കാൻ വിഷമമാവുകയാണ്. അനീതികളോടുള്ള പോരാട്ടത്തിൽ താൻ യേശുവിന്റെ അനുയായി തന്നെയാണെന്ന് അദ്ദേഹം തെളിയിക്കുന്നു; യേശുവിനേക്കാൾ കുറച്ചു കടന്നു പ്രവർത്തിക്കേണ്ടി വന്നത് ഒരുപക്ഷെ സ്വന്തം മനസ്സാക്ഷി കാരണമായിരിക്കാം.

'ഉമ്മുക്കുൽസുവിന്റെ വീട്' എന്ന സമാഹാരത്തിനോടൊപ്പം സൈകതം ബുക്സ് അതിലെ കഥകളുടെ ആഡിയോ പുസ്തകവും പുറത്തിറക്കുന്നുണ്ട്. ആർ. ദാമോദറും, മഞ്ജു പ്രസന്നയും സൗമ്യ ബിജുവുമാണ് കഥകൾ വായിച്ചിട്ടുള്ളത്. മറ്റുള്ളവരുടെ ശബ്ദത്തിൽ എന്റെ കഥകൾ കേൾക്കുമ്പോഴാണ് കഥാപാരായണത്തിന്റെ അനന്തസാധ്യതകളെപ്പറ്റി ഞാനാലോചിക്കുന്നത്. വീട്ടുജോലികളുടെ വിരസത മാറ്റാൻ പശ്ചാത്തലത്തിൽ ഇങ്ങിനെയുള്ള സിഡികൾ കേൾക്കുന്നത് കുറച്ചൊരു ആശ്വാസമുണ്ടാക്കും. കഥാകൃത്തിന്റെ ശബ്ദത്തിലാണ് കേൾക്കുന്നതെങ്കിൽ ഫലം മറിച്ചാവുമെന്നും മുന്നറിയിപ്പു തരട്ടെ.

ഈ കഥകളുടെ റെക്കോർഡിങ് നടന്നുകൊണ്ടിരിക്കെ അവിസ്മരണീയമായ ഒരനുഭവമുണ്ടായതായി ദാമോദർ പറഞ്ഞു. 'വെറുമൊരു നിഴൽ മാത്രം' എന്ന കഥ വായിച്ചുകൊണ്ടിരിക്കെ സൗമ്യ പെട്ടെന്ന് പൊട്ടിക്കരയാൻ തുടങ്ങി. ആ കഥ അവളെ അത്രമാത്രം ഇളക്കിമറിച്ചെന്നു തോന്നുന്നു. അവളുടെ തേങ്ങലെല്ലാം അടങ്ങി വീണ്ടും റെക്കോർഡിങ് തുടങ്ങാൻ കുറച്ചു സമയമെടുത്തു. ആ കഥ കേട്ടുനോക്കിയപ്പോൾ മനസ്സിലായി കഥയുടെ പകുതി ഭാഗം തൊട്ട് സൗമ്യയുടെ സ്വരത്തിൽ ആ തേങ്ങലിന്റെ ബാക്കിപത്രം ഒളിഞ്ഞുകിടക്കുന്നുണ്ട്. സ്വന്തം അനുഭവവും മറിച്ചായിരുന്നില്ലെന്ന് ദാമോദർ പറയുന്നു. മഞ്ജുവിന്റെ കഥാവായനയും വളരെ മനോഹരമായിരുന്നു.

അവസാനമായി ഞാൻ മുമ്പ് ലേഖനങ്ങളിൽ പറഞ്ഞിരുന്നത് ഒരിക്കൽക്കൂടി ആവർത്തിക്കട്ടെ. ഞാനെഴുതുന്നത് വായനക്കാർക്കു വേണ്ടിയാണ്; അവരാണ് ആസ്വാദകർ, അവസാനത്തെ വിധികർത്താക്കൾ. അവരെ അവഗണിച്ചുകൊണ്ട് ഒരു വരി എഴുതാൻ എനിക്കാവില്ല. അതുകൊണ്ട് ഓരോ വായനക്കാരനും എന്റെ കഥകളെപ്പറ്റി നല്ല അഭിപ്രായം പറയുമ്പോൾ സാർത്ഥകമാകുന്നത് എന്റെ ക്രിയാത്മക ജീവിതമാണ്.

ഈ കഥകൾ ഞാനെന്റെ വായനക്കാർക്കായി സമർപ്പിക്കുന്നു.

*കലാകൗമുദി വാരിക, ഏപ്രിൽ 19, 2015*

BACK TO INDEX

# എന്റെ വേരുകൾ

രണ്ടു കത്തുകൾ, രണ്ടും അച്ഛന്റെ കയ്യിൽനിന്ന് ലഭിച്ചത്, എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. എന്റെ സാഹിത്യ ജീവിതത്തെ അപ്പാടെ മാറ്റിമറിച്ചവയാണീ കത്തുകൾ. അറുപതുകളുടെ തുടക്കത്തിലാണ് ഞാൻ എഴുതാൻ തുടങ്ങിയത്. ആദ്യത്തെ കഥ പ്രസിദ്ധപ്പെടുത്തിയത് 62-ൽ. കത്തുകളുടെ കാര്യം പറയുംമുമ്പ് അമ്പതുകളുടെ അവസാനംതൊട്ട് എന്റെ വായനയെ സ്വാധീനിച്ച രണ്ടുപേരെപ്പറ്റി പറയാം. എന്റെ എഴുത്തിനെ സ്വാധീനിച്ച മലയാളത്തിലെ രണ്ട് അതികായന്മാർതന്നെയാണവർ. ഒന്ന് ഉറൂബ്, രണ്ട് എം.ടി. വാസുദേവൻ നായർ. ഈ രണ്ടു പേരാണ് വിശ്വസാഹിത്യത്തെ എനിക്കു പരിചയപ്പെടുത്തിത്തന്നത്. എം.ടി.യുടെ ഏകലവ്യ ശിഷ്യത്വം സ്വീകരിച്ചപ്പോൾ ഉറൂബിന്റെ നേരിട്ടുള്ള ശിഷ്യനാവുകയായിരുന്നു ഞാൻ. ട്രൂമാൻ കപോട്ടി, ഹെമിങ്‌വേ, വില്ല്യം സരോയൻ, ജോൺ അപ്ഡൈക്, വില്ല്യം ഫോക്നർ, ആർതർ കെസ്റ്റ്ലർ, ജോൺ സ്റ്റീൻബക്ക്, ഹാർപ്പർ ലീ, ഹൊവാഡ് ഫാസ്റ്റ്, ചാപ്പക് ബ്രദേഴ്സ്, കമ്യൂ, സാർത്ര്, ബോറീസ് പാസ്റ്റർനാക്, തുടങ്ങി വൈവിധ്യമാർന്ന എഴുത്തുകാരുടെ നീണ്ട നിരയാണ് എന്റെ വായനയുടെ അടിത്തറ. അതിനു മുമ്പ് അച്ഛന്റെ നിർദ്ദേശമനുസരിച്ച് വായിച്ച എഴുത്തുകാരായിരുന്നു ടോൾസ്റ്റോയിയും, ഡോസ്റ്റോവ്സ്കിയും, ബർനാഡ് ഷാവും മറ്റും. ഈ പേരുകൾ കണ്ടാൽ ഇന്നത്തെ നിരൂപകർ, ഞാൻ വായന തുടങ്ങിയ കാലഘട്ടത്തെപ്പറ്റി ഓർക്കാതെ മുഖം ചുളിച്ചെന്നിരിക്കും. പക്ഷേ, ഇന്നത്തെ എഴുത്തുകാർ ഈ സാഹിത്യകാരന്മാരുടെ കൃതികൾകൂടി വായിച്ചിരുന്നെങ്കിലെന്ന് ചിലപ്പോഴെങ്കിലും തോന്നാറുണ്ട്.

ആഴവും പരപ്പുമുള്ള ഈ വായനയുടെ പരിണാമമാണോ എന്നറിയില്ല എന്റെ അഞ്ചാമത്തെ കഥയായ കൂറകൾ ഞാൻ ഇംഗ്ലീഷിലാണ് എഴുതിയത്. ഇംഗ്ലീഷ് എനിക്കു കൂടുതൽ വഴങ്ങുന്നതായി തോന്നി. കൂറകൾ എഴുതിയശേഷം അത് അച്ഛനയച്ചു കൊടുത്തു. കഥകൾ അച്ഛനെക്കൊണ്ട് വായിപ്പിക്കുക, തിരുത്തലോടെ അച്ഛന്റെ അഭിപ്രായം അറിയുക എന്നതായിരുന്നു അന്ന് ഞാൻ ചെയ്തിരുന്നത്. (രണ്ടാമതായി എന്റെ കഥകൾ തിരുത്തിയിരുന്നത് അന്ന് മാതൃഭൂമി പത്രാധിപരായിരുന്ന എം.ടി.യായിരുന്നു. കഥ കിട്ടിയാൽ ഉടനെ മറുപടി കിട്ടും. 'കഥ കിട്ടി, വാരികയിൽ ചേർക്കുന്നു. ഞാൻ വരുത്തിയ തിരുത്തലുകൾ ശ്രദ്ധിക്കുമല്ലൊ.' ഇത്ര മാത്രം. ആ തിരുത്തലുകളും എന്നെ വളരെ സഹായിച്ചിട്ടുണ്ട്). ഇംഗ്ലീഷിലെഴുതിയ കഥ 'വല ഇീരസ്യീമരവലെ' വായിച്ചു ഇഷ്ടപ്പെട്ട അച്ഛന്റെ മറുപടി കിട്ടി. ഒപ്പംതന്നെ കുറേ ഉപദേശങ്ങളും. അതിൽ മാതൃഭാഷയിൽത്തന്നെ എഴുതുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി കുറേ എഴുതിയിരുന്നു. മാതൃഭാഷ അമ്മയാണെന്നും ആ ഭാഷയിൽക്കൂടി മാത്രമെ ശരിക്കും ആത്മാവിഷ്കാരം നടക്കുകയുള്ളൂ എന്നും മറ്റും എഴുതിക്കൊണ്ട് ഒരു നീണ്ട കത്ത്. മനോഹരമായ ആ കത്ത് എന്റെ ചിന്താഗതിയെ മാറ്റി മറിച്ചു. ഇംഗ്ലീഷിൽ എഴുതിയാൽ വായനക്കാരുടെ കൂടുതൽ വിശാലമായ ഒരു നിര

യുണ്ടാവും എന്നത് എന്നെ പ്രലോഭിപ്പിച്ചപ്പോൾ അച്ഛന്റെ കത്ത് എന്നെ മാതൃഭാഷയിലേയ്ക്ക് തിരിച്ച് വിളിച്ചു. ഞാൻ പിന്നീട് ഇംഗ്ലീഷിലെഴുതാൻ ശ്രമിച്ചില്ല. കുറകൾ ഞാൻ മലയാളത്തിൽ മാറ്റി എഴുതി. ഇന്ന്, മുപ്പത്തഞ്ചു വർഷങ്ങൾക്കു ശേഷം ആലോചിക്കുമ്പോൾ, ലോകസാഹിത്യത്തിന് വലിയ മുതൽക്കൂട്ടൊന്നും നൽകാൻ കഴിഞ്ഞിട്ടില്ലാത്ത താരതമ്യേന പുതിയ ഭാഷയിൽ, അത് എന്റെ മാതൃഭാഷയാണെന്ന പരിഗണന മാത്രം കൊടുത്ത് എഴുത്തു തുടർന്നതിൽ ഞാൻ ഖേദിക്കുന്നുണ്ടോ? ഒന്നും പറയാൻ കഴിയുന്നില്ല. മാതൃഭാഷയിൽ എഴുതി എന്ന ഒരേയൊരു കാരണംകൊണ്ടാണ് നമ്മുടെ എഴുത്തുകാർ പുറമെ അറിയപ്പെടാത്തത്. ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും', 'ഉമ്മാച്ചു', എം.ടി.യുടെ 'കാലം', 'രണ്ടാമൂഴം', ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന്', 'പാത്തുമ്മയുടെ ആട്', കാരൂരിന്റെ 'പൂവമ്പഴം', ജിയുടെയോ, ഇടശ്ശേരിയുടെയോ, വൈലോപ്പിള്ളിയുടെയോ കവിതകൾ, ഇവയെല്ലാം വിശ്വസാഹിത്യത്തിൽ പുകഴ്ത്തപ്പെടുന്ന പല കൃതികളോടും കിടപിടിക്കുന്നതാണ്. മലയാളത്തിൽ എഴുതപ്പെട്ടു എന്ന ഒരേ ഒരു കാരണത്താൽ അവയ്ക്ക് അർഹിക്കുന്ന പരിഗണന കിട്ടുന്നില്ലെന്നു മാത്രം. അങ്ങിനെയാകുമ്പോൾ ഇന്ത്യയുടെ തെക്കേ അറ്റത്ത് കേരളമെന്ന ദേശത്ത് പ്രബുദ്ധരായ ഒരു ജനതയും, അവരുടേതായി നവീനവും സമ്പന്നവുമായ ഒരു ഭാഷയുമുണ്ടെന്നു കാണിക്കാനെങ്കിലും ഇംഗ്ലീഷിൽ എഴുതണമെന്നു തോന്നും. അപ്പൊഴെല്ലാം അച്ഛന്റെ കത്ത് ഓർമ്മ വരികയും ഞാൻ എന്റെ മാതൃഭാഷയിലേയ്ക്ക് തിരിച്ചു വരികയും ചെയ്യും.

രണ്ടാമത്തെ കത്ത് എന്റെ ചില ഭയങ്ങളെ ദൂരികരിക്കാനായി അച്ഛൻ എഴുതിയതായിരുന്നു. 62-നും 72-നുമിടക്ക് ഞാൻ ആകെ എഴുതിയത് പതിനൊന്നു കഥകളാണ്. കേരളത്തിലെ മണ്ണുമായി തൊള്ളായിരത്തി അറുപതിൽ ബന്ധം വിട്ടതാണ്. 72-ൽ 'പ്രാകൃതനായ ഒരു തോട്ടക്കാരൻ' എന്ന കഥയെഴുതി. എഴുതി വന്നപ്പോഴാണ് ആ കഥയിലെ പ്രാകൃതനായ തോട്ടക്കാരൻ അച്ഛൻ തന്നെയാണെന്ന് മനസ്സിലാക്കിയത്. മണ്ണുമായുള്ള ബന്ധം ഇല്ലാതായി, ഇനി എനിക്ക് എഴുതാൻ കഴിയില്ല എന്ന ഒരവസ്ഥ വന്നപ്പോൾ, എന്റെ കഥകൾ ഒരു നഗരവാസിയുടെ കഥകൾ മാത്രായി മാറുന്നുണ്ടോ എന്ന സംശയം വച്ച് ഞാൻ അച്ഛന്ന് എഴുതി. അച്ഛന്റെ മറുപടി ഉടനെ വന്നു. 'വാടിയ അപ്പച്ചെടികളുടെ മണത്തെപ്പറ്റി നിനക്ക് എഴുതാമെങ്കിൽ നീ തികച്ചും ഒരു മലയാളിതന്നെയാണ്. നിന്റെ കഥകൾക്ക് മണ്ണിന്റെ മണമുണ്ട്.' വാടിയ അപ്പച്ചെടികളുടെ ഗ ന്ധം 'പ്രാകൃതനായ ഒരു തോട്ടക്കാരൻ' എന്ന കഥയിലുള്ളതാണ്. എനിക്ക് ആശ്വാസമായി. 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥ വളരെ പിന്നീട് ഞാൻ കേരളത്തിൽ തിരിച്ചുവന്നു താമസമാക്കിയതിനു ശേഷമാണ് എഴുതിയത്. മറിച്ച് ഞാൻ കേരളത്തിലേയ്ക്ക് തിരിച്ചു വന്നില്ലെങ്കിലും മണ്ണിന്റെ മണമുള്ള ആ കഥ ഇതേപോലെ എഴുതുമായിരുന്നെന്ന് ഇന്ന് എനിക്കുറപ്പുണ്ട്. ഞാൻ എവിടെയാണെങ്കിലും എന്റെ വേരുകൾ കേരളത്തിലാണ്, മലയാളത്തിലാണ്.

BACK TO INDEX

# സാഹിത്യത്തിൽ ഏറ്റവുമധികം സന്തോഷം തോന്നിയതെപ്പോഴാണ്?

സാഹിത്യത്തിൽ ഏറ്റവുമധികം സന്തോഷം തോന്നിയതെപ്പോഴാണ് എന്നൊരാൾ ചോദിച്ചു. ഞാൻ കുറച്ചുനേരം ആലോചിച്ചു. ആദ്യത്തെ കഥ അച്ചടിച്ചു വന്നപ്പോഴാണോ? അല്ല, അന്നെനിക്ക് പത്തൊമ്പത് വയസ്സാണ്. ഇല്ല, അത്രയൊന്നും സന്തോഷം തോന്നിയില്ല. ഒരുപക്ഷെ കുറേ എഴുത്തുകാരെ കാണുകയും അവരുടെയെല്ലാം കഥകളും, കവിതകളും മറ്റും വാരികകളിൽ അച്ചടിച്ചു വരുന്നത് കണ്ടു വളർന്നതുകൊണ്ടുമായിരിക്കണം, ഇതെല്ലാം സാധാരണമല്ലെ എന്ന തോന്നലുണ്ടായത്. പിന്നെ എപ്പോഴാണ് ഏറ്റവുമധികം സന്തോഷം തോന്നിയത്?

ഒരു വായനക്കാരൻ എന്റെ കഥ ഇഷ്ടമാണെന്ന് ആത്മാർത്ഥമായി പറയുമ്പോഴാണ് എനിക്ക് സന്തോഷമുണ്ടാവുന്നത്. വെറുതെ പറയുന്നതു മാത്രമല്ല, ആ കഥയെപ്പറ്റി വിശദമായി പറഞ്ഞ്, എന്തുകൊണ്ടാ കഥ അയാൾക്കിഷ്ടമായി എന്നു പറയുമ്പോൾ.

എനിക്കു കിട്ടിയ പുരസ്കാരങ്ങളിൽ എനിക്കേറ്റവുമിഷ്ടമായത് പത്മരാജൻ പുരസ്കാരമാണ്. കാരണം ആ പുരസ്കാരം നിശ്ചയിക്കുന്നത് വായനക്കാരാണ്. വായനക്കാരുടെ അഭിപ്രായങ്ങൾ നോക്കിയാണ് അതു തീർച്ചയാക്കുന്നത്. 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥ അത്രയധികം പേർ വായിച്ചു ഇഷ്ടപ്പെട്ടുവെന്നത് എന്നെ വളരെ സന്തോഷിപ്പിച്ചു.

പിന്നെ എനിക്കിഷ്ടപ്പെട്ട പുരസ്കാരം ചേർത്തലയിൽനിന്ന് സഹൃദയരുടെ കൂട്ടായ്മയായ കഥാപീഠം നൽകിയ അവാർഡാണ്. അവർ സാഹിത്യത്തോടുള്ള താല്പര്യം കാരണം സ്വന്തം പോക്കറ്റിൽനിന്ന് പണമെടുത്ത് ഏർപ്പാടാക്കിയതാണ് ഈ പുരസ്കാരം. ഡോ. ജെ.കെ.എസ് വിട്ടൂരാണ് പ്രസിഡന്റ് എസ്സാർ ശ്രീകുമാർ കൺവീനറും. എന്റെ 'അനിതയുടെ വീട്' എന്ന പുസ്തകത്തിനാണ് അവാർഡ് ലഭിച്ചത്. ഡോ. അമ്പലപ്പുഴ ഗോപകുമാർ ജഡ്ജിമാരിൽ ഒരാളായിരുന്നു എന്നാണോർമ്മ.

നാലപ്പാടൻ പുരസ്കാരം ലഭിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. അദ്ദേഹം എന്റെ അച്ഛന്റെ ഗുരുകൂടിയായിരുന്നു. അച്ഛനാണെന്റെ ഗുരു. അപ്പോൾ ഗുരുവിന്റെ ഗുരുവായിരുന്ന അദ്ദേഹത്തിന്റെ പേരിലുള്ള പുരസ്കാരം, അതിന്റെ ധന്യത ഒന്നു വേറെത്തന്നെ. മറ്റു ചിലതുകൂടി ആ അംഗീകാരത്തിന് മിഴിവു നൽകി. എനിക്കിഷ്ടപ്പെട്ട മൂന്ന് എഴുത്തുകാരികൾ ആ കുടുംബത്തിലുണ്ട്. മാധവിക്കുട്ടി, ഡോ. സുലോചന നാലപ്പാട്ട്, ഡോ. സുവർണ്ണ നാലപ്പാട്ട്. പിന്നെ എനിക്ക് ഈ അവാർഡു ലഭിക്കാനായി പുസ്തകം നൽകിയ സ്നേഹിതന്മാരുണ്ട്. പി.കെ.എ. റഹിം, ഡോ. എസ്.പി. രമേശ്, ഡോ. പി.വി. കൃഷ്ണൻ നായർ തുടങ്ങിയവർ. എന്റെ എല്ലാ കഥകളും ഇഷ്ടപ്പെട്ട ഒരു സ്നേഹിതനായിരുന്നു രമേശ്. 'സുൽത്താന്റെ മകൾ' എന്ന കഥ കലാകൗമുദിയിൽ വന്ന ഉടനെ അദ്ദേഹം ഫോണിൽ സംസാരിച്ചു. കുറച്ചു നേരം ഉറക്കെ

ചിരിച്ചതിനു ശേഷം അതിലെ ഒരു വരി ഉദ്ധരിച്ചു. സുൽത്താൻ യാത്ര കഴിഞ്ഞ് മരുഭൂമിയിൽനിന്ന് തിരിച്ചു വരുമ്പോൾ തന്റെ കൊട്ടാരം കാണുന്നതാണ് സന്ദർഭം. സുൽത്താന്റെ കൊട്ടാരത്തിന്റെ മിനാരങ്ങൾ മേഞ്ഞിരിക്കുന്നത് ചെമ്പുകൊണ്ടാണ്. പക്ഷെ കടുത്ത ചെമ്പു ദാരിദ്ര്യം കാരണം കുറച്ചു ഭാഗത്ത് രാജ്യത്ത് ചെമ്പിനേക്കാൾ സുലഭമായതും വില കുറഞ്ഞതുമായ സ്വർണ്ണം ഉപയോഗിച്ചു. അതു കാണുമ്പോൾ സുൽത്താന് വിഷമം, 'തന്റെ സ്വർണ്ണം പുറത്താവുമോ' എന്ന്. അതു പറഞ്ഞ് രമേശ് കുറേ നേരം ചിരിച്ചു, കഥ ഗംഭീരമായിട്ടുണ്ടെന്നു പറഞ്ഞു. 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥയെപ്പറ്റിയും അദ്ദേഹം നന്നായി സംസാരിച്ചിരുന്നു. എന്റെ 'മലകളുടെ സംഗീതം' എന്നകഥ അദ്ദേഹം ഇംഗ്ലീഷിലേയ്ക്ക് മൊഴിമാറ്റം നടത്തിയിട്ടുണ്ട്.

നാലപ്പാട്ട് തറവാട്ടിൽ പോയപ്പോൾ വീട്ടിലെ ഒരംഗത്തെപ്പോലെയാണ് നാലപ്പാട്ടു കാരണവരുടെ പിൻതലമുറക്കാർ എന്നോട് പെരുമാറിയത്. നാലപ്പാട്ടിന്റെ മരുമകളും കവിയുമായ അമ്മിണിയമ്മയാണ് പുരസ്കാരം സമ്മാനിച്ചത്. അവരുടെ മകൾ സുവർണ്ണയുമായി സംസാരിക്കുകയായിരുന്നു ഞാൻ. ശാസ്ത്രത്തിലുള്ള അവരുടെ അവഗാഹം കണ്ട് ഞാനതിശയിച്ചു പോയി. ഞാനെന്റെ 'ഷ്രോഡിങ്ങറുടെ പൂച്ച'യെന്ന കഥയെപ്പറ്റി പറഞ്ഞു. അവർക്ക് വളരെ സന്തോഷമായി. അതുവരെ സംസാരിച്ച ആളേയല്ല ഇപ്പോൾ. അവർ പറഞ്ഞു, 'ഞാനീ കഥ വായിച്ച് വളരെ ഇഷ്ടമായി അതിന്റെ കർത്താവിനെ അന്വേഷിച്ചു നടക്കുകയായിരുന്നു. ഞാൻ സി. രാധാകൃഷ്ണനോട് ചോദിച്ചു ഇടശ്ശേരിയുടെ മകൻ ഹരികുമാറിന്റേതാണോ ആ കഥ എന്ന്. അപ്പോഴദ്ദേഹം പറഞ്ഞു. അല്ല ഹരി അങ്ങിനത്തെ കഥകളൊന്നുമെഴുതാറില്ല.' ഞാൻ രാധാകൃഷ്ണനെ കുറ്റം പറയില്ല. വളരെ തിരക്കു പിടിച്ച എഴുത്തുകാരനായ അദ്ദേഹം എന്റെ 'വൃഷഭത്തിന്റെ കണ്ണ്', 'ഒരു സമസ്യയുടെ പൊരുൾതേടി' എന്ന കഥകളോ പ്രപഞ്ചത്തെപ്പറ്റി ഞാനെഴുതിയ 'സംഭവാമി യുഗേ യുഗേ...' എന്ന ലേഖനമോ കണ്ടിരിക്കയില്ല. രണ്ടും കലാകൗമുദിയിൽ വന്നവയാണ്. പിന്നെ എന്റെ വളരെ അടുത്ത സ്നേഹിതനും കുടുംബസുഹൃത്തുമായ അദ്ദേഹത്തിനറിയാമായിരുന്നു എന്റെ പഠിത്തത്തിന്റെ പശ്ചാത്തലം. എന്തായാലും 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന പുസ്തകത്തിന് കിട്ടിയ നാലപ്പാടൻ അവാർഡിനോടൊപ്പംതന്നെ എനിക്ക് സുവർണ്ണയുടെ അഭിപ്രായവും ഇഷ്ടപ്പെട്ടു. അതു മറ്റൊരവാർഡായി ഞാനിപ്പോഴും മനസ്സിൽ കരുതുന്നു.

1988 ൽ എഴുതിയ 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്കുള്ള അവാർഡ് കിട്ടിയത് കേരള ചലചിത്ര അക്കാദമിയിൽനിന്നാണ്. രണ്ടായിരത്തി പന്ത്രണ്ടിൽ ദൂരദർശൻ ചെറുഫിലിമാക്കിയപ്പോഴാണ് അതു ലഭിച്ചത്. പക്ഷെ ആ സിനിമ വളരെ മനോഹരമായി സംവിധാനം ചെയ്ത ബൈജു ചന്ദ്രന് അവർഡ് ലഭിച്ചില്ലല്ലോ എന്നായിരുന്നു എന്റെ വിഷമം. 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥാസമാഹാരം കേന്ദ്രസാഹിത്യ അക്കാദമി കണ്ടില്ലെന്നു നടിച്ച പുസ്തകമാണ്. അതുപോലെ കണ്ടില്ലെന്നു നടിച്ച പുസ്തകങ്ങളാണ് 'തടാകതീരത്ത്' 'കൊച്ചമ്പ്രാട്ടി' എന്ന നോവലുകളും 'കറുത്ത തമ്പ്രാട്ടി' എന്ന കഥാസമാഹാരവും. എന്റെ ഏറ്റവും നല്ല കഥാസമാഹാരം എന്ന് ഞാൻ കരുതുന്നത് ഈ പുസ്തകമാണ്. നോവലുകളിൽ ഏറ്റവും മികച്ചതായി ഞാൻ കരുതുന്നത് 'തടാകതീരത്ത്' ആണ്.

കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി'യ്ക്ക് ലഭി

ച്ചപ്പോൾ വളരെ സന്തോഷം തോന്നി. പക്ഷെ പിന്നീട് അതിന്റെ അണിയറയിൽ നടന്ന കാര്യങ്ങളെപ്പറ്റി ഒരു സ്നേഹിതൻ പറഞ്ഞപ്പോൾ അതു കിട്ടേണ്ടിയിരുന്നില്ലെന്നു തോന്നി. ആ സ്നേഹിതൻ ആരാണെന്നു പറയുന്നില്ല. അദ്ദേഹം അന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയിലുണ്ടായിരുന്നു. നേരിൽ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'തനിക്ക് ഈ അവാർഡ് രണ്ടു പേരുടെ നിർബ്ബന്ധം കൊണ്ട് കിട്ടിയതാണ്. രണ്ടു പുസ്തകങ്ങളാണ് അവസാന പരിഗണനയ്ക്ക് എത്തിയത്. ഒന്ന് വി.പി. ശിവകുമാറിന്റെ കഥാസമാഹാരം, പിന്നെ എന്റെ പുസ്തകവും. കമ്മിറ്റി ഭൂരിപക്ഷത്തോടെ തീർച്ചയാക്കിയത് ഇടതുപക്ഷക്കാരനായ ശിവകുമാറിന് കൊടുക്കാമെന്നാണ്. എന്നാൽ രണ്ടു പേർ അതിനെ നഖശികാന്തം എതിർത്തു. ബുദ്ധി കൊണ്ടെഴുതുന്നതല്ല കഥയെന്നും, ഹൃദയം കൊണ്ടെഴുതുന്നതാണ് കഥയെന്നും 'ദിനോസറിന്റെ കുട്ടി'യാണ് പുരസ്കാരത്തിന് അർഹമായിട്ടുള്ളത് എന്നും അവർ വാദിച്ചു. അപ്പോൾ കമ്മിറ്റിയിലുള്ളവർ പറഞ്ഞു. ഹരികുമാർ (രാഷ്ട്രീയത്തിൽ) നമ്മുടെ ഒപ്പമുള്ള ആളല്ല, പിന്നെയെങ്ങിനെയാണ് അയാൾക്ക് അവാർഡു കൊടുക്കുക എന്ന്. മറ്റു രണ്ടു പേർ വഴങ്ങിയില്ല, മാത്രമല്ല എക്സിക്യൂട്ടീവ് അങ്ങിനെ തീരുമാനെമെടുത്താൽ അതിനെ മറികടക്കാനുള്ള അധികാരമുപയോഗിക്കുമെന്നുമവർ പറഞ്ഞു. അതു പ്രസിഡന്റും വൈസ് പ്രസിഡന്റുമായിരുന്ന എം.കെ. സാനുവും, പ്രൊഫ. എം. കൃഷ്ണൻ നായരുമായിരുന്നു. പ്രസിഡന്റിന് കമ്മിറ്റി തീരുമാനത്തെ മറികടക്കാനുള്ള അധികാരമുണ്ട്.

ഇവരിൽ സാനു മാസ്റ്ററെ മാത്രമേ ഞാൻ മുമ്പ് പരിചയപ്പെട്ടിട്ടുള്ളു. അദ്ദേഹത്തെ വി.കെ. ശശിധരൻ ആലപിച്ച് ഞാനിറക്കിയ 'പൂതപ്പാട്ടി'ന്റെ കാസ്സറ്റ് പ്രകാശനം ചെയ്യാൻ ക്ഷണിച്ചിരുന്നു. അദ്ദേഹവും എം. ഗോവിന്ദനുമാണ് അതു നിർവ്വഹിച്ചത്. കൃഷ്ണൻ നായർ സാറിനെ ഞാൻ പരിചയപ്പെടുന്നത് പിന്നീടൊരിക്കൽ തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽവച്ചാണ്. അക്കാദമിയിൽ ഒരു മീറ്റിങ് കഴിഞ്ഞ് അദ്ദേഹവും സാനുമാസ്റ്ററും തീവണ്ടി കാത്തുനിൽക്കുകയായിരുന്നു. ഞാൻ അമ്മയെ കണ്ട് എറണാകുളത്തേയ്ക്കു തിരിച്ചു പോവുകയായിരുന്നു. രണ്ടു മിനുറ്റു നേരത്തെ കുശലം ചോദിക്കാനുള്ള സമയം മാത്രം കിട്ടി. സാനുമാസ്റ്റർ എന്നെ കൃഷ്ണൻ നായർ സാറിനു പരിചയപ്പെടുത്തി. അദ്ദേഹത്തിന് സന്തോഷമായി. എന്റെ കുറേയധികം കഥകൾ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു സാഹിത്യവാരഫലത്തിൽ എഴുതിയിരുന്നു. അപ്പോഴേയ്ക്ക് ട്രെയിൻ വരുകയും അവരെ ഫസ്റ്റ് ക്ലാസ്സിൽ യാത്രയാവാൻ വിട്ട് ഞാൻ മുമ്പിലുള്ള അൺറിസർവ്ഡ് കമ്പാർട്ടുമെന്റിലെത്താനോടുകയും ചെയ്തു.

പിന്നീട് ശിവകുമാർ അകാലത്തു മരിച്ചുവെന്നറിഞ്ഞപ്പോൾ എനിക്ക് വിഷമമായി. അദ്ദേഹത്തിനു കിട്ടിയാൽ മതിയായിരുന്നു ഈ അവാർഡ്.

അടുത്തൊരു ദിവസം ഒരു വായനക്കാരൻ ചോദിച്ചു. നിങ്ങൾക്കെന്താണ് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ഇതുവരെ കിട്ടാതിരുന്നത്? ഞാനെന്തു പറയാനാണ്. എന്റെ കൃതികൾ അവരുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഉയർന്നിട്ടുണ്ടാവില്ല. അല്ലെങ്കിൽ അതു നിശ്ചയിക്കുന്ന വ്യക്തികൾക്ക് എന്റെ കൃതികൾ ഇഷ്ടമായിട്ടുണ്ടാവില്ല. അയാൾ വീണ്ടും ചോദിച്ചു. അതു കിട്ടണമെന്നില്ലെ? തീർച്ചയായും, കാരണം അവാർഡ് തുക വളരെ വലിയതാണ്. ആ പണം കൊണ്ട് മരുന്നു വാങ്ങാൻ കഴിവില്ലാതെ മരിക്കുന്ന ഏതാനും കുട്ടികളെ സഹായിക്കാനാവും. അല്ലെങ്കിൽ മാരകരോഗങ്ങൾ വന്ന് മരണം കാത്തു

കിടക്കുന്നവരുടെ സാന്ത്വനത്തിന് അതുപകരിക്കും. (ടീഹമരല, ജമശി മിറ ജമഹ ഹശമശേല ഇമൃല ഠവ്യശൌ്യ എന്നീ സ്ഥാപനങ്ങളെ ഏല്പിക്കാം). ഇത്രയും കാലം കഴിഞ്ഞ് എനിക്ക് ഒരു അംഗീകാരത്തിന്റെ ആവശ്യമില്ല. എന്റെ വായനക്കാർ തന്ന അംഗീകാരം തന്നെ ധാരാളമാണ്.

സന്ദർഭവശാൽ ഒരു കാര്യംകൂടി എഴുതാം. അക്കാദമികളുടെ കാര്യം പറഞ്ഞപ്പോഴാണതോർമ്മ വന്നത്. എന്റെ 'ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ....' (ജനശക്തി 2012 ആഗസ്റ്റ് 25-31) എന്ന കഥയിൽ നിന്നുദ്ധരിക്കുകയാണ്. (അതു കഥ മാത്രമല്ല കാര്യവുമായിരുന്നു. അച്ഛനെയും മെഹ്ദി ഹസ്സന്റെയും അവസാനകാലത്തെപ്പറ്റിയാണാ കഥ).

*"അക്കാദമികൾ കൂടി വളരെ മടിച്ചുമടിച്ചാണ് അച്ഛനെ അംഗീകരിക്കാനുള്ള പുരസ്കാരങ്ങൾ നൽകിയത്. കവിതയ്ക്കുള്ള പുരസ്കാരം അറുപത്തൊമ്പതിൽ നൽകിയത് തന്നേക്കാൾ ചെറുപ്പമായിരുന്ന കവികൾക്കുകൂടി കൊടുത്തതിനു ശേഷമാണ്. 'കാവിലെ പാട്ട്' പ്രസിദ്ധീകരിച്ചത് അറുപത്താറിലാണ്. വേണമെങ്കിൽ അവർക്ക് അവസാനകാലങ്ങളിൽ അദ്ദേഹത്തിന് വിശിഷ്ടാംഗത്വം കൊടുക്കാമായിരുന്നു. അതദ്ദേഹത്തിന് വലിയ ഉപകാരമാകുമായിരുന്നു. പകരം അവർ ചെയ്തത് തൊള്ളായിരത്തി എഴുപത്തിരണ്ടിൽ അതിനർഹതപ്പെട്ടവർ ആരുമില്ലെന്ന് വിധി കല്പിക്കുകയായിരുന്നു. പൂതപ്പാട്ടും, കാവിലെ പാട്ടും, പുത്തൻകലവും അരിവാളും, കുറ്റിപ്പുറം പാലവും എഴുതിയ കവി അക്കാദമി വിശിഷ്ടാംഗമാകാൻ അർഹനാണോ? പിന്നെ അതിനടുത്ത വർഷം വേറെ രണ്ടുപേർക്കു കൊടുത്തു. അഞ്ചുപേർക്കുവരെ ആ പദവി ഒറ്റയടിക്കു നൽകിയ വർഷങ്ങളുണ്ടായിട്ടുണ്ട്, എൺപത്തൊന്നിൽ.*

*എഴുപത്തിനാലിൽ അച്ഛൻ മരിച്ചു. അവസാനകാലങ്ങളിൽ ഒരു വിശിഷ്ടാംഗത്വത്തിന്റെ പരിവേഷം ആവശ്യമില്ലെങ്കിലും അതിനോടൊപ്പം ലഭിക്കുമായിരുന്ന തുക അദ്ദേഹത്തിന് കുറച്ചെങ്കിലും ആശ്വാസമായേനേ; ചുരുങ്ങിയത് കോഴിക്കോട്ടു പോയി അത്യാവശ്യം വേണ്ടിയിരുന്ന ഒരു ചെക്കപ്പ് നടത്താനെങ്കിലും."*

1971 മുതൽ 1974 വരെ അക്കാദമി പ്രസിഡന്റ് പൊൻകുന്നം വർക്കിയായിരുന്നു. 1966 തൊട്ട് 1975 വരെ വി.എ.എ. അസീസ് ആയിരുന്നു അസിസ്റ്റന്റ് സെക്രട്ടരി (ജവഹർലാലിന്റെ ജീവിതകഥ എഴുതിയ എഴുത്തുകാരനാണെന്നു തോന്നുന്നു ഇദ്ദേഹം). സെക്രട്ടരി ആരായിരുന്നുവെന്ന് അറിയില്ല. (വല്ല സർക്കാർ തല സെക്രട്ടരിമാരുമായിരിക്കണം.

അതൊക്കെ നോക്കുമ്പോൾ എന്റെ സ്ഥിതി എത്ര ഭേദം. ഏറ്റവും സന്തോഷം തോന്നിയതെപ്പോഴാണെന്ന സ്നേഹിതന്റെ ചോദ്യത്തിന് മറുപടി പറയാൻ ശ്രമിച്ച ഞാനിപ്പോൾ അച്ഛന്റെ അവസാനകാലമോർത്ത് ഏറെ ദുഃഖിതനാണ്.

കലാപൂർണ്ണ

BACK TO INDEX

# അമ്മ വായിച്ചിട്ടില്ലാത്ത രണ്ടു കഥകൾ

എൺപത്തെട്ടിലെ ഓണക്കാലം എന്നെ അനുഗ്രഹിച്ചത് രണ്ടു നല്ല കഥകളുമായാണ്. ശ്രീപാർവ്വതിയുടെ പാദവും ഡോ. ഗുറാമിയുടെ ആശുപത്രിയും. കഥകളുടെ കാര്യം അങ്ങിനെയാണ്. വളരെ നന്നാവുമെന്ന് കരുതി എഴുതുന്ന കഥകൾ അത്ര നന്നാവാറില്ല. മറിച്ചും ആവും. ഈ രണ്ടു കഥകളെഴുതുമ്പോഴാകട്ടെ നന്നാവുമോ ചീത്തയാവുമോ എന്ന ചിന്തകളൊന്നും വരാത്തവണ്ണം ഞാൻ എഴുത്തിൽ മുഴുകിയിരുന്നു. ശ്രീപാർവ്വതിയുടെ പാദത്തിലെ പ്രസാദാത്മകത പോലെത്തന്നെ ഡോ. ഗുറാമിയിലെ കുട്ടിയുടെ നിശ്ശബ്ദ വേദനയും എന്റെ ആത്മാവിൽ നിറഞ്ഞു നിന്നിരുന്നു. ശ്രീപാർവ്വതിയുടെ പാദം കലാകൗമുദിയ്ക്കും ഡോ. ഗുറാമിയുടെ ആശുപത്രി മാതൃഭൂമിയ്ക്കും അയക്കാൻ തീർച്ചയാക്കി.

രാവിലെയാണ് ദിവാകരന്റെ ഫോണുണ്ടായത്. അമ്മയ്ക്ക് ഒരറ്റാക്ക്; കോ-ഓപറേറ്റീവ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കയാണ്. കുറച്ച് കൂടുതലാണ്. അമ്മയെ കണ്ടിട്ട് ഒരു മാസത്തിനു മേലെയായി. എറണാകുളത്തുനിന്ന് തൃശ്ശൂർക്ക് രണ്ടു മണിക്കൂർ യാത്രയേയുള്ളു. ജോലിത്തിരക്കു കാരണം യാത്ര നീട്ടിവെയ്ക്കുകയാണ് പതിവ്. അടുത്തല്ലെ എപ്പോൾ വേണമെങ്കിലും കാണാമല്ലൊ എന്ന് സമാധാനിക്കും.

ഞങ്ങൾ ഉടനെ പുറപ്പെട്ടു. പോകുമ്പോൾ പുതുതായി എഴുതിയ രണ്ടു കഥകളും ഒപ്പമെടുക്കാൻ മറന്നില്ല. രോഗശയ്യയിൽ കിടക്കുന്ന അമ്മയുടെ അടുത്തിരുന്ന് ഈ രണ്ടു കഥകളും വായിച്ചു കേൾപ്പിക്കാമല്ലൊ. ശ്രീപാർവ്വതിയുടെ പാദം അമ്മയ്ക്കിഷ്ടമാകാതിരിക്കില്ല. അതിലെ പ്രസാദാത്മകതയും സ്നേഹത്തിന്റെ ഊഷ്മളതയും അമ്മയെ തിരികെ ആരോഗ്യത്തിലേയ്ക്കു നയിക്കുമെന്ന് എനി ക്കു തോന്നി. എന്റെ സാഹിത്യ ശ്രമങ്ങൾ ക്ക് അമ്മയുമായി അടുത്ത ബന്ധമുണ്ട്. ജനിതകശ്രേണി വഴിയായി അച്ഛന്റെ പല സ്വഭാവങ്ങളും കിട്ടിയിട്ടുണ്ടെങ്കിലും സാഹിത്യ വാസന കിട്ടിയത് അമ്മ വഴിയാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അമ്മ മുപ്പതുകളിൽ കഥയും കവിതയും എഴുതി മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ടോഗോറിന്റെ 'ഫ്രൂട്ട് ഗാതറിങ്ങ്' 'ഫലാപചയ'മെന്ന പേരിൽ മൊഴിമാറ്റം നടത്തി ശ്രീ. വർഗ്ഗീസ് കളത്തിൽ നടത്തിയിരുന്ന 'അരുണ' എന്ന വനിതാമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്റെ കഥകൾ ആരു വായിച്ചില്ലെങ്കിലും അമ്മ വായിച്ചിരിക്കണമെന്ന നിർബ്ബന്ധമെനിക്കുണ്ടായിരുന്നു. അമ്മയുടെ അഭിപ്രായമറിയുകയും വേണം.

ആശുപത്രിയിൽ അമ്മ കിടന്നിരുന്നത് ഇന്റൻസീവ് കെയർ യുണിറ്റിലൊന്നുമായിരുന്നില്ല. സാധാരണ മുറിയിൽ. ഞാൻ സമാധാനിച്ചു. അത്രയൊന്നുമില്ലല്ലൊ. ദിവാകരൻ പക്ഷെ പറഞ്ഞത് മോശമാണെന്നാണ്. ഒരു ഡോക്ടർ കൂടിയായ അദ്ദേഹം പറയുന്നത് മാനിക്കാതെ വയ്യ. നാട്ടിലുള്ള മക്കളെല്ലാമെത്തിയിരുന്നു. ഞാൻ അടുത്തു ചെന്നപ്പോൾ അമ്മ വലത്തെ കൈയ്യുയർത്തി എന്റെ നേരെ നീട്ടി. ഞാൻ ആ കൈ പിടിച്ചു. മുങ്ങിപ്പോകു

മ്പോൾ പിടിച്ചു കയറ്റാൻ ആവശ്യപ്പെടുന്നപോലെ അമ്മ എന്നെ നോക്കി, എന്റെ കൈകൾ ബലമായി പിടിച്ചു. അമ്മയുടെ ഇച്ഛാധീനമായ അവസാനത്തെ പ്രവർത്തിയായിരുന്നു അത്. ആ കൈ തളർന്നു വീണു. ആ കൈ പിന്നീടൊരിക്കലും മക്കളുടെ കൈ തേടി നീണ്ടില്ല. ആ കാതുകൾ മക്കളുടെ ശബ്ദം പിന്നീടൊരിക്കലും കേട്ടില്ല. കണ്ണുകൾ, അവ തുറന്നുതന്നെയിരുന്നെങ്കിലും, ഒന്നും കണ്ടിരുന്നില്ല. അമ്മ ഒരു കോമയിലേയ്ക്ക് വഴുതിവീണു.

അബോധാവസ്ഥയിൽ മൂന്നു മാസം കിടന്ന ശേഷം അമ്മ അന്ത്യശ്വാസം വലിക്കുന്നതുവരെ മക്കളെല്ലാം അടുത്തു തന്നെയുണ്ടായിരുന്നു. ഓരോരുത്തരും ഊഴമിട്ട് അമ്മയുടെ അരികിൽ രാപ്പകൽ ഭേദമില്ലാതെ കാവൽ നിന്നു ശുശ്രൂഷിച്ചു.

ആശുപത്രിയിൽ അമ്മയെ ചികിത്സിച്ച വിദഗ്ദ ഡോക്ടർ ഡോ. മോഹൻ അന്ത്യവിധി പറയുന്നതു വരെ അമ്മ ബോധം തെളിഞ്ഞ് എഴുന്നേൽക്കുമെന്നും ഒരു ഭാഗം തളർന്നിട്ടാണെങ്കിലും വീൽ ചെയറിൽ ഇരിക്കാനാവുമെന്നും കരുതിയിരുന്നു. ഡോ. മോഹന്റെ വിദഗ്ദ ചികിത്സയ്ക്കു പോലും രക്ഷിക്കാനാവാത്ത വിധം അമ്മയുടെ തലച്ചോർ രക്തസ്രാവം കൊണ്ട് നശിച്ചിരുന്നു.

അമ്മ മരിച്ചിട്ട് ആറു വർഷമായി. ഇപ്പോഴും ഞാൻ കാണുന്ന ഒരു സ്വപ്നമുണ്ട്. അമ്മ വീൽ ചെയറിൽ ഇരിക്കുന്നു. താഴെ നിലത്ത് ഞാനിരുന്ന് ശ്രീപാർവ്വതിയുടെ പാദം വായിച്ചു കേൾപ്പിക്കുന്നു.

BACK TO INDEX

## ഈ കഥ ഉൽപ്രേക്ഷയിൽ പെടില്ല

'അവസാനത്തെ വിസിൽ' എന്ന എന്റെ കഥ പ്രസിദ്ധപ്പെടുത്തിയത് 1998ലെ കലാകൗമുദി ഓണപ്പതിപ്പിലായിരുന്നു. ഈ കഥ 'കറുത്ത തമ്പ്രാട്ടി' എന്ന സമാഹാരത്തിൽ ചേർത്തിട്ടുണ്ട്. ഒരു ഫുട്ട്ബാൾ കളിക്കാരന്റെ കഥ യാണത്. ആ കഥ മനസ്സിലാവാതെ ഒരു നിരൂപകൻ എന്നെ വിളിച്ചു പറ ഞ്ഞു. ഇത് ഹിഗ്വിറ്റ തന്നെയല്ലേ? അദ്ദേഹം എന്റെ കഥകളെപ്പറ്റി വിശദമായ പഠനം ചെയ്യാൻ പോകുകയായിരുന്നു. എന്റെ മറുപടി ഇതായിരുന്നു. 'നിങ്ങൾക്ക് 'ഹിഗ്വിറ്റ'യും മനസ്സിലായിട്ടില്ല; എന്റെ കഥയും.'

ഒരു കഥ വളരെയധികം പ്രശസ്തിയാർജ്ജിച്ചാൽ ഒരു പ്രശ്നമുണ്ട്. അതിനു വേണ്ടി ഉപയോഗിച്ച ഏതെങ്കിലും ഒരു ബിംബം മറ്റൊരാളുടെ കഥ യിൽ പ്രത്യക്ഷപ്പെട്ടാൽ 'അതു താനല്ലയോ ഇത്' എന്ന പരാതിയുണ്ടാകും. അതും ഫുട്ബാൾ, ഇതും ഫുട്ബാൾ. എൻ.എസ്. മാധവന്റെ കഥ രചന യിലും ഉള്ളടക്കത്തിലും ഉന്നത നിലവാരം പുലർത്തുന്ന ഒന്നാണ്. പക്ഷെ രണ്ടു കഥകളും വ്യത്യസ്ത ഉള്ളടക്കവും, ഭാവവും, തലങ്ങളുമുള്ള കഥക ളാണ്. മാധവന്റെ കഥയിൽ ഫൂട്ബോളിനെപ്പറ്റി വളരെ ശക്തമായൊരു പരാ മർശമുണ്ട്, മാത്രമല്ല ഹിഗ്വിറ്റ എന്ന കഥയുടെ ഊർജ്ജവും ഫുട്ബാൾ കളി യാണ്. കൊളമ്പ്യൻ ഗോളിയായ ഹിഗ്വിറ്റയിൽനിന്നാണ് ഗീവർഗ്ഗീസച്ചൻ, ജബ്ബാർ എന്ന ഗുണ്ടയെ ആക്രമിച്ച് നിലം പരിശാക്കാനുള്ള ശക്തി സംഭരിക്കു ന്നത്. മറിച്ച് എന്റെ കഥയാകട്ടെ ഫുട്ബാൾ കളിയുടെ അസന്മാർഗ്ഗീയത യെപ്പറ്റിയാണ്. സ്റ്റേറ്റ് ടീമിന്റെ സെന്റർ ഫോർവേഡായ രാജന്റെ ഉറ്റ സ്നേഹി തൻ രാമകൃഷ്ണന്റെ അഭിപ്രായം മാത്രമല്ല ഉറച്ച വിശ്വാസംകൂടി ഇതാണ്. ആ കളി ശരിക്കും യുദ്ധമാണ്; അതുകൊണ്ട് യുദ്ധം പാടില്ലെന്നു വാശിപി ടിക്കുന്നവർ കളികളെ പ്രോത്സാഹിപ്പിക്കാൻ പാടില്ല എന്നും അയാൾ പറ യുന്നു. ഞാൻ കഥയിൽനിന്ന് ഉദ്ധരിക്കാം:

" 'ഞാൻ പറയുന്നത് ശരിയല്ലേ. ഫുട്ബാളിന്റെ കാര്യംതന്നെ എടു ക്കാം. രണ്ടു ടീമുകൾ, രണ്ടു രാജ്യങ്ങളാണ്. നടുവിൽ അതിർത്തിരേഖയു മുണ്ട്. നിങ്ങൾ മറുരാജ്യത്തിന്റെ അതിർത്തി ലംഘിച്ചു കടക്കുകയാണ് ചെയ്യു ന്നത്. ആക്രമണം. അതിന് നിങ്ങൾ ബലം പ്രയോഗിക്കുന്നു, എതിരാളിയുടെ എതിർപ്പിനെ തട്ടിമാറ്റി മുന്നേറുന്നു. നഗ്നമായ ബലപ്രയോഗം. അവസാനം ഗോൾ പോസ്റ്റിന്റെ സ്വകാര്യതയിലേയ്ക്ക് അതിക്രമിച്ചുകടക്കുന്നു. അതിനെ കളിയെന്നെങ്ങിനെ പറയാം?'

'എല്ലാ കളികളും അങ്ങിനെത്തന്നെയല്ലേ?' രാജൻ ചോദിക്കും.

'ആവണമെന്നില്ല. ടെന്നീസ്, ഒരുദാഹരണം. നിങ്ങൾ നിങ്ങളുടെ തട്ട കത്തിൽ നിന്നുകൊണ്ടാണ് അഭ്യാസങ്ങൾ കാട്ടുന്നത്. എതിരാളിയേക്കാൾ നൈപുണ്യമുണ്ടെന്നു കാണിക്കുക മാത്രമേ വേണ്ടൂ നിങ്ങൾക്കു ജയിക്കാൻ. മറുവശത്തേയ്ക്ക് ഇരച്ചുകയറേണ്ട. ഫുട്ബാൾ അങ്ങിനെയല്ല. അതിൽ അക്ര മസ്വഭാവമുണ്ട്, അശ്ളീലമായൊരു മനശ്ശാസ്ത്രമാണതിനു പിന്നിൽ. ആന്റ് ആൻ ഇമ്മോറൽ ഫിലോസഫി.' "

കളികൾ രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നുവെന്ന രാജന്റെ പ്രസ്താവനയോട് രാമകൃഷ്ണൻ പ്രതികരിക്കുന്നത് ഇങ്ങനെയാ

ണ്. 'അങ്ങിനെയാണെങ്കിൽ ഇന്ന് ഏറ്റവും മൈത്രിയിൽ വർത്തിക്കുന്ന രണ്ടു രാജ്യങ്ങൾ ഇന്ത്യയും പാകിസ്ഥാനുമായിരിക്കണം.'

രാജന്റെ വ്യക്തി ജീവിതം താറുമാറാവുന്നതിന്റെ ദൃശ്യം കഥയിലുണ്ട്. മറ്റൊരു സ്നേഹിതൻ, ശശി തന്റെ ഭാര്യയുടെ ജീവിതസൗകര്യങ്ങളോടുള്ള ആർത്തിയും ആസക്തിയും ചൂഷണം ചെയ്ത് മുന്നേറുന്ന ദൃശ്യമാണയാൾ കാണുന്നത്. ശശിയുടെ വരവിനെപ്പറ്റിയുള്ള തന്റെ ചോദ്യങ്ങൾക്കുള്ള ഭാര്യയുടെ മറുപടിയിൽ വാക്കുകൾക്കിടയിലെ വിടവുകൾ, പ്രാക്ടീസ് കഴിഞ്ഞ് വീട്ടിൽ വരുമ്പോൾ കാണുന്ന ചായക്കപ്പിലെ ഉണങ്ങിയ ചായക്കറ, ഇതെല്ലാം അയാളെ അസ്വസ്ഥനാക്കുന്നു. ഒരു കളിക്കാരനായ രാജന് തന്റെ ജീവിതം ഒരു ഫുട്ബാൾ കോർട്ടായി കാണാൻ അധിക സമയമൊന്നും വേണ്ടിവന്നില്ല.

ലോകകപ്പ് നടന്നുകൊണ്ടിരിക്കയാണ്. രാജൻ ചോദിക്കുന്നു:

" 'ഇന്നലെ രാത്രി ബ്രസീലിന്റെ കളി കണ്ടോ?'

'കണ്ടു.' രാമകൃഷ്ണൻ പറഞ്ഞു. 'എനിക്ക് ഫ്രാൻസ് ലോകകപ്പ് ജയിക്കണമെന്നാണ്.'

'എന്താണങ്ങനെ?'

'എല്ലാവരും ബ്രസീലിനെ പിൻതാങ്ങുമ്പോൾ എനിക്കങ്ങിനെ തോന്നുന്നു. ഒഴുക്കിനെതിരെ നീന്താനുള്ള താല്പര്യം മാത്രമല്ല. എനിക്ക് ബ്രസീലിന്റെ കളി ഇഷ്ടമല്ല; തികച്ചും അസന്മാർഗ്ഗികമായ ഒരു കളിയിൽ അശ്ലീലമായ എന്തോ ഉണ്ടവരുടെ നീക്കങ്ങളിൽ. ഫ്രെഞ്ചുകാർ കളിക്കുമ്പോൾ എനിക്കങ്ങിനെ തോന്നിയിട്ടില്ല.'

'പക്ഷേ ഇത്തവണ ബ്രസീൽ തന്നെ കൊണ്ടുപോകും കപ്പ്.'

'ജയിക്കുമായിരിക്കും. ഒരു ജനത എത്രത്തോളം നിഷ്ഠൂരരാകുന്നുവോ, അത്രതന്നെ ജയിക്കാനുള്ള സാധ്യതയും ഏറുന്നു. പെനൽട്ടി അടിക്കാനൊരുങ്ങുന്ന കളിക്കാരന് മുമ്പിലുള്ള വിശാലമായ ഗോൾപോസ്റ്റിൽ ഏകനായി, വിയർക്കുന്ന കൈകളോടെ നിൽക്കുന്ന ഗോളിയിൽ അനുകമ്പ തോന്നിയാൽ കുഴഞ്ഞില്ലേ കാര്യം? ആ സമയത്ത് വേണ്ടത് കില്ലിങ് ഇൻസ്റ്റിങ്റ്റ് തന്നെ. ആടിന്റെ മുമ്പിലെ അറവുകാരന്റെ മനോഭാവം. ഒരു വെട്ട് രണ്ടു കഷ്ണം. ഒരു കളിക്കാരനിൽ അന്നേരം കുടികൊള്ളുന്നത് അതേ അറവുകാരനല്ലേ? "

രാജൻ എന്ന സെന്റർ ഫോർവേഡ് പെട്ടെന്ന് വിയർക്കുന്ന കൈകളോടെ നിൽക്കുന്ന ഗോളിയാവുകയാണ്. അയാൾക്ക് നഷ്ടമാകാൻ പോകുന്നത് അയാളുടെ ജീവിതത്തിന്റെ സ്വകാര്യതയും ശാന്തിയുമാണ്. ഈ ദ്വന്ദ ഭാവമാണ് കഥയുടെ കാതൽ. ഒരാൾ ഒരേ സമയത്ത് ഗോളടിക്കുകയും അതേ പന്തിൽ നിന്നുതന്നെ ഗോൾപോസ്റ്റ് രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുക!

" മുന്നോട്ട്, മുന്നോട്ട്. തടസ്സം സൃഷ്ടിക്കുന്ന പരുഷമായ കാലുകളെ വെട്ടിച്ച് രാജൻ കുതിക്കുകയാണ്. ഇടതുവശത്ത് കൺവെട്ടത്ത് ലത്തീഫ് എപ്പോഴുമുണ്ടായിരുന്നു. അടുത്തുകിട്ടിയപ്പോൾ അയാൾ പറഞ്ഞു. 'രണ്ടു മിനിറ്റേയുള്ളൂ, വേഗം.' തടസ്സങ്ങളെ തട്ടിനീക്കി രാജൻ എതിർദേശത്ത് കുതിക്കുകയാണ്. പെട്ടെന്നയാൾക്ക് അതെല്ലാം വളരെ അധാർമ്മികമായി തോന്നി. അയാൾ നീനയെ ഓർത്തു. ശശിയെ ഓർത്തു. അവർ വളരെ ദൂരത്താണ്.

ശരിക്കും ഉള്ളതിനേക്കാൾ ദൂരെ. ഫുട്ബാൾ ഒരു ഹിംസ്രജന്തുവിനെപ്പോലെ അയാളുടെ കാലുകളെ നോവിപ്പിച്ചു. അയാൾ കാൽ കുടഞ്ഞു. വീണ്ടും പന്ത് അയാളുടെ കാൽക്കീഴിൽത്തന്നെ. അയാൾക്ക് വഴി തെളിഞ്ഞു കിട്ടിയിരുന്നെങ്കിലും മുന്നേറാനുള്ള ഇഛാശക്തി നഷ്ടപ്പെട്ടിരുന്നു. കാണികളിൽ നിന്ന് ആരവം തുടങ്ങിക്കഴിഞ്ഞപ്പോഴാണ് താൻ ഗോൾപോസ്റ്റിന്റെ വളരെ അടുത്തെത്തിയെന്നു രാജനു മനസ്സിലായത്. അയാൾ ഒഴിവാക്കാൻ ശ്രമിക്കുന്ന പന്ത് പിന്നേയും ലത്തീഫ് തന്റെ നേർക്കിട്ടുതരികയാണ്. കാണികളുടെ പ്രതീക്ഷ ഒരാരവമായി ഇപ്പോൾ സ്റ്റേഡിയവും കടന്ന് പുറത്തേയ്ക്കൊഴുകി. മുമ്പിൽ ഗോൾപോസ്റ്റിനു നടുവിൽ പോസ്റ്റുകൾക്കിടയിലുള്ള അപാരതയിൽ ഗോളി പന്തിനുനേരെ നോക്കി കുതിച്ചുചാടാൻ പാകത്തിൽ കുനിഞ്ഞു നിൽക്കുകയാണ്. അയാൾ കൈകൾ തിരുമ്പുന്നു. അയാളുടെ മുഖത്ത് പരിഭ്രമം, നെറ്റിമേൽ വിയർപ്പ്. അറവുകാരന്റെ കത്തിക്കുവേണ്ടി രാജൻ പരതുകയാണ്. ”

മറ്റേതോ കോർട്ടിൽ തന്റെ സ്നേഹിതൻ ശശി പന്തുമായി മുന്നേറുന്നതയാൾ ഭാവനയിൽ കണ്ടു. അസന്മാർഗ്ഗികമായ ആ ഗോളിനെ പ്രതിരോധിക്കാനാനുള്ള അബോധപൂർവ്വമായ ശ്രമമായിരിക്കണം രാജനെ, ഒരു കളിക്കാരന് അപൂർവ്വമായി മാത്രം ലഭിക്കുന്ന അവസരം ഉപയോഗിക്കുന്നതിൽനിന്ന് പിന്തിരിയിപ്പിച്ചത്.

“ കളിക്കളം ആക്രമിക്കപ്പെട്ട, നിസ്സഹായയായ ഒരു സ്ത്രീയുടെ നഗ്നശരീരമായും ഗോൾപോസ്റ്റ് യോനീമുഖമായും മാറി. അതിക്രമിച്ചുകടക്കാൻ വയ്യാതെ അയാൾ നിൽക്കുകയാണ്. സദാചാരത്തിന്റെ മുൾമുനയിൽ സെക്കന്റിന്റെ നൂറിലൊരുഭാഗം മാത്രം. പന്ത് അക്ഷമമായി കാലിൽ ഉരുമ്മി നിൽക്കുകയാണ്. അറവുകാരന്റെ നിഷ്ഠൂരതയ്ക്കുവേണ്ടി കാത്തിരിയ്ക്കെ അവസാനത്തെ നീണ്ട വിസിലിന്റെ ശബ്ദം ആശ്വാസത്തോടെ അയാൾ കേട്ടു.

സ്റ്റേഡിയത്തിൽ ആരവം കെട്ടടങ്ങിയിരുന്നു. ”

ഈ കഥയെഴുതിയത് 1998ലാണ്. പിന്നീട് ഹിന്ദു ദിനപത്രത്തിൽ വന്ന ഒരു ചെറിയ കുറിപ്പ് ഞാൻ വായിക്കാനിടയായി. 2006 മാർച്ച് 22-ലെ ഹിന്ദു പത്രത്തിൽ വന്ന റിപ്പോർട്ടിന്റെ ആദ്യ പാരഗ്രാഫ് തന്നെ ഇതാണ്.

ജഹമൃശിഴ ളീിയേമഹഹ ൗേിറ സശറ ശിീ വീിഹശഴമി

ആ്യ ഘലമൗൃമ ഇഹമൃസ

ജഹമൃശിഴ റൗൃശിഴ രമി ാമസല രവശഹറൃലി മഴഴൃലശൈ്ല മിറ മിശേീരശമഹ, രഹമശാ െമ രീിൃീ്ലൃശെമഹ ൗെറ്യ. ഠഔഴലല്യെ ംവീ ലിഷീ്യ ളീിയേമഹഹ മിറ ീവേലൃ ഴമാലെ മൃല ാീൃല ഹശസലഹ്യ ീ ൗഹമ്യ ്യൗമിറ, മേസല റൃൗഴെ മിറ ലലേമഹ, മ്യെ ൗ്യൈരവീഹീഴശലേ. ഠവല ളശിറശിഴ,െ ംവശരവ മുുമൃലിഹേ്യ വീഹറ ്യൗല ളീൃ യീവേ യീ്യെ മിറ ഴശൃഹ,െ രവമഹഹലിഴല വേല ൃലരലശ്ലറ ംശറീാ വേമ േലേമാ ഴമാലെ രമി വലഹു മോല റലഹശിൂൗലിേ രവശഹറൃലി.

ടൗ്യൃ ശ െഞൗുീലിറ ീ രവമിിലഹ ്യീൗഴലല്യെ' മഴഴൃലശൈീി, യൗേ വേല ഏഹമഴീം ഇമഹലറീിശമി ഡിശ്ലൃശെ്യേ ൗെറ്യ രഹമശാ െശ ശിൃൃമലെ മിശേീരശമഹ യലവമ്ശീൗൃ.

ഈ റിപ്പോർട്ട് മാർച്ച് 21-ലെ ഡെയ്‌ലി മിററിലാണ് ആദ്യം പ്രസിദ്ധപ്പെടുത്തിയത്.

അതൊക്കെ പോകട്ടെ, ഈ കഥ വായിച്ച് ഇത് ഹിഗ്വിറ്റയാണെന്നു പറഞ്ഞ ആ നിരൂപകനോട് ഞാൻ പറഞ്ഞു. ഈ കഥയെപ്പറ്റിയെന്നല്ല എന്റെ ഒരു കഥയെപ്പറ്റിയും എഴുതാൻ നിങ്ങൾ യോഗ്യനല്ല. ദയവുചെയ്ത് എന്റെ കഥകൾ ഒഴിവാക്കൂ. പല മാനങ്ങളുമുള്ള എന്റെ ഈ കഥ എന്തുകൊണ്ട് വായനക്കാരുടെ ശ്രദ്ധയാകർഷിച്ചില്ല? എനിക്കിതേ പറയാനുള്ളു, 'വാരിയർ സിൻഡ്രോം'. എന്റെ 'അറിയപ്പെടാത്ത ഒരു പൊന്നാനിക്കാരൻ' എന്ന ലേഖനം വായിക്കുക.

ഈ കഥ ഉൽപ്രേക്ഷയിൽ പെടില്ല.

(മറ്റൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോ ഇത്
എന്ന് വർണ്യത്തിലാശങ്ക
ഉൽപ്രേക്ഷാഖ്യയലംകൃതി.)

ഇ. ഹരികുമാർ

02 ജൂലായ്, 2016

BACK TO INDEX

# എന്റെ 'ആദ്യകഥകൾ'

പി.സി.മ്മാമന്റെ (ഉറൂബ്) വീട്ടിൽ പുസ്തകങ്ങളുടെ നല്ലൊരു ശേഖരമുണ്ടായിരുന്നു, എന്നുവച്ചാൽ ഒരു പതിനാലു പതിനഞ്ചു വയസ്സുകാരന് താല്പര്യമുണ്ടാവുന്ന തരത്തിലുള്ള കഥകളും നോവലുകളും. അച്ഛന്റെ അലമാറിയിൽ അധികവും കവിതാപുസ്തകങ്ങളാണുണ്ടായിരുന്നത്. ഞാനും സതീശേട്ടനും വേനലവധിയ്ക്ക് കോഴിക്കോട്ടു പോകുമ്പോൾ ആർത്തി പിടിച്ച വായനയാണ്. അവിടെവച്ചാണ് എസ്.കെ. പൊറ്റെക്കാടിന്റെ 'നാടൻപ്രേമം' എന്ന നോവൽ വായിച്ചത്. എനിയ്ക്കന്ന് പതിമൂന്ന് വയസ്സായിട്ടുണ്ടാവും. ആ നോവലെന്നെ വളരെ ആകർഷിച്ചു. തിരിച്ച് പൊന്നാനിയിൽ എത്തിയപ്പോഴും നോവലിലെ കഥ മനസ്സിൽ സജീവമായിട്ടുണ്ടായിരുന്നു.

ഞാൻ കടലാസ്സും പെന്നുമെടുത്ത് എഴുത്തു തുടങ്ങി. ഒരു മണിക്കൂറിനുള്ളിൽ കഥ തയ്യാറായി. ആദ്യവായനക്കാരൻ ഏട്ടനായിരുന്നു. മൂപ്പരത് മുഴുവൻ വായിച്ച ശേഷം പറഞ്ഞു. 'നീയിത് പൊറ്റെക്കാടിന്റെ നോവലിൽനിന്ന് കട്ടതല്ലെ?' ആ പ്രായത്തിൽ സാഹിത്യചോരണമെന്താണെന്ന് എനിയ്ക്കറിയില്ലായിരുന്നു. വായിച്ചപ്പോൾ ഇഷ്ടപ്പെട്ട ഒരു കഥ എന്റെ ഭാഷയിൽ എഴുതി എന്നു മാത്രം. അങ്ങിനെ ചെയ്യുന്നത് ശരിയല്ല എന്ന് എന്നേക്കാൾ ലോകവിവരവും ധാരാളം വായനയുമുള്ള ജ്യേഷ്ഠൻ പറഞ്ഞുതന്നു. അതിനു ശേഷം ഞാൻ സ്വന്തമായ കഥകളെഴുതാൻ തുടങ്ങി. ശരിയ്ക്കും എന്റെ ആദ്യത്തെ കഥ എന്നു പറയാൻ അർഹതയുള്ളത് ഈ രണ്ടാമത്തെ കഥയാണ്. ആയിരം രൂപ ലോട്ടറി അടിച്ചുവെന്ന് പറഞ്ഞ് ഒപ്പം കൂടിയ ഒരു സ്നേഹിതന്റെ കഥയാണത്. ഒരു ചായക്കടയിൽ കൊണ്ടുപോയി സുഭിക്ഷമായി ഭക്ഷണം കഴിച്ചശേഷം അയാൾ മുങ്ങുന്നതാണ് കഥ. ഇത് എഴുതിയത് അമ്പത്താറ്, അമ്പത്തേഴിൽ. കഥ അച്ഛനെ കാണിക്കാനുള്ള ധൈര്യമുണ്ടായി. അദ്ദേഹം പ്രോത്സാഹിപ്പിച്ചു, കഥകൾ തിരുത്തിത്തന്നു.

ഈ പതിവ് ഞാൻ കൽക്കത്തയിൽ ജോലി അന്വേഷിച്ചു പോയശേഷവും തുടർന്നു. കഥകളെഴുതും, അച്ഛന്ന് അയച്ചുകൊടുക്കും. അച്ഛനവ തിരുത്തി കഥ എങ്ങിനെ കൂടുതൽ നന്നാക്കാമെന്ന സൂചനകളോടൊപ്പം തിരിച്ചയക്കും. കൽക്കത്തയിൽ ഞാൻ താമസിച്ചിരുന്നത് പണ്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ബംഗാളി സിനിമകളുടെ റിവ്യൂ എഴുതിയിരുന്ന ശ്രീ. എം. പ്രഭാകരപ്പണിക്കരുടെ ഒപ്പമായിരുന്നു. ശരിയ്ക്കു പറഞ്ഞാൽ എന്നെ കൽക്കത്തയിലേയ്ക്ക് കൊണ്ടുപോയി ജോലിയാക്കിത്തന്നത് അദ്ദേഹമായിരുന്നു. അവരുടെ അയൽക്കാരായി ഒരു ബ്രാഹ്മണകുടുംബമുണ്ടായിരുന്നു. ഒരു വൈകുന്നേരം ഞാൻ ഓഫീസിൽനിന്നു വന്നപ്പോൾ ആ മാമി വളരെ അസ്വസ്ഥയായി വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. ഒരിരിക്കപ്പൊറുതിയില്ലാതെ അകത്തേയ്ക്കും പുറത്തേയ്ക്കും നടക്കുകയാണ്. സാധാരണ എന്നെ കണ്ടാൽ ലോഗ്യം ചോദിക്കാറുള്ളതാണ്. പക്ഷെ അന്ന് അതുണ്ടായില്ല. പ്രഭാകരേട്ടനാണ് അതു പറഞ്ഞത്. അവരുടെ ഇരുപത്തഞ്ചു വയസ്സുള്ള മകൻ ആ ദിവസം, രണ്ടുകൊല്ലം മുമ്പ് ഒരു ബസ്സ് അപകടത്തിൽ മരിച്ചുവത്രെ. ഒരേയൊരു മകൻ, മിടുക്കൻ.

അന്നെനിയ്ക്ക് പതിനെട്ട് വയസ്സായിരുന്നു. ഈ സംഭവം എന്റെ മന

സ്സിൽ വളരെ വിഷമമുണ്ടാക്കി. അതിന്റെ പശ്ചാത്തലത്തിലാണ് 'മഴയുള്ള ഒരു രാത്രിയിൽ' എന്ന കഥയെഴുതിയത്. കുറേ പണിപ്പെട്ട് അതു നന്നാക്കിയെടുത്തു ഞാൻ അച്ഛനയച്ചു കൊടുത്തു. സാധാരണ മട്ടിൽ കുറേ നിർദ്ദേശങ്ങളുമായി അച്ഛനത് മടക്കിയയച്ചു. ഞാനത് മാറ്റിയെഴുതി വീണ്ടും അച്ഛന്നയച്ചു. അച്ഛനും, അമ്മയും എന്റെ സഹോദരങ്ങളും മാത്രമാണ് വായനക്കാർ. അതിനുമപ്പുറത്തേയ്ക്ക് കടക്കണമെന്ന ഉദ്ദേശ്യമൊന്നും എനിക്കുണ്ടായിരുന്നില്ല.

ആ കഥ തരക്കേടില്ല എന്ന് അച്ഛന് തോന്നിയിട്ടുണ്ടാകണം. അദ്ദേഹം അത് പി.സി.മ്മാമന് അയച്ചുകൊടുത്തു, അഭിപ്രായമറിയാൻ. അദ്ദേഹമാണല്ലൊ കഥയുടെ ആചാര്യൻ. പി.സി.മ്മാമയുടെ കത്ത് ഉടനെ വന്നു. 'ഹരിയെ ഗൗരവമായി എടുക്കേണ്ട സമയമായിരിയ്ക്കുന്നു. ഞാനീ കഥ വർഗ്ഗീസ് കളത്തിലിന് അയച്ചു കൊടുക്കുകയാണ്.' ശ്രീ. വർഗ്ഗീസ് കളത്തിലാണ് അന്ന് 'മലയാള മനോരമ' ആഴ്ചപ്പതിപ്പ് നോക്കിയിരുന്നത്. താമസിയാതെ അദ്ദേഹത്തിന്റെ കത്തു വന്നു, അച്ഛന്ന്. കഥ വളരെ നന്നായിട്ടുണ്ട്, ഇങ്ങിനെ ഒരു മകനെ ലഭിച്ചതിൽ ഇടശ്ശേരി ഭാഗ്യവാനാണ് എന്നൊക്കെ പറഞ്ഞുകൊണ്ട്. അച്ഛൻ പിസിമ്മാമന്റെയും വർഗ്ഗീസ് കളത്തിൽ സാറിന്റെയും കത്തുകൾ എനിക്കയച്ചുതന്നിരുന്നു. കഥ 'മലയാള മനോരമ' വാരികയിൽ വന്നു. 1962ലാണ് അത്. അതിനുശേഷം രണ്ടു കഥകൾ കൂടി മനോരമയിൽ വന്നതിനു ശേഷമാണ് എന്റെ കഥ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ വരുന്നത്. ആദ്യം വന്ന കഥ, 'ഉണക്കമരങ്ങൾ'. എം.ടി. എന്നെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ചെറിയ തിരുത്തുകൾ വരുത്തുകയും, അങ്ങിനെ തിരുത്തിയത് ശ്രദ്ധിക്കണമെന്ന് കത്തിലൂടെ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. ഈ കഥ അച്ചടിച്ചു വന്നത് 1965ലാണ്. എം.ടി.യെ ഞാൻ ആദ്യമായി കാണുന്നത് 1966-ൽ അച്ഛന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് മൂന്നു ദിവസം നടന്ന സെമിനാറിന്റെ അവസരത്തിലായിരുന്നു. വളരെക്കുറച്ച് എഴുതിയാൽ മതിയെന്നും, എഴുതുന്നതെന്തും മൗലികവും മികവാർന്നതുമാവണമെന്നും അദ്ദേഹം പറഞ്ഞുതന്നു.

'കലാകൗമുദി' വാരിക തുടങ്ങിയപ്പോൾ ആദ്യലക്കത്തിൽത്തന്നെ എന്റെ കഥ വേണമെന്ന് ശ്രീ എം.എസ്. മണിയും, എസ്. ജയചന്ദ്രൻ നായരും ആവശ്യപ്പെട്ടു. 1975 ജൂലൈ മാസത്തിലാണ് എന്റെ 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥ വന്നത്. കലാകൗമുദിയുടെ തുടക്കത്തിൽത്തന്നെ. ആ കഥയെപ്പറ്റി ശ്രീ. എം.എസ്. മണി വളരെ നല്ല അഭിപ്രായം എഴുതിയറിയിച്ചു. ഇത്രയും മനോഹരമായ കഥയോട് നീതി പുലർത്താൻ സാധാരണ സ്കെച്ചുകൾ പോരെന്നും, പകരം ഖജുരാഹോവിലെ കലാമൂല്യമുള്ള ശില്പങ്ങളുടെ ചിത്രങ്ങൾ കൊടുക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

ഇതൊക്കെയാണ് എന്റെ എടുത്തു പറയത്തക്ക 'ആദ്യകഥകൾ'.

ഇ. ഹരികുമാർ/01.09.2010 (കേരളകൗമുദിയ്ക്കു വേണ്ടി).

BACK TO INDEX

# എന്റെ ആദ്യകഥകളിൽ ചിത്ര-ശില്പ കലയുടെ സ്വാധീനം

എന്റെ ആദ്യ കഥാസമാഹാരമായ 'കൂറകൾ' പ്രസിദ്ധപ്പെടുത്തിയത് തൊള്ളായിരത്തി എഴുപത്തിരണ്ടിലാണ്. പത്തു വർഷങ്ങളിലായി എഴുതിയ പതിനൊന്ന് കഥകൾ. അവയെ കഥകളെന്നു വിളിക്കാൻ പറ്റുമോ എന്നറിയില്ല. കഥകളെപ്പറ്റിയുള്ള സങ്കല്പം, അല്ലെങ്കിൽ കഥകളെഴുതുന്നതിന്റെ മാനദണ്ഡങ്ങൾ അതൊന്നും പാലിക്കാതെ എഴുതിയവയായിരുന്നു അവയിൽ മിക്കതും. അന്നെല്ലാം സാഹിത്യത്തേക്കാൾ ഞാൻ ആസ്വദിച്ചിരുന്നത് ചിത്രകലയും ശില്പകലയുമായിരുന്നു. കുറച്ച് പശ്ചാത്തലം വരച്ചു കാണിക്കട്ടെ. ഞാൻ കൽക്കത്തയിൽ ജോലി അന്വേഷിച്ച് പോയത് പതിനേഴു വയസ്സിനു മുമ്പാണ്. ശരിക്കു പറഞ്ഞാൽ പതിനാററ വയസ്സിൽ. അതൊരുതരം പറിച്ചു നടലായിരുന്നു. വളരെ ക്രൂരമാം വിധം എന്നെ അച്ഛന്റെയും അമ്മയുടെയും അടുത്തുനിന്ന്, നാടിന്റെ സ്വച്ഛാന്തരീക്ഷത്തിൽ നിന്ന് അടർത്തിയെടുക്കുകയാണുണ്ടായത്. വേരുകൾക്ക് കേടില്ലാത്തവിധം മണ്ണോടുകൂടിയല്ലാതെ വെറുതെ പിഴുതെടുത്ത് പരിചയമില്ലാത്ത മണ്ണിൽ കുഴിച്ചിടുകയായിരുന്നു. ഇന്ന് ആ പ്രായത്തിലുള്ള കുട്ടികളെ കാണുമ്പോഴാണ് ഞാൻ ഓർക്കുന്നത് നാടു വിടുമ്പോൾ ഞാനിത്രത്തോളം ചെറുതായിരുന്നു എന്ന്. ചോദിക്കാം, എന്താ ആ പ്രായത്തിൽ കുട്ടികൾ വീടു വിട്ട് കോളേജ് ഹോസ്റ്റലിലും മറ്റും താമസിക്കുന്നില്ലേ? രണ്ടും രണ്ടാണ്. കോളേജിൽ പഠിക്കാനായി വീടു വിടുന്നതും ഒരു ജോലി തേടി വലിയവരുടെ ലോകത്തേയ്ക്ക് എടുത്തെറിയുന്നതും. നീന്തലറിയാത്ത ഒരു കുട്ടിയെ കടലിലേയ്ക്ക് എറിയുന്ന പോലാണത്. ആ പ്രായത്തിൽ ഒരാൾക്ക് നഷ്ടമായതിനു പകരം എന്തെങ്കിലും പ്രതിഷ്ഠിക്കണം. ഞാൻ തിരഞ്ഞെടുത്തത് വായനയായിരുന്നു പിന്നെ ചിത്രകലയോടുള്ള ഭ്രമവും, കൂട്ടത്തിൽ പാട്ടു കേൾക്കലും (ക്രമേണ, ശേഖരണവും). ഇതിൽ ആദ്യത്തെ രണ്ടും പരസ്പര ബന്ധമുള്ളവയായി. ചിത്രകലയെപ്പറ്റി പഠിച്ചത് നേഷനൽ ലൈബ്രറിയിലെ പുസ്തകങ്ങളിലൂടെയാണ്. എനിക്ക് അഭയമായിരുന്ന രണ്ട് ലൈബ്രറികളായിരുന്നു ന്യൂ ആലിപ്പൂരിലെ നേഷനൽ ലൈബ്രറിയും ചൗറിങ്കിയിലുള്ള അമേരിക്കൻ ലൈബ്രറിയും. ധാരാളം പുസ്തകങ്ങൾ, ഏതു വിഭാഗത്തിൽ പെട്ടവയാണെങ്കിലും ലഭ്യമാണ്. ചിത്രശില്പ കലയെപ്പറ്റിയുള്ള എന്റെ സംശയങ്ങൾ കുറെയേറെ തീർത്തു തന്നിരുന്നത് ഹെർബർട്ട് റീഡിന്റെ ഫോംസ് ഓഫ് തിങ്ങ്സ് അൺനോൺ, ഹെന്റ്രി മൂർ (ഒലിയ്യ ങീീൃല: അ ടൗേറ്യ ീള ഒശ െഘശളല മിറ ണീൃസ), എന്നീ നിരൂപണ ഗ്രന്ഥങ്ങളും, യുങ്ങിന്റെ കലക്റ്റീവ് അൺകോൺഷസ് എന്ന ഗ്രന്ഥവുമായിരുന്നു. ഒരു കൽക്കരി ഖനിതൊഴിലാളിയായ അച്ഛന്റെ ഖനി ജീവിതമാണ് ഹെന്റ്രി മൂറിന്റെ ശില്പങ്ങളിൽ ഗുഹസമാനമായ (ഹമയ്യ്യ്രിവേശില ര്യൗരഹൗേൃല) സങ്കൽപങ്ങളുണ്ടാകാൻ കാരണമെന്ന് ഹെർബർട്ട് റീഡ് സമർത്ഥിച്ചു. കുട്ടിയായിരിക്കുമ്പോൾ ഹെന്റ്രി അച്ഛൻ ഖനിയുടെ കവാടത്തിലൂടെ ഇരുട്ടിലേയ്ക്ക് നഷ്ടപ്പെടുന്നത് ഭയത്തോടെ നോക്കിനിൽക്കാറുണ്ടത്രെ.

കൂടാതെ അക്കാലത്ത് മദിരാശി സ്കൂൾ ഓഫ് ആർട്ട്സിൽ പഠിച്ചിരുന്ന ടി.കെ. പദ്മിനി, കെ. ദാമോദരൻ, സി.എൻ. കരുണാകരൻ, മുത്തുക്കോയ, ജയപാലപ്പണിക്കർ തുടങ്ങിയ കലാകാരന്മാരുമായുള്ള സമ്പർക്കവും എന്നെ ആ കലകളോടടുപ്പിക്കാൻ ഏറെ സഹായിച്ചു.

പെട്ടെന്നുള്ള പറിച്ചുനടലിന്റെ മറ്റൊരു പ്രശ്നം നാട്ടിൽ മലയാളം മാത്രം സംസാരിച്ചിരുന്ന എനിക്ക് ഒരു സുപ്രഭാതത്തിൽ ഇംഗ്ലീഷിൽ സംസാരിക്കേണ്ടി വന്നുവെന്നതാണ്. ഇംഗ്ലീഷ് അറിയലും ഇംഗ്ലീഷിൽ സംസാരിക്കലും രണ്ടും രണ്ടാണ്. സംസാരഭാഷ ഞാൻ വളരെ ക്ലേശിച്ച് ഉണ്ടാക്കി. മാതൃഭാഷയോടുള്ള സ്നേഹത്തോടൊപ്പം തന്നെ ജോലിയ്ക്ക് അത്യാവശ്യമായ ഇംഗ്ലീഷും എന്റെ മനസ്സിൽ ഉറച്ചു. ലോകത്തെ വിജ്ഞാനം മുഴുവനും ലഭ്യമാക്കിത്തരുന്ന ഭാഷ എന്നതു മാത്രമല്ല, മറിച്ച് അന്നത്തെ നിസ്സഹായതയിൽ എന്നെ ഒപ്പം കൊണ്ടുനടന്ന ഭാഷ എന്ന മട്ടിലും എനിക്ക് ഇംഗ്ലീഷ് പ്രിയങ്കരമായി. എന്റെ മലയാളത്തിലുള്ള സംസാരം ഇംഗ്ലീഷ് വാക്കുകൾ കടന്നുകൂടി വികലമായത് ഈ പശ്ചാത്തലത്തിലാണ്.

'കൂറകൾ' എന്ന പുസ്തകത്തിലെ കഥകളെഴുതിയ കാലത്തെപ്പറ്റിയും പശ്ചാത്തലത്തെപ്പറ്റിയും പറയാനാണ് തുടങ്ങിയത്. ഒരു രാത്രി കണ്ട സ്വപ്നമെന്നു പറയാവുന്ന ദൃശ്യമാണ് 'മധുവിധു' എന്ന കഥയ്ക്ക് ആസ്പദം. നടന്നുകൊണ്ടിരിക്കുന്ന സംഭവമായിട്ടല്ല, ഒരു നിശ്ചലചിത്രമായിട്ട്. വളരെ വലിയ കാൻവാസ്സിൽ ആ ചിത്രം എന്റെ മനസ്സിൽ നിന്ന് വിട്ടുപോകാതെ നിൽക്കുകയാണ്. വിശാലതയിലേയ്ക്ക് തള്ളിനിൽക്കുന്ന ഒരിടത്ത് നിറയെ ഇലകളുള്ള ഒരു മരം, അതിനു താഴെ മണ്ണിൽ ഒരു പുരുഷൻ ഇരിക്കയാണ്. മടിയിൽ അയാളെ നോക്കിക്കൊണ്ട് കിടക്കുന്ന ചെറുപ്പക്കാരിയും. പുരുഷൻ നോക്കുന്നത് ദൂരെ മഞ്ഞുമലകൾ അതിരിട്ട ചക്രവാളമാണ്. അർത്ഥമില്ലാത്ത ആ കാഴ്ച അർദ്ധരാത്രി എന്റെ ഉറക്കം കളഞ്ഞു. ഞാൻ എഴുന്നേറ്റു, കടലാസെടുത്ത് എഴുതി.

*അവർ വേനലിൽ മരത്തിനു ചുവട്ടിൽ നീണ്ട ചാലുകൾ കീറി താമസമാക്കിയപ്പോൾ മരത്തിന് യുവത്വത്തിന്റെ അഴകുണ്ടായിരുന്നു, ധാരാളം ഇലകളും തണലുമുണ്ടായിരുന്നു. നമുക്കിവിടെ ജീവിതാവസാനം വരെ താമസിക്കാം. അവൾ പറഞ്ഞു. അയാൾ ഒന്നും പറയാതെ അവളെ ആലിംഗനം ചെയ്തു കിടന്നു.*

എന്താണങ്ങിനെ എഴുതാനെന്നറിയില്ല. തുടർന്ന് കഥയിലെ വാക്യങ്ങൾ ഓരോന്നായി ഉതിർന്നു വീണു എന്റേതായ ഒരു അദ്ധ്വാനവുമില്ലാതെത്തന്നെ. ഒരു മണിക്കൂറിനുള്ളിൽ കഥയെഴുതി തീർത്തു ഞാൻ വീണ്ടും ഉറങ്ങാൻ കിടന്നു. രണ്ടു ദിവസത്തിനുള്ളിൽ അത്യാവശ്യം തിരുത്തലുകൾ നടത്തി അത് അച്ഛന് അയച്ചുകൊടുത്തു. ആദ്യം കിട്ടിയ മറുപടി അമ്മയുടേതായിരുന്നു. കഥ വളരെയധികം ഇഷ്ടപ്പെട്ടു, ഒരു കവിത വായിക്കുന്ന അനുഭവം എന്നെല്ലാം എഴുതി. അമ്മയുടെ കത്തിലെ വാക്യങ്ങൾ ശരിക്ക് ഓർമ്മയില്ല. കത്ത് ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്. കത്തു കിട്ടിയപ്പോൾ എനിക്കു വളരെ ആഹ്ളാദം തോന്നി, കാരണം എനിക്കുതന്നെ അറിയില്ല അതൊരു കഥയാണോ മറ്റെന്തെങ്കിലുമാണോ എന്ന്.

പിന്നീട് ഹെന്റി മൂറിന്റെയും ഗിയോകോമെറ്റിയുടെയും ബാർബറ ഹെപ്‌വർത്തിന്റെയും മറ്റും ശില്പങ്ങളെപ്പറ്റി പഠിച്ചപ്പോഴാണ് മനസ്സിലാവു

ന്നത് എന്റെ കഥ, കഥയുമല്ല, കവിതയുമല്ല, ഒരു ശില്പമാണെന്ന്. അക്ഷരങ്ങളുടെ കല്ലുകൾകൊണ്ട് തീർത്ത ശില്പം. മറ്റൊരു തലത്തിലും അതിന് നിലനില്പില്ല. ആർട്ടിസ്റ്റ് നമ്പൂതിരി അതിനു വരച്ച ചിത്രവും ഒരു ശില്പം പോലെ മനോഹരമായിരുന്നു. തിരുമേനിയോട് ആ ചിത്രം തന്നെ ഒരു ശില്പമാക്കാൻ ആവശ്യപ്പെട്ടാൽ ഒരു ക്ലാസ്സിക് ശില്പം ഉരുത്തിരിഞ്ഞേനെ. പലപ്പോഴും എനിക്കു തോന്നാറുണ്ട് തിരുമേനിയുടെ വരയുടെ മുമ്പിൽ എന്റെ കഥകളുടെ പ്രഭ നഷ്ടപ്പെട്ടു പോകുന്നുണ്ടോ എന്ന്.

ഈ കഥയെപ്പറ്റി പ്രൊഫ. എം. കൃഷ്ണൻ നായർ മലയാളനാടിലെ സാഹിത്യ വാരഫലത്തിൽ എഴുതിയത് എനിക്കനുകൂലമാണോ മറിച്ചാണോ എന്നറിയില്ല. 'അതിഥി വീട്ടിലേയ്ക്കു വന്ന് ഇരിക്കുമ്പോഴേയ്ക്ക് ഗൃഹനായിക വന്ന് ഉള്ളിലേയ്ക്കുള്ള വാതിൽ ചാരുന്നു, അല്ലെങ്കിൽ ഒരു വശത്തേയ്ക്കു ചേർന്നു കിടക്കുന്ന കർട്ടൻ വലിച്ചടക്കുന്നു. അതിഥി, വീട്ടിലെ പെണ്ണുങ്ങളെ കാണാതിരിക്കാനാണ്.' 'മധുവിധു' എന്ന കഥയിൽ ഈ വണ്ണം അതിഥിദ്വേഷകർമ്മം ചെയ്യുന്നു ഹരികുമാർ എന്നാണദ്ദേഹം എഴുതിയത്. തുടർന്ന് ഇങ്ങനെയും എഴുതി. 'സ്ത്രീപുരുഷ ബന്ധത്തിന്റെ പ്രാധാന്യമായിരിക്കാം അദ്ദേഹം പ്രതിപാദനം ചെയ്യുന്നത്. ആ പ്രതിപാദനത്തിൽ നവീനതയുണ്ടു താനും. പക്ഷെ ആസ്വാദകന്റെ മുമ്പിൽ വലിച്ചിടുന്ന ദുർഗ്രഹതയെന്ന യവനിക അയാൾക്ക് വൈഷമ്യമുണ്ടാക്കുന്നു. (കൃഷ്ണൻ നായർ സാറിന്റെ ഇരുപത്തിനാലു വരികളുള്ള ദീർഘമായ നിരൂപണം ഞാൻ ചുരുക്കിയതാണ്.)

ഞാൻ അദ്ദേഹത്തോട് പൂർണ്ണമായും യോജിക്കുന്നു. സ്രഷ്ടാവിനു തന്നെ മുഴുവൻ മനസ്സിലാവാത്ത ഒരു കാര്യം വായനക്കാരന് മനസ്സിലാവണമെന്ന് വാശി പിടിക്കരുതല്ലോ. ഇതിനുള്ള ഉത്തരം കാറൾ ഗുസ്താവ് യുങ്ങിന്റെ കലക്ടീവ് അൺകോൺഷസ് എന്ന തീയറിയിലുണ്ട്. 'കൂറകൾ' എന്ന സമാഹാരത്തിലെ മറ്റു ചില കഥകൾകൂടി ചിത്ര-ശില്പ കലയുടെ സ്വാധീനത്തിൽ എഴുതിയവയാണ്, ഉദാഹരണമായി 'ഉണക്ക മരങ്ങൾ', 'ഞാൻ നിന്നിൽ', 'ശിശിരം', 'വെള്ളക്കുതിരയുടെ രാജകുമാരൻ','ഇരുട്ടിന്റെ മകൾ', 'മലകളുടെ സംഗീതം' (കുങ്കുമം വിതറിയ വഴികൾ എന്ന സമാഹാരത്തിൽ), തുടങ്ങിയവ. ഈ സ്വാധീനത്തിൽ നിന്ന് കുതറിയോടാൻ ഞാൻ ഏകദേശം പത്തു വർഷമെടുത്തു. ഈ വഴിത്തിരിവിന് കാരണമായത് കൽക്കത്തയിൽനിന്ന് ദില്ലിയിലേയ്ക്കുള്ള എന്റെ മാറ്റമായിരിക്കണം.

ഏകദേശം നൂറ് വാക്കുകൾ മാത്രമടങ്ങിയ 'ഇരുട്ടിന്റെ മകൾ' എന്ന ഹ്രസ്വകഥ ഞാൻ പിന്നീടെഴുതാൻ പോകുന്ന മറ്റൊരു കഥയുടെ മുന്നോടിയായിരുന്നു. ജ്വാല എന്ന ലിറ്റിൽ മാഗസിനിൽ പ്രസിദ്ധപ്പെടുത്തിയ 'ഇരുട്ടിന്റെ മകൾ' എഴുതിയത് തൊള്ളായിരത്തി എഴുപത്തൊന്നിലായിരുന്നു. പിന്നീട് ഒരു വർഷം കഴിഞ്ഞാണ് 'തിമാർപ്പൂർ' എഴുതിയത്. ഈ കഥയുടെ അമൂർത്തരൂപമായിരുന്നു 'ഇരുട്ടിന്റെ മകൾ'. അമൂർത്ത സങ്കൽപത്തിൽനിന്ന് മൂർത്തിമത്ഭാവത്തിലേയ്ക്കുള്ള എന്റെ പ്രയാണമായി വേണമെങ്കിൽ ഈ രണ്ടു കഥകളെ കാണാം. ഒരു തീം അമൂർത്തമായിട്ടാണ് മനസ്സിൽ ഉദിക്കുന്നത്, എഴുത്തുകാരൻ അതിന് പൂർണ്ണ രൂപം കൊടുക്കുകയാണ് ചെയ്യുന്നത്. രണ്ടായിരത്തി പതിനൊന്നിൽ സമകാലിക മലയാളത്തിന്റെ രണ്ടു ലക്കങ്ങളിലായി (2011 ഏപ്രിൽ) 'എന്റെ സ്ത്രീകൾ' എന്ന എന്റെ 21 സ്ത്രീപക്ഷ

കഥകളുടെ സമാഹാരം ഡോ. സി. ആർ. സുശീലാദേവി നിരൂപണം ചെയ്തിരുന്നു. ആ ഒമ്പതു പേജ് നിരൂപണത്തിൽ രണ്ടര പേജു മാത്രമുള്ള 'തിമാർപ്പൂർ' എന്ന കഥയ്ക്കായി ഒരു മുഴുവൻ പേജ് വിനിയോഗിച്ചിരിക്കുന്നു! മുപ്പതു കൊല്ലത്തോളം മോക്ഷത്തിനായി തപസ്സു ചെയ്ത ഈ കഥയ്ക്ക് ശാപമോചനം നൽകിയ ഡോ. സുശീലാദേവിക്കു നന്ദി. ആ കഥയ്ക്ക് ഈ വർഷം 44 വയസ്സാകുന്നു.

എന്തായാലും എഴുപതുകളുടെ ആദ്യത്തിൽ എന്റെ കഥയെഴുത്തിന്റെ ഗതി സാരമായി മാറി. എനിക്ക് വായനക്കാരിൽനിന്ന് ലഭിച്ച സ്വീകരണമെല്ലാം അതിനു ശേഷമായിരുന്നു. അതിൽ തെറ്റൊന്നുമില്ല. ഒരു കഥയെഴുതാൻ ആവശ്യപ്പെട്ട് കഥയ്ക്കു പകരം ശില്പമോ പെയ്ന്റിങ്ങോ കഥയുടെ രൂപത്തിൽ ഉണ്ടാക്കിക്കൊടുത്താൽ ശരിയാവില്ല. ഒരു ശില്പം അല്ലെങ്കിൽ ചിത്രം ഒരു മിന്നലിന്റെ വേഗത്തിൽ നമ്മുടെ മനസ്സിലേയ്ക്കു തള്ളിക്കയറുമ്പോൾ അതേ ഫലം മാത്രമാണ് അര മണിക്കൂർ ചെലവാക്കി ഒരു കഥ വായിക്കുമ്പോഴും കിട്ടുന്നത് എന്നായാൽ ശരിയാവില്ല. ഒരു കഥ അല്ലെങ്കിൽ നോവൽ വായിക്കാനിരിക്കുന്ന ആൾ ഒറ്റ ഫ്രെയിമിൽ സന്തുഷ്ടനാവില്ല. അയാൾക്ക് വേണ്ടത് പെയിന്റിങ്ങിന്റെ അല്ലെങ്കിൽ ശില്പത്തിന്റെ തുടർചിത്രങ്ങളാണ്. ഒരു ശില്പം അല്ലെങ്കിൽ പെയിന്റിങ്ങ് കഥയെക്കാൾ താഴെ നിൽക്കുന്നുവെന്ന് ഇതിനർത്ഥമില്ല. മറിച്ചാണെന്നാണ് എന്റെ വിശ്വാസവും അനുഭവവും. അറുപതുകളിൽ വായിച്ച കഥകളും നോവലുകളും വളരെ കുറച്ചുമാത്രം മനസ്സിൽ തങ്ങി നിൽക്കുമ്പോൾ അന്ന് നേരിട്ടോ, പുസ്തകങ്ങളിലെ കളർ പ്ലെയ്റ്റുകളിലൂടെയോ കണ്ട ചിത്രങ്ങളും ശില്പങ്ങളും ഇന്നും എന്റെ മനസ്സിൽ സജീവമാണ്.

'കൂറകൾ' എന്റെ ആദ്യസമാഹാരമാണ്. അതു പ്രസിദ്ധപ്പെടുത്തിയതിനു പിന്നിൽ ഒരു രസകരമായ കഥയുണ്ട്. ഞാൻ മുമ്പൊരിക്കൽ എഴുതിയിട്ടുണ്ടെങ്കിലും അതു വായിച്ചിട്ടില്ലാത്തവർക്കു വേണ്ടി വീണ്ടും എഴുതുകയാണ്. ഏകദേശം 10 – 12 കഥകളായപ്പോൾ അച്ഛൻ എനിക്കെഴുതി. ഒരു പുസ്തകത്തിനു വേണ്ട കഥകളായില്ലേ, പ്രസിദ്ധപ്പെടുത്തിക്കൂടെ? ശരിക്കു പറഞ്ഞാൽ ഞാനതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടായിരുന്നില്ല. ഞാൻ വീമ്പു പറയുകയാണെന്നു കരുതരുത്. ഇതെന്റെ സ്വഭാവത്തിന്റെ ഒരു ചീത്ത വശമാണ്, എനിക്ക് ഏറെ നഷ്ടങ്ങളുണ്ടാക്കിയ സ്വഭാവം. കുതിച്ചു കയറേണ്ടിടത്ത് നിസ്പൃഹനായി തിരിഞ്ഞു നടക്കുക.

അതുവരെ എഴുതിയ 12 കഥകൾ ഞാനയച്ചുകൊടുത്തു. അന്ന് ശ്രീ സി.പി. ശ്രീധരനായിരുന്നു എസ്.പി.സി.എസ്സിന്റെ പ്രസിഡന്റ്. അച്ഛൻ ഡയറക്ടർ ബോർഡ് അംഗമായിരുന്നു. അച്ഛൻ എന്റെ പുസ്തകം മീറ്റിങ്ങിൽ വെയ്ക്കാനായി സെക്രറ്ററി ശ്രീ എം.കെ. മാധവൻ നായർക്ക് കൊടുത്തു. പ്രസിദ്ധീകരണത്തിനുള്ള പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിന്റെ സമയത്ത് ഓരോ പുസ്തകത്തിന്റെയും ഗ്രന്ഥകർത്താവിന്റെയും പേരുകൾ വിളിച്ചു പറയും. കമ്മിറ്റി ഓരോന്നും 'എടുക്കാം' അല്ലെങ്കിൽ 'തള്ളാം' എന്നു പറയും. എന്റെ പുസ്തകത്തിന്റെ ഊഴമെത്തി. മാധവൻ നായർ വിളിച്ചു പറഞ്ഞു. ഇ. ഹരികുമാറിന്റെ 'കൂറകൾ' കഥാസമാഹാരം. 'കഥാസമാഹാരമാണോ, വേണ്ട.' എന്ന് എല്ലാവരും പറഞ്ഞു. മീറ്റിങ്ങ് കഴിഞ്ഞു അച്ഛൻ സെക്രറ്ററിയുടെ മുറിയിൽ ചെന്നു മാധവൻ നായരോട് പറഞ്ഞു. 'ഹരീടെ പുസ്തകം തരൂ, ഞാൻ പോവുകയായി.'

അപ്പോഴാണ് മാധവൻ നായർ മനസ്സിലാക്കിയത് എന്റെ പുസ്തകം തള്ളിക്കളഞ്ഞുവെന്ന്. അദ്ദേഹത്തിന് വിഷമമായി. 'അപ്പൊ എന്നെ ഒന്ന് ഓർമിപ്പിക്കായിര്ന്നില്ലെ ഇടശ്ശേരിയ്ക്ക്. സാരല്യ, ഞാനത് കമ്മിറ്റി മെമ്പർമാരോട് പറഞ്ഞ് പാസ്സാക്കിക്കാം, അല്ലെങ്കിൽ അടുത്ത മീറ്റിങ്ങിന് വെയ്ക്കാം.'

വേണ്ട, പുസ്തകം വേറെ ഏതെങ്കിലും പ്രസാധകർക്ക് കൊടുക്കാം എന്ന് അച്ഛൻ പറഞ്ഞു. ഒരിക്കൽ കമ്മിറ്റി തള്ളിക്കളഞ്ഞ പുസ്തകം വീണ്ടും അവരുടെ മുമ്പിൽ വെയ്ക്കുന്നത് ശരിയല്ലല്ലൊ. അപ്പോഴാണ് ശ്രീ സി.പി. ശ്രീധരൻ മുറിയിലേയ്ക്ക് വന്നത്. എന്താ കാര്യം എന്നു അന്വേഷിച്ചു. ഒരു കാര്യവും തീർപ്പിലെത്താതെ വിടില്ലെന്ന വാശിയുള്ള അദ്ദേഹം ആ പുസ്തകം അച്ഛന്റെ പൂർണ്ണ സമ്മതമില്ലാതെത്തന്നെ മറ്റു മെമ്പർമാരോട് പറഞ്ഞുകൊണ്ട് അന്നു പാസാക്കിയ ലിസ്റ്റിൽ ചേർത്തു. 'ഇടശ്ശേരിടെ മകന്റെ പുസ്തകാണോ, എന്നിട്ടാണ് അത് തള്ളിയെന്നു പറഞ്ഞപ്പോൾ മിണ്ടാതിരുന്നത്?' എല്ലാവരുടെയും ചോദ്യമതായിരുന്നു. അച്ഛന്റെ ഈ സ്വഭാവം ആർക്കും മനസ്സിലായെന്നു വരില്ല. ഈ സംഭവം വളരെക്കാലത്തിനു ശേഷം സി.പി. ശ്രീധരൻ സാറ് പറഞ്ഞിട്ടാണ് ഞാനറിയുന്നത്. ഇതാണ് ആദ്യത്തെ പുസ്തകം വെളിച്ചം കണ്ടതിന്റെ കഥ. ആദ്യ പുസ്തകം അച്ചടിച്ച് കയ്യിൽ കിട്ടിയപ്പോൾ എന്താണ് തോന്നിയത്? ഓർമ്മയിൽ വലിയ ഉത്സാഹത്തള്ളിച്ചയൊന്നും കാണുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച നിസ്സംഗ മനോഭാവമായിരിക്കണം കാരണം. അതിജീവനത്തിനുള്ള സമരങ്ങൾക്കിടയിൽ ഈ വക അസുലഭ നിമിഷങ്ങൾ, സൗഭാഗ്യങ്ങൾ ഏശാത്ത വിധം മനസ്സ് അസ്വസ്ഥമായിരുന്നു. ഈ പുസ്തകത്തിന് എക്സ്പ്രസ്സിൽ (1972 ഒക്ടോബർ 22)ശ്രീ തോട്ടം രാജശേഖരൻ മൂന്നു കോളത്തിൽ വളരെ നല്ല അഭിപ്രായവും തന്നു. അതു വായിച്ചപ്പോൾ സന്തോഷം തോന്നി, കാരണം മറ്റൊരാൾ എന്റെ കഥ എങ്ങിനെ വായിക്കുന്നു, എങ്ങിനെ ഇഷ്ടപ്പെടുന്നുവെന്നതിന്റെ സൂചനയാണല്ലൊ, പ്രത്യേകിച്ചും കലാമർമ്മജ്ഞനായ ഒരു നിരൂപകന്റെ അഭിപ്രായത്തിലൂടെ എനിക്കു കിട്ടുന്നത്. പ്രൊഫ. കെ.പി. ശങ്കരനും 'കൂറകൾ' എന്ന കഥയെപ്പറ്റി പ്രത്യേകിച്ച് എടുത്തു പറയാറുണ്ട്. ഒരിക്കൽ എറണാകുളത്ത് കലാപീഠത്തിൽ കഥകൾ വായിക്കുമ്പോൾ ഈ സമാഹാരത്തിലെ രണ്ടു കഥകൾ വായിക്കാൻ സദസ്സിലുണ്ടായിരുന്ന ശ്രീ ബാബു കുഴിമറ്റം ആവശ്യപ്പെട്ടിരുന്നു. 'ഉണക്കമരങ്ങൾ', പിന്നെ 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ'. അറുപത്തഞ്ചിലും അറുപത്തെട്ടിലും എഴുതിയ ഈ കഥകൾ ഒരാൾ, അതും വളരെ പ്രശസ്തനായ ഒരെഴുത്തുകാരൻ ഇരുപതു വർഷങ്ങൾക്കു ശേഷവും ഓർമ്മിക്കുന്നുവെന്നത് വളരെ പ്രശംസനീയമാണ്. 'കൂറകൾ' എന്ന കഥ തിരുവനന്തപുരം ദൂരദർശൻ ടെലിഫിലിമാക്കിയിട്ടുണ്ട്. ശ്രീ. കെ. ജ്യോതിഷ്കുമാറാണ് സംവിധാനം ചെയ്തിട്ടുള്ളത്. ശ്രീ എം.ടി. വാസുദേവൻ നായരാണ് ഈ കഥ വേണമെന്ന് ദൂരദർശന് നിർദ്ദേശം കൊടുത്തത്. ഇത് എനിക്ക് അളവറ്റ സന്തോഷമുണ്ടാക്കി. ഇതൊക്കെയാണ് കന്നി സന്തതിയുടെ പിറവിയ്ക്കു പിന്നിൽ, മുമ്പിലും.

BACK TO INDEX

# അറിയാത്തലങ്ങളിലേയ്ക്ക്
# ഒരു കവാടം

എന്റെ സാധാരണ നോവലുകളിൽ നിന്ന് വളരെ വ്യത്യസ്തമായ ഒന്നാണ് 'അറിയാത്തലങ്ങളിലേയ്ക്ക്.' അദ്ഭുതകരമായി പലതും എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ട്. അതിനെയെല്ലാം വെറും അന്ധവിശ്വാസമായി തട്ടിക്കളയാൻ എന്റെ ശാസ്ത്ര പരിജ്ഞാനം സമ്മതിയ്ക്കുന്നില്ല. ശാസ്ത്രത്തെപ്പറ്റി വലിയ ബോധമൊന്നുമില്ലാത്തവർക്ക് യുക്തിവാദിയാവാൻ എളുപ്പമാണ്. ഒരു അന്ധവിശ്വാസിയുമാവാം. രണ്ടും, അതായത് യുക്തിവാദവും അന്ധവിശ്വാസവും ഒരേ അളവുകോലിന്റെ രണ്ടറ്റങ്ങളാണ്. അച്ഛൻ ഒരിയ്ക്കൽ പറയുകയുണ്ടായിട്ടുണ്ട്. 'എനിയ്ക്ക് യുക്തി മനസ്സിലാവും, പക്ഷെ യുക്തിവാദം, അതെന്താണ്?' എനിയ്ക്കും അതേ പറയാനുള്ളൂ. മറ്റെല്ലാ വാദങ്ങളേയും പോലെ യുക്തിവാദവും ഒരുതരം തീവ്രവാദമാണ്.

ഈ നോവലിൽ നിങ്ങളുടെ യുക്തിയ്ക്കതീതമായി പലതും കാണാം. എനിയ്ക്കു പറയാനുള്ളത്, ഈ നോവലിലെ ഒരു കഥാപാത്രം തന്നെ പറയുന്നതു പോലെ, 'ഈ പ്രപഞ്ചത്തിൽ നമുക്ക് മനസ്സിലാവാത്ത പലതുമുണ്ട് മോളെ. എല്ലാമറിയണമെന്ന് എന്താണ് നിർബ്ബന്ധം?' എല്ലാ വയസ്സിലുള്ളവർക്കും വായിച്ചാസ്വദിക്കാൻ തക്കവണ്ണമാണ് ഞാനീ നോവലിന്റെ രചന നിർവ്വഹിച്ചിട്ടുള്ളത്. ഓരോ അദ്ധ്യായമെത്തുമ്പോഴും അതിനെപ്പറ്റി ഗൃഹസദസ്സുകളിലോ ക്ലാസ്സുമുറികളിലോ ഊഹാപോഹങ്ങൾക്കും തുറന്ന ചർച്ചയ്ക്കും വേദിയൊരുക്കുന്നു ഈ നോവൽ. വായനയിൽ ഒട്ടും ബുദ്ധി വേണ്ടെന്നുള്ള അഭിപ്രായമൊന്നും ആർക്കുമില്ലല്ലൊ. അല്പസ്വൽപം ബുദ്ധിയുപയോഗിച്ചാലേ ഈ നോവൽ പൂർണ്ണമായും ആസ്വാദ്യതയുടെ വരുതിയിൽ വരൂ.

ഈ ലോകത്ത് എറ്റവുമധികം വായിയ്ക്കപ്പെടുന്ന പുസ്തകങ്ങൾ നിധി തേടുന്ന കഥകളാണ് എന്നു തോന്നുന്നു. പ്രായവ്യത്യാസമില്ലാതെ ഏവർക്കും ആസ്വദിയ്ക്കാമെന്നതായിരിയ്ക്കണം കാരണം. പോരാത്തതിന് തേടിപ്പിടിയ്ക്കേണ്ടതായ ഒരു നിധി എല്ലാവരുടെ മനസ്സിലുമുണ്ട്. നമ്മടെ ജിവിതം തന്നെ ആ നിധിയ്ക്കു വേണ്ടിയുള്ള അന്വേഷണമാണ്. അതെന്നെങ്കിലും പെട്ടെന്ന് അവിചാരിതമായി മുമ്പിൽ പൊന്തിവന്ന് നമ്മെ അദ്ഭുതപ്പെടുത്തുകയും ആഹ്ലാദഭരിതരാക്കുകയും ചെയ്യുമെന്ന ബോധം എല്ലാവരുടെ മനസ്സിലുമുണ്ട്. അതുകൊണ്ട് ഈ നോവൽ വായിയ്ക്കുമ്പോൾ വായനക്കാരൻ യാത്ര ചെയ്യുന്നത് സ്വന്തം മനസ്സിന്റെ നിഗൂഢതലങ്ങളിലേയ്ക്കാണ്. അവിടെ അദ്ഭുതങ്ങൾ നിങ്ങളെ കാത്ത് പതുങ്ങിയിരിയ്ക്കുന്നുണ്ടാവും, ഈ നോവലിലെ തട്ടിൻപുറം പോലെ.

സമയത്തെപ്പറ്റി, കാലത്തെപ്പറ്റിയെല്ലാം എനിയ്ക്ക് എന്റേതായ ധാരണകളുണ്ട്. എന്റെ പല കഥകളിലും ആ സങ്കല്പം വരുന്നുണ്ട്. സമയം ഒരൊറ്റ തലത്തിലല്ലാതെ പല അടരുകൾ അല്ലെങ്കിൽ പാളികളായിട്ടാണ് കിടക്കുന്നത് എന്നാണെന്റെ വിശ്വാസം. നാം ഒരൊറ്റ പാളി മാത്രം കാണുന്നത് നമ്മുടെ മനസ്സിന്റെ പരിമിതിമൂലമാണ്. ഒന്നിലധികം തലങ്ങളുള്ള ലോകം എനിക്കിഷ്ടപ്പെട്ട വിഷയമാണ്. അത് സ്വാഭാവിക ചുറ്റുപാടുകളിൽനിന്ന് പ്രകൃത്യതീത പ്രതിഭാസങ്ങളിലേയ്ക്ക് തെന്നിപ്പോകുന്നത് എന്റെ പല കഥകളിലും കാണാം. താമസി, വടക്കുനിന്നൊരു സ്ത്രീ, ഒരു പഴയ

ഓസ്റ്റിൻ കാർ, ആശ്രമം ഉറങ്ങുകയാണ്, ജംറയിലെ ചെകുത്താൻ, മറ്റൊരു ലോകത്തിൽ മറ്റൊരു കാലത്തിൽ, കാലത്തിന്റെ ഏതോ ഊടുവഴികളിൽ, അന്വേഷണം, കുട്ടിച്ചാത്തന്റെ ഇടപെടലുകൾ, മറ്റാരാൾ എന്നീ കഥകളിലും ആസക്തിയുടെ അഗ്നിനാളങ്ങൾ എന്ന നോവലിലും പ്രകൃത്യതീത പ്രതി ഭാസങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്.

ഇങ്ങിനെയുള്ള കഥകൾ കുട്ടികൾ വായിക്കുന്നതിനെപ്പറ്റി ഞാൻ ധാരാളം ആലോചിച്ചിട്ടുണ്ട്. എന്റെ അഭിപ്രായം ഇളം പ്രായത്തിൽ കുട്ടിക ളുടെ ഭാവനയ്ക്ക് തിരി കൊളുത്താൻ ഈ കഥകൾക്ക് കഴിയുമെന്നു തന്നെ യാണ്. കുട്ടിക്കാലത്ത് എനിയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് പ്രേത കഥകളും അദ്ഭുതപ്രതിഭാസങ്ങൾ ഉൾക്കൊള്ളുന്ന കഥകളുമാണ്. ഞാൻ അന്ധവി ശ്വാസിയായില്ലെന്നു മാത്രമല്ല, ഒരു ശരാശരി ദൈവവിശ്വാസി കൂടിയാവാൻ കൂട്ടാക്കിയില്ല. മറിച്ച് എന്റെ ക്രിയാത്മക ശ്രമങ്ങൾക്ക് തുടക്കം കുറിച്ചത് ആ വായനയാണ്. എന്റെ മുമ്പിലുള്ള നല്ലൊരുദാഹരണം അച്ഛന്റെ 'പൂത പ്പാട്ടാ'ണ്. കുട്ടികൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന ഒരു കവിതയാണത്. അതു വായിച്ച ഒരു കുട്ടിയും മുതിർന്നപ്പോൾ അന്ധവിശ്വാസിയായിട്ടുണ്ടെന്ന് എനിയ്ക്കു തോന്നുന്നില്ല. ഞാനറിയുന്ന കുട്ടികളൊന്നും ആയിട്ടില്ല. മറിച്ച് അതവരുടെ ഭാവനയ്ക്ക് മഴവില്ലന്റെ നിറങ്ങൾ കൊടുക്കുകയാണ് ചെയ്തി ട്ടുള്ളത്. കൂടുതൽ വായിക്കാൻ പ്രേരിപ്പിയ്ക്കും വിധം അതവരുടെ പ്രജ്ഞ യിൽ വെളിച്ചം വിതറുകയാണുണ്ടായിട്ടുള്ളത്.

ഈ നോവൽ കുട്ടികളെക്കൊണ്ടു വായിപ്പിയ്ക്കുക. അതവരുടെ സംസ്കാരത്തെ തീർച്ചയായും ഉയർത്തും. അപഗ്രഥനത്തിനും വിശകലന ത്തിനുമുള്ള സാധ്യതകൾ നിറഞ്ഞതിനാൽ കുട്ടികളുടെ ബുദ്ധി വികസിപ്പി യ്ക്കാനുള്ള ഘടകങ്ങളും സ്വാഭാവികമായും ഈ നോവലിൽ ധാരാളമുണ്ട്. ഏതാനും സ്കെച്ചുകൾ ചേർത്തിരിയ്ക്കുന്നത് വരികൾക്കൊപ്പം മനസ്സും എത്തിപ്പെടാൻ സഹായിക്കും. ഇതൊരു നിധി അന്വേഷണത്തിന്റെ കഥയാ ണ്. സ്വാഭാവികമായും മാപ്പുകളും സ്കെച്ചുകളും ആവശ്യമാവും. ആ മാപ്പു കളാവട്ടെ ഏതൊരു കുട്ടിയ്ക്കും മനസ്സിലാവത്തക്ക വിധത്തിലാണ് വരച്ചി രിയ്ക്കുന്നത്. ചതുരംഗത്തെപ്പറ്റി കുറച്ചു പരാമർശങ്ങളേയുള്ളു. അതാകട്ടെ മനസ്സിലാക്കാൻ ഒട്ടും വിഷമമില്ലാത്തതാണ്. ഈ നോവൽ വായിച്ച് ഒരു കുട്ടിയ്ക്കോ മുതിർന്ന ഒരാൾക്കോ ചതുരംഗത്തിൽ താല്പര്യം വരികയാ ണെങ്കിൽ അത്രയും നല്ലത്. പക്ഷെ നോവലിന്റെ ആസ്വാദ്യതയ്ക്ക് ഈ കളി അറിയണമെന്ന് നിർബ്ബന്ധമൊന്നുമില്ല. അറിയുന്നവർക്ക് കൂടുതൽ മന സ്സിലാവുമെന്നു മാത്രം.

നോവലിന്റെ അന്ത്യത്തിന് മാനവീകതയുടേതായ ഒരു മാനം സൃഷ്ടിച്ചത് സ്വാഭാവികം മാത്രമാണ്. എഴുതുന്ന വ്യക്തിയുടെ മനസ്സ് അയാളുടെ എഴുത്തിൽ എങ്ങിനെയായാലും പ്രതിഫലിയ്ക്കാതിരിയ്ക്കില്ല. അതൊരു ബലഹീനതയാണ്. നമ്മൾ നമ്മെത്തന്നെ ഒറ്റിക്കൊടുക്കുന്ന നിമി ഷങ്ങൾ. നോവലിന്റെ അന്ത്യവുമായി നിങ്ങൾക്ക് സാധർമ്മ്യം പ്രാപിയ്ക്കാ നാവുമെങ്കിൽ എന്റെ നോവൽ വിജയിച്ചു എന്നു പറയാം. അങ്ങിനെ ആയി ല്ലെങ്കിൽ ഇതൊരു പരാജയവുമല്ല. തലയായാലും വാലായാലും നിങ്ങൾ ജയിക്കുകതന്നെയാണ്. നിങ്ങൾക്കുള്ളിൽ കുടികൊള്ളുന്ന സംസ്കൃതി.

BACK TO INDEX

## ആമുഖം

# നഗരവാസിയായ ഒരു കുട്ടി

1960 ലാണ് ഞാൻ കൽക്കത്തയിലെത്തിയത്, പതിനേഴാം വയസ്സിൽ. 23 കൊല്ലം നീണ്ടുനിന്ന പ്രവാസജീവിതം എന്റെ ലോകത്തെ വലുതാക്കുകയായിരുന്നു. പൊന്നാനിയെപ്പോലെ ഒരു നാട്ടിൻപുറത്തുനിന്ന് കൽക്കത്തപോലുള്ള മഹാനഗരത്തിലേയ്ക്കുള്ള മാറ്റം എന്റെ അനുഭവമണ്ഡലത്തെ സമ്പന്നമാക്കുകയും ജീവിതവീക്ഷണം വികസിപ്പിക്കുകയും ചെയ്തു. നാട്ടിൻപുറത്തെ കൊച്ചുകൊച്ചു കാര്യങ്ങൾക്കപ്പുറത്ത് വിശാലമായൊരു ലോകവും അതിൽ വളരെ സങ്കീർണ്ണമായ ജീവിതങ്ങളും ഉണ്ടെന്ന് മനസ്സിലാവുന്നത് നമ്മൾ ഒരു മഹാനഗരത്തിൽ താമസിക്കുമ്പോൾ മാത്രമാണ്. അതുവരെ നഗരജീവിതത്തെക്കുറിച്ച് നമ്മുടെ ഭാവനയിലുള്ള ചിത്രങ്ങൾ എത്ര അപൂർണ്ണവും അവ്യക്തവുമാണെന്ന് മനസ്സിലാവുന്നു. തൊള്ളായിരത്തി അറുപതു മുതൽ തൊള്ളായിരത്തി എഴുപതുവരെ നീണ്ടുനിന്ന കൽക്കത്തയിലെ ജീവിതമാണ് എന്നെ ഞാനാക്കിയത് എന്നു പറയാം. അനുഭവങ്ങളുടെ സമ്പന്നത മാത്രമായിരുന്നില്ല എന്റെ നേട്ടം. നമ്മിലേയ്ക്കിറങ്ങി വരുന്ന സംസ്കാരം. ന്യൂ ആലിപ്പൂരിലെ നാഷനൽ ലൈബ്രറി അറിവിന്റെ ഭണ്ഡാരമായിരുന്നു. എന്റെ വായനയുടെ മുഴുവൻ സ്രോതസ്സ് നാഷനൽ ലൈബ്രറിയായിരുന്നെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. എഴുപതിൽ കൽക്കത്ത വിട്ടപ്പോൾ എനിക്കു നഷ്ടപ്പെട്ടത് എന്റെ വായനയായിരുന്നു. എനിക്കു നഷ്ടപ്പെട്ടത് ലോകസാഹിത്യത്തിലെ ഒരു വലിയ നിരയായിരുന്നു. സാഹിത്യത്തിനു പുറമെ ചിന്തകന്മാരുടെയും കലാവിമർശകരുടെയും മറ്റും വിലമതിക്കാനാവാത്ത ഒരു ശേഖരം നാഷനൽ ലൈബ്രറിയിലുണ്ടായിരുന്നു. ധാരാളം ശാസ്ത്രഗ്രന്ഥങ്ങൾ എനിക്ക് വായിക്കാൻ ഇടവന്നത് നാഷനൽ ലൈബ്രറിയിൽനിന്നാണ്. അവിടെ മലയാളം വകുപ്പിന്റെ മേധാവിയായിരുന്ന ശ്രീ കെ.എം. ഗോവി വളരെയധികം സഹായിച്ചിട്ടുണ്ട്. ചിത്രകലയിലെ ആചാര്യന്മാരെ ഞാൻ പരിചയപ്പെടുന്നത് അവിടെവച്ചാണ്. കാൾ ഗുസ്റ്റവ് യുങ്ങ്, ഫ്രോയ്ഡ്, ഹെർബർട്ട് റീഡ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ എങ്ങിനെ കലയുടെ ആഴങ്ങളിലേയ്ക്കു കടന്നു ചെല്ലാമെന്ന് എന്നെ പഠിപ്പിച്ചു. ഇതിന്റെയൊക്കെ ഫലമായി എന്റെ സർഗ്ഗാത്മകയത്നങ്ങൾക്ക് ആഴവും പരപ്പും ലഭിക്കുകയുണ്ടായി. ചിത്രകലയോടുണ്ടായ അഭിനിവേശം എന്റെ സാഹിത്യത്തെ ഒരു പ്രത്യേക വഴിയ്ക്ക് നയിക്കുകയുണ്ടായി. 'കൂറകൾ' എന്ന ആദ്യസമാഹാരത്തിലെ കഥകൾ ശ്രദ്ധിച്ചാൽ മനസ്സിലാവും മിക്കവാറും കഥകൾ ചിത്രകലയുടെ സ്വാധീനത്തിൻ എഴുതപ്പെട്ടവയാണെന്ന്.

പിന്നീട് ഞാൻ ശൈലി മാറ്റുകയും കൂടുതൽ ജീവിതഗന്ധിയായ കഥകൾ എഴുതുകയും ചെയ്തു. നഗരങ്ങളിലെ ജനജീവിതത്തെ കൂടുതൽ അടുത്തറിയാനും ജനങ്ങളുമായി കൂടുതൽ അടുത്ത് ഇടപഴകാനും അവസരം ലഭിച്ചതും ഇതിനൊരു കാരണമാകാം. മൂന്നുകൊല്ലം മുമ്പ് കൽക്കത്തയുടെ പശ്ചാത്തലത്തിൽ ഒരു നോവൽ (തടാകതീരത്ത്) എഴുതാൻ തുടങ്ങിയപ്പോൾ കൽക്കത്ത ജീവിതം എന്നിൽ ഇപ്പോഴും പച്ചപിടിച്ചു കിടക്കുകയാണെന്ന്

അദ്ഭുതത്തോടെ ഞാൻ മനസ്സിലാക്കി. എഴുപതിലാണ് ഞാൻ ദില്ലിയിലെത്തുന്നത്. അവിടെ ധാരാളം മലയാളി സാഹിത്യകാരന്മാരുണ്ടായിരുന്നു. നാഷനൽ ആർട്ട് ഗ്യാലറിയും മറ്റ് സ്വകാര്യ ഗ്യാലറികളും ഉള്ളതുകൊണ്ട് അവിടെ നല്ലൊരു സാസ്കാരിക അന്തരീക്ഷമുണ്ടായിരുന്നുവെന്ന് പറയാം. സാഹിത്യകാരന്മാർക്കു പുറമെ കെ. ദാമോദരൻ, മുത്തുകോയ തുടങ്ങിയ ചിത്രകാരന്മാരുമായി ഞാൻ നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. പക്ഷെ എന്തുകൊണ്ടോ എന്റെ സാഹിത്യം ശരിക്കും വികസിച്ചത്, ഞാൻ ഇന്നത്തെ നിലയിലാവാനുള്ള മാർഗ്ഗം സ്വീകരിച്ചത് മുംബൈയിൽ നിന്നായിരുന്നു. എഴുപത്തിമൂന്നിലാണ് ഞാൻ മുംബൈയിലെത്തിയത്. അവിടത്തെ അന്തരീക്ഷം കൽക്കത്തയുമായി താരതമ്യപ്പെടുത്തുമ്പോൾ സാംസ്കാരികപരമായി താഴെത്തട്ടിലായിരുന്നെങ്കിലും എന്നെ സംബന്ധിച്ചേടത്തോളം എന്തുകൊണ്ടോ വളരെ സൃഷ്ടിപരമായാണ് അനുഭവപ്പെട്ടത്. ധാരാളം അനുഭവങ്ങൾ, അവ പലതും കഥകളായി രൂപം കൊണ്ടു. ശരിയ്ക്കു പറഞ്ഞാൽ ഞാൻ മുംബൈയിൽനിന്നെഴുതിയ മിക്ക കഥകളും അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതിയവയാണ്. ജീവനുള്ള കഥാപാത്രങ്ങൾ, അവ എന്റെ കഥയ്ക്ക് മിഴിവു കൊടുത്തു. പല അനുഭവങ്ങളും വേദനാജനകമായിരുന്നു. പക്ഷെ കഥകൾ എത്രതന്നെ ദുഃഖപര്യവസായിയായാലും ശരി അതിന്നെല്ലാം അപ്പുറത്ത് പ്രത്യാശയുടെ മിന്നൽവെളിച്ചം ഞാൻ കണ്ടിരുന്നു. അതെന്റെ കഥകളെ ഒരു പ്രത്യേകതലത്തിലേയ്ക്ക് ഉയർത്താറുണ്ടെന്നാണ് എന്റെ അനുഭവം. എന്റെ അളവറ്റ ശുഭാപ്തിവിശ്വാസമായിരിക്കണം അതിനു കാരണം.

ദില്ലിയിൽ ധാരാളം സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും കൂട്ടുകെട്ടുണ്ടായിരുന്നുവെങ്കിലും ഞാൻ കാര്യമായ സംഭാവനകളൊന്നും നൽകിയിരുന്നില്ല. മറിച്ചായിരുന്നു മുംബൈജീവിതം. അവിടെ ഞാൻ മലയാളി സമൂഹത്തിൽനിന്ന്, പ്രത്യേകിച്ചും സാഹിത്യകാരന്മാരിൽനിന്ന് അകന്നുള്ള ജീവിതമാണ് നയിച്ചിരുന്നത്. വേണമെന്നുവച്ചിട്ടല്ല. അവസരമുണ്ടായില്ല എന്നുമാത്രം. അവിടെ സ്ഥലങ്ങൾ തമ്മിലുള്ള ദൂരം അപാരമാണ്. ഞാൻ താമസിച്ചിരുന്ന ജുഹുവിൽ മലയാളികൾ വളരെ കുറവായിരുന്നു. പക്ഷെ ഞാൻ ധാരാളം എഴുതാൻ തുടങ്ങി. സാഹിത്യകാരന്മാരുമായുള്ള സംസർഗ്ഗമല്ല മറിച്ച് ജനജീവിതവുമായുള്ള അടുത്ത ബന്ധമാണ് സാഹിത്യസൃഷ്ടിയ്ക്ക് വേണ്ടത് എന്ന് എനിക്കു മനസ്സിലായി.

എന്റെ സൗന്ദര്യദർശനത്തെയും ചിന്തയെയും സ്വാധീനിച്ചത് യൂറോപ്യൻ, അമേരിക്കൻ എഴുത്തുകാരായിരുന്നു. പക്ഷെ ഞാൻ എന്റേതായ ഒരു സൗന്ദര്യദർശനം രൂപപ്പെടുത്തിയത് തികച്ചും ഭാരതീയമായ ഒരു പശ്ചാത്തലത്തിലാണ്. നമുക്ക് നമ്മുടെതായ ഒരു സംസ്കൃതിയുണ്ടെന്നും അതിനുമുകളിലേ നമ്മുടെ ഇഷ്ടികകൾ പടുക്കാൻ പാടുള്ളു എന്നും ഞാൻ മനസ്സിലാക്കി. ഈ മാനസികാവസ്ഥ രൂപപ്പെടുത്തുന്നതിൽ എന്റെ അച്ഛനടക്കം നമ്മുടെ കവികൾ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. കുമാരനാശാന്റെ പേർ പ്രത്യേകം എടുത്തു പറയണം.

മുംബൈയിലെ താമസത്തിനുള്ളിൽ, അത് എഴുപത്തിമൂന്നുമുതൽ എൺപത്തിമൂന്ന് വരെ നീണ്ടുകിടക്കുന്നു, ധാരാളം അനുഭവങ്ങളുണ്ടായിട്ടുണ്ട്. പലതും അവിസ്മരണീയങ്ങൾതന്നെ. ഞാൻ നേരത്തെ പറഞ്ഞപോലെ ഈ അനുഭവങ്ങൾ എന്റെ കഥകളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തര

ത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പോരാത്തതിന് ഞാൻ അനുഭവക്കുറിപ്പുകൾ തന്നെ ഒരു പരമ്പരയായി വനിത, സ്ത്രീധനം (രാഷ്ട്രദീപിക), ഗൃഹലക്ഷ്മി, കലാകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിട്ടുണ്ട്. അവ താമസിയാതെ 'നീ എവിടെയാണെങ്കിലും' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അനുഭവങ്ങളുടെ വെളിച്ചത്തിലെഴുതപ്പെട്ട കഥകളിൽ പ്രധാനപ്പെട്ടവ 'ദിനോസറിന്റെ കുട്ടി', 'സൂര്യകാന്തിപ്പൂക്കൾ', 'ഒരു കങ്ഫൂഫൈറ്റർ', 'ഒരു വിശ്വാസി' തുടങ്ങിയവയാണ്. ഈ കഥകളിലെല്ലാം തന്നെ നേരത്തെ പറഞ്ഞ ശുഭാപ്തിവിശ്വാസത്തിന്റെ തിരനോട്ടം കാണാം.

എന്റെ നാൽപ്പത്തഞ്ചു കൊല്ലത്തെ സാഹിത്യശ്രമങ്ങൾ എത്തിനിൽക്കുന്നത് ഈ പുസ്തകത്തിലെ കഥകളിലാണ്. എനിയ്ക്ക് സംതൃപ്തി നല്കിയ കഥകൾ. നഗരവാസിയായ കുട്ടി, ഫോണിന്റെ മറുഭാഗത്ത്, ഓരോരുത്തർക്ക് ഓരോ ജീവിതം, ഇങ്ങിനെയും ഒരു ജീവിതം എന്നീ കഥകൾ ഞാൻ ആരുടെ ഭാഗത്താണെന്ന് തെളിയിക്കുന്നുണ്ട്. ഞാൻ എന്നും അവരുടെ ഭാഗത്തായിരുന്നു. അത്രതന്നെ ഭാഗ്യം ചെയ്തിട്ടില്ലാത്തവരുടെ കൂടെ.

(ശ്രീ. എം. ഗോകുൽദാസുമായുണ്ടായ ഇന്റർവ്യൂവിൽനിന്നാണ് ചില ഭാഗങ്ങൾ ചേർത്തിട്ടുള്ളത്.

BACK TO INDEX

# സുൽത്താന്റെ മകൾ

തൊള്ളായിരത്തി അമ്പതുകളുടെ അവസാനത്തിൽ ഞാൻ എ.വി. ഹൈക്കൂളിൽ പഠിക്കുന്ന കാലത്താണ് ഈ കഥയുടെ ബീജം എന്റെ മനസ്സിൽ നിക്ഷിപ്തമായത്. വൈകുന്നേരങ്ങളിൽ അച്ഛന്റെ ഏതെങ്കിലും നാടകങ്ങളുടെ റിഹേഴ്സലുകളുണ്ടായിരിക്കും. മിക്കവാറും മിഷ്യൻ സ്കൂളിൽ വച്ചായിരിക്കും. സ്കൂളിന്റെ ഹെഡ് മാസ്റ്ററായിരുന്ന വർസ്സീസ് മാസ്റ്റർ സാഹിത്യത്തിലും കലകളിലും അതീവ താല്പര്യമുള്ള ഒരു സഹൃദയനായിരുന്നു. അച്ഛന്റെ നാടകങ്ങളിൽ എനിക്കു സ്ഥിരം സ്ത്രീവേഷമുണ്ടായിരുന്നു. ഞങ്ങൾ ഏതാനും കുട്ടികൾ അച്ഛനും കുറുപ്പേട്ടനും (ശ്രീ ടി. ഗോപാലക്കുറുപ്പ് – അച്ഛന്റെ കൂട്ടുകൃഷി എന്ന നാടകം ഇദ്ദേഹത്തിനാണ് സമർപ്പിച്ചിട്ടുള്ളത്) എത്തുന്നതുവരെയുള്ള സമയം കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിൽ ചെലവഴിച്ചു. ആദ്യം എത്തുക കുറുപ്പേട്ടനാണ്. അതു ഞങ്ങൾക്കിഷ്ടമായിരുന്നു. കാരണം അദ്ദേഹം ധാരാളം കഥകൾ പറയും, പലപ്പോഴും കുറേ മസാലകൾ ചേർത്തവയായിരിക്കും. അച്ഛനോ, ഞങ്ങളുടെ സ്കൂൾ മാസ്റ്റർമാരോ വരുന്നവരെ മാത്രമേ ഈ കഥകൾ കേൾക്കാനാവു. അക്കാലത്ത് അദ്ദേഹം പറഞ്ഞ നിരവധി കഥകളിലൊന്ന് ചതുരംഗക്കമ്പക്കാരനായ ഒരു രാജാവിന്റേതായിരുന്നു. അദ്ദേഹത്തെ തോൽപ്പിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. പക്ഷെ ഒരിക്കൽ അങ്ങിനെ ഒരാൾ വരികയുണ്ടായി, ഒരു നിബന്ധനയിൽ മാത്രം. അയാൾ ജയിച്ചാൽ വേണ്ടത് പണമോ സ്വർണ്ണമോ ഒന്നുമല്ല, മറിച്ച് അയാൾക്ക് രാജാവിന്റെ കിടക്കയിൽ ഒരിക്കൽ അപ്പിയിടണം. അത്ര മാത്രം. രാജാവ് സമ്മതിച്ചു, കാരണം ജയിക്കുമെന്ന ഉറപ്പുണ്ടായിരുന്നു അദ്ദേഹത്തിന്. പക്ഷെ നിർഭാഗ്യവശാൽ അദ്ദേഹം തോറ്റു.

തുടർന്ന് അദ്ദേഹം തന്റെ നാട്ടുപ്രമാണിമാരെ വിളിച്ചു വരുത്തി ഈ നാണക്കേടിൽനിന്ന് എങ്ങിനെ രക്ഷപ്പെടാമെന്ന് കൂടിയാലോചിച്ചു. പലരും ഓരോ പോംവഴികൾ പറഞ്ഞു. ക്ഷുരകപ്രമാണി പറഞ്ഞു, 'അടിയനത് അടിയന്റെ കത്തികൊണ്ട് ഭംഗിയായി വടിച്ചെടുക്കാം. അപ്പോൾ അലക്കുപ്രമാണി പറഞ്ഞു. 'അടിയൻ ആ വിരി നന്നായി അലക്കി പുതിയതുപോലാക്കിത്തരാം. ഇങ്ങിനെ ഓരോ നിർദ്ദേശങ്ങളും പോംവഴികളും കേട്ട മന്ത്രി പറഞ്ഞു. 'ഇതൊന്നും തൃപ്തികരമല്ല. ഞാനൊരു പോംവഴി കണ്ടുപിടിച്ചിട്ടുണ്ട്.' നിശ്ചയിച്ച ദിവസം മന്ത്രിയോടൊപ്പം രാജാവിന്റെ ഉപദേശകവൃന്ദവും കിടപ്പറയിൽ ഹാജരായി. ചതുരംഗക്കളിക്കാരൻ കിടക്കയിലേക്കു കയറി അന്തസ്സോടെ ചെയ്യാനുദ്ദേശിച്ച കർമ്മത്തിനായി ഇരുന്നു. അപ്പോൾ മന്ത്രി പറഞ്ഞു.

'എന്താണ് നിബന്ധനയെന്നറിയില്ലെ? തനിക്ക് രാജാവിന്റെ കിടക്കയിൽ അപ്പിയിടണം. അത്ര മാത്രം. ചെയ്തുകൊള്ളു, പക്ഷെ ഒരു തുള്ളി മൂത്രം പോയാൽ തന്റെ തല തെറിക്കും, കാരണം അത് നിബന്ധനയിലില്ല. അയാൾ നോക്കിയപ്പോൾ കട്ടിലിന്റെ ഇരുവശത്തും രണ്ടു ഭടന്മാർ വാളും പിടിച്ചു നിൽക്കുന്നു. അയാൾ ഒന്നും പറയാതെ എഴു

ന്നേറ്റ് പുറത്തേയ്ക്കു നടന്നു. മന്ത്രിയുടെ ബുദ്ധിശക്തിയും രാജാവിന്റെയും ഉപദേശക വൃന്ദങ്ങളുടെയും വങ്കത്തവും ഒരേ സമയത്ത് തുറന്ന് കാണിക്കുന്ന ഒരു തമാശക്കഥയായിരുന്നു അത്. ഈ കഥയിൽനിന്ന് ഞാനെടുത്തത് രാജാവിന്റെ ഉപദേശക സമിതിയെ മാത്രം. കഥ തികച്ചും മൗലികമായൊരാശയമാണ്. അതുപോലെ ഇതിൽ കൊടുത്തിട്ടുള്ള കവിതകളും.

സുൽത്താൻ പുതിയ കൊട്ടാരം പണിയിച്ചപ്പോൾ പ്രത്യേകം ശ്രദ്ധിച്ചത് അദ്ദേഹത്തിന്റെ വാത്സല്യഭാജനമായ മകൾ രാജകുമാരി നസ്റീനിന്റെ സുഖസൗകര്യങ്ങൾ മാത്രമാണ്. പക്ഷെ രാജശില്പിയുടെ രൂപകല്പനയിൽ പല പ്രശ്നങ്ങളുമുണ്ടായി. രാജകുമാരിയുടെ വിശാലമായ സ്നാനഗൃഹത്തിൽനിന്ന് വസ്ത്രങ്ങൾ മാറ്റുന്ന നേപഥ്യഗൃഹത്തിലേയ്ക്കുള്ള ദൂരം അതിലൊന്നായിരുന്നു. മാത്രമല്ല അത്രയും ദൂരം താണ്ടേണ്ടത് ശതം മുഖമണ്ഡപങ്ങളുടെയും കുടില മാർഗ്ഗങ്ങളുടെയും സ്വകാര്യ അറകളുടെയും വാതിലുകളാൽ ബന്ധിക്കപ്പെട്ട ഇടനാഴിയിലൂടെയാണു താനും. ഇവിടെയാണ് പ്രശ്നം ഉദിച്ചത്. രാജകുമാരി സ്നാനഗൃഹത്തിൽ നിന്ന് വസ്ത്രങ്ങളുടെ സുരക്ഷിതത്തിലേക്ക് നഗ്നയായി സഖികളുടെ അകമ്പടിയോടെ പോകുമ്പോൾ മറ്റുള്ളവരുടെ ഒളിഞ്ഞുനോട്ടങ്ങൾ എങ്ങിനെ ഒഴിവാക്കാം? പ്രശ്നം സുൽത്താന്റെ രാജസദസ്സിൽ അവതരിപ്പിക്കപ്പെട്ടു. പ്രമാണിമാർ ഓരോ വഴികൾ കണ്ടുപിടിച്ചതിനെല്ലാം ന്യൂനതകൾ കണ്ടെത്തി. അവസാനം ഇവിടെയും മന്ത്രിതന്നെയാണ് പഴുതുകളില്ലാത്ത വഴി കണ്ടുപടിച്ചത്. എന്താണാ വഴി എന്നു ഞാൻ പറയുന്നില്ല, കഥ വായിക്കു. നെറ്റിലുണ്ടത്.

ഈ കഥകളൊന്നും അറിയാതെ, ശ്രദ്ധിക്കാതെ സ്വന്തം മുറിയിലിരുന്ന് കവിതകളെഴുതിയിരുന്ന സുന്ദരനും ചെറുപ്പക്കാരനുമായ പേർഷ്യൻ കവി കൊട്ടാരത്തിൽ അതിഥിയായിരുന്നു. അദ്ദേഹം മുറിയ്ക്കു പുറത്തു കടന്നപ്പോൾ കണ്ട കാഴ്ച അതീവ സുന്ദരവും മോഹിപ്പിക്കുന്നതുമായിരുന്നു. രാജകുമാരിയെ കൺകുളിർക്കെ കണ്ടുവെന്നു മാത്രമല്ല മനോഹരമായ ഒരു കവിത അദ്ദേഹത്തിന്റെ കണ്ഠത്തിൽനിന്ന് ഉതിർന്നു വീഴുകയും ചെയ്തു. കശ്മലനെ ഭടന്മാർ പിടിച്ചു കെട്ടി സുൽത്താന്റെ മുമ്പിൽ ഹാജരാക്കി. കഥയിൽ നിന്നുദ്ധരിക്കുന്നു:

*പിറ്റേന്ന് കുറ്റവാളി സുൽത്താനു മുമ്പിൽ ഹാജരാക്കപ്പെട്ടു.*

*രാജകുമാരി നീരാട്ടുകഴിഞ്ഞ് നേപഥ്യ ഗൃഹത്തിലേക്കു പോകുമ്പോൾ നീ നോക്കിയിരുന്നു എന്നു പറയുന്നതു സത്യമാണോ?*

*അതെ.*

*ചേങ്ങലയുടെ ശബ്ദം കേട്ടാൽ കണ്ണടച്ച് കമിഴ്ന്നു കിടക്കണമെന്ന രാജശാസന നീ കേട്ടില്ലേ?*

*ചേങ്ങലയെപ്പറ്റി എന്തോ അറിയിപ്പ് ഞാൻ കേട്ടു, ശ്രദ്ധിച്ചില്ല. ഞാൻ കവിത എഴുതുന്ന തിരക്കിലായിരുന്നു.*

*ആ അറിയിപ്പ് ശ്രദ്ധിച്ചിരുന്നെങ്കിൽ നീ ഈ കുറ്റകൃത്യം ചെയ്യുമായിരുന്നുവോ?*

*കവി ആലോചിച്ചു. പിന്നെ സാവധാനത്തിൽ പറഞ്ഞു.*

*ഇതൊരു കുറ്റകൃത്യമാണെന്ന് ഞാൻ കരുതുന്നില്ല. അനാച്ഛാദിത*

*നിൽക്കൂ. സുൽത്താൻ പറഞ്ഞു.*

*കവി അക്ഷോഭ്യനായി തിരിഞ്ഞുനിന്നു. അയാളുടെ മുഖം സുന്ദരമായിരുന്നു. വളർന്ന താടിയും തലമുടിയും ഒതുക്കമില്ലാതെ കിടന്നിരുന്നു.*

*മരിക്കുന്നതിനുമുമ്പ് നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയൂ.*

*നിവൃത്തിച്ചുതരുമെന്ന് ഉറപ്പു തന്നാൽ പറയാം.*

*സുൽത്താൻ ഷാഹുൽ അൽറഷീദ് സ്വന്തം വാക്കുകൾ പാഴാക്കാറില്ല.*

*എങ്കിൽ......, കവി പറഞ്ഞു. എങ്കിലെനിയ്ക്ക് മരിക്കുന്നതിനു മുമ്പ് ഒരിക്കൽക്കൂടി രാജകുമാരിയെ നഗ്നയായി കാണണം.*

*സുൽത്താൻ ഞെട്ടി. പട്ടാളക്കാർ ഞെട്ടി. സഭാവാസികൾ ഞെട്ടി.*

*ഇയാളെ ഞാൻ പറയുന്നതുവരെ കൽത്തുറങ്കിൽ ഇട്ടടയ്ക്കൂ. സുൽത്താൻ അലറി.*

*പിന്നെ അയാളുടെ വാതായനങ്ങൾ കല്ലുവെച്ചു മൂടുകയും ചെയ്യൂ. ശബ്ദം പുറത്തു കടക്കരുത്.*

ആകെ പ്രശ്നമായി. ഒന്നുകിൽ സുൽത്താൻ തന്റെ വാക്കുകൾക്ക് വില കല്പിക്കുന്നില്ലെന്ന ചീത്ത പേര് വീഴും, അല്ലെങ്കിൽ.....?

ഇതിന്റെ പരിസമാപ്തി വളരെ രസകരമാണ്. അതു പറഞ്ഞുതന്ന് ഞാൻ കഥയുടെ രസം കൊല്ലുന്നില്ല.

മനസ്സ് വിഷമിക്കുമ്പോഴും നിരുന്മേഷമാകുമ്പോഴും ജീവിതത്തിന് വലിയ അർത്ഥമില്ലെന്ന് തോന്നുമ്പോഴുമെല്ലാം ഞാനീ കഥ വായിക്കാറുണ്ട്. ഈ കഥയെപ്പറ്റി വളരെ നല്ല അഭിപ്രായം പറഞ്ഞത് എന്റെ സ്നേഹിതനായ ഡോ. എസ്. പി. രമേശായിരുന്നു. കഥയിൽ, സുൽത്താന്റെ പുതിയ കൊട്ടാരം മേഞ്ഞതിനെപ്പറ്റി ഒരു പരാമർശമുണ്ട്. രാജ്യത്തെ ചെമ്പു ദാരിദ്ര്യം കാരണം കൊട്ടാരം ചെമ്പുകൊണ്ട് മേഞ്ഞതിൽ ഒരു ചെറിയ ഭാഗം സ്വർണ്ണം കൊണ്ടാണ് മേഞ്ഞത്. കഥയിൽനിന്ന്:

*കണ്ടുകെട്ടിയ ചെമ്പുകൊണ്ടും മിനാരങ്ങൾ മുഴുവൻ മേയാൻ മാത്രം തികഞ്ഞില്ല. അതിനാൽ കുറച്ചു ഭാഗം സ്വർണ്ണംകൊണ്ടു തന്നെ മേയേണ്ടി വന്നു.*

*നിലാവുള്ള രാവുകളിൽ യാത്ര കഴിഞ്ഞ് ഒട്ടകപ്പുറത്ത് തിരിച്ചു വരുമ്പോൾ സുൽത്താൻ നോക്കും, ചെമ്പിനു പകരം വെച്ച സ്വർണ്ണം മനസ്സിലാകുന്നുണ്ടോ, തന്റെ സ്വർണ്ണം പുറത്താവുമോ എന്ന്. ഈ വിചാരം സുൽത്താന്റെ പല രാത്രികളിലെ നിദ്ര അപഹരിച്ചു.*

ചെമ്പു പുറത്താവുമോ എന്ന പ്രയോഗത്തിനു പകരം സ്വർണ്ണം പുറത്താവുമോ എന്ന് പ്രയോഗിച്ചത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. കലാകൗമുദിയിൽ ഈ കഥ വായിച്ച ശേഷം അദ്ദേഹം ഫോൺ ചെയ്തു. സ്വർണ്ണം പുറത്താകുമോ എന്ന്..... അല്ലെ? നന്നായിട്ടുണ്ട് കഥ. ഇതും പറഞ്ഞ് അദ്ദേഹം കുറെ പൊട്ടിച്ചിരിച്ചു.

ഈ കഥ വീണ്ടും വീണ്ടും വായിക്കുമ്പോഴെല്ലാം ഞാൻ ഓർക്കുന്നത് രമേശിനെയാണ്, അതുപോലെ കുറുപ്പേട്ടനെയും. എന്നെ വല്ലാതെ സ്നേഹിച്ച ആ രണ്ടുപേരും ഇന്നില്ല.

BACK TO INDEX

# വെള്ളിത്തിരയിലെ കഥകൾ

യന്ത്രവത്കരണം സ്ത്രീകളെയാണ് കൂടുതൽ ബാധിക്കുന്നത്. ഇതിനെപ്പറ്റി ഞാൻ നേരത്തെ ഒരു കഥയെഴുതിയിരുന്നു. 'ഒരു ദിവസത്തിന്റെ മരണം'. അതിൽ മുംബൈയിലെ ഫാക്ടറികളിലെ യന്ത്രവത്കരണമാണ് കാണിച്ചിരിക്കുന്നത്. മറിച്ച് നമ്മുടെ നാട്ടിൽ യന്ത്രവത്കരണം ഉണ്ടാകുന്നത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലാണ്. ഒരു കാലത്ത് ക്ഷീണിച്ചതെങ്കിലും സന്തോഷത്തോടെ ചിരിക്കുന്ന മുഖവുമായി ബഹളം വച്ച് കെട്ടിടം പണിയിലേർപ്പെട്ടിരുന്ന സ്ത്രീകൾ ഇപ്പോൾ എവിടെ?

നമ്മുടെ നാട്ടിൽ ജോലി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല. അതിന്റെയെല്ലാം ഫലം വളരെ തിക്തമാണ്. ഈ സമാഹാരത്തിലെ രണ്ടു കഥകളുടെ വിഷയം ജോലി നഷ്ടപ്പെടുന്ന സ്ത്രീകളാണ്; അവരെ ഒരു വിധത്തിലും സഹായിക്കാത്ത ഭർത്താക്കന്മാരാണ്.

'സ്ത്രീ അവസാന രംഗത്തിൽ മാത്രം പ്രവേശിക്കുന്ന കഥാപാത്രം', 'അമ്മേ അവര് നമ്മടെ ആകാശം കട്ടെടുത്തു' എന്നീ കഥകൾ സ്വയം സംസാരിക്കുന്നു. ആദ്യത്തെ കഥയിൽ ഒരു മാദ്ധ്യമപ്രവർത്തക കെട്ടിടം പണിയിൽ ഏർപ്പെട്ടിരിയ്ക്കുന്ന സ്ത്രീകളെപ്പറ്റി ഒരു സ്റ്റോറിയുണ്ടാക്കാൻ ഇറങ്ങിത്തിരിച്ചതായിരുന്നു. അവസാനം അവൾക്ക് സ്ത്രീകളെ കാണാൻ പറ്റിയത് തീരെ പ്രതീക്ഷിക്കാത്ത പരിസരങ്ങളിലാണെന്നത് ഞെട്ടിക്കുന്നതായിരുന്നു. രണ്ടാമത്തെ കഥയാകട്ടെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നു, അതുകൊണ്ടു തന്നെ കൂടുതൽ ഹൃദയസ്പർശിയുമാകുന്നു. ആദ്യത്തെ കഥയിൽ ഒരു പത്രപ്രവർത്തകയുടെ കണ്ണിൽക്കൂടിയാണ് കഥ പുരോഗമിക്കുന്നത്, മറിച്ച് രണ്ടാമത്തെ കഥ ജോലി നഷ്ടപ്പെടുന്ന ഒരു സ്ത്രീയുടെ ജീവിതത്തിന്റെ ഒരു പരിഛേദം തന്നെയാണ്. ഭർത്താവ് കുറച്ചെങ്കിലും സഹായിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന ഒരു സ്ഥിതിവിശേഷം.

നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത് ഒരു പ്രത്യേക സാമ്പത്തിക ഘടനയുടെ കീഴിലാണ്. ഇവിടെ ധാരാളം പണമുണ്ട്. എന്നാൽ ആ പണം ഒരു വിഭാഗം ജനങ്ങളുടെ കയ്യിലാണെന്നത് ഒരു വിരോധാഭാസമാണ്. ഭൂരിപക്ഷം ജനങ്ങളും ജീവിക്കുന്നത് കഷ്ടിച്ച് ജീവിക്കാനുള്ള വരുമാനത്തിലാണ്. ഈ വൈരുദ്ധ്യം പല വൃത്തികേടുകൾക്കും തുടക്കമിടുന്നു. നമ്മൾ അധികം ശ്രദ്ധ കൊടുത്തിട്ടില്ലാത്ത ഒരു വിഷയമാണ്, വലിയ ഷോപ്പിങ് മാളുകളും ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളും വരുമ്പോൾ ചെറിയ ചെറിയ കടകളുടെ അവസ്ഥ വളരെ കഷ്ടം തന്നെയാണ്. അവ ഓരോന്നായി പൂട്ടിപ്പോവുകയേ ഗതിയുള്ളു. അവരൊന്നും വലിയ മുതലാളിമാരല്ല. ഒരു മാതിരി നന്നായി കഴിയാനുള്ള വരവുണ്ടാക്കുന്നു എന്നു മാത്രം. അതിനേക്കാൾ കഷ്ടമാണ് അവിടെ ജോലിയെടുത്തുകൊണ്ടിരുന്ന പാവപ്പെട്ടവരുടെ സ്ഥിതി. ആ ജോലിയും പോയാലോ? 'ഒരു ചോക്കളേറ്റ് വിപ്ലവം' എന്ന കഥ ഈ അവസ്ഥയെപ്പറ്റിയാണ്. ഒരു വലിയ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ സേയ്ല്സ് ഗേളായി ജോലിയെടുക്കുന്ന ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാടിലൂടെയാണ് കഥ അവതരിപ്പിയ്ക്കുന്നത്.

ഇന്നത്തെ രാഷ്ട്രീയപ്പോരുകളുടെയും രക്തച്ചൊരിയലുകളുടെയും പശ്ചാത്തല ത്തിലെഴുതിയ കഥയാണ് 'ഈ നിരത്തിൽ താവളങ്ങളില്ല' എന്നത്.

'വെള്ളിത്തിരയിലെന്ന പോലെ' എന്ന കഥ തൃശ്ശൂർ ആകാശവാണി വളരെ മനോഹരമായ റേഡിയോ നാടകമായി അവതരിപ്പിച്ചിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാനീ കഥയിലൂടെ വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിച്ചത്. ഈ കഥ കേര ളത്തിൽ എവിടെയും ഏന്നും സംഭവിക്കുന്ന കഥയാണ്, പക്ഷെ അതിനെ ഒരു പ്രത്യേക കോണിൽ അവതരിപ്പിയ്ക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. എന്റെ 'അയനങ്ങൾ' എന്ന നോവലിൽ പ്രധാന കഥാപാത്രം സുനിൽ പറ യുന്നുണ്ട്:

'ഞാനൊരു ദൈവവിശ്വാസിയാണ്.' സുനിൽ പറഞ്ഞു. 'ഞാൻ അമ്പലങ്ങളിൽ പോകും പള്ളികളിൽ പോകും, ഗുരുദ്വാരകളിൽ പോകും. പ്രാർത്ഥിക്കും. അനീതികൾ എനിക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറത്താണ്. അനീതികൾക്കെതിരായി നടപടിയെടുക്കാൻ ഞാൻ ദൈവത്തിന് ഒന്നല്ല പല അവസരവും കൊടുക്കും. ഒന്നും നടക്കുന്നില്ലെന്നു കണ്ടാൽ നീതിയ്ക്കായി ഞാൻ മറ്റ് ദൈവങ്ങളെ ആശ്രയിക്കുന്നു. അവർ എന്നെ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ല.'

'ഏതാണാ ദൈവങ്ങൾ?'

ഏതാണാ ദൈവങ്ങൾ?' എന്ന അപർണ്ണയുടെ ചോദ്യത്തിന് സുനിൽ ഉത്തരമൊന്നും കൊടുക്കുന്നില്ല. പക്ഷെ 'വെള്ളിത്തിരയിലെന്ന പോലെ' എന്ന കഥയിൽ വളരെ വ്യക്തമായ ഉത്തരമുണ്ട്, അത് ആശാസ്യമാണെങ്കിലും അല്ലെങ്കിലും.

'കാലത്തിന്റെ അടയാത്ത വാതിലുകൾ' എന്റെ കഥതന്നെയാണ്. 2001 തൊട്ട് 2006 വരെ ഞാനും എന്റെ ഹൃദയവും തമ്മിലുള്ള പോരാട്ടമായിരു ന്നു. നാലു വട്ടം ഐ.സി.യു.വിൽ കിടക്കേണ്ടി വന്നു. അതിൽനിന്നെല്ലാം രക്ഷപ്പെട്ടു വന്നത് എന്നെ സ്നേഹിക്കുന്നവർ ചൊരിഞ്ഞ അളവറ്റ സ്നേഹം കൊണ്ടാണ്. അമൃതാ ആശുപത്രിയിലുണ്ടായ ഒരനുഭവത്തെപ്പറ്റി ഞാൻ മുമ്പൊരിക്കൽ എഴുതിയിട്ടുണ്ട്. ഇപ്പോൾ ഹാർട്ട് എന്നെ അറ്റാക്കു ചെയ്യു ന്നില്ല. അത്രയും ഹാർട്ടിനു നല്ലത്.

സീരിയലുകളുമായി ബന്ധപ്പെട്ട സ്ത്രീ പീഡനം ഒരു വാർത്തയേ അല്ലാ തായിരിക്കുന്നു ഇപ്പോൾ. ഞാനെന്തിന് അതിനെപ്പറ്റി ഒരു കഥയെഴുതി? 'ഇനിയും മടുത്തിട്ടില്ലാത്ത ഒരുസമകാലീന കഥ'. ഈ കഥയിൽ ഒരു മാഫി യഗാങ്ങില്ല. ആ പെൺകുട്ടിയുടെ നഗ്നചിത്രങ്ങളെടുത്ത സീരിയലുകാരനും അവളുടെ ശത്രുവല്ല. പിന്നെ ആരാണവളുടെ ശത്രു?

'ലാവണ്യ' എന്ന കഥയെഴുതാൻ കാരണമെന്താണെന്നറിയില്ല. പെൺകുട്ടികളുടെ സൗന്ദര്യം അവരുടെ നിറത്തിലാണെന്ന മിഥ്യാബോധം ഉടച്ചു വാർക്കാൻ ഈ കഥ ഉപകരിക്കും. പൊതു ധാരണക്ക് വിപരീതമായി പുരുഷന്റെ സ്നേഹം കൂടുതൽ ലഭിക്കുന്നത് നിറം കുറഞ്ഞ പെൺകുട്ടി കൾക്കാണെന്ന അഭിപ്രായമുണ്ട് എനിക്ക്. നിങ്ങൾ നിറമുള്ള സ്ത്രീയാണോ? എന്നാൽ ഈ ഖണ്ഡിക വായിച്ചില്ലെന്നു കരുതിക്കോളു.

ഈ സമാഹാരത്തിലെ കഥകൾ എന്റെ പ്രിയപ്പെട്ട വായനക്കാർ ക്കായി സമർപ്പിയ്ക്കുന്നു.

BACK TO INDEX

# ഒരു കഥ എങ്ങിനെ ജനിക്കുന്നു

ഒരു കഥ എങ്ങിനെ രൂപമെടുക്കുന്നു എന്നത് അതിവിചിത്രമായ ഒരു രാസപ്രക്രിയയുടെ പരിണാമഫലമാണ്. ഓരോ കഥാകൃത്തിനും, അവരവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ പ്രക്രിയയെപ്പറ്റി പല വിധത്തിൽ പല കോണുകളിലായി പറയാനുണ്ടാകും. ഞാൻ പറയുന്നത് എന്റെ വളരെ വ്യക്തിപരമായ അനുഭവമാണ്. ഓരോ കഥയെഴുതുമ്പോഴും നോവലെഴുതുമ്പോഴും സംഭവിക്കുന്നത് പൊതുവിൽ ഈ അനുഭവത്തോട് സമാനമായിട്ടുള്ള ഒന്നാണ്.

ഞാനൊരു ചിത്രം വരച്ചു കാണിക്കാം. നമ്മുടെ വീട്ടിൽ ഒരു കുടുംബം വരികയാണെന്നു കരുതു. നമുക്ക് പരിചയമുള്ളവരായിരിക്കാം, അല്ലെങ്കിൽ പരിചയമില്ലാത്തവരായിരിക്കാം. എവിടെനിന്നെങ്കിലും ഏതെങ്കിലും കാലത്ത് കണ്ടിട്ടുള്ളവരായിരിക്കാം. അവർ ക്ഷണിച്ചു വിരുന്നിനു വന്നവരല്ല. നാം അവരെ ക്ഷണിച്ചിട്ടില്ല. അവർക്ക് ക്ഷണം ആവശ്യവുമില്ല. നാം വാതിൽ തുറക്കുമ്പോൾ അവർ അകത്തേയ്ക്കു കടക്കുന്നു. നാം വാതിൽ തുറന്നില്ലെങ്കിലും കുഴപ്പമില്ല. അവർ വാതിൽ തുറന്ന് അകത്തേയ്ക്കു കടക്കുന്നു. അവർ പക്ഷെ നമ്മെ കണ്ടതായി ഭാവിക്കുന്നില്ല. അവർ തമ്മിലല്ലാതെ, നമ്മോട് സംസാരിക്കുന്നില്ല. അങ്ങിനെ ഒരു കുടുംബം, അല്ലെങ്കിൽ ഏതാനും പേർ നമ്മുടെ വീട്ടിൽ വന്നാൽ നാം അസ്വസ്ഥരാവുന്നു. നമുക്ക് അവരോട് കടന്നു പോകാൻ പറയാൻ വയ്യ. കാരണം നമ്മളും അവരും ഒരു തലത്തിലല്ല ജീവിക്കുന്നത്. ഒരു നിഴലിലൂടെയെന്നപോലെ നമുക്ക് അവർക്കിടയിലൂടെ നടന്നുപോകാൻ പറ്റും. അതുപോലെത്തന്നെ അവർ നമ്മുടെ സ്വൈരജീവിതവും അലങ്കോലപ്പെടുത്തുന്നില്ല. വന്ന നിമിഷം തൊട്ട് അവർ വളരെ സ്വാഭാവികമായി ജീവിക്കാൻ തുടങ്ങുന്നു. ഇതൊരു സർറിയലിസ്റ്റിക് ഭാവനയാണെന്നു തോന്നാം. പക്ഷെ ഏതാനും ദിവസത്തിനുള്ളിൽ, അല്ലെങ്കിൽ മണിക്കൂറുകൾക്കുള്ളിൽത്തന്നെ നമുക്കവരെ ഇഷ്ടമാകാൻ തുടങ്ങുന്നു. മറ്റുള്ളവരുടെ ജീവിതം നോക്കിക്കാണാനുള്ള ത്വര നമ്മുടെയെല്ലാം ഒരു ബലഹീനതയാണ്. നമ്മുടെ ജീവിതം താറുമാറാകുമ്പോഴും നാം ആഗ്രഹിക്കുന്നത് മറ്റുള്ളവർ എങ്ങിനെ ജീവിക്കുന്നുവെന്നറിയാനാണ്. കഥാസാഹിത്യത്തിന്റെ തുടക്കവും അതിനെ വളർത്തിക്കൊണ്ടുവന്ന പ്രേരകശക്തിയും മനുഷ്യന്റെ ഈ സ്വഭാവമാണ്. പൗരാണിക കാലത്ത്, മനുഷ്യൻ ഗുഹകളിൽ താമസമാക്കുകയും അന്യോന്യം സംവദിക്കാനുള്ള ശേഷി കൈവരിക്കുകയും ചെയ്ത കാലത്തേ കഥകളുണ്ടായിരുന്നു. ദേശാടനം കഴിഞ്ഞെത്തിയ ഒരാൾ തിരിച്ചെത്തി, രാത്രി ഗുഹാമുഖത്ത് തീയിട്ട് അതിനു ചുറ്റും കൂടിയിരുന്നവർ അയാൾ കണ്ട ദേശങ്ങളെപ്പറ്റി, മനുഷ്യരെപ്പറ്റി, അവരുടെ ജീവിത രീതികളെപ്പറ്റി, താൻ നേരിട്ട ആക്രമണങ്ങളിൽനിന്ന് രക്ഷ പ്രാപിച്ചു വന്നതിനെപ്പറ്റിയെല്ലാമുള്ള കഥകൾ കേട്ടിരുന്നിട്ടുണ്ടാകണം. ചിത്രകലയുടെ തുടക്കവും ഇങ്ങനെത്തന്നെയാകണം. കണ്ട കാഴ്ചകളെപ്പറ്റി, മൃഗങ്ങളെപ്പറ്റി, അവയോട് പൊരുതുന്ന പ്രാകൃത മനുഷ്യരെപ്പറ്റിയെല്ലാം പറയുമ്പോൾ

വാക്കുകൾ മതിയാവാഞ്ഞ് അയാൾ യാത്രയിൽ കണ്ടെത്തിയ ചുണ്ണാമ്പു കഷ്ണങ്ങളുപയോഗിച്ച് ഗുഹയുടെ ചുമരുകളിൽ വരച്ചിട്ട ചിത്രങ്ങളായിരിക്കണം ചിത്രകലയുടെ തുടക്കം.

നേരത്തെ പറഞ്ഞ അതിഥികൾ നമ്മുടെ വീട്ടിലല്ല വരുന്നത് മറിച്ച് നമ്മുടെ ഉള്ളിലാണ്. ഞാൻ ഏതെങ്കിലും കാലത്ത് കണ്ട ഒരു സംഭവമോ, ഒരു നിറമോ, ഗന്ധമോ അല്ലെങ്കിൽ നാദമോ വീണ്ടും കാണാനിടയാകുമ്പോൾ, അല്ലെങ്കിൽ അനുഭവിക്കാനിടയാകുമ്പോൾ ഞാനറിയാതെത്തന്നെ എന്റെ മനസ്സിൽ കടന്നുകൂടുന്ന കഥാപാത്രങ്ങളായിരിക്കണം അവർ. എന്റെ മനസ്സിൽ അവർ ജീവിക്കാൻ തുടങ്ങുകയാണ്. നമ്മുടെ അബോധമനസ്സ് അതിനിടയിൽ ഭാവനയുടെ ചായങ്ങൾ ചാലിച്ച് അവയ്ക്ക് രൂപവും ഭാവവും നൽകിയിട്ടുണ്ടാകും. ഇനി ഞാൻ പറയാൻ പോകുന്നത് എഴുത്തുകാരൻ അറിയാതെ അബോധമനസ്സിൽ സംഭവിക്കുന്ന ചില പ്രക്രിയകളാണ്. അതെന്താണെന്ന് മുഴുവനും നമുക്കറിയില്ല. നമ്മുടെ മുമ്പിൽ കാണുന്ന ആ കഥാപാത്രങ്ങളുടെ ജീവിതം നമുക്ക് നിയന്ത്രിക്കാനാവുന്നില്ല. അവർ അവരുടെ ഇച്ഛക്കനുസരിച്ച് ജീവിക്കുകയാണ്. ഇത് ഒരു കഥയുടെ തുടക്കമാണ്. എനിക്ക് കഥാപാത്രങ്ങളെ കിട്ടി, അവരുടെ ജീവിതശൈലി കിട്ടി. ഇനി കഥ എങ്ങിനെയുണ്ടാകുന്നു? ഞാൻ വിചാരിക്കും ഈ കഥാപാത്രങ്ങളുടെ ജീവിതം കഥയാക്കാൻ പാകത്തിൽ മാറ്റം വരുത്താമെന്ന്. ഞാൻ എഴുതാൻ തുടങ്ങുന്നു. തൂലിക എടുക്കുന്നുവെന്ന് ഇനിയുള്ള കാലത്ത് പറയാൻ കഴിയില്ല. മിക്കവരും എഴുതുന്നത് കീബോർഡുപയോഗിച്ച് കമ്പ്യൂട്ടറിലാണ്.

അവർ വളരെ സ്വാഭാവികമായ ഒരു ജീവിതമാണ് നയിക്കുന്നത്. അതിൽ അസാധാരണകളുണ്ടാവാം, സ്നേഹം, വെറുപ്പ്, വിശ്വാസം, വിശ്വാസലംഘനം എല്ലാമുണ്ടാകും. അതവരുടെ ജീവിതമാണ്. എന്താണ് എനിക്കു മനസ്സിലാവുന്നത്? നമ്മുടെയൊക്കെ ജീവിതം പോലെ ആ കഥാപാത്രങ്ങളുടെ ജീവിതവും വിധിയെന്ന നിയന്താവ് വരച്ചുവെച്ച പോലെയാണ് വരുന്നത്. ഞാൻ ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ പ്രവർത്തന രീതിയോ, സ്വഭാവമോ മാറ്റാൻ ശ്രമിച്ചാൽ അതു മുഴച്ചു നിൽക്കും, കഥയെഴുത്തുതന്നെ നിന്നുവെന്നു വരും. ഓരോ ജീവിതത്തിനും ഒരു നിശ്ചിത പാതയുണ്ട് എന്നാണ് എന്റെ അനുഭവം. അതാകട്ടെ വളരെയധികം ശാസ്ത്രീയവുമാകണം എന്നാണ് എനിക്കു തോന്നുന്നത്. പ്രപഞ്ചത്തിലെ എല്ലാ ചലനങ്ങളും ഭൗതികമായി വിവരിക്കാമെങ്കിൽ ഒരു നിസ്സാര ജീവിയായ മനുഷ്യന്റെ ചലനങ്ങളും ചിന്താസരണികളും എന്തുകൊണ്ട് ഭൗതികമായിക്കൂടാ? ശാസ്ത്രം അവിടേയ്ക്കെത്തുന്നേയുള്ളു.

എന്താണ് വിധി? പൊതുവേ വിധിയെ ദൈവത്തിന്റെ നടത്തിപ്പാണെന്ന് കരുതുന്നുണ്ട്. അങ്ങിനെയല്ല എന്നാണ് എന്റെ അഭിപ്രായം. (ഞാൻ ദൈവത്തിൽ വിശ്വാസിക്കാതിരിക്കാൻ മാത്രം ശാസ്ത്രതല്പരനാണ്.) വിധി, ഭാഗ്യം എന്നിവയെല്ലാം ഒന്നുകിൽ നമ്മുടെ ഡി.എൻ.എയുടെ ഒരു ഘടകമാണ് അല്ലെങ്കിൽ കണികാസിദ്ധാന്തത്തിലെ രണ്ടു കണങ്ങളാണ്. നമ്മുടെ ഒരു സെൽ എന്നു പറയുന്നത് ക്വാണ്ടം തിയറിയിൽ പറയുന്ന നിരവധി കണങ്ങൾ (പാർട്ടിക്കിൾ) കൂടിയതാവണം എന്നാണ് ഏറ്റവും പുതിയ നിഗമനം.

അപ്പോൾ അതിനോടനുബന്ധിച്ച വിധി, ഭാഗ്യം എന്നിവയും കണികാസിദ്ധാന്തവുമായി ബന്ധപ്പെട്ടതാകാം. മുൻകൂറായി വളരെ ചിട്ടപ്പെടുത്തിയ ജീവിതമുള്ള ഒരു കഥാപാത്രത്തിന്റെ ഗതിയോ, സ്വഭാവമോ മാറ്റാൻ ശ്രമിച്ചാൽ അതു മുഴച്ചു നിൽക്കും, കഥയെഴുത്തുതന്നെ നിന്നുവെന്നു വരും. ഓരോ ജീവിതത്തിനും ഒരു നിശ്ചിത പാതയുണ്ട് എന്നാണ് എന്റെ അനുഭവം. അതാകട്ടെ വളരെയധികം ശാസ്ത്രീയവുമാകണം എന്നാണ് എനിക്കു തോന്നുന്നത്. ഈ വഴിയ്ക്ക് ശാസ്ത്രം എന്നെങ്കിലും സഞ്ചരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, എന്റെ മനസ്സിൽ കടന്നുകൂടി സ്വതന്ത്രമായി ഒരു ജീവിതം നയിക്കുന്ന കഥാപാത്രങ്ങളെ മാറ്റങ്ങളൊന്നുമില്ലാതെ അവതരിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നത്. ഓരോ കഥാപാത്രത്തിനും അവന്റെ അല്ലെങ്കിൽ അവളുടെ അഭിപ്രായങ്ങളുണ്ട്, വികാരങ്ങളുണ്ട്, പരിഗണനകളുണ്ട്, ഇഷ്ടാനിഷ്ടങ്ങളുണ്ട്. ഒരു കഥാകൃത്തിന് അതിൽ കയറി ഒന്നും തന്നെ മാറ്റാൻ കഴിയില്ല. ഇത് എന്റെ അനുഭവമാണ്. ഇങ്ങിനെയല്ലാത്ത കഥാകൃത്തുക്കളുമുണ്ടാകും. അതായത് കഥാപാത്രങ്ങളെ അവരുടെ വഴിയ്ക്കു പോകാനനുവദിക്കാതെ അയാൾ നിർണ്ണിയിക്കുന്ന പോലെ കൊണ്ടു വരിക.

ഒരു കഥയെഴുതി പൂർത്തിയായാൽ പിന്നെ രണ്ടോ മൂന്നോ ദിവസത്തേയ്ക്ക് അല്ലെങ്കിൽ ഒരാഴ്ചത്തേയ്ക്ക് അതിനെപ്പറ്റി മറക്കുകയാണ് വേണ്ടത്. പിന്നെ അതെടുത്ത് തിരുത്തലുകൾ, ഭാഷ നന്നാക്കാനുള്ള പ്രയോഗങ്ങൾ ഇതെല്ലാം ചെയ്യുന്നു. അതോടെ ആ കഥാപാത്രങ്ങൾ എന്റെ മനസ്സിലുള്ള വാസം നിർത്തി വായനക്കാരന്റെ മനസ്സിലേയ്ക്ക് കുടിയേറുന്നു.

BACK TO INDEX

# മാതൃഭൂമി നിരസിച്ച കഥ

സംഭവം നടന്നത് തൊള്ളായിരത്തി എൺപത്തേഴിലാണ്. ഒക്ടോബർ മാസത്തിലാണെന്നാണോർമ്മ. ഒരു കഥ മാതൃഭൂമിയ്ക്കച്ചുകൊടുത്തു. സാധാരണ മൂന്നാഴ്ചക്കുള്ളിൽ കഥ പ്രസിദ്ധീകരിച്ചുകാണാറുണ്ട്. എം.ടി.യുടെ മറുപടി എന്തായാലും കിട്ടാറുണ്ട്. അതുമുണ്ടായില്ല. ഒരു മാസം കഴിഞ്ഞു, രണ്ടു മാസം കഴിഞ്ഞു. അസ്വസ്ഥമായ കാത്തിരിപ്പ്. ആ കഥ പ്രസിദ്ധീകരിച്ചു കണ്ടില്ലെന്നതല്ല പ്രശ്നം. അതു മറ്റൊരു വാരികയ്ക്ക് അയക്കാൻ പറ്റില്ലല്ലൊ. ഒരു കഥ രണ്ടു വാരികകളിൽ ഒരേ സമയം പ്രസിദ്ധപ്പെടുത്തിവന്ന കാര്യം ചില എഴുത്തുകാർ പറയുന്നത് കേട്ടിട്ടുണ്ട്. അതു രണ്ടാം തരമായതുകൊണ്ട് ഞാനതു ചെയ്തില്ല. അതിനിടയ്ക്കാണ് ഞാനറിഞ്ഞത് മാതൃഭൂമിയിൽ വളരെയധികം മാറ്റങ്ങൾ സംഭവിക്കുകയാണെന്നും എം.ടി. ആ സ്ഥാപനം വിട്ടെന്നും. പകരമാരാണ് വന്നതെന്നുമറിയില്ല. സാഹിത്യലോകത്തെ ഹൂയീസ്ഹൂ എനിക്ക് അന്നും ഇന്നും അപരിചിതമാണ്. ഞാൻ വെറും പത്രാധിപർ എന്ന പേരിൽ ഒരു കത്തെഴുതി. ഇങ്ങിനെ ഒരു കഥ അയച്ചിരുന്നു, അതു പ്രസിദ്ധീകരിക്കാൻ താല്പര്യമില്ലെങ്കിൽ തിരിച്ചയക്കണമെന്ന് പറഞ്ഞുകൊണ്ട്. മറുപടിയില്ല. രണ്ടാമതൊരു കത്തെഴുതിയതിനും മറുപടിയില്ലെന്നു കണ്ടപ്പോൾ ഞാൻ അന്ന് ദിനപത്രം നോക്കിയിരുന്ന ശ്രീ ശ്രീധരൻ നായർക്ക് എഴുതി. എം.ടി. മാറിയതിനു ശേഷം അദ്ദേഹമാണ് ആഴ്ചപ്പതിപ്പ് നോക്കുന്നതെന്നാരോ പറഞ്ഞറിഞ്ഞു. ആ കത്തിനും മറുപടിയുണ്ടായില്ല. എന്റെ കത്ത് മറുപടി അർഹിക്കുന്നതാണെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാവില്ല. വീണ്ടും അസ്വസ്ഥമായ കാത്തിരിപ്പ്. ഒരു കത്തുകൂടി എഴുതി. ഇല്ല, മറുപടിയില്ല. പത്രാധിപരുടെ അഭാവത്തിൽ ആഴ്ചപ്പതിപ്പ് നോക്കിയിരുന്നത് ഒരു അസിസ്റ്റന്റ് എഡിറ്ററായിരുന്നു. എനിക്കദ്ദേഹത്തെ പരിചയമില്ല. പിന്നെ കത്തെഴുതിയത് വി.കെ. മാധവൻകുട്ടിക്കായിരുന്നു. അദ്ദേഹത്തെയും നേരിട്ടു പരിചയമില്ല. അല്പം പരിഭവിച്ചു കൊണ്ടാണ് എഴുതിയത്. മറുപടിയില്ല. വലിയ വലിയ ആളുകൾ. അവർക്കിതിനൊന്നും സമയമുണ്ടാവില്ല. ഇത് എന്റെ കഥയാണ്. എനിക്കു മാത്രമേ അതിനോടിഷ്ടമുണ്ടാവാൻ വഴിയുള്ളൂ, ചുരുങ്ങിയത് അത് പ്രസിദ്ധപ്പെടുത്തുന്നതുവരെയെങ്കിലും. പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഇഷ്ടപ്പെടേണ്ടത് വായനക്കാരാണ്. അപ്പോൾ, കിട്ടാത്ത മറുപടികളിൽ പരിഭവിച്ചിട്ടു കാര്യമില്ല.

അങ്ങിനെയിരിക്കുമ്പോഴാണ് വാർത്ത വന്നത്, ശ്രീ എൻ.വി. കൃഷ്ണവാരിയർ ആഴ്ചപ്പതിപ്പിന്റെ പത്രാധിപരാകുന്നു. ഇനി അദ്ദേഹത്തിനു കൂടിയേ കത്തെഴുതാനുള്ളൂ. അച്ഛന്റെ വളരെ അടുത്ത സ്നേഹിതനാണ്, വളരെ നല്ല മനുഷ്യനും. ഇത്രയും നല്ല ആ മനുഷ്യന്റെ മറുപടിയും കിട്ടിയില്ല എന്ന ഖേദം ഒഴിവാക്കുകയാണ് നല്ലതെന്നു തോന്നി മിണ്ടാതിരുന്നു. ഒരു മാസം കഴിഞ്ഞില്ല, അപ്പോഴാണ് മെയിലിൽ കഥ തിരിച്ചു കിട്ടുന്നത്. കഥ പ്രസിദ്ധീകരിക്കാൻ കഴിയാത്തതിലുള്ള വ്യസനം പ്രകടിപ്പിച്ചുകൊണ്ടെഴുതിയ ആ കത്ത് ഞാൻ കുറേ നേരം നോക്കിയിരുന്നു. തൊള്ളായിരത്തി അറുപത്തഞ്ചിലാണ് എന്റെ കഥ ആദ്യമായി മാതൃഭൂമിയിൽ വന്നത്. 'ഉണക്ക മരങ്ങൾ'.

അതിനുശേഷം വർഷത്തിലൊരിക്കൽ ഒരു കഥ മാത്രം എഴുതിയിരുന്ന എന്റെ കഥകൾ മാതൃഭൂമി പ്രസിദ്ധീകരിച്ചു. 'കൂറകൾ', 'പരുന്തുകൾ വട്ടം ചുറ്റു മ്പോൾ', 'ശിശിരം', 'നിനക്കുവേണ്ടി', 'മധുവിധു', തുടങ്ങിയവ. ഞാനയച്ചു കൊടുത്ത ഒരൊറ്റ കഥയും മാതൃഭൂമി തിരിച്ചയച്ചിട്ടില്ല. ഇപ്പോൾ ഇരുപത്തി രണ്ടു വർഷങ്ങൾക്കു ശേഷം അങ്ങിനെയൊരു യോഗവുമുണ്ടായി. വല്ലാതെ വിഷമം തോന്നി.

ഞാനാലോചിച്ചു. ഇതു ശരിയാവില്ല. ഞാനാ കഥയുമെടുത്ത് കോഴി ക്കോട്ടു പോയി, എൻ.വി. കൃഷ്ണവാരിയരെ കണ്ടു. അദ്ദേഹത്തിന്റെ മുമ്പി ലിരിക്കുമ്പോൾ ഞാൻ പഴയൊരു കഥയാണോർത്തത്. ഒരിക്കൽ അച്ഛന് വാരിയർ സാറിന്റെ ഫോണുണ്ടായിരുന്നു. അന്ന് പൊന്നാനിയിൽ ഉണ്ടായി രുന്നത് മൂന്ന് ടെലിഫോണുകൾ മാത്രം. അപ്പോൾ ഒരാളെ ഫോണിൽ കിട്ട ണമെങ്കിൽ പി.പി. കാൾ ചെയ്യണം. അതായത് പൊന്നാനി പോസ്റ്റാഫീസി ലേയ്ക്ക് ഫോൺ ചെയ്ത് ആരെയാണ് കിട്ടേണ്ടതെങ്കിൽ അവരുടെ പേരു പറയുക. അച്ഛൻ പോസ്റ്റോഫീസിലേയ്ക്കു പോയി. അവർ ശ്രീ. കൃഷ്ണ വാരിയറുമായി ബന്ധപ്പെടുത്തി. അച്ഛന് പക്ഷെ അദ്ദേഹം പറഞ്ഞതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. നേരിയ ശബ്ദം മാത്രം. കൃഷ്ണവാരിയർക്ക് കാര്യം മനസ്സിലായെന്നു തോന്നുന്നു. അദ്ദേഹം ഉറക്കെ പറഞ്ഞു. 'ഇടശ്ശേരി ഫോൺ തലതിരിച്ചാണ് പിടിച്ചിരിക്കുന്നത്.' ഫോൺ തിരിച്ചു പിടിച്ചപ്പോൾ നന്നായി കേൾക്കാനുണ്ട്. കവിത പെട്ടെന്നു കിട്ടിണമെന്നുള്ളതുകൊണ്ടാണ് കത്തെഴുതാൻ മെനക്കെടാതെ ഫോൺ വിളിച്ചതെന്ന് അദ്ദേഹം ക്ഷമാപ ണത്തോടെ പറഞ്ഞു.

ഞാൻ അദ്ദേഹത്തെ കാണാൻ വന്നതിന്റെ ഉദ്ദേശ്യം പറഞ്ഞു. എന്തു മാനദണ്ഡമാണ് കഥയെ തിരസ്കരിക്കാൻ ഉപയോഗിച്ചത് എന്നറിഞ്ഞാൽ കൊള്ളാമെന്നു വളരെ വിനയത്തോടെ ചോദിച്ചു. അദ്ദേഹം പറഞ്ഞു. 'ഞാനി വിടെ ചാർജ്ജെടുത്തപ്പോൾ കണ്ടത് വളരെയധികം കഥകളും, കവിതക ളും, ലേഖനങ്ങളും ഒന്നും ചെയ്യാതെ അടിഞ്ഞുകൂടിയിരിക്കുന്നതാണ്. ഞാൻ പത്രാധിപ സമിതിയിലെ ആൾക്കാരോട് പറഞ്ഞു. ഒന്നുകിൽ നിങ്ങളിതെല്ലാം ഓരോന്നായി പ്രസിദ്ധീകരിക്കുക. അല്ലെങ്കിൽ തിരിച്ചയക്കുക. വളരെ പഴയ സാഹിത്യകൃതികൾ പലതും ഒന്നും ചെയ്യാതെ കെട്ടിക്കിടക്കുകയായിരുന്നു. അങ്ങിനെ തിരിച്ചയച്ചതാവും.'

എന്റെ കയ്യെഴുത്തുപ്രതി വാങ്ങി അദ്ദേഹം വായിക്കാൻ തുടങ്ങി. എ-4 സൈസിൽ ഏകദേശം പത്തുപതിനഞ്ചു പേജുണ്ടാവും ആ കഥ. അതു മുഴുവൻ അദ്ദേഹം ഒറ്റയിരിപ്പിനു വായിച്ചു തീർത്തു. എനിക്കദ്ഭുതവും വള രെയധികം ബഹുമാനവും ആ നിമിഷത്തിൽ അദ്ദേഹത്തോടു തോന്നി. കഥ വായിച്ച ശേഷം എന്നോട് ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഇത് തിരസ്കരിക്കേണ്ട കഥയല്ല. നല്ല കഥയാണ്. ഏതായാലും ഇത്രയും വൈകിയില്ലെ, ഇനി കുറ ച്ചുകൂടി കാത്ത് നമുക്കിത് ഓണപ്പതിപ്പിനു കൊടുക്കാം. എന്താ പോരെ?'

എനിക്ക് വളരെയധികം സന്തോഷം തോന്നി. തിരസ്കാരത്തിന്റെ ചുവ വായിൽനിന്ന് പോയി അവിടെ ഒരു മഹാകവിയുടെ വാക്കുകളുടെ മധുരം.

1988ലെ ഓണപ്പതിപ്പിൽ വന്ന ആ കഥ എതാണെന്നോ? 'ഡോക്ടർ ഗുറാമിയുടെ ആശുപത്രി'. വായിച്ചവർ അഭിപ്രായം പറയട്ടെ.

BACK TO INDEX

# 'ആസക്തിയുടെ അഗ്നിനാളങ്ങ'ളെപ്പറ്റി ഒരു വായനക്കാരി പറഞ്ഞത്.

ഭൂമിയുടെ മറുഭാഗത്തുനിന്ന് ജേക്കബ് തോമസിന്റെ ഫോൺ വരും. മാസത്തിലൊരിക്കൽ, അല്ലെങ്കിൽ കൂടുതൽ തവണ. കഥകളെപ്പറ്റിയായിരിക്കും സംസാരം. ഒന്നുകിൽ ജേക്കബ് എഴുതിയ കവിതയെപ്പറ്റിയോ കഥയെപ്പറ്റിയോ അല്ലെങ്കിൽ റീനിയുടെ കഥകളെപ്പറ്റിയോ അതുമല്ലെങ്കിൽ ഞാൻ അടുത്ത് അയച്ചുകൊടുത്ത എന്റെ കഥയെപ്പറ്റിയോ ആയിരിക്കും സംസാരിക്കുക. എന്റെ കഥ ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ വന്നിട്ടുണ്ടെങ്കിൽ അത് അവർക്കയച്ചുകൊടുക്കണം. ഇമെയിലായി അയക്കാൻ സൗകര്യമുള്ളതുകൊണ്ട് എളുപ്പം അയച്ചുകൊടുക്കും. അതു വായിച്ച ഉടനെ അതിനെപ്പറ്റിയുള്ള അഭിപ്രായങ്ങളും അറിയിക്കും. ഇടയ്ക്ക് ജേക്കബ് നാട്ടിലേയ്ക്കു വരുമ്പോൾ മറ്റു പല മലയാള പ്രസിദ്ധീകരണങ്ങൾക്കൊപ്പം എന്റെ പുസ്തകങ്ങളും വാങ്ങി കൊണ്ടുപോകാറുണ്ട്. നേരിട്ട് ഓൺലൈൻ ബുക്സ്റ്റോറായ ഇന്ദുലേഖ ഡോട് കോം വഴിയ്ക്കും വാങ്ങാറുണ്ട്. ഒരിക്കൽ വാങ്ങിയ പുസ്തകങ്ങളിലൊന്ന് എന്റെ 'ആസക്തിയുടെ അഗ്നിനാളങ്ങൾ' എന്ന നോവലായിരുന്നു. ആ നോവൽ റീനിയ്ക്കാണ് കൂടുതൽ ഇഷ്ടമായത്. അവളത് മൂന്നു വട്ടം വായിച്ചെന്നു പറഞ്ഞു. വെറും വായിക്കലല്ല, ശ്രദ്ധയോടു കൂടിയുള്ള വായനതന്നെ. ഒരു പക്ഷെ ഈ നോവൽ മൂന്നു വട്ടം വായിച്ച രണ്ടാമത്തെ വായനക്കാരൻ/വായനക്കാരി റീനിയായിരിക്കും. ആദ്യത്തേത് അതിന്റെ കർത്താവു തന്നെ. അങ്ങേരാകട്ടെ മൂന്നല്ല മുപ്പതു തവണയിലധികം അതു വായിച്ചിട്ടുണ്ട്. ഒരിക്കൽ ഫോണിൽ സംസാരിക്കുമ്പോൾ ജേക്കബ് പറഞ്ഞു, 'ഇതാ റീനിയ്ക്ക് ആസക്തിയുടെ അഗ്നിനാളങ്ങളെപ്പറ്റി എന്തോ സംസാരിക്കാനുണ്ടത്രേ. മൂപ്പത്യാരത് മൂന്നു പ്രാവശ്യം വായിച്ചു, ഇപ്പോൾ നാലാമത്തെ തവണ വായിക്കാനെടുത്തിരിക്ക്യാണ്. എന്തോ സംശയണ്ട്ന്ന്.'

ഞാൻ കുറച്ച് ജാഗ്രതയിലിരുന്നു. ഇനി റീനി എന്തൊക്കെയാണാവോ ചോദിക്കുക. എന്റെ കഥകളെപ്പറ്റി ആരെങ്കിലും സംസാരിക്കുമ്പോൾ ഞാനൊരു വിഷമഘട്ടത്തിലാവാറുണ്ട്. പലപ്പോഴും മറുപടി അറിയാമെങ്കിലും അത് പറയാൻ പറ്റാത്ത പരുവത്തിലായിരിക്കും. റീനി സംസാരിക്കുകയായിരുന്നു.

'ഹരിയേട്ടാ....'

റീനി ചോദിച്ചതെന്താണെന്നു എഴുതും മുമ്പ് ഞാനൊരു കാര്യം പറയാം. ആദ്യമായി ഒരെഴുത്തുകാരനെയോ എഴുത്തുകാരിയെയോ പരിചയപ്പെടുമ്പോൾ ഞാൻ ഹരിയേട്ടൻ എന്നു പറഞ്ഞാണ് പരിചയപ്പെടുക. കാരണമെന്തെന്നാൽ 'അപ്പൂപ്പാ....' എന്ന വിളി ഒഴിവാക്കാൻ പറ്റിയ എറ്റവും നല്ല മാർഗ്ഗമായി കണ്ടതാണിത്. വളരെ ചെറുപ്പക്കാരായ എഴുത്തുകാരെയും മറ്റ് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെയും (അതായത് ഇരുപത്തഞ്ചു, മുപ്പതു വയസ്സിനു താഴെ) പരിചയപ്പെടുമ്പോൾ 'ഹരി

മാമ' എന്നു വിളിക്കാൻ ആവശ്യപ്പെടും. കൈരളിയുടെ മാമ്പഴം പരിപാടിയിൽ ഇടശ്ശേരിക്കവിതകൾ ആലപിച്ച കുട്ടികൾ എന്നെ അങ്ങിനെയാണ് വിളിക്കുക. കേൾക്കാൻ സുഖമുണ്ട്. 'സാർ' എന്ന വിളിയേക്കാൾ കൂടുതൽ അടുപ്പം ഈ രണ്ടു സംബോധനകളോടാണ്.

'ആസക്തിയുടെ അഗ്നിനാളങ്ങൾ' എന്ന നോവലിൽ വളരെ വിചിത്രമായ പ്രതിഭാസങ്ങൾ അടങ്ങിയിട്ടുണ്ട്. മലമുകളിൽ യമദേവന്റെ അമ്പലത്തിനടിയിൽ പ്രതിഷ്ഠാസമയത്ത് സ്ഥാപിച്ചിട്ടുള്ള യന്ത്രത്തിന്റെ (എഞ്ചിൻ എന്നു പറയുന്നതല്ല കേട്ടോ ഇത്, ഈ യന്ത്രം താന്ത്രിക വിദ്യയുടേതാണ്) ശക്തമായ കാന്തിക പ്രസരണം, ആകാശത്ത് പറക്കുമ്പോൾ പെട്ടെന്ന് അപ്രത്യക്ഷമാകുന്ന പക്ഷികൾ, സമയം തകിടം മറിയുന്നുവെന്ന പ്രതീതിയുണ്ടാക്കാൻ പര്യാപ്തമായ പാറക്കെട്ടുകൾ, അവയ്ക്കിടയിൽ പുനർജനിയുടെ ശ്രോതസ്സ്, സമയത്തിന് വിള്ളൽ സംഭവിക്കുന്നത്, പുനർജനനം, അങ്ങിനെ കുറേ പ്രകൃത്യാതീതമായ പ്രതിഭാസങ്ങൾ. ഇതൊക്കെ അടങ്ങിയ ഒരു നോവൽ വീണ്ടും വീണ്ടും വായിക്കണമെങ്കിൽ, അത് ഉൾക്കൊള്ളണമെങ്കിൽ അപാരമായ ബുദ്ധി വേണം. റീനിയ്ക്കതുള്ളതുകൊണ്ടാണതുൾക്കൊള്ളാൻ കഴിഞ്ഞത്, മികച്ച കഥകളെഴുതുവാനും കഴിയുന്നത്. അവൾക്കറിയേണ്ടത് എന്താണ് ഈ കഥാപാത്രങ്ങൾതമ്മിലുള്ള ബന്ധം എന്നതാണ്, പ്രത്യേകിച്ചും സരളയും ജ്ഞാനാനന്ദനും ആനന്ദഗുരുവും തമ്മിലുള്ള ബന്ധം. അവർ തമ്മിലുള്ള ബന്ധത്തെപ്പറ്റി അവൾ ഒരനുമാനത്തിലെത്തിക്കഴിഞ്ഞിരുന്നു, പക്ഷെ എന്നോടതു പറയില്ല, കാരണം അവൾ കൂട്ടിച്ചേർത്ത ചിത്രത്തിൽ കുറെ ഭാഗങ്ങൾ ഒഴിഞ്ഞു കിടക്കുകയാണ്. കഷ്ണങ്ങൾ മുഴുവനുമില്ലാത്തതുകൊണ്ട് യോജിപ്പിച്ച് ചിത്രമാക്കാൻ പറ്റാതിരുന്ന ജിഗ്സോ പസ്ൽ പോലെ. ഞാൻ ശരിക്കും വിഷമിച്ചു. എല്ലാം വിവരിക്കുകയെന്നതിനർത്ഥം ഒരു വായനക്കാരിയുടെ ആസ്വാദനക്ഷമത ഒരു പരിധിവരെ നശിപ്പിക്കുകയെന്നാണ്. ഒരു എഴുത്തുകാരൻ സ്വന്തം കൃതിയുടെ കാതലായ വശം ഒരിക്കലും പുറത്തു വിടരുത്. അതൊരു ട്രേഡ് സീക്രറ്റാണ്. കഥ വായിക്കുമ്പോൾ ഓരോ വായനക്കാരനും വ്യത്യസ്തമായ കഥകളുണ്ടാക്കുകയാണ് ചെയ്യുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. നൂറു വായനക്കാരൻ നൂറു കഥകളുണ്ടാക്കുന്നു. മറിച്ച് എഴുത്തുകാരൻ സഹായത്തിനു ചെന്നാൽ എല്ലാ വായനക്കാരും ഒരു കഥ മാത്രമാണ് വായിക്കുന്നത്, മനസ്സിൽ കഥയുണ്ടാക്കുന്നുമില്ല. ആദ്യത്തെ വായനക്കാരനായാലും നൂറാമത്തെ വായനക്കാരനായാലും. അതൊരു നഷ്ടമല്ലെ? പിന്നെ താൻ എന്തിനാണ് 'എന്റെ സ്ത്രീകൾ' എന്ന സ്ത്രീപക്ഷ സമാഹാരത്തിൽ തൊണ്ണൂറ് പേജ് സ്വന്തം കഥകളെപ്പറ്റി പറയാൻ ചെലവാക്കിയത്? എന്ന ചോദ്യം വരാം. ആ പുസ്തകത്തിൽ കഥകളുടെ കാതൽ പറഞ്ഞുകൊടുക്കുകയല്ല ചെയ്തത്, മറിച്ച് പല കഥകളുടെയും പശ്ചാത്തലവും അതിലെ കഥാപാത്രങ്ങളെ പിന്നീട് കണ്ടപ്പോഴുണ്ടായ അനുഭവങ്ങളും മറ്റും വിവരിക്കുകയാണ്. ഇതെല്ലാം അറിയുമ്പോൾ ആസ്വാദനത്തിന് കൂടുതൽ മാധുര്യമുണ്ടാകും. പിന്നെ ഒരു ലേഖനം എന്റെ ജാതകം ഞാനറിയാതെത്തന്നെ ആകസ്മികമായി എന്റെ ജീവിതത്തിന്റെ തിരക്കഥയായതിനെപ്പറ്റിയാണ്.

അപ്പോൾ, എന്റെ മറുപടിയ്ക്കു വേണ്ടി ഫോണിന്റെ മറുവശത്ത് റീനി കാത്തിരിക്കയാണ്. അവളുടെ ചോദ്യം നോവലിന്റെ അവസാനഭാഗത്തെപ്പറ്റിയാണ്.

*"ആളിക്കത്തുന്ന ഹോമകുണ്ഡത്തിനുമപ്പുറത്ത് മലനിരകൾ ഇരുട്ടിലാണ്ടു. എന്തുകൊണ്ടോ ആനന്ദഗുരു, വേലപ്പസ്വാമികളുടെ ദാരുണമായ പ്രവചനങ്ങൾ ഓർത്തു. ഗുരു ക്ഷീണിച്ചിരുന്നു. ഹോമകുണ്ഡത്തിലേയ്ക്കു നോക്കാൻ അദ്ദേഹം ഭയപ്പെട്ടു. ഉയർന്നുപൊങ്ങുന്ന തീജ്വാലകൾ എന്തോ പറയാൻ വെമ്പുന്നപോലെ.*

*ഒരു നടുക്കത്തിന്റെ തീക്ഷ്ണതയോടെ, അവിശ്വസനീയമായ തെളിമയോടെ തരംഗങ്ങളായി വെളിപാടുകൾ വന്നുതുടങ്ങി. ജീവിതത്തിൽ രണ്ടാമതൊരു ദുരന്തത്തിന്റെ പീഡനം ഏറ്റുവാങ്ങാൻ തയ്യാറായി ഗുരു ഇരുന്നു."*

'എന്താണ് ഗുരുവിന് ഹോമകുണ്ഡത്തിലെ അഗ്നിനാളങ്ങളിലൂടെ ലഭിച്ച വെളിപാടുകൾ? എന്താണ് ആദ്യത്തെ ദുരന്തം?' അതാണ് റീനിയുടെ ചോദ്യങ്ങൾ.

നല്ല കാര്യായി! അതിൽ എല്ലാമടങ്ങിയിട്ടുള്ളതിനാൽ അതിനെപ്പറ്റി പറയാൻ എനിയ്ക്ക് താല്പര്യമുണ്ടായിരുന്നില്ല. ആദ്യത്തെ പ്രാവശ്യം എന്തോ ഒഴിവുകഴിവു പറഞ്ഞ് ഞാൻ തടിതപ്പി. പിന്നീട് മാസങ്ങൾക്കുശേഷം വീണ്ടും റീനി ഈ ആവശ്യം പുറത്തെടുത്തപ്പോൾ ഞാൻ അവിടെയും ഇവിടെയും തൊടാതെ അങ്ങിനെയാവാം അല്ലെങ്കിൽ ഇങ്ങിനെയാവാം എന്നൊക്കെ കുറെ വിവരിച്ചു കൊടുത്തു. അതുകൊണ്ടവൾ തൃപ്തയായോ എന്നറിയില്ല, പക്ഷെ ഇന്നും എനിയ്ക്കു തോന്നുന്നത് ഞാൻ ഒന്നും പറയാൻ പാടില്ലായിരുന്നു എന്നാണ്. ഇപ്പോൾ ആ നോവലിനെപ്പറ്റി റീനിയുടെ മനസ്സിലുള്ള ചിത്രം എന്താണ് എന്നെനിക്കറിയില്ല.

ഈ നോവൽ വായിച്ചപ്പോൾ എറണാകുളത്തുള്ള എന്റെ സ്നേഹിതൻ ടി.കെ. സദാശിവൻ പറയുകയുണ്ടായി. 'നോവൽ നന്നായിട്ടുണ്ട്, പക്ഷെ ടൈം വാർപ്പിനെപ്പറ്റിയും മറ്റും ഇത്രയും വിശദീകരിക്കേണ്ട ആവശ്യമില്ലായിരുന്നു.' എന്നായിരുന്നു. നോവലിൽ സരളയ്ക്ക് അവളുടെ പ്രശ്നങ്ങളുടെ കാരണം സമയത്തിലുണ്ടായ വിള്ളലാകാമെന്നു ചെറുപ്പക്കാരനായ സന്യാസി ജ്ഞാനാനന്ദൻ പറഞ്ഞിരുന്നു. സദാശിവൻ കുറേയൊക്കെ അബ്സ്ട്രാക്ഷന്റെ ആളായിരുന്നു. എന്നാൽ ഒരു പരിധിവരെ മാത്രമെ അബ്സ്ട്രാക്ഷൻ ആകാവൂ എന്ന അഭിപ്രായക്കാരനാണ് ഞാൻ. വല്ലാതെ അമൂർത്തമായാൽ വായനക്കാർ പുസ്തകം അടച്ചുവച്ച് പുറം തിരിഞ്ഞു പോകും.

ഈ പുസ്തകത്തിന് വളരെ നല്ല റിവ്യൂകൾ ലഭിച്ചിട്ടുണ്ട്, പ്രത്യേകിച്ച് പ്രൊഫ. എം. കെ. സാനു (കുങ്കുമം വാരിക) ശ്രീ. കെ. കുഞ്ഞികൃഷ്ണൻ (മാതൃഭൂമി ആഴ്ചപ്പതിപ്പ്) ശ്രീ. പി. കൃഷ്ണവാരിയർ (സമകാലിക മലയാളം) എന്നിവരിൽ നിന്ന്. അവർക്കും വളരെ നന്ദി ഇവിടെ പ്രകടിപ്പിക്കട്ടെ.

BACK TO INDEX

# കൊച്ചമ്പ്രാട്ടി എന്ന നോവലിന്റെ ആമുഖം

തൊള്ളായിരത്തി അമ്പതുകളുടെ മധ്യംതൊട്ട് അറുപതുകളുടെ അന്ത്യം വരെയുള്ള ഒരു കാലഘട്ടമാണ് 'കൊച്ചമ്പ്രാട്ടി' എന്ന ഈ നോവലിന്റെ പശ്ചാത്തലം.

ഏറെ പുതുമ അനുഭവപ്പെടുന്ന ഒരു ആഖ്യാനരീതിയാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. അധികവും കഥാപാത്രങ്ങളുടെ മനസ്സിലൂടെ നോവൽ പുരോഗമിക്കുന്നു. എഴുത്തുകാരൻ നേരിട്ട് ഇടപെടുന്ന അപൂർവ്വ സന്ദർഭങ്ങളേയുള്ളൂ. എന്നാൽ ഒരു കഥാപാത്രത്തിന്റെ മാത്രം മനസ്സിലൂടെ സഞ്ചരിക്കാതെ ഒരു പഴുത് കിട്ടുമ്പോൾ മറ്റൊരു കഥാപാത്രം ചാടിവീഴുകയും പിന്നെ അവളുടെ അല്ലെങ്കിൽ അയാളുടെ മനസ്സിലൂടെ നോവൽ യാത്ര തുടരുകയും ചെയ്യുന്നു. വായനക്കാർക്ക് ഒട്ടും വിരസത അനുഭവപ്പെടാത്ത ഒരു ആഖ്യാനരീതി വേണമെന്ന് എനിക്കു നിർബ്ബന്ധമുണ്ടായിരുന്നു. അധികം പേർ ഈ രീതിയിൽ എഴുതിയിട്ടില്ലെന്നാണ് എന്റെ അറിവ്.

രചനയിൽ പ്രത്യേകതയായി ഞാൻ അവലംബിച്ചിട്ടുള്ള രീതി ഒരു ചെറിയ കാലയളവിലെ സംഭവങ്ങൾ വിശദമായി പറയുകയും, അതിനിടയ്ക്ക് കഴിഞ്ഞുപോകുന്ന ഒരു നീണ്ട കാലത്തെ സംഭവങ്ങൾ പലരുടെയും ഓർമ്മയിൽനിന്ന് പകർത്തുകയുമാണ്. സ്വാഭാവികമായും ആ കാലത്തെ സംഭവങ്ങൾക്ക് മൂർച്ച കുറയും. അത് ഞാൻ ഉദ്ദേശിച്ചതുതന്നെയാണ്. ഈ നോവലിലെ, ഓർമ്മയിൽനിന്ന് പലതും നഷ്ടപ്പെട്ടുപോയ ഒരു കഥാപാത്രത്തിന്റെ ഭാഷയിൽ പറഞ്ഞാൽ പലയിടത്തും പൊളിഞ്ഞു കിടക്കുന്ന ഒരു വേലിപോലെയാണ് ഇതിന്റെ രചനാതന്ത്രവും. വേലിയുള്ളിടത്ത് വളരെ സ്പഷ്ടമായ ചിത്രങ്ങൾ കാലത്തിന്റെ വേലി പൊളി ഞ്ഞു കിടക്കുന്നിടത്തെത്തുമ്പോൾ അവ്യക്തവും ഒരു പരിധിവരെ അമൂർത്തവുമാകുന്നു. നോവലിലെ ഭാഷ ഉപയോഗിച്ചാൽ, 'കയറഴിച്ചുവിട്ട പശുക്കളെപ്പോലെ ഓർമ്മകൾ ഓടിരക്ഷപ്പെട്ടിരിക്കുന്നു.'

### നോവലിന്റെ പശ്ചാത്തലം

അനാവശ്യവും സുദീർഘങ്ങളുമായ വർണ്ണനകളും വിശേഷണങ്ങളും ചില പ്രത്യേക മുഹൂർത്തങ്ങളെ വായനക്കാരിലേയ്ക്ക് എത്തിക്കാനുള്ള വ്യഗ്രതയിൽ കുത്തിനിറയ്ക്കുന്ന വിരസങ്ങളായ വിവരണങ്ങളും വളരെ അരോചകമായി എനിക്കു തോന്നാറുണ്ട്. അങ്ങിനെയുള്ള നോവലുകളിൽ ഖണ്ഡികകൾ തന്നെ ഒഴിവാക്കി വായിച്ചാലും വായനക്കാരന് നഷ്ടമൊന്നും ഉണ്ടാവാൻ പോകുന്നില്ല. ആ തരത്തിലുള്ള 'സാഹിത്യം' ഞാൻ ഒഴിവാക്കിയിട്ടുണ്ട്. ഏതാനും വരകളിൽ ഒരു ചിത്രത്തിന്റെ ആത്മാവ് ദൃശ്യമാകുന്നില്ലെങ്കിൽ ആ ചിത്രകാരൻ ഒരു പരാജയമാണ്. അതുപോലെത്തന്നെയാണ്

സാഹിത്യത്തിലും. ഒന്നോ രണ്ടോ വാക്കുകളിൽ അല്ലെങ്കിൽ വാക്യത്തിൽ വായനക്കാരന്റെ മനസ്സിൽ ചിത്രമുണ്ടാക്കാൻ കഴിയണം. അങ്ങിനെയാണ് ഈ നോവലിന്റെ രചന നിർവ്വഹിച്ചിട്ടുള്ളത്. അതുകൊണ്ട് തുടർച്ചയായ, താളം തെറ്റാത്ത വായന സാദ്ധ്യമാണ്. ഒന്നും ഒഴിവാക്കേണ്ടി വരില്ലെന്നർത്ഥം.

ഒരു കാലത്ത് പ്രബലമായിരുന്ന നായർ സമുദായത്തിന്റെ പടിപടിയായിട്ടുണ്ടായ അധഃപതനവും താഴെ നിന്നിരുന്ന സമുദായങ്ങളുടെ ഉദ്ഗതിയും ഉണ്ടായ ഒരു കാലഘട്ടമാണ് നോവലിലേത്. ആ വീഴ്ചയിൽനിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുന്ന ഒരു പെൺകുട്ടിയ്ക്കാകട്ടെ പാരമ്പര്യത്തെയും തലമുറകളായി ആദരിച്ചുവന്ന പല വിശ്വാസങ്ങളേയും ധിക്കരിക്കേണ്ടിവരുന്നു. ധീരമായ മനസ്സോടെ അവൾ അതു ചെയ്യുമ്പോൾ തറവാട്ടിന്റെ ഇരുണ്ട ഉൾഭാഗങ്ങളിൽനിന്ന് ചീഞ്ഞുതുടങ്ങിയ ഒരു വ്യവസ്ഥിതി മാറ്റത്തിന്റെ വെളിച്ചത്തിന് ഇടം നല്കി ഒഴിഞ്ഞു പോകുകയാണ്. ആധുനിക പദാവലിയുടെ ചുവടുവച്ച് ഇതൊരു ദളിതന്റെ കഥ കൂടിയാണെന്നു പറയാം. എനിക്ക് ദളിതൻ എന്ന വാക്കിനോട് പ്രതിപത്തിയില്ല. വർഗ്ഗീകരണം എത്രയും കുറയ്ക്കാൻ പറ്റുമോ അത്രയും നല്ലതാണ്. ലോകത്തെമ്പാടും രണ്ടു വർഗ്ഗങ്ങളെ ഉള്ളു. ഒന്ന് സമ്പന്നരുടെ വർഗ്ഗം, രണ്ട് നിസ്വരുടെ വർഗ്ഗം. നിസ്വനെ സമ്പന്നൻ അടക്കി ഭരിക്കുന്നത് സമ്പത്തുകൊണ്ടും അതുകൊണ്ട് നേടുന്ന അധികാരം കൊണ്ടും മാത്രമാണ്. അതുകൊണ്ട് ഇതുരണ്ടും നേടുക മാത്രമേ അവർക്ക് മോചനമാർഗ്ഗമുള്ളു. എന്റെ കഥാപാത്രം ഒരു പുലയനാണ്. പക്ഷേ അയാൾ അതിൽ ഊറ്റം കൊള്ളുകയോ അതൊരു അവശനിലയായി കണക്കാക്കി അതിൽ പരിതപിക്കുകയോ ചെയ്യുന്നില്ല. താൻ നിൽക്കുന്നിടത്തു നിന്ന് ഉയരാനായി അവൻ ശ്രമിക്കുന്നുണ്ട്, അദ്ധ്വാനിക്കുന്നുണ്ട്.

ജീവിച്ചിരുന്നതോ ജീവിച്ചിരിക്കുന്നതോ ആയ ഒരു വ്യക്തിയേയും ഞാൻ മാതൃകയായി സ്വീകരിച്ചിട്ടില്ല. (വി.ടി. ഭട്ടതിരിപ്പാടിന്റെ കാര്യം മാത്രമേ ഇതിനൊരപവാദമായിട്ടുള്ളൂ. അദ്ദേഹം നേരിട്ട് നോവലിൽ പ്രത്യക്ഷപ്പെടുന്നു.) പക്ഷേ ഇതിലെ ഓരോ കഥാപാത്രവും നോവലിന്റെ കാലഘട്ടത്തിൽ ജീവിച്ചുമരിച്ച നിരവധി പേരുടെ പ്രതിനിധിയാണ്. അവർ നമ്മുടെ സാമൂഹികചരിത്രത്തിന്റെ പ്രധാനപ്പെട്ട ഒരു കാലയളവിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുള്ളവരാണ്. നല്ലതിനോ ചീത്തയ്ക്കോ എന്നത് ഇവിടെ പ്രസക്തമല്ല.

പെൺവാണിഭവും സ്ത്രീപീഡനവും ഒന്നല്ല. പെൺവാണിഭം സംഘടിത മാഫിയയുടെ പ്രവർത്തനമാണ്. അളവറ്റ പണമുണ്ടാക്കാനുള്ള അവരുടെ ശ്രമത്തിൽ സ്ത്രീകൾ മാത്രമല്ല ബാലന്മാരും ഒരു പരിധിവരെ പുരുഷന്മാരും ഇരകളാകുന്നുണ്ട്. എന്റെ നോവലിൽ ഈ വിഷയം സ്പർശിക്കുന്നില്ല, കാരണം അമ്പതുകളിലും അറുപതുകളിലും കേരളത്തിൽ വനംകൊള്ളക്കാരും അതുപോലുള്ള പ്രാദേശിക കൂട്ടുകൃഷികളുമല്ലാതെ സജീവമായ സംഘടിതമാഫിയകൾ ഇല്ലായിരുന്നു. അവിടെ ജന്മിമാരും അവരാൽ ചൂഷണം ചെയ്യപ്പെട്ട പാവപ്പെട്ടവരുമായിരുന്നു. അതിൽ സ്ത്രീപുരുഷനെന്ന ഭേദമുണ്ടായിരുന്നില്ല. നൂറ്റാണ്ടുകളായി പീഡിപ്പിക്കപ്പെട്ട ഒരു വർഗ്ഗം. ഈ സ്ഥിതിവിശേഷം ക്രമേണ മാറിവരുന്നത് നോവലിൽ കാണാം. സമുദായത്തിന്റെ അടിത്തട്ടിലുള്ളവർ ആത്മാഭിമാനത്തോടെ ഉയിർത്തെഴുന്നേറ്റു

വരുന്ന കാഴ്ച ഇതിലുണ്ട്. ഒരു നൂറ്റാണ്ടിലധികം നീണ്ടുനിന്ന സ്വാതന്ത്ര്യസമരവും ശ്രീനാരായണഗുരു, അയ്യങ്കാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ, സഹോദരൻ അയ്യപ്പൻ, കേളപ്പജി എന്നിവരുടെ പ്രബോധനങ്ങളും വിദ്യാഭ്യാസം കൊണ്ട് പ്രബുദ്ധരായ ഒരു ജനതയും ഇതിന് കാരണക്കാരാണ്. കമ്യൂണിസ്റ്റ് പ്രസ്ഥാനവും വലിയൊരളവിൽ അതിന് ആക്കം കൂട്ടുകയുണ്ടായി. എന്തുദ്ദേശ്യം ലാക്കാക്കിയായിരുന്നാലും ക്രിസ്റ്റ്യൻ പാതിരിമാരുടെ പ്രവർത്തനങ്ങളും ഈ ഉയിർത്തെഴുന്നേൽപ്പിനെ സഹായിച്ചു.

## സ്ത്രീയുടെ ശരീരം

സ്ത്രീ അവളുടെ ശരീരം പുരുഷമേൽക്കോയ്മയ്ക്കെതിരെയുള്ള ആയുധമാക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട് ഈ നോവലിൽ. പുറമെനിന്ന് നോക്കുമ്പോൾ സ്ത്രീപീഡനമെന്നു തോന്നാവുന്ന സംഭവങ്ങൾ ശരിക്കും അവസാനത്തെ അപഗ്രഥനത്തിൽ പുരുഷപീഡനമായി കലാശിക്കുന്നതാണ് കാണുന്നത്. ശാരീരികമായി ദുർബ്ബലമായൊരു വിഭാഗം പലപ്പോഴും നിലനില്പിന്റെ ഭാഗമായി, അല്ലെങ്കിൽ ഭൗതികലാഭത്തിനായി പുരുഷന്റെ ദൗർബ്ബല്യത്തെ ചൂഷണംചെയ്യുകയാണ് ഇവിടെ. മനുഷ്യനെന്ന ജന്തുവർഗ്ഗത്തിന്റെ ഉദയംമുതൽ അതിജീവനത്തിന്റെ ശാസ്ത്രം തന്നെ വികസിപ്പിച്ചെടുക്കുന്നതിൽ സ്ത്രീവർഗ്ഗം വിജയിച്ചിരുന്നു. അതു കാലാകാലമായി പരിഷ്കരിക്കുന്നതിലും അവർ അസാമാന്യകഴിവും മികവും കാണിച്ചു. സ്ത്രീയ്ക്കും ലൈംഗികതയുണ്ട്, അവളുടെതായ രുചിഭേദങ്ങളുണ്ട്, അവ കാലഹരണപ്പെട്ട സദാചാരബോധങ്ങൾക്കും പുരുഷമേധാവിത്വത്തിന്റെ കടുത്ത നിയന്ത്രണങ്ങൾക്കും അടിച്ചമർത്താൻ കഴിയാത്തവിധം വളരെ ശക്തമാണ് എന്ന് മലയാളത്തിൽ ആദ്യമായി പറഞ്ഞത് സ്ത്രീകൾക്കു വേണ്ടി നിലകൊള്ളുന്നുവെന്ന് നടിക്കുന്ന പെണ്ണെഴുത്തുകാരോ സ്ത്രീ സം ഘാടകരോ അല്ല, മറിച്ച് പെണ്ണെഴുത്തുകാരി എന്ന് വിളിക്കാൻ ആഗ്രഹിക്കാത്ത, മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി മാധവിക്കുട്ടിയാണ് എന്ന് ഓർക്കണം.

എന്റെ കഥകൾ പൊതുവെ സ്ത്രീപക്ഷകഥകളാണ്. ആ ചായ്‌വ് ഈ നോവലിലും കാണാം. പക്ഷേ പെണ്ണെഴുത്തുകാർ പ്രതീക്ഷിക്കുന്ന തരത്തിലുള്ള സ്ത്രീപ്രതികരണമാവണമെന്നില്ല ഇവിടെ. അതായത് പുരുഷൻ തൊടുമ്പോഴേയ്ക്ക് പുഴയിൽപോയി ചകിരിയെടുത്ത് ഉരച്ച് തോലുവരെ കളയുന്ന കക്ഷിയല്ല അവളെന്നർത്ഥം. മറിച്ച് ലൈംഗികകാര്യങ്ങളിൽ കുറേക്കൂടി പക്വത വന്നവൾ. അത്ര പെട്ടെന്ന് വാടി വീഴുന്നവരല്ല ഈ നോവലിലെ സ്ത്രീകൾ. അവൾ സ്വന്തം ശരീരത്തിന്റെ ആവശ്യങ്ങളെപ്പറ്റി ബോധവതിയാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട കുടുംബബന്ധങ്ങളോ ഇറക്കുമതി ചെയ്ത പാപബോധമോ അതു നേടിയെടുക്കുന്നതിൽനിന്ന് അവളെ പിൻതിരിപ്പിക്കുന്നില്ല. സ്വന്തം സ്വത്വം അംഗീകരിക്കപ്പെടണമെന്ന നിർബ്ബന്ധമുള്ളവൾ. ചൂലെടുത്തുയർത്തി മുദ്രാവാക്യങ്ങൾ വിളിക്കുക എളുപ്പമാണ്, പ്രത്യേകിച്ചും നാം സത്യത്തിൽനിന്ന് അകന്നു നിൽക്കുമ്പോൾ. ഒരു കാലഘട്ടത്തിന്റെ കഥയാണ് ഞാൻ എഴുതുന്നത്. അത് ചരിത്രമായതുകൊണ്ട് എത്രത്തോളം സത്യസന്ധമാകാമോ അത്രയും ആകണമെന്ന് എനിക്ക് നിർബ്ബന്ധമുണ്ട്.

അതിനെ വൈരുദ്ധ്യാത്മകഭൗതികവാദത്തിനോ സ്ത്രീസ്വത്വവാദത്തിനോ വേണ്ടി വളച്ചൊടിച്ചാൽ നാം ചരിത്രത്തിൽനിന്ന് ഒന്നും പഠിക്കുന്നില്ലെന്നേ പറയാനുള്ളൂ. തത്വശാസ്ത്രങ്ങൾ മുരട്ടുവാദങ്ങളിൽ കുരുങ്ങിക്കിടക്കുമ്പോഴും ചരിത്രം മുന്നോട്ടു കുതിക്കുകയാണ്.

തലമുറകളായി എന്താണ് ലൈംഗികത എന്ന് മനസ്സിലാക്കാൻകൂടി പറ്റാതെ, ഒരിക്കൽപ്പോലും രതിമൂർഛ ലഭിക്കാതെ, പുരുഷന്റെ അടിമയായി, വിവാഹമെന്ന വ്യവസ്ഥാപിത ലൈംഗികചൂഷണത്തിന്റെ ഇരകളായി മാത്രം ജീവിച്ചു മരിച്ചുപോയ കേരളത്തിലെ സതി-സാവിത്രിമാർക്ക് സാനുകമ്പം ഞാൻ ഈ നോവൽ സമർപ്പിക്കുന്നു.

BACK TO INDEX

# 3
# കല, സംസ്കാരം, ശാസ്ത്രം

മലയാളികൾ മറുനാട്ടിൽ

# ഇഷ്ടപ്പെടാത്ത അതിഥികൾ

കൽക്കത്താമലയാളികളെപ്പറ്റി ഒരു പഠനം

അറുപത്തഞ്ചു ലക്ഷം ജനങ്ങളുള്ള ഒരു മഹാനഗരത്തിൽ അറുപതിനായിരം മാത്രം വരുന്ന ഒരു ജനവിഭാഗത്തിന് കാര്യമായൊന്നും സംഭാവന ചെയ്യാൻ കഴിയില്ല. കുറെ അസൗകര്യങ്ങളല്ലാതെ. അവരുടെ ജീവിതമാകട്ടെ, മറുനാട്ടുകാരിൽ ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ മാത്രം വർണ്ണശബളമല്ല താനും. അവൻ സമ്പന്നമല്ലാത്ത വീട്ടിലെ ഇഷ്ടപ്പെടാത്ത അതിഥികളാണ്. ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും നാട്ടിൽ നിന്ന് മരുപ്പച്ച തേടി കൽക്കത്തയിലെത്തുന്ന മലയാളിയെ അനുകമ്പാപൂർവ്വമല്ല ബംഗാളികൾ വീക്ഷിക്കുന്നത്. അവരെ സംബന്ധിച്ചേടത്തോളം ഓരോ പുതിയ തെന്നിന്ത്യക്കാരനും തങ്ങളുടെ ജീവിതസൗകര്യങ്ങളുടെ വിതാനം താഴ്ത്താനായിട്ടാണ് വരുന്നത്. സ്വദേശത്തു തന്നെ അഭയാർത്ഥികളായിത്തീരുന്ന ബംഗാളിയുടെ മനോഭാവം മനസ്സിലാക്കാൻ കഴിയും. ബംഗാളിന്റെ സാമ്പത്തിക സാമുദായിക സ്ഥിതി പരിശോധിച്ചാൽ മതി.

**ബംഗാളികൾ**

ചരിത്രത്തിന്റെ താളുകൾ പിന്നോട്ടു മറിക്കുമ്പോൾ നാം കാണുക ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായ ഒരു ബംഗാളാണ്. ജമീൻദാരി അംഗീകരിച്ചു കൊണ്ടുള്ള കോൺവാലീസിന്റെ പെർമെനന്റ് സെറ്റിൽമെന്റിനു ശേഷം അടുത്ത കാലംവരെ ബംഗാളിന്റെ ചരിത്രം സമ്പത്തിന്റെയും സാമൂഹ്യഭദ്രതയുടെയും ചരിത്രമായിരുന്നു. സമ്പത്ത്, ക്ഷേമം മാത്രമല്ല, അതിന്റേതായ വൃത്തികേടുകളെയും ക്ഷണിച്ചു വരുത്തുന്നു. ഒരു നൂറ്റാ ണ്ടോളം നില നിന്ന ഈ സാമൂഹ്യവ്യവസ്ഥ ബംഗാളികളെ അലസന്മാ രാക്കുകയാണുണ്ടായത്. പക്ഷെ, വാണിജ്യച്ചരക്കുകളുമായെത്തി സാവധാനത്തിൽ ഭരണാധികാരികളായിത്തീർന്ന വിദേശികളും, വിദേശികളുടെ വ്യാപാരക്കുത്തകയിൽ കടന്നുകൂടാൻ ശ്രമിച്ചിരുന്ന മാർവാറികളും ഗുജറാത്തികളും, വെറുതെയിരിക്കുകയായിരുന്നില്ല. അമിതമായ ഭോഗങ്ങളുടെ ലഹരിയിൽ മയങ്ങിക്കിടന്ന ബംഗാളികൾ ചുറ്റും നടന്ന പരിവർത്തനങ്ങൾ കണ്ടില്ല. വർദ്ധിച്ചുകൊണ്ടിരുന്ന ഗവർമ്മെണ്ടുനികുതികൾ, ജമീൻദാരികളുടെ മേൽനോട്ടം വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ വഞ്ചനകൾ, കെടുതികൾ, സ്വന്തം ദുർവ്യയങ്ങളുടെ നിലയില്ലായ്മ, ഇതെല്ലാം ജമീൻദാരിയെന്ന സ്ഥാപനത്തെ സാവധാനത്തിൽ തകർത്തു. മദ്യത്തിന്റെയും രാജനർത്തകികളുടെയും ലഹരി കലർന്ന സുഖസുഷുപ്തിയിൽ നിന്ന് ഉണർന്ന് നോക്കിയപ്പോഴാണ്, തങ്ങൾ നിർദ്ധനരായിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നത്. ഇതിനിടയിൽ മാർവാറികളും ഗുജറാത്തികളും ഇവിടെ വന്ന് വ്യാപാരം ഉറപ്പിച്ചിരുന്നു. ബംഗാളികൾക്കാകട്ടെ വ്യാപാരത്തിലോ വ്യവസായത്തിലോ

യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. മാർവാറികൾ വ്യാപാരത്തിൽ നിന്ന് വ്യവസായത്തിലേയ്ക്കു കുതിച്ചപ്പോൾ ബംഗാളികൾ നിസ്സഹായരായി നോക്കി നിന്നതേയുള്ളു. അമ്പത്തിനാലിൽ ജമീൻദാരി എടുത്തു കളഞ്ഞു കൊണ്ടുള്ള ഗവർമ്മെണ്ട് ഉത്തരവ് വന്നപ്പോഴേയ്ക്കും ബംഗാളിന്റെ ചരിത്ര ത്തിലെ വർണ്ണശബളമായ ആ കാലം ഓർമ്മമാത്രമായി അവശേഷിച്ചിരുന്നു. നഷ്ടപരിഹാരമായി കിട്ടിയ പണം വളരെ ചുരുക്കം പേർ മാത്രം ബുദ്ധിപൂർവ്വം വ്യവസായത്തിലോ, കെട്ടിടങ്ങളിലോ നിക്ഷേപിച്ചു. മറ്റുള്ളവർ അതു കിട്ടിയതിനേക്കാൾ വേഗത്തിൽ ചിലവഴിച്ചു. ഇന്ന് ഒരു ബംഗാളി ജീവ സന്ധാരണത്തിന്ന് ആശ്രയിക്കുന്നത് സർക്കാർ ഓഫീസുകളിലോ, മാർവാറി കമ്പനികളിലോ ഉള്ള ഒരു ജോലി മാത്രമാണ്.

ഈ രംഗത്തും അവർ പാകപ്പെടാത്തവരാണ്. കാരണം അന്യനു വേണ്ടി ജോലി ചെയ്തു ജീവിക്കാൻ അവർ പഠിച്ചിട്ടില്ല. ഇതിനെല്ലാം പുറമെ നാല്പത്തിയേഴിലെ ബംഗാൾവിഭജനം ഒരിക്കലും നിലയ്ക്കാത്ത ഒരു അഭയാർത്ഥി പ്രവാഹം സൃഷ്ടിച്ചു. വർഗീയകലാപങ്ങളുടെ മദ്ധ്യത്തിൽ എല്ലാം ഇട്ടെറിഞ്ഞ് അഭയം തേടി വന്ന്, ഗവർമ്മെണ്ട് നൽകിയ തുച്ഛമായ ധനാശ്വാസം കൊണ്ട് കൽക്കത്തയിൽ താമസമാക്കിയ ഒരു പൂർവ്വബംഗാളിയോട് നിങ്ങൾ ഭൂതകാലത്തെപ്പറ്റി ചോദിക്കൂ. പൂർവ്വബംഗാളിൽ അയാൾക്കുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും നഷ്ടപ്പെട്ടുപോയ സമ്പത്തിനെക്കുറിച്ചും, പത്മാനദിയെ ക്കുറിച്ചും, അയാൾ വേദനയോടെ പറയും. ബംഗാളികളെ സംബന്ധിച്ചിട ത്തോളം ഈ പരിവർത്തനം ദയനീയവും ദാരുണവുമാണ്. ഒരിക്കലും അനുരഞ്ജനത്തിന് കഴിയാത്തതാണ്. ഈ സ്ഥിതിവിശേഷങ്ങൾ ക്കിട യ്ക്കാണ് സ്വന്തം നാടിന്റെ ദാരിദ്ര്യത്തിന്റെ പ്രേരണയിൽ അഭയം തേടി ഇവിടെ ഒരു മലയാളി വരുന്നത്.

ഒരു ഭാരതീയനെന്ന നിലയിൽ മലയാളിക്ക് ഈ രാജ്യത്ത് എവിടെ ജോലി ചെയ്തും ജീവിക്കാമെന്ന ന്യായത്തിന്നു പുറമെ സാമ്പത്തികമായ മറ്റൊരു പ്രധാന പരിഗണന കൂടിയുണ്ട്. കാര്യമായ യാതൊന്നും തന്നെ ഉൽപ്പാദിപ്പി ക്കാത്ത കേരളം ബംഗാളിലുണ്ടാക്കുന്ന നിരവധി ഉപഭോഗവസ്തുക്കളുടെ ഒരു നല്ല വിപണിയാണ്. കേരളത്തിൽ നിന്ന് കിട്ടുന്ന ആദായത്തിൽ ഒരു പങ്ക് മലയാളിക്കും അവകാശപ്പെട്ടതല്ലെ? പക്ഷെ, ഇതു വെറും ന്യായം മാത്രമാണ്.

താനിവിടെ ഒരധികപ്പറ്റാണെന്ന്, ക്ഷണിക്കപ്പെടാത്ത അതിഥിയാണെന്ന്, ഒരു മലയാളി സാവധാനത്തിൽ മനസ്സിലാക്കുന്നു. നാൽക്കവലകളിൽ ബം ഗാളി ചെറുപ്പക്കാർ തനിക്കെതിരായി നടത്തുന്ന അഭിപ്രായ പ്രകടനങ്ങളിലൂടെ, സ്വന്തം നാട്ടിലെ നായകത്വം അംഗീകരിച്ചു കിട്ടാനുള്ള അവരുടെ വ്യഗ്രത യിലൂടെ, പരിതസ്ഥിതികൾ തന്നിൽ ചെലുത്തുന്ന നിരവധി നിയന്ത്രണ ങ്ങളിലൂടെ, തദ്ദേശീയരുടെ അവശതകളിലൂടെ അയാൾ മനസ്സിലാക്കുന്നു. ഈ അറിവ് ഒരപരാധബോധം സൃഷ്ടിച്ചു മലയാളിയെ അസ്വസ്ഥനാക്കുന്നു. ഇതയാളെ ബംഗാളികളോട് കൂടുതൽ അടുക്കുവാൻ, മമത്വം നടിക്കുവാൻ, അവരുടെ ജീവിതപ്രാരാബ്ധങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുവാൻ പ്രേരിപ്പി ക്കുന്നു.

**അവസരങ്ങൾ – അന്നും ഇന്നും**

ഒരു മലയാളിക്ക് കൽക്കത്ത, തകർന്ന സ്വപ്നങ്ങളുടെ ശവകുടീരമാണ്.

ടാഗോറിന്റെയോ, ശരത്ചന്ദ്രന്റെയോ കഥാപാത്രങ്ങളിലൂടെയാണ് ആദ്യം ബംഗാളികളെ പരിചയപ്പെടുന്നത്. അവരുടെ മിഴിവുറ്റ കഥാപാത്രങ്ങളിലൂടെ നമുക്കു ബംഗാളിനെപ്പറ്റി കിട്ടുന്ന ചിത്രം നിലവിലില്ലാത്ത ഒരു സങ്കല്പം മാത്രമാണ്. കൽക്കത്തയിലെ തിരക്കുപിടിച്ച തെരുവുകളിൽ, ഓഫീസു മുറികളിൽ അയാൾ കണ്ടുമുട്ടുന്ന ഒരു ബംഗാളി, തന്നെപ്പോലെ ജീവിക്കാനുള്ള വ്യഗ്രതയിൽ സ്വയം വ്യക്തിത്വം കളഞ്ഞു കുളിച്ചവനാണ്.

ഇച്ഛാഭംഗത്തിന്റെ തുടക്കമാണിത്. മൂന്നോ നാലോ വർഷങ്ങൾ മുമ്പു വരെ മലയാളിക്ക് ഒരു തെന്നിന്ത്യക്കാരനാണെന്ന പ്രത്യേകതകൊണ്ട് ഒരു ഇടത്തരം ജോലി കിട്ടാൻ വിഷമമുണ്ടായിരുന്നില്ല. പക്ഷെ കിട്ടിയ ജോലിയിൽ തുടരുകയല്ലാതെ, ഉയർച്ച അപ്രാപ്യമായ ഒരു മരീചികയായി നിലകൊണ്ടു. വ്യക്തിമഹിമ ഉയർച്ചയുടെ മാനദണ്ഡമായിരുന്നു ഒരു കാലത്ത്, ഇന്നല്ല. ഇന്ന് കാര്യപ്രാപ്തിയും വിദ്യാഭ്യാസവുമുള്ള ആയിരങ്ങൾ തമ്മിൽ മത്സരിക്കു ന്നുണ്ട്. ഒരു കാലത്ത് ഇതായിരുന്നില്ല സ്ഥിതി. ആയിരത്തി തൊള്ളായിരത്തി മുപ്പതിന്റെ പരിസരത്തിൽ കൽക്കത്തയിൽ വന്ന് ചെറിയ ഒരു ജോലിയിൽ പ്രവേശിച്ച്, കഴിവുകൊണ്ടും ആത്മവിശ്വാസം കൊണ്ടും ഉയർന്ന് ഹൈ ക്കോർട്ടിൽ അസിസ്റ്റന്റ് രജിസ്റ്റ്രാറായി പിരിഞ്ഞ ഒരു കാരണവരെ ഞാൻ അറിയും. (അദ്ദേഹം നാലു കൊല്ലം മുമ്പ് അന്തരിച്ചു.) ഹൗറാ പാലം കെട്ടുന്നതിനും മുമ്പ് കൽക്കത്തയിൽ വന്ന അദ്ദേഹം പറയാറുണ്ട്, അന്നെല്ലാം ഹൗറാ സ്റ്റേഷനിൽ വന്നാണ് മലയാളികളെ പിടിച്ചു കൊണ്ടു പോയി ജോലി കൊടുത്തിരുന്നത് എന്ന്. അതിശയോക്തിയല്ല. അന്നു കൽക്കത്തയിൽ വന്നവ രെല്ലാം നല്ല നിലയിലെത്തിയിട്ടുണ്ട്.

ഇന്ന് അസാമാന്യകഴിവും സാങ്കേതികപരിജ്ഞാനവുമുള്ളവർക്കേ ആ നില പ്രതീക്ഷിക്കേണ്ടു. തുല്യ കഴിവുള്ളവർക്കിടയിലാകട്ടെ ഉയരാനുള്ള അവസരം കിട്ടുന്നത് സ്വാഭാവികമായും മേലധികാരികളെ പ്രസാദിപ്പിക്കാനുള്ള കഴിവുള്ളവർക്കുമാത്രം.

മടുപ്പിക്കുന്ന ഓഫീസ് അന്തരീക്ഷത്തിൽ നാട്ടിനെക്കുറിച്ചുള്ള അലട്ടുന്ന ഓർമ്മകളിൽ വിരസതയുടെ തടവുകാരനായ മലയാളി സ്വയം മറക്കുന്നത് ഞായറാഴ്ച സ്നേഹിതന്മാരുടെ കൂടെ അമ്പത്താറു കളിക്കുമ്പോഴൊ, ചുരുങ്ങിയ അവസരങ്ങളിൽ നിറച്ച ഗ്ലാസുകൾക്കു മുമ്പിലിരിക്കുമ്പോഴോ ആയിരിക്കും.

### നല്ല മണ്ണ്

പരിതസ്ഥിതികൾ എത്ര നിരുത്സാഹപ്പെടുത്തുന്നതായാലും ശരി, ഉത്സാഹിയായ ഒരു ചെറുപ്പക്കാരന്ന് വളരാൻ കൽക്കത്തയെപ്പോലെ സാദ്ധ്യത കളുള്ള വേറൊരു നഗരമില്ലതാനും. പുതുതായി നഗരത്തിൽ വന്ന ഒരാളെ ഇതത്ഭുതപ്പെടുത്തിയേക്കും. കൽക്കത്ത പശിമയുള്ള ഒരു വയൽപോലെ യാണ്. നല്ല വിത്തുകൾ ഇവിടെ തഴച്ചു വളരും. കളകളെ ഭയന്നാൽ മാത്രം മതി.

നാട്ടിൽ പത്തുവരെ പഠിച്ച്, ടൈപ്പ് റൈറ്റിംഗും ചുരുക്കെഴുത്തും വശമാക്കി കൽക്കത്തയിൽ വന്ന ഒരു മലയാളിപ്പയ്യൻ ജോലി കിട്ടിയാൽ ആദ്യം ചെയ്യുക സായാഹ്നക്ലാസ്സുകളിൽ ചേരുകയാണ്. ഓഫീസ് വിട്ട് അര, മുക്കാൽ മണിക്കൂർ യാത്രചെയ്ത് കോളേജിൽ ആറു മണിക്ക് എത്തുക എളുപ്പമല്ല.

ഈ സമയത്ത് ബസ്സിലോ, ട്രാമിലോ കയറിക്കൂടാൻതന്നെ ഒരു സമരം വേണം. പലപ്പോഴും സമയത്തിനെത്താൻ കഴിഞ്ഞെന്നുവരില്ല. ആ സന്ദർഭങ്ങളിൽ, സമയത്തിനെ ത്താൻ കഴിഞ്ഞ ചില സ്നേഹിതന്മാർ കൊടുക്കുന്ന പ്രോക്സിയാണ് ഒരേയൊരു രക്ഷ. ക്ലാസുകഴിഞ്ഞ് ഒമ്പതു മണിക്ക് വീട്ടിലേക്കൊരു യാത്ര. ശീതകാലത്തു ഈ യാത്ര ഒരു പരീക്ഷയാണ്. പലപ്പോഴും നാട്ടിൽനിന്നു പുതുതായി വന്നവർക്കു തണുപ്പിൽ നിന്നു രക്ഷനേടാൻ ആവശ്യമുള്ളത്ര രോമവസ്ത്രങ്ങളുണ്ടായെന്നുവരില്ല. വിശക്കുന്ന വയറും ക്ഷീണിച്ച മനസ്സുമായി വീട്ടിലെത്തിയിട്ടും ജീവിക്കാനുള്ള ആശ നശിച്ചിട്ടില്ലെങ്കിൽ അതൊരത്ഭുതമല്ലെ! ഒരു മലയാളി പ്രശംസയർഹിക്കുന്ന ദുർല്ലഭം ചില അവസരങ്ങളി ലൊന്നാണിത്.

താമസ സൗകര്യം, കൽക്കത്തയിൽ മറ്റു നഗരങ്ങളെ അപേക്ഷിച്ച് മെച്ച മാണ്. ബോംബെയിൽ നഗരത്തിൽ താമസിക്കുകയെന്നാൽ ഒരു ധാരാളി ത്തമാണ്. വളരെ കുറച്ചു പേർക്കെ അതിനുള്ള ഭാഗ്യമുള്ളു. മറ്റുള്ളവരെല്ലാം ഒന്നും രണ്ടും മണിക്കൂർ നഗരപ്രാന്തങ്ങളിൽ നിന്ന് തീവണ്ടിയിലോ ബസ്സിലോ യാത്രചെയ്താണ് ഓഫീസുകളിലെത്തുന്നത്. കൽക്കത്തയിൽ നഗരത്തിൽ ത്തന്നെ ഫ്ളാറ്റുകൾ കിട്ടാൻ വിഷമമില്ല. വാടക കൂടുതലാണെന്നത് ശരി തന്നെ. പാർക്ക് സർക്കസ്സിലോ ഭവാനിപൂരിലോ, രാഷ്ബിഹാരിയിലോ ഒരു രണ്ടുമുറി വീട് ഇരുന്നൂറു മുതൽ ഇരുന്നൂറ്റി അയ്മ്പതു ഉറുപ്പികവരെ വാടകക്കുകിട്ടും. സലാമി ഏർപ്പാട് ഇവിടെ ഇല്ലെന്നു പറയാം. കുറച്ചുകൂടി നഗരത്തിൽനിന്നു വിട്ടസ്ഥലങ്ങളിൽ, അതായത് ജോഡ്പൂർ പാർക്കിലോ, ബിഹാലയിലോ വീടുകൾക്കു വാടക കുറവാണ്. എന്നാലും അവിടങ്ങളിൽ നിന്നുപോലും ഓഫീസിൽ മുക്കാൽ മണിക്കൂറി ന്നുള്ളിലെത്താൻ കഴിയും.

അവിവാഹിതർ ഏറ്റവും ഇഷ്ടപ്പെടുന്ന ജീവിതരീതി മെസ്സാണ്. നാലോ അഞ്ചോ സ്നേഹിതന്മാർ കൂടി ഒരു വീടെടുത്തു ഭക്ഷണം പാകംചെയ്യാൻ ഒരു വാലിയക്കാരനെ നിയമിക്കുന്നു. ചിലവുകൾ തുല്യമായി പങ്കുവെക്കുന്നു. ഇതല്ലാതെ വ്യാപാരാടിസ്ഥാനത്തിൽ നടത്തുന്ന മെസ്സുകളും ഉണ്ട്. ഒരു മുറിയിൽ താമസവും ഹോട്ടലിൽഭക്ഷണവുമായി കഴിയുന്നവരുമുണ്ട്.

**ഇടത്തരക്കാർ**

ഒരു ഇടത്തരം കുടംബത്തിന്റെ സ്ഥിതി ഒട്ടും ആശാവഹമല്ല. ഒറ്റയ്ക്ക് നൂറ്റയ്മ്പതോ ഇരുന്നൂറോ ഉറുപ്പിക വാടക കൊടുത്ത് വീടെടുക്കുക. ഉയർന്നു കൊണ്ടിരിക്കുന്ന വിലകൾ, കൂടിക്കൊണ്ടിരിക്കുന്ന ജീവിതാവശ്യങ്ങൾ, ഇവയെല്ലാം ഒരു ഇടത്തരക്കാരനെ അവശനാക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസം വളരെ പണച്ചിലവുള്ളതാണ്. നർസറിയിൽ നിന്നു തുടങ്ങി, കിന്റർഗാർട്ടൻ ക്ലാസ്സുകളിലൂടെ, ഇംഗ്ലീഷ് മാദ്ധ്യമമായ ക്ലാസ്സുകളിലാണ് സാധാരണ ഇവിടെ മലയാളികൾ സ്വന്തം കുട്ടികളെ പഠിപ്പിക്കുക. ഫീസ് അമ്പതുറുപ്പികയിലധികം വരും. ഒരു ഇടത്തരക്കാരനെ സംബന്ധിച്ചേട ത്തോളം ഇതു വളരെയധികമാണ്. ഈ പ്രാരാബ്ധങ്ങൾക്കിടയ്ക്ക് വർഷത്തിലൊരിക്കലോ, രണ്ടുവർഷം കൂടുമ്പോഴോ ഒരു നാട്ടിൽ പോക്കും. ശരിയായി!

കുറച്ചു ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ നില മെച്ചപ്പെട്ടതാണെങ്കിലും ഒട്ടും തൃപ്തികരമല്ല. ഉയർന്ന ഇടത്തരക്കാരൻ മാത്രമാണെങ്കിലും അയാളുടെ സാമൂഹ്യബന്ധങ്ങൾ ഉയർന്ന തലങ്ങളിലാണ്. അതു വിഷമങ്ങളുണ്ടാക്കുന്നു. കൃത്രിമമായ ഈ തുലനാവസ്ഥ എളുപ്പമല്ല. അവരിൽ പലർക്കും കമ്പനികൾ വാടക കൊടുക്കുന്ന ആഡംബരപൂർവ്വമായ ഫ്ളാറ്റുകളുണ്ട്. പല ക്ലബ്ബു കളിലും അംഗത്വമുണ്ട്. കാറുണ്ട്. പക്ഷെ, ജീവിതത്തിൽ അവർക്കു മിച്ചപ്പെടു ത്താൻ കഴിയുക പലപ്പോഴും കനത്ത ഓവർഡ്റാഫ്റ്റുക ളായിരിക്കും.

### ചെറിയ ദ്വീപുകൾ

ആയിരത്തിൽപ്പരം നാഴികകൾ പിന്നിട്ട് അപരിചിതമായ പുതിയ ലോകത്തെത്തുന്ന മലയാളി മറ്റൊരു മറുനാടൻ മലയാളിയെ എങ്ങിനെ വീക്ഷിക്കുന്നുവെന്നറിയുക രസകരമായിരിക്കും. ഇവിടെ ഓരോ മലയാളിയും അയാളുടേതായ ഒരു സ്വകാര്യലോകത്താണ് ജീവിക്കുന്നത്. സ്വപ്നങ്ങൾ, വേദനകൾ, പ്രാരബ്ധങ്ങൾ ഇതെല്ലാം അയാളുടെ സ്വകാര്യ സ്വത്താണ്. അതിൽ അന്യർക്കു പ്രവേശനമില്ല. ചിരകാല സുഹൃൽബന്ധത്തിന്നേ ആ സ്വകാര്യ ജീവിതത്തിൽ കടന്നു നോക്കാനുള്ള അർഹത ലഭിക്കുകയുള്ളു.

പുറത്തുവെച്ച് ആകസ്മികമായി തമ്മിൽ കണ്ടുമുട്ടുന്ന മലയാളികൾക്ക് ഇത് വല്ലായ്മ യുണ്ടാക്കുന്നു. സംഭാഷണം ഹ്രസ്വവും താരതമ്യേന വിരസവുമായിരിക്കും.

‘സുഖംതന്നെയല്ലേ?’

‘എവിടെയാണ് താമസിക്കുന്നത്?’

‘..........ൽ. ഞാൻ കഴിഞ്ഞ ആഴ്ച കണ്ടപ്പോൾ പറഞ്ഞല്ലോ.”

‘ഓ ശരി. മറന്നുപോയി.’

അല്ലെങ്കിൽ,

‘എന്നാണ് നാട്ടിൽ പോകുന്നത്?’

‘ഞാൻ കഴിഞ്ഞ മാസം നാട്ടിൽനിന്നു വന്നിട്ടേയുള്ളു.’

‘ഒരു പരുങ്ങൽ. ‘ശരി ഞാൻ.......’

ഒരപകടസന്ധിയിൽ നിന്നു രക്ഷപ്പെട്ട ആശ്വാസത്തോടെ നിശ്വസിക്കുന്നു. ഈ നിർവ്വികാരത മനഃപൂർവ്വമല്ല.

സമുദായത്തട്ടുകളുടെ ഉയർന്ന പടിയിൽ നിൽക്കുന്നവർക്ക് താഴ്ന്ന ജീവിതനിലവാരം പുലർത്തുന്നവരുടെ നേരെ അവജ്ഞയും സമന്മാരോട് സ്പർദ്ധയുമാണ്. ഈ മനോഭാവത്തിന്റെ ബാലിശത്വം വളരെ ലജ്ജാവഹ മാണ്. സ്റ്റാൻഡേർഡു കാറുകാരനെ അംബാസഡർറുകാരൻ താഴ്ന്നു നോക്കുന്നു. അംബാസഡറുകാരനെ ഫിയറ്റുകാരൻ പുച്ഛിച്ചു നോക്കുന്നു. ഒരു വിദേശിക്കാറിന്റെ ഉടമസ്ഥനാകട്ടെ ഇവരെയെല്ലാം ‘നാണിപ്പി’ക്കുന്നു.

### സംസ്കാരാന്തരങ്ങളുടെ കഥ

വളരെക്കാലമായി ഇവിടെ താമസമാക്കിയ മലയാളികൾ അസംഖ്യമുണ്ട്. അവർ കൽക്കത്ത സ്വന്തം വീടാക്കിയിരിക്കുകയാണ്. ബംഗാളികളുമായി വളരെ അടുത്തു കഴിയുന്ന ഇവർ ബംഗാളിശൈലിയിൽ ജീവിക്കുന്നു. ഹൃദയാന്തർഭാഗത്ത്, പക്ഷെ, ഇവർ ഇപ്പോഴും മലയാളികളാണ്. ഓണം,

തിരുവാതിര, മുതലായവ മുടങ്ങാതെ ആഘോഷിക്കുന്നു. നാടിന്റെ കാര്യം പറഞ്ഞാൽ നെടുവീർപ്പിടും. 'നാടോ?' നാടിനെക്കുറിച്ച് ചില മോഹനങ്ങളായ ഓർമ്മകൾ മാത്രം കാത്തു സൂക്ഷിക്കയാണവർ. വൈക്കോൽ മേഞ്ഞ പടിപ്പുരയ്ക്കു പിന്നിൽ ചരൽനിറഞ്ഞ മുറ്റത്തിന്നു നടുവിലെ നാലുകെട്ട്, പത്തായപ്പുര, ചുറ്റും തെങ്ങുകളും കവുങ്ങുകളും നിറഞ്ഞ തോട്ടം. അതെല്ലാം വർഷങ്ങൾക്കകലെയാണ്. ഓർമ്മയുടെ കണ്ണാടിയിൽക്കൂടി നോക്കുമ്പോൾ എല്ലാം മങ്ങിയിരിക്കുന്നു. പക്ഷെ അവർ ഇനി അതെല്ലാം കണ്ടില്ലെന്നുവരും.

അവർ മാറുന്ന പരിതസ്ഥിതികൾക്കോ, സംസ്കാരാന്തരങ്ങളുടെ പ്രലോഭനങ്ങൾക്കോ കാലപ്രവാഹത്തിന്റെ ആഴമേറിയ നീർച്ചുഴികൾക്കോ മാറ്റാൻ കഴിയാത്ത വിധം മലയാളികളാണ്. അവരുടെ മക്കളോ? അവർ കേരളം കണ്ടിട്ടില്ല. സഹവാസം ബംഗാളികളുമായാണ്. സംസാരിക്കുന്നത് ബംഗാളിയാണ്. മലയാളം ഒരു ചെറിയ കൊഞ്ഞലോടെ സംസാരിക്കാം. എഴുതാൻ അറിഞ്ഞില്ലെന്നും വരും. (ഇവിടെ മലയാളം പഠിപ്പിക്കുന്ന സ്ക്കൂളുകളില്ല) എന്നാൽ ഇവർ ബംഗാളികളായോ? ഇല്ല. ഒരിക്കലും ആവുകയുമില്ല. ഒരു ബംഗാളിക്ക് അയാൾ ഇപ്പോഴും മദ്രാസിയാണ്. മലയാളം മര്യാദയ്ക്കു സംസാരിക്കാൻ പോലുമറിയാത്ത അവരെ ഒരു മലയാളി നോക്കുന്നതോ അവജ്ഞയോടുകൂടിയും. ഏതൊരു വ്യക്തിക്കും മാതൃ ഭാഷയിലല്ലാതെ ആത്മാവിഷ്കരണം സാദ്ധ്യമല്ല. അപ്പോൾ ഈ പുതിയ തലമുറ ഏതസ്ഥിവാരത്തിന്മേലാണ് തങ്ങളുടെ സംസ്കാരവും കലയും, കെട്ടിപ്പടുക്കുന്നത്? ഇവർക്കു വരാൻ പോകുന്നത്, ഇന്നു നാം കാണുന്ന ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ഗതിയാവില്ലെ?

## മിശ്രവിവാഹം

ഇവർ ഒറ്റപ്പെട്ടുതന്നെയിരിക്കും. കാരണം, രണ്ടു സംസ്കാരങ്ങളുടെയും സ്വാഭാവികമായ സങ്കലനത്തെ സഹായിക്കുന്ന സാഹചര്യങ്ങൾ ഇവിടെയില്ല. വളരെക്കാലം ബംഗാളിൽ താമസിച്ച മലയാളികളും വിവാഹബന്ധങ്ങളിൽ ഒരു മലയാളിയെത്തന്നെയാണ് ഇഷ്ടപ്പെടുന്നത്. ഒരു ബംഗാളിയാകട്ടെ ഒരു മലയാളിയുടെ ബന്ധം കാംക്ഷിക്കുന്നുമില്ല. സംസ്ഥാനേതര വിവാഹങ്ങൾ ഇവിടെ വിരളമാണ്. ചുരുക്കം ചില സന്ദർഭങ്ങളിൽ ഒരു മലയാളി യുവാവ് ബംഗാളി യുവതിയെ പ്രേമിച്ചു വിവാഹം ചെയ്തുവെന്നു കേൾക്കാം. മറിച്ച് ഒരു ബംഗാളി, മലയാളി യുവതിയുമായി വൈവാഹികബന്ധത്തിലേർപ്പെട്ടത് കേട്ടിട്ടില്ല. ഈ ചുരുക്കം മിശ്രവിവാഹങ്ങൾ തന്നെ എത്രമാത്രം വിജയകര മാണ്? അല്ലെങ്കിൽ ഏതു വിവാഹമാണ് വിജയകരമായിട്ടുള്ളത്? ഒരു കാര്യം തീർച്ചയാണ്. ഭാഷ, വളരെ ഉള്ളുതുറന്ന മമതയ്ക്കു പ്രതിബന്ധമാവാ തിരിക്കില്ല.

ബംഗാളിയുടെ കണ്ണിൽ മലയാളി വെറും മദ്രാസിയാണ്. കേരളത്തിന്റെ ഭൂമിശാസ്ത്ര പരമായ കിടപ്പ് ഇവർ അറിയുന്നത് വളരെ അടുത്ത കാലത്താണ്. കേരളത്തിലെ കലങ്ങിയ അനിശ്ചിതമായ രാഷ്ട്രീയമാണ് അതിനു കാരണം. മലയാളികൾ പൊതുവെ, പ്രത്യേകിച്ചും കൽക്കത്താ മലയാളികൾ ബംഗാളി കളെ സാമൂഹ്യമായോ, സാംസ്കാരികമായോ, സാമ്പത്തികമായോ ഒരു വിധത്തിലും സ്വാധീനിക്കുന്നില്ല. ഒരു ബംഗാളിയോട്

മലയാള സാഹിത്യത്തെ ക്കുറിച്ച് ചോദിക്കൂ. അയാൾ തകഴിയുടെ രണ്ടിടങ്ങഴിയെപ്പറ്റി പറഞ്ഞു നിർത്തും. നിങ്ങൾ സ്വാഭാവികമായും നിരാശരാവും. ഒരു മലയാളിയോട് ബംഗാളി സാഹിത്യത്തെക്കുറിച്ച് പറഞ്ഞാൽ മതി, അയാൾ മണിക്കൂറുകൾ സംസാരിക്കും. ബംഗാളിയുടെ ഈ അജ്ഞതക്കു കാരണം മലയാള സാഹിത്യത്തിന്റെ താഴ്ചയല്ല, അന്യസംസ്കാരം ഉൾക്കൊള്ളാനുള്ള, ആസ്വദിക്കാനുള്ള ബംഗാളിയുടെ വൈമനസ്യമാണ്.

### വ്യക്തിപൂജയുടെ നാട്

വ്യക്തിപൂജ ബംഗാളിയുടെ രക്തത്തിലുണ്ട്. പലപ്പോഴും ഇത് അന്ധമായ ഒരു ദൗർബല്യമായാണ് അനുഭവപ്പെടാറ്. നേതാജിയെ ചുറ്റിയുള്ള ഭൂകമ്പം ഇപ്പോഴും അവസാനി ച്ചിട്ടില്ലല്ലോ. ഒരു എം.എ.ക്കാരൻ ബംഗാളിയോട് ഞാൻ മലയാള സാഹിത്യത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. മലയാള സാഹിത്യത്തിലെ പുതിയ കാഴ്ചപ്പാടുകളെ അയാൾക്കു മനസ്സിലാക്കുക യായിരുന്നു എന്റെ ഉദ്ദേശം. അയാൾ വലിയ താല്പര്യം കാണിച്ചില്ല. സംഭാഷണം ബംഗാളി സാഹിത്യത്തിലേക്കുവഴുതി വീണു. മധുസൂദൻ ദത്തു മുതൽ തുടങ്ങിയ ചർച്ച ടാഗോറിലെത്തി മുട്ടി നിന്നു. ടാഗോർ ലോകത്തിലെ ഏറ്റവും മഹാനായ എഴുത്തുകാരനാണെന്നു വരുത്താനുള്ള ശ്രമമായപ്പോൾ ഞാൻ ചോദിച്ചു. 'നിങ്ങൾ ടാഗോറിന്റെ വല്ല പുസ്തകവും വായിച്ചിട്ടുണ്ടോ?' ഏതാനും കവിതകളല്ലാതെ മറ്റൊരു ടാഗോർ കൃതികളും വായിച്ചിട്ടില്ലെന്ന് അയാൾക്കു സമ്മതിക്കേണ്ടിവന്നു. ടാഗോറിന്റെ ചെറുകഥകളും നോവലു കളും വായിച്ചിട്ടുണ്ടെന്നും അദ്ദേഹം വരച്ച അനേകം ചിത്രങ്ങൾ രവീന്ദ്ര ഗാലറിയിൽ കണ്ടിട്ടുണ്ടെന്നും, അവയിൽ വലിയ സവിശേഷതയൊന്നും കാണാൻ കഴിഞ്ഞില്ലെന്നും പറഞ്ഞത് അയാൾക്കു തീരെ രസിച്ചില്ല. ബംഗാളികൾക്ക് ടാഗോർ ഒരാരാധനാപുരുഷൻ മാത്രമാണ്. ഗുരുദേവൻ. അദ്ദേഹത്തിന്റെ കൃതികൾ വായിക്കണമെന്നവർ ഒരിക്കലും ആലോചിച്ചിട്ടില്ല.

മലയാളികളും ബംഗാളികളും തമ്മിൽ സാദൃശ്യമുണ്ടോ? പലരും ചോദി ച്ചിട്ടുള്ള ഈ ചോദ്യത്തിന്നു വലിയ അർത്ഥമില്ല. സാദൃശ്യമുണ്ടാവാം. പടർന്നു പന്തലിച്ച ഒരു വലിയ സംസ്കാരത്തിന്റെ രണ്ടു ശാഖകളാണ് ബംഗാളിയും മലയാളിയും. സാദൃശ്യമുണ്ടാകുന്നതിൽ അത്ഭുതമില്ല. അങ്ങിനെ ആകു മ്പോൾ സാദൃശ്യത്തേക്കാൾ അന്തരത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്.

പണ്ടെങ്ങോ നില നിന്നു മൺമറഞ്ഞുപോയ ഐശ്വര്യത്തിന്റെ നിഴലായ അഹന്തയിൽ ലോകത്തെ ചെറുതായി മാത്രം കാണാൻ പഠിച്ചവനാണ് ബംഗാളിയെങ്കിൽ ഒരു പുതിയ അഹന്തയെ തേടി സ്വന്തം മേൽവിലാസം കണ്ടുപിടിക്കാൻ ശ്രമിക്കുന്നവനാണ് മലയാളി.

### ഹോട്ടലുകൾ, ഹോട്ടലുകൾ

സാമ്പത്തികമായി നോക്കുകയാണെങ്കിൽ ഏതാനും ചെറിയ കമ്പനികൾ, ഹോട്ടലുകൾ, തയ്യൽക്കടകൾ, ലോണ്ടറികൾ, കുറച്ചു കെട്ടിടങ്ങൾ, ഇവ യൊഴിച്ചാൽ സാരമായ യാതൊരു മുതലും മലയാളിയുടെ വകയായി

ഇവിടെയില്ല. കമ്പനികളിൽ യുണൈറ്റഡ് ടയേർസ്, കൽക്കത്ത റബ്ബർ ട്രേഡിംഗ് കമ്പനി, എഞ്ചിനീയറിംഗ് ടൈംസ് എന്നിവ എടുത്തു പറയാം. കൽക്കത്ത യിൽ മലയാളികൾ നടത്തുന്ന മാസികകൾ കുറവാണ്. എഞ്ചിനീയറിംഗ് ടൈംസ് നടത്തുന്നത് ആലുവക്കാരൻ ശ്രീ ഇ.എച്ച്. ടിപ്പുവാണ്. ഇരുപത്തി രണ്ടു വർഷങ്ങൾ മുമ്പ് 'ഇന്ത്യൻ എഞ്ചിനീയറിംഗ് ആന്റ് ഇൻഡസ്ട്രീസ്സ് രജിസ്റ്റർ' എന്ന ഡയറക്ടറിയിൽ നിന്നു തുടങ്ങി, എഞ്ചിനീയറിംഗ് ടൈംസ് ആന്റ് ഫൗണ്ടറി ന്യൂസ് എന്ന മാസികയിലൂടെ വളർന്ന്, ഇന്ന് 25,000 സർക്കുലേഷനുള്ള ഒരു വാരികയാണ് 'എഞ്ചിനീയറിംഗ് ടൈംസ്'. പത്തു ലക്ഷത്തിൽ പരം ഉറുപ്പികയുടെ മുതൽ മുടക്കുള്ള ഒരു സ്ഥാപനമാണിത്.

കൽക്കത്തയിൽ നിന്നു പുറപ്പെടുന്ന മലയാളമാസികാണ് 'കേരളരശ്മി'. അടുത്ത കാലത്ത് 'രാജധാനി' യെന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീ കരണം ആരംഭിച്ചിട്ടുണ്ട്.

മലയാളിയുടെ ലാളിത്യം ഇവിടെ അവർ നടത്തുന്ന ഹോട്ടലുകളിലും പ്രകടമായി കാണാം. ആഡംബരമോ, മോടിയോ ഇല്ലാതെ, ആവശ്യം നിറ വേറ്റാൻ മാത്രമുള്ള സജ്ജീകരണങ്ങൾ, പരിചയം നടിക്കുന്ന പുഞ്ചിരിയോടെ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ചുറുചുറുക്കുള്ള പരിചാരകന്മാർ, ഇതെല്ലാം മലയാളി ഹോട്ടലുകളുടെ സവിശേഷതയാണ്.

അധികവും ഇടത്തരം ഹോട്ടലുകളാണ്. വളരെ ചെറിയ നിലയിൽ ആരംഭിച്ചവ. സാമാന്യം വലിയ ഹോട്ടലായ രാമകൃഷ്ണലഞ്ച് ഹോം, വർഷ ങ്ങൾക്കു മുമ്പ് ഒരു ബ്രാഹ്മണസ്ത്രീ നാലഞ്ചാൾക്കു ചോറു കൊടുക്കാൻ വേണ്ടി തുടങ്ങിയതാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്നവരുടെ മക്കൾ നടത്തുന്ന ഈ ഹോട്ടലിന് കൽക്കത്തയിൽ രണ്ടു ബ്രാഞ്ചുകളുണ്ട്. കൽക്ക ത്തയ്ക്കു പുറത്തും ശാഖകളുണ്ട്. ഹോട്ടൽ നടത്തി പൊളിഞ്ഞു പാപ്പ രായവരുമുണ്ട്.

**ഗുണ്ടകളുടെ വാഴ്ച**

ഒരു 'മദ്രാസി'യ്ക്ക് കൽക്കത്തയിൽ ഹോട്ടൽ നടത്തുവാൻ വളരെയേറെ പ്രതിബന്ധ ങ്ങളുണ്ട്. ബംഗാളികൾക്ക് മദ്രാസിഖാന, പ്രത്യേകിച്ചും മസാലദോശ, ഇഷ്ടമാണെന്നല്ലാതെ, കാഷ് കൗണ്ടറിന്നു പിന്നിലിരിക്കുന്ന 'മദ്രാസി'യെ അത്ര ഇഷ്ടമൊന്നുമില്ല. കൽക്കത്തയിൽ ഓരോ തെരുവുകളിലും ഒരു പ്രധാനദിവ്യനും അയാളുടെ അനുയായികളുമുണ്ട്. ഇവർ പണക്കാരുടെ മക്കളാണ്. പലർക്കും സ്വന്തം കാറുകളോ ബൈക്കുകളോ ഉണ്ട്. അവർ ഇടയ്ക്ക് ഈ ഹോട്ടലുകളിൽ ഒന്നായി വന്നു ഭക്ഷണം കഴിക്കും. പണം കൊടുക്കേണ്ട സമയത്ത് വല്ല നിസ്സാര കാരണവും പറഞ്ഞ് ലഹളയുണ്ടാക്കും. പിന്നെ സോഡക്കുപ്പികൾ, കസേലകൾ, ചിലപ്പോൾ ബോംബുകൾ, മുതലായ ആയുധങ്ങൾ കൈമാറുന്നു. കുറച്ചു നേരത്തെ യുദ്ധത്തിനു ശേഷം ഭീഷണി പ്പെടുത്തിക്കൊണ്ട് ഗുണ്ടകൾ മടങ്ങുന്നു. ഇത് ഇടയ്ക്കിടയ്ക്ക് ആവർത്തി ക്കുന്നതായതുകൊണ്ട്, എന്തും അഭിമുഖീകരിക്കാൻ ധൈര്യമുള്ളവരേ ഇവിടെ ഹോട്ടൽ തുടങ്ങു.

**ഹോട്ടൽക്കാരന്റെ കഥ**

എനിക്കു പരിചയമുള്ള ഒരു ഹോട്ടലുടമസ്ഥനുണ്ട്. ഏതാനും കൊല്ലം മുമ്പ് പരിചയപ്പെട്ടു മ്പോൾ അയാൾ ഒരു മെസ്സിൽ വാലിയക്കാരനായിരുന്നു.

അഞ്ചാളുള്ള ആ മെസ്സിൽ അയാൾക്കു ചെലവു കഴിച്ച് അയ്മ്പതുറുപ്പിക ശമ്പളം കിട്ടിയിരുന്നു. ജോലിയാകട്ടെ രണ്ടു നേരം ചോറു വെയ്ക്കുക, മാർക്കറ്റിൽ പോകുക. അയാൾക്ക് ബുദ്ധിപരമായ തടസ്സങ്ങളൊന്നും ആ ജോലി ചെയ്യുന്നതിനുണ്ടായിരുന്നില്ല. പകൽ മുഴുവൻ വെറുതെയിരിക്കുന്നതുകൊണ്ടുള്ള വിരസത അയാളെ വിഷമിപ്പിച്ചു കണ്ടില്ല. പക്ഷേ എന്തു കാരണം കൊണ്ടോ അയാൾ ആ മെസ്സു വിട്ടു.

ഞാൻ അയാളെ പിന്നെ കാണുന്നത് നാലഞ്ചു ടിഫിൻകാരിയറുമായാണ്. കൽക്കത്തയിൽ വളരെയധികം സ്വകാര്യമെസ്സുകളുണ്ട്. അവർ ഓഫീസ് ജോലിക്കാർക്ക് ഉച്ചഭക്ഷണം എത്തിക്കുന്നു. ഒരു ഊണിന് ഒന്നേകാൽ മുതൽ ഒന്നര ഉറുപ്പിക വരെ ചാർജ്ജ് ചെയ്യും. ഈ സെറ്റുകൾ കൊണ്ടുപോയി കൊടുക്കുന്നവർക്കാകട്ടെ മാസത്തിൽ സെറ്റിന്ന് എട്ടുറുപ്പിക മുതൽ പത്തുറുപ്പികവരെ കിട്ടും. പത്തു സെറ്റു കൊണ്ടു പോയി കൊടുത്താൽ 80ക. കിട്ടും. അതു പരമാവധി വരവാണ്. അയാൾ ചെയ്തത് ബുദ്ധിപൂർവ്വമാണോ എന്നു ഞാൻ സംശ യിച്ചു. മെസ്സിൽ അയാൾക്കു കിട്ടിയിരുന്ന അമ്പതുറുപ്പിക എല്ലാ ചിലവുകളും കഴിച്ചുള്ളതാണ്. താമസത്തിന്നോ ഭക്ഷണത്തിന്നോ അയാൾ വിഷമിക്കേണ്ട. പിന്നീടാണ് രഹസ്യം മനസ്സിലായത്. ഏതാനും മാസങ്ങൾക്കുശേഷം അയാളെ കണ്ടപ്പോൾ അയാൾ ഏറ്റിയിരുന്നത് സ്വന്തം മെസ്സിൽ നിന്നുള്ള സെറ്റുകളായിരുന്നു. മദ്ധ്യകൽക്കത്തയിലെവിടെയോ ഒരു കെട്ടിടത്തിന്റെ ചായ്പിൽവെച്ച് ഭക്ഷണം പാകം ചെയ്തു കൊണ്ടുവരികയാണ്. ഡൽഹൗസി സ്ക്വയറിൽ പല ഓഫീസുകളിലായി അഞ്ചുപത്തു പതിവുകാരെ പിടിച്ചിട്ടുണ്ട്. സെറ്റുകളുടെ എണ്ണം ക്രമേണ വർദ്ധിച്ചു. ഇപ്പോൾ അയാൾ ഡൽഹൗസിയിൽ സ്വന്തമായി ഒരു ചെറിയ ഹോട്ടൽ തുടങ്ങിയിരി ക്കയാണ്. എന്താണ് അയാളുടെ മുതൽക്കൂട്ട്, തികഞ്ഞ ആത്മവിശ്വാസവും വിജയിക്കുമെന്ന് ഉറച്ച തീരുമാനവുമല്ലാതെ!

**വാലിയക്കാർ**

പഴയ മെസ്സിൽ തുടർന്നിരുന്നുവെങ്കിൽ അയാൾ ഇന്നും ഒരു വാലിയക്കാരനായി കഷ്ടപ്പെട്ടേനെ. ഒരു വാലിയക്കാരന്റെ ജീവിതം മറ്റെല്ലായിടത്തുമെന്നപോലെ ഇവിടെയും കഷ്ടതരമാണ്. ഓഫീസു ജോലിക്കാരെ പോലെ ലീവോ മറ്റു ആനുകൂല്യങ്ങളോ ഇല്ല. കൊല്ലത്തിൽ മുന്നൂറ്റിയറുപത്തഞ്ച് ദിവസവും അദ്ധ്വാനിച്ചാലും നാട്ടിലൊന്നു പോകണമെങ്കിൽ കടം വാങ്ങണം. പലപ്പോഴും ആ മാസത്തെ ശമ്പളം കിട്ടിയില്ലെന്നും വരും. ഭിന്നരുചിക്കാരായ മെസ്സംഗങ്ങളെ പ്രീതിപ്പെടുത്തുകയെന്നത് ഒരിക്കലും സാധിക്കാത്ത ഒരു കാര്യമാണ്. അതുകൊണ്ട് അവരുമായുള്ള വാലിയക്കാരന്റെ ബന്ധം മിക്കവാറും കയ്പുനിറഞ്ഞതായിരിക്കും. വൈവാഹികജീവിതം അവർക്കു വിധിച്ചതല്ല. ഈവക കാരണങ്ങളാൽ പലരും, ഈ തൊഴിൽ, ജീവിതത്തിലെ പ്രതികൂലകാലാവസ്ഥയിൽനിന്നു രക്ഷ നേടാനുള്ള ഒരു കുപ്പായം മാത്രമായിട്ടേ കണക്കാക്കാറുള്ളു. കുറച്ചു കഴിഞ്ഞാൽ അതൂരി വലിച്ചെറിയും.

വിവാഹം കഴിഞ്ഞു കുട്ടികളായവരും ഈ വേലയ്ക്കു നിൽക്കുന്നുണ്ട്. നാട്ടിലെ

ഇടത്തരം കുടുംബങ്ങളിലെ സാമ്പത്തിക തകർച്ചയാണ് അവരെ ഈ പണിക്കു വലിച്ചിഴക്കുന്നത്. ഇവിടെ വാലിയക്കാരനായി ജോലി ചെയ്ത് മകനെ ടൈപ്പ്റൈറ്റിംഗ് പഠിപ്പിച്ച് ഒരു ഓഫീസിൽ ജോലിയാക്കിക്കൊടുത്ത

ഒരാളെ എനിക്കറിയാം.

ചെർപ്പുളശ്ശേരിക്കാരൻ സുന്ദരന്റെ കഥ രസകരമാണ്. പതിനേഴു കൊല്ലം മുമ്പ് കൽക്കത്തയിൽ വന്ന അയാൾ രണ്ടു മൂന്നു സ്ഥലങ്ങളിലായി പാചക വൃത്തി ചെയ്തു ജീവിച്ചു. അവസാനം ജോലി ചെയ്ത മെസ്സിലെ അംഗങ്ങൾ പോയപ്പോൾ ആ മെസ്സ് സ്വയമേറ്റെടുത്തു നടത്താൻ തുടങ്ങി അതൊരൽ ത്ഭുതമാണ്. കാരണം അയാൾക്ക് അക്ഷരാഭ്യാസമില്ല. ഒന്നും ഒന്നും കൂട്ടുവാൻ അറിയില്ല. സ്വന്തം വയസ്സെത്രയായെന്ന് പോലുമറിയില്ലെന്ന് പറഞ്ഞാൽ നിങ്ങൾക്ക് ഊഹിക്കാം. എങ്കിലും അയാൾ മെസ്സു നടത്തുന്നു. അഞ്ചാറ് അന്തേവാസികളുണ്ട് ഭവാനിപൂരിലുള്ള ആ മെസ്സിൽ. പോരാത്തതിന് ഓഫീസുകളിൽ ചോറു കൊണ്ടു പോയി കൊടുക്കുന്നുമുണ്ട്. ചിലവു കഴിച്ച് അയാളു

ടെ മാസവരുമാനം ഇരുന്നൂറുറുപ്പികയിലുമധികമാണ്.

## പാർക്ക് സ്റ്ററീറ്റ് നായർ

പിന്നെ പാർക്ക് സ്റ്റ്രീറ്റ് നായരാണ്. അയാളെപ്പറ്റി കേൾക്കാത്തവർ കൽ ക്കത്തയിലുണ്ടാവില്ല. തൃത്താലക്കാരനായ നാരായണൻനായരെ സംബ ന്ധിച്ചു അത്ഭുതകരമായ ഒരു പ്രത്യേകതയെന്തെന്നാൽ വർഷങ്ങൾ അയാളിൽ ഒരു മാറ്റവും വരുത്തിയില്ല. നായരിലെന്നല്ല, അയാൾ നടത്തുന്ന ഹോട്ടലിനും, അവിടെ വിളമ്പുന്ന ഭക്ഷണസാധനങ്ങളുടെ ഗുണത്തിനും ഒരു മാറ്റവും സംഭവിച്ചിട്ടില്ല.

തൊള്ളായിരത്തി ഇരുപത്തേഴിൽ കൽക്കത്തയിൽ വന്നു. മുപ്പതു മുതൽ അയ്മ്പതുവരെ അന്നു വാൽഫോഡിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ വി. എം. നായരുടെ വീട്ടുകാര്യസ്ഥനായി ജോലിനോക്കി. ശ്രീ വി. എം. നായർ പിരിഞ്ഞു പോയപ്പോൾ സ്വന്തം ഹോട്ടൽ തുടങ്ങി. ചെറിയ ഒരു മുറിയിൽ വലിയ മേശ, ബഞ്ചുകൾ, പലഹാരങ്ങൾ നിറച്ച ചില്ലലമാറ, പ്ലൈവുഡ്കൊണ്ടു വിഭജിച്ചുണ്ടാക്കിയ അടുക്കള, കഴിഞ്ഞു. ഇവിടെ നായർ ഇരുപതുകൊല്ലം ഹോട്ടൽ നടത്തി. പണം സമ്പാദിച്ചു. മൂന്നു മക്കളെ നല്ല വിദ്യാഭ്യാസം നൽകി ജോലിയാക്കി. പക്ഷെ ഇതൊന്നും നായരുടെ തല കനപ്പിച്ചില്ല. അയാൾ ഇന്നും അതേ പഴയ നായരായി തുടരുന്നു.

ഒന്നു നിന്നുതിരിയാൻപോലുമിടമില്ലാത്ത പീടികയിൽ നാട്ടിൽ നിന്നു കൊണ്ടുവന്ന ചേന, നേന്ത്രപ്പഴം, മലയാള പ്രസിദ്ധീകരണങ്ങൾ, എന്നിവ വിറ്റു ജീവിക്കുന്ന ധാരാളം മലയാളികളുണ്ട്. വീടുകൾ തോറും നടന്ന് ചൂടിപ്പായകൾ വിൽക്കുന്നവർ, വേനലിന്റെ വരവിൽ ജാലകങ്ങളിൽ തൂക്കാനുള്ള രാമച്ച ത്തട്ടികകളുമായു നടക്കുന്നവർ, പാർക്ക് സർക്കസ്സ് മാർക്കറ്റിലോ. കിദർപൂരി ലോ ഉണക്കമത്സ്യം വിൽക്കുന്നവർ, ചൗരങ്കിയിൽ ചെറിയ കടയിൽ ഗ്ലാസിട്ട കേസുകളിൽ പെന്നുകളും സൺഗ്ലാസുകളും നിരത്തി തിരക്കുപിടിച്ച കച്ചവടം നടത്തുന്നവർ, അങ്ങിനെ വിവിധ തലങ്ങളിൽ നിങ്ങൾക്കു മലയാളിയെ കാണാം.

മലയാളികൾ നടത്തുന്ന തുന്നൽക്കടകൾ ഇവിടെ വളരെ ജനസമ്മതി നേടിയവയാണ്. വളരെ പേരുകേട്ട ഒരു തുന്നൽക്കടയുടെ ഉടമസ്ഥന് കൽക്ക ത്തയിൽ ഒരഞ്ചുനിലക്കെട്ടിടം പണിയാൻ കഴിഞ്ഞു.

ഈ നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ കൽക്കത്തിൽ വന്ന മലയാളിക

ളുണ്ട്. അവർ അധികവും ഗവർമ്മെണ്ടു ജോലികളിൽ പ്രവേശിച്ചു. ക്രമേണ നല്ല നിലയിൽ ഉയർന്നു. അടുത്ത് ഒരു കാരണവരെപ്പറ്റി അറിയാൻ കഴിഞ്ഞു. പാലക്കാട്ടുകാരനായ അദ്ദേഹം നാല്പതു കൊല്ലം മുമ്പ് നാടുവിട്ടതാണ്. മൂന്നാംക്ലാസ്സുവരെ പഠിച്ച അദ്ദേഹം ഇവിടെ വന്ന് കാലക്രമത്തിൽ പോലീസു വകുപ്പിൽ ജോലി സമ്പാദിച്ചു. കഴിവുകൊണ്ടു മാത്രം ഉയർന്നു വന്നു. പിരിയുമ്പോൾ കൽക്കത്താ പോലീസിൽ ഡെപ്യൂട്ടി കമ്മീഷണറായിരുന്നു. ഇന്നദ്ദേഹം ഇവിടെ സ്വന്തമായി ബിസിനസ്സു ചെയ്തു കഴിയുന്നു.

1927-ലാണ് കഴക്കൂട്ടത്തുകാരനായ ശ്രീ വി.കെ. പണിക്കർ, മദ്രാസ് ലോണ്ടറി സ്ഥാപിച്ചത്. നാല്പത്തഞ്ചു കൊല്ലത്തിന്നുള്ളിൽ അത് ഒരു വലിയ ബിസിനസ്സായി വളർന്നുവന്നു. ഇന്ന് കൽക്കത്താ നഗരത്തിൽ വിവിധ ഭാഗങ്ങളിലായി പതിനാലു ബ്രാഞ്ചുകളുള്ളതിൽ ഇരുന്നൂറ്റി അയ്മ്പതോളം പേർ ജോലി ചെയ്യുന്നുണ്ട്. പതിനാലു ബ്രാഞ്ചുകളിലായി വർഷത്തിൽ അഞ്ചുലക്ഷം ഉറുപ്പികയുടെ ബിസിനസ്സു ചെയ്യുന്നുണ്ട്.

കൽക്കത്താ മലയാളിയുടെ സാംസ്കാരിക ജീവിതം ഒരു വലിയ നാട്യം മാത്രമാണ്. വല്ലപ്പോഴും മലയാളി സംഘടനകൾ അവതരിപ്പിക്കുന്ന വില കുറഞ്ഞ നാടകങ്ങളോ, മറ്റു കലാപരിപാടികളോ, അല്ലെങ്കിൽ കേരളത്തിൽ നിന്നു അപ്പപ്പോഴായി കൊണ്ടുവരുന്ന തൊഴിൽ നാടക സംഘടനകളുടെ നാടകങ്ങളോ കാണാൻ അവർ കുടുംബസമേതം പോകുന്നു. സ്വപിതാവിന്റെ ശേഷക്രിയയ്ക്കു ബലിയിടേണ്ടിവരുന്ന ഭൗതികവാദിയുടെ മനോഭാവമാണ് അധികം പേർക്കും. ഇനി സമാജങ്ങളുടെ കഥയോ?

ഇവിടെ സമാജങ്ങൾ ഉടലെടുക്കുകയും നശിക്കുകയും ചെയ്തിട്ടുണ്ട്. സമാജങ്ങൾക്കു വേണ്ടിയുള്ള കുരിശുയുദ്ധമാകട്ടെ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. പൊതുവെ മലയാളി സംഘടനകളിൽ കാണുന്ന രോഗമായ ഇടതുപക്ഷരാഷ്ട്രീയം കൽക്കത്താ മലയാളി സംഘടനകളേയും സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ രാഷ്ട്രീയമോ! അതു വെറുമൊരു മുഖംമൂടിയാണ്. സൗകര്യത്തിനു വേണ്ടി ധരിക്കുന്ന മുഖംമൂടികൾ. ഒരേ നിറമുള്ള മുഖംമൂടി ധരിച്ചവർ മറ്റുനിറമുള്ളവരെ അകറ്റാൻ ശ്രമിക്കുന്നു. മുഖംമൂടി കാട്ടി ഭയപ്പെടുത്തുന്നു. സംഘടനകളുടെ അധഃപതനത്തിനു കാരണക്കാരാരാ യാലും ശരി, ഒരു സാധാരണക്കാരൻ ഇന്നു സമാജങ്ങളെ പുച്ഛച്ചതോടെയാണ് വീക്ഷിക്കുന്നത്.

ഇവിടുത്തെ മലയാളിസംഘനടകളുടെ വളർച്ചയെ അപഗ്രഥിച്ചുനോക്കാം. അംഗസംഖ്യകൊണ്ടു മുന്നിട്ടുനിൽക്കുന്നത് കൽക്കത്താ മലയാളിസമാജ മാണ്. 1952-ൽ ഒരു ഗരാജിൽ ശ്രീമാന്മാർ ഇ.പി. കേശവൻ, എൻ.സി. നായർ, എൻ. രവീന്ദ്രൻ, സി.പി. രാജൻ മുതലയാവർ കൂടി തുടങ്ങിയതാണ്. ആദ്യത്തെ അദ്ധ്യക്ഷൻ ശ്രീ രാമയ്യരായിരുന്നു.

സമാജത്തിന്റെ പ്രഥമ സംരംഭം രണ്ടു കൊല്ലം കഴിഞ്ഞ് വിജയകരമായി നടത്തിയ സാംസ്കാരിക കലോത്സവമായിരുന്നു. അതിൽ കേരളത്തിലെ ഒട്ടു മുക്കാലും കലകൾ പ്രദർശിപ്പിക്കപ്പെട്ടു. 1955-ൽ നൃത്തത്തിന്നുള്ള ക്ലാസ്സുകൾ നൃത്യകൈരളിയെന്ന പേരിൽ ആരംഭിച്ചു. ലിറ്ററ്റി ആൻഡ് ഡിബേറ്റിംഗ് സൊസൈറ്റി, നാടകം, സംഗീതം, കായിക വിഭാഗം മുതലായ പല പ്രവർത്തനങ്ങളും തുടങ്ങി. ജൈത്രയാത്രയെന്ന പേരിലൊരു കൈയെഴുത്തു

മാസികയും. 7000-ത്തിൽപരം പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥശാലയുണ്ട് സമാജത്തിന്ന്. നാഷനൽ ലൈബ്രറി കഴിച്ചാൽ മലയാള പുസ്തകങ്ങളുള്ള രണ്ടാമത്തെ ഗ്രന്ഥശാലയാണിത്. കായിക വിഭാഗത്തിന്ന്, എടുത്തു പറയാവുന്ന നേട്ടങ്ങളുമുണ്ട്. സമാജം വോളിബാൾടീം പശ്ചിമബംഗാൾ വോളി ബാൾടീം ഫെഡറേഷനിൽ ഫസ്റ്റ് ഡിവിഷനിൽ കളിക്കുന്നു.

സമാജം കലാസമിതി, ശ്രീ ശിവശങ്കരന്റേയും കലാമണ്ഡലം ഗോവിന്ദൻ കുട്ടിയുടെയും സംവിധാനത്തിൽ നാലഞ്ചു നൃത്യനാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. തച്ചോളി ഒതേനൻ, പരശുരാമൻ, ഏകലവ്യൻ, ബുദ്ധൻ, ബുദ്ധചരിതം, വീണപൂവ് മുതലായവ.

അറുപത്തിയൊന്നിൽ അന്നത്തെ കേരളഗവർണ്ണരായിരുന്ന ശ്രീ വി. വി. ഗിരി ഉത്ഘാടനം ചെയ്ത കെട്ടിടഫണ്ടുവരെ സമാജത്തിന്റെ വളർച്ചയുടെ കാലമായിരുന്നു. കേരളത്തിൽ നിന്നു കൊണ്ടു വരുന്ന നാടകങ്ങൾ സാമ്പത്തികമായ വിജയമായിരുന്നു. 1,13,000 ക.യുടെ ഒരു സ്ഥലം വാങ്ങാൻ ഈ നാടകപ്രദർശനങ്ങൾ സഹായിച്ചു. ഈ സംഖ്യയിൽ 93.000ക. മാത്രമേ കൊടുത്തു തീർത്തിട്ടുള്ളു. ഇത്രയും സംഖ്യ തന്നെ തവണകളായാണ് അടച്ചു തീർത്തത്.

ദുരിതാശ്വാസപ്രവർത്തനങ്ങളിലും കൽക്കത്താ മലയാളികൾ പിന്നോക്കമായിരുന്നില്ല. ആസ്സാം, ഉത്തരബംഗാൾ, കേരളം എന്നീ സ്ഥലങ്ങളിലെ വെള്ളപ്പൊക്കംകൊണ്ടുണ്ടായ ദുരിതനിവാരണത്തിന്ന് ധാരാളം ധനശേഖരം നടത്തി യിട്ടുണ്ട്. സമാജത്തിന്റെ അംഗസംഖ്യയാകട്ടെ ഒരു കാലത്ത് ആയിരത്തഞ്ഞൂ റായിരുന്നു.

എന്തൊരു ശോഭനമായ ചിത്രം അല്ലേ? എന്നാൽ ഒരു ഗരാജിൽ തുടങ്ങി ഇതുവരെയുള്ള വളർച്ച ഒട്ടും സമാധാനപൂർവ്വമായിരുന്നില്ല. അതുപോലെ ഇന്നു നാം കാണുന്ന ചിത്രവും അത്ര ശോഭനമല്ല.

ഓരോരോ കാലത്തായി ഓരോ വിഭാഗം ആൾക്കാർ സമാജത്തിൽനിന്നും വിട്ടുപോയി വേറെ സംഘടനകളുണ്ടാക്കിയിട്ടുണ്ട്. അവയിൽ പലതും അകാലമൃത്യു വരിച്ചിട്ടുണ്ട്. ചിലത് നന്നായി കുറെക്കാലം നടന്നു, നശിച്ചു പോയിട്ടുണ്ട്. കലാപരിഷത്ത് വളരെക്കാലം സജീവമായി പ്രവർത്തിച്ച സംഘടനയാണ്. അടുത്ത കാലത്ത് എതിർപ്പുകൾ വക വെയ്ക്കാതെ അവർ പാശ്ചാത്യമട്ടിൽ ഒരു ക്ലബ്ബ് തുടങ്ങിയതോടെയാണ് പരിഷത്ത് നശിച്ചത്. അത്രയധികം 'സോഫിസ്റ്റിക്കേറ്റഡ്'ല്ലാത്ത ഭൂരിപക്ഷം മലയാളികളെ അങ്ങിനെ ഒരു ക്ലബ്ബ് അകറ്റുമെന്ന് ആദ്യമേ അഭിപ്രായമുണ്ടായിരുന്നു. എന്തായാലും പരിഷത്തിന്റെ കലാവിഭാഗം ഇന്നില്ല. കേരള ക്ലബ്ബും ഇങ്ങിനെ തുടങ്ങി അധികകാലം നിലനിൽക്കാത്ത ഒരു സംഘടനയായിരുന്നു.

വേറെയും ചെറിയ ചെറിയ സംഘടനകളുണ്ടായിട്ടുണ്ട്. പക്ഷെ അവയെല്ലാം ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മാതിരിയാണ്. സമാജം കഴിഞ്ഞാൽ പിന്നെ ഇവിടുത്തെ മലയാളികളിൽ അല്പമെങ്കിലും സ്വാധീനം ചെലുത്തുന്നത് അടുത്ത കാലത്തു നിലവിൽ വന്ന 'കേരള കൾച്ചറൽ ഫോറ'മാണ്. സമാജത്തിലെ രാഷ്ട്രീയത്തിന്റെ അതിപ്രസരം കാരണം മടുത്തു പിൻമാറിയവരാണ് അതിൽ അംഗങ്ങളെങ്കിലും ഇത് സമാജത്തിന്റെ സമാന്തര സംഘടനയല്ലെന്ന് അവർ വാദിക്കുന്നു. കേരളീയർക്കു തങ്ങളുടെ സ്വതന്ത്ര മായ അഭിപ്രായപ്രകടനത്തിനും കലാപ്രദർശനത്തിനുമുള്ള ഒരു

വേദി മാത്രമാണത്രെ കൾച്ചറൽ ഫോറം. ഒരു നല്ല സംഘടനാ ചതുരനായ ശ്രീ സഹസ്രനാമനാണ് ഈ പുതിയ സംഘടനയുടെ പിന്നിൽ.

മലയാളി സമാജത്തിന്റെ ഇന്നത്തെ നില തുലോം പരിതാപകരമാണ്.

സമാജത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടായ ശ്രീ അച്യുതവാരിയർ രാഷ്ട്രീയവടംവലികളിൽ നിന്നും ഉയർന്നുനിന്ന്, വിട്ടുപോയവരെ തിരികെ യോജിപ്പിച്ച് പഴയ അന്തസ്സത്ത വീണ്ടെടുക്കാൻ യത്നിക്കുന്നുണ്ട്.

ഈ പൊതുസംഘടനകൾക്ക് പുറമെ പ്രാദേശികവും മതപരവുമായ സംഘടനകളുണ്ട്. കൽക്കത്തയിൽ, നൂറ്റമ്പതു പേരുള്ള തള്ളിപ്പറമ്പു സംഘം, മുസ്ലീം അസോസിയേഷൻ. കാത്തലിക് അസോസിയേഷൻ, മുതലായവ.

**ഭാവി**

മലയാളി കൽക്കത്തയിൽ കേവലം പതിനാറാമൻ മാത്രമാണ്. ഈ മഹാനഗരത്തിൽ നിന്ന് കൊടുക്കുന്നതിലേറെ അയാൾ തിരിച്ചു വാങ്ങുന്നുണ്ട്. ഒരു ശരാശരി ബംഗാളിയേക്കാൾ നന്നായി അയാൾ ഈ നഗരത്തിൽ ജീവിക്കുന്നു. മിച്ചമുള്ളതുകൊണ്ട് നാട്ടിലെ കുടുംബത്തെ താങ്ങുന്നു. കേരളത്തിന്റെ സാമ്പത്തികനില തന്നെ ഒരു 'മണിയോർഡർ സാമ്പത്തിക വ്യവസ്ഥ'യല്ലേ?

എന്നാൽ ഒരു മലയാളി ഇവിടെ സംതൃപ്തനാണോ? ചോദിക്കൂ, ജീവിതം മടുത്തെന്നുത്തരം കിട്ടും. കൽക്കത്ത വിട്ടു നാട്ടിൽത്തന്നെ വല്ല ഉപജീവന മാർഗ്ഗവും നേടണമെന്നാണയാളുടെ ആഗ്രഹം. കേരളം വ്യവസായ വൽക്കരിക്കുന്നതിന്നുള്ള ശ്രമങ്ങൾ നടത്താതെ, രാഷ്ട്രീയത്തിന്റെ മറവിൽ സ്വന്തം താല്പര്യങ്ങളുടെ പിന്നാലെ ഓടി നടക്കുന്ന രാഷ്ട്രീയക്കാരെ അയാൾ അമർഷത്തോടെയാണ് നോക്കുന്നത്.

ഇങ്ങിനെയൊക്കെയായാലും മലയാളിയെ പ്രസന്നവജനനായേ കാണൂ. എല്ലാം മറന്നു ചിരിക്കാനുള്ള കഴിവ് മലയാളിയുടെ പ്രത്യേകതയാണ്. ഒരു പുറംരാജ്യക്കാരന് അസൂയയുണ്ടാക്കുന്നതാണിത്. പക്ഷെ, ആ ചിരിയുടെ പിന്നിലുള്ള വിഷാദം ആഴമേറിയതാണ്, ചുഴികളുള്ളതാണ്.

മലയാളികളെ ബംഗാളിൽ നിന്നു പുറത്താക്കാൻ വല്ല സംഘടിതശ്രമവും നടത്തുന്നുണ്ടോ? ഇല്ലെന്നു പറയാം. മലയാളികൾക്കെന്നല്ല, മറ്റൊരു വിഭാഗക്കാർക്കും തൽക്കാലം ഈ ഭീഷണിയില്ല. ബംഗാൾ നാഷനൽ വളണ്ടിയർ പാർട്ടി (ആ.ച.ഢ.ജ.) എന്ന പേരിൽ അടുത്ത കാലത്തു ഉടലെടുത്ത സംഘടന ആദ്യമെല്ലാം കുറച്ചാശങ്കയ്ക്കവകാശം നൽകിയിരുന്നു. അവരുടെ യൂനിഫോറമിട്ട ചെറുപ്പക്കാരായ വളണ്ടിയർമാരും ഹിന്ദി ഭാഷയ്ക്കെതിരായി ചുവരുകളിൽ പ്രത്യക്ഷപ്പെട്ട മുദ്രാവാക്യങ്ങളും ആണ് അതിനു കാരണം.

ഏതാനും വർഷങ്ങൾക്കു മുമ്പ് മലയാളികളോട് ഉടൻ സ്ഥലം വിടുവാൻ ആജ്ഞാപിച്ചു കൊണ്ടുള്ള ലഘുലേഖകൾ പെട്ടെന്നൊരു ദിവസം പ്രത്യക്ഷപ്പെട്ടു. മലയാളികൾ പാർക്കുന്ന സ്ഥലങ്ങളിൽ ചുവരുകളിൽ വലിയ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടു. അതിന്റെ പിന്നിൽ പ്രവർത്തിച്ച കൈകൾ ആരുടെയാണെങ്കിലും, രാഷ്ട്രീയത്തിന്റെ ഉന്നതതലങ്ങളിലുള്ള ചിലർ ഇടപെട്ട് അതു മുളയിൽത്തന്നെ നുള്ളിക്കളഞ്ഞു.

ഇപ്പോൾ, താൽക്കാലികമായെങ്കിലും, ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. പക്ഷെ ഈ സമാധാനിക്കൽ തികച്ചും

പൊള്ളയാണ്. മനുഷ്യത്വം അവസാനമായി മാത്രം പരിഗണിക്കുന്ന രാഷ്ട്രീയ പാർട്ടികൾ, അവകാശങ്ങൾ വക വെച്ചു കിട്ടാനുള്ള തിരക്കിൽ കലാപക്കാരായി മാറിയ തൊഴിലാളികൾ, വിട്ടുവീഴ്ചയ്ക്കു തയ്യാറില്ലാത്ത വ്യവസായ ഉടമകൾ, ഇവരെല്ലാം ചേർന്നു ഒരു പുതിയ, ആപൽക്കരമായ സ്ഥിതിവിശേഷം ഉളവാക്കിയിരിക്കുന്നു. പ്രധാന പ്പെട്ട പല തൊഴിൽശാലകളിലും ഇന്നു പണിമുടക്കം പൂട്ടിയിടലുമാണ്. വ്യാവസായിക വളർച്ച ബംഗാളിൽ ഒരുമാതിരി നിലച്ചിരിക്കുന്നു.

ഈ കാരണങ്ങളാൽ തൊഴിലില്ലായ്മ എല്ലാ കാലത്തേക്കാളും വർദ്ധിച്ചി രിക്കുന്നു. ജീവിതച്ചെലവുകളുടെ വർദ്ധനവിന്നിടയിൽ വരുന്ന ഈ ഭീമമായ തൊഴിലില്ലായ്മ എന്തെല്ലാം കെടുതികളാണ് വരുത്തിവെയ്ക്കുകയെന്ന് ഊഹിക്കാം. ഈ സ്ഥിതിവിശേഷത്തിൽ വെറും ഒരു നിസ്സാരജനവിഭാഗമായ മലയാളിക്ക് എന്തു രക്ഷയാണുണ്ടാകുക?

*മാതൃഭൂമി ആഴ്ചപ്പതിപ്പ് - 1970 മാർച്ച് 29*

BACK TO INDEX

# മരണത്തിന്ന് ആദരാഞ്ജലി

## ആർട്ടിസ്റ്റ് കെ. ദാമോദരന്റെ ദില്ലിയിലെ ചിത്രപ്രദർശനം

ആദാരഞ്ജലി അതും തന്റെ നല്ല പാതിയെ ജീവിതപ്രഭാതത്തിൽത്തന്നെ തട്ടിയെടുത്ത മരണത്തിന്ന് ഒരു ചെറുപ്പക്കാരൻ അർപ്പിക്കുന്നത്. (1971) ഏപ്രിൽ 23 മുതൽ 29 വരെ ദില്ലിയിലെ രവീന്ദ്രഭവൻ ഗാലറിയിൽ പ്രദർശിപ്പിച്ച പതിനെട്ടു ചിത്രങ്ങൾ കെ. ദാമോദരന്റെ കലാരംഗത്തെ ഒരു വഴിത്തിരിവു കാണിക്കുന്നു.

ദാമോദരൻ, എഴുപതിലും എഴുപത്തിയൊന്നിലുമായി വരച്ച നാലുചിത്ര ങ്ങളുടെ വിഷയം മരണമാണ്. നിഷ്ഠുരമായ, സുനിശ്ചിതമായ മരണത്തിന്റെ ദുരൂഹവും, ഭയാനകവുമായ ഭാവങ്ങൾ ഈ നാലു ചിത്രങ്ങളിൽ കാണാം. ചിത്രങ്ങളിൽ മരണം നേരിട്ടു പ്രത്യക്ഷപ്പെടുന്നില്ല. ഹോമേജ് ടു ഡെത്ത്, നമ്പർ രണ്ടിൽ അതു പ്രത്യക്ഷപ്പെടുമ്പോൾത്തന്നെ ബീഭത്സമായ ഒരു മുഖംമൂടി ധരിക്കുന്നു. ഇതേചിത്രത്തിൽത്തന്നെ കിടക്കുന്ന സ്ത്രീരൂപത്തിന്റെ യാന്ത്രികത, നിർവികാരത, നിങ്ങളെ അത്ഭുതപ്പെടുത്തും. മറ്റു മൂന്നു ചിത്രങ്ങളിലും മരണത്തിന്റെ കനത്ത നിഴൽമാത്രം നിങ്ങൾക്കനുഭവപ്പെടുന്നു. ഒന്നും നാലും ചിത്രങ്ങളിലെ വികലരൂപങ്ങളിൽ, മൂന്നാംചിത്രത്തിലെ നീലനിറത്തിൽ. അതു ഞെട്ടിക്കുന്നതും, അസ്വാസ്ഥ്യമുണ്ടാക്കുന്നതുമാണ്.

### ബോധതലവും അബോധതലവും

നിമഗ്നബിംബങ്ങൾ (ടൗയാല്യൃഴലറ കാമഴലെ) അടുത്തുതന്നെ നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നു. ഈ ചിത്രങ്ങളിൽ നിമഗ്നമായ ഇമേജുകൾ അതീവ മനോഹരവും അവ്യുക്തവുമാണ്. ദാമോദരന്റെ മിക്കവാറും എല്ലാ ചിത്ര ങ്ങളിലും കാണുന്ന രണ്ടു വ്യത്യസ്തതലങ്ങൾ ശ്രദ്ധേയമാണ്. മുകളിൽ ചെറിയ ബോധതലവും, താഴെ വലിയ അബോധതലവും. ആകാശത്തിന്റെ പ്രതീതിയുണ്ടാക്കുന്ന ചെറിയ ബോധതലത്തിൽ വളരെക്കുറച്ചേ ബിംബങ്ങ ളുള്ളു. എന്നാൽ ക്യാൻവാസിന്റെ മുക്കാൽഭാഗവും കവിഞ്ഞുനിൽക്കുന്ന അബോധമണ്ഡലമാകട്ടെ അവ്യക്തരൂപങ്ങളെക്കൊണ്ട് നിറഞ്ഞുനിൽ ക്കുന്നു. അവ രണ്ടു മണ്ഡലങ്ങളെയും വേർതിരിച്ചു നിർത്തുന്ന നേരിയ തെന്നുതോന്നിക്കുന്ന അവ്യക്തതയുടെ പടലം ഭേദിച്ചു ബോധമണ്ഡല ത്തിലേയ്ക്ക് കുതിയ്ക്കാൻ പാഴ്ശ്രമം നടത്തുന്നു. അത് അസ്വാസ്ഥ്യജനക മാണ്. മോചനത്തിന്നു കാംക്ഷിക്കുന്ന ഈ അവ്യക്തരൂപങ്ങൾ നിങ്ങളെ പ്രാചീനമായൊരു ബന്ധത്തിലേയ്ക്കു നയിക്കുന്നു. നിമഗ്നബിംബങ്ങൾ ഒന്നിൽ കാണുന്ന സ്ഥൂലങ്ങളായ സ്ത്രീരൂപങ്ങൾ പൗരാണിക ദാരുശിൽപ ങ്ങളെ ഓർമ്മിപ്പിക്കും.

അഗാധഹരിതം എന്ന ചിത്രത്തിൽ ആഴമുള്ള പച്ചനിറമാർന്ന വെള്ളം കാണിച്ചിരിക്കുന്നു. അതിൽ നിമിഷംപ്രതി താഴ്ന്നുകൊണ്ടിരിക്കുന്ന ഒരു പച്ച

രൂപവും. കെട്ടിനിർത്തിയ വെള്ളത്തിന്റെ അഗാധത അമ്പരപ്പിക്കുന്നതാണ്, ഭയാനകമാണ്, അതുപോലെ, ആ അഗാധതയിൽ താഴുന്നുവെന്ന ബോധവും.

ഭൂമാതാവ് (ങീവേലൃ ഋമൃവേ) എന്ന ചിത്രത്തിലെ ഭൂഭാഗത്തെ ഇമേജുകളിൽ അസ്തമയസൂര്യന്റെ മഞ്ഞവെളിച്ചം തൂകുന്ന കാഴ്ച മനോഹര മായിരിക്കുന്നു. സൂര്യരശ്മികൾ നേരെ ഇമേജുകളിൽ പതിക്കുകയല്ലാ ചെയ്യുന്നത്, മറിച്ച് ആകാശത്തിൽ സ്ഥിതമായ മേഘക്കീറിൽ തട്ടി പ്രതിഫലിക്കുകയാണെന്ന പ്രതീതിയുണ്ടാക്കുന്നു. ഇവിടെയും, രണ്ടു തലങ്ങളെയും കൂടിയിണക്കിയ രേഖ ലോലവും അതിസൂക്ഷ്മവുമാണ്. ദാമോദരന്റെ ചിത്രങ്ങളിൽ അബോധ പൂർവ്വം വന്നുചേരുന്ന ഈ വിഭജനത്തിന്നു കാരണം, ഭൂമിയുടെ വിശാലത യെപ്പറ്റിയും, ആകാശത്തിന്റെ അനന്തമായ അകൽച്ചയെപ്പറ്റിയും അദ്ദേഹ ത്തിൽ രൂഢമായ കാഴ്ചപ്പാടായിരിക്കാം.

ദാമോദരന്റെ നഗ്നരൂപങ്ങളെപ്പറ്റി, ഈ പ്രദർശനത്തിൽ രണ്ടു ചിത്രങ്ങ ളാണുള്ളത്. ഒന്ന് കറുപ്പും (ചൗറല ശി ആഹമരസ) ഒന്ന് ചുവപ്പും (ചൗറല ശി ഞലറ) ആണ്. മഞ്ഞയും ഓറഞ്ചും കറുപ്പും ഉപയോഗിച്ചു വരച്ച ആദ്യത്തെ ചിത്രത്തിന്റെ അസ്വാഭാവികമായ, അപകടം പിടിച്ച തുലനാവസ്ഥയ്ക്കു നേരെ വിപരീത മാണ്. രണ്ടാമത്തെ ചിത്രത്തിന്റെ അത്ഭുതകരമായ സ്വസ്ഥത. ആദ്യത്തെ ചിത്രം നിങ്ങളെ ഇളക്കി മറിക്കുന്നുവെങ്കിൽ രണ്ടാമത്തെ ചിത്രം നിങ്ങളെ തണുപ്പിച്ചു ശാന്തമാക്കുന്നു.

മത്സ്യങ്ങളെക്കുറിച്ചുള്ള രണ്ടു ചിത്രങ്ങൾ താരതമ്യപഠനത്തിന്നുതകും. ആദ്യത്തേതിൽ ചിത്രാർപ്പിതമായ കടലിൽ ഒരു വലിയ മത്സ്യം, ചെറിയ മത്സ്യങ്ങൾ. ചെറിയ മത്സ്യങ്ങളിലൊന്നിന്റെ വാരിയെല്ലുകൾ കാണുന്നു. മുകളിൽ കരയിൽ ഉയർന്നു നില്ക്കുന്ന മലകളാവട്ടെ ഈ മത്സ്യങ്ങളെയെല്ലാം വിഴുങ്ങാൻ വരുന്ന ഒരു വലിയ തിമിംഗലത്തിന്റെ പ്രതീതിയുണ്ടാക്കുന്നു. തികച്ചും പ്രസാദാത്മകമായ ഈ ചിത്രത്തിന്റെ മറുവശമാണ് കടൽയാത്ര, ഇരുട്ടിൽ (ഢീിമഴല ശി വേല റമൃസ) എന്ന ചിത്രം. കറുപ്പുനിറത്തിന്നു പ്രാധാന്യം കൊടുത്ത ഈ ചിത്രം കാണിക്കുന്ന കടൽ കറുത്തിട്ടാണ്. അതിൽ മുങ്ങിക്കൊണ്ടു നീന്തുന്ന ഇരുണ്ട ഭീമാകാരമായ മത്സ്യം ഭീതിയുളവാക്കുന്നു. അത്, നശീകരണമൂർത്തിയായി കടലുകളുടെ അഗാധതകളിൽ സഞ്ചരിക്കുന്ന കൂറ്റൻ മുങ്ങിക്കപ്പലുകളെ ഓർമ്മിപ്പിക്കുന്നു.

### കലാകാരന്റെ ദുഃഖം

ദാമോദരന്റെ ദുഃഖം അഗാധമാണ്, എന്തിനെന്നറിയാത്തതാണ്. നീല മലകൾ (ആഹൗല ങീൗിമേശിി) ദുഃഖം ഉറഞ്ഞുണ്ടായതാണ്. അവ നിങ്ങളുടെ മനസ്സിൽ ദുഃഖത്തിന്റെ കനത്ത നിഴൽ വിരിക്കുന്നു. താഴ്വാരങ്ങളിൽ അൽപ്പമായി കാണുന്ന ഹരിതബിന്ദുക്കൾ ആ ദുഃഖത്തിന്റെ മാറ്റും കുറക്കു ന്നില്ല. ദാമോദരന്റെ താഴ്വാരം, മലകൾ മുതലായ പ്രസാദാത്മകമായ മുൻചിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും, എപ്പോഴാണ് ചിത്രകാരനിൽ വിഷാദാത്മകത കടന്നുകൂടിയത്?

ദാമോദരന്റെ ആദ്യകാലചിത്രങ്ങളിൽ ധാരാളമായി കണ്ടിരുന്ന ലൈംഗിക പ്രതീകങ്ങൾ ഇന്നു വളരെ കുറഞ്ഞിരിക്കുന്നു. അതിനു പകരം ദുഃഖത്തിന്റെ അസ്വാസ്ഥ്യവും, മരണത്തിന്റെ അജ്ഞേയമായ, അമൂർത്തമായ അവ്യക്ത

തയും നാം കാണുന്നു. അനിവാര്യമായ ഈ വ്യതിയാനമാകട്ടെ ചിത്രകാരന്റെ പ്രജ്ഞയിലറിയാതെ കടന്നു വന്ന അന്തർദ്ധാരയാണ്.

ദാമോദരന്റെ നിറങ്ങൾ പ്രത്യേകം എടുത്തുപറയണം. കടുത്ത, കണ്ണിനെ പെട്ടെന്നാകർഷിക്കുന്ന വർണ്ണങ്ങൾകൊണ്ടുള്ള അഭിഷേകം ദാമോദരന്റെ ചിത്രങ്ങളെ ഇനിയും ആക്രമിച്ചിട്ടില്ല. നിറങ്ങൾ, ദാമോദരനെ സംബന്ധിച്ചേടത്തോളം വികാരങ്ങളാണ്. അവ സൂക്ഷ്മമായേ ഉപയോഗിയ്ക്കാവൂ.

വളരെയധികം പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ള ദാമോദരൻ ഇതിനുമുമ്പ് '66-ലും '70-ലും മദിരാശിയിലും '70-ൽത്തന്നെ ബോംബെയിലും ഏകാംഗ പ്രദർശനം നടത്തിയിട്ടുണ്ട്.

*മാതൃഭൂമി ആഴ്ചപ്പതിപ്പ് 1971 ആഗസ്റ്റ് 1*

BACK TO INDEX

# മുന്നൂറു തികയുന്ന കൽക്കത്ത

മുന്നൂറ് കൊല്ലം എന്നത് ഒരു നഗരത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രായമല്ല. നഗരങ്ങൾ സഹസ്രാബ്ദങ്ങൾ ജീവിക്കാറുണ്ട്. പിന്നീട് ക്ഷയിക്കുകയോ മറവിയിലേക്ക് മാഞ്ഞുപോവുകയോ, അല്ലെങ്കിൽ നശിച്ച് ചരിത്രത്തിന്റെ ഓർമകളായി തീരുകയോചെയ്യുംമുമ്പ്. കൽക്കത്ത പക്ഷേ, വാർധക്യലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയിട്ട് കുറച്ചു കാലമായി. ഇടയ്ക്കിടയ്ക്ക് മരിക്കാൻ പോകുന്നുവെന്ന മുറവിളിവരെ കേട്ടുതുടങ്ങി. അകാലവാർധക്യം. ഇനി യൗവനത്തിലേക്ക് ഒരു തിരിച്ചുപോക്കുണ്ടാവുമോ? ഇല്ലെന്നുതന്നെ പറയാം. അമ്മയ്ക്കു വയസ്സായതുതന്നെയാണ്. വെള്ളഴുത്ത് വീണ കണ്ണുകൊണ്ട് മക്കളുടെ പ്രാരബ്ധങ്ങളും കഷ്ടപ്പാടുകളും നോക്കിക്കാണുന്ന അമ്മയ്ക്ക് ഇനി സമ്പന്നതയുടെ നാളുകൾ ഓർമകൾ മാത്രം.

മുന്നൂറ് കൊല്ലം മുമ്പ് വെറും ചതുപ്പുനിലമായിക്കിടന്ന ഹുഗ്ലിതീരം കച്ചവടത്തിന്റെ അപാരസാധ്യതകൾ കാരണം, ഇന്ത്യയിലെ ഏറ്റവും വലിയ നഗരമായി മാറി. കപ്പലുകൾക്ക് നദീമുഖത്തുനിന്ന് അറുപതു കുലോമീറ്റർ ഉള്ളിലേക്ക് വന്ന് ഏതു കാലാവസ്ഥയിലും കയറ്റിറക്കുമതി നടത്താനുള്ള സൗകര്യം ഹുഗ്ലി നൽകുന്നു. ഈ സൗകര്യമാണ് ഈസ്റ്റിന്ത്യാകമ്പനിയുമായി വന്ന ഇംഗ്ലീഷുകാരെ ആകർഷിച്ചത്. വ്യാപാരത്തോടൊപ്പം നഗരവും വളർന്നു. വളർന്നുവരുന്ന ഒരു സാമ്രാജ്യത്തിന്റെ ഏറ്റവും വലിയ കോളനിയുടെ തലസ്ഥാനമാകാൻ മാത്രം കൽക്കത്ത വളർന്നു. വളർച്ചയുടെ ഈ കാല ഘട്ടത്തിൽ വിക്ടോറിയൻ ശൈലിയിൽ കെട്ടിടങ്ങൾ ഉയർന്നു. രാജവീഥികൾ നിർമ്മിക്കപ്പെട്ടു. കുതിരകൾ വലിക്കുന്ന ട്രാമുകൾ കുതിരവണ്ടികൾക്കിടയിൽ നിരത്തിൽ പാകിയ പാളങ്ങളിൽ ചലിച്ചു. പുൽമേടുകൾക്കു നടുവിൽ സ്മാരകമന്ദിരങ്ങളും സ്തൂപങ്ങളും ഉയർന്നു. വൈസ്റോയിമാർക്ക് താമസിക്കാൻ കൊട്ടാരങ്ങൾ നിർമ്മിക്കപ്പെട്ടു. ദക്ഷിണ കൽക്കത്തയിൽ ഒരു വലിയ തടാകം കുഴിക്കപ്പെട്ടു. നിരത്തിന്നരികിലുള്ള ഫയർ ഹൈഡ്രന്റിലുള്ള ഫിൽട്ടർ ചെയ്യാത്ത മഞ്ഞ നിറത്തിലുള്ള ഗംഗാജലം കൊണ്ട് രാവിലെ റോഡുകൾ കഴുകി. നിത്യവും റോഡുകൾ കഴുകിയിരുന്ന ഇന്ത്യയിലെ ഒരേയൊരു നഗരം കൽക്കത്തയായിരുന്നു.

നഗരം സുന്ദരിയായ ഒരു തരുണിയായിരുന്നു. അവൾ വിദേശികളെ ആകർഷിച്ചു മയക്കി. കൽക്കത്താനഗരം സന്ദർശിക്കാനെത്തിയ വിദേശികൾ തിരിച്ച് നാട്ടിൽപോയി അവളെ സ്വപ്നം കണ്ടു. അവളെപ്പറ്റി അത്യുൽക്കടമായ വിരഹവേദനയോടെ കവിതകളെഴുതി. ചിത്രകാരന്മാർ നഗരത്തിന്റെ വിവിധദൃശ്യങ്ങൾ ക്യാൻവാസ്സിൽ ശാശ്വതീകരിച്ചു. ഒരു നൂറ്റാണ്ടു മുമ്പത്തെ കൽക്കത്തയെപ്പറ്റി അറിയണമെന്നുള്ളവർക്ക് വിക്ടോറിയാ മെമ്മോറിയലിലും മ്യൂസിയത്തിലും പ്രദർശിപ്പിച്ചിട്ടുള്ള സ്കെച്ചുകൾ സഹായകങ്ങളാവും.

പിന്നെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം വന്നു. വളരെ

മഹാന്മാരായ പല നേതാക്കളും കൽക്കത്തയിൽനിന്ന് പൊന്തിവന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നഗരത്തിന്റെ രാജവീഥികൾ പലതിനും ആ നേതാക്കന്മാരുടെ പേരുകൾ കൊടുത്ത് ജനം അവരെ ആദരിച്ചു.

**രണ്ടു മുഖങ്ങൾ**

പെട്ടെന്ന് ഇതെല്ലാം മാറി. ബംഗാൾ വിഭജനത്തെത്തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹത്തിൽ കൽക്കത്താനഗരം മുങ്ങിപ്പോയി. എവിടെയും ആൾക്കാർ. ഭയവും വിശപ്പും തളംകെട്ടി നിൽക്കുന്ന ആ മുഖങ്ങൾ കൽക്കത്തയുടെ സ്വാസ്ഥ്യം കെടുത്തി. കൽക്കത്തയുടെ സുന്ദരമായ മുഖത്ത് ചുളിവുകൾ വീഴ്ത്തി. സ്വാതന്ത്ര്യത്തിനു ശേഷമുണ്ടായ വ്യാവസായിക ഉണർവിൽ കുറെ പേർക്ക് തൊഴിൽകിട്ടി. രക്ഷപ്പെടാൻ ഭാഗ്യം ചെയ്തി ട്ടില്ലാത്തവർ ഗതികിട്ടാതെ അലഞ്ഞുനടന്നു. ചേരികൾ ഉടലെടുത്തു. നഗരപ്രാന്തങ്ങളിൽ അവ അർബുദംപോലെ പടർന്നുപിടിച്ചു. ചൗറങ്കിയിലെ നിയോൺവിളക്കുകളുടെ പ്രഭാവലയത്തിനു പിന്നിൽ വിശപ്പിന്റെ ഇരുട്ട് പടർന്നു. കൽക്കത്തയ്ക്ക് രണ്ടു മുഖങ്ങളുണ്ടായി. അഭയാർത്ഥികൾക്ക് രണ്ടാംതരം പൗരത്വമേ കൽക്കത്തയിലെ ആഢ്യവംശജർ നൽകിയുള്ളു.

അഭയാർത്ഥികൾ മാത്രമല്ല നഗരത്തിലേക്കിരമ്പിവന്നത്. നിലയ്ക്കില്ലെന്നു തോന്നിച്ച അവരുടെ പ്രവാഹം ഒരുമാതിരി നിന്നപ്പോൾ പിറന്ന ഗ്രാമത്തിൽ നിന്ന് നഗരത്തിന്റെ പകിട്ടു കണ്ടുവന്ന ജനങ്ങളുടെ പ്രവാഹമായി. ദിവസവും ഹൗറയിലും സിയാൽഡയിലും സബർബൻ ട്രെയിനുകൾ കൊണ്ടുവന്നു തള്ളുന്ന ജനലക്ഷങ്ങൾ മുഴുവനും ഫാക്ടറിയിലോ ഓഫീസിലോ ജോലിചെയ്ത് വൈകുന്നേരം തിരിച്ചുപോകാൻ വന്നവരല്ല. അവർ ഗ്രാമങ്ങൾ ഉപേക്ഷിച്ച് നഗരത്തിൽ കുടിയേറിപ്പാർക്കാൻ വന്നവരായിരുന്നു. നഗരത്തിന്റെ പ്രഭയിൽ ആകൃഷ്ടരായി പറന്നുവന്ന ഈയ്യാംപാറ്റകൾ. അവർ പുറംപോക്ക് സ്ഥലങ്ങളിൽ അതിക്രമിച്ച് കുടിലുകളുണ്ടാക്കി. ജീവിതരീതി മാറ്റാൻ അവർ വിമുക്തരായിരുന്നു. അതുകൊണ്ട് അവർ കുടിലിനു ചുറ്റും ഒരു മിനിഗ്രാമം സൃഷ്ടിച്ചു. ചുരുക്കിപ്പറഞ്ഞാൽ അവർ ഗ്രാമത്തേയും ഒപ്പം കൊണ്ടുവന്നു.

നഗരം വളരുകയായിരുന്നു. ഭയപ്പെടുത്തുന്ന തോതിൽ. അറുപതുകളിലും ജീവിതം പിന്നെയും സുഖകരമായിരുന്നു. ദിവസേനയെന്നവണ്ണം ഉണ്ടാകുന്ന ജാഥകൾ, പ്രകടനങ്ങൾ, വെടിവെപ്പ്, എല്ലാം ഉണ്ടായിട്ടും അതിനു നടുവിലും ജീവിതം പൊതുവെ സഹിക്കാൻ പറ്റുന്നതായിരുന്നു. കൽക്കത്ത പ്രക്ഷോഭ ത്തിന്റെ നഗരമാണ്. നിസ്സാരമായ ഒരു കാരണംമതി, സഹനശക്തിയുടെ വെടിമരുന്നിൽ ഒരു തീപ്പൊരി വീഴ്ത്താൻ. അപമര്യാദയായി പെരുമാറിയ ഒരു കണ്ടക്ടർ, അമിതവില ഈടാക്കിയ ഒരു വ്യാപാരി, തിരക്കുപിടിച്ച ട്രാമിൽ പോക്കറ്റടിക്കാൻ ശ്രമിച്ച ഒരുത്തൻ, എല്ലാം കലാപത്തിന് തുടക്കമിടുന്നു. പോക്കറ്റടിക്കാരും തട്ടിപ്പറിക്കാരും പിടിക്കപ്പെട്ടാൽ ആ നിമിഷംതൊട്ട് മനുഷ്യനല്ലാതാവുന്നു. അവന്റെമേൽ ജനരോഷം ആഞ്ഞടിക്കുന്നു. അവന്റെ ദേഹത്തിൽ സകല ഭേദ്യമുറകളും പ്രയോഗിക്കുന്നു. ബ്ലേഡുകൊണ്ട് മുഖം കീറിമുറിക്കുകവരെ. അസ്റ്റെറിക്സ് കോമിക്കിലെ പോലെയാണ് കൽക്കത്ത.

പ്രകടനങ്ങൾ ദൈനംദിനകാഴ്ചയാണ്. ഡൽഹൗസി സ്ക്വയറിലെ ഓഫീസിൽ നിന്ന് പുറത്തിറങ്ങി എസ്പ്ലനേഡിൽ വന്ന് ട്രാമോ ബസ്സോ പിടിക്കാമെന്നു വെച്ച് നടക്കുന്നു. പെട്ടെന്ന് ഒരു നിരത്തിലേക്ക് തിരിയുമ്പോൾ അതിന്റെ വിജനത നമ്മെ അത്ഭുതപ്പെടുത്തുന്നു. കാരണമെന്തെന്നറിയാതെ സംശയിച്ച് മുന്നോട്ടു പോകുമ്പോൾ നിരത്തുവക്കിൽ പാർക്കുചെയ്ത പൊലീസ് വാനിൽ സന്നദ്ധരായി നിൽക്കുന്ന സായുധപോലീസുകാർ, ഇരുവശത്തുമുള്ള ടെറസ്സിലും ബാൽക്കണിയിലും നിന്ന് താഴേക്ക് നോക്കിനിൽക്കുന്ന കാണികൾ, അപ്പോഴും അന്തരീക്ഷത്തിൽ ഉള്ള, നമ്മുടെ കണ്ണുകളെ നീറ്റുന്ന കണ്ണീർവാതകത്തിന്റെ അംശങ്ങൾ, എല്ലാം ആ നിരത്ത് അല്പസമയം മുമ്പ് ഒരു രണഭൂമിയായിരുന്നുവെന്ന് നടുക്കത്തോടെ നമ്മെ മനസ്സിലാക്കിപ്പിക്കുന്നു. നാം അടുത്തു കണ്ട ഒരു ചെറിയ ലെയ്നിലേക്ക് വലിയുന്നു.

**ജനപ്രളയം**

അറുപതുകളിൽ നഗരം ചീയാൻ തുടങ്ങിയിരുന്നില്ല. വിന്ററിൽ പുതിയ തുടുത്ത പച്ചക്കറികളുടെ വാസനയും കോൾഡ്ക്രീമിന്റെ പരിമളവും കാറ്റിൽ നമുക്കനുഭവപ്പെടും. നിരത്തുകൾ താരതമ്യേന വൃത്തിയുള്ളവയായിരുന്നു. നഗരസഭയുടെ ജോലിക്കാർ പണിമുടക്കുമ്പോഴെ അഴുക്ക് നിരത്തുകളിൽ കുമിഞ്ഞുകൂടിയിരുന്നുള്ളൂ. എഴപതുകളിലെത്തിയപ്പോഴേക്ക് നഗരത്തിന് താങ്ങാൻ പറ്റാത്ത അത്ര ജനങ്ങൾ കൽക്കത്തയിലെ തെരുവുകളിൽ തോളോടുതോൾ ചേർന്ന് ഉരുമ്മി നടന്നു. ഓടകൾ അടഞ്ഞു. ഒരു ചെറിയമഴപോലും വെള്ളപ്പൊക്കമുണ്ടാക്കി. നഗരസഭ അനാസ്ഥ കാണിച്ചു. ചപ്പുചവറുകൾ ദിവസങ്ങളോളം നിരത്തുവക്കിൽ കിടന്ന് ചീഞ്ഞുനാറി. നഗരത്തിന്റെ മണം ചത്തു ചീഞ്ഞ മണമായി.

അറുപതുകളുടെ അവസാനംവരെ നിങ്ങൾക്ക് തടാകതീരത്ത് രാത്രി വൈകുവോളം പുൽത്തകിടിയിൽ കാറ്റുംകൊണ്ട് ഇരിക്കാമായിരുന്നു. ഇന്ന് സ്ഥിതികൾ മാറി. ഇരുട്ടിക്കഴിയുമ്പോൾ അതൊരു വ്യഭിചാരകേന്ദ്രമായി മാറിയിരിക്കുന്നു. അവരിൽനിന്ന് പണം പിടുങ്ങാൻ സ്ഥിരം ദാദമാരുമുണ്ട്. ദാദമാർ കൽക്കത്തയിൽ ഏതു കാലത്തുമുണ്ടായിരുന്നു. ഓരോ തെരുവിലും ഓരോ ദാദയും അയാളുടെ സിൽബന്തികളും. അവർ അവരുടെ തെരുവിൽ രാജാക്കന്മാരാണ്. ഇടയ്ക്ക് അടുത്ത തെരുവിലെ ദാദയുമായി കൂട്ടിമുട്ടുമ്പോൾ ഒരു മിനിയുദ്ധമുണ്ടാവുന്നു. അപകടം മണത്തറിയാൻ പ്രാപ്തിയുള്ള ക്രാന്തദർശികളായ പീടികക്കാർ കടകൾ അടച്ച് സ്ഥലം വിടുന്നു. ഇന്ന് ഈ വക സംഘട്ടനങ്ങൾക്ക് ചെറിയ കൈബോംബുകളാണ് ഉപയോഗിക്കുന്നത്. അതാകട്ടെ. പാൻഷോപ്പുകളിൽ നിന്ന് എളുപ്പം വാങ്ങാവുന്നതുമാണ്. ഈ സംഘട്ടനങ്ങൾ പലപ്പോഴും മുപ്പതുകളിലെ ഷിക്കാഗോ തെരുവുകളെ ഓർമിപ്പിക്കും.

**കാളിപൂജ**

രണ്ട് ഉത്സവങ്ങളാണ് കൽക്കത്തയെ അണിയിച്ചൊരുക്കുന്നത്. ദുർഗാപൂജ യും കാളീപൂജയും. ദീപാളിയാണ് കൽക്കത്തക്കാർക്ക് കാളീപൂജ. രണ്ടും വർണശബളമായിത്തന്നെ ആഘോഷിക്കപ്പെടുന്നു.

തെരുവുകളിൽ പല യിടത്തും പന്തലിട്ട് മഹിഷാസുരമർദിനിയായ ദുർഗയുടെ വിഗ്രഹം വെച്ച് പൂജിക്കുന്നു. കഴിവുള്ളവർ സ്വന്തം വീട്ടിൽ അവരവരുടേതായ വിഗ്രഹം വെച്ച് പൂജിക്കുന്നു. സാർവജനീനമായ പൂജകളാവട്ടെ വളരെയധികം മത്സരബുദ്ധി യോടെ നടത്തുന്നവയാണ്. അവരവരുടെ പന്തലിലെ വിഗ്രഹം മറ്റുള്ളവരേ ക്കാൾ മികച്ചതാക്കാൻ ഓരോ കമ്മിറ്റിക്കാരും കിണഞ്ഞു ശ്രമിക്കുന്നു. നിർബന്ധിത പിരിവിലൂടെ സ്വരൂപിക്കുന്ന പണം ലാഭമെന്യേ ചെലവിടുന്നു.

ഈ പ്രതിമകൾ ഉണ്ടാക്കുന്നവർ കുമർ എന്ന പേരിലറിയപ്പെടുന്ന കുശവന്മാരാണ്. അവർ മികച്ച കലാകാരന്മാരാണ്. കലയും കൈവിരുതും ഒത്തുചേർന്ന് സജീവങ്ങളായ വിഗ്രഹങ്ങൾ രൂപപ്പെടുന്നു. വൈക്കോലും കളിമണ്ണുമാണ് അസംസ്കൃതവസ്തു. ഒരു കൊല്ലത്തെ പൂജ കഴിഞ്ഞാൽ ഉടനെ അടുത്തകൊല്ലത്തേക്കുള്ള ഓർഡർ കൊടുത്തുകഴിയും. വിഗ്രഹ മുണ്ടാക്കുന്നതിന്റെ തയ്യാറെടുപ്പും തുടങ്ങുന്നു.

പൂജയ്ക്കുശേഷം ഈ കലാരൂപങ്ങൾ ബാന്റ് മേളത്തിന്റെ താളത്തി നൊത്ത് നൃത്തം ചെയ്യുന്ന ചെറുപ്പക്കാരുടെ അകമ്പടിയോടെ ഹുഗ്ലിയിൽ നിമജ്ജനത്തിനായി കൊണ്ടുപോകുന്നു. വിഗ്രഹം എഴുന്നള്ളിക്കുന്ന വാഹന ത്തിനു മുമ്പിൽ അതാതു കമ്മിറ്റിക്കാരുടെ പേരെഴുതിയ ബാനറുകൾ പിടിപ്പിച്ചിരിക്കും. നിരത്തുകളുടെ രണ്ടുവശത്തും ബാൽക്കണികളിലും ജനലക്ഷങ്ങൾ ഈ ഘോഷയാത്രകൾ കാണാനായി നിരക്കുന്നു. പുത്ത നുടുപ്പുകൾ നഗരത്തിന്റെ വൈകല്യങ്ങൾ വിദഗ്ധമായി മറയ്ക്കുന്നു. പുതിയൊരു ജീവിതത്തെപ്പറ്റിയുള്ള പ്രത്യാശ കണ്ണുകളിൽ. എല്ലാം പക്ഷേ, ക്ഷണികം മാത്രം. സംഗീതത്തിന്റേയും സൗരഭ്യത്തിന്റേയും ഭക്തിയുടേയും മാസ്മരലോകം പെട്ടെന്നവസാനിക്കുന്നു. വീണ്ടും ജീവിത പ്രശ്നങ്ങൾ, പ്രാരബ്ധങ്ങൾ. അഡ്വാൻസ്, ബോണസ് എന്നീ ഇനത്തിൽ കിട്ടിയ പണമെല്ലാം ചോർന്നു പോയിരിക്കുന്നു. വീണ്ടും സമരത്തിലേക്ക്.

### സമരങ്ങൾ പലവിധം

എല്ലാവിധ സമരതന്ത്രങ്ങളും പയറ്റിനോക്കുന്നു കൽക്കത്തക്കാരൻ. മത്സ്യത്തിന് വില കൂടിയാൽ അവർ ഒന്നായി മത്സ്യം ബഹിഷ്ക്കരിക്കുന്നു. മാർക്കറ്റിലെത്തിയ മത്സ്യം വാങ്ങാനാളില്ലാതെ ചീഞ്ഞളിയുന്നു. വില നിർബന്ധമായും താഴുന്നു. മത്സ്യമില്ലാതെ ആഹാരം കഴിക്കാത്ത ബംഗാളി യാണിത് ചെയ്യുന്നതെന്നോർക്കുക. ഹിൽസാമത്സ്യത്തോടുള്ള പ്രിയം കാരണം, അവയുടെ വംശനാശംവരെ എത്തിയിരിക്കുന്നു. 'ഹിലിസ് മാച്ചി' ന്റെ വംശനാശം എങ്ങനെ ഒഴിവാക്കാനാവും എന്നാണ് ഇപ്പോൾ ചർച്ച. കാരണം, ഹിൽസാമത്സ്യമില്ലാത്ത ഒരു ചടങ്ങ് അപൂർണവും അനാകർഷക വുമാണ്. ഏറ്റവും വലിയ ഹിൽസാമത്സ്യം കൊണ്ടുവന്ന ആൾക്കനുകൂലമായി വിവാഹം ഉറപ്പിക്കുന്നു.

പുറമെയുള്ള ഒരാളെ ആകർഷിക്കുന്നത് കൽക്കത്തയുടെ മുഖം മാത്രമല്ല, ആത്മാവ് കൂടിയാണ്. സ്വന്തം ആത്മാവ് ഇത്രയും ഭംഗിയായി സൂക്ഷിക്കുന്ന ഒരു നഗരം വേറെ ഉണ്ടോ എന്നു സംശയമാണ്. കൽക്കത്തക്കാരുടെ അഭിരുചികളിലൂടെ ഈ ആത്മാവിന്റെ സ്ഫുരണം നമുക്കനുഭപ്പെടുന്നു.

സ്വന്തം സംസ്കാരപൈതൃകത്തെപ്പറ്റി ഇത്രയധികം ബോധമുള്ള, അതിൽ അമിതമായി അഹങ്കരിക്കുന്ന മറ്റൊരു ഭാരതീയനും ഉണ്ടെന്നു തോന്നുന്നില്ല. അവർ അന്യോന്യം അഭിസംബോധന ചെയ്യുന്നതുതന്നെ മഹാശയാ എന്നാണ്. 'മോഷായ്' ഒരു ശരാശരി ബംഗാളിയുടെ കൈയിൽ ഏതെങ്കിലും ബംഗാളി ക്ലാസിക് കാണാതിരിക്കയില്ല. അവർ മധുസൂദൻ ദത്തിനെപ്പറ്റിയും തോറു ദത്തിനെപ്പറ്റിയും സംസാരിക്കുകയും ചെയ്യും. സാഹിത്യത്തിലും സാംസ്കാരികചരിത്രത്തിലും താൽപര്യമുള്ളവരെ ഏറ്റവും ആകർഷിക്കുന്ന ഒരു സ്ഥാപനമുണ്ട് കൽക്കത്തയിൽ. നാഷണൽ ലൈബ്രറി. മൈതാനത്തിനും, വിക്ടോറിയാ മെമ്മോറിയലിനും, ശനിയാഴ്ചതോറും കുതിരപ്പന്തയം നടക്കുന്ന റോയൽ ടർഫിനും തെക്കുവശത്ത് പച്ചപ്പു തിങ്ങിയ വിശാലമായ പറമ്പിന് നടുവിൽ പണ്ട് വൈസ്റോയ് താമസിച്ചിരുന്ന കെട്ടിടത്തിലാണ് നാഷണൽ ലൈബ്രറി ഉണ്ടായിരുന്നത്. പുതിയ കെട്ടിടത്തേക്കാൾ എന്തു കൊണ്ടും ഒരു സഹൃദയന് താൽപര്യമുണ്ടാവുക ചരിത്രം ഉറങ്ങിക്കിടക്കുന്ന ഇടനാഴികകളിലൊന്നിൽ ഇരുന്ന് ചരിത്രത്തെപ്പറ്റി വായിക്കുകയാണ്.

സാഹിത്യത്തിൽ മാത്രമല്ല, കലാസാംസ്കാരിക രംഗത്തൊക്കെ കല്ക്കത്തക്കാർ മുന്നിൽ തന്നെയാണ്. തിയേറ്റർ പ്രസ്ഥാനം വളരെ വളർന്ന ഒരു നഗരമാണ് കല്ക്കത്ത. വർഷങ്ങളോളം തുടർച്ചയായി കളിച്ച നാടകങ്ങളുണ്ട്. നൂറിലൊരു ബംഗാളി ഏതെങ്കിലും തിയേറ്റർ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞാൽ അത്ഭുതമില്ല. അവർ നാടകപുസ്തകങ്ങൾ ഒപ്പം കൊണ്ടുനടക്കുകയും പാർക്കുകളിലോ ലഞ്ചുസമയത്ത് ഓഫീസിലോ ഇരുന്ന ഡയലോഗുകൾ ഹൃദിസ്ഥമാക്കുകയും അഭിനയം പരിശീലിക്കുകയും ചെയ്യും. രവീന്ദ്രസംഗീതത്തിന്റെ ഏക താളത്തിലുള്ള ആലാപനംപോലും നമുക്ക് ഹൃദ്യമായി തോന്നുന്നത് ഈ അർപ്പണ മനോഭാവം കൊണ്ടുതന്നെയാണ്. ഈ അർപ്പണമനോഭാവവും സംസ്കാര പൈതൃകവുമാണ് സത്യജിത് റേയെ, മൃണാൾസെന്നിനെ, ശംഭുമിത്രയെ എല്ലാം സൃഷ്ടിച്ചത്. ഈ സാംസ്കാരിക ചൈതന്യമാണ് ബംഗാളിയല്ലാത്ത ഒരാൾക്ക്, അയാൾ വിദേശീയനോ മറ്റുഭാഷകൾ സംസാരിക്കുന്ന ഭാരതീയനോ ആവട്ടെ വളരെ ഹൃദ്യമായി തോന്നുന്നത്.

ഇന്ന് കല്ക്കത്തയിൽ ജീവിതം ദുസ്സഹമാണ്. ഹൗറയിലെത്തുന്ന ഒരാൾക്ക് ഹുഗ്ലിയുടെ മുകളിലുള്ള തൂക്കുപാലത്തിലൂടെ കടന്നുവേണം കല്ക്കത്തയിലെത്താൻ. ചില സമയത്ത് ഇഞ്ചിഞ്ചായി നീങ്ങുന്ന വാഹനങ്ങൾക്കിടയിൽ മനുഷ്യരും എന്തിൽനിന്നോരക്ഷകിട്ടാനെന്നപോലെ നീങ്ങുന്നു. ഇവിടെ ഇന്ന് ഇന്നലയേക്കാൾ മോശമാണ്. നാളെ എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും എല്ലാവർക്കും അറിയാം. ഈ അറിവിലും അവർ കല്ക്കത്തയെ മുറുകെ പിടിക്കുന്നു. മുല കുടിക്കേണ്ട പ്രായം കഴിഞ്ഞിട്ടും അമ്മയുടെ ശുഷ്കമായ അമ്മിഞ്ഞ അള്ളിപ്പിടിക്കുന്ന ഒരു കുട്ടിയെപ്പോലെ. കല്ക്കത്ത അവന്റെ ജീവദാഹമാണ്. മലിനമെങ്കിലും ദുർഗന്ധപൂർണമെങ്കിലും അതവന്റെ പ്രാണവായുവാണ്.

കല്ക്കത്തയുടെ രൂപങ്ങൾ, ഭാവങ്ങൾ പലതാണ്. പലതും നമ്മെ വഞ്ചിതരാക്കുന്നു. വിക്ടോറിയാ മെമ്മോറിയലിനു ചുറ്റുമുള്ള മൈതാനത്ത് നടക്കാനിറങ്ങുമ്പോൾ നമുക്ക് കിട്ടുന്ന ഭാവമല്ല പാർക്ക് സ്ട്രീറ്റിലൂടെ നടക്കുമ്പോൾ കിട്ടുക. അവിടെ നമ്മെ സ്വകാര്യമായി പുറത്തുതട്ടിവിളിച്ച്

ഇടവഴിയിലേക്ക് കൊണ്ടുപോയി കീശയിൽ നിന്ന് അശ്ലീലചിത്രങ്ങങ്ങൾ എടുത്തുകാട്ടി വില്ക്കാൻ ശ്രമിക്കുന്ന ബൂട്ട്ലഗ്ഗേഴ്സിനെ കാണാം. അല്ലെങ്കിൽ തന്റെ കച്ചവടച്ചരക്കിന്റെ മേന്മ പറഞ്ഞ് നമ്മെ വശീകരിക്കാൻ ശ്രമിക്കുന്ന കൂട്ടിക്കൊടുപ്പുകാരെ കാണാം. സൊനാഗാച്ചിയിൽ നേപ്പാളിൽ നിന്ന് ചതിച്ചുകൊണ്ടുവന്ന് സുഖം വില്ക്കുന്ന മന്ദിരങ്ങളിൽ പാർപ്പിച്ച പെൺകുട്ടികളുടെ കദനകഥ കേൾക്കാം. സ്ട്രാന്റ് റോഡിൽ പതിച്ച ഇഷ്ടികകളിൽതെന്നി ഭാരമുള്ള ഉന്തുവണ്ടി ഉന്തിനീക്കാൻ കഷ്ടപ്പെടുന്ന തൊഴിലാളികളെ കാണാം. ഗ്രാന്റ് ഹോട്ടലിൽ നിന്ന് ഇരുനൂററുറുപ്പികയുടെ ലഞ്ചുകഴിച്ച് പുറത്തെ ചൂടിലേക്ക് നടക്കാൻ മടിച്ച് ആർക്കേയ്ഡിനു താഴെ നില്ക്കുന്ന കറുത്ത ഗ്ലാസ്സുകൾ ധരിച്ച ധനികരെ കാണാം. എല്ലാം ജീവിതം തന്നെ. ജീവിതം അതിന്റെ വിവിധ ഭാവങ്ങളിൽ, രൂപങ്ങളിൽ. നിലയ്ക്കാത്ത ജീവന്റെ ചലനം.

ബെന്റിങ്ക് സ്ട്രീറ്റിൽ പാരഡൈസ് സിനിമയ്ക്കടുത്തായി നിറയെ ചൈനീസ് പാദരക്ഷകൾ വില്ക്കുന്ന കടകൾ. ചെരുപ്പുകച്ചവടം കുല ത്തൊഴിലാക്കിയ കുടുംബങ്ങളാണ് ഇവ നടത്തുന്നത്. കടയ്ക്കു പിന്നിലുള്ള കൊച്ചു തൊഴിൽശാലകളിൽ അച്ഛനും അമ്മയും മക്കളും കൂടി മനോഹരമായ ചെരുപ്പുകളും ഷൂസുകളും ഉണ്ടാക്കുന്നു. വളരെ വിലകുറച്ച് വിറ്റ് ലാഭമുണ്ടാക്കുന്നു. അതിനും അപ്പുറത്ത് ചൈനീസ് റെസ്റ്റോറണ്ടുകൾ ഗുണമേന്മയുടെ പര്യായമായി നില്ക്കുന്നു. നമ്മൾ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ ഉടമസ്ഥൻ തന്നെ നേരിട്ടുവന്ന് പരിചയപ്പെടുന്നു. ഭക്ഷണം ഇഷ്ടമായോ എന്നന്വേഷിക്കുന്നു. കല്ക്കത്തയിലുടനീളം ചിതറി ക്കിടക്കുന്ന തെന്നിന്ത്യൻ റസ്റ്റോറണ്ടുകളിൽ കയറി വെയിറ്റർമാർ തികഞ്ഞ അവഗണനയോടെ, പുച്ഛരസത്തോടെ, നമ്മുടെ മുന്നിൽ എറിഞ്ഞുതരുന്ന മസാലദോശയും വടയും എങ്ങനെയെങ്കിലും അകത്താക്കി കൗണ്ടറിലിരി ക്കുന്ന അരസികനും സംശയാലുവുമായ മനുഷ്യന് ബില്ലിന്റെ പണം കൊടുത്ത് ഒരു നിമിഷം മുമ്പെങ്കിലും അയാളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ നാം ഈ ചൈനീസ് റസ്റ്റോറണ്ടുകളെ ഓർക്കാതിരിക്കയില്ല. നിങ്ങൾക്ക് അല്പം വില കിറഞ്ഞ ഭക്ഷണമാണ് വേണ്ടതെങ്കിൽ മുസൽമാൻ മാർ നടത്തുന്ന കൂറ്റൻ റസ്റ്റോറണ്ടുകളുണ്ട്. അവിടെ ബീഫും പൊറോട്ടയും പ്രത്യേകതയാണ്.

## ചേരികളിലെ മനുഷ്യർ

ഇതെല്ലാം വിട്ട് ഏതെങ്കിലും ഒരു ചേരിപ്രദേശത്ത് പോയാൽ കല്ക്കത്ത യുടെ ഭാവം മാറി. അവിടെ പട്ടിണിയും പിടിച്ചുപറിയുമാണ്. ജനലക്ഷങ്ങൾ മൃഗങ്ങളേക്കാൾ മോശമായ നിലയിൽ ജീവിക്കുന്നു. ചതുശ്രകിലോമീറ്ററിൽ 1,30.000 പേർ താമസിക്കുന്ന സ്ഥിതിയെപ്പറ്റി ആലോചിച്ചുനോക്കൂ. കക്കൂസു കളില്ല കുളിമുറികളില്ല പ്രഭാതകൃത്യങ്ങൾ നിർവഹിക്കുന്നത് പൊതു സ്ഥലത്തുതന്നെ. സ്ത്രീകൾ നേരം വെളുക്കുന്നതിന് മുമ്പുതന്നെ ഇതെല്ലാം കഴിക്കാൻ വ്യഗ്രത കാട്ടുന്നു. അഴുക്കുചാൽ ഒഴുകുന്നത് വീട്ടിനുള്ളിൽ കൂടിയാണ്. മാരകരോഗങ്ങൾ, ശിശുമരണങ്ങൾ എല്ലാം സാധാരണം. ഇവർക്ക് വേണ്ടി എന്താണ് ചെയ്യാൻ പറ്റുക? മദർ തെരേസ പറഞ്ഞത് ഒരു വിധത്തിൽ ശരിയാണ്. നമുക്ക് വലിയ കാര്യങ്ങളൊന്നും അവർക്കു

വേണ്ടിചെയ്യാൻ കഴിയില്ല. ചെറിയ കാര്യങ്ങൾമാത്രം. പക്ഷേ, അത് അതീവസ്നേഹത്തോടു കൂടി ചെയ്യുക. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ശരിയല്ല. ഒരു രാഷ്ട്രത്തിന് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിവുണ്ട്. അതിനുള്ള സന്മന സ്സുണ്ടാകണമെന്നുമാത്രം.

വളർന്നു ചീർത്തുവരുന്ന ഒരു നഗരത്തെ അതിന്റെ പരിമിതികളിൽ തള ച്ചിടാതെ വിസ്തീർണം വർധിപ്പിക്കുക. കല്ക്കത്തയ്ക്കു ചുറ്റും ചതുപ്പു നിലങ്ങളാണ്. അവ വികസിപ്പിച്ചെടുക്കുക. സാൾട്ട്ലേക്ക് സിറ്റി തുടങ്ങിയ ശാഖാനഗരങ്ങൾ വികസിപ്പിച്ചെടുത്ത പോലെ. ചേരിപ്രദേശത്തു താമസി ക്കുന്നവരുടെ പുനരധിവാസം നടത്തുക, അവർക്ക് തൊഴിലവസരം സൃഷ്ടി ക്കുക. നമുക്ക് ചെയ്യാൻ പറ്റുന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മാനുഷിക കർമമായിരിക്കും.

കല്ക്കത്തയക്ക് ഒരു സാർവജനീനമുഖം കൊടുക്കാൻ പല സമുദായ ക്കാരും ശ്രമിച്ചിട്ടുണ്ട്. വ്യവസായരംഗം അടക്കിഭരിക്കുന്ന മാർവാറികൾ, കച്ചവടത്തിലേർപ്പെട്ട ഗുജറാത്തികളും സിന്ധികളും, ബ്രിട്ടീഷ് രാജിന്റ ജീവിക്കുന്ന അവശിഷ്ടങ്ങളായ ആംഗ്ലോ ഇന്ത്യക്കാർ, സലാമദ്രാസി എന്ന ഓമനപ്പേരിലറിയപ്പെടുന്ന തെന്നിന്ത്യക്കാർ. അങ്ങനെ പലരും. പക്ഷേ, ബംഗാളി സ്വാധീനം കല്ക്കത്തയിൽ അത്രയധികം രൂഢമൂലമായതുകൊണ്ട് കല്ക്കത്തയെ ഒരു ബംഗാളി നഗരമെന്നു വിളിക്കുന്നതിൽ തെറ്റില്ല. ഇതിൽ കുഴപ്പമൊന്നുമില്ല. പല സംസ്കാരങ്ങളിലും മുങ്ങി സ്വന്തം മുഖം നഷ്ട പ്പെടുത്തുന്നതിനേക്കാൾ നല്ലത് സ്വന്തം സംസ്കാരത്തിന്റേതായ ഒരു മുഖമുണ്ടാവുന്നതുതന്നെയാണ്.

കല്ക്കത്തയുടെ മുഖം ദുർഗയുടെ മുഖമാണ്. കാളിയുടെ മുഖമാണ്. കാളിഘട്ടിലെ കാളിയുടെ പ്രതിഷ്ഠയാണ് നഗരത്തിന്റെ ഹൃദയം. അതിനു ചുററും പടർന്നുപിടിച്ച വ്യഭിചാരകേന്ദ്രങ്ങൾ ഒരു പക്ഷേ, പഴയ ദേവദാസി സമ്പ്രദായത്തിന്റെ അഴുക്കുചാലിൽ കിടന്ന് ചീഞ്ഞുതുടങ്ങിയതായിരിക്കും. എന്തായാലും കാളിഘട്ട് ക്ഷേത്രത്തിലേക്ക് പോകുന്നവർക്ക് ചെളിനിറഞ്ഞ വീതികുറഞ്ഞ റോഡുകളും സ്ത്രീത്വം ചവിട്ടിയരയ്ക്കപ്പെടുന്ന ദൈന്യത്തിന്റെ ചിത്രങ്ങളും കാണേണ്ടിവരും.

എന്തൊക്കെയായാലും കല്ക്കത്തയെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ പൊന്തിവരുന്നത് മാതൃഭാവമാണ്. നിലയ്ക്കാത്ത സ്നേഹത്തിന്റെ സ്രോത സ്സുകളാണ്. മുന്നൂറു വർഷം പിന്നിട്ട നഗരത്തോട് ഒന്നേ പറയാനുള്ളൂ. അമ്മേ ഇനിയും നൂറ്റാണ്ടുകൾ ജീവിച്ചിരിക്കൂ, ആരോഗ്യത്തോടെ, സ്നേഹത്തി ന്റെയും പ്രത്യാശയുടെയും നീരുറവകൾ ചുരത്തിക്കൊണ്ട്.

*മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1990 ഫെബ്രുവരി 4–10*

BACK TO INDEX

# പങ്കെടുക്കാൻ പറ്റാതിരുന്ന ഒരു വിവാഹം

ഞങ്ങൾ ബോംബെയിൽ താമസിച്ചിരുന്ന കാലത്ത് നടന്ന സംഭവമാണ്, തൊള്ളായിരത്തി എഴുപതുകളുടെ മധ്യത്തിലെപ്പോഴോ ആണ്. അന്ന് മുംബൈ ആയിട്ടില്ല. അതുകൊണ്ടാണ് ബോംബെ എന്നുതന്നെ എഴുതുന്നത്. അന്നത്തെ ഞങ്ങളുടെ ജീവിതപരാജയങ്ങളെപ്പറ്റി ഞാൻ ധാരാളം എഴുതിയിട്ടുണ്ട്. പലതും എന്റെ വരാൻ പോകുന്ന 'നീ എവിടെയാണെങ്കിലും' എന്ന ഓർമ്മക്കുറിപ്പിൽ പറയുന്നുണ്ട്. അതിന്റെ തുടർച്ചയായ ഒരു സംഭവം തന്നെയാണ് ഇതും.

ഒരു വലിയ സാമ്പത്തികത്തകർച്ചയുടെ തുടക്കമായിരുന്നു അത്. ഓഫീസിൽ എന്റെ മീതെ ഒരു സർദാറിനെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. ഒന്നുരണ്ട് വലിയ ഓർഡറുകൾ ലാക്കാക്കിയാണ് അവരതു ചെയ്തത്. സർദാറിന് ഡിഫൻസിന്റെ ഒരു പ്രത്യേക വിഭാഗത്തിൽ നല്ല പിടിപാടുണ്ടെന്ന കാരണം കൊണ്ട് അയാൾക്ക് ഒരുമാതിരി നിയന്ത്രണമില്ലാത്ത പ്രവർത്തനമേഖല കമ്പനി അനുവദിച്ചു. അയാൾ അത് ദുരുപയോഗം ചെയ്തു കമ്പനിയ്ക്ക് ഉദ്ദേശിച്ച ഓർഡർ നഷ്ടമായി. അതെല്ലാം വേറെ കഥ. അയാളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും വിധത്തിൽ ഇടപെട്ടേയ്ക്കാവുന്ന എന്നെ ഒഴിവാക്കുക സർദാറിന്റെ ആവശ്യമായിരുന്നു. അതിനയാൾ മാനേജ്മെന്റുമായി കരുക്കൾ നീക്കി. ഞാൻ പുറത്താവുകയും ചെയ്തു.

ജോലി നഷ്ടമാവുമെന്ന് ഏകദേശം ഉറപ്പായപ്പോൾ ഞാൻ കുറച്ചു പാർട്ട്ണർമാരുമായി സഹകരിച്ച് ഒരു ബിസിനസ്സ് തുടങ്ങിയിരുന്നു. അതിൽ ധാരാളം പണമിറക്കേണ്ടി വന്നു. അതുകൊണ്ട് ഞങ്ങൾ വളരെ അരിഷ്ടിച്ചാണ് കഴിഞ്ഞിരുന്നത്. മകന് അന്ന് നാലോ അഞ്ചോ വയസ്സായിട്ടുണ്ടാകും. അവന്റെ കാര്യങ്ങൾക്കുള്ള പണംതന്നെ കയ്യിലില്ല. എന്നിട്ടല്ലെ ഞങ്ങൾക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങുന്നത്. ആ സമയത്താണ് ഞങ്ങൾക്ക് ഒരു കല്യാണത്തിനുള്ള ക്ഷണം കിട്ടുന്നത്. ജുഹുവിൽ ഞങ്ങളുടെ അടുത്തു തന്നെ താമസിച്ചിരുന്ന ഒരു കുടുംബത്തിലെ കുട്ടിയാണ്. ഏകമകൾ സുനന്ദ. ഞങ്ങളാണെങ്കിലോ ഇടയ്ക്കിടയ്ക്ക് അവരുടെ വീട്ടിൽ പോകാറുമുള്ളതാണ്. വളരെ നല്ലൊരു കുടുംബബന്ധം അവരുമായി ഉണ്ടായിരുന്നു. ഞങ്ങൾ ആകെ ധർമ്മസങ്കടത്തിലായി. എന്താണ് ചെയ്യേണ്ടത്? ഒരു കല്യാണത്തിനു പോകാനുള്ള വസ്ത്രങ്ങളൊന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. തല്ക്കാലം വാങ്ങാനുള്ള കഴിവുമില്ല. പോകാതിരിക്കാൻ മനസ്സ് സമ്മതിക്കുന്നുമില്ല. ഒരു നിവൃത്തിയുമില്ലാത്തതുകൊണ്ട് പോകാതിരിക്കാൻ തീർച്ചയാക്കി. മോശം വസ്ത്രധാരണങ്ങളോടെ ഒരു വിവാഹാഘോഷത്തിൽ പങ്കെടുത്താൽ മനസ്സിടിയുകയേ ഉള്ളൂ. വിവാഹത്തിനു രണ്ടു ദിവസം മുമ്പ് പോയി ഒരു ചെറിയ പാരിതോഷികം അവർക്കു സമ്മാനിച്ചു. കല്യാണദിവസം എനിക്ക് പൂനയ്ക്ക് പോകേണ്ടിവരുമെന്നതുകൊണ്ട് വരാൻ പറ്റില്ലെന്നും അറിയിച്ചു. ആരെയും ഉപദ്രവിയ്ക്കാത്ത നുണ. അവർക്ക് വളരെയധികം കുണ്ഠിതമുണ്ടായി. ഞാൻ ഇടയ്ക്കിടയ്ക്ക് ഓഫീസ് കാര്യത്തിനായി പൂനയ്ക്ക് പോകാറുള്ളത് അവർക്കറിയാവുന്നതുകൊണ്ട് രക്ഷപ്പെട്ടു. പൂനയിൽപ്പോയാൽ വളരെ വൈകിയെ തിരിച്ചെത്താറുള്ളു എന്നും ചിലപ്പോൾ രണ്ടോ മൂന്നോ ദിവസം

അവിടെ തങ്ങാറുമുണ്ട് എന്നും അവർക്കറിയാം.

ഞാൻ ഓഫീസിൽനിന്ന് തിരിച്ചെത്തിയപ്പോൾ കണ്ടത് വളരെ നിരാശപ്പെട്ടു മ്ലാനമുഖത്തോടെ ഇരിക്കുന്ന എന്റെ ഭാര്യയെയാണ്. ബോംബെയിൽ വളരെ അപൂർവ്വമായെ ഒരു കല്യാണം കൂടാൻ അവസരം കിട്ടാറുള്ളു. അതാണ് നഷ്ടമായിരിക്കുന്നത്. ഞാനവളെ ആശ്വസിപ്പിച്ചു. ഞാനൊരു നല്ല സെയ്ല്സ്മാനായിരുന്നു, പ്രത്യേകിച്ചും ഭാര്യയ്ക്ക് സ്വപ്നങ്ങൾ വില്ക്കുന്നതിൽ. ആ സ്വപ്നങ്ങൾകൊണ്ടാണ് പാവം ലളിത ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും വിഷമകരമായ വർഷങ്ങൾ പിന്നിട്ടത്. (ഈ കാര്യം എന്റെ 'ഒരു വിശ്വാസി' എന്ന കഥയിൽ കൊടുത്തിട്ടുണ്ട്. ഞങ്ങളുടെ കഷ്ടപ്പാടുകളുടെ കാലം കഴിയാറായപ്പോൾ അതിൽനിന്ന് കരകയറാൻ ശ്രമിക്കുന്നതിന്റെ കഥയാണ് 'ഒരു വിശ്വാസി'.) ശരിക്കു പറഞ്ഞാൽ എന്റെ വളരെയധികം കഥകൾ അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതപ്പെട്ടവയാണ്.

എന്തായാലും ആ ദിവസം രക്ഷപ്പെട്ടല്ലൊ എന്നു കരുതി ഇരിക്കുമ്പോഴാണ് ബെല്ലടി കേട്ടത്. പീപ്ഹോളിൽക്കൂടി നോക്കിയപ്പോൾ കാണുന്നത് സുനന്ദ യുടെ രണ്ട് അമ്മാവൻമാരായിരുന്നു. ഒരാൾ ബോംബെയിൽത്തന്നെ ഉള്ള ആളാണ്. താഴെയുള്ള ആൾ ഗൾഫിലും. എന്താണ് ചെയ്യുക? ഞങ്ങൾ ആകെ പരിഭ്രമിച്ചു. എന്നെ ഇപ്പോൾ കണ്ടാൽ മോശമാണ്. ഞങ്ങൾ കരുതിക്കൂട്ടി കല്യാണത്തിനു വരാഞ്ഞതാണെന്ന് അവർക്കു മനസ്സിലാവും. അത് ഇരു കുടുംബങ്ങളുടെയും സ്നേഹബന്ധത്തെ അലട്ടാനിടയുണ്ട്. ആലോചിക്കാൻ സമയമൊന്നുമില്ല. ഞാൻ പെട്ടെന്ന് ഒരു തീരുമാനമെടുത്തുകൊണ്ട് പറഞ്ഞു. 'ഞാൻ കിടപ്പറയിൽ പോയി ഇരിക്കാം. നീ വാതിൽ തുറന്ന് ഞാനില്ല എന്ന മട്ടിൽ പെരുമാറിയാൽ മതി.'

അർദ്ധമനസ്സോടെ ലളിത സമ്മതിച്ചു. അവർ അകത്തു കയറിയിരുന്ന് കല്യാണത്തിന്റെ വിശേഷങ്ങൾ പറയുന്നത് എനിക്കു കേൾക്കാം. അവർ എങ്ങിനെയെങ്കിലും വേഗം പോകട്ടെ എന്നു പ്രാർത്ഥിക്കുകയായിരുന്നു ഞാൻ. അതിനിടയ്ക്ക് അനിയൻ ഒരു സഞ്ചിയെടുത്ത് ലളിതയുടെ കയ്യിൽ കൊടുത്തു.

'ഇത് നിങ്ങൾക്കു തരാൻ ചേച്ചി പറഞ്ഞിരിക്കുന്നു.'

അവർ പിന്നെ അധികനേരം ഇരുന്നില്ല. ലളിത ചായയുണ്ടാക്കട്ടെ എന്നു ചോദിച്ചെങ്കിലും 'ഇപ്പോൾ കുടിച്ച് വീട്ടിൽ നിന്നിറങ്ങിയതാണ്' എന്നു പറഞ്ഞ് അവർ നിരസിച്ചു. അവർ പോയപ്പോൾ ഞാൻ ദീർഘമായി ശ്വാസം വിട്ടു. വല്ലാത്തൊരു അഗ്നിപരീക്ഷയായിരുന്നു അത്. ഏട്ടൻ ഇടയ്ക്ക് വരാറുണ്ടെങ്കിലും അനിയൻ ഗൾഫിലായതുകാരണം അങ്ങിനെ വരാറില്ല. അയാളെങ്ങാൻ ഞങ്ങളുടെ വീട് ഒന്ന് കാണട്ടെ എന്നു പറഞ്ഞിരുന്നെങ്കിൽ ഈ ഒളിച്ചുകളി മനസ്സിലാവുമായിരുന്നു. ആ ചെറുപ്രായത്തിലും പ്രശ്നങ്ങൾ മനസ്സിലാക്കിയിരുന്ന ഞങ്ങളുടെ മകൻ അതിനെപ്പറ്റി ഒന്നും പറയുകയുണ്ടായില്ല.

സുനന്ദയുടെ അമ്മ ഒരു മാന്യസ്ത്രീയായിരുന്നു. ഒരു കടവും ബാക്കിവെയ്ക്കരുതെന്ന ഉദ്ദേശത്തോടെയായിരിക്കണം അന്നുതന്നെ അനുജന്മാരെ ഞങ്ങളുടെ വീട്ടിലേയ്ക്കു പറഞ്ഞയച്ചത്. അതൊരു ഫ്രെഞ്ച് പെർഫ്യൂമായിരുന്നു. എനിക്കു വല്ലാത്ത വിഷമമായി.

*പ്രവാസി ശബ്ദം - ഓണപ്പതിപ്പ് - 2005*

BACK TO INDEX

# ജന്മാന്തരങ്ങൾക്കപ്പുറത്തുനിന്ന് ഒരു വിളി

രണ്ടായിരത്തി മൂന്ന് ഒക്ടോബർ മാസത്തിലാണ് ഹൃദയം രണ്ടാമതായി എന്നെ ആക്രമിച്ചത്. ആദ്യത്തേതിനേക്കാൾ ഒരു പടി ഉയർന്ന തോതിലുള്ള ആക്രമണം. കൃഷ്ണ ഹോസ്പിറ്റലിൽ ഡോ. വൽസരാജ് ബാലകൃഷ്ണന്റെ പരിചരണത്തിൽ ആദ്യ രാത്രി കഴിച്ചുകൂട്ടി. ടെസ്റ്റുകൾ, ഒന്നിലധികം ധമനികളിൽ അടിഞ്ഞുകൂടിയ കൊഴുപ്പുകൾ രക്തചംക്രമണത്തിന് തടസ്സമുണ്ടാക്കുന്നതായി കാണിച്ചു. അദ്ദേഹം ഉടനെ അമൃതയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ആശുപത്രിയിലോ കൂടുതൽ പരിശോധനയ്ക്കും വിദഗ്ദചികിത്സയ്ക്കുമായി (ഒരുപക്ഷെ ആഞ്ജിയോപ്ലാസ്റ്റിയോ ബൈപാസ്സോ) കൊണ്ടുപോകാമെന്ന് അഭിപ്രായപ്പെട്ടു. എന്റെ മകൻ അവന്റെ വിവാഹാലോചന തീർച്ചയാക്കാനായി ലീവെടുത്തു വന്നിരുന്നു. അവന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു സംഭവം നടക്കാനിരിക്കെ ഞാൻ ആശുപത്രിയിലായി. വധുവിന്റെ അച്ഛനും അമ്മയും ഞങ്ങളെ കാണാൻ വന്നപ്പോൾ ഞാൻ ആശുപത്രിയിലായിരുന്നു. അവന്റെ മ്ലാനമായ മുഖത്തെ ഉദ്വേഗം കണ്ടപ്പോൾ ഞാൻ ആലോചിച്ചു ഒരച്ഛന് മകനോട് ചെയ്യാൻ പറ്റുന്ന നല്ലൊരു കാര്യമാണ് ഞാനിപ്പോൾ ചെയ്യുന്നത്. പക്ഷെ ഇതൊന്നും എന്റെ കയ്യിലല്ലല്ലൊ എന്ന കാര്യം എനിയ്ക്ക് ആശ്വാസം തന്നില്ല.

അമൃതയുടെ ആംബുലൻസിൽ എന്നെ കിടത്തിയതിനു കാല്ക്കൽ ഭാഗത്തായി മകൻ ഇരുന്നിരുന്നു. അവന്റെ മുഖം വല്ലാതെ പരവശമായിരുന്നു. അമൃത ഹോസ്പിറ്റലിൽ സി.സി.യുവിൽ എന്നെ പ്രവേശിപ്പിച്ചത് രാത്രി, എട്ട് ഒമ്പത് മണിയോടെയായിരുന്നു. അന്നു രാത്രി പിന്നീടുണ്ടായ കാര്യങ്ങളൊന്നും ഓർമ്മയില്ല. അവർ ഉറങ്ങാനായി ഇഞ്ചക്ഷൻ തന്നിരുന്നു. നന്നായി ഉറങ്ങി. ഉറക്കത്തിനിടയിൽ എപ്പോഴോ ഒരു പെൺകുട്ടിയുടെ വിളി കേട്ടു.

'അച്ഛാ........ അച്ഛാ ഒരു മരുന്ന് കഴിക്കാനുണ്ട്......'

ഞാൻ പ്രയാസപ്പെട്ട് കണ്ണു തുറക്കാൻ ശ്രമിച്ചു. വീണ്ടും ആ കുട്ടിയുടെ ശബ്ദം.

'അച്ഛാ.... ഒരു മരുന്ന് തരട്ടെ.'

എന്റെ ജന്മാന്തരങ്ങളിലെവിടെയോ എനിയ്ക്കു പിറന്നിട്ടില്ലാത്ത ഒരു മകൾ എന്റെ അടുത്തു വന്നുനിന്ന് സ്നേഹത്തോടെ വിളിക്കുകയാണ്. 'അച്ഛാ.....'

ഞാൻ മരുന്ന് കഴിച്ചിട്ടുണ്ടാവണം, വീണ്ടും ഉറക്കത്തിലേയ്ക്ക് ആഴ്ന്നിറങ്ങി. പിന്നെ ഉണർന്നത് അതേ വിളി കേട്ടുകൊണ്ടായിരുന്നു. 'അച്ഛാ....'

ഇപ്പോൾ എനിയ്ക്ക് ആ കുട്ടിയെ നന്നായി കാണാൻ പറ്റും. അവൾ ചിരിച്ചുകൊണ്ട് അടുത്തു നിൽക്കുന്നു.

'നന്നായി ഉറങ്ങി, അല്ലെ?'

ആ വിളി എന്നിൽ വളരെ നല്ല പ്രതികരണങ്ങളുണ്ടാക്കി. ഞാൻ പറഞ്ഞു.

'നന്നായി ഉറങ്ങി, മോളെ.'

നഴ്സുമാരുടെ ഡ്യൂട്ടി മാറുന്നത് എട്ടു മണിയ്ക്കാണെന്നു തോന്നുന്നു.

പിന്നീട് ഭക്ഷണം തരാനും മരുന്ന് തരാനും വന്നത് വേറൊരു കുട്ടിയായിരുന്നു. കണ്ണടച്ചു കിടക്കുകയായിരുന്ന എന്നെ അവൾ വിളിച്ചു.

'അപ്പച്ചാ.....' പെട്ടെന്നവൾ എന്തോ തെറ്റു ചെയ്തതുപോലെ അതു തിരുത്തി. 'അച്ഛാ....'

ഞാൻ ചോദിച്ചു.

'മോളെന്തിനാണ് തിരുത്തിയത്? എന്നെ അപ്പച്ചൻ എന്നുതന്നെ വിളിച്ചാൽ പോരായിരുന്നോ? മോള് എന്നെ അങ്ങിനെ വിളിച്ചാൽ മതി.'

അവൾ പക്ഷെ അച്ഛാ എന്നുതന്നെ വിളിച്ചു. ഇടയ്ക്ക് ഓർമ്മത്തെറ്റു പോലെ അപ്പച്ചാ എന്നും. രോഗികളെ എന്താണ് വിളിയ്ക്കേണ്ടത് എന്ന് ആശുപത്രി അധികൃതർ നഴ്സുമാരുടെ പരിശീലനവേളയിൽ പഠിപ്പിക്കുന്നുണ്ടാവും. പക്ഷെ ഞാനത് ആ വിധത്തിലല്ല എടുത്തത്. ആ വിളിയിൽ എന്തോ ഒരു മമത ഒളിച്ചിരിയ്ക്കുന്നുണ്ട്. എന്നെപ്പോലുള്ള ഒരു രോഗിയെ വേഗം ആരോഗ്യത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു മന്ത്രം. പ്രത്യേകിച്ച് ആ പെൺകുട്ടി അപ്പച്ചാ എന്നു വിളിച്ചത് എന്നെ വല്ലാതെ സ്പർശിച്ചു. അതവൾ ആത്മാർത്ഥമായി വിളിച്ചതു തന്നെയാവണമെന്നു ഞാൻ വിശ്വസിക്കുന്നു.

സ്നേഹം എന്ന വാക്കിന് വലിയ അർത്ഥം കല്പിച്ചു കൊടുത്ത ഒരമ്മയുടെ പേരിലുള്ള ആശുപത്രിയിൽ ഇങ്ങിനെയേ നടക്കാൻ പാടു.

BACK TO INDEX

# ഗുരുപൂജ – ആഗസ്റ്റ് 7, 2006

എന്റെ ഏറ്റവും വലിയ ഗുരു ജീവിതമാണ്. ജീവിതമാണ് എന്നെ എല്ലാം പഠിപ്പിച്ചത്. പക്ഷെ ആ ജീവിതം എങ്ങിനെ നല്ല വിധത്തിൽ നയിക്കാമെന്ന് പഠിപ്പിച്ചുതന്ന ഗുരു എന്റെ അച്ഛനായിരുന്നു. എങ്ങിനെ ജീവിക്കണം, എന്താവണമെന്നൊന്നും അദ്ദേഹം എന്നെ ഉപദേശിച്ചിട്ടില്ല. അദ്ദേഹം സ്വന്തം ജീവിതം കൊണ്ട് ഓരോ നിമിഷവും എന്നെ പഠിപ്പിക്കുകയായിരുന്നു. ചെയ്യുന്നതെന്തും നീതിപൂർവ്വവും ധാർമ്മികവുമാകണമെന്ന പിടിവാശിയുണ്ടായിരുന്നു അച്ഛന്. ചെയ്യുന്നതെന്തും മറ്റുള്ളവർക്കുകൂടി ഉപകാരപ്രദമാകണമെന്നും. അച്ഛൻ ഒരിക്കൽ എഴുതുകയുണ്ടായി. 'ഗാന്ധിജിയെ ഓർക്കാതെ ഞാൻ ഒരക്ഷരം എഴുതിയിട്ടില്ല.' എനിയ്ക്കു പറയാനുള്ളത് ഒരു ഋഷിയെപ്പോലെ ജീവിച്ച എന്റെ അച്ഛനെ ഓർക്കാതെ ഞാനും ഒരക്ഷരം എഴുതിയിട്ടില്ല എന്നാണ്. അദ്ദേഹത്തെ മനസ്സുകൊണ്ടെങ്കിലും പ്രണമിക്കാതെ ഞാൻ ഒരു കാര്യവും ചെയ്തിട്ടുമില്ല. ഈ വർഷം അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്നു. അദ്ദേഹത്തിന്റെ പാദങ്ങളിൽ ഞാൻ പ്രണമിക്കട്ടെ.

നമുക്ക് നമ്മുടേതായ ഒരു സംസ്കൃതിയുണ്ടെന്നും അത് ഋഷിവര്യന്മാർ തൊട്ട് ആധുനികയുഗത്തിൽ ജീവിച്ചിരുന്ന സ്വാമി വിവേകാനന്ദൻ വരെയുള്ളവർ ശ്രദ്ധയോടെ പടുത്തുണ്ടാക്കി സംരക്ഷിച്ചുപോന്നിട്ടുള്ളതാണ് എന്നുമുള്ള കാര്യം നമ്മൾ കുറച്ചു കാലമായി മറന്നുതുടങ്ങിയിരിക്കുന്നു. മതമേതായാലും ആ സംസ്കൃതിയ്ക്കുള്ളിലേ നമുക്ക് നിലനിൽപ്പുള്ളു, മറിച്ച് നാശമാണ് ഫലം. ഭാരതം ഇന്ന് അഭിമുഖീകരിയ്ക്കുന്ന ഏറ്റവും വലിയ പ്രശ്നമെന്തെന്നാണ് എന്ന ചോദ്യത്തിന് എന്റെ മറുപടി ഇതായിരിയ്ക്കും. ഭീകരവാദവും വിഘടനാവാദവും. ഇത് നമ്മെ കൊണ്ടുചെന്നെത്തിയ്ക്കുന്നത് ഇന്ന് തീയാളുന്ന നിരവധി രാഷ്ട്രങ്ങൾക്കൊപ്പമായിരിക്കും. ആ അവസ്ഥ നേരിടാൻ ഇനി അധിക സമയമൊന്നും ആവശ്യമില്ല. പരമാവധി, പതിനഞ്ചോ ഇരുപതോ കൊല്ലം മാത്രം. ഇന്ന് മദ്ധ്യപൂർവ്വ രാജ്യങ്ങളും സോമാലിയ തുടങ്ങി പല ആഫ്രിക്കൻ രാജ്യങ്ങളും നേരിടുന്ന അതേ അവസ്ഥാവിശേഷം ഇന്ത്യയിലെത്താൻ ആവശ്യമായി വരുന്ന സമയമാണ് ഞാൻ പറയുന്നത്. ഇന്ന് ഈ രാജ്യങ്ങളിലുള്ള സ്ഥിതിവിശേഷത്തിന്റെ തുടക്കമാണ് ഇന്ത്യയിൽ ഇപ്പോൾ അരങ്ങേറുന്നത്. അതു മുളയിൽത്തന്നെ നുള്ളാതെ നമ്മൾ കണ്ടില്ലെന്നു നടിച്ചിട്ടു കാര്യമില്ല. അതു ഭയങ്കര അപകടമാണ്. ഭീകരവാദത്തിൽ തുടങ്ങി ക്രമേണ ഭരണകൂടത്തിനുള്ളിൽ അനൗദ്യോഗികമായ മറ്റൊരു ഭരണകൂടമായി മാറാൻ മൗലികവാദികൾക്ക് അധിക സമയമൊന്നും വേണ്ടിവരില്ല. ഇപ്പോൾത്തന്നെ ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ആ അവസ്ഥ സംജാതമായിട്ടുണ്ട്. നമ്മൾ തെരഞ്ഞെടുത്ത പ്രതിനിധികൾ ഈ ഭീകരന്മാരുടെ കയ്യിൽ വെറും പാവകളാവുകയും, ക്രമേണ ഭരണംതന്നെ അവർ കയ്യാളുകയും ചെയ്യുന്ന ഒരവസ്ഥ. ആ അവസ്ഥയിൽ ഭീകരർക്ക് സ്വന്തമായ സൈന്യംവരെയുണ്ടാകുന്നു. ആധുനികമായ ആയുധങ്ങളും പുറം രാജ്യങ്ങളിൽനിന്ന് പരി

ശീലനം ലഭിച്ചവരുമുള്ള സൈന്യം. ഇങ്ങിനെ ഒരു വിശേഷം ഇന്ത്യയിലുണ്ടാകാൻ പോകുന്നില്ലെന്നാണോ നിങ്ങൾ കരുതിയിരിക്കുന്നത്?

ഇന്ന് പാലസ്റ്റീനിലോ, ലെബനോണിലോ അതുപോലുള്ള പല മദ്ധ്യപൂർവ്വ, ആഫ്രിക്കൻ രാഷ്ട്രങ്ങളിലോ നമ്മുടെ കൺമുമ്പിൽ വച്ച് നടക്കുന്നത് ഞാൻ നേരത്തെ പറഞ്ഞ തിരക്കഥ സിനിമയാക്കിയതാണ്. ആ രാജ്യങ്ങളുടെ സമീപകാലചരിത്രമെടുത്തു നോക്കിയാൽ മനസ്സിലാവും ഇന്ന് നമ്മുടെ രാജ്യത്തു നടക്കുന്നതു പോലുള്ള രാഷ്ട്രീയ ചുറ്റുപാടുകളാണ് ആ രാജ്യങ്ങളിൽ ഒരിരുപത്, മുപ്പത് കൊല്ലം മുമ്പുതൊട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതായത് ഭീകരവാദം, അതും മതാധിഷ്ഠിതമായ ഭീകരവാദം തലപൊക്കുന്നു. അവരെ സഹായിക്കാൻ ചുറ്റുമുള്ള തല്പരരാഷ്ടങ്ങളോ രാഷ്ട്രാന്തരങ്ങളിൽ പടർന്നുപിടിച്ച ഭീകരസംഘടനകളോ തയ്യാറാവുന്നു. സാമ്പത്തിക സഹായവും ആയുധസഹായവും നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിൽ അവർക്ക് സ്ഥാപിതതാൽപര്യങ്ങളുണ്ടാവും. പലപ്പോഴും ഒരു രാജ്യത്തിന്റെ ഔദ്യോഗികസൈന്യത്തിന് വാങ്ങാൻ കെൽപില്ലാത്ത തരത്തിലുള്ള സങ്കീർണ്ണങ്ങളും ആധുനികവുമായ ആയുധങ്ങളായിരിക്കും ആ രാജ്യത്തു പ്രവർത്തിയ്ക്കുന്ന ഭീകരർക്കു കിട്ടുക. അതോടെ അവർ ആ ഭരണകൂടത്തിനോടൊപ്പം അപ്രഖ്യാപിതമായി നിലകൊള്ളുന്ന മറ്റൊരു ഭരണകൂടമായിത്തീരുന്നു. ഇത്തരുണത്തിലാണ് മറ്റു പല രാഷ്ട്രങ്ങൾക്കും ഈ രാജ്യത്തിന്റെ കാര്യത്തിൽ ഇടപെടേണ്ടിവരുന്നത്. ഫലമോ യുദ്ധം. ആ യുദ്ധമാകട്ടെ അതേവരെ ആ രാജ്യത്തുണ്ടായിട്ടുള്ള പുരോഗതി മുഴുവൻ തുടച്ചു നീക്കുകയും ചെയ്യും.

ലെബനോണിൽ ഇന്നു നടക്കുന്നതാണ് ഇവയിൽ ഏറ്റവും പുതിയതും, ഇന്ത്യയ്ക്ക് ഒരു വലിയ പാഠം പഠിയ്ക്കാനുതകുന്നതുമായ സംഭവവികാസങ്ങൾ. 1943ൽ സ്വാതന്ത്ര്യം കിട്ടിയശേഷം അവർക്ക് സ്വസ്ഥമായൊരു ജീവിതമുണ്ടായിട്ടില്ല. ഒരു ആഭ്യന്തരയുദ്ധമടക്കം യുദ്ധങ്ങളുടെ ഒരു പരമ്പരതന്നെയുണ്ടായിട്ടുണ്ട് അവിടെ. ഒരു കാലത്ത് ബെയ്റൂട്ട് കാർബോംബുകളുടെ നഗരമായിരുന്നു. എല്ലാം കഴിഞ്ഞ് ഒരു വിധത്തിൽ സമാധാനവും ഒരുമാതിരി സ്വൈരജീവിതവും തിരിച്ചുകിട്ടി എന്നു കരുതുമ്പോഴാണ് ഒരു യുദ്ധംകൂടി ആ ജനതയിൽ അടിച്ചേൽപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. അതിന്റെ കാരണങ്ങൾ എന്താണ്, എങ്ങിനെയാണതു തുടങ്ങിയത് എന്നതൊക്കെ എല്ലാവർക്കും അറിയാമെന്നതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. പക്ഷെ കഷ്ടമാണ് സ്ഥിതി. അവിടെ ഇനി ബോംബിട്ട് തകർക്കാത്ത പാലങ്ങളില്ല, ഹൈവേകളില്ല തുറമുഖങ്ങളില്ല, വൈദ്യുതികേന്ദ്രങ്ങളില്ല. ഇതൊക്കെ ഉണ്ടാക്കാൻ ആ ജനത എത്ര പാടുപെട്ടിട്ടുണ്ടാവും? ഒരു പാലം പണിയ്ക്കു വേണ്ടി എത്ര കാത്തിരിക്കേണ്ടി വരുമെന്ന് നമുക്കിന്നറിയാം. അതുപോലെത്തന്നെയാണ് മറ്റുള്ള കാര്യങ്ങളും. ഇഷ്ടികക്കു മീതെ ഇഷ്ടിക വെച്ച് കഷ്ടപ്പെട്ട് ഒരു രാഷ്ട്രം പണിതതു മുഴുവൻ ഒന്നോ രണ്ടോ ആഴ്ചകൊണ്ട് തകർന്നു വീണിരിക്കയാണ്. എത്രയെത്ര നിരപരാധികൾക്ക് ജീവൻ നഷ്ടപ്പെട്ടു? എത്രയെത്ര കുടുംബങ്ങൾ അനാഥമായി? ആരാണ് ഇതിനൊക്കെ ഉത്തരവാദി?

എനിയ്ക്കു പറയാനുള്ളത് ഇതു മാത്രമാണ്. നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ ഇതേ തിരക്കഥയാണ് ഭാരതത്തിലും അരങ്ങേറാൻ പോകുന്നത്. അധികാരത്തിലെത്താനും ചെറിയചെറിയ താല്ക്കാലികലാഭങ്ങൾ കൊയ്യാനും വേണ്ടി

കൂടുതൽ വിശാലമായ രാഷ്ട്രതാല്പര്യങ്ങൾ ബലികൊടുക്കുന്ന പ്രീണനപരിപാടികൾ രാഷ്ട്രീയപാർട്ടികൾ ഉപേക്ഷിക്കണം. എങ്കിലേ ഭാവിയിൽ നമുക്ക് ഭയമില്ലാതെ ജീവിക്കാൻ പറ്റൂ.

നമുക്ക് നമ്മുടേതായ സംസ്കൃതിയുണ്ട്. അതിന്റെ ചട്ടക്കൂടിനുള്ളിൽ ജീവിതം ശാന്തവും സമാധാനപൂർണ്ണവുമാകും. അതിന് മതം ഒരു തടസ്സമാവില്ല.

ഇന്നിവിടെ കൂടിയിട്ടുള്ള, ഗുരുതുല്യരായ എല്ലാവരെയും പ്രണമിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.

*ആഗസ്റ്റ് 7, 2006*

BACK TO INDEX

# തൃശ്ശൂരിലേയ്ക്ക് വീണ്ടും

ഞാൻ കാണിച്ചത് നന്ദികേടാണ്. ജീവിതത്തിൽ ഭൗതികമായ എല്ലാം നഷ്ടപ്പെട്ട് അഭയം തേടിയ എന്നെ ഒരമ്മയുടെ സ്നേഹവായ്പ്പോടെ മാറോടു ചേർത്ത് 'വിഷമിയ്ക്കണ്ട, നിനക്ക് എല്ലാമൊന്നും നഷ്ടപ്പെട്ടിട്ടില്ല' എന്ന് ചെവിയിൽ മന്ത്രിച്ച് ആശ്വസിപ്പിച്ച ഒരു നഗരത്തെ ഉപേക്ഷിയ്ക്കുകയാണ് ഞാൻ. തൊള്ളായിരത്തി എൺപത്തിമൂന്നിലാണ് ഞാൻ എറണാകുളത്തെത്തിയത്. ഞങ്ങൾക്ക് ബോംബെയിലുണ്ടായിരുന്ന (അന്ന് ആ മഹാനഗരം പേരു മാറിയിരുന്നില്ല) ഫ്ളാറ്റ് വിറ്റ് കടം വീട്ടി നാട്ടിലേയ്ക്കു യാത്രയാകേണ്ടി വരികയാണുണ്ടായത്. തിരിഞ്ഞുനോക്കുമ്പോൾ കാണുന്നത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഞാനും ലളിതയും മോനും മുംബൈയിൽ അനുഭവിച്ചുപോന്ന, പറഞ്ഞറിയിക്കാൻ വയ്യാത്ത കഷ്ടപ്പാടുകളും, അതിന്റെ കലാശക്കൊട്ടായി തൃശ്ശൂരിലെ ഒരു വർഷത്തെ ജീവിതവും ആണ്. എറണാകുളം അതിന്റെ വാഗ്ദാനം നിറവേറ്റുക തന്നെ ചെയ്തു. എറണാകുളം സൗത്തിൽ പാർത്ഥാസ് ലെയിനിൽ (വാരിയം റോഡിന്റെ ഒരു ചെറിയ ഇടവഴിയാണിത്.) കൊടുങ്ങല്ലൂർ തമ്പുരാന്റെ കൊട്ടാരത്തിന്റെ ഒരു ചെറിയ ഭാഗത്തായി താമസം തുടങ്ങിയ ഞങ്ങൾക്ക് പിന്നെ തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

എറണാകുളത്തു വന്നപ്പോൾ തൊട്ട് ഞങ്ങളുടെ സാമ്പത്തികസ്ഥിതിയിൽ വളരെ പ്രകടമായി കാണപ്പെട്ട മാറ്റം വളർന്ന് കടമെല്ലാം വീട്ടുവാനും ഏഴു കൊല്ലംകൊണ്ട് അതിനടുത്തുതന്നെ കളത്തിപ്പറമ്പിൽ റോഡിൽ ഗോവിന്ദ് അപാർട്ടുമെന്റ്സിൽ ഒരു ഫ്ളാറ്റു ബുക്ക് ചെയ്യാനും കഴിഞ്ഞു.

ബോംബെയിൽനിന്ന് വരുമ്പോഴുണ്ടായിരുന്ന നാലോ അഞ്ചോ കാസ്സറ്റ് ഡെക്കുകൾ വെച്ച് ഞങ്ങൾ കാസ്സറ്റ് ഡബ്ബിങ് ബിസിനസ്സ് തുടങ്ങി. ആദ്യമെല്ലാം ഹിന്ദു ഭക്തിഗാനങ്ങളാണ് കിട്ടിയിരുന്നത്. ഉണ്ണിമേനോൻ ആലപിച്ച കൃഷ്ണഭക്തിഗാനങ്ങളായ പാഞ്ചജന്യം എന്ന കാസ്സറ്റാണ് ആദ്യം ഏറ്റവും കൂടുതൽ ഡബ്ബുചെയ്തത്. അതിന്റെ ഉടമസ്ഥരായ മേനോനും കുമാറുമായിരിയ്ക്കണം കൂടുതൽ ഡെക്കുകൾ വാങ്ങുവാനും ബിസിനസ്സ് വിപുലീകരിയ്ക്കാനും പ്രചോദനം തന്നത്. പിന്നീട് ധാരാളം കൃസ്തീയഭക്തിഗാനങ്ങളും കിട്ടി. ആദ്യമായി ഡബ്ബ് ചെയ്ത സിനിമാഗാനങ്ങൾ 'മഴവിൽക്കാവടി' എന്ന സിനിമയുടെ കാസറ്റായിരുന്നു. അതിൽ കൈതപ്രത്തിന്റെ 'പള്ളിത്തേരുണ്ടോ....ചതുരംഗക്കളമുണ്ടോ, ആമ്പൽക്കുളമുണ്ടോ.....തിരുതാളിക്കല്ലുണ്ടോ' എന്ന മനോഹരഗാനം ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. ഏറ്റവും മനാഹരമായത് ഞങ്ങൾക്ക് ആദ്യമായി ഒന്നിച്ചു കിട്ടുന്ന വലിയ ഓർഡർ അതായിരുന്നു എന്നതാണ്. 500 കാസ്സറ്റുകൾ ഒറ്റ ഓർഡറായി. പിന്നീട് പതിനായിരക്കണക്കിന് കാസ്സറ്റുകൾ ഞങ്ങളുടെ കയ്യിൽക്കൂടി പോയെങ്കിലും ആ 500ന്റെ പെട്ടി കിട്ടിയപ്പോഴുള്ള ത്രിൽ ഒരിക്കലും ഉണ്ടായിട്ടില്ല.

എറണാകുളത്തുവച്ചു തന്നെയാണ് അച്ഛന്റെ ഒരു പുസ്തകം ഞാൻ സ്വന്ത

മായി പ്രസാധനം ചെയ്യുന്നത്. അതും സമ്പൂർണ്ണ കവിതാസമാഹാരം! വളരെ സുഹൃത്തുക്കൾ അതിന്റെ പ്രസിദ്ധീകരണത്തിനും വില്പനയ്ക്കും സഹായിച്ചു. ഓരോരുത്തരുടേയും പേരെടുത്തു പറയുന്നില്ല.

ഇങ്ങിനെയൊക്കെ ഞങ്ങളെ സഹായിച്ച ഒരു നഗരത്തെയാണ് വിട്ടുപോരേണ്ടി വന്നത്. കാരണം എന്റെ മോശമായിവന്ന ആരോഗ്യം. ഞാനും എന്റെ ഹൃദയവും തമ്മിൽ കുറച്ചുകാലമായി 'ഫൈറ്റ്' ചെയ്തുകൊണ്ടിരിയ്ക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങൾ, ശരിയ്ക്കു പറഞ്ഞാൽ സെപ്റ്റമ്പർ (2006) മുതലാണതു രൂക്ഷമായത്. ഞാനോ എന്റെ ഹൃദയമോ എന്ന മട്ടിൽ മുഖാമുഖം നിന്നുകൊണ്ടുള്ള യുദ്ധം. യുദ്ധത്തിൽ തൽക്കാലം ഞാൻ ജയിച്ചു നിൽക്കുന്നു. പക്ഷെ അതിനുമുമ്പ് വളരെ ക്രിട്ടിക്കലായ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. പലപ്പോഴും അർദ്ധരാത്രിയ്ക്കൊക്കെയാണ് അതു സംഭവിക്കുക. ഒരിയ്ക്കൽ തുടങ്ങിയാൽ ഞാൻ ഒന്നും ചെയ്യാൻ കെൽപില്ലാത്ത അവസ്ഥയിലായിരിയ്ക്കും. ഛർദ്ദിയും എക്കിട്ടവും തുടർച്ചയായി വന്നുകൊണ്ടിരിയ്ക്കുന്നതിനാൽ ബി.പി. നോക്കാനോ അത്യാവശ്യം ബി.പി. താഴാനുള്ള മരുന്നു കഴിക്കാനോ വയ്യാത്ത ഒരവസ്ഥ. ലളിത കിടയ്ക്കക്കരികിൽ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ നിൽക്കയും. ബി.പി. നോക്കാനായി എന്നെ മലർത്തിക്കിടത്തുമ്പോഴേയ്ക്കും ശക്തിയായി ഛർദ്ദിക്കാനുള്ള പ്രേരണ വരും, ഞാൻ തിരിഞ്ഞു കിടക്കും. ഒരിയ്ക്കൽ മരുന്ന് തന്നാൽത്തന്നെ അതു ഛർദ്ദിച്ചുപോകും.

ഞങ്ങളുടെ കെട്ടിടത്തിൽ ഒരുമാതിരി എല്ലാവർക്കും കാറുള്ളതാണ്. ആശുപത്രിയിലേയ്ക്കു കൊണ്ടുപോകാൻ ആരെയെങ്കിലും വിളിക്കാൻ ലളിത ഓങ്ങിയാൽത്തന്നെ ഞാൻ പറയും. 'ഈ അസമയത്ത് എങ്ങിനെയാണ് ഉറങ്ങുന്നവരെ വിളിക്കുന്നത്. എന്റെ അസുഖം ഭേദമാവും. ആയില്ലെങ്കിൽ ഒരു ആറു മണിയെങ്കിലുമാവട്ടെ ആരെയെങ്കിലും വിളിക്കാൻ. ആറു മണിയാവാനായി അവൾ കാത്തിരിയ്ക്കും. അതിനിടയ്ക്ക് ഒന്നു രണ്ടുവട്ടം എഴുന്നേൽക്കാനുള്ള ശ്രമം നടത്തിയത് പൊളിഞ്ഞു. കഷ്ടിച്ച് എഴുന്നേറ്റാൽത്തന്നെ ബാലൻസു കിട്ടാതെ വീഴും. ലളിതയ്ക്കാണെങ്കിൽ എന്നെ താങ്ങി നിർത്താനുള്ള കെല്പുമില്ല. രാവിലെ മുകളിലെ ഫ്ളാറ്റിലെ ശ്രീ മാങ്കായിൽ രാജനെ വിളിച്ച് അദ്ദേഹവും ലളിതയും കഷ്ടിച്ച് എന്നെ താങ്ങി കാറിലെടുത്തുവെച്ചു, കൃഷ്ണ ഹോസ്പിറ്റലിലേയ്ക്കു കൊണ്ടുപോയി. അതിനു മുമ്പു തന്നെ കൃഷ്ണയിലെ ഡോ. വൽസരാജിനെ ഫോണിൽ വിളിച്ചിരുന്നു. വേഗം കൊണ്ടുവന്ന് ഐ.സി.യുവിൽ കിടത്താനാവശ്യപ്പെട്ടു. അദ്ദേഹം ഉടനെ എത്തുമെന്നും പറഞ്ഞു.

രാത്രി ഒരു മണിയ്ക്കുതന്നെ വിളിയ്ക്കാത്തതിന് ശ്രീ രാജൻ വഴക്കു പറഞ്ഞു. ബുദ്ധിമുട്ടിയ്ക്കലല്ലെ എന്നു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. 'ബുദ്ധിമുട്ടിക്കലൊക്കെത്തന്നയാണ്. പക്ഷെ ഇങ്ങിനെയൊരു സന്ദർഭത്തിൽ ബുദ്ധിമുട്ടിക്കാനുള്ളതല്ലെ സ്നേഹിതന്മാർ?' അദ്ദേഹം ഓർമ്മിപ്പിച്ചു.

അന്നു രാത്രി ലളിത അനുഭവിച്ച ടെൻഷന് കയ്യും കണക്കുമില്ല. പിന്നീട് ഞാൻ ആലോചിയ്ക്കുമ്പോൾ തോന്നുകയാണ്. അവൾക്ക് ഇത്രയധികം വിഷമം ഉണ്ടാക്കാൻ എനിയ്ക്ക് യാതൊരു അവകാശവുമില്ല. മകൻ ദൂരത്താണ്. പെട്ടെന്ന് എത്താൻ പറ്റാത്തത്ര ദൂരത്തിൽ. ഇതു വീണ്ടും വീണ്ടും ആവർത്തിച്ചപ്പോൾ അവൻ പറഞ്ഞു. 'അച്ഛൻ തൃശ്ശൂർക്ക് താമസം മാറ്റിക്കോളു.

അതാണ് നല്ലത്.' ശരിയാണെന്ന് എനിയ്ക്കു തോന്നി. അവിടെ എന്റെ അനുജൻ ഡോ. ദിവാകരൻ ഉണ്ട് അനുജത്തി ഗിരിജയുണ്ട്. ലളിതയുടെ നാടായതുകൊണ്ട് അവളുടെ ജ്യേഷ്ഠൻ രാമനാഥനടക്കം ധാരാളം ബന്ധുക്കളുണ്ട്. സ്നേഹിതന്മാരെ അസമയത്ത് വിളിയ്ക്കുന്നത്ര വിഷമമില്ലല്ലൊ സ്വന്തം അനുജനെയും ബന്ധുക്കളെയും വിളിയ്ക്കാൻ. മൂപ്പര് ഡോക്ടറായതുകൊണ്ട് അതിന്റേതായ ഗുണങ്ങളൊക്കെ ഉണ്ട്. കഴിഞ്ഞ സെപ്റ്റമ്പറിൽ ഇതേമാതിരി ഒരു അറ്റാക്കുണ്ടായപ്പോൾ ഒരു രാത്രി മുഴുവൻ ടെൻഷൻ അനുഭവിച്ചശേഷം ലളിത ദിവാകരനെയാണ് വിളിച്ചു വരുത്തിയത്.

രാമനാഥന്റെ ഉത്സാഹത്തിൽ എന്റെ മകൻതന്നെ മുൻകൈയ്യെടുത്ത് തൃശ്ശൂരിൽ ഒരു ഫ്ളാറ്റ് വാങ്ങി. അടുക്കളയിൽ ഷെൽഫുകളും കിടപ്പുമുറികളിൽ വാർഡ്റോബുകളും ഉണ്ടാക്കിയിട്ടുണ്ടായിരുന്നില്ല. അവകൂടി തയ്യാറായ ശേഷം ഞങ്ങൾ മാറിയാൽ മതിയെന്നവൻ ആദ്യം പറഞ്ഞു. ഒരിക്കൽ മാറാൻ തീർച്ചയാക്കിയപ്പോൾ ഇനി ഒരു അനിഷ്ടമുണ്ടാവുന്നതിനു മുമ്പുതന്നെ മാറാമല്ലൊ എന്നു പറഞ്ഞ് ഞങ്ങൾ അപ്പോൾത്തന്നെ മാറുകയാണുണ്ടായത്. ഞങ്ങൾ മാറിയത് മാർച്ച് 2-ാം തിയ്യതിയാണ്. അന്നുതന്നെ അടുക്കളയിലും കിടപ്പുമുറികളിലും ചെയ്യേണ്ട മരപ്പണികൾക്ക് ഓർഡർ കൊടുത്തെങ്കിലും ഇതുവരെ, മൂന്നു മാസങ്ങൾ പിന്നിട്ടിട്ടും, ഒന്നും കഴിഞ്ഞിട്ടില്ല. അതു വേറെ കഥ. ഇപ്പോൾ ഞങ്ങളുടെ ജീവിതം ഒരു ട്രെയിൻ കമ്പാർട്ടുമെന്റിലെ നീണ്ട യാത്ര പോലെയാണ്. സാധനങ്ങളെല്ലാം സൂട്ട്കേസുകളിലും കടലാസ്സുപെട്ടികളിലും നിലത്തുമൊക്കെയായി ചിതറിക്കിടക്കുകയാണ്. ഏതൊക്കെ പെട്ടിയിൽ ഏതൊക്കെയാണ് എന്നറിയാത്തതുകൊണ്ട് ഒരു പാത്രമെടുക്കണമെങ്കിൽ ഓരോ മുറിയിൽ പോയി ചുരുങ്ങിയത് നാലു പെട്ടികൾക്കുള്ളിൽ തപ്പണമെന്ന അവസ്ഥ. തുണികളുടെ കാര്യവുമങ്ങിനെത്തന്നെ. ഫ്ളാറ്റിന്റെ വിലയുടെ പത്തുശതമാനം വരുന്ന കോൺട്രാക്ട് ഒരു കമ്പനിയ്ക്കു കൊടുത്തതിന്റെ അവസ്ഥ യാണിത്. പോട്ടെ.

എന്നെങ്കിലും അവർ ജോലി തീർത്തു തരുമെന്നും ഞങ്ങൾക്ക് മരപ്പണിയുടെ പൊടിപടലങ്ങളൊന്നുമില്ലാതെ ഈ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്നു നോക്കുമ്പോൾ കാണുന്ന നിരവധി തെങ്ങുകൾക്കിടയിലൂടെ വരുന്ന തണുത്ത കാറ്റ് സ്വസ്ഥമായിരുന്ന് ആസ്വദിയ്ക്കാൻ കഴിയുമെന്നുമുള്ള പ്രതീക്ഷയിലാണ് ഇപ്പോൾ കഴിയുന്നത്. അതിനിടയ്ക്ക് ഏഴെട്ടു മാസമായി നിർത്തി വച്ച എഴുത്ത് വീണ്ടും തുടങ്ങാനും കഴിഞ്ഞു. ആരോഗ്യത്തിന്റെ കാര്യത്തിലും വളരെ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. തൃശ്ശൂരിലെ കാലാവസ്ഥ കുറേക്കൂടി മെച്ചപ്പെട്ടതാണെന്നർത്ഥം.

പൊതുവേ ഇവിടം ശാന്തമാണ്. ഒരു ഗ്രാമത്തിന്റെ അവസ്ഥയിൽനിന്ന് അധികം ഉയർന്നിട്ടില്ലാത്തതിനാലുണ്ടാകുന്ന വൈഷമ്യങ്ങളും സ്ഥിതിവിശേഷങ്ങളുമുണ്ടെന്നേ ഉള്ളു. ഞാനുദ്ദേശിക്കുന്നത് ജനങ്ങളുടെ മനോഭാവമാണ്. അവർ അടിസ്ഥാനപരമായി ഇപ്പോഴും ഗ്രാമീണരാണ്. പെട്ടെന്ന് നഗരത്തിന്റെ അധിനിവേശത്തിന്നടിമകളായവർ. എന്നെ സംബന്ധിച്ചേടത്തോളം ജീവിതത്തിന്റെ വലിയൊരു ഭാഗം മഹാനഗരങ്ങളിൽ താമസിച്ചതുകൊണ്ടുള്ള വിഷമം മാത്രമാണത്. അറുപതു മുതൽ എൺപത്തിമൂന്നുവരെ ഞാൻ കൊൽക്കത്ത, ദില്ലി, മുംബൈ എന്നീ നഗരങ്ങളിലായിരുന്നു. കാറുകൾ

വാങ്ങുന്ന കാര്യത്തിലും ആഢംബര ജീവിതം നയിയ്ക്കുന്ന കാര്യത്തിലും നഗരങ്ങളെ പകർത്തുന്ന നമ്മൾ മഹാനഗരങ്ങളിലെ അടിയൊഴുക്കുകളായി കാണുന്ന മാന്യതയും നന്മകളും സ്നേഹബന്ധങ്ങളും കാണാതെ പോകുന്നു.

ഇവിടെ തൃശ്ശൂരിൽ ഞാൻ ജീവിതം തുടങ്ങാൻ പോകുന്നേയുള്ളു. അതിന്റെ മുന്നോടിയായി ലഭിയ്ക്കുന്ന സൂചനകൾ മാത്രമായിരിയ്ക്കണം ഇതൊക്കെ. അവയൊന്നും എന്റെയും ലളിതയുടെയും ജീവിതം അലോസരപ്പെടുത്തില്ലെന്നു പ്രതീക്ഷിയ്ക്കുന്നു. ഒരു ചെറിയ കഥ; പറഞ്ഞു കേട്ടിട്ടുള്ളതാണ്. ഒരാൾ ജീവിതത്തിലെ കഷ്ടപ്പാടുകൾ കണ്ട് തന്റെ ജാതകവുമായി ജ്യോത്സ്യനെ കാണാൻ പോയി. ജാതകം മുഴുവൻ പഠിച്ചശേഷം അദ്ദേഹം പറയാൻ തുടങ്ങി. 'നിങ്ങൾക്ക് മുപ്പതു വയസ്സുവരെ വളരെ ചീത്ത കാലമാണ്.........' 29 വയസ്സായ ചെറുപ്പക്കാരൻ ഉടനെ ആകാംക്ഷയോടെ ചോദിച്ചു. 'അതിനു ശേഷം?' ജ്യോത്സ്യൻ ശാന്തനായി തുടർന്നു. '........അതു കഴിഞ്ഞാൽപ്പിന്നെ നിങ്ങൾക്കതു ശീലാവും.'

ഞങ്ങളുടെ കാര്യവും അതുപോലാകാനാണ് സാധ്യത.

*ഗൃഹലക്ഷ്മി, സപ്തമ്പർ 2007*

BACK TO INDEX

## ഇളംതെന്നൽപോലെ ഈ ജീവിതബന്ധം

തൊള്ളായിരത്തി അറുപതിലാണ് ഞാൻ കൽക്കത്തയിൽ ജോലിയന്വേഷിച്ചു പോയത്. പത്തു ദിവസത്തിനുള്ളിൽത്തന്നെ ജോലി കിട്ടി. ആ മാസം മുതൽ ഞാൻ അച്ഛനെ സഹായിക്കാൻ തുടങ്ങിയിരുന്നു. ഇതൊരൊഴുക്കൻ മട്ടിൽ പറയുന്നുവെന്നേയുള്ളു, പക്ഷെ അതിനു പിന്നിലെ സാഹസം കുറച്ചൊന്നുമല്ലായിരുന്നു. ശരിയ്ക്കു പറഞ്ഞാൽ അച്ഛനെ സഹായിക്കാനായിരുന്നു ഞാൻ പഠിത്തം തുടരേണ്ടെന്നു തീർച്ചയാക്കി ജോലിയ്ക്കു പോയത്. എനിയ്ക്ക് അച്ഛനോടുണ്ടായിരുന്ന സ്നേഹത്തിന്റെ അളവുകോലു വച്ചു നോക്കുമ്പോൾ ഇതൊരു നിസ്സാര ത്യാഗം മാത്രമായിരുന്നു. ഞാൻ ഒരിയ്ക്കലും ഖേദിച്ചിട്ടില്ലാത്ത ഒരു കാര്യം.

ഞാൻ ജോലിയെടുത്ത ഓഫീസിൽ എന്റെ പ്രായത്തിലുള്ള ധാരാളം മലയാളികളുണ്ടായിരുന്നു. അതുപോലെ ഒപ്പം താമസിച്ചിരുന്നതും എന്റെ പ്രായത്തിലുള്ളവർ തന്നെ. മിക്കവാറും എല്ലാവർക്കും എന്നെപ്പോലെ പ്രാരാബ്ധങ്ങളുണ്ടായിരുന്നു. പക്ഷെ എന്റെ അറിവിൽ പെട്ടേടത്തോളം അവരെല്ലാം തന്നെ സ്വന്തം കാര്യങ്ങൾ ഭംഗിയായി നടത്തിയ ശേഷം ബാക്കി വന്ന പണം മാത്രമേ വീട്ടിലേയ്ക്കയച്ചു കൊടുത്തിരുന്നുള്ളു. അവരുടെയൊപ്പമുള്ള ജീവിതം എനിയ്ക്കു തന്നത് ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു അപകർഷതാബോധമാണ്. ഞാൻ ജോലിയെടുത്തിരുന്നത് ഒരു യൂറോപ്യൻ കമ്പനിയിലായിരുന്നു. ശമ്പളം നല്ല നിലയിൽ തന്നിരുന്ന ഒരു കമ്പനി. പോരാത്തതിന് ബോണസ്സായി നാലു മുഴുവൻ മാസത്തെ ശമ്പളവും. എന്റെ സ്നേഹിതർ പലരും ആ പണം നാട്ടിൽ നിലം വാങ്ങാനും, നല്ല നിലയിൽ ജീവിയ്ക്കാനും ബാക്കിയുള്ളത് വീട്ടിലേയ്ക്കയച്ചുകൊടുക്കാനും ശ്രമിച്ചപ്പോൾ ഞാൻ കിട്ടുന്ന പണം മുഴുവൻ വീട്ടിലേയ്ക്കയച്ചു. അതിന്റെ ഫലമായി എന്റെ കൽക്കത്തയിലെ ജീവിതം പലപ്പോഴും നരകതുല്യമായി. പക്ഷെ അതു കൊണ്ട് അച്ഛന് വളരെയധികം ആവശ്യമായിരുന്ന സഹായം എത്തിക്കാനും സഹോദരങ്ങളെ നല്ല നിലയിലാക്കാനും കഴിഞ്ഞു. പോരാത്തതിന് ഒരു മാതിരി മരുഭൂമി പോലെ കിടന്നിരുന്ന പുത്തില്ലത്ത് പറമ്പ്, പുതുതായി തെങ്ങും കവുങ്ങും മരങ്ങളും വെച്ചു പിടിപ്പിച്ച് നന്നാക്കി എടുക്കാനും പണി കഴിയാതെ യുഗങ്ങളായി കിടന്നിരുന്ന പുത്തില്ലം വീട് പണി തീർത്ത് പുതുക്കാനും ഉള്ള തീവ്രയത്നത്തിൽ അച്ഛനെ സഹായിക്കാനും കഴിഞ്ഞു. അച്ഛന്റെ മോഹങ്ങളായിരുന്നു ഇവയെല്ലാം.

ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ വേദനിച്ച സംഭവം അവസാന നിമിഷത്തിൽ അച്ഛനെ സഹായിക്കാൻ പറ്റാഞ്ഞതു മാത്രമാണ്. മരിയ്ക്കുന്നതിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പ് അച്ഛന്റെ കത്തു കിട്ടി, കുറച്ചു പണത്തിന് അത്യാവശ്യമുണ്ട്, ഉടനെ അയച്ചുതരണം. ഇത് എഴുപത്തിനാലിലാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വിഷമം പിടിച്ച ഒരു ഘട്ടത്തിലൂടെയാ

യിരുന്നു ഞാൻ പൊയ്ക്കൊണ്ടിരുന്നത്. അതിനെപ്പറ്റി ഞാൻ ഗൃഹലക്ഷ്മിയിൽത്തന്നെ മുമ്പ് എഴുതിയിട്ടുണ്ട്. പത്തു പതിനഞ്ചു കൊല്ലമായി തുടർച്ചയായി ജോലി ചെയ്തിരുന്ന കമ്പനിയിൽ തൊഴുത്തിൽക്കുത്തിനിടയിൽ പിടിച്ചു നിൽക്കാൻ നടത്തുന്ന ശ്രമം ഒരു ഭാഗത്ത്, സാമ്പത്തിക തകർച്ച മറ്റൊരു ഭാഗത്ത്. എന്റെ ജാതകത്തിൽ ജ്യോത്സ്യർ എഴുതിയ പോലെ അതുവരെ ആർജ്ജിച്ചതെല്ലാം നശിയ്ക്കുമെന്ന പ്രവചനം ശരിയാവുകയായിരുന്നു. അക്കാലത്ത് അച്ഛനെ സഹായിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനിടയ്ക്കാണ് അച്ഛൻ കുറച്ചു പണം അയക്കണമെന്ന് ആവശ്യപ്പെട്ടത്. എത്രയെന്നില്ല. എന്നെ സംബന്ധിച്ചേടത്തോളമാണെങ്കിൽ ഒന്നും അയയ്ക്കാൻ പറ്റാത്ത പരുവത്തിലായിരുന്നു. ഞാൻ നൂററുറുപ്പികയുടെ ഒരു ചെക്കയച്ചു കൊടുത്തു. തുഛമായ ആ സംഖ്യതന്നെ മണിയോർഡറായി അയച്ചിരുന്നെങ്കിൽ അച്ഛന് പെട്ടെന്ന് ഉപകാരമായേനെ. അത്രയും സംഖ്യ കയ്യിലില്ലാത്തതുകൊണ്ട് അതിനും പറ്റാതെ പോയി. ചെക്കാണെങ്കിൽ ബാങ്കിൽ, അവർ നിഷ്കർഷിക്കുന്ന, മിനിമം ബാലൻസിൽനിന്നു തന്നെ ക്ലിയർ ചെയ്തു പോവും. നമ്മൾ നേരിട്ടു പോയാൽ കിട്ടില്ലെന്നർത്ഥം.

ഒക്ടാബർ 16ന് അച്ഛൻ മരിച്ചു. ഞാൻ അയച്ച പണം ഉപയോഗിക്കാതെത്തന്നെ. അച്ഛന്റെ അവസാന നാളുകളിൽ കോഴിക്കോട്ടു പോയി ഒരു ചെക്കപ്പു നടത്താൻ സ്നേഹിതന്മാർ നിർബ്ബന്ധിച്ചിരുന്നു. അച്ഛൻ അതിനു സമ്മതിയ്ക്കുകയുണ്ടായില്ല. ഇനി, അങ്ങിനെ ഒരു ചെക്കപ്പിനു വേണ്ട പണമായിരുന്നോ അച്ഛൻ ആവശ്യപ്പെട്ടത്? അച്ഛന്റെ ആരോഗ്യം ഇത്ര മോശമായിരുന്നെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ കടം വാങ്ങിയെങ്കിലും ആവശ്യമുള്ള പണം അയയ്ക്കുമായിരുന്നു. വലിയ കടങ്ങൾ ഇതിനെ ബാധിയ്ക്കുമായിരുന്നില്ല. ഇപ്പോൾ എനിയ്ക്ക് അളവറ്റ കുറ്റബോധം സൃഷ്ടിച്ച് അദ്ദേഹം കടന്നുപോയി. എന്തിനുള്ള ശിക്ഷയായിരുന്നു അത്? അരക്കള്ളം പറഞ്ഞതിന് ധർമ്മപുത്രർക്കു കിട്ടിയ ശിക്ഷയ്ക്കു സമാനമായ ഒരു ശിക്ഷ.

ഇപ്പോൾ എന്റെ മകന് എന്നോടുള്ള സ്നേഹം കാണുമ്പോൾ ഞാൻ ഓർക്കുന്നത് ഇതെല്ലാമാണ്. ഒരുപക്ഷെ അച്ഛന്റെ അനുഗ്രഹമായിരിയ്ക്കും ഇങ്ങിനെ സ്നേഹനിധിയായ ഒരു മകനെ എനിയ്ക്കു തന്നത്. രണ്ടു പ്രാവശ്യം ഹൃദയാഘാതം കാരണം ആശുപത്രിയിൽ പോകേണ്ടി വന്നപ്പോൾ അവൻ പറഞ്ഞു. ‘അച്ഛൻ ഇനി ജോലിയൊന്നും ചെയ്യേണ്ട, വിശ്രമിയ്ക്കു. കാര്യങ്ങളൊക്കെ ഞാൻ നോക്കാം.’ ഒരു കൻസെഷൻ അനുവദിച്ചത് സാഹിത്യരചനയാവാമെന്നായിരുന്നു. ‘അതും ടെൻഷനുണ്ടാക്കുന്നുവെന്ന് തോന്നുകയാണെങ്കിൽ ഉടനെ നിർത്തണം. എനിയ്ക്ക് അച്ഛനാണ് പ്രധാനം, അച്ഛന്റെ സാഹിത്യമല്ല.’ (‘വേല ശെിഴല്യ, 1ീ േവേല ഫീഴ‘) ഞാൻ എന്റെ അച്ഛനു വേണ്ടി ചെയ്തതിന്റെ എത്രയോ ഇരട്ടി അവൻ അവന്റെ അച്ഛനു വേണ്ടി ചെയ്തു കഴിഞ്ഞു. ഇപ്പോഴും ചെയ്തു കൊണ്ടിരിയ്ക്കുന്നു.

ശരി തന്നെ. ഇനി? ഞങ്ങൾക്ക് തീരെ വയസ്സാവുമ്പോളെന്താണ് ചെയ്യുക? ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മരിച്ചുപോയാൽ മറ്റാൾ എന്തു ചെയ്യും. രാവിലെ എട്ടു മണിയ്ക്ക് ധൃതി പിടിച്ച് ഓഫീസിൽ പോയി രാത്രി എട്ട്, ഒമ്പത് മണിയോടെ മാത്രം തിരിച്ചെത്തുന്ന മക്കളുടെ അടുത്തു പോയിട്ട് എന്തു കാര്യം? അവർക്ക് ശല്യമാകുമെന്നല്ലാതെ? അച്ഛനമ്മമാരിലൊരാൾ മരിച്ചു

പോയില്ലെങ്കിലും കാര്യം കഷ്ടം തന്നെ. ദമ്പതികളിൽ വയസ്സായ ആളെ, അതു മിക്കവാറും ഭർത്താവായിരിയ്ക്കും, അപ്പോഴേയ്ക്കും സ്വയം അവശയായിട്ടുള്ള ഭാര്യ നോക്കി ശുശ്രൂഷിക്കേണ്ടി വരും. ഏത് ശീലാവതിയും തലയിൽ കയ്യുവയ്ക്കുന്ന സന്ദർഭം. കാരണം വയസ്സാവുംതോറും നമ്മുടെ കാഴ്ചയും കേൾവിയും വല്ലാതെ കുറഞ്ഞിട്ടുണ്ടാവും. അതേ സമയത്തു തന്നെ പുറത്തു നടക്കുന്ന കാര്യങ്ങളറിയാൻ വല്ലാത്തൊരു നിർബ്ബന്ധവും വന്നു ചേരും. അതിനർത്ഥം ഭാര്യ അടുത്തിരുന്ന് ചെവിയിൽ അദ്ധ്വാനിച്ച് ഓരോ കാര്യവും പറഞ്ഞു തരേണ്ടി വരും എന്നാണ്. ഒരു സന്ദർശകൻ വന്നു പോയാൽ, ടെലിഫോണിൽ സംസാരിച്ചാൽ, അതുമല്ലെങ്കിൽ രാവിലെ വർത്തമാനപത്രം കിട്ടിയാൽ ഒക്കെ ഭർത്താവിന്റെ ചോദ്യമുണ്ടാവും. 'ആരാ വന്നത്?' 'ആരാ വിളിച്ചത്?'. ഇപ്പോൾ ലളിത എന്റെ അടുത്തു വന്ന് നാട്ടുവിശേഷങ്ങളും വീട്ടുവിശേഷങ്ങളും പറയുന്നത് എന്റെ തലച്ചാറിലേയ്ക്കു കടത്താതെത്തന്നെ കേൾക്കാനെനിക്കു പറ്റുന്നുണ്ട്. പ്രത്യേകിച്ചും ഞാൻ വായിക്കുമ്പോഴോ കമ്പ്യൂട്ടറിൽ എന്തെങ്കിലും ചെയ്യുമ്പോഴോ. അവൾ എഴുന്നേറ്റു പോകുമ്പോൾ ആ വിശേഷങ്ങളും അവളോടൊപ്പം എഴുന്നേറ്റു പോകുന്നു, എന്റെ ഓർമ്മയിൽ ഒന്നും ബാക്കിനിർത്താതെത്തന്നെ. ഒരു പത്തു കൊല്ലം കഴിഞ്ഞാൽ ഇതാവണമെന്നില്ല സ്ഥിതി. ഇതേ നാട്ടു, വീട്ടു വിശേഷങ്ങൾക്കായി ഞാൻ അവളുടെ പിന്നാലെ നടന്നെന്നു വരും. പിന്നെ വൃദ്ധസഹജമായ മറ്റ് ദേഹാസ്വാസ്ഥ്യങ്ങളും. ഇങ്ങിനെ ഒരു നൂറ് പ്രശ്നങ്ങൾ വാർദ്ധക്യത്തോടൊപ്പം എത്തിച്ചേരുന്നു.

ഇതിനെല്ലാം പരിഹാരമാണ് വൃദ്ധസദനങ്ങൾ എന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ അത് കുറേ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നു. അച്ഛനമ്മമാർ വാർദ്ധക്യത്തിൽ ഒറ്റയ്ക്കാണ്, അവരെ വേണ്ടത്ര നോക്കാൻ പറ്റുന്നില്ല എന്ന കുറ്റബോധം മക്കൾക്കുണ്ടാവുന്നില്ല. ഇന്ത്യയ്ക്കു പുറത്ത് ജോലിയെടുക്കുന്ന മക്കൾക്ക് ഇത് നല്ലൊരാശ്വാസമായിരിക്കണം.

എന്റെ കുട്ടിക്കാലത്ത് ഇങ്ങിനെയൊരു പ്രശ്നത്തെപ്പറ്റി ആരും സംസാരിച്ചു കേട്ടിട്ടില്ല, കാരണം മിക്കവാറും എല്ലാം കൂട്ടുകുടുംബങ്ങളായിരുന്നു. വയസ്സായവരെ നോക്കാനും അവരെ മാന്യതയോടെ മരിയ്ക്കാനനുവദിയ്ക്കാനും പറ്റിയ ചുറ്റുപാടുകൾ കൂട്ടുകുടുംബങ്ങളിലുണ്ടായിരുന്നു. ദാരിദ്ര്യം, അത് എല്ലാവരേയും ബാധിയ്ക്കുന്ന ഒരു കാര്യമായതിനാൽ ആരും വിഷയമാക്കാറില്ല. ഇന്ന് അങ്ങിനെയല്ല സ്ഥിതി. അച്ഛനമ്മ മക്കൾ കുടുംബങ്ങളാണെല്ലാം. അതിൽത്തന്നെ മക്കൾ കുറവും. ഉള്ളവർക്കുതന്നെ ജോലി പലപ്പോഴും ഇന്ത്യയ്ക്കു പുറത്തായിരിക്കും. അങ്ങിനെയുള്ള ചുറ്റുപാടിൽ 'എനിയ്ക്ക് പിറന്ന മണ്ണിൽത്തന്നെ കിടന്നു മരിയ്ക്കണം' എന്നൊക്കെയുള്ള വാശി വയസ്സായവർ ഉപേക്ഷിയ്ക്കുകയല്ലെ നല്ലത്?

ഞാൻ സ്നേഹമുള്ള മക്കളുടെ കാര്യം മാത്രമേ പറയുന്നുള്ളു. അങ്ങിനെയല്ലാത്ത മക്കളുമുണ്ടാവില്ലെ? അല്ലെങ്കിൽ ഒരു വൃദ്ധസദനത്തിൽ കൊണ്ടുപോയാക്കാൻ മാത്രം സാമ്പത്തിക ശേഷിയില്ലാത്ത മക്കൾ? അങ്ങിനെയുള്ളവർക്കു വേണ്ടി സന്നദ്ധസംഘടനകൾ ധാരാളം വൃദ്ധസദനങ്ങളുണ്ടാക്കുകയാണ് വേണ്ടത്. ജീവിതസായാഹ്നത്തിൽ കാൻസർ പോലുള്ള മഹാമാരി പിടിപെടുന്നവരെ ശുശ്രൂഷിക്കാൻ പെയ്ൻ ആന്റ് പാലിയേറ്റിവ് ക്ലിനിക് പോലുള്ള സന്നദ്ധ സംഘടനകളുണ്ട്. വിലാസം താഴെ കൊടുക്കുന്നു. (ഠഠഠ.

ുമശിമിറുമഹഹശമശേലരമൃലവ്യേശൈ്യ.ീൃഴ) സാമ്പത്തികമായി അവർക്ക് ധാരാളം സഹായം ആവശ്യമുണ്ട്. കഴിവുള്ളവർ അവരെ സഹായിക്കുക. അതു പോലെ ധാരാളം വൃദ്ധസദനങ്ങളും ഉണ്ടാവട്ടെ. വൃദ്ധസദനങ്ങൾ എന്ന പേരിനോട് അല്ലർജിയുണ്ടെങ്കിൽ ഇത്രതന്നെ മനസ്സിൽ കൊള്ളാത്തെ വല്ല പേരും കണ്ടുപിടിയ്ക്കു.

എന്റെ തലമുറയിലുള്ള മറ്റുള്ളവരുടെ സ്ഥിതിയും ഏറെക്കുറേ ഇതു തന്നെയാണ്. ഞാനുദ്ദേശിക്കുന്നത് അവരുടെ മക്കളും അച്ഛനമ്മമാരെ സ്നേഹത്തോടെ കാണാനും പരിചരിയ്ക്കാനും പ്രാപ്തരാണെന്നാണ്. എന്റെ ബന്ധുക്കളും ഞങ്ങളറിയുന്ന ഒട്ടേറെ പേരും എന്തു കഷ്ടപ്പാടും സഹിച്ചും അച്ഛനമ്മമാരെ വയസ്സുകാലത്ത് സ്നേഹത്തോടെ പരിചരിയ്ക്കുന്നവരാണ്. മറിച്ചും ഉണ്ടാവാം, പക്ഷെ അതെല്ലാം അപൂർവ്വമാണ്. പക്ഷെ ഇനി വരാൻ പോകുന്ന തലമുറയെപ്പറ്റി എനിയ്ക്കൊന്നും പറയാൻ പറ്റില്ല. അവർക്കു കിട്ടുന്ന വിദ്യാഭ്യാസവും, അവരുടെ മുമ്പിൽ തുറന്നിട്ടിട്ടുള്ള ദൃശ്യലോകവും സ്നേഹരഹിതമാണ്. സ്നേഹത്തെപ്പറ്റി ഇപ്പോൾ ആരും സംസാരിയ്ക്കാറില്ല. സ്വയമറിയാതെ അവർ നീങ്ങിക്കൊണ്ടിരിയ്ക്കുന്നത് എന്തു സഹിച്ചും ലോകം വെട്ടിപ്പിടിയ്ക്കണമെന്ന മനസ്സുള്ള ഒരു ജീവിതത്തിലേയ്ക്കാണ്. ലോകം തീരെ സ്നേഹശൂന്യമാകുന്ന ആ അന്തരീക്ഷത്തിൽ അവർ എങ്ങിനെ പ്രതികരിക്കുമെന്നത് പ്രവചിക്കാൻ കഴിയില്ല.

*ഗൃഹലക്ഷ്മി സപ്തമ്പർ 2008*

BACK TO INDEX

# സി.വി. ശ്രീരാമനെപ്പറ്റി

കണ്ടു കുറച്ചുനേരം സംസാരിച്ചു പിരിയുമ്പോൾ നമ്മുടെ മനസ്സിൽ ആ വ്യക്തിയെ സംബന്ധിച്ചുണ്ടാകുന്ന പ്രതികരണങ്ങൾ പലതായിരിയ്ക്കും. സി.വിയുമായി സംസാരിയ്ക്കുകയോ, അദ്ദേഹം പങ്കെടുക്കുന്ന വെറുമൊരു സുഹൃദ്സ്സദസ്സിൽ പങ്കെടുക്കുകയോ ചെയ്താൽപ്പോലും എനിയ്ക്കുണ്ടാകുന്ന തോന്നൽ എന്തോ നേടിയിട്ടുണ്ടെന്നായിരുന്നു. നമ്മുടെ മനസ്സ് ആഹ്ലാദഭരിതമാകുന്നു, നമ്മെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾ നമുക്കിടയിൽ ഉണ്ടെന്ന തോന്നൽ നമ്മെ കൂടുതൽക്കൂടുതൽ ആ വ്യക്തിയോടടുപ്പിയ്ക്കുന്നു. അതായിരുന്നു ശ്രീരാമേട്ടൻ. ഇതൊരപൂർവ്വമായ അനുഭൂതിയായിട്ടെ എനിയ്ക്കനുഭവപ്പെട്ടിട്ടുള്ളു, കാരണം സാഹിത്യലോകത്തിൽ പ്രത്യേകിച്ച് എനിയ്ക്കനുഭവപ്പെട്ടിട്ടുള്ളത് വളരെ തിക്തമായ കുതികാൽ വെട്ടലിന്റെയും ചതിക്കപ്പെടലിന്റെയും അനുഭവങ്ങളാണ്.

ചിരിച്ചുകൊണ്ടുള്ള 'ഹരീ' എന്ന വിളിയിൽ ചതിയില്ല, കുതികാൽ വെട്ടാനുള്ള സന്നാഹമില്ല, വെറും സ്നേഹം മാത്രം. മലയാളസാഹിത്യത്തിൽ ഏറ്റവും മുന്നിലെ വരിയിൽത്തന്നെ നിൽക്കാൻ പ്രാപ്തമായ കഥളെഴുതിയപ്പോഴും തന്നെ ഒരു നികൃഷ്ടനെപ്പോലെ തഴഞ്ഞ നിരൂപകരോടുപോലും പകയില്ല കന്മഷമില്ല. ഒരിയ്ക്കൽ ശ്രീ. സി.ആർ. ഓമനക്കുട്ടൻ എന്നോടു പറഞ്ഞു. 'രണ്ടു കഥകൾ സിനിമയാക്കിയതുകാരണം ശ്രീരാമേട്ടൻ രക്ഷപ്പെട്ടു. ഹരിയും യുകെ.കുമാരനുമൊന്നും അങ്ങിനെയും രക്ഷപ്പെടാൻ ചാൻസു കാണുന്നില്ലല്ലോ.' ശരിയാണ് ശ്രീരാമേട്ടൻ രക്ഷപ്പെട്ടത് അങ്ങിനെയാണ്. അല്ലായിരുന്നുവെങ്കിൽ കരുതിക്കൂട്ടിയുള്ള, വളരെ ആസൂത്രിതമായ, തമസ്കരണത്തിന്റെ നിഴലിൽ അദ്ദേഹവും ആരുമല്ലാതെ പോകുമായിരുന്നു. ഇപ്പോഴും അദ്ദേഹം അർഹിയ്ക്കുന്ന സ്ഥാനം അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടോ?

അതൊക്കെ പോകട്ടെ ഒരു വ്യക്തി എന്ന നിലയിൽ വളരെ ആദരണീയനും നമ്മുടെയൊക്കെ മനസ്സിൽ പ്രകാശം വിതറുന്നവനുമായിരുന്നു സി.വി. ശ്രീരാമൻ. അദ്ദേഹവുമായുണ്ടായ ഓരോ സന്ദർഭവും പൊട്ടിച്ചിരിയിൽ അവസാനിയ്ക്കുകയായിരുന്നു പതിവ്. ഒരിയ്ക്കൽ സാഹിത്യ അക്കാദമിയിൽ വെച്ചു കണ്ടപ്പോൾ ഉണ്ടായ അനുഭവം ഞാനിപ്പോഴുമോർക്കുന്നു. പതിവുപോലെ സെക്രട്ടറി പ്രഫ. ദാമോദരൻ കാളിയത്തിന്റെ മുറിയിൽ വെച്ച് ഞങ്ങളെല്ലാവരും സംസാരിയ്ക്കുകയായിരുന്നു. സിഗരറ്റു പുകയ്ക്കിടയിലൂടെ പൊട്ടിച്ചിരികൾ. അതിനിടയ്ക്ക് പുറത്ത് നിരത്തിലൂടെ ഉച്ചഭാഷിണിയിൽ എവിടെയോ നടക്കുന്ന ഒരു സമ്മേളനത്തിന്റെ അനൗൺസ്മെന്റ് കേൾക്കുന്നു. പിന്നെ അതിനെപ്പറ്റിയായി സംസാരം. ഏതോ വിദ്യാർത്ഥി ഫെഡറേഷന്റെ ആനിവേഴ്സറിയായിരുന്നെന്നാണ് ഓർമ്മ. അതിനെപ്പറ്റിയെല്ലാം പറഞ്ഞ് ഉറക്കെ ചിരിച്ചുകൊണ്ട് അങ്ങിനെയിരിയ്ക്കുമ്പോഴാണ് രണ്ടു വിദ്യാർത്ഥികൾ മുറിയിലേയ്ക്കു കടന്നുവരുന്നത്. ദമോദരൻ മാസ്റ്റർ ചോദിച്ചു. 'എന്താ കുട്ടികളേ?'

അനവസരത്തിൽ എത്തിപ്പെട്ടപോലെ അവർ നിന്നു പരുങ്ങുകയാണ്. അവസാനം അതിലൊരു കുട്ടി വിക്കിക്കൊണ്ട് പറഞ്ഞു. 'ശ്രീരാമൻ സാർ. ഞങ്ങൾ സാറിനെ കൊണ്ടുപോവാൻ കാറും കൊണ്ട് വന്നതാ. കുന്നംകുളത്തു പോയപ്പോ പറഞ്ഞു സാറ് അക്കാദമീല് പോയിട്ട്ണ്ട്ന്ന്. അപ്പൊ ഇങ്ങട്ട് വന്നതാ.'

ശ്രീരാമേട്ടൻ തലയിൽ കൈവച്ചുകൊണ്ട് ഞങ്ങളോടു പറഞ്ഞു. 'ദൈവമേ, ഞാനാണ് അവര്ടെ ഉദ്ഘാടകൻ! ഞാനത് മറന്നേ പോയി.' അതും പറഞ്ഞ് അദ്ദേഹം ചാടിയെഴുന്നേറ്റു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന തൃശ്ശൂർ സമ്മേളനത്തിന്റെ ഉദ്ഘാടകനായിരുന്നു ശ്രീരാമേട്ടൻ.

ശ്രീരാമേട്ടൻ പോയിട്ടും കുറേനേരം ആ മുറിയിൽ ചിരിയുടെ അലകൾ അടിച്ചുകൊണ്ടിരുന്നു. അതായിരുന്നു സി.വി. ശ്രീരാമൻ.

ഒരിയ്ക്കൽ കെ.എസ്. അനിയന്റെ ചെറുകഥാസമാഹാരം 'പാവക്കണ്ണുക'ളുടെ പ്രകാശനച്ചടങ്ങു കഴിഞ്ഞ് ഞങ്ങൾ അനിയന്റെ കാറിൽ പോകുകയായിരുന്നു. എന്നെ വീട്ടിൽ ഇറക്കിയശേഷം എങ്ങോട്ടു പോകണമെന്നതായിരുന്നു വിഷയം. ശ്രീരാമേട്ടൻ ഒരു പഴയ കഥ പറഞ്ഞു. ഒരിയ്ക്കൽ നീണ്ട ട്രെയിൻ യാത്രയിലായിരുന്നു. ഇരിയ്ക്കുന്ന സീറ്റിനു ചുറ്റും സ്ത്രീകൾ മാത്രം, പല വയസ്സിലുള്ളവർ. പകൽ വലിയ കുഴപ്പമില്ലാതെ കഴിഞ്ഞു. രാത്രി മുകളിലെ തന്റെ ബർത്തിലേയ്ക്കു കയറാനുള്ള തയ്യാറെടുപ്പിലായിരുന്നു ശ്രീരാമേട്ടൻ. ബർത്തിൽ ബെഡ്ഷീറ്റ് വിരിച്ചു, വെള്ളക്കുപ്പിയെടുത്തു രണ്ടു കവിൾ കുടിച്ചു. അപ്പോഴാണ് പകൽ വളരെ സൗഹൃദത്തോടെ സംസാരിച്ച ഒരു സ്ത്രീ ചോദിച്ചത്. 'അതെന്താണ്?'

തൽക്കാലം രക്ഷപ്പെടാൻ അദ്ദേഹം പറഞ്ഞു. 'ചുക്കുവെള്ളം.'

'കരിങ്ങാലി വെള്ളായിരിയ്ക്കും അല്ലെ?'

'അതെയതെ.' വരാൻ പോകുന്ന വിപത്തിനെപ്പറ്റി വലിയ ബോധമില്ലാതെ ശ്രീരാമേട്ടൻ പറഞ്ഞു.

'കുടിച്ചു കഴിഞ്ഞാൽ എനിയ്ക്കും കൊറച്ച് തരണംട്ടോ.'

താൻ ശരിയ്ക്കും വെട്ടിലായെന്ന് അപ്പോഴാണ് ശ്രീരാമേട്ടന് മനസ്സിലായത്. അദ്ദേഹം പറഞ്ഞു. 'ഇതില് കരിങ്ങാലി മാത്രല്ല, വേറീം കൊറേ മര്ന്ന്കള്ണ്ട്. എന്റെ വലിയ്ക്ക് വേണ്ടി ഒരു നാട്ടുവൈദ്യര് പറഞ്ഞതാ.'

'എനിക്കുംണ്ട് ആസ്ത്മേടെ അസുഖം.' എന്നായി അവർ.

അവരെ മുഷിപ്പിയ്ക്കാതെ എങ്ങിനെ തടിതപ്പി എന്നു വിവരിയ്ക്കുമ്പോഴേയ്ക്ക് എന്റെ വീടെത്തി. പിന്നീടൊരിയ്ക്കൽ മുഴുവൻ പറഞ്ഞുതരാമെന്ന വാഗ്ദാനം നിലനിൽക്കുന്നു, ഇപ്പോഴും.

*ചിദംബരങ്ങൾ - സി.വി. ശ്രീരാമൻ സ്മരണികാഗ്രന്ഥം - 2010*
*എഡിറ്റർ: - പി. സലിംരാജ്*

BACK TO INDEX

# മനസ്സിൽ ഇന്നും ആ ചെറുപ്പക്കാരൻ

തൊള്ളായിരത്തി എഴുപതിൽ ഞാൻ കൽക്കത്തയിൽനിന്ന് മറ്റമായി ദില്ലിയിൽ താമസിക്കുകയായിരുന്നു. ലോധി കോളനിയിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ക്വാർട്ടേഴ്സിന്റെ ബർസാത്തികളിലൊന്നിൽ താമസം. ലോധി കോളനിയിൽത്തന്നെയുള്ള കൃഷ്ണൻനായരുടെ ഹോട്ടലിൽനിന്ന് ഊണും. ഒരു ദിവസം കൽക്കത്തയിൽനിന്ന് ശ്രി. കെ.എം. ഗോവിയുടെ കത്തുകിട്ടുന്നു. ശ്രി. ഗോവി അവിടെ നാഷനൽ ലൈബ്രറിയിൽ മലയാളം വിഭാഗത്തിന്റെ തലവനായി ജോലി നോക്കുകയാണ്. ഒരു ചെറുപ്പക്കാരന്റെ കാര്യത്തിനാണ് കത്ത്. അയാളെ ദില്ലിയിലേയ്ക്ക് പറഞ്ഞയക്കുന്നു. ഒരു ജോലി ശരിയാക്കിക്കൊടുക്കണം, ഒപ്പംതന്നെ താമസവും ശരിയാക്കണം. ഗോവി പറഞ്ഞാൽ എനിക്ക് എതിരൊന്നും പറയാനില്ല. അനുസരിക്കുകയേ നിവൃത്തിയുള്ളു. ഒരു ചെറുപ്പക്കാരൻ നന്നാവുന്ന കാര്യമാണ്. എന്റെ ഒപ്പം താമസിക്കാമെന്നും ജോലിയുടെ കാര്യത്തിൽ പരമാവധി ശ്രമിക്കാമെന്നും മറുപടി എഴുതി.

ഒരു സഹൃദയനായ ചെറുപ്പക്കാരൻ. എനിക്കയാളെ ഇഷ്ടമാകുവാൻ മറ്റൊരു കാരണവുമുണ്ടായിരുന്നു. അയാൾ അച്ഛന്റെ കവിതകൾ വായിക്കുമായിരുന്നു. 'ഒരു പിടി നെല്ലിക്ക' എന്ന കവിതയിലെ രണ്ടു വരികൾ അയാളെ വളരെയധികം ആകർഷിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിതാണ്:

'തിരിച്ചു പോകരുതു നീ വിട്ടുപോന്ന മൃഗത്തിനെത്തിരയാൻ, ദേവനിലത്രെ നിനക്കു ലക്ഷ്യം.'

അയാളുടെ കയ്യിൽ പണമുണ്ടായിരുന്നില്ല. ഞാൻ കൃഷ്ണൻ നായരുടെ പോട്ടലിൽ ഭക്ഷണം ഏർപ്പാടാക്കിക്കൊടുത്തു. അയാൾ മൂന്നു നേരം ഭക്ഷണവും ചായയും അവിടെനിന്ന് കഴിച്ചു. ജോലിയുടെ കാര്യത്തിൽ എനിക്ക് കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അയാൾക്കും ജോലിയിൽ തീരെ താൽപര്യമില്ലാത്തപോലെ തോന്നി. രാവിലെ മുതൽ ഭക്ഷണത്തിനല്ലാതെ പുറത്തൊന്നും ഇറങ്ങാറില്ല. ഒരു ജോലി അന്വേഷിക്കുന്നതിനപ്പറ്റി പറഞ്ഞാൽ അയാൾ വിഷയം മാറ്റും. ആഴ്ചകളും, മാസങ്ങളും കടന്നുപോയി. ഞാൻ അയാളുടെ ഹോട്ടൽ ബില്ലും കൊടുത്തുകൊണ്ടിരിയ്ക്കയാണ്. എന്റെ കാര്യങ്ങൾ കൂടി നടത്താതെ വീട്ടിലേയ്ക്കു പണമയച്ചിരുന്ന കാലമാണ്. ഈ അധികച്ചിലവ് എന്നെ വിഷമിപ്പിച്ചു. ഒരിക്കൽ അതിനെപ്പറ്റി, അതായത് വേഗം ഒരു ജോലി അന്വേഷിക്കണമെന്നു പറഞ്ഞപ്പോൾ അയാൾ തട്ടിക്കേറുകയാണുണ്ടായത്. പിന്നീട് അയാളുടെ പെരുമാറ്റം അത്ര സുഖമുള്ളതായിരുന്നില്ല. ഏകദേശം ആറു മാസത്തോളം ഞാൻ അയാളെ ഒപ്പം താമസിപ്പിച്ചു. അവസാന ദിവസങ്ങളിൽ അയാൾ വളരെ മോശമായിട്ടാണ് പെരുമാറിയത്. ഒരു ദിവസം വല്ലാതെ ചീത്ത വാക്കുകൾ കേൾക്കേണ്ടി വന്നപ്പോൾ ഞാൻ അയാളോട് പോകാൻ പറഞ്ഞു. കാര്യങ്ങൾ വിവരിച്ച് ശ്രീ ഗോവിയ്ക്ക് ഒരു കത്തെഴുതുകയും ചെയ്തു. ഒരാൾക്ക് ഉപകാരം ചെയ്തതിനുള്ള കൂലി കിട്ടിയെന്നു മാത്രം മനസ്സിൽ കരുതി.

അയാൾക്കു വേണ്ടി ചെലവാക്കിയ പണമെല്ലാം എന്നെങ്കിലും തിരിച്ചുത

രാതിരിക്കില്ലെന്നു പറഞ്ഞകൊണ്ടാണയാൾ പോയതെങ്കിലും അതുണ്ടായില്ല. അയാൾ പോയപ്പോൾ എനിയ്ക്കു വിഷമമായി. എത്രയായാലും അച്ഛന്റെ കവിതകൾ ഇഷ്ടപ്പെടുന്ന മനുഷ്യനാണ്.

ഞാൻ പിന്നീട് ആ സംഭവം തന്നെ മറന്നു. ഒരു മാസം മുമ്പ് ശ്രീ കെ.എം. ഗോവിയെ തൃശ്ശൂരിൽ സാഹിത്യ അക്കാദമി ഓഫീസിൽവച്ച് കണ്ടപ്പോൾ അദ്ദേഹമാണ് ഈ കാര്യം ഓർമ്മിപ്പിച്ചത്. 'ഞാൻ ഹരിയെ ഒരിക്കൽ കുറച്ചു ബുദ്ധമുട്ടിച്ചിട്ടുണ്ട്.....'

എനിക്കു മനസ്സിലായില്ല. അപ്പോഴാണദ്ദേഹം ഈ ചെറുപ്പക്കാരന്റെ കാര്യം പറഞ്ഞത്. അതു സാരമില്ലെന്നു ഞാൻ അദ്ദേഹത്തെ സമാധാനിപ്പിച്ചു. അപ്പോഴാണ് അദ്ദേഹം അതു പറഞ്ഞത്, ആ ചെറുപ്പക്കാരന് മാനസിക രോഗമായിരുന്നു. പിന്നീട് കുറേക്കാലം ആശുപത്രിയിൽ കഴിയേണ്ടി വന്നുവത്രേ!

അതു കേട്ടപ്പോൾ എനിക്ക് ശരിക്കും വിഷമമായി. ഒരു പക്ഷെ അയാളുടെ പെരുമാറ്റത്തിനു കാരണം അയാളുടെ രോഗമായിരിക്കണം. അന്നുതന്നെ രോഗം തുടങ്ങിയിട്ടുമുണ്ടാകണം. ഇപ്പോൾ ഒരു സമാധാനമുള്ളത് എന്റെ കഴിവിനനുസരിച്ച് കുറച്ചെന്തെങ്കിലും അയാൾക്കു വേണ്ടി ചെയ്യാൻ കഴിഞ്ഞു വല്ലോ എന്നു മാത്രമാണ്.

*ദീപിക*

BACK TO INDEX

# കാണുമ്പോഴെല്ലാം അപരിചിതർ

എം.ടി.യെ ഞാൻ ആദ്യമായി കാണുന്നത് തൊള്ളായിരത്തി അറുപത്താറിലാണ്. അച്ഛന്റെ ഷഷ്ടിപൂർത്തി ആഘോഷവേളയിൽ. മൂന്നു ദിവസം നീണ്ടു നിന്ന പരിപാടികളിൽ വളരെയധികം സാഹിത്യകാരന്മാർ പങ്കെടുത്തിരുന്നു. സമ്മേളനത്തിൽ പങ്കുകൊണ്ടിരിക്കെ എം.ടി.യ്ക്ക് അസുഖമായി. വിശ്രമിക്കാനായി അദ്ദേഹത്തെ പൊന്നാനി ടി.ബി.യിലാക്കി. അവിടെ പോയിട്ടാണ് ഞാൻ എം.ടി.യെ ആദ്യമായി കാണുന്നത്. അതിനുമുമ്പ് എന്റെ 'ഉണക്കമരങ്ങൾ', 'കൂറകൾ' എന്ന രണ്ടു കഥകൾ അദ്ദേഹം മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ആദ്യത്തെ കഥ 'ഉണക്കമരങ്ങൾ' കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ കത്തുണ്ടായിരുന്നു. 'കഥ കിട്ടി, നന്നായിട്ടുണ്ട്. അടുത്തുതന്നെ പ്രസിദ്ധപ്പെടുത്താം'. മൂന്നാഴ്ചക്കുള്ളിൽ അത് ആഴ്ചപ്പതിപ്പിൽ വരികയും ചെയ്തു. അടുത്ത കഥയെഴുതിയത് ഒരു വർഷം കഴിഞ്ഞിട്ടാണ്. 'കൂറക'ളെപ്പറ്റി അദ്ദേഹം വളരെ നല്ല അഭിപ്രായമാണ് പറഞ്ഞത്.

ടി.ബി.യിലെ മുറിയിൽ അദ്ദേഹം കിടക്കുകയായിരുന്നു. തലയിണ വെച്ച് ചാരിയിരുന്നു എം.ടി. സംസാരിച്ചു. കഥകളെപ്പറ്റി, എങ്ങിനെ നല്ല കഥകൾ എഴുതാമെന്ന്. വളരെ കുറച്ചു മാത്രമെഴുതിയാൽ മതി, പക്ഷെ എഴുതുന്നതെന്തും നന്നായിരിയ്ക്കണം എന്ന ഉപദേശവും തന്നു. ഞാനത് അക്ഷരം പ്രതി നടപ്പാക്കി. തൊള്ളായിരത്തി അറുപത്തിരണ്ടു മുതൽ എഴുപത്തൊന്നു വരെയുള്ള പത്തുകൊല്ലത്തിനുള്ളിൽ ആകെ എഴുതിയ കഥകളുടെ എണ്ണം പതിനൊന്ന്. അതിൽത്തന്നെ ഒരു കഥപോലും എഴുതാത്ത വർഷവുമുണ്ട്, 1967. മാതൃഭൂമിയിൽ രണ്ടു കഥകൾ പ്രസിദ്ധീകരിച്ച ശേഷവും ഇത്രയധികം സംയമനം പാലിച്ച ഒരു പുതുകഥാകാരൻ എനിയ്ക്കുതന്നെ അദ്ഭുതമായിരുന്നു. ആ ഉപദേശത്തിന്റെ ഗുണം ഞാൻ വളരെ പിന്നീടാണ് മനസ്സിലാക്കിയത്. തൊണ്ണൂറിലോ മറ്റോ ആണ്, ഞാൻ കേരള കലാപീഠം ഒരുക്കിയ അരങ്ങിൽ കഥകൾ വായിക്കുകയായിരുന്നു. നാലു കഥകൾ വായിക്കാനായിരുന്നു ഉദ്ദേശ്യം. കഥകൾ വായിച്ചു കഴിഞ്ഞപ്പോൾ മുമ്പിൽത്തന്നെ ഇരുന്ന ഒരാൾ എന്നോട് 'ഉണക്കമരങ്ങൾ' വായിക്കാൻ ആവശ്യപ്പെട്ടു. എനിയ്ക്ക് അദ്ഭുതമായി. ഞാൻ അറുപത്തഞ്ചിൽ എഴുതിയ കഥ അദ്ദേഹം ഇപ്പോഴും ഇരുപത്തഞ്ചു വർഷങ്ങൾക്കു ശേഷവും ഓർത്തിരിയ്ക്കുന്നു. (ശ്രീ. ബാബു കുഴിമറ്റമായിരുന്നു അത്).

അതുപോലെ രണ്ടായിരത്തി ആറിൽ പ്രമുഖരായ എതാനും എഴുത്തുകാരുടെ കഥകൾ ടെലിഫിലിമാക്കാൻ ദൂരദർശൻ തീരുമാനിച്ചു. എം.ടി.യെയായിരുന്നു എഴുത്തുകാരെ തെരഞ്ഞെടുക്കാൻ ഏല്പിച്ചിരുന്നത്. അദ്ദേഹം തെരഞ്ഞെടുത്ത പേരുകളിൽ എന്റേതുമുണ്ടായിരുന്നു. മാത്രമല്ല എന്റെ 'കൂറകൾ' ആണ് അദ്ദേഹം നിർദ്ദേശിച്ചത്. മറ്റു പല എഴുത്തുകാരുടെയും പേർ മാത്രം നിർദ്ദേശിച്ചപ്പോൾ എന്റെ ഏതു കഥ വേണമെന്ന കാര്യത്തിലും അദ്ദേഹം നിഷ്കർഷ പുലർത്തി. എന്നെ വളരെ അദ്ഭുതപ്പെടുത്തിയ ഒരു കാര്യമായിരുന്നു അത്. ഞാനിതറിഞ്ഞത് 'കുറകൾ' ടെലിഫിലിമാക്കിയ ജോതിഷ്കുമാർ വഴിയാണ്. ഞാൻ അറുപത്തിയാറിലെഴുതിയ കഥ അദ്ദേഹം

നാല്പതുവർഷം കഴിഞ്ഞിട്ടും ഓർമ്മിച്ചിരുന്നു! വളർന്നു വരുന്ന എഴുത്തുകാരെ ശ്രദ്ധിക്കുകയും അവർക്ക് വേണ്ട പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്ത ഒരേയൊരു പത്രാധിപർ എം.ടി.യായിരുന്നുവെന്നു വേണം പറയാൻ. ഇന്നുമതെ ഏറ്റവും പുതിയ എഴുത്തുകാരെക്കൂടി അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്.

ഞാൻ തിരിച്ച് അറുപതുകളിൽ പോകട്ടെ. എന്റെ ഓരോ കഥ കിട്ടിയാലും ഉടനെ മറുപടി വരാറുണ്ട്. 'കഥ അടുത്തു തന്നെ ആഴ്ചപ്പതിപ്പിൽ കൊടുക്കുന്നുണ്ട്. അതിൽ ഞാൻ വരുത്തിയ തിരുത്തുകൾ ശ്രദ്ധിക്കുമല്ലൊ.' കഥ കിട്ടിയ ഉടനെ വായിക്കുകയും അതു കൊള്ളാമെന്നു തോന്നിയാൽ പ്രസിദ്ധീകരിക്കുകയും അതേ സമയം കഥയ്ക്ക് അത്യാവശ്യ തിരുത്തലുകൾ നടത്തുകയും ചെയ്യാറുണ്ടെന്നർത്ഥം. ഒരിക്കൽ എന്റെ 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ' എന്ന കഥയിൽ ഞാൻ 'സമയം ചുമരിന്റെ മുലയിലുള്ള എട്ടുകാലി പോലെ നിശ്ചലമായിരുന്നു' എന്നെഴുതിയത് എം.ടി. 'സമയം ചുമരിന്റെ മൂലയിലെ വേട്ടാളൻ കൂടുപോലെ നിശ്ചലമായിരുന്നു' എന്നാക്കി തിരുത്തി. എട്ടുകാലിപോലെ എന്നെഴുതിയപ്പോൾ ഞാനുദ്ദേശിച്ചത് സമയം വലയ്ക്കു നടുവിൽ ഇരയെ പ്രതീക്ഷിച്ച് നിശ്ചലനായി നിൽക്കുന്ന എട്ടുകാലിയെപ്പോലെ എന്നായിരുന്നു. എട്ടുകാലിയും അങ്ങിനെയാണല്ലൊ. ഒരിരയെ കണ്ടാൽ അത് ചാടുന്നു. നിശ്ചലമായി നിലകൊള്ളുന്ന സമയവും അതുപോലെ പെട്ടെന്ന് ചാടുമെന്നും, അങ്ങിനെ സംഭവിച്ചാൽ നാമറിയാതെ നഷ്ടപ്പെട്ടു പോകുന്നത് യുഗങ്ങളായിരിക്കും എന്നും ഒരു വിശ്വാസമുണ്ടായിരുന്നു എനിയ്ക്ക്. ഇന്നുമുണ്ട് ആ വിശ്വാസം. പക്ഷെ 'വേട്ടാളൻകൂടുപോലെ' എന്നത് സന്ദർഭത്തിന് കൂടുതൽ യോജിച്ച ഉപമയായിരുന്നു. പഴയ തറവാടുകളിൽ താമസിച്ചവർക്കേ അങ്ങിനെയൊരു ബിംബം സമയത്തിന്റെ നിശ്ചലതയെപ്പറ്റി പറയുമ്പോൾ ഭാവനയിൽ കാണാൻ പറ്റൂ. എം.ടി. മാറ്റിയ ആ വാക്യം വായിച്ചപ്പോൾ എന്റെ മനസ്സിലുണർന്നത് പഴമയുടെ സംഗീതവും ജാലകത്തിലൂടെ അകത്തു കടന്ന് കാവി തേച്ച നിലത്ത് വെയിൽ ഉണ്ടാക്കുന്ന ഉണർവ്വുമാണ്.

ശരിയ്ക്കു പറഞ്ഞാൽ എം.ടി.യുടെ പ്രോത്സാഹനം ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഞാനൊരു സാഹിത്യകാരനാകുമായിരുന്നില്ല. കാരണം അന്ന്, അറുപതുകളിൽ ചെറുപ്പക്കാരെ പ്രോത്സാഹിപ്പിക്കാനായി മറ്റൊരു എം.ടിയില്ലായിരുന്നു. പിന്നീട് എഴുപതുകളുടെ തുടക്കത്തിൽ എഴുത്തു നിർത്തിയ എന്നെ വീണ്ടും കഥാപ്രപഞ്ചത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നത് മറ്റൊരു പ്രഗല്ഭനായ പത്രാധിപരായിരുന്നു. എസ്. ജയചന്ദ്രൻ നായർ. 'കലാകൗമുദി' വാരിക തുടങ്ങിയത് തൊള്ളായിരത്തി എൺപത്തഞ്ചിലാണ്. അതിന്റെ രണ്ടാമത്തെ ലക്കത്തിൽ വന്ന എന്റെ കഥ 'കുങ്കുമം വിതറിയ വഴികൾ' രണ്ടു കൊല്ലത്തെ വിടവിനു ശേഷം എഴുതിയതാണ്. അതിനു ശേഷം കുറേക്കാലം അദ്ദേഹത്തിന്റെ പ്രേരണമൂലമാണ് ഞാൻ കഥകളും നോവലുകളുമെഴുതിയിരുന്നത്. എം.ടി.യ്ക്കും ജയചന്ദ്രൻ നായർക്കും നന്ദി.

എം.ടി.യുടെ കഥകൾ വായിക്കാൻ തുടങ്ങിയത് ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ്. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയ ഉടനെ അന്നു വന്ന മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കണ്ട എം.ടി. കഥ, അമ്മ ഉണ്ടാക്കി വച്ച ചായപോലും കുടിക്കാതെ, ഉമ്മറത്തെ ഇരുത്തിമേലിരുന്ന് ഒറ്റ വീർപ്പിന് വായിക്കുമായിരുന്നു. പോക്കുവെയിൽ മാഞ്ഞ് ഇരുട്ട് പടരുമ്പോഴും മങ്ങിയ വെളിച്ചത്തിൽ എം.ടി.യുടെ കഥകളോ നോവലോ വായിച്ച് ആകുലമായ മന

സ്സുമായി ഇരുന്നത് ഇപ്പോഴുമോർമ്മിക്കുന്നു. 'വിത്തുകൾ' ആണ് എന്നെ ഏറെ സ്പർ ശിച്ച കഥ. എം.ടി.യുടെ പല കഥാപാത്രങ്ങളുമായും താദാത്മ്യം പുലർത്തിയിരുന്നു ആ ചെറുപ്പം പ്രായത്തിൽ.

അച്ഛനും എം.ടി.യുമായുള്ള സൗഹൃദം വളരെ ഊഷ്മളമായിരുന്നു. (ഇട ശ്ശേരിയെപ്പറ്റി എം.ടി. എഴുതിയ രണ്ട് ലേഖനങ്ങൾക്ക് ൦൦൦.ലറമലൈ്യശ.ീൃഴ/ ാമഹമ്യമഹമാ/ലമ്യൈ.വോ സന്ദർശിക്കുക) 'അസുരവിത്ത്' എന്ന നോവൽ എഴുതുന്ന കാലത്ത് മതം മാറ്റുന്ന ചടങ്ങിനെപ്പറ്റി അറിയാനായി എം.ടി. പൊന്നാനിയിൽ വന്നു. അച്ഛൻ അദ്ദേഹത്തെ വലിയ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. അച്ഛന് ധാരാളം മുസ്ലീം സ്നേഹിതരുണ്ടായിരുന്നതിനാൽ കാര്യം എളുപ്പമായിരുന്നു. അന്ന് ഞങ്ങളുടെ വീട്ടിലാണ് എം.ടി. താമസിച്ചത്. അന്ന് പക്ഷെ ഞാൻ കൽക്കത്തയിലായിരുന്നു, അതോ ദില്ലിയിലോ, ഓർമ്മ യില്ല. പിന്നീട് നാട്ടിൽ വരുമ്പോൾ കോഴിക്കോട് പിസിമ്മാമന്റെ വീട്ടിൽ പോകാറുണ്ട്. ഒരിക്കലോ മറ്റോ ഞാൻ എം.ടി.യെ കാണാൻ മാതൃഭൂമിയിൽ പോയിട്ടുണ്ട്. പിന്നെ കുറേക്കാലം അപൂർവ്വമായേ കണ്ടിട്ടുള്ളു. അതിനിടയ്ക്ക് ഞാൻ ദില്ലിയിലായിരുന്നപ്പോൾ അദ്ദേഹം വന്നിട്ടുണ്ട്, 'കാലം' എന്ന നോവ ലിന് അക്കാദമി പുരസ്കാരം വാങ്ങാനായി. അന്ന് ഞാനും സ്നേഹിതൻ കെ. കുഞ്ഞികൃഷ്ണനും (ഇദ്ദേഹം പിന്നീട് തിരുവനന്തപുരം ദൂരദർശൻ ഡയറ ക്ടറായി) അദ്ദേഹത്തിന്റെ ഒപ്പം ഒരു പകൽ മുഴുവനും ഉണ്ടായിരുന്നു.

അച്ഛന്റെ സമ്പൂർണ്ണ കവിതകളുടെ രണ്ടാം പതിപ്പ് ഞാനായിരുന്നു ഇറക്കി യത്. എറണാകുളത്ത് പരിഷത്ത് ഹാളിൽ നടന്ന ഇടശ്ശേരി സാഹിത്യ സമ്മേ ളനത്തിൽവച്ച് അതിന്റെ പ്രകാശനം നിർവ്വഹിച്ചത് എം.ടി.യായിരുന്നു. അദ്ധ്യ ക്ഷൻ മഹാകവി അക്കിത്തവും. എം.ടി.യുടെ പ്രസംഗം വളരെ മനോഹരമാ യിരുന്നു. ഇടശ്ശേരിസാഹിത്യത്തെപ്പറ്റി വളരെ ആഴത്തിൽ സംസാരിച്ചതിൽ ഇടശ്ശേരിയുമായി തന്റെ അടുത്ത വ്യക്തിബന്ധവും സ്പർശിച്ചിരുന്നു.

പിന്നീട് 2006-ൽ ഇടശ്ശേരിയുടെ ജന്മശതാബ്ദിയുടെ ഒരുക്കങ്ങളിൽ എം.ടി. ഒരു വഴി കാട്ടിയായിരുന്നു. ഇടശ്ശേരി സ്മരണികയുടെ ചെയർമാനായി വേണ്ട നിർദ്ദേശങ്ങൾ തന്നു. എന്റെ എറണാകുളത്തുള്ള വീട്ടിൽ അദ്ദേഹം രണ്ടു തവണ വന്നിട്ടുണ്ട്. ജന്മശതാബ്ദിയുടെ കാര്യങ്ങൾ സംസാരിക്കാനായി ഞാനും എന്റെ ഗുരുനാഥനും, ഇടശ്ശേരി സ്മാരകസമിതിയുടെ സെക്രട്ടരിയു മായിരുന്ന ശ്രീ. പി. കൃഷ്ണവാരിയരും കൂടി രണ്ടു വട്ടം കോഴിക്കോടു പോയി എം.ടി.യെ കണ്ടിരുന്നു. അതുപോലെ എം.ടി. എറണാകുളത്തു വരുമ്പോൾ ഞാൻ കാണാറുണ്ട്.

ഇത്രയൊക്കെ അടുപ്പമുണ്ടായിട്ടും ഓരോ പ്രാവശ്യം എം.ടി.യെ കാണു മ്പോഴും ഒരു പുതിയ ആളെ കാണുന്നപോലെ സങ്കോചമുണ്ടാകാറുണ്ട്. എന്റെ സ്വഭാവത്തിന്റെ പാകപ്പിഴവു കാരണമാണത്. ആരേയും ഹൃദയ ത്തിന്റെ ഉള്ളിലേയ്ക്ക് പ്രവേശിപ്പിക്കാതെ പുറത്തുതന്നെ നിർത്തുന്ന സ്വഭാവം. ഇനി അബദ്ധത്തിൽ ആരെങ്കിലും ഉള്ളിൽ കടന്നാൽ അവിടെ ത്തന്നെ സ്ഥിരതാമസമാക്കിയാലോ എന്ന ഭയം. എം.ടി.യുടെ സ്വഭാവത്തിലും ഇതിന്റെ അംശങ്ങൾ കാണാൻ പറ്റും. ആരെയും ഉള്ളിൽ കടത്താത്ത പ്രകൃ തം. അങ്ങിനെയുള്ള രണ്ടുപേർ കണ്ടുമുട്ടുമ്പോൾ ഓരോ പ്രാവശ്യവും അവർ അപരിചിതരാവുന്നു.

BACK TO INDEX

# ഇത്തിരി നന്ദി പ്രവാസികളോടുമാവാം

നിർമലയുടെ 'കാനഡ മരത്തിൽ ഡോളർ പറിക്കാൻ പോയവർ' എന്ന ലേഖനം താല്പര്യത്തോടെ വായിച്ചു. നിർമലയുടെ എഴുത്ത്, അത് ലേഖനമായാലും കഥയായാലും വളരെ താല്പര്യത്തോടെ വായിക്കുന്ന ഒരാളാണ് ഞാൻ. പക്ഷെ ഈ ലേഖനത്തിന്റെ രണ്ടു ഭാഗങ്ങളും വായിച്ചപ്പോൾ കുറേ കാര്യങ്ങൾ വ്യക്തമാക്കണമെന്നു തോന്നി.

ഒന്നാമതായി 'മരത്തിൽ ഡോളർ പറിക്കാൻ പോയവർ' എന്ന പ്രയോഗം വിഷമമുണ്ടാക്കുന്നു, വേദനയുളവാക്കുന്നു. കേരളത്തിന്റെ സാമ്പത്തിക ഭദ്രതയിൽ പ്രവാസികളുടെ, പ്രത്യേകിച്ച് ഉത്തര അമേരിക്കൻ പ്രവാസികളുടെ, സംഭാവന വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല, നേരെ മറിച്ച് അവരെ ആവുന്നത്ര മോശമാക്കി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുമുണ്ട് എന്നതിലുള്ള അമർഷമായിരിക്കണം നിർമലയെക്കൊണ്ട് ഇതു പറയിച്ചത്. കൃഷിനിലങ്ങൾ പറമ്പുകളും കെട്ടിടങ്ങളുമായി മാറുകയും ഒരു വ്യവസായവിപ്ലവം പോയിട്ട് ഇന്ത്യയിലേയ്ക്കുതന്നെ എറ്റവും പിന്നിലാകുകയും ചെയ്ത ഒരു സംസ്ഥാനത്തെ ജനങ്ങളെ ഇന്നു പോറ്റുന്നത് പ്രവാസികൾ മാത്രമാണെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ഇവിടുത്തെ ബിസിനസ്സ് തഴച്ചുവളരുന്നുണ്ടെങ്കിൽ അതിനു കാരണം അവർക്കു ബിസിനസ്സു കൊടുക്കുന്ന പ്രവാസി ബന്ധുക്കളാണ്. അവർ ചെലവാക്കുന്ന പണമാണ് ഇവിടുത്തെ വലിയ ഷാപ്പിങ് മാളുകളിലും അഞ്ചും എട്ടും നിലകളിൽ പരന്ന് (ഉയർന്ന്?) കിടക്കുന്ന സിൽക് പാലസുകളിലും കണ്ണഞ്ചിക്കുന്ന ആഭരണശാലകളിലും ഒഴുകുന്നത്. ഇന്ന് കേരളത്തിൽ പെട്ടെന്ന് വളരുന്ന ബിസിനസ് റിയൽ എസ്റ്റേറ്റ് ആണ്. ധാരാളം ബഹുനില കെട്ടിടങ്ങളും പടർന്നു കിടക്കുന്ന വില്ലകളും തഴച്ചു വളരുന്നു. ഇതിന്റെയെല്ലാം പിന്നിലുള്ളത് പ്രവാസികളാണെന്ന് ഓർക്കുക. ഇന്നും ഓരോ ബഹുനിലകെട്ടിടത്തിലും പകുതിയിലധികം അപാർട്മെന്റുകൾ ആൾത്താമസമില്ലാതെ കിടക്കുന്നതു കാണാം. അതൊന്നും വിൽക്കാതെ പോയതല്ല, മറിച്ച് അതിന്റെ പ്രവാസികളായ ഉടമസ്ഥർ വെറുമൊരു മുതൽക്കൂട്ടിനായി വാങ്ങിക്കൂട്ടുന്നവയാണ്. ഒരാൾക്കുതന്നെ രണ്ടും മൂന്നും കെട്ടിടങ്ങളിൽ അപാർട്മെന്റുകളുണ്ടാകും. റിയൽ എസ്റ്റേറ്റ് ബിസിനസ്സു കാരണം രക്ഷപ്പെടുന്ന കുടുംബങ്ങളേറെയാണ്. കെട്ടിടത്തൊഴിലാളികളാണ് അതിൽ പ്രധാനം. അവർക്ക് വർഷത്തിൽ 250 മുതൽ 300 ദിവസംവരെ ഉറപ്പുള്ള തൊഴിൽ കിട്ടുന്നു. തരക്കേടില്ലാത്ത വേതനവും. അതുപോലെത്തന്നെ കെട്ടിടനിർമ്മാണ സാമഗ്രികളും യന്ത്രങ്ങളും വിൽക്കുന്നവർക്കും ധാരാളം ബിസിനസ്സ് കിട്ടുന്നു. ചുരുക്കിപ്പറഞ്ഞാൽ മുകൾത്തട്ടിൽനിന്ന് താഴെത്തട്ടുവരെ അരിച്ചിറങ്ങുന്നു ഈ മുതൽമുടക്കിന്റെ ആനുകൂല്യം.

കേരളത്തിലെ പളപളപ്പിനു പിന്നിൽ നൂറു ശതമാനവും പ്രവാസികൾതന്നെയാണ്. കേരളത്തിനു പുറത്തുപോയ എല്ലാ മലയാളിയും ഒരു ദിവസം ഇനി തിരിച്ചുപോകാത്തവിധം നാട്ടിലേയ്ക്കു വരികയാണെങ്കിൽ രണ്ടു വർഷ

ത്തിനകം ഇവിടെ പട്ടിണിയാകും. കേരളത്തിന്റെ വികസനമെന്നത് ഊതി വീർപ്പിച്ച ഒരു ബലൂണാണ്. എന്നു വേണമെങ്കിലും പൊട്ടിയേക്കാവുന്ന ഒരു ബലൂൺ.

ഇത്രയും സുഖലോലുപരായി ജീവിയ്ക്കുന്ന ഒരു ജനവിഭാഗം അതിനു കാരണക്കാരായ അവരുടെതന്നെ മക്കളോട് നന്ദി കാണിക്കുന്നില്ലെങ്കിൽ അതിനു കാരണം 'നന്ദി' എന്ന വാക്ക് മലയാളിയുടെ നിഘണ്ടുവിലില്ലാത്തതാണ്. ഞങ്ങൾ ആട്ടോറിക്ഷ ഇറങ്ങിയാൽ നന്ദി പറയുമ്പോൾ ആട്ടോ ഡ്രൈവർമാർ ഒരു വിചിത്രജീവിയെ കണ്ടപോലെ ഞങ്ങളെ നോക്കാറുണ്ട്. കാരണം ആ വാക്ക് ഇവിടെ പരിചയമില്ല. മറ്റൊരു കാര്യമുള്ളത് ഇവിടെ മലയാളികൾ പൊതുവേ അമേരിക്കൻ വിരുദ്ധരാണ്. സ്വന്തം മക്കളെ അമേരിക്കയിലേയ്ക്ക് ഉന്നതവിദ്യാഭ്യാസത്തിനയക്കുകയും തനിക്ക് ഒരു ജലദോഷം വന്നാൽ ചികിത്സയ്ക്ക് അമേരിക്കയിലേയ്ക്ക് പറക്കുകയും ചെയ്യുന്ന മലയാളി, തിരിച്ച് വീട്ടിലെത്തിയാൽ ഏറ്റവും വലിയ കല്ലെടുത്ത് എറിയുന്നതും അമേരിക്കയിലേയ്ക്കുതന്നെ. അതിനു കാരണം രാഷ്ട്രീയമാണ്. ഞാനതു വിശദീകരിക്കുന്നില്ല. ഇതിന്റെ ഭാഗമായിട്ടാണ് അമേരിക്കയിൽ ജോലിയെടുക്കുന്ന മലയാളികളേയും കരിവാരിത്തേയ്ക്കുന്നത്. ഇന്ന് ഏറ്റവുമധികം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന കൂട്ടരാണ് വിവരസാങ്കേതിക സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന ചെറുപ്പക്കാർ. സ്വാർത്ഥമതികളാണ്, അച്ഛനമ്മമാരെ തിരിഞ്ഞുനോക്കാത്തവരാണ്, സ്ഥിരമായി ഒരു കുടുംബജീവിതം ഉണ്ടാക്കാൻ പോലും പറ്റാത്തവരാണ്, ഇങ്ങിനെ പോകുന്നു പരാതികൾ. ഇതൊന്നും അറിഞ്ഞിട്ടു പറയുന്നതല്ല, ഊഹങ്ങൾ മാത്രം, അല്ലെങ്കിൽ ടിവി സീരിയലുകളിൽനിന്നോ മൂവികളിൽനിന്നോ മനസ്സിലാക്കുന്നതും. ഇതു കേട്ട് സഹികെട്ടിട്ടാണ് ഞാൻ 'പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ' എന്ന നോവലെഴുതിയത്. ഐ.ടി. കമ്പനികളിൽ പ്രവർത്തിയ്ക്കുന്ന ധാരാളം ചെറുപ്പക്കാരെ എനിയ്ക്കു പരിചയമുണ്ട്, എന്റെ മകനടക്കം. അവരെല്ലാം എങ്ങിനെയാണ് ജീവിക്കുന്നതെന്ന് എനിക്കറിയാം. അവരുടെ കുടുംബസ്നേഹത്തെപ്പറ്റിയും, ദേശസ്നേഹത്തെപ്പറ്റിയും, ഭാഷാസ്നേഹത്തെപ്പറ്റിയും എനിക്കറിയാം. കാനഡയിൽ ഓണത്തിന് പൂവിടുന്നതും ഓണസദ്യയുണ്ണുന്നതും മുമ്പൊരിക്കൽ നിർമലയുടെ ലേഖനത്തിൽ ഞാൻ വായിച്ചിട്ടുണ്ട്, ഒപ്പംതന്നെ സ്വന്തം വീടിനുള്ളിൽ പൂവിടുകയും നിലത്തിരുന്ന് സദ്യ ഉണ്ണുകയും ചെയ്യുന്ന ഫോട്ടോകളും. നല്ല എഴുത്തുകാർ അവരുടെ ഇടയിൽ ധാരാളമുണ്ട്. ചെറിയാൻ കെ. ചെറിയാൻ, നിർമല, റീനി, തോമസ് ജേക്കബ്.... മുഴുവൻ പേരുകളും ഓർമ്മയിൽ വരുന്നില്ല.

എന്റെ മകൻ സ്റ്റേറ്റ്സിൽ പോകുന്നതിനുമുമ്പ് ഞങ്ങളോട് ഒരു നൂറു തവണയെങ്കിലും ചോദിച്ചിട്ടുണ്ട്. 'ഞാൻ പോയാൽ നിങ്ങൾക്കു വിഷമമാകുമോ?' എന്ന്. എന്റെ മോശമായ ആരോഗ്യംകൂടി പരിഗണിച്ചാണ് അവനതു ചോദിച്ചത്. ബാംഗളൂരിലുള്ളപ്പോൾ എനിയ്ക്ക് അസുഖമായാൽ പെട്ടെന്ന് ഓടിവരാമായിരുന്നു. ഞങ്ങൾ പറഞ്ഞു. ഒരു വിഷമവുമില്ല, നിങ്ങൾ നന്നായി ജീവിയ്ക്കു, അതാണ് ഞങ്ങൾക്ക് സന്തോഷം. രണ്ടു വർഷമായി അവന്റെ ഭാര്യ സ്റ്റേറ്റ്സിലാണ്. അവൾക്കാ സ്ഥലം ഇഷ്ടപ്പെട്ടു. ആരോഗ്യമുള്ള പരിസരങ്ങളും (അവൾക്ക് പൊടി അലർജിയാണ്. ബാംഗളൂരുള്ളപ്പോൾ അവൾ നന്നെ കഷ്ടപ്പെട്ടിട്ടുണ്ട്.) അത്രയും നല്ല ഒരു ജോലിയും ഉപേക്ഷിച്ച് അവൾ ഇന്ത്യയിലേയ്ക്കു വരുന്നതിനേക്കാൾ നല്ലത് അവൻ അങ്ങോട്ടു പോകയാണ്.

രണ്ടുപേരും സ്റ്റേറ്റ്സിന്റെ രണ്ടറ്റത്താണെങ്കിലും മാസത്തിലൊരിക്കലെങ്കിലും ഓരോ ആഴ്ച ഒപ്പം താമസിക്കാം. പിന്നെ സാവധാനത്തിൽ രണ്ടു പേർക്കും ഒരു സ്ഥലത്ത് ജോലി കിട്ടുമോ എന്ന് അന്വേഷിക്കുകയും ചെയ്യാമല്ലൊ. സത്യം പറഞ്ഞാൽ ഞങ്ങൾക്ക് സന്തോഷമാവുകയാണുണ്ടായത്; അവൻ പോയി 'ഡോളർ പറച്ചുകൊണ്ടുവരു'മെന്നുദ്ദേശിച്ചല്ല. അവർക്ക് രണ്ടു പേർക്കും നല്ലൊരു ജീവിതമുണ്ടാവുമല്ലൊ. ഇതിനെപ്പറ്റി പറഞ്ഞപ്പോൾ എന്റെ സ്നേഹിതൻ ശ്രീ. സി. രാധാകൃഷ്ണൻ പറഞ്ഞു. 'അതു നന്നായെടോ, ഒന്നുമില്ലെങ്കിലും നാഥനും തൂണുമുള്ള ഒരു രാജ്യത്ത് അവർക്ക് താമസിക്കാമല്ലൊ.' ഈ അഭിപ്രായത്തിന്റെ കാതൽ മനസ്സിലാക്കണമെങ്കിൽ നിർമല ഒരാറു മാസമെങ്കിലും കേരളത്തിൽ വന്നു താമസിക്കണം.

മറിച്ച് മക്കളെ വെറും കറവപ്പശുക്കളായി കാണുന്ന അച്ഛനമ്മമാരും ഇല്ലെന്നില്ല. അവരെ പക്ഷെ സാമാന്യവത്കരിച്ച് അതുപോലെയാണ് എല്ലാ അച്ഛനമ്മമാരും എന്ന് പറയുന്നത് ശരിയല്ല.

ഞങ്ങളുടെ മകൻ ഞങ്ങൾക്ക് തണലാണ്, ഞാൻ എന്റെ അച്ഛന് തണലായിരുന്നപോലെ. മക്കൾ തങ്ങളെ നോക്കുന്നില്ലെന്ന് പറയുന്ന മിക്ക അച്ഛനമ്മമാരും സ്വന്തം അച്ഛനമ്മമാരെ പടിയ്ക്കു പുറത്താക്കി ഗെയ്റ്റ് അടച്ചിട്ടുള്ളവരായിരിക്കും. മാസത്തിലൊരിക്കലെങ്കിലും അതൊരു വാർത്തയായി വരുന്നുണ്ട്. വിതച്ചതേ കൊയ്യൂ. നമ്മൾ മക്കൾക്കുവേണ്ടി ജീവിക്കുകയല്ലാതെ മക്കൾ നമുക്കുവേണ്ടി ജീവിക്കണം എന്ന് വാശിപിടിക്കരുത്. തൊണ്ണൂറു ശതമാനം മാതാപിതാക്കളും അങ്ങിനെയാണ്.

ഞാൻ പറയാനുദ്ദേശിക്കുന്നതെന്തെന്നാൽ ഒരു ശരാശരി മലയാളി ജോലി തേടി മറ്റു സംസ്ഥാനങ്ങളിലോ മറ്റു രാജ്യങ്ങളിലോ പോകുന്നത് ഇവിടെ ഒരു ഗതിയുമില്ലാത്തതുകൊണ്ടാണ്. തൊള്ളായിരത്തി അറുപതിൽ പതിനേഴാം വയസ്സിൽ ഞാൻ കൽക്കത്തയിൽ ജോലി അന്വേഷിച്ചു പോയത് അച്ഛനെ സഹായിക്കാനാണ്. തുടർന്ന് പഠിക്കാനുള്ള സാഹചര്യമില്ലെന്നും കേരളത്തിൽ ജോലികിട്ടില്ലെന്നുമുറപ്പായപ്പോഴാണ് ആ തീരുമാനം. അത് അച്ഛനെ എത്ര വേദനിപ്പിച്ചുവെന്ന് എനിക്കറിയാം. ഇന്ന്, അമ്പതു കൊല്ലം കഴിഞ്ഞിട്ടും സ്ഥിതി ഏറെക്കുറേ അതുതന്നെയാണ്. പൊതുവേ സാമ്പത്തിക പരിസരം നന്നായതുകൊണ്ട് അച്ഛനമ്മമാർക്ക് മക്കളെ പഠിപ്പിക്കാൻ കഴിയുന്നുണ്ട്. അതായത് പതിനേഴാം വയസ്സിൽത്തന്നെ ജോലി അന്വേഷിക്കേണ്ടെന്നർത്ഥം. അതിനു കാരണം കേരളത്തിന്റെ വികസനമല്ല, മറിച്ച് പ്രവാസികളുടെ നിസ്വാർത്ഥ സേവനം തന്നെയാണ്. അതിന് കേരളത്തിലെ എല്ലാവരും അവരുടെ പ്രവാസികളായ മക്കൾക്ക് നന്ദി പറയണം. ഇവിടെ ഒരു വ്യവസായവും വരാൻ പോകുന്നില്ല എന്ന കാര്യം മാറി മാറി വരുന്ന സർക്കാറുകൾ ഉറപ്പാക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളും മറ്റു രാജ്യങ്ങളും മുന്നോട്ട് കുതിച്ചു കയറുന്നതു കാണുമ്പോൾ ഒരു നെടുവീർപ്പോടെ ഓർക്കും എന്നാണ് നാം അവരുടെ ഒപ്പമെത്തുന്നത്?

കേരളത്തെപ്പറ്റി നിർമ്മലയ്ക്ക് അചികിത്സ്യശുഭാപ്തിവിശ്വാസം കാണുന്നുണ്ട്. ഇന്നത്തെ കേരളത്തിന്റെ ജീവിതത്തെപ്പറ്റി വലിയ പിടിപാടില്ലാത്തതുകൊണ്ടായിരിക്കണം അത്. അല്ലെങ്കിൽ മലയാള ഭാഷയോടുള്ള അമിതമായ ഭ്രമം കാരണമായിരിക്കാം. ഇവിടെ ജീവിതം എത്രത്തോളം ദുസ്സഹമായിട്ടുണ്ടെന്ന് ഇവിടെ താമസിക്കുന്നവർക്കറിയാം.

പ്രവാസി എഴുത്തുകാരുടെ രചനകൾ ഇവിടെ ശ്രദ്ധിക്കപ്പെടുന്നില്ല എന്നത് വാസ്തവം തന്നെ. പക്ഷെ ഇവിടെ പിറക്കുന്ന നല്ല രചനകൾതന്നെ ആരാണ് ശ്രദ്ധിക്കുന്നത്? മുൻനിരയിലെത്താനുള്ള വ്യഗ്രതയിൽ ഇവിടെ കാട്ടിക്കൂട്ടുന്ന അഭ്യാസങ്ങൾ കണ്ടാൽ ചിരിക്കാൻ തോന്നും. അമ്മയെ തല്ലിയും പേരെടുക്കുക എന്നതാണ് കാര്യം. ഇതിനിടയിൽ അഭ്യാസമൊന്നും കാണിക്കാതെ ഒതുങ്ങിയിരുന്ന് നല്ല സാഹിത്യമെഴുതുന്നവർ തഴയപ്പെടുന്നു.

മൃഗശാലകളിലെ മൃഗങ്ങൾക്ക് പിന്നീട് കാട്ടിൽ പൊറുക്കാൻ വയ്യെന്നാവും എന്ന് നിർമല പറഞ്ഞത് സത്യമാണ്. മനുഷ്യനെ സംബന്ധിച്ചേടത്തോളം മൃഗങ്ങളുടെ അത്രയൊന്നും സമയം വേണ്ട. രണ്ടുകൊല്ലം എതെങ്കിലും പാശ്ചാത്യരാജ്യത്ത് താമസിച്ചാൽ മനസ്സിലാവും മനുഷ്യനെ മനുഷ്യനായി കാണാനും അവന്റെ ആവശ്യങ്ങൾ നിറവേറ്റാനും അവിടെപ്പോലെ കേരളത്തിലെന്നല്ല ഇന്ത്യയിലെവിടെയും ഒക്കില്ലെന്ന്. 'നിങ്ങൾക്കു വേണ്ടി എനിയ്ക്ക് എന്തു ചെയ്യാനാകും?' എന്ന ചോദ്യത്തിനു പകരം 'താനെന്തിനാ എന്റെ ഉറക്കം കളയാൻ വരുന്നത്?' എന്ന പരുഷമായ ചോദ്യമാണ് ഇവിടെ ഓഫീസുകളിൽ കേൾക്കുക. എങ്ങിനെ ഒരു കാര്യം നടത്താതെ നോക്കാമെന്നത് ഒരു കലയായി വികസിപ്പിച്ചെടുത്തിരിക്കുന്നു കേരളം. മലയാളികൾ അങ്ങിനെയായിരുന്നില്ല. രാഷ്ട്രീയ പാർട്ടികൾ, നിങ്ങൾക്ക് കർത്തവ്യമൊന്നുമില്ല അവകാശങ്ങൾ മാത്രമേയുള്ളു എന്ന സൂത്രവാക്യം മലയാളിയുടെ തലയിൽ ബ്രെയിൻവാഷ് ചെയ്ത് കയറ്റിയിരിക്കുന്നു.

(എം. മുകുന്ദന്റെ കഥാപാത്രമായ)കേശവനോട് നിർമലയ്ക്ക് അസൂയ തോന്നേണ്ട. എന്നും അവധിയിലായിരിക്കുക എന്നത് വളരെ അപകടകരമായ ഒരു പ്രവണതയാണ്. ഇവിടെ ഇടയ്ക്കിടയ്ക്കുണ്ടാവുന്ന ബന്ദുകളിലും ഹർത്താലുകളിലും ഏറ്റവുമധികം സന്തോഷിക്കുന്നത് ഇവിടുത്തെ ഓഫീസ് ജോലിക്കാരായിരിക്കും. അവർ തലേന്നു തന്നെ ആവശ്യമുള്ള മദ്യക്കുപ്പികൾ വാങ്ങി സ്റ്റോക്കു ചെയ്ത് ആ ദിവസം ആഘോഷിക്കുന്നു. (ഇന്ത്യയിലേയ്ക്കു വച്ച് ഏറ്റവും കൂടുതൽ മദ്യം ചെലവാകുന്നത് കേരളത്തിലാണ്.) ദിവസക്കൂലിക്കാരുടെ കാര്യമാണ് കഷ്ടം. ഒരു ദിവസത്തെ കൂലി ഇല്ലാതാവുക എന്നതിനർത്ഥം അവരുടെ കണക്കുകൂട്ടലുകൾ മുഴുവൻ തെറ്റുകയെന്നതാണ്.

തുടർച്ചയായി സംഭവിക്കുന്ന ബന്ദുകൾ (ബന്ദുകൾ ആചരിക്കുന്ന ഓരേയൊരു സംസ്ഥാനം ഇന്ത്യയിൽ കേരളം മാത്രമാണ്) നമ്മെ പുറകോട്ട് വലിക്കുകയാണെന്ന് ഇവിടെ ആരും മനസ്സിലാക്കുന്നില്ല.

പാശ്ചാത്യരാജ്യങ്ങളിൽ സമയക്കുറവുണ്ട് എന്ന കാരണംകൊണ്ട് സമയം വിശാലമായി കിടക്കുന്ന കേരളത്തിലേയ്ക്ക് വരുന്നതിനെപ്പറ്റി ആലോചിക്കണ്ട. അവിടെയെല്ലാം കൊല്ലത്തിൽ ഒന്നോ രണ്ടോ തവണ തുടർച്ചയായി കിട്ടുന്ന ഒഴിവുദിവസങ്ങൾ സ്ഥലങ്ങൾ കാണാനോ മറ്റു വിധത്തിൽ ചെലവാക്കാനോ കഴിയുമല്ലോ. മറിച്ച് ഇവിടെ ഒഴിവു സമയമെന്നത് ഒരു മിഥ്യയാണ്. ജീവിതപ്രാരാബ്ധങ്ങൾ തീർത്തുവരുമ്പോഴെയ്ക്ക് നമുക്കൊക്കെ വയസ്സാവും.

മലയാള പുസ്തകങ്ങളും വാരികകളും വായിക്കാൻ കിട്ടാനുള്ള വിഷമം മനസ്സിലാവുന്നുണ്ട്. മിക്കവാറും വാരികകൾ ഓൺലൈനായി വായിക്കാൻ കിട്ടുന്നുണ്ടല്ലോ, മാതൃഭൂമിയുടെയും മനോരമയുടെയും പല പ്രസിദ്ധീ

കരണങ്ങളും സമകാലിക മലയാളവുമടക്കം? പുസ്തകങ്ങൾ വരുത്തുക എന്നത് സാഹസമാണെന്ന് എനിക്കറിയാം. ഞാൻ എന്റെ പുസ്തകങ്ങൾ ഓരോന്നായി വെബ്ബിൽ ഇടുകയാണ്. ഇപ്പോൾത്തന്നെ ഏഴു പുസ്തകങ്ങൾ പോസ്റ്റ് ചെയ്തിട്ടുണ്ട്. മലയാളഭാഷയെ ഇപ്പോഴും നെഞ്ചിലേറ്റി നടക്കുന്ന പ്രവാസികളെ ഉദ്ദേശിച്ചാണ് അതു ചെയ്യുന്നത്. ആർക്കു വേണമെങ്കിലും അത് ഡൗൺലോഡ് ചെയ്യാം.

ഇതൊരു അപൂർണ്ണമായ കുറിപ്പു മാത്രമാണ്. നിർമലയുടെ മനോഹരമായ ഭാഷയിലെഴുതപ്പെട്ട ലേഖനത്തിന് ഒരു നോക്കുകുത്തി മാത്രം.

*നാലാമിടം – 2012*

BACK TO INDEX

# തൂക്കിയിട്ട തിരശ്ശീലക്കിരുവശത്തും

കൽക്കത്തയിൽ നിന്ന് തൊള്ളായിരത്തി എഴുപതിൽ ഇനിയൊരു തിരിച്ചു പോക്കില്ലെന്ന് തീർച്ചയാക്കി ദില്ലിയിലേയ്ക്ക് പോകുമ്പോൾ എനിക്ക് നഷ്ടമായത് രണ്ടു കാമുകിമാരായിരുന്നു. ശരിക്കു പറഞ്ഞാൽ ഈ രണ്ടു കാമുകിമാർ എന്റെ ജീവിതവും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തുന്നുവെന്ന തോന്നലുണ്ടായപ്പോഴാണ് ഞാൻ കൽക്കത്ത വിട്ടത്. ഓഫീസിൽ നിന്ന് ദില്ലിയിലേയ്ക്കു പ്രമോഷനോടുകൂടിയ മാറ്റം ഒരു നിമിത്തം മാത്രമായിരുന്നു. കൽക്കത്തയെന്ന കാമുകിയെപ്പറ്റി ഞാൻ ഏറെ എഴുതിയിട്ടുണ്ട്. 'ശിശിരം' എന്ന കഥ അതിനെപ്പറ്റിയാണ്. പിന്നീട് 2003 ൽ എഴുതിയ, എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട 'തടാകതീരത്ത്' എന്ന നോവലിന്റെ പശ്ചാത്തലവും അറുപതുകളിലെ കൽക്കത്തയായിരുന്നു. രണ്ടാമത്തെ കാമുകിയെപ്പറ്റി ഞാനൊന്നും പറയുന്നില്ല. വികാരസാന്ദ്രമായ ആ ബന്ധം എന്തായിരുന്നുവെന്ന് ഇന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാമുകിയെപ്പറ്റി എഴുതിയ കഥയാണ് 'നിനക്കു വേണ്ടി'. എന്റെ സ്നേഹത്തിന്റെ തീവ്രത ഈ കഥയിൽക്കൂടി ഞാൻ വ്യക്തമാക്കുന്നുണ്ട്. ദില്ലിയിലേയ്ക്കു പോയി രണ്ടാഴ്ചക്കുള്ളിൽ വളരെ ഹ്രസ്വമായൊരു സന്ദർശനത്തിനായി ഞാൻ തിരിച്ച് കൽക്കത്തയിലേയ്ക്ക് ഓടിയതിന്റെയും കാരണം മറ്റൊന്നായിരുന്നില്ല.

ശരി, ഞാൻ ദില്ലിയിലെത്തി. കൽക്കത്തയിൽവച്ച് ഞാൻ കുറച്ചു കാലമായി ഹവായൻ ഗിറ്റാർ പഠിക്കുന്നുണ്ടായിരുന്നു. ശാസ്ത്രീയമായിത്തന്നെ. ഒരു വർഷത്തെ അഭ്യാസംകൊണ്ട് ഏകദേശം ഒരു രൂപം കിട്ടിയെന്നു മാത്രമേയുള്ളു. സാരമില്ല, അത് ദില്ലിയിലും തുടരാമെന്നു കരുതി. ക്ലാസ്സിൽ ചേർന്ന ആദ്യത്തെ ദിവസം തന്നെ മനസ്സിലായി അതു നടക്കില്ലെന്ന്. കൽക്കത്തയിൽ അദ്ധ്യാപകനിൽ നിന്ന് സ്റ്റാഫ് നൊട്ടേഷൻ വായിക്കാൻ പഠിച്ചിരുന്നു. പക്ഷെ ദില്ലിയിലെ സർദാർ ടീച്ചർ ഒരു റെക്കോർഡ് പ്ലെയറിൽ ഹിന്ദി പാട്ടുകൾ വെച്ച് അതുപോലെ ഗിത്താറിൽ വായിക്കാൻ പറയുക മാത്രമേ ചെയ്തുള്ളു. അയാൾക്ക് സ്റ്റാഫ് നൊട്ടേഷനെന്താണെന്നുപോലും അറിയില്ല. ഞാൻ സംഗീതാഭ്യാസം ഒരാഴ്ചകൊണ്ടുതന്നെ നിർത്തി. ഇതും ഒരു നഷ്ടം തന്നെ. എനിക്ക്, 'എന്റെ നഗര'ത്തിൽനിന്നുള്ള മാറ്റത്തിൽ നഷ്ടമായതിന്റെ ചെറിയൊരംശം മാത്രമേ ദില്ലിയിലെ സാഹിത്യകാരന്മാരുമായുള്ള സൗഹൃദം നികത്തിയിരുന്നുള്ളു. കൽക്കത്തയിൽ സി. ചന്ദ്രശേഖരൻ, കെ.പി. നിർമ്മൽകുമാർ, മാതൃഭൂമിയിൽ ബംഗാളി സിനിമകൾ നിരൂപണം ചെയ്തിരുന്ന എം. പ്രഭാകരൻ എന്നിവരുമായി സമ്പർക്കമുണ്ടായിരുന്നു. (ഇദ്ദേഹത്തിന്റെ ലഭ്യമായ ലേഖനങ്ങൾ ചേർത്ത് ഒരു സി.ഡി.യുണ്ടാക്കുന്ന തിരക്കിലാണ് ഞാനിപ്പോൾ. ആരുടെയെങ്കിലും കൈവശം അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഉണ്ടെങ്കിൽ ദയവായി അയച്ചുതരണം.) ദില്ലിയിലാകട്ടെ ഒ.വി. വിജയൻ, കടമ്മനിട്ട, സി. രാധാകൃഷ്ണൻ, എം. രാഘവൻ, എം. മുകുന്ദൻ, സക്കറിയ, ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്, എൻ.എൻ. പിള്ള, കെ. കുഞ്ഞിക്കൃഷ്ണൻ (ഇദ്ദേഹം

പിൽക്കാലത്ത് തിരുവനന്തപുരം ദൂരദർശൻ ഡയറക്ടറായിരുന്നു), കഥകളെഴുതിയിരുന്ന കെ. ബാലകൃഷ്ണൻ തുടങ്ങിയവരുണ്ടായിരുന്നു. ബാലകൃഷ്ണനും തിരുവാഴിയോടുമായിരുന്നു ദില്ലി ലിറ്ററി വർക്ഷോപ്പിന്റെ ആൾക്കാർ. ഇടയ്ക്കിടക്ക് ഇവരെയൊക്കെ കാണും, ഒത്തുകൂടും, സാഹിത്യം സംസാരിക്കും എന്നല്ലാതെ ഒരുമാതിരി എന്നും കാണാറുള്ള ഒരു സ്നേഹിതൻ എം. മുകുന്ദനായിരുന്നു. നേരിൽ കാണുമ്പോൾ സാഹിത്യമൊഴികെ വേറെയെന്തും സംസാരിക്കാൻ പറ്റിയിരുന്ന ഒരു സ്നേഹിതനും മുകുന്ദനായിരുന്നു. അദ്ദേഹം താമസിച്ചിരുന്നതും ജോലിയെടുത്തിരുന്നതും ഞാൻ താമസിച്ചിരുന്നതിന്റെയും ജോലിയെടുത്തതിന്റെയും വളരെ അടുത്ത്. സൗത് എക്സ്റ്റൻഷൻ പാർട് 1 ൽ താമസവും പാർട് 2 വിൽ ഓഫീസുകളും. അന്ന് ഫ്രെഞ്ച് എംബസിയുടെ സാംസ്കാരിക വിഭാഗം എന്റെ ഓഫീസിൽനിന്ന് രണ്ടു കെട്ടിടങ്ങൾക്കപ്പുറത്തായിരുന്നു.

ദില്ലിയിലായിരിക്കുമ്പോഴാണ് ഞാൻ വിവാഹിതനായത്, തൊള്ളായിരത്തി എഴുപത്തിരണ്ടിൽ. വിവാഹം കഴിഞ്ഞ് ദില്ലിയിലെത്തി, വൈകുന്നേരം ഞങ്ങൾ മുകുന്ദന്റെ വീട്ടിൽ പോയി. അവർ രാത്രിഭക്ഷണത്തിനു ക്ഷണിച്ചിരുന്നു. ശ്രീജ നല്ലൊരു പാചകക്കാരിയാണ്. സ്വാദിഷ്ടമായ വിഭവങ്ങളോടെ അവൾ സദ്യയൊരുക്കിയിരുന്നു. അയില വറുത്തതും, മട്ടൻ തേങ്ങാക്കൊത്തിട്ട് വരട്ടിയതും മറ്റു വിഭവങ്ങളുമുണ്ടായിരുന്നു. രാത്രി തിരിച്ച് വീട്ടിലേയ്ക്കു പോകാനൊരുങ്ങുമ്പോഴാണ് മനസ്സിലായത് പുറത്ത് നല്ല തണുപ്പാണ്. ഫെബ്രുവരിയായിട്ടും ഇത്ര തണുപ്പോ? തലേന്ന് സിംലയിൽ മഞ്ഞു പെയ്തിരുന്നുവെന്ന് ഞങ്ങളെ സ്വീകരിക്കാൻ സ്റ്റേഷനിൽ വന്ന അനുജൻ മാധവൻ പറഞ്ഞിരുന്നു. എനിക്ക് സ്വറ്ററുണ്ടായിരുന്നു. ശ്രീജ അകത്തുപോയി അവളുടെ ഒരു സ്വറ്റർ ലളിതയ്ക്ക് ഇടാൻ കൊടുത്തു.

മുകുന്ദൻ ഇടയ്ക്ക് ശ്രീജയുമൊത്ത് വീട്ടിൽ വരും, അല്ലെങ്കിൽ ഞങ്ങളവരുടെ വീട്ടിൽ പോകും. സംസാരം ഐ.എൻ.എ. മാർക്കറ്റിൽ അയില വന്നതിനെപ്പറ്റിയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ജിവിതസന്ദർഭങ്ങളെപ്പറ്റിയോ ആയിരിക്കും. ഞങ്ങളൊരുമിച്ച് പലപ്പോഴും ഐ.എൻ.എ. മാർക്കറ്റിൽ പോയി മീനും പച്ചക്കറികളും വാങ്ങാറുണ്ട്. വളരെ ദുർല്ലഭം അവസരങ്ങളിൽ മുകുന്ദൻ സാഹിത്യത്തെപ്പറ്റി പറയും. മിക്കവാറും എഴുതാൻ പോകുന്ന കാര്യങ്ങളെപ്പറ്റി. 'മാഷെ, ഞാനിനി കുറെ സർ റിയലിസ്റ്റ് കഥകളെഴുതാൻ പോണു.' എനിക്ക് ചിത്രകലയിലുള്ള താല്പര്യം മുകുന്ദനറിയാമായിരുന്നു. അതുകൊണ്ട് ചിത്രകാരന്മാരെപ്പറ്റിയും സംസാരിക്കും. ഫ്രെഞ്ച് എംബസിവഴി ഫ്രാൻസിലേയ്ക്കു പോയ മലയാളി ചിത്രകാരന്മാരെപ്പറ്റിയും. അക്കിത്തം നാരായണൻ, വിശ്വനാഥൻ, തുടങ്ങിയവർ. ഒരിക്കൽ ലൂവ്റ് ആർട് ഗ്യാലറിയെപ്പറ്റിയുള്ള ഒരു വലിയ പുസ്തകം മുകുന്ദനെനിക്ക് സമ്മാനമായി തന്നു. ഞാനാ പുസ്തകം ഇന്നും സൂക്ഷിക്കുന്നു. കൽക്കത്തയിലെ നാഷനൽ ലൈബ്രറിയിൽ ഒഴിവുദിനങ്ങളിൽ വിശപ്പു സഹിച്ചുകൊണ്ട് ഞാൻ വായിച്ചതിൽ വലിയൊരു ഭാഗം പുസ്തകങ്ങൾ ചിത്ര-ശില്പകലയെപ്പറ്റിയായിരുന്നു. (കൽക്കത്ത വിട്ടതിലുണ്ടായ ഏറ്റവും വലിയ നഷ്ടം ഒരുപക്ഷെ നാഷനൽ ലൈബ്രറിയിലെ വായനയായിരിക്കും). അന്നു നാഷനൽ ലൈബ്രറിയിൽനിന്ന് വായിച്ച ഒരുമാതിരി എല്ലാ ചിത്രകാരന്മാരുടെയും കളർ പ്ലെയ്റ്റുകളുള്ള ഈ

പുസ്തകം ഒരമൂല്യനിധിയായിരുന്നു. മറ്റൊരു സമ്മാനം ഫ്രഞ്ച് പഠിക്കാനുള്ള ഗ്രാമഫോൺ റെക്കോർഡുകളുടെ ഒരു സെറ്റായിരുന്നു. ഞാനും ലളിതയും ഏതാനും മാസങ്ങൾ അതു കേട്ട് ആ ഭാഷ പഠിക്കാൻ നോക്കി. മുകുന്ദൻ ലളിതയെ കണ്ടാൽ ചോദിക്കും. 'കുട്ടി, ഫ്രഞ്ച് എവിടെവര്യായി?' അവൾക്ക് ആകെ അറിയുന്ന രണ്ടു വാക്യങ്ങളിലേതെങ്കിലും കാച്ചും. 'പാളെവൂ ഫ്രാൻസെ?' അല്ലെങ്കിൽ 'വൂളെവൂ അ റ്റാക്സി?' മുകുന്ദൻ ചിരിക്കാൻ തുടങ്ങും. കുട്ടി എന്ന് ഞാൻ വിളി തുടങ്ങിയതിനു പിന്നിലൊരു ചരിത്രമുണ്ട്. ആദ്യദിവസം മണിയറയിൽ വെച്ച് ഞാനവളെ സ്നേഹപൂർവ്വം വിളിച്ചു. 'ലതികേ..' പേര് തെറ്റിപ്പോയെന്ന് മനസ്സിലായപ്പോൾ ഞാൻ തിരുത്തി, 'അല്ല ലതേ...' പേരതുമല്ലെന്ന് അവളുടെ മുഖഭാവത്തിൽ നിന്ന് മനസ്സിലായി. ഞാൻ കെണിഞ്ഞു. എന്താണ് പേര്?

'പഴേ കാമുകിമാർടെ പേരൊക്കെ പറയ്യാണ് അല്ലെ?'

'അല്ലാ......' അവർക്കൊന്നും ഇത്ര വികടം പിടിച്ച പേരുണ്ടായിരുന്നില്ല എന്നു പറയാൻ പോകുകയായിരുന്നു. ഭാഗ്യത്തിന് ശരിക്കുള്ള പേര് നാവിൻ തുമ്പത്ത് വന്നു. ഞാൻ പ്രേമപൂർവ്വം വിളിച്ചു. 'ലളിതയ്ക്കെന്നെ ഇഷ്ടായോ?'

'ഉം, കുട്ടിക്കോ?'

ആദ്യരാത്രിയിലെ സംസാരം (എഡിറ്റ് ചെയ്തത്) എന്റെ 'മണിയറയിൽ നിന്നോടിപ്പോയവർ' എന്ന കഥയിലുണ്ട്.

അങ്ങിനെയാണ് കുട്ടിയെന്ന പേര് കിട്ടുന്നത്. അവൾ എന്നെ വിളിക്കുന്ന അതേ പേരിൽതന്നെ ഞാനവളെയും വിളിച്ചു. ലളിതയെന്ന പേര് നാവു കുഴക്കുന്നതായിരുന്നു (ൃീഴൗല ംേശലേ്യ).

ഞങ്ങളന്യോന്യം കുട്ടി എന്നു വിളിക്കുന്നതു കേട്ട് മുകുന്ദനും അങ്ങിനെയാണ് ലളിതയെ വിളിക്കാറ്.

'മാഷെ ഞാനിനി കുറേ സർ റിയലിസ്റ്റ് കഥകളെഴുതാൻ പോകുന്നു'വെന്ന് മുകുന്ദൻ പറഞ്ഞപ്പോൾ ഞാനദ്ഭുതപ്പെട്ടു. അങ്ങിനെയൊക്കെ എഴുതാൻ കഴിയുമോ? കഴിഞ്ഞാൽത്തന്നെ അത് എത്രത്തോളം സ്വാഭാവികമായിരിക്കും? നമ്മളെഴുതുന്നത് ഏതു വകുപ്പിൽ പെടുന്നുവെന്നത് മറ്റുള്ളവരല്ലെ തീരുമാനിക്കേണ്ടത്? വിലയിരുത്തേണ്ടത്? എന്തായാലും തൽക്കാലം മുകുന്ദൻ സർ റിയലിസ്റ്റ് കഥകളെഴുതിയില്ല. കുറേക്കാലം കഴിഞ്ഞ ശേഷമാണ് ദൈവത്തിന്റെ വികൃതികൾ എഴുതുന്നത്.

ഒരു ദിവസം മുകുന്ദന്റെ ഓഫീസിൽ പോയപ്പോൾ മുകുന്ദന്റെ സഹപ്രവർത്തകനായ ഒരു ചെറുപ്പം ഫ്രഞ്ചുകാരൻ അതിലൂടെ പോയി. അയാൾ എന്നെ ചൂണ്ടിക്കൊണ്ട് എന്തോ ഫ്രഞ്ചിൽ പറഞ്ഞു.

'ഹരി തലമുടി വെട്ടേണ്ട സമയായിന്നാ സായ്വ് പറേണത്.' മുകുന്ദൻ ചിരിച്ചുകൊണ്ട് പറഞ്ഞു. അയാൾ പോക്കറ്റിൽനിന്ന് ഒരു കളർ ഫോട്ടോ എടുത്ത് മുകുന്ദനെ കാണിച്ച് എന്തോ പറഞ്ഞു. അതൊരു പുരുഷന്റെ സ്വകാര്യഭാഗത്തിന്റേതായിരുന്നു. അയാൾ പോയശേഷം മുകുന്ദൻ പറഞ്ഞു. 'ആളൊരു 'ഗേ' ആണ്. അതാരുടേതാണ് എന്നൂഹിക്കാൻ പറ്റ്വോന്നാണ് ചോദിച്ചത്.' ഗേ എന്ന വാക്കാണോ മുകുന്ദൻ ഉപയോഗിച്ചത് എന്നറിയില്ല. ഫോട്ടോ രണ്ടു ദിവസം മുമ്പുണ്ടായിരുന്ന ഒരു പാർട്ടിയുടെ സമയത്ത് എടുത്തതാണെന്നു പറഞ്ഞു. അതിൽ പങ്കെടുത്ത ചില മലയാളികളുടെ വിക്രിയകളെപ്പറ്റിയും പറഞ്ഞു. മനുഷ്യർക്ക് ഇത്രത്തോളം താഴാൻ കഴിയുമോ എന്നും.

അക്കാലത്ത് ഞാൻ തലമുടി വളർത്തിയിരുന്നു. ബീഡി വലിച്ചിരുന്നു. കൽക്കത്തയിൽ നിന്ന് തുടങ്ങിയ സിഗരറ്റുവലി ദില്ലിയിലെത്തിയപ്പോൾ കൂടുതൽ ഫാഷനബ്ളായ ബീഡിയായി മാറി. എന്നെ സംബന്ധിച്ചേടത്തോളം പുകവലി ഒരാവശ്യമേ അല്ലായിരുന്നു. ഞാനല്ലാത്ത എന്തോ ആണ് ഞാനെന്ന അഭിനയത്തിന്റെ ഭാഗമായിട്ടാണ് അതു തുടങ്ങിയത്. (ഈ കളികൾ ഇന്നുമുണ്ട്, പുകവലിയല്ലെന്നേയുള്ളു.) പുക കഴിയുന്നതും ശ്വാസകോശത്തിലേയ്ക്കെടുക്കാതെ വായിൽ നിറച്ചു പുറത്തേയ്ക്കൂതുന്ന തമാശയുള്ള കാഴ്ച. ഈ തമാശ കാണാനുള്ള രസം കൊണ്ടായിരിക്കണം കൽക്കത്തയിൽ കാമുകി എന്നോട് കിങ്സൈസ് സിഗരറ്റ് വാങ്ങി അവളുടെ മുമ്പിൽവച്ച് വലിക്കാൻ പറയാറുള്ളത്. ഒരു ദിവസം ഞാൻ മുകുന്ദന് ബീഡി കൊടുത്തു. പിന്നെ കുറേക്കാലം മുകുന്ദൻ ബീഡി വലിച്ചിരുന്നു. 'മാഷെ, സാധനം കൊള്ളാമല്ലൊ' എന്നു പറയുകയും ചെയ്തു. ഫ്രഞ്ച്, അമേരിക്കൻ സിഗററ്റുകൾ മാത്രം വലിച്ചിരുന്ന മാന്യനായ മുകുന്ദനാണ് ബീഡി വലിച്ച് എന്നെപ്പോലെ തരംതാണത്. അതുപോലെ മുടി വളർത്താനും തുടങ്ങി. അനാശാസ്യ പ്രവണതകൾ!

കല്യാണം കഴിഞ്ഞ ശേഷം ഞാൻ ക്രമേണ പുകവലി നിർത്തി. തലമുടിയുടെ കാര്യം കുറച്ചു കഷ്ടമാണ്. കല്യാണത്തിന് നാട്ടിൽ പോകുമ്പോഴേയ്ക്ക് തോൾ വരെ വളർന്ന മുടി വെട്ടി ഒരു മാതിരി ചെറുതാക്കിയിരുന്നു. എന്റെ നിലവാരം സമ്മതിക്കുന്നത്ര മാത്രം. തൃശ്ശൂരിൽ പോയി പെണ്ണു കണ്ടു, കുഴപ്പമൊന്നുമില്ല. പെണ്ണിന് എന്നെ ബോധ്യമാകുമോ എന്നായിരുന്നു എന്റെ സംശയം. കൂടുതൽ റിസ്ക് എടുക്കാതെ അന്നുതന്നെ കല്യാണം ഉറപ്പിക്കുകയും ചെയ്തു. അപകടം വന്നത് ഞാൻ പ്രതീക്ഷിക്കാത്ത വഴിയിലൂടെയായിരുന്നു. വധുവിന്റെ അമ്മ ഈ ആലോചന വന്ന ചാർച്ചക്കാരൻ വഴി അച്ഛന് സന്ദേശം കൊടുത്തു. പയ്യനോട് മുടി വെട്ടാൻ പറയൂ. ആവശ്യം വധുവിന്റേതാകാനിടയില്ലെന്ന് എനിക്കു തോന്നിയിരുന്നു. പറ്റില്ലെന്ന് ഞാൻ തീർത്തു പറഞ്ഞു. അച്ഛൻ പറഞ്ഞു, 'വധുവിന്റെ അച്ഛൻ നിന്റെ തലമുടിയുടെ നീളമല്ല നോക്കുക, മകളെ നോക്കി രക്ഷിക്കാനുള്ള കരുത്തുണ്ടോന്നാണ്.' ഞാനപ്പോൾ എന്തു പറഞ്ഞുവെന്ന് ഓർമ്മയില്ല. എന്തായാലും മുടി വെട്ടിയില്ല.

ഞാൻ മീനാക്ഷിവല്ല്യമ്മയെ കാണാനും വിവാഹവാർത്ത അറിയിക്കാനുമായി കോഴിക്കോട്ടു പോയി. അമ്മമ്മയുടെ നേരെ അനുജത്തിയാണത്. ഞങ്ങളുടെ തറവാടിന്റെ മൂലം കുറ്റ്യാടിയാണ്. അവിടെ വിട്ട് പൊന്നാനിയിൽ താമസമാക്കി പത്തമ്പതു വർഷം കഴിഞ്ഞിട്ടും അവർ കുറ്റ്യാടി ഭാഷയാണ് സംസാരിക്കാറ്. (ഉറൂബിന്റെ അമ്മായിയമ്മയാണ് മീനാക്ഷി വല്ല്യമ്മ) എന്നെ കണ്ട ഉടനെ അവർ ചോദിച്ചു. 'എന്താടാ നീയ് മുടി വെട്ടാതെ കാടനെപ്പോലെ നടക്ക്ണത്?'

അച്ഛനോട് ഞാനിതു പറഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു. 'വല്ല്യമ്മ പറഞ്ഞതു കേട്ടില്ലെ. ഇപ്പത്തന്നെ പോയി മുടി വെട്ട്.'

അച്ഛൻ പറഞ്ഞിട്ടും അനുസരിക്കാത്ത ഞാൻ മീനാക്ഷി വല്ല്യമ്മ പറഞ്ഞതുകാരണം പോയി മുടിവെട്ടി. അമ്മയുടെ ഓരോ പ്രസവത്തിനും അവർ ഒരു മാസം മുമ്പ് വന്ന് സഹായിക്കാറുണ്ട്, പേറെടുക്കാറുണ്ട്. എന്നെ ആദ്യമായി കണ്ട് കയ്യിൽ എടുത്ത സ്ത്രീയാണ്. ജ്യേഷ്ഠത്തിയുടെ പേടി അവർക്കറിയാം. പ്രസവദിവസം അമ്മമ്മ ആ പരിസരത്തേയ്ക്കേ പോകാറില്ല. ആ

വലിയ മനസ്സുള്ള വല്ല്യമ്മ പറഞ്ഞത് അനുസരിക്കാതിരിക്കാൻ ആവില്ല. പക്ഷെ എനിക്ക് ദേഷ്യം പിടിച്ചിരുന്നു. വധുവിന്റെ അമ്മയോടുള്ള ദേഷ്യം തീർക്കാൻ ഞാൻ മുടി പറ്റെ വെട്ടാൻ പറഞ്ഞു. കല്യാണ ദിവസം ഗ്ലാമറെല്ലാം നശിച്ച എന്റെ രൂപം കണ്ട വധുവും അവളുടെ ചേട്ടന്മാരും അമ്മയെ കുറേ ചീത്ത പറഞ്ഞുവെന്ന് ഞാൻ പിന്നീടറിഞ്ഞു.

ദില്ലിയിൽ വന്നശേഷം മുടി വീണ്ടും വളർത്തി, പക്ഷെ കുറേക്കൂടി ഫാഷനബ്ളായിട്ടാണെന്നു മാത്രം. മുകുന്ദന്റെ കഥ പറഞ്ഞ് ഞാൻ കാടു കയറി. മുടി വളർത്തിയ മുകുന്ദനെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. പഴയ ക്രൂകട്ട് പോയി കൂടുതൽ മനുഷ്യത്വമുള്ള മുഖമായി. ഒരുപക്ഷെ ശ്രീജ മനസ്സിൽ എനിക്ക് നന്ദി പറഞ്ഞിട്ടുണ്ടാകണം.

ബോംബേയ്ക്ക് മാറ്റമായി പോയ ഉടനെ ഞങ്ങൾ താമസിച്ചിരുന്നത് സയൻ സർക്കിളിനും സയൻ സ്റ്റേഷനുമിടയിലുള്ള ഒരു വീട്ടിലായിരുന്നു. ഒന്നാം നിലയിൽ ഒരൊറ്റ മുറി, അടുക്കള, അത്ര മാത്രം. ഒരു ബോണസ്സുള്ളത് സിന്ധി വീട്ടുകാരന്റെ രണ്ടു വയസ്സുള്ള മകളാണ്. അവൾ പകൽ മുഴുവൻ ലളിതയുടെ ഒപ്പമായിരിക്കും. ഭക്ഷണവും അവിടെനിന്നുതന്നെ. ഇടയ്ക്ക് ഷെഡ്ഡിയും ഊരി 'ശൂശു ആത്തി ഹെ' എന്നു പറഞ്ഞുകൊണ്ട് കുളിമുറിയിലേയ്ക്ക് ഓടും. ലളിത പിന്നാലെയും.

ഒരു ദിവസം മുകുന്ദന്റെ കത്തു വന്നു. ഞാനും ശ്രീജയും മോനുംകൂടി ബോംബെയ്ക്കു വരുന്നു, നിങ്ങളെ കാണാൻ. വളരെ സന്തോഷമായി. ഞങ്ങളെ കാണാനായി ആദ്യമായൊരു കുടുംബം വരികയാണ്. അവർ നാട്ടിൽ നിന്നാണ് വരുന്നത്. ഞങ്ങൾ ദാദർ സ്റ്റേഷനിൽ പോയി അവരെ സ്വീകരിച്ചു. അവരുടെ മോൻ അന്ന് ഒരു കൈക്കുഞ്ഞായിരുന്നു. പകൽ സമയത്ത് കുറേ സ്ഥലങ്ങളെല്ലാം കണ്ടു, അതിലൊന്ന് ശിവജി പാർക്കായിരുന്നു. അവിടെവച്ച് ഏതാനും ഫോട്ടോകളെടുത്തു. ഒരു രണ്ടാംതരം റസ്റ്റോറണ്ടിൽ പോയി മസാലവട തിന്നു. നമ്മുടെ പരിപ്പുവടയ്ക്ക് ഇത്രത്തോളം തരംതാഴാമെന്നത് അന്നു മനസ്സിലായി. അന്നെടുത്ത ഫോട്ടോകൾ ഞാനും മുകുന്ദനും പങ്കിട്ടെടുത്തു. എന്റെ കയ്യിലിപ്പോൾ അതിൽ പകുതി ഫോട്ടോകളേയുള്ളു. തിരിച്ച് വീട്ടിൽ വന്ന് ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടന്നു. ഒരു മുറിയേ ഉള്ളുവെന്നതുകൊണ്ട് ഒരു ബെഡ് ഷീറ്റുകൊണ്ട് മറയുണ്ടാക്കി. ഞങ്ങൾ താഴെ കിടക്കാം നിങ്ങൾ കട്ടിലിൽ കിടന്നോളു എന്നു പറഞ്ഞത് അവർ വീറോടെ എതിർത്തു. അവർക്ക് താഴെ കിടക്കയെടുത്തു വിരിച്ചുകൊടുത്തു.

മുകുന്ദന്റെ മോൻ കൗതുകമുള്ള ഒരു കുട്ടിയായിരുന്നു. രാത്രി അവൻ മുലപ്പാലു കുടിക്കുന്നതിന്റെ ശബ്ദം കേട്ടുകൊണ്ട് ഞാനും ലളിതയും കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ ശബ്ദം നിന്നു. ഞാൻ വിളിച്ചു ചോദിച്ചു, 'മുകുന്ദൻ, മോനുറങ്ങി അല്ലെ?'

'ഉറങ്ങി.....' മറുപടി കിട്ടി. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും ആ ശബ്ദം കേട്ടപ്പോൾ ലളിത എന്റെ കാതിൽ സ്വകാര്യമായി പറഞ്ഞു. 'മോൻ ഒണർ ന്നിട്ട്ണ്ട്ന്ന് തോന്നുണു.'

പിറ്റേന്ന് മുകുന്ദനും ശ്രീജയും വിടപറഞ്ഞ് പോയപ്പോൾ വളരെ സങ്കടം തോന്നി.

പിന്നെ വീട്ടിൽ തിരിച്ചെത്തി മുകുന്ദന്റെ മോനെപ്പറ്റിയും മറ്റും കുറേ നേരം സംസാരിച്ചു. തലേന്ന് രാത്രിയിലെ കാര്യങ്ങളിലെത്തിയപ്പോൾ ഞാൻ

പെട്ടെന്ന് ചോദിച്ചു.

'ആ ശബ്ദം......'

'ഏത് ശബ്ദം?' അവൾ ചോദിച്ചു.

'അല്ലെങ്കിൽ സാരല്യ......' ഞാൻ വെറുതെ ചിരിച്ചുകൊണ്ട് പറഞ്ഞു. അവൾ മനസ്സിലാവാതെ എന്റെ മുഖത്തേയ്ക്കു നോക്കി. ഞാൻ തുടർന്നു. 'അത് മോനായിരുന്നോ അതോ അച്ഛനോ?'

അവൾക്കൊന്നും മനസ്സിലായില്ല. കുറച്ചുനേരം ആലോചിച്ചുകൊണ്ടിരുന്ന ശേഷം പെട്ടെന്ന് തലയിൽ കൈവച്ചുകൊണ്ടവൾ പറഞ്ഞു.

'അയ്യേ, അപ്പൊ നമ്മള്ണ്ടാക്ക്യ ബഹളം അവരും കേട്ടിട്ട്ണ്ടാവും അല്ലേ?'

ഞാനുറക്കെ പൊട്ടിച്ചിരിക്കാൻ തുടങ്ങി.

BACK TO INDEX

# പൊന്നാനിയിൽ ഒരു സാംസ്കാരിക നവോത്ഥാനത്തിന്റെ തിരയിളക്കം

പൊന്നാനി എ.വി. ഹയർ സെക്കന്ററി സ്കൂളിലെ ലോങ് ഹാളിൽ നിൽക്കുമ്പോൾ ഓർമ്മകൾ ഒരു സാന്ത്വനമായി മനസ്സിൽ നിറയുന്നു. ജീവിതത്തിൽ ഏറെ നേടാനുണ്ട് എന്ന് എന്നെ പഠിപ്പിച്ച സ്കൂളാണിത്. ആ ഹാളാകട്ടെ എന്റെ സാംസ്കാരിക ജീവിതത്തിന്റെ അടിത്തറയിട്ട ശ്രീകോവിലും. അവിടെ ബെഞ്ചുകളിലിരുന്നുകൊണ്ട് സാഹിത്യ സാംസ്കാരിക ലോകത്തെ മഹാരഥന്മാരുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. മഹാകവി ജി., വി.ടി. ഭട്ടതിരിപ്പാട്, പി. കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി, ചെറുകാട്, ഉറൂബ്, എൻ. വി. കൃഷ്ണവാരിയർ, മുണ്ടശ്ശേരി, മഹാകവി അക്കിത്തം, തിക്കോടിയൻ, എം.ടി., സുകുമാർ അഴീക്കോട് തുടങ്ങിയവർ. ഇതേ സ്റ്റേജിൽ ധാരാളം മഹത്തായ നാടകങ്ങൾ കണ്ടിട്ടുണ്ട്, ഇടശ്ശേരി, ഉറൂബ്, എം. ഗോവിന്ദൻ എന്നിവരുടെ നാടകങ്ങളിൽ അഭിനയിച്ചിട്ടുമുണ്ട്.

പൊന്നാനിയിൽ ഒരു കാലത്തുണ്ടായിരുന്ന സാംസ്കാരികാന്തരീക്ഷം ഇടശ്ശേരി, ഉറൂബ്, കടവനാട് കുട്ടിക്കൃഷ്ണൻ, ടി. ഗോപാലക്കുറുപ്പ് എന്നിവരുടെ വേർപാടോടെ വെറും ഓർമ്മയായി മാറി. ആ സുവർണ്ണകാലം ഇനി തിരിച്ചുവരില്ലെന്ന ഖേദത്തോടെ ജീവിക്കുകയായിരുന്നു പൊന്നാനിക്കാർ. ആ അന്തരീക്ഷം പുനഃസൃഷ്ടിക്കാൻ പറ്റുമെന്ന വാശിയോടെ പൊന്നാനിയിലെ യുവചിത്രകാരന്മാർ ഇറങ്ങിയതിന്റെ ഫലമാണ് 'ചാർക്കോൾ'. ഇത് വെറുമൊരു ചിത്രകലാ സംഘടനയല്ല, മറിച്ച് ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പൊന്നാനിക്കാരെ അണി നിരത്തി മറഞ്ഞുപോയ ഒരു സംസ്കാരത്തെ ആനയിക്കാനുള്ള നിയോഗമാണെന്ന് അവർ പറയുന്നു.

'ചാർക്കോളിന്റെ' ഉദ്ഘാടനം ഉറൂബിന്റെ അനശ്വര കഥാപാത്രമായ ഉമ്മാച്ചുവിനെ വരച്ചുകൊണ്ട് ആർട്ടിസ്റ്റ് നമ്പൂതിരി നിർവ്വഹിച്ചു. അതേ സമയത്തു തന്നെ മുപ്പതോളം യുവചിത്രകാരന്മാരും ചിത്രകാരികളും വലിയ കാൻവാസുകളിൽ ഉറൂബിന്റെ വിവിധ കഥാപാത്രങ്ങളെ വരച്ചത് കൗതുകമുണർത്തുന്നതായിരുന്നു. ധാരാളം കാഴ്ചക്കാർ ഉറൂബിന്റെ കഥാപാത്രങ്ങൾ രേഖാചിത്രങ്ങളായി മാറുന്നത് താല്പര്യത്തോടെ നോക്കിനിന്നു.

ഇതിന്റെ ഭാഗമായി കളമെഴുത്ത് പഠനഗവേഷണകേന്ദ്രം ചെയർമാൻ ശ്രീ മണികണ്ഠൻ കാട്ടകാമ്പാൽ സ്വാമി അയ്യപ്പന്റെ വേട്ടക്കാരൻ രൂപം കളമെഴുത്തിൽ മനോഹരമായി അവതരിപ്പിച്ചു.

ഉദ്ഘാടനത്തിനെത്തിയ ആർട്ടിസ്റ്റ് നമ്പൂതിരിയെ ആദരിക്കലായിരുന്നു പിന്നീടുള്ള പരിപാടി. പൊന്നാട അണിയിച്ച് അദ്ദേഹത്തെ ആദരിക്കാൻ അവസരം ലഭിച്ചത് ഒരു വലിയ ബഹുമതിയായി ഞാൻ കണക്കാക്കുന്നു. 'ചാർക്കോളി'ന്റെ ഉപഹാരസമർപ്പണത്തിനു ശേഷം എന്റെ 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്കു വേണ്ടി ആർട്ടിസ്റ്റ് നമ്പൂതിരി വരച്ച ചിത്രം

ഫ്രെയിം ചെയ്തത് അദ്ദേഹത്തിനു സമർപ്പിച്ചു. 'പൂതപ്പാട്ടി'ന്റെ 'ഇത്തിരിക്കുമ്പമേൽ പുള്ളിയിലക്കര മുണ്ടുമുടുപ്പിച്ചു' എന്ന രംഗം വരച്ചത് ഇടശ്ശേരിയുടെ മക്കൾക്കു വേണ്ടി അനുജത്തി ഗിരിജയും സമർപ്പിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരിയും കേരള ലളിതകലാ അക്കാദമി എക്സിക്യൂട്ടീവ് അംഗം ആർട്ടിസ്റ്റ് കെ.യു. കൃഷ്ണകുമാറും ചേർന്ന് ചാർക്കോളിന്റെ ലോഗോ പ്രകാശനം ചെയ്തു. ചാർക്കോളിന്റെ പ്രസിഡന്റായ എൻ. താജുദ്ദീൻ അദ്ധ്യക്ഷപ്രസംഗം നടത്തി. ചാർക്കോളിന്റെ സെക്രട്ടറി ഇ. രാജീവ് ആണ്.

ഇന്ന് ഉറൂബ് ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പൊന്നാനിയിലെ 'ചാർക്കോൾ' എന്ന കൂട്ടായ്മ ഒരുക്കിയ സമ്മേളനത്തിൽ ആർട്ടിസ്റ്റ് നമ്പൂതിരിയെ ആദരിച്ചുകൊണ്ട് പ്രസംഗിക്കാൻ നിൽക്കുമ്പോൾ സംസാരിക്കാനുദ്ദേശിച്ചതല്ല ഞാൻ പറഞ്ഞത്. മറിച്ച് പൊന്നാനിയിൽ ഒരു കാലത്ത് സജീവമായിരുന്ന അന്തരീക്ഷത്തെപ്പറ്റിയായിരുന്നു. ഒരു കുട്ടിയായി ലോങ് ഹാളിൽ ഇരുന്ന് ഉറൂബും, അക്കിത്തവും, ടി. ഗോപാലക്കുറുപ്പും, ഡേവിഡ്ഡും, എന്റെ വല്ല്യമ്മയുടെ മകൻ ഇ. ഹരിദാസും കൂട്ടുകൃഷിയരങ്ങിൽ ഇരമ്പിയത് കണ്ടിരുന്നതും മറ്റുമാണ്. ഡേവിഡ്ഡിന്റെ അകാലമരണം കാരണം പിന്നീട് അദ്ദേഹത്തിന്റെ അനുജൻ ജോർജ്ജാണ് സുകുമാരന്റെ വേഷത്തിൽ ജ്യേഷ്ഠനേക്കാൾ ഒട്ടും മോശമല്ലാത്ത അഭിനയം കാഴ്ചവെച്ചത്. സദസ്സിലുണ്ടായിരുന്ന അദ്ദേഹത്തെ പരിചയപ്പെടുത്തിയപ്പോൾ ഹാൾ കൈയ്യടികൊണ്ട് മുഖരിതമായി.

എ.വി. ഹയർ സെക്കന്ററി സ്കൂളിന്റെ ഗെയ്റ്റ് കടന്നാൽ നിങ്ങൾ കാണുന്നത് കെ.സി.എസ്. പണിക്കർ, ആർട്ടിസ്റ്റ് നമ്പൂതിരി, ടി.കെ. പദ്മിനി, ഇടശ്ശേരി, ഉറൂബ്, ബഷീർ എന്നിവരുടെ പോർട്രെയ്റ്റുകളാണ്. അതെല്ലാം വരച്ചത് ഈ ചെറുപ്പക്കാർ തന്നെയാണെന്നതിൽ അഭിമാനം തോന്നി. കെ.സി.എസ്. പണിക്കരുടെയും ആർട്ടിസ്റ്റ് നമ്പൂതിരിയുടെയും, ടി.കെ. പദ്മിനിയുടെയും ജന്മനാട്ടിൽ ചിത്രകലയ്ക്ക് ഇങ്ങിനെ ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടാവാൻ ഇത്രയും കാലമെടുത്തുവെന്നത് ഒരദ്ഭുതമാണ്.

എടുത്തു പറയേണ്ട ഒരു കാര്യം, ചാർക്കോൾ ഒരുക്കിയ ഇൻസ്റ്റലേഷനാണ്. സ്കൂളിന്റെ അങ്കണത്തിൽ 1960 എന്നെഴുതിത്തൂക്കിയതിനു ചുറ്റും ആ കാലഘട്ടത്തെ പുനഃസൃഷ്ടിക്കാൻ നടത്തിയ ശ്രമം വളരെ കൗതുകമുണർത്തുന്നതായിരുന്നു. ഒരു ചാരുകസേല, അതിന്റെ കയ്യിൽ ഒരു തോർത്ത്, കോളാമ്പിയുള്ള 78 ൃുാ ഗ്രാമഫോൺ, പഴയൊരു ക്യാമറ, ഹാർമോണിയം, റോമൻ അക്കങ്ങളുള്ള ഒരു പെന്റുലം ക്ലോക്ക്, പിന്നിൽ ചുവരിൽ ഇടശ്ശേരിയുടെ ചിത്രം. ദാലിയുടെ സർറിയലിസ്റ്റ് ചിത്രംപോലെ ഹൃദ്യമായി തോന്നി എനിക്കത്. അതിനു മുമ്പിൽ അക്കാലത്ത് കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട കളിക്കളവും - കക്ക കളിയും, കുട്ടിയും കോലും, ഏഴു കല്ലുകൾ അടുക്കിവച്ച് പന്തുകൊണ്ടെറിഞ്ഞ് പൊട്ടിച്ച് വീണ്ടും അടുക്കിവയ്ക്കുന്ന കളി (എനിക്കതിന്റെ പേരറിയില്ല). ഗൃഹാതുരത്വം ഉണർത്തിയ ഈ ഇൻസ്റ്റലേഷന് എന്റെ വെബ്ബിൽ ഞാൻ കൊടുത്ത പേര് 'വേല ീമേഹഴശര യഹമരസ മിറ ംവശലേ ൃലമൃ' എന്നാണ്. (വേുേ://ംംം.ലവമൃശസൗാമൃ.രീാ/ മൃശേെബേിമായീീംശൃശ/രവമൃരീമഹ.വോ)

ഉറൂബ് അനുസ്മരണം നടത്തിയ ആലങ്കോട് ലീലാകൃഷ്ണൻ ഉറൂബിന്റെ

അനശ്വരകഥാപാത്രങ്ങളെപ്പറ്റി വളരെയേറെ സംസാരിച്ചു. ഉറൂബിനെപ്പറ്റി പറയുമ്പോൾ ഇടശ്ശേരിയെ സ്പർശിക്കാതിരിക്കാൻ കഴിയില്ലെന്നും, രണ്ടുപേരും ഒന്നാണെന്ന തോന്നലുണ്ടാകുംവിധം സമാന ചിന്താഗതിയും ഒരുമയുമുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. പൊന്നാനിയിൽ ഒരു കാലത്ത് അസൂയാർഹമാം വിധം മനോഹരമായ ഒരു സാംസ്കാരികാന്തരീക്ഷവും ഊഷ്മളമായ സ്നേഹവും നിലനിന്നിരുന്നുവെന്നദ്ദേഹം അനുസ്മരിച്ചു. മുൻ എം. പി. ശ്രീ. സി. ഹരിദാസ് ആശംസകൾ നേർന്ന് സംസാരിച്ചു. പൊന്നാനി നഗരസഭാധ്യക്ഷ ശ്രീമതി പടിഞ്ഞാറകത്ത് ബീവി, ഉറൂബിന്റെ മകൻ ആർട്ടിസ്റ്റ് ഇ. സുധാകരൻ, കേരള ചിത്രകലാ അക്കാദമിയുടെ എക്സിക്യൂട്ടീവ് അംഗം ആർട്ടിസ്റ്റ് കെ.യു. കൃഷ്ണകുമാർ, പ്രതിപക്ഷ നേതാവ് ശ്രീ. മുഹമ്മദ് കുഞ്ഞി, നഗരസഭ വൈസ് ചെയർമാൻ ശ്രീ ഉണ്ണിക്കൃഷ്ണൻ പൊന്നാനി, നഗരസഭ സെക്രട്ടറി ഓച്ചിറ മുരളി എന്നിവർ പ്രസംഗിച്ചു. ചാർക്കോളിന്റെ ഉപദേശക സമിതി അംഗമായ ബാബു പടിയത്ത് നന്ദി പറഞ്ഞു. ഇടശ്ശേരിയുടെയും ഉറൂബിന്റെയും മക്കളും മറ്റു ബന്ധുക്കളും സദസ്സിലുണ്ടായിരുന്നു.

വൈകീട്ട് രവീന്ദ്രനാഥ ടാഗോറിന്റെയും അമൃത സെർഗിലിന്റെയും ചിത്രങ്ങളെപ്പറ്റിയുള്ള ഡോക്യുമെന്ററികളും പി.സി. രാജശേഖരൻ സംവിധാനം ചെയ്ത് ഉറൂബിന്റെ മകൻ ഇ. സുധാകരൻ അഭിനയിച്ച 'ഉറൂബ്, കാലം തന്നെ സത്യം' എന്ന ചലചിത്രവും പ്രദർശിപ്പിച്ചു.

നവമ്പറിൽ കേരളത്തിലെ തലമുതിർന്ന ചിത്രകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഇതിലും വിപുലമായ ഒരു കലാസദ്യ ഒരുക്കാനുള്ള തിരക്കിലാണ് 'ചാർക്കോൾ' പ്രവർത്തകർ.

BACK TO INDEX

## സുന്ദരികൾ മാത്രമല്ല, ശക്തരും

മലയാള കഥാസാഹിത്യത്തിൽ ആദ്യമായി നൂതന സങ്കേതങ്ങൾ ആവിഷ്കരിച്ച ഒരെഴുത്തുകാരനാണ് ഉറൂബ് എന്ന ശ്രീ. പി.സി. കുട്ടികൃഷ്ണൻ. അദ്ദേഹത്തോടൊപ്പം എസ്.കെ. പൊറ്റെക്കാട്ടുമുണ്ടായിരുന്നു. കഥ പറഞ്ഞു തരിക, ആ കഥനത്തിലൂടെ നമ്മെ അവരോടൊപ്പം നടത്തുക, അതായിരുന്നു ഉറൂബിന്റെ ശൈലി. അതിൽ നമ്മെ ആകർഷിച്ച് ഒപ്പം കൊണ്ടുപോകാൻ കഴിവുള്ള ഭാഷയുണ്ട്. ഭാഷയിലെ പൈഡ് പൈപ്പറായിരുന്നു അദ്ദേഹം. ഏറ്റവും ഇഷ്ടമുണ്ടായിരുന്ന ഒരു കാര്യമാകട്ടെ ചുറ്റും വട്ടമിട്ടിരിക്കുന്ന സുഹൃത്തുക്കളുടെ നടുവിലിരുന്ന് കൈയ്യും കലാശവും കാട്ടി, പലപ്പോഴും മുറുക്കിക്കൊണ്ട് നാട്ടുവർത്തമാനം പറയുന്നതുമാണ്. ആ സംസാരത്തിൽ കവിതയുണ്ട്, നാടകീയതയുണ്ട് സാരസ്യമുണ്ട്. ഉറൂബിന്റെ കഥകൾ വായിക്കുമ്പോൾ നമുക്കുണ്ടാവുന്ന അനുഭവവും മറിച്ചല്ല. ഒരു കഥ അദ്ദേഹം പറഞ്ഞ് ഫലിപ്പിക്കുകയാണ്. മറ്റുള്ളവർക്കുണ്ടായ അനുഭവമാണെങ്കിൽക്കൂടി അത് സ്വന്തം അനുഭവംപോലെ തന്മയത്വത്തോടെ പറയുവാനുള്ള ഈ കഴിവായിരിക്കണം അദ്ദേഹത്തെ മഹാനായ ഒരു കഥാകാരനാക്കിയത്. ടെന്നിസന്റെ 'പൗരാണിക നാവിക'ന്റെ യാത്രക്കാരനെപ്പോലെ നാമാകട്ടെ അദ്ദേഹത്തിനു മുമ്പിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിവില്ലാതെ ഉറച്ചുപോകുകയുമാണ്. അവസാനം പുസ്തകമടച്ചു വെയ്ക്കുമ്പോൾ നമുക്കു തോന്നുന്ന വികാരം കുറച്ചുകൂടി ആകാമായിരുന്നു എന്നാണ്.

കഥാസാഹിത്യത്തിൽ ആദ്യമായി തന്റേടികളായ സ്ത്രീകളെ അവതരിപ്പിച്ചത് ഉറൂബാണെന്നു തോന്നുന്നു. ലളിതാംബിക അന്തർജ്ജനത്തിന്റെയും കടത്തനാട്ട് മാധവിയമ്മയുടെയും കഥാപാത്രങ്ങളെക്കാൾ ശക്തരായ സ്ത്രീകഥാപാത്രങ്ങളെ ഉറൂബ് സൃഷ്ടിച്ചിട്ടുണ്ട്. അത് പ്രകടമായി കാണുന്നത് നോവലുകളിലാണെങ്കിലും തുടക്കം ചെറുകഥകളിലാണ്. 'സർവ്വേക്കല്ല്' എന്ന കഥയിലെ കുഞ്ഞിത്തേയി ഒരുദാഹരണം മാത്രം. അമ്മാവനും സ്വന്തം ഭർത്താവും തമ്മിലുള്ള അസംബന്ധ നാടകത്തിൽ അവളൊരു വെറും കാഴ്ചക്കാരിയായി നിന്നില്ല. ഒരു കാലത്ത് കേരളത്തിൽ നിലവിലുണ്ടായിരുന്ന മരുമക്കത്തായ സമ്പ്രദായത്തിന്റെ കൊള്ളരുതായ്മകളിൽ ഒന്നായിരുന്നു അമ്മാവനും മരുമകനും കൂടി സ്വത്തിനു വേണ്ടിയുള്ള തർക്കം. രണ്ടുപേരും അവനവന്റെ മരുമക്കൾക്കു സ്വത്തുണ്ടാക്കാനാണ് സ്വന്തം മക്കളുടെ ചെലവിൽ തർക്കിക്കുന്നത് എന്നത് ഒരു കാലത്ത് വളരെ അപഹാസ്യമായിരുന്ന ഒരു സംഭവമാണ്. ഇതൊരു അസംബന്ധനാടകമായി തോന്നാം, പക്ഷെ മരുമക്കത്തായം പ്രബലമായിരുന്ന കാലത്ത് വളരെ സാധാരണമായിരുന്ന ഒരു സംഭവം മാത്രം. ഇതിൽ അവസാനം മരുമകൾ ജയിച്ചത് അവളുടെ കടുംപിടുത്തമൊന്നു കൊണ്ടു മാത്രമായിരുന്നു. 'എന്റെ കുട്ടിയ്ക്ക് സ്വത്തുണ്ടാക്കാൻ അമ്മാവൻ അവന്റെ അച്ഛനെ കളഞ്ഞു, അല്ലെ?' അമ്മാവന്റെ മുമ്പിൽ നേരിട്ട് വരാൻകൂടി ഭയപ്പെട്ടിരുന്ന ഒരു കാലത്താണ് ഇതു സംഭവിച്ചതെ

ന്നോർക്കണം. അതിന് അമ്മാവന്റെ മറുപടി, 'അച്ഛനില്ലെങ്കിലും ജീവിക്കാം, പക്ഷെ ഭൂമിയില്ലെങ്കിൽ പറ്റുമോ?' എന്നായിരുന്നു. അതാകട്ടെ മരുമക്കത്തായത്തിന്റെ സാമ്പത്തിക സാമൂഹ്യ അടിത്തറയാണുതാനും. അന്നെല്ലാം കുട്ടികൾ അച്ഛനെ കാണുന്നത് വല്ലപ്പോഴുമായിരിയ്ക്കും. അച്ഛൻ ഭാര്യവീട്ടിൽ സംബന്ധത്തിന് വരുമ്പോഴേയ്ക്ക് മക്കൾ ഉറക്കമായിട്ടുണ്ടാവും. അച്ഛൻ നോക്കി നടത്തുന്നത് അയാളുടെ വീടാണ്, അവിടെയുള്ള സ്വന്തം പെങ്ങന്മാരെയും അവരുടെ മക്കളെയും, അതായത് മരുമക്കളെ. അതു കഴിഞ്ഞിട്ടേ അയാൾക്ക് സ്വന്തം ഭാര്യയും മക്കളുമുള്ളൂ. എന്തൊരു സാമൂഹ്യബന്ധം! കുഞ്ഞിത്തേയി ജീവനവസാനിപ്പിയ്ക്കാൻ പോകുന്നുവെന്ന ഭീഷണിയൊന്നു മാത്രമാണ് ഈ അസംബന്ധ യുദ്ധ ത്തിന് വിരാമമിട്ടത്. വളരെ ശക്തമായ കഥ. അന്ത്യം ഉദ്ദേശ്യത്തെത്തന്നെ തോൽപിക്കുന്ന ഈ കഥ മലയാളത്തിലെ നല്ല കഥകളിലൊന്നാണ്.

ഒരു കൊച്ചു കുട്ടിയുടെ സ്നേഹം മൂലം സമുദായം കല്പിച്ചു നൽകിയ ഒറ്റപ്പെടലിൽ നിന്നു രക്ഷ തേടിയ ധാത്രിയെന്ന സ്ത്രീയുടെ കഥയാണ് 'പൊന്നമ്മ'. പക്ഷെ അതിന്റെ തീവ്രത അവളെ എത്തിച്ചത് ഒരു കൊടും ദുരന്തത്തിലാണ്. 'നീർച്ചാലുകൾ' എന്ന സമാഹാരത്തിലെ ഈ കഥ ഹൃദയഹാരിയാണ്.

അതേ സമാഹാരത്തിലാണ് 'കൊടുങ്കാറ്റ്' എന്ന കഥയുമുള്ളത്. പൊന്നാനിയിലെ അഴിമുഖത്ത് എല്ലാ വർഷക്കാലത്തും ഓരോ പ്രശ്നങ്ങളുണ്ടാവാറുണ്ട്. ധീരോദാത്തത പ്രകടിപ്പിയ്ക്കാൻ അവസരം നൽകിക്കൊണ്ട് അതെല്ലാ വർഷംതോറും അരങ്ങേറുന്നു. മഴക്കാലത്ത് ഭാരതപ്പുഴയിൽനിന്നു കുത്തിയൊഴുകുന്ന മണ്ണും മണലും അവസാനം അടിഞ്ഞു കൂടുന്നത് അഴിമുഖത്താണ്, കാരണം അപ്പോൾ സമുദ്രനിരപ്പും വളരെ കൂടുതലായിരിയ്ക്കും. അങ്ങിനെ അടിഞ്ഞുകൂടുന്ന മണ്ണും മണലും ഒരു തിട്ടായിവന്ന് അഴിമുഖത്തെ അടയ്ക്കുന്നു. പുഴവെള്ളം കടലിലേയ്ക്കൊഴുകാതാകുന്നു. ഫലമോ പുഴയിലെ നിരപ്പ് ക്രമാതീതമായി വന്ന് സമതലങ്ങളെ വെള്ളത്തിലാഴ്ത്തുന്നു. എത്രയോ പേരുടെ പാർപ്പിടങ്ങൾ നഷ്ടമാകുന്നു. ആ വെള്ളപ്പൊക്കത്തിലും, കുത്തിയൊഴുക്കിലും പെട്ട് മൃഗങ്ങളുടെയും ചിലപ്പോൾ മനുഷ്യരുടേയും ശവശരീരങ്ങൾ വയലുകളിലൂടെ ഒഴുകിപ്പോകുന്നതു കാണാം. അങ്ങിനെയുള്ള സന്ദർഭത്തിൽ അഴി മുറിക്കുക എന്ന കടുത്ത സാഹസം ഏറ്റെടുക്കുന്നത് കടപ്പുറത്തെ പൂശ്ലാന്മാരാണ്. അഴിമുഖത്ത് വന്നടിഞ്ഞ തിട്ട് മുറിച്ച് പുഴയെ സ്വതന്ത്രയാക്കുക. വല്ലാത്തൊരു സാഹസകൃത്യമാണത്.ചിലപ്പോൾ കുത്തിയൊഴുകുന്ന പുഴയോടൊപ്പം അവരും ഒലിച്ച് പോയെന്നു വരും. എല്ലാ വർഷവും ധീരസാഹസികതയുടെ കഥകൾ കേൾക്കാം. ഉറൂബിന്റെ കഥയിൽ അങ്ങിനെയുണ്ടാവുന്ന ഒരു തുരുത്തിൽ പെട്ടുപോയ ഒരു വഞ്ചിയിലെ ഇരുപത്തഞ്ചോളം യാത്രക്കാരെ രക്ഷിച്ച കഥയാണ്. രോമാഞ്ചത്തോടെയല്ലാതെ ഈ കഥ വായിക്കാൻ പറ്റില്ല.

ഉറൂബിന്റെ കഥകൾ വൈവിദ്ധ്യം നിറഞ്ഞവയാണ്. ഒരേ കഥകൾ പല വിധത്തിൽ പറയുകയല്ല, പറയുന്നതെന്തിലും പുതുമയുണ്ടാവണമെന്ന നിഷ്കർഷ വേണമെന്ന ശാഠ്യമുണ്ടായിരുന്നു അദ്ദേഹത്തിന്.

അതുപോലെ താൻ പറയാൻ പോകുന്ന കാര്യത്തെപ്പറ്റി കണിശമായ അറിവുണ്ടാകണമെന്നും അദ്ദേഹം കരുതിയിരുന്നു. നീലഗിരി മലകളിലെ

തന്റെ വാസത്തിന്റെ പശ്ചാത്തലത്തിൽ കുറേ കഥകളെഴുതിയിട്ടുണ്ട് അദ്ദേഹം. എല്ലാം ചായത്തോട്ടങ്ങളിലെ പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ കൊണ്ട്, വേദനകൊണ്ട് തീവ്രമായവയാണ്. കഷ്ടപ്പാടുകളിൽനിന്നും അടിമത്വത്തിൽനിന്നും എങ്ങിനെയെങ്കിലും ഓടിപ്പോയി രക്ഷപ്പെടാനുള്ള വാഞ്ചഒരു ചെറുപ്പക്കാരിയെ എത്തിച്ച ദുരന്തത്തെപ്പറ്റി എഴുതിയതാണ് 'നനഞ്ഞ ഒരു രാത്രി' (വെളുത്ത കുട്ടി) എന്ന കഥ. അതിലെ ചെറുപ്പക്കാരൻ കഥാകൃത്തുതന്നെയാണ്.

ഇതിൽനിന്നെല്ലാം വളരെ വ്യത്യസ്തമായ കഥയാണ് 'സഖറിയാസ് എന്ന പുണ്യവാളന്റെ കഥ' (മൗലവിയും ചങ്ങാതിമാരും). നന്മയും തിന്മയും ഒരേ വ്യക്തിയിൽ ഒരേ സമയം കുടികൊള്ളുന്നുവെന്ന അറിവാണ് ഈ കഥ. അതുപോലെ പലപ്പോഴും മഹത്വം ഒരു വ്യക്തി ആർജ്ജിക്കുന്നതായിരിക്കണമെന്നില്ലെന്നും ആരോപിക്കപ്പെടുന്നതാകാമെന്നുമാണ് ഈ കഥയുടെ സന്ദേശം. പാപപുണ്യങ്ങളെപ്പറ്റിയുള്ള ധാരണകൾ തിരുത്തുകയാണ് ഈ കഥ ചെയ്യുന്നത്. കള്ളനും തട്ടിപ്പറിക്കാരനുമായ ഒരാളെ, സ്വന്തം അനുജനെ കൊലപാതകക്കുറ്റത്തിൽനിന്ന് രക്ഷിച്ച് ആ കുറ്റം സ്വയം ഏറ്റുവാങ്ങി തൂക്കിലേറിയെന്ന ഒരേ കാരണത്താൽ, കഥയിലല്ലെങ്കിലും നമ്മുടെ മനസ്സിൽ പുണ്യവാളനായി അവരോധിക്കുന്നു. കഥയിലുള്ള പുണ്യവാളനാകട്ടെ നമുക്കു മുമ്പിൽ ഒരു കീറാമുട്ടിയായി നിലകൊള്ളുകയും ചെയ്യുന്നു. അവസാനം പുണ്യവാളനെ അടക്കം ചെയ്ത ശവകുടീരം പൊളിച്ച് അദ്ദേഹത്തിന്റെ തിരുശേഷിപ്പ് വിവിധ രാജ്യങ്ങളിലേയ്ക്കു കൊണ്ടു പോകുന്ന രംഗമുണ്ട്. വളരെ ഗൗരവമായി ചിത്രീകരിച്ച ആ സംഭവങ്ങൾക്കു പിന്നിൽ ഉറൂബ് എന്ന മനുഷ്യൻ അമർത്തിച്ചിരിക്കുന്നതിന്റെ ദൃശ്യമാണ് നാം കാണുക. സംഭാഷണത്തിലെന്ന പോലെ കഥകളിലും നമുക്ക് ഉടനീളം അനുഭവപ്പെടുന്ന നർമ്മം ലോലവും സൂക്ഷ്മവുമാണ്. ഈ കഥയിലെ ക്രാഫ്റ്റ് എടുത്തു പറയേണ്ടതാണ്. ഒരു കാവ്യം പോലെ, സംഗീതം പോലെ, സങ്കീർത്തനം പോലെ അനുഭവിക്കാവുന്നതാണ് ഈ കഥ.

സ്ത്രീ ! എന്നു നമ്മൾ പറഞ്ഞു പോയേക്കാവുന്ന ഒരു സന്ദർഭമാണ് 'വാടകവീടുകൾ' (വെളുത്ത കുട്ടി) എന്ന കഥയിലുള്ളത്. വാടക ബാക്കി വച്ച കാരണം മുറിയിൽനിന്നു പുറത്താക്കിയ മുട്ടാളനായ വീട്ടുകാരന്റെ നേരെ വിപരീതമാണ് സൗന്ദര്യവും മധുരമൊഴികളും കൊണ്ട് അയാളെ സ്വീകരിച്ച് അഭയം നൽകിയ വീട്ടുകാരി. പക്ഷെ കാര്യങ്ങളുടെ കിടപ്പിനെപ്പറ്റി കവിയ്ക്കുണ്ടായിരുന്ന ധാരണ മാറ്റിമറയ്ക്കുന്നതായിരുന്നു കഥാന്ത്യം. സ്ത്രീ എന്ന പ്രഹേളിക ഇത്രയും ഭംഗിയായും തീക്ഷ്ണമായും അവതരിപ്പിച്ച മറ്റൊരു കഥ മലയാളത്തിലില്ല.

നൂറ്ററുപതോളം കഥകളിൽനിന്ന് എതാനും കഥകൾ മാത്രം തെരഞ്ഞെടുക്കുകയെന്നത് ഒരു സാഹസമാണ്. എന്നെ,യെന്നെ എന്നു പറഞ്ഞ് മുമ്പിലേയ്ക്ക് ഇരച്ചു കയറുന്നവയാണ് മിക്ക കഥകളും. തിരഞ്ഞെടുപ്പുകാരൻ വിഷമിക്കുകയേയുള്ളൂ. സ്ഥലപരിധികാരണം മറ്റു കഥകളെ നിഷ്കരുണം പുറംതള്ളി പ്രതിനിധ്യാത്മകമായ എതാനും കഥകൾ മാത്രമെടുക്കുകയാണ് ചെയ്തിട്ടുള്ളത്. വളരെ നല്ല പല കഥകളും ഉൾപ്പെടുത്താൻ അതുകൊണ്ട് കഴിഞ്ഞിട്ടില്ല.

ഉറൂബിന്റെ പല കഥകളും അവയെഴുതിയ കാലത്ത് ജീവിച്ചിരിക്കുന്ന കഥാപാത്രങ്ങളെയും സംഭവങ്ങളെയും അവലംബിച്ചെഴുതിയവയാണ്. കുഞ്ഞമ്മയും കൂട്ടുകാരും എന്ന നോവലിലെ ഒരുമാതിരി എല്ലാ കഥാപാത്രങ്ങളും അന്ന് പൊന്നാനിയിൽ സാംസ്കാരിക രംഗത്ത് സജീവമായിരുന്ന വ്യക്തികളാണ്. ഇടശ്ശേരി, അക്കിത്തം, ടി. ഗോപാലക്കുറുപ്പ്, തുടങ്ങിയവർ. പേരുകൾ അന്യോന്യം മാറ്റിയിട്ടുണ്ടെന്നു മാത്രം. അവരുടെ വ്യക്തിത്വത്തിനോ സ്വഭാവത്തിനോ മാറ്റമില്ല. അതുപോലെ ഗോപാലൻ നായരുടെ താടി എന്ന കഥയിലും എതാണ്ട് ഇതേ കഥാപാത്രങ്ങളാണുള്ളത്. 'ബിസിനസ്സുകാര'നിലെ റഹിം സാഹിത്യകാരന്മാരും കലാകാരന്മാരും സംഗീതജ്ഞരും കൂട്ടുകാരായിട്ടുള്ള പി.കെ.എ. റഹിം ആവാനാണ് സാധ്യത. കാരണം ആ നല്ല ബിസിനസ്സുകാരന്റെ സ്റ്റോക്കിൽ പെട്ടവരിൽ എം. ഗോവിന്ദനും, എം.വി. ദേവനുമൊക്കെയുണ്ട്. അന്നത്തെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഒരു വലിയ പങ്കുണ്ട് എന്നതിനാൽ ഉറൂബുതന്നെ സ്വയം കഥാപാത്രമായിട്ടുള്ള കഥകളുമുണ്ട്. 'പതിനാലാമത്തെ മെമ്പർ' (മൗലവിയും ചങ്ങാതിമാരും). ഏതു കഥയെടുത്താലും അതിനു പിന്നിൽ മഹാനായ ഒരു വ്യക്തി പ്രകാശം പൊഴിക്കുന്നത് കാണാം. അതുകൊണ്ടു തന്നെ ഓരോ കഥയും ഒരു മഹദ്സൃഷ്ടിയാവുന്നു.

ഇതൊരു പൊന്നാനിക്കാരന്റെ സൃഷ്ടികളാണ്. പൊന്നാനിക്കളരിയിൽ നിന്നുകൊണ്ടാണദ്ദേഹം സൃഷ്ടി നടത്തിയിരുന്നത്. ജോലിയന്വേഷിച്ച് വയനാട്ടിലും നീലഗിരിത്തോട്ടങ്ങളിലും പിന്നെ ആകാശവാണിയിലും കുങ്കുമത്തിലും മനോരമയിലും പ്രവർത്തിച്ചിരുന്നപ്പോഴൊക്കെ അദ്ദേഹത്തിന്റെ വേരുകൾ പൊന്നാനിയിലാഴ്ന്നിറങ്ങി നിലകൊള്ളുകയായിരുന്നു. പൊന്നാനിയ്ക്കു പുറത്തുള്ള വാസം, പ്രത്യേകിച്ച് വയനാട്ടിലും നീലഗിരിയിലും ചായത്തോട്ടങ്ങളിലുണ്ടായ അനുഭവങ്ങൾ അദ്ദേഹത്തിന്റെ കഥകളെയും നോവലുകളെയും ചൈതന്യവത്താക്കി. ഉമ്മാച്ചുവിലെ മായനായാലും, സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ സ്കൂൾ മാസ്റ്ററായാലും, ഈ പുസ്തകത്തിലെ നിരവധി കഥകളിലായാലും അനുഭവസമ്പത്തിന്റെ വായനാസുഖം നമ്മൾക്കു ലഭ്യമാകുന്നു. ഓരോ കഥകളും ഓരോരോ കാലഘട്ടത്തിന്റെ സ്മരണ നമ്മിലുയർത്തിക്കൊണ്ടുവരുന്നത് ഹൃദ്യമാണ്. ആ കാലഘട്ടങ്ങളിൽ ജീവിച്ചുപോന്ന വ്യക്തികൾ പുതിയ തലമുറയ്ക്ക് പരിചയമുണ്ടായി എന്നു വരികയില്ല, പക്ഷെ ഇങ്ങിനെയും കുറേ മനുഷ്യർ നമുക്ക് മുമ്പെ ഈ മണ്ണിൽ ജിവിച്ചിരുന്നു എന്നറിയുന്നത് താല്പര്യമുളവാക്കുന്നു. ഒരു ചില്ലിക്കാശ് തുമ്പില്ലാതെ ചെലവാക്കിയാൽ സ്വർഗ്ഗത്തിൽ ചെന്നാൽ ഒരു പറ കണ്ണീരു വീഴ്ത്തേണ്ടിവരും എന്നു പറയുന്ന ലുബ്ധനായ കാരണവർ അച്ഛനും അമ്മയുമില്ലാത്ത സ്വന്തം പൗത്രിയ്ക്ക് വേണ്ടത്ര ചികിത്സ കൊടുക്കാതെ മരിക്കാൻ വിടുന്നത് കണ്ടുനിൽക്കേണ്ടി വന്ന ഒരു ചെറുപ്പക്കാരന്റെ കഥ ഇന്ന് ആരും വിശ്വസിച്ചില്ലെന്നു വരും. ചേതനയറ്റു കിടക്കുന്ന പൗത്രിയുടെ ശരീരത്തിനു മുമ്പിൽനിന്ന് ആ കാരണവർ വിലപിച്ചത് 'എത്ര കഷ്ടപ്പെട്ടുണ്ടാക്കിയ കാശാണ്, ഒക്കെ തുമ്പില്ലാതെ പോയി' എന്നാണ്. ചിന്നമ്മുവിനെ പ്രാണനു തുല്യം സ്നേഹിച്ച ആ ചെറുപ്പക്കാരന് അതു താങ്ങാൻ കഴിയുന്നില്ല. 'ദുഷ്ടൻ അവളെ കൊന്നു' എന്ന് ആ ചെറുപ്പക്കാരനോടൊപ്പം നമ്മളും പറഞ്ഞുപോകും.

ഓരോ കഥ വായിച്ചു കഴിഞ്ഞാലും അതിലെ കഥാപാത്രങ്ങൾ നമ്മെ ഒരു ബാധ പോലെ പിൻതുടരുന്നു. കഥ വെറുതെ പറഞ്ഞു പോവുകയല്ല,

അനുഭവിപ്പിയ്ക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.

മനുഷ്യബന്ധങ്ങളെപ്പറ്റി അദ്ദേഹം വളരെയധികം ചിന്തിച്ചിരുന്നു. 'പൂട്ടിയിട്ട വീടുകൾ' എന്ന കഥ വളരെ ഹൃദ്യമായി തോന്നുന്നത് മനുഷ്യമനസ്സിന്റെ ആഴങ്ങളിലേയ്ക്ക് കടക്കാനുള്ള ആ കഴിവാണ്. കാലിൽ അവശതയുണ്ട് എന്നതുകൊണ്ട് അമ്മുകുട്ടിക്ക് വന്ന വിവാഹാലോചനകളെല്ലാം അലസിപ്പോയി. ഒരു ഗതിയുമില്ലാതായപ്പോൾ അച്ഛൻ അവളെ സ്ഥലത്തെ വലിയ തറവാട്ടിന്റെ ഉരൽപുരയിൽ തള്ളിയതാണ്. എല്ലാവരും അവളെ വിളിച്ചിരുന്നത് ചണ്ണക്കാലിയെന്നായതുകൊണ്ട് അവൾതന്നെ സ്വന്തം പേര് മറന്നുപോയ സ്ഥിതിയാണ്. പക്ഷെ അവിടുത്തെ കാരണവരുടെ 'കുരുത്തംകെട്ട' മരുമകൻ ഒരു ദിവസം യാദൃശ്ചികമായി അവളെ കാണുകയാണ്. 'ആര് അമ്മുകുട്ടിയോ? അമ്മുകുട്ടി സുന്ദരിയായിരിക്കുന്നല്ലൊ' എന്നു ചോദിക്കുന്നു. ആ ചോദ്യം അവളുടെ മനസ്സിലും ജീവിതത്തിലും ഉണ്ടാക്കുന്ന മാറ്റങ്ങളാണ് കഥ. ആ മനുഷ്യനെപ്പറ്റി പറഞ്ഞു കേൾക്കുന്ന കഥകൾ പേടിപ്പെടുത്തുന്നതാണ്. അവയിലൊന്ന് ഒന്നരക്കൊല്ലം ഒപ്പം പൊറുത്ത സ്ത്രീയെ ചവുട്ടിക്കൊന്ന കഥയാണ്. അതെല്ലാം അറിഞ്ഞിട്ടും അവളുടെ മനസ്സിൽ വലിയൊരു വേലിയേറ്റമുണ്ടാകുകയാണ്. ഒരു സ്ത്രീകഥാപാത്രത്തെ ഇത്രയും സ്വാഭാവികമായും തന്മയത്വത്തോടും കൂടി അവതരിപ്പിക്കാൻ മറ്റൊരു കഥാകാരനും കഴിഞ്ഞിട്ടില്ലെന്നാണ് എന്റെ അറിവ്. കഥയുടെ പരിസമാപ്തി എന്തായിരിയ്ക്കുമെന്ന് വായനക്കാർക്ക് വിട്ടുകൊടുത്തുകൊണ്ട് കഥ നിർത്തിയിരിയ്ക്കയാണ് ഉറൂബ്. അങ്ങിനെയൊരു സമാപ്തിയുണ്ടാക്കാൻ ഒരു കഥാകൃത്തിന് വളരെ മനഃസാന്നിദ്ധ്യം ആവശ്യമാണ്.

ഉറൂബിന്റെ കഥകൾ ഒരു കാലഘട്ടത്തിന്റെ കഥകളാണ്. അദ്ദേഹം എഴുതിത്തുടങ്ങിയ കാലത്തുതന്നെ അസ്തമിച്ചു തുടങ്ങിയ ഏറനാടൻ ഭൂപ്രദേശങ്ങൾ അവിടുത്തെ പേരുകേട്ട നായർ തറവാടുകളുടെ കഥകൾ, ഇവയെല്ലാം ചരിത്രത്തിന്റെ അവശിഷ്ടങ്ങളാണ്. ഒരു നൂറു വർഷം മുമ്പ് വള്ളുവനാട് താലൂക്കിലുണ്ടായിരുന്ന സാമൂഹ്യ സാമ്പത്തിക ചിത്രം കിട്ടണമെങ്കിൽ ഉറൂബിന്റെ കഥകൾ വായിച്ചാൽ മതി. പക്ഷെ ഉറൂബിന്റെ സാഹിത്യം ആ കാലത്തിലോ ദേശത്തിലോ മനുഷ്യരിലോ ഒതുങ്ങി നിൽക്കുന്നില്ല. കാലത്തിന്റെ വളർച്ചക്കൊത്ത് വന്ന മാറ്റങ്ങൾ, അത് ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്നതുകൂടി ഈ കഥകൾ വ്യക്തമാക്കുന്നു. വെറുമൊരു സാഹിത്യകൃതി എന്ന പേരിൽ ഈ കഥകളെ അവലോകനം ചെയ്യുന്നത് പാകപ്പിഴയാകും. ഇത് മനുഷ്യവളർച്ചയുടെ ചരിത്രമാണ്, മാനവികതയ്ക്കുള്ള ഉദ്ബോധനവും.

ഉറൂബ് സാഹിത്യത്തിൽ പ്രവേശിച്ചത് തൊള്ളായിരത്തി മുപ്പതുകളിലാണ്. വല്ലാത്തൊരു കവിതാഭ്രമവുമായി നടന്നിരുന്ന ചെറുപ്പക്കാരനെ ഇതര സാഹിത്യ വിഭാഗങ്ങളിലേയ്ക്ക് നയിച്ചത് ഇടശ്ശേരിയായിരുന്നു. വിശാലമായ ജീവിത സമസ്യയെ ചിത്രീകരിക്കാൻ കവിതയ്ക്കാവില്ലെന്നു തോന്നിയതാവണം അദ്ദേഹം ഇടശ്ശേരിയുടെ ഉപദേശം സ്വീകരിച്ചു കഥകളിലേയ്ക്കും പിന്നീട് വളരെ വിശാലമായ കാൻവാസുമായി നോവലുകളിലേയ്ക്കും പ്രവേശിച്ചത്. ഉറൂബിന്റെ നോവലുകൾ പഠിക്കാനാഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ചെറുകഥകൾ പഠിക്കുകയാണ്.

ഈ കഥകളാണ് വിശാലമായ ആ ലോകത്തേയ്ക്കുള്ള വാതായനങ്ങൾ. അധികം അറിയപ്പെടുന്നില്ലെങ്കിലും ഉറൂബിന്റെ നാടകങ്ങൾ വളരെ തീഷ്ണമായ അനുഭവങ്ങൾ പകർന്നുതരാൻ പര്യാപ്തമാണ്. അതിൽ ഏറ്റവും മികച്ചത് 62ൽ ചൈനീസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിലെഴുതിയ 'തീ കൊണ്ട് കളിക്കരുത്' എന്ന നാടകമാണ്. എം. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്' എന്ന നാടകത്തിനോടൊപ്പം മഹത്തായ യുദ്ധ വിരുദ്ധ നാടകമായി ഇതു നിലകൊള്ളുന്നു. പിന്നീട് വളരെ വിജയകരമായ സിനിമകൾക്ക് തിരക്കഥയെഴുതിയിട്ടുണ്ട് അദ്ദേഹം. 'നീലക്കുയിൽ', 'രാരിച്ചൻ എന്ന പൗരൻ' 'നായര് പിടിച്ച പുലിവാൽ'. 'കുരുക്ഷേത്രം' തുടങ്ങിയവ.

ഉറൂബിന്റെ സാഹിത്യത്തെ വില മതിയ്ക്കാൻ അദ്ദേഹത്തിന്റെ കഥകൾ വളരെ അനുപേക്ഷണീയങ്ങളാണ്. കാരണം ഈ കഥകളിലാണ് ഉറൂബിന്റെ സ്വത്വം അടങ്ങിയിരിക്കുന്നത്. ഉറൂബ് എന്ന നോവലിസ്റ്റിനൊപ്പമോ അതിനേക്കാൾ ഒരുപടി മുന്നിലായോ ഉറൂബ് എന്ന കഥാകൃത്ത് നിൽക്കുന്നതിന്റെ കാരണവുമതാണ്.

BACK TO INDEX

# സംഭവാമി യുഗേ.. യുഗേ....

സമയം രാവിലെ 8 മണി. ഒരാൾ ബൈക്കിൽ 60 കി.മീ. വേഗത്തിൽ ഹൈവേയിൽക്കൂടി കുതിക്കുന്നു. 8 മണിയായപ്പോൾ അയാൾ 25 കി.മീ. കല്ല് കടന്നു. 60 കി.മീ വേഗത്തിൽ ആയതുകൊണ്ട് അഞ്ചു മിനിട്ടിനുള്ളിൽ അയാൾ 5 കി.മീ തരണം ചെയ്തു. അതായത് 8.05-ന് അയാൾ 30 കി.മീ കല്ലിനെതിരെ എത്തി. അവിടെ ഒരു അപകടം നടന്നുകഴിഞ്ഞിരുന്നു. കൃത്യം എട്ടുമണിക്ക് അതായത് അഞ്ചു മിനിട്ടുമുൻപ്, നമ്മുടെ ബൈക്കുകാരൻ (നമുക്കയാളെ എ എന്നു വിളിക്കാം) 25-ാം കല്ലു കടന്ന നിമിഷത്തിൽ.

അത് ഒരു ബൈക്കപകടമായിരുന്നു. ബൈക്ക് തെറിച്ചുകിടക്കുന്നു. ചെന്നു മുട്ടിയ കാറിന് കാര്യമായൊന്നും പറ്റിയിട്ടില്ല. ബൈക്കുടമസ്ഥന്റെ (നമുക്കയാളെ ബി എന്നു വിളിക്കാം) കൈയിന്റെ എല്ലു പൊട്ടിയിട്ടുണ്ട്. അയാളെ ഒരു ടാക്സിയിൽ ആശുപത്രിയിലേക്കുകൊണ്ടുപോകുകയാണ്.

നമുക്ക് ഈ സംഭവം കുറച്ച് അപഗ്രഥിക്കാം. ഈ അപകടവും നമ്മുടെ ബൈക്കുകാരൻ എ-യും തമ്മിൽ വേർതിരിച്ചത് രണ്ടു കാര്യങ്ങളാണ്. ഒന്ന് ദൂരം (അയാൾ 5. കിമീ പിറകിലായിരുന്നു) അപകടം 8.05 നാണ് സംഭവിച്ചതെങ്കിൽ അയാളാവുമായിരുന്നു അപകടത്തിൽപ്പെടുന്നത്.

ഇനി നമുക്ക് വേറൊരു സംഭവം എടുക്കാം. നമ്മുടെ ബൈക്കുകാരൻ എ തന്നെ ബൈക്കിൽ 60 കി.മീ വേഗത്തിൽ പോകുന്നു. 25 കി.മീ കല്ലിനെതിരെ എത്തുമ്പോൾ സമയം 8 മണി. അയാൾ അതേവേഗത്തിൽ മുൻപോട്ട് പോകുന്നു. 8.05ന് 30-ാം കല്ലിനെതിരെ എത്തുകയും എതിരെ വന്ന കാറുമായി കൂട്ടിയിടിക്കുകയും ചെയ്യുന്നു. എട്ടുമണിക്ക് 25-ാം കല്ലിനെതിരെ എത്തിയപ്പോൾ അയാൾക്കറിയില്ലായിരുന്നു. തന്നെ ഇങ്ങനെ ഒരു വിധി കാത്തിരിക്കുന്നുണ്ടെന്ന് ഇപ്പോൾ തിരിച്ച് 5 മിനിട്ടു പിറകിലോട്ടു നോക്കുമ്പോൾ അയാൾക്ക് ഓർമിക്കാൻ പറ്റുന്നുണ്ട്. 25 കി.മീ കല്ലുകടന്നതും, ഓരോ കി.മീ കല്ലുകൾ പിറകോട്ടു പോകുന്നതും 30-ാം കല്ലിനെതിരെ എത്തിയപ്പോൾ......

ഇനി ഇതു വേറൊരു വിധത്തിൽ പറയാം. 8 മണിക്ക് ബൈക്കുകാരൻ എ 25-ാം കല്ലുമുറിച്ചുകടക്കുമ്പോൾത്തന്നെ, 30-ാം കല്ലിൽ അയാൾക്ക് അപകടം പറ്റുകയും ചെയ്തിരിക്കുന്നു. സമയത്തിന്റെ ദുരൂഹമായ പ്രത്യേകതലത്തിൽ അടക്കപ്പെട്ടതുകാരണം അയാൾക്ക് 8.05-ന് സംഭവിച്ച അപകടം 8 മണിക്ക് അറിയാൻ കഴിഞ്ഞില്ല. 8 മണിക്ക് അയാൾക്ക് സമയതലത്തിന്റെ 8.05 എന്ന സ്ഥലത്തേക്ക് എത്തിനോക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അയാൾക്ക് സംഭവിച്ച അപകടം 8 മണിക്ക് തന്നെ കാണാൻ (അനുഭവിക്കാൻ) പറ്റുമായിരുന്നു. ആ അപകടം ഒഴിവാക്കാൻ അയാൾക്ക് പക്ഷേ, കഴിയുമായിരുന്നില്ല. കാരണം അതു നടന്നുകഴിഞ്ഞ ഒരു കാര്യമായതുകൊണ്ടു തന്നെ.

നമുക്ക് മറ്റൊരുദാഹരണമെടുക്കാം. കുറുക്കന്റേയും കാളയുടേയും കഥയുള്ള ഒരു കോമിക് സ്ട്രിപ്പ്. മുപ്പതു കള്ളികളിലായി വരച്ച ഒരു ചിത്രകഥ. ആദ്യത്തെ കള്ളിയിൽ കഥ തുടങ്ങുന്നത് വിശന്ന കുറുക്കൻ ഭക്ഷണം അന്വേ

ഷിച്ചു നടക്കുന്നത് കാണിച്ചുകൊണ്ടാണ്. അടുത്ത കള്ളിയിൽ കുറുക്കൻ ഒരു



കാളയെ കാണുന്നു. അടുത്ത കള്ളികളിൽ കഥ തുടരുന്നു. ഇതിലും സമയത്തിന്റെ ഒരു മാനമുണ്ട്. ആദ്യത്തെ കള്ളിയിലുള്ള കുറുക്കന് അറിയില്ല രണ്ടാമത്തെ കള്ളിയിലെത്തുമ്പോൾ തടിച്ചുകൊഴുത്ത കാളയെ കാണുമെന്ന്, കാരണം രണ്ടു കള്ളികളും സമയത്തിന്റെ മുറുക്കെ അടച്ച കൂടുകളിലാണ് അന്യോന്യം കാണാൻ പറ്റാത്തവിധത്തിൽ പക്ഷേ, പുറമേ നിന്ന് നോക്കുന്ന ആൾക്ക് ഒറ്റനോട്ടത്തിൽ കാണാൻ കഴിയുന്നവിധം, കുറുക്കന്റെ ഭക്ഷണം തേടിയുള്ള യാത്രയും അതിന്റെ പരിണാമവും വിഗ്ദ്ധമായി വരച്ചുവച്ചിരിക്കുന്നു. നമുക്ക് ആ കഥയുടെ ഏതു ഭാഗം വേണമെങ്കിലും, അതായത് കുറുക്കന്റെ പുരോഗതിയുടെ ഏതു ബിന്ദുവും പെട്ടെന്ന് നോക്കി മനസ്സിലാക്കാം. ആ കള്ളികളിലൂടെ ഒന്നോടിച്ചുനോക്കുകയെ വേണ്ടൂ നാം ചെയ്യുന്നതാകട്ടെ കുറുക്കന്റെ കഥയിലെ സമയതലത്തിൽ ഏതെങ്കിലും ഒരു ബിന്ദുവിൽ നോക്കുക മാത്രമാണ്.

നമ്മുടെ ദൃശ്യപ്രപഞ്ചത്തിന്റെ സ്ഥിതിയും ഇതുതന്നെയാണെന്നാണ് എന്റെ പക്ഷം. എല്ലാം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു കോമിക് സ്ട്രിപ്പുപോലെ പ്രപഞ്ചത്തിനു പുറത്തുനിന്നുകൊണ്ട് ഒരു സാങ്കല്പിക മനുഷ്യൻ നോക്കുകയാണെങ്കിൽ അയാൾക്ക് എല്ലാം കാണാൻ കഴിയും. ഏതാനും ദശലക്ഷം വർഷങ്ങൾക്കുമുൻപ് കഴിഞ്ഞുവെന്ന് നമ്മൾ കരുതുന്ന കാര്യങ്ങളും ഇന്നുമുതൽ ഏതാനും ദശവർഷങ്ങൾക്കുശേഷം കഴിഞ്ഞ കാര്യങ്ങളും. ഈ സംഭവിച്ചുകഴിഞ്ഞ പ്രപഞ്ചത്തിൽ സമയമെന്ന വികൃതിയുടെ ചലനങ്ങളാണ് നമ്മുടെ ഭാവനയ്ക്ക് വിഭ്രാന്തി കൊടുക്കുന്നതും കഴിഞ്ഞു, നടക്കുന്നു, വരാൻ പോകുന്നു എന്നീ ഭൂത-വർത്തമാന-ഭാവി' പ്രതീതിയുണ്ടാക്കുന്നത്. നമ്മൾ അനുഭവിക്കുന്നു എന്ന് തോന്നുന്ന കാര്യങ്ങൾ നമുക്കനുഭവപ്പെടുത്തുന്നത് സമയം തന്നെയാണ്.

ഇത്രയും വായിച്ചുകഴിഞ്ഞാൽ നിങ്ങൾ പുരികമുയർത്തുന്നതും എന്നെ ശകാരിക്കാൻ ഭാവിക്കുന്നതും ഞാൻ കാണുന്നു. ഒരണുവിൽനിന്ന് വേറൊരണുവിലേക്ക്. ഒരു നിമിഷത്തിൽനിന്ന് വേറൊരു നിമിഷത്തിലേക്ക് അനുസ്യൂതം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചത്തെ മാത്രമേ നമുക്ക് വിഭാവനം ചെയ്യാൻ പററൂ. അല്ലാതെ ഒരു നിമിഷത്തിന്റെ ഏതാനും അംശംകൊണ്ട്, അതായത് ഒരു കൃഷിക്കാരൻ നെൽവിത്തുകൾ പാടത്തുവിതയ്ക്കുന്ന മാതിരി ദൃശ്യപ്രപഞ്ചം മുഴുവനും സംഭവിച്ചുകഴിഞ്ഞുവെന്ന് നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല. സമയമെന്ന കുഴയ്ക്കുന്ന പ്രഹേളിക ദൃശ്യലോകത്തിന്റെ പല മാനങ്ങളും നമ്മിൽനിന്ന് മറച്ചുപിടിക്കുന്നു.

ഒരു പ്രത്യേക സ്ഥലത്ത് പ്രത്യേക കാലത്ത് നടക്കുന്ന സംഭവം മാത്രം



നമുക്ക് അനുഭവിപ്പിക്കുന്നത് സമയമെന്ന പ്രതിഭാസമാണെന്നു പറഞ്ഞല്ലോ. ഒരു റഡാറിന്റെ സ്ക്രീൻ നമുക്ക് ഉദാഹരണമായി എടുക്കാം.

റഡാറിന്റെ സ്കാനിങ് ബിം സ്ക്രീനിൽ സദാചുററിക്കൊണ്ടിരിക്കുന്നു. റഡാറിന്റെ ഡിഷ്ആന്റിന അയയ്ക്കുന്ന വൈദ്യുതകാന്തതരംഗങ്ങളെ ആകാശത്തുള്ള വസ്തുവിൽ തട്ടി പ്രതിഫലിക്കുന്നത് സ്ക്രീനിൽ കാണുന്നു. ആകാശത്ത് പലദിശകളിലായി നാലു വിമാനങ്ങൾ ഉണ്ടെങ്കിൽ ഈ നാലു വിമാനങ്ങളും ഒരേ സമയത്ത് സ്ക്രീനിൽ കാണുന്നില്ല. തിരിഞ്ഞുകൊണ്ടിരിക്കുന്ന ഡിഷ് ആന്റിന ഒരു വിമാനത്തിനു നേരെയായിരിക്കുമ്പോൾ ആ വിമാനത്തിന്റെ പ്രതിഫലനം മാത്രമേ സ്ക്രീനിൽ കാണുന്നുള്ളു. ആന്റിനയുടെ തിരിച്ചിലിനനുസരിച്ച് സ്ക്രീനിൽ ഒരു സ്കാനിങ് ലൈറ്റും തിരിയുന്നു. അത് ഒരു ദിശയിലുള്ള വിമാനത്തെ മാത്രം ഒരു സമയം കാണിച്ചുതരുന്നു. അപ്പോഴും മറ്റു വിമാനങ്ങൾ ആകാശത്തുതന്നെയുണ്ട്.

ഈ പ്രപഞ്ചവും ഒരു റഡാറിന്റെ സ്ക്രീൻ പോലെയാണ്. സംഭവിച്ചു കഴിഞ്ഞ ഒരു പ്രപഞ്ചത്തിലെ സ്കാനിങ് രേഖയാണ് സമയം സംഭവിച്ചു കഴിഞ്ഞു പരന്നു കിടക്കുന്ന പ്രപഞ്ചത്തെ സമയമാകുന്ന രേഖ സ്കാൻ ചെയ്യുമ്പോൾ ഏതേതു സംഭവസ്ഥലത്താണെത്തിയതെങ്കിൽ അതായിരിക്കും വർത്തമാനകാലം. അതിനു മുൻപുള്ളതും അതിനുശേഷമുള്ളതുമായ കാര്യങ്ങളും സംഭവങ്ങളും നിരന്നു കിടക്കുന്നത് വിഭാവനം ചെയ്യാൻ നമുക്ക് കഴിയണം.

പ്രപഞ്ചത്തെ ഭൗതികമായൊരു സമതലത്തിലോ ത്രിമാനത്തിലോ കാണുവാൻ എളുപ്പമാണ്. ഒരു മാപ്പിൽ നമുക്കതു ചെയ്യാവുന്നതേയുള്ളൂ. നക്ഷത്രങ്ങൾ, ഗാലക്സികൾ, നക്ഷത്രപടലങ്ങൾ മുതലായവ ഇന്ന സ്ഥലത്താണെന്ന് നമുക്കറിയാം. അത് കൂട്ടിച്ചേർത്ത് ഒരു ത്രിമാന മാപ്പുണ്ടാക്കുക എളുപ്പമാണ്. പക്ഷേ, സംഭവിച്ചു കഴിഞ്ഞ പ്രപഞ്ചത്തെ ഒരു സമതലത്തിലോ ത്രിമാന തലത്തിലോ തളച്ചിടുക എന്നത് വിഷമംപിടിച്ച കാര്യമാണ്. നമുക്ക് വേറെയും രണ്ടു തലങ്ങൾ വേണ്ടിവരും. അതായത് സമയവും ചലനവും. നമ്മുടെ ഭാവനയെ നയിക്കാൻ നമുക്ക് വേറൊരുദാഹരണം തേടേണ്ടിവരും.

കാർട്ടൂൺ ചിത്രങ്ങളുണ്ടാക്കാനുപയോഗിക്കുന്ന ടെക്നിക് ആലോചിച്ചു നോക്കൂ. ഒരാളുടെ ചെറിയൊരു ചലനംകൂടി കാണിക്കാൻ നിരവധി ചിത്രങ്ങൾ വരയ്ക്കേണ്ടിവരും. ഒരു കപ്പ് മേശമേൽ നിന്നെടുത്ത് ചുണ്ടോടടുപ്പിക്കുന്നതിന് ഇരുപതോ മുപ്പതോ ഫ്രെയിമുകൾ വേണ്ടിവരും. ഇപ്പോൾ കംപ്യൂട്ടർ ഗ്രാഫിക്കൊണ്ട് ഈ പണി കുറച്ച് എളുപ്പമാക്കിയിട്ടുണ്ടെങ്കിലും ഇത് ഒരു വിഷമംപിടിച്ച പണിതന്നെയാണ്. കാൽമണിക്കൂർനേരം ഓടുന്ന ഒരു കാർട്ടൂൺ ചലച്ചിത്രം ഉണ്ടാക്കാൻ എത്രയോ ദിവസങ്ങളുടെയോ മാസങ്ങളുടെയോ അദ്ധ്വാ

നവും പണച്ചെലവുമുണ്ട്. എന്നിട്ട് കിട്ടുന്നതോ, ഒരു ചെറിയ സ്ക്രീനിൽ (അല്ലെങ്കിൽ ഫ്രെയിമിൽ) നടക്കുന്ന കാര്യങ്ങൾ മാത്രം. അപ്പോൾ ബൃഹത്തായ ഈ ദൃശ്യപ്രപഞ്ചം മുഴുവൻ ഒരു കാർട്ടൂൺ ചിത്രമായി കാണാനും അതിലെ പരമാണു തൊട്ട് കൂറ്റൻ ഗാലക്സികൾ വരെയുള്ള വസ്തുക്കളുടെ കോടാനുകോടി യുഗങ്ങളിലെ ചലനവികാസങ്ങളെ ഒരു പഞ്ചമാനനക്ഷത്രത്തിൽ കൊണ്ടുവരാനും നല്ല ഭാവന തന്നെ വേണം. ഒരിക്കൽ സങ്കല്പിക്കാൻ കഴിഞ്ഞാൽ ഞാൻ പറയുന്നത് മനസ്സിലാക്കാൻ വിഷമം ഉണ്ടാവില്ല.

നിങ്ങളുടെ അടുത്ത ചോദ്യം ഇതായിരിക്കും: ഈ ദൃശ്യപ്രപഞ്ചം മുഴുവനും സംഭവിച്ചു കഴിഞ്ഞു എന്നല്ലെ പറയുന്നത്. അപ്പോൾ നമുക്ക് ഭാവിയിലേക്ക് പോയി സംഭവിച്ച കഴിഞ്ഞ കാര്യങ്ങൾ, ഉദാഹരണമായി നമ്മുടെ




തന്നെ മരണം, കാണാൻ പറ്റില്ലെ?

പറ്റില്ലെന്നാണ് ഉത്തരം. നമ്മൾ വർത്തമാനത്തിന്റെ, സമയത്തിന്റെ തടവുകാരാണ്. സമയം വരച്ചിടുന്ന ഋജുരേഖയ്ക്കപ്പുറത്തും ഇപ്പുറത്തും പോകാൻ നമ്മൾ അപ്രാപ്തരാകുന്നു. സമയത്തിലൂടെ ഭൗതികമായ യാത്ര അസാദ്ധ്യമാണ്. ഭൗതികമായ പ്രകൃതി നിയമങ്ങളെ മറികടന്നുവേണം നമ്മുടെ ഭൗതിക

ശരീരം സമയത്തിന്റെ ഒരു തട്ടിൽനിന്ന് മറ്റൊരു തട്ടിലേക്ക് എത്തിക്കാൻ. സമയത്തെത്തന്നെ തകിടം മറിക്കാതെ അതു കഴിയില്ല നാം അങ്ങനെയൊരു സംരംഭത്തിന് എന്നെങ്കിലും പ്രാപ്തരാവുമോ എന്ന് തോന്നുന്നില്ല. വേറൊരു കാര്യം ചെയ്യാൻ കഴിയും. ഭൗതികമല്ലാത്ത ഒന്നാണല്ലോ മനസ്സ്. അതിനെ പരിശീലിപ്പിച്ച് (അതിന്ദ്രീയ ധ്യാനമെന്നൊക്കെപ്പറയാം) നമുക്ക് ഭൂതത്തിലേക്കും ഭാവിയിലേക്കും എത്തിനോക്കാൻ ശ്രമിക്കാം. മനസ്സ് ഭൗതികമല്ലെന്ന ഊഹത്തിലാണ് ഇതു പറയുന്നത്. ഇനി മനസ്സും തലച്ചോറിലെ ഏതാനും അല്ലങ്ങളുടേയും ഗ്രന്ഥിസ്രാവങ്ങളുടെയും രാസപ്രവർത്തനത്തിന്റെ ഫലമാണ് എന്ന് കണ്ടുപിടിച്ചാൽ ആ ആശയവും ഉപേക്ഷിക്കാം.

വേറെ ഒരു ചോദ്യം ഉയർന്നുവരാം. ഭൂതകാലത്തിൽ കഴിഞ്ഞുപോയ കാര്യങ്ങൾ നമുക്ക് ഓർമയുണ്ട്. അതുപോലെ ഭാവിയിൽ  കഴിഞ്ഞുപോയ' സംഭവങ്ങൾ എന്താണ് നമ്മുടെ 'ഓർമ'യിൽ വരാത്തത്? ഉത്തരം വളരെ ലഘുവാണ്. സമയമാകുന്ന സ്കാനിംഗ്രേഖ കടന്നുപോയത് നമ്മൾ പഞ്ചേന്ദ്രിയങ്ങൾകൊണ്ട് അറിഞ്ഞു കഴിഞ്ഞതാണ്. അതു നാം ഭൗതികമായി അനുഭവിച്ചിട്ടുള്ളതുമാണ്; അല്ലെങ്കിൽ നമ്മുടെ തലച്ചോറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മറിച്ച് ഭാവിയിൽ 'നടന്ന' കാര്യങ്ങൾ നാം അനുഭവിക്കാൻ കിടക്കുന്നതേയുള്ളു. അനുഭവം എന്ന് ഞാൻ ഉദ്ദേശിക്കുന്നത്, സമയം ദൃശ്യലോകത്തിന്റെ പഞ്ചമാനക്ഷേത്രത്തിൽ എവിടെ എന്നുവച്ചാൽ ഒരു സെക്കന്റിന്റെ ചെറിയൊരംശം എത്തി നിൽക്കുമ്പോൾ ആ നിമിഷത്തിൽ അവിടെ സംഭവിക്കുന്ന കാര്യങ്ങൾ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ രേഖപ്പെടുത്തുന്നത്. പിന്നെ സെക്കന്റിന്റെ അടുത്ത അംശത്തിൽ സംഭവിക്കുന്നത്. ഈ സംഭവങ്ങളുടെ അനുസ്യൂതമായ പരമ്പരകൾ നമ്മുടെ പഞ്ചേന്ദ്രിയങ്ങളിൽ തട്ടി നമ്മുടെ ബോധമനസ്സിൽ ഉണ്ടാക്കുന്ന അനുരണനമാണ് അനുഭവം എന്നു പറയുന്നത്. സമയത്തിന്റെ സ്കാനിംഗ് രേഖയും അനുഭവങ്ങളെപ്പറ്റി നമുക്കുണ്ടാകുന്ന ബോധവും. അതായത് സംഭവിക്കുന്നു എന്ന ബോധം, ഒരേ തലത്തിലാണ്. അതിനു മാറ്റം ഉണ്ടാകാൻ വയ്യ.

വേറൊരുദാഹരണത്തിലൂടെ ഇത് കുറേക്കൂടി വ്യക്തമാക്കാം. ഒരു ചെറിയ കാർഡ്ബോർഡ് എടുക്കുക. 6 ഇഞ്ച് നീളം 4 ഇഞ്ച് വീതി വലുപ്പം മതി. അതിൽ ഇരുമ്പുപൊടി ഏകദേശം സമമായി പരന്നുകിടക്കുന്ന മാതിരി വിതറുക. 4 ഇഞ്ച് നീളമുള്ള ഒരു കാന്തം കാർഡ്ബോർഡിന്റെ അടിയിൽക്കൂടി ഇടതുവശത്തുനിന്നും വലതുവശത്തേക്ക് സാവധാനത്തിൽ നീക്കുക. കാന്തം നീക്കുന്നതിനനുസരിച്ച് കാർഡ്ബോർഡിനു മീതെ ഇരുമ്പുപൊടികൾ ഉണർന്നെഴുന്നേൽക്കുകയും വീണ്ടും വീണുറങ്ങുകയും ചെയ്യുന്നു. കാന്തത്തെ നാം സമയത്തിന്റെ സ്കാനിങ് രേഖ അല്ലെങ്കിൽ വർത്തമാനകാലം എന്നുപറയാം. കാന്തം കടന്നുപോയ സ്ഥലത്തുള്ള ഇരുമ്പുപൊടി വീണുറങ്ങുകയാണെങ്കിലും താൽക്കാലികമായി നേരിയ തോതിൽ കാന്തവൽക്കരിച്ചതായി കാണാം. മറിച്ച് കാന്തം പ്രവേശിച്ചിട്ടില്ലാത്തിടത്തെ പൊടി കാന്തവൽക്കരിച്ചിട്ടില്ല. ഇത് നമ്മുടെ വിഷയത്തിന് പറ്റിയ ഉദാഹരണമാണ്. കാർഡ്ബോർഡിൽ പരന്നുകിടക്കുന്നത് സംഭവിച്ചു കഴിഞ്ഞ ദൃശ്യപ്രപഞ്ചമാണ്. കാന്തം അതിലൂടെ കടന്നുപോകുന്ന സമയത്തിന്റെ സ്കാനിങ് രേഖയും. ഇരുമ്പുപൊടിയുടെ താൽക്കാലിക കാന്തവൽക്കരണം നമ്മുടെ ഓർമയായി വ്യാഖ്യാനിക്കാം. സമയമാകുന്ന രേഖ പ്രപഞ്ചത്തിലൂടെ കടന്നുപോകുമ്പോൾ 'കാന്തവൽക്കരണ'ത്തി




ന് തുല്യമായ എന്തോ സംഭവിക്കുന്നുണ്ട്. അതാണ് കഴിഞ്ഞുപോയെന്ന് നാം കരുതുന്ന കാര്യങ്ങൾ നമുക്ക് 'ഓർമ'യുണ്ടാകുകയും സമയരേഖ പ്രവേശിച്ചിട്ടില്ലാത്ത തലത്തിൽ കാര്യങ്ങൾ സംഭവിച്ചു കഴിഞ്ഞതാണെങ്കിലും നമ്മുടെ ഓർമയിൽ പെടാത്തതും. കഴിഞ്ഞ കാലത്തെപ്പററിയുള്ള ഓർമയും താൽക്കാലികമാണ്. (ഇരുമ്പുപൊടിയുടെ താൽക്കാലിക കാന്തവൽക്കരണം പോലെ) ഏതാനും കോടാനുകോടി യുഗങ്ങൾക്കുശേഷം സമയരേഖ വീണ്ടും നമ്മുടെ കാലത്തെത്തുമ്പോഴേയ്ക്കും ഈ ഓർമകളൊന്നും നമ്മുടെ മനസ്സിൽ അവശേഷിക്കില്ല. ജീവിതം നാം ആദ്യമായി അനുഭവിക്കുന്ന പ്രതീതിയുണ്ടാവുകയും ചെയ്യും.

പ്രപഞ്ചത്തിന്റെ ഘടികാരത്തിന് എന്തെങ്കിലും കേടുപറ്റിയെന്നു വിചാരിക്കൂ. അവ്യവസ്ഥിതമായി പെരുമാറുന്ന ഘടികാരത്തിൻ സമയം കുതിച്ചുചാടിയെന്നു കരുതുക. നാം പെട്ടെന്ന് ഭാവിയിൽ ഏതെങ്കിലും കാലത്തു പെട്ടിരിക്കുന്നതായി കാണാം. ഘടികാരത്തിന്റെ പിടച്ചിലിനെപ്പററി നമുക്കറിയാത്തതുകൊണ്ട് മുപ്പതോ നാല്പതോ കൊല്ലം നമ്മിൽനിന്ന് വഴുതിപ്പോയത് നാം അറിഞ്ഞെന്നുവരില്ല. അതുകൊണ്ടുതന്നെ അതിൽ അസ്വാഭാവികമായി ഒന്നും കണ്ടെന്നു വരില്ല. പക്ഷേ, നഷ്ടപ്പെട്ടുപോയ വർഷങ്ങളിൽ 'സംഭവിച്ച' കാര്യങ്ങൾ നമ്മുടെ മനസ്സിൽ ഒരു തമസ്കരണം ഉണ്ടാക്കിയെന്നുവരും. അതു വിശദീകരിക്കാൻ കഴിഞ്ഞെന്നുവരില്ല.

ഇങ്ങനെ ഒരു സാദ്ധ്യത തുലോം കുറവാണ്. ഉണ്ടാവില്ലെന്നു തന്നെ പറയാം. കാരണം പ്രപഞ്ചത്തിന്റെ ഘടനയും അതിനാസ്പദങ്ങളായ നിയമങ്ങളും ഒരു പാകപ്പിഴയ്ക്കും ഇടംകൊടുക്കാത്തവിധം വളരെ കഠിനവും ഋജുവുമാണ്. മാത്രമല്ല പ്രപഞ്ചത്തിന്റെ ആകെത്തുക നോക്കിയാൽ സമയം അഥവാ ഒന്നു ചാടിയാൽ തന്നെ മാറ്റം സംഭവിക്കുക ഏതാനും വർഷങ്ങളായിരിക്കുകയില്ല. ഏതാനും ലക്ഷങ്ങളോ കോടികളോ വർഷങ്ങളായിരിക്കും. ഈ ഭീമാകാരമായ സ്കെയിലിൽ അരിച്ചു നടക്കുന്ന അനുപ്രായമായ മനുഷ്യൻ ഒന്നും അറിയുകപോലുമില്ല. ഏതാനും ദശലക്ഷങ്ങൾക്കുശേഷം ഇന്നും നാം കാണുന്ന മനുഷ്യരടക്കമുള്ള ജീവജാലങ്ങൾ ഭൂമുഖത്തുനിന്നു തുടച്ചുനീക്കി.

ഏതെങ്കിലും വാൽനക്ഷത്രമോ ആകാശഗംഗയുടെ ഭ്രമണപഥത്തിലെവിടെയെങ്കിലും ഒളിച്ചുനിൽക്കുന്ന ജൈവവാതക പടലമോ പുതുതായിവിതച്ച ജീവന്റെ വിത്തുകളിൽനിന്ന് പുതിയൊരു ജീവപരമ്പര, പുതിയ രൂപങ്ങളിൽ, പുതിയ ഭാവങ്ങളിൽ കെട്ടിപ്പടുക്കുന്ന തിരക്കിലായിരിക്കും പ്രകൃതി. അതും സംഭവിച്ചുകഴിഞ്ഞ പ്രക്രിയ തന്നെ. സമയത്തിന്റെ സ്കാനിംഗ് രേഖ അവിടെയായിരിക്കും ചെന്നു നിൽക്കുക എന്നുമാത്രം.

ഇതിന്റെ അവസാനം എന്താണ്? തുടക്കത്തെപ്പററിയും നമുക്കൊന്നും അറിയില്ലല്ലോ. പഞ്ചമാന തലത്തിൽ തളച്ചിട്ട പ്രപഞ്ചത്തിന്റെ സംഭവപരമ്പര എവിടെ അവസാനിക്കുന്നു? എവിടെയും അവസാനിക്കുന്നില്ല എന്നാണ് എന്റെ പക്ഷം. രണ്ടു തല തിരിച്ചൊട്ടിച്ച ഒരു നാടപോലെയാണ് ഈ പ്രപഞ്ചചക്രം. അനുസ്യൂതമായ സംഭവങ്ങളുടെ ഒരു പരമ്പരയാണത്. തുടക്കവുമില്ല അവസാനവുമില്ല. കോടാനുകോടി വർഷങ്ങൾ കഴിഞ്ഞാൽ സമയരേഖ പഞ്ചതലക്ഷേത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലെത്തുമ്പോൾ നാം ഇപ്പോൾ കാണുന്നതും അനുഭവിക്കുന്നതുമായ സംഭവങ്ങൾ ഒരിക്കൽകൂടി പ്രത്യക്ഷപ്പെടും. ഇതിനു മുൻപും വളരെ പ്രാവശ്യം ഇതാവർത്തിച്ചിട്ടുണ്ടാവണം. നാം ഈ ഗ്രഹത്തിൽ പല തവണ ജീവിച്ച് മരണമടഞ്ഞിട്ടുണ്ടാവാം.

ഞാൻ മുകളിൽ എഴുതിയതെല്ലാം എന്റെ മാത്രം അഭിപ്രായമാണ്. ഒരു ശാസ്ത്രജ്ഞനേയും അതിന് പഴിക്കേണ്ട കാര്യമില്ല. മനസ്സിൽ തോന്നിയ ഒരാശയം മാത്രം. ആശയങ്ങളാണല്ലോ ആദ്യം ജനിക്കുക. പിന്നീട് അതിന് അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ ഉണ്ടാകുന്നു. വാദപ്രതിവാദങ്ങളുണ്ടാകുന്നു. രണ്ടുപക്ഷവും തെളിവുകൾ കൊണ്ടുവരുന്നു. എന്നിട്ടോ? നമ്മൾ എവിടെയെങ്കിലും എത്തുന്നുണ്ടോ. പ്രപഞ്ചം ഇന്നും ഒരു വലിയ പ്രഹേളികയായി തുടരുന്നു. എന്താണ് പ്രപഞ്ചം. അതിന്റെ ഉദ്ഭവമെന്താണ് എന്നീ ചോദ്യങ്ങൾക്ക് ഇന്നും ഉത്തരമില്ല. എന്നെങ്കിലും ഉത്തരമുണ്ടാകുമോയെന്ന് കണ്ടറിയണം.

1949-ൽ ജോർജ് ഗാമോ ഒരു ഊഹം നടത്തി. പ്രപഞ്ചം ഉടലെടുത്ത് ഒരു പ്രാചീനമായ പൊട്ടിത്തെറി മൂലമാണെന്ന്. സ്ഥലകാലങ്ങൾക്കെല്ലാം അതീതമായി ഒരു വലിയ അണുമാത്രമേ ആദിയിൽ ഉണ്ടായിരുന്നുള്ളു. സമയമില്ല, സമയഭേദമില്ല, ദിശകളില്ല, ദേശങ്ങളില്ല ശൂന്യത മാത്രം. പിന്നെ ദൃശ്യപ്രപഞ്ചത്തിന്റെ ചേരുവ മുഴുവൻ ഉടലെടുത്തത് പൊട്ടിത്തെറിയുടെ ആദ്യത്തെ ഏതാനും നിമിഷങ്ങൾക്കുള്ളിലായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആ പൊട്ടിത്തെറിയുടെ അനന്തഫലമായ താപം 5 കെൽവിൻ മാത്രയിൽ ഇപ്പോഴും പ്രപഞ്ചമാകെ പരന്നുകിടക്കുന്നുണ്ടാവുമെന്നദ്ദേഹം കണക്കുകൾ കൂട്ടി പ്രവചിച്ചു. അക്കാലത്ത് അങ്ങനെ ഒരു താപപ്രസരണം അളക്കാൻ പററിയ സങ്കീർണമായ റേഡിയോ ടെലസ് കോപ്പികളില്ലായിരുന്നു. 15 കൊല്ലം കഴിഞ്ഞപ്പോഴാണ് രണ്ട് അമേരിക്കൻ വാനനിരീക്ഷകന്മാർ യദൃച്ഛയാ അങ്ങനെ പ്രപഞ്ചമാകെ പടർന്നു നിൽക്കുന്ന ഒരു താപപ്രസരണം കണ്ടുപിടിച്ചത്. ഗാമോ പ്രതീക്ഷിച്ചതിലും രണ്ട് കെൽവിൻ കുറവേയുള്ളുവെങ്കിലും. അതായത് മൂന്ന് കെൽവിൻ ആ കണ്ടുപിടുത്തം ഗാമോയുടെ പ്രാചീന പൊട്ടിത്തെറി സിദ്ധാന്തത്തിന് നല്ലൊരു ഊന്നുവടിയായി.

ഈ സിദ്ധാന്തത്തെ പുച്ഛിച്ചുതള്ളിയ ശാസ്ത്രജ്ഞനാണ് ഫ്രെഡ് ഹോയ്ൽ. അതിനുപകരം ഒരു സ്ഥിരസ്ഥിത പ്രപഞ്ചസിദ്ധാന്തം അദ്ദേഹം ഉന്നയി

ച്ചു. ഗാമോവിന്റെ പൊട്ടിത്തെറി സിദ്ധാന്തം ശുദ്ധ അസംബന്ധമാണെന്നും, ദൃശ്യപ്രപഞ്ചം എന്നും ഇങ്ങനെ ആയിരുന്നെന്നും ഇനി എന്നും ഇങ്ങനെ തന്നെ ആയിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രാദേശികമായ മാറ്റങ്ങളല്ലാതെ, അതായത് നക്ഷത്രപടലങ്ങളിൽനിന്ന് പുതിയ നക്ഷത്രങ്ങളും ഗാലക്സികളും ഉണ്ടാവുക. നക്ഷത്രങ്ങൾ ചിലത് നശിക്കുക തുടങ്ങിയവയല്ലാതെ, പ്രപഞ്ചത്തിന്റെ ആകെത്തുകയ്ക്ക് മാറ്റമൊന്നുമുണ്ടാകാൻ പോകുന്നില്ലെന്ന് അദ്ദേഹം ശഠിച്ചു.

ഗാമോയുടെ സിദ്ധാന്തത്തിന് താങ്ങായിരിക്കേണ്ട മൂന്ന് കെൽവിൻ താപപ്രസരണം തന്റെ സ്ഥിരസ്ഥിതി സിദ്ധാന്തത്തിന് വിശദീകരിക്കാമെന്ന് ഫ്രെഡ്ഹോയ്ൽ പറഞ്ഞു. ഹൈഡ്രജൻ കത്തി ഹീലിയമായി മാറുകയാണല്ലോ നക്ഷത്രങ്ങളിൽ സംഭവിക്കുന്നത്. ഇതിന്റെ ഫലമായി ഉണ്ടാകുന്ന നക്ഷത്രവെളിച്ചം മൈക്രോവേവിലേക്ക് രൂപാന്തരപ്പെടുത്തിയാൽ മൂന്ന് കെൽവിൻ താപം ലഭിക്കുമെന്ന് അദ്ദേഹം അവകാശപ്പെട്ടു.

നമ്മുടെ സൂര്യനേക്കാൾ പതിൻമടങ്ങ് വലിപ്പമുള്ള നക്ഷത്രങ്ങൾ അവരുടെ അന്ത്യത്തിൽ സ്വയം ഗുരുത്വാകർഷണം കൊണ്ടുണ്ടാകുന്ന പതനം കാരണം വളരെ ശക്തന്മാരായ കുള്ളന്മാരാവുമെന്നും, വർദ്ധിച്ച ഗുരുത്വാകർഷണം കാരണം സമീപത്തുള്ള നക്ഷത്രപടലങ്ങളേയും നക്ഷത്രങ്ങളെത്തന്നെയും ഊറ്റിക്കുടിക്കുമെന്നും ജോൺവീലർ പ്രസ്താവിച്ചു. വലിപ്പത്തിൽ വളരെ ചെറുതാണെങ്കിലും, സാന്ദ്രത വളരെ വലുതായതുകൊണ്ട് വെളിച്ചം കൂടി അതിന്റെ ആകർഷണത്തിൽനിന്നും രക്ഷപ്പെടുന്നില്ല. അതുകൊണ്ട് നമുക്ക് ആ നക്ഷത്രത്തെ കാണാൻ പററില്ല. ദൃശ്യലോകത്തുനിന്ന് ആ നക്ഷത്രം അപ്രത്യക്ഷമാകുന്നു. അതുകൊണ്ട് അങ്ങനെയുള്ള നക്ഷത്രങ്ങളെ വീലർ ബ്ളാക്ഹോൾ എന്ന ഓമനപ്പേരിട്ടു. ബ്ളാക് ഹോളുകളുടെ നിലനില്പ് സ്ഥിരീകരിച്ചത് സൈനസ് എക്സ് 1 എന്ന ബ്ളാക്ഹോൾ കണ്ടുപിടിച്ചപ്പോഴാണ്. ആ അദൃശ്യനക്ഷത്രം അടുത്തുള്ള ഒരു ഭീമാകാരനായ നക്ഷത്രത്തെ ഊറ്റിക്കുടിക്കുകയാണ്. ആ നക്ഷത്രത്തിൽനിന്ന് വാതകപടലങ്ങൾ ബ്ളാക് ഹോളിലെത്തി കൂട്ടിയിടിക്കുമ്പോഴുണ്ടാകുന്ന താപത്തിൽ നിന്നുണ്ടാകുന്ന എക്സ്റേകൾ പിടിച്ചെടുത്തപ്പോഴാണ് ബ്ളാക്ഹോളുകളുടെ നിലനില്പിന് സ്ഥ്രീകരണം കിട്ടിയത്. തിരിഞ്ഞുകൊണ്ടിരിക്കുന്ന ഗാലക്സികളുടെ എല്ലാം നടുവിൽ അതിശക്തമായ ഓരോ ബ്ളാക് ഹോൾ ഉണ്ടാവാമെന്നാണ് ഇപ്പോഴത്തെ നിഗമനം. നമ്മുടെ ആകാശഗംഗയെന്ന ഗാലക്സിയിലും അതുപോലെ നമ്മുടെ അയൽക്കാരനായ അൻഡ്രോമേഡ ഗാലക്സിയിലും.

അപ്പോൾ പ്രാചീനമായ പൊട്ടിത്തെറിയുടെ വക്താക്കൾ പറയുന്നു. അതു തന്നെയാണ് ഞങ്ങൾ പറയുന്നത്. പൊട്ടിത്തെറിയുടെ ഫലമായുണ്ടായ വികാസം കഴിഞ്ഞാൽ പിന്നെ സങ്കോചത്തിന്റെ കാലമാവും. അപ്പോൾ നക്ഷത്രങ്ങൾ സങ്കോചിക്കുകയും എല്ലാം തിരിച്ച് ഒരു ബിന്ദുവിലേക്ക് യാത്രയാവുകയും ചെയ്യും. ബ്ളാക് ഹോൾ എന്ന പ്രതിഭാസം ആദ്യം ചുറ്റുമുള്ള നക്ഷത്രപടലങ്ങളെ, പിന്നെ നക്ഷത്രങ്ങളെ, പിന്നെ ഒരു ഗാലക്സിയെ മുഴുവൻ വിഴുങ്ങിയ ശേഷം അന്യോന്യം വിഴുങ്ങുന്നു. ഒപ്പം തിരിച്ച് തുടക്കത്തിലേക്കുള്ള പ്രയാണവും വീണ്ടും ഒരു ബിന്ദുവിൽ ഒന്നിക്കാൻ, സ്ഥലകാലങ്ങളുടെ നിലനില്പില്ലാതാക്കാൻ, വീണ്ടും ഒരു വലിയ പൊട്ടിത്തെറിക്കുവേണ്ടി, ഒരു ദൃശ്യ

പ്രപഞ്ചത്തിനുള്ള പേറ്റുനോവിനുവേണ്ടിയുള്ള തയ്യാറെടുക്കൽ.

അപ്പോൾ നമുക്ക് മനസ്സിലാവുന്നതെന്തെന്നാൽ പ്രപഞ്ചത്തിന്റെ ഉദ്ഭവം എന്നല്ല എന്താണ് പ്രപഞ്ചമെന്നതുതന്നെ. വെറും ഊഹങ്ങളായി കിടക്കുകയാണ്. 'എന്റെ സംഭവിച്ചുകഴിഞ്ഞ പ്രപഞ്ചം' എന്ന സങ്കല്പം ഈ രണ്ടു സിദ്ധാന്തങ്ങളേയും (അതായത് പൊട്ടിത്തെറി സിദ്ധാന്തവും സ്ഥിരസ്ഥിതി സിദ്ധാന്തവും) തള്ളിപ്പറയുന്നില്ല. പിൻതാങ്ങുന്നുമില്ല. ഉദ്ഭവം എങ്ങനെയായാലും വികാസം എങ്ങനെയായാലും, ഇന്ന് അതൊരു സംഭവിച്ചുകഴിഞ്ഞ പ്രതിഭാസം മാത്രമാണെന്നാണ് എന്റെ വിശ്വാസം.

---

ഈ ലേഖനത്തിനു വേണ്ടി സ്കെച്ചുകൾ വരച്ചത് ആർട്ടിസ്റ്റ് ചിക്കു.

*കലാകൗമുദി വാരിക, നവമ്പർ 1, 1987*

BACK TO INDEX

# പ്രപഞ്ചത്തെപ്പറ്റി അല്പം വിചാരം

എന്താണ് നമ്മുടെ പ്രപഞ്ചമെന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ? രണ്ടു വിധത്തിൽ ആലോചിച്ചിട്ടുണ്ടാവാം. ഒന്ന്, എല്ലാം ദൈവമയമാണ്, അതിനെപ്പറ്റി ആലോചിച്ചിട്ടു കാര്യമില്ല. ഈശ്വരാനുഗ്രഹമുണ്ടായാൽ മാത്രം മതി; അതിനുള്ള കുറുക്കുവഴികളെന്തൊക്കെയാണെന്ന് കണ്ടു പിടിക്കുക മാത്രമേ വേണ്ടൂ. രണ്ടാമത്തേത്, ഈശ്വരൻ എന്നൊന്നില്ല. ഇത് പിടികിട്ടാത്ത ഒരു പ്രതിഭാസം മാത്രമാണ്. ശാസ്ത്രത്തിന്റെ വഴിയിലൂടെ നമുക്ക് അതു മനസ്സിലാക്കാൻ ശ്രമിക്കാം.

പ്രപഞ്ചത്തിന്റെ അർത്ഥമറിയാനായി മനസ്സമാധാനം കെടുത്തുന്ന ഈ രണ്ടാമത്തെ വകുപ്പുകാർക്ക് ഉറക്കം കുറവായിരിക്കും. ഞാൻ ആ വകുപ്പിൽ പെടുന്നു. പ്രപഞ്ചരഹസ്യം ശാസ്ത്രത്തിലൂടെ മാത്രമേ അറിയാൻ കഴിയൂ എന്നു ഞാൻ കരുതുന്നു. നമുക്കു ചുറ്റും കാണുന്ന അതിഭീമമായ ഗാലക്സികൾതൊട്ട് താഴെ നമ്മുടെയും സകല ജീവജാലകങ്ങളുടെയും ജീവിതവും ഭാഗധേയങ്ങളും കൂടി നിയന്ത്രിക്കുന്നത് പ്രപഞ്ചത്തിലെ ഏതാനും ഭൗതികനിയമങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു. പലരും മുഖം ചുളിച്ചേക്കാം. ഗാലക്സികൾ ശരി, പക്ഷെ നമ്മുടെ ഭാഗധേയങ്ങൾ?

കയ്യിലെണ്ണാവുന്ന ഏതാനും ഭൗതികനിയമങ്ങളുടെ അഭിവ്യക്തത (ാമിശ ളലമെേശീ) യാണ് ഈ പ്രപഞ്ചം. ഒരു ബിന്ദുവിൽ നിന്നുണ്ടായ പൊട്ടിത്തെറിയിൽ നിന്നു തുടങ്ങി ഇന്നു നാം കാണുന്ന (അല്ലെങ്കിൽ കാണുന്നുണ്ടെന്ന് തോന്നുന്ന) എല്ലാം ഇതിൽ പെടും. പ്രപഞ്ചത്തിന്റെ അളവുകോൽവച്ച് നോക്കുമ്പോൾ നിസ്സാരരായ നമ്മുടെ ജീവിതത്തേയും ഭാഗധേയങ്ങളേയും അതിന്റെ ഭാവിയെപ്പോലും നിയന്ത്രിക്കുന്നത് ഈ നിയമങ്ങളാണ്. പ്രപഞ്ചമെന്ന പ്രതിഭാസം ആരും സൃഷ്ടിച്ചതാവാൻ വഴിയില്ല. എനിക്ക് തോന്നുന്ന ഒരു ഉപമ പറയാം. ഒരു കുട്ടി കുന്നിൻപുറത്തുനിന്ന് ഒരു പാറക്കഷ്ണം താഴേയ്ക്ക് ഉരുട്ടിയിടുന്നു. കയ്യിൽനിന്ന് വിട്ടുപോയ നിമിഷംതൊട്ട് കുട്ടിയ്ക്ക് ആ കല്ലിന്മേൽ, അതിന്റെ ഗതിയിൽ ആ യാത്രയുടെ പരിണാമത്തിൽ യാതൊരു നിയന്ത്രണവുമില്ലാതാവുന്നു. അത് പോകുന്ന വഴി, മാറുന്ന ദിശ, മുഴച്ചുനിൽക്കുന്ന ഏതെങ്കിലും പാറമേൽ തട്ടി പൊട്ടി കഷ്ണങ്ങളാകുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എല്ലാം ഈ ഭൗതികനിയമങ്ങളുടെ സ്വാധീനത്തിൽ അല്ലെങ്കിൽ നിയന്ത്രണത്തിൽ മാത്രമാണ്. ആ പാറക്കഷ്ണത്തിനുതന്നെ തന്റെ ദിശ മാറണമെന്നു തോന്നിയാൽ പറ്റുകയില്ലല്ലൊ. പാറ കുന്നിൻപുറത്തുനിന്ന് പുറപ്പെട്ട് അടിവാരത്തിലെത്തുന്നതുവരെ ഒന്നിലധികം നിയമങ്ങൾ പാലിക്കുന്നുണ്ട്. ഉദാഹരണമായി മെേശേര ലിലൃഴ്യ, സശിലശേര ലിലൃഴ്യ, ാമൈ,് ലഹീരശ്യേ തുടങ്ങിയവ ഈ അളവുകളും, അതുപോലെ പാറയുടെ രൂപഭാവങ്ങളും കുന്നിന്റെ ഉപരിതലത്തിന്റെ(ീുീഴൃമുവ്യ)കിടപ്പും ഉണ്ടെങ്കിൽ ആ പാറയുടെ ഗതിയും അത് എത്ര കഷ്ണമാകുന്നുവെന്നും കഷ്ണങ്ങൾ എവിടെയെല്ലാം പതിക്കുമെന്നും നമുക്ക് കണക്കാക്കാം. നിർഭാ

ഗ്യത്തിന് ഈ കണക്കുകൾ അവയുടെ സൂക്ഷ്മതകൊണ്ടുതന്നെ നമുക്ക് അവ്യക്തവും അലഭ്യവുമാണ്. ഈ കാരണങ്ങൾകൊണ്ടുതന്നെ ആ പാറ യുടെ ഗതിവിഗതികളും നമുക്ക് പ്രവചിക്കാനാവില്ല.

നമ്മുടെ പ്രപഞ്ചവും അങ്ങിനെത്തന്നെയാണെന്നാണ് എന്റെ പക്ഷം. 1400 കോടി വർഷങ്ങൾക്കുമുമ്പ് (14 നോട് 9 പൂജ്യം ചേർക്കുക) സമയവും ദൂരവും പൂജ്യം എന്ന നിലയിൽ ഒരു ബിന്ദുവിൽനിന്നുണ്ടായ സ്ഫോടനമാണ് തുട ക്കം. പിന്നീട് അതിനുണ്ടായ എല്ലാ വികാസത്തിനും പരിണാമത്തിനും ഹേതുവായിട്ടുള്ളത് ഏതാനും ഭൗതികനിയമങ്ങൾ മാത്രം.

ഈ തിരക്കഥയിൽ ദൈവത്തിനെവിടെ സ്ഥാനം? ഇനി ദൈവമുണ്ട് അതാണ് ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവ് എന്നു കരുതിയാൽതന്നെ സൃഷ്ടിച്ച ആ നിമിഷം അതു ദൈവത്തിന്റെ കയ്യിൽനിന്നു വഴുതിപ്പോയിട്ടുണ്ടാകണം. കുന്നിൽപുറത്തുനിന്ന് പാറക്കഷ്ണം ഉരുട്ടിയിട്ട കുട്ടിയുടെ കാര്യം പറഞ്ഞ തുപോലെ. നിങ്ങളിപ്പോൾ അങ്ങേരെ പഴിചാരിയിട്ടും പ്രാർത്ഥിച്ചിട്ടും കാര്യ മില്ല.

പ്രാചീനകാലത്ത് മനുഷ്യനാണ് ഈശ്വരനെ സൃഷ്ടിച്ചത്. അതായത് പതി നായിരം വർഷങ്ങൾക്കോ അതിനോ മുമ്പ്. ചുറ്റും നടക്കുന്ന പ്രകൃതിയുടെ വിവിധ പ്രതിഭാസങ്ങൾ എന്താണെന്നു മനസ്സിലാവാതെ അതെല്ലാം അവരെ സന്തോഷിപ്പിക്കാനോ സഹായിക്കാനോ ശിക്ഷിക്കാനോ വേണ്ടി ഒരാൾ ഉണ്ടാ ക്കുന്നതാണെന്ന ബോധത്തിൽനിന്നാണ്, ഭയത്തിൽനിന്നാണ് ഈശ്വരൻ എന്ന സങ്കൽപമുണ്ടായത്. എന്തിനും ഒരു കർത്താവു വേണമെന്ന ശാഠ്യം പിന്നീടു വന്ന തലമുറകളിൽ വിശ്വാസമായി ഉറച്ചു. ഈശ്വരൻ എന്ന സങ്ക ല്പത്തിൽ കവിതയുണ്ട്, സാന്ത്വനമുണ്ട്, പ്രതീക്ഷകളുണ്ട്. അതുകൊണ്ട് ആ സങ്കല്പം പെട്ടെന്ന് മനസ്സിലേയ്ക്ക് ഇറങ്ങിവരുന്നു. പിന്നീട് അതിനെ പ്പറ്റി പലതരം വിശ്വാസങ്ങളും കഥകളും പ്രചരിക്കുകയും ചെയ്തു.

നമുക്ക് ഒരു കാര്യം അന്വേഷിക്കാം. ഇരുപതാം നൂറ്റാണ്ടിലുണ്ടായ ശാസ്ത്ര വിജ്ഞാനം അതിനു മുമ്പുള്ള കാലയളവിലുണ്ടായ ആകെ വിജ്ഞാനത്തിന്റെ എത്രയോ ഇരട്ടിയാണ് ഇപ്പോൾ ഓരോ പത്തു വർഷ ത്തിനുള്ളിലും ഏകദേശം കഴിഞ്ഞ അമ്പതു വർഷത്തേക്കാൾ വിജ്ഞാനം കൂടുന്നുണ്ട്. ഇനി തൊട്ട് ഈ ഫ്രീക്വൻസി വളരെ കൂടുമെന്ന് തീർച്ച. ഇത്ര യൊക്കെ ആയിട്ടും ഇന്നും നമുക്ക് പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവ് എത്ര തുഛമാണ്! എങ്ങിനെയാണ് പ്രപഞ്ചമുണ്ടായത് എന്നതിന് തെളിവുകൾ കിട്ടിത്തുടങ്ങിയിട്ടേയുള്ളു. ഇന്നു നമ്മൾ ബിഗ് ബാങ്ങിന്റെ (യശഴ യമിഴ)അടു ത്തെത്തി നിൽക്കുന്നു. അതിനും മുമ്പ് എന്തായിരുന്നു എന്നതിലേയ്ക്ക് കട ക്കണമെങ്കിൽ ഇനിയും വർഷങ്ങൾ, ദശാബ്ദങ്ങൾ തന്നെ വേണ്ടിവരും. ആ നിലയ്ക്ക് പതിനായിരം വർഷങ്ങൾക്കു മുമ്പ്, ഇപ്പോഴുള്ള ശാസ്ത്രജ്ഞാ നവും സൗകര്യങ്ങളുമില്ലാതിരുന്ന ഒരു കാലത്ത്, മനുഷ്യൻ കല്ലുകൾ കൂർപ്പിച്ച് ആയുധങ്ങളുണ്ടാക്കി വേട്ടയാടിയിരുന്ന ഒരു കാലത്ത് സൃഷ്ടിച്ച ദൈവത്തിന് എന്തു പ്രസക്തി? നമ്മെയെല്ലാം നിയന്ത്രിക്കുന്ന ഒരു ശക്തി യായി പൊതുവേ ഈശ്വരനെ കാണാറുണ്ട്. പക്ഷെ നമ്മെ എന്നു മാത്രമല്ല ഈ പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്ന ശക്തികൾ മറ്റു പലതാണ്. അവ യാണ് ലഹലരൃേീമഴിലശേര ളീൃരല, ംലമസ ിൗരഹലമൃ ളീൃരല, ൃേീിഴ

ിൗരഹലമൃ ളീൃരല, ഴൃമ്ശമേശേീമഹ ളീൃരല. ഈ നാലു ശക്തികളെ ഏകോ പിപ്പിച്ചുകൊണ്ട് ഉണ്ടാക്കാനുദ്ദേശിക്കുന്ന തീയറി ഏൃമിറ ഡിശളശലറ ഠവലീൃ (ഏഡഠ) ഇതുവരെ ശരിയായിട്ടില്ല. അടുത്ത കാലത്ത് കണ്ടുപിടിച്ച റമൃസ ലിലൃഴ്യ യാണ് ഇവയേക്കാളൊക്കെ കേമനെന്നു തോന്നുന്നു. നാമിതുവരെ കരുതിയിരുന്നത് പ്രപഞ്ചം വികസിച്ചു വരികയാണെന്നും പക്ഷെ ഈ വികാസം ഗുരുത്വാകർഷണം മൂലം ക്രമേണ നിലയ്ക്കുമെന്നും ഗാലക്സി കൾ ഒരു വലിയ കൂട്ടിയിടിക്കായി തിരിച്ചുവരുമെന്നുമാണ്. തൊള്ളായി രത്തിതൊണ്ണൂറുകളിലാണ് ഹബ്ൾ ടെലെസ്കോപ് ഒരു കാര്യം കണ്ടുപി ടിച്ചത്. ഗാലക്സികൾ മുമ്പത്തെക്കാൾ വേഗത്തിൽ തിരിച്ചുവരാൻ ഉദ്ദേശ്യ മില്ലാത്ത വിധത്തിൽ അന്യോന്യം അപാരമായ വേഗത്തിൽ, പലപ്പോഴും വെളിച്ചത്തിന്റെ വേഗത്തെ മറികടന്ന് അകലുകയാണ്. ഗുരുത്വാകർഷണ ത്തിനും പിടിച്ചുനിൽക്കാൻ പറ്റാത്ത ഈ വികാസത്തിന് കാരണമന്വേഷിച്ചു പോയപ്പോൾ കിട്ടിയതാണ് റമൃസ ലിലൃഴ്യ, റമൃസ ാമലേൃ എന്നിവ. ഇവ രണ്ടും ഇപ്പോഴും സിദ്ധാന്തരൂപത്തിലായിട്ടേയുള്ളു. മുകളിൽ കൊടുത്ത ഈ ശക്തികൾതന്നെയാണ് നാമടക്കമുള്ള പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത്. ഇതി ലൊന്നും ദൈവത്തിന് ഒരു സ്ഥാനവും ഞാൻ കാണുന്നില്ല.

ഈ പ്രപഞ്ചം സ്വയംഭൂവാണ്. എങ്ങിനെയാണ് അതുണ്ടാവുന്നത്, അല്ലെ ങ്കിൽ ആദിയിൽ (ൂശൃീൃറശമഹ ശോല) നിലനിന്ന് പെട്ടെന്ന് പൊട്ടിത്തെ റിച്ച ആ ബിന്ദുവിനും മുമ്പ് എന്തായിരുന്നു എന്ന ചോദ്യം വരുന്നത് നമ്മുടെ മനസ്സിന്റെ പരിമിതി കാരണമാണ്. ഒരുപക്ഷെ ഇനിയും ഏതാനും വർഷ ങ്ങൾ, ദശകങ്ങൾ കഴിഞ്ഞാൽ അതിനുള്ള മറുപടിയും മനുഷ്യനുണ്ടാവും.

1987-ൽ പ്രപഞ്ചത്തെപ്പറ്റി എന്റെ മനസ്സിലുണ്ടായിരുന്ന ചില കാര്യങ്ങൾ മുമ്പ് എഴുതിയിരുന്നു. 'സംഭവാമി യുഗേ, യുഗേ....' എന്ന ആ ലേഖനം കലാകൗമുദിയിലാണ് പ്രസിദ്ധീകരിച്ചത്. പ്രപഞ്ചം ഒരു സംഭവിച്ചുകഴിഞ്ഞ പ്രതിഭാസമാണെന്നാണ് (ുലിേ ൗിശ്ലൃലെ) എന്റെ ഊഹം. അതായത് എല്ലാം സംഭവിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും നാമിപ്പോൾ കാണുന്നത് സമ യത്തിൽ അല്ലെങ്കിൽ കാലത്തിൽ നാമെത്തിനിൽക്കുന്ന നിമിഷം മാത്രമാ ണെന്നും, അത് ആവർത്തിച്ചു വരുമെന്നും. അതായത് നാമിപ്പോൾ ഇരി ക്കുന്ന നിമിഷത്തിനു തൊട്ടുതന്നെ ഭൂതത്തിന്റെയോ ഭാവിയുടെയോ ആയ തലങ്ങളുമുണ്ട്. നമുക്ക് കഴിഞ്ഞകൊല്ലം സഭവിച്ച കാര്യവും ഇനി ഒരു കൊല്ലമോ രണ്ടുകൊല്ലമോ കഴിഞ്ഞു 'സംഭവിച്ച' കാര്യങ്ങളും എല്ലാം നടന്നു കഴിഞ്ഞവയാണ്. സമയത്തിന്റെ സൂചി ആ നിലയിലെത്തുമ്പോൾ നാം അത നുഭവിക്കുമെന്നു മാത്രം. കുറച്ചു കുഴക്കുന്ന ചിന്താഗതിയാണ്. ഒരു സിനി മാഫിലിമെടുത്തു നോക്കൂ. ഒരു സെക്കന്റിൽ 30 ഫ്രെയിമുകളാണ് നമുക്കു മുമ്പിൽ കാണുന്നത്, അതായത് ഒരു ഫ്രെയിം സെക്കന്റിന്റെ മുപ്പ തിലൊരംശം മാത്ര മേ നാം കാണുന്നുള്ളു. അപ്പോഴേയ്ക്ക് അടുത്ത ഫ്രെയിം കാണുന്നു. നമ്മുടെ സ്ഥിതി ഇതിനേക്കാൾ വേഗമാർന്നതാണ്. നമുക്കു മുന്നിൽ ഫ്രെയിമുകളുണ്ട് പിന്നിലും. നമ്മുടെ ബോധതലം (രീിരെശീൗ മെേലേ) അനുഭവപ്പെടുന്നത് ഈ ഫ്രെയിമുകളിൽ ഒന്നുമാത്രമാണ്. ഈ ഫ്രെയിമുകൾ നമ്മുടെ മുമ്പിലും പിന്നിലുമായി (ഭൂതത്തിലും ഭാവിയിലും) നിരന്നുകിടക്കുന്നതായാണ് എന്റെ സങ്കല്പം.

ജ്യോതിഷത്തിൽ പ്രവചനം ഫലിക്കാനുള്ള കാരണം ഈയൊരു അവസ്ഥാവിശേഷമാണെന്ന് ഞാൻ കരുതുന്നു. 'സംഭവിച്ച' എന്നുവച്ചാൽ ഭാവിയിൽ 'സംഭവിച്ച' ഒരു കാര്യമാണ് അവർ പ്രവചനമായി പറയുന്നത്. ഇത് ഒരു വലിയ ലേഖനത്തിൽക്കൂടി മാത്രമേ വിശദീകരിക്കാനാവു. 'എന്റെ സ്ത്രീകൾ' എന്ന കഥാസമാഹാരത്തിൽ എന്റെ ജീവിതത്തെയും സാഹിത്യത്തെയും കുറിച്ച് ഏതാനും ലേഖനങ്ങൾ ചേർത്തിട്ടുണ്ട്. അതിലെ ഒരു ലേഖനത്തിൽ ജാതകം, ഞാനറിയാതെത്തന്നെ എന്റെ ജീവിതത്തിന്റെ തിരക്കഥയായതിനെപ്പറ്റി പറയുന്നുണ്ട്. ഈ ലേഖനങ്ങൾ 'എന്റെ സ്ത്രീപക്ഷ കഥകളെപ്പറ്റി' എന്ന പേരിൽ വെബ്ബിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. വമ്പേ://ഠഠഠ.ല വമൃശസൗാമൃ.രീാ. താല്പര്യമുള്ളവർക്ക് എടുത്തു വായിക്കാം. 'സംഭവാമി യുഗേ....യുഗേ....' എന്ന ലേഖനവും വെബ്ബിലുണ്ട്.

പ്രവാസിശബ്ദം ഓണപ്പതിപ്പ് 2014

BACK TO INDEX

൬

# അല്പം ചൂടും കുറേ പുകയും

ഇന്ത്യയുടെ ആണവസ്പോടനങ്ങളെ സംബന്ധിച്ചുണ്ടായ ചൂടും പുകയും കെട്ടടങ്ങിയിട്ടില്ല. ഓരോ രാഷ്ട്രീയക്കാരും ബുദ്ധിജീവികളും അവരവരുടെ നിറത്തിനും പ്രകൃതത്തിനും ചേരുന്നപടി പ്രതികരിച്ചു. എല്ലാം രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടിയായിരുന്നു എന്ന് വ്യക്തം. ചൈന അണ്വായുധം പൊട്ടിച്ചാൽ അത് അമേരിക്കൻ സാമ്രാജ്യത്തിനു 'ശക്തമായ താക്കീതും' ഇന്ത്യ ചെയ്താൽ അത് അനാവശ്യപ്രകടനവും ലോകസമാധാനത്തിന് ഭീഷണിയുമാണെന്നു വാദിക്കുന്ന ഒരുപക്ഷം, എന്തുകൊണ്ട് ഈ ഒരു സമയംതന്നെ തെരഞ്ഞെടുത്തു എന്ന് ചോദിക്കുന്ന വേറൊരു പക്ഷം. പിന്നെ എപ്പോഴാണതു വേണ്ടിയിരുന്നതെന്ന മറുചോദ്യത്തിന് ഉത്തരമില്ല. ഇന്ത്യയ്ക്ക് രണ്ട് ആത്മസുഹൃത്തുക്കളായ(?) ചീനയുടേയും പാകിസ്ഥാന്റേയും സൗഹൃദം നഷ്ടപ്പെട്ടതിൽ ഖേദിക്കുന്ന ഒരുകൂട്ടം ആൾക്കാർ. അവർക്കെല്ലെ മതിരെ ഭാരതത്തിന്റെ സാങ്കേതിക മികവിൽ അഭിമാനിക്കുന്ന, ആഘോഷിക്കുന്ന ഒരു വിഭാഗം ജനങ്ങൾ. ഇവർക്കെല്ലാം ഇടയിൽ ഈ അണുസ്പോടനത്തെ സമഗ്രമായി വീക്ഷിക്കാൻ ആരും സന്നദ്ധരായി കണ്ടില്ല.

ഇന്ത്യയുടെ ആണവസ്പോടനം നമ്മുടെ ഉപഭൂഖണ്ഡത്തിൽ ആണവായുധമത്സരം ഉണ്ടാക്കിയെന്നു വാദിക്കുന്നു ചിലർ. എന്നുവച്ചാൽ ഇന്ത്യ ബോംബ് പരീക്ഷിച്ചപ്പോഴാണ് പാകിസ്ഥാൻ ബോംബുണ്ടാക്കിയത് എന്ന സൂചന. ചുരുക്കിപ്പറഞ്ഞാൽ പാകിസ്ഥാൻ പത്തുദിവസംകൊണ്ട് ആറ് ബോംബുകളുണ്ടാക്കി അവ പരീക്ഷിച്ചു എന്നർത്ഥം. ഇതു ശരിയല്ല എന്നും പാകിസ്ഥാന്റെ കയ്യിൽ ആണവായുധമുണ്ടായിരുന്നു എന്നും വളരെ വ്യക്തമാണ്. മോങ്ങാനിരിക്കുന്ന നായുടെ തലയിൽ തേങ്ങാ വീണതുപോലെ എന്ന ചോല്ല് ഓർക്കുക. കഴിഞ്ഞ അമ്പതു വർഷക്കാലത്തെ പരിചയംകൊണ്ട് പാകിസ്ഥാനെയോ ചീനയെയോ എത്രമാത്രം വിശ്വസിക്കാമെന്ന് നമുക്കറിയാം. ഹിന്ദി-ചീനി ഭായിഭായി എന്ന മന്ത്രം നെഹ്റുവും കൃഷ്ണമേനോനും ഉരുവിട്ടുകൊണ്ടിരുന്നപ്പോഴാണ് യാതൊരു പ്രകോപനവും കൂടാതെ ചീന നമ്മെ ആക്രമിച്ചത്. ഒരു ഉപദ്രവവും ചെയ്യാത്ത ഇന്ത്യൻ ജനതയുടെ തലയിലാണ് പാകിസ്ഥാൻ ഭീകരവാദത്തിന്റെ ഇടിത്തീ തൊടുത്തുവിടുന്നത്. അങ്ങിനെയുള്ള രണ്ടു രാഷ്ട്രങ്ങൾ എന്നെങ്കിലും അവരുടെ അണ്വായുധംകൊണ്ട് നമ്മെ ഭീഷണിപ്പെടുത്തിക്കൂടെന്നില്ല. ആയിരക്കണക്കിന് കിലോമീറ്റർ അകലത്തിലുള്ള കോയമ്പത്തൂരിലും തൃശ്ശൂരിലും ബോംബു സ്പോടനങ്ങൾ നടത്തിയ ഒരു രാജ്യം തരം കിട്ടിയാൽ അണുബോംബ് ഉപയോഗിക്കില്ലെന്നു പറയുന്നത് ശുദ്ധാത്മാക്കൾ മാത്രമേ വിശ്വസിക്കൂ. മറിച്ച് നമ്മുടെ കയ്യിലും ഈ ആയുധമുണ്ടെന്ന് വന്നാൽ ഈവക ഭീഷണികൊണ്ടൊന്നും നമ്മെ വിരട്ടാൻ അവർക്കു കഴിയില്ല. നൂറ്റാണ്ടുകളായി ഭാരതത്തെ ആക്രമിച്ചു കൊള്ളചെയ്യുകയും കീഴടക്കുകയും ചെയ്തവർക്ക് അങ്ങിനെ ചെയ്യാൻ കഴിഞ്ഞത് ഇന്ത്യയുടെ ബലഹീനത കൊണ്ടും പുതിയ സാങ്കേതികവിദ്യ കൈവരിക്കുന്നതിൽ വന്ന വീഴ്ചകൊണ്ടുംതന്നെയാണ്. പറങ്കികളും ബ്രിട്ടിഷുകാരും, തോക്കുകളും പീരങ്കികളുമായി വന്നപ്പോൾ നമ്മു

ടെ അമ്പും വാളും പഴഞ്ചനും കാര്യത്തിനുതകാത്തവയുമായി. സാങ്കേതികമികവാണ് വിദേശികൾക്ക് ഇവിടെ ആധിപത്യം സ്ഥാപിക്കാൻ പഴുതുണ്ടാക്കിയത്. ഇനിയും ഇതൊന്നും ആവർത്തിച്ചുകൂടെന്നില്ല. ഇന്ത്യയുടെ പരമാധികാരത്തെ അടിയറ വെപ്പിക്കാൻ പാകിസ്ഥാനോ ചീനയ്ക്കോ ഒരു ചെറിയ അണു ബോംബു പോരെ? തിരിച്ച് അങ്ങോട്ടും പ്രയോഗിക്കുമെന്ന നില വന്നാൽ പിന്നെ അവരതിനു മുതിരില്ല. അതിനാണ് ന്യൂക്ലിയർ ഡിറ്ററന്റ് എന്നു പറയുന്നത്. അണുബോംബുകൾ ഉപയോഗിക്കാനുള്ളതല്ല, മറിച്ച് ഭീഷണിപ്പെടുത്താനും ഭീഷണിയെ നേരിടാനും മാത്രമുള്ളതാണെന്ന കാര്യം വിമർശകർ മറക്കുന്നു.

ചൈനയ്ക്ക് അണുബോംബുകൾ ഇന്ത്യയിലെത്തിക്കാനുള്ള മിസൈലുകളുണ്ട്. പാകിസ്ഥാന് അവയില്ലെന്ന ന്യായമുണ്ടായിരുന്നു ഇതുവരെ. അവരുടെ ഘോറി മിസൈലുകൾ അണുബോംബുകൾ ഘടിപ്പിക്കാനും അതുകൊണ്ട് പറക്കാനും ഉതകുന്നതാണോ എന്ന് ഇനിയും തീർച്ചയില്ല. പാകിസ്ഥാനെ സംബന്ധിച്ചേടത്തോളം അതൊന്നും ഒരു പ്രശ്നമല്ല. ഇന്ത്യയിലുടനീളം വമ്പിച്ച സ്ഫോടനങ്ങൾ അഴിച്ചുവിട്ട പാകിസ്ഥാന് ഒരണുബോംബ് ഇന്ത്യയിലെവിടെയും പൊട്ടിക്കാൻ മിസൈലിന്റെ ആവശ്യംതന്നെയുണ്ടെന്ന് തോന്നുന്നില്ല. സാധനം നമ്മുടെ കസ്റ്റംസ് ക്ലീയറൻസോടുകൂടി ഇന്ത്യയിലെവിടെയും എത്തിക്കാൻ അവർക്കു കഴിയും. അതിനുള്ള ആന്തരിക സംവിധാനം അവർക്ക് ഇന്ത്യയിലുണ്ട്. അതുകൊണ്ട് ഇന്ത്യയെ ലാക്കാക്കി ഒരു മിസൈൽ പരിപാടി തയ്യാറാക്കുന്നുണ്ടെങ്കിൽ അത് പാഴ്ചെലവാണെന്നർത്ഥം.

ഈ ചുറ്റുപാടിൽ ഇന്ത്യ ഒരണുപരീക്ഷണം നടത്തിയെങ്കിൽ കുറ്റം പറയാനില്ല. അയൽക്കാരൻ വെടിമരുന്നുണക്കുമ്പോൾ അതാരുടെ നേർക്കാണുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുകയും നെല്ലുചിക്കി സമയം പാഴാക്കാതെ വെടിമരുന്നു സംഭരിക്കുകയും ചെയ്യുന്നതാണ് വിവേകം. ബുദ്ധന്റെ പ്രതിമകൊണ്ടാണെങ്കിലും തിന്നാൻ വരുന്ന നരിയെ കൊല്ലുകതന്നെയാണ് ബുദ്ധി.

അമേരിക്കക്കാരുടെ പ്രതികരണം മനസ്സിലാവണമെങ്കിൽ അതിന്റെ പശ്ചാത്തലം കൂടി ശ്രദ്ധിക്കണം. ഇന്ത്യയോ പാകിസ്ഥാനോ ചൈനയോ അണുബോംബുണ്ടാക്കിയാൽ ഒരു വിധത്തിലുള്ള വിഷമങ്ങളും നേരിടാത്ത ഒരു രാജ്യമാണ് അമേരിക്ക. ഈ മൂന്നു രാജ്യങ്ങൾക്കും ഒരു അണുബോംബ് അമേരിക്കയിൽ കൊണ്ടുപോയി ഇടാൻ കഴിയില്ലെന്നതു തീർച്ചയാണ്. അമേരിക്കൻ പ്രതിരോധം അത്രയധികം കുറ്റമറ്റതാണ്. അമേരിക്കൻ സാങ്കേതികതയുടെ മികവായി അതിനെ കണക്കാക്കാം. മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ സ്ഥിതിയും ഏതാണ്ട് ഇതുപോലൊക്കെത്തന്നെയാണ്.

അപ്പോൾ അവർ എന്തിനെയാണ് ഭയപ്പെടുന്നത്? ഇന്ത്യയോ പാകിസ്ഥാനോ അണുബോംബോ മിസൈലോ ഉണ്ടാക്കുമ്പോൾ അവർ ഇത്ര പരിഭ്രമിക്കാനെന്തേ? കാരണം അന്വേഷിച്ചാൽ എത്തുന്നത് പുതിയ സാമ്രാജ്യത്വത്തിന്റെ സാമ്പത്തികശാസ്ത്രത്തിലേയ്ക്കാണ്. ഇന്ന് അമേരിക്കയോ യൂറോപ്യൻ രാജ്യങ്ങളോ സാമ്രാജ്യസ്വപ്നങ്ങളുമായി മൂന്നാംരാജ്യങ്ങളിൽ വരുന്നത് ആയുധം കൊണ്ടല്ല, മറിച്ച് സാങ്കേതികവിദ്യകൊണ്ടാണ്. എന്നു

വച്ചാൽ ആയുധങ്ങളും പടക്കോപ്പുകളും സൈന്യങ്ങളുമൊന്നുമില്ലാതെ അവർ പുതിയ സാമ്രാജ്യങ്ങൾ ഉണ്ടാക്കുന്നു. ഈ രാജ്യങ്ങൾ ഓരോ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കോടികളാണ് ചെലവഴിക്കുന്നത്. ഉൽപാദനം സ്വകാര്യമേഖലയിലായതിനാൽ സർക്കാരിന്റെ ചുവപ്പുനാടകളോ, പിടിപ്പുകേടോ ഒന്നും അവരെ ബാധിക്കുന്നില്ല. ലക്ഷ്യം പ്രതിയോഗികളേക്കാൾ മെച്ചപ്പെട്ട ഉൽപ്പന്നം മാർക്കറ്റിലെത്തിക്കണം, പെട്ടെന്ന് വിറ്റു കാശാക്കണം. അതുമാത്രം. ഒരു ഉൽപ്പന്നം വികസിപ്പിച്ചെടുക്കാൻ കോടികൾ ചെലവാക്കുമ്പോഴുള്ള പ്രശ്നമെന്തെന്നാൽ, അതിനു ചെലവാക്കുന്ന പണം തിരിച്ചുകിട്ടി സാമാന്യം നല്ലൊരു ലാഭവും കൊയ്തെടുക്കണമെങ്കിൽ ആ ഉൽപ്പന്നത്തിന് നല്ലൊരു മാർക്കറ്റ് കിട്ടണം. അവരവരുടെ രാജ്യത്തിനകത്തെ കമ്പോളം മാത്രം പോരാ എന്നർത്ഥം. പലപ്പോഴും ഒരു ഉൽപ്പന്നം വികസിപ്പിച്ചെടുത്ത് കമ്പോളത്തിലിറക്കുമ്പോഴേയ്ക്ക് അതിലും നവീനമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മറ്റൊരു ഉൽപ്പന്നം വേറെ ഏതെങ്കിലും രാജ്യമോ വേറെ ഏതെങ്കിലും കമ്പനിയോ ഇറക്കിയിരിക്കും. ഇതിന് ജനറേഷൻ എന്നു പറയുന്നു. തേഡ് ജനറേഷൻ മാർക്കറ്റിലെത്തുന്നതിനു മുമ്പുതന്നെ ഫോർത് ജനറേഷൻ വികസിപ്പിച്ചെടുക്കാനുള്ള പരീക്ഷണങ്ങൾ തുടങ്ങിയിരിക്കും. അതുകൊണ്ട് ഏതൊരു ഉൽപ്പന്നവും വികസിപ്പിച്ചെടുത്താൽ ദിവസങ്ങൾക്കുള്ളിൽ വിറ്റഴിയണം. അല്ലെങ്കിൽ അടുത്ത ജനറേഷൻ മാർക്കറ്റിലെത്തുകയും പഴയ സാധനങ്ങളെ വിപണിയിൽനിന്ന് പുറത്താക്കുകയും ചെയ്യും. ഇത് രാജ്യാന്തരവിപണിയിൽ കടുത്ത മത്സരത്തിന് ഇടയാക്കുന്നു. ഈ സാഹചര്യത്തിൽ വികസ്വരരാജ്യങ്ങൾ ഉൽപാദനരംഗത്ത് അദ്ഭുതനേട്ടങ്ങളുണ്ടാക്കുന്നത് വികസിതരാജ്യങ്ങൾക്ക് തീരെ ഇഷ്ടമാവില്ല.

ഇനി മറ്റൊരു കാര്യം. സാങ്കേതികപരിജ്ഞാനം എങ്ങിനെ കൈവരിക്കുന്നു എന്ന് നോക്കാം. ശാസ്ത്രചരിത്രം എടുത്തുനോക്കിയാൽ ഒരു കാര്യം വ്യക്തമാവും. ഇന്നത്തെ കണ്ടുപിടുത്തങ്ങളിൽ മിക്കതും ഉണ്ടായിട്ടുള്ളത് മെച്ചപ്പെട്ട ആയുധങ്ങൾക്കു വേണ്ടിയുള്ള തെരച്ചിലിൽ ആണ്. രണ്ടു ലോകമഹായുദ്ധങ്ങളാണ് ആധുനിക സാങ്കേതികജ്ഞാനത്തിന്ന് പ്രേരണയും കുതിപ്പുമുണ്ടാക്കിയിട്ടുള്ളത്. മനുഷ്യനെ എങ്ങിനെ വളരെ വേഗത്തിൽ കൂട്ടമായി കൊന്നൊടുക്കാമെന്ന അന്വേഷണമാണ് ഇന്നത്തെ കണ്ടുപടുത്തങ്ങളുടെയെല്ലാം പിന്നിൽ. യുദ്ധം കഴിഞ്ഞാൽ പിന്നീട് ആ സാങ്കേതികവിദ്യ സമാധാനപൂർവ്വമായ കാര്യങ്ങൾക്ക്, കച്ചവടതാത്പര്യത്തോടെ എങ്ങനെ ഉപയോഗിക്കാമെന്ന് ആരായുന്നു. ആരോഗ്യരംഗത്തും, കാർഷികരംഗത്തും, വ്യവസായരംഗത്തും ഇന്നുള്ള പല ഉൽപ്പന്നങ്ങളുടെയും ഉദയം ഇങ്ങനെയാണ്. അതായത് വളരെ വളഞ്ഞ, വിനാശകരമായ വഴിയിലാണ് കണ്ടുപിടുത്തങ്ങൾ സഞ്ചരിക്കുന്നത് എന്നർത്ഥം.

ഇന്ത്യ ഇന്ന് ഒരണുബോംബ് പരീക്ഷിച്ചിട്ടുണ്ടെങ്കിൽ അത് ഇന്ത്യ സാങ്കേതികതലത്തിൽ എവിടെ നിൽക്കുന്നു എന്നതിന്റെകൂടി സൂചനയാണ്. അമേരിക്കയ്ക്കും യൂറോപ്യൻ സമൂഹത്തിനും തലവേദനയുണ്ടാക്കുന്നതും ഇതാണ്. ഇന്ത്യ സാങ്കേതികവിദ്യയിൽ മുന്നേറിയാൽ കാലക്രമത്തിൽ അവരുടെ വിപണിയാണ് നഷ്ടപ്പെടുന്നത്. ഇന്ത്യയും ചീനയുമാണ് ഇന്ന് ലോകത്തിലെ ഏറ്റവും വലിയ വിപണി. അതു കൈയടക്കാനുള്ള ശ്രമത്തി

ലാണ് അവർ. നിങ്ങൾ ഒന്നുമുണ്ടാക്കണ്ട, ഞങ്ങളില്ലേ അതൊക്കെ തരാൻ എന്നു പറഞ്ഞ് നമ്മെ അവികസിതരാജ്യമാക്കി നിലനിർത്താനുള്ള ശ്രമം. നമ്മുടെ അണുവായുധ പരീക്ഷണങ്ങളെ വിമർശിക്കുന്നവർ അവരറിയാതെ അമേരിക്കൻ-യുറോപ്യൻ സമൂഹത്തിന്റെ പുതിയ കൊളോണിയലിസത്തെ സഹായിക്കുകയാണ്.

മിസൈൽ സാങ്കേതികവിദ്യ ഇന്ത്യ കരസ്ഥമാക്കുന്നതു തടയാൻ അമേരിക്ക വളരെ പണിപ്പെട്ടതാണ്. റഷ്യക്കാർ കൈമാറാമെന്നേറ്റ ക്രയോജനിക് സാങ്കേതികവിദ്യപോലും അവർ സമ്മർദ്ദം ചെലുത്തി നിറുത്തലാക്കി. ഇന്ത്യ മിസൈലുകൾ വികസിപ്പിച്ചെടുത്താൽ അമേരിക്കയ്ക്ക് എന്താണ് വിഷമമെന്ന് ആലോചിക്കാം. ഇന്ത്യക്ക് ഒരു കാലത്തും അമേരിക്കയെ മിസൈലുകൊണ്ട് ആക്രമിക്കാൻ കഴിയില്ല. അവരുടെ പ്രതിരോധഭിത്തി തുളച്ചു കയറാൻ പ്രയാസമാണ്. ഇന്ത്യയിൽ നിന്ന് ഒരു മിസൈൽ ഉയരുന്ന നിമിഷം അത് ഉപഗ്രഹങ്ങൾവഴി ട്രാക്കുചെയ്ത്, ഏതു വിഭാഗത്തിൽ പെട്ടതാണെന്നും അതിന്റെ ലക്ഷ്യമെന്താണെന്നും കണക്കുകൂട്ടി അത് തങ്ങളുടെ രാജ്യത്തേയ്ക്കാണെന്നു മനസ്സിലായാൽ അതിനെ നശിപ്പിക്കാനും മറ്റുമുള്ള സജ്ജീകരണങ്ങളുണ്ട് അമേരിക്കയ്ക്ക്. പിന്നെ എന്താണവരുടെ പ്രശ്നം? നേരത്തെ പറഞ്ഞപോലെ, മിസൈൽ ശത്രുരാജ്യത്ത് ബോംബെറിയാൻ മാത്രമല്ല, വാർത്താവിനിമയോപഗ്രഹങ്ങളെ അതിന്റെ ഭ്രമണപഥത്തിലെത്തിക്കാനും ആവശ്യമാണ്. വികസിതരാജ്യങ്ങൾ തമ്മിൽ കടുത്ത മത്സരമുള്ള ഒരു കച്ചവടമാണ് ഉപഗ്രഹവിക്ഷേപണം. ഒരു ഉപഗ്രഹം തൊടുത്തുവിടാൻ ഇതുവരെ നമ്മൾ കൊടുത്തിരുന്നത് ഭീമമായ സംഖ്യയായിരുന്നു, അതും അപൂർവ്വമായ വിദേശനാണ്യത്തിൽ. ഇന്ത്യ മിസൈലുകളും റോക്കറ്റുകളും വികസിപ്പിച്ചെടുത്തപ്പോൾ വികസിതരാജ്യങ്ങൾക്ക് നഷ്ടമായത് ഒരു വലിയ കച്ചവടസാധ്യതയാണ്. മാത്രമല്ല വിദൂരമല്ലാത്ത ഭാവിയിൽ ഇന്ത്യ മറ്റു രാജ്യങ്ങളുമായി ഉപഗ്രഹവിക്ഷേപണരംഗത്ത് മത്സരിക്കുകയും ചെയ്യും. ഇന്ത്യ മിസൈൽ നിർമ്മിക്കുന്നതിൽ പാശ്ചാത്യരാഷ്ട്രങ്ങൾക്കുള്ള എതിർപ്പ് മനസ്സിലാക്കാവുന്നതേയുള്ളൂ.

നാം അണുസ്ഫോടനം നടത്തിയപ്പോൾ ഇവിടെ കേട്ട എതിർപ്പിൽ പ്രധാനപ്പെട്ട ഒന്ന് കുടിവെള്ളവും ഭക്ഷണവും മര്യാദയ്ക്ക് എത്തിക്കാൻ പറ്റാത്ത ഒരു രാജ്യം അണുസ്ഫോടനം നടത്തുന്നതിലെ അപാകതയാണ്. ഈ അഭിപ്രായം നിത്യേന പത്രങ്ങളിൽ വരുന്നു. ക്രമേണ സാധാരണക്കാരുടെ അഭിപ്രായങ്ങളെ സ്വാധീനിക്കുന്നു. അണുസ്ഫോടനവും കുടിവെള്ളം എത്തിക്കലും രണ്ടും രണ്ടാണ്. ന്യൂക്ലിയർ സാങ്കേതികവിദ്യവരെ കൈമുതലുള്ള ഒരു രാജ്യത്തിന്ന് കുടിവെള്ളം എത്തിക്കാനുള്ള കഴിവില്ലാ എന്നു പറയുന്നത് ശുദ്ധ അസംബന്ധമാണ്. കഴിവില്ലാഞ്ഞിട്ടല്ല. നമ്മെ കഴിഞ്ഞ 50 വർഷമായി ഭരിച്ച രാഷ്ട്രീയ പാർട്ടികൾ അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചില്ല എന്നതാണ് കാര്യം. 50 വർഷമായി വൈപ്പിൻ പോലുള്ള ഒരു സ്ഥലത്ത് ശുദ്ധജലമെത്തിക്കാൻ കഴിയില്ലെങ്കിൽ അതാരുടെ തെറ്റാണ്? ഭക്ഷണത്തിന്റെ കാര്യവും അതുപോലെത്തന്നെയാണ്. ഒരഞ്ചു കൊല്ലത്തിനുള്ളിൽ തുടച്ചുനീക്കാവുന്ന ദാരിദ്ര്യമേ ഇന്ന് ഭാരതത്തിലെങ്ങുമുള്ളൂ. അതു ചെയ്യാനുള്ള കഴിവും ആത്മാർത്ഥതയും നേതാക്കൾക്ക് വേ

ണമെന്നു മാത്രം. ജനസേവയല്ല രാഷ്ട്രീയക്കളിയാണ് മുഖ്യലക്ഷ്യമെങ്കിൽ ഇനിയൊരു 50 വർഷത്തിനുള്ളിലും ഇവിടെ ദാരിദ്ര്യം അവസാനിക്കില്ല, കുടിവെള്ളം എത്തുകയുമില്ല.

എത്ര പ്രോജക്റ്റുകളാണ് നമ്മുടെ കൊള്ളരുതായ്മകൊണ്ട് പകുതിയ്ക്കുവച്ച് നിറുത്തേണ്ടിവരികയോ, തുടങ്ങാൻതന്നെ കഴിയാതിരിക്കുകയോ ചെയ്യുന്നത്? നീക്കിവച്ച പണം ലാപ്സാക്കിക്കളയുകയല്ലേ പലപ്പോഴും ചെയ്യുന്നത്? ചുരുക്കിപ്പറഞ്ഞാൽ 'നമുക്ക് കുടിവെള്ളമാണ് ആവശ്യം ബോംബല്ല' എന്ന മുദ്രാവാക്യത്തിന് വലിയ പ്രസക്തിയില്ല എന്നുതന്നെ.

വികസിതരാജ്യങ്ങൾ ഉപരോധം ഏർപ്പെടുത്തുമെന്നതാണ് മറ്റു ചിലർക്ക് ആശങ്ക. അത് ആരെയാണ് ശരിക്കും ബാധിക്കുകയെന്ന് നോക്കാം. നേരത്തെ പറഞ്ഞപോലെ വികസിതരാജ്യങ്ങളിലെ മൾട്ടിനാഷനൽ കമ്പനികൾ പുതിയ മാർക്കറ്റുകൾക്കുവേണ്ടി മത്സരിക്കുന്ന കാലമാണ്. ഭാരതമാകട്ടെ ഈ കമ്പനികൾക്കുവേണ്ടി ഗെയ്റ്റ് മലർക്കെ തുറന്നിട്ട സമയവും. അപ്പോൾ ആ രാജ്യങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്ന ഉപരോധം എത്രത്തോളം ഫലപ്രദമാകുമെന്ന് നമുക്കൂഹിക്കാനേ ഉള്ളൂ. മാത്രമല്ല ഇപ്പോൾ ഇന്ത്യയിൽ കച്ചവടം ചെയ്യുന്ന മൾട്ടിനാഷനൽ കമ്പനികളെ മുഴുവനും, ഉപരോധത്തിനു മറുപടിയായി കെട്ടുകെട്ടാൻ നമ്മൾ ആവശ്യപ്പെട്ടാൽ ആർക്കാണ് നഷ്ടം? പെപ്സിയും കോക്കകോളയും നമുക്ക് അത്യാവശ്യമുള്ള വസ്തുക്കളാണോ? (77-ൽ ജോർജ് ഫെർനാന്റസ് കോക്കകോലയെ നാടുകടത്തിയത് ചിലരെങ്കിലും ഓർക്കുന്നുണ്ടാവും.) സുസുക്കിയും ഫോർഡും വേൾപൂളും ഇവിടെനിന്നു പോയാൽത്തന്നെ നമ്മൾ സ്വാശ്രയശീലം പഠിക്കില്ലേ? അരനൂറ്റാണ്ടായി റഫ്രിജറേറ്റർ ഉണ്ടാക്കിക്കൊണ്ടിരുന്ന ഗോദ്റെജിന് ഒരു നല്ല ഫ്രിഡ്ജുണ്ടാക്കാൻ ഇപ്പോൾ ജനറൽ ഇലക്ട്രിക്സിന്റെ സഹായവും സാങ്കേതികവിദ്യയും ആവശ്യമുണ്ടോ?

ചൈനക്കാർ കാണിക്കുന്ന ദേശീയത നമ്മളും കാണിക്കണമെന്നു മാത്രം. ചൈനക്കാർ എന്തു ചെയ്യണമെന്ന് തീർച്ചയാക്കുന്നത് അവരാണ്, അമേരിക്കയോ ബ്രിട്ടനോ അല്ല. ഞങ്ങളുടെ നാട്ടിൽ വന്നോ, കച്ചവടം ചെയ്തോ, ലാഭം കൊണ്ടുപൊയ്ക്കോ. ഒക്കെ ശരി, പക്ഷേ ഞങ്ങളുടെ വീട്ടിലെ കാര്യം നിങ്ങൾ അന്വേഷിക്കണ്ട എന്ന മനോഭാവം. അമേരിക്കയോ ബ്രിട്ടനോ ഉപരോധമെന്നു പറഞ്ഞ് വിരട്ടുമ്പോൾ ഭയപ്പെടാതിരിക്കുക. കുത്തുപാള വലിച്ചെറിയാനുള്ള ഒരവസരം വന്നിട്ടുണ്ടെങ്കിൽ അതിനൊത്തുയരുക. കമ്യൂണിസത്തിന്റെ ബദ്ധശത്രുക്കളായ അമേരിക്കക്കാർ ചീനന്റെ തോളിൽ കൈയിട്ടു നടക്കുകയും കെന്റുക്കി ചിക്കൻ തീറ്റിക്കുകയും ചെയ്യുമ്പോൾ, ഒരു നാടൻ പ്രയോഗം കടമെടുക്കുകയാണെങ്കിൽ അതിന്റെ 'ഗുട്ടൻസ്' എന്താണെന്ന് ഒരു നിമിഷം ആലോചിക്കുക. നമ്മൾ വിഡ്ഢികളാവരുത്. ചൈനക്കാർ ചൈനക്കാരും നമ്മൾ നമ്മളുമായിരിക്കുന്നേടത്തോളം കാലം. ചിന്തിക്കാനുള്ള കഴിവ് രാഷ്ട്രീയപാർട്ടികൾക്ക് അടിയറ വെച്ച നമുക്ക് അതിനൊക്കെ കഴിയുമോ എന്നു കണ്ടറിയണം.

അണുവായുധ നിരോധനത്തിനും ഇന്ത്യയുടെ പരീക്ഷണം നല്ലൊരു ഊന്നായി മാറുമെന്ന് സംശയമില്ല. ഏത് മൂന്നാംകിട രാഷ്ട്രത്തിനും അണ്വായുധങ്ങളും, അത് അടുത്തുള്ള രാജ്യങ്ങളിലെത്തിക്കാനുള്ള മിസൈലുകള

ും ഉണ്ടാക്കാമെന്നുമുള്ള നില വന്നാൽ നൂറുകണക്കിന് അണ്വായുധങ്ങൾ അലമാറിയിൽ വച്ചുസൂക്ഷിക്കുന്ന വൻകിട രാഷ്ട്രങ്ങൾ രണ്ടാമതൊന്ന് ആലോചിക്കും. നിങ്ങളുടെ ഒരു ബോംബിനുപകരം ഞങ്ങളുടെ പത്ത് ബോംബുകൾ നശിപ്പിക്കാമെന്ന തരത്തിലുള്ള കരാറിലേർപ്പെടാൻ അതവരെ പ്രേരിപ്പിക്കും.

ഇന്ത്യയോ പാകിസ്ഥാനോ അണുബോംബുണ്ടാക്കുമ്പോൾ മുറവിളി കൂട്ടുന്ന വിദേശികളും, നമ്മുടെ ബുദ്ധിജീവികളും രാഷ്ട്രീയക്കാരും, രണ്ടും കൂടിയ സങ്കരവർഗ്ഗക്കാരും ഒരു കാര്യം വിസ്മരിക്കുന്നു. ഇന്ന് ലോകം ഒരു അണുസ്ഫോടനവിപത്തിന്റെ വക്കത്തെത്തി നിൽക്കുന്നുണ്ടെങ്കിൽ അത് ഇന്ത്യയുടേയോ പാകിസ്ഥാന്റേയോ ചീനയുടേയോ ബോംബുകൾ കാരണമല്ല. മറിച്ച് ഇപ്പോഴും പഴഞ്ചൻ സാങ്കേതികവിദ്യയിൽ തങ്ങളുടെ അണുബോംബുകളും, അവ തലയിൽ പേറുന്ന മിസൈലുകളും ഉറപ്പിച്ചു നിറുത്തുന്ന റഷ്യ കാരണമായിരിക്കും. ഇലക്ട്രോണിക്സും കമ്പ്യൂട്ടറും അതിന്റെ ശൈശവദശയിൽ ഇരുന്ന കാലത്ത് തൊടുത്തു നിർത്തിയ ഈ മിസൈലുകളും അവയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന സോഫ്ട്‌വെയറും നവീകരിക്കാനുള്ള സാമ്പത്തികനിലയിലല്ല റഷ്യ. പല മിസൈലുകളും ഇപ്പോഴും ശീതസമരത്തിന്റെ ബാക്കിപത്രമെന്നപോലെ തൊടുത്തു നിർത്തിയിരിക്കുന്നത് അമേരിക്കക്കെതിരെയാണ്. കമ്പ്യൂട്ടർ സംവിധാനത്തിൽ വന്നേക്കാവുന്ന എന്തെങ്കിലും പാകപ്പിഴകൾ കാരണം അണുവായുധം തലയിലേറ്റുന്ന ഏതെങ്കിലും ഒരു മിസൈൽ അബദ്ധത്തിൽ തൊടുത്തുവിടപ്പെട്ടാൽ ഉണ്ടാവാൻ പോകുന്നത് അണുവായുധങ്ങൾ കൊണ്ടുള്ള അമേരിക്കയുടെ തിരിച്ചടിയായിരിക്കും. ഇങ്ങിനെ ഒരു സംഭവ്യത ഇല്ലെന്ന് ആർക്കെങ്കിലും പറയാൻ പറ്റുമോ?

ഒരണുയുദ്ധംകൊണ്ട് ജീവൻ ഭൂമിയിൽനിന്ന് തുടച്ചുനീക്കുംമുമ്പ് അണുവായുധങ്ങൾ ഭൂമിയിൽനിന്ന് തുടച്ചുനീക്കുകതന്നെയാണ് ബുദ്ധി. അതിനുള്ള പ്രാരംഭമായിട്ടെങ്കിലും ഇന്ത്യയുടെയും പാകിസ്ഥാന്റെയും അണുസ്ഫോടനങ്ങൾ വർത്തിക്കുമെന്ന് നമുക്കാശിക്കുക.

ഇതൊന്നും ചിന്തിക്കാതെ രാഷ്ട്രീയപ്രേരിതമായി, തൂണിലും തുരുമ്പിലും വർഗ്ഗീയതമാത്രം കണ്ട് ഹിന്ദുബോംബെന്നും മുസ്ലിംബോംബെന്നും മറ്റും തട്ടിവിടുന്നവൻ രാജ്യസേവയാണോ ചെയ്യുന്നതെന്ന് ഒരു നിമിഷം ആലോചിക്കൂ. പുതിയ സ്ഥിതിവിശേഷത്തെ ദക്ഷിണേഷ്യയുടെ ഉയിർത്തെഴുന്നേല്പായും പുത്തൻ സാമ്രാജ്യത്വക്കുറിച്ചുള്ള പാശ്ചാത്യവ്യാമോഹങ്ങളുടെ ശവക്കല്ലറയായും കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

BACK TO INDEX

# ശ്രീ എൻ.ഇ. ബാലകൃഷ്ണ മാരാരുടെ 'കണ്ണീരിന്റെ മാധുര്യം'

എം. ഗോവിന്ദൻ ഒരിക്കൽ പറയുകയുണ്ടായി ആർക്കും ജീവചരിത്ര മെഴുതാമെന്ന്. കാരണം ഓരോരുത്തരുടെ ജീവിതവും വ്യത്യസ്തമാണ്. ഓരോരുത്തരുടെ ജീവിതത്തിൽനിന്നും നമുക്ക് എന്തെങ്കിലും പഠിക്കാനു ണ്ടാവും. പക്ഷെ ശ്രീ ബാലകൃഷ്ണ മാരാരുടെ ജീവചരിത്രമെടുത്ത് വായി ക്കുമ്പോഴാണ് അതിന്റെ വ്യാപ്തി മനസ്സിലാവുക. ഒരു വ്യക്തിയുടെ ജീവ ചരിത്രം ആ വ്യക്തിയ്ക്കുമാത്രമല്ല സമൂഹത്തിനാകെ എത്രത്തോളം പ്രാധാ ന്യമർഹിക്കുന്നതാണെന്ന്. റാഗ്സ് ടു റിച്ചസ് എന്ന ഇംഗ്ലീഷ് പ്രയോഗം അക്ഷരംപ്രതി സത്യമാണ് ശ്രീ മാരാരുടെ ജീവിതത്തിൽ. അതിന് അദ്ദേ ഹത്തെ പ്രാപ്തനാക്കിയത് ജയിക്കുമെന്ന വാശിയും ആത്മവിശ്വാസവും ഒപ്പംതന്നെ കഠിനാദ്ധ്വാനവും.

അദ്ദേഹത്തിന്റെ പുസ്തകം പാരായണക്ഷമമാണ്. ഒറ്റയിരിപ്പിന് പുസ്തകം മുഴുവൻ വായിച്ചു തീർക്കാൻ പറ്റും. അങ്ങിനെ വായിച്ചു തീർക്കാൻ പറ്റുന്ന പുസ്തകങ്ങൾ അപൂർവ്വമായിരിക്കെ ഇങ്ങിനെ ഒരു ഗ്രന്ഥം വളരെ സ്വാഗതാർഹമാണ്, ആശ്വാസകരമാണ്. പുതിയ പുസ്തകങ്ങളിൽ എത്രയെണ്ണം ഞാനീ പറഞ്ഞ വർഗ്ഗത്തിൽ പെടും? ചിന്തിക്കേണ്ട കാര്യമാ ണ്.

ബാലേട്ടന് ഇടശ്ശേരി കുടുംബവുമായി വളരെ അടുത്ത ബന്ധമാണു ള്ളത്. അച്ഛന്റെ മരണത്തിനുശേഷം ഒന്നോ രണ്ടോ പുസ്തകങ്ങളൊഴിച്ച് ബാക്കി പുസ്തകങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തിയത് പൂർണ്ണയാണ്. ഞാൻ അച്ഛന്റെ കവിതകൾ സമ്പൂർണ്ണ സമാഹാരത്തിന്റെ രണ്ടാം വാല്യം ഇറക്കി യപ്പോൾ ബാലേട്ടൻ കുറേ കോപ്പികൾ വിറ്റുതന്ന് എന്നെ സഹായിച്ചിട്ടുണ്ട്. അമ്മയ്ക്ക് അദ്ദേഹം സ്വന്തം അനുജനെപ്പോലെയായിരുന്നു. ഇപ്പോൾ ഇറക്കിയ 'അനിതയുടെ വീട്' എന്ന കഥാസമാഹാരമടക്കം എന്റെ മൂന്നു പുസ്തകങ്ങൾ പൂർണ്ണ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ വിഷയത്തിലേയ്ക്കു കടക്കാം. നോവലിന്റെ വളർച്ചയുടെ ചരി ത്രമെടുത്തുനോക്കിയാൽ ഒരു കാര്യം വ്യക്തമാവും. രൂപപരമായി കഴിഞ്ഞ നൂറു വർഷത്തിനുള്ളിൽ മലയാള നോവലിനെന്നല്ല ലോകനോവലിനുതന്നെ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. നിങ്ങൾ എഴുതുന്നത് മനുഷ്യന്റെ കഥ തന്നെയാണ്. ഭാവപരമായി പക്ഷെ വളരെയേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. കാല ത്തിന്റെ നിലയ്ക്കാത്ത പ്രവാഹത്തിനിടെ മാറിപ്പോകുന്ന മൂല്യങ്ങൾ, സാങ്കേ തിക വളർച്ചയും അതിനനുസരിച്ച് മാറുന്ന ജീവിതശൈലിയും, രണ്ടു മഹാ യുദ്ധങ്ങളുടെ അനന്തരഫലമായുണ്ടായ നൈതികത്തകർച്ചയും സ്വാഭാവി കമായും കലയേയും സാഹിത്യത്തേയും സ്വാധീനിക്കുകയും അതിന് പുതിയ ഭാവതലങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഘടനാപരമായ മാറ്റ ങ്ങൾ അനിവാര്യമാക്കുകയും നോവലിനെ ഇന്നത്തെ അവസ്ഥയിൽ എത്തിക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടിനുമുമ്പ് ജീവിച്ചു മരിച്ച ഒരാൾ ഇന്ന്

എഴുന്നേറ്റ് പുറത്തിറങ്ങി നടന്നാൽ ഇതുതന്നെയാണോ ഞാൻ ജീവിച്ചിരുന്ന ലോകമെന്ന് സംശയിക്കാനിടയുണ്ട്. ഇതുതന്നെയാണ് സാഹിത്യത്തിന്റെയും സ്ഥിതി.

പക്ഷെ ഒരു കാര്യം തീർച്ചയാണ് ഒരു നൂറ്റാണ്ടു മുമ്പും ഇന്നും സാഹിത്യം കൈകാര്യം ചെയ്യുന്ന അസംസ്കൃതവസ്തു മനുഷ്യനാണ്. അവന്റെ ജീവിതം, പ്രശ്നങ്ങൾ. മനുഷ്യന്റെ കഥയല്ലാത്ത ഒരു നോവൽ ഇതുവരെ ഉണ്ടായിട്ടില്ല. മൃഗങ്ങളുടെ കഥ പറയുമ്പോഴും അത് മനുഷ്യന്റെ രൂപകകഥയായി (മഹഹലഴീ്യ) മാത്രമേ പറയുന്നുള്ളു. അനിമൽ ഫാം എന്ന നോവലിലെ മൃഗകഥാപാത്രങ്ങളെല്ലാം സ്റ്റാലിൻ ഭരണകൂടത്തിനു കീഴെ യുള്ള റഷ്യൻ ജനതയാണെന്ന് അറിയാമല്ലൊ. റഷ്യൻ ഭരണത്തിന് അലി ഗറിയായിട്ടാണ് ജോർജ്ജ് ഓർവൽ അനിമൽ ഫാം എഴുതിയത്. ഈസോ പ്പുകഥകളിലും മറ്റുമുള്ള മൃഗങ്ങൾ മനുഷ്യനു പകരം നിൽക്കുന്നവതന്നെ യാണല്ലൊ.

നോവൽ പരിണമിച്ചുവരുന്നത് വളരെ പ്രകടമായൊരനുഭവമായി മാറുന്ന പടിഞ്ഞാറൻ നാടുകൾ അതിന്റെ പടിപടിയായുള്ള പരിണാമത്തെ അപഗ്രഥനവിധേയമാക്കുകയും, ഓരോ ഘട്ടങ്ങളെയും വർഗ്ഗീകരിക്കുകയും ചെയ്തു. ഞാനുദ്ദേശിക്കുന്നത് നോവലിന്റെ കാര്യം മാത്രമല്ല. നോവലാണ് നമ്മുടെ ചർച്ചാവിഷയമെന്നതുകൊണ്ടങ്ങിനെ പറഞ്ഞുവെന്നു മാത്രമെയു ള്ളു. ഈ വർഗ്ഗീകരണം കലയുടെയും വാസ്തുവിദ്യയുടെയും കാര്യത്തി ലാണ് കാര്യമായിട്ടുണ്ടായിട്ടുള്ളത്. അതിന്റെ ഒരു അനുബന്ധമായി സാഹി ത്യവും പെട്ടുവെന്നു മാത്രമേയുള്ളു. പടിഞ്ഞാറുള്ളവർ വർഗ്ഗീകരണത്തിന്റെ കാര്യത്തിൽ വളരെ കണിശക്കാരാണ്. ചരിത്രമെഴുതുക എന്ന ശീലം രക്ത ത്തിൽ കലർന്ന അവർക്ക് അങ്ങിനെയേ പറ്റൂ. നമുക്ക് അങ്ങിനെയൊരു ശില മില്ല. അത് നമ്മുടെ സ്വഭാവമല്ലാത്തതുകൊണ്ട് ആരെങ്കിലും അതു ചെയ്യു മ്പോൾ വളരെ കൃത്രിമമമായി തോന്നും. ശരി, വർഗ്ഗീകരണം നമ്മുടെ ശീലമ ല്ല, പക്ഷെ അതുപോലെത്തന്നെ ചരിത്രമെഴുത്തും. നമ്മൾ ചരിത്രമെഴുതാൻ തുടങ്ങിയില്ലെ - അതു മാറ്റിമാറ്റിയെഴുതാനും താല്പര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കാനും? അതുപോലെ വാസ്തുവിദ്യയിലും കലയിലും സാഹി ത്യത്തിലും ആയിക്കൂടെ? ആവാം, പക്ഷെ ആദ്യമായി നാം നമ്മുടെതായ ഒരടിത്തറ തയ്യാറാക്കണം. നിർഭാഗ്യവശാൽ അങ്ങിനെ ഒരടിത്തറ തയ്യാറാ ക്കാൻ കേരളത്തിലെ ബുദ്ധിജീവികൾ ശ്രമിച്ചില്ല. പടിഞ്ഞാറൻ ബുദ്ധിജീ വികളുടെ ഒപ്പമെത്താനുള്ള വ്യഗ്രതയിൽ നമ്മുടെ സഹോദരന്മാർ പടിഞ്ഞാ റുള്ളവരെ അനുകരിക്കുകയോ അവർ നൂറ്റാണ്ടുകളായി കെട്ടിപ്പടുത്ത ശാസ്ത്രത്തെ അപ്പടി ഇറക്കുമതി ചെയ്യുകയോ ചെയ്തു. ഇങ്ങിനെയാണ് വായനക്കാർ മലയാള സാഹിത്യവുമായി തെറ്റിപ്പിരിയാനിടവന്നത്. നമ്മുടെ മണ്ണിന്റെ മണമുള്ള ഒരു വർഗ്ഗീകരണം ഇവിടെത്തന്നെ ഉണ്ടാക്കുകയായിരു ന്നെങ്കിൽ വായനക്കാർക്ക് അതുമായി പരിചയപ്പെടാനും താദാത്മ്യം പ്രാപി ക്കാനും അവസരമുണ്ടായേനെ. മറിച്ച് സായ്പിന്റെ മാതിരിയാവാനുള്ള വ്യഗ്ര തയിൽ നമ്മൾ നമ്മുടെ മണ്ണിനെ മറന്നു, സംസ്കാരത്തെ മറന്നു.

നമ്മുടെ ഇളംതലമുറയിലെ എഴുത്തുകാർ ഈ ലേബലുകൾ കിട്ടാൻ നെട്ടോട്ടമോടുന്നത് പരിതാപകരമായ കാഴ്ചയാണ്. ആധുനികതയ്ക്കും, ഉത്ത രാധുനികതയ്ക്കും ശേഷം ഇപ്പോൾ സൈബർ കഥകളും വർചൽ റിയാ

ലിറ്റി കഥകളുമാണ്. തങ്ങളുടെ ഉൽപന്നങ്ങൾക്ക് ഐ.എസ്.ഒ. നമ്പർ കിട്ടാൻ വേണ്ടി വ്യവസായികൾ ശ്രമിക്കുന്നതുപോലെയാണിത്. ഒരിക്കൽ അങ്ങിനെയൊരു ലേബൽ കിട്ടിയാൽ രക്ഷപ്പെട്ടു. ആധുനികതയുടെയും, ഉത്തരാധുനികതയുടെയും മൊത്ത വ്യാപാരവും ചില്ലറവ്യാപാരവും ആരാണ് കൈകാര്യം ചെയ്യുന്നത് എന്ന് നമുക്കിന്ന് അറിയാം. അവരെ സമീപിക്കയെ വേണ്ടു. മറിച്ച് സൈബർ, വെർച്വൽ റിയാലിറ്റികളുടെ ഐ.എസ്.ഒ. മാർക്ക് കിട്ടാൻ ആരെയാണ് സമീപിക്കേണ്ടത് എന്നറിയില്ലെന്നു തോന്നുന്നു. ഓരോരുത്തരും സ്വന്തം നിലയിൽ അവകാശപ്പെടുന്നേയുള്ളു. ഞാനാണ് ആദ്യത്തെ സൈബർ നോവലെഴുതിയത്, ഞാനാണ് ആദ്യത്തെ വർച്വൽ റിയാലിറ്റി നോവലെഴുതിയത് എന്നിത്യാദി. ഇതിനിടയിൽ കാണാതെ പോകുന്നത് നല്ല കഥകളും നോവലുകളുമാണ്. നല്ല നോവലുകളും കഥകളും വരുന്നുണ്ട്. സി. രാധാകൃഷ്ണന്റെ 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന പുതിയ നോവൽ ഒരു ലേബലുമില്ലാതെത്തന്നെ ജനശ്രദ്ധയാകർഷിച്ചു. അപ്പോൾ കാര്യം ഇതാണ്. നല്ല സൃഷ്ടി നടത്തുകയാണ് വേണ്ടത് അല്ലാതെ രണ്ടാം തരം സൃഷ്ടി നടത്തി അതിന് ലേബൽ കിട്ടാൻ ശ്രമിക്കുകയല്ല.

ഇതെല്ലാം കണ്ട് ചിരിക്കുകയല്ലെ നല്ലത്?

BACK TO INDEX

# ഭൂമിയുടെ മറുഭാഗത്തുനിന്ന് മലയാളിത്തമുള്ള കഥകൾ

റിട്ടേൺ ഫ്ളൈറ്റ് (കഥകൾ)
റീനി മമ്പലം
ലിപി പബ്ലിക്കേഷൻസ്
വില: 50 രൂപ.

ലോകം എങ്ങിനെയാണ് എന്നതിനെപ്പറ്റിയെഴുതുന്നത് സാഹിത്യകൃതിയാവണമെന്നില്ല. അതിനെ ചരിത്രമെന്നോ നാൾവഴിയെന്നോ പറയാം. ഈ ചരിത്രമാകട്ടെ എഴുതുന്ന വ്യക്തിയുടെ അഭിരുചികൾക്കനുസരിച്ചും രാഷ്ട്രീയ ചായ്‌വുകൾക്കനുസൃതമായും അല്പാല്പം മാറ്റുകയും ചെയ്യാറുണ്ട്. മറിച്ച് ലോകം എങ്ങിനെയാവണമെന്നതിനെപ്പറ്റി നിരന്തരം സ്വപ്നം കാണുകയും എഴുതുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് സാഹിത്യകാരൻ. അങ്ങിനെ വരുമ്പോൾ എഴുത്ത് യാഥാർത്ഥ്യത്തിൽനിന്ന് വഴി മാറി സ്വപ്നതലത്തിലെത്തുന്നു.

റീനി മമ്പലത്തിന്റെ 'റിട്ടേൺ ഫ്ളൈറ്റ്' എന്ന സമാഹാരത്തിലെ പന്ത്രണ്ടു കഥകൾ വായിച്ചപ്പോൾ കഥകളുടെ പിന്നിൽ നിരന്തരം സ്വപ്നം കാണുന്ന ഒരു എഴുത്തുകാരിയെയാണ് കാണാൻ കഴിഞ്ഞത്. 'എഴുത്തിന്റെ വഴികൾ' എന്ന കഥയിലെ ദീപയെന്ന ചെറുപ്പക്കാരി വീട്ടമ്മ അമേരിക്കയിൽ ജോലിയെടുക്കുന്ന ഒരു കുടുംബിനിയാണ്. പക്ഷെ അവർ വളരെ വിചിത്രമായ വഴിയിൽ അവിടെ ഒറ്റപ്പെടുകയാണ്. ആ ഒറ്റപ്പെടൽ കാണിക്കാൻ കഥാകാരി ഉപയോഗിക്കുന്ന ബിംബങ്ങൾ പുതിയ ലോകത്തിന്റേതാണ്. ഭാര്യയുടെ ലോലവികാരങ്ങൾ ഒരിക്കലും മനസ്സിലാവാത്ത, എപ്പോഴും ലാപ്ടോപിനു മുമ്പിലിരിക്കുന്ന ഭർത്താവിന്റെ ചിത്രമാണ് അതിലൊന്ന്. അവൾ വളരെയധികം ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയിൽനിന്നുള്ള സമ്മാനമായ പൂച്ചട്ടി ഉടഞ്ഞപ്പോൾ അത് വേറെ വാങ്ങിക്കൂടെ എന്ന ചോദ്യം അവൾക്ക് താങ്ങാവുന്നതിലപ്പുറമായിരുന്നു. അവളെ സംബന്ധിച്ചേടത്തോളം ആ പൂച്ചട്ടി വളരെ വിലപിടിച്ചതാണ്. ഒരഭയമെന്ന മട്ടിൽ തുടങ്ങിയ എഴുത്തിനെപ്പറ്റി അയാളുടെ അഭിപ്രായം 'എന്തിനാ ഇതൊക്കെ എഴുതിക്കൂട്ടുന്നത്, കുട്ടികൾക്ക് കാലത്തും നേരത്തും വല്ലതും വെച്ചുകൊടുത്തുകൂടെ' എന്നാണ്. അതുപോലെ കുട്ടികൾ വിശക്കുന്നു എന്നു പറഞ്ഞപ്പോൾ ഭർത്താവ് ഓർമ്മിപ്പിയ്ക്കുന്നു, 'ദീപേ ഫ്രിഡ്ജിൽ ഇരിക്കുന്ന പച്ചക്കറികൾ കേടുവന്നു പോകുന്നു.' അതോടെ അവൾക്കുണ്ടാകുന്ന തോന്നൽ ഈയിടെയായി ഫ്രിഡിജിന്റെ തട്ടുകൾക്ക് അഗാധമായ ഒരു കുഴൽകിണറുപോലെ ആഴം കൂടുന്നു എന്നാണ്. അകത്തേയ്ക്കൊന്നും കാണാൻ കഴിയുന്നില്ലെന്ന തോന്നലുണ്ടായപ്പോൾ അവൾ ഫ്രിഡ്ജിലെ ബൾബ് മാറ്റിയിടുന്നു. ശരിയ്ക്കു പറഞ്ഞാൽ ഫ്രിഡ്ജിന്റെ ഉള്ളിലെ വെളിച്ചം കുറഞ്ഞതോ കാഴ്ച കുറയുന്നതോ അല്ല പ്രശ്നം, തന്നിലേയ്ക്ക് ഉൾവലിയുന്ന ഒരു മനസ്സിന്റെ ക്രമാഗതമായ സ്വയം നഷ്ടപ്പെടലാണത്.

'അവളുടെ വീട് സന്തോഷമുണ്ടാക്കുന്ന ഒന്നിനേയും അകത്തേയ്ക്ക്

കടത്തിവിടാത്ത കറുത്ത ഗോളമാണെന്ന് അവൾ വിശ്വസിച്ചിരുന്നു. മറിച്ച് അവൾ എഴുതിക്കൂട്ടിയ അക്ഷരങ്ങൾക്കും അവ പണിതെടുത്ത പ്രപഞ്ചത്തിനും അവൾക്കിഷ്ടപ്പെട്ട വെളുത്ത നിറമായിരുന്നു.' ഒറ്റപ്പെടുന്ന ഒരു സ്ത്രീയുടെ വികാരങ്ങൾ വളരെ മനോഹരമായി, തീവ്രമായി ആവിഷ്കരിക്കുകയാണ് റീനി. അതിനു നേരെ മറിച്ചാണ് എഴുത്തിന്റെ വഴികളും അതിന്റെ സൈബർ പ്രതികരണങ്ങളും, അതുപോലെ ഒരു പൂവിന്റെ മെയിൽ ഐ.ഡി.യുള്ള ഒരജ്ഞാതനുമായുള്ള ഇ.മെയിലുകളും. വർചാൽ ലോകത്ത് അവൾ ഒറ്റപ്പെടുന്നില്ല. ആ ലോകമാകട്ടെ അവളുടെ സ്വന്തം സൃഷ്ടിയുമാണ്. ആ ലോകവും തകർന്നേക്കാവുന്ന ഒരവസ്ഥയിൽനിന്ന് അവൾ അദ്ഭുതകരമായി രക്ഷപ്പെടുകയാണ്. 'അരുതാത്ത ഇഷ്ടം ജീവിതസഹജമായ, ശിക്ഷയർഹിക്കാത്ത അപരാധമാണ്' എന്ന സ്വന്തം മനസ്സാക്ഷിയുടെ സാന്ത്വനം അവളെ ആ വർചാൽ ലോകത്തെ ഒറ്റപ്പെടലിൽനിന്ന് ഒഴിവാക്കുകയാണ്. മനോഹരമായ കഥയാണ് 'എഴുത്തിന്റെ വഴികൾ'.

അരുതാത്ത ഇഷ്ടം ശിക്ഷയർഹിക്കാത്ത അപരാധമാണ് എന്ന തീം തന്നെയാണ് സെപ്റ്റമ്പർ 14 എന്ന കഥയുടെയും അന്തർധാര. ഇവിടെ പക്ഷെ അവളെ കാത്തിരിക്കുന്നത് വളരെ കനപ്പെട്ട പരീക്ഷയാണ്. സെപ്റ്റംബർ 11ന് ലോകത്തെ നടുക്കിയ ടിൻ ടവർ അട്ടിമറിയിൽ നഷ്ടപ്പെട്ട മൂവ്വായിരത്തിൽ പരം പേരിൽ അവളുടെ മകനും ഉൾപ്പെട്ടുവോ എന്ന സംശയം.

അമേരിക്കയിൽ സ്ഥിരതാമസമാക്കിയെങ്കിലും പിറന്ന നാടിന്റെ സ്പന്ദനങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ചുവയ്ക്കുന്ന ഒരു മനസ്സ് എല്ലാ കഥകളിലും സജീവമാണ്. അത് പല വിധത്തിൽ അവളെ ബാധിയ്ക്കുന്നുണ്ട്, ആർദ്ര സ്നേഹമായി, ഗൃഹാതുരമായി. പലപ്പോഴും ശല്യം ചെയ്തുകൊണ്ട് ആ ഓർമ്മകൾ അവളെ വേട്ടയാടുന്നു. നാട്ടിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന അമ്മ, അൽഷൈമേഴ്സ് പിടിച്ച് ഓർമ്മയുടെ ആണ്ട കയങ്ങളിൽ മുങ്ങിത്തപ്പുന്ന അപ്പൻ. 'ചിതറിപ്പോയ മാപ്പിൽ രാത്രിമുഴുവൻ സ്വന്തം നാടിനെ തിരയുന്ന' സുമി അങ്ങിനെ നിറമുള്ള കഥാപാത്രങ്ങളിലൂടെ ഈ കഥാകാരി ഒരു പുതിയ ലോകം, പുതിയ ഭാഷ നമുക്ക് തരുന്നു.

പ്രവാസലോകത്തെക്കുറിച്ച്, പ്രത്യേകിച്ച് അമേരിക്കൻ പ്രവാസികളുടെ ജീവിതത്തെക്കുറിച്ച് നമുക്ക് അധികം കഥകളൊന്നും ലഭിച്ചിട്ടില്ല. ആ ജീവിതം സ്വർഗ്ഗമാണ് എന്നു കരുതുന്നവർക്കിടയിൽ അപൂർവ്വമായെങ്കിലും വീർപ്പുമുട്ടലമുഭവിക്കുന്നവരുമുണ്ട് എന്ന് ഈ കഥകൾ നമ്മോട് പറയുന്നു. അങ്ങിനെയുള്ളവരുടെ ലോകം നമുക്കു മുമ്പിൽ തുറന്നുവെയ്ക്കുകയാണ് റീനി.

ഔട്ട്സോഴ്സിങ് ആണ് അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ കാതലായിട്ടുള്ള സവിശേഷത. എന്നാൽ മാതൃത്വത്തിൽ ഔട്ട്സോഴ്സിങ് നടത്തുന്നത് വളരെ സാധാരണമായിട്ടുണ്ടെന്ന കാര്യം ആരും അറിയുന്നുണ്ടാവില്ല. അതിന്റെയും ഗുണഭോക്താക്കൾ ഇന്ത്യക്കാരാണെന്നതും അധികമാർക്കും അറിയില്ല. ഗുണഭോക്താക്കൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത് സാമ്പത്തികനേട്ടം മാത്രമാണ്. പക്ഷെ അതിനു കൊടുക്കേണ്ടിവരുന്ന 'വില' ഇന്ത്യൻ അമ്മമാർക്ക് നേട്ടമല്ല, മാനസികമായ കോട്ടംതന്നെയാണെന്ന് സൂചിപ്പിക്കുന്ന ഒരു കഥയാണ് 'ഔട്ട്സോഴ്സ്ഡ്'. അണ്ഡവും പുരുഷബീജവും വേറെ വ്യക്തികളുടേതാണ്. ബീജസംയോജനം ലാബിൽവെച്ചു നടക്കുന്നു. അതി

നുശേഷമാണ് ഗർഭമേൽക്കാൻ സന്നദ്ധയായ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിലതു നിക്ഷേപിയ്ക്കുന്നത്. ശരിയ്ക്കു പറഞ്ഞാൽ ആ ഗർഭസ്ഥശിശു മറ്റൊരു ദമ്പതികളുടേതാണ്, ഈ സ്ത്രീ അതിനെ ഒമ്പതുമാസം ചുമക്കുന്നുവെന്നേയുള്ളു. ഇത്രയും യുക്തിസഹജമായി വാദിയ്ക്കാം. പക്ഷെ പ്രകൃതി, ഏത് സാധാരണ സ്ത്രീയെയും ഈ ഒമ്പതുമാസത്തിനുള്ളിൽ അവളുടെ ദേഹത്തിലെ പരിണാമങ്ങൾ വഴി ഒരമ്മയാക്കുന്നു. ഗർഭപാത്രത്തിൽ വളരുന്ന ശിശുവിനു കൊടുക്കാനായി അവളുടെ മുലകളിൽ പാൽ നിറയ്ക്കുന്നു, ഒരു കുട്ടിയ്ക്ക് കിടക്കുവാൻ പാകത്തിൽ അവളുടെ ദേഹം വികസിപ്പിയ്ക്കുന്നു. എല്ലാറ്റിനുമുപരി അവളുടെ മനസ്സിനാണ് ഏറ്റവും വലിയ പരിണാമമുണ്ടാക്കുന്നത്. വംശം നിലനിർത്താനുള്ള പ്രകൃതിയുടെ ആയുധമാണ് പുതുജാതരോടുള്ള ഒരമ്മയുടെ വാത്സല്യം, ആർദ്രത. ഇതൊന്നും ഒരു ദിവസംകൊണ്ട് തുടച്ചുനീക്കാവുന്നതല്ല. പിഞ്ചുവായുടെ അഭാവത്തിൽ മുലയിലെ പാൽ ക്രമേണ വറ്റിയെന്നു വരും, പക്ഷെ അവളുടെ മനസ്സിലുണ്ടായ മുറിവ് ഉണങ്ങിയെന്നു വരില്ല. മറിച്ച് ഒരു സ്ത്രീയും പുരുഷനും തമ്മിൽ കാണുന്നതുപോലും ഒരേയൊരു കാര്യത്തിന്, അതായത് ലൈംഗിക സമ്പർക്കത്തിന് മാത്രമാണെന്ന് അടിയുറച്ച് വിശ്വസിക്കുന്ന ഒരു നാട്ടിൽ, ഈ സെറഗെറ്റ് മാതൃത്വം അവൾക്ക് നൽകുന്നത് അപവാദങ്ങളും വേദനയും മാത്രമായിരിക്കും. ഇതെല്ലാം സഹിച്ച് ഒരു സ്ത്രീ കഴിയുമ്പോൾ അതിൽനിന്നു ലഭിക്കുന്ന പണംകൊണ്ട് നല്ല ജീവിതം നയിക്കുന്ന ഭർത്താവ് താൻ ഇതിന്റെയൊന്നും ഭാഗമല്ലെന്ന് നടിക്കുന്നു. സാന്ത്വനം നൽകുന്നില്ലെന്നു മാത്രമല്ല സ്വന്തം പ്രവൃത്തികൾകൊണ്ടും വാക്കുകൾ കൊണ്ടും അവളെ നോവിപ്പിയ്ക്കുകയും ചെയ്യുന്നു. റീനിയുടെ 'ഔട്ട്സോഴ്സ്ഡ്' എന്നത് ഒരസാധാരണ സൗന്ദര്യമുള്ള കഥയാണ്.

ആദ്യത്തെ കഥയായ 'ഓർമ്മകളുടെ ഭൂപടം' ചെറിയതാണെങ്കിലും മനസ്സിൽ തട്ടുന്ന കഥയാണ്. നാട്ടിൽനിന്ന് അമേരിക്കയിലേയ്ക്ക് വരുന്ന ഒരു പഴയ സ്നേഹിതന്റെ ഫോൺ വിളിയിൽനിന്ന് അവൾ കോളജിൽ പഠിക്കുന്ന കാലത്ത് അവളെ സ്നേഹിച്ചുകൊണ്ട് പിന്നാലെ നടന്നിരുന്ന ജോർജ്ജിന്റെ മരണവാർത്ത അറിയുന്നു. ഒരു തീവണ്ടി സ്ഫോടനത്തിലാണയാൾ മരിച്ചത്. ആ വാർത്ത അവളിൽ വലിയ കോളിളക്കമൊന്നും സൃഷ്ടിച്ചിരുന്നില്ല, കാരണം അവൾക്കയാളെ ഇഷ്ടമല്ലായിരുന്നു. പക്ഷെ സ്നേഹിതൻ പറഞ്ഞതിലെ ഒരു വാക്യം അവളിൽ കോളിളക്കങ്ങൾ സ്രൃഷ്ടിക്കുകയാണ്. ആ പൊട്ടിത്തെറിയിൽ അവൾക്ക് നഷ്ടപ്പെട്ടത് സ്വന്തം നാടായിരുന്നു. നാട് മങ്ങിയ ഓർമ്മകൾക്കു പിന്നിൽ ശിഥിലമായെന്ന് അവളറിഞ്ഞു. കഥയുടെ അന്ത്യം വളരെ ഭാവസാന്ദ്രമാണ്. 'ചിതറിപ്പോയ മാപ്പിൽ അന്നു രാത്രിമുഴുവൻ ഞാനെന്റെ നാടിനെ തിരഞ്ഞു.'

'പുഴപോലെ' എന്ന കഥ മൂന്നു തലമുറകളുടെ കഥയാണ്. നാട്ടിൽ, ചെറുപ്പത്തിലേ വിധവയായ അമ്മ, അവരുടെ അമേരിക്കയിലേയ്ക്ക് കല്യാണം കഴിച്ചെത്തുന്ന മകൾ, അവരുടെ 'ഇരുണ്ട തൊലിയും വെളുത്ത മനസ്സുമായി' നടക്കുന്ന രണ്ടു മക്കൾ. 'വൈധവ്യം ക്രൂരമായി എറിഞ്ഞുകൊടുത്ത സ്വാതന്ത്ര്യം' ഇഷ്ടപ്പെടുക കാരണം മകന്റെ ഒപ്പം ജീവിക്കാനിഷ്ടമില്ലാതെ തറവാട്ടിന്റെ ഏകാന്തതയിലേയ്ക്കു തിരിച്ചു വന്ന ആ അമ്മയ്ക്കും അമേരിക്കൻ ജീവിതത്തിൽ ഇഴുകിച്ചേർന്ന തന്റെ മക്കൾക്കുമിടയിൽ ഞെരി

യുന്ന ഒരു ചെറുപ്പക്കാരി അമ്മയുടെ ചിത്രം ഈ കഥയിൽ വരച്ചുകാണിക്കുന്നു. പിറന്ന നാടിനെയും വൃദ്ധയും നിരാലംബയുമായ അമ്മയെയും സ്നേഹിക്കുന്നുണ്ടെങ്കിലും അമേരിക്കയിൽവച്ച് ജന്മം നൽകിയ മക്കളുടെ ഭാവി ഓർത്ത് തിരിച്ചു പോകാൻ കഴിയാതാവുന്ന ഒരാത്മാവിന്റെ ധർമ്മസങ്കടം, തേങ്ങൽ ആണ് ഈ കഥ.

വയസ്സായ അച്ഛനെ വിദേശത്ത് ഒപ്പം താമസിയ്ക്കാൻ കൊണ്ടുവന്ന ഒരു മകന്റെ കഥയാണ് 'ശിശിരം'. തികച്ചും അപരിചിതമായ ഒരന്തരീക്ഷത്തിൽ ഒരു മിസ്ഫിറ്റായി തോന്നിയ ആ മനുഷ്യന് അൽഷൈമേഴ്സ് എന്ന മറവിരോഗംകൂടി പിടിപെട്ടു. എല്ലാവരുടെ ജീവിതത്തിലും ഒരു ശിശിരമുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നതാണ് അവസാനമായി സഹോദരിയുടെ മകൾ പറയുന്ന വാചകം. നല്ല കഥ.

വർഷങ്ങളായി അമേരിക്കയിൽ സ്ഥിരതാമസമാണെങ്കിലും ഒരു മലയാളിയെപ്പോലെ ചിന്തിക്കുകയും, മലയാളം മലയാളംപോലെ എഴുതുകയും ചെയ്യുന്ന ഈ എഴുത്തുകാരി ഒരദ്ഭുതമാണ്. ചുരുക്കിപ്പറഞ്ഞാൽ ഗുണപരമായ മേന്മ അവകാശപ്പെടുന്ന ഈ മലയാളിക്കഥകൾ നമ്മുടെ വായനയെ ധന്യമാക്കുന്നു.

BACK TO INDEX

# കാലം മായ്ച്ചിട്ടില്ലാത്ത കാൽപ്പാടുകൾ

('കാലം മായ്ച്ച കാൽപ്പാടുകൾ'
ജീവിതകഥ - മാരിയത്ത് സി.എച്ച്.
ആൽഫബറ്റ് പബ്ലിഷേഴ്സ്, വില 55 രൂപ.)

പ്രകൃതിയോടടുത്ത, വർണ്ണശബളമായ ഒരു ബാല്യത്തിൽ അഭിരമിയ്ക്കുന്ന ഒരു പെൺകുട്ടി, ഒരു ദിവസത്തെ പനി നിഷ്ഠൂരമായി നൽകിയ അവശതയെ പഴിചാരാതെ മുന്നേറുന്ന കാഴ്ചയാണ് മാരിയത്ത് സി.എച്ചിന്റെ 'കാലം മായ്ച്ച കാൽപ്പാടുകൾ' എന്ന ആത്മകഥ കാണിച്ചുതരുന്നത്. മുപ്പതാം വയസ്സിൽ ആത്മകഥയൊന്നും എഴുതാറായിട്ടില്ല എന്നു നമുക്കു തോന്നാം, കാരണം മുമ്പിൽ ജീവിതം നീണ്ടുനിവർന്നു കിടക്കുകയാണ്. പക്ഷെ ഈ വയസ്സിൽ എഴുതിയാലെ ബാല്യത്തിന്റെ, കൗമാരത്തിന്റെ, യൗവ്വനത്തിന്റെയെല്ലാം ശരിയ്ക്കുള്ള ചിത്രം നഷ്ടപ്പെടാതെ കിട്ടുകയുള്ളു. വയസ്സായ ശേഷം എഴുതുന്ന ഒരാത്മകഥയിൽ മാരിയത്തിന്റെ പുസ്തകത്തിന്റെ പ്രസരിപ്പോ ഉഷ്മളതയോ കിട്ടുകയില്ല. ഓർമ്മിച്ചെഴുതുന്ന കഥയ്ക്ക് അതിന്റേതായ നിറംമങ്ങൽ വായനക്കാർക്ക് അനുഭവപ്പെടും.

ആദ്യത്തെ അദ്ധ്യായത്തിൽത്തന്നെ നമുക്കൊരു ഞെട്ടൽ തന്നുകൊണ്ട് മാരിയത്ത് അവൾക്കുണ്ടായ ദുർവിധിയെപ്പറ്റി പറഞ്ഞുതരുന്നു. രണ്ടാം ക്ലാസ്സിൽ പഠിയ്ക്കുമ്പോൾ പനിയെത്തുടർന്ന് അവളുടെ കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടത്. അതേ അദ്ധ്യായത്തിന്റെ ഒടുവിലാണ് ആറാം വയസ്സിൽ പുഴയിൽ ഉമ്മയുടെ കൂടെ കുളിക്കാൻ പോയപ്പോൾ മുങ്ങിമരിയ്ക്കാറായതിനെപ്പറ്റി പറയുന്നത്. അന്ന് പുഴയിൽ അലക്കിയ തുണി നിവർത്തിയിടുവാനായി കരയിൽ പോയ ഉമ്മ തിരിച്ചുവരാൻ ഒരു മിനുറ്റു വൈകിയിരുന്നെങ്കിൽ ഈ കഥ പറയുവാൻ മാരിയത്ത് ശേഷിയ്ക്കില്ലായിരുന്നു. നമുക്ക് ഇങ്ങിനെ മനോഹരമായ ഒരു പുസ്തകവും, മാരിയത്ത് ഇനി എഴുതാൻ പോകുന്ന കഥകളും, വരയ്ക്കാൻ പോകുന്ന ചിത്രങ്ങളും നഷ്ടമാകുമായിരുന്നു.

വീണ്ടുമൊരിയ്ക്കൽ മരണവുമായുണ്ടായ ഏറ്റുമുട്ടൽ മാരിയത്ത് വിവരിയ്ക്കുന്നുണ്ട്. അത് എല്ലാവരുംകൂടി കടൽ കാണാൻ പോയപ്പോഴായിരുന്നു. ഒരു വലിയ തിര മാരിയത്തിനെ അപഹരിയ്ക്കാൻ ശ്രമിച്ചു. സമയത്തിന് മറ്റുള്ളവർ കണ്ട് അവളെ കടലിൽനിന്ന് തിരിച്ചെടുത്തു. പക്ഷെ അവൾക്ക് ഒരു ചെരിപ്പു നഷ്ടമായി. മറ്റെ ചെരിപ്പുകൂടി കടലിലേയ്ക്കിട്ടാൽ കടൽ രണ്ടുംകൂടി തിരിച്ചുതരുമെന്ന് ആരോ പറഞ്ഞതനുസരിച്ച് അതും വലിച്ചെറിഞ്ഞു. പക്ഷെ ചെരിപ്പുകൾ കിട്ടുകയുണ്ടായില്ല. ക്രൂരയായ വിധി അവൾക്കു ഭാവിയെപ്പറ്റി അസുഖകരമായൊരു സന്ദേശം കൈമാറുകയായിരുന്നോ.

പിന്നീടുള്ള ഏതാനും അദ്ധ്യായങ്ങളിൽ അവളുടെ കുട്ടിക്കാലത്തെപ്പറ്റി മാരിയത്ത് പറയുന്നുണ്ട്. പൂമ്പാറ്റകളും അണ്ണാറക്കണ്ണന്മാരും ചെറിയൊരു കാറ്റടിച്ചാൽ ഉതിർന്നു വീഴുന്ന മാമ്പഴവുമുള്ള പറമ്പുകളും, പാറകൾക്കിടയിലൂടെ ഒഴുകുന്ന അരുവികളും ഒക്കെ ഉള്ള ഒരു കുട്ടിക്കാലം. അതെല്ലാം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടുവെന്നറിഞ്ഞപ്പോഴും ആത്മധൈര്യം കൈവിടാതെ വിധിയുമായി പൊരുതി ജീവിതത്തിൽ തോൽക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെ മുന്നേറുന്ന കാഴ്ച ഒരുൾപ്പുളകത്തോടെയല്ലാതെ നോക്കിനിൽക്കാൻ കഴിയില്ല.

ഈ പുസ്തകത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗം മാരിയത്ത് കോളേജിൽ ചേർന്നതാണ്. വിസ്മയത്തോടെ മാത്രം വായിക്കാൻ കഴിയുന്ന അദ്ധ്യായങ്ങൾ. കോളജിൽ ചേരാൻ പറ്റില്ലെന്നു തീരുമാനിച്ച മാരിയത്തിന്റെ മനം മാറ്റിയെടുത്തത് സഖറിയ സാറിന്റെ പ്രോത്സാഹനങ്ങളായിരുന്നു. ആരേയും ആശ്രയിക്കാതെ ജീവിക്കാൻ ആർക്കും കഴിയില്ലെന്നും മറ്റുള്ളവരുടെ സഹായം സ്വീകരിയ്ക്കുന്നതിൽ അപാകതയൊന്നുമില്ലെന്നും പറഞ്ഞ് അദ്ദേഹം മാരിയത്തിന്റെ തീരുമാനം മാറ്റിച്ചു. അവൾ വരച്ച മെഴുകുതിരി ചിത്രത്തിനു താഴെ അദ്ദേഹം എഴുതിച്ചേർത്തു. ‘സ്വയം പ്രകാശിക്കുക, മറ്റുള്ളവരിലേയ്ക്കും പ്രകാശം പരത്തുക.’ ഈ പുസ്തകം മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ എനിയ്ക്കും പറയാനുള്ളത് അതു തന്നെയാണ്.

അടുത്തുള്ള അദ്ധ്യായങ്ങളിൽ ഗുരു നിത്യചൈതന്യയതിയുമായുള്ള കത്തിടപാടുകൾ, കുഞ്ഞമ്മ ടീച്ചറും മിനി ടീച്ചറും പ്രോത്സാഹിപ്പിച്ച് സാരിയിൽ പെയ്ന്റ് ചെയ്യാൻ പഠിച്ചു. തയ്യൽ പഠിച്ചു മോട്ടോറിട്ട യന്ത്രത്തിൽ തുന്നാൻ തുടങ്ങി. അങ്ങിനെ ജീവിതം അർത്ഥവത്താക്കുകയാണ് മാരിയത്ത്. സ്വന്തം കാൽപ്പാടുകൾ കാലത്തിന് മായ്ക്കാൻ കഴിയാത്ത വിധത്തിൽ കൊത്തിവയ്ക്കുകയാണ് സ്വയം പ്രകാശിക്കുകയും മറ്റുള്ളവരിലേയ്ക്ക് പ്രകാശം പരത്തുകയും ചെയ്യുന്ന ഈ പെൺകുട്ടി.

BACK TO INDEX

# ഗാന്ധിജി മൂന്നു തലമുറകളിൽ

'ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ ഒരു വരി ഞാനെഴുതിയിട്ടില്ല' എന്ന് ആണയിട്ട അച്ഛന് പലപ്പോഴും മഹാത്മാവിനെ ധിക്കരിക്കേണ്ടി വന്നിട്ടുണ്ട്. ബുദ്ധനും ഞാനും നരിയും, മാപ്പില്ല തുടങ്ങിയ കവിതകളിൽ ഗാന്ധിജിയെ ധിക്കരിക്കുന്നതായി കാണാം. ബുദ്ധനും ഞാനും നരിയും എന്ന കവിതയിലെ ഹിംസ എന്തു കാരണം കൊണ്ടായാലും ഹിംസതന്നെയാണ്. ദയക്കു വേണ്ടി ഗാന്ധിജി ഹിംസ നടത്തിയിട്ടുണ്ട്. ഒരിക്കൽ അപകടത്തിൽ പെട്ട് പിടഞ്ഞു കൊണ്ടിരുന്ന ഒരു പശുക്കുട്ടിയെ ദയാവധം നടത്താൻ അദ്ദേഹം ഡോക്ടറോട് ആവശ്യപ്പെടുകയാണുണ്ടായത്. അത് എന്തായാലും രക്ഷപ്പെടാൻ പോകുന്നില്ലെന്നും ആ മൃഗത്തിന്റെ വേദന ഇല്ലാതാക്കാൻ മറ്റു വഴികളൊന്നുമില്ലെന്നും അദ്ദേഹം കണ്ടു. മറിച്ച് ബുദ്ധനും ഞാനും നരിയും എന്ന കവിതയിലെ സന്ദർഭത്തിൽ ഗാന്ധിജി എന്തു ചെയ്യുമായിരുന്നു എന്ന് തീർച്ചയില്ല. സ്വയം നരിയുടെ ഭക്ഷണമായി മാറുമായിരുന്നോ? പക്ഷെ നാല്പതു കോടി അടിമകളെ മോചിപ്പിക്കാൻ സ്വന്തം ജീവിതം ഹോമിച്ച മഹാനായിരുന്നു ഗാന്ധിജി എന്ന് നാം ഓർക്കണം. തൊള്ളായിരത്തി നാല്പത്തേഴ് ആഗസ്റ്റ് പതിനഞ്ചിന് ദില്ലിയിൽ അധികാരം പങ്കുവെക്കാനായി മത്സരിച്ച നേതാക്കളിൽ ഗാന്ധിജിയുണ്ടായിരുന്നില്ല. അദ്ദേഹം നവ്ഖാലിയിൽ ഹിന്ദു – മുസ്ലീം ലഹള ശമിപ്പിക്കാൻ ഊണും ഉറക്കവും ഇല്ലാതെ കഷ്ടപ്പെടുകയായിരുന്നു. സ്ഥാനമാനങ്ങൾ മോഹിച്ചല്ല അദ്ദേഹം സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്തതും അതിനുവേണ്ടി യത്നിച്ചതും. സ്വാതന്ത്ര്യത്തിനു ശേഷമുണ്ടായ സംഭവവികാസങ്ങളെപ്പറ്റി പറയുമ്പോൾ അച്ഛൻ പറയുകയുണ്ടായി. അടിമത്വത്തിൽനിന്ന് മോചിപ്പിച്ച ജൂതന്മാരെ മോസസ്സ് സൈനായ് മരുഭൂമിയിൽ 40 വർഷം നടത്തിയപോലെ ഇന്ത്യക്കാരേയും നടത്താൻ ഗാന്ധിജിയില്ലാതെപോയതാണ് ഭാരതത്തിനു നേരിട്ട ആദ്യത്തെ അപചയം. 40 കൊല്ലത്തിനുള്ളിൽ അധികാരമോഹങ്ങളില്ലാത്ത, അഴിമതിയിലാറാടാത്ത, ഉത്തരവാദിത്വമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ ഗാന്ധിജിക്ക് കഴിയുമായിരുന്നു എന്നദ്ദേഹം വിശ്വസിച്ചു.

അച്ഛന് ഗാന്ധിജിയോടുണ്ടായിരുന്ന ആദരവും സ്നേഹവും 'ഗാന്ധിജി എനിക്ക് എന്തു തന്നു?' എന്ന ലേഖനത്തിലെ ഒരു വാക്യത്തിൽ സംഗ്രഹിക്കാം:

'ജീവിതത്തെക്കുറിച്ച് സാരമായി ചിന്തിച്ചവരിൽ എനിക്ക് പരിചിതൻ ഗാന്ധിജിമാത്രമാണ്; അതുകൊണ്ട് എന്റെ ജീവിതത്തിൽ വളർച്ചയെന്നു വിശേഷിപ്പിക്കാവുന്ന വല്ല പരിവർത്തനവുമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രേരണ മറ്റൊരാചാര്യനിൽ നിന്നാവാൻ വയ്യ.'

ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്രം കഴമ്പുള്ളതും ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് അനുയോജ്യവുമായതും ആണെന്ന് അച്ഛൻ വിശ്വസിച്ചു. ഞങ്ങളോട് നൂൽ നൂൽക്കാനും ഖദർ ധരിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. ചർക്കയിൽ നൂൽ നൂൽക്കുന്ന കാര്യം ജ്യേഷ്ഠനും ഞാനും അനു

ജത്തിയും അനുഷ്ഠിച്ചു. പക്ഷെ കൂട്ടുകാരെല്ലാം മല്ല് തുണികൊണ്ട് വിവിധ നിറങ്ങളുള്ള ഉടുപ്പുകളിട്ടു ക്ലാസ്സിൽ വരുമ്പോൾ പരുക്കനെന്ന് തോന്നിക്കുന്ന ഖദറിട്ട് സ്കൂളിൽ പോകാൻ ഞങ്ങൾ തയ്യാറായില്ല. ക്രമേണ പഠിത്തത്തിനിടയിൽ എപ്പോഴോ ചർക്കയും മാറ്റിവയ്ക്കപ്പെട്ടു. ഇന്ത്യയിലൊട്ടാകെയുണ്ടായ മാറ്റങ്ങളുടെ ഭാഗം മാത്രമായിരുന്നു അത്. ഗാന്ധിജയന്തി ദിവസം മാത്രം ചർക്ക പൊടി തുടച്ചെടുത്ത് നൂൽക്കുന്ന പരിപാടി.

ഗാന്ധിജിയെപ്പറ്റി അച്ഛൻ മക്കളോട് സംസാരിക്കാറുണ്ട്. ഗാന്ധിയൻ സാമ്പത്തിക വ്യവസ്ഥയെപ്പറ്റി ഏറെ പറഞ്ഞു തന്നിട്ടുണ്ട്. സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ വിജയിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ സംസാരം പക്ഷെ മൂത്ത രണ്ടോ മൂന്നോ മക്കളിലൊതുങ്ങി. പിന്നീടുണ്ടായ മക്കൾ ഒരു പുതിയ ലോകത്താണ് ജീവിക്കുന്നതെന്നദ്ദേഹത്തിനു തോന്നിയിട്ടുണ്ടാകണം; ഗാന്ധിജിയുടെ ആദർശങ്ങൾ വില പോകാത്ത ഒരു സമ്പദ് ഘടനയും സമൂഹവും അപ്പോഴേയ്ക്കും രൂപം കൊണ്ടു കഴിഞ്ഞിരുന്നു. വ്യവസായങ്ങളുടെ മുന്നേറ്റവും, കൃഷിയുടെ പിൻമാറ്റവും ആദർശബോധമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കുകയാണുണ്ടായത്. അതുപോലെത്തന്നെ വെടിമരുന്ന് നനയാതെ ഉണക്കി സൂക്ഷിക്കേണ്ടി വന്ന ആഗോളവ്യവസ്ഥയും സജ്ജമായിരുന്നു. അച്ഛൻ സ്വന്തം ജീവിതം ഒരു മാതൃകയാക്കി സൂക്ഷിച്ചു, പിന്നെ മക്കൾ സത്യമാർഗ്ഗത്തിലൂടെ ചരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. ഗാന്ധിജിയുടെ ആത്മകഥ 'എന്റെ സത്യാന്വേഷണ പരീക്ഷകൾ' വീട്ടിലുണ്ടായിരുന്നു. അതു വായിക്കാൻ ഞങ്ങളെ ഉപദേശിച്ചിരുന്നു അച്ഛൻ.

ആദർശങ്ങളുടെ അപചയം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചിരുന്നു. 'ഒരു പിടി നെല്ലിക്ക'യിൽ അദ്ദേഹം യുവ തലമുറക്ക് താക്കീതു നൽകുകയാണ്,

എന്തു നേടി? അറിയില്ലെ-
ന്നിളം തലമുറ, പക്ഷെ
എന്തു നഷ്ടപ്പെടാനുണ്ടെ-
ന്നറിഞ്ഞേ പറ്റു!

നേടിയതിനു പിന്നിലുള്ള സാഹസങ്ങളും ത്യാഗങ്ങളും യുവതലമുറയ്ക്കറിയില്ല. അതു നഷ്ടപ്പെടാൻ വളരെ എളുപ്പമാണ്.

ചുറ്റും വളർന്നു വന്ന അപചയങ്ങൾക്കു നടുവിൽ അച്ഛൻ അചഞ്ചലനായി നിലകൊണ്ടു. ആ മഹാത്മാവിന്റെ ആദർശങ്ങൾക്ക് മങ്ങൽ വന്നിട്ടും ഒരു ഗാന്ധിയനായിത്തന്നെ ജീവിച്ചു, മരണം വരെ.

എനിക്ക് പക്ഷെ ഗാന്ധിജിയുടെ സമ്പദ്‌വ്യവസ്ഥയെപ്പറ്റി സംശയങ്ങളുണ്ടായിരുന്നു. സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ എന്ന ആശയത്തോട് എനിക്ക് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ആശയം പ്രാവർത്തികമായാൽ ഇന്ത്യ മുഴുവൻ ഒരു വലിയ ഗ്രാമമാകുമെന്നും ഈ ഗ്രാമത്തിൽ സാങ്കേതിക മുന്നേറ്റമുണ്ടാവാൻ പ്രയാസമാണെന്നും ഞാൻ വിശ്വസിച്ചു. സാങ്കേതിക വിദ്യയിൽ മറ്റു രാജ്യങ്ങളോടൊപ്പം നിൽക്കേണ്ടത് അത്യാവശ്യമാണെന്നും അങ്ങിനെയല്ലെങ്കിൽ നാം വീണ്ടും മറ്റു രാജ്യങ്ങളുടെ അടിമകളാകുമെന്നും എനിക്ക് ഭയമുണ്ടായിരുന്നു. ക്രമേണ നാം ഒരു പ്രാകൃത സമൂഹമായി മാറുമെന്നും എനിക്കു തോന്നി. പിന്നീട് പല ആഫ്രിക്കൻ രാജ്യങ്ങളിലും ചില ഗൾഫ് രാജ്യങ്ങളിലും സംഭവിച്ചത് കണ്ടപ്പോൾ എനിക്കതു

ബോധ്യമാവുകയും ചെയ്തു. സാങ്കേതിക വിദ്യയിൽ മറ്റു രാജ്യങ്ങളോടൊപ്പമോ, ഒരിഞ്ചു മുമ്പിലോ ആയാലേ നമുക്ക് നിലനിൽപ്പുള്ളു.

ശാന്തിമന്ത്രവും അഹിംസയും കൊണ്ട് ഒരു രാജ്യത്തിനുമാത്രമായി നിലനിൽക്കാൻ കഴിയില്ല. ലോകത്തുള്ള എല്ലാ രാജ്യങ്ങളും ആയുധം വെടിയുകയും ശാന്തിമാർഗ്ഗം അവലംബിക്കുകയും ചെയ്യുകയാണെങ്കിൽ ശരി. അതു സംഭവിക്കില്ലെന്ന് ഉറപ്പാണ്. നാം വളരെക്കാലം കഷ്ടപ്പെട്ട് നേടിയ സ്വാതന്ത്ര്യം നിലനിർത്തണമെങ്കിൽ ആയുധപ്പുര നല്ല നിലയിൽ കൊണ്ടു നടത്തണം. ഒരിക്കൽ നെഹ്റു പറയുകയുണ്ടായി. നമുക്ക് സമാധാനത്തെപ്പറ്റി ചർച്ച ചെയ്യുക, ഒപ്പം വെടിമരുന്ന് ഉണക്കി സൂക്ഷിക്കുകയും ചെയ്യുക. നെഹ്റുവിന് ഈ ബോധ്യം കുറേക്കൂടി നേരത്തെ ഉണ്ടായിരുന്നെങ്കിൽ നമുക്ക് അറുപതുകളിൽ നേരിട്ട ഭീമമായ തോൽവി ഒഴിവാക്കാമായിരുന്നു. സൈന്യത്തെ വേണ്ടവിധം സജ്ജമാക്കാതെ അദ്ദേഹവും അന്നത്തെ രാജ്യരക്ഷാമന്ത്രിയായിരുന്ന വി.കെ. കൃഷ്ണമേനോനും രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തെപ്പറ്റി സംസാരിക്കുകയും ശാന്തിമന്ത്രം ഉരുവിടുകയുമായിരുന്നു. അതുപോലെത്തന്നെ അദ്ദേഹത്തിന്റെ ചേരിചേരാനയവും ഒരു പരാജയമായിരുന്നു. രണ്ടു തോണിയിൽ കാലിട്ടു നിന്നവന്റെ അനുഭവം ഇന്ത്യക്ക് പലപ്പോഴും ഉണ്ടായിട്ടുണ്ട്. അപൂർവ്വ സന്ദർഭങ്ങളിൽ മറിച്ചും ഉണ്ടായിട്ടുണ്ട്. 62ലെ യുദ്ധം നിൽക്കാൻ കാരണം അമേരിക്കയുടെ ഏഴാം ഫ്ളീറ്റ് വന്നിടപെട്ടതുകൊണ്ടാണ്. അത് ഇന്ത്യയുടെ നയതന്ത്ര മിടുക്കുകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല, മറിച്ച് കാപിറ്റലിസം നിലനിർത്താനും അതിന്റെ ശത്രുവായ കമ്മ്യൂണിസത്തിന്റെ മുന്നേറ്റത്തിന് തടയണ കെട്ടാനുമുള്ള അമേരിക്കയുടെ നിരന്തര പോരാട്ടത്തിന്റെ ഭാഗമാവാനേ തരമുള്ളു.

ഗാന്ധിജിയെപ്പറ്റിയുള്ള ഈ ലേഖനത്തിൽനിന്ന് ഞാൻ വ്യതിചലിച്ചുവെന്ന് പറയുന്നില്ല. അറുപതുകളുടെ പകുതിയായപ്പോഴേയ്ക്ക് എനിക്ക് ഗാന്ധിയൻ ആദർശങ്ങളോടുള്ള പ്രതിപത്തി ഇല്ലാതാവുകയാണുണ്ടായത്. അഹിംസയിൽ ഞാൻ വിശ്വസിക്കുന്നു. ഇരുപതു കൊല്ലം മുമ്പ് സസ്യേതര ഭക്ഷണം ഞാൻ ഉപേക്ഷിച്ചത് പക്ഷെ ഗാന്ധിയൻ ആദർശത്തിന്റെ പേരിലല്ല, മറിച്ച് എന്റെ മനസ്സാക്ഷിയുടെ പ്രേരണമൂലമാണ്.

ഒരു കണ്ണിനു പകരം മറ്റൊരു കണ്ണ് എന്ന സമ്പ്രദായം ലോകം മുഴുവൻ അന്ധമാകാനേ ഉപകരിക്കു എന്നു ഗാന്ധി പറയുന്നിടത്ത് ഞാൻ വിയോജിക്കുന്നു. അങ്ങിനെ ചെയ്താൽ ഒന്നോ രണ്ടോ കണ്ണുകളെ പോകുകയുള്ളു, മറ്റുള്ള കണ്ണുകളെല്ലാം രക്ഷപ്പെടുകയാണുണ്ടാകുക. എന്നുവച്ചാൽ കുറ്റകൃത്യങ്ങൾ വളരെ കുറഞ്ഞു കിട്ടുമെന്നർത്ഥം. മറിച്ച് കുറ്റം ചെയ്താൽ വലിയ ശിക്ഷയില്ലാതെ രക്ഷപ്പെടാമെന്നു വരുന്നതാണ് കുറ്റകൃത്യങ്ങൾ കൂടുന്നതിനുള്ള കാരണമെന്നാണ് എന്റെ വിശ്വാസം. ഇന്ത്യയിൽ ഇന്നു നാം കാണുന്നത് ഈ അവസ്ഥാവിശേഷമാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥന് അഴിമതിക്ക് കിട്ടുന്ന ശിക്ഷ സ്ഥലം മാറ്റം മാത്രമാണ്. അയാൾക്ക് പുതിയ സ്ഥലത്തു വന്ന് കൂടുതൽ ഊർജ്ജസ്വലതയോടെ അഴിമതി നടത്താം. മറിച്ച് അയാൾക്ക് കൊടുക്കേണ്ട ശിക്ഷ അഴിമതി നടത്താൻ പറ്റാത്ത തസ്തികയിലേയ്ക്ക് തരം താഴ്ത്തലാണ്. ശരിക്കും വേണ്ടത് തടവും അയാൾ അഴി

മതി കൊണ്ടുണ്ടാക്കിയ സമ്പത്ത് കണ്ടുകെട്ടലുമാണ്.

ഇന്ത്യയിലെന്നല്ല ലോകത്തെമ്പാടുംതന്നെ ജനാധിപത്യത്തിൽ ശിക്ഷകൾ വളരെ കുറവാണ്. ഒരുദാഹരണം. അമേരിക്കയിൽ, ബലാൽസംഗത്തിന് ശിക്ഷയായി മെക്സിക്കോവിലേയ്ക്ക് അഞ്ചു പ്രാവശ്യം നാടുകടത്തപ്പെട്ട ഒരനധികൃത കുടിയേറ്റക്കാരൻ ആറാം തവണയും ഇതേ കുറ്റത്തിന് പിടിക്കപ്പെട്ടു. അപ്പോഴാണ് അയാളുടെ പൂർവ്വചരിത്രം ചികഞ്ഞു നോക്കുന്നത്. ശിക്ഷ വളരെ കുറവായതുകൊണ്ടല്ലേ ഇങ്ങനെ സംഭവിക്കുന്നത്.

അല്ലെങ്കിൽ മനുഷ്യാവകാശം പ്രതിയ്ക്ക് മാത്രമേയുള്ളുവെന്ന് വിശ്വസിക്കുന്ന ഒരു ജനതയ്ക്ക് (അല്ലെങ്കിൽ ജനവിഭാഗത്തിന്) ഇപ്പോഴുള്ള രീതികൾ പാകമാണ്.

ഗാന്ധിസം ഇന്നത്തെ ഇന്ത്യയിൽ പ്രസക്തമാണോ എന്ന് സംശയമാണ്. കാരണം മൂല്യങ്ങളും രീതികളും ഇനി ഒരു തിരിച്ചു പോക്കില്ലാത്ത വിധം മാറിയിരിക്കുന്നു. ആ മഹാത്മാവിന്റെ ഓർമ്മ, ഒക്ടോബർ രണ്ടിന് തട്ടിൻപുറത്തുനിന്ന് പഴയ ചർക്കയെടുത്തു നൂൽക്കുന്നതായി അഭിനയിക്കുന്ന കാപട്യം(വ്യുീര്യശ്യ) മാത്രമായി മാറിയിരിക്കുന്നു. ഇന്ന് ഇന്ത്യയെ ആരെങ്കിലും ആക്രമിച്ചാൽ തിരിച്ചടിക്കാനുള്ള കരുത്തും സന്നദ്ധതയും നാം നേടിയിരിക്കുന്നു. അവിടെ ശാന്തിമന്ത്രമില്ല, ഭായി, ഭായി വിളികളില്ല. മറുചെവി കാണിച്ചുകൊടുക്കലുമില്ല. ഞാൻ അണുവായുധങ്ങൾക്ക് എതിരാണ്. ലോകത്തെ സകല അണുവായുധങ്ങളും നശിപ്പിക്കണമെന്ന അഭിപ്രായക്കാരനാണ്. പക്ഷെ അതെത്രത്തോളം പ്രായോഗികമാണ്? പൊക്രാനിൽ ആറ്റമിക് ടെസ്റ്റ് നടത്തിയപ്പോൾ ഉണ്ടായ ബഹളം അർത്ഥമില്ലാത്തതാണ്. അണുബോംബുകൾ ഉപയോഗിക്കാനുള്ളതല്ല, മറിച്ച് മറുരാജ്യങ്ങൾ നമ്മെ ആക്രമിക്കാതിരിക്കാനുള്ള ഒരു കരുതൽ മാത്രമാണ് (റലലേ്യൃലിേ). തിരിച്ചുകിട്ടും എന്നുറപ്പുള്ളപ്പോൾ ആരും ആക്രമിക്കാൻ ധൈര്യപ്പെടില്ല. ആരെങ്കിലും അണുബോംബ് ഉപയോഗിക്കും എന്നു പറയുന്നത് വിവരമില്ലായ്മയാണ്. അടുത്തായി ഒരു രാജ്യം അണുബോംബും മിസ്സൈലുമുണ്ടാക്കി അമേരിക്കയെ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നത് ഓർമ്മ വരുന്നു. മിസ്സൈലുകൾ തടയാനുള്ള സംവിധാനം അമേരിക്കയ്ക്കുണ്ടെന്നതു പോകട്ടെ, അമേരിക്കയുടെ അണുബോംബുകൾ വിന്യസിച്ച പോർവിമാനങ്ങൾ ആ രാജ്യത്തിന്റെ അതിർത്തിക്ക് തൊട്ടപ്പുറത്തുണ്ടെന്നത് ഓർത്താൽ മതി, ഭീഷണി മുഴക്കുന്നവരുടെ വിവരമില്ലായ്മ, അല്ലെങ്കിൽ അന്തമില്ലായ്മ വെളിപ്പെടാൻ.

ഞാൻ ലേഖനത്തിന്റെ വിഷയത്തിൽനിന്ന് വഴിമാറി നടക്കുകയല്ല. ഗാന്ധിസമോ, ബുദ്ധിസമോ അല്ല ഇന്ന് ലോകത്തെ നയിക്കുന്നതെന്നും, ഒരു രാജ്യത്തിനു മാത്രമായി അതു പിൻതുടരാൻ കഴിയില്ലെന്നും പറയുകയാണ്.

ഗാന്ധിജിയുടെ പല ഉപദേശങ്ങളിൽ ഒന്ന് ഇതാണ്.

'അ രൗഋീോല്യ ശ വേല ാീര ശാുീൃമേ്ശെൈ്യ ീ ീൗ്യ ൂ്യലാശലൈ. ഒല ശ ിീ റലുലിറലി േീ ഔ. ണല മൃല റലുലിറലി േീ വശാ. ഒല ശ ിീ മി ശിലേ്യൃൗുശേീ ിള ീൗ്യ ംീൃസ. ഒല ശ വേല ുൗ്യുീലെ ിള ശ.േ ഒല ശ ിീ മി ീൗശെലെ്യ ൃീ ീൗ്യ യൗശെിലൈ. ഒല ശ ുമൃ േിള ശ.േ ണല മൃല ിീ റീശിഴ വശാ മ ളമ്ീൗ്യ യ്യ ലെ്യൃശിഴ വശാ. ഒല ശ റീശിഴ ൗ മ ളമ്ീൗ്യ

യ്യ ഴശ്ശിഴ ൗ വേല ീൗ്യീൃേൗിശ്യേ ീ ള ീ.'

ഈ മന്ത്രവും ചൊല്ലിക്കൊണ്ട് ഒരു കടയിലേയ്ക്കു ചെല്ലു, അല്ലെങ്കിൽ ഏതെങ്കിലും ഓഫീസിൽ ചെന്നുനോക്കു. വിവരം അറിയാം.

എന്റെ മകൻ ജനിച്ചപ്പോഴേയ്ക്കും സ്വാതന്ത്ര്യ സമരവും അതിനു വേണ്ടി ജീവിതം പൊലിച്ച പതിനായിരക്കണക്കിന് നിസ്വാർത്ഥരായ മനുഷ്യരും നാടിന്റെ ഓർമ്മയിൽ നിന്നുതന്നെ അപ്രത്യക്ഷമായിരിക്കുന്നു. അവൻ സസ്യഭുക്കായത് ഗാന്ധിയൻ ആദർശത്തിന്റെ പേരിലല്ല, മറിച്ച് സ്വന്തം മനസ്സാക്ഷിയുടെ വിളി കേട്ടാണ്. ഏകദേശം പത്തു വയസ്സുവരെ അവൻ സസ്യേതര ഭക്ഷണവും കഴിച്ചിരുന്നു. ബുദ്ധിയുറച്ചപ്പോഴാണ് അതു തീരെ നിർത്തിയത്. വീട്ടിൽ ഒരു ഉറുമ്പിനെപ്പോലും കൊല്ലാൻ അവൻ സമ്മതിക്കാറില്ല. 'അത് അതിന്റെ പാട്ടിന് പൊയ്ക്കോളും, ഉപദ്രവിക്കണ്ട' എന്നാണ് പറയുക. നല്ലൊരു വായനക്കാരനായ അവൻ ഗാന്ധിയൻ ആദർശങ്ങളെപ്പറ്റി വായിച്ചിട്ടുണ്ടാകണം. പക്ഷെ അതവനെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്, അവന്റെ അഹിംസയിലും സഹിഷ്ണുതയിലും ഗാന്ധിജിയാണോ മാതൃക എന്നും പറയാൻ പറ്റില്ല.

ഗാന്ധിജിയുടെ ബാക്കിപത്രമായി ഒന്നും അവശേഷിക്കുന്നില്ല ഇന്ത്യയിൽ. പുറം രാജ്യങ്ങളിൽ ഇന്ന് ഗാന്ധി എന്നു പറഞ്ഞാൽ ഇന്ദിരാ ഗാന്ധിയാണ്, അല്ലെങ്കിൽ സോണിയാ ഗാന്ധി. ആ മഹാത്മാവ് ഇന്ന് തമസ്കരിക്കപ്പെട്ടിരിക്കുന്നു. ലണ്ടനിൽ പാർല്യമെന്റ് സ്ക്വയറിൽ ഗാന്ധി പ്രതിമ സ്ഥാപിച്ചത് അടുത്ത കാലത്താണ്. ഇത് ബ്രിട്ടനിലെ ആദ്യ ഗാന്ധി പ്രതിമയല്ല. അതെല്ലാം ഗാന്ധിജിയെ ബ്രിട്ടിഷുകാർ ബഹുമാനിക്കുന്നതിന്റെ സൂചനയാണ്. എഴുപതിലധികം രാജ്യങ്ങളിൽ ഗാന്ധി പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ഗാന്ധി പ്രതിമ ഗാന്ധിയൻ ആദർശങ്ങളെ പ്രസരിപ്പിക്കുമെങ്കിൽ ലോകത്തെമ്പാടും ഗാന്ധിയുടെ ആദർശങ്ങൾ നിലനിന്നേനെ.

ഇപ്പോൾ നമുക്ക് വീണ്ടും ഗാന്ധിജിയിലേയ്ക്ക് തിരിച്ചു പോകണമോ? ചില ആദർശങ്ങളെങ്കിലും നിലനിർത്തണമെന്നാണ് എന്റെ പക്ഷം. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് സത്യവും, അഹിംസയും സഹിഷ്ണുതയുമാണ്. നാം എന്തു ചെയ്യുമ്പോഴും അത് മറ്റുള്ളവർക്ക് ദോഷമാകുമോ എന്നു ചിന്തിക്കുക. ദോഷമാകുമെങ്കിൽ ചെയ്യാതിരിക്കുക. മറിച്ച് അതു മറ്റുള്ളവർക്കു കൂടി ഗുണകരമാകണമെന്ന് ശഠിക്കുകയും ചെയ്യുക. സത്യം, അഹിംസ, സഹിഷ്ണുത, ഈ മൂന്ന് ഗാന്ധിയൻ ആദർശങ്ങളെങ്കിലും കുട്ടികൾക്ക് ഒന്നാം ക്ലാസ്സുമുതൽ പഠിപ്പിച്ചു കൊടുക്കുക. അടുത്ത തലമുറയെങ്കിലും ഈ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊണ്ട് അവരുടെ ജീവിതം ധന്യമാക്കും, തീർച്ച. അതോടെ നമ്മുടെ രാജ്യം രക്ഷപ്പെടും.

ഇ. ഹരികുമാർ – ജനശക്തി / 14.01.2018

BACK TO INDEX

# എന്റെ കാവ്യാസ്വാദനം

നല്ല ഹൈമവതഭൂവിൽ, - ഏറെയായ്
കൊല്ലം - അങ്ങൊരു വിഭാത വേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനുൽ
ഫുല്ല ബാലരവിപോലെ കാന്തിമാൻ.

ഞാൻ കുമാരനാശാന്റെ നളിനിയും മറ്റു കാവ്യങ്ങളും വായിച്ചത് അമ്മയുടെ നോട്ടു പുസ്തകത്തിൽ നിന്നായിരുന്നു. അച്ചടി കോപ്പിയുണ്ടെങ്കിലും അതെല്ലാം വൃത്തിയായി നോട്ടുപുസ്തകങ്ങളിൽ പകർത്തിവയ്ക്കുക അമ്മയുടെ പതിവായിരുന്നു. കവിതയോട് അത്രമാത്രം ഭ്രമം അവർക്കുണ്ടായിരുന്നു. എട്ടു-പത്തു വയസ്സിൽ ഞാൻ കരുതിയിരുന്നത് അവയെല്ലാം അമ്മയെഴുതിയ കവിതകളാണെന്നായിരുന്നു. പിന്നീട് അർത്ഥമറിയാനായപ്പോൾ ആ കവിതകൾ എന്നെ രസം പിടിപ്പിച്ചു. ആശാന്റെ ഒരുമാതിരി എല്ലാ കാവ്യങ്ങളും വായിച്ചിട്ടുണ്ട്. അർത്ഥതലത്തേക്കാൾ എന്നെ ആ കവിതകളിലേയ്ക്ക് ആകർഷിച്ചത് അവയുടെ ശബ്ദതലമായിരുന്നു.

പ്രണയപരവശേ ശുഭം നിന-
ക്കുണരുക, ഉണ്ടൊരു ദിക്കിൽ നിൻ പ്രിയൻ
ഗുണവതി, നെടുനിദ്രവി-
ട്ടുണരുക, ഞാൻ സഖി, നിന്റെ മാധവി.

ഒരു കേവല സംഗീതം പോലെ എന്റെ സിരകളിൽ പടർന്നു കയറുന്ന വരികൾ. വായന തുടങ്ങിയാൽ മനസ്സ് അന്യോന്യം സമരസപ്പെട്ടുകൊണ്ടുള്ള രണ്ടു ഭാഗങ്ങളായി മാറുന്നു. സംഗീതത്തിന്റെയും അർത്ഥതലത്തിന്റെയും. സംഗീതം അർത്ഥതലത്തിലൂടെ ഒരു പടർവള്ളിപോലെ കയറിയിറങ്ങുന്നതിലൂടെ ആസ്വാദനം പൂർണ്ണമാകുന്നു. പിന്നീട് അച്ഛന്റെ കവിതകൾ വായിച്ചപ്പോഴും എനിക്കിതേ അനുഭൂതിയാണ് ലഭിച്ചത്. ഒരു വ്യത്യാസം മാത്രം അച്ഛന്റെ കവിതകൾ മനസ്സിലാക്കാൻ പ്രയാസമാണ്. പഠിക്കുകതന്നെ വേണം. ഇവിടെ അർത്ഥതലം വല്ലാതെ 'നിമ്നോന്നത'മാണ്.

കവിത്രയത്തിൽ ആശാനൊഴിച്ച് മറ്റു രണ്ടുപേരും എന്തുകൊണ്ടോ എന്നെ ആകർഷിച്ചില്ല. ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും കവിതകൾ വായിച്ചിട്ടുണ്ടെങ്കിലും എന്തുകൊണ്ടോ അവയാൽ ആകർഷികപ്പെട്ടില്ല. 'മണിയേഴു കഴിഞ്ഞു മോശമിപ്പണി പാൽക്കഞ്ഞി തണുത്തുപോയി...' 'വാനമേ, ഗഗനമേ, വ്യോമമേ, സുരസ്സിദ്ധസ്ഥാനമേ, വിഹായസ്സേ, നഭസ്സേ നമസ്കാരം...' തുടങ്ങിയ വരികൾ മനസ്സിലുണ്ടെങ്കിൽക്കൂടി.

എന്റെ കവിതാവായന വളരെ പരിമിതമായിരുന്നു. വളരെ പെട്ടെന്നാണ് കഥകളിലേയ്ക്ക് ഞാൻ ചാടിയത്. പക്ഷെ സ്വന്തം എഴുത്തു തുടങ്ങിയപ്പോൾ ആദ്യമായി എഴുതിയത് കവിതകളായിരുന്നു. വീട്ടുമാസികയിലായിരുന്നു അവ പ്രസിദ്ധീകരിച്ചത്. ആ കാലത്തായിരുന്നു ടി.കെ. പത്മിനി ഞങ്ങളുടെ വീട്ടിൽ താമസിച്ച് ആദ്യം എ.വി. ഹൈസ്കൂളിലെ ദേവസ്സി മാസ്റ്ററുടെയും പിന്നീട് ആർട്ടിസ്റ്റ് നമ്പൂതിരിയുടെയും ശിഷ്യയായി കലാപരിശീലനം തുടങ്ങിയത്. അവർ ഞങ്ങളുടെ മാസികയിൽ ചിത്രങ്ങൾ വരക്കാറുണ്ട്. എന്റെ ഒരു കവിതയ്ക്ക് അവർ വരച്ച ചിത്രം ഞാനിന്നും സൂക്ഷിക്കുന്നു. പത്മിനിയേടത്തി

യെന്ന കലാകാരി എന്റെ ഒരു കവിതയ്ക്ക് ചിത്രം വരക്കുക! ഞങ്ങൾ തമ്മിൽ പ്രായത്തിൽ മൂന്നു വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവരെ വളരെ ഉയരത്തിലാണ് ഞാൻ കണ്ടിരുന്നത്. അതുകൊണ്ടുതന്നെ അവർ എന്റെ കവിതയക്ക് വേണ്ടി ചിത്രം വരച്ചുവെന്നത് എന്റെ ആത്മവിശ്വാസം ഉയർത്തുകയുണ്ടായി. ആ ഉയർന്നുവന്ന ആത്മവിശ്വാസത്തിന് തടയിട്ടത് അച്ഛനായിരുന്നു. മറ്റൊരു കവിത തിരുത്താൻ കൊടുത്തപ്പോൾ അച്ഛൻ സ്വതസിദ്ധമായ സൗമ്യതയോടെ പറഞ്ഞു. നീ ഇനി കഥകളെഴുതിയാൽ മതി. എന്തർത്ഥത്തിലാണത് പറഞ്ഞതെന്ന് അന്നു മനസ്സിലായില്ല. കഥയിൽ ഞാൻ മിടുക്കു കാണിക്കുന്നു എന്നാണോ, അതോ കവിതയെഴുതിയാൽ ശരിയാവില്ലാ എന്നാണോ. പിന്നീട് ഒരിക്കൽ ശ്രീ കുട്ടികൃഷ്ണമാരാർ വീട്ടിൽ വന്നപ്പോൾ എന്റെ കവിതയുള്ള വീട്ടുമാസിക അദ്ദേഹത്തെ കാണിച്ചു. അഭിനന്ദിക്കുമെന്നാണ് കരുതിയത്. അദ്ദേഹം അതു മുഴുവൻ ഓന്നോടിച്ചു വായിച്ചശേഷം ഒന്നും പറയാതെ പുസ്തകം തിരിച്ചുതന്നു. 'നീയിനി കഥയെഴുതിയാൽ മതി' എന്ന അച്ഛന്റെ നിർദ്ദേശത്തിന്റെ അർത്ഥവും വ്യാപ്തിയും അപ്പോഴാണ് മനസ്സിലായത്.

ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് സുഗതകുമാരിയുടെ 'കാളിയമർദ്ദനം' എന്ന കവിത മാതൃഭൂമിയിൽ വന്നത്.

കുനിഞ്ഞതില്ലീ പത്തികൾ കണ്ണാ
കുലുങ്ങിയില്ലി കരളേതും
ഓളമടിച്ചു സമുദ്രം പോലീ
കാളിന്ദി നദി പൊങ്ങുമ്പോൾ.....

ഈ കവിത വായിച്ചശേഷം അച്ഛൻ അമ്മയോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'എടോ ഞാനീ കവിതയുമായി പ്രണയത്തിലായിരിക്കുന്നു.' ഞാൻ വളരെയധികം പ്രാവശ്യം വായിച്ച കവിതയാണത്. സുഗതകുമാരിയുടെ ഒരുപാട് കവിതകൾ വായിച്ചിട്ടുണ്ടെങ്കിലും എനിക്കിഷ്ടമായത് ഒരു ചെറിയ കവിതയാണ്. അല്പം അമൂർത്തമായ ഒരു കവിത. 'വെറുതെ, വെറുമൊരു വേദനയോടെ.'

ഒരു കാറ്റിന്നിതൾ വീണു, വാന-
ത്തൊരു കീറമ്പിളി മിന്നിമറഞ്ഞു
വെറുതെ വെറുമൊരു പുഞ്ചിരിയോടെ.
ഇലകളിലരികുകൾ തോറും മിന്നും
മഴനീർത്തുള്ളി, കടക്കൺ കോണിലു-
മൊരു നീർത്തുള്ളി തുളുമ്പി മറഞ്ഞു.
ഒരു മേഘത്തിൻ സ്വപ്നാടനഭുവി-
യൊരു മിന്നൽപിണരാളിയുയർന്ന
ക്കാളിമയൊന്നു തിളങ്ങി മറഞ്ഞു....
*അവസാനത്തെ വരികൾ...*
ഞാനുയിരേകിയ പൂവിൻ മണവും
ഞാനണിയിച്ച നിലാവിൻ നിറവും
താനേ കണ്ട കിനാവും മാത്രം
തരുവാൻ മറ്റെന്തുള്ളു! ഹാ, നിൻ കരതാർ

നീളുവതല്ലോ, തരുവാൻ
വെറുതെ, വെറുമീ വേദന മാത്രം.

ഈ കവിത ഞാൻ പകർത്തിയെഴുതി പത്താം ക്ലാസ്സിലെ എന്റെ സഹപാഠികൾക്ക് വായിക്കാൻ കൊടുക്കുകയുണ്ടായി. പഴക്കംകൊണ്ട് മാഞ്ഞുതുടങ്ങിയ ആ കോപ്പി ഞാനിന്നും സൂക്ഷിക്കുന്നു. സുഗതകുമാരിയുടെ കവിതകളിൽ ആകൃഷ്ടനായി അതിൽ തിരഞ്ഞെടുത്തവ കവിയെക്കൊണ്ടു പാടിച്ച് ആലേഖനം ചെയ്യാൻ ഞാൻ തിരുവനന്തപുരത്ത് പോയിരുന്നു. വളരെ നല്ല സ്വീകരണമാണ് അവരിൽ നിന്നും, ജ്യേഷ്ഠത്തി പ്രൊഫ. ഹൃദയകുമാരിയിൽ നിന്നും ലഭിച്ചത്. രണ്ടു കാസ്സറ്റിനുള്ള കവിതകൾ റെക്കോർഡ് ചെയ്തു. പക്ഷെ എനിക്കവരോട് നീതി കാട്ടാൻ കഴിഞ്ഞില്ല. അതെന്നെ ഇപ്പോഴും വേദനിപ്പിക്കുന്നു. തിരിച്ചുവന്ന് എന്റെ സ്നേഹിതൻ മാങ്ങോട്ട് കൃഷ്ണകുമാറിനെ കേൾപ്പിച്ചപ്പോഴാണ് പറഞ്ഞത്, കവിതകൾ കവിയുടെ ശബ്ദത്തിലാണെങ്കിലും വാദ്യോപകരണങ്ങളോടെ ഇറക്കിയാൽ മാത്രമേ ജനങ്ങൾക്കിഷ്ടമാകൂ. അതിനർത്ഥം ഞാൻ വീണ്ടും തിരുവനന്തപുരത്തു പോയി വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ സുഗതകുമാരിയെക്കൊണ്ട് പാടിക്കണം. വാദ്യോപകരണങ്ങളോടൊപ്പം പാടാൻ അവർക്കു കഴിയുമോ എന്നും സംശയമുണ്ടായിരുന്നു. പിന്നെ അക്കാലത്ത് എന്റെ സാമ്പത്തികസ്ഥിതിയും വളരെ മോശമായിരുന്നു. ഭാഗ്യത്തിന് എന്റെ സ്നേഹിതൻ ജോണി സാഗരിക സഹായത്തിനെത്തി. അദ്ദേഹമത് പ്രസിദ്ധപ്പെടുത്താമെന്ന് ഏറ്റു. സുഗതകുമാരിയ്ക്ക് ഒരു ചെറിയ റോയൽറ്റിയും കൊടുത്തു. ആ കാസ്സറ്റ് പക്ഷെ അധികം ചെലവായില്ല എന്ന് അദ്ദേഹം പിന്നീട് പറഞ്ഞു. പാരഡികളുടെയും കോമഡികളുടെയും പ്രളയത്തിൽ അതു മുങ്ങിപ്പോയില്ലെങ്കിലല്ലെ അദ്ഭുതമുള്ളു. ഒരു കാസ്സറ്റിനും കൂടിയുള്ള കവിതകൾ റെക്കോഡ് ചെയ്തത് എന്റെ പക്കലുണ്ടായിരുന്നത് ഞാൻ സുഗതകുമാരിയ്ക്ക് അയച്ചുകൊടുത്തു. എന്റെ നിസ്സഹായത അറിയിക്കുകയും ചെയ്തു. അവർ തെറ്റിദ്ധരിച്ചുവോ എന്നറിയില്ല. എന്തായാലും തിരുവനന്തപുരത്തു പോയി റെക്കോഡിങ്ങ് സ്റ്റുഡിയോവിനും മറ്റുമായി വന്ന ചിലവിനെപ്പറ്റി എനിക്കു വിഷമമില്ല, പക്ഷെ പ്രിയപ്പെട്ട കവിയ്ക്കു വേണ്ടി എനിക്ക് കാര്യമായൊന്നും ചെയ്യാൻ പറ്റാത്തതിൽ ഇപ്പോഴും ഖേദമുണ്ട്. എന്റെ ആവശ്യപ്രകാരം അവർ 'വെറുതെ, വെറുമൊരു വേദനയോടെ' എന്ന കവിതയും ആലപിച്ചിരുന്നു, ഞാനുദ്ദേശിച്ച, ചൊല്ലിയിരുന്ന ഈണത്തിലല്ലെങ്കിൽക്കൂടി.

ഒരു കാലത്ത് ആഴ്ചപ്പതിപ്പുകൾ കിട്ടിയാൽ ആദ്യം വായിക്കുക അതിലെ കവിതകളായിരിക്കും. അവ കഥകളുമായി താരതമ്യം ചെയ്യുമ്പോൾ ചെറുതാണെന്നതു മാത്രമല്ല കാരണം. അവയ്ക്ക് ഒരു പ്രത്യേക വശ്യതയുണ്ട്. നമ്മെ മാടിവിളിക്കുന്ന സൗന്ദര്യമുണ്ട്.

മഹാകവി ജി.യുടെ കവിതകൾ എനിക്കിഷ്ടമാണ്. ചന്ദനക്കട്ടിൽ, പെരുന്തച്ഛൻ, ഇന്നു ഞാൻ നാളെ നീ, സൂര്യകാന്തി, പഥികന്റെ പാട്ട്....

വെമ്പലനാട്ടിലെ തമ്പുരാന്റെ
തമ്പുരാട്ടിക്കൊരു കട്ടിൽ വേണം
കട്ടിൽ കടയുവാനാക്കിഴക്കൻ-
കാട്ടിലെച്ചന്ദനംതന്നെ വേണം.

മഹാകവിയുടെ കവിതകൾ മാത്രമല്ല അദ്ദേഹത്തിന്റെ ഗീതാഞ്ജലി തർജ്ജമയും എനിക്കിഷ്ടമായിരുന്നു. ഈ തർജ്ജമകൾ മനോഹരമായി ആലപിച്ച് സി.ഡി.യായി ഇറക്കിയിട്ടുണ്ട് ശ്രീ വി.കെ. ശശിധരൻ. അവയെല്ലാം തന്നെ യൂട്യൂബിൽ വി.കെ. ശശിധരൻ ചാനലിൽ ലഭ്യമാണ്. ഒമാർ ഖയ്യാമിന്റെ റുബായിയത്ത് മഹാകവി ജി. തർജ്ജമ ചെയ്തത് മനോഹരമായിരിക്കുന്നു. 'വേല നാളെ, ജഗത്തിനിന്നുത്സവവേളയെന്നു വിളംബരം ചെയ്യുക.' എത്ര അനായാസേന ചെയ്ത മൊഴിമാറ്റം!

ചങ്ങമ്പുഴക്കവിതകൾ എന്നെ എന്തുകൊണ്ടോ സ്പർശിച്ചില്ല. വീട്ടിൽ അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളുണ്ടായിരുന്നു. അച്ഛനും അമ്മയും അവ ചൊല്ലിയിരുന്നത് എനിക്കോർമ്മയുണ്ട്. ഒരിക്കൽ ഞങ്ങളുടെ സ്കൂൾ വാർഷികത്തിന് ചങ്ങമ്പുഴയുടെ 'കാവ്യനർത്തകി' ചൊല്ലി കുട്ടികളുടെ നൃത്തമുണ്ടായിരുന്നു. അവർ ചൊല്ലിയത് കേട്ട് അമ്മ ചിരിക്കാൻ തുടങ്ങി. 'ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും മറു പകുതി പ്രജ്ഞയിൽ കരിപൂശിയ <u>മാവും</u>.' വീട്ടിൽ വന്ന് അമ്മ അതുതന്നെ പറഞ്ഞ് കുലുങ്ങി ചിരിക്കുന്നുണ്ടായിരുന്നു.

പി. കുഞ്ഞിരാമൻ നായർ, അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ, എം.എൻ. പാലൂർ, ഒളപ്പമണ്ണ, ഡോ. ഒ.എം. അനുജൻ, വൈലോപ്പിള്ളി, ഒ.എൻ.വി., എൻ.വി. കൃഷ്ണവാരിയർ, പി. ഭാസ്കരൻ, ശ്രീകുമാരൻ തമ്പി(എനിക്ക് വളരെ ഇഷ്ടപ്പെട്ട പല സിനിമാഗാനങ്ങളും ഈ കവിയുടേതായിരുന്നെന്ന് അടുത്ത കാലത്ത് മനസ്സിലാക്കിയപ്പോൾ സന്തോഷം തോന്നി), ആറ്റൂർ രവിവർമ്മ, കെ.വി. രാമകൃഷ്ണൻ, വിഷ്ണുനാരായണൻ നമ്പൂതിരി, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട്, ഏഴാച്ചേരി രാമചന്ദ്രൻ, മാധവൻ അയ്യപ്പത്ത്, കെ. ജയകുമാർ, സച്ചിദാനന്ദൻ, പി.കെ. ഗോപി, പ്രഭാവർമ്മ, മധുസൂദനൻ നായർ, ഒ.വി. ഉഷ, തൊട്ട് റഫീഖ് അഹമ്മദ്, വിജയലക്ഷ്മി. പി.പി. രാമചന്ദ്രൻ, വി.എം. ഗിരിജ, കുരീപ്പുഴ ശ്രീകുമാർ, ഗിരീഷ് പുത്തഞ്ചേരി, ആലങ്കോട് ലീലാകൃഷ്ണൻ, സദാനന്ദൻ പുഴങ്കര, എസ്. ജോസഫ് വരെ എന്റെ വായന തുടർന്നു. ആത്മാരാമൻ വൈകിയാണ് കവിതയെഴുത്തു തുടങ്ങിയതെന്നു തോന്നുന്നു. ഒരു പുസ്തകമേ ഞാൻ വായിച്ചിട്ടുള്ളു. പെട്ടെന്ന് ഓർമ്മയിൽ വന്ന പേരുകൾ എടുത്തു പറഞ്ഞു എന്നു മാത്രം. എന്തുകൊണ്ടോ വിട്ടുപോയ വായനയിൽ ആർ. രാമചന്ദ്രനും എൻ.എൻ. കക്കാടും പെട്ടത് വലിയ നഷ്ടമായി തോന്നുന്നു. കുറച്ചു കാലമായി വായന വല്ലാതെ കുറഞ്ഞിരിക്കയാണ്.

ഞാൻ ദില്ലിയിലായിരുന്ന കാലത്ത് കടമ്മനിട്ട രാമകൃഷ്ണൻ വീട്ടിൽ വരാറുണ്ട്, കവിതകൾ, പ്രത്യേകിച്ചും 'കിരാതവൃത്തം' ചൊല്ലാറുണ്ട്. 'ഈറ്റപ്പുലി പെറ്റുകിടക്കും, ഈറൻ കണ്ണു തുറന്നും.......' പിന്നീട് പലതവണ അദ്ദേഹം ആ കവിത സ്റ്റേജിൽ നിറപ്പകിട്ടോടെ അരങ്ങറിയത് ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് പക്ഷെ ഏറ്റവും ഇഷ്ടപ്പെട്ടത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതാലാപനമാണ്. അത് സ്വന്തം കവിതയായാലും മറ്റുള്ളവരുടെ കവിതയായാലും. ബാലചന്ദ്രനെപ്പറ്റി പറഞ്ഞപ്പോൾ ഒരു കാര്യം ഓർത്തു. ഒരിക്കൽ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം ചോദിച്ചു. 'ഞാനിപ്പോൾ വാക്കുകൾക്കു വേണ്ടി ഏതു പുസ്തകമാണ് ആശ്രയിക്കുന്നതെന്ന് അറിയാമോ?' ഞാൻ

പറഞ്ഞു. ശബ്ദതാരാവലി? 'അല്ല...' ഒന്നുകൂടി ആലോചിച്ച് ഞാൻ സംശയത്തോടെ പറഞ്ഞു. അമരകോശം? 'അല്ല, അദ്ധ്യാത്മരാമായണം.' ഞാൻ ആ മനുഷ്യമെ മനസ്സിൽ നമിച്ചു.

ഏറ്റവും പുതിയ കവികളിൽ പ്രഗൽഭരായവരുണ്ട്. വല്ലപ്പോഴും ഓടിച്ചു വായിക്കുമ്പോൾ കാണുന്ന പ്രതിഭയുടെ തിളക്കം എന്നെ സന്തോഷിപ്പിക്കാറുണ്ട്. കവിത ഇവിടെ തഴച്ചു വളരുകതന്നെ ചെയ്യും. എനിക്കിഷ്ടമാവാത്തത് കവിതയിൽ സംഗീതാംശം ഒട്ടും പാടില്ലെന്ന പുതുകവികളുടെ പിടിവാശിയാണ്. നമ്മുടെയെല്ലാം മനസ്സിൽ സംഗീതമുണ്ട്. വായിക്കുന്ന കവിതകൾ ആ ഈണങ്ങളോട് താദാത്മ്യം പ്രാപിക്കുമ്പോഴാണ് അവ ആസ്വാദ്യകരമാകുന്നത്.

എം. ഗോവിന്ദന്റെ കവിതകൾ എനിക്കിഷ്ടമാണ്. അതിലെ ജൈവ ഭാഷയെപ്പറ്റി രണ്ടഭിപ്രായമുണ്ടെങ്കിലും.

കാളിദാസന്റെ കാവ്യങ്ങൾ മലയാളത്തിലുള്ളവ ചിലത് വായിച്ചിട്ടുണ്ട്. മേഘസന്ദേശം, കുമാരസംഭവം. ആഷാഢമാസത്തിലെ തുടക്കത്തിലൊരു ദിവസം മേഘങ്ങൾ നിറഞ്ഞ സാനുവിൽ കൂത്തുമറിയുന്ന ആനക്കുട്ടിയെപ്പോലുള്ള ഒരു മേഘം യക്ഷൻ ദർശിക്കുകയാണ്. വിരഹപരവശനായ ദക്ഷന്റെ ആ നിൽപ് ഒരു ചിത്രമായി മനസ്സിൽ തങ്ങിനിൽക്കുന്നു. കുമാരസംഭവത്തിൽ ഏറ്റവും മനോഹരമായ വരികൾ പാർവ്വതിയുടെ തപസ്സിന്റെ വർണ്ണനയാണ്. എ.ആറിന്റെയാണോ അതോ പ്രൊഫ. കെ.പി. നാരായണ പിഷാരടിയുടേയാണോ ആ തർജ്ജമ എന്നോർമ്മയില്ല. മറ്റു സംസ്കൃതകാവ്യങ്ങളൊന്നുംതന്നെ ഞാൻ വായിച്ചിട്ടില്ല. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതം തർജ്ജമ വീട്ടിലുണ്ടായിരുന്നത് വായിക്കാൻ ശ്രമിച്ചു, ഏതാനും പേജുകൾ മാത്രം. മടിതന്നെ കാരണം.

ഒരു കാര്യം പറയാം. ഞാൻ എഴുതാൻ വിട്ടുപോയ ചില കവിതകളും കവികളുമുണ്ട്. ഉദാഹരണമായി എഴുത്തച്ഛൻ. രാമായണം വായിച്ചിട്ടുണ്ട്, ഒരിക്കൽ മാത്രം. എഴുത്തച്ഛന്റെ കവിതയോടുള്ള അനാദരവല്ല. എനിക്കാ കഥ ഇഷ്ടമല്ല. വല്ലാത്തൊരു ദുരന്തകഥ. ഇപ്പോൾ കല്യാണഹാളുകളിൽ 'സീതാ കല്യാണ വൈഭോഗമേ' എന്ന ത്യാഗരാജ കീർത്തനം ചൊല്ലുന്നത് കേൾക്കുമ്പോൾ ഓർമ്മ വരുന്നത് പരിത്യക്തയായ സീതയുമായി ലക്ഷ്മണൻ കാട്ടിലേയ്ക്കുള്ള കടവ് കടക്കുന്ന ചിത്രമാണ്. രാമായണത്തിലെ ഏറ്റവും ദുഃഖപൂർണ്ണമായ ആ സന്ദർഭം എന്നെ വല്ലാതെ വിഷമിപ്പിക്കുന്നു. വേദനകൾ മാത്രം സമ്മാനിച്ച ദാമ്പത്യം. പിന്നീട് ആശാന്റെ ചിന്താവിഷ്ടയായ സീത വായിച്ചപ്പോഴാണ് കുറേ ആശ്വാസമായത്. രാമായണത്തിൽനിന്നു കിട്ടാതിരുന്ന ആശ്വാസം കുമാരനാശാൻ തന്നു.

പെരുമാരിയിൽ മുങ്ങിമാഴ്കിടു-
ന്നൊരു ഭൂമിക്കു ശരത്തുപോലവെ
പരമെന്നരികത്തിലെത്തിയ-
പ്പരവിദ്യാനിധി നിന്നതോർപ്പു ഞാൻ.
'നികടത്തിൽ മദീയമാശ്രമം
മകളേ പോരിക,തോർക്കനിൻ ഗൃഹം.'

ഒരു ദുരന്തകഥാപാത്രമാണ് ലക്ഷ്മണൻ. ജ്യേഷ്ഠന്റെ ആജ്ഞ നിറ

വേറ്റണമെന്ന നിർബ്ബന്ധമുള്ളതുകാരണമാണ് സീതയെ തന്റെ മനസ്സാക്ഷിക്കെതിരായി കാട്ടിലാക്കാൻ കൊണ്ടുപോയത്. അന്ന് ലക്ഷ്മണൻ അനുഭവിച്ച ദുഃഖം കുറച്ചൊന്നുമാവില്ല. അതുപോലെ മാരീചൻ എന്ന മാനിന്റെ പിന്നാലെ പോയ രാമനെ അന്വേഷിച്ചു ചെല്ലാൻ സീത ആവശ്യപ്പെട്ടപ്പോൾ ഇതേ കാരണംകൊണ്ട് ലക്ഷ്മണൻ അനങ്ങിയില്ല. അതുകാരണം സീതയുടെ അടുത്തുനിന്ന് കേൾക്കേണ്ടിവന്ന ശകാരങ്ങൾ അദ്ദേഹത്തെ എത്രത്തോളം വേദനിപ്പിച്ചിട്ടുണ്ടാവണം? രാവണൻ അപഹരിച്ചുകൊണ്ടുപോകുമ്പോൾ സീത അവളുടെ ആഭരണങ്ങൾ മുഴുവൻ അഴിച്ച് ഉത്തരീയത്തിൽ കെട്ടി താഴേയ്ക്കിട്ടു. രാമൻ അന്വേഷിച്ചു വരുമ്പോൾ അദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശത്തിനായിരുന്നു അത്. ലക്ഷ്മണനോട് ആഭരണങ്ങൾ സീതാദേവിയുടേയാണോ എന്ന ചോദ്യത്തിന് ലക്ഷ്മണൻ പറഞ്ഞത്. അതിൽ കാൽവിരലിൽ ഇടുന്ന മോതിരം മാത്രമേ തനിക്കറിയൂ എന്നാണ്. എന്നും പ്രഭാതത്തിൽ വന്ന് സീതയെ കുമ്പിട്ടു വന്ദിക്കുമ്പോൾ കാണുന്നതാണത്. അങ്ങിനെയുള്ള ഒരാളെയാണ് സീത വൃത്തികെട്ട ഭാഷയിൽ അധിക്ഷേപിച്ചത്.

അച്ഛന്റെ കവിതകളിൽ എനിക്കേറെ ഇഷ്ടമായത് 'മാപ്പില്ല' എന്ന മുക്തകമാണ്. ഒരു കവിയുടെ എല്ലാ കവിതകളും വായിച്ചിട്ടുണ്ട് എന്ന് ധൈര്യപൂർവ്വം പറയാൻ പറ്റുന്നത് ഇടശ്ശേരിക്കവിതകളെപ്പറ്റി മാത്രമാണ്. വള്ളത്തോൾ വിദ്യാപീഠമാണ് ഇടശ്ശേരിയുടെ സമ്പൂർണ്ണ കവിതകൾ പ്രസിദ്ധീകരിച്ചത്. വല്ലാത്തൊരു സാഹസമായിരുന്നു അത്. രണ്ടാമത്തെ എഡിഷൻ പ്രസിദ്ധീകരിക്കാൻ വിഷമമായപ്പോൾ ആ കർത്തവ്യം ഞാനേറ്റെടുത്തു. ആ കാലത്ത് ടൈപ്പ്സെറ്റ് ചെയ്ത കവിതകളുടെ പ്രൂഫ് റീഡിങ് നടത്തിയത് ഞാനായിരുന്നു. ഒരു വട്ടമല്ല, പല വട്ടം ഞാനാ കവിതകൾ വായിച്ചു. കവി ഗുരുക്കളോട് സംശയം ചോദിച്ചു തിരുത്തലുകൾ നടത്തിയെങ്കിലും അതിൽ തെറ്റുകൾ ബാക്കിവന്നു. പിന്നീട് മാതൃഭൂമി അതു പ്രസിദ്ധീകരിക്കാൻ താല്പര്യം കാണിച്ചപ്പോൾ വീണ്ടും തെറ്റുകൾ തിരുത്തിയാണ് കൊടുത്തത്. ഇപ്പോൾ പ്രൊഫ. കെ.പി. ശങ്കരൻ അതിൽ കാണാതെ കിടക്കുന്ന തെറ്റുകൾ കൂടി തിരുത്തി കവിതയ്ക്ക് ടിപ്പണി ചെയ്യുന്ന ജോലിയിലേർപ്പെട്ടിരിക്കയാണ്. ഇനിയുള്ള പതിപ്പുകൾ കറ കളഞ്ഞവയാണെന്ന് ഉറപ്പു വരുത്തും. ഒരു കാര്യംകൂടി. ഇടശ്ശേരി എന്ന കവിയെയാണോ അതോ ഇടശ്ശേരിയെന്ന അച്ഛനെയാണോ കൂടുതൽ ഇഷ്ടമെന്ന് ചോദിച്ചാൽ മറുപടി ഇതായിരിക്കും. ഇടശ്ശേരി എന്ന കവി. ഒരു കവിയെന്ന നിലയിൽ അച്ഛൻ എന്നെ അദ്ഭുതപ്പെടുത്തുകയാണ്.

ഛന്ദോബദ്ധമായവ മാത്രമാണ് കവിതയെന്ന് എനിക്ക് അഭിപ്രായമില്ല. ഗദ്യത്തിലെഴുതിയതും കവിതയാവാം. ഉദാഹരണമായി ഉറൂബിന്റെ ഗദ്യം. അതിൽ കവിതയുണ്ട്, താളമുണ്ട്. ഒരുപക്ഷെ കവിതയിൽ തുടങ്ങിയ ഉറൂബ്, ഇടശ്ശേരിയുടെ നിർദ്ദേശപ്രകാരം കഥയിലേയ്ക്കും നോവലിലേയ്ക്കും ചേക്കേറിയപ്പോൾ അദ്ദേഹത്തിലുള്ള കവിത ഗദ്യമായി ബഹിർഗമിച്ചതാവണം.

ഞാനറിയാതെത്തന്നെ അച്ഛന്റെ കവിതകളിലെ കഥാപാത്രങ്ങൾക്കു സമാനമായ കഥാപാത്രങ്ങൾ എന്റെ കഥകളിലും വന്നുചേർന്നിട്ടുണ്ട്. 'ഇസ്ലാമിലെ വൻമല' എന്ന കവിതയിൽ ബാപ്പയുടെ അടി സഹിക്കാൻ വയ്യാതായപ്പോഴും പേരു പറയാതെ തന്റെ സ്നേഹിതന്റെ മാനം കാത്ത അലവി

യെന്ന ബാലൻ തന്നെയല്ലേ എന്റെ 'കങ്ഫൂ ഫൈറ്ററ'ും? 'നെല്ലുകുത്തുകാരി പാറുവിലെ' തീം, അതായത് യന്ത്രവത്കരണം സ്ത്രീകളെ തളർത്തുന്നത്, എന്റെ ഒന്നിലധികം കഥകളിൽ വന്നിട്ടുണ്ട്. 'ഒരു ദിവസത്തിന്റെ മരണം', 'അമ്മേ അവര് നമ്മടെ ആകാശം കട്ടെടുത്തു' എന്നീ കഥകളിൽ. 'മുള്ളൻ ചീര'യാണോ 'പ്രാകൃതനായ തോട്ടക്കാരൻ' എന്ന കഥയ്ക്ക് പ്രചോദനം?

ഞാൻ കഥകളെഴുതാൻ കാരണം വായിച്ച കവിതകളുടെ സ്വാധീനമാണെന്ന് പറയാം. അച്ഛനിൽനിന്നല്ല അമ്മയിൽനിന്നാണ് കഥയെഴുതാനുള്ള പ്രേരണയും കഴിവും ലഭിച്ചത്. അമ്മയുടെ കവിത-കഥയെഴുത്ത് വിവാഹത്തിനുശേഷം പൊടുന്നനെ നിൽക്കുകയാണുണ്ടായത്. അമ്മ നിർത്തിയേടത്തുനിന്ന് ഞാൻ തുടങ്ങണമെന്നുണ്ടായിരുന്നു അമ്മയ്ക്ക്. കഥകളെഴുതിയിരുന്നെങ്കിലും അമ്മയുടെ ആദ്യ പ്രേമം കവിതയോടായിരുന്നു. പിന്നീട് കവിയോടും!

BACK TO INDEX

# മലയാള സാഹിത്യവും നവമാധ്യമങ്ങളും

കേരള സാഹിത്യ അക്കാദമി - 10 ഫെബ്രുവരി 2015

മലയാള സാഹിത്യവും നവമാധ്യമങ്ങളും എന്നതാണ് നമ്മുടെ വിഷയം. നവമാധ്യമങ്ങൾ എന്നതു കൊണ്ട് തീർച്ചയായും ഉദ്ദേശിക്കുന്നത് ഇ-റീഡിങ് അതുപോലെ ഇ-റൈറ്റിങ് ഉൾപ്പടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളാണ്. ഇ-റൈറ്റിങ് മലയാളത്തിൽ തുടങ്ങിയിട്ട് പത്തിരുപതു വർഷമായി. ഞാനും സി. രാധാകൃഷ്ണനുമാണ് അതിന്റെ തുടക്കക്കാർ. കുറെക്കാലം അതു ഞങ്ങളിൽത്തന്നെ ഒതുങ്ങിയെന്നത് വേറെ കാര്യം. പിന്നീട് അഷ്ടമൂർത്തി മുതലാണെന്നു തോന്നുന്നു സാവധാനത്തിലെങ്കിലും ഈ നിലയിലെത്തിച്ചത്. കൈകൊണ്ട് എഴുതുന്നതിനു പകരം കീബോർഡു വഴിയുള്ള എഴുത്തിലേയ്ക്ക് മാറാൻ പൊതുവേ നമ്മുടെ എഴുത്തുകാർ വൈമുഖ്യം കാണിച്ചിരുന്നു. ഇന്നതല്ല സ്ഥിതി. വളരെയധികം എഴുത്തുകാർ കമ്പ്യൂട്ടർ ഉപയോഗിച്ച് മലയാളത്തിൽ രചന നടത്തുന്നു, കത്തുകളയക്കുന്നു, സോഷ്യൽ നെറ്റ്‌വർക്കിൽ ആശയ വിനിമയം നടത്തുന്നു, അവരുടെ സൃഷ്ടികൾ കൈമാറുന്നു. ഇന്നുള്ള ഇ-മാധ്യമങ്ങളിൽ വളരെ മുന്നിൽ നിൽക്കുന്നത് സോഷ്യൽ നെറ്റ്‌വർക്കിലൂടെയുള്ള സൃഷ്ടികളാണ്. കൂടുതൽ പേർ ഈ സൗകര്യം ഉപയോഗിക്കുന്നു എന്നതു കൊണ്ടാണ് ഞാനതു പറയുന്നത്.

പക്ഷെ മലയാളസാഹിത്യം നവമാധ്യമങ്ങളിലേയ്ക്ക് കടക്കുന്നതിനു മുമ്പു ചെയ്യേണ്ടിയിരുന്ന ഒരു കാര്യമുണ്ട്. ലിപി മാനകീകരണം. ചുരുക്കിപ്പറഞ്ഞാൽ ഒരാൾ സ്വന്തം കമ്പ്യൂട്ടറിൽ ഒരു ലേഖനമെഴുതി ഓൺലൈനിൽ ഇട്ടാൽ അത് അതേപോലെ ലോകത്തെമ്പാടുമുള്ള കമ്പ്യൂട്ടറുകളിൽ വായിക്കാൻ പറ്റുക. അവൻ എന്ന വാക്ക് എഴുതിയാൽ അത് അവൻ എന്നുതന്നെയല്ലാതെ അവന് എന്നു വരരുത്. അങ്ങിനെയുള്ള ഒരു സംവിധാനം ഉണ്ടാക്കിയാലെ ഇതിൽ എന്തെങ്കിലും പുരോഗതിയുണ്ടാവു. ആറു മാസംകൊണ്ടത് ചെയ്യാവുന്നതേയുള്ളു. അതിനു വേണ്ടത് അതിനായി നിയമിക്കപ്പെട്ട വകുപ്പുകളുടെ ഇഛാശക്തിയാണ്. ഇന്ന് അതില്ലാത്തതുകൊണ്ട് അടുത്തൊന്നും ലിപി മാനകീകരണം നടക്കുമെന്ന് തോന്നുന്നില്ല. നമുക്ക് ഇത്രയൊക്കെയേ വിധിച്ചിട്ടുള്ളു എന്നു കരുതുക.

നവമാധ്യമങ്ങളിലേയ്ക്കുള്ള അക്കാദമിയുടെ യാത്ര തുടങ്ങിയത് 1998ലാണ്. അപ്പോഴാണ് സാഹിത്യ അക്കാദമിയിൽ കമ്പ്യൂട്ടർവത്കരണം നടന്നത്. അന്ന് പ്രസിഡന്റായിരുന്ന ശ്രീ എം.ടി. വാസുദേവൻ നായർ എന്നെ ജനറൽ കൗൺസിലിൽ എടുത്തത്തന്നെ ഇവിടുത്തെ ആർക്കൈവ്സ് ശരിയാക്കിയെടുക്കാനായിരുന്നു. ആദ്യം വേണ്ടത് അക്കാദമി കമ്പ്യൂട്ടറൈസ് ചെയ്യുകയാണെന്ന നിർദ്ദേശത്തെ അദ്ദേഹവും സെക്രട്ടറി പ്രൊഫ. ദാമോദരൻ കാളിയത്തും അനുകൂലിച്ചു. അങ്ങിനെയാണ് എന്റെ നേതൃത്വത്തിൽ

ഇവിടെ കമ്പ്യൂട്ടർ സ്ഥാപിക്കുകയും അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തത്. മൂന്നു കാര്യങ്ങളാണ് ഞാൻ ചെയ്തത്, ഒന്ന് മൺമറഞ്ഞ സാഹിത്യകാരന്മാരെക്കുറിച്ചുള്ള ഒരു ഇന്ററാക്ടീവ് സി.ഡി.യുണ്ടാക്കി. ആ സാഹിത്യകാരന്മാരുടെ ഫോട്ടോ, ലഘുജീവചരിത്രം, കൈപ്പട, പുസ്തകങ്ങളുടെ ലിസ്റ്റും കവർ ചിത്രങ്ങളും, അവരുടെ ശബ്ദം (അവ കിട്ടാവുന്നിടത്തോളം) ഈ സി.ഡി.യിൽ ചേർത്തിട്ടുണ്ട്. പോരാത്തതിന് അക്കാദമിയുടെ വിവിധ അവാർഡുകളെപ്പറ്റിയുള്ള വിവരം, അക്കാദമി പ്രസിദ്ധീകരണങ്ങളുടെ പട്ടിക തുടങ്ങി പല വിവരങ്ങളും ഈ സി.ഡി.യിലുണ്ട്. പിന്നീട് വെബ്ബിൽ ഇടാനുള്ള സൗകര്യം പ്രമാണിച്ച് എച്ച്.ടി.എം.എല്ലിലാണ് അതു എഴുതിയിട്ടുള്ളത്. പ്രൊഫ. എസ്. കെ. വസന്തനാണ് എഴുത്തുകാരെക്കുറിച്ച് ഗവേഷണം നടത്തിയതും ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കിയിട്ടുള്ളതും. അദ്ദേഹത്തിനും എനിക്കും അക്കാദമി ലൈബ്രേറിയന്റെയും സ്റ്റാഫിന്റെയും മാത്രമല്ല മൊത്തം അക്കാദമി സ്റ്റാഫിന്റെ ആത്മാർത്ഥമായ സഹകരണം ലഭിച്ചിട്ടുണ്ട്, എടുത്തു പറയേണ്ട മൂന്ന് പേരുകളാണ് ലൈബ്രേറിയൻ രാജേന്ദ്രൻ, ജോസ്, മാധവിക്കുട്ടി എന്നിവരുടേത്.

രണ്ടാമതായി ചെയ്ത കാര്യം അക്കാദമി സ്റ്റാഫിന് കമ്പ്യൂട്ടർ ട്രെയിനിങ് കൊടുക്കലാണ്. അവരെ മലയാളം ടൈപ് സെറ്റിങ് പഠിപ്പിച്ചു. അതു കാരണം നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം എന്ന നാലു വാല്യങ്ങളുള്ള പുസ്തകം മുഴുവനും അക്കാദമി സ്റ്റാഫിനു തന്നെ ടൈപ്സെറ്റ് ചെയ്യാൻ കഴിഞ്ഞു. അതൊരു വലിയ നേട്ടമാണ്. ഈ പുസ്തകത്തിന്റെ കൺവീനറായിരുന്നു ശ്രീ വൈശാഖൻ.

അക്കാദമി അംഗമായിരിക്കുമ്പോൾ ഞാനേറ്റെടുത്ത മൂന്നാമത്തെ പ്രൊജക്ടാണ് ലൈബ്രറി ഡേറ്റാബേസ്. ശ്രീ. കെ.എം. ഗോവിയായിരുന്നു അക്കാദമിയുടെ പുസ്തകങ്ങളുടെ വിശദമായ പ്രിന്റഡ് കാറ്റലോഗ് തയ്യാറാക്കിയത്. അനേക വർഷത്തെ അദ്ധ്വാനം അതിനു പിന്നിലുണ്ടായിരുന്നു. അക്കാദമി കമ്പ്യൂട്ടറൈസ് ചെയ്തപ്പോൾ ഈ കാറ്റലോഗുകൾ ഒരു ഡേറ്റാബേസിലാക്കാമെന്ന് നിർദ്ദേശിച്ചത് അദ്ദേഹവും ലൈബ്രേറിയൻ ശ്രീ രാജേന്ദ്രനുമായിരുന്നു. ഞാൻ എം.ടി.യുമായി ആ കാര്യം ചർച്ച ചെയ്തു. അതൊരു പുതിയ പ്രൊജക്ടായി തുടങ്ങാമെന്ന് തീർച്ചയാക്കുകയും ചെയ്തു. ഞാൻതന്നെയാണ് അതിന്റെ മേൽനോട്ടവും വഹിച്ചത്. ഡേറ്റാബേസിന്റെ ജോലി ഏൽപിച്ചത് എന്റെ മരുമകൻ ഇ. ദിനകരനെയായിരുന്നു. അദ്ദേഹം ഒരു ഡേറ്റാബേസ് വിദ്ഗ്ദനാണ്. ദിനകരനും രണ്ടു സ്നേഹിതരും കൂടിയാണ് ആ ഡേറ്റാബേസ് ഉണ്ടാക്കിയത്. പ്രിന്റഡ് കാറ്റലോഗിൽ ഒരു പുസ്തകം കണ്ടുപിടിക്കാൻ പലപ്പോഴും വളരെ സമയമെടുക്കും. മറിച്ച് ഒരു ഡേറ്റാബേസിൽ സെക്കന്റുകൾക്കുള്ളിൽ ഒരു പുസ്തകത്തിന്റെ മുഴുവൻ വിവരങ്ങളും ലഭിക്കും, അതായത് ഗ്രന്ഥകാരന്റെ പേര്, പ്രസിദ്ധീകരിച്ച വർഷം, പേജുകളുടെ എണ്ണം, വില, പ്രസാധകന്റെ പേര്, പുസ്തകം ഏതു ഷെൽഫിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നുവരെയുള്ള മുഴുവൻ വിവരങ്ങളും. ഇനി ഒരു പുസ്തകത്തിന്റെ പേര് ഓർമ്മയില്ല എങ്കിൽത്തന്നെ ഗ്രന്ഥകാരന്റെ പേര് എഴുതിയാലും നമുക്ക് ആ വിവരങ്ങൾ കിട്ടും. മലയാളലിപിയ്ക്ക് ആദ്യമായി അക്ഷരമാലക്രമത്തിൽ ഇന്റക്സ് ചെയ്യാനുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തതും ദിനകരനാണ്. അതുണ്ടെങ്കിലേ സേർച്ച് എഞ്ചിൻ

പ്രവർത്തിക്കു. ശരിക്കു പറഞ്ഞാൽ ആ സോഫ്റ്റ്വെയർ നിർമ്മിച്ചതു കൊണ്ടു മാത്രമാണ് ഈ ഡേറ്റാബേസ് ഉണ്ടാക്കാൻ തന്നെ കഴിഞ്ഞത്.

തിരിച്ച് സോഷ്യൽ നെറ്റ്വർക്കിങ്ങിലേയ്ക്കു കടക്കാം. ഇന്ന് പ്രിന്റ് മാധ്യമങ്ങളിൽ, അതായത് വാരികകളിലും മാസികകളിലും വരുന്നതിനേക്കാൾ നല്ല കവിതകളും കഥകളും എനിക്ക് സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിലും ഓൺലൈൻ മാസികകളിലും വായിക്കാൻ പറ്റാറുണ്ട്.

ഇന്നിവിടെ പ്രസംഗിക്കാൻ എത്തിയവരിൽ പലരും സോഷ്യൽ നെറ്റ്വർക്കിങ്ങിലൂടെ സ്വന്തം കൃതികൾ വായനക്കാരിലെത്തിക്കുന്നു. അഷ്ടമൂർത്തി പ്രസിദ്ധപ്പെടുത്തിയ ഓരോ ലേഖനവും കഥയും അപ്പോൾത്തന്നെ നമുക്ക് ഫേസ്ബുക്കിൽ നിന്നു വായിക്കാം. പലരും മറ്റുള്ളവരുടെ കൃതികൾ പരിചയപ്പെടുത്തുന്നു. വേദിയിലുള്ള മണിലാൽ, എൻ. രാജൻ, രഘുനാഥൻ പറളി തുടങ്ങിയവർ പലരും ഫേസ്ബുക്കിൽ സജീവമാണ്. ബ്ലോഗ്ഗിൽ ലേഖനങ്ങളും ചിന്തകളും കുറിക്കുന്ന മറ്റെഴുത്തുകാരാണ് രാം മോഹൻ പാലിയത്ത്. ബാലു മേലേതിൽ, സരിതവർമ്മ തുടങ്ങിയവർ, എനിക്ക് പെട്ടെന്ന് ഓർമ്മ വന്ന ഏതാനും പേരുകൾ പറഞ്ഞുവെന്നേയുള്ളു.

മറ്റൊരു പ്രധാനപ്പെട്ട മാധ്യമമാണ് വെബ്സൈറ്റുകൾ. അതിനുള്ള പ്രത്യേകത എന്താണെന്നാൽ അത് നമ്മുടെ വ്യക്തിഗതമായ ഒരു മാധ്യമമാണ്. ഇതിൽ നമുടെ സാഹിത്യരചനകൾ മാത്രമല്ല, അവയെപ്പറ്റിയുള്ള നിരൂപണങ്ങളും അഭിപ്രായങ്ങളും വായനക്കാർക്ക് എളുപ്പത്തിൽ എടുക്കാൻ പാകത്തിൽ നിരത്തി വെക്കാം.

ഒരു പുതിയ മാധ്യമമാണ് മൊബൈൽ ആപ്പുകൾ. സ്മാർട്ട് ഫോണുകളുടെ പിറവിയോടെ മൊബൈൽ ഫോണിലൂടെയുള്ള വായനയ്ക്ക് വളരെ പ്രിയമേറിയിട്ടുണ്ട്. ന്യൂസ് ഹണ്ട് എന്ന മൊബൈൽ ആപ്ലിക്കേഷനിൽ ഞാനെന്റെ എല്ലാ കൃതികളും സൗജന്യമായിത്തന്നെ ചേർത്തിട്ടുണ്ട്. അതിനു കിട്ടിയ സ്വീകരണം അദ്ഭുതാവഹമായിരുന്നു. ഒന്നോ രണ്ടോ ആഴ്ചകൾക്കകം നിരവധി ഡൗൺലോഡുകൾ പുസ്തകങ്ങൾക്ക് ലഭിച്ചു. ഫോൺ വഴിയും ഇമെയിൽ വഴിയായും എനിക്ക് ധാരാളം നല്ല അഭിപ്രായങ്ങൾ കിട്ടി. ന്യൂസ് ഹണ്ടിന്റെ ഏപ്പ് ഗൂഗിളിന്റെ പ്ലേ സ്റ്റോറിൽനിന്ന് സൗജന്യമായി ഡൗൺലോഡു ചെയ്യാം. ഞാനെന്റെ കൃതികൾ സൗജന്യമായിട്ടാണ് കൊടുക്കുന്നതെങ്കിലും താല്പര്യമുള്ളവർക്ക് വിലയോടെ വിൽക്കാനുള്ള സംവിധാനവുമുണ്ട് ന്യൂസ് ഹണ്ടിൽ. നമ്മുടെ സാഹിത്യകാരന്മാർക്ക് ഈ സൗകര്യം ഉപയോഗിച്ച് കൂടുതൽ വായനക്കാരിലേയ്ക്കെത്താം. ഇന്ത്യക്കു പുറത്തുള്ള വായനക്കാർക്ക് മലയാള പുസ്തകം കിട്ടുക എളുപ്പമല്ല. പുസ്തകത്തിന്റെ വിലയേക്കാൾ കൂടുതൽ ചിലവു വരും അതവിടെ എത്തിക്കാൻ. അവർക്കെല്ലാം ഓൺലൈൻ വായന ഒരനുഗ്രഹമാണ്. സായാഹ്ന എന്ന പോർട്ടലിൽ നമുക്ക് നമ്മുടെ രചനകൾ സൗജന്യമായി പോസ്റ്റ് ചെയ്യാം. വിക്കിപീഡിയയുടെ മാതൃകയിലാണ് ആ പോർട്ടൽ സംവിധാനം ചെയ്തിട്ടുള്ളത്. അതിന്റെ ഉപജ്ഞാതാവ് ശ്രീ. സി.വി. രാധാകൃഷ്ണനാണ്.

ഞാൻ ഇത്രയും പറയുന്നത് ഇലക്ട്രോണിക് മാധ്യമങ്ങളുടെ അനന്തസാധ്യതകളെപ്പറ്റി നിങ്ങളെ ബോധവാന്മാരാക്കാൻ വേണ്ടി മാത്രമാണ്.

സദയം ക്ഷമിക്കുക.

രണ്ടായിരത്തി പതിമൂന്നിലാണ് എന്റെ മുഴുവൻ കൃതികളും ഉൾപ്പെടുത്തി ഒരു സി.ഡി.യുണ്ടാക്കിയത്. എന്റെ സാഹിത്യശ്രമങ്ങളുടെ അമ്പതാം വാർഷികത്തിൽ. ദിവസത്തിൽ പതിനാലു മണിക്കൂർ ജോലി ചെയ്ത് ഒന്നരക്കൊല്ലം വേണ്ടിവന്നു അതു പൂർത്തിയാക്കാൻ.

എന്റെ സാഹിത്യത്തെപ്പറ്റി അറിയണമെങ്കിൽ ആ ഒരു സി.ഡി. മാത്രം മതിയാകും. എന്നിട്ടോ വളരെ ചുരുക്കം പേരൊഴിച്ചാൽ സാഹിത്യലോകം അതു പാടെ അവഗണിക്കുകയാണുണ്ടായത്. ഒരുപക്ഷെ ഞാൻ കുറച്ചു മുമ്പു നടന്നുവെന്നതായിരിക്കാം ഒരു കാരണം. പലരും നല്ല അഭിപ്രായം പറഞ്ഞുവെങ്കിലും ശ്രീ. അഷ്ടമൂർത്തി മാത്രമാണ് അതിനെപ്പറ്റി എഴുതിയത്. അദ്ദേഹം ദേശാഭിമാനി വാരികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിന്റെ അവസാനം ഇങ്ങിനെ. 'ലോകത്തിൽത്തന്നെ ആദ്യമായിട്ടാവില്ലെ ഒരെഴുത്തുകാരൻ തന്റെ സ്വത്തുക്കൾ ഇങ്ങിനെ കാറ്റത്തിടുന്നത്?' അഷ്ടമൂർത്തിയ്ക്ക് നന്ദി.

മലയാള സാഹിത്യത്തിലെ നവസ്പന്ദനങ്ങൾ പെട്ടെന്ന് തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനുമായി ഉദ്ദേശിച്ച ഒരു സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. ഞാനെന്റെ സി.ഡി. അവർക്കു സമർപ്പിച്ചിരുന്നു. ഒരെഴുത്തുകാരൻ ജീവിതകാലം മുഴുവൻ ഇരുന്നെഴുതിയ കൃതികൾ എഴുത്തിന്റെ അമ്പതാം വാർഷികത്തിൽ വായനക്കാർക്ക് സൗജന്യമായി, എളുപ്പം എടുക്കാൻ പാകത്തിൽ സമർപ്പിക്കുകയാണ്, സി.ഡി.യിലും വെബ്ബിലുമായി. മലയാള സാഹിത്യത്തിൽ മാത്രമല്ല ലോകചരിത്രത്തിൽത്തന്നെ നടാടെയാണ് ഇങ്ങിനെയൊരു സംരംഭം ഉണ്ടായിട്ടുള്ളത്. പല പുതുമകളുമുള്ള ഈ സംരംഭം അക്കാദമി ഒരു ആഘോഷമാക്കി മാറ്റേണ്ടതായിരുന്നു. മറിച്ച് അവരത് പാടെ അവഗണിക്കുകയാണുണ്ടായത്. കാരണങ്ങളുണ്ടാവാം. ഒരുപക്ഷെ മറ്റൊരു സാഹിത്യകാരനാണിതു ചെയ്തതെങ്കിൽ കാര്യങ്ങൾ മറിച്ചാകുമായിരുന്നു. ഇന്ത്യയിലെ ഇതരഭാഷകളുടെ ഇടയിൽത്തന്നെ മലയാള സാഹിത്യത്തെ ഉയർത്തിപ്പിടിച്ച് കാണിക്കാനുള്ള ഒരവസരം അക്കാദമി നഷ്ടപ്പെടുത്തുകയാണുണ്ടായത്.

മലയാള സാഹിത്യം വളരെ വലിയ തോതിൽത്തന്നെ നവമാധ്യമങ്ങളിലേയ്ക്ക് ചേക്കേറിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ഒരു അഞ്ചു കൊല്ലത്തിനുള്ളിൽ അത് പൂർണ്ണമാകുമെന്നാണ് എന്റെ പ്രതീക്ഷ.

കൂടുതൽ പറയുന്നില്ല. മറ്റുള്ളവർ സംസാരിക്കട്ടെ. ഇത്രയും നേരം എന്നെ സഹിച്ചതിന് നന്ദി.

ഇ. ഹരികുമാർ

BACK TO INDEX

## ഒരസാധാരണ നോവൽ

### കണക്കൂർ ആർ സുരേഷ്കുമാറിന്റെ 'ഗോമന്തകം' എന്ന നോവലിന്റെ അവതാരിക

'ഗോമന്തകം' എന്നത് ഗോവയുടെ പുരാതന പേരാണ്. പറങ്കികൾ എത്തുന്നതിനു മുമ്പുണ്ടായിരുന്ന മനോഹരമായ പേര്. കണക്കൂർ ആർ സുരേഷ്കുമാറിന്റെ ഈ നോവൽ ഗോവയുടെ പശ്ചാത്തലത്തിലാണ് എഴുതിയിട്ടുള്ളത്. നാട്ടിൽ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന ആകാശ് എന്ന ചെറുപ്പക്കാരൻ കുറേക്കൂടി നല്ല ജീവിതത്തിന്നായി ഗോവയിലേയ്ക്കു വണ്ടി കയറുന്നു. നാട്ടിലുള്ള ഒരു ബന്ധു തന്ന പരിചയക്കാരന്റെ ഫോൺ നമ്പറും വിലാസവും മാത്രമാണ് കയ്യിലുള്ളത്, പിന്നെ വായിച്ചു കൊണ്ടിരുന്ന നോവലും. മഡ്ഗാവ് സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ ആകാശ് ഇറങ്ങിയത് ഗോവയുടെ മണ്ണിലേയ്ക്കല്ല മറിച്ച് ഗോമന്തകത്തിന്റെ ഏറെ ഭ്രമാത്മകവും അക്രമാസക്തവുമായ ചരിത്രത്തിലേയ്ക്കാണ്.

ബന്ധുവിന്റെ പരിചയക്കാരന്റെ കട അന്വേഷിച്ച് പിടിക്കുന്നതിൽ പരാജയപ്പെടുന്നതോടെ ആകാശ് മറ്റൊരു തലത്തിലേയ്ക്കെത്തുകയാണ്. മലയാളി സമാജത്തിൽ പരിചയപ്പെട്ട ഒരാൾ എർപ്പാടാക്കിത്തന്ന കുടുസ്സായ മുറിയും അദ്ഭുതങ്ങളുടെ ഉറവിടമായി മാറുകയാണ്. തനിക്കുമുമ്പ് ഏതോ കാലത്ത് ആ മുറിയിൽ താമസിച്ചിരുന്ന ഒരാൾ ഉപേക്ഷിച്ചുപോയ പൊടിഞ്ഞുപോകാറായ സഞ്ചികളിലെ വസ്തുക്കളുടെ ഇടയിൽനിന്നു കിട്ടിയ നോട്ടുപുസ്തകം ഒരു വലിയ ലോകംതന്നെ തുറന്നുകൊടുക്കുകയായിരുന്നു. വളരെ അദ്ഭുതാവഹവും ഒപ്പംതന്നെ ഭീകരവുമായ ഒരു ലോകം. ഒപ്പം പെട്ടിയിൽനിന്നു കിട്ടുന്ന കത്തുകളാകട്ടെ ആർദ്രസ്നേഹത്തിന്റെയും നിരാശയുടെയും കഥകൾ പറയുന്നു. അവ ആ അജ്ഞാതനായ മനുഷ്യന്റെ തുമ്പില്ലാത്ത തിരോധാനത്തിന്റെ രഹസ്യാത്മകത കൂട്ടുകയാണ്.

ജോലി കിട്ടിയ ശേഷം ഉഴിച്ചിൽകേന്ദ്രത്തിലെ ഏകാന്തമായ മുറിയിൽ, ഉഴിച്ചിൽ വിഭാഗത്തിലേയ്ക്ക് മരുന്നുകൾ എടുത്തു കൊടുക്കുന്ന പൊത്തിലൂടെ കാണുന്ന വളയിട്ട ഒരു കൈ അയാളിൽ ഉണ്ടാക്കുന്ന അഭിനിവേശം നോവലിസ്റ്റ് വളരെ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. ആ കൈകളുടെ ഉടമയാകട്ടെ അയാളുടെ ജീവിതത്തിൽ സംഭവിക്കാനിരിക്കുന്ന വിചിത്രങ്ങളായ സംഭവങ്ങൾക്ക് നാന്ദി കുറിക്കുകയുമാണ്.

ദ്രവിച്ചു തുടങ്ങിയ സഞ്ചിയിൽനിന്ന് ആകാശിനു കിട്ടിയ പുസ്തകങ്ങളിൽ ഒന്ന് ഗോവൻ ഇൻക്വിസിഷനെപ്പറ്റിയുള്ളതായിരുന്നു. പോർച്ചുഗീസ് പാതിരിമാർ നടത്തിയ നിർബ്ബന്ധിത മതം മാറ്റങ്ങൾ, മാറാത്തവരെ തടവിലാക്കി ചെയ്തിരുന്ന വിചാരണകൾ ശിക്ഷകൾ, ഭീകരവും കുത്സിതവുമായ പീഡനങ്ങൾ, ടോർച്ചർ ചേമ്പറുകൾ. ഗോവയിലെത്തിയ അന്നുതന്നെ പരിചയപ്പെട്ട ബൈക്ക് ടാക്സിക്കാരൻ സോഹന്റെ മുത്തച്ഛനിൽനിന്നാണ് ശരിക്കും ഗോവയുടെ ചരിത്രം മനസ്സിലാകുന്നത്. ഒരു ഭാഷയെ, ഒരു

സംസ്കാരത്തെ മുഴുവനായി നശിപ്പിച്ച് സ്വന്തം ഭാഷയും സംസ്കാരവും മതവും അടിച്ചേൽപ്പിച്ച ക്രൂരരായ പറങ്കികളുടെ പീഡനകഥകൾ അദ്ദേഹത്തിൽനിന്ന് കേട്ടപ്പോൾ ആകാശ് ഗോവയുടെ ഇരുണ്ട ചരിത്രത്തിലേയ്ക്കും, അതുവഴി ആഭിചാരത്തിലേയ്ക്കും, സ്വയം ബലിയർപ്പിക്കേണ്ടി വരുന്ന അപകടകരമായ സാഹചര്യത്തിലേയ്ക്കും എത്തിപ്പെടുകയാണ്. ജോലിയെടുത്തുകൊണ്ടിരുന്ന സ്ഥാപനത്തിൽ ചുമരിലെ പൊത്തിൽക്കൂടി തന്നെ മോഹിപ്പിച്ച് പ്രത്യക്ഷപ്പെടാറുള്ള കൈകളുടെ ഉടമയായ പെൺകുട്ടി ഇതിലൊക്കെ ഒരു ഭാഗമായി മാറുകയാണ്.

തികച്ചും അസാധാരണവും വൈചിത്ര്യമാർന്നതുമായ ഒരു നോവൽ. ആദ്യത്തെ അദ്ധ്യായം തൊട്ട് ഈ പുസ്തകം വായനക്കാരനെ അടിമയാക്കുകയാണ്. തുടർന്ന് വായിച്ച് നോവൽ അവസാനിപ്പിച്ചാലും അത് നമ്മെ ഒഴിയാബാധയായി പിൻതുടർന്നുകൊണ്ടിരിക്കും. നമ്മെ മോഹിപ്പിക്കുന്ന ഒരസാധാരണ സൗന്ദര്യം സുരേഷ്കുമാറിന്റെ ഭാഷയ്ക്കുണ്ട്. വാചകകസർത്തുകളോ നമ്മെ ഭ്രമിപ്പിക്കാനായി മാത്രം ഉപയോഗിക്കുന്ന പദപ്രയോഗങ്ങളോ ഇല്ല. നോവലിന്റെ ആഴം വാക്യങ്ങളിലല്ല ഉള്ളടക്കത്തിലാണ്. ധാരാളം കഥാപാത്രങ്ങളുള്ള ഈ നോവലിലെ ഓരോ കഥാപാത്രവും മിഴിവുള്ളവരാണ്. അവർ നമ്മെ വിടാതെ പിൻതുടരുന്നു. വെറും കിറുക്കനും മുഴുക്കുടിയനുമായ ജയമോഹൻകൂടി ഈ നോവലിലെ വർണ്ണശബളമായ ഒരിഴയായി ഭവിക്കുന്നു. തനിക്ക് ഒരിക്കലും മനസ്സിലാക്കാൻ പറ്റാത്ത സ്വന്തം അമ്മ, നാട്ടിലെ പേരപ്പൻ, എന്താണ് സ്ത്രീ എന്നു ഒരു രാത്രിയിൽ മനസ്സിലാക്കിക്കൊടുത്ത വേശ്യ, ഗോവയിലെ ബൈക്കുകാരൻ സോഹൻ, അയാളുടെ അച്ഛൻ, മുത്തച്ഛൻ, വീട്ടുടമയായ സിൽവിയാമ്മ, വാടകമുറിയിൽ പണ്ടെങ്ങോ താമസിച്ച് പൊടിഞ്ഞുതുടങ്ങിയ സഞ്ചികളിൽ ജീവിതസമ്പാദ്യമായ ഏതാനും പുസ്തകങ്ങൾ ഉപേക്ഷിച്ച് അപ്രത്യക്ഷനായ, ആകാശിന്റെ ഏകാന്തരാത്രികളിൽ ഒരു സ്വത്വസാന്നിദ്ധ്യമാകുന്നതുമായ മനുഷ്യൻ, ഇവരെല്ലാംതന്നെ നമ്മുടെ മനസ്സിൽനിന്ന് വിട്ടുപോകാൻ മടിക്കുന്നവരാണ്.

കള്ളുകുടിച്ച് സെമിത്തേരിയിൽ കിടന്നുറങ്ങിയിരുന്ന ജയമോഹനാണ് ആകാശിന്റെ ഭ്രമാത്മക സ്വപ്നങ്ങളുടെ അപഗ്രഥനത്തിന്നായി ഫാദർ സോസെ എന്നൊരു വൈദികനെ കണ്ടാൽ മതിയെന്നു പറഞ്ഞത്. സോസെ ആഭിചാരകർമ്മങ്ങൾ ചെയ്യുന്ന മന്ത്രവാദിയാണ്. പറങ്കികളുടെ കാലത്ത് പീഡനഫലമായി മരിച്ചു പോയ ഭാഗ്യദോഷികളുടെ ആത്മാക്കളാണ് ആകാശിനെ ശല്യം ചെയ്യുന്നതെന്നാണദ്ദേഹത്തിന്റെ കണ്ടുപിടുത്തം. ഫാദർ ഹോസെയുമായുള്ള ആകാശിന്റെ കൂടിക്കാഴ്ചയും നിഗൂഢതയുടെ ആവരണത്താൽ ചുറ്റപ്പെട്ടതാണ്. വളരെ നേരിയ നൂലിഴപോലുള്ള സൂചനകൾ ആകാശിലെന്നല്ല നമ്മിലും ഉളവാക്കുന്നത് ആശ്ചര്യമാണ്. ആദ്യമായി കാണുകയാണെങ്കിലും മുമ്പ് നീ ഇവിടെ വന്നിട്ടുണ്ട്, ഒരു നോട്ടുപുസ്തകത്തിൽ എന്തൊക്കെയോ എഴുതിയെടുത്തിട്ടുണ്ട് എന്ന് ഫാദർ ഹോസെ പറയുമ്പോൾ നമ്മൾ ഏതൊക്കെയോ കണ്ണികളെ കൂട്ടിച്ചേർക്കാൻ ശ്രമിക്കുകയാണ്.

അതുപോലെത്തന്നെ പറങ്കികളുടെ ക്രൂരപീഡനത്തിനിരയായി വെള്ളം പോലും കിട്ടാതെ മരിച്ചുപോയ കൊങ്ങിണികൾ, ആ പീഡനങ്ങൾക്ക് മേൽനോട്ടം വഹിച്ച പോർച്ചുഗീസ് പാതിരിമാർ, നൂറ്റാണ്ടുകൾക്കു ശേഷം

ആ ഹതഭാഗ്യരുടെ ബാധ ഒഴിപ്പിക്കാനായി ശ്രമിക്കുന്നതോടൊപ്പം പറങ്കികൾ നശിപ്പിച്ച അമ്പലം പുനർനിർമ്മിക്കാനായി പണം സ്വരൂപിക്കുന്നവർ, ഇവരെല്ലാംതന്നെ മിഴിവുള്ള കഥാപാത്രങ്ങളാണ്. ഇതിനിടയിൽ ആകാശ്, ഗതികിട്ടാതെ മരിച്ചവർക്കും മുക്തിയുടെ ദ്വീപിനുമിടയിലെ പാലമായി, അല്ലെങ്കിൽ ഒരുപക്ഷെ ബലിമൃഗമായിത്തന്നെ ഭവിക്കുന്നുവെന്നത് ഞെട്ടലുണ്ടാക്കുന്നു. പക്ഷെ അപ്പോഴേയ്ക്ക് അയാൾ യാഥാർത്ഥ്യത്തിനും മിഥ്യക്കുമിടയിൽ കിടന്നു ഞെരുങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. അതിൽനിന്ന് അയാളെ ഉണർത്താൻ ശ്രമിക്കുന്ന നീല എന്ന ചെറുപ്പക്കാരി, മരുന്നു കമ്പനിയിലെ ഏകാന്തമായ മുറിക്കുള്ളിൽ അയാളെ പ്രലോഭിച്ച കൈകളുടെ ഉടമ, ഏത്രത്തോളം വിജയിക്കുന്നുവെന്ന് പറയാനാകാത്തവിധം നാമും ആ ഭ്രമാത്മകതയിൽ അകപ്പെട്ടുപോകുകയാണ്.

ആകാശിനെ ഏറ്റവും അധികം സ്വാധീനിച്ച കഥാപാത്രം നാട്ടിലെ പേരപ്പനാണ്. ഒരു മോഷ്ടാവായി ജീവിച്ച മനുഷ്യൻ. അയാളുടെ തത്വം ഇതാണ്. 'ഒരു കണക്കിന് കള്ളനായി ജീവിക്കുന്നതാണടാ നല്ലത്. അതിലൊരു നേരുണ്ട്, നേരിന്റെ സുഖോണ്ട്.' നന്മതിന്മകളെക്കുറിച്ചുള്ള നമ്മുടെ ചിന്തകളെ ചോദ്യം ചെയ്യുകയാണ് ഈ കഥാപാത്രം. ജീവിതത്തിൽ ആദ്യമായി ഒരു പെണ്ണിന്റെ അടുത്തേയ്ക്ക് കൊണ്ടുപോയത് ഈ പേരപ്പനായിരുന്നു. പേരപ്പനെക്കുറിച്ച് ആകാശ് ചിന്തിക്കുന്ന ഒരു കാര്യം വളരെ മനോഹരമായിരിക്കുന്നു. 'തെറ്റുകളിലൂടെ സഞ്ചരിച്ച് അവസാനം എത്തിപ്പെടുന്ന ഒരു ശരി'യായിരുന്നു പേരപ്പൻ. നോവലുലുടനീളം ആകാശ് വർത്തമാനത്തിൽനിന്ന് ഭൂതത്തിലേയ്ക്കും തിരിച്ച് വർത്തമാനത്തിലേയ്ക്കും യാത്രചെയ്യുകയാണ്. ഭൂതകാലമെന്നത് തൊട്ടു പിന്നിലുള്ള സംഭവങ്ങൾ മാത്രമല്ല മറിച്ച് നൂറ്റാണ്ടുകൾക്കു പിന്നിൽ ഗോമന്തകത്തിന്റെ ചരിത്രത്തിലേയ്ക്ക്, പറങ്കികളുടെ ക്രൂരമായ പീഡനമുറകളിലേയ്ക്ക്, അതിനു മുമ്പിൽ നിസ്സഹായരായി നിൽക്കുന്ന തലമുറകളുടെ നോവുകളിലേയ്ക്ക്, ഒരു സംസ്കാരത്തെ തുടച്ചു നീക്കി സങ്കരസംസ്കാരം അടിച്ചേൽപ്പിച്ച നൂറ്റാണ്ടുകളിലേയ്ക്കുള്ള യാത്രയാണ്.

'ഗോമന്തകം' ഒരു ചരിത്രനോവലാണെന്ന് പറയാൻ കഴിയില്ല, പക്ഷെ ഇതിൽ നിറഞ്ഞുനിൽക്കുന്നത് ഗോവയുടെ ചരിത്രമാണ്. ഒപ്പംതന്നെ ഇത് കേരളത്തിലെ ദരിദ്രകുടുംബത്തിൽനിന്ന് ജോലി തേടി ഗോവയിലെത്തിയ ഒരു ചെറുപ്പക്കാരന്റെ ഭ്രമാത്മകതയുടെ കഥയുമാണ്. നാട്ടിൽനിന്നുള്ള തീവണ്ടി മഡ്ഗാവിലെത്തുമ്പോൾ അടച്ചുവെയ്ക്കുന്ന, മഞ്ഞച്ചട്ടയിൽ തലയിലെ എണ്ണമയമുള്ള ഒരു നോവലിലൂടെ തുടങ്ങുന്ന ഈ കഥ വീണ്ടും തീവണ്ടിയിൽ ആ നോവൽ തുറക്കുന്നതുവരെ നിലനിൽക്കുന്നു. ഇതിനിടയിൽ ആകാശ് എന്ന ചെറുപ്പക്കാരന്റെ വിധിയെന്തായിരുന്നുവെന്നതിനെപ്പറ്റി നമുക്ക് ഊഹങ്ങൾ നടത്താൻ മാത്രമെ കഴിയൂ. മനോഹരമായ ഒരു ട്വിസ്റ്റിലൂടെ നോവലിസ്റ്റ് നോവൽ അവസാനിപ്പിക്കുമ്പോൾ വായനക്കാർ തികച്ചും ഭ്രമാത്മകമായ ആ ലോകത്തുനിന്ന് പുറത്തിറങ്ങാനാവാതെ ചുറ്റിത്തിരിയുകയാണ്.

വായിച്ചിരിക്കേണ്ട ഒരസാധാരണ നോവൽ.

BACK TO INDEX

# സ്വാമിജിയുടെ അനുഗ്രഹം ലഭിച്ച നിമിഷം

ജീവിതത്തിൽ മറക്കാൻ വയ്യാത്ത ചില അനുഭവങ്ങളുണ്ട്. അവയിൽ പലതും നല്ലവയാണ്, പലതും അത്രതന്നെ നല്ലതല്ലാത്തതും. എന്നാൽ വളരെ നല്ലതെന്ന് നമുക്കു തോന്നുന്ന അനുഭവങ്ങൾ അപൂർവ്വമായെ ഉണ്ടാകാറുള്ളു. അവയിൽ ഒന്നാണ് അറുപതുകളുടെ തുടക്കത്തിൽ എനിയ്ക്കു കൽക്കത്തയിൽ സംഭവിച്ചത്. ശ്രീ രംഗനാഥാനന്ദസ്വാമികളുടെ പ്രഭാഷണ പരമ്പര കേൾക്കാനിട വന്നത് തികച്ചും യാദൃശ്ചികമായാണ്.

തൊള്ളായിരത്തി അറുപതിലാണ് ഞാൻ കൽക്കത്തയിൽ ജോലിയന്വേഷിച്ചു പോയത്. ഉടനെ ജോലി കിട്ടി. തുടർന്നു പഠിക്കണമെന്ന മോഹമുണ്ടായിരുന്നതുകൊണ്ട് അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. വൈകുന്നേരം അഞ്ചര മണിയ്ക്ക് കോളജിലെത്തണമെങ്കിൽ നഗരത്തിനുള്ളിലെവിടെയെങ്കിലും ജോലി കിട്ടണം, മാത്രമല്ല ഓഫീസിൽനിന്ന് അഞ്ചു മണിയ്ക്കെങ്കിലും ഒഴിവാവാൻ കഴിയുകയും വേണം. ഇപ്പോഴുള്ള ജോലി ഹൗറയിൽനിന്ന് സബർബൻ ട്രെയിനിൽ അഞ്ചാറു സ്റ്റേഷൻ അകലെ പോയി കോൻ നഗർ എന്ന സ്ഥലത്തായിരുന്നു. ജെ.കെ. ഓർഗനൈസേഷന്റെ ഹോയിൽസ് പെയിന്റ്സിന്റെ ഫാക്ടറിയിൽ. ജെ.കെ.യിൽത്തന്നെ വളരെ സീനിയർ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. പി. രാധാകൃഷ്ണന്റെ (അപ്പേട്ടൻ) ഇടപെടൽ കാരണം ജെ.കെ.യുടെ ഡൽഹൗസി സ്ക്വയറിലുള്ള നാഷനൽ ഇൻഷൂറൻസിൽ ജോലി കിട്ടി. ഞാൻ ഇത്രയും എഴുതിയത് എങ്ങിനെ ശ്രീ രംഗനാഥാനന്ദ സ്വാമികളുടെ മുമ്പിൽ എത്തിപ്പെട്ടു എന്നു കാണിക്കാനാണ്. ശനിയാഴ്ച ദിവസങ്ങളിൽ ഒന്നരവരെയായിരുന്നു ഓഫീസ്. ആറു മാസം കഴിഞ്ഞ് ഓഫീസ് മാറി, ഒരു എഞ്ചിനീയറിംഗ് കമ്പനിയിൽ ജോലി കിട്ടി. അവിടെയും ശനിയാഴ്ച ഒന്നര വരെയായിരുന്നു ജോലി. ഉച്ചഭക്ഷണം കഴിഞ്ഞാൽ വൈകുന്നേരം ഗോൽപാർക്കിലെ കോളജിൽ ക്ലാസു തുടങ്ങുന്നതുവരെ ഒന്നും ചെയ്യാനില്ല. സിറ്റി കോളജ് ശ്രീരാമകൃഷ്ണ മിഷന്റെ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിനു പുറകിലായിരുന്നു. എന്നും കോളജിൽ പോകുമ്പോൾ മനോഹരമായ ആ കെട്ടിടം കാണും, ഒരു ദിവസം അതിൽ കയറി നോക്കണമെന്നും ആലോചിയ്ക്കും. ഒരു ശനിയാഴ്ച ധൈര്യം സംഭരിച്ച് ഉള്ളിൽ കയറുകതന്നെ ചെയ്തു. ഉള്ളിലെ തണുത്ത അന്തരീക്ഷത്തിൽ നിറയെ ആളുകളിരിയ്ക്കുന്നതാണ് കണ്ടത്. നടുവിലുള്ള സ്റ്റേജിൽ ഒരു വിഗ്രഹം പോലെ അനക്കമില്ലാതെ ഒരാൾ ചമ്രംപടിഞ്ഞിരുന്ന് സംസാരിയ്ക്കുകയാണ്. ബുദ്ധന്റെ പ്രതിമപോലെയാണ് എനിക്കു തോന്നിയത്. ആദ്യം കേട്ട വാചകം തന്നെ എന്നെ പിടിച്ചുനിർത്തുന്നതായിരുന്നു. 'ലോകം ഇന്ന് ബ്രെയ്ക്കില്ലാതെ ഒരു വലിയ താഴ്ചയിലേയ്ക്ക് അതിവേഗം സഞ്ചരിയ്ക്കുന്ന വണ്ടിപോലെയാണ്........'

എന്റെ ഉള്ളിലെ പലതും കുടഞ്ഞുണർത്താൻ പര്യാപ്തമായിരുന്നു ആ വാക്യം. പിന്നിലൊരിടത്ത് കസേലയിരിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ

ഗീതാപ്രഭാഷണം മുഴുവൻ ഞാൻ കേട്ടു. ഇടതടവില്ലാതെ മനോഹരമായ ഭാഷയിൽ ഒഴുകുന്ന ആ പ്രഭാഷണം എന്നെ പിടിച്ചുനിർത്തിയെന്നു പറയുന്നതാണ് ശരി. സ്വാമിജിയെപ്പോലെ ആശയങ്ങളുടെ തെളിമയും, വാക്കുകളുടെ സ്ഫുടതയുമുള്ള വളരെ കുറച്ചുപേരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. പിന്നീട് എല്ലാ ശനിയാഴ്ചകളിലും മുറ തെറ്റിയ്ക്കാതെ ഞാൻ രാമകൃഷ്ണ മിഷന്റെ ഹാളിലെത്തി. ഒരിയ്ക്കൽ അദ്ദേഹത്തെ നേരിട്ട് പരിചയപ്പെടുകയും ചെയ്തു. മലയാളിയാണ്, ജോലിയെടുത്തുകൊണ്ട് പഠിയ്ക്കുകയാണ് എന്നു പറഞ്ഞു. അദ്ദേഹത്തിനു വളരെ സന്തോഷമായി. എന്റെ സാഹിത്യശ്രമങ്ങൾ അപ്പോൾ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് അതിനെപ്പറ്റി പറയാൻ മടിയായി. അദ്ദേഹം എന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു.

ആ അനുഗ്രഹമായിരിയ്ക്കണം പിന്നീടുള്ള വിഷമം പിടിച്ച വർഷങ്ങൾ നേരിടാൻ എനിയ്ക്ക് കരുത്തു തന്നത്. അദ്ദേഹത്തിന്റെ ഗീതാപ്രഭാഷണം ജീവിതത്തിൽ വളരെ ബുദ്ധിമുട്ടുണ്ടാക്കിയ സന്ദർഭങ്ങൾകൂടി തരണം ചെയ്യാനുള്ള വഴികൾ നിർദ്ദേശിക്കുന്ന വിധത്തിലായിരുന്നു.

1962 മുതൽ 67 വരെ അദ്ദേഹം കൾച്ചറൽ ഇൻസ്റ്റിറ്റ്യുട്ടിന്റെ സെക്രട്ടറിയായിരുന്നു.

BACK TO INDEX

# എന്റെ വായനയുടെ തുടക്കവും (ഒടുക്കവും?)

പുസ്തകങ്ങളോടുള്ള കമ്പം വളരെ കുട്ടിക്കാലത്തു തന്നെയുണ്ടായിരുന്നു. അതുകൊണ്ട് ഒഴിവു ദിവസങ്ങളിൽ ഉച്ചഭക്ഷണം കഴിഞ്ഞ് തൊടിയിൽ വേനൽച്ചൂടിനു ആശ്വാസം പകർന്ന് വീശുന്ന ഇളം കാറ്റേറ്റ് നടക്കുമ്പോൾ പോലും ഓർമ്മ വരുന്നത് അച്ഛന്റെ പുസ്തക ഷെൽഫായിരുന്നു. തേക്കു പലകകൾകൊണ്ടുണ്ടാക്കിയ ആറടി പൊക്കവും മൂന്നടി വീതിയുമുള്ള അലമാറി. അതിരിക്കുന്നതാകട്ടെ കൊടുങ്കാറ്റു തന്നെ വീശിയാലും അറിയാത്ത ഇരുട്ടു പിടിച്ച ഇടനാഴിയിലും. ഈ ഇളം കാറ്റിൽ, ചെടികൾക്കും മരങ്ങൾക്കുമിടയിൽ നിന്ന് പോവാൻ തോന്നില്ല. എങ്കിലും പുസ്തകങ്ങളുടെ വിളി വളരെ ശക്തമാകും. തുറന്നിട്ട അലമാറിയ്ക്കു മുമ്പിൽ ഞാനിരുന്ന് അലമാറിയുടെ തേക്കുമണത്തെയും കടന്നു നിൽക്കുന്ന പുസ്തകങ്ങളുടെ വാസനയാസ്വദിച്ച് ഇരിക്കും. അന്ന് വായന തുടങ്ങിയിരുന്നില്ല, വെറുതെ മറിച്ചു നോക്കുക മാത്രം. ഞാനതിൽ ആനന്ദം കണ്ടെത്തി. അങ്ങിനെയിരിക്കുമ്പോഴാണ് അച്ഛന്റെ ആദ്യ കവിതാസമാഹാരമായ അളകാവലി ഒരട്ടിയായി കാണുന്നത്. (ഇതിന്റെ പശ്ചാത്തലം ഞാൻ മുമ്പ് വിവരിച്ചിട്ടുണ്ട്.) ആദ്യമായി വായിച്ച പുസ്തകവും അളകാവലിയായിരുന്നു. ഒന്നും മനസ്സിലായിട്ടില്ല, പക്ഷെ വായിക്കാനുള്ള ഉത്സാഹം കൊണ്ട് വായിക്കുകയായിരുന്നു. പിന്നീട് എപ്പോഴോ ആണ് അച്ഛന്റെ 'പൊരിച്ച നഞ്ഞ്' 'നാൽപ്പത്തൊന്നു സുന്ദരിമാർ' എന്നീ കഥകൾ വായിച്ചത്. അച്ഛൻ കുറേക്കൂടി കഥകളെഴുതേണ്ടതായിരുന്നു എന്ന് തോന്നി. ഈ മനോഹരങ്ങളായ കഥകൾ അച്ഛന്റെ വെബ് സൈറ്റിൽ ചേർത്തിട്ടുണ്ട്. (ഠഠഠ.ലറമലൈ്യ.ശ.ീൃഴ).

പിന്നീട് വായിക്കാറായപ്പോൾ അച്ഛന്റെ പുസ്തകഷെൽഫ് ഒരു ഖനിയായിരുന്നു. പല വിശ്വസാഹിത്യകാരന്മാരേയും പരിചയപ്പെടുന്നത് ഇതിലെ പുസ്തകങ്ങൾ വഴിയാണ്. വിക്ടർ യുഗോവിന്റെ ഒരു മാതിരി എല്ലാ നോവലുകളുടെയും പരിഭാഷയുണ്ടായിരുന്നു. അതുപോലെത്തന്നെ റോസി തോമസ് തർജ്ജമ ചെയ്ത അനിമൽ ഫാം, സി.ഇ.എം. ജോഡിന്റെ മോഡേൺ തിങ്കിങ്, അങ്ങിനെ വളരെ നല്ല പുസ്തകങ്ങളുടെ ഒരു വലിയ നിര.

ഹൈസ്കൂളിലെ ലൈബ്രറിയിൽ ഡിറ്റക്ടീവ് നോവൽ വകുപ്പിൽ ധാരാളം പുസ്തകങ്ങളുണ്ടായിരുന്നു. പത്മാലയത്തിലെ കൊലപാതകം, വിഷസൂചി തൊട്ട് അപ്പൻ തമ്പുരാന്റെ ഭാസ്കര മേനോൻ വരെ. നോത്ര്ദാമിലെ കൂനൻ വായിക്കുന്ന അതേ താല്പര്യത്തോടെ ഗൗരവമായിത്തന്നെ ഞാൻ ഈ ഡിറ്റക്ടീവ് നോവലുകളും ദിവസത്തിൽ ചുരുങ്ങിയത് ഒരെണ്ണം വീതം വായിച്ചു തള്ളി.

കുറച്ചുകൂടി വലുതായപ്പോഴാണ് പൊന്നാനിയിൽ തുടങ്ങിയ ലോക്കൽ ലൈബ്രറിയിൽ മെമ്പറായത്. ലോക്കൽ ലൈബ്രറി പ്രസ്ഥാനം പി.ടി.

ഭാസ്കര പണിക്കരുടെ ഉത്സാഹത്തിൽ രൂപീകൃതമായതാണ്. മലയാളികളെ വായനാശീലരാക്കാൻ ആ മഹാൻ ചെയ്ത കാര്യങ്ങൾ അറിയാവുന്നതാണല്ലോ. അതോടെ വായനയുടെ ആഴവും പരപ്പും കൂടി.

പിസിമ്മാമയുടെ (ഉറൂബ്) വീട്ടിൽനിന്നാണ് മലയാളത്തിലെ വളരെയധികം നോവലുകളും ചെറുകഥാ പുസ്തകങ്ങളും വായിച്ചത്. വേനലവധിയ്ക്ക് ഞങ്ങൾ കോഴിക്കോട്ടു പോകാറുണ്ടായിരുന്നു. അവിടെയുള്ള ഏറ്റവും വലിയ ആകർഷണം പിസിമ്മാമയുടെ പുസ്തക ശേഖരമായിരുന്നു. അച്ഛന്റെ അലമാറിയിൽ അധികവും കവിതാപുസ്തകങ്ങളായിരുന്നു, ആശാൻ, വള്ളത്തോൾ, ഉള്ളൂർ, വൈലോപ്പിള്ളി, അക്കിത്തം, എൻ.വി. തുടങ്ങിയവർ. നേരെ മറിച്ചായിരുന്നു പിസിമ്മാമയുടെ ശേഖരം. അവിടെ എല്ലാ തരത്തിലുള്ള പുസ്തകങ്ങളുമുണ്ടായിരുന്നു. അവിടെനിന്നു വായിച്ച പുസ്തകങ്ങളിൽ എന്നെ ഏറ്റവും ആകർഷിച്ചത് നാലപ്പാട്ട് നാരായണ മേനോന്റെ രതിസാമ്രാജ്യമായിരുന്നു. വളർന്നു വരുന്ന ആ കാലഘട്ടത്തിൽ എന്റെ ലൈംഗിക ധാരണകളെ വളരെയധികം സ്വാധീനിച്ചതായിരുന്നു ആ പുസ്തകം. അതുപോലൊരു പുസ്തകം മലയാളത്തിൽ പിന്നീടുണ്ടായിട്ടില്ല. പ്ലസ് ടൂവിലോ കോളജ് സിലബസ്സിലോ അതൊരു പാഠ്യപുസ്തകമാക്കിയാൽ ഇനി വരുന്ന തലമുറയെങ്കിലും ആരോഗ്യപരമായ മനസ്സോടെ വളരുമെന്ന് തീർച്ച. സ്കൂളിൽ പഠിക്കുന്ന കാലത്ത് വായിച്ച എറ്റവും നല്ല പുസ്തകം വിക്ടർ യൂഗോവിന്റെ പാവങ്ങൾ (ലേ മിസറാബ്ള്) ആണ്. നാലപ്പാട്ടിന്റെ തർജ്ജമ ഇംഗ്ലീഷ് തർജ്ജമയെക്കാൾ മെച്ചമാണെന്ന് ഞാൻ പറയും.

അലമാറിയിലെ പുസ്തകങ്ങൾ മറിച്ചു നോക്കുമ്പോൾ ചില തമാശകളും കാണാറുണ്ട്. അക്കിത്തത്തിന്റെ മധുവിധു എന്ന പുസ്തകം അച്ഛന് അയച്ചു തന്നതിൽ എഴുതിയത് ഇതായിരുന്നു. 'ബ്രഹ്മശ്രീ ഇടശ്ശേരിക്ക്, മ.രാ.രാ. അക്കിത്തം'. (മ.രാ.രാ. എന്നാൽ മഹാരാജാ രാജാധിരാജൻ എന്നാണ്). ബ്രഹ്മശ്രീ എന്നത് ബ്രാഹ്മണന്മാരേ അഭിസംബോധന ചെയ്യാനുള്ളതാണ്. മ.രാ.രാ. മറിച്ചും. അതു തിരിച്ചിട്ടതിലൂടെ അദ്ദേഹം ഗുരുവായ ഇടശ്ശേരിയ്ക്ക് ബ്രാഹ്മണ്യം അരുളിക്കൊടുക്കുകയാണ് ചെയ്തത്. ഈ തമാശ മനസ്സിലാവാൻ അന്നെനിക്ക് അമ്മയുടെ സഹായം വേണ്ടി വന്നു പക്ഷെ. അതുപോലെ കുട്ടികൃഷ്ണമാരാർ എന്റെ അമ്മയ്ക്ക് വിവാഹസമ്മാനമായി കൊടുത്ത പുസ്തകം 'അഭിജ്ഞാന ശാകുന്തളം' മഹാകവി വള്ളത്തോളിന്റെ തർജ്ജമയായിരുന്നു. അതിൽ ഉദ്ധരിച്ചിരിക്കുന്നത്, കണ്വൻ ശകുന്തളയെ ദുഷ്യന്തന്റെ കൊട്ടാരത്തിലേയ്ക്ക് യാത്രയാക്കുമ്പോൾ കൊടുക്കുന്ന ഉപദേശമായിരുന്നു. 'ശുശ്രൂഷിക്ക ഗുരുക്കളെ സപത്നീജനേ........' എന്നു തുടങ്ങുന്ന ശ്ലോകം. ഇതു പറഞ്ഞപ്പോഴാണ് ഓർമ്മ വന്നത്. അമ്മയുടെ കവിതകളും, കഥകളും, ഞാൻ പഴയ മാതൃഭൂമി ആഴ്ചപ്പതിപ്പ് പരതുമ്പോൾ കണ്ടിട്ടുണ്ട്. വായിച്ചിട്ടുമുണ്ട്. മുപ്പതുകളിലെ മാതൃഭൂമിയുടെ രൂപം അധികം പേരും കണ്ടിട്ടുണ്ടാവില്ല. ഇന്നത്തെ രാഷ്ട്രദീപികയുടെ വലുപ്പം. തർജ്ജമകൾ (ടാഗോറിന്റെ ഫ്രൂട്ട് ഗാതറിങ്, അബ്ബാസിന്റെ കഥകൾ, തുടങ്ങിയവ) അരുണയിലും മറ്റും വന്നത് പിന്നീടാണ്.

വളരെ ചെറുപ്പത്തിൽ ആദ്യമായി വായിച്ച മലയാള ചെറുകഥ ടി. പദ്മനാഭന്റെ 'മൈഥിലി നീ എന്റേതാണ്' എന്നാണോർമ്മ. അതിനുശേഷം അദ്ദേഹത്തിന്റെ എല്ലാ സൃഷ്ടികളും ആവേശത്തോടെ വായിച്ചിട്ടുണ്ട്. കഥകളിൽ

എനിക്ക് എറ്റവും പ്രിയം 'കുടയനെല്ലൂരിലെ സ്ത്രീ' ആണ്, 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത് പൊന്നാനിയിലുണ്ടായിരുന്ന വെസ്റ്റ് കോസ്റ്റ് പബ്ലിഷേഴ്സ് ആയിരുന്നു. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ വള്ളുവനാട് സാഹിത്യകാരന്മാർ തുടങ്ങിയ ആ പ്രസിദ്ധീകരണശാല അഞ്ചെട്ടു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയതോടെ നിന്നു പോകുകയാണുണ്ടായത്. ഏകദേശം അക്കാലത്താണ് ഉറൂബിന്റെ ഉമ്മാച്ചുവും സുന്ദരികളും സുന്ദരന്മാരും, ബഷീറിന്റെ ആനവാരിക്കഥകൾ, ഇവയെല്ലാം മാതൃഭൂമിയിൽ ആർട്ടിസ്റ്റ് എം.വി. ദേവന്റെ സ്കെച്ചുകളോടെ തുടർച്ചയായി വന്നിരുന്നത്. അതെല്ലാം വലിയ ആവേശത്തോടെ വായിച്ചു തീർത്തു. പിന്നീടാണ് എം.ടിയുടെ കഥകൾ ശ്രദ്ധിക്കുന്നത്. എനിക്കവ വളരെ ഇഷ്ടപ്പെട്ടു. എം.ടി.യുടെ 'വിത്തുകൾ' ആണ് എനിക്കിഷ്ടം. അവയോടൊപ്പം തന്നെ മാധവിക്കുട്ടിയുടെ കഥകളും എന്നെ ആകർഷിച്ചു. 'നെയ്പ്പായസം' നമ്മെ വല്ലാതെ വിഷമിപ്പിക്കുന്ന ഒരു കഥയാണ്. എനിക്കിഷ്ടപ്പെട്ട മറ്റ് എഴുത്തുകാർ എസ്.കെ. പൊറ്റെക്കാട്ട്, കാരൂർ, ഒ.വി. വിജയൻ, വി.കെ.എൻ തുടങ്ങിയവരാണ്. ഒരു ചെറു ലേഖനത്തിൽ എന്റെ വായനയെപ്പറ്റി പറയാൻ വിഷമമാണ്.

കൽക്കത്തയിൽ പോയത് തൊള്ളായിരത്തി അറുപതിലാണ്. വായനയ്ക്ക് പറ്റിയ അന്തരീക്ഷം. പത്തിൽ അഞ്ച് ബംഗാളികളും കയ്യിൽ കൊണ്ടു നടന്നിരുന്നത് പുസ്തകങ്ങളാണ്. വായനപ്രിയർ. ഇന്ത്യയിലെ ആദ്യത്തെ നേഷനൽ ലൈബ്രറി കൽക്കത്തയിലായത് യാദൃശ്ചികമാവാൻ തരമില്ല. ന്യൂ ആലിപ്പൂരിലെ നേഷനൽ ലൈബ്രറിയിൽ മെമ്പറായി. ഒഴിവു ദിവസങ്ങളിൽ ഉച്ചഭക്ഷണം കൂടി ഒഴിവാക്കി ഞാൻ വായിക്കാറുണ്ട്. വിശ്വസാഹിത്യത്തിലെ മികച്ച ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തു വായിച്ചു. അതുപോലെ ലോകചരിത്രം, പെയിന്റിംഗ് മുതലായ കലകൾ, ശാസ്ത്രം തുടങ്ങിയ ശാഖകളിലെ പുസ്തകങ്ങളും എന്നെ വളരെയധികം ആകർഷിച്ചു. ആർ.സി. മജൂംദാർ, നീരദ് സി. ചൗധരി തുടങ്ങി നിരവധി ചരിത്രകാരന്മാരെ പുസ്തകത്തിലൂടെ പരിചയപ്പെട്ടു. വല്ലാത്തൊരനുഭവമായിരുന്നു അത്. പെയ്ന്റിങ്ങിൽ താല്പര്യമുണ്ടാക്കിയത് പത്മിനിയേടത്തിയായിരുന്നു. ആർട്ടിസ്റ്റ് ടി.കെ. പത്മിനി. അവർ എ.വി. ഹൈസ്കൂളിലെ ദേവസ്സി മാസ്റ്ററുടെയും പിന്നീട് ആർട്ടിസ്റ്റ് നമ്പൂതിരിയുടെയും ശിഷ്യയായിരുന്നപ്പോൾ താമസിച്ചിരുന്നത് ഞങ്ങളുടെ വീട്ടിലായിരുന്നു. അവർ ചിത്രം വരക്കുന്നതു കണ്ടാണ് എനിക്ക് ചിത്രകലയിൽ താല്പര്യമുണ്ടായത്. അവരാണ് മോഡേൺ പെയിന്റിങ്ങിനെപ്പറ്റി എനിക്കു പറഞ്ഞു തന്നത്. അവർ പറഞ്ഞിരുന്ന ചിത്രകാരന്മാർ വരച്ച ചിത്രങ്ങളുടെ കളർ റീപ്രൊഡക്ഷനുകളുമുള്ള ധാരാളം പുസ്തകങ്ങൾ നേഷനൽ ലൈബ്രറിയിലുണ്ടായിരുന്നു. യുങ്ങിന്റെ കലക്ടീവ് അൺകോൺഷസ്, ഫോം ഓഫ് തിങ്ങ്സ് അൺനോൺ, പിന്നെ ചരിത്രത്തിൽ നീരദ് സി. ചൗധരിയുടെ കോൺടിനന്റ് ഓഫ് കീർകീ (ഇീശേിലിേ ീള ഇശൃരല) അതെല്ലാം ആവേശത്തോടെ വായിച്ചു തീർത്തു. പിക്കാസോവിന്റെ ഗൂർണിക്ക എന്ന പ്രസിദ്ധ ചിത്രം ആസ്വദിക്കാൻ യുങ്ങിന്റെ അപഗ്രഥനം എന്നെ ഏറെ സഹായിച്ചു. ചിത്രകല ആസ്വദിക്കാനുള്ള കഴിവുണ്ടാക്കിയത് ഈ പരന്ന, ആഴത്തിലുള്ള വായനയായിരുന്നു.

കൽക്കത്തയിൽ എന്നെ ആകർഷിച്ച മറ്റൊരു സ്ഥാപനം അമേരിക്കൻ

ലൈബ്രറിയായിരുന്നു. (ഈ ലൈബ്രറി എന്റെ തടാകതീരത്ത് എന്ന നോവലിൽ വരുന്നുണ്ട്.) ധാരാളം പുസ്തകങ്ങൾ! വാൾട്ട് വിറ്റ്മാന്റെ ലീവ്സ് ഓഫ് ഗ്രാസ്, റോബർട്ട് ഫ്രോസ്റ്റിന്റെ സ്റ്റോപ്പിങ് ബൈ ദ വുഡ്സ്....., ഹെമിങ്ങ്‌വേയുടെ എല്ലാ ഗ്രന്ഥങ്ങളും, പ്രത്യേകിച്ച് എ മൂവബ്ൾ ഫീസ്റ്റ്, ജോൺ സ്റ്റീൻബക്കിന്റെ ഗ്രേയ്പ്സ് ഓഫ് റാത്ത്, കെസ്റ്റ്ലറുടെ ഡാർക്നസ്സ് അറ്റ് നൂൺ, ജോൺ ഗന്തറുടെ ഡെത്ത് ബി നോട്ട് പ്രൗഡ്, ഇൻസൈഡ് റഷ്യ ടുഡേ, എഫ് സ്കോട്ട് ഫിറ്റ്സ്ജെറാൾഡിന്റെ ടെന്റർ ഈസ് ദ് നൈറ്റ്, മാർക് ടൈ്വയിന്റെ ഹക്ക്ൾബറി ഫിന്നും ടോം സോയറും (ഈ രണ്ടു പുസ്തകങ്ങളുടെയും തർജ്ജമ ഞാൻ നാട്ടിൽനിന്നു വായിച്ചിട്ടുണ്ട്), നോബോക്കോവിന്റെ ലോലിറ്റ, ട്രൂമാൻ കപോട്ടിയുടെ ഗ്രാസ് ഹാർപ്, ഹാർപർ ലീയുടെ ടു കിൽ എ മോക്കിങ് ബേഡ്, ഹവാഡ് ഫാസ്റ്റിന്റെ മൈ ഗ്ലോറിയസ് ബ്രദേഴ്സ്, ലൂയി ഫിഷർ, സ്റ്റീഫൻ സ്പെന്റർ, ആർതർ കെസ്റ്റ്ലർ, ആന്ദ്രെ ഷിദ് തുടങ്ങിയവരുടെ ലേഖനങ്ങളടങ്ങിയ പുസ്തകം 'ദ ഗാഡ് ദാറ്റ് ഫെയിൽഡ്', ഇതെല്ലാം അന്നു വായിച്ച പുസ്തകങ്ങളിൽ ചിലത് പെട്ടെന്ന് ഓർമ്മയിൽ വന്നവയാണ്. പസ്റ്റർനാക്കിന്റെ ഡോക്ടർ ഷിവാഗോ, അലക്സാണ്ടർ സോൾസെനിറ്റ്സിന്റെ കാൻസർ വാർഡ്, ഗുലാഗ് ആർകിപെലാഗോ എന്നിവയും അക്കാലത്തു വായിച്ചവയാണ്. കുറേക്കാലം സ്റ്റീഫൻ സ്പെന്ററിന്റെ പത്രാധിപത്വത്തിൽ ഇറങ്ങിയിരുന്ന എൻകൊണ്ടറിന്റെ വരിക്കാരനായിരുന്നു ഞാൻ. സ്പെന്ററിന്റെ കവിതകളും മറ്റ് എഴുത്തകാരുടെ കനപ്പെട്ട ലേഖനങ്ങളും കൊണ്ട് സമ്പന്നമായിരുന്നു ആ മാസിക. ഞാൻ പറയുന്നത് അമ്പതു വർഷങ്ങൾക്കപ്പുറത്തുള്ള കാര്യമാണ്. ഇംഗ്ലീഷ് പുസ്തകങ്ങളുടെ വായനയിൽ എന്നെ നയിച്ചിരുന്നത് പിസിമ്മാമയായിരുന്നു. അദ്ദേഹമാണ് ഗിവാനിനോ ഗരെസ്കിയുടെ ഡോൺ കാമില്ലൊ വായിക്കാൻ പറഞ്ഞത്. ഒരിക്കൽ കോഴിക്കോട്ട് ഒരു ചെക്കപ്പിനു വേണ്ടി ആശുപത്രിയിൽ കിടക്കുമ്പോഴാണ് ഞാനത് വായിച്ചത്. ഇടക്കിടക്ക് പൊട്ടിച്ചിരിക്കുന്ന എന്നെ നോക്കി മറ്റു രോഗികൾ അദ്ഭുതപ്പെടുന്നുണ്ടായിരുന്നു. അവരെല്ലാം ഗൗരവമായ അസുഖങ്ങളുമായി കിടക്കുമ്പോഴാണ് എന്റെ പൊട്ടിച്ചിരി. ഡോൺ കാമില്ലൊ എന്ന പാതിരിയും കമ്യൂണിസ്റ്റ് മെയറായ പെപ്പോണും തമ്മിലുള്ള പോരാട്ടങ്ങളുടെ കഥകളാണ് പുസ്തകത്തിൽ. ഡോൺ കാമില്ലോയെ ഒരു ദൈവദൂതനായും പെപ്പോണിനെ സാത്താനായും കാണിച്ച അതിലെ വരകൾ ഞാനിപ്പോഴും ഓർക്കുന്നു.

പുസ്തകങ്ങൾ വാങ്ങാൻ തുടങ്ങിയതും കൽക്കത്തയിൽ വച്ചുതന്നെയായിരുന്നു. ഹെമിങ്ങ്‌വേയുടെ മെൻ വിഥൗട് വിമൻ, റോബർട്ട് ക്രൈസ്റ്റന്റെ സീക്രട്ട് ഓഫ് സാന്താ വിട്ടോറിയ, അമേരിക്കൻ ചെറുകഥകളുടെ സമാഹാരം, സാർത്രിന്റെ ഏജ് ഓഫ് റീസൻ, സീമൻ ദ ബുവ്വായുടെ സെക്കന്റ് സെക്സ് തുടങ്ങി പരസ്പര ബന്ധമില്ലാത്ത വായനയായിരുന്നു എന്റേത്. പല പുസ്തകങ്ങളും നഷ്ടപ്പെട്ടു. നാട്ടിൽ വന്നശേഷം എന്റെ വായന കുറഞ്ഞു. വായിച്ച പുസ്തകങ്ങളിൽ എടുത്തു പറയാവുന്നത് സ്റ്റീഫൻ ഹോക്കിങ്ങിന്റെ എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം, കാറ്ൾ സഗാന്റെ കോസ്മോസ് എന്നിവയാണ്. ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ വായന ഏറ്റവും പിന്നിൽ പോയി. പത്തു വർഷം മുമ്പ് എറണാകുളത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് പറിച്ചു നട്ടപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന പുസ്തകങ്ങൾ പുസ്തകഷെൽഫ

ടക്കം, അതെല്ലാം നന്നായി സൂക്ഷിക്കാമെന്ന (അന്ന് ജനറൽ സെക്രട്ടറിയായിരുന്ന) എം.വി. ബെന്നിയുടെ ഉറപ്പിൽ, സമസ്ത കേരള സാഹിത്യ പരിഷത്തിലേയ്ക്ക് കൊടുത്തു. അതിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ എല്ലാ പുസ്തകങ്ങളുമുണ്ട്. കൂടാതെ ആട്ടക്കഥകൾ, ലേഖനങ്ങൾ, കഥാ പുസ്തകങ്ങൾ, നോവലുകൾ, എന്റെ പുസ്തകങ്ങൾ, അങ്ങിനെ നല്ലൊരു കലക്ഷൻ.

ഇപ്പോൾ എന്റെ വായന ഇന്റർനെറ്റ് വഴിയായിരിക്കുന്നു. പുസ്തകങ്ങൾ വായിക്കാൻ കാഴ്ച അനുവദിക്കുന്നില്ല. കമ്പ്യൂട്ടറിലാണെങ്കിൽ എത്ര വേണമെങ്കിലും വലുതാക്കി വായിക്കാമല്ലൊ. അച്ചടിച്ച പുസ്തകങ്ങളുടെ പേജ് കുറക്കാനാണെന്നു തോന്നുന്നു അക്ഷരങ്ങളുടെ വലുപ്പം വളരെ കുറച്ചു കാണാറുണ്ട്. കുറേയേറെ വായനക്കാർക്കിതു പ്രശ്നമുണ്ടാക്കും. അതു കണ്ട്, ഞാൻ എന്റെ സമ്പൂർണ്ണ സമാഹാരം പ്രസിദ്ധപ്പെടുത്തിയപ്പോൾ വായിക്കാൻ എളുപ്പമുള്ള അക്ഷരങ്ങളാണ് ഉപയോഗിച്ചത്, ആവശ്യമുള്ളത്ര വലുപ്പത്തിലും. പേജുകൾ കൂടും, പക്ഷെ വായന ഒരു തലവേദനയാക്കാതെ കഴിക്കാമല്ലൊ.

എനിക്കാവശ്യമുള്ള ക്ലാസിക്കുകളെല്ലാം ഗുട്ടൻബർഗ്ഗ് എന്ന സൈറ്റിൽ കിട്ടുന്നുണ്ട്. അതു കഴിഞ്ഞാൽ പിന്നീട് ബി.ബി.സി. മുതലായ ന്യൂസ് സൈറ്റുകളിലെ സയൻസ് പേജുകളും. ഇതെല്ലാമാണ് എന്റെ വായനയെ ഇന്നും നിലനിർത്തിപ്പോരുന്നത്. ഞാൻ കുറേയേറെ എഴുത്തുകാരുടെയും അവരുടെ രചനകളുടെയും പേരുകൾ കൊടുത്തത് മനപ്പൂർവ്വമാണ്. എന്റെ വായനയുടെ റേഞ്ച് മനസ്സിലാക്കാൻ അതാവശ്യമാണ്. എന്നിട്ടും കുറേയെറെ പേരുകൾ വിട്ടു പോയിട്ടുണ്ട്, ഉദാഹരണമായി ഫ്രഡറിക് നിഷെ, ഐവാൻ ടർഗനീവ്, ചെക്കോവ്, ടോൾസ്റ്റോയ്, ടാഗോർ, വിഭൂതിഭൂഷൻ ബന്ധൊപാധ്യായ, എം. ഗോവിന്ദൻ, തുടങ്ങിയ പേരുകൾ. മുഴുവൻ പേരുകൾ കുറിക്കുക അസാധ്യം. ഈ ലേഖനത്തിൽ പറഞ്ഞവരെല്ലാം തന്നെ അതാതുകാലത്ത് എന്റെ ജീവിതം കരുപ്പിടിക്കുന്നതിൽ സ്വാധീനം ചെലുത്തിയിട്ടുള്ളവരാണ്.

BACK TO INDEX

# അവിചാരിതം – റീനി മമ്പലം
## അവതാരിക

പല വഴികളിലൂടെ അമേരിക്കയെന്ന സ്വപ്നം തേടിയെത്തിയ ഏതാനും കൃസ്തീയ കുടുംബങ്ങളുടെ ജീവിതങ്ങളിൽനിന്ന് ഒരു തിരനോട്ടംപോലെ ലഭിച്ച ഏതാനും സംഭവങ്ങളും കഥാപാത്രങ്ങളും ചേർത്ത് നല്ലൊരു നോവലാക്കിയിരിക്കുന്നു റീനി. അവിചാരിതങ്ങളായ സംഭവ പരമ്പരകളുടെ ചങ്ങലയിൽനിന്ന് അടർത്തിയെടുക്കാനാവാത്ത വിധം അവരുടെ ജീവിതങ്ങൾ കൂടിച്ചേർന്നിരിക്കുന്നു.

ശാലിനിയെന്ന ഡോക്ടറെ കല്യാണം കഴിച്ച സുരേഷിൽനിന്നു തുടങ്ങുന്ന ഈ നോവൽ അയാളുടെ സംശയരോഗം വിവാഹബന്ധത്തെ എവിടംവരെ എത്തിച്ചുവെന്ന് പറയുന്നതോടൊപ്പം തന്നെ ശാലിനി മറ്റൊരു ജീവിതത്തിന്റെ ജാലകത്തിലൂടെ കാല്പനികലേകത്തേയ്ക്ക് എത്തിനോക്കുന്ന കാഴ്ച രസകരമാണ്. അതു പ്രതീക്ഷകൾ നിറഞ്ഞ നിത്യവസന്തത്തിന്റെ നറുമണം പൊഴിക്കുന്ന സംഗീതാത്മകമായ ലോകമാണ്. അതിലേയ്ക്കാകർഷിക്കപ്പെടുമ്പോഴെല്ലാം അവൾക്കു നഷ്ടമായിരുന്നത് അവൾക്കൊരു പക്ഷെ നല്ലൊരു ജീവിതം നൽകിയേക്കാവുന്ന ഒരു സ്നേഹബന്ധമായിരുന്നു. അതു മനസ്സിലാക്കുമ്പോഴേയ്ക്ക് അവൾ വളരെ വൈകിയിരുന്നു.

ശാലിനിയുടെ ചേച്ചി ആഷയ്ക്കാകട്ടെ നല്ലൊരു കുടുംബമുണ്ട്. ഒരു മകനും സുന്ദരിയായ മകളും. മകൾ പക്ഷെ ഒരു കറുത്ത വർഗ്ഗക്കാരനെ സ്നേഹിക്കുന്നുവെന്ന അറിവ് അവരെ തളർത്തുന്നു. അവരാകട്ടെ അവളെ നല്ലൊരു മലയാളിപ്പയ്യനുമായുള്ള വിവാഹത്തെപ്പറ്റി സ്വപ്നം കാണുകയുമായിരുന്നു.

പിന്നീട്, വളരെ പിന്നീട് കറുത്ത വർഗ്ഗക്കാരുടെ മനസ്സ് നല്ല ശുഭ്രമാണെന്നവൾ മനസ്സിലാക്കുന്നു. അതിനിടയിൽ അവൾക്ക് നഷ്ടമായത് മകളുടെ കുടുംബത്തോടൊപ്പമുള്ള സന്തോഷജീവിതമായിരുന്നു.

വിമല എന്ന ഒരു കുട്ടി ഈ നോവലിലെ നല്ലൊരു കഥാപാത്രമാണ്. ശാലീനയായ അവളുടെ ജീവിതത്തിൽ ക്ലാസ്സ് ടീച്ചറായ മേരിയാന്റെ സ്നേഹവും വാത്സല്യവും ഒരു തണലായി അവളെ തഴുകുന്നത് വായനക്കാർക്ക് ആശ്വാസം നൽകുന്നു. അവൾക്ക് നല്ലൊരു ജീവിതമുണ്ടാകട്ടെയെന്ന് ആ ടീച്ചറെപ്പോലെ നാമും ആശംസിക്കുന്നു.

ഈ നോവലിൽ അമേരിക്കയിൽ കഴിയുന്ന നിരവധി കുടുംബങ്ങൾക്കുണ്ടായേക്കാവുന്ന ഒട്ടു പ്രശ്നങ്ങളും കൈകാര്യം ചെയ്തിട്ടുണ്ട്. മയക്കു മരുന്നുകൊണ്ട് നശിച്ച ഒരു പയ്യനെ ചികിത്സകൊണ്ട് ഭേതമാക്കി നാട്ടിൽനിന്ന് ഒരു കുട്ടിയുമായി വിവാഹം നടത്തിയ ശേഷം അവൻ വീണ്ടും പഴയ സ്വഭാവത്തിലേയ്ക്ക് വഴുതി വീഴുന്നതും അതിന്റെ ദാരുണമായ അന്ത്യവുമുമാണ് ഒന്ന്. സ്വന്തം മകനു വേണ്ടി നല്ല പെൺകുട്ടികളുടെ ആലോചനകൾ അന്വേഷിച്ച് ആ സുന്ദരികളുടെ ഫോട്ടോകൾ നോക്കി സ്വപ്നം കാണുന്ന

അമ്മയ്ക്ക് ഞെട്ടൽ കൊടുത്തുകൊണ്ട് അവൻ അവനേപ്പോലെ സ്വവർഗ്ഗ ഭോഗിയായ ഒരു പയ്യനെ കല്യാണം കഴിക്കുന്നത്, നാട്ടിൽ ഒറ്റയ്ക്കു താമസിക്കാൻ വിഷമമായ വൃദ്ധനായ അപ്പനെ അമേരിക്കയിലേയ്ക്ക് കൊണ്ടുവരുന്ന മക്കൾക്ക്, അവസാനം ആ മനുഷ്യൻ അൽഷൈമേഴ്സ് ബാധിച്ചപ്പോൾ ഒരു വൃദ്ധസദനത്തിലാക്കേണ്ടി വരുന്നത്. അങ്ങിനെ നിരവധി ജീവിതപ്രശ്നങ്ങൾ നോവലിസ്റ്റ് ചിത്രീകരിച്ചിട്ടുണ്ട്. പല കഥാപാത്രങ്ങളും പലപ്പോഴായി റീനിയുടെതന്നെ ചെറുകഥകളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളവരാണ്. ഒരുപക്ഷെ ആ കഥകളെഴുതുമ്പോഴെല്ലാം ഈ വലിയ കാൻവാസ് റീനിയുടെ മനസ്സിൽ ഉറഞ്ഞുകൂടിയിട്ടുണ്ടാകണം.

ഈ നോവലിന്റെ രൂപകല്പന ഒരു കൊള്ളാഷ് നിർമ്മിക്കുന്നതുപോലെയാണ്. പരസ്പരബന്ധമില്ലെന്ന് തോന്നുന്ന നിരവധി ചിത്രങ്ങൾ ഒരു വലിയ കാൻവാസിൽ ഒട്ടിച്ച് ഒഴിഞ്ഞ സ്ഥലങ്ങളിൽ അർത്ഥവത്തായ നിറങ്ങൾ ചേർക്കുന്ന വിദ്യ. ഈ നോവലിലും അതാണ് കാണുക. പല കുടുംബങ്ങളുടെ ജീവിത മുഹൂർത്തങ്ങൾ ഒട്ടിച്ചുവെച്ച് അവയെ നേരിയതും കടുത്തതുമായ നിറങ്ങളാൽ, സംഭവങ്ങളാൽ കൂട്ടിച്ചേർക്കുകയാണ് നോവലിസ്റ്റ് ചെയ്തിട്ടുള്ളത്. അതിൽ ചാരുതയുണ്ട്. രസകരമായി വായിച്ചു പോകാവുന്ന ഒന്നാണ് ഈ നോവലെന്നത് വായനക്കാരെ പ്രത്യേകം ആകർഷിക്കും.

BACK TO INDEX

# എല്ലാം തിരിച്ചുതന്ന നഗരം

രണ്ടു നഗരങ്ങളാണ് എനിക്ക് പ്രിയപ്പെട്ടത്. എന്റെ എന്നു പറയാൻ ആഗ്രഹിക്കുന്ന നഗരങ്ങൾ. ഒന്ന്, കൗമാരത്തിന്റെ കൗതുകവും ജിജ്ഞാസയും അടങ്ങുംമുമ്പ് ജീവിതത്തിന്റെ വരണ്ട യാഥാർത്ഥ്യങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെട്ട എന്നെ ഒരമ്മയുടെ സ്നേഹവായ്പ്പോടെ, വാത്സല്യത്തോടെ കൈനീട്ടി മാറോടണച്ച് സ്വീകരിച്ച കൽക്കത്ത. പിന്നീട് രണ്ടു പതിറ്റാണ്ട് കഴിഞ്ഞപ്പോൾ ഏതാണ്ട് അതേ നിസ്സഹായതയിൽ എല്ലാം നഷ്ടപ്പെട്ട് എല്ലാവരാലും ആട്ടിയോടിക്കപ്പെട്ട് എന്റെ ചെറുകുടുംബവുമായി ഒരഭയാർത്ഥിയെപ്പോലെ എത്തിയപ്പോൾ, ഒരു ചെറുചിരിയോടെ എല്ലാമൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് ആശ്വസിപ്പിച്ച് സ്വീകരിച്ച കൊച്ചി. ഞാൻ വന്ന കാലത്ത് എറണാകുളം തന്നെയായിരുന്നു. പിന്നീടാണ് കൊച്ചിയെന്ന് നാമകരണം ചെയ്തത്. കൊച്ചി വാക്കു പാലിക്കുകതന്നെ ചെയ്തു. എനിക്ക് ഭൗതികമായി നഷ്ടപ്പെട്ട എല്ലാം കൊച്ചി നഗരം തിരിച്ചുതന്നു. ആത്മീയതയുടെ കാര്യത്തിൽ കൊച്ചി കൈമലർത്തി, ഒരു ചോദ്യത്തോടെ. 'ജന്മനാലില്ലാത്തത് ഞാനെങ്ങിനെയുണ്ടാക്കും?' ഞാൻ എതിർപ്പൊന്നും പറഞ്ഞില്ല.

മിനി ബോംബെയെന്ന പേരിലാണ് കൊച്ചി അറിയപ്പെട്ടിരുന്നത്. ആ മുൻവിധി വച്ചുകൊണ്ട് എത്തിയ എനിക്ക് നിരാശപ്പെടേണ്ടിവന്നു. ബോംബെയുടെ ഏറ്റവും ചെറിയ പ്രാന്തപ്രദേശത്തേക്കാൾ ചെറിയ ഒരു പട്ടണം മാത്രമായ കൊച്ചിയെ ബോംബെയുമായി താരതമ്യപ്പെ ടുത്തിയത് ബോംബെ കണ്ടിട്ടില്ലാത്ത ആരെങ്കിലുമായിരിക്കണം. 85-ൽ ജോസ് ജങ്ക്ഷനിൽ കൊടുങ്ങല്ലൂർ രാജാവിന്റെ കൊട്ടാരത്തിന്റെ ഒരു ഭാഗത്ത് വാടകക്ക് താമസമാക്കിയ ഞങ്ങൾ പിന്നീട് രണ്ടു വാടകവീടുകളിൽക്കൂടി താമസിച്ചെങ്കിലും ഈ പരിസരത്തുനിന്ന് പോയിട്ടില്ല. ഇപ്പോൾ സ്വന്തം താമസസ്ഥലവും ഇവിടെത്തന്നെ. അതുകൊണ്ട് നഗരത്തിന്റെ ഒത്ത നടുവിൽനിന്നകന്നുള്ള താമസം എങ്ങിനെയാണെന്ന് എനിക്കറിയില്ല. എനിക്കതിനു കഴിയുമെന്നും തോന്നുന്നില്ല, കാരണം കൽക്കത്ത, ദില്ലി, മുംബയ് എന്നീ മൂന്നു മഹാനഗരങ്ങളിലെ ദീർഘകാലത്തെ വാസം എന്നെ നഗര സൗകര്യങ്ങളില്ലാതെ ജീവിക്കാൻ കഴിവില്ലാത്തവനാക്കിയിരിക്കുന്നു. ഇന്ന് കേരളത്തിൽ എവിടെ താമസിക്കാനാണ് ഇഷ്ടമെന്നു ചോദിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ ഉത്തരം പറയാൻ കഴിയും. അതെ, കൊച്ചി എന്റെ നഗരംതന്നെ. ഇനി അതു വിട്ടുപോകുന്ന പ്രശ്നമില്ല. (കൊച്ചി നഗരം തലയിൽ കൈവയ്ക്കുന്നത് ഞാൻ കണ്ടില്ലെന്നു നടിക്കട്ടെ!).

ഞാൻ കൊച്ചിയിൽ വന്ന കാലത്ത് നഗരം ഒരു മാറ്റത്തിന്റെ വക്കത്തായിരുന്നു. അതുവരെ ഉറങ്ങിക്കിടന്ന നഗരം ഉണർന്നു. നിരത്തിൽ ആളുകളും വാഹനങ്ങളും കൂടി. പുതിയ കെട്ടിടങ്ങൾ ഉയർന്നുവന്നു. തൊണ്ണൂറുകളുടെ തുടക്കത്തിലാകട്ടെ എങ്ങുമില്ലാത്ത ധൃതിയിൽ നഗരം വളരാൻ തുടങ്ങി. നോക്കിനിൽക്കെ പടുകൂറ്റൻ കെട്ടിടങ്ങൾ, ബഹുനില കെട്ടിടങ്ങൾ പൊങ്ങിവന്നു. മണ്ണിനോടുള്ള പ്രേമം വിട്ടിട്ടില്ലാത്ത പഴഞ്ചന്മാർ ഫ്ളാറ്റുകൾക്കു നേരെ മുഖം തിരിച്ചപ്പോൾ പുതുപണക്കാരായ ഒരു വിഭാഗം ആ അവസരം മുതലെടുത്തു

ആ ഫ്‌ളാറ്റുകൾ കയ്യേറി. ഒരു പുതിയ സംസ്‌കാരത്തിന്റെ തുടക്കമായിരുന്നു അത്. ശരിക്കു പറഞ്ഞാൽ ഒരു ഫ്‌ളാറ്റ് എന്നാൽ ഒരു വീട് എന്നു മാത്രമേ കണക്കാക്കേണ്ടതുള്ളൂ. അതുതന്നെ മുറ്റവും പറമ്പുമൊന്നുമില്ലാതെ ശുഷ്‌കമായ ഒരിടം. ഒരഞ്ചു സെന്റുസ്ഥലത്തിനു നടുവിലെ വീട് എന്തുകൊണ്ടും കൂടുതൽ സമ്പന്നമാണ്. പക്ഷേ ഫ്‌ളാറ്റുവാസികളായ പുതുപണക്കാർ ഫ്‌ളാറ്റ് ജീവിതത്തിന് സമ്പന്നതയുടേതായ ഒരു പരിവേഷം നൽകി. തലേന്നുവരെ മുണ്ടുടുത്തിരുന്നവർ പാന്റ്സിലേക്കു കയറി. ഓട്ടോവിലും ബസ്സിലും യാത്രചെയ്തിരുന്നവർ കടം വാങ്ങിയിട്ടെങ്കിലും പുതിയ കാറുകൾ ഓർഡർ ചെയ്യുകയും മനുഷ്യർ എങ്ങിനെയാണ് ബസ്സിലൊക്കെ യാത്രചെയ്യുന്നതെന്ന് അദ്ഭുതപ്പെടുകയും ചെയ്തു. ക്ലബ്ബുകളിൽ അംഗത്വത്തിന്നായി നെട്ടോട്ടമോടി. പാർട്ടികൾ സ്ഥിരം പരിപാടിയായി മാറി. അങ്ങിനെ കേരളത്തിൽ ഫ്‌ളാറ്റുജീവിതം സമ്പന്നരുടെ മുഖമുദ്രയായി മാറി.

എന്നെ സംബന്ധിച്ചേടത്തോളം ഫ്‌ളാറ്റു ജീവിതം കുറേ സൗകര്യങ്ങൾ തരുന്നു. നാലാം നിലയിലായതു കൊണ്ട് നല്ല കാറ്റുണ്ട്, കൊതുകിന്റെ ശല്യം കുറവാണ്, ഓടയുടെ നാറ്റവും മുകളിലേയ്‌ക്കെത്തുന്നില്ല. വെള്ളം കുറവാണെങ്കിൽ ടാങ്കറിൽ കൊണ്ടുവന്ന് നിറക്കുന്നു. ഒറ്റവീടാണെങ്കിൽ ജലക്ഷാമം നേരിടാൻ കുളി ഒഴിവാക്കുകയേ നിവൃത്തിയുള്ളൂ. വൈദ്യുതി നിലച്ചാൽ ഉടനെ ജനറേറ്റർ പ്രവർത്തിപ്പിക്കും. പവർകട്ട് അറിയുകയേ ഇല്ല. എല്ലാറ്റിനുമുപരിയായി സുരക്ഷ. വാച്ച്മാനുള്ളതു കൊണ്ട് നമുക്ക് എല്ലാം ഇട്ടെറിഞ്ഞ് പോകാം. ഒരു സൗകര്യമാണെന്നതിലുമപ്പുറം ഫ്‌ളാറ്റു ജീവിതം സ്റ്റാറ്റസ് സിംബലാണെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല.

എല്ലാം ശരി, നിങ്ങളുടെ ദന്തഗോപുരത്തിനു മുകളിൽ നിന്ന് ഇറങ്ങിവന്നു നോക്കു. നഗരത്തിൽ നിറയെ പ്രശ്‌നങ്ങളാണ്. അവ കണ്ടില്ലെന്ന് നടിക്കുകയാണെങ്കിൽ ജീവിതം സുഖമാണ്. പക്ഷേ ആത്മാവുള്ള ഒരു കക്ഷിക്ക് അതു പറ്റുമോ എന്നതു വേറെ കാര്യം. കുണ്ടും കുഴിയുമായ നിരത്തുകൾ, കവിഞ്ഞൊഴുകുന്ന കാനകൾ, അട്ടിയായി ആൾക്കാരെ കുത്തിനിറച്ച് മരണപ്പാച്ചിൽ നടത്തുന്ന ബസ്സുകൾ, സ്ത്രീകൾക്ക് ബസ്സുകളിൽ ലഭിക്കുന്ന പീഡനങ്ങൾ, വൈകീട്ട് 8 മണിക്ക് കടകളടച്ചാൽ ജോലിയെടുക്കുന്ന പെൺകുട്ടികൾക്ക് അഞ്ചും എട്ടും കിലോമീറ്റർ ദൂരെയുള്ള വീട്ടിലെത്താനായി വിരളമായി വരുന്ന ബസ് സർവ്വീസുകൾ കാത്ത് സ്റ്റോപ്പിൽ നിൽക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന അവഹേളനങ്ങളും പീഡനങ്ങളും. അതൊക്കെ നഗരത്തിന്റെ നിലവിളികളാണ്. അതൊന്നും കണ്ടില്ല, കേട്ടില്ല എന്നു നടിച്ചാൽ മാന്യരെ കൊച്ചി നിങ്ങളെ ആനന്ദിപ്പിക്കും.

BACK TO INDEX